# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം  സമ്മേളനം

## 2020 മാർച്ച് 3, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1537/21

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക<br>സമുദായക്ഷേമവും നിയമവും സാംസ്കാരികവും<br>പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും<br>ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും<br>കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും<br>വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും<br>വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും<br>വനിത-ശിശു വികസനവും വകുപ്പുമന്ത്രി | :ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | :ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും<br>വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | :ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....32

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....32

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....112

**II അടിയന്തരപ്രമേയം**

പെരിയ ഇരട്ട കൊലപാതകം ....518

(അവതരണാനുമതി നിഷേധിച്ചു.)

**III ശ്രദ്ധ ക്ഷണിക്കൽ**

കലാലയ വിദ്യാർത്ഥികളുടെ സംഘടനാ സ്വാതന്ത്ര്യം

— ശ്രീ. എം. സ്വരാജ്

— ശ്രീ. വി. ടി. ബൽറാം ....536

**IV സബ്മിഷൻ**

(1) ദേവനന്ദയുടെ മരണം

— പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ....546

(2) കോട്ടയം ടെക്സ്റ്റയിൽസിന്റെ പ്രവർത്തനം

— ശ്രീ. മോൻസ് ജോസഫ് ....549

(3) മാത്തൂർ-പിരായിരി-കോട്ടായി കുടിവെള്ള പദ്ധതി

— ശ്രീ. ഷാഫി പറമ്പിൽ ....552

(4) ഭൂമി പ്രശ്നങ്ങൾ

— ശ്രീ. എസ്. രാജേന്ദ്രൻ ....554

(5) ഡി. ബാബുപോളിന് സ്മാരകം

— ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ....557

(6) കുന്നിമേൽ കുടിവെള്ള പദ്ധതി

— ശ്രീ. ആർ. രാജേഷ് ....559

(7) റോഡ് പുനർനിർമ്മാണം

— ശ്രീ. കെ. സി. ജോസഫ് ....560

(8) വിദേശ രാജ്യങ്ങളിൽ കുടുങ്ങിക്കിടക്കുന്ന മത്സ്യത്തൊഴിലാളികളെ തിരികെയെത്തിക്കൽ

— ശ്രീ. എം. വിൻസെന്റ് ....562

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ** ....565

**VI ധനകാര്യം** ....590

2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ II-

സംസ്ഥാനഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ ....591

ധനാഭ്യർത്ഥന നമ്പർ III-നീതിന്യായ നിർവ്വഹണം ....594

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

*2020 മാർച്ച് 3, ചൊവ്വ*

വാല്യം 180] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 2020 മാർച്ച് മാസം 3-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......ഓർഡർ.......ചോദ്യം നമ്പർ (*31)

### ഊർജ്ജരംഗത്തെ കാര്യക്ഷമത

1 (*31 ) ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടസ്സരഹിതമായി എല്ലായ്പ്പോഴും വൈദ്യുതി ലഭ്യമാകുന്ന സ്ഥിതിയിലേയ്ക്ക് ഊർജ്ജ രംഗത്ത് നേട്ടം കൈവരിക്കുന്നതിന് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) സേവനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് വിവര വിനിമയ സാങ്കേതികവിദ്യകൾ ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ടോ;

(സി) വൈദ്യുതി ലഭ്യതയുടെയും മറ്റ് സേവനങ്ങളുടെയും കാര്യക്ഷമത വിലയിരുത്താൻ സോഷ്യൽ ഓഡിറ്റിംഗ് ആരംഭിച്ചിട്ടുണ്ടോ; സേവനം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഡി) സമ്പൂർണ്ണ വൈദ്യുതീകരണം രാജ്യത്ത് ആദ്യമായി വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ വൈദ്യുതി കണക്ഷനുള്ള നടപടിക്രമവും ചെലവും ലഘൂകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ,

(എ) തടസ്സരഹിതമായി വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിന് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുക, അനാവശ്യ ഉപഭോഗം ഒഴിവാക്കി ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, വൈദ്യുതി ശൃംഖലകളുടെ ശേഷിയും കാര്യക്ഷമതയും വർദ്ധിപ്പിക്കുക എന്നീ കാര്യങ്ങളിലാണ് സർക്കാർ പ്രാധാന്യം നൽകുന്നത്. ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം സംസ്ഥാനത്തിന് പുറത്തുനിന്ന് ദീർഘകാല കരാറുകൾ വഴിയും കേന്ദ്ര വിഹിതം വഴിയും ഹ്രസ്വകാല കരാറുകൾ വഴിയും വൈദ്യുതി ലഭ്യമാക്കുന്നു. ഇതോടൊപ്പം സമയാസമയങ്ങളിൽ പവർ എക്സ്ചേഞ്ചുകളിൽനിന്ന് വാങ്ങിയും മിച്ചമുള്ള സമയങ്ങളിൽ വൈദ്യുതി മറ്റ് സംസ്ഥാനങ്ങൾക്ക് നൽകി ആവശ്യമുള്ളപ്പോൾ തിരികെ വാങ്ങിയും ആവശ്യാനുസരണം വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നു. ഇത്തരത്തിൽ കൃത്യമായ ആസൂത്രണത്തിലൂടെയാണ് സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഒഴിവാക്കി വരുന്നത്.

1000 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതിയുടെ ഉല്പാദനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന സൗര, പ്രസരണശൃംഖല ശക്തിപ്പെടുത്തുന്നതിനും സംസ്ഥാനത്തിന്റെ പ്രസരണശേഷി ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിനും നടപ്പാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0, വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന ദ്യുതി 2021, സംസ്ഥാനത്ത് ഉപയോഗത്തിലുള്ള ഫിലമെന്റ് ബൾബുകളും ട്യൂബുകളും ഒഴിവാക്കി എൽ.ഇ.ഡി. വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പാക്കുന്ന ഫിലമെന്റ് രഹിത കേരളം, വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനും നടപ്പാക്കുന്ന ഇ-സേഫ് എന്നീ പദ്ധതികൾ ഉൾപ്പെട്ട ഊർജ്ജ കേരള മിഷൻ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കി വരികയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ചെറുകിട ജലവൈദ്യുത പദ്ധതിയിൽ നിന്നും 24.1 മെഗാവാട്ടും സോളാർ വഴി 177.71 മെഗാവാട്ടും കാറ്റിൽനിന്നും 27 മെഗാവാട്ടും ഉൾപ്പെടെ ആകെ 228.81 മെഗാവാട്ട് ഉല്പാദനശേഷി വർദ്ധിച്ചിട്ടുണ്ട്. പള്ളിവാസൽ, തോട്ടിയാർ, ചാത്തങ്കോട്ടുനട എന്നിവയടക്കം മുടങ്ങിക്കിടക്കുന്ന ജലവൈദ്യുതി നിലയങ്ങൾ പുനരാരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പുതിയ പദ്ധതികൾ

ഏറ്റെടുക്കുന്നതിനും നല്ല ഇടപെടലാണ് നടത്തിവരുന്നത്. ഇതിന്റെ ഭാഗമായി 2021-ഓടെ 156 മെഗാവാട്ട് ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിൽ പ്രധാനപ്പെട്ട ഒന്നാണ് സൗര. പുരപ്പുറ സോളാർ പദ്ധതികളിൽ നിന്ന് 500 മെഗാവാട്ടും ഭൂതലം, ഫ്ലോട്ടിംഗ് അടക്കമുള്ള മറ്റ് പദ്ധതികളിൽ നിന്ന് 500 മെഗാവാട്ടും വൈദ്യുതിയാണ് സൗരയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. കേന്ദ്രസർക്കാർ സബ്സിഡിയോടെ നടപ്പാക്കുന്ന ഗാർഹിക പുരപ്പുറ സോളാർ പദ്ധതികളും പി.എം.കുസും പദ്ധതിയും ഇതോടൊപ്പം നടപ്പാക്കുന്നുണ്ട്.

സോളാർ, കാറ്റാടി നിലയങ്ങൾ തുടങ്ങി റിന്യൂവബിൾ ഊർജ്ജ വികസനത്തിന് അനെർട്ടും ചെറുകിട ജലവൈദ്യുതി വികസനത്തിന് എനർജി മാനേജ്മെന്റ് സെന്ററും നല്ല ഇടപെടൽ നടത്തിവരുന്നുണ്ട്.

ആഭ്യന്തര വൈദ്യുതി ഉല്പാദനം കൊണ്ടുമാത്രം കേരളത്തിന്റെ വൈദ്യുതി ആവശ്യകത പൂർണ്ണമായും നിറവേറ്റാനാകില്ല. ഇത് കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ദീർഘകാലമായി മുടങ്ങിക്കിടന്ന ഇടമൺ-കൊച്ചി 400 കെ.വി. പവർഹൈവേ പൂർത്തിയാക്കി കമ്മീഷൻ ചെയ്തത് ഈ രംഗത്തെ പ്രധാനപ്പെട്ട നേട്ടമാണ്. പണി നടന്നുവരുന്ന പുഗലൂർ മാടക്കത്തറ എച്ച്.വി.ഡി.സി. ലൈൻ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 48 പുതിയ സബ്സ്റ്റേഷനുകൾ നിർമ്മിച്ചു. 930 കി.മി. പ്രസരണ ലൈനുകളും പൂർത്തിയാക്കി. 45 സബ്സ്റ്റേഷനുകളുടെ നിർമ്മാണം നടന്നുവരുന്നു. ഇതിനുപുറമേ 4930 സർക്യൂട്ട് കി.മി. പ്രസരണ ലൈനുകളും മൂന്ന് 400 കെ.വി. സബ്സ്റ്റേഷനുകളും ഇരുപത്തിരണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്ന ട്രാൻസ്ഗ്രിഡ് പദ്ധതി നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഒന്നാംഘട്ടം 2021-ഓടെ പൂർത്തിയാകും.

ദ്യുതി പദ്ധതിയുടെ ഭാഗമായി വിതരണ ശൃംഖലയുടെ നവീകരണവും ആധുനികവൽക്കരണവും നടക്കുകയാണ്. വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിന് ഒരു ലൈൻ കേടുവന്നാൽ മറ്റൊരു ലൈനിലൂടെ വൈദ്യുതി ലഭ്യമാക്കാൻ കഴിയുന്ന

വിധത്തിൽ എല്ലാ പ്രദേശത്തും ഒന്നിലധികം സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി എത്തിക്കുന്നതിനാണ് ദ്യുതി ലക്ഷ്യമിടുന്നത്. വൈദ്യുതി പ്രസരണ-വിതരണ മേഖലകളിലെ ഫലപ്രദമായ ഇടപെടലുകളുടെ ഭാഗമായി പ്രസരണ-വിതരണ നഷ്ടം എക്കാലത്തേയും കുറഞ്ഞ തോതിൽ എത്തിക്കാൻ കഴിഞ്ഞു. കേരളത്തിലെ പ്രസരണ നഷ്ടം 3.74%-വും വിതരണ നഷ്ടം 9.07%-വും ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതും വൈദ്യുതി ലഭ്യത വർദ്ധിപ്പിക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

(ബി) വൈദ്യുതി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിവരവിനിമയ സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.-യിൽ എല്ലാത്തരം അപേക്ഷകളും ഓൺലൈനിൽ സ്വീകരിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ അപേക്ഷകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓൺലൈനായി നൽകുന്ന അപേക്ഷകൾക്ക് 1-1-2020 മുതൽ അപേക്ഷാ ഫീസ് ഒഴിവാക്കിയിട്ടുണ്ട്. വൈദ്യുതി ബില്ല് സംബന്ധിച്ച് വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവയിലൂടെ തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്നതിന് "ഊർജ്ജ സൗഹൃദ" പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ബില്ലുകൾ അടയ്ക്കുന്നതിന് ഭാരത് ബിൽ പേമെന്റ് സംവിധാനമടക്കം പേമെന്റ് ഗേറ്റ് വേ/ബാങ്ക്/വാലറ്റ് സംവിധാനങ്ങൾ ഒരുക്കി.

വൈദ്യുതി സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ പ്രവർത്തിക്കുന്നു. 1912 എന്ന ടോൾഫ്രീ നമ്പർ ഇതിനായി ഉപയോഗിക്കുന്നു. വാട്സാപ്പ് മുഖേന 9446001912 നമ്പറിലും പരാതികൾ സ്വീകരിക്കുന്നു. ഇത്തരം പരാതികൾ അതതു സമയംതന്നെ ഓൺലൈനായി വൈദ്യുതി വിതരണ ഓഫീസുകളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹരിക്കുന്നത് സേവന നിലവാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

ഐ.പി.ഡി.എസ്-ഫേസ് 2 പ്രകാരമുള്ള ഐ.ടി. പ്രവൃത്തികൾ, വിതരണ മേഖലയിൽ നടപ്പാക്കുന്ന ഇ.ആർ.പി., 11 കെ.വി. ലൈനുകളുടെ മോണിറ്ററിംഗിനുള്ള ആർ.ടി.-ഡാസ് പദ്ധതി എന്നിവയാണ് കെ.എസ്.ഇ.ബി. പുതുതായി ഏറ്റെടുക്കുന്ന വിവര വിനിമയ സാങ്കേതികവിദ്യ പദ്ധതികൾ.

(സി) ഉണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ 12 ഇലക്ട്രിക്കൽ സെക്ഷനുകളിൽ സോഷ്യൽ ഓഡിറ്റിംഗ് നടത്തുകയുണ്ടായി. ഇതിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇത് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. സേവനം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ഊർജ്ജകേരള മിഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സേവനങ്ങൾ ഐ.ടി. അധിഷ്ഠിതമായി

നിർവ്വഹിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലെ വൈദ്യുതി വിതരണശൃംഖല സ്കാഡ നിയന്ത്രണത്തിൽ കൊണ്ടുവന്നിട്ടുള്ളതും സേവനം മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്.

വൈദ്യുതി സേവനങ്ങളിലെ പരാതികൾ പരിഹരിച്ച് ഉപഭോക്തൃ സംതൃപ്തി ലക്ഷ്യം വെച്ച് 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി എല്ലാ ജില്ലകളിലും വൈദ്യുതി വകുപ്പുമന്ത്രി പങ്കെടുത്തുകൊണ്ട് ജനകീയ വൈദ്യുതി അദാലത്തുകൾ നടത്തി.

(ഡി) ഉണ്ട്. വൈദ്യുതി കണക്ഷനുള്ള അപേക്ഷ ഫോറം ലളിതമാക്കി. അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കാൻ നടപടി സ്വീകരിച്ചു. 1-1-2020 മുതൽ ഓൺലൈനായി കിട്ടുന്ന അപേക്ഷകൾക്ക് അപേക്ഷാഫീസ് നൽകേണ്ടതില്ല.

വൈദ്യുതി കണക്ഷന് തിരിച്ചറിയൽ രേഖ, ഭൂമിയുടെ/കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം/കൈവശാധികാരം തെളിയിക്കുന്നതിനുള്ള ഏതെങ്കിലും ഒരു രേഖ എന്നിങ്ങനെ രണ്ട് രേഖകൾ മാത്രം മതി എന്ന് നിശ്ചയിച്ചു. 100 സ്ക്വയർമീറ്ററിൽ കുറവ് തറവിസ്തീർണ്ണമുള്ള വീടുകൾക്ക് തിരിച്ചറിയൽ കാർഡിന്റെയും സത്യവാങ്മൂലത്തിന്റെയും അടിസ്ഥാനത്തിൽ കണക്ഷൻ നൽകാനും നടപടി സ്വീകരിച്ചു.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ കണക്ഷനുള്ള ചെലവുകൾ എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം, പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളുടെ വിഹിതം തുടങ്ങി വിവിധ ഏജൻസികളിൽ നിന്ന് പൂൾ ചെയ്ത് ഉപയോഗപ്പെടുത്തി. ഇത് ഗുണഭോക്താക്കളുടെ ചെലവ് കുറയ്ക്കാൻ സഹായിച്ചു.

സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണ സ്റ്റാറ്റസ് നിലനിർത്തുന്നതിന്റെ ഭാഗമായി ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്നതിന് 50 കോടി രൂപയുടെ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, കേരളത്തിന്റെ ആഭ്യന്തര വൈദ്യുതി ഉല്പാദനത്തിന് നമ്മൾ പ്രധാനമായും ആശ്രയിക്കുന്നത് ജലവൈദ്യുത പദ്ധതികളെയാണ്. വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയിൽ ഇനി ജലവൈദ്യുത പദ്ധതികൾക്ക് എന്തെങ്കിലും സ്ഥാനമുണ്ടോ; അതിനെക്കുറിച്ച് എന്താണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്?

<u>ശ്രീ. എം. എം. മണി</u>: സർ, കേരളത്തിന്റെ സാഹചര്യത്തിൽ വൈദ്യുതി ഉല്പാദനത്തിന് ഏറ്റവും പ്രധാനപ്പെട്ട സ്രോതസ്സ് ജലനിലയങ്ങൾ തന്നെയാണ്. എന്നാൽ ജലനിലയങ്ങൾ ആരംഭിക്കുന്നതിന് നിരവധി തടസ്സങ്ങൾ നിലവിലുണ്ട്. നിർമ്മാണം ആരംഭിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും തടസ്സങ്ങളില്ലാത്ത പുതിയ പദ്ധതികൾ ഏറ്റെടുക്കുകയും ചെയ്തുകൊണ്ട് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പള്ളിവാസൽ, തോട്ടിയാർ, ചാത്തൻകോട്ടുനട, ചെങ്കുളം ഓഗ്മെന്റേഷൻ എന്നീ പദ്ധതികളുടെ നിർമ്മാണം മുടങ്ങി ക്കിടക്കുകയായിരുന്നു. ഈ പദ്ധതികളുടെ നിർമ്മാണം പുനരാരംഭിച്ച് ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തുകയാണ്. ഈ കാലയളവിൽ വൈദ്യുതി ബോർഡ് വെള്ളത്തൂവൽ 3.6 മെഗാവാട്ട്, പെരുന്തേനരുവി 6 മെഗാവാട്ട്, കക്കയം 3 മെഗാവാട്ട് എന്നീ പദ്ധതികൾ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. സ്വകാര്യ മേഖലയിൽ 7 മെഗാവാട്ടിന്റെ പതങ്കയം പദ്ധതിയും 4.5 മെഗാവാട്ടിന്റെ കാരിക്കയം പദ്ധതിയും കമ്മീഷൻ ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 24.1 മെഗാവാട്ടിന്റെ പദ്ധതികൾ കമ്മീഷൻ ചെയ്തു. 2021-ഓടെ 156 മെഗാവാട്ടിന്റെ പദ്ധതികൾ കൂടി പൂർത്തിയാക്കും. ഇതുകൂടാതെ, 2022-ഓടെ 37.5 മെഗാവാട്ടിന്റെ പദ്ധതികൾ കമ്മീഷൻ ചെയ്യും. ഇതോടൊപ്പം പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇടുക്കിയിൽ 780 മെഗാവാട്ടിന്റെ ഒരു രണ്ടാം പവർ ഹൗസ് നിർമ്മിക്കാനും 2020-21-ൽ 85.5 മെഗാവാട്ടിന്റെയും 2021-2026 കാലത്ത് 54.5 മെഗാവാട്ടിന്റെയും ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏറ്റെടുക്കാനും ഉദ്ദേശിക്കുന്നുണ്ട്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, സൗരോർജ്ജ പദ്ധതി പ്രകാരം 1000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനമാണ് ലക്ഷ്യമിടുന്നതെന്നാണ് പറഞ്ഞിട്ടുള്ളത്. ഇതിൽ എത്ര ശതമാനം പൂർത്തീകരിച്ചു; ആ ലക്ഷ്യം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്?

<u>ശ്രീ. എം. എം. മണി</u>: സർ, ആദ്യത്തെ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽത്തന്നെ എത്ര പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഞാനത് ആവർത്തിക്കുന്നില്ല.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, കഴിഞ്ഞ ദിവസം പത്തനംതിട്ട ജില്ലയിൽ നടന്ന ജില്ലാ വൈദ്യുതി അദാലത്തിൽ 870 പരാതികളാണ് ലഭിച്ചത്. തുടക്കംമുതൽ വൈകുന്നേരം വരെ പൂർണ്ണസമയവും ജനങ്ങൾക്കൊപ്പം നിന്ന് അവരുടെ പരാതി കേട്ട് അവ പരിഹരിക്കാൻ നേതൃത്വം നൽകിയ ബഹുമാനപ്പെട്ട മന്ത്രിക്ക്

പ്രത്യേകം അഭിനന്ദനം അറിയിക്കുകയാണ്. എന്റെ ചോദ്യം, വൈദ്യുതി ഉല്പാദനം പോലെതന്നെ വളരെ പ്രധാനപ്പെട്ടതാണ് ഊർജ്ജ സംരക്ഷണവും. വൈദ്യുതി ലഭ്യത വർദ്ധിപ്പിക്കുന്നതിന് പ്രസരണ, വിതരണ നഷ്ടം കുറയ്ക്കുക എന്നുള്ളത് വളരെ പ്രധാനപ്പെട്ടതാണ്. ഇതിനുവേണ്ടി ഈ സർക്കാരിന്റെ കാലയളവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. എം. എം. മണി: സർ, 14 ജില്ലകളിലും ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ ജനകീയ വൈദ്യുതി അദാലത്തുകൾ നടത്തുകയാണ്. ജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് വലിയ സഹായമാണ് അതുവഴിയുണ്ടായത്. ലൈഫ് മിഷൻ വഴിയും മറ്റും വീടുകൾ അനുവദിക്കപ്പെട്ടിട്ടും വീട് നിർമ്മിക്കേണ്ട സ്ഥലത്ത് വൈദ്യുതി ലൈനുള്ളതിനാൽ അതിന് കഴിയുന്നില്ല, വീടുകൾക്ക് ഭീഷണിയായി വൈദ്യുതി ലൈൻ നിലനിൽക്കുന്നു, ഉപയോഗിക്കാതെ തന്നെ വലിയ വൈദ്യുതി ബിൽ വരുന്നു തുടങ്ങി ഒട്ടേറെ തരത്തിലുള്ള പരാതികൾ അദാലത്തിൽ ഉയർന്നുവന്നു. ലൈനുകളും മറ്റും മാറ്റിക്കൊടുക്കുന്നതിന് ഉപഭോക്താക്കൾ ചെലവ് വഹിക്കണമെന്നതാണ് നിയമമെങ്കിലും ലൈഫ് പദ്ധതിയിലും മറ്റും വീടുകൾ അനുവദിക്കപ്പെട്ടവർക്ക് ഈ തുക അടയ്ക്കാൻ നിർവ്വാഹമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടു. ഇത് പരിഹരിക്കുന്നതിന് ഇത്തരം പ്രവർത്തനങ്ങൾ ബോർഡ് ചെലവിൽ തന്നെ ചെയ്യുന്നതിനും അദാലത്തുകളുടെ ഭാഗമായി തീരുമാനിക്കുകയുണ്ടായി. ദീർഘകാലമായുള്ള വൈദ്യുതി കുടിശ്ശികകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ തുടങ്ങിയ നടപടികളും അദാലത്തിൽ സ്വീകരിക്കുകയുണ്ടായി. സംസ്ഥാനത്തൊട്ടാകെ ലഭിച്ച 17432 പരാതികളിൽ 15912 പരാതികൾ അദാലത്തിൽ വച്ചുതന്നെ തീർപ്പാക്കിയിട്ടുണ്ട്. സ്ഥല പരിശോധനയും മറ്റും നടത്തി തീർപ്പ് കല്പിക്കേണ്ട മറ്റ് പരാതികളും സമയബന്ധിതമായി പരിഹരിക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം മുടങ്ങിക്കിടന്ന പദ്ധതികൾ നടപ്പിലാക്കാൻ മുൻകൈയെടുക്കുകയുണ്ടായി. അതുപോലെ ജനകീയ വൈദ്യുതി അദാലത്തുകൾ കേരളത്തിൽ ആദ്യമായാണ് നടപ്പിലാക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്. അതുവഴി വളരെയേറെ ദുരിതങ്ങൾ അനുഭവിക്കുന്നവരുടെ പ്രയാസങ്ങൾ മനസ്സിലാക്കി ഗവൺമെന്റിന് ഇടപെടാൻ സാധിച്ചു. അതുപോലെതന്നെ പരാതികൾ സ്വീകരിക്കുന്നതിനുവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾസെന്റർ, വാട്ട്സാപ്പ്, ടോൾഫ്രീ നമ്പർ തുടങ്ങിയ ഒട്ടനവധി നല്ല സംവിധാനങ്ങൾ സൃഷ്ടിച്ചു. അതിന് ബഹുമാനപ്പെട്ട മന്ത്രിയെയും ഗവൺമെന്റിനെയും അനുമോദിക്കുകയാണ്. ഇവിടെ പുരപ്പുറ സോളാർ

പദ്ധതിയെക്കുറിച്ച് പറയുകയുണ്ടായി. വനമേഖലകളിലെ ഉൾപ്രദേശങ്ങളിൽ വനംവകുപ്പുമായി ബന്ധപ്പെട്ട് ആദിവാസികൾ താമസിക്കുന്ന വീടുകളിൽ പുരപ്പുറ സോളാർ സിസ്റ്റത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; അതുപോലെതന്നെ പൂർത്തിയാക്കിയ 400 കെ.വി. പവർ ഹൈവേയുടെ പ്രധാനപ്പെട്ട നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. എം. എം. മണി: സർ, ഇടമൺ-കൊച്ചി 400 കെ.വി. പവർ ഹൈവേ ഉദ്ഘാടനം ചെയ്തത് ഏറ്റവുമധികം സഹായകമായി എന്നുള്ള വസ്തുത നമ്മൾ കാണേണ്ടതുണ്ട്. യഥാർത്ഥത്തിൽ ദീർഘനാൾ മുമ്പ് അതിന് തുടക്കം കുറിച്ചെങ്കിലും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിർമ്മാണം നിലച്ചിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മുൻകൈയെടുത്ത് പ്രത്യേക യോഗം വിളിച്ച് നഷ്ടപരിഹാര തുക വർദ്ധിപ്പിച്ച് നൽകിക്കൊണ്ട് നിർമ്മാണം പൂർത്തീകരിക്കുകയും പിന്നീട് ഓരോ ഘട്ടത്തിലുമുണ്ടായ തടസ്സങ്ങൾ പരിഹരിച്ചുമാണ് ഇത്രയും വേഗം നമുക്ക് ഈ പദ്ധതി ഉദ്ഘാടനം ചെയ്യാൻ കഴിഞ്ഞത് എന്നതാണ് വസ്തുത. അതിന്റെ ഫലമായി 260 മെഗാവാട്ട് വൈദ്യുതി കൂടംകുളത്തുനിന്നും പ്രസരണ നഷ്ടം ഒഴിവാക്കി കിട്ടുന്നു എന്ന പ്രത്യേകതയുമുണ്ട്. നേരത്തെ 260 മെഗാവാട്ട് വൈദ്യുതി കിട്ടിക്കൊണ്ടിരുന്നത് 20 മെഗാവാട്ട് വൈദ്യുതി പ്രസരണ നഷ്ടം സംഭവിച്ചാണ്. ഇപ്പോൾ അത് ഒഴിവാക്കി നേരിട്ട് ഈ ലൈനിൽക്കൂടി നമുക്ക് വൈദ്യുതി ലഭിക്കും. ഈ ഗവൺമെന്റ് കഴിഞ്ഞ നാളുകളിൽ വലിയ പ്രതിസന്ധിയിലായിരുന്നു. പത്ത് ദിവസത്തേയ്ക്ക് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള വെള്ളമേ നമ്മുടെ ഡാമുകളിൽ ഉണ്ടായിരുന്നുള്ളൂ. പക്ഷെ വൈദ്യുതി കിട്ടാനുണ്ടെങ്കിലും കൊണ്ടുവരാൻ ലൈനില്ലായിരുന്നു. എന്നാൽ ഇടമൺ-കൊച്ചി ലൈൻ വഴി നമുക്ക് വൈദ്യുതി കൊണ്ടുവരാൻ സഹായകരമായി എന്നതാണ് അതിന്റെ പ്രത്യേകത.

ശ്രീ. എം. നൗഷാദ്: സർ, ഒരു കാലത്ത് ജനങ്ങളുടെ പേടി സ്വപ്നമായിരുന്ന വൈദ്യുതി വകുപ്പിനെ ജനങ്ങളുടെ സുഹൃത്താക്കി മാറ്റിക്കൊണ്ട് ഉൽപ്പാദന-വിതരണ മേഖലയിലെ കൃത്യമായ ഇടപെടലുകളിൽക്കൂടി വൈദ്യുതി ലഭ്യത ഉറപ്പുവരുത്തി ലോഡ് ഷെഡ്ഡിംഗും പവർ കട്ടും ഒഴിവാക്കി മുന്നോട്ടുപോകുന്നതിന് നേതൃത്വം നൽകുന്ന വകുപ്പുമന്ത്രിയെയും വകുപ്പിനെയും അഭിനന്ദിക്കുന്നു. എന്റെ ചോദ്യം, വൈദ്യുതി മേഖലയിൽ ഈ തരത്തിലുള്ള നടപടികളെല്ലാം നടത്തുമ്പോഴും പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാൻ കഴിഞ്ഞിട്ടില്ല, അതുകൂടി കുറച്ചുകൊണ്ട് മാത്രമേ വൈദ്യുതി വകുപ്പിനെ കൂടുതൽ ജനകീയമാക്കാൻ കഴിയൂ. അതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

ശ്രീ. എം. എം. മണി: സർ, വൈദ്യുതി മേഖലയിൽ പുതിയതായി വൈദ്യുതി ഉല്പാദിപ്പിക്കുകയെന്നത് ഒരു പ്രധാന ലക്ഷ്യമാണ്. അതോടൊപ്പം പ്രസരണ നഷ്ടം ഒഴിവാക്കി വൈദ്യുതി പാഴാകുന്നത് തടയുകയെന്ന മാർഗ്ഗവും നാം സ്വീകരിക്കേണ്ടതുണ്ട്. വൈദ്യുതി ബോർഡ് അതിനുവേണ്ടി ഏറ്റവും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന കാര്യവും ഈ അവസരത്തിൽ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. അതിന്റെ ഭാഗമായി നാലായിരം കോടി രൂപയുടെ പഴയ ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന ഒരു പുതിയ സംവിധാനവും ഇവിടെ ചർച്ച ചെയ്ത ട്രാൻസ്ഗ്രിഡ് 2.0 പരിപാടി നടപ്പിലാക്കാൻ കഴിഞ്ഞുവെന്നതും വൈദ്യുതി രംഗത്ത് വരുത്തുന്ന പുതിയ മാറ്റങ്ങളാണ്. വൈദ്യുതി പാഴാകാതെ പരമാവധി ലാഭിച്ച് ജനങ്ങൾക്ക് കൃത്യസമയത്ത് എത്തിക്കുകയെന്ന ലക്ഷ്യം വച്ചാണ് ഈ കർമ്മ പരിപാടികളെല്ലാം നടപ്പിലാക്കുന്നത്. ഇതെല്ലാം വളരെ സജീവമായി നടന്നുവരുന്നുവെന്ന കാര്യം സഭയെ അറിയിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ സഭയിലെ എല്ലാ അംഗങ്ങളും മന്ത്രിമാരെ അഭിനന്ദിക്കണം എന്നൊരു വിപ്പ് ഇടതുമുന്നണി കൊടുത്തതിന്റെ പശ്ചാത്തലത്തിലാണ് ചോദ്യത്തിന്റെ തുടക്കം തന്നെ മന്ത്രിയെ അഭിനന്ദിക്കുന്നത്.

മി. സ്പീക്കർ: കെ. എം. മാണി പണ്ട് പറഞ്ഞത് എന്നെ അഭിനന്ദിക്കുവെന്നാണ്. കെ. എം. മാണി ഇത് നിരന്തരമായി പറഞ്ഞിരുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് നല്ല കാര്യമാണ്, കുഴപ്പമില്ല. എല്ലാ മെമ്പർമാരും മന്ത്രിമാരെ അഭിനന്ദിക്കണമെന്നൊരു വിപ്പ് ശരിക്കും പാലിക്കുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് ഗവൺമെന്റ് വ്യക്തമാക്കാമോ? അതോടൊപ്പം തന്നെ ലോംഗ് ടേം പവർ പർച്ചേസുമായി ബന്ധപ്പെട്ട് പുതിയ ചില വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ലോംഗ് ടേം പവർ പർച്ചേസുമായി ബന്ധപ്പെട്ട് ഇപ്പോൾ റെഗുലേറ്ററി അതോറിറ്റിതന്നെ അതിനെതിരായി ചില ഒബ്ജക്ഷൻസ് ഉയർത്തിയിരിക്കുകയാണ്. അങ്ങനെയാണെങ്കിൽ അതിന്റെ നഷ്ടം മുഴുവൻ കെ.എസ്.ഇ.ബി. വഹിക്കണമെന്നുള്ള നിലയിലാണ് റെഗുലേറ്ററി അതോറിറ്റി ഇപ്പോൾ പുതിയ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. റെഗുലേറ്ററി അതോറിറ്റിയുടെ ഈ നടപടികളോട് സർക്കാരിന്റെ നിലപാടെന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കാമോ?

ശ്രീ. എം. എം. മണി: സർ, ഇവിടെ വൈദ്യുതി ബോർഡിന്റെ പ്രവർത്തനത്തെയും അതിന് നേതൃത്വം കൊടുത്ത ഗവൺമെന്റിനെയും ഈ എളിയവനായ മന്ത്രിയേയും അംഗങ്ങൾ അഭിനന്ദിച്ചപ്പോൾ ബഹുമാനപ്പെട്ട

പ്രതിപക്ഷനേതാവ് അസഹിഷ്ണുത കാണിച്ചതിൽ എനിക്ക് അതിയായ ദുഃഖമുണ്ട്. അങ്ങയുടെ ഗവൺമെന്റ് ഇവിടെയുണ്ടായിരുന്നപ്പോൾ അങ്ങയുടെ സഹ പ്രവർത്തകനായിരുന്ന ഈ വകുപ്പ് കൈകാര്യം ചെയ്തതെന്ന കാര്യം ഞാൻ ഓർമ്മിക്കുകയാണ്. ഇത്രയും പൊളിഞ്ഞ ഒരു പ്രവർത്തനം നടന്ന കാലം വേറേയില്ലായെന്നാണ് കാണാൻ കഴിഞ്ഞത്. ഏറ്റവും അവസാനം നിലവിലുള്ള നിയമത്തെപ്പോലും മറികടന്ന് അങ്ങ് അടക്കമുള്ളവർ തീരുമാനിച്ച്, റെഗുലേറ്ററി കമ്മീഷനെ മറികടന്ന് വൈദ്യുതി കച്ചവടം നടത്തിയെന്ന കാര്യവും ഞാൻ ഈ അവസരത്തിൽ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം സത്യസന്ധമായി കാര്യങ്ങൾ നടത്തിക്കൊണ്ട് പോകാൻ ശ്രമിച്ചിട്ടുണ്ട്. എന്തെങ്കിലും സംശയമുണ്ടെങ്കിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് രേഖാമൂലം എഴുതിത്തന്നാൽ പരിശോധിക്കുന്നതിന് ഒരു വിരോധവുമില്ല. പക്ഷെ ഉള്ള സത്യം സത്യമാണെന്ന് കാണണം. അതിൽ അസൂയപ്പെട്ടിട്ട് യാതൊരു കാര്യവുമില്ലെന്നാണ് എന്റെ അഭിപ്രായം. നമുക്ക് ചെയ്യാൻ പറ്റുന്ന മുഴുവൻ കാര്യങ്ങളും ചെയ്യുന്നുണ്ട്. അതിൽ ഒരു വിട്ടുവീഴ്ചയുമില്ലായെന്ന കാര്യം ഞാൻ പ്രത്യേകിച്ച് അറിയിക്കാൻ ആഗ്രഹിക്കുകയാണ്. കായംകുളം എൻ.റ്റി.പി.സി. (നാഷണൽ തെർമൽ പവർ കോർപ്പറേഷൻ ലിമിറ്റഡ്) നിലയത്തെ സംബന്ധിച്ച് ചില പ്രശ്നങ്ങൾ ഇപ്പോൾ ഉയർത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സ്ഥാപനമാണ് എൻ.റ്റി.പി.സി. എന്ന് നമുക്കെല്ലാവർക്കും അറിയാം. അവരുടെ വൈദ്യുതി നമ്മൾ വർഷങ്ങളായി വാങ്ങാറില്ല. ഭാരിച്ച വിലയാകുമെന്നതുകൊണ്ട് ഒരു നിലയിലും ജനങ്ങൾക്ക് വിതരണം ചെയ്യാൻ കഴിയില്ല. പക്ഷെ നിലയം നടപ്പിലാക്കുന്നതിന് 300 കോടി രൂപ വീതം അവർക്ക് നൽകിക്കൊണ്ടിരിക്കുന്നുണ്ട്. 300 കോടി രൂപ ചോദിച്ചു, 200 കോടി രൂപ കൊടുത്തു, ഇനിയും അത് കുറയ്ക്കേണ്ടതുണ്ട്. പക്ഷെ അവർ ഇപ്പോൾ നമ്മളുമായുള്ള കരാറിൽനിന്നും ഒഴിവാകുമെന്ന് പറയുന്നുണ്ടെങ്കിലും നിയമം നമുക്ക് അനുകൂലമായതുകൊണ്ട് നിയമപരമായും സാങ്കേതികമായും നിലവിലുള്ള കരാറുകളുടെ അടിസ്ഥാനത്തിലും എൻ.റ്റി.പി.സി. പറയുന്നത് പ്രാവർത്തികമല്ല, ശരിയല്ല. കരാറുകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ തമ്മിലുള്ള ബന്ധങ്ങളുടെ അടിസ്ഥാനത്തിലാണ് അതിന് പരിഹാരം കാണാൻ ഉദ്ദേശിക്കുന്നത്. അതിനാവശ്യമായ നടപടി ബോർഡും ഗവൺമെന്റും സ്വീകരിക്കുമെന്ന കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. കാരണം, അദ്ദേഹത്തിന്റെ മണ്ഡലത്തിനടുത്താണ് എൻ.റ്റി.പി.സി. നിലയം. കായംകുളമാണെങ്കിലും അദ്ദേഹത്തിന്റെ മണ്ഡലത്തിന്റെ അടുത്തല്ലേ, അദ്ദേഹത്തിന്റെ മണ്ഡലത്തിൽ തന്നെയാണ്. അതുകൊണ്ട് എൻ.റ്റി.പി.സി.യെ കുറിച്ച് വന്നിട്ടുള്ള ഇത്തരമൊരു വിവാദമായ പ്രശ്നത്തെ നമ്മൾ കൂട്ടായി നേരിടുകയാണ് വേണ്ടതെന്നാണ് ഇതുസംബന്ധിച്ച് വൈദ്യുതിവകുപ്പു മന്ത്രിയെന്ന നിലയിൽ എനിക്ക് സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, വൈദ്യുതി രംഗത്ത് ശ്രദ്ധേയമായ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. ലോക്കറുമായി കടന്നുകളഞ്ഞതിനല്ല മികച്ച നിലയിൽ തന്റെ ഉത്തരവാദിത്വം നിർവ്വഹിച്ചതിനാണ് മന്ത്രിയെ ഞങ്ങൾ അദിനന്ദിച്ചത്. വൈദ്യുതി രംഗത്ത് ശ്രദ്ധേയമായ മുന്നേറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എങ്കിലും ജോലിക്കിടയിലുള്ള അപകടമരണങ്ങൾ ഒഴിവാക്കാൻ കഴിയുന്നില്ല. കഴിഞ്ഞ ദിവസം തളിപ്പറമ്പിലെ തൃച്ചംബരത്ത് പട്ടം സ്വദേശി രാജീവൻ വൈദ്യുതി ലൈൻ ഓഫ് ചെയ്ത് ജോലി ചെയ്യുന്നതിനിടയിലാണ് ഷോക്കേറ്റ് മരിച്ചത്. സമീപ കാലത്ത് മാവേലിക്കരയിലും കമലഹാസൻ എന്ന ഒരു വർക്കർ മരിച്ചിട്ടുണ്ട്. ലൈൻമാൻമാർക്കും മസ്ദൂർ വർക്കേഴ്സിനും സുരക്ഷിതമായി ജോലി ചെയ്യാനുള്ള സജ്ജീകരണം ഏർപ്പെടുത്തണം. പലപ്പോഴും ഇൻവെർട്ടർ, ജനറേറ്റർ, സോളാർ പാനൽ പോലെയുള്ള ഉപകരണങ്ങൾ അനുമതിയില്ലാതെയും മതിയായ സുരക്ഷാ ക്രമീകരണങ്ങൾ പാലിക്കാതെയും ലൈനിൽ കണക്ട് ചെയ്യുന്നതാണ് ഇത്തരത്തിൽ വൈദ്യുതി പ്രവഹിക്കാനിടയാകുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ കാര്യത്തിൽ കർശനമായ പരിശോധന വേണം. ഇത്തരം ഉപകരണങ്ങൾ ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ രജിസ്റ്റർ ചെയ്യുന്ന നിലയുണ്ടാകണം, പീരിയോഡിക്കൽ ചെക്കിംഗ് വേണം. അതിന് ഗവൺമെന്റ് എന്തൊക്കെ നടപടി സ്വീകരിക്കും?

<u>ശ്രീ. എം. എം. മണി</u>: സർ, ഇത് കഴിഞ്ഞ ദിവസത്തെ ചോദ്യോത്തരവേളയിൽ ഉൾപ്പെട്ടിരുന്നതാണ്. പക്ഷെ അന്ന് ഈ ചോദ്യം ചോദിക്കാനും ഉത്തരം പറയാനും കഴിയാതെ വന്നു. യഥാർത്ഥത്തിൽ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കും ജീവനക്കാർക്കും സുരക്ഷ ഏർപ്പെടുത്തേണ്ട ഉത്തരവാദിത്വം വൈദ്യുതി ബോർഡിനുണ്ട്. അത് കാലാനുസൃതമായി മാറ്റം വരുത്തി നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. എന്നാൽ പലപ്പോഴും നിർഭാഗ്യകരമായ അവസ്ഥയുണ്ടാകുന്നുണ്ടെന്ന കാര്യം വളരെ ഗൗരവത്തിലാണ് കാണുന്നത്. കഴിഞ്ഞ ദിവസങ്ങളിലും അപകടങ്ങളുണ്ടായിട്ടുണ്ട്; സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്, മേലിൽ എന്താണ് ഈ കാര്യത്തിൽ ചെയ്യാൻ കഴിയുകയെന്നത് വൈദ്യുതി ബോർഡ് ഗൗരവമായി ആലോചിക്കും.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, വൈദ്യുതി ബോർഡിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയം, ഞങ്ങളുടെ പ്രദേശങ്ങളിലെല്ലാം വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അധിക നാൾ ജോലിയിൽ നിൽക്കാതെ സ്ഥലംമാറ്റം വാങ്ങി പോകുന്നുവെന്നതാണ് അതിന്റെ കാരണം അന്വേഷിച്ചപ്പോൾ എനിക്ക് മനസ്സിലായത്, വൈദ്യുതി ജീവനക്കാരിൽ അധികവും തെക്കൻ ജില്ലയിലുള്ളവരാണ്. മലബാർ പ്രദേശത്തുനിന്നുള്ള ഉദ്യോഗാർത്ഥികളെക്കൂടി

വൈദ്യുതി ബോർഡിന്റെ ജീവനക്കാരായി റിക്രൂട്ട് ചെയ്താൽ സ്ഥലംമാറ്റം വാങ്ങി പോകുന്നത് ഒഴിവാക്കുവാൻ സാധിക്കും. ഇങ്ങനെ സ്ഥലംമാറ്റം വാങ്ങി പോകുന്നതിനാൽ വൈദ്യുതി ബോർഡിൽ വലിയ ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ട്. രണ്ടാമതായി, കോൺട്രാക്ടർമാരുടെ എണ്ണം വളരെ കുറവാണ്. കോൺട്രാക്ടർമാരുടെ കൂടെയുണ്ടായിരുന്ന ലേബറേഴ്സിനെ ബോർഡ് നേരിട്ട് നിയമിച്ചതിനാൽ കോൺട്രാക്റ്റെടുക്കാൻ ആളുകൾ വരുന്നില്ല. അതിനാൽ ചെറിയ വർക്കുകൾ പെൻഡിംഗിൽ നിൽക്കുന്നതും പ്രധാനപ്പെട്ട പ്രശ്നമാണ്. മറ്റൊന്ന്, ഗൗതം എന്ന് പറയുന്ന കമ്പനിയിൽ നിന്നും വാങ്ങുന്ന പോസ്റ്റുകൾ വളരെ മോശമായതിനാൽ പല സ്ഥലത്തും പോസ്റ്റുകൾ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥിതിയാണുള്ളത്. അതിനെല്ലാമുപരിയായി, എന്റെ മണ്ഡലത്തിൽ ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കാൻ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി അനുവദിച്ചിട്ടുള്ളത് സന്തോഷമുള്ള കാര്യമാണ്. അതിന്റെ പണി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ

ശ്രീ. കെ. എൻ. എ. ഖാദർ: സർ, വൈദ്യുതി ബോർഡ് എന്തെല്ലാം പ്രവർത്തനങ്ങൾ ഞങ്ങളുടെയൊക്കെ മണ്ഡലങ്ങളിൽ നടപ്പിലാക്കിയെന്നുള്ളതിന്റെ ബ്രോഷർ നൽകിയത് എല്ലാ വകുപ്പുകൾക്കും മാതൃകാപരമായിട്ടുള്ളതാണ്. അത് ഞങ്ങൾക്ക് വളരെ ഉപകാരപ്രദവുമാണ്. എന്റെ ചോദ്യം, 110 കെ.വി. സബ്സ്റ്റേഷൻ അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. എം. മണി: സർ, പ്രസ്തുത വിഷയങ്ങൾ പരിശോധിക്കാവുന്നതാണ്. ജീവനക്കാരെ വിന്യസിക്കുന്നത് മലബാറെന്നോ, മധ്യകേരളമെന്നോ, തിരുവിതാംകൂർ എന്നോ വ്യത്യാസമൊന്നുമില്ലാതെയാണ്. ഓൺലൈനായാണ് ജീവനക്കാർക്ക് സ്ഥലംമാറ്റവും ചുമതലയും നൽകുന്നത്. അതിലെന്തെങ്കിലും പരിശോധിക്കാനുണ്ടെങ്കിൽ പരിശോധിക്കാവുന്നതാണ്. രണ്ട്, ഒരു കമ്പനി നൽകുന്ന പോസ്റ്റിന് കൂടുതൽ കേടുപാടുകൾ വരുന്നുവെന്ന് സൂചിപ്പിച്ചത് പരിശോധിക്കാനുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്താമെന്ന് ഉറപ്പ് നൽകുകയാണ്. മൂന്ന്, 110 കെ.വി സബ്സ്റ്റേഷൻ എത്രയുംവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം.

ശ്രീമതി യു. പ്രതിഭ: സർ, കേരളം സമ്പൂർണ്ണ വൈദ്യുതി സംസ്ഥാനം ആയതുപോലെ ഫിലമെന്റ് രഹിത കേരളമെന്ന വലിയൊരു ആശയം ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ആവിഷ്കരിച്ചതായി അറിയാൻ സാധിച്ചു. 'മഴവില്ല്' പദ്ധതിയിലൂടെയാണ് ഇത്തരത്തിലുള്ള ഏഴ് പ്രഗൽഭമായ പദ്ധതികൾ

ഏറ്റെടുക്കുന്നത്. പീലിക്കോട് ഗ്രാമപഞ്ചായത്തിൽ ഫിലമെന്റ് രഹിത കേരളം നടപ്പിലാക്കിയതുപോലെ, ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ബൾബുകൾ കളക്ട് ചെയ്തുകൊണ്ട് മഴവില്ല് പദ്ധതിയിലൂടെ നടപടികൾ വേഗത്തിലാക്കുമോ; എങ്കിൽ അത് സുപ്രധാനമായിട്ടുള്ള കാൽവയ്പ്പായിരിക്കും. അതിനുവേണ്ടി എടുത്തിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ശ്രീ. എം. എം. മണി: സർ, യഥാർത്ഥത്തിൽ ഇന്ന് കേരളത്തിൽ ഉപയോഗത്തിലിരിക്കുന്ന ബൾബുകളും ട്യൂബുകളും മാറ്റി ഫിലമെന്റ് രഹിത ട്യൂബുകളും ബൾബുകളുമാക്കുകയാണ് നമ്മുടെ ലക്ഷ്യം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ ഇതുസംബന്ധിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. അത് ഫലപ്രദമായി നടപ്പിലാക്കണമെന്ന ലക്ഷ്യമാണ് വൈദ്യുതി ബോർഡിനും ഗവൺമെന്റിനുമുള്ളത്. ഒരു മെഗാവാട്ട് വൈദ്യുതി ഉണ്ടാക്കുന്നതിന് കോടിക്കണക്കിന് രൂപ ചെലവാകും. ഓരോ ഉല്പാദന മേഖലയിലും വ്യത്യസ്തമായ ചെലവുകൾ വരുന്നുണ്ട്. അതേസമയം ശാസ്ത്രീയമായ പഠനം വ്യക്തമാക്കുന്നത് ഈ പദ്ധതിയിലൂടെ ഒരു മെഗാവാട്ട് വൈദ്യുതിക്ക് 15 ലക്ഷം രൂപ ലാഭിക്കാമെന്നാണ്. അതിനാൽ വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കാനും ലാഭകരമാക്കാനും ഫിലമെന്റ് രഹിത എൽ.ഇ.ഡി. ബൾബുകളും ട്യൂബുകളും കേരളത്തിൽ മുഴുവനും ആക്കുന്നതിനുമുള്ള സ്കീമുണ്ട്. എല്ലാവരുടെയും സഹകരണത്തോടുകൂടി നല്ല നിലയിൽ നടപ്പിലാക്കണമെന്നാണ് ഗവൺമെന്റും വൈദ്യുതി ബോർഡും ആലോചിക്കുന്നതെന്ന കാര്യം അറിയിക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട എം. എം. മണി സഖാവ് ഊർജ്ജ വകുപ്പ് ഏറ്റെടുക്കുമ്പോൾ ഊർജ്ജമുള്ള ഒരു മന്ത്രിയായിരിക്കുമെന്ന് ആരും പ്രതീക്ഷിച്ചില്ല. എന്നാൽ കുറച്ച് ഊർജ്ജമുള്ള മന്ത്രിയാണെന്ന് ഇപ്പോൾ പറയാൻ സാധിക്കും. അതിന് അദ്ദേഹത്തെ അഭിനന്ദിക്കാനൊന്നും എനിക്ക് സമയമില്ല, അദ്ദേഹത്തോടുള്ള സ്നേഹം അറിയിക്കുകയാണ്. ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ പൂർണ്ണമായും കേബിൾ കണക്ഷനായി. അവിടെ ഒരിക്കലും വൈദ്യുതി ഇല്ലാത്ത സാഹചര്യം ഉണ്ടാകുന്നില്ല. എന്റെ ചോദ്യം, കേരളത്തിലെ ഏതെല്ലാം പട്ടണങ്ങളിൽ കേബിൾ കണക്ഷൻ നൽകാൻ സാധിച്ചു; സോളാർ വൈദ്യുതി സ്ഥാപിച്ചാൽ അതെങ്ങനെയായി തീരുമെന്ന് വിചാരിച്ച് പലരും മടിച്ച് നിൽക്കുകയാണ്. അതിനൊരു മാതൃകയായി 141 എം.എൽ.എ.-മാരുടെയും ഭവനങ്ങളിൽ സോളാർ ഘടിപ്പിക്കാൻ ഒരു തീരുമാനമെടുക്കണം. കാശ് നൽകാം. 141 എം.എൽ.എ.-മാരുടെയും ഭവനങ്ങളിൽ മാതൃകയായി സോളാർ ഘടിപ്പിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. എം. എം. മണി</u>: സർ, സോളാർ ഇപ്പോൾ പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള കർമ്മ പരിപാടിയിലാണ്. അതിനാൽ സോളാറിനെ സംബന്ധിച്ച പല കാര്യങ്ങളും കേരളത്തിൽ ചർച്ച ചെയ്തതാണ്. അതെല്ലാം ഞാനിവിടെ പരാമർശിക്കുന്നില്ല. ഇത് ഫലപ്രദമായി ജനങ്ങൾക്ക് പ്രയോജനപ്പെടുമെന്ന നിലയിൽ ചെലവുകുറഞ്ഞ വിധത്തിൽ ഊർജ്ജം നൽകുകയെന്ന ഉദ്ദേശ്യത്തോടുകൂടി ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുകയെന്ന ലക്ഷ്യമാണുള്ളത്. അതിനാൽ ശ്രീ. പി. സി. ജോർജ് ആ വിഷയത്തിൽ സംശയിക്കേണ്ട. സോളാർ സ്ഥാപിക്കുന്നെങ്കിൽ എല്ലാവിധ സഹായവും നൽകാം. നമ്മൾ യോജിച്ച് നിന്നാൽ നിരവധി കാര്യങ്ങൾ ചെയ്യുവാൻ കഴിയുമെന്നാണ് ഞാൻ കരുതുന്നത്. കേബിളിനെ സംബന്ധിച്ച് ഇപ്പോൾ പറയാൻ സാധിക്കില്ല. കാരണം കേബിളിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ബോർഡിൽ നിന്ന് ശേഖരിച്ചാൽ മാത്രമേ ഏതെല്ലാം ടൗണുകളിൽ എത്രമാത്രം കേബിൾ ഉപയോഗിക്കുന്നുവെന്ന് പറയുവാൻ സാധിക്കൂ. ആവശ്യമെങ്കിൽ അതിനെ സംബന്ധിച്ച് പിന്നീട് പറയാം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഓരോ വീടുകളിലും സോളാർ സ്ഥാപിക്കുന്നതിന് ഇപ്പോൾത്തന്നെ സാധിക്കും. അതിന് കെ.എസ്.ഇ.ബി.-യുമായും അനെർട്ടുമായും ബന്ധപ്പെട്ട് സ്ഥാപിക്കാവുന്നതാണ്. എന്റെ നാട്ടിലുള്ള വീട്ടിൽ ഇതിനകംതന്നെ സോളാർ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. ഓരോ വ്യക്തിയും അത് ചെയ്താൽ മതി. പ്രത്യേകിച്ച് വൈദ്യുതി വകുപ്പിന്റെ സഹായവും ഇടപെടലുമൊന്നും ആവശ്യമില്ല.

**സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട ആദായ നികുതി നിർദ്ദേശങ്ങൾ**

2 (*32 ) <u>ശ്രീ. സജി ചെറിയാൻ</u>:
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>:
<u>ശ്രീ. കെ. വി. വിജയദാസ്</u>
<u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾക്ക് സമ്പദ് വ്യവസ്ഥയിലുള്ള പ്രാധാന്യത്തെക്കുറിച്ച് പ്രസ്താവിച്ചുകൊണ്ട് സഹകരണ സംഘങ്ങളെ വരുമാന നികുതി കാര്യത്തിൽ കോർപ്പറേറ്റുകളുമായി തുല്യത സ്ഥാപിക്കുന്നതിനെന്ന പേരിൽ കൊണ്ടുവന്ന കേന്ദ്ര സർക്കാരിന്റെ പുതിയ ആദായ നികുതി നിർദ്ദേശങ്ങൾ സഹകരണ മേഖലയ്ക്ക് എത്രമാത്രം പ്രയോജനപ്രദമാണെന്ന് വ്യക്തമാക്കുമോ;

(ബി) ആദായ നികുതി നിയമത്തിലെ വകുപ്പ് 80 (പി) (2) പ്രകാരമുള്ള നികുതിയിളവ് പിൻവലിച്ചത് പുനഃസ്ഥാപിക്കണമെന്നും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ തകർക്കാൻ പോന്ന, സാമ്പത്തിക വർഷം ഒരു കോടിയിലധികം രൂപ പണമായി ബാങ്കിൽ നിന്നും പിൻവലിക്കുന്നതിന് പ്രസ്തുത നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത 194 (എൻ) വകുപ്പ് പ്രകാരം സ്രോതസ്സിൽ രണ്ട് ശതമാനം നികുതിയീടാക്കണമെന്ന വ്യവസ്ഥ പിൻവലിക്കണമെന്നുമുള്ള സംസ്ഥാനത്തിന്റെ ആവശ്യത്തോട് കേന്ദ്ര സർക്കാരിന്റെ നിലപാടെന്താണെന്ന് അറിയിക്കാമോ;

(സി) വൻകിട കോർപ്പറേറ്റുകൾക്ക് കോടിക്കണക്കിന് രൂപയുടെ ഇളവു നൽകാൻ താല്പര്യം കാണിക്കുന്ന കേന്ദ്ര സർക്കാർ ആദായ നികുതി വകുപ്പിനെ ഉപയോഗിച്ച് സഹകരണ പ്രസ്ഥാനത്തെ തകർക്കാനുള്ള നീക്കത്തിൽ നിന്ന് പിൻമാറാൻ വേണ്ട സമ്മർദ്ദം ചെലുത്താൻ നടപടിയുണ്ടാകുമോ; കർണ്ണാടകയിലെ സഹകരണ സംഘങ്ങൾക്ക് ഇളവ് നൽകിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) കേന്ദ്ര സർക്കാരിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ സഹകരണ മേഖലയ്ക്ക് വളരെയേറെ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നുവെന്ന നിലയിൽ നിലവിൽ 30% ആദായനികുതി, സർചാർജ്ജ്, സെസ്സ് എന്നിവ നൽകിവരുന്ന സഹകരണ സംഘങ്ങളെ കോർപ്പറേറ്റ് കമ്പനികളുമായി തുല്യതപ്പെടുത്തുന്ന ടാക്സ് നിരക്കായ 22% ടാക്സ്, 10% സർചാർജ്ജ്, 4% സെസ്സ് എന്ന നിലയിലേയ്ക്ക് കുറച്ച് കൊണ്ടുവരുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. 22% ടാക്സ് നിരക്ക് സ്വീകരിക്കുന്ന (option സ്വീകരിക്കുന്ന) സംഘങ്ങൾക്ക് മറ്റ് കിഴിവുകളോ ഇളവുകളോ ടി പ്രഖ്യാപനത്തിൽ ഇല്ല. ഇക്കാരണത്താൽത്തന്നെ പുതിയ നികുതി നിരക്ക് നിർദ്ദേശം സഹകരണ സംഘങ്ങളെ സംബന്ധിച്ച് അനാകർഷകവും ആശങ്കാജനകവുമാണെന്ന് കണക്കുകൂട്ടുന്നു.

(ബി) റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരാത്ത എല്ലാ സഹകരണ സംഘങ്ങൾക്കും 1961-ലെ ആദായനികുതി നിയമത്തിലെ വകുപ്പ് 80 (പി) (2) പ്രകാരം ആദായനികുതി ഇളവ് അനുവദനീയമായിരുന്നു. എന്നാൽ 2006-ലെ ഫിനാൻസ് ആക്ടിലൂടെ ആദായനികുതി നിയമത്തിലെ 80 (പി) ഭേദഗതി ചെയ്ത് 1-4-2007 മുതൽ ഉപവകുപ്പ് 4 കൂടി ചേർത്ത് പ്രാബല്യത്തിൽ വരുത്തിയ പ്രകാരം

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ സംഘങ്ങൾക്ക് 80 (പി) അനുസരിച്ചുള്ള ആദായ നികുതി ഇളവ് നൽകേണ്ടതില്ലായെന്ന് ഇൻകം ടാക്സ് വകുപ്പിന്റെ 20-9-2010-ലെ 6/2010 (F No. 173(3)/44/2009-IT (A-1) സർക്കുലർ പ്രകാരം ആദായനികുതി വകുപ്പ് നിർദ്ദേശം നൽകുകയും 2007-ലെ മേൽ കേന്ദ്ര നിയമം അനുസരിച്ച് സഹകരണ സംഘങ്ങൾ ആദായ നികുതി കൊടുക്കണം എന്നതിന്റെ ചുവട് പിടിച്ച് മുൻകാലങ്ങളിലേത് ഉൾപ്പെടെ നിരവധി വർഷത്തെ സംഘങ്ങളുടെ ആദായത്തിനുമേൽ ആദായ നികുതി വകുപ്പ് നികുതി ഈടാക്കുന്നുണ്ട്. കേരളത്തിലെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ ബാങ്കുകൾക്ക് സമാനമാണ് എന്ന് ചൂണ്ടിക്കാട്ടി അവരുടെ അതത് വർഷത്തെ ആദായത്തിൽ നികുതി കണക്കാക്കി നൽകുന്നുണ്ട്. ഈ പ്രശ്നം സുപ്രീം കോടതിയുടെ പരിഗണനയിലാണ്. കൂടാതെ കേന്ദ്ര ആദായ നികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത 194 (N) എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയിലധികം രൂപ ബാങ്കുകളിൽ നിന്നും കറൻസിയായി പിൻവലിക്കുന്നവരിൽ നിന്നും 2% ആദായ നികുതി ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ സംഘങ്ങളെ ടി വകുപ്പിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ ബാങ്കുകൾ ബാങ്കിംഗ് ബിസിനസ്സല്ല ചെയ്യുന്നതെന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽനിന്ന് ആദായ നികുതി ഈടാക്കണമെന്ന് കാണിച്ച് ആദായ നികുതി വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. സഹകരണ മേഖലയുടെ നിലനിൽപ്പിനെ ബാധിക്കുന്നതാകയാൽ ആദായ നികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ആദായ നികുതി ഇളവ് ലഭ്യമാക്കുന്നതിന് 2-7-2018-ലും 17-8-2019-ലും 11-10-2019-ലും ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി, കേന്ദ്ര കൃഷി വകുപ്പുമന്ത്രി എന്നിവർക്ക് സഹകരണ വകുപ്പുമന്ത്രി നിവേദനം സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ നിയമസഭ ഏകകണ്ഠമായ പ്രമേയം പാസ്സാക്കി കേന്ദ്രത്തിന് അയച്ചുനൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും അനുകൂല നടപടി ഉണ്ടായിട്ടില്ല.

(സി) കർണ്ണാടകയിലെ കാർഷിക സഹകരണ സംഘങ്ങൾക്ക് ആദായ നികുതി ഇളവ് നൽകിയതായ വാർത്ത മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര ആദായനികുതി നിയമത്തിൽ സംസ്ഥാനത്തെ മുഴുവൻ പ്രാഥമിക സഹകരണ സംഘങ്ങൾക്കും (കാർഷിക/കാർഷികേതര വ്യത്യാസം കൂടാതെ) ആദായ നികുതി ഇളവ് ലഭ്യമാക്കാൻ കഴിയുംവിധം കേന്ദ്ര ആദായ നികുതി

നിയമത്തിൽ ആവശ്യമായ മാറ്റം വരുത്തിക്കുന്നതിനായി പരിശ്രമം നടത്തുന്നുണ്ട്. സംസ്ഥാന നിയമസഭ ഏകകണ്ഠമായ പ്രമേയത്തിലൂടെ ഈ ആവശ്യം കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിലെ നികുതി ഘടന സഹകരണ സംഘങ്ങളെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ച് പരിശോധിച്ച് കേരളത്തിലെ സഹകരണ സംഘങ്ങളുടെ ഉത്തമ താല്പര്യം സംരക്ഷിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനുള്ള നടപടികൾ തുടരുന്നതാണ്.

ശ്രീ. സജി ചെറിയാൻ: സർ, കേന്ദ്ര വിവേചനം സംസ്ഥാനത്തെ സഹകരണ മേഖലയെ വല്ലാതെ തകർക്കുകയാണ്. കഴിഞ്ഞ യു.പി.എ. ഗവൺമെന്റ് സ്വീകരിച്ച അതേ നിലപാടുതന്നെയാണ് ബി.ജെ.പി. ഗവൺമെന്റും സ്വീകരിച്ചത്. കേരളത്തിൽ ഈ സാഹചര്യങ്ങളെ അതിജീവിച്ച് വലിയ മാറ്റം വരുത്താൻ സംസ്ഥാന ഗവൺമെന്റും സഹകരണ വകുപ്പും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിന് ഞാൻ പ്രത്യേകമായി വകുപ്പുമന്ത്രിയെയും ഗവൺമെന്റിനെയും അഭിനന്ദിക്കുകയാണ്. കേന്ദ്രത്തിന്റെ സാമ്പത്തിക മാന്ദ്യം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ രാജ്യത്തെ സഹകരണ മേഖലയെ ഒഴിവാക്കി ആഭ്യന്തര-ബഹുരാഷ്ട്ര കുത്തകകൾക്ക് സെപ്റ്റംബർ മാസം 20-ാം തീയതി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ആദായ നികുതി 30 ശതമാനത്തിൽനിന്ന് 22 ശതമാനമായി കുറച്ചിരിക്കുകയാണ്. കോർപ്പറേറ്റുകൾക്ക് നികുതി കുറച്ചതിന്റെ ഭാഗമായി ഏതാണ്ട് ഒന്നര ലക്ഷം കോടിരൂപയുടെ നഷ്ടമാണ് കേന്ദ്രത്തിന് സംഭവിച്ചത്. എന്നാൽ സഹകരണ മേഖലയ്ക്ക് ഒരു രൂപയുടെ പ്രയോജനം ലഭിച്ചിട്ടില്ല. കർഷകർക്ക് നെല്ലളക്കുമ്പോൾ കറൻസി കൊടുക്കുന്നുണ്ട്. അതുപോലെ പ്രാഥമിക സഹകരണ സംഘങ്ങൾ ക്ഷേമപെൻഷൻ കറൻസിയായിട്ടാണ് കൊടുക്കുന്നത്. ഇതിന്റെ ഭാഗമായി പ്രാഥമിക സഹകരണ സംഘങ്ങൾ സാധാരണ ബിസിനസ്സിനെ അധികരിച്ച് പണം പിൻവലിക്കുമ്പോൾ രണ്ട് ശതമാനം TDS (Tax Deducted at Source) 194(N) നിയമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്നത് യുക്തിസഹമാണോ; ഇക്കാര്യം ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്തി 194(N) നിയമത്തിന്റെ പരിധിയിൽനിന്നും പ്രാഥമിക സഹകരണ സംഘങ്ങളെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് തന്നെയാണ് നമ്മുടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഇന്ന് നേരിടുന്ന പ്രശ്നം. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ പ്രധാനമായും കാർഷിക മേഖലയിലെയും സേവന മേഖലയിലെയും പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തുന്നത്. അതിൽ ഭൂരിഭാഗവും ലാഭം കേന്ദ്രീകരിച്ചുകൊണ്ട്

നടത്തുന്ന പ്രവർത്തനങ്ങളല്ല. പണം പിൻവലിക്കുന്നതിന് 2 ശതമാനം ആദായനികുതി ഈടാക്കുകയാണെങ്കിൽ അത് സ്വാഭാവികമായും സംഘത്തിന്റെ പ്രവർത്തന ഫണ്ടിനെ ദോഷകരമായി ബാധിക്കും. സംഘത്തിന്റെ പ്രവർത്തനം വല്ലാത്ത വിഷമസ്ഥിതിയിലാകുകയും ചെയ്യും. കേന്ദ്ര ഭക്ഷ്യഭദ്രതാ പദ്ധതിക്കുകീഴിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനുവേണ്ടി കർഷകരിൽനിന്നും നെല്ലെടുക്കുമ്പോൾ Primary Agricultural Credit Society (PACS) മുൻകൂറായി പണം കർഷകർക്ക് നൽകുകയാണ്. ഇത് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശവും തീരുമാനവുമനുസരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാര്യമാണ്. ഇതിനാവശ്യമായിട്ടുള്ള കറൻസി സ്വാഭാവികമായും ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും PACS - ന് എടുക്കേണ്ടതായി വരുന്നുണ്ട്. ഒരു സീസണിൽ സാധാരണ ഗതിയിൽ 600 കോടി രൂപ മുതൽ 800 കോടി രൂപ വരെ ഈ ഇനത്തിൽ കറൻസിയായി കർഷകന് കൈമാറേണ്ടി വരുന്നു. അങ്ങനെ കൈമാറേണ്ടി വരുന്ന സംഘങ്ങളുടെമേൽ 2 ശതമാനം ആദായ നികുതി ഈടാക്കുന്നത് സ്വാഭാവികമായും സംഘങ്ങൾക്ക് വലിയ ബാധ്യതയായി വരുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ സംസ്ഥാനത്ത് ഏകദേശം 50 ശതമാനത്തോളം ക്ഷേമ പെൻഷനുകൾ സഹകരണ സംഘങ്ങൾ മുഖാന്തിരം ഗുണഭോക്താക്കൾക്ക് കറൻസിയായി വീടുകളിൽ എത്തിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. ഓരോവർഷവും ഏറ്റവും ചുരുങ്ങിയത് 3000 കോടി രൂപയിലധികം സംഘങ്ങൾക്ക് ഈ ആവശ്യത്തിനായി ഫിനാൻസിംഗ് ബാങ്കിൽനിന്നും കറൻസിയായി പിൻവലിക്കേണ്ടി വരുന്നുണ്ട്. ജനങ്ങളുടെ കൈകളിൽ ഈ പണം കൃത്യമായി എത്തുന്നതിനുവേണ്ടി ചെയ്യുന്ന നല്ല കാര്യത്തിനും സംഘങ്ങൾ രണ്ട് ശതമാനം ആദായ നികുതി നൽകേണ്ടി വരിക എന്നത് അക്രമമാണെന്ന് പറയാതിരിക്കാൻ വയ്യ. കേരള സഹകരണ നിയമവും ചട്ടവും പ്രകാരം പ്രാഥമിക സംഘങ്ങൾ ഓരോ ദിവസത്തേയ്ക്കും സൂക്ഷിക്കേണ്ട ക്യാഷ് ലിമിറ്റിനുശേഷമുള്ള അധികപണം, fluid resources എന്നിവ സൂക്ഷിക്കേണ്ടത് ഫിനാൻസിംഗ് ബാങ്കിലാണ്. ആവശ്യത്തിനനുസരിച്ച് ഫിനാൻസിംഗ് ബാങ്കിൽനിന്നും പണം പിൻവലിക്കുക എന്നതും നിക്ഷേപിക്കുക എന്നതും നിയമപരമായിട്ടുള്ള സംഘങ്ങളുടെ ഉത്തരവാദിത്വമാണ്. ഈ ഇടപാടുകളിൽനിന്നും രണ്ട് ശതമാനം ആദായനികുതി ഈടാക്കുന്നത് സഹകരണ നിയമത്തിനുതന്നെ വിരുദ്ധമാണ്. കെ.എസ്.ആർ.ടി.സി.-ക്ക് മാസംതോറും 60 കോടി രൂപ പെൻഷൻ വിതരണം ചെയ്യുന്നുണ്ട്. ഇതെല്ലാം ക്യാഷ് ട്രാൻസാക്ഷനാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് നികുതി ഏർപ്പെടുത്തുക എന്നുപറയുന്നത് നമ്മുടെ സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ വലിയ തോതിൽ ബാധിക്കുന്നുണ്ട്. ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി മൂന്ന് തവണ കേന്ദ്ര

ഗവൺമെന്റിനും കൃഷി വകുപ്പുമന്ത്രിക്കും അതുപോലെ ധനകാര്യ വകുപ്പുമന്ത്രിക്കുമെല്ലാം നിവേദനം സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന നിയമസഭതന്നെ ഈ പ്രശ്നത്തിൽ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്ര ഗവൺമെന്റിന് അയച്ചിട്ടുണ്ട്. പക്ഷേ കേന്ദ്ര ഗവൺമെന്റ് ജനാധിപത്യ രീതിയിൽ ഈ പ്രശ്നത്തെ നോക്കിക്കാണാൻ തയ്യാറാകുന്നില്ല. ചർച്ച ചെയ്യുമ്പോൾ വളരെ പോസിറ്റീവായിട്ടുള്ള പ്രതികരണമാണ് അവരുടെ ഭാഗത്തുനിന്നും ഉണ്ടാകാറുള്ളത്. പക്ഷേ അതിനനുസരിച്ചിട്ടുള്ള തീരുമാനങ്ങൾ വരുന്നില്ല. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെക്കണ്ട് ഈ വിഷയങ്ങൾ ഓരോന്നോരോന്നായി ചർച്ച ചെയ്യുമ്പോഴും, അതെല്ലാം സഹകരണ മേഖലയുടെമേൽ അടിച്ചേൽപ്പിക്കുന്നതിൽ ഉത്കണ്ഠാകുലമാകുകയും ഉദ്യോഗസ്ഥരോട് അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്ന കേന്ദ്ര മന്ത്രിയിൽനിന്ന് തുടർന്ന് നടപടികളുണ്ടായതായി കാണുന്നില്ല. ഏതായാലും ഒരുമിച്ചുനിന്ന് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെയാകെ ബാധിക്കുന്ന ഈ പ്രശ്നത്തെ നിയമപരമായും അല്ലാതെയും നേരിടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ആലോചിക്കുകയാണ് വേണ്ടത്.

ശ്രീ. സജി ചെറിയാൻ: സർ, സംസ്ഥാനത്ത് കേരള ബാങ്ക് വന്നതോടുകൂടി ഒരു വലിയ മാറ്റം സഹകരണ മേഖലയിൽ വന്നിട്ടുണ്ട്. പ്രാഥമിക സംഘങ്ങൾ കേന്ദ്ര നയത്തിന്റെ ഭാഗമായി വലിയ പ്രതിസന്ധികൾ നേരിടുമ്പോൾ നിക്ഷേപം ഉറപ്പുവരുത്താൻ സഹകാരികളുടെ സഹായങ്ങൾ കൂടുതൽ പ്രയോജനകരമായി ബാങ്കുകളിൽനിന്നും ലഭിക്കാൻ കഴിയുന്ന രൂപത്തിൽ കേരള ബാങ്കിന്റെ സഹായത്തോടുകൂടി ഒരു കോർ-ബാങ്കിംഗ് സിസ്റ്റം PACS-ഉം ആയി ബന്ധപ്പെടുത്തി നടത്താൻ സംസ്ഥാന ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; ഒരു കോർ ബാങ്കിംഗ് സിസ്റ്റത്തിലൂടെ മാത്രമേ പ്രാഥമിക സംഘങ്ങൾ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും നിക്ഷേപകരെ സ്വാധീനിക്കാനും കഴിയുകയുള്ളൂ. അതിന് ഏതെങ്കിലും തരത്തിലുള്ള സഹായവും നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സംസ്ഥാനത്താകെ പ്രവർത്തനക്ഷമമായ 1625 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ കേവലം 90 എണ്ണത്തിൽ മാത്രമാണ് കമ്പ്യൂട്ടർവൽക്കരണം അശേഷം നടക്കാത്തത്. പ്രസ്തുത സംഘങ്ങളിൽ ഈ സാമ്പത്തിക വർഷം വകുപ്പുതന്നെ മുൻകയ്യെടുത്ത് കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. PACS-കളുടെയിടയിൽ സ്വന്തമായി കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയർ നടപ്പിലാക്കിയ സംഘങ്ങൾ വളരെ ഫലപ്രദമായതായി നമുക്ക് കാണാൻ സാധിക്കും. ടോട്ടൽ

ബാങ്ക് ഓട്ടോമേഷൻ നടത്തിയ സംഘങ്ങളും ഈ PACS-കൾക്കിടയിലുണ്ട്. ഇവയെയെല്ലാംകൂടി ഏകീകൃതമായിട്ടുള്ള ഒരു സോഫ്റ്റ്‌വെയറിലേയ്ക്ക് കൊണ്ടു വരണമെന്നാണ് യഥാർത്ഥത്തിൽ ഗവൺമെന്റ് ആലോചിക്കുന്നത്. കേരള ബാങ്ക് രൂപീകൃതമായിട്ടുള്ള പശ്ചാത്തലത്തിൽ അതിനാവശ്യമായിട്ടുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, സഹകരണ ബാങ്കുകളുടെ ഓഡിറ്റും അതുപോലെ ബാലൻസ് ഷീറ്റ് തയ്യാറാക്കലും വ്യത്യസ്ത രീതികളിലാണ് വിവിധ സംഘങ്ങൾ നടത്തുന്നതെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയാണെങ്കിൽ ഇത് ആദായനികുതി അസസ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് സഹായകരമാണോ എന്നുകൂടി പരിശോധിക്കുകയും ഒരു ഏകീകൃത മാനദണ്ഡം ഇക്കാര്യത്തിൽ കൊണ്ടുവരാനുമുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഇത് നേരത്തെ പരിശോധിച്ച ഒരു വിഷയമാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വസ്തുതാപരമായിട്ടുള്ള കാര്യമാണ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ ഇത് ഏകീകൃതമാക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. സഹകരണ സംഘങ്ങളുടെ ബാലൻസ് ഷീറ്റുകൾ തയ്യാറാക്കുന്ന രീതി, കണക്കുകളുടെ ഓഡിറ്റ് തുടങ്ങിയ കാര്യങ്ങളിലൊക്കെ ഏകീകൃതമായിട്ടുള്ള രീതി അവലംബിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായിട്ടുള്ള പരിഷ്കരണങ്ങൾ ഓഡിറ്റ് മാന്വലിൽ കൊണ്ടുവരാനും നിശ്ചയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ മാറിമാറി വരുന്ന നികുതി നിയമങ്ങൾ നമ്മുടെ സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ ഏതെല്ലാം നിലയിൽ ബാധിക്കുമെന്നത് സംബന്ധിച്ച് പരിശോധിച്ച് സമയാസമയങ്ങളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയമ വിദഗ്ദ്ധർ, ചാർട്ടേർഡ് അക്കൗണ്ടന്റുമാർ, ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ഒരു സ്ഥിരം സമിതി രൂപീകരിക്കാനും നിശ്ചയിച്ചിട്ടുണ്ട്. ഇവർ ലഭ്യമാക്കുന്ന റിപ്പോർട്ടിനെ ആസ്പദമാക്കി കേരളത്തിലെ സഹകരണ സംഘങ്ങളുടെ ഉത്തമ താൽപ്പര്യം സംരക്ഷിക്കുന്നതിനാവശ്യമായിട്ടുള്ള ഔദ്യോഗികവും നിയമപരവുമായിട്ടുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കും.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, 2006-ൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പി. ചിദംബരം അവതരിപ്പിച്ച ധനകാര്യ ബില്ലിലാണ് സഹകരണ സംഘങ്ങളുടെ നികുതി ആനുകൂല്യങ്ങൾ എടുത്തുകളഞ്ഞതും തുടർന്ന് PACS-ന് ലഭിച്ച പരിമിതമായ ആനുകൂല്യംപോലും ഇല്ലാതാക്കിയതും. കേന്ദ്ര സർക്കാർ

ഡിജിറ്റൽ ഇടപാട് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് 80(പി) (2) വകുപ്പ് പിൻവലിക്കുന്നതെന്നാണ് പറയുന്നത്. ഡിജിറ്റൽ ഇടപാട് പ്രായോഗികമല്ല. പ്രാഥമിക സഹകരണ ബാങ്കുകളിൽ ഭൂരിഭാഗവും കർഷകരും തൊഴിലാളികളുമാണ്. മാത്രമല്ല, സഹകരണ ബാങ്കുകളെ വ്യക്തിഗത ഇടപാടുകാരായി കണക്കാക്കി മറ്റൊരു നിയമവും ഇപ്പോഴത്തെ കേന്ദ്ര സർക്കാർ കൊണ്ടുവന്നിരിക്കുന്നു. ജനങ്ങളുടെ പ്രസ്ഥാനമായ സഹകരണ പ്രസ്ഥാനത്തിനെതിരെ നടക്കുന്ന ഈ നീക്കങ്ങളിൻമേൽ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് എടുക്കുന്നത്; അതോടൊപ്പം ഗവൺമെന്റ് നിയമ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഒരു സ്പെഷ്യൽ ലീവ് പെറ്റീഷൻ സുപ്രീംകോടതി മുമ്പാകെ ഉണ്ടെന്നാണ് അറിയുന്നത്. ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

<u>മി. സ്പീക്കർ</u>: അതിനെക്കുറിച്ച് അദ്ദേഹം ആദ്യമേ വിശദീകരിച്ചതാണല്ലോ.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, വളരെ പ്രധാനപ്പെട്ടൊരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം, ആദരണീയനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റെ കാലഘട്ടത്തിലാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് ഏറ്റവും വലിയ പരിരക്ഷ ലഭിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ തണലിലാണ് ഇന്ത്യയിലെ സഹകരണ പ്രസ്ഥാനം പൊതുവേ വളർന്നതും ശക്തിപ്പെട്ടതും. ആ സാഹചര്യം ഉപയോഗപ്പെടുത്തി നല്ലതോതിൽ ജനകീയമായ ഒരു പ്രസ്ഥാനമായി കേരളത്തിലെ സഹകരണ പ്രസ്ഥാനം വളർന്നു. അതിനുശേഷംവന്ന ഗവൺമെന്റുകളുടെ കാലത്ത് സഹകരണപ്രസ്ഥാനത്തിന് നേരെയുള്ള ആക്രമണങ്ങൾ പലരൂപത്തിൽ ഉണ്ടായിട്ടുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. 2006-ലെ ഫിനാൻസ് ബിൽ 2007-ൽ നടപ്പിലാക്കിയതോടുകൂടി കേരളത്തിലെ സഹകരണ സംഘങ്ങളെ ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായി കണ്ടുകൊണ്ടുള്ള നികുതിഘടന ഏർപ്പെടുത്തുന്നതിനുള്ള നീക്കമുണ്ടായി. ഇപ്പോൾ കേന്ദ്രത്തിൽ അധികാരത്തിൽ വന്ന ഗവൺമെന്റ് ഒരു മറയുമില്ലാതെ അത് നടപ്പാക്കുന്നതാണ് കാണാൻ സാധിക്കുന്നത്. ഇതിനെതിരായി കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളെ യോജിപ്പിച്ചുനിർത്തി സംരക്ഷിക്കുന്നതിനുള്ള വിപുലമായ ബഹുജന ക്യാമ്പയിനെ സംബന്ധിച്ചും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ഇക്കാര്യത്തിൽ നിയമപരമായി സ്വീകരിക്കാൻ കഴിയുന്ന എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കും.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, കേന്ദ്ര ഗവൺമെന്റ് എല്ലാ മേഖലയിലും കേരളത്തോട് സ്വീകരിക്കുന്ന അവഗണനയാണ് ഈ വിഷയത്തിലും സ്വീകരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ പല ഘട്ടത്തിലും ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയിട്ടുമുണ്ട്. നോട്ട് പിൻവലിക്കലുമായി ബന്ധപ്പെട്ട് പകരം പണം തരാതെ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ ശ്വാസംമുട്ടിക്കുന്ന തരത്തിലുള്ള നിലപാടും ആ ഘട്ടത്തിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചു. ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ സഹായം അഭ്യർത്ഥിക്കാൻ സാധിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നമ്മുടെ സംസ്ഥാനത്തെ പൊതുവെ അവഗണിക്കുന്ന രീതി കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നുവെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായം ശരിയാണ്. സംസ്ഥാനത്തിന് അർഹതപ്പെട്ടത് നൽകാതെയുള്ള നിലപാട് ഇക്കാര്യത്തിൽ മാത്രമല്ല സ്വീകരിക്കുന്നത്. നമ്മുടെ രാജ്യം നേരിടുന്ന ഗൗരവതരമായ പ്രശ്നങ്ങളിൽപോലും സ്വീകരിക്കുന്ന അത്തരമൊരു രീതി സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ ചർച്ചാവിഷയമാണ്. ആദായനികുതിയെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തിന്റെ അഭിപ്രായത്തെ മാനിക്കാതെ, നമ്മുടെ നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയത്തിന്റെ ഉള്ളടക്കത്തെ അൽപ്പംപോലും മാനിക്കാതെ സ്വീകരിച്ചുപോകുന്ന നടപടികൾക്കെതിരായ രോഷം ഇതിനകത്തുനിന്നുതന്നെ ഉയരേണ്ടതായിട്ടുണ്ട്. നിയമപരമായി അതിനെ കൈകാര്യം ചെയ്യാൻ ശ്രമിക്കാം.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, സഹകരണ സംഘങ്ങളും അതിലെ അംഗങ്ങളും തമ്മിലുള്ള സാമ്പത്തിക ഇടപാടുകളിൽ ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റ് ഇടപെടുന്നത് ഒഴിവാക്കണമെന്നുള്ള പൊതുവായ വികാരത്തോട് ഞാൻ യോജിക്കുകയാണ്. കേരള ബാങ്കിന്റെ പ്രവർത്തനത്തിൽ, വായ്പ അനുവദിക്കൽ, ഫണ്ട് വിനിയോഗം, ഉദ്യോഗസ്ഥവിന്യാസം മുതലായ പ്രവർത്തനങ്ങൾ റിസർവ് ബാങ്ക് ഏറ്റെടുത്തതായി വാർത്ത വരുന്നുണ്ട്. ഇതിൽ എന്തെങ്കിലും യാഥാർത്ഥ്യമുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അങ്ങനെയൊരു വാർത്ത എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അക്കാര്യത്തിൽ യാതൊരു യാഥാർത്ഥ്യവുമില്ല.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, ഒരു ദേശത്തോടുള്ള വിശ്വാസം നഷ്ടപ്പെട്ട അവസ്ഥയിലാണ് ഇന്ന് ഇന്ത്യയിലെ ധനകാര്യ മാനേജ്മെന്റ്. വിദേശത്തുള്ള നിരവധിയാളുകൾ ഇന്ന് ഇന്ത്യയിലെയും കേരളത്തിലെയും ബാങ്കുകളിൽ പണം നിക്ഷേപിക്കാൻ മടിക്കുന്ന ഒരവസ്ഥയുണ്ട്. കേരളത്തിന് പുറത്ത് ജീവിക്കുന്ന

പ്രവാസികൾ അവരുടെ ധനം സെക്യൂരിറ്റി കാരണങ്ങളാൽ പുറംനാട്ടിൽതന്നെ നിക്ഷേപിക്കാനാണ് കൂടുതൽ ഇഷ്ടപ്പെടുന്നത്. അവർക്ക് ഭരണത്തോടുള്ള വിശ്വാസവും കുറും നഷ്ടപ്പെട്ടിരിക്കുകയാണ്. കേരള ബാങ്കിന് അത്തരം നിക്ഷേപങ്ങൾ ആകർഷിക്കാനും അവരുടെ വിശ്വാസം വീണ്ടെടുക്കാനും എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്ന് വിശദീകരിക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വിദേശനിക്ഷേപം സ്വീകരിക്കുന്നതിനുള്ള കേരള ബാങ്കിന്റെ അപേക്ഷ റിസർവ് ബാങ്കിന്റെ പരിഗണനയിലാണ്. സമീപ ദിവസങ്ങളിൽ സഹകരണ വകുപ്പ് സെക്രട്ടറിയും രജിസ്ട്രാറും റിസർവ് ബാങ്ക് അധികൃതരുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. പോസിറ്റീവായ പ്രതികരണമാണ് റിസർവ് ബാങ്ക് അധികൃതരുടെ ഭാഗത്ത് നിന്നുണ്ടായിട്ടുള്ളത്. വളരെ പെട്ടെന്നുതന്നെ അക്കാര്യത്തിൽ ഒരു തീരുമാനമുണ്ടാകുകയും ലൈസൻസ് ലഭ്യമാകുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, സഹകരണ മേഖല അഭിമുഖീകരിക്കുന്ന അപകടകരമായ സ്ഥിതിവിശേഷം ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ വിശദീകരിക്കുകയുണ്ടായി. കേന്ദ്ര സർക്കാരും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും മുന്നോട്ട് വയ്ക്കുന്ന ഡിജിറ്റൽ ഇക്കോണമി, ഫിനാൻഷ്യൽ ഇൻക്ലൂഷൻ എന്നിവയ്ക്ക് സഹകരണ മേഖല വലിയ പ്രാധാന്യം കൊടുക്കുന്നുണ്ട്. സഹകരണ മേഖലയുടെ സുഗമമായ നടത്തിപ്പിന് സഹായകരമാകുന്ന ഒരു നിലപാടും കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല. നിയമസഭയിൽ ഒരുമിച്ച് പ്രമേയം പാസ്സാക്കി, സഹകാരികൾ ഒന്നിച്ച് സമരം ചെയ്തു. വർഷങ്ങളായി ഇത്തരത്തിൽ തുടരുകയാണ്. എന്നാൽ ഇതിനൊന്നും ഫലം ഉണ്ടാകുന്നില്ല. കേന്ദ്ര സർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും ഭാഗത്തുനിന്ന് ഒരു നടപടിയും ഉണ്ടാകുന്നില്ല. ഇപ്പോൾ നിക്ഷേപ സമാഹരണയജ്ഞം നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ പുരോഗതി വിലയിരുത്തിയാൽ സഹകരണ ബാങ്കുകളിൽ നിക്ഷേപം നടത്താൻ പലരും മടിക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് മനസ്സിലാക്കാൻ സാധിക്കും. ആ രീതിയിൽ നമ്മുടെ സഹകരണ മേഖലയെ വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. ലോകത്തിന് മാതൃകയാണ് നമ്മുടെ സഹകരണ പ്രസ്ഥാനം. കേരളത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാം. എന്നാൽ അതിന്റെ പുരോഗതി തടയിടുന്നതിനുള്ള ആസൂത്രിതമായ നീക്കങ്ങളാണ് കേന്ദ്ര ഗവൺമെന്റിന്റെയും റിസർവ് ബാങ്കിന്റെയും ഭാഗത്തുനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ പ്രയോഗികമായി നമുക്കെന്താണ് ചെയ്യാൻ സാധിക്കുകയെന്നതിനെക്കുറിച്ച് വളരെ ഗൗരവമായി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അതല്ലെങ്കിൽ, നൂറ്റാണ്ടുകൾകൊണ്ട് നമ്മൾ പടുത്തുയർത്തിയ പ്രസ്ഥാനത്തിന്റെ പതനമായിരിക്കും കാണാൻ സാധിക്കുന്നത്.

കക്ഷിരാഷ്ട്രീയത്തിന് അതീതമായി നിയമസഭാ പാർട്ടികൾ കൂടിച്ചേർന്ന് ഗൗരവമായി ഇക്കാര്യം ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തണം. അതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങളെല്ലാം വളരെ ശരിയാണ്. ഒരു നല്ല സഹകാരിയെന്ന നിലയിൽ ബഹുമാനപ്പെട്ട അംഗത്തിന് നമ്മുടെ സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് നല്ല ബോധ്യമുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ ഉത്കണ്ഠ സഭയിൽ അദ്ദേഹം പങ്കുവച്ചത്. നമ്മൾ യോജിച്ചുനിന്ന് പോരാടേണ്ട ഘട്ടമാണിത്. കേരളത്തിലെ സഹകരണ പ്രസ്ഥാനം രാജ്യത്തിന് മാതൃകയാണ്. ഇന്ത്യയിലെ സഹകരണ നിക്ഷേപത്തിന്റെ അൻപത് ശതമാനം നമ്മുടെ സംസ്ഥാനത്തിന്റെ വിഹിതമാണെന്ന് പറയുമ്പോൾത്തന്നെ എത്ര വൈപുല്യമാർന്നതാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനമെന്ന തിരിച്ചറിവുണ്ടാകും. ഈ സാഹചര്യത്തിൽ ജനകീയമായ പോരാട്ടം, നിയമപരമായ പോരാട്ടം, നിരന്തരമായുള്ള മറ്റ് ഇടപെടലുകൾ, പാർലമെന്റ് അംഗങ്ങളുമായി ബന്ധപ്പെട്ട് പാർലമെന്റിനകത്ത് ഇക്കാര്യത്തെക്കുറിച്ചുള്ള ഇടപെടലുകൾ തുടങ്ങി സാധ്യമായ എല്ലാ നടപടികളും കൈക്കൊള്ളുമെന്നും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ സംരക്ഷിക്കുന്നതിനുവേണ്ടി നമുക്ക് യോജിച്ചുനിന്ന് പ്രവർത്തിക്കാമെന്നുമാണ് ഇക്കാര്യത്തെക്കുറിച്ച് പറയുവാനുള്ളത്.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, സഹകരണ സംഘങ്ങൾ സാമ്പത്തിക വർഷം ഒരു കോടി രൂപയിൽ കൂടുതൽ തുക പണമായി പിൻവലിക്കുമ്പോൾ രണ്ട് ശതമാനം ആദായ നികുതി നൽകണമെന്ന നിർദ്ദേശത്തിൽ നിന്ന് ഒഴിവാക്കണമെന്ന കേരള സർക്കാരിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാരിന്റെ പ്രതികരണമെന്താണ്; ഈ നിയമം അനുസരിച്ച് കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഒരു വർഷം ശരാശരി എത്ര രൂപ വരെ ആദായനികുതി നൽകേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നമ്മുടെ സംസ്ഥാനം നിരന്തരമായി ഇതിനെതിരായി കേന്ദ്ര ഗവൺമെന്റിനുമേൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ പ്രതികരണത്തെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. നേരിൽ കണ്ട് സംസാരിക്കുമ്പോൾ നല്ല രീതിയിലുള്ള പ്രതികരണമാണ് ലഭിക്കുന്നത്. വളരെ പോസിറ്റീവായാണ് സംസാരിക്കുന്നത്. എന്നാൽ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനായി കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുകയോ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല. ആദായനികുതി വകുപ്പുദ്യോഗസ്ഥർ പ്രാഥമിക കാർഷിക വായ്പാ

സംഘങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ്സിനെ ഭീഷണിപ്പെടുത്തുന്ന തരത്തിലുള്ള സാഹചര്യമാണ് നിലനിൽക്കുന്നത്. ഇക്കാര്യത്തിൽ നിയമപരമായ ചില കാര്യങ്ങൾ നമുക്ക് ചെയ്യാൻ സാധിക്കും. ജനകീയമായിട്ടുള്ള പോരാട്ടം നമുക്ക് സംഘടിപ്പിക്കാൻ സാധിക്കും. ഇവയിലൂടെ മാത്രമേ കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരത്തിലുള്ള തെറ്റായ നയത്തെ നമുക്ക് തിരുത്താൻ സാധിക്കുകയുള്ളൂ.

**സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ വളർച്ച**

3 (*33) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. പി. കെ. ശശി:
ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ വളർച്ച ദേശീയ ശരാശരിയേക്കാൾ പിന്നിലായ തരത്തിലുള്ള മുരടിപ്പ് അവസാനിപ്പിച്ച് സമ്പദ് വ്യവസ്ഥയ്ക്ക് കൈവരിക്കാനായ വളർച്ചയെക്കുറിച്ച് അറിയിക്കാമോ ;

(ബി) കേന്ദ്ര സർക്കാർ വിവേചനപരമായി സംസ്ഥാനത്തിനുള്ള നികുതി വിഹിതം, വായ്പയെടുക്കാനുള്ള പരിധി എന്നിവ കുറച്ചതുകാരണമുണ്ടാകുന്ന റവന്യൂ ഇടിവ് വികസന ക്ഷേമപദ്ധതികളെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ;

(സി) ഈ പ്രതികൂല സാഹചര്യത്തിൽ കിഫ്ബിയെ സംശയത്തിന്റെ കരിനിഴലിലാഴ്ത്തി വികസനം മന്ദീഭവിപ്പിക്കുവാൻ വിവിധ കോണുകളിൽ നിന്നുള്ള ദുരുപദിഷ്ട നീക്കം തുറന്നുകാട്ടാനായിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) 2013-14 മുതൽ 2015-16 വരെ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പലവിധ മാറ്റങ്ങൾ കാരണം മുരടിപ്പ് അനുഭവപ്പെട്ടെങ്കിലും അതിൽ നിന്നും വ്യത്യസ്തമായി അതിനുശേഷം സമ്പദ്‌വ്യവസ്ഥയ്ക്ക് നല്ല തോതിലുള്ള വളർച്ച ഉണ്ടായിട്ടുണ്ട്. 2013-14 മുതൽ 2015-16 വരെയുള്ള കേരളത്തിന്റെ വളർച്ചാനിരക്ക് ദേശീയ ശരാശരിയെക്കാൾ കുറവായിട്ടാണ് രേഖപ്പെടുത്തിയത്. ഇത് 2013-14 മുതൽ 2015-16 വരെ യഥാക്രമം 4.3, 3.8, 5.3 ശതമാനമാണ്. 2016-17-ൽ വളർച്ച 7.1 ശതമാനം ആയി വർദ്ധിക്കുകയുണ്ടായി. കേരളത്തിലെ സമ്പദ് വ്യവസ്ഥയിൽ കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ പല പ്രത്യാഘാതങ്ങളും അനുഭവപ്പെട്ടു. 2017-ലെ ഓഖി ചുഴലിക്കാറ്റ് 2018, 2019 വർഷങ്ങളിലെ പ്രളയം എന്നിവ കേരളത്തിലെ

സമ്പദ്‌വ്യവസ്ഥയ്ക്ക് പല തിരിച്ചടികളുമുണ്ടാക്കി. പ്രവാസികളുടെ മടങ്ങിവരവും സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചു. ഈ പ്രതികൂലാവസ്ഥ, കേരളത്തിലെ സമ്പദ്‌വ്യവസ്ഥയിലുള്ള വളർച്ച 2017-18 -ൽ 6.8 ശതമാനമായിരുന്നത് 2018-19 -ൽ 7.5 ശതമാനമായി വർദ്ധിച്ചു.

2017-18, 2018-19 എന്നീ വർഷങ്ങളിൽ കൃഷി, മത്സ്യബന്ധനം എന്നീ മേഖലകളിൽ വ്യക്തമായ വളർച്ച രേഖപ്പെടുത്തി. ഇത് 2017-18-ൽ 11.1 ശതമാനവും 2018-19-ൽ 6.6 ശതമാനവുമാണ്. നിർമ്മാണമേഖലയിൽ 2017-18-ൽ 14% രേഖപ്പെടുത്തിയ വളർച്ച 2018-19-ൽ 6.3 ശതമാനമായി വർദ്ധിച്ചു. ഉൽപ്പാദന മേഖലയിൽ അഭൂതപൂർവമായ വളർച്ചയാണ് കേരളത്തിൽ അനുഭവപ്പെട്ടത്. 2016-17, 2017-18, 2018-19 വർഷങ്ങളിൽ യഥാക്രമം 18.2, 3.7, 11.2 ശതമാനം വളർച്ച രേഖപ്പെടുത്തി. സംസ്ഥാനം മൂല്യവളർച്ചയിൽ ഉൽപ്പാദന മേഖലയിലെ വിഹിതം 2014-15 -ൽ 9.8 ശതമാനമായിരുന്നത് 2018-19-ൽ 13.2 ശതമാനമായി വർദ്ധിച്ചു. കേന്ദ്ര സർക്കാരിന്റെ വാർഷിക വ്യവസായിക സർവ്വേ അനുസരിച്ച് ഇന്ത്യയുടെ ഫാക്ടറി മേഖലയിൽ കേരളത്തിന്റെ പങ്ക് 2014-15-ൽ 1.2 ശതമാനമായിരുന്നത് 2016-17 -ൽ 1.6 ശതമാനമായി വർദ്ധിച്ചു. കേരളത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങൾ പൊതുവെ 2016-17 മുതൽ വളർച്ചയുടെ പാതയിലാണ്. കെമിക്കൽസ്, ഇലക്ട്രിക്കൽ മേഖല, പുതിയ സംരംഭമായ പെട്രോളിയം റിഫൈനിംഗ് എന്നിവയിൽ പുത്തനുണർവ് സംഭവിച്ചു.

(ബി) കേന്ദ്രസർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടേയും നോട്ട് നിരോധനത്തിന്റേയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പാക്കിയ ചരക്ക് സേവന നികുതിയുടേയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയേയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിലുണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ടുനിരോധനത്തിന്റേയും ചരക്ക് സേവന നികുതിയുടേയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബ്ബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് എന്നിവ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പാപരിധി വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷികവായ്പ, പരിധിക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാപരിധി ഉയർത്തുന്നതിനോ കേന്ദ്രസർക്കാർ നൽകിയിട്ടില്ല. എന്നാൽ, രാജ്യത്താകമാനമുള്ള മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ പൊതു വിപണിയിൽ നിന്നും 1471 കോടി രൂപ കൂടി കടമെടുക്കാൻ കേന്ദ്രസർക്കാർ

ഇപ്പോൾ അനുമതി നൽകിയിട്ടുണ്ട്. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർ സൃഷ്ടിക്കേണ്ടതുമുണ്ട്. ഈ സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിനിടയിലും സാമൂഹ്യക്ഷേമ ചെലവുകളും വികസന ചെലവുകളും വെട്ടിക്കുറയ്ക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

സാമൂഹ്യസുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കായി നടത്തിയ മസ്റ്ററിംഗിൽ 2019 ഡിസംബർ 15-നുള്ളിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്കെല്ലാം തന്നെ 2019 സെപ്റ്റംബർ മാസം വരെയുള്ള സാമൂഹ്യസുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ വിതരണം ചെയ്തിട്ടുണ്ട്.

ബഡ്ജറ്റിനുപുറത്ത് നമ്മുടെ ഭാവി വരുമാനത്തിന്റെ ഈടിൽ വലിയ തോതിൽ ധനം സമാഹരിച്ച് പൊതുനിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഉത്തേജനം നൽകുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി കിഫ്ബിവഴി നാളിതുവരെ 54,391.47 കോടി രൂപയുടെ 679 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) കിഫ്ബിയെയോ അതിന്റെ പ്രവർത്തനങ്ങളെയോ സംബന്ധിക്കുന്ന ആക്ഷേപങ്ങൾ ഉയർന്ന വേളയിലെല്ലാംതന്നെ വസ്തുതകൾ നിരത്തിയുള്ള മറുപടികൾ നൽകുവാനും അവ പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. സമൂഹമാധ്യമങ്ങളും മറ്റ് ഉപാധികളും ഉപയോഗിച്ച് നടത്തിയ ഈ പ്രവർത്തനങ്ങൾ ആക്ഷേപങ്ങൾ സംബന്ധിച്ച യാഥാർത്ഥ്യം പൊതുസമൂഹത്തിന് മുന്നിൽ ഫലപ്രദമായി എത്തിക്കുന്നതിന് സഹായകമായി. കിഫ്ബി അതിന്റെ എല്ലാ പ്രവൃത്തികളിലും സുതാര്യത പുലർത്തുന്ന ഒരു സ്ഥാപനമാണ്. പദ്ധതികളുടെ അവലോകനം മുതൽ അവയുടെ നിർവഹണത്തിനായുള്ള ഫണ്ട് വിതരണം വരെ കൈകാര്യം ചെയ്യുന്ന എല്ലാ വിഷയങ്ങളെയും സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്കും കരാറുകാർക്കും പരിശോധിക്കാവുന്ന തലത്തിലുള്ള സംവിധാനം കിഫ്ബിയിൽ നിലവിലുണ്ട്. കിഫ്ബിയുടെ വാർഷിക ഓഡിറ്റ് റിപ്പോർട്ട്, വാർഷിക പ്രവർത്തന റിപ്പോർട്ട്, ദ്വൈമാസിക ന്യൂസ്ലെറ്റർ തുടങ്ങി ധനസഹായം നൽകുന്ന പദ്ധതികളുടെ ഏറ്റവും പുതിയ വിവരങ്ങൾ വരെ കിഫ്ബിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പൊതുജനങ്ങൾക്കും നിക്ഷേപകർക്കുമായി ലഭ്യമാക്കിയിട്ടുണ്ട്. കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട ബില്ലുകളുടെ തത്സമയ നില കരാറുകാരന് അറിയുന്നതിനായി ഓൺലൈൻ ബിൽ ട്രാക്കിംഗ് സംവിധാനവും കിഫ്ബിയിൽ നിലവിലുണ്ട്. പൊതുജനങ്ങൾക്ക് പദ്ധതികളെയോ പ്രവർത്തനങ്ങളെയോ സംബന്ധിക്കുന്ന പരാതികളോ അഭിപ്രായങ്ങളോ രേഖപ്പെടുത്തുന്നതിനായുള്ള ഓൺലൈൻ സംവിധാനവും കിഫ്ബിയുടെ ഔദ്യോഗിക വെബ്സൈറ്റിന്റെ ഭാഗമായി

ഒരുക്കിയിട്ടുണ്ട്. കിഫ്ബിയുടെ പ്രവർത്തനങ്ങളും ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ വിവരണങ്ങളും പൊതുജനങ്ങളുടെ ഇടയിൽ പരമാവധി എത്തിക്കാനും ഇവ സംബന്ധിക്കുന്ന ആശയങ്ങൾ ഏതെങ്കിലും ഉണ്ടാകുന്നപക്ഷം അവ ദൂരീകരിക്കുന്നതിനായുള്ള നടപടികൾ ഫലപ്രദമാക്കുവാനും എല്ലാ ഘട്ടത്തിലും ശ്രദ്ധപുലർത്തുന്നുണ്ട്. ഇതിനെല്ലാംപുറമേ കിഫ്ബിയുടെ ജില്ലാതല പൊതുജന ബോധവൽക്കരണ പരിപാടിയായ 'കേരള നിർമ്മിതി'- യിലൂടെ കിഫ്ബിയുടെ പദ്ധതികളും പ്രവർത്തനങ്ങളും സമ്മതിക്കുന്ന ശരിയായ വിവരങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ എത്തിക്കാനും സംശയങ്ങൾ ദൂരീകരിക്കുന്നതിനും സാധിക്കുന്നുണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അതീവ ദുഷ്കരമായ ദേശീയ സാഹചര്യത്തെയും കേരളത്തിലുണ്ടായ പ്രതികൂല കാലാവസ്ഥയെയും നേരിട്ട് സംസ്ഥാന ദേശീയഘടനയെ ദേശീയ ശരാശരിയേക്കാൾ വളർത്താൻ അങ്ങയുടെ സാമ്പത്തിക മാനേജ്മെന്റിലൂടെ കഴിഞ്ഞതിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഡോ. ടി. എം. തോമസ് ഐസക് എന്ന ധനകാര്യ വിദഗ്ദ്ധന്റെ ശ്രദ്ധാപൂർവ്വമായ ഇടപെടലുകളും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നയവുമാണ് ഈ നേട്ടത്തിന് പിന്നിലുള്ളത്. കേരളത്തെ പ്രതികൂലമായി ബാധിക്കുന്ന കേന്ദ്രസർക്കാരിന്റെ നയങ്ങളോട് കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള പ്രതിപക്ഷമെടുക്കുന്ന സമീപനം നിരാശാജനകമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മിക്കവാറും ദിവസങ്ങളിൽ പത്രസമ്മേളനങ്ങൾ നടത്താറുണ്ട്. പക്ഷേ, കേരളത്തോടുള്ള കേന്ദ്ര സമീപനത്തെ അദ്ദേഹം ശക്തമായി വിമർശിച്ച് കണ്ടിട്ടില്ല. 2019-ലെ പ്രളയത്തിൽ കേരളത്തിന് ദുരിതാശ്വാസ സഹായം അനുവദിക്കാത്തത്, കേരള ലോട്ടറിയെ തകർക്കുന്ന കേന്ദ്ര നിയമം, നികുതി വിഹിതം അനുവദിക്കുന്നതിലെ തടസ്സം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് എന്തുകൊണ്ടാണ് പ്രതിപക്ഷം ശക്തമായി പ്രതികരിക്കാത്തത്. കേരളത്തോടുള്ള ഈ അവഗണനയിൽ പ്രതിപക്ഷത്തിന്റെ സമീപനത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ഡോ. ടി. എം. തോമസ് ഐസക്: സർ, കേന്ദ്രസർക്കാർ പിന്തുടരുന്ന നയങ്ങളായ സ്വതന്ത്ര വ്യാപാരമേഖലയുടെ കരാറുകൾ, ഓഹരി വിറ്റഴിക്കൽ (disinvestment) ഇങ്ങനെയുള്ളവയെല്ലാംതന്നെ കേരളത്തെ പ്രതികൂലമായി ബാധിക്കുന്നവയാണ്. ഒരുപക്ഷേ, ഇതിന്റെയൊക്കെ തുടക്കം പരിശോധിച്ചാൽ, യു.പി.എ. സർക്കാരിന്റെ കാലത്താണ് പലതിന്റെയും വേരുകൾ കണ്ടെത്താൻ സാധിക്കുക. അതുകൊണ്ട് അതിനെ തുറന്ന് എതിർക്കുന്നതിനായി അല്പം പ്രയാസമുണ്ടാകും. പക്ഷേ, കേരള സർക്കാരിനോടുള്ള വിവേചനത്തിന്റെ കാര്യത്തിൽ ഭരണകക്ഷി/പ്രതിപക്ഷമില്ലാതെ മുഴുവൻ ജനങ്ങളും ഒരുമിച്ച് നിൽക്കേണ്ട സന്ദർഭമാണ്. സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവരുന്ന പ്രവണത കേന്ദ്ര

സർക്കാരിന്റെ എല്ലാ നടപടികളിലും കാണാൻ സാധിക്കും. സമീപകാലത്ത് പാർലമെന്റ് പാസ്സാക്കിയിട്ടുള്ള ഏത് നിയമമെടുത്താലും അതിന്റെ പ്രധാന വശം ആ മേഖലയിലെ സംസ്ഥാനത്തിന്റെ അധികാരം കവരുന്നവെന്നുള്ളതാണ്. അതുകൊണ്ട് ഇക്കാര്യങ്ങളിൽ എല്ലാവരും യോജിച്ച നിലപാട് സ്വീകരിക്കണം. കേരളത്തിൽ മാത്രമല്ല മറ്റ് സംസ്ഥാനങ്ങളെല്ലാംതന്നെ യോജിച്ച നിലപാടെടുത്ത് ചെറുക്കേണ്ടത് വളരെ ആവശ്യമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പ്രതിപക്ഷ നേതാവ് വിളിച്ചുകൂട്ടുന്ന പത്ര സമ്മേളനങ്ങളിൽ ഇക്കാര്യങ്ങളൊന്നും പ്രതിപാദിക്കാറില്ലെന്ന് ബഹുമാനപ്പെട്ട ഗുരുവായൂർ അംഗം ഇവിടെ പറയുകയുണ്ടായി. ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് ചോദിക്കട്ടെ, 14-ാം ധനകാര്യ കമ്മീഷന്റെ കാര്യം വന്നപ്പോഴും ലോട്ടറിയുടെ പ്രശ്നം വന്നപ്പോഴും നമ്മൾ ഒരുമിച്ചല്ലേ നിന്നത് കേരളത്തിലെ ഉത്തരവാദിത്തപ്പെട്ട പ്രതിപക്ഷമെന്നുള്ള നിലയിൽ സംസ്ഥാനത്തിന്റെ അവകാശങ്ങളെ ധ്വംസിക്കുന്ന നടപടികളുണ്ടായപ്പോഴെല്ലാം പ്രതിപക്ഷം ഒരുപോലെ നിന്നുകൊണ്ടുള്ള സമീപനമാണ് സ്വീകരിച്ചത്. അങ്ങത് പറയാതെ പോയത് തെറ്റായിപ്പോയി.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഇക്കാര്യങ്ങളെ സംബന്ധിച്ച് അദ്ദേഹം വിശദീകരിച്ചു. പക്ഷേ കേന്ദ്ര ഗവൺമെന്റിന്റെ കേരളത്തോടുള്ള അവഗണനയ്ക്കെതിരായി കേരളത്തിലെ പ്രതിപക്ഷം നടത്തിയ ഒരു പ്രക്ഷോഭവും ഞാനിതുവരെ കണ്ടിട്ടില്ല. ആ അവഗണനയെ രാഷ്ട്രീയമായിട്ട് എതിർക്കാൻ നിങ്ങൾക്കും ബാധ്യതയുണ്ട്. ആ ബാധ്യത ഒരിക്കൽപ്പോലും പ്രതിപക്ഷം ഏറ്റെടുത്തിട്ടില്ലെന്ന പ്രശ്നമാണ് ഞാൻ ഉന്നയിച്ചത്.

പ്രവാസികളുടെ മടങ്ങിവരവ് നമ്മുടെ സമ്പദ്ഘടനയെ സമ്മർദ്ദത്തിലാഴ്ത്തിയിട്ടുണ്ടെന്ന് അങ്ങ് മറുപടിയിൽ പറഞ്ഞു. ഇവരുടെ നിക്ഷേപം സുരക്ഷിതമാക്കുന്നതിനും കേരളത്തിന്റെ പുനർനിർമ്മാണത്തിൽ അത് ഉപയോഗിക്കുന്നതിനും സർക്കാർ എടുത്തിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?

ഡോ. ടി. എം. തോമസ് ഐസക്: സർ, കേരളത്തിലേയ്ക്ക് പ്രവാസികളയയ്ക്കുന്ന ധനം സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ മൂന്നിലൊന്നിലേറെയാണ്. എന്നാൽ ഇത് കേരളത്തിൽ നിക്ഷേപമായി മാറുന്നില്ലെന്നുള്ളതാണ് നമ്മുടെ ദുര്യോഗം. ഇവരുടെ സമ്പാദ്യം സംരക്ഷിക്കുന്നതിനുവേണ്ടി പ്രത്യേക സൗകര്യങ്ങളൊരുക്കുകയും അത് കേരളത്തിൽ നിക്ഷേപമാക്കി മാറ്റുന്നതിനുമായി ഒട്ടേറെ പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. അത് ഒരു വെൽഫെയർ-കം-ഇൻവെസ്റ്റ്മെന്റ് സ്കീമാണ്. സാധാരണഗതിയിൽ ലഭിക്കുന്ന പലിശയെക്കാൾ ഉയർന്ന പലിശ സർക്കാർ

സബ്സിഡിയോടുകൂടി നൽകുന്നു. അതേസമയം ഇങ്ങനെയുണ്ടാകുന്ന നിക്ഷേപം നമ്മുടെ നാട്ടിലെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനും സാധിക്കും. ഇതുപോലെ കേരള ബാങ്ക് വന്നുകഴിയുമ്പോൾ കേരള ബാങ്കിൽ എൻ.ആർ.ഐ. ഡെപ്പോസിറ്റ് സ്വീകരിക്കുന്നതിനുള്ള അനുവാദം ലഭിക്കുകയും അത് ബാങ്കുവഴി നമ്മുടെ സ്വകാര്യമേഖലയിലെ നിക്ഷേപങ്ങളിലേയ്ക്ക് ചാനലൈസ് ചെയ്യുന്നതിനും സന്ദർഭങ്ങളുണ്ടാകും. ഇതുപോലെ ഇൻകെൽ മാതൃകയിലുള്ള പൊതുകമ്പനികൾ രൂപീകരിക്കുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, 2016-ൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വലിയ സാമ്പത്തിക പ്രതിസന്ധിയാണ് സംസ്ഥാനം നേരിട്ടിരുന്നത്. അതുസംബന്ധിച്ചൊരു ധവളപത്രം പുറപ്പെടുവിച്ചുകൊണ്ടാണ് ഗവൺമെന്റ് പ്രവർത്തനത്തിന് തുടക്കം കുറിച്ചത്. ബഹുമാനപ്പെട്ട മന്ത്രി ഉത്തരത്തിൽ സൂചിപ്പിച്ചതുപോലെ, നിരവധി പ്രതിസന്ധികൾ നേരിട്ടുകൊണ്ട് സർക്കാർ സാമ്പത്തിക വളർച്ച ഈ കാലയളവിൽ നേടിയിട്ടുണ്ട്. ഈ വളർച്ചയ്ക്കടിസ്ഥാനമായ കാര്യങ്ങളെക്കുറിച്ച് ജനങ്ങൾക്കും ഈ സഭയ്ക്കും ബോധ്യമുണ്ട്. എന്നാൽ പലപ്പോഴും സഭാതലത്തിലും പുറത്തും പ്രതിപക്ഷമെടുക്കുന്ന സമീപനത്തെക്കുറിച്ചാണ് ശ്രീ. കെ. വി. അബ്ദുൾ ഖാദർ സൂചിപ്പിച്ചത്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ മുല്ലപ്പെരിയാറിന്റെ വിഷയത്തിലും നോട്ട് നിരോധനത്തിന്റെയും പൗരത്വ ഭേദഗതിയുടെയും ഘട്ടത്തിലും നിരവധി സന്ദർഭങ്ങളിൽ സഭ ഒറ്റക്കെട്ടായി നിലപാട് സ്വീകരിച്ചിട്ടുണ്ട്. അതുപോലെ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കി എല്ലാതരത്തിലും പ്രതിസന്ധിയിലാഴ്ത്തിക്കൊണ്ടിരിക്കുന്ന കേന്ദ്ര സർക്കാരിന്റെ നിലപാടുകൾക്കെതിരായി സഭയുടെ വികാരം ഒറ്റക്കെട്ടായി പ്രകടിപ്പിക്കത്തക്കവിധത്തിൽ, കേന്ദ്ര സർക്കാർ എടുക്കുന്ന നിലപാടുകൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്ന വിധത്തിൽ, കേന്ദ്രം സാമ്പത്തികമായി സർക്കാരിനെ പ്രതിസന്ധിയിലാഴ്ത്തുമ്പോഴും സർക്കാർ വളർച്ച നേടി ക്കൊണ്ടിരിക്കുകയാണെന്ന് ബോദ്ധ്യപ്പെടുത്താൻ സാധിക്കുന്ന വിധത്തിലുള്ള ചർച്ച നടത്താൻ ഒരു പൂർണ്ണ ദിവസം വിനിയോഗിക്കണം. കേന്ദ്രഗവൺമെന്റിന്റെ അവഗണനയ്ക്കെതിരെയും ആ സാഹചര്യത്തിൽ കേരളം നേടിയെടുക്കുന്ന സാമ്പത്തിക വളർച്ചയെക്കുറിച്ച് ബോദ്ധ്യപ്പെടുത്താനും സാധിക്കുന്ന വിധത്തിലുമുള്ളൊരു ചർച്ച ഈ സഭാതലത്തിൽ നടത്താൻ ബഹുമാനപ്പെട്ട മന്ത്രി നേതൃത്വം നൽകുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, രാജ്യത്തെ സാമ്പത്തിക മാന്ദ്യം നമ്മുടെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ നമ്മുടെ വായ്പാ പരിധി വെട്ടിക്കുറച്ചു. അതുപോലെതന്നെ കോമ്പൻസേഷൻ; 3500 കോടി രൂപ ഈ വർഷം ലഭിക്കില്ല. പ്രളയത്തിനായി നമ്മളെടുത്ത വായ്പകൾ വായ്പാപരിധിക്കുള്ളിൽ തന്നെ നിലനിർത്തണമെന്ന് നിർബന്ധിക്കുന്നതെല്ലാം

തന്നെ പ്രതികൂലമായൊരവസ്ഥ നമ്മുടെ ബഡ്ജറ്റിൽ സൃഷ്ടിച്ചിട്ടുണ്ട്. ഇന്നത്തെ സ്ഥിതിവിശേഷം മുൻകൂട്ടിക്കണ്ടുകൊണ്ടുതന്നെ ഒരു പരിധിവരെ ബഡ്ജറ്റിനുപുറത്ത് വലിയ തോതിൽ തുക സമാഹരിച്ച് പശ്ചാത്തല മേഖലയിൽ നിക്ഷേപിക്കുന്ന തരത്തിലുള്ള ഭാവനാപൂർണ്ണമായ നടപടികൾ കിഫ്ബി വഴിയും മറ്റും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായാണ് യഥാർത്ഥത്തിൽ മറ്റേത് പ്രദേശത്തെക്കാളും ഇന്നത്തെ ആഗോള മാന്ദ്യത്തെ പ്രതിരോധിക്കാനുള്ള ശേഷി നമ്മുടെ പ്രാദേശിക സമ്പദ്ഘടനയ്ക്ക് ലഭിച്ചിട്ടുള്ളത്. ഇത്തരം കാര്യങ്ങളിൽ ആ നിയമം ഒരുമിച്ച് പാസ്സാക്കിയതാണ്. ഇത് നടപ്പാക്കുന്നതിനായി ഒരുമിച്ച് നിൽക്കേണ്ടതാണ്. ഭാവിയിലും ഭാവിയിൽ വരുന്ന സർക്കാരിലും ഇതിന്റെ തുടർച്ചകൾ ഉണ്ടാകേണ്ടതാണ്. ഈ സാഹചര്യത്തിൽ നമ്മുടെ ബഡ്ജറ്റ് നേരെയാക്കുക എന്നുള്ളത് പ്രധാനമാണ്. അതിന് സുപ്രധാനമായിട്ടുള്ളൊരു പങ്ക് കേന്ദ്രത്തിന്റെ അവഗണന നീക്കുന്നതിനുണ്ട്. അക്കാര്യത്തിൽ സഭയിൽതന്നെ ഒരു അഭിപ്രായ ഐക്യമുണ്ടാകണം. യോജിച്ച നിലപാട് സ്വീകരിക്കാം. അതെങ്ങനെ വേണമെന്നുള്ളത് സഭാനേതാവും പ്രതിപക്ഷ നേതാവും ചർച്ച ചെയ്ത് തീരുമാനിക്കട്ടെ.

<u>ശ്രീ. പി. കെ. ശശി</u>: സർ, കേരളത്തിന്റെ മികച്ച ധനകാര്യ മാനേജ്മെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. വ്യപകമായി ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത് കൊറോണ വൈറസിന്റെ പ്രശ്നമാണ്. കൊറോണ വൈറസ് ബാധ ലോക സാമ്പത്തിക വളർച്ചയെ ഗൗരവമായി ബാധിച്ചിരിക്കുകയാണ്. G.C.C. (Gulf Co-operation Council) രാജ്യങ്ങളിലുൾപ്പെടെ അത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. പ്രവാസികളുടെ വരുമാനത്തെയും തൊഴിലിനെയും കേരളത്തിന്റെ സമ്പദ്ഘടനെയെയും വ്യാപകമായി പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന കൊറോണ വൈറസ് ബാധിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ വ്യവസായങ്ങൾ ക്കാവശ്യമായിട്ടുള്ള റാ മെറ്റീരിയൽസ്, പ്രത്യേകിച്ച് ഇലക്ട്രോണിക് വ്യവസായങ്ങൾക്കാവശ്യമായിട്ടുള്ള റാ മെറ്റീരിയൽസ് ചൈന ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ്. സ്വാഭാവികമായും ഇതിന് വലിയ തകരാറ് സംഭവിക്കുന്നുണ്ട്. ഈ പ്രതിസന്ധിയെ നമ്മൾ എങ്ങനെ മറികടക്കും, അതിനാവശ്യമായ മുൻകരുതലുകൾ എന്തെല്ലാമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, 2008-ന് സമാനമായ അവസ്ഥയിൽ, കൊറോണ വൈറസ് ആഗോള സാമ്പത്തിക തകർച്ചയിലേയ്ക്ക് നയിക്കുമെന്ന് ധാരാളംപേർ കരുതിക്കൊണ്ടിരിക്കുകയാണ്. ഇന്ന് പുറത്തുവന്നിട്ടുള്ള ആഗോള സാമ്പത്തിക ഔട്ട് ലുക്ക് പ്രകാരം ആഗോള വളർച്ച ഈ വർഷം 2.1 ആയി താഴ്ന്നിരിക്കുകയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ പ്രത്യാഘാതം സൃഷ്ടിച്ചത്

ടൂറിസം മേഖലയിലാണ്. ഈ വർഷത്തെ ടൂറിസം സീസൺ ഏതാണ്ട് തകർന്ന രീതിയിലുള്ള സൂചനകളാണ് എല്ലാ സ്ഥലത്തുനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇറാൻ ഒരു പ്രഭവ കേന്ദ്രമായി മാറിയിട്ടുണ്ട്. സൗദി അറേബ്യയിലേയ്ക്കുള്ള സന്ദർശനത്തിന് വിലക്ക് വന്നിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ഗൾഫ് മേഖലയിൽ ഇത് രൂക്ഷമാകുകയാണെങ്കിൽ നമ്മുടെ പ്രവാസികളെയും അവർ അയയ്ക്കുന്ന വിദേശ നാണ്യത്തെയുമെല്ലാം പ്രതികൂലമായി ബാധിക്കാം. ഇന്ത്യയിൽ ഫാർമസ്യൂട്ടിക്കൽ വ്യവസായം പലമേഖലകളിലും ഏതാണ്ട് നിശ്ചലമായിക്കൊണ്ടിരിക്കുകയാണ്. മറ്റ് വ്യവസായങ്ങളെയും ബാധിച്ചുതുടങ്ങിയിട്ടുണ്ട്. മൂന്ന് മാസത്തിനുള്ളിൽ ഇതിനെ നിയന്ത്രിക്കാൻ സാധിച്ചാൽ ഏതാണ്ട് ഇന്നത്തെ നില തുടരും. അതിനപ്പുറത്തേയ്ക്കാണ് പോകുന്നതെങ്കിൽ വലിയ സാമ്പത്തിക തകർച്ചയുണ്ടാകും. എല്ലാവരും രണ്ട് ഓപ്ഷൻ വച്ചാണ് വിലയിരുത്തുന്നത്. കാരണം, ഇത് എങ്ങനെയാണ് നിയന്ത്രിക്കേണ്ടതെന്ന് അറിയില്ല. നമ്മുടെ ഏറ്റവും വലിയ ബലമെന്ന് പറയുന്നത് നമുക്ക് പ്രതിരോധമുയർത്താൻ സാധിച്ചുവെന്നുള്ളതാണ്. അത് ലോകത്തിന്റെ തന്നെ മികവാണ്. ലോകരാജ്യങ്ങളിലൊക്കെ പടരുകയും നിസ്സഹായവസ്ഥയിൽ നിൽക്കുമ്പോഴും കേരളമെടുത്ത നടപടി ഫലപ്രദമായി വന്നുവെന്നുള്ളത് ആത്മവിശ്വാസം നൽകുന്ന കാര്യമാണ്. അതോടൊപ്പം ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മാന്ദ്യവിരുദ്ധപാക്കേജ് വലിയൊരു താങ്ങായി മാറിയിട്ടുണ്ട്.

മി. സ്പീക്കർ: ഓർഡർ... ഓർഡർ...ചോദ്യോത്തരസമയം കഴിഞ്ഞു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വൈദ്യുതി നിരക്കിലെ വർദ്ധനവ്

4 (*34) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ടി. ജെ. വിനോദ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടാകുന്ന രൂക്ഷമായ വരൾച്ചമൂലം ഈ വർഷം ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഏർപ്പെടുത്തേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ സംസ്ഥാനത്തിന് ഈ വേനൽക്കാലത്ത് ആവശ്യമായി വരുന്ന അധിക വൈദ്യുതി എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വൈദ്യുതി നിരക്കിൽ വർദ്ധനവ് വരുത്തണമെന്ന് ബോർഡ് റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് അറിയിക്കാമോ;

(ഡി) വൈദ്യുതി ബോർഡിന്റെ ലാഭ നഷ്ടകണക്കുകൾ കൂടി പരിഗണിച്ചാണോ റെഗുലേറ്ററി കമ്മീഷൻ നിരക്കിൽ വർദ്ധനവ് നടപ്പിലാക്കുന്നത്;

(ഇ) എങ്കിൽ 2016 മുതലുള്ള വൈദ്യുതി ബോർഡിന്റെ ഓരോ വർഷത്തേയും ലാഭ നഷ്ടകണക്കുകളുടെ വിശദാംശം ലഭ്യമാണോ; വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ&ബി) സംസ്ഥാനത്ത് ഈ വർഷം ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഏർപ്പെടുത്തേണ്ട സാഹചര്യം നിലവിലില്ല. നിലവിലെ കണക്കുകളനുസരിച്ച് ഈ വർഷം വേനൽക്കാലത്ത് സംസ്ഥാനത്തിന്റെ പീക്ക് സമയത്തെ പരമാവധി വൈദ്യുതി ആവശ്യകത ഏകദേശം 4200 മെഗാവാട്ട് ആയിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. വേനൽക്കാലത്തുണ്ടാകാനിടയുള്ള വർദ്ധിച്ച വൈദ്യുത ആവശ്യകത മുന്നിൽക്കണ്ട് പവർ എക്സ്ചേഞ്ച്/ഗ്രിഡ് മുഖേനയും ദീർഘകാല കരാറുകൾ മുഖേനയും വൈദ്യുതി പുറമേനിന്നും വാങ്ങുന്നതിനായുള്ള കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ആസൂത്രണം ചെയ്തിട്ടുള്ളതിനാൽ ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഏർപ്പെടുത്തേണ്ട സാഹചര്യം നിലവിലില്ല. 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ പ്രതീക്ഷിക്കുന്ന വൈദ്യുതി ഉപഭോഗം അനുബന്ധമായി ചേർക്കുന്നു * .

(സി) വൈദ്യുതി നിരക്കിൽ മാറ്റം വരുത്തുവാനുള്ള നിർദ്ദേശങ്ങളൊന്നും തന്നെ നിലവിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുമുമ്പാകെ നൽകിയിട്ടില്ല.

(ഡി) വൈദ്യുതി ബോർഡിന്റെ ലാഭനഷ്ട കണക്കുകൾ മാത്രം പരിഗണിച്ചല്ല വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ താരിഫ് പരിഷ്കരണം തീരുമാനിക്കുന്നത്. നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി ബോർഡിന്റെ തന്നാണ്ടിലെ റവന്യൂ വിടവ് കണ്ടെത്തേണ്ടതുണ്ട്. വൈദ്യുതി നിയമം-2003, കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് പോളിസി-2016, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള 2018-ലെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് കമ്മീഷന് മുമ്പാകെ സമർപ്പിക്കുന്ന പ്രതീക്ഷിത വരവ്-ചെലവ് കണക്കുകൾ പരിശോധിക്കുന്നത്. ഇങ്ങനെ തിട്ടപ്പെടുത്തുന്ന റവന്യൂ വിടവ് നികത്തുന്നതിന്, സമർപ്പിക്കുന്ന താരിഫ് പെറ്റീഷൻ പരിഗണിച്ചും അവശ്യം വേണ്ട നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചുമാണ് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള ഉത്തരവുകൾ റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്നത്.

(ഇ) 2015-16 സാമ്പത്തികവർഷം മുതലുള്ള വൈദ്യുതി ബോർഡിന്റെ ഓരോ വർഷത്തെയും നഷ്ടം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | നഷ്ടം (രൂപ കോടിയിൽ) |
|---|---|
| 2015-16 | 313.29 |
| 2016-17 | 1494.63 |
| 2017-18 | 784.10 |
| 2018-19 | 290 |

വൈദ്യുതി ബോർഡിന്റെ 2015-16 മുതലുള്ള ആഡിറ്റ് പൂർത്തിയാക്കിയ പ്രതിവർഷ വരവുചെലവു കണക്കുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

## റവന്യൂ വർദ്ധനവിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ

5 (*35) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വരുമാനം പ്രതീക്ഷിത തലത്തിലേയ്ക്ക് ഉയർത്താൻ കഴിയാതിരുന്ന സാചര്യത്തിലും അനാവശ്യ ചെലവുകൾ മാത്രം നിയന്ത്രിച്ചും റവന്യൂ,മൂലധന ചെലവുകൾ വർദ്ധിപ്പിച്ചും മാന്ദ്യം ഗ്രസിക്കാതെ സമ്പദ് വ്യവസ്ഥയെ ചലനാത്മകമാക്കുകയെന്ന തന്ത്രത്തിന്റെ ഫലമായി സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്ക് ദേശീയ നിരക്കിനെക്കാൾ വളർച്ച കൈവരിക്കാൻ സാധ്യമായിട്ടുണ്ടോ;

(ബി) ശമ്പള പരിഷ്കരണം ഉൾപ്പെടെ വർദ്ധിത തോതിൽ പ്രതീക്ഷിക്കുന്ന റവന്യൂ ചെലവുകൾ ധനസ്ഥിതിയിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കാതിരിക്കാൻ തനതു നികുതി-നികുതിയേതര റവന്യൂ വർദ്ധനവിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ധനസംബന്ധമായ ഉത്തരവാദിത്ത നിയമ ലക്ഷ്യം കൈവരിക്കുന്നതിന് നോട്ടുനിരോധനം, ജി.എസ്.ടി. നടപ്പാക്കിയതിലെ പോരായ്മ തുടങ്ങിയ കേന്ദ്രസർക്കാർ നയങ്ങളും ആവർത്തിച്ചുണ്ടായ പ്രകൃതി ദുരന്തങ്ങളും സൃഷ്ടിച്ച പ്രശ്നം വിശകലനം ചെയ്തിട്ടുണ്ടോ; ലക്ഷ്യപ്രാപ്തിക്കായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>):

(എ) നോട്ട് നിരോധനം സൃഷ്ടിച്ച സാമ്പത്തിക അരക്ഷിതാവസ്ഥയും മുന്നൊരുക്കമില്ലാതെ ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം റവന്യൂ വരുമാനത്തിലുണ്ടായ കുറവും കേന്ദ്രസർക്കാരിൽ നിന്ന് നഷ്ടപരിഹാരം ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസവും പൂർണ്ണമായും ലഭിക്കാത്ത സ്ഥിതിയും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. ഈ പ്രതികൂല സാഹചര്യത്തിലും വികസന/ക്ഷേമ പദ്ധതി പ്രവർത്തനങ്ങൾ മുടങ്ങാതിരിക്കുന്നതിനും സർക്കാർ സംവിധാനത്തിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ പണം ലഭ്യമാക്കുന്നതിനും വീഴ്ച വരാതിരിക്കുന്നതിന് സർക്കാർ പ്രത്യേക ശ്രദ്ധ നൽകിയിട്ടുള്ളതും മുൻകരുതൽ നടപടികൾ കൈക്കൊണ്ടിട്ടുള്ളതുമാണ്. കൂടാതെ, ബഡ്ജറ്റിനു പുറത്ത് നമ്മുടെ ഭാവി വരുമാനത്തിന്റെ ഈടിൽ വലിയ തോതിൽ ധനം സമാഹരിച്ച് പൊതുനിക്ഷേപം വർദ്ധിപ്പിച്ച് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഉത്തേജനം നൽകുന്ന അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്കായി കിഫ്ബി വഴി നാളിതുവരെ 54,391.47 കോടി രൂപയുടെ 679 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

വ്യവസായം, ഉൽപ്പാദനം, മത്സ്യബന്ധനം എന്നീ മേഖലകളിൽ സംസ്ഥാനത്തിന് ഗണ്യമായ വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2018-19-ൽ സംസ്ഥാനത്തിന്റെ വളർച്ചാ നിരക്ക് 7.5 ശതമാനമാണ്. ഇത് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്.

(ബി) സംസ്ഥാനത്തിന്റെ തനതു നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

1. ജി.എസ്.ടി.ക്കു കീഴിൽ ഒരു ലക്ഷത്തോളം പുതിയ രജിസ്ട്രേഷനുകൾ ഉൾപ്പെടുത്തി നികുതി ശൃംഖല വിപുലീകരിക്കുക.

2. നികുതി വെട്ടിപ്പ് സാധ്യതയുള്ള ചരക്കുകൾക്കും സേവനങ്ങൾക്കും നിർബന്ധിത ഇ-ഇൻവോയിസുകൾ ഏർപ്പെടുത്തുന്നതാണ്.

3. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സമഗ്രമായ ഒരു ആംനസ്റ്റി പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

4. 2 ലക്ഷം വരെ വിലവരുന്ന മോട്ടോർ സൈക്കിളുകൾക്ക് ഒരു ശതമാനവും 15 ലക്ഷം വരെ വിലവരുന്ന മോട്ടോർ കാറുകൾ, സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ, സ്വകാര്യ ആവശ്യങ്ങൾക്കുള്ള മുച്ചക്ര വാഹനങ്ങൾ, കൺസ്ട്രക്ഷൻ വാഹനങ്ങൾ എന്നിവയുടെ നികുതിയിൽ രണ്ടു ശതമാനവും നികുതി വർദ്ധിപ്പിച്ചതു വഴി അധിക വരുമാനം പ്രതീക്ഷിക്കുന്നു.

5. ഫ്ലാറ്റുകൾ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് സെൻട്രൽ പി.ഡബ്ല്യൂ.ഡി.-യുടെ നിരക്ക് പ്രകാരം വില നിർണ്ണയിക്കുന്നതിന് കേരള സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുന്നതുവഴി അധിക വരുമാനം പ്രതീക്ഷിക്കുന്നു.

6. ഭൂമിയുടെ ന്യായവില 10% വർദ്ധിപ്പിക്കുന്നതു വഴി അധിക വരുമാനം പ്രതീക്ഷിക്കുന്നു.

7. വൻകിട പ്രോജക്ടുകൾക്ക് അടുത്ത് നോട്ടിഫൈ ചെയ്യപ്പെടുന്ന ഭൂമിക്ക് വിജ്ഞാപനം ചെയ്യപ്പെട്ട ന്യായവിലയേക്കാൾ 30% വരെ വില പുനർ നിർണ്ണയിക്കുന്നതാണ്.

8. താമസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ചുമത്തുന്ന വാർഷിക ആഡംബര കെട്ടിട നികുതി പുതുക്കും.

9. റവന്യൂ വകുപ്പ് ഈടാക്കുന്ന ഒറ്റത്തവണ കെട്ടിട നികുതിയിൽ 30 ശതമാനത്തിൽ കവിയാത്ത വിധം യുക്തിസഹമായി പുനർ നിർണ്ണയിക്കും.

10. പോക്കുവരവിനുള്ള ഫീസ് വർദ്ധനവ്, ലൊക്കേഷൻ മാപ്പ്, തണ്ടപ്പേർ പകർപ്പ് എന്നിവയ്ക്കുള്ള ഫീസ് ഏർപ്പെടുത്തിയതു വഴി അധിക വരുമാനം പ്രതീക്ഷിക്കുന്നു.

(സി) കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിലുണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റേയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണശേഷിയെ കൂടുതൽ ദുർബ്ബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി

സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർ സൃഷ്ടിക്കേണ്ടതുമുണ്ട്. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷിക വായ്പാ പരിധിക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. എന്നാൽ രാജ്യത്താകമാനമുള്ള മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനങ്ങൾ സാമ്പത്തിക ഞെരുക്കം നേരിടുന്നതിന്റെ ഭാഗമായി, പൊതുവിപണിയിൽ നിന്നും 1471 കോടി രൂപ കടമെടുക്കാൻ കേന്ദ്രസർക്കാർ ഇപ്പോൾ അനുമതി നൽകിയിട്ടുണ്ട്.

നികുതിപിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നൽ നൽകിക്കൊണ്ടും ധനലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

**വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായ കുറവ്**

6 (*36) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദൈവത്തിന്റെ സ്വന്തം നാടായി വിശേഷിപ്പിക്കപ്പെടുന്ന കേരളത്തിലേയ്ക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര വിനോദസഞ്ചാര വകുപ്പിന്റെ കണക്കിൽ വിനോദ സഞ്ചാരികൾ സന്ദർശിക്കാൻ ഇഷ്ടപ്പെടുന്ന സംസ്ഥാനങ്ങളിൽ കേരളത്തിന്റെ സ്ഥാനം എത്രാമതാണെന്ന് വ്യക്തമാക്കുമോ;

(സി) വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവുവരാനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) അടിസ്ഥാന സൗകര്യങ്ങൾ, ശുചിത്വം എന്നിവയുടെ കാര്യത്തിലെ നിലവാരം വിലയിരുത്തുമോ എന്നറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) 2019 സെപ്റ്റംബർ വരെയുള്ള സ്ഥിതിവിവരക്കണക്കുകൾ വകുപ്പ് അന്തിമമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് മുൻവർഷത്തെ ഇതേകാലയളവിനെ അപേക്ഷിച്ച് വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 4.84 ശതമാനവും ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 16.48 ശതമാനവും വളർച്ചാനിരക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയത്തിന്റെ 2018-ലെ കണക്കുകൾ പ്രകാരം വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കേരളത്തിന്റെ സ്ഥാനം എട്ടാമതും, 2017-ലെ കണക്കുകൾ പ്രകാരം ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കേരളത്തിന്റെ സ്ഥാനം പതിനേഴാമതുമാണ്.

ആഭ്യന്തര വിനോദസഞ്ചാരികളുടെ സന്ദർശനം സംബന്ധിച്ച് 2018 മുതലുള്ള കണക്കുകൾ കേന്ദ്ര വിനോദസഞ്ചാരവകുപ്പ് അന്തിമമായി പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ, കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ ഇന്ത്യ സന്ദർശിക്കുന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കേരളത്തിന്റെ സ്ഥാനം 7 അല്ലെങ്കിൽ 8 ആണ്. ആഭ്യന്തര സഞ്ചാരികളുടെ വരവിനെ സംബന്ധിച്ചിടത്തോളം 17 അല്ലെങ്കിൽ 18 ആണ് കഴിഞ്ഞ പത്ത് വർഷമായി കേരളത്തിന്റെ സ്ഥാനം. കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ കാര്യമായ ഏറ്റക്കുറച്ചിൽ ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ലെന്നത് കാണാൻ കഴിയും.

(സി) 2019 സെപ്റ്റംബർ വരെയുള്ള സ്ഥിതിവിവരക്കണക്കുകൾ വകുപ്പ് അന്തിമമാക്കിയപ്പോൾ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടില്ല.

(ഡി) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും ഉറപ്പ് വരുത്തുന്നതിനുമായി വിവിധ പദ്ധതികൾ വകുപ്പ് കൈക്കൊണ്ടുവരുന്നു. വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സാധ്യത വിലയിരുത്തി ടൂറിസ്റ്റുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തി വരുന്നു. വിശ്രമ സങ്കേതങ്ങൾ, നടപ്പാതകൾ, കുടിവെള്ള ലഭ്യത, ടോയ്‌ലെറ്റ് സംവിധാനം, കഫറ്റേരിയ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി വകുപ്പ് 'ഗ്രീൻ കാർപ്പറ്റ്' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. നിലവിൽ 77 വിനോദസഞ്ചാര കേന്ദ്രങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് ഇക്കോ പ്രിസർവ് എന്ന എൻ.ജി.ഒ. മുഖേനയും മറ്റ് പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ

നീക്കത്തിനായി കുടുംബശ്രീ മിഷൻ മുഖേന 'ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ' പദ്ധതിയും ഇടുക്കി ജില്ലയിൽ എക്സ് സർവ്വീസ്മെൻ ട്രസ്റ്റ് മുഖേനയും വകുപ്പ് നേരിട്ടുതന്നെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിന്നും മാലിന്യം നീക്കി ശുചിയായി സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാന സർക്കാരിന്റെ മാലിന്യ നിർമ്മാർജ്ജന പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട 79 ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച പദ്ധതിയിലൂടെ ടൂറിസം കേന്ദ്രങ്ങളിലുണ്ടാകുന്ന ജൈവ, അജൈവ മാലിന്യങ്ങളെ വേർതിരിച്ച് സംസ്കരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഒരു ഏജൻസിയെ തെരഞ്ഞെടുത്ത് ഈ ഏജൻസി മുഖേന മാലിന്യങ്ങൾ ടൂറിസം കേന്ദ്രങ്ങളിൽ നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സംസ്കരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

കൂടാതെ മാലിന്യ നിർമ്മാർജ്ജനം ശാസ്ത്രീയവും ഫലപ്രദവുമായ രീതിയിലാണോ ഈ ഏജൻസി നടപ്പിലാക്കുന്നത് എന്നതുസംബന്ധിച്ച് ഒരു 'തേർഡ് പാർട്ടി ഓഡിറ്റിംഗ് ' ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊച്ചി ആസ്ഥാനമായിട്ടുള്ള കുസാറ്റ്, സ്കൂൾ ഓഫ് എൻവയോൺമെന്റ് സ്റ്റഡീസ് ആണ് ഓഡിറ്റ് നടത്തുന്നത്.

ഈ പദ്ധതിയിൽ രണ്ട് ഘടകങ്ങളായ ജൈവമാലിന്യ സംസ്കരണവും അജൈവമാലിന്യ സംസ്കരണവുമുണ്ട്. ഇതിൽ ജൈവമാലിന്യ സംസ്കരണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ എയ്റോബിൻ സ്ഥാപിക്കുന്നതിനായി ശുചിത്വ മിഷന്റെ അംഗീകൃത എംപാനൽഡ് ഏജൻസികളിൽ നിന്നും എസ്റ്റിമേറ്റ് നടപടികൾ സ്വീകരിച്ചുവരുന്നു.

ആർ.ടി. മിഷന്റെ പാരിസ്ഥിതിക ഉത്തരവാദിത്തത്തിന്റെ ഭാഗമായി കെ.റ്റി.എം. ഫൗണ്ടേഷനുമായി ചേർന്ന് ക്ലീൻ കേരള ഇനീഷിയേറ്റീവ് പദ്ധതി നടപ്പിലാക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ പാരിസ്ഥിതിക ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യമാണ് നൽകുന്നത്. തെരഞ്ഞെടുത്ത ടൂറിസം കേന്ദ്രങ്ങളിൽ വിവിധ തരത്തിലുള്ള പരിസ്ഥിതി സംരക്ഷണ/സൗഹൃദ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ടൂറിസം സംരംഭകർ, ടൂറിസം കേന്ദ്രം ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കേരളം മിഷൻ, ടൂറിസം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന എൻ.ജി.ഒ.-കൾ എന്നിങ്ങനെ വിവിധ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളുടെ സഹകരണത്തോടെ ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻ സർട്ടിഫൈഡ് ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കുന്നത്.

ടൂറിസം മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഉൾപ്പെടെ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

- മലനാട്-മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി
- " ഗ്രീൻ കാർപ്പറ്റ് സ്കീം "
- കൊല്ലം ജില്ലയിലെ ജഡായുപ്പാറ ടൂറിസം പദ്ധതി
- ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി
- ഉത്തരവാദിത്ത ടൂറിസം പദ്ധതി
- ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്
- കോവളത്തിന്റെ സമഗ്ര വികസന പദ്ധതി
- ശംഖുമുഖത്തിന്റെ സമഗ്ര വികസന പദ്ധതി
- ആക്കുളം കായലിന്റെ പുനരുജ്ജീവനം
- വർക്കലയുടെ സമഗ്ര വികസന പദ്ധതി
- വേളിയുടെ സമഗ്ര വികസന പദ്ധതി
- വിവിധ ഗസ്റ്റ്ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ
- ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി
- ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലെറ്റ് സമുച്ചയങ്ങൾ
- ചാമ്പ്യൻസ് ബോട്ട് ലീഗ്

**വ്യവസായ സംഗമത്തിൽ അവതരിപ്പിച്ച പദ്ധതികൾ**

7 (*37) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തെ വ്യവസായ സംഗമങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ സർക്കാർ വ്യവസായ സംഗമത്തിൽ അവതരിപ്പിച്ച പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനായി നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ;

(ബി) ധാരണാപത്രവും താല്പര്യപത്രവും ലഭിച്ചിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണ ഘട്ടത്തിലേയ്ക്ക് കടക്കുന്നുവെന്നുറപ്പുവരുത്താൻ കെ.എസ്.ഐ.ഡി.സി.ക്ക് കീഴിൽ ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ പ്രൊമോഷൻ സെൽ രൂപീകരിച്ചിട്ടുണ്ടോ;

(സി) വ്യവസായങ്ങൾക്ക് വേണ്ട പശ്ചാത്തല സൗകര്യം ഒരുക്കുന്നതിൽ കൈവരിച്ച നേട്ടം അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ&ബി) ഇന്ത്യയിലെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നാക്കി കേരളത്തെ മാറ്റുക, തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യത്തോടെയാണ് 2020 ജനുവരി 9, 10 തീയതികളിൽ കൊച്ചിയിൽ വച്ച് "അസെൻഡ് 2020" ആഗോള നിക്ഷേപക സംഗമം നടത്തിയത്. പ്രസ്തുത സംഗമത്തിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി ഉയർത്തി കാണിക്കാൻ സാധിക്കുകയും കഴിഞ്ഞ കാലത്ത് നടത്തിയിട്ടുള്ള ഇത്തരം സംഗമങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ സംഗമത്തിലൂടെ 1,00,355.43 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങൾ ലഭിക്കുകയുണ്ടായി. ഇതിൽ 32 എണ്ണം ധാരണാ പത്രങ്ങളും 117 എണ്ണം താല്പര്യപത്രങ്ങളുമാണ്. ഇതു കൂടാതെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപ താല്പര്യം പ്രകടിപ്പിച്ചിട്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു.

"അസെൻഡ് 2020" വ്യവസായ സംഗമത്തിലെ പദ്ധതി നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനാവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതിനും നിക്ഷേപകരെ സഹായിക്കുന്നതിനുമായി G.O.(Rt) No.105/2020/ID dated 4-2-2020 പ്രകാരം നോഡൽ ഓഫീസർമാരെ പദ്ധതി നിർവ്വഹണത്തിനായി നിയമിക്കുകയും, കെ.എസ്.ഐ.ഡി.സി.-യിൽ ഇൻവെസ്റ്റ്മെന്റ് സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകൾ നിലവിൽ വരുത്തുന്നതിനാവശ്യമായ എല്ലാ സഹായവും ലഭ്യമാക്കുകയാണ് നോഡൽ ഓഫീസർമാരുടെ ചുമതല. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തരം ലഭിച്ച നിക്ഷേപ വാഗ്ദാനങ്ങളുടെമേൽ തുടർനടപടി സ്വീകരിക്കുന്നതിന് അതാത് ജില്ലകളിൽ ജില്ലാ വ്യവസായ കേന്ദ്രം മാനേജർമാരെ നോഡൽ ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(സി) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് സമയബന്ധിതമായി, അതായത് അപേക്ഷ നൽകി ഒരുമാസത്തിനകം ലഭിക്കുന്നതിലേയ്ക്കായി ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ജില്ലാ ബോർഡുകളും സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 15 കോടി രൂപ വരെയുള്ളവയുടെ ചുമതല ജില്ലാ ബോർഡിനും 15 കോടി രൂപയ്ക്ക് മുകളിലുള്ളവയുടെ ചുമതല സംസ്ഥാന ബോർഡിലും നിക്ഷിപ്തമാണ്. കൂടാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ഏജൻസികളുടെ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് പ്ലോട്ടുകൾ ഒരുക്കിയിട്ടുണ്ട്. വ്യവസായ നിക്ഷേപകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള മൂലധനം സമാഹരിക്കുന്നതിനുള്ള നടപടികളും ഭൂമി രജിസ്ട്രേഷൻ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും ഇളവ് അനുവദിക്കുക വഴി പുതിയ സംരംഭകരെ ആകർഷിക്കാൻ കഴിയും.

വ്യവസായ ആവശ്യത്തിനുള്ള ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് ലഭ്യമായ ഭൂമിയിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സംരംഭകർക്ക് കൈമാറുന്നതിന് സർക്കാർ തുടക്കമിട്ടുകഴിഞ്ഞു. നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായിട്ടുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരികയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വ്യവസായ എസ്റ്റേറ്റുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി വികസിപ്പിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

വ്യവസായ രംഗത്ത് അടിസ്ഥാന സൗകര്യം ലഭ്യമാക്കിക്കൊണ്ട് കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ വ്യവസായ വളർച്ചാകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസായ വളർച്ചാ കേന്ദ്രങ്ങളിൽ സ്ഥലം, കെട്ടിടം എന്നിവ വ്യവസായികൾക്ക് അടിസ്ഥാന സൗകര്യങ്ങളോടുകൂടി ലഭ്യമാക്കുന്നുണ്ട്. തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. മാത്രമല്ല, ഭക്ഷ്യ സംസ്കരണ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആലപ്പുഴ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ മെഗാ ഫുഡ് പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ

പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് വ്യവസായ ഏകീകൃത ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികൾ കിൻഫ്ര വഴി പുരോഗമിക്കുന്നുണ്ട്. കണ്ണൂർ ജില്ലയിൽ 4,400 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾക്ക് കിൻഫ്ര തുടക്കം കുറിച്ചിട്ടുണ്ട്.

**വിനോദസഞ്ചാര വ്യവസായത്തിന്റെ സുസ്ഥിര വളർച്ച**

8 (*38) ശ്രീ. ജോർജ് എം. തോമസ് :
ശ്രീമതി യു. പ്രതിഭ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യക്ഷ - പരോക്ഷ രീതിയിൽ പതിനഞ്ച് ലക്ഷത്തോളം ആളുകൾ ആശ്രയിക്കുന്ന സംസ്ഥാനത്തെ വിനോദസഞ്ചാര വ്യവസായത്തിന്റെ സുസ്ഥിര വളർച്ചക്കായി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) വിനോദസഞ്ചാര വ്യവസായത്തിന് പ്രകൃതി ദുരന്തങ്ങളും നിപ, കൊറോണ തുടങ്ങിയ പകർച്ചവ്യാധികളും സൃഷ്ടിച്ച പ്രതിബന്ധം മറികടക്കാൻ വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടൽ കൊണ്ട് സാധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) വിനോദസഞ്ചാര വിപണനത്തിന് ഫലപ്രദമായ മാർഗ്ഗങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) യൂറോപ്പ്, ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിന്ന് വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കാനായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കേരളത്തിലെ വിനോദസഞ്ചാര വ്യവസായത്തിന്റെ സുസ്ഥിര വളർച്ചയ്ക്കായി സർക്കാർ സ്വീകരിച്ചിരിക്കുന്ന ഒരു മാർഗ്ഗമാണ് ഉത്തരവാദിത്ത വിനോദസഞ്ചാര പ്രവർത്തനങ്ങൾ. വിനോദസഞ്ചാര മേഖലയുടെ ഗുണഫലങ്ങൾ പരമാവധി തദ്ദേശീയരായ സാധാരണക്കാർക്ക് ലഭ്യമാക്കുക, ഉത്തരവാദിത്ത പൂർണ്ണമായ ഒരു വിനോദസഞ്ചാര സംസ്കാരം വളർത്തിയെടുക്കുക, അതിലൂടെ ടൂറിസം വ്യവസായത്തിന്റെയും ടൂറിസം കേന്ദ്രങ്ങളുടെയും സുസ്ഥിരവും

ഉത്തരവാദിത്ത പൂർണ്ണവുമായ വികസനം ഉറപ്പാക്കുക എന്നുള്ളതാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ കാതൽ. ഈ പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുവാൻ 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നു.

- ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുകയും പ്രയോഗവൽക്കരിക്കുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക.
- പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക.
- ഗ്രാമീണ ടൂർ പാക്കേജുകൾ/എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ എന്നിവ ആരംഭിക്കുക, അവ പ്രൊമോട്ട് ചെയ്യുക.
- ടൂറിസത്തിലൂടെ പ്രാദേശിക തൊഴിൽ ലഭ്യമാക്കുക.
- പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും മാലിന്യവിമുക്ത ടൂറിസം കേന്ദ്രങ്ങൾ എന്ന ആശയം ടൂറിസം സംരംഭകരുടെയും പ്രാദേശിക സമൂഹത്തിന്റെയും സഹകരണത്തോടെ നടപ്പാക്കുകയും തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻ സർട്ടിഫൈഡാക്കി മാറ്റുകയും ചെയ്യുക.
- ടൂറിസ്റ്റുകളും ടൂറിസം വ്യവസായികളും തദ്ദേശീയ സമൂഹവും തമ്മിൽ ആരോഗ്യകരമായ ബന്ധവും സൗഹൃദവും വളർത്തിയെടുക്കുക.
- ടൂറിസം വികസനത്തിൽ പ്രാദേശിക ജനവികാരത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ താൽപ്പര്യത്തിനും പ്രാമുഖ്യം കൊടുക്കുന്ന പദ്ധതികൾ രൂപപ്പെടുത്തുക.
- പരമ്പരാഗത കല, ഉത്സവങ്ങൾ, ആഘോഷങ്ങൾ എന്നിവ ടൂറിസത്തിലൂടെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും അതിനായുള്ള വിവിധ പാക്കേജുകൾ തയ്യാറാക്കി പ്രചരിപ്പിക്കുകയും ചെയ്യുക.
- ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, ദാരിദ്ര്യ ലഘൂകരണം, പാർശ്വവൽക്കരിക്കപ്പെട്ട ജനസമൂഹത്തിന്റെ ഉന്നമനം എന്നിവ സാധ്യമാക്കുക.

- തദ്ദേശവാസികളെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള സാധ്യമായ എല്ലാ തൊഴിൽ പരിശീലനങ്ങളും നൽകുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ അവബോധ പ്രവർത്തനങ്ങൾ നടത്തുക.

(ബി) 2018 മേയ് മാസത്തിലാണ് സംസ്ഥാനത്ത് ആദ്യമായി 'നിപ' രോഗം റിപ്പോർട്ട് ചെയ്തത്. 2018 മേയ് മാസം മുതൽ കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2018 മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ വർദ്ധനവാണുണ്ടായത്.

എന്നാൽ 2018 കലണ്ടർ വർഷത്തിൽ ആദ്യത്തെ നാലുമാസങ്ങളിലെ വളർച്ചാനിരക്കുകളായ 16.49%, 18.58%, 21.04%, 21.21% എന്നിവയുമായി താരതമ്യം ചെയ്യുമ്പോൾ നിപ ബാധയുമായി ബന്ധപ്പെട്ട് ആഭ്യന്തര വളർച്ചാനിരക്കിൽ വലിയ ഇടിവ് സംഭവിച്ചതായി കാണാം. തുടർന്ന് 2018 ആഗസ്റ്റിലുണ്ടായ മഹാപ്രളയമാണ് പിന്നീടുള്ള മാസങ്ങളിലെ നെഗറ്റീവ് വളർച്ചാനിരക്കിന് കാരണം. എന്നാൽ സർക്കാരിന്റെയും വകുപ്പിന്റെയും കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2018 ഡിസംബർ മുതലും വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2019 ഏപ്രിൽ മുതലും തുടർച്ചയായുള്ള വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 2020 ആദ്യപാദത്തിലെ (ജനുവരി, ഫെബ്രുവരി, മാർച്ച്) സ്ഥിതിവിവരക്കണക്കുകൾ അന്തിമമാക്കിയാലേ കൊറോണ വൈറസ് സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ എത്രത്തോളം ബാധിച്ചുവെന്ന് മനസ്സിലാക്കാൻ സാധിക്കു.

വിനോദസഞ്ചാര വികസനത്തിന് പ്രകൃതി ദുരന്തങ്ങളും മറ്റു പകർച്ച വ്യാധികളും സൃഷ്ടിച്ച പ്രതിബന്ധം മറികടക്കാൻ ടൂറിസം വകുപ്പ് പന്ത്രണ്ടിന കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുകയുണ്ടായി.

1. അടിയന്തര പ്രാധാന്യത്തോടെ തകർന്നുകിടക്കുന്ന റോഡുകളുടെ നിർമ്മാണം
2. ടൂറിസം സജ്ജമാക്കൽ സർവ്വെ
3. കേരള ട്രാവൽ മാർട്ട്
4. ലണ്ടനിൽ നടന്ന ഡബ്ല്യൂ.ടി.എം.
5. കൊച്ചി മുസിരിസ് ബിനാലെ
6. കേരളം തിരിച്ചുവന്നുവെന്ന് കാണിക്കുന്ന തരത്തിൽ അത്യുത്സാഹത്തോടെയുള്ള ഡിജിറ്റൽ പരസ്യ പ്രചരണം

7. മാധ്യമ പബ്ലിക് റിലേഷൻസ് കൈകാര്യം ചെയ്യൽ

8. ബ്രാൻഡ് പ്രചരണം

9. ട്രേഡ് ഫെയറുകളിൽ പങ്കെടുക്കലും റോഡ് ഷോ സംഘടിപ്പിക്കലും

10. വള്ളംകളി ലീഗ് മത്സരങ്ങൾ

11. അടിസ്ഥാന സൗകര്യവികസനത്തിനുള്ള കൂട്ടായ പ്രവർത്തനങ്ങൾ

12. സമൂഹത്തിന്റെ ഇടപെടലുകളോടെ ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ

മേൽ പരിപാടികൾ വകുപ്പ് കാര്യക്ഷമമായി നടപ്പിലാക്കിയതിനാൽ പ്രളയവും മറ്റു പകർച്ചവ്യാധികളും ഉണ്ടാക്കിയ പ്രതിബന്ധം മറികടക്കുന്നതിന് വകുപ്പിന് സാധിച്ചിട്ടുണ്ട്.

(സി) വിനോദസഞ്ചാര വികസനത്തിന് വകുപ്പ് താഴെപ്പറയുന്ന പ്രചരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി.

- " IT's Time for Kerala" എന്ന ആശയത്തിൽ ഊന്നിയ പ്രചാരണ പരിപാടികൾ
- ഇന്ത്യയിലെ വിവിധ സിനിമ സ്ക്രീനുകളിൽ നൽകിയ പരസ്യങ്ങൾ
- രാജ്യത്തിനകത്തും പുറത്തുമുള്ള പത്രങ്ങളിലും മാസികകളിലും നടത്തിയ പരസ്യപ്രചാരണം
- " Human By Nature" എന്ന പുതിയ ബ്രാൻഡ് ക്യാമ്പയിൻ
- FAM ടൂറുകൾ സംഘടിപ്പിക്കൽ
- സോഷ്യൽ മീഡിയ ക്യാമ്പയിനുകളും ഓൺലൈൻ ക്യാമ്പയിനുകളും
- കൂടുതൽ ദേശീയ അന്തർദ്ദേശീയ ട്രേഡ് ഫെയറുകളിലുള്ള പങ്കാളിത്തം
- കൂടുതൽ ദേശീയ അന്തർദ്ദേശീയ സിറ്റികളിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കൽ
- ടെലിവിഷൻ, റേഡിയോ എന്നിവയിലുള്ള പരസ്യങ്ങൾ
- ചാമ്പ്യൻസ് ബോട്ട് ലീഗ്
- കേരള ബ്ലോഗ് എക്സ്പ്രസ്സ്
- OOH ക്യാമ്പയിനുകൾ
- വിദേശ വിപണികളിൽ ബസ്/ക്യാബ്/ട്രാം ബ്രാൻഡിംഗ്
- ലണ്ടൻ ട്യൂബ് ബ്രാൻഡിംഗ്

(ഡി) വിദേശ വിനോദസഞ്ചാരികളുടെ 2018 കലണ്ടർ വർഷംവരെയുള്ള രാജ്യം തിരിച്ചുള്ള കണക്കുകളാണ് അന്തിമമാക്കിയിട്ടുള്ളത്. പ്രസ്തുത കണക്കുകൾ പ്രകാരം യൂറോപ്പിൽ നിന്നുള്ള സഞ്ചാരികളുടെ വരവിൽ 2017 കലണ്ടർ വർഷത്തെക്കാൾ വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

**സംരംഭകത്വ സഹായ പദ്ധതി**

9 (*39) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭകത്വ സഹായ പദ്ധതി (ഇ.എസ്.എസ്.) നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് വിപുലമായ പിന്തുണ നൽകുന്നതിനും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ ഉൾപ്പെടെയുള്ള സംരംഭകരുടെ പുതിയ വ്യവസായ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) വനിതകളുടെ തൊഴിൽ സംരംഭക പരിപാടികൾക്ക് പ്രോത്സാഹനം നൽകുന്നതിനും കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനും നിലവിലുള്ളവർക്ക് ആവശ്യമായ സഹായം നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) ഉണ്ട്.

(ബി) 28-12-2012-ലെ ജി.ഒ.(കൈ) നമ്പർ 156/2012/വ്യവ. പ്രകാരം വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന സംരംഭകത്വ സഹായ പദ്ധതി പ്രകാരം സാധാരണ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥിര മൂലധനത്തിന്റെ 15% പരമാവധി 20 ലക്ഷം രൂപ ധനസഹായം നൽകുമ്പോൾ വനിതകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം, യുവസംരംഭകർ എന്നിവർക്ക് സ്ഥിര മൂലധനത്തിന്റെ 20% പരമാവധി 30 ലക്ഷം രൂപവരെ ധനസഹായമായി നൽകുന്നു.

(സി) വനിതകളുടെ തൊഴിൽ സംരംഭക പരിപാടികൾക്ക് പ്രോത്സാഹനം നൽകുന്നതിനും കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനും നിലവിലുള്ളവർക്ക് ആവശ്യമായ സഹായം നൽകുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

- 2012 മുതൽ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭകത്വ സഹായ പദ്ധതി പ്രകാരം സാധാരണ വിഭാഗത്തിൽപ്പെട്ടവർക്ക്, സ്ഥിര മൂലധനത്തിന്റെ 15% പരമാവധി 20 ലക്ഷം രൂപവരെ ധനസഹായം നൽകുമ്പോൾ വനിതകൾക്ക് സ്ഥിര മൂലധനത്തിന്റെ 20% പരമാവധി 30 ലക്ഷം രൂപവരെ ധനസഹായമായി നൽകുന്നു.

- വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഗാർഹിക നാനോ സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതി പ്രകാരം, സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പയെടുത്ത സംരംഭകർക്ക് വാർഷിക പദ്ധതിയിൽ 6% സബ്സിഡിയായി നൽകുമ്പോൾ, വനിതകൾക്ക് 8% വരെ സബ്സിഡി അനുവദിക്കുന്നു.

- സ്ത്രീ സംരംഭകരുടെ നിർമ്മാണ മേഖലയിലേർപ്പെട്ടിരിക്കുന്ന (മാനുഫാക്ചറിംഗ്) ബിസിനസ്സ് സംരംഭങ്ങളെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള ബിസിനസ്സ് വിപുലീകരണത്തിനോ ആധുനികവൽക്കരണത്തിനോ വൈവിദ്ധ്യവൽക്കരണത്തിനോ വേണ്ടി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) ഒരു (ഹ്രസ്വകാല) വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

വായ്പാ പദ്ധതിക്ക് അപേക്ഷ നൽകുന്ന സംരംഭം സ്ത്രീ സംരംഭകയുടെ സ്വന്തം ഉടമസ്ഥതയിലുള്ള സ്വകാര്യ സ്ഥാപനമോ പങ്കാളിത്ത സ്ഥാപനമോ സ്വകാര്യ കമ്പനിയോ ആകാവുന്നതാണ്. വ്യവസായത്തിന്റെ ആരംഭം മുതൽ 50 ശതമാനത്തിൽ കൂടുതൽ ഉടമസ്ഥത സ്ത്രീ സംരംഭകർക്കായിരിക്കണം. യൂണിറ്റ് കഴിഞ്ഞ ഒരു വർഷമായി പ്രവർത്തനക്ഷമമായിട്ടുള്ളതും കഴിഞ്ഞ വർഷത്തെ ആകെ വിൽപ്പനയുടെ ശരാശരി ഏറ്റവും കുറഞ്ഞത് 10 ലക്ഷം രൂപയും ആയിരിക്കണം. വായ്പയുടെ പരിധി ആവശ്യമായ മൊത്ത നിക്ഷേപത്തിന്റെ 80 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കും.

- കെ.എസ്.ഐ.ഡി.സി. വനിതകൾക്ക് മാത്രമായി 42,228 ചതുരശ്ര അടിയിൽ അങ്കമാലിയിൽ ഇൻകൽ ടവറിൽ വി-സ്പെയ്സ് അഥവാ വനിതാ അപ്പാരൽ പാർക്ക് സജ്ജമാക്കിയിട്ടുണ്ട്. വസ്ത്ര നിർമ്മാണ മേഖലയിലേർപ്പെട്ടിരിക്കുന്ന വനിതാ സംരംഭകരെ ഒരു കുടക്കീഴിൽ കൊണ്ടുവരുവാനും ഈ മേഖലയിലെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ് വി-സ്പെയ്സ് പ്രവർത്തന സജ്ജമാക്കിയിരിക്കുന്നത്.

**കയർ മേഖലയിലെ നൂതന പദ്ധതികൾ**

10 (*40) ശ്രീമതി യു. പ്രതിഭ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. കെ. ദാസൻ:
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം കയർ മേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) പരമ്പരാഗത കയർ മേഖലയിലെ തൊഴിലാളികളെ പ്രതികൂലമായി ബാധിക്കാത്തവിധം ഈ മേഖലയിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദമാക്കാമോ;

(ഡി) യന്ത്രവൽകൃത മേഖലയിലെ തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ കയർ മേഖലയുടെ രണ്ടാം പുനഃസംഘടന നടപ്പിലാക്കുകയാണ്. ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി, കയർ ഉൽപ്പാദനത്തെ ആധുനികവൽക്കരിക്കുന്നതിന് പരിപൂർണ്ണമായ യന്ത്രവൽക്കരണം, ഉൽപ്പന്ന മേഖലയിൽ ആധുനികവൽക്കരണം, കയർ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, കയർ ഭൂവസ്ത്ര പദ്ധതി ഇവയാണ് കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ.

സംസ്ഥാനത്ത് ഇതിനോടകം 100 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡീ-ഫൈബറിംഗ് മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. " കയർ കേരള 2019 " മേളയിൽ, സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡീ-ഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവയ്ക്കുകയും അതിനെത്തുടർന്നുള്ള പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 6056 ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. കായംകുളം, ആലപ്പുഴ, വൈക്കം, കണ്ണൂർ പ്രോജക്ടുകളിൽ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 240 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. 31-3-2020-ൽ 620 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ 7 പ്രോജക്ടുകളിലായി സ്ഥാപിക്കുന്ന നടപടി പൂർത്തിയാകും. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആലപ്പുഴ ജില്ല കേന്ദ്രീകരിച്ചാണ് പ്രധാനമായും ഉൽപ്പന്ന നിർമ്മാണ മേഖല പ്രവർത്തിക്കുന്നത്. നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (എൻ.സി.ഡി.സി.) സഹായത്തോടെ ആലപ്പുഴ പ്രോജക്ടിന് കീഴിലുള്ള മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ നടപടികൾ കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് ആരംഭിച്ചിട്ടുണ്ട്.

| വർഷം | കയർ സംഭരണം (ക്വിന്റലിൽ) |
|---|---|
| 2015-16 | 78820.40 |
| 2016-17 | 99793.90 |
| 2017-18 | 124961.00 |
| 2018-19 | 157767.52 |
| 2019-20 ജനുവരി വരെ | 160000 |

(ബി) കയർ മേഖല സമ്പൂർണ്ണ യന്ത്രവൽക്കരണത്തിലൂടെ ആധുനികവൽക്കരിക്കുന്നതിനായി ആവിഷ്കരിച്ച കയർ രണ്ടാം പുനഃസംഘടന വിജയകരമായി നടപ്പിലാക്കിവരുന്നു. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവൽക്കരിക്കുക

എന്നതാണ് കയർ രണ്ടാം പുനഃസംഘടനയുടെ സവിശേഷത. ഇതിനായി പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയർ ഉൽപ്പാദനത്തിന് കൂലിയുടെ ഒരു വിഹിതം ഇൻകം സപ്പോർട്ട് എന്ന രീതിയിൽ സർക്കാർ വഹിക്കും. ഇവർ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും കയർഫെഡ് വഴി സംഭരിക്കും. ഈ കയറുകൾ വിറ്റഴിക്കുന്നതിന് സർക്കാർ സബ്സിഡി നൽകും. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 2016-17 മുതൽ പ്രതിവർഷം ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു:

| വർഷം | തുക |
|---|---|
| 2016-17 | 12,44,50,000 |
| 2017-18 | 15,07,33,457 |
| 2018-19 | 22,64,08,498 |
| 2019-20 ഫെബ്രുവരി 15 വരെ | 15,00,00,000 |

ഡിസ്കൗണ്ട് നൽകി പരമ്പരാഗത തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ വിറ്റഴിക്കുന്നതിനായി കയർഫെഡിന് നൽകിയ ക്രയവില സ്ഥിരത പദ്ധതി പ്രകാരമുള്ള (പി.പി.എസ്.എസ്.) തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | തുക |
|---|---|
| 2016-17 | 13,27,39,968 |
| 2017-18 | 9,40,71,758 |
| 2018-19 | 24,82,00,607 |
| 2019-20 ജനുവരി 30 വരെ | 13,88,32,451 |

കയർ മേഖലയിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മില്ലുകൾ സ്ഥാപിക്കുന്നതോടെ തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയുകയും ഉല്പാദനക്ഷമത വർദ്ധിക്കുകയും തന്മൂലം വരുമാനം കൂടുകയും ചെയ്യും. മെച്ചപ്പെട്ട വരുമാനം ലഭ്യമാകുകയും തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുകയും ചെയ്യും. എന്നാൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളിലേയ്ക്ക് മാറാൻ കഴിയാത്ത ഒരു തൊഴിലാളിക്കും തൊഴിൽ നഷ്ടപ്പെടുകയില്ലായെന്ന് ഉറപ്പുവരുത്തിക്കൊണ്ടാണ് സർക്കാർ സമ്പൂർണ്ണ യന്ത്രവൽക്കരണ പരിപാടികൾ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നത്.

പരമ്പരാഗത കയർ തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ടുതന്നെ കയർ രണ്ടാം പുനഃസംഘടന വിജയകരമായി നടപ്പാക്കുന്നു.

(സി) പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചു കൊണ്ട് കയർ വ്യവസായത്തെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റിക്കൊണ്ട് കയർ മേഖലയിൽ യന്ത്രവൽക്കരണവും ആധുനികവൽക്കരണവും നടപ്പാക്കുകയാണ്. എന്നാൽ ഈ മാറ്റം പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയും കൂലിയെയും യാതൊരുവിധത്തിലും ബാധിക്കാത്ത തരത്തിലാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കയർ വ്യവസായ സഹകരണ സംഘങ്ങളിൽ പരമ്പരാഗത രീതിയിൽ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും കൂലി നൽകി എന്നുറപ്പാക്കിയശേഷം കയർഫെഡ് വഴി സർക്കാർ സംഭരിക്കും. കൂലിയുടെ ഒരു ഭാഗം (110 രൂപ) പ്രതിദിനം വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഭാഗമായി പരമ്പരാഗത റാട്ടുകളിലും ഇലക്ട്രോണിക് റാട്ടുകളിലും പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്നു. 2018-19 വർഷത്തിൽ 22.46 കോടി രൂപ ഈ ഇനത്തിൽ സർക്കാർ നൽകിയിട്ടുണ്ട്. ഈ വർഷം ജനുവരി 31 വരെ 15 കോടി രൂപ നൽകിയിട്ടുണ്ട്. ഈ വർഷം 25 കോടി രൂപ ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുമുണ്ട്. ഈ തുക പൂർണ്ണമായും പരമ്പരാഗത തൊഴിലാളികൾക്ക് മാത്രമായി നൽകുന്നതാണ്. തൊഴിലാളികളുടെ കൂലി പ്രതിദിനം 300 രൂപയിൽ നിന്നും 350 രൂപയാക്കി 1-1-2019 മുതൽ ഉയർത്തിയിട്ടുണ്ട്.

കയർ തൊഴിലാളികളുടെ ജീവനോപാധി എന്ന നിലയിൽ കയർ മേഖല തൊഴിലാളികളുടെ രക്ഷാമാർഗ്ഗമാക്കി മാറ്റാൻ വേണ്ട തരത്തിലാണ് പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിനായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തനമൂലധനം നൽകുന്നു.

2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.

3. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എംഡിഎ) നൽകിവരുന്നു.

4. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ കയർ സഹകരണ സംഘങ്ങൾക്ക് 90% സബ്സിഡി (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) ഡീ-ഫൈബറിംഗ് മില്ലുകൾക്ക് (പരമാവധി 25 ലക്ഷം രൂപ വരെ) നൽകി വരുന്നു.

5. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.

6. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.

7. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

8. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.

9. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

10. കയർ ജിയോ ടെക്സ്റ്റയിൽസ് പദ്ധതി നടപ്പിലാക്കിവരുന്നു.

11. കയർപിരി മേഖലയിൽ കൂലിയുടെ ഒരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

12. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.

13. വിരമിച്ച കയർ സഹകരണ സംഘം ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.

14. യന്ത്രവത്ക്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റം ഉണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ സഹായം നൽകിവരുന്നുണ്ട്.

15. ഓണക്കാലത്ത് കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിലുടനീളമുള്ള സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതി.

16. കയർ സഹകരണ സംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സബ്സിഡി സ്കീം നടപ്പാക്കിവരുന്നു.

കയർ മേഖലയിൽ ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മില്ലുകൾ സ്ഥാപിക്കുന്നതോടെ തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയുകയും ഉല്പാദനക്ഷമത വർദ്ധിക്കുകയും തൻമൂലം വരുമാനം കൂടുകയും ചെയ്യും. മെച്ചപ്പെട്ട വരുമാനം ലഭ്യമാകുകയും തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുകയും ചെയ്യും. പരമ്പരാഗത കയർ തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ടുതന്നെ കയർ രണ്ടാം പുനഃസംഘടന നടപ്പിലാക്കിവരുന്നു.

(ഡി) കയർപിരി മേഖലയിൽ പൊതുവായി 3 തരം റാട്ടുകളാണ് ഉപയോഗിച്ചു വരുന്നത്. പരമ്പരാഗത റാട്ട്, ഇലക്ട്രോണിക് റാട്ട്, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ. ഇലക്ട്രോണിക് റാട്ടുകളിൽ നിന്നും ദിനംപ്രതി 15 കിലോ കയർ ഉല്പാദിപ്പിക്കാനാകും. ഇത്തരം റാട്ടുകൾ പ്രവർത്തിപ്പിക്കുന്നതിന് ഒന്നോരണ്ടോ തൊഴിലാളികൾക്ക് തങ്ങളുടെ വാസസ്ഥലത്തുതന്നെ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുന്നതിന് സാധിക്കുന്നതാണ്. പരമ്പരാഗത റാട്ട്/ഇലക്ട്രോണിക് റാട്ട് എന്നിവ ഉപയോഗിക്കുന്ന കയർ സഹകരണ സംഘങ്ങളിലെ തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന മുഴുവൻ കയറും കൂലി നൽകി എന്നുറപ്പാക്കിയ ശേഷം കയർഫെഡ് വഴി സർക്കാർ സംഭരിക്കുന്നു. കൂലിയുടെ ഒരു ഭാഗം (110 രൂപ) പ്രതിദിനം വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ (ഇൻകം സപ്പോർട്ട് സ്കീം) ഭാഗമായി സർക്കാർ നൽകിവരുന്നു. പരമ്പരാഗത റാട്ടുകളിലും ഇലക്ട്രോണിക് റാട്ടുകളിലും പ്രവർത്തിക്കുന്ന തൊഴിലാളികളുടെ കൂലി പ്രതിദിനം 300 രൂപയിൽ നിന്നും 1-1-2019 മുതൽ 350 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ (എ.എസ്.എം.) നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി ഉപയോഗിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് കൂലി സർക്കാർ തലത്തിൽ നിശ്ചയിച്ചു നൽകിയിട്ടില്ല. പരമ്പരാഗത റാട്ട്/ഇലക്ട്രോണിക് റാട്ടുകളിൽ ദിവസേന 15 കിലോ കയർ ഉൽപ്പാദിപ്പിക്കുന്ന സ്ഥാനത്ത് കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി നിർമ്മിക്കുന്ന ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളിൽ നിന്നും 50 മുതൽ 60 കിലോ വരെ കയർ ഉല്പാദിപ്പിക്കുവാൻ സാധിക്കും. ഉയർന്ന ഉല്പാദനക്ഷമതയുടെ അടിസ്ഥാനത്തിൽ മികച്ച കൂലി ലഭ്യമാകും എന്നതിനാൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ (ഇൻകം സപ്പോർട്ട് സ്കീം) ആനുകൂല്യം നൽകേണ്ടതായി വരുന്നില്ല.

ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുള്ള സംഘങ്ങൾ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തുന്നതിനും തൊഴിലാളികളുടെ കൂലി നിശ്ചയിച്ചു നൽകുന്നതിനും ആവശ്യമായ ശിപാർശ സമർപ്പിക്കുന്നതിനായി കയർഫെഡ് ചെയർമാൻ അദ്ധ്യക്ഷനായും നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (എൻ.സി.ആർ.എം.ഐ.) ഡയറക്ടർ കൺവീനറായും ട്രേഡ് യൂണിയൻ പ്രതിനിധികൾ അംഗങ്ങളായും ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ഒരു മാസത്തിനകം ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

കയർ മേഖലയിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതോടെ തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയുകയും ഉല്പാദനക്ഷമത വർദ്ധിക്കുകയും കയർ ഉല്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകുകയും ചെയ്യും. 2020-21 സാമ്പത്തിക വർഷത്തിൽ 40000 ടൺ കയർ ഉല്പാദനമാണ് ലക്ഷ്യമിടുന്നത്. തൽഫലമായി തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാകുകയും തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുകയും ചെയ്യും.

**കേരള ബാങ്ക് വഴി മെച്ചപ്പെട്ട വായ്പാ വിതരണം**

11 (*41) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വായ്പാരംഗത്ത് നിലവിലുള്ള ത്രിതല സംവിധാനം ദ്വിതല സംവിധാനത്തിലേയ്ക്ക് മാറുമ്പോൾ ഉള്ള നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ മേഖലയിൽ മൂന്ന് തട്ട് കടന്ന് വായ്പക്കാരന്റെ കയ്യിൽ എത്തുമ്പോഴുള്ള പലിശഭാരം, ജില്ലാബാങ്ക് ഇല്ലാതാകുന്ന സ്ഥിതിയിൽ വളരെയധികം കുറയുമോയെന്ന് വിശദമാക്കുമോ;

(സി) മറ്റ് സഹകരണ സ്ഥാപനങ്ങളായ ഹൗസിംഗ് ഫെഡറേഷനും സംസ്ഥാന കാർഷിക വികസനബാങ്കും ചെയ്യുന്നതുപോലെയുള്ള ദ്വിതല സംവിധാനം നടപ്പിലാക്കുമ്പോൾ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് മെച്ചപ്പെട്ട വായ്പ വിതരണത്തിന് ഏതൊക്കെ തരത്തിൽ ഉതകുമെന്ന് വ്യക്തമാക്കുമോ;

(ഡി) കേരള ബാങ്ക് സാധാരണ ജനങ്ങളുടെ ആശാസങ്കേതവും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് അഭിമാനകരവുമാകുന്നത് ഏതൊക്കെ വിധത്തിലെന്ന് അറിയിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിക്കുന്നതോടെ എല്ലാത്തരം ബാങ്കിംഗ് പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്താൻ പ്രാപ്തിയുള്ള റിസർവ് ബാങ്ക് അനുമതിയുള്ള ബാങ്കായി കേരള ബാങ്കിന് ഉയരാൻ കഴിയും. സഹകരണ ബാങ്കിംഗ് മേഖല അതിനൂതന സാങ്കേതിക മികവിലേയ്ക്ക്

വരുമ്പോൾ ചെറുപ്പക്കാരായ ഉപഭോക്താക്കളെ ഈ മേഖലയിലേയ്ക്ക് കൂടുതലായി ആകർഷിക്കാൻ കഴിയും. കേരള ബാങ്ക് വരുന്നതോടെ വായ്പയും നിക്ഷേപവും വർദ്ധിക്കും. അതുവഴി നബാർഡിൽ നിന്നും കൂടുതൽ പുനർവായ്പ ലഭിക്കും. ജില്ലാ ബാങ്ക് എന്ന തലം ഇല്ലാതാവുന്നതോടെ കർഷകർക്ക് നിലവിലെ പലിശ നിരക്കിൽ നിന്നും കുറഞ്ഞ നിരക്കിൽ വായ്പ നൽകാൻ കഴിയും. കാർഷികേതര വായ്പയുടെ പലിശ നിരക്കും കുറയ്ക്കാൻ കഴിയും. ലയനത്തിലൂടെ കൂടുതൽ കരുത്ത് ആർജ്ജിക്കുന്ന ബാങ്കിന് കേരളത്തിന്റെ വികസനപ്രക്രിയയിൽ കൂടുതലായി ഇടപെടുവാൻ കഴിയും. സാമ്പത്തിക ഉൾപ്പെടുത്തൽ, സാമ്പത്തിക സാക്ഷരത തുടങ്ങിയ സർക്കാർ ലക്ഷ്യങ്ങൾ കൂടുതലായി സാക്ഷാത്ക്കരിക്കപ്പെടുന്നു. വികസന ലക്ഷ്യത്തിനനുസരിച്ച് സാമ്പത്തിക പിന്തുണ നൽകുവാൻ സാധിക്കുന്നു. സഹകരണ ബാങ്കിംഗ് മേഖലയുടെ ഭാവിപരിരക്ഷയ്ക്ക് ഉതകുന്ന രീതിയിൽ ഒരു മാതൃക സ്ഥാപനം ഉണ്ടാകുന്നു.

(ബി) സഹകരണ മേഖലയിലെ ഹ്രസ്വകാല വായ്പാ ഘടനയിൽ ഒരു തട്ട് ഇല്ലാതാകുന്നതോടുകൂടി പ്രാഥമിക സഹകരണ സംഘങ്ങൾക്ക് മികച്ച സേവനങ്ങൾ അംഗങ്ങൾക്ക് ലഭ്യമാക്കുവാൻ കഴിയും. കാർഷിക-കാർഷികേതര മേഖലയിൽ കൂടുതൽ വായ്പ നൽകുന്നതിനും സാധിക്കും. ഈ മേഖലയിൽ ഒരു തട്ട് ഒഴിവാക്കുന്നത് വഴി പലിശ നിരക്കിൽ കുറവ് വരികയും അതിന്റെ നേട്ടം നേരിട്ട് കർഷകർക്കും മറ്റ് അംഗങ്ങൾക്കും എത്തിക്കാനും സാധിക്കും.

(സി) കേരള ബാങ്ക് രൂപീകരിക്കുമ്പോൾ ഏറ്റവും വലിയ ഗുണഭോക്താക്കളാകുന്നത് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അവരുടെ അംഗങ്ങളുമായിരിക്കും. അവരാണ് കേരള ബാങ്കിന്റെ നേരവകാശികളും ഉടമകളും. കാർഷിക വായ്പാ-ബാങ്കിംഗ് പ്രവർത്തനത്തെ സംശുദ്ധമായി നിലനിർത്തണമെന്ന സർക്കാരിന്റെ കാഴ്ചപ്പാടാണ് ഈ നിലപാടിന് അടിസ്ഥാനം.

1. എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും കരഗതമാകുന്നു.
2. അംഗങ്ങൾക്ക്/ഇടപാടുകാർക്ക് കേരളബാങ്ക് നൽകുന്ന എല്ലാവിധ ബാങ്കിംഗ് സേവനങ്ങളും ഘട്ടം ഘട്ടമായി നൽകാൻ കഴിയും.
3. വായ്പയിൽ interest spread കുറയുന്നു. കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ വായ്പ ലഭിക്കുന്നതിന് സാഹചര്യമുണ്ടാകും. അംഗങ്ങൾക്ക് കൂടുതൽ വായ്പ നൽകുന്നതിനും അതിലൂടെ ലാഭക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു.
4. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ DBT/EBT ആനുകൂല്യങ്ങൾ ഗ്രാമീണ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറുന്നതിന് സാധിക്കുന്നു.

5. കേരള ബാങ്കിന്റെ സാമ്പത്തിക സ്ഥിതി ശക്തമാകയാൽ നബാർഡിൽ നിന്നും പുനർവായ്പാ തുക വർദ്ധിപ്പിക്കാൻ കഴിയും. അതുവഴി കാർഷിക വായ്പാ തോത് വർദ്ധിപ്പിക്കാനാകും.

6. അധിക ഫണ്ട് കൂടുതൽ ആദായകരമായ രീതിയിൽ പുനർനിക്ഷേപിക്കുന്നതിനുള്ള സാധ്യതകളുണ്ടാകും.

7. കേരള ബാങ്കിന്റെ പ്രവർത്തനമൂല്യം ഉയരുന്നതിനനുസരിച്ച് ലാഭവിഹിതം ഉയർന്ന തോതിൽ ലഭിക്കുന്നു.

8. മൈക്രോഫിനാൻസ് രംഗത്ത് ഫലപ്രദമായ ഇടപെടൽ സാധ്യമാകുന്നു.

(ഡി) മികച്ച സാങ്കേതിക സൗകര്യങ്ങളും മാനുഷികമൂല്യങ്ങളും സമന്വയിപ്പിച്ച് സഹകരണ ജനാധിപത്യത്തിലൂന്നിയ വലിയ ഒരു ബാങ്ക് യാഥാർത്ഥ്യമാകുന്നു. കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ വിവിധ DBT/EBT ആനുകൂല്യങ്ങൾ ഗ്രാമീണ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറുന്നതിന് സാധിക്കുന്നു. മൈക്രോ ഫിനാൻസ് രംഗത്ത് ഫലപ്രദമായ ഇടപെടൽ സാധ്യമാകുന്നു. സർവ്വീസ് ചാർജ്ജുകളുടെ പേരിൽ പൊതുമേഖലാ - സ്വകാര്യ - ന്യൂജനറേഷൻ ബാങ്കുകളുടെ ചൂഷണവും അവസാനിപ്പിക്കാനാകും. നാടിന്റെ വികസനത്തിൽ സഹകരണ മേഖലയ്ക്ക് ലഭിക്കുന്ന സ്ഥാനം സഹകാരികൾക്ക് അഭിമാനകരമാകുന്നു.

**വിനോദസഞ്ചാര മേഖലയിലെ നൂതന പദ്ധതികൾ**

12 (*42) ശ്രീ. കെ. ആൻസലൻ:
ശ്രീ. എസ്. ശർമ്മ:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ സുപ്രധാന പങ്ക് വഹിക്കുന്ന വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെയും ജൈവവൈവിധ്യങ്ങളിൽ ഊന്നിയ പ്രകൃതി സൗന്ദര്യത്തെയും പ്രയോജനപ്പെടുത്തിക്കൊണ്ട് വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) വിനോദസഞ്ചാര മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് ഫലപ്രദമായ ഇടപെടലുകൾ നടത്തി ഈ മേഖലയിലേയ്ക്ക് സ്വകാര്യ സംരംഭകരെ കൊണ്ടുവരുന്നതിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ടൂറിസം മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഉൾപ്പെടെ നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- മലനാട്-മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി
- " ഗ്രീൻ കാർപ്പറ്റ് സ്കീം"
- കൊല്ലം ജില്ലയിലെ ജഡായുപ്പാറ ടൂറിസം പദ്ധതി
- ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി
- ഉത്തരവാദിത്ത ടൂറിസം പദ്ധതി
- ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്
- കോവളത്തിന്റെ സമഗ്ര വികസന പദ്ധതി
- ശംഖുമുഖത്തിന്റെ സമഗ്ര വികസന പദ്ധതി
- ആക്കുളം കായലിന്റെ പുനരുജ്ജീവനം
- വർക്കലയുടെ സമഗ്ര വികസന പദ്ധതി
- വേളിയുടെ സമഗ്ര വികസന പദ്ധതി
- വിവിധ ഗസ്റ്റ്ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ
- ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി
- ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലറ്റ് സമുച്ചയങ്ങൾ

- ലീഗ് അടിസ്ഥാനത്തിൽ 'ചാമ്പ്യൻസ് ബോട്ട് ലീഗ് ' എന്ന പേരിൽ വള്ളംകളി ടൂർണമെന്റ് ആരംഭിച്ചു
- വിവിധ ടൂറിസം ഉൽപ്പന്നങ്ങളുടെ നിലവാരവും സുരക്ഷിതത്വവും ഉറപ്പുവരുത്തുവാൻ ഉദ്ദേശിച്ചുള്ള അപ്രൂവൽ/ക്ലാസ്സിഫിക്കേഷൻ പദ്ധതികൾ കാലോചിതമായി നവീകരിച്ചു.
- സാഹസിക ടൂറിസം മേഖലയുടെ ശാക്തീകരണത്തിനും പരിപോഷണത്തിനുമായുള്ള രജിസ്ട്രേഷൻ പദ്ധതി ആരംഭിച്ചു.
- ടൂറിസം രംഗത്തെ സേവനങ്ങൾക്കും ഉൽപ്പന്നങ്ങൾക്കും നിലവാരവും മൂല്യവും സുരക്ഷിതത്വവും ഉറപ്പാക്കുവാനും ടൂറിസം രംഗത്തെ വിവിധ പ്രവർത്തനങ്ങൾ നിയമാനുസൃതമാക്കുവാനും വേണ്ടി 'കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി' രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു.
- സംസ്ഥാനത്ത് സംഘടിപ്പിക്കപ്പെടുന്ന വിവിധ ടൂറിസം മേളകൾ, യോഗ/ആയുർവ്വേദ അംബാസഡർ ടൂറുകൾ പോലുള്ള നവീന സംരംഭങ്ങൾക്കും ആശയങ്ങൾക്കും സാമ്പത്തികമായും അല്ലാതെയുമുള്ള സഹായസഹകരണങ്ങൾ നൽകിവരുന്നു.
- ഇന്ത്യ കൺവെൻഷൻ പ്രൊമോഷൻ ബ്യൂറോ (ICPB) കേരളം ചാപ്റ്റർ രൂപീകരിക്കുവാൻ തീരുമാനിച്ചു.

(ബി) അന്യം നിന്നുപോകുന്ന നമ്മുടെ തനതു കലാരൂപങ്ങൾ, പാരമ്പര്യ തൊഴിലുകൾ, ഉത്സവങ്ങൾ, സാംസ്കാരിക തനിമ എന്നിവ നിലനിർത്തിക്കൊണ്ട് പോകുന്നതിനും വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനും അതിലൂടെ പ്രാദേശിക സമൂഹത്തിന് ടൂറിസം മേഖലയിൽനിന്നും നിയമവിധേയ മാർഗ്ഗങ്ങളിലൂടെ വരുമാനം ലഭ്യമാക്കുക എന്നത് ഉത്തരവാദിത്ത ടൂറിസത്തിന്റെ സാമ്പത്തിക ഉത്തരവാദിത്വത്തിന്റെ പ്രാഥമിക ലക്ഷ്യമാണ്.

സാധാരണ ടൂർ പാക്കേജുകളിൽ നിന്നും തികച്ചും വ്യത്യസ്തമായ ടൂർ പാക്കേജുകളാണ് ആർ.ടി. മിഷൻ നടത്തുന്നത്. കേരളത്തിലെ മനോഹരമായ ഗ്രാമങ്ങളാണ് കേരളത്തിന്റെ ഏറ്റവും വലിയ ടൂറിസം ആകർഷണം. പൂർണ്ണമായും കേരളത്തിലെ ഗ്രാമീണ ജീവിതം വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാകുന്ന ടൂർ പാക്കേജുകളാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കുന്നത്. ടൂറിസം ഭൂപടത്തിൽ ഇടം പിടിച്ചിട്ടില്ലാത്ത പലയിടങ്ങളിലും ഉത്തരവാദിത്ത ടൂറിസം മിഷൻ ടൂർ പാക്കേജുകൾ നടത്തുന്നു.

കേരളത്തിന്റെ പരമ്പരാഗത ഭക്ഷണവും പ്രാദേശിക രുചിഭേദങ്ങളും പരമ്പരാഗതമായി ഭക്ഷണം തയ്യാറാക്കുന്ന രീതികളും വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് 'എക്സ്പീരിയൻസ് ലോക്കൽ/എത്തിക് ക്യുസിൻ പദ്ധതി'. കൂടാതെ നിശാഗന്ധി നൃത്തോത്സവം, നിശാഗന്ധി മൺസൂൺ രാഗാസ് സംഗീതോത്സവം, ഉത്സവം എന്നിവ സംഘടിപ്പിച്ചുവരുന്നു. കേരളത്തിന്റെ സംസ്കാരവും ഐതിഹ്യവും ചരിത്രവുമായി ബന്ധപ്പെട്ടുകിടക്കുന്ന കേരളത്തിന്റെ തനതായ വള്ളംകളികളെ ലീഗ് അടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് 'ചാമ്പ്യൻസ് ബോട്ട് ലീഗ് ' എന്ന പേരിൽ സംഘടിപ്പിച്ചു. വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ കേരളത്തിന്റെ തനത് ഉത്സവങ്ങൾ, സാംസ്കാരിക ചിഹ്നങ്ങൾ, കലാരൂപങ്ങൾ തുടങ്ങിയവയ്ക്ക് പ്രചുരപ്രചാരം നൽകിവരുന്നു.

(സി) ടൂറിസം രംഗത്ത് നൂതന ആശയങ്ങൾ നടപ്പാക്കാനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനുമായി കേരള ടൂറിസം സംരംഭകത്വ ഫണ്ടിന് രൂപം നൽകുന്നതിന് 2017-ലെ ടൂറിസം നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. പുത്തൻ തലമുറ സംരംഭകരെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുക വഴി പ്രത്യക്ഷമായും പരോക്ഷമായും കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുകയാണ് ലക്ഷ്യം. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട ഏതെങ്കിലും നൂതന സേവനമോ പദ്ധതിയോ നടപ്പാക്കാനുള്ള ഉപദേശവും നിർദ്ദേശങ്ങളും മാനേജ്മെന്റ് വൈദഗ്ദ്ധ്യവും ഒപ്പം മൂലധനവും കണ്ടെത്തുന്നതിനായി കേരള ടൂറിസം സംരംഭകത്വഫണ്ട് എന്ന നൂതന ആശയം ടൂറിസം നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്.

1. കേന്ദ്ര പദ്ധതികൾ നടപ്പാക്കുന്ന ഭാരതീയ ചെറുകിട വികസന ബാങ്ക് (സിഡ്ബി), വിദേശത്തും സ്വദേശത്തുമുള്ള ഏഞ്ചൽ ഫണ്ടുകൾ, സ്വകാര്യ ഫണ്ടുകൾ, സംസ്ഥാന ധനകാര്യ ഏജൻസികൾ മുതലായവയിൽ നിന്നും വിഭവ സമാഹരണം നടത്തി വെഞ്ച്വർ ഫണ്ടിനുള്ള കോർപ്പസ് ഫണ്ട് കണ്ടെത്തും. ടൂറിസം പദ്ധതികളിൽ നിന്നുള്ള ലാഭത്തിന്റെ ഒരു വിഹിതവും വെഞ്ച്വർ ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടും.

2. പുത്തൻ സംരംഭകർക്കും നിലവിലുള്ള ഇടത്തരം സംരംഭകർക്കും വെഞ്ച്വർ ഫണ്ട് ലഭ്യമാക്കും.

3. മാനേജ്മെന്റ് വിദഗ്ദ്ധരുടെ സമിതി സൂക്ഷ്മമായും നിഷ്പക്ഷമായും ഓരോ പദ്ധതിയുടെയും വിജയസാധ്യത വിലയിരുത്തിയ ശേഷമാകും ഫണ്ട് അനുവദിക്കുക.

4. ടൂറിസം രംഗത്ത് പുതിയ ആശയങ്ങളുമായി എത്തുന്നവർക്ക് ഇതിന് അപേക്ഷിക്കാം. സാങ്കേതിക സർവ്വകലാശാലകളിൽ നിന്നും ടൂറിസം വിദ്യാഭ്യാസകേന്ദ്രങ്ങളിൽ നിന്നും പഠിച്ചിറങ്ങുന്നവർക്ക് സ്വയം സംരംഭകരാകാൻ അവസരമൊരുങ്ങും.

ഇതിന്റെ ഭാഗമായി വെഞ്ചർ ഫണ്ട് രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്തെ മുൻനിര നിക്ഷേപ സൗഹൃദമാക്കാനുള്ള പ്രവർത്തനങ്ങൾ**

13 (*43) ശ്രീ. പി. വി. അൻവർ:

ശ്രീ. കെ. ബാബു:

ശ്രീ. കാരാട്ട് റസാഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ മുൻനിര നിക്ഷേപ സൗഹൃദ സംസ്ഥാനമായി ഉയർത്തുകയെന്ന പ്രഖ്യാപിത നയം പ്രാവർത്തികമാക്കാൻ ചുവപ്പുനാട ഒഴിവാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള മാർഗ്ഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വ്യവസായ വികസനം ലാഭാധിഷ്ഠിതം മാത്രമായി മാറാതെ വിദഗ്ധ, അവിദഗ്ധ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കി സമ്പദ് ഘടനയിൽ ഗുണപരമായ മാറ്റം സൃഷ്ടിക്കുന്നതിന് സർക്കാർ നൽകാനുദ്ദേശിക്കുന്ന പ്രോത്സാഹനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) വ്യവസായ ആവശ്യത്തിന് ഭൂമിയുടെ ലഭ്യത സാധ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) കേരളത്തെ മുൻനിര നിക്ഷേപ സൗഹൃദ സംസ്ഥാനമായി ഉയർത്തുന്നതിന്റെ ഭാഗമായും വ്യവസായം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ അനായാസവും സുഗമവും ആക്കുന്നതിനുവേണ്ടിയും " 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്" പുറപ്പെടുവിക്കുകയും ആയതിന്റെ ഭാഗമായി പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ഏജൻസികളിൽ നിന്നുമുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതിനായി കെ-സ്വിഫ്റ്റ് 11-2-2019 മുതൽ

നടപ്പിലാക്കിയിട്ടുണ്ട്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.

സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് 1999 ഭേദഗതി വരുത്തുകയും കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപ്പെടാത്തതും 10 കോടി രൂപവരെ മൂലധന നിക്ഷേപമുള്ളതുമായ എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ എന്നിവ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/അപ്രൂവലുകളോ/ പെർമിറ്റുകളോ ഹാജരാക്കുന്നതിന് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന " 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം" പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് സമയബന്ധിതമായി, അതായത് അപേക്ഷ നൽകി ഒരു മാസത്തിനകം ലഭിക്കുന്നതിലേയ്ക്കായി ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ജില്ലാ ബോർഡുകളും സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 15 കോടി രൂപ വരെയുള്ളവയുടെ ചുമതല ജില്ലാ ബോർഡിനും 15 കോടി രൂപയ്ക്ക് മുകളിൽ ഉള്ളവയുടെ ചുമതല സംസ്ഥാന ബോർഡിലും നിക്ഷിപ്തമാണ്. കൂടാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ഏജൻസികളുടെ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് പ്ലോട്ടുകൾ ഒരുക്കിയിട്ടുണ്ട്. വ്യവസായ നിക്ഷേപകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള മൂലധനം സമാഹരിക്കുന്നതിനുള്ള നടപടികളും ഭൂമിയുടെ രജിസ്ട്രേഷൻ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും ഇളവ് അനുവദിക്കുക വഴി പുതിയ സംരംഭകരെ ആകർഷിക്കാൻ കഴിയും.

2020 ജനുവരി 9, 10 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച 'അസെൻഡ് 2020' പരിപാടിയിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി അവതരിപ്പിക്കുവാനും സംസ്ഥാനത്തേയ്ക്ക് പുതിയ നിക്ഷേപങ്ങൾ സാധ്യമാക്കുന്നതിനുള്ള അന്തരീക്ഷം സംജാതമായത് നിക്ഷേപ സമൂഹത്തിനെ ബോധ്യപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്.

(ബി) <u>നൈപുണ്യ സംരംഭ വികസന കേന്ദ്രങ്ങൾ സ്ഥാപിക്കൽ:</u> സംസ്ഥാനത്ത് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നൈപുണ്യ സംരംഭക വികസന വ്യാവസായിക സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. ഓരോ തദ്ദേശ സ്ഥാപനങ്ങളിലും കുറഞ്ഞത് ഒരു സംഘമെങ്കിലും രജിസ്റ്റർ ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. മരാമത്ത് ജോലികൾ, നിർമ്മാണ മേഖലയിലെ ഇലക്ട്രിക്കൽ, പ്ലംബിംഗ്, അറ്റകുറ്റപ്പണികൾ, കൃഷി, വ്യവസായം എന്നീ മേഖലകളിൽ നൈപുണ്യമുള്ളതും ഇല്ലാത്തതുമായ തൊഴിലാളികളുടെ ആവശ്യം വളരെ കൂടുതലാണ്. നൈപുണ്യമുള്ളതും ഇല്ലാത്തതുമായ തൊഴിലാളികളെ കണ്ടെത്തി, ഹ്രസ്വ പരിശീലനങ്ങളും ഉപകരണങ്ങളും പണിയായുധങ്ങളും സജ്ജമാക്കിക്കൊണ്ട് പൊതുജനങ്ങൾക്ക് അവരുടെ സേവനം എളുപ്പത്തിൽ ലഭ്യമാക്കി, തൊഴിലാളികൾക്ക് തൊഴിലും വേതനവും ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ബ്ലോക്കുതല സംയോജനത്തിലൂടെ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി പദ്ധതി നടപ്പാക്കാനും വ്യവസായ പരിശീലന ഡയറക്ടറേറ്റുമായി സഹകരിച്ച് ട്രെയിനിംഗ് നൽകാനും വിഭാവനം ചെയ്യുന്നു.

പ്രസ്തുത പദ്ധതി വഴി നാളിതുവരെ 499 സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങൾക്ക് തൊഴിലാളികളെ ലഭിക്കുന്നതിലേയ്ക്കായി മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ച് വരികയാണ്. കൊല്ലം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ഉടൻതന്നെ പൈലറ്റ് അടിസ്ഥാനത്തിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. ഈ പദ്ധതിയിലൂടെ പൊതുജനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾ യഥാസമയം നടത്തിക്കൊടുക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്.

ഇലക്ട്രോണിക്സ്, ഡിഫൻസ്, ഭക്ഷ്യസംസ്കരണം, ലൈഫ് സയൻസസ് മേഖലകളിൽ സാങ്കേതികവിദ്യ അധിഷ്ഠിതമായ പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഈ മേഖലകളിലേയ്ക്ക് കൂടുതൽ നിക്ഷേപകർ വരുന്നത് വിദഗ്ധ, അവിദഗ്ധ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് അവസരം സൃഷ്ടിക്കും.

സ്റ്റാർട്ടപ്പുകൾക്കായി സർക്കാർ സീഡ് ഫണ്ടിംഗ് പദ്ധതിയും ഇൻക്യുബേഷൻ സൗകര്യവും ഒരുക്കിയിട്ടുണ്ട്. സ്റ്റാർട്ടപ്പുകളുടെ വളർച്ച വിദഗ്ധ, അവിദഗ്ധ തൊഴിലാളികൾക്ക് നിരവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ അവസരം ലഭ്യമാക്കും.

(സി) വ്യവസായ വകുപ്പിന്റെ അധീനതയിൽ 39 ഡെവലപ്മെന്റ് ഏരിയ/പ്ലോട്ടുകൾ നിലവിലുണ്ട്. ഡെവലപ്മെന്റ് പ്രദേശങ്ങളിൽ ഭൂവികസനം, ജലലഭ്യത ഉറപ്പാക്കൽ, ഊർജ്ജ വിതരണം, പാരമ്പര്യേതര ഊർജ്ജം ഉപയുക്തമാക്കൽ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നിലവിലുള്ള ഡെവലപ്മെന്റ് ഏരിയ/ഡെവലപ്മെന്റ് പ്ലോട്ടുകളുടെ അടിസ്ഥാന സൗകര്യ

വികസനവും നവീകരണം എന്ന പദ്ധതിയും നിലവിലുണ്ട്. പരമാവധി വ്യവസായ യൂണിറ്റുകൾ ഉൾപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ബഹുനില സമുച്ചയങ്ങളുടെ നിർമ്മാണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഡെവലപ്മെന്റ് ഏരിയ/പ്ലോട്ടുകളിൽ സർവ്വേ നടത്തി വികസനം കൈവരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വ്യവസായ രംഗത്ത് അടിസ്ഥാന സൗകര്യം ലഭ്യമാക്കിക്കൊണ്ട് കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ വ്യവസായ വളർച്ചാകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസായ വളർച്ചാ കേന്ദ്രങ്ങളിൽ സ്ഥലം, കെട്ടിടം എന്നിവ വ്യവസായികൾക്ക് അടിസ്ഥാന സൗകര്യങ്ങളോടുകൂടി ലഭ്യമാക്കുന്നുണ്ട്. കൂടാതെ തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. മാത്രമല്ല ഭക്ഷ്യ സംസ്കരണ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആലപ്പുഴ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ മെഗാഫുഡ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. കേന്ദ്രസർക്കാർ സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് വ്യവസായ ഏകീകൃത ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികൾ കിൻഫ്ര വഴി പുരോഗമിക്കുന്നുണ്ട്. സംസ്ഥാനത്ത് വ്യാവസായിക ഭൂമിയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിന് കണ്ണൂർ ജില്ലയിൽ 4,400 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടികൾക്ക് കിൻഫ്ര തുടക്കമിട്ടിട്ടുണ്ട്.

## കേരള ബാങ്കിന്റെ രൂപീകരണം

14 (*44) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. എം. സ്വരാജ്:
ശ്രീ. കെ. ദാസൻ:
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സാങ്കേതികവിദ്യാധിഷ്ഠിത സേവനങ്ങളിൽ തല്പരരായ യുവജനങ്ങൾ സഹകരണ ബാങ്കുകളോട് നിലവിൽ പുലർത്തുന്ന വിമുഖത മറികടക്കാനായി ഗ്രാമ-നഗര പ്രദേശങ്ങളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പരിപാടിയുണ്ടോയെന്നറിയിക്കുമോ;

(ബി) സഹകരണ സ്വഭാവം നിലനിർത്തിക്കൊണ്ടുതന്നെ സഹകരണ രംഗത്ത് സമസ്തമേഖലകളിലും മികച്ച കാര്യക്ഷമതയും ഉന്നത സേവന നിലവാരവും ഉറപ്പാക്കുന്നതിന് കേരള ബാങ്കിന്റെ രൂപീകരണം സഹായകരമാകാനിടയുണ്ടോ യെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന സമ്പദ്ഘടനയുടെ നട്ടെല്ലായ കൃഷി, വ്യാപാരം, ചെറുകിട വ്യവസായം എന്നീ മേഖലകൾ ചലനാത്മകമാക്കുന്നതിന് കേരള ബാങ്ക് വഴി വിഭാവനം ചെയ്തിട്ടുള്ള ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കേരളത്തിലെ സഹകരണ ബാങ്കിംഗ് മേഖലയുടെ സർവ്വതോന്മുഖമായ വളർച്ചയാണ് കേരള ബാങ്കിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. സഹകരണ ബാങ്കിംഗ് മേഖലയുടെ ഏകോപനത്തിനും മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും നിലനിൽപ്പ് ഉറപ്പാക്കുന്നതിനും ഇത് സഹായകമാവും. പ്രാഥമിക സഹകരണ ബാങ്കുകളുടെ ശാക്തീകരണത്തിന് വഴിയൊരുക്കാൻ കേരള ബാങ്കിന് കഴിയും. സഹകരണ മേഖല അതിനൂതന സാങ്കേതിക മികവിലേയ്ക്ക് വരുമ്പോൾ ചെറുപ്പക്കാരായ ഉപഭോക്താക്കളെ ആകർഷിക്കുവാൻ കഴിയും. കേരള ബാങ്ക് വരുന്നതോടെ കാർഷിക/കാർഷികേതര വായ്പകളുടെ പലിശ നിരക്ക് കുറയ്ക്കുവാൻ കഴിയും.

(ബി) സഹകരണ സ്വഭാവം നിലനിർത്തിക്കൊണ്ടുതന്നെ സമസ്ത മേഖലകളിലും മികച്ച കാര്യക്ഷമതയും ഉന്നത സേവന നിലവാരവും ഉറപ്പാക്കി കാർഷിക-വ്യാവസായിക രംഗത്ത് നൂതന ആശയങ്ങൾക്കും പദ്ധതികൾക്കും കേരള ബാങ്ക് ശക്തി പകരും. ഗ്രാമീണ സമ്പാദ്യമുൾപ്പെടെ സംസ്ഥാനത്തിലെ വിഭവങ്ങൾ പൂർണ്ണമായും വിനിയോഗിക്കുവാൻ കഴിയും. ഇടപാടുകാർക്ക് കുറഞ്ഞ ചെലവിൽ സേവനം ലഭ്യമാക്കുവാനും വായ്പാ പലിശ നിരക്ക് കുറയ്ക്കുവാനും മൈക്രോ ഫിനാൻസ് രംഗത്ത് കൂടുതൽ ഫലപ്രദമായി ഇടപെടുന്നതിനും കേരള ബാങ്കിന്റെ വരവ് സഹായകമാവും. സമ്പൂർണ്ണമായും സാങ്കേതിക വിദ്യയിലൂന്നിയ ബാങ്കിംഗ് പ്രവർത്തനം സാധ്യമാകും. ഡിജിറ്റൽ ഇടപാടിന്റെയും മറ്റ് സർവ്വീസ് ചാർജ്ജുകളുടെയും പേരിൽ പൊതുമേഖല-സ്വകാര്യ മേഖല-ന്യൂജനറേഷൻ ബാങ്കുകളുടെ ചൂഷണം അവസാനിപ്പിക്കുവാനുമാകും.

(സി) കാർഷിക വ്യാവസായിക രംഗത്ത് നൂതന ആശയങ്ങൾക്കും പദ്ധതികൾക്കും കേരള ബാങ്ക് ശക്തി പകരും. കൂടുതൽ കാർഷിക വായ്പ നൽകാൻ കഴിയും. ഏകോപനത്തിലൂടെ ശക്തമാകുന്ന ബാങ്കിന്റെ ധനസ്ഥിതിയിൽ നബാർഡിൽ നിന്നും കൂടുതൽ വായ്പ ലഭിക്കും. ഇത് ഉല്പാദന മേഖലയിൽ വലിയ മാറ്റങ്ങൾ വരുത്തും. കാർഷിക കാർഷികേതര വായ്പാ പലിശ നിരക്ക് കുറയ്ക്കാൻ സഹായകമാകും.

## ചെറുകിട വിനോദസഞ്ചാര പദ്ധതികൾ

15 (*45) ശ്രീ. എം. ഉമ്മർ:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായുണ്ടായ പ്രകൃതി ദുരന്തങ്ങൾ സംസ്ഥാനത്തിന്റെ വിനോദസഞ്ചാര സാധ്യതകൾക്ക് മങ്ങലേൽപ്പിച്ചിട്ടുണ്ടോ; ഈ ദുരന്തങ്ങൾ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് വരുത്തുന്നതിന് ഇടയാക്കിയിട്ടുണ്ടോ;

(ബി) വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്ന തരത്തിൽ ചെറുകിട വിനോദസഞ്ചാര പദ്ധതികൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ പുനരുദ്ധരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) 2018-ലെ പ്രളയത്തെ തുടർന്ന് കേരളത്തിലെത്തിയ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2018 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസത്തിൽ മുൻവർഷത്തെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 3,47,437-ഉം വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 37,997-ഉം കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2019-ലെ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 2018-ലെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 18,225 പേരുടെ കുറവ് ഉണ്ടായിട്ടുണ്ടെങ്കിലും ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ തുടർച്ചയായി വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2019-ൽ സെപ്തംബർ മാസം വരെ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടില്ല. 2019 സെപ്റ്റംബർ വരെയുള്ള കണക്ക് അന്തിമം ആക്കിയിട്ടുണ്ട്. ഇതനുസരിച്ച് പ്രളയം സൃഷ്ടിച്ച തിരിച്ചടികൾ മറികടന്ന് വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 4.84 ശതമാനവും ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 16.48 ശതമാനവും വളർച്ചാനിരക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഒരു കാലത്ത് തദ്ദേശീയരായ ജനങ്ങൾക്ക് എടുത്തുപറയത്തക്ക യാതൊരു പങ്കും ഇല്ലാതിരുന്ന ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ചെറുകിട ടൂറിസം പദ്ധതികൾ

ആരംഭിക്കുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ച പദ്ധതിയാണ് 'പെപ്പർ' എന്ന ചുരുക്കെഴുത്തിൽ അറിയപ്പെടുന്ന 'പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം'. ഈ പദ്ധതിയിലൂടെ ഒരു പ്രദേശത്തിന്റെ സമഗ്ര ടൂറിസം വികസനത്തിനുവേണ്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി ആ പ്രദേശത്ത് 'വിശേഷാൽ ഗ്രാമസഭ' സംഘടിപ്പിക്കുന്നു.

ഗ്രാമസഭയെത്തുടർന്ന് പ്രദേശത്തെ ടൂറിസം സാധ്യതകൾ രേഖപ്പെടുത്തുന്നതിനായി ടൂറിസം റിസോഴ്സ് മാപ്പിംഗ് നടക്കുന്നു, ടൂറിസം റിസോഴ്സ് ഡയറക്ടറി തയ്യാറാക്കുന്നു, ടൂർ പാക്കേജുകൾ തയ്യാറാക്കുന്നു, പ്രദേശവാസികൾക്കായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. ആ പ്രദേശത്ത് ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ചെയ്യാവുന്ന വിവിധ പദ്ധതികൾ തയ്യാറാക്കുന്നു, അവ നടപ്പാക്കുന്നു എന്നിങ്ങനെ വിവിധ തലങ്ങളിലൂടെ ടൂറിസം ആസൂത്രണം മുതൽ നിർവ്വഹണം വരെ പ്രാദേശിക പങ്കാളിത്തം ഉറപ്പുവരുത്തുന്ന പദ്ധതിയാണ് പെപ്പർ.

ഇവ കൂടാതെ വിനോദസഞ്ചാരികൾക്ക് പ്രയോജനം ലഭിക്കുന്ന നിരവധി ചെറുകിട പദ്ധതികളായ ടോയ്ലെറ്റ് ബ്ലോക്കുകൾ, കുടിവെള്ളം, ഗ്രീൻ കാർപ്പറ്റ്, പാർക്കുകൾ, ബീച്ച് നവീകരണം, ബാരിയർ ഫ്രീ പദ്ധതി എന്നിവ ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്നു.

നിലവിലുള്ള ടൂറിസം പദ്ധതികൾ പുനരുദ്ധരിക്കുന്നതിനും സഞ്ചാരികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഓരോ ഡെസ്റ്റിനേഷനിലും ഏർപ്പെടുത്തുന്നതിനുമായി ഓരോ ടൂറിസം സീസണിനു-മുമ്പായി കേരളത്തിലെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ 'ഗ്രീൻ കാർപ്പറ്റ് ' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് 2016 മുതൽ നടപ്പാക്കിവരുന്നു.

## കെ.എസ്.ഇ.ബി.-യുടെ കാര്യക്ഷമമായ പ്രവർത്തനവും ഉപഭോക്തൃ സേവനവും

16 (*46) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം കെ.എസ്.ഇ.ബി. ലിമിറ്റഡിന് മികച്ച പ്രവർത്തനത്തിന് ലഭിച്ച അംഗീകാരങ്ങൾ എന്തെല്ലാമാണ്;

(ബി) ആസന്ന ഭാവിയിൽ പ്രതീക്ഷിക്കുന്ന ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന് അനിവാര്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ വിശദാംശം അറിയിക്കാമോ;

(സി) ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗവും ഡ്രോൺ ഉൾപ്പെടെയുള്ള ആധുനികോപകരണങ്ങളുടെ സഹായത്തോടെ പ്രസരണ-വിതരണ ലൈനുകളിലെ പ്രശ്നങ്ങൾ കണ്ടെത്തി സത്വരമായി പരിഹരിക്കാനുള്ള പദ്ധതിയും കാര്യക്ഷമമാക്കി തടസ്സരഹിതമായ വൈദ്യുതി ലഭ്യതയും കാര്യക്ഷമമായ ഉപഭോക്തൃ സേവനവും ഉറപ്പാക്കുന്നതിന് സാധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ച വിവിധ അംഗീകാരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇടുക്കി ഡാം 1976 മുതൽ കൃത്യമായി പരിപാലിച്ച് പദ്ധതിയുടെ കാര്യക്ഷമത വർദ്ധിപ്പിച്ചത് പരിഗണിച്ചുകൊണ്ട് 2020-ലെ CBIP അവാർഡ്.

2. വൈദ്യുത ശൃംഖലയിൽ വരുന്ന കേടുപാടുകൾ പെട്ടെന്ന് കണ്ടെത്തി പ്രശ്നപരിഹാരം വേഗത്തിൽ സാധ്യമാക്കുന്ന കമ്മ്യൂണിക്കേറ്റിംഗ് ഫാൾട്ട് പാസ്സ് ഡിറ്റക്ടർ സംവിധാനം കെ.എസ്.ഇ.ബി.എൽ. ജീവനക്കാർ രൂപകൽപ്പന ചെയ്ത് വികസിപ്പിച്ചത് പരിഗണിച്ചുകൊണ്ട് 2019-ൽ സ്കോച്ച് ഗവേണൻസ് മെറിറ്റ് ഓഫ് ഓർഡർ.

3. ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന് കെ.എസ്.ഇ.ബി.എൽ. ചെയ്തുവരുന്ന സേവനങ്ങൾ കണക്കിലെടുത്ത് ഏറ്റവും നല്ല സേവനങ്ങൾക്കുള്ള മെട്രോ എം.എസ്.എം.ഇ. അവാർഡ് 2019.

4. വിവരസാങ്കേതികവിദ്യ അടിസ്ഥാനമാക്കിയ പദ്ധതികൾ മുഖേന ഉപഭോക്തൃ സമൂഹത്തിന് മെച്ചപ്പെട്ട സേവനം നൽകുന്നതും സ്ഥാപനത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതും കണക്കിലെടുത്ത് കേരള സംസ്ഥാന സർക്കാരിന്റെ ഇ-ഗവേർണൻസ് അവാർഡ്, (ഇ-സിറ്റിസൺ സർവ്വീസ് ഡെലിവറി വിഭാഗത്തിൽ)

5. സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തി വികസിപ്പിച്ച മികച്ച ആപ്ലിക്കേഷനുകൾക്ക് 2017 നവംബറിൽ ഇന്ത്യൻ എക്സ്പ്രസ്സ് ഗ്രൂപ്പ് നൽകിയ സ്മാർട്ട് ഇൻഫ്രാസ്ട്രക്ചർ ഇന്നവേഷൻ അവാർഡ്.

6. ക്രിയാത്മകവും മാതൃകാപരവുമായ രീതിയിൽ ഊർജ്ജമിത്ര പദ്ധതിയിൽ (REC-യുടെ ഔട്ടേജ് മാനേജ്മെന്റ് സിസ്റ്റം) പങ്കെടുത്തതിനായി 2018 ഫെബ്രുവരിയിൽ റൂറൽ ഇലക്ട്രിഫിക്കേഷൻ നൽകിയ കോർപ്പറേഷൻ പ്രത്യേക പുരസ്കാരം.

(ബി) കേരളത്തിലെ പ്രധാന പട്ടണങ്ങളിലും പ്രാന്തപ്രദേശങ്ങളിലും അവയെ ബന്ധിപ്പിക്കുന്ന റോഡുകളുടെ ഇരുവശവുമായും ചാർജിംഗ്/സ്വാപ്പിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ കേരള സർക്കാർ ഉദ്ദേശിക്കുന്നു. പ്രധാന പട്ടണങ്ങളിൽ ആവശ്യത്തിന് ചാർജിംഗ്/സ്വാപ്പിംഗ് സ്റ്റേഷനുകൾ ആദ്യഘട്ടത്തിൽ സ്ഥാപിക്കാമെന്നും ഇലക്ട്രിക് വാഹനങ്ങളുടെ സ്വീകാര്യത വർദ്ധിക്കുന്നതോടെ ഇത്തരം സ്റ്റേഷനുകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കണമെന്നും ലക്ഷ്യമിട്ടിട്ടുണ്ട്. കെ.എസ്.ഇ.ബി.-യുടെയും സർക്കാരിന്റെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പറ്റിയ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കേരളത്തിലെ ആദ്യ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷൻ തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിനുള്ളിൽ കെ.എസ്.ഇ.ബി.-യുടെ ആഭിമുഖ്യത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന് അനിവാര്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനെർട്ടും EESL-ഉം ചേർന്ന് പദ്ധതികൾ രൂപീകരിച്ചുവരുന്നു. ആദ്യഘട്ടമെന്ന നിലയിൽ എല്ലാ ജില്ലയിലെയും DTPC-യുടെ കീഴിലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം തുടങ്ങിക്കഴിഞ്ഞു. നിലവിൽ 14 ജില്ലകളിലായി 115 ടൂറിസ്റ്റ് കേന്ദ്രങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ കൊച്ചി-കോവളം ഗ്രീൻ കോറിഡോർ ആക്കുന്നതിന്റെ ഭാഗമായി ദേശീയ പാതയിലുള്ള KTDC-യുടെ കീഴിലുള്ള 9 കേന്ദ്രങ്ങളിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തിക്കഴിഞ്ഞു.

(സി) 11 കെ.വി. വൈദ്യുത ശൃംഖലയിൽ വരുന്ന കേടുപാടുകൾ പെട്ടെന്ന് കണ്ടെത്തി പ്രശ്നപരിഹാരം വേഗത്തിൽ സാധ്യമാക്കുന്ന കമ്മ്യൂണിക്കേറ്റിംഗ് ഫോൾട്ട് പാസ്സ് ഡിറ്റക്ടർ സംവിധാനം കെ.എസ്.ഇ.ബി.എൽ. ജീവനക്കാർ രൂപകൽപ്പന ചെയ്തു വികസിപ്പിച്ചത് ഫീഡറുകളിൽ സ്ഥാപിച്ചുവരുന്നുണ്ട്. പ്രസരണ ശൃംഖലയുടെ നിരീക്ഷണത്തിനും അവയുടെ കേടുപാടുകൾ കണ്ടുപിടിച്ചു പരിഹരിക്കുന്നതിനുമായി നിർമ്മിത ബുദ്ധിയുടെ (Artificial Intelligence) സഹായത്തോടെ പ്രവർത്തിക്കുന്ന ഡ്രോൺ സംവിധാനം നടപ്പിലാക്കുന്ന ഇന്ത്യയിലെ ആദ്യ വൈദ്യുത യൂട്ടിലിറ്റി എന്ന സ്ഥാനം കെ.എസ്.ഇ.ബി.എൽ.

കരസ്ഥമാക്കിയിട്ടുണ്ട്. വൈദ്യുതി വിതരണ ലൈനുകളിലെ വൈദ്യുതി തടസ്സവും പുനഃസ്ഥാപനവും സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളെ മൊബൈൽ ഫോണിൽ എസ്.എം.എസ്. മുഖേന അറിയിക്കുന്ന 'ഊർജ്ജദൂത് ' പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന 'ഊർജ്ജ സൗഹൃദ' പദ്ധതി എന്നിവ ഇന്ന് വ്യാപകമായി ഉപയോഗപ്പെടുത്തുന്നു. HT/EHT ഉപഭോക്താക്കൾക്ക് പുതിയ കണക്ഷനുവേണ്ടി അപേക്ഷ ഗ്രീൻ ചാനൽ സംവിധാനത്തിലൂടെ ഓൺലൈനായി സമർപ്പിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തി. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു. ഒരുമാനെറ്റ് ബില്ലിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷൻ, വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാനും മറ്റുമുള്ള സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) സോഫ്റ്റ് വെയർ സംവിധാനം, ഭാരത് ബിൽ പേമെന്റ് സംവിധാനം ഉപയോഗപ്പെടുത്തി വൈദ്യുതി ഉപഭോക്താക്കൾക്ക് എല്ലാ പേമെന്റ് ഗേറ്റ്‌വേ/ബാങ്ക്/വാലറ്റ് മുഖേനയും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള നൂതന സംവിധാനം എന്നിവ മെച്ചപ്പെട്ട സേവനം വേഗത്തിൽ നൽകുവാൻ സഹായകരമായി.

**വിനോദസഞ്ചാര മേഖലയിലെ സംരംഭകർക്ക് പ്രോത്സാഹനം**

17 (*47) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരമേഖലയിലെ വിവിധ തരത്തിൽപ്പെടുന്ന സംരംഭകർക്ക് പ്രോത്സാഹനം നല്കുന്നതിനുള്ള പദ്ധതികളുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) സംരംഭകർക്കുള്ള വിവിധ അനുമതികൾ കാലതാമസവും ബുദ്ധിമുട്ടുമില്ലാതെ ലഭിക്കുന്നതിന് പ്രശ്നങ്ങൾ നിലനില്ക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ഹോം സ്റ്റേ, ടൂറിസ്റ്റ് വില്ലാ പ്രോജക്ട്, ഫാം ടൂറിസം എന്നിവയ്ക്ക് അനുമതി നല്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത വ്യവസ്ഥകളിൽ പ്രായോഗികമല്ലാത്തവയും കാലാനുസൃതമല്ലാത്തവയും പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) വിനോദസഞ്ചാര മേഖലയിലെ വിവിധ തരത്തിൽപ്പെടുന്ന സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഹോം സ്റ്റേ

കേരളത്തിലെ ജീവിതരീതിയും സംസ്കാരവും അടുത്തറിയുന്നതിനും അനുഭവവേദ്യമാകുന്നതിനും തനതു ഭക്ഷണരീതി പരിചയപ്പെടുന്നതിനും അതിലൂടെ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനും വേണ്ടിയാണ് ഹോംസ്റ്റേ എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. നിലവിലുള്ള ഉത്തരവ് പ്രകാരം വീട്ടുടമസ്ഥനുമാത്രമേ ഈ ക്ലാസിഫിക്കേഷൻ അനുവദിക്കുകയുള്ളൂ. പരമാവധി ആറ് മുറികൾ വരെ ഇതുപ്രകാരം സഞ്ചാരികൾക്ക് അനുവദിക്കാവുന്നതാണ്.

വാടകയ്ക്കോ പാട്ടക്കരാർ (ലീസ്) പ്രകാരമോ ഉള്ള കെട്ടിടങ്ങൾക്ക് ഹോംസ്റ്റേ ക്ലാസിഫിക്കേഷന് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. വീട്ടുടമസ്ഥൻ നിർബന്ധമായും ഈ വീട്ടിൽ താമസമുണ്ടായിരിക്കണം. നിലവിൽ താമസമുള്ള വീടുകൾക്കാണ് ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ അനുവദിക്കുന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിക്കുന്നവർക്ക് മാത്രമേ ഇതിന് അപേക്ഷിക്കുവാൻ അർഹതയുള്ളൂ.

സർവ്വീസ്ഡ് വില്ല

കേരളത്തിലെ ജീവിതരീതിയും സംസ്കാരവും അടുത്തറിയുന്നതിനും അനുഭവവേദ്യമാകുന്നതിനും തനതു ഭക്ഷണരീതി പരിചയപ്പെടുന്നതിനും അതിലൂടെ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനും വേണ്ടിയാണ് സർവ്വീസ്ഡ് വില്ല എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

സ്വതന്ത്രവും താമസയോഗ്യവുമായ കേരളത്തിന്റെ പാരമ്പര്യ മാതൃകയിൽ നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് സർവ്വീസ്ഡ് വില്ല ക്ലാസിഫിക്കേഷന് അപേക്ഷിക്കാവുന്നതാണ്. ഒരു മുറി മുതൽ പരമാവധി ആറ് മുറി വരെ ഇതുപ്രകാരം സഞ്ചാരികൾക്കായി അനുവദിക്കാവുന്നതാണ്. ഇംഗ്ലീഷ് ഭാഷ സംസാരിക്കാൻ അറിയാവുന്ന ഒരു വ്യക്തി സേവനങ്ങൾക്കായി നിർബന്ധമായും

ഉണ്ടായിരിക്കേണ്ടതാണ്. ആധുനിക സൗകര്യങ്ങളോടുകൂടിയ അടുക്കളയും ഒരു പാചകക്കാരനും ഇത്തരം വില്ലകളിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിക്കുന്നവർക്ക് മാത്രമേ ഇതിന് അപേക്ഷിക്കുവാൻ അർഹതയുള്ളൂ.

ഫാം ടൂറിസം

കേരളത്തിന്റെ കാർഷിക സംസ്കാരം വിദേശ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനും അതിലൂടെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും സഞ്ചാരികളെ ആകർഷിക്കുന്നതിനും വേണ്ടിയാണ് ഗ്രീൻ ഫാം ടൂറിസം എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. കുറഞ്ഞത് 10 ഏക്കർ സ്ഥലമുള്ള വ്യക്തിക്ക് ഫാം ടൂറിസത്തിനും 50 ഏക്കർ സ്ഥലമുള്ളവർക്ക് പ്ലാന്റേഷനും അപേക്ഷിക്കാവുന്നതാണ്. സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിക്കുന്നവർക്ക് മാത്രമേ ഇതിന് അപേക്ഷിക്കുവാൻ അർഹതയുള്ളൂ.

ആയുർവ്വേദ ക്ലാസിഫിക്കേഷൻ

കേരളത്തിലെ ആയുർവ്വേദ ചികിത്സാരീതികൾ വിദേശികൾക്ക് പരിചയപ്പെടുത്തുന്നതിനും ആയുർവ്വേദ ചികിത്സയുടെ ഗുണമേന്മയും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനുമായി ആയുർവ്വേദ ക്ലാസിഫിക്കേഷൻ പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു.

ഹൗസ്ബോട്ട് ക്ലാസിഫിക്കേഷൻ

ഹൗസ്ബോട്ടുമായി ബന്ധപ്പെട്ട് ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ, ഹൗസ്ബോട്ടുകൾക്ക് ക്ലാസിഫിക്കേഷൻ നൽകുന്ന ഒരു പദ്ധതി ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്നു.

മേൽ സൂചിപ്പിച്ച പദ്ധതികൾ പ്രകാരം ക്ലാസിഫിക്കേഷൻ നൽകുന്ന യൂണിറ്റുകളുടെ വിവരം കേരള ടൂറിസത്തിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തുകയും അതുവഴി വിപണനം ചെയ്യുവാനുള്ള സൗകര്യം ടൂറിസം വകുപ്പ് ഒരുക്കുകയും ചെയ്യുന്നു.

(ബി) സംരംഭകർക്ക് കാലതാമസവും ബുദ്ധിമുട്ടുമില്ലാതെ മേൽ പദ്ധതികൾക്ക് അനുമതി നൽകിവരുന്നു. മാത്രമല്ല പ്രസ്തുത വ്യവസ്ഥകളിൽ പ്രായോഗികമല്ലാത്തതും കാലാനുസൃതമല്ലാത്തവയും പരിഷ്കരിക്കാൻ വകുപ്പ് നടപടി എടുത്തുവരുന്നുണ്ട്. അതിന്റെ ഭാഗമായി ഹോംസ്റ്റേ നൽകുന്നതുമായി ബന്ധപ്പെട്ട് 2020-ൽ പുതുക്കിയ ഉത്തരവ് നിലവിൽ വന്നിട്ടുണ്ട്. ആയുർവ്വേദ ക്ലാസിഫിക്കേഷനുമായി ബന്ധപ്പെട്ട് 2019-ൽ പുതുക്കിയ ഉത്തരവ് നിലവിൽ വന്നിട്ടുണ്ട്.

(സി) <u>ഹോം സ്റ്റേ</u>

കേരളത്തിലെ ജീവിതരീതിയും സംസ്കാരവും അടുത്തറിയുന്നതിനും അനുഭവവേദ്യമാകുന്നതിനും തനതു ഭക്ഷണരീതി പരിചയപ്പെടുന്നതിനും അതിലൂടെ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനും വേണ്ടിയാണ് ഹോംസ്റ്റേ എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം വീട്ടുടമസ്ഥനുമാത്രമേ ഈ ക്ലാസിഫിക്കേഷൻ അനുവദിക്കുകയുള്ളൂ. പരമാവധി ആറ് മുറികൾ വരെ ഇതുപ്രകാരം സഞ്ചാരികൾക്ക് അനുവദിക്കാവുന്നതാണ്.

വാടകയ്ക്കോ പാട്ടക്കരാർ (ലീസ്) പ്രകാരമോ ഉള്ള കെട്ടിടങ്ങൾക്ക് ഹോംസ്റ്റേ ക്ലാസിഫിക്കേഷന് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. വീട്ടുടമസ്ഥൻ നിർബന്ധമായും ഈ വീട്ടിൽ താമസമുണ്ടായിരിക്കണം. നിലവിൽ താമസമുള്ള വീടുകൾക്കാണ് ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ അനുവദിക്കുന്നത്.

<u>സർവ്വീസ്ഡ് വില്ല</u>

കേരളത്തിലെ ജീവിതരീതിയും സംസ്കാരവും അടുത്തറിയുന്നതിനും അനുഭവവേദ്യമാകുന്നതിനും തനതു ഭക്ഷണരീതി പരിചയപ്പെടുന്നതിനും അതിലൂടെ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനും വേണ്ടിയാണ് സർവ്വീസ്ഡ് വില്ല എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. സ്വതന്ത്രവും താമസയോഗ്യവുമായ കേരളത്തിന്റെ പാരമ്പര്യ മാതൃകയിൽ നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് സർവ്വീസ്ഡ് വില്ല ക്ലാസിഫിക്കേഷന് അപേക്ഷിക്കാവുന്നതാണ്. ഒരു മുറി മുതൽ പരമാവധി ആറ് മുറി വരെ ഇതുപ്രകാരം സഞ്ചാരികൾക്കായി അനുവദിക്കാവുന്നതാണ്. ഇംഗ്ലീഷ് ഭാഷ സംസാരിക്കാൻ അറിയാവുന്ന ഒരു വ്യക്തി സേവനങ്ങൾക്കായി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ആധുനിക സൗകര്യങ്ങളോടു കൂടിയ അടുക്കളയും ഒരു പാചകക്കാരനും ഇത്തരം വില്ലകളിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

<u>ഫാം ടൂറിസം</u>

കേരളത്തിന്റെ കാർഷിക സംസ്കാരം വിദേശ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനും അതിലൂടെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും സഞ്ചാരികളെ ആകർഷിക്കുന്നതിനും വേണ്ടിയാണ് ഗ്രീൻ ഫാം ടൂറിസം എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. കുറഞ്ഞത് 10 ഏക്കർ സ്ഥലമുള്ള വ്യക്തിക്ക് ഫാം ടൂറിസത്തിനും 50 ഏക്കർ സ്ഥലമുള്ളവർക്ക് പ്ലാന്റേഷനും അപേക്ഷിക്കാവുന്നതാണ്.

(ഡി) പ്രസ്തുത വ്യവസ്ഥകളിൽ പ്രായോഗികമല്ലാത്തതും കാലാനുസൃതമല്ലാത്തവയും പരിഷ്കരിക്കാൻ വിനോദസഞ്ചാര വകുപ്പ് നടപടി എടുത്തുവരുന്നുണ്ട്. അതിന്റെ ഭാഗമായി ഹോംസ്റ്റേകൾക്ക് ക്ലാസിഫിക്കേഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് 2020-ൽ പുതുക്കിയ സർക്കാർ ഉത്തരവ് നിലവിൽ വന്നിട്ടുണ്ട്.

**പ്രീ പെയ്ഡ് സ്മാർട്ട് മീറ്ററുകൾ**

18 (*48) ശ്രീ. കെ. എം. ഷാജി:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള വൈദ്യുത മീറ്ററുകളെല്ലാം മൂന്നുവർഷത്തിനുള്ളിൽ പ്രീ പെയ്ഡ് സ്മാർട്ട് മീറ്ററാക്കണമെന്ന കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) ഈ നിർദ്ദേശം പ്രായോഗികമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കേന്ദ്ര നിർദ്ദേശം നടപ്പാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) കേന്ദ്ര ഊർജ്ജ വകുപ്പ്, വിവിധ സംസ്ഥാനങ്ങളിൽ ഊർജ്ജ മേഖലയിൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകന യോഗങ്ങളിൽ (ആർ.പി.എം. മീറ്റിംഗ്) നിലവിലുള്ള വൈദ്യുത മീറ്ററുകൾ എല്ലാം മൂന്നു വർഷത്തിനുള്ളിൽ പ്രീപെയ്ഡ് സ്മാർട്ട് മീറ്ററാക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഉദയ് പദ്ധതിയിൽ കേന്ദ്രസർക്കാരും കേരള സർക്കാരും കെ.എസ്.ഇ.ബി.-യും തമ്മിൽ ഒപ്പിട്ട ത്രികക്ഷി കരാർ പ്രകാരം കെ.എസ്.ഇ.ബി. 2017 ഡിസംബർ 31-ഓടെ പ്രതിമാസം 500 യൂണിറ്റുകളിൽ കൂടുതൽ ഉപയോഗിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും 2019 ഡിസംബർ 31-ഓടെ പ്രതിമാസം 200 യൂണിറ്റുകളിൽ കൂടുതൽ ഉപയോഗിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ ഘടിപ്പിക്കേണ്ടതാണ്. 2020-21-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേന്ദ്ര ധനമന്ത്രി അടുത്ത മൂന്ന് വർഷത്തിൽ പരമ്പരാഗത മീറ്ററുകൾ മാറ്റി പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാർ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത് ഊർജ്ജ മേഖലയിലെ സഞ്ചിത സാങ്കേതിക

വാണിജ്യനഷ്ടം (AT & C loss), വൈദ്യുതി മോഷണം എന്നിവ കുറയ്ക്കുവാൻ വേണ്ടിയാണ്. എന്നാൽ കെ.എസ്.ഇ.ബി.-യുടെ സ്ഥിതി മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാണ്. കെ.എസ്.ഇ.ബി.-യുടെ വിതരണ നഷ്ടം, സഞ്ചിത സാങ്കേതിക വാണിജ്യ നഷ്ടം എന്നിവ രാജ്യത്തിലെ തന്നെ ഏറ്റവും കുറഞ്ഞ നിലയിലാണ്. മാത്രമല്ല, സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് സാധിക്കുന്നതിനാൽ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിച്ചാൽ ബോർഡിന് വലിയ സാമ്പത്തിക നേട്ടം പ്രതീക്ഷിക്കുന്നില്ല. അതേസമയം ഗണ്യമായ തോതിൽ പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ ഗ്രിഡിൽ കൂട്ടിച്ചേർക്കാൻ സ്മാർട്ട് മീറ്റർ സമ്പ്രദായം കാലക്രമേണ ആവശ്യമാണ്. സ്മാർട്ട് മീറ്ററുകളുടെ ലഭ്യത ഉയരുകയും അവയുടെ വില ഗണ്യമായി കുറയുകയും ചെയ്യുന്നതനുസരിച്ച് അവ കേരളത്തിന് പ്രയോജനകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉദയ് പദ്ധതിയിൽ ഉൾപ്പെട്ട സംസ്ഥാനമെന്ന നിലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി വിവരസാങ്കേതിക വിദ്യാടിസ്ഥാനത്തിൽ സംയോജിത ഊർജ്ജ വികസന പദ്ധതി പ്രകാരം ഐ.പി.ഡി.എസ്. പട്ടണങ്ങളിലുള്ള 6.2 ലക്ഷം ഉപഭോക്താക്കൾക്ക് (6 കോർപ്പറേഷനുകളിലെ തെരഞ്ഞെടുക്കപ്പെട്ട 17 ഇലക്ട്രിക്കൽ സെക്ഷനുകളിലെ എല്ലാ ഉപഭോക്താക്കൾക്കും) ഇലക്ട്രോണിക് മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് ലക്ഷ്യമിടുന്നു. ഇതുപ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ വേണ്ടി കമ്പനിയെ തെരഞ്ഞെടുക്കാനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിൽ കേശവദാസപുരം ഇലക്ട്രിക്കൽ സെക്ഷനിലെ എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കാനുള്ള ടെൻഡർ നടപടികളും നടന്നുവരുന്നു.

## സമ്പദ്‌വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി

19 (*49) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യം അഭിമുഖീകരിക്കുന്ന സാമ്പത്തികമാന്ദ്യവും കേന്ദ്രസർക്കാരിൽ നിന്നുള്ള വിവേചനപരമായ സമീപനവും നാണ്യവിളകളുടെ വിലത്തകർച്ചയുമെല്ലാം സംസ്ഥാനത്ത് സൃഷ്ടിക്കാനിടയുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ പര്യാപ്തമായ തോതിൽ നികുതി വരുമാന വർദ്ധനവ് ഉറപ്പാക്കുന്നതിന് കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) സമ്പദ് വ്യവസ്ഥയുടെ വളർച്ച ശക്തിപ്പെടുത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള സമഗ്ര വികസന പദ്ധതികളിൽ പ്രധാനപ്പെട്ടവയെക്കുറിച്ച് അറിയിക്കാമോ;

(സി) കിഫ്ബി പദ്ധതികളുടെ നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനു വേണ്ട ഇടപെടൽ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ നയങ്ങളും സംസ്ഥാന സർക്കാരിനോട് പുലർത്തുന്ന വിവേചനപരമായ സമീപനവും സൃഷ്ടിച്ചിട്ടുള്ള സാമ്പത്തിക പ്രതിസന്ധി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ ബജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്.
2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.
3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.
4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.
5. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.
6. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുകയെന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

i. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചുകാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയും.

ii. ജി.എസ്.ടി.ആർ.-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ.-3 ബി, ജി.എസ്.ടി.ആർ.-1 ഇവ തമ്മിലുള്ള താരതമ്യം, ഇ-വേ ബിൽ ഡാറ്റ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

iii. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ.) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്ക് വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തത്സമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പുവരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തത്സമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്.

iv. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

v. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്കുസേവന നികുതി വിതരണക്കാർക്കും ഉപയോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ല് കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നു.

vi. ജി.എസ്.ടി. രജിസ്ട്രേഷൻ വിപുലീകരിക്കുന്നതിനുള്ള നടപടികൾ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

7. വിവിധ നികുതികളും ഫീസുകളും കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങളും ആഗോള സാമ്പത്തിക ഭൂമിശാസ്ത്രപരമായ പ്രശ്നങ്ങളും സംസ്ഥാനം ലക്ഷ്യമിടുന്ന സാമ്പത്തിക വളർച്ച കൈവരിക്കുന്നതിന് വിഘാതമാണെന്നത് ഒരു വസ്തുതയാണ്. അതോടൊപ്പം

കേന്ദ്രസർക്കാർ ഉപഭോഗം ഉത്തേജിപ്പിക്കുന്നതിനുപകരം അനുവർത്തിക്കുന്ന സപ്ലൈസൈഡ് ഇക്കണോമിക്സും നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ശുഭസൂചകമായ കാര്യമല്ല. ടി പ്രതികൂല സാഹചര്യത്തിലും എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന ബഹുതല സ്പർശിയായ വികസനം സാദ്ധ്യമാക്കുന്നതിനുതകുന്ന പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ പ്രധാനപ്പെട്ടവ ഇവയാണ്.

1. വിഭവ ദൗർലഭ്യംമൂലം മുരടിച്ച് നിന്നിരുന്ന സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് പുതിയ വെളിച്ചം പകർന്ന കിഫ്ബിയിലൂടെ 54000 കോടിയിൽപ്പരം രൂപയുടെ പദ്ധതികൾ പുരോഗമിക്കുകയാണ്. സാധാരണഗതിയിൽ ഇരുപത്തഞ്ചോ മുപ്പതോ വർഷംകൊണ്ട് ഉണ്ടാകുന്ന പശ്ചാത്തലസൗകര്യങ്ങൾ അടുത്ത മൂന്ന് വർഷംകൊണ്ട് ലക്ഷ്യമിടുന്ന മേൽ പ്രോജക്ട് രാജ്യത്ത് ഇന്ന് നടപ്പാക്കുന്ന ഏറ്റവും വലിയ മാന്ദ്യവിരുദ്ധ പാക്കേജാണ്.

2. 2020-21-ൽ 36811.33 കോടി രൂപയുടെ (Special Central Assistance ഉൾപ്പെടെ) വാർഷിക പദ്ധതിയാണ് ലക്ഷ്യമിടുന്നത്.

3. .തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മൊത്തം ധനസഹായം 2020-21-ൽ 12074 കോടി രൂപയായി ഉയർത്തി.

4. 2500 കോടി രൂപയുടെ മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് റീബിൽഡ് പദ്ധതി.

5. എല്ലാ ക്ഷേമ പെൻഷനുകളും 1300 രൂപയായി വർദ്ധിപ്പിച്ചു.

6. മൂലധന ചെലവിനായി 14,428 കോടി രൂപ വകയിരുത്തി.

7. 2020-21-ൽ ഒരു ലക്ഷം വീടുകൾ/ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ളപദ്ധതി.

8. നെൽക്കൃഷിക്ക് റോയൽറ്റി.

9. വ്യവസായ പാർക്കുകൾക്കും കോർപ്പറേറ്റ് നിക്ഷേപം ആകർഷിക്കുന്നതിനും സ്റ്റാർട്ട് അപ്പുകൾക്കും ബൃഹത്തായ കർമ്മ പദ്ധതി.

10. 2020-21-ൽ 500 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി.

11. 25,000-ൽപ്പരം കോടി രൂപയുടെ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ.

12. ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഗ്രീൻ ഫീൽഡ് റെയിൽപ്പാത, കൊച്ചി ഗ്രീൻ മൊബിലിറ്റി സോൺ അടക്കമുള്ള പദ്ധതികൾ.

13. പൊതുമേഖലയ്ക്ക് 2020-21-ൽ 280 കോടി രൂപയുടെ അടങ്കൽ.

14. കേരളത്തിന്റെ വികസന സ്വപ്നങ്ങൾക്ക് താങ്ങായി കേരള ബാങ്ക്.

15. സ്ത്രീശാക്തീകരണം ലക്ഷ്യമാക്കി കുടുംബശ്രീക്ക് ബഹുമുഖ പദ്ധതികൾ.

16. 19,130 കോടി രൂപ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് വകയിരുത്തി.

17. പ്രാദേശിക വിഷയങ്ങൾക്ക് പരിഹാരമെന്നോണം കുട്ടനാട്, വയനാട്, ഇടുക്കി പാക്കേജുകൾ.

(സി) കിഫ്ബി അംഗീകരിച്ച 54,391 കോടി രൂപയുടെ പദ്ധതികളുടെ നിർവ്വഹണം ത്വരിതപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ ഭരണ വകുപ്പും നിർവ്വഹണ ഏജൻസിയും കിഫ്ബിയും തമ്മിലുള്ള മീറ്റിംഗുകൾ വിവിധ തലങ്ങളിൽ നടത്തിവരുന്നു. കിഫ്ബിയുടെ ജില്ലാതല പരിപാടിയായ 'കേരള നിർമ്മിതി'-യുടെ ഭാഗമായി അതാത് ജില്ലകളിലെ പദ്ധതികൾ സുഗമവും സമയബന്ധിതവുമായി നടപ്പിലാക്കുന്നതിനായി നിയമസഭാ സാമാജികന്മാരെയും പൊതുജനങ്ങളെയും ബന്ധപ്പെട്ട ഭരണ വകുപ്പുകളെയും നിർവ്വഹണ ഏജൻസികളെയും ഉൾക്കൊള്ളിച്ച് യോഗങ്ങൾ നടന്നുവരുന്നു.

**വിനോദസഞ്ചാര മേഖല ആകർഷകമാക്കാൻ നടപടി**

20 (*50) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖല കൂടുതൽ ആകർഷകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിനായി എന്തൊക്കെ പരിഷ്കാരങ്ങളാണ് നടപ്പിലാക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വിനോദസഞ്ചാര വകുപ്പിലെ പ്രൊഫഷണലിസമില്ലാത്ത ഉദ്യോഗസ്ഥരുടെ പ്രവർത്തനശേഷിയും വിനോദസഞ്ചാരികളോടുള്ള പെരുമാറ്റവും മെച്ചപ്പെടുത്താൻ നടപടി ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) വിനോദസഞ്ചാര മേഖല കൂടുതൽ ആകർഷകമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി)കേരളത്തിലേയ്ക്കെത്തുന്ന ആഭ്യന്തര വിദേശ വിനോദസഞ്ചാരികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിനോദസഞ്ചാരാനുഭവം നൽകുന്നതിനായി അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും വേണ്ട വിവിധ പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടൂറിസം കേന്ദ്രങ്ങൾ എല്ലാ വിഭാഗക്കാർക്കും അനുഭവവേദ്യമാക്കുന്നതിനായി ബാരിയർ ഫ്രീ ടൂറിസം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ ഏർപ്പെടുത്തിവരുന്നു. കൂടാതെ ഗ്രാമീണ മേഖലയിൽ പദ്ധതി പ്രദേശങ്ങളിലെ സ്ഥലവാസികളുടെ പങ്കാളിത്തം ഉറപ്പാക്കി ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനം നടത്തിവരുന്നു. വിനോദസഞ്ചാരികളുടെ ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി വിവിധ ടൂറിസം ഡെസ്റ്റിനേഷനുകളിൽ ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ, ഗ്രീൻ കാർപ്പറ്റ് പദ്ധതി, ഗ്രീൻ ഗ്രാസ് പ്രോജക്ട് എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട ഡെസ്റ്റിനേഷനുകളിൽ 'World Class Toilet' പദ്ധതി പ്രകാരം ശുചിമുറികൾ നിർമ്മിക്കുന്നതിന് ആരംഭം കുറിച്ചിട്ടുണ്ട്. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

- മലനാട്-മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി
- " ഗ്രീൻ കാർപ്പറ്റ് സ്കീം "
- കൊല്ലം ജില്ലയിലെ ജഡായുപ്പാറ ടൂറിസം പദ്ധതി
- ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി
- ഉത്തരവാദിത്ത ടൂറിസം പദ്ധതി
- ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്
- കോവളത്തിന്റെ സമഗ്ര വികസന പദ്ധതി
- ശംഖുമുഖത്തിന്റെ സമഗ്ര വികസന പദ്ധതി
- ആക്കുളം കായലിന്റെ പുനരുജ്ജീവനം
- വർക്കലയുടെ സമഗ്ര വികസന പദ്ധതി
- വേളിയുടെ സമഗ്ര വികസന പദ്ധതി

- വിവിധ ഗസ്റ്റ്ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ
- ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി
- ലീഗ് അടിസ്ഥാനത്തിൽ അനുവദിച്ച " ചാമ്പ്യൻസ് ബോട്ട് ലീഗ്" വള്ളംകളി ടൂർണമെന്റിന്റെ രണ്ടാം ഘട്ടം നടപ്പാക്കുന്നു.
- വിവിധ ടൂറിസം ഉൽപ്പന്നങ്ങളുടെ നിലവാരവും സുരക്ഷിതത്വവും ഉറപ്പുവരുത്തുവാൻ ഉദ്ദേശിച്ചുള്ള അപ്രൂവൽ/ക്ലാസിഫിക്കേഷൻ പദ്ധതികൾ കാലോചിതമായി നവീകരിക്കുന്നു.
- സാഹസിക ടൂറിസം മേഖലയുടെ ശാക്തീകരണത്തിനും പരിപോഷണത്തിനുമായുള്ള രജിസ്ട്രേഷൻ പദ്ധതി ആരംഭിച്ച് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നു.
- ടൂറിസം രംഗത്തെ സേവനങ്ങൾക്കും ഉൽപ്പന്നങ്ങൾക്കും നിലവാരവും മൂല്യവും സുരക്ഷിതത്വവും ഉറപ്പാക്കുവാനും ടൂറിസം രംഗത്തെ വിവിധ പ്രവർത്തനങ്ങൾ നിയമാനുസൃതമാക്കുവാനും വേണ്ടി 'കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി ' രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ഇന്ത്യ കൺവെൻഷൻ പ്രൊമോഷൻ ബ്യൂറോ (ICPB) കേരളം ചാപ്റ്റർ രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) വിനോദസഞ്ചാര വകുപ്പിലെ, പൊതുജനങ്ങളുമായി നേരിട്ടിടപെടുന്ന ജീവനക്കാർക്ക് ഈ ലക്ഷ്യം നേടുന്നതിനായി അവരുടെ പ്രവർത്തനശേഷിയും വിനോദസഞ്ചാരികളോടുള്ള പെരുമാറ്റവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ കാലാകാലങ്ങളിൽ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്.

**ഹൗസ് ബോട്ടുകളുടെ പ്രവർത്തനം**

21 (*51) ശ്രീ. എം. സി. കമറുദ്ദീൻ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാതൊരു സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കാതെ ഹൗസ് ബോട്ടുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയ്ക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ;

(സി) ഹൗസ് ബോട്ടുകളിലെ ശുചിമുറി മാലിന്യം സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഹൗസ് ബോട്ടുകളുടെ രജിസ്ട്രേഷൻ വിനോദസഞ്ചാര വകുപ്പിന്റെ പരിധിയിൽ വരുന്നില്ല. കേരള മാരിടൈം ബോർഡിന്റെ പരിശോധനയിൽ രജിസ്ട്രേഷനില്ലാതെ അനധികൃതമായി പ്രവർത്തിച്ചതായി കണ്ടെത്തിയ ഹൗസ് ബോട്ടുകൾക്ക് സ്റ്റോപ് മെമ്മോ നൽകിയിട്ടുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ കർശനമാക്കിക്കൊണ്ട് വിനോദസഞ്ചാര വകുപ്പ് ഹൗസ് ബോട്ടുകളുടെ ക്ലാസിഫിക്കേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഹൗസ് ബോട്ടുകളുടെ പ്രവർത്തനങ്ങൾക്ക് ടൂറിസം വകുപ്പിന്റെ ക്ലാസിഫിക്കേഷൻ നിലവിൽ നിർബന്ധമല്ല.

(ബി) സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിൽ പ്രവർത്തിക്കുന്നതും എഞ്ചിൻ ഉപയോഗിക്കുന്നതുമായ ഹൗസ് ബോട്ട് അടക്കമുള്ള എല്ലാ ജലയാനങ്ങൾക്കും 2010-ലെ കേരള ഉൾനാടൻ ജലഗതാഗത നിയമപ്രകാരമുള്ള രജിസ്ട്രേഷൻ നിർബന്ധമാണ്.

(സി)ഹൗസ് ബോട്ടുകളിൽ നിന്നുള്ള ശുചിമുറി മാലിന്യ സംസ്കരണത്തിനായി കോട്ടയത്തെ കവണാറ്റിൻകരയിലും ആലപ്പുഴയിലെ കുട്ടനാട് എച്ച് ബ്ലോക്കിലും സംവിധാനമൊരുക്കിയിട്ടുണ്ട്. കുമരകത്തിനടുത്ത് കവണാറ്റിൻകരയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നവീകരണത്തിന് 73,25,000 രൂപയുടെ പദ്ധതിക്ക് 3-7-2019-ൽ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഹൗസ് ബോട്ടുകളിൽ നിന്നുള്ള ശുചിമുറി മാലിന്യം ശേഖരിച്ച് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിക്കാനായി സ്വീവേജ് ബാർജ് നിർമ്മിക്കാൻ 85,94,136 രൂപയുടെ പദ്ധതിക്കും 16-11-2019-ൽ അംഗീകാരം നൽകിയിട്ടുണ്ട്. കോട്ടയം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ (ഡി.ടി.പി.സി.) നടപ്പാക്കുന്ന ഇരുപദ്ധതികളുടെയും നിർവ്വഹണ ഏജൻസി 'സിൽക്ക് ' ആണ്.

ആലപ്പുഴ കുട്ടനാട്ടിലെ എച്ച് ബ്ലോക്കിൽ ഹൗസ് ബോട്ടുകളിൽ നിന്നുള്ള ശുചിമുറി മാലിന്യ സംസ്കരണത്തിനായി 64 ലക്ഷം രൂപ ചെലവിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചിരുന്നെങ്കിലും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിലക്കിനെ തുടർന്ന് ശാല പ്രവർത്തിച്ചിരുന്നില്ല. തുടർന്ന് ഈ ശാല പ്രവർത്തനക്ഷമമാക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കാൻ ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനും നിർദ്ദേശവും നൽകിയിട്ടുണ്ട്.

ഹൗസ് ബോട്ടുകളിൽ നിന്നുള്ള ശുചിമുറി മാലിന്യം കായലിൽ തള്ളുന്ന സാഹചര്യം ഒഴിവാക്കാൻ ബയോ ടോയ്‌ലെറ്റ് സംവിധാനം നിർബന്ധമാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതോടൊപ്പം കവണാറ്റിൻകരയിലും ആലപ്പുഴ എച്ച് ബ്ലോക്കിലുമുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നവീകരണവും നടത്തും. കൂടാതെ ഹൗസ് ബോട്ട് മാലിന്യം ശേഖരിക്കാനായി രണ്ട് സ്വീവേജ് കളക്ഷൻ ബാർജുകൾ കൂടി വാങ്ങാൻ കേരള മാരിടൈം ബോർഡിനും അനുമതി ലഭിച്ചിട്ടുണ്ട്. പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ആദ്യ ബാർജിന്റെ നിർമ്മാണത്തിനുള്ള ടെൻഡർ നടപടികളും പുരോഗതിയിലാണ്.

ഇതിനുപുറമെ ഹൗസ് ബോട്ടുകൾക്ക് ക്ലാസിഫിക്കേഷൻ അനുവദിക്കാനുള്ള മാനദണ്ഡങ്ങളിൽ ചുവടെ ചേർത്ത വ്യവസ്ഥകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

# മാലിന്യ സംസ്കരണത്തിനായി ശാസ്ത്രീയമായി രൂപകൽപ്പന ചെയ്ത സെപ്റ്റിക് ടാങ്കുകളും ബയോ ടോയ്‌ലെറ്റുകളും നിർബന്ധമാണ്.

# ജൈവമാലിന്യങ്ങൾ സംസ്കരിക്കാനുള്ള സജ്ജീകരണം നിർബന്ധമാണ്. ഏറോബിൻ/ബയോഗ്യാസ് പ്ലാന്റ് മുതലായവ ഏർപ്പെടുത്തേണ്ടതാണ്.

**കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി**

22 (*52) ശ്രീ. അനിൽ അക്കര :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിസന്ധി നേരിടുന്ന കൈത്തറി വ്യവസായത്തെ രക്ഷിക്കുവാൻ പദ്ധതി ആവിഷ്കരിച്ചുവെന്ന് പ്രഖ്യാപിക്കുമ്പോഴും പ്രസ്തുത മേഖല അതീവ ഗുരുതരമായ സ്ഥിതിവിശേഷം നേരിടുന്നുവെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ബി) കൈത്തറിമേഖലയിലെ നെയ്ത്തുകാർക്ക് വർഷത്തിൽ കുറഞ്ഞത് ഇരുന്നൂറ് ദിവസമെങ്കിലും ജോലി നൽകുമെന്നും അവരുടെ വേതനം വർദ്ധിപ്പിക്കുമെന്നുമുള്ള പ്രഖ്യാപനം പൂർണ്ണ തോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ;

(സി) ഗുണനിലവാരം വർദ്ധിപ്പിച്ചാൽ മാത്രമേ കൈത്തറിമേഖലയെ രക്ഷപ്പെടുത്തുവാൻ സാധിക്കുവെന്നതിനാൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനികവൽക്കരണം നടപ്പിലാക്കുന്നതിനുമായി ഈ സർക്കാർ കൊണ്ടുവന്ന പദ്ധതികൾ വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കൈത്തറി വസ്ത്ര മേഖല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങളിലെ നെയ്ത്ത് തറികൾ ഭൂരിഭാഗവും ഭാഗികമായി മാത്രമേ പ്രവർത്തിച്ചിരുന്നുള്ളൂ. മാത്രവുമല്ല നൂറോ നൂറ്റിയമ്പതോ രൂപ കൂലിയിൽ വർഷത്തിൽ നൂറ് ദിവസത്തിന് താഴെ മാത്രമായിരുന്ന ജോലി ലഭ്യമായിരുന്നത്. ഇക്കാരണത്താൽ കൈത്തറി നെയ്ത്ത് തൊഴിലാളികൾ ഈ മേഖലയിൽ നിന്ന് കൊഴിഞ്ഞുപൊയ്ക്കൊണ്ടിരുന്നു. ഈ സാഹചര്യത്തിൽ കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുന്നതിനുമായി ഈ സർക്കാർ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കി. ടി പദ്ധതി നടപ്പിലാക്കി 4 വർഷം പിന്നിട്ടപ്പോൾ 5760 നെയ്ത്ത് തൊഴിലാളികളും 1513 അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് പ്രവർത്തനരഹിതമായി പൂട്ടിക്കിടന്നിരുന്ന 15 സംഘങ്ങൾ പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുറന്നു പ്രവർത്തിപ്പിക്കുവാൻ സാധിച്ചു. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി ഇതുവരെ 124.8 കോടിയോളം രൂപ കൂലിയിനത്തിൽ നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൈത്തറി മേഖലയിൽ നടപ്പിലാക്കിയ മിനിമം കൂലി വർദ്ധനവ് സ്കൂൾ യൂണിഫോം പദ്ധതിയിലും ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏകദേശം 250-ൽ കൂടുതൽ തൊഴിൽദിനങ്ങൾ പ്രസ്തുത പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ട്.

കൈത്തറി മേഖലയുടെ സമഗ്ര പുരോഗതിക്കായി നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള നൂൽ, ചായം, രാസവസ്തുക്കൾ എന്നീ അസംസ്കൃതവസ്തുക്കൾ ന്യായമായ വിലയ്ക്ക് യാൺ ബാങ്കുകൾ വഴി യഥാസമയം ലഭ്യമാക്കുന്നതിന് കഴിന്നൂൽ സബ്സിഡിയും ഡൈസ് ആന്റ് കെമിക്കൽ സബ്സിഡിയും നൽകിവരുന്നു. കൂടാതെ ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം യാൺ ബാങ്കുകൾ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനായി മാർജിൻ മണി വായ്പയും നൽകിവരുന്നുണ്ട്. ആയതിനാൽ നിലവിൽ പ്രസ്തുത മേഖല അതീവഗുരുതരമായ സ്ഥിതിവിശേഷം നേരിടുന്നില്ല.

(ബി) ഉണ്ട്. കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനം, കൂടുതൽ തൊഴിൽദിനങ്ങൾ എന്നിവ ലഭിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. പ്രസ്തുത പദ്ധതിമൂലം വർഷത്തിൽ ഏകദേശം 250-ൽ കൂടുതൽ തൊഴിൽ ദിനങ്ങൾ നെയ്ത്ത് തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുണ്ട്. കൈത്തറി മേഖലയിൽ നടപ്പിലാക്കിയ മിനിമം കൂലി വർദ്ധനവ് സ്കൂൾ യൂണിഫോം പദ്ധതിയിലും ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കൈത്തറി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യം മുൻനിർത്തി കൈത്തറി ഉൽപ്പന്നങ്ങളെ ബ്രാൻഡ് ചെയ്യുന്നതിനായി ബ്രാൻഡിംഗ് ഓഫ് വാല്യൂ ആൻഡ് ഹാന്റ്ലൂം പ്രോഡക്സ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൈത്തറി ഉൽപ്പന്നങ്ങളെ ബ്രാൻഡ് ചെയ്യുന്നതുവഴി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ന്യൂനതകൾ ഇല്ലാത്ത ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും സാധിക്കും. കൈത്തറി മേഖലയിൽ സാങ്കേതികവിദ്യ ഉയർത്തുന്നതിനും നൂതന സാങ്കേതിക വിദ്യകൾ നെയ്ത്തുകാർക്ക് കൈമാറ്റം ചെയ്യുന്നതിനുമായി ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി പ്രകാരം വിവിധതരം ഉപകരണങ്ങൾ വാങ്ങി നെയ്ത്ത് സംഘങ്ങൾക്ക് നൽകുന്നതിന് സർക്കാർ ധനസഹായം നൽകുന്നു.

ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം യാൺ ബാങ്കുകൾ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിന് പ്രവർത്തനമൂലധനമായി മാർജിൻ മണി വായ്പ നൽകിവരുന്നു. 2019-20 സാമ്പത്തികവർഷം 200 ലക്ഷം രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

കൈത്തറി നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃതവസ്തുക്കൾ യാൺ ബാങ്കുകൾ വഴി നാഷണൽ ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.എച്ച്.ഡി.സി.)-നിൽ നിന്നും സബ്സിഡി നിരക്കിൽ ന്യായമായ വിലയ്ക്ക് നൽകിവരുന്നുണ്ട്. 2019-20 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൈത്തറി വസ്ത്രങ്ങൾ ഉപഭോക്താക്കൾക്ക് തിരിച്ചറിയുന്നതിനും അതുവഴി വ്യാജകൈത്തറി ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നത് ഫലപ്രദമായി തടയുന്നതിനുംവേണ്ടി നടപ്പിലാക്കിയ പദ്ധതിയാണ് 'ഹാന്റ്ലൂം മാർക്ക് ' പദ്ധതി. ഹാന്റ്ലൂം മാർക്ക് പതിപ്പിച്ച ഉൽപ്പന്നങ്ങൾക്ക് മാത്രമേ റിബേറ്റ് നൽകിവരുന്നുള്ളൂ. കൂടാതെ 1985-ലെ റിസർവ്വേഷൻ ഓഫ് ആർട്ടിക്കിൾസ് ഫോർ പ്രൊഡക്ഷൻ ആക്ട്

അനുസരിച്ച് നിയന്ത്രിത തുണിത്തരങ്ങൾ പവർലൂമിൽ നെയ്യുന്നത് തടയുന്നതിനായി എൻഫോഴ്സ്മെന്റിനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ പവർലൂം സംഘങ്ങളിലും പരിശോധന നടത്തി നിയന്ത്രിക്കപ്പെട്ട ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും അങ്ങനെ നിർമ്മിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(ഡി) ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനികവൽക്കരണം നടപ്പിലാക്കുന്നതിനുമായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു:

കണ്ണൂർ ജില്ലയിലെ നാടുകാണിയിൽ ഒരു പരിസ്ഥിതി സൗഹൃദ ഡൈയിംഗ് ആന്റ് പ്രിന്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 2020-21 സാമ്പത്തിക വർഷത്തിലേയ്ക്കായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവഴി കേരളത്തിൽ നിർമ്മിക്കുന്ന വസ്ത്രങ്ങളുടെ ചായം മുക്കലും പ്രിന്റിംഗും സംസ്ഥാനത്തിനകത്തുതന്നെ നിറവേറ്റുവാൻ സാധിക്കും.

ചേന്ദമംഗലം കൈത്തറി മേഖലയിൽ 2.35 കോടി രൂപ മുതൽമുടക്കിൽ ഒരു കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ സർക്കാർ നടപ്പിലാക്കിവരുന്ന യുവവീവ് പദ്ധതി, വീട്ടിലൊരു തറി പദ്ധതി, ഹാന്റക്സ് മുഖേന നടപ്പിലാക്കിവരുന്ന കൈത്തറി സുരക്ഷാ പദ്ധതി തുടങ്ങിയവ കൈത്തറിമേഖലയിൽ നല്ല പ്രയോജനം ചെയ്തിട്ടുണ്ട്.

**ക്വാറികൾക്ക് അനുമതി നൽകുന്നതിന് ചട്ടം**

23 (*53) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എം. ഉമ്മർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്വാറികൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക ചട്ടം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ചട്ടത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ&ബി) ഉദ്ദേശിക്കുന്നില്ല 1957-ലെ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ടിലെ 15-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ അധികാരമനുസരിച്ച് രൂപീകരിച്ച 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളനുസരിച്ചാണ് നിലവിൽ ക്വാറികൾക്ക് അനുമതി നൽകുന്നത്.

**ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ പട്ടിക വിഭാഗങ്ങൾക്ക് സംവരണം**

24 (*54) ശ്രീ. ഡി. കെ. മുരളി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേരാനെല്ലൂർ ക്ഷേത്ര ശ്രീകോവിൽ നടയിൽ പട്ടികജാതിയിൽപ്പെട്ട സോപാന ഗായകനെ പാടാൻ അനുവദിക്കാതെ അയിത്താചരണം നടത്തിയവർക്കെതിരെ കർശന നടപടിയെടുക്കാൻ കൊച്ചി ദേവസ്വം ബോർഡിന് നിർദ്ദേശം നൽകിയിരുന്നോ;

(ബി) വർഗീയത പടർത്താനുള്ള കുറുക്കുവഴിയെന്ന നിലയിൽ പ്രതിലോമ ചിന്താഗതിക്കാർ ബോധപൂർവം ക്ഷേത്ര സമിതികളിൽ നുഴഞ്ഞുകയറുകയും ആചാരം, മനുസ്മൃതി എന്നിവയുടെ മറ പറ്റി പിന്തിരിപ്പൻ ആശയങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നത് തടയാൻ വേണ്ട ഇടപെടൽ നടത്തുമോ; ഇത്തരക്കാർ ക്ഷേത്ര വരുമാനം സർക്കാർ എടുക്കുന്നുവെന്ന നുണപ്രചരണം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകൾ എന്ന് വിവക്ഷിക്കുന്നവയും അല്ലാത്തവയും ഏതെല്ലാമാണ്; പരമ്പരാഗത തസ്തികകളിൽ കൂടി പട്ടികജാതിക്കാർക്കും ഗോത്ര വർഗ്ഗക്കാർക്കും സംവരണം ഏർപ്പെടുത്തുന്നതിനും അവയിലേയ്ക്ക് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുകൾ വഴി നിയമനം നടത്തുന്ന കാര്യവും പരിശോധനാ വിധേയമാക്കുമോ;

(ഡി) ദേവസ്വം ബോർഡുകൾക്ക് ഈ സർക്കാർ നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഉണ്ട്.

(ബി) പ്രതിലോമ ചിന്താഗതിക്കാർ വിശ്വാസ സമൂഹത്തിൽ പിന്തിരിപ്പൻ ആശയങ്ങൾ പ്രചരിപ്പിക്കുന്നത് തടയുന്നതിന് സർക്കാരും ദേവസ്വം ബോർഡും യഥാസമയം നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരം നുണ പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കാരായ്മ തസ്തിക മാത്രമാണ് പാരമ്പര്യ തസ്തിക. ഗുരുവായൂർ ദേവസ്വത്തിൽ തന്ത്രി, മാരാർ, വാര്യന്മാർ, കീഴ്ശാന്തിക്കാർ, ഓതിക്കൻ, ആശാരി, കരുവാൻ, തട്ടാൻ, നമ്പീശൻ എന്നീ വിഭാഗങ്ങളാണ് പാരമ്പര്യ തസ്തികകളിൽപ്പെടുന്നത്. കൂടൽമാണിക്യം ദേവസ്വത്തിൽ മേൽശാന്തി, കഴകം, തൃക്കോൽ മൂസ്, സംബന്ധി, മാരാർ എന്നിവയും കൊച്ചിൻ ദേവസ്വത്തിൽ ശാന്തി, കഴകം, സംബന്ധി, അടിച്ചുതളി എന്നിവയും പരമ്പരാഗത തസ്തികകളിൽപ്പെടുന്നു. മലബാർ ദേവസ്വം ബോർഡിലെ പരമ്പരാഗത തസ്തികകളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* പരമ്പരാഗത തസ്തികകളിൽ പ്രാചീനകാലം മുതൽ അതതു കുടുംബക്കാർക്കാണ് പ്രവൃത്തികൾക്കർഹതയുള്ളത്. ഇവ ഒഴികെ മറ്റുള്ളവയെല്ലാം പാരമ്പര്യേതര തസ്തികകളാണ്. പ്രസ്തുത പാരമ്പര്യ തസ്തികകളിലേയ്ക്കുള്ള നിയമനം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നടത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലെ പ്രധാന ക്ഷേത്രമായ ശബരിമലയിലെ തീർത്ഥാടനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് മുഖാന്തരവും തദ്ദേശസ്വയംഭരണ വകുപ്പ് വഴിയും ഫണ്ട് അനുവദിച്ചുവരുന്നുണ്ട്. ശബരിമലയിലെ തീർത്ഥാടനത്തിനായി അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനായി പത്തനംതിട്ട, കോട്ടയം ജില്ലാ കളക്ടർമാർക്ക് 10 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നു. ശബരിമല ഇടത്താവളം പദ്ധതികൾക്ക് 150 കോടി രൂപ കിഫ്ബി മുഖാന്തരം നൽകാൻ ഉത്തരവായിട്ടുണ്ട്. ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിക്ക് 2011-12 മുതൽ തുക അനുവദിക്കുന്നുണ്ട്. ഈ വർഷം 29 കോടി രൂപ ഈ ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ശബരിമലയിൽ സുരക്ഷാ ഡ്യൂട്ടി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് മെസ് സബ്സിഡി ഇനത്തിൽ 2.5 കോടി രൂപയോളം അനുവദിക്കുന്നുണ്ട്. ശബരിമലയിലും എരുമേലിയിലും നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങൾക്ക് തുക അനുവദിക്കുന്നുണ്ട്. ഈ വർഷം ഇതിനായി 5 കോടി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രൂപ അനുവദിച്ചിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി 30 കോടി രൂപ ഈ വർഷം അനുവദിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിലെ ഉദ്യോഗസ്ഥർക്കുള്ള ശമ്പളം, ശമ്പളേതര ചെലവുകൾ എന്നീ ഇനത്തിൽ തുക അനുവദിക്കുന്നുണ്ട്. ഈ വർഷം 36.3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എച്ച്.ആർ & സി.ഇ. വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ശമ്പളം, അലവൻസുകൾ, ക്ഷേത്രകലാ അക്കാഡമിക്ക് പ്രതിവർഷം 5 ലക്ഷം രൂപ ധനസഹായം, മലബാർ മേഖലയിലെ ആചാര്യസ്ഥാനികർക്കും കോലധാരികൾക്കും പ്രതിമാസം 1100 രൂപ നിരക്കിൽ അനുവദിക്കുന്നതിന് ഈ വർഷം 1.25 കോടി രൂപ അനുവദിച്ചു.

സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളുടെയും സ്വകാര്യ ക്ഷേത്രങ്ങളുടെയും കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിനായി ധനസഹായം അനുവദിക്കുന്നുണ്ട്. ഈ വർഷം ഇതിനായി 1 കോടി രൂപ വകിയിരുത്തിയിട്ടുണ്ട്. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനും തിരുവിതാംകൂർ ദേവസ്വം ബോർഡിനും കൂടി പ്രതിവർഷം ആന്വൽ കോൺട്രിബ്യൂഷനായി 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**പ്രവാസി നിക്ഷേപം ആകർഷിക്കുന്നതിനുള്ള നടപടികൾ**

25 (*55) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഉതകുന്ന സാഹചര്യമാണോ നിലവിലുള്ളതെന്നും ഇതിനായി എന്തെല്ലാം നടപടികളാണ് വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രവാസി മലയാളികളുടെ സഹകരണത്തോടെ ഏതൊക്കെ പുതിയ സംരംഭങ്ങളാണ് ആരംഭിക്കുന്നത്; ഇതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപമാണ് സംസ്ഥാനത്ത് ഉണ്ടാകുകയെന്ന് വെളിപ്പെടുത്താമോ;

(സി) പ്രവാസി നിക്ഷേപം ആകർഷിക്കുന്നതിനായി കൊച്ചിയിൽ സംഘടിപ്പിച്ച അസെൻഡ് 2020-ന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ സമയബന്ധിതമായി ആരംഭിക്കുവാൻ എന്തെല്ലാം നടപടികളാണ് വ്യവസായ വകുപ്പ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) പ്രവാസി വ്യവസായികളെ ആകർഷിക്കുന്നതിനായി 2019-ൽ മുഖ്യമന്ത്രി ഗൾഫ് രാജ്യങ്ങൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇതിനകം ആരംഭിച്ച വ്യവസായങ്ങളുടെ വിശദാംശം നൽകാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഉതകുന്ന സാഹചര്യം ഒരുക്കുന്നതിന്റെ ഭാഗമായി " 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്" പുറപ്പെടുവിക്കുകയും ആയതിന്റെ ഭാഗമായി പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ഏജൻസികളിൽ നിന്നുമുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതിനായി ഏകജാലക സംവിധാനമായ കെ-സ്വിഫ്റ്റ് 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്.

സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിനായി കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് 1999 ഭേദഗതി വരുത്തുകയും കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപ്പെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/ അപ്രൂവലുകളോ/പെർമിറ്റുകളോ ഹാജരാക്കുന്നതിന് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് സമയബന്ധിതമായി അതായത് അപേക്ഷ നൽകി ഒരു മാസത്തിനകം ലഭിക്കുന്നതിലേയ്ക്കായി ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ജില്ലാ ബോർഡുകളും സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 15 കോടി വരെയുള്ളവയുടെ ചുമതല ജില്ലാ ബോർഡിനും 15 കോടിക്ക് മുകളിൽ ഉള്ളവയുടെ ചുമതല സംസ്ഥാന ബോർഡിലും നിക്ഷിപ്തമാണ്. കൂടാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ഏജൻസികളുടെ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് പ്ലോട്ടുകൾ ഒരുക്കിയിട്ടുണ്ട്.

സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് റബ്ബർ മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി കേരള റബ്ബർ ലിമിറ്റഡ് എന്ന പേരിൽ ഒരു സിയാൽ മോഡൽ കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്പനിയിൽ 26% ഓഹരി സർക്കാരിന്റെയും 74% ഓഹരി സ്വകാര്യ നിക്ഷേപകരുടെയും ആയിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ പ്രവാസി മലയാളികളുടെ സഹകരണവും പ്രതീക്ഷിക്കുന്നുണ്ട്. പ്രാരംഭദശയിൽ 49 കോടി രൂപ സ്വകാര്യ നിക്ഷേപകരിൽ നിന്നും സ്വരൂപിക്കുവാനാണ് ഉദ്ദേശ്യമിട്ടിട്ടുള്ളത്.

കൂടാതെ ചെങ്ങന്നൂരിൽ പുതുതായി ആരംഭിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയായ 'ഡോക്ടർ കെ. എം. ചെറിയാൻ ബയോഹോസ്പിറ്റൽ ' പ്രവാസി നിക്ഷേപവും കെ.എസ്.ഐ.ഡി.സി.-യുടെ വായ്പയും സംയോജിച്ചുള്ളതാകുന്നു. ഏകദേശം 185 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. ഈ വർഷം ജൂലൈയോടെ പ്രവർത്തനം തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത പദ്ധതിയിൽ 35 കോടി രൂപ കെ.എസ്.ഐ.ഡി.സി. വായ്പയും 150 കോടി രൂപ പ്രവാസി നിക്ഷേപവുമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(സി) അസെൻഡ് 2020 വ്യവസായ സംഗമത്തിലെ പദ്ധതി നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനാവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതിനും നിക്ഷേപകരെ സഹായിക്കുന്നതിനുമായി G.O.(Rt)No. 105/2020/ID dated 4-2-2020 പ്രകാരം നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തുകയും കെ.എസ്.ഐ.ഡി.സി.-യിൽ ഇൻവെസ്റ്റ്മെന്റ് സെൽ രൂപീകരിക്കുകയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തരം ലഭിച്ച നിക്ഷേപ വാഗ്ദാനങ്ങളുടെ മേൽ തുടർനടപടി സ്വീകരിക്കുന്നതിന് അതാത് ജില്ലകളിൽ ജില്ലാ വ്യവസായ കേന്ദ്രം മാനേജർമാരെ നോഡൽ ആഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രവാസി വ്യവസായികളെ സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിന് 2019 ഒക്ടോബറിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സന്ദർശനത്തിന് അവസരമൊരുക്കി. ദുബായിലെ മലയാളി ചാർട്ടേർഡ് അക്കൗണ്ടന്റുമാരുമായും വിവിധ സംഘടനാ പ്രതിനിധികളുമായും മന്ത്രിമാരും ഉയർന്ന ഉദ്യോഗസ്ഥരും ചർച്ച നടത്തി. കൂടാതെ നിക്ഷേപം നടത്താൻ താൽപ്പര്യമുള്ളവരുമായി നേരിട്ട് നടത്തിയ ചർച്ചകളെത്തുടർന്ന് എയർക്രാഫ്റ്റ് സ്പെയർ പാർട്ട്സ് നിർമ്മാണം, സ്കിൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ മേഖലകളിൽ നിക്ഷേപം നടത്താൻ അവർ താൽപ്പര്യം പ്രകടിപ്പിച്ചു. UAE പൗരന്മാർ, പ്രവാസി ഇന്ത്യക്കാരായ പ്രമുഖ വ്യക്തികളുമായി മറ്റൊരു ചർച്ചയും നടത്തുകയുണ്ടായി. അതിനെത്തുടർന്ന് DP World Vice President 500 മില്യൺ യു.എസ്. ഡോളറിന്റെ നിക്ഷേപം വാഗ്ദാനം ചെയ്യുകയുണ്ടായി. ഇതുൾപ്പെടെ ചർച്ചകളിലൂടെയുണ്ടായിട്ടുള്ളതായ നിക്ഷേപ വാഗ്ദാനങ്ങളുടെ തുടർനടപടിയായി കൊച്ചിയിൽ ആഗോളനിക്ഷേപക സംഗമം നടത്തുകയുണ്ടായി.

**ദേശീയ കായിക രംഗത്ത് സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ**

26 (*56) ശ്രീ. എം. മുകേഷ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരളം ദേശീയ കായിക മത്സര രംഗത്ത് മുൻ വർഷങ്ങളെ അപേക്ഷിച്ച് കൈവരിച്ച മികച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ദേശീയ കായിക രംഗത്ത് സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ നില നിർത്തുന്നതിനോടൊപ്പം അന്തർദേശീയ രംഗത്ത് മികവ് പുലർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളും പരിശീലന പരിപാടികളും മത്സരങ്ങളും ഏർപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) 2018-ൽ ജക്കാർത്തയിൽ വച്ച് നടന്ന 18-ാമത് ഏഷ്യൻ ഗെയിംസിൽ കേരളത്തെ പ്രതിനിധാനം ചെയ്ത് ജിൻസൺ ജോൺസൺ, മുഹമ്മദ് അനസ്, കുഞ്ഞുമുഹമ്മദ്, ചിത്ര പി.യു. വിസ്മയ. വി.കെ., നീന പിന്റോ, ദീപിക പള്ളിക്കൽ എന്നീ കായികതാരങ്ങൾ പങ്കെടുക്കുകയും മെഡൽ കരസ്ഥമാക്കുകയുമുണ്ടായി.

66-ാമത് ദേശീയ വോളീബോൾ ചാമ്പ്യൻഷിപ്പിൽ കേരള ടീം പുരുഷ വിഭാഗം ജേതാക്കളായി. 61-ാമത് വോളീബോൾ ചാമ്പ്യൻഷിപ്പിൽ കേരള ടീം വനിതാ വിഭാഗം ജേതാക്കളായി. 2018 ഏപ്രിലിൽ കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ചാമ്പ്യൻഷിപ്പിൽ കേരളം ചാമ്പ്യൻമാരായി.

സൗത്ത് കൊറിയയിൽ വച്ചുനടന്ന വേൾഡ് ബോഡി ബിൽഡിംഗ് & ഫിസിക് ചാമ്പ്യൻഷിപ്പിൽ മിസ്റ്റർ യൂണിവേഴ്സ് പട്ടം മലയാളിയായ ശ്രീ. ചിത്തരേഷ് നടേശൻ കരസ്ഥമാക്കിയിട്ടുണ്ട്. കൂടാതെ ഷിനു ചൊവ്വ വെള്ളി മെഡലും കരസ്ഥമാക്കുകയുണ്ടായി. നേപ്പാളിലെ കാഠ്മണ്ഡുവിൽ വച്ചുനടന്ന 12-ാമത് സൗത്ത് ഏഷ്യൻ ബോഡി ബിൽഡിംഗ് ചാമ്പ്യൻഷിപ്പിലും ഷിനു ചൊവ്വ വെള്ളി മെഡൽ കരസ്ഥമാക്കിയിട്ടുണ്ട്.

2017 ജൂലൈ 6 മുതൽ 9 വരെ ഒഡീഷയിലെ ഭുവനേശ്വറിൽ വച്ച് നടന്ന 22-ാമത് ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ കേരള താരങ്ങളായ മുഹമ്മദ് അനസ് വൈ - 2 സ്വർണ്ണം, ജിൻസൺ ജോൺസൺ - വെങ്കലം, ഗോപി. ടി.- വെള്ളി, കുഞ്ഞുമുഹമ്മദ് - സ്വർണ്ണം, ജാബിർ.എം.പി.- വെങ്കലം, സച്ചിൻ റോബി - സ്വർണ്ണം, ചിത്ര. പി.യു.- സ്വർണ്ണം, അനു. ആർ.-വെള്ളി, ജിസ്ന മാത്യു-സ്വർണ്ണം -1, വെങ്കലം-1, നീന. വി.-വെള്ളി, നയന ജെയിംസ്-വെങ്കലം, ഷീന. എൻ. വി.- വെങ്കലം, മെർലിൻ. കെ. ജോസഫ്-വെങ്കലം എന്നിങ്ങനെ മെഡലുകൾ കരസ്ഥമാക്കുകയുണ്ടായി.

31-ാമത് റിയോ ഡി ജനീറോ ഒളിമ്പിക്സ് മത്സരങ്ങളിൽ മലയാളി കായിക താരങ്ങളായ ശ്രീജേഷ്. പി. ആർ., അനിൽഡ തോമസ്, ഗോപി. റ്റി, ഒ.പി.ജെയ്ഷ, ജിസ്ന മാത്യു, ജിൻസൺ ജോൺസൺ, കുഞ്ഞുമുഹമ്മദ്, മുഹമ്മദ് അനസ്, രഞ്ജിത് മഹേശ്വരി, ടിന്റു ലൂക്ക, സജൻ പ്രകാശ് എന്നീ കായികതാരങ്ങളെ പങ്കെടുപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

അന്താരാഷ്ട്ര നിലവാരമുള്ള കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ദേശീയതലത്തിൽ പുതുതായി സംഘടിപ്പിച്ചിട്ടുള്ള ദേശീയ കായിക മേളയാണ് ഖേലോ ഇന്ത്യാ യൂത്ത് ഗെയിംസ്. വിവിധ കായിക ഇനങ്ങളിൽ ദേശീയതലത്തിൽ മികവ് തെളിയിച്ച കായിക താരങ്ങളെ മാത്രം

പങ്കെടുപ്പിച്ചുകൊണ്ട് അവരിലെ മികവുറ്റവരെ കണ്ടെത്തുകയും അന്താരാഷ്ട്ര തലത്തിൽ മികച്ച നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തരാക്കുന്നതിന് പ്രോത്സാഹനം നൽകുകയുമാണ് പ്രസ്തുത മേളയുടെ ലക്ഷ്യം. അണ്ടർ 17, അണ്ടർ 21 വിഭാഗങ്ങളിലാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്.

2019-ൽ പൂനെയിൽ വച്ച് നടന്ന ഖേലോ ഇന്ത്യാ യൂത്ത് ഗെയിംസിൽ 14 ഇനങ്ങളിലായി ആകെ 309 കായിക താരങ്ങൾ കേരളത്തെ പ്രതിനിധീകരിക്കുന്നതിന് യോഗ്യത നേടുകയും പ്രസ്തുത ഗെയിംസിൽ കേരളത്തിന് 12 സ്വർണ്ണം, 16 വെള്ളി, 30 വെങ്കലം ഉൾപ്പെടെ 58 മെഡലുകൾ ലഭിക്കുകയും ചെയ്തു.

2020-ൽ ഗുവാഹട്ടിയിൽ വച്ചുനടന്ന ഖേലോ ഇന്ത്യാ യൂത്ത് ഗെയിംസിൽ ആകെ 292 കായിക താരങ്ങൾ കേരളത്തെ പ്രതിനിധീകരിക്കുന്നതിന് യോഗ്യത നേടുകയും പ്രസ്തുത ഗെയിംസിൽ കേരളത്തിന് 15 സ്വർണ്ണം, 5 വെള്ളി, 20 വെങ്കലം ഉൾപ്പെടെ 40 മെഡലുകൾ ലഭിക്കുകയും ചെയ്തു. കൂടാതെ ജി. വി. രാജ സ്പോർട്സ് സ്കൂളിലെ അക്ഷയ്. എസ്. (അണ്ടർ 17) ദേശീയ സ്കൂൾ മീറ്റിൽ 4x400 മീറ്റർ റിലേയിൽ സ്വർണ്ണവും 400 മീറ്റർ ഓട്ടത്തിൽ വെള്ളിയും കരസ്ഥമാക്കിയിട്ടുണ്ട്. ഖേലോ ഇന്ത്യ മത്സരവിജയികൾക്ക് ധനസഹായവും നൽകുകയുണ്ടായി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 മുതൽ 2018-19 വരെയുള്ള ദേശീയ അന്തർദ്ദേശീയ കായിക രംഗത്തെ നേട്ടങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(ബി&സി) മികച്ച കായിക താരങ്ങളെ കണ്ടെത്തി വളർത്തിയെടുക്കുന്നതിനായി കായിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>ഓപ്പറേഷൻ ഒളിമ്പ്യ</u>

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് " ഓപ്പറേഷൻ ഒളിമ്പ്യ" .

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ടി കായിക ഇനങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായിക ഇനങ്ങളായ റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ കായിക ഇനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും ബാക്കിയുള്ള കായിക ഇനങ്ങളായ റസ്‌ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്.

<u>ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>

ഫുട്ബോൾ ലോകറാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം പെൺകുട്ടികൾക്കുവേണ്ടിയുള്ള 14 സെന്ററുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

<u>സ്‌പ്ലാഷ്</u>

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്‌പ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സ് മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.

<u>ഹൂപ്സ്</u>

സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ് നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

എലൈറ്റ് ടീം

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ മികച്ച കായിക താരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 9 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു.

കേരളത്തിലെ കുട്ടികളെ ഷൂട്ടിംഗ് മേഖലയിൽ അന്തർദ്ദേശീയ/ദേശീയ ചാമ്പ്യൻമാരാക്കുന്നതിന് ശാസ്ത്രീയ പരിശീലനം നൽകുന്നതിനായി വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ കേരള ഷൂട്ടിംഗ് അക്കാഡമി പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ കണ്ണൂരിൽ അത്‌ലറ്റിക്സ് അക്കാഡമി ആരംഭിക്കുന്ന കാര്യം പ്രഖ്യാപിച്ചിട്ടുമുണ്ട്.

കേരളത്തിലെ പരിശീലകരെ പരിശീലിപ്പിക്കുന്നതിനുവേണ്ടി ആസ്ട്രേലിയയിലെ വിക്ടോറിയ സർവ്വകലാശാലയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനായി ഒരു ധാരണാപത്രം തയ്യാറാക്കുകയും ആയതിന് അംഗീകാരം ലഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുംവരുന്നു.

ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ഉദ്ദേശ്യത്തോടെ ഇവയുടെ ഭരണ നിർവ്വഹണ ചുമതല പൂർണ്ണമായും കായികയുവജനകാര്യ ഡയറക്ടറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. കായിക വകുപ്പ് ഏറ്റെടുത്തതിനുശേഷം ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കഴിയുംവിധം ലോകോത്തര നിലവാരത്തിലുള്ള പരിശീലനവും നൽകി വരുന്നതോടൊപ്പം താഴെപ്പറയുന്ന അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കി വരുന്നുണ്ട്.

1. ഓരോ കായിക ഇനത്തിനും മികച്ച കായിക ഉപകരണങ്ങൾ ആവശ്യാനുസരണം വാങ്ങി നൽകിവരുന്നു.
2. ജി. വി. രാജ സ്പോർട്സ് സ്കൂളിലും കണ്ണൂർ സ്പോർട്സ് ഡിവിഷനിലും ഹോസ്റ്റലുകൾ, അടുക്കള ഉൾപ്പെടെയുള്ളവയുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾ ഒരുക്കിയിട്ടുണ്ട്.

3. പഠന നിലവാരം ഉയർത്തുന്നതിനായി ഇന്ററാക്ടീവ് ക്ലാസ്സ് റൂം, അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം എന്നിവ ഒരുക്കിയിട്ടുണ്ട്.

4. സുരക്ഷ ഉറപ്പാക്കുന്നതിനായി സി.സി.റ്റി.വി. സ്ഥാപിച്ചിട്ടുണ്ട്.

5. വിവിധ കായിക ഇനങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിൽ കഴിവ് തെളിയിച്ച കായിക താരങ്ങളെ നേരിൽ കണ്ട് സംവദിക്കുന്നതിനും അതിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട് കൂടുതൽ മികവോടെ പരിശീലനം നടത്തി പ്രകടനം മെച്ചപ്പെടുത്തുന്നതിനും സഹായകമാകുന്ന " ലെജന്റ് ടോക് റ്റു യു" എന്ന പദ്ധതിക്കും വിദേശ പരിശീലകരുടെ കീഴിൽ പരിശീലനം ഒരുക്കുന്നതിനുമുള്ള പദ്ധതിക്കും അംഗീകാരം നൽകിയിട്ടുണ്ട്.

6. ശാസ്ത്രീയമായി കുട്ടികളിലെ കഴിവുകൾ കണ്ടെത്തുന്നതിന് മസ്സിൽ ബയോപ്സി ടെസ്റ്റ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

7. പരിശീലനത്തിനിടയിലോ മത്സരങ്ങൾക്കിടയിലോ പരിക്കുകൾ പറ്റുന്ന വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

കൂടാതെ സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കായികയുവജനകാര്യ വകുപ്പിന് കൈമാറി ലഭിച്ചിട്ടുള്ള ജി. വി. രാജ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, ഗവ. ജി. വി. എച്ച്. എസ്. എസ്., (സ്പോർട്സ്) കണ്ണൂർ എന്നിവിടങ്ങളിൽ കായിക അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തിവരുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശവും ഇതിനു പുറമെ കിഫ്ബി ധനസഹായത്തോടെ 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 14 ജില്ലാ സ്റ്റേഡിയങ്ങളും 33 പഞ്ചായത്ത് സ്റ്റേഡിയങ്ങളും 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 10 പഞ്ചായത്ത് സ്റ്റേഡിയങ്ങൾ ഉൾപ്പെടെ ആകെ 57 പദ്ധതികളുടെ വിശദാംശവും അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻ ഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, കൊച്ചി പരേഡ് ഗ്രൗണ്ട് എന്നിവയുടെ നവീകരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മസാലബോണ്ട് വഴി ശേഖരിച്ച പണം**

27 (*57) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ . എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലേയ്ക്ക് ഫണ്ട് ശേഖരിക്കുന്നതിന് വേണ്ടി മസാല ബോണ്ട് പുറപ്പെടുവിച്ചതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതിയിൽ എന്തെങ്കിലും തരത്തിലുള്ള കേസ്സുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) മസാലബോണ്ട് വഴി കിഫ്ബിയിലേയ്ക്ക് ഇതുവരെ ലഭിച്ച പണം എത്രയെന്ന് അറിയിക്കാമോ;

(സി) ഇതിന് കണക്കാക്കിയ പലിശ, തിരിച്ച് നൽകേണ്ട കാലാവധി തുടങ്ങിയ കാര്യങ്ങൾ വിശദമാക്കാമോ;

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കിഫ്ബിയിലേയ്ക്ക് ഫണ്ട് ശേഖരിക്കുന്നതിനുവേണ്ടി മസാല ബോണ്ട് പുറപ്പെടുവിച്ചതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. ഇതിനുമുമ്പ് രണ്ടു തവണ പ്രസ്തുത വിഷയം സംബന്ധിച്ച് ഇതേ പെറ്റീഷണർ കേസ് ഫയൽ ചെയ്തിരുന്നെങ്കിലും കോടതിയുടെ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകുവാൻ കഴിയാതിരുന്ന സാഹചര്യത്തിൽ പ്രാഥമിക ഘട്ടത്തിൽ തന്നെ അവ പിൻവലിക്കുകയായിരുന്നു. ഇത് മൂന്നാം തവണയാണ് ഈ വിഷയം കോടതിയിൽ ഫയൽ ചെയ്യപ്പെടുന്നത്. ഈ കേസിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി മാർച്ച് മാസം വാദം കേൾക്കുന്നതാണ്.

(ബി) മസാല ബോണ്ട് വഴി കിഫ്ബി 2150 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(സി) മസാലബോണ്ടിന്റെ കാലാവധിയായ 5 വർഷം തികയുമ്പോൾ പലിശയും മുതലും ഉൾപ്പെടെ ആകെ 3195.98 കോടി രൂപ തിരികെ അടയ്ക്കേണ്ടതായുണ്ട്.

**ചെക്ക് പോസ്റ്റുകളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കാൻ നടപടി**

28 (*58) ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി പിരിവ് കുറയുന്നത് ചെക്ക് പോസ്റ്റുകൾ ഇല്ലാത്തത് മൂലമാണെന്ന് വിലയിരുത്തുന്നുണ്ടോ;

(ബി) നികുതി വെട്ടിപ്പ് തടയുന്നതിന് നേരത്തെ വാണിജ്യ നികുതി വകുപ്പിന്റെ ചെക്ക് പോസ്റ്റുകൾ ഉണ്ടായിരുന്ന സ്ഥലത്ത് നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിരുന്നോ;

(സി) ഏതൊക്കെ ചെക്ക് പോസ്റ്റുകളിലാണ് നിരീക്ഷണ ക്യാമറ സ്ഥാപിക്കുകയെന്നും അതിനായി എന്ത് ചെലവ് വരുമെന്നും വ്യക്തമാക്കുമോ;

(ഡി) ക്യാമറ സ്ഥാപിക്കുവാനുള്ള ചുമതല ഏത് ഏജൻസിക്കാണ് നൽകിയതെന്ന് അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിൽ വിപണനത്തിനായി ചരക്കുകൾ കൊണ്ടുവരുന്നത്. ചരക്കുസേവന നികുതി നിയമം നടപ്പിലാക്കുന്നതിന് മുമ്പ് അതിർത്തി കടന്നുവരുന്ന ചരക്കുകളുടെ വിവരങ്ങൾ ഇ-ഡിക്ലറേഷൻ സംവിധാനം വഴി അറിയിച്ച് ആയത് ചെക്ക്പോസ്റ്റിൽ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി നികുതി ചോർച്ച തടഞ്ഞുവന്നിരുന്നു. എന്നാൽ ചരക്കുസേവന നികുതി നിയമം നിലവിൽ വന്നത് മുതൽ സംസ്ഥാനത്തുടനീളം കേരള പൊതുവിൽപ്പന നികുതി/വാണിജ്യ നികുതി നിയമപ്രകാരം നിലവിലുണ്ടായിരുന്ന ചെക്ക്പോസ്റ്റുകൾ നിർത്തലാക്കുകയുണ്ടായി. തന്മൂലം അതിർത്തി കടന്നുവരുന്ന എല്ലാ ചരക്കു വാഹനങ്ങൾക്കും പരിശോധന കൂടാതെ തന്നെ കേരളത്തിലേയ്ക്ക് ചരക്കുകൾ കൊണ്ടുവരാമെന്നായി. ഇത് നികുതി ചോർച്ചയ്ക്ക് ഒരു കാരണമായി. ഇ-വേ ബിൽ സംവിധാനം നടപ്പിലാക്കുവാനുള്ള കാലതാമസവും 50,000 രൂപയ്ക്കുമേൽ മൂല്യമുള്ള ചരക്കുകൾക്ക് മാത്രമായി ഇ-വേ ബിൽ നിഷ്കർഷിച്ചതും നികുതി വെട്ടിപ്പിന് അനുകൂല സാഹചര്യമൊരുക്കി. എന്നാൽ നിലവിലുണ്ടായിരുന്ന സ്ക്വാഡുകളുടെ എണ്ണം കൂട്ടി അതിർത്തി പ്രദേശങ്ങളിലുൾപ്പെട്ട 24 മണിക്കൂറും പ്രവർത്തനസജ്ജമായ സ്ക്വാഡുകൾ വിന്യസിപ്പിച്ച് ഇത് ഒരു പരിധിവരെ തടയുവാൻ സാധിച്ചു. ഇപ്പോൾ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (ANPR) വഴി അതിർത്തി കടന്നുവരുന്ന വാഹനങ്ങൾ കൂടുതൽ കാര്യക്ഷമമായി പരിശോധിക്കുന്നതിനുള്ള നടപടികൾ വാളയാർ ചെക്ക്പോസ്റ്റിൽ പരിശോധിച്ച് വിജയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട 23 ചെക്ക്പോസ്റ്റുകളിൽക്കൂടി ഈ സംവിധാനം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചു. ഇപ്രകാരമുള്ള നടപടികളിലൂടെ നികുതി ചോർച്ച തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല. വാറ്റ് നിയമം ഉണ്ടായിരുന്ന കാലയളവിൽ 84 ചെക്ക് പോസ്റ്റുകൾ ഉണ്ടായിരുന്നു. ഇ-വേ ബിൽ പരിശോധിക്കുന്നതിനായി പ്രധാനപ്പെട്ട 23 സ്ഥലങ്ങളിൽ ANPR സിസ്റ്റം സ്ഥാപിക്കുന്നതിന് 19-7-2019-ലെ സ.ഉ.(സാധാ) നമ്പർ 518/2019/നികുതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി&ഡി)

1. അമരവിള
2. ഉച്ചക്കട
3. പാലക്കടവ്
4. പിരായുംമൂട്
5. കള്ളിക്കാട്
6. ആര്യങ്കാവ്
7. കുമളി
8. ഗോവിന്ദപുരം
9. ഗോപാലപുരം
10. വാളയാർ
11. വേലന്താവളം
12. മീനാക്ഷിപുരം
13. നടുപ്പുണ്ണി
14. ഒഴലപ്പതി
15. വഴിക്കടവ്
16. കുഞ്ഞിപ്പള്ളി
17. ന്യൂമാഹി
18. കൂട്ടുപുഴ
19. മഞ്ചേശ്വരം
20. പെർല

21. ആധൂർ

22. മുത്തങ്ങ

23. തോൽപ്പെട്ടി

ഇതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുള്ളതാണ്. അതിൻപ്രകാരം ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയായി. കരാർ ഊരാളുങ്കൽ ടെക്നോളജി സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിക്ക് 8.09 കോടി + GST തുകയ്ക്ക് ഉത്തരവ് നൽകിയിട്ടുണ്ട്.

**സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി**

29 (*59) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങൾ സംസ്ഥാനങ്ങളുടെ ധനപരമായ സ്വാതന്ത്ര്യത്തെ പൂർണ്ണമായും കവരുന്ന തരത്തിലുള്ളതായതിനാൽ ഇതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധികളെ മറികടക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) ഇത്തരം ധനപ്രതിസന്ധി സർക്കാരിന്റെ ക്ഷേമ, വികസന പദ്ധതികളെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തിന് അനുവദനീയമായ വായ്പാ തുകയിൽ കുറവ് വരുത്തിയതിനും ജി.എസ്.ടി. നഷ്ടപരിഹാര തുക യഥാസമയം അനുവദിക്കാത്തതിനും പുറമേ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായതടക്കമുള്ള വിവിധ ഗ്രാന്റുകൾ വെട്ടിക്കുറച്ചതും സംസ്ഥാന ഖജനാവിനുമേൽ എത്രമാത്രം ഞെരുക്കമാണ് സൃഷ്ടിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ&ബി) ഇന്ത്യൻ ഭരണഘടനയിലെ ഏഴാം ഷെഡ്യൂളിനെത്തന്നെ അപ്രസക്തമാക്കുന്ന രീതിയിലുള്ള സംസ്ഥാന വിഷയങ്ങളിലുള്ള കേന്ദ്ര സർക്കാരിന്റെ കൈയേറ്റം വളരെ സാധാരണമായിരിക്കുന്നു. ജി.എസ്.ടി.-യും ധന

ഉത്തരവാദിത്വ നിയമവും പതിനഞ്ചാം ധനകാര്യ കമ്മീഷനും സംസ്ഥാനങ്ങളുടെ ധനപരമായ സ്വാതന്ത്ര്യത്തെ പൂർണ്ണമായും കവർന്ന മട്ടാണ്. ടി സാഹചര്യങ്ങൾ സൃഷ്ടിച്ചിട്ടുള്ള സാമ്പത്തിക പ്രതിസന്ധി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബഡ്ജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇത് വാസ്തവത്തിൽ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഏറ്റവും വലിയ ഉത്തേജക പാക്കേജാണ്.

2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്.

3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.

4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്കൂട്ടിനിയും പരിശോധനകളും ശക്തമാക്കി.

5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

6. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

7. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുക എന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

i. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടിണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയും.

ii. ജി.എസ്.ടി.ആർ-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ-3 ബി, ജി.എസ്.ടി.ആർ.-1 ഇവ തമ്മിലുള്ള താരതമ്യം, ഇ-വേ ബിൽ ഡാറ്റ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

iii. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (എ.എൻ.പി.ആർ.) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്ക് വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോയെന്ന് ഉറപ്പുവരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്.

iv. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

v. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്കുസേവന നികുതി വിതരണക്കാർക്കും ഉപയോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ല് കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നു.

vi. ജി.എസ്.ടി. രജിസ്ട്രേഷൻ വിപുലീകരിക്കുന്നതിനുള്ള നടപടികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

8. വിവിധ നികുതികളും ഫീസുകളും കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

9. പാട്ടക്കുടിശ്ശികയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

10. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യവത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടംഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചുവരുന്നു.

ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കുന്നതിന്റെയും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും വിദേശ യാത്രയ്ക്കും വിമാന യാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ പ്രാബല്യത്തിലുമാണ്. സർക്കാർ ചെലവിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കമ്പ്യൂട്ടർവൽക്കരണത്തിന്റെയും നിലവിലെ മാറിയ ഭൗതിക സാഹചര്യങ്ങളുടെയും പശ്ചാത്തലത്തിൽ പ്രസക്തി നഷ്ടപ്പെട്ട തസ്തികകൾ പഞ്ചായത്തുകളിലേയ്ക്കടക്കം പുനർവിന്യസിക്കുന്നതുൾപ്പെടെയുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ 2020-2021-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതേസമയം നിയമന നിരോധനമോ മരവിപ്പിക്കലോ സർക്കാർ നയമല്ല.

(സി) സംസ്ഥാനത്തെ സാമ്പത്തികമായി ശ്വാസംമുട്ടിക്കുന്ന ധനസമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്നത്. മുൻകാലങ്ങളിൽ അനുവർത്തിച്ചിരുന്ന നയങ്ങളിൽനിന്നും വിഭിന്നമായി ജീവനക്കാരുടെ പി.എഫ്. ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കുന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. ടി സാഹചര്യത്തിലും നടപ്പ് സാമ്പത്തിക വർഷം അവസാന ത്രൈമാസത്തിൽ പൊതുവിപണിയിൽ നിന്നും 4908 കോടി രൂപ വായ്പയെടുക്കുവാൻ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നാൽ ടി സ്ഥാനത്ത് 1920 കോടി രൂപയ്ക്കുള്ള അനുമതി മാത്രമാണ് കേന്ദ്രസർക്കാർ നൽകിയത്. കൂടാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. 2019 ഒക്ടോബർ മാസം മുതൽ 2020 ജനുവരി വരെയുള്ള നഷ്ടപരിഹാരം മാത്രം മൂവായിരം കോടിക്ക് മുകളിൽ വരും. ഇതിൽ 854.04 കോടി രൂപ മാത്രമാണ് അനുവദിച്ചത്. കേന്ദ്ര ബഡ്ജറ്റ് 2019-20 BE

പ്രകാരം അവസാന ത്രൈമാസത്തിൽ 8274 കോടി രൂപ കേന്ദ്ര നികുതി വിഹിതമായി ലഭിക്കേണ്ടതായിരുന്നു. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഈ ഇനത്തിൽ മാത്രമുള്ള ഇടിവ് 3827 കോടി രൂപയാണ്. കേന്ദ്രാവിഷ്കൃത സ്കീമുകളിൽ നിന്നുള്ള ധനസഹായവും വലിയ തോതിൽ കുടിശ്ശികയാണ്. ഈ ഇനത്തിൽ ഉണ്ടായേക്കാവുന്ന കുറവ് ഇപ്പോൾ കൃത്യമായി തിട്ടപ്പെടുത്തുക സാദ്ധ്യമല്ല. നെല്ല് സംഭരിച്ച വകയിൽ മാത്രം 1035 കോടി രൂപ ലഭിക്കുവാനുണ്ട്. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷിക വായ്പാ പരിധിക്ക് പുറത്ത് വായ്പയെടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർ സൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക ഞെരുക്കം സംസ്ഥാനം അഭിമുഖീകരിക്കുന്നുണ്ടെന്നത് ഒരു വസ്തുതയാണ്.

**കായിക മേഖലയുടെ പ്രോത്സാഹനം**

30 (*60) ശ്രീ. വി. കെ. പ്രശാന്ത് :

ശ്രീ. ആർ. രാജേഷ് :

ശ്രീ. പി. ടി. എ. റഹീം :

ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക മേഖലയുടെ പ്രോത്സാഹനത്തിന്റെ ഭാഗമായി മുടങ്ങിക്കിടന്നിരുന്ന സ്പോർട്സ് ക്വാട്ട നിയമനം പുനരുജ്ജീവിപ്പിച്ച് നിയമനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ച താരങ്ങൾക്ക് നൽകിയിട്ടുള്ള സഹായങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) യോഗ്യരായ കായിക താരങ്ങളെ മികച്ച പരിശീലനം നൽകി അന്താരാഷ്ട്ര നിലവാരം കൈവരിക്കാൻ പ്രാപ്തരാക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) കായിക പരിശീലനത്തിനായി പുതിയ അക്കാദമികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-2014 വരെയുള്ള 249 ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി 'ഓൺലൈൻ' ആയി അപേക്ഷ ക്ഷണിക്കുകയും എന്നാൽ സാങ്കേതിക കാരണങ്ങളാൽ മൗണ്ടനീയറിംഗ്, കളരിപ്പയറ്റ് എന്നീ കായിക ഇനങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് 'ഓൺലൈൻ' ആയി അപേക്ഷ സമർപ്പിക്കുവാൻ കഴിയാതെ വരികയുമുണ്ടായി. ആയതിനാൽ ടി കായിക ഇനങ്ങളിലെ ഉദ്യോഗാർത്ഥികളിൽ നിന്നും മാനുവലായി അപേക്ഷ ക്ഷണിച്ചുകൊണ്ട് 25-10-2017-ൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും പ്രസ്തുത വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകൾ വിശദമായി പരിശോധിക്കുകയും അർഹരായ അപേക്ഷകരുടെ സർട്ടിഫിക്കറ്റ് പരിശോധന നടത്തുകയുമുണ്ടായി. തുടർന്ന് 16-1-2019-ന് ചേർന്ന സെലക്ഷൻ കമ്മിറ്റി 2010-2014 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട ഉദ്യോഗാർത്ഥികളുടെ 409 പേരടങ്ങുന്ന സെലക്ട് ലിസ്റ്റ് അംഗീകരിക്കുകയും ആയത് അസാധാരണ ഗസറ്റായി വിജ്ഞാപനം ചെയ്യുകയുമുണ്ടായി. പ്രസ്തുത സെലക്ട് ലിസ്റ്റിനെതിരെ ഉദ്യോഗാർത്ഥികൾ ഉന്നയിച്ച ആക്ഷേപങ്ങൾ പരിശോധിക്കുകയും സെലക്ട് ലിസ്റ്റ് ഭേദഗതി ചെയ്യുകയുമുണ്ടായി. 2010-2014 വർഷത്തെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി സെലക്ഷൻ കമ്മിറ്റി അംഗീകരിച്ച സെലക്ട് ലിസ്റ്റിൽ നിന്നും 5 ഉദ്യോഗാർത്ഥികളെ റെഗുലർ തസ്തികയിലും 190 ഉദ്യോഗാർത്ഥികളെ താൽക്കാലികമായും നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശ്രീമതി നയനാ ഫിലിപ്പ് ഫയൽ ചെയ്ത കേസിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ വെളിച്ചത്തിൽ 2014 വർഷത്തെ അസിസ്റ്റന്റിന്റെ ഒരു തസ്തിക ഒഴിച്ചിട്ടിട്ടുള്ളതാണ്.

(ബി) 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണമെഡലുകളും കരസ്ഥമാക്കിയ 68 കായികതാരങ്ങൾക്കായി വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്കിന്റെ 68 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ

അസിസ്റ്റന്റിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. മാനസിക പക്വത കൈവരിക്കാത്ത ശ്രീ. ഷൈഭൻ. ഇ.ബി.-ക്ക് 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ മികച്ച പ്രകടനം കാഴ്ചവച്ച് രാജ്യത്തിനുവേണ്ടി നേടിയ മികവ് കണക്കിലെടുത്ത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ട നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച് ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകിയിട്ടുണ്ട്.

ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കായികതാരങ്ങളിൽനിന്നും അപേക്ഷ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുടർപരിശീലനം, ചികിത്സാ സഹായം, വീട് നിർമ്മാണം എന്നീ ആവശ്യങ്ങൾക്ക് സർക്കാർ ഉത്തരവിന് വിധേയമായി കായിക വികസന നിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ചുവരുന്നുണ്ട്.

കൂടാതെ ഖേലോ ഇന്ത്യാ യൂത്ത് ഗെയിംസ് 2019-ൽ മെഡലുകൾ നേടിയ 191 പേർക്ക് ആകെ 20,39,000 രൂപ ക്യാഷ് അവാർഡ് അനുവദിച്ചുനൽകിയിട്ടുണ്ട്. ദക്ഷിണ കൊറിയയിൽ വച്ച് നടന്ന ലോക ബോഡി ബിൽഡിംഗ് & ബെസ്റ്റ് ഫിസിക് സ്പോർട്സ് ചാമ്പ്യൻഷിപ്പിൽ മിസ്റ്റർ യൂണിവേഴ്സ് പട്ടം നേടിയ ശ്രീ. ചിത്തരേഷ് നടേശന് 5 ലക്ഷം രൂപ പാരിതോഷികമായി അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. സംസ്ഥാനത്തെ സ്പോർട്സ് മേഖലയുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>ഓപ്പറേഷൻ ഒളിമ്പ്യ</u>

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്‌ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് " ഓപ്പറേഷൻ ഒളിമ്പ്യ"

ടി കായികയിനങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായികയിനങ്ങളായ റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും ബാക്കിയുള്ള

കായികയിനങ്ങളായ റസ്‌ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്.

ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)

ഫുട്ബോൾ ലോകറാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര-ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപ്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽത്തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം പെൺകുട്ടികൾക്കു വേണ്ടിയുള്ള 14 സെന്ററുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

സ്പ്ലാഷ്

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സു മുതൽ പതിനെട്ട് വയസ്സുവരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.

ഹൂപ്സ്

സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ടുവരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

സ്പ്രിന്റ്-ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം

ലോക നിലവാരത്തിലെത്താൻ സാധ്യതയുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ്

ആദ്യഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്.

<u>പ്ലേ ഫോർ ഹെൽത്ത്</u>

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 24 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

<u>പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലന പദ്ധതി</u>

ഹയർ സെക്കന്ററി സ്കൂളുകളിലെ പെൺകുട്ടികൾക്ക് തയ്ക്കൊണ്ടോ, ജൂഡോ, കരാട്ടെ, കളരിപ്പയറ്റ് എന്നീ ഇനങ്ങളിൽ സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തൊട്ടാകെ 21,000 കുട്ടികൾക്കാണ് ഒരു അക്കാദമിക് വർഷം പ്രസ്തുത പദ്ധതി പ്രകാരം പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്.

<u>അന്താരാഷ്ട്ര സ്പോർട്സ് എക്സ്പോ</u>

കായിക മേഖലയിൽ ഉപയോഗിക്കുന്ന വിവിധയിനം ലോകോത്തര ഉപകരണങ്ങൾ, ജേഴ്സികൾ, സ്പോർട്സ് ന്യൂട്രീഷ്യൻ ഉൽപ്പന്നങ്ങൾ തുടങ്ങിയവയെ കേരള കായിക താരങ്ങൾക്കും കായിക പ്രേമികൾക്കും പരിചയപ്പെടുത്തുന്നതിനായി " ഇന്റർ നാഷണൽ സ്പോർട്സ് എക്സ്പോ കേരള 2019" സംഘടിപ്പിച്ചു. പദ്ധതിയുടെ രണ്ടാം ഘട്ടം 2020 ഫെബ്രുവരി 13, 14, 15 തീയതികളിൽ തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിലും സംഘടിപ്പിച്ചു.

<u>ബീച്ച് ഗെയിംസ്</u>

തീരദേശ കായിക സംസ്കാരവും വിനോദസഞ്ചാരമേഖലയിലെ പുത്തൻ സാധ്യതകളും മുൻനിർത്തി കേരളത്തിന്റെ കടലോരമേഖലയിലെ കായിക വികസനത്തിന് ഉണർവ് നൽകുന്നതിനായി ടൂറിസം, ഫിഷറീസ്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ബീച്ച് ഗെയിംസ്. വിവിധ ജില്ലകളിലെ കായികതാരങ്ങൾ, മത്സ്യത്തൊഴിലാളികൾ, പൊതുജനങ്ങൾ എന്നിവർ ഗുണഭോക്താക്കളാകുന്ന പരിപാടിയുടെ ജില്ലാതല മത്സരങ്ങൾ 2019 നവംബർ, ഡിസംബർ, 2020 ജനുവരി

മാസങ്ങളിലായി സംഘടിപ്പിച്ചു. സംസ്ഥാനതല മത്സരങ്ങൾ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

സ്പോർട്സ് കേരള മാരത്തോൺ

കായിക കേരളത്തിലെ ഒരു സുപ്രധാന കായിക ഇനമായി മാറുന്ന തരത്തിൽ വിപുലമായ ക്രമീകരണങ്ങളോടെ കായികയുവജനകാര്യ വകുപ്പ് തുടക്കം കുറിച്ച പദ്ധതിയാണ് സ്പോർട്സ് കേരള മാരത്തോൺ. ഇതിനോടകം അന്തർദ്ദേശീയ കായിക കലണ്ടറിൽ ഇടം നേടിയ ഈ കായിക ഇനത്തിന്റെ ആദ്യ പതിപ്പിൽ ദേശീയ, അന്തർദ്ദേശീയ കായിക താരങ്ങൾ ഉൾപ്പെടെ പങ്കെടുത്തു. പ്രസ്തുത പരിപാടിയുടെ രണ്ടാം ഘട്ടത്തിൽ കണ്ണൂർ, കോഴിക്കോട്, എറണാകുളം ജില്ലകളിൽ ഹാഫ് മാരത്തോണും തിരുവനന്തപുരത്ത് ഫുൾ മാരത്തോണും സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഷൂട്ടിംഗ് അക്കാഡമി

35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൂട്ടിംഗിൽ 10 മീറ്റർ, 25 മീറ്റർ, 50 മീറ്റർ ഇനങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനുള്ള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ഷൂട്ടിംഗ് താരങ്ങൾക്ക് പരിശീലനത്തിനും ദേശീയ അന്തർദ്ദേശീയ മത്സരങ്ങൾ നടത്തുന്നതിനും ഈ ഷൂട്ടിംഗ് റേഞ്ചിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.

സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ

ജീവിതശൈലി രോഗങ്ങളിൽ നിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സ്പോർട്സ് ആന്റ് ഹെൽത്ത് പാർക്കുകളിലൂടെ ജനങ്ങളിൽ കായിക അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കായിക-ആരോഗ്യ സംബന്ധമായ ഉപകരണങ്ങൾ സ്ഥാപിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ 8 സ്ഥലങ്ങളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ 9 സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കുന്നതാണ്.

സൈ്മൽ പദ്ധതി

സൈ്മൽ പദ്ധതി പ്രകാരം 8 സ്ഥലങ്ങളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

കായികക്ഷമതാ മിഷൻ

ദൈനംദിന ജീവിതത്തിലെ വ്യായാമമില്ലായ്മ കാരണം കുട്ടികളിലും യുവതീയുവാക്കളിലും കായികക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുണ്ടെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി കേരള സാക്ഷരതാ മിഷൻ പ്രവർത്തിച്ച മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വിഭാവനം ചെയ്ത് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് " കേരള കായികക്ഷമതാ മിഷൻ" . സ്കൂൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

എലൈറ്റ് സ്കീം

മികച്ച കായികതാരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളിബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു.

കൂടാതെ ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിൽ കോളേജ് തലത്തിൽ കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും കായിക പരിശീലനത്തിനും പരിശീലകനും ട്രെയിനർമാർക്കും ഹോണറേറിയം, നവീകരണ പ്രവർത്തനങ്ങൾ, ഫിറ്റ്നസ്സ് സെന്റർ, ലാബ് എക്യുപ്മെന്റ്, ഫിസിയോളജി ലാബ്, സ്മാർട്ട് റൂം എന്നീ ആവശ്യങ്ങൾക്കും കോളേജ് തലത്തിലെ വിദ്യാർത്ഥികൾക്കായി സ്പോർട്സ് മീറ്റ് സംഘടിപ്പിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായി വിവിധ

പരിശീലന പദ്ധതികൾ നടത്തുന്നതിനും കോഴിക്കോട് ഗവൺമെന്റ് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനും കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും കായിക പരിപാടികൾ നടത്തുന്നതിനും തുക അനുവദിച്ചിട്ടുണ്ട്.

കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ സ്പോർട്സ് മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശവും ഇതിനുപുറമെ കിഫ്ബി ധനസഹായത്തോടെ 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 14 ജില്ലാ സ്റ്റേഡിയങ്ങളും 33 പഞ്ചായത്ത് സ്റ്റേഡിയങ്ങളും 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 10 പഞ്ചായത്ത് സ്റ്റേഡിയങ്ങൾ ഉൾപ്പെടെ 57 പദ്ധതികളുടെ വിശദാംശവും അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഡി) നിലവിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാദമികൾ എന്നിവ പ്രവർത്തിച്ചുവരുന്നു.

കേരളത്തിലെ കുട്ടികളെ ഷൂട്ടിംഗ് മേഖലയിൽ അന്തർദ്ദേശീയ/ദേശീയ ചാമ്പ്യന്മാരാക്കുന്നതിന് ശാസ്ത്രീയ പരിശീലനം നൽകുന്നതിനായി വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ കേരള ഷൂട്ടിംഗ് അക്കാദമി, കൂടാതെ കണ്ണൂരിൽ അത്‌ലറ്റിക്സ് അക്കാദമി ആരംഭിക്കുന്ന കാര്യവും പ്രഖ്യാപിച്ചിട്ടുണ്ട്.

അത്‌ലറ്റിക്സ്, വോളിബോൾ, തായ്ക്കൊണ്ടോ, ജൂഡോ, കളരി, ടെന്നീസ് എന്നീ കായികയിനങ്ങളിൽ അക്കാദമികൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കമ്മീഷനുകളിൽ അംഗങ്ങളായിരുന്നവർക്ക് വിരമിക്കൽ ആനുകൂല്യം

1 (328) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 28-11-2016-ലെ ജി.ഒ.(പി)175/2016/ഫിൻ. പ്രകാരം കേരളത്തിലെ കമ്മീഷനുകളിൽ അംഗങ്ങളായിരിക്കുന്നവർക്ക് വിരമിക്കൽ ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ മാസം എത്ര രൂപ വീതം; എന്ന് മുതൽ ഈ വിരമിക്കൽ ആനുകൂല്യം പ്രാബല്യത്തിൽ വന്നു; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 24-8-2019-ലെ ജി.ഒ.(പി)113/19/ഫിൻ. പ്രകാരം കമ്മീഷൻ അംഗങ്ങൾക്ക് വിരമിക്കൽ ആനുകൂല്യം ലഭ്യമാക്കുന്നത് 56 വയസ്സ് കഴിഞ്ഞതിന് ശേഷം എന്ന് ഉത്തരവാക്കിയിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) 28-11-2016 മുതൽ 24-8-2019 വരെ 56 വയസ്സ് പൂർത്തിയാകാത്ത പല കമ്മീഷൻ മെമ്പർമാരും തുക കൈപ്പറ്റിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കമ്മീഷനുമായി ബന്ധപ്പെട്ട മാതൃവകുപ്പുകളുടെ ഗ്രാന്റ്-ഇൻ-എയ്ഡിൽ തുക ലഭ്യമല്ലാത്തതുകാരണം പല കമ്മീഷൻ മെമ്പർമാർക്കും വിരമിക്കൽ ആനുകൂല്യം ലഭ്യമായില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മേൽ സൂചിപ്പിച്ച രണ്ട് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ചില കമ്മീഷൻ മെമ്പർമാർ വിരമിക്കൽ ആനുകൂല്യം കുടിശ്ശിക ഉൾപ്പെടെ കൈപ്പറ്റുകയും മറ്റു ചിലർക്ക് ഒരു ആനുകൂല്യവും ലഭ്യമല്ലാതാവുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) വിരമിക്കൽ ആനുകൂല്യം ലഭിക്കുവാൻ അർഹരായിട്ടും അത് ലഭിക്കാത്ത (28-11-16 മുതൽ 24-8-19 വരെ) കമ്മീഷൻ മെമ്പർമാർക്ക് ഇത് ലഭിക്കുവാനുള്ള ഉത്തരവ് നൽകുമോ;

(ജി) ഒരേ ഉത്തരവിൽ കുറച്ച് പേർക്ക് ആനുകൂല്യം ലഭിക്കുകയും മറ്റ് ചിലർക്ക് ലഭിക്കാതിരിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിഹാര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 1-1-2006-നോ അതിനുശേഷമോ സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ നിയമിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗങ്ങൾക്ക് 28-11-2016-ലെ സ.ഉ.(അച്ചടി) നമ്പർ 175/2016/ധന. പ്രകാരം വിരമിക്കൽ ആനുകൂല്യം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രതിമാസ വിരമിക്കൽ ആനുകൂല്യത്തിന് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്ന തീയതിയായ 28-11-2016 മുതലാണ് പ്രാബല്യം. പ്രതിമാസ വിരമിക്കൽ ആനുകൂല്യം സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിലെ സേവന കാലാവധിയനുസരിച്ച് ചുവടെ പറയുന്ന നിരക്കുകളിലാണ് അനുവദിക്കുന്നത്.

| യോഗ്യ സേവന കാലാവധി | പ്രതിമാസ വിരമിക്കൽ ആനുകൂല്യം |
|---|---|
| 2 വർഷം മുതൽ 3 വർഷത്തിനകം | ₹ 7000 |
| 3 വർഷം മുതൽ 4 വർഷത്തിനകം | ₹ 8000 |
| 4 വർഷം മുതൽ 5 വർഷത്തിനകം | ₹ 9000 |
| 5 വർഷവും അതിന് മുകളിലും | ₹ 10,000 |

ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 24-8-2019-ലെ സ.ഉ(അച്ചടി) നമ്പർ 113/19/ധന പ്രകാരം സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ സേവനമനുഷ്ഠിച്ച സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗങ്ങൾക്ക് സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം മുതൽക്കേ വിരമിക്കൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന് ഉത്തരവ് നൽകിയിട്ടുണ്ട്.

ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു. *

(സി-ഇ) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(എഫ്) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ജി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**നികുതി വർദ്ധനവില്ലൂടെയല്ലാതെയുള്ള വരുമാന വർദ്ധനവ്**

2 (329) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നികുതി വർദ്ധനവില്ലൂടെയല്ലാതെ ഏതെല്ലാം നിലയിൽ വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ;

(ബി) വിവിധ വകുപ്പുകളിലൂടെ വർദ്ധിപ്പിച്ച ഓരോ ഇനവും വർദ്ധിപ്പിച്ച നിരക്കും അതുവഴി പ്രതിവർഷം ഓരോ ഇനത്തിലും പ്രതീക്ഷിക്കുന്ന വരുമാനവും സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(സി) ഇത്തരത്തിലുള്ള വർദ്ധനവ് സാധാരണ ജനജീവിതത്തെ എത്ര കണ്ട് ബാധിച്ചിട്ടുണ്ടെന്ന് സർക്കാർ തലത്തിൽ അവലോകനം നടത്തിയിട്ടുണ്ടോ; കണ്ടെത്തൽ വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-19, 2019-20 വർഷങ്ങളിൽ സേവന നിരക്കുകളിൽ യഥാക്രമം 5% വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ബി) വിവിധ സർക്കാർ വകുപ്പുകൾ മുഖേന നൽകിവരുന്ന എല്ലാ സേവനങ്ങൾക്കും അതത് വർഷങ്ങളിൽ നിലവിലുണ്ടായിരുന്ന സേവന/വാടക നിരക്കുകളിൽ 5% വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. മുൻവർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുമായി താരതമ്യപ്പെടുത്തുമ്പോൾ സേവന നിരക്കുകളിൽ അഞ്ചു ശതമാനം വർദ്ധനവ് വരുത്തിയതുൾപ്പെടെ നടപ്പുസാമ്പത്തിക വർഷം നികുതിയേതര വരുമാനത്തിൽ 798.93 കോടി രൂപ അധികമായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നാമമാത്രമായ വർദ്ധനവാണ് സേവന നിരക്കുകളിൽ വരുത്തിയിട്ടുള്ളതെന്നതിനാൽ, വർദ്ധനവ് സാധാരണ ജനജീവിതത്തെ സാരമായി ബാധിക്കുമെന്ന് കരുതുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കൽ

3 (330) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി അടങ്കൽ എത്രയായിരുന്നു; അതിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക എത്രയായിരുന്നു; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ് എത്രയായിരുന്നു; തദ്ദേശഭരണ സ്ഥാപനങ്ങളുടെ യഥാർത്ഥ പദ്ധതി ചെലവ് എത്രയായിരുന്നു; വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെയും പദ്ധതി ചെലവിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;

(തുക കോടിയിൽ)

| ഇനം | അടങ്കൽ | ചെലവ് |
|---|---|---|
| സംസ്ഥാന വാർഷിക പദ്ധതി (2018-19) | 29150.00 | 22183.62 |
| തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി (2018-19) | 7000.00 | 5739.38 |

## സർക്കാർ എടുത്ത വായ്പകൾ

4 (331) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ നിന്നുള്ള വായ്പകൾ ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നും സർക്കാർ എടുക്കുന്ന ഫണ്ടുകൾ പൂർണമായും പദ്ധതി ചെലവിന് ഉപയോഗിക്കാതെ മറ്റ് ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഉപയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നാളിതുവരെ എടുത്ത കടത്തിന്റെ എത്ര ശതമാനം തന്നാണ്ടിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയുണ്ടായി; വർഷം തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ;

(സി) ഈ സർക്കാർ ഇതിനകം എടുത്ത ആകെ വായ്പകൾ എത്രയാണ്; ഓരോ വർഷവും എടുത്ത വായ്പകളെ സംബന്ധിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വായ്പയായി എടുക്കുന്ന തുക പ്രധാനമായും പദ്ധതി/വികസന ചെലവുകൾക്കായിട്ടാണ് വിനിയോഗിക്കുന്നത്. എന്നാൽ, വായ്പയായി എടുക്കുന്ന തുകയുടെ ഒരു ഭാഗം പദ്ധതിയേതര റവന്യൂ ചെലവുകൾക്ക് വിനിയോഗിക്കേണ്ടി വരാറുണ്ട്. ഓരോ വർഷവും വായ്പയെടുത്ത തുകയിൽ റവന്യൂ അക്കൗണ്ടിലെ കമ്മി നികത്തിയതിനുശേഷമുള്ള മുഴുവൻ തുകയും പദ്ധതികൾക്കായിട്ടാണ് ചെലവഴിക്കുന്നത്.

(സി) അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ 2016-17 മുതൽ 2018-19 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടയിനത്തിൽ എടുത്തിട്ടുള്ള വായ്പ (തനി) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| | 2016-17 | 2017-18 | 2018-19 |
|---|---|---|---|
| ആഭ്യന്തര വായ്പ (തനി) | 15772.46 | 17231.81 | 15490.50 |
| കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ (തനി) | 379.43 | -130.15 | -240.58 |
| പൊതുകടം (തനി) | 16151.89 | 17101.66 | 15249.92 |

**പ്രളയാനന്തര പുനർനിർമ്മാണം**

5 (332) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണത്തിനായി ലോകബാങ്കിൽ നിന്നും മറ്റ് വിദേശ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഇതിനകം വായ്പ ലഭ്യമാക്കിയിട്ടുണ്ടോ; എന്ത് തുകയാണ് ഇപ്രകാരം ലഭിച്ചതെന്നും, പ്രസ്തുത വായ്പകളുടെ പലിശ നിരക്കും, തിരിച്ചടവ് കാലാവധിയും എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വായ്പകൾ ഏതൊക്കെ മേഖലകളിൽ ചെലവഴിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത് എന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പുറത്തിറക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) കേരള പുനർനിർമ്മാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമ്മൻ ബാങ്കായ KfW-ൽനിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ)-യുടെ വായ്പ എന്നിവ ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഇതിൽ വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ലഭ്യമായിട്ടുണ്ട്.

ലോകബാങ്കിൽ നിന്നും ലഭ്യമായ വായ്പയുടെ പലിശനിരക്ക്, തിരിച്ചടവ് കാലാവധി തുടങ്ങിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ഇനം | ഭാഗം - എ<br>കൺസഷണൽ വായ്പ | ഭാഗം - ബി<br>നോൺ-കൺസഷണൽ വായ്പ |
|---|---|---|
| തുക | 1133.07 കോടി രൂപ | 646.51 കോടി രൂപ |
| പലിശ നിരക്ക് | 1.25% വാർഷിക പലിശ | LIBOR+ലോകബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്ക് |
| തിരിച്ചടവ് കാലാവധി | 15-11-2024 മുതൽ 15-5-2049 വരെ 50 അർദ്ധ വാർഷിക തവണകൾ | 15-11-2024 മുതൽ 15-11-2043 വരെ 39 അർദ്ധവാർഷിക തവണകൾ |

(ബി) കേരള പുനർനിർമ്മാണ വികസന പരിപാടിയിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു സമഗ്ര പ്രവർത്തന പദ്ധതി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്ന ലക്ഷ്യത്തിലേയ്ക്ക് വഴികാട്ടുന്ന മാർഗ്ഗരേഖയാണ് RKDP (റീ ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം). ഇത്തരത്തിലുള്ള പുനർനിർമ്മാണത്തിന് ഉതകുന്ന മേഖലാടിസ്ഥാനത്തിലുള്ളതും (Sector based) വിവിധ മേഖലകളുമായി ബന്ധപ്പെട്ടു കിടക്കുന്നതുമായ (cross cutting) നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവ RKDP-യിൽ ഉൾപ്പെടുന്നു. കേരളത്തിന്റെ വികസനത്തിനും ജനങ്ങളുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി നിലവിൽ സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പൂരകമായി രൂപപ്പെടുത്തിയിട്ടുള്ളതാണ് കേരള പുനർനിർമ്മാണ വികസന പരിപാടി.

റീബിൽഡ് കേരള പദ്ധതിയിൽ സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

## സംസ്ഥാനത്തിന്റെ കടബാധ്യത

6 (333) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടബാധ്യതയിൽ പകുതിയിലേറെ 2025-നകം കൊടുത്തു തീർക്കേണ്ടതാണോ; എങ്കിൽ ഈ കാലയളവിൽ 71,698 കോടി രൂപ കൊടുത്തു തീർക്കേണ്ടതായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ സ്വന്തം നികുതി വരുമാനത്തിന്റെ തോത് കുറഞ്ഞുവരുന്ന സാഹചര്യമുണ്ടോയെന്ന് അറിയിക്കുമോ;

(സി) 2013-14-ൽ മൊത്തം റവന്യൂ വരുമാനത്തിന്റെ അറുപത്തിയഞ്ച് ശതമാനം സംസ്ഥാനത്തിന്റെ റവന്യൂ വരുമാന സ്രോതസ്സിൽ നിന്നായിരുന്നെങ്കിൽ 2017-18 ൽ ഇത് അൻപത്തിയാറ് ശതമാനമായി കുറഞ്ഞ സാഹചര്യമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 64718.13 കോടി രൂപയാണ് വിവിധ കടബാദ്ധ്യതയിനത്തിൽ 2019-2025 കാലയളവിൽ കൊടുത്തു തീർക്കാനുള്ളത്. ഇത് പൊതുകടത്തിന്റെ (1-4-2018 മുതൽ 31-12-2019 വരെയുള്ള താത്കാലിക കണക്കുകൾ ഉൾപ്പെടെ) 37.69 ശതമാനമാണ്.

(ബി&സി) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ തനത് നികുതി വരുമാനത്തിന്റെ തോത് 2014-15 സാമ്പത്തിക വർഷം മുതൽ കുറഞ്ഞു വരുന്നതായിട്ടാണ് കണ്ടുവരുന്നത്. കേന്ദ്രസർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തികനയങ്ങളുടേയും നോട്ട് നിരോധനത്തിന്റേയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്കുസേവന നികുതിയുടെയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തുടർച്ചയായ വർഷങ്ങളിലുണ്ടായ രണ്ട് പ്രളയങ്ങളും സംസ്ഥാനത്തിന്റെ നികുതി വരുമാന തോത് കുറയുന്നതിന് കാരണമായിട്ടുണ്ട്.

**നികുതി വിഹിതത്തിൽ വന്ന കുറവ്**

7 (334) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-2019-ലെ കേന്ദ്രസർക്കാരിന്റെ ബഡ്ജറ്റ് അനുസരിച്ച് കേരളത്തിന്റെ നികുതി വിഹിതത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഇനത്തിലാണ് കുറവ് സംഭവിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

ഉണ്ട്. Incom Tax, CGST, IGST & Union Excise Duty എന്നീ നികുതി ഇനങ്ങളിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

**ജി.എസ്.ടി. വരുമാനത്തിലെ കുറവ്**

8 (335) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജി.എസ്.ടി വരുമാനത്തിലുണ്ടായ കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി വരുമാനം വർദ്ധിപ്പിക്കുന്നതിന് ആധുനികവത്ക്കരണം ഉൾപ്പെടെ എന്തെല്ലാം നടപടികളാണ് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ജി.എസ്.ടി. വരുമാനത്തിലുണ്ടായ കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചുകാണിച്ചതുമെല്ലാം കണ്ടുപിടിക്കാനാകും. നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

2. ജി.എസ്.ടി.ആർ.-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ. 3 ബി, ജി.എസ്.ടി.ആർ.1 ഇവ തമ്മിലുള്ള താരതമ്യം, ഇ-വേ ബിൽ ഡാറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.

3. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (എ.എൻ.പി.ആർ.) പരീക്ഷണാടിസ്ഥാനത്തിൽ വാളയാർ ഹൈവേയിൽ നടപ്പിലാക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ പറ്റുമെന്ന് തെളിഞ്ഞിട്ടുണ്ട്. ഇ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. പ്രധാന അതിർത്തി മേഖലകളിൽ ഈ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള കരാർ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. GSTN തത്സംബന്ധമായ ഇ-വേ ബിൽ ഡേറ്റ തരുന്നതിനുള്ള സാങ്കേതിക സംവിധാനവും ലഭിച്ചു. ഇത് 2020 ഏപ്രിൽ മാസത്തോടുകൂടി പൂർണ്ണമായും ഉപയോഗമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

4. KSEB, Pollution Control Board, Food & Safety വകുപ്പ് എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് അവ റിട്ടേണുമായി ഒത്തുനോക്കുന്ന പ്രക്രിയ തുടർന്നുവരുന്നു.

5. റിട്ടേൺ ഫയൽ ചെയ്യാത്തവരെ കണ്ടുപിടിച്ച് നൽകേണ്ട നികുതിയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് നോട്ടീസ് നൽകി അസസ്സ്മെന്റുകൾ പൂർത്തിയാക്കി വരുന്നു.

6. ജി.എസ്.ടി. Back-end സംവിധാനം ഉപയോഗിച്ച് റിട്ടേണിലെ പൊരുത്തക്കേട് വിശദീകരിക്കുവാൻ വ്യാപാരികൾക്ക് നോട്ടീസ് നൽകുന്നു.

7. നികുതി ചോർച്ച കണ്ടെത്തുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഫയലുകൾ കണ്ടെത്തുന്നതിനുമായി Indian Institute of Information Technology Kerala-യുമായി ചേർന്ന് വകുപ്പിന് Data Analytic സംവിധാനം ഏർപ്പെടുത്തി.

8. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

9. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്കുസേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കുന്നതിന് ആധുനികവൽക്കരണം ഉൾപ്പെടെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. ജി.എസ്.ടി. വകുപ്പിലെ 75 ശതമാനം ഉദ്യോഗസ്ഥരെയും ജി.എസ്.ടി. നികുതി പിരിവിലേയ്ക്ക് മാത്രമായി വിന്യസിക്കും.

2. ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം മറ്റ് സംസ്ഥാനങ്ങളിൽ ജി.എസ്.ടി. രജിസ്ട്രേഷനുകൾ ഇരട്ടിയിലധികമായെങ്കിലും കേരളത്തിൽ ആനുപാതികമായ വർദ്ധനവുണ്ടായിട്ടില്ല. ഒരു ലക്ഷത്തോളം പുതിയ രജിസ്ട്രേഷനുകൾ ഉൾപ്പെടുത്തി നികുതി ശൃംഖല വിപുലീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

3. 2017-18, 2018-19 എന്നീ വർഷങ്ങളിലെ വർഷാന്ത്യ റിട്ടേണുകൾ മാർച്ച് മാസം അവസാനിക്കുംമുമ്പ് ലഭിക്കും. ഇവ സൂക്ഷ്മമായ പരിശോധനയ്ക്കും ഓഡിറ്റിനും വിധേയമാക്കും. ഇതിലൂടെ നികുതി വെട്ടിപ്പും തെറ്റായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റും കണ്ടെത്തുകയും ഈടാക്കുകയും ചെയ്യും.

4. ജി.എസ്.ടി.എൻ. ഇൻഫർമേഷൻ സിസ്റ്റത്തിലൂടെ ലഭിക്കുന്ന വിവരങ്ങൾ ഡാറ്റാ അനലിറ്റിക്സ് മാർഗ്ഗങ്ങൾ ഉപയോഗിച്ച് വിശകലനത്തിന് വിധേയമാക്കും. പരിശോധനയും ഓഡിറ്റും നടത്തേണ്ട മേഖലകളെ കണ്ടെത്തുന്നതിന് ഡാറ്റാ അനലിറ്റിക്ക് റിപ്പോർട്ടുകൾ ഉപയോഗിക്കും.

5. അതിർത്തികളിൽ സ്ഥാപിച്ച ക്യാമറകളിലൂടെ ചരക്ക് വാഹനങ്ങളുടെ വിവരങ്ങൾ ശേഖരിക്കും. ഇവ ഇ-വേ ബില്ലുകളുമായി ഒത്തുനോക്കുവാനുള്ള സംവിധാനം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ അതിർത്തി വഴിയുള്ള കള്ളക്കടത്ത് തടയുവാൻ കഴിയും.

6. വ്യാപാരത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ മറ്റു സ്രോതസ്സുകളിൽ നിന്നും ശേഖരിച്ച് വ്യാപാരികളുടെ റിട്ടേണുമായി ബന്ധപ്പെടുത്തി പരിശോധിക്കുന്നതാണ്.

7. ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കുന്നതിന് സമർപ്പിച്ച വിവരങ്ങളുടെ ആധികാരികത വ്യാപാര സ്ഥലത്ത് നേരിട്ടെത്തി പരിശോധിക്കും. ഇതിന് മൊബൈൽ ആപ്പ് പോലുള്ള സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തും.

8. രജിസ്റ്റേർഡ് വ്യാപാരികളുടെ റിട്ടേൺ ഫയലിംഗ്, നികുതി ഒടുക്കൽ എന്നിവ കൃത്യമായി നിരീക്ഷിക്കുന്നതിന് അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർമാരെ പ്രത്യേകമായി ചുമതലപ്പെടുത്തുന്നതാണ്. വീഴ്ച വരുത്തുന്ന വ്യാപാരികളുമായി ഇവർ നിരന്തരം ഫോണിൽ ബന്ധപ്പെടും. വ്യാപാര സ്ഥലം സന്ദർശിച്ചും സംശയങ്ങൾ ദൂരീകരിച്ചും അവരുടെ പ്രതികരണങ്ങൾ മൊബൈൽ ആപ്പ് വഴി രേഖപ്പെടുത്തുന്നതുമാണ്.

9. ഇ-വേ ബില്ലുകൾ, മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വിവരങ്ങൾ എന്നിവ സമന്വയിപ്പിച്ച് റിട്ടേണുകളുമായി ഒത്തുനോക്കി വിശകലനം ചെയ്തിട്ടുള്ള റെഡ്ഫ്ലാഗ് റിപ്പോർട്ടുകൾ അനന്തര നടപടികൾക്കായി ഓഫീസർമാർക്ക് ലഭ്യമാക്കും.

10. ജി.എസ്.ടി. സർവ്വയലൻസ് യൂണിറ്റുകളെ കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരും. ഇതിനായി അമരവിള, വാളയാർ, മഞ്ചേശ്വരം എന്നീ സ്ഥലങ്ങളിൽ കമാന്റ് സെന്ററുകൾ സ്ഥാപിക്കും.

11. നികുതി വെട്ടിപ്പ് സാധ്യതയുള്ള ചരക്കുകൾക്കും സേവനങ്ങൾക്കും നിർബന്ധിത ഇ-ഇൻവോയ്സുകൾ ഏർപ്പെടുത്തും.

**ജി.എസ്.ടി.യിൽ നിന്നുള്ള വരുമാനം**

9 (336) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഏപ്രിൽ മുതൽ 2020 ജനുവരി വരെ എത്ര തുകയാണ് ജി.എസ്.ടി.-യിൽ നിന്നും സംസ്ഥാനത്തിന് പിരിഞ്ഞ്കിട്ടിയത്; ഇതിൽ സംസ്ഥാന ജി.എസ്.ടി എത്ര; ഐ.ജി.എസ്.ടി എത്ര; വ്യക്തമാക്കാമോ ;

(ബി) എത്ര തുകയുടെ വരുമാനമാണ് സംസ്ഥാന ജി.എസ്.ടി.-യിൽ നിന്നും 2020-21 സാമ്പത്തിക വർഷം സർക്കാർ പ്രതീക്ഷിക്കുന്നത്;

(സി) വാഹന മേഖലയിലെ പ്രതിസന്ധി സംസ്ഥാനത്തിന്റെ മൊത്തം ജി.എസ്.ടി വരുമാനത്തിൽ പ്രതിഫലിക്കുവാൻ സാധ്യതയുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2019 ഏപ്രിൽ മുതൽ 2020 ജനുവരി വരെ 16790.84 കോടി രൂപയാണ് ജി.എസ്.ടി.-യിൽ നിന്നും സംസ്ഥാനത്തിന് പിരിഞ്ഞുകിട്ടിയത്. ഇതിൽ ജി.എസ്.ടി., ഐ.ജി.എസ്.ടി. എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു:

| ഇനം | ലഭിച്ച തുക (കോടിയിൽ) |
|---|---|
| എസ്.ജി.എസ്.ടി | 7886.71 |
| ഐ.ജി.എസ്.ടി. | 8336.54 |
| അഡ്ഹോക്ക് ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് | 567.59 |
| ആകെ | 16790.84 |

(ബി) 32388.11 കോടി രൂപയാണ് സംസ്ഥാന ജി.എസ്.ടി.-യിൽ നിന്നും 2020-2021 സാമ്പത്തിക വർഷം സർക്കാർ പ്രതീക്ഷിക്കുന്നത്.

(സി) വാഹന മേഖലയിൽ നിന്നുള്ള നികുതി വരുമാനം ജി.എസ്.ടി. വരുമാനത്തിന്റെ ഏകദേശം 16 ശതമാനം വരുന്നതുകൊണ്ട് വാഹന മേഖലയിലുള്ള പ്രതിസന്ധി സംസ്ഥാനത്തിന്റെ മൊത്തം ജി.എസ്.ടി. വരുമാനത്തിൽ പ്രതിഫലിക്കുവാൻ സാധ്യതയുണ്ട്.

## നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

10 (337) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വാറ്റ് നികുതി കുടിശ്ശിക തുക എത്രയാണെന്നും പ്രസ്തുത കുടിശ്ശിക തുകയിൽ പിരിച്ചെടുത്ത തുക എത്രയാണെന്നും അറിയിക്കാമോ;

(ബി) നിലവിൽ വാറ്റ്, ജി.എസ്.ടി. എന്നിവ ഉൾപ്പെടെയുള്ള നികുതി കുടിശ്ശിക എത്രയാണെന്ന് അറിയിക്കാമോ ;

(സി) ഭീമമായ നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ കഴിയാത്ത സാഹചര്യം സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ) 31-1-2020-ലെ കണക്കനുസരിച്ച് വാറ്റ്, കെ.ജി.എസ്.ടി., ലക്ഷ്വറി ടാക്സ് എന്നിവ ഉൾപ്പെടെ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ 14010.47 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നതിൽ 138.13 കോടി രൂപ പിരിച്ചെടുത്തു. ബാക്കി 13872.34 കോടി രൂപ കുടിശ്ശികയുണ്ട്.

(ബി) നിലവിൽ വാറ്റ്, കെ.ജി.എസ്.ടി. ലക്ഷ്വറി ടാക്സ് എന്നിവ ഉൾപ്പെടെ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിലെ കുടിശ്ശിക 13872.34 കോടി രൂപയും ജി.എസ്.ടി. back-end-ലെ ഡാറ്റാ അനുസരിച്ച് ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യാത്തവരുടെ അസസ്സ്മെന്റ് പൂർത്തിയാക്കിയതിൻ പ്രകാരമുള്ള എസ്.ജി.എസ്.ടി കുടിശ്ശിക 976.56 കോടി രൂപയോളവും വരും. ഇതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

2. അപ്പീൽ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുവേണ്ടി കൂടുതലായി 4 ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) പോസ്റ്റും 12 അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽസ്) പോസ്റ്റും അനുവദിച്ചു.

3. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ധനകാര്യമന്ത്രിയുടെയും റവന്യൂ മന്ത്രിയുടെയും നേതൃത്വത്തിൽ കളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് വേണ്ട നിർദ്ദേശം നൽകി.

4. നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിന് ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.

## ആംനസ്റ്റി സ്കീം പ്രകാരം നികുതി പിരിവ്

11 (338) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കിയതുമൂലം വയനാട് ജില്ലയിൽ അടച്ചുപൂട്ടപ്പെട്ട ചെക്ക്പോസ്റ്റുകളിൽ ജോലി ചെയ്തിരുന്ന കാഷ്വൽ സ്വീപ്പർമാർക്ക് പുനർനിയമനം നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ;

(ബി) നികുതി പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം പ്രഖ്യാപിച്ച ആംനസ്റ്റി സ്കീം പ്രകാരം എത്ര തുക ഇതുവരെ പിരിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ആംനസ്റ്റി സ്കീം പ്രകാരം അപേക്ഷ നൽകിയെങ്കിലും കുടിശ്ശിക തിരിച്ചടയ്ക്കാത്തതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ഉടൻ പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

### ഉത്തരം

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിന്റെ ഭാഗമായി ചെക്ക് പോസ്റ്റുകളിൽ നിന്നും വിടുതൽ ചെയ്ത കാഷ്വൽ സ്വീപ്പർമാർക്ക് ഭാവിയിൽ വകുപ്പിന്റെ ഏതെങ്കിലും ഓഫീസുകളിൽ കാഷ്വൽ സ്വീപ്പർമാരെ ആവശ്യമായി വരുന്നപക്ഷം നിലവിലെ ചട്ടങ്ങൾക്ക് വിധേയമായി പരിഗണന നൽകുന്നതാണ്.

(ബി) നികുതി പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷം പ്രഖ്യാപിച്ച ആംനസ്റ്റി സ്കീം പ്രകാരം 138.14 കോടി രൂപ (31-1-2020) വരെ പിരിച്ചെടുത്തിട്ടുണ്ട്.

(സി) 2019-20 ആംനസ്റ്റി സ്കീം പ്രകാരം അപേക്ഷ നൽകിയതിൽ 225.20 കോടി രൂപ ഇനിയും അടയ്ക്കുവാനുണ്ട്. അവർക്ക് കുടിശ്ശിക തിരിച്ചടയ്ക്കുന്നതിനായി 31-3-2020 വരെ സമയം അനുവദിച്ചിട്ടുണ്ട്. ഇവർക്ക് 2020-21 വർഷത്തിലെ പുതിയ ആംനസ്റ്റി സ്കീം സ്വീകരിക്കുവാൻ അവസരമുണ്ടാകുമെന്നും ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## കാർഷികാദായ നികുതിയിൽ വരുത്തിയ പരിഷ്കാരങ്ങൾ

12 (339) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ സർക്കാർ കാർഷികാദായ നികുതി ഘടനയിൽ വരുത്തിയ പരിഷ്കാരങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

### ഉത്തരം

തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശപ്രകാരം തോട്ടം ഉടമകളിൽ നിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് 15-10-2018-ലെ (കൈ) നമ്പർ 67/2018/തൊഴിൽ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനാവശ്യമായ നിയമനിർമ്മാണ നടപടികൾ സ്വീകരിച്ചുവരുന്നു.

## സംസ്ഥാനത്തിന്റെ നികുതി വരുമാനം

13 (340) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 വരെയുള്ള സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ വിശദാംശം വർഷം തിരിച്ചും ഇനം തിരിച്ചും നൽകുമോ;

(ബി) 2016-17 സാമ്പത്തിക വർഷം മുതൽ 2019-20 വരെയുള്ള കാലഘട്ടത്തിലെ നികുതി വരുമാനത്തിന്റെ വിശദാംശം വർഷം തിരിച്ചും ഇനം തിരിച്ചും നൽകുമോ?

### ഉത്തരം

(എ&ബി) മറുപടി അനുബന്ധമായി ചേർക്കുന്നു. *

## നികുതി വെട്ടിപ്പ്

14 (341) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം വ്യാപാരികൾ വ്യാപകമായ തോതിൽ നികുതി വെട്ടിപ്പ് നടത്തുന്നുവെന്ന കാര്യം വസ്തുതാപരമാണോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നികുതി വെട്ടിപ്പിലൂടെ സംസ്ഥാനത്തിന് എത്ര കോടി രൂപയുടെ നഷ്ടം ആണ് ഇതിനകം സംഭവിച്ചിട്ടുള്ളത്;

(സി) നികുതി വെട്ടിപ്പ് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അത് ഫലപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ;

(ഡി) റെയിൽ വഴിയുള്ള തട്ടിപ്പ് തടയുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഓൺലൈൻ വില്പനയിലൂടെ ഉണ്ടാകുന്ന നികുതി വെട്ടിപ്പ് തടയുന്നതിന് സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ജി.എസ്.ടി. നടപ്പിലാക്കിയശേഷം വ്യാപകമായ തോതിൽ നികുതി വെട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വാർഷിക റിട്ടേണുകൾ യഥാസമയം ലഭ്യമാകാതിരുന്നതും ഇ-വേ ബിൽ തത്സമയം ഡൗൺലോഡ് ചെയ്ത് കിട്ടാത്തതുമെല്ലാംമൂലം നികുതി വെട്ടിപ്പ് നിയമപരമായി പരിശോധിച്ച് സ്ഥാപിക്കുന്നതിന് പ്രയാസം നേരിട്ടു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നികുതി വെട്ടിപ്പ് തടയുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടിണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചുകാണിച്ചതുമെല്ലാം കണ്ടുപിടിക്കാനാകും. നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

2. ജി.എസ്.ടി.ആർ. -2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ. -3 ബി, ജി.എസ്.ടി.ആർ. -1 ഇവ തമ്മിലുള്ള താരതമ്യം, ഇ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.

3. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (എ.എൻ.പി.ആർ.) പരീക്ഷണാടിസ്ഥാനത്തിൽ വാളയാർ ഹൈവേയിൽ നടപ്പിലാക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കുവാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ

പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ പറ്റുമെന്ന് തെളിഞ്ഞിട്ടുണ്ട്. ഇ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഇതിനെ സംബന്ധിച്ച് പ്രധാന അതിർത്തി മേഖലകളിൽ ഈ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള കരാർ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. GSTN തത്സമയമായ ഇ-വേ ബിൽ ഡാറ്റാ തരുന്നതിനുള്ള സാങ്കേതിക സംവിധാനവും ലഭിച്ചു.

4. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

5. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചുവാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്കുസേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബിൽ കൊടുക്കുന്നുണ്ടോ എന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നു.

(ഡി) റെയിൽ വഴിയുള്ള ചരക്കുനീക്കത്തിനും ഇ-വേ ബിൽ ബാധകമാണ്. റെയിൽ വഴിയുള്ള തട്ടിപ്പ് തടയുന്നതിന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം പ്രത്യേക പരിശോധന നടത്തി കുറ്റക്കാർക്കെതിരെ പിഴ ചുമത്തുന്നുണ്ട്. ഓൺലൈൻ പ്ലാറ്റ്ഫോം ഉള്ളവരുടെ റിട്ടേൺ, അവയിൽക്കൂടി വിൽപ്പന നടത്തിയ വ്യാപാരികളുടെ റിട്ടേൺ, ഇതുസംബന്ധിച്ച് കൊറിയർ കമ്പനികൾ ഫയൽ ചെയ്യുന്ന ഇ-വേ ബിൽ എന്നിവയുമായി വിവരങ്ങൾ ഒത്തുനോക്കി പൊരുത്തക്കേട് കണ്ടുപിടിക്കുന്നതിനും നടപടികൾ എടുക്കുന്നതിനുമുള്ള അനലിറ്റിക്സ് സംവിധാനം നടപ്പിലാക്കിവരുന്നു.

## സ്വർണ്ണക്കടകളിലെ കച്ചവടത്തിന് ബിൽ നൽകാൻ നടപടി

15 (342) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല ജ്വല്ലറികളിലും സ്വർണ്ണാഭരണങ്ങൾ ബില്ലുകൾ നൽകാതെ കച്ചവടം നടത്തുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വർണ്ണക്കടകളിൽ ബില്ലുകൾ നൽകിയും നിയമ വിധേയമായും ആണ് കച്ചവടം നടക്കുന്നത് എന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് ജി.എസ്.ടി. വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പല ജ്വല്ലറികളിലും സ്വർണ്ണാഭരണങ്ങൾ ബില്ലുകൾ നൽകാതെ കച്ചവടം നടത്തുന്നുണ്ടെന്ന പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ഈ മേഖലയിലെ നികുതി ചോർച്ച തടയുന്നതിലേയ്ക്കായി ജി.എസ്.ടി. കൗൺസിൽ ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിനെ രൂപീകരിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇ-ഇൻവോയ്സിംഗ് സംവിധാനം ഈ മേഖലയിൽ നടപ്പിലാക്കിയാൽ ഒരുപരിധിവരെ നികുതി വെട്ടിപ്പ് തടയുവാനാകും. ചരക്കുസേവന നികുതി വകുപ്പ് ഇന്റലിജൻസ് സ്ക്വാഡിന്റെ കട പരിശോധനയിലൂടെയും ബിൽ പരിശോധനയിലൂടെയും ടെസ്റ്റ് പർച്ചേസിലൂടെയും സ്വർണ്ണവ്യാപാര മേഖലയിലെ നികുതി വെട്ടിപ്പ് തടയുവാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**സാമ്പത്തിക പ്രതിസന്ധി**

16 (343) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലനിൽക്കുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിമൂലം ട്രഷറികളിൽ നിന്നും അൻപതിനായിരം രൂപയ്ക്കു മുകളിലുള്ള ബില്ലുകൾ മാറുന്നതിന് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു മൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നറിയിക്കാമോ;

(ബി) ഈ സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങുമായി ബന്ധപ്പെട്ടുള്ള ധൂർത്ത്, 100 ദിവസത്തെ ആഘോഷം, ഒന്നാം വാർഷികാഘോഷം, 1000 ദിവസത്തെ ആഘോഷം, മന്ത്രിമാരുടെ വിദേശ യാത്രകൾ, മുൻകാലങ്ങളിലൊന്നും നിലവിലില്ലാതിരുന്ന ഉപദേശകരുടെ നിയമനം, ഡൽഹിയിൽ സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയുടെ നിയമനം തുടങ്ങി പൊതു ഖജനാവിൽ വൻ ബാധ്യതയുണ്ടാക്കുന്ന തരത്തിലുള്ള നടപടികളാണ് ഈ പ്രതിസന്ധിയിലേയ്ക്ക് നയിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുന്നതിന് ധനകാര്യ വകുപ്പ് ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനവും ചരക്കുസേവന നികുതി നടപ്പിലാക്കിയപ്പോൾ വാഗ്ദാനം ചെയ്ത നഷ്ടപരിഹാരം ലഭ്യമാക്കുന്നത് അകാരണമായി വൈകിപ്പിക്കുന്നതും

സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. 2019 ഒക്ടോബർ മാസം മുതൽ 2020 ജനുവരി വരെയുള്ള നഷ്ടപരിഹാരം മൂവായിരം കോടി രൂപയ്ക്ക് മുകളിൽ വരും. ഇതിൽ 854.04 കോടി രൂപ മാത്രമാണ് അനുവദിച്ചത്. ടി പ്രതികൂല സാഹചര്യത്തിലും 15-1-2020 വരെ ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ള 5,00,000 രൂപ വരെയുള്ള ബില്ലുകൾ മാറി നൽകുന്നതിന് ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അഞ്ച് ലക്ഷത്തിന് മുകളിലുള്ള ബില്ലുകൾ ബി.ഡി.എസ്. വഴി മാറ്റുന്നതിനുള്ള നടപടിയും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല. അനിതരസാധാരണമാംവിധം സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്ര സർക്കാർ നയമാണ് ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം എന്നത് വ്യക്തമായിരിക്കെ, ആയതിനെ പൂർണ്ണമായും വിസ്മരിച്ച് അയഥാർത്ഥ്യമായ കാരണങ്ങൾ തേടുന്നത് പ്രശ്നപരിഹാരത്തെ തടസ്സപ്പെടുത്തുകയാണ് ചെയ്യുക. ധൂർത്ത് ഒഴിവാക്കിയും ചെലവ് ചെയ്യലിന്റെ കാര്യക്ഷമത ഉയർത്തിയുമാണ് സർക്കാർ പ്രവർത്തിക്കുന്നത്.

**സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി**

17 (344) ശ്രീ. റോജി എം. ജോൺ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്ന് പോകുന്നത് എന്നത് വസ്തുതയല്ലേ; അതിന്റെ ഭാഗമായി കടുത്ത ട്രഷറി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ജി.എസ്.ടി. നഷ്ടപരിഹാരം കേന്ദ്രം സമയത്ത് നൽകാത്തതും വായ്പ പരിധി വെട്ടിക്കുറച്ചതും സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായിട്ടുണ്ടോ;

(സി) സംസ്ഥാന സർക്കാരിന്റെ ധൂർത്തും നികുതി പിരിവിലെ പിടിപ്പുകേടും സാമ്പത്തിക പ്രതിസന്ധിക്ക് ആക്കം കൂട്ടി എന്ന ആക്ഷേപം വസ്തുതാപരമല്ലേയെന്ന് അറിയിക്കാമോ;

(ഡി) നികുതി വരുമാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷവും ഈ സാമ്പത്തിക വർഷവും എത്ര ശതമാനം വർദ്ധനവാണ് പ്രതീക്ഷിച്ചത്; അത് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറെക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങളൊന്നും നടപ്പ് സാമ്പത്തിക വർഷം ഏർപ്പെടുത്തിയിട്ടില്ല. വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. മുൻകാലങ്ങളിൽ നിന്നും വിഭിന്നമായി ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ളിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. ടി സാഹചര്യത്തിലും നടപ്പ് സാമ്പത്തിക വർഷം അവസാന ത്രൈമാസത്തിൽ പൊതുവിപണിയിൽ നിന്നും 4908 കോടി രൂപ വായ്പയെടുക്കുവാൻ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നാൽ ടി സ്ഥാനത്ത് 1920 കോടി രൂപയ്ക്കുള്ള അനുമതി മാത്രമാണ് കേന്ദ്ര സർക്കാർ നൽകിയത്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. 2019 ഒക്ടോബർ മാസം മുതൽ 2020 ജനുവരി വരെയുള്ള നഷ്ടപരിഹാരം മൂവായിരം കോടിക്ക് മുകളിൽ വരും. ഇതിൽ 854.04 കോടി രൂപ മാത്രമാണ് അനുവദിച്ചത്.

(സി) വസ്തുതാവിരുദ്ധമാണ്.

(ഡി) തനത് നികുതി വരുമാനത്തിൽ 2018-19-ൽ 26 ശതമാനത്തിന്റെ വളർച്ച പ്രതീക്ഷിച്ചെങ്കിലും 9 ശതമാനം വർദ്ധനവ് മാത്രമേ കൈവരിക്കുവാൻ സാധിച്ചിട്ടുള്ളൂ. നടപ്പ് സാമ്പത്തിക വർഷം 30 ശതമാനമായിരുന്നു ഈ ഇനത്തിൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്ന വർദ്ധനവ്. ഇതുവരെയുള്ള താത്ക്കാലിക കണക്കുകൾ പ്രകാരം ടി ലക്ഷ്യം പ്രാപ്യമല്ല. ചരക്കുസേവന നികുതി നടപ്പിലാക്കിയതിൽ കേന്ദ്ര സർക്കാരിന് വന്ന വീഴ്ചയും കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങളുടെ സൃഷ്ടിയായ സാമ്പത്തിക മാന്ദ്യവുമാണ് നികുതി വരുമാനത്തിലെ പ്രതീക്ഷിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ വിഘാതമായി തീർന്നത്.

## സംസ്ഥാനത്തിന്റെ പൊതുകടം, മൊത്തം കടം എന്നിവയിലെ വർദ്ധനവ്

18 (345) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ 2016 മേയ് മാസം സംസ്ഥാനത്തിന്റെ പൊതുകടവും, മൊത്തം കടവും എത്രയായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) 15-2-2020-ൽ സംസ്ഥാനത്തിന്റെ പൊതുകടവും മൊത്തം കടവും എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പൊതുകടത്തിലും മൊത്തം കടത്തിലും വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഡി) മൊത്തം കടത്തിൽ കിഫ്ബി വഴി സമാഹരിച്ച കടം ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 31-3-2016 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ പൊതുകടം 1,09,730.97 കോടി രൂപയും കടബാധ്യത 1,57,370.33 കോടി രൂപയുമാണ്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ കണക്ക് പ്രകാരം 31-12-2019 വരെ (1-4-2019 മുതൽ 31-12-2019 വരെയുള്ള താത്കാലിക കണക്ക് ഉൾപ്പെടെ) സംസ്ഥാനത്തിന്റെ പൊതുകടം 1,71,748.28 കോടി രൂപയും കടബാധ്യത 2,55,520.34 കോടി രൂപയുമാണ്.

(സി) ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബഡ്ജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധി GSDP-യുടെ 3% ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ട് മാത്രമേ സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ കടമെടുപ്പ് പരിധിക്കുപരിയായി സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയുകയില്ല.

(ഡി) സംസ്ഥാനത്തിന്റെ മൊത്തം കടത്തിൽ കിഫ്ബി വഴി സമാഹരിക്കുന്ന തുക ഉൾപ്പെടുന്നില്ല. ആഭ്യന്തര/അന്താരാഷ്ട്ര വിപണിയിൽ നിന്നും നാളിതുവരെ കിഫ്ബി 5005.40 കോടി രൂപയുടെ ധനസമാഹരണം നടത്തിയിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

19 (346) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തിക രംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ബഡ്ജറ്റിനു പുറത്തുള്ള നിക്ഷേപ സമാഹരണം വിഭാവനം ചെയ്ത രീതിയിൽ ലക്ഷ്യം കൈവരിക്കാത്തതും പരമ്പരാഗത നികുതി സമാഹരണ രീതികളെ മാറ്റിമറിച്ചതും സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കിഫ്ബി വഴിയുള്ള വിഭവ സമാഹരണത്തിലെ പരാജയവും നികുതി സമാഹരണത്തിലെ വീഴ്ചകളും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ ഏൽപ്പിച്ചിട്ടുള്ള ആഘാതം പരിഹരിക്കുന്നതിന് എന്തെങ്കിലും ബദൽ മാർഗ്ഗങ്ങൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2013-14 മുതൽ 2015-16 വരെ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പലവിധ മാറ്റങ്ങൾ കാരണം മുരടിപ്പ് അനുഭവപ്പെട്ടെങ്കിലും അതിനുശേഷം സമ്പദ് വ്യവസ്ഥയ്ക്ക് നല്ല തോതിലുള്ള വളർച്ചയുണ്ടായിട്ടുണ്ട്. 2013-14 മുതൽ 2015-16 വരെയുള്ള കേരളത്തിന്റെ വളർച്ചാ നിരക്ക് ദേശീയ ശരാശരിയെക്കാൾ കുറവായിട്ടാണ് രേഖപ്പെടുത്തിയത്. ഇത് 2013-14 മുതൽ 2015-16 വരെ യഥാക്രമം 4.3, 3.8, 5.3 ശതമാനമാണ്. 2016-17-ൽ വളർച്ച 7.1 ശതമാനമായി വർദ്ധിക്കുകയുണ്ടായി. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ കഴിഞ്ഞ 2 വർഷത്തിനിടയിൽ പല പ്രത്യാഘാതങ്ങളും അനുഭവപ്പെട്ടു. 2017-ലെ ഓഖി ചുഴലിക്കാറ്റ്, 2018, 2019 വർഷങ്ങളിലെ പ്രളയം എന്നിവ കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് പല തിരിച്ചടികളും ഉണ്ടാക്കി. പ്രവാസികളുടെ മടങ്ങിവരവും സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചു. ഈ പ്രതികൂലാവസ്ഥയിലും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിലുള്ള വളർച്ച 2017-18-ൽ 6.8 ശതമാനമായിരുന്നത് 2018-19-ൽ 7.5 ശതമാനമായി വർദ്ധിച്ചു.

2017-18, 2018-19 എന്നീ വർഷങ്ങളിൽ കൃഷി, മത്സ്യബന്ധനം എന്നീ മേഖലകളിൽ വ്യക്തമായ വളർച്ച രേഖപ്പെടുത്തി. ഇത് 2017-18-ൽ 11.1 ശതമാനവും 2018-19-ൽ 6.6 ശതമാനവുമാണ്. നിർമ്മാണ മേഖലയിൽ 2017-18-ൽ 4 ശതമാനം രേഖപ്പെടുത്തിയ വളർച്ച 2018-19-ൽ 6.3 ശതമാനമായി വർദ്ധിച്ചു. ഉൽപ്പാദന

മേഖലയിൽ അഭൂതപൂർവ്വമായ വളർച്ചയാണ് കേരളത്തിൽ അനുഭവപ്പെട്ടത്. 2016-17, 2017-18, 2018-19 വർഷങ്ങളിൽ യഥാക്രമം 18.2, 3.7, 11.2 ശതമാനം വളർച്ച രേഖപ്പെടുത്തി. മൊത്ത സംസ്ഥാന മൂല്യവളർച്ചയിൽ ഉൽപ്പാദന മേഖലയിലെ വിഹിതം 2014-15-ൽ 9.8 ശതമാനമായിരുന്നത് 2018-19-ൽ 13.2 ശതമാനമായി വർദ്ധിച്ചു. കേന്ദ്ര സർക്കാരിന്റെ വാർഷിക വ്യാവസായിക സർവ്വേ അനുസരിച്ച് ഇന്ത്യയുടെ ഫാക്ടറി മേഖലയിൽ കേരളത്തിന്റെ പങ്ക് 2014-15-ൽ 1.2 ശതമാനമായിരുന്നത് 2016-17-ൽ 1.6 ശതമാനമായി വർദ്ധിച്ചു. കേരളത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങൾ പൊതുവെ 2016-17 മുതൽ വളർച്ചയുടെ പാതയിലാണ്. കെമിക്കൽസ്, ഇലക്ട്രിക്കൽ മേഖല, പുതിയ സംരംഭമായ പെട്രോളിയം റിഫൈനിംഗ് എന്നിവയിൽ പുത്തൻ ഉണർവ് സംഭവിച്ചു.

(ബി&സി) ബഡ്ജറ്റിന് പുറത്ത് കിഫ്ബി വഴി വിഭാവനം ചെയ്ത ധനസമാഹരണവും പദ്ധതികളും വിജയിക്കുക തന്നെയാണ്. ഈ പദ്ധതികൾ മാന്ദ്യത്തിന്റെ കാലത്ത് സമ്പദ്ഘടനയ്ക്ക് ഉത്തേജനം നൽകുന്ന എന്ന ചിത്രമാണുള്ളത്. നോട്ട് നിരോധനം സൃഷ്ടിച്ച സാമ്പത്തിക അരക്ഷിതാവസ്ഥയും മുന്നൊരുക്കമില്ലാതെ ജി.എസ്.ടി. നടപ്പിലാക്കിയതുംമൂലം റവന്യൂ വരുമാനത്തിലുണ്ടായ കുറവ് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നിലനിൽക്കുന്ന വിടവ് നികത്തുന്നതിനാവശ്യമായ ധനം കണ്ടെത്തുന്നതിന് നിലവിലെ സാഹചര്യത്തിൽ ഒരു സംസ്ഥാനം എന്ന നിലയിൽ കേരളത്തിന് ധാരാളം പരിമിതികളുണ്ട്. കേന്ദ്ര സർക്കാരിന്റെ എഫ്.ആർ.ബി.എം. ആക്ട് അനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഇതിന് വിലങ്ങുതടിയാകുന്നു. ഈ പശ്ചാത്തലത്തിലാണ് ഒരു ബദൽ മാർഗ്ഗമെന്ന നിലയിൽ ബഡ്ജറ്റിന് പുറത്ത് നമ്മുടെ ഭാവി വരുമാനത്തിന്റെ ഈടിൽ വലിയ തോതിൽ ധനം സമാഹരിച്ച് പൊതുനിക്ഷേപം വർദ്ധിപ്പിച്ച് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഉത്തേജനം നൽകുന്ന അടിസ്ഥാന സൗകര്യവികസന പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കുവാൻ സർക്കാർ നടപടി കൈക്കൊണ്ടിട്ടുള്ളത്. കിഫ്ബി അതിന്റെ ആക്ട് അനുവദിക്കുന്ന രീതിയിൽ റിസർവ് ബാങ്ക്, സെബി തുടങ്ങിയ റെഗുലേറ്ററി സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള എല്ലാ ധനസമാഹരണ ഉപാധികളെയും ആശ്രയിച്ചുകൊണ്ടാണ് ഇത് യാഥാർത്ഥ്യമാക്കുന്നത്.

സർക്കാരിന്റെ തനത് വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷംതോറും കിഫ്ബിക്ക് ഗ്രാന്റായി നൽകിക്കൊണ്ട് പശ്ചാത്തല സൗകര്യ വികസനം ഇപ്പോൾത്തന്നെ സാധ്യമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഭാവി വരുമാന ഒഴുക്കിന് ഇപ്പോൾത്തന്നെ സെക്യൂരിറ്റൈസ് ചെയ്യുക മാത്രമാണ് കിഫ്ബി

ചെയ്യുന്നത്. ഇതിലൂടെ ഒരു തലമുറയ്ക്കുകൂടി പ്രയോജനം ലഭ്യമാക്കുംവിധം ഇരുപതോ ഇരുപത്തഞ്ചോ വർഷം കാലതാമസം വരുത്താതെ അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യം സൃഷ്ടിക്കാൻ കഴിയും. ഇപ്പോൾ കിഫ്ബി വഴി നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പത്തോഇരുപതോ വർഷം കഴിഞ്ഞ് നടത്തുമ്പോൾ ഉണ്ടാകുന്ന നിർമ്മാണച്ചെലവിലെ വർദ്ധനവ് താരതമ്യം ചെയ്യുമ്പോൾ ഇപ്പോഴെടുക്കുന്ന വായ്പകൾക്ക് നൽകേണ്ടിവരുന്ന പലിശ ചെലവ് കുറവാണെന്ന മെച്ചവുമുണ്ട്. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഉത്തേജനം നൽകുന്ന അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്കായി കിഫ്ബി വഴി നാളിതുവരെ 54,391.47 കോടി രൂപയുടെ 679 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ, കിഫ്ബി വഴിയുള്ള വിഭവ സമാഹരണം പരാജയമാണെന്ന വാദം വസ്തുതാവിരുദ്ധമാണ്. മാത്രമല്ല, ഗൾഫ് പണ വരുമാന ചുരുക്കം, തോട്ടം മേഖലയിലെ പ്രതിസന്ധി, നോട്ട് നിരോധനം എന്നിവയൊക്കെമൂലം ഒരു മാന്ദ്യത്തെ നേരിടുന്ന സംസ്ഥാന സമ്പദ്ഘടനയ്ക്ക് ഉത്തേജനം നൽകുന്ന ഒന്നാണ് കിഫ്ബി പാക്കേജ്.

**മാന്ദ്യവിരുദ്ധ പാക്കേജ്**

20 (347) ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ തരത്തിലാണ് കേരളം ഇന്ന് രാജ്യത്തെ ഏറ്റവും വലിയ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ; അതിനായി അവലംബിക്കുന്ന മാർഗ്ഗങ്ങൾ അറിയിക്കുമോ;

(ബി) ഇന്ത്യൻ ഫെഡറൽ സംവിധാനത്തിൽ കൂടുതൽ വായ്പ എടുക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള പരിമിതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) സാധാരണ ഗതിയിൽ ഇരുപത് വർഷക്കാലത്തിലധികം കൊണ്ട് ഉണ്ടാകേണ്ടുന്ന പശ്ചാത്തല സൗകര്യങ്ങൾ അടുത്ത മൂന്ന് വർഷക്കാലം കൊണ്ട് കിഫ്ബി മുഖേന കേരളത്തിൽ നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) കിഫ്ബി പദ്ധതികളുടെ പ്രവർത്തനം സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിനും പശ്ചാത്തല സൗകര്യ വികസനത്തിനും ഊർജ്ജവും ദിശാബോധവും നൽകുന്നത് ഏതൊക്കെ വിധത്തിലാണ് എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാരിന്റെ വികലമായ നയങ്ങളും ആഗോള സാമ്പത്തിക ഭൂമിശാസ്ത്രപരമായ പ്രശ്നങ്ങളും സംസ്ഥാനത്തെ സാമ്പത്തിക പ്രവർത്തനങ്ങളെ മന്ദീഭവിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം കേന്ദ്ര സർക്കാർ ഉപഭോഗം ഉത്തേജിപ്പിക്കുന്നതിന് പകരം അനുവർത്തിക്കുന്ന സപ്ലൈസൈഡ് ഇക്കണോമിക്സും നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ശുഭസൂചകമായ കാര്യമല്ല. ടി പ്രതികൂല സാഹചര്യത്തിൽ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന ബഹുതല സ്പർശിയായ വികസനം സാദ്ധ്യമാക്കി മാന്ദ്യം മറികടക്കുന്നതിനുതകുന്ന പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ പ്രധാനപ്പെട്ടവ ഇവയാണ്.

i. വിഭവ ദൗർലഭ്യംമൂലം മുരടിച്ച് നിന്നിരുന്ന സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് പുതിയ വെളിച്ചം പകർന്ന കിഫ്ബിയിലൂടെ 54,000 കോടിയിൽപ്പരം രൂപയുടെ പദ്ധതികൾ പുരോഗമിക്കുകയാണ്. സാധാരണഗതിയിൽ ഇരുപത്തഞ്ചോ മുപ്പതോ വർഷംകൊണ്ട് ഉണ്ടാകുന്ന പശ്ചാത്തല സൗകര്യങ്ങൾ അടുത്ത മൂന്ന് വർഷംകൊണ്ട് ലക്ഷ്യമിടുന്ന മേൽ പ്രോജക്റ്റ് രാജ്യത്ത് ഇന്ന് നടപ്പാക്കുന്ന ഏറ്റവും വലിയ മാന്ദ്യവിരുദ്ധ പാക്കേജാണ്.

ii. 2020-21-ൽ 36811.33 കോടി രൂപയുടെ (Special Central Assistance ഉൾപ്പെടെ) വാർഷിക പദ്ധതിയാണ് ലക്ഷ്യമിടുന്നത്.

iii. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മൊത്തം ധനസഹായം 2020-21-ൽ 12074 കോടി രൂപയായി ഉയർത്തി.

iv. എല്ലാ ക്ഷേമ പെൻഷനുകളും 1300 രൂപയായി വർദ്ധിപ്പിച്ചു.

v. മൂലധനച്ചെലവിനായി 14,428 കോടി രൂപ വകയിരുത്തി.

vi. 2020-21-ൽ ഒരു ലക്ഷം വീടുകൾ/ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി.

vii. നെൽകൃഷിക്ക് റോയൽറ്റി.

viii. 25,000-ൽപ്പരം കോടി രൂപയുടെ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ.

ix. 19,130 കോടി രൂപ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് വകയിരുത്തി.

x. പ്രാദേശിക വിഷയങ്ങൾക്ക് പരിഹാരമെന്നോണം കുട്ടനാട്, വയനാട്, ഇടുക്കി പാക്കേജുകൾ.

(ബി) പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരമാണ് സംസ്ഥാനത്തിന്റെ ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട് ഭേദഗതി ചെയ്യുകയും

ധനകമ്മി ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും ചെയ്തിട്ടുള്ളത്. ഇതുപ്രകാരം സംസ്ഥാനത്തിന്റെ ധനകമ്മി 3 ശതമാനത്തിനുള്ളിൽ നിലനിർത്തേണ്ടതുണ്ട്. ഇതനുസരിച്ച്, കേന്ദ്ര സർക്കാർ അനുവദിച്ച് നൽകുന്ന കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ട് മാത്രമേ സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയുകയുള്ളൂ.

കൂടാതെ, 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിനുമേൽ അധികരിക്കുന്ന വായ്പ വരും വർഷങ്ങളിലെ കടമെടുപ്പ് പരിധിയിൽ നിന്ന് കുറവ് ചെയ്യുന്ന തരത്തിൽ കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി&ഡി) സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2016-ലെ ബഡ്ജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. ഏകദേശം 50000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഭാവി വരുമാന ഒഴുക്കിനെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട് ഇരുപതോ ഇരുപത്തിയഞ്ചോ വർഷം കാത്തുനിൽക്കാതെ അത്യന്താപേക്ഷിതമായ പശ്ചാത്തലസൗകര്യം ഇപ്പോൾത്തന്നെ സൃഷ്ടിക്കുക എന്നതാണ് കിഫ്ബിയുടെ സ്ഥാപിത ലക്ഷ്യം. കിഫ്ബി മുഖേന നാളിതുവരെ ആകെ 54391.47 കോടി രൂപയുടെ 679 പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു.

ഇത്തരം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ വഴി സംസ്ഥാനത്തിന്റെ സമഗ്രമായ സാമ്പത്തികവും സാംസ്കാരികവും ആരോഗ്യ, വിദ്യാഭ്യാസ, വ്യാവസായിക മേഖലകളുടെ വികസനം സാധ്യമാവുകയും കൂടാതെ ഇത്തരത്തിലുള്ള വികസനപ്രവർത്തന രീതി മാന്ദ്യകാലത്തും പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ നടപ്പിലാക്കുകയും ധനവിപണിയെ കാര്യമായി ഉത്തേജിപ്പിക്കുകയും ചെയ്യും. ഈ രീതിയിൽ 50,000 കോടിയുടെ പദ്ധതികൾ നടപ്പിലാക്കുക വഴി സംസ്ഥാനത്തെ സമ്പദ്ഘടനയെ ചലനാത്മകമാക്കുന്നതിലും അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിലും സുപ്രധാനമായ പങ്ക് കിഫ്ബി വഹിക്കുന്നുണ്ട്.

**കിഫ്ബി**

21 (348) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി പ്രകാരം റോഡുകളുടെ നവീകരണ പ്രവൃത്തികൾ നടത്തുന്നതിന് റോഡുകളെ തെരഞ്ഞെടുക്കുമ്പോൾ എന്തെല്ലാം മാനദണ്ഡങ്ങൾ ആണ് നിലവിൽ സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ;

(ബി) റോഡുകളുടെ വീതി സംബന്ധിച്ച് കിഫ്ബിയുടെ നിബന്ധനകൾ വല്ലതുമുണ്ടോ; എപ്രകാരമാണ് റോഡിന്റെ വീതി നിശ്ചയിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കിഫ്ബി പദ്ധതിയായി സർക്കാർ പ്രഖ്യാപിക്കുന്ന 10 കോടി രൂപയിൽ കുറയാത്ത പദ്ധതികളാണ്/റോഡുകളാണ് കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പരിഗണിക്കുന്നത്.

(ബി) വിവിധ വിഭാഗം റോഡുകൾക്ക് ആവശ്യമായ വീതി അതുമായി ബന്ധപ്പെട്ട IRC (Indian Road Congress) നിയമാവലികളിൽ നിഷ്കർഷിച്ചിട്ടുണ്ട്. വിവിധ IRC നിയമാവലികളിൽ നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സമാഹരിച്ചുകൊണ്ട് റോഡ് നിർമ്മാണത്തിൽ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ "GUIDELINES FOR PLANNING AND DESIGN FOR ROADS & HIGHWAY PROJECTS FUNDED BY KIIFB" എന്ന പേരിൽ കിഫ്ബിയുടെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**കിഫ്ബി വഴി ആരോഗ്യ മേഖലയിലുള്ള പദ്ധതികൾ**

22 (349) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി ആരോഗ്യ മേഖലയിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികൾ ഏതൊക്കെയെന്നും ഇതിനായി അനുവദിച്ച തുക എത്രയെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കിഫ്ബി വഴി കണ്ണൂർ ജില്ലയിൽ ആരോഗ്യമേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ കാണാവുന്നതാണ്. കാസർഗോഡ് ജില്ലയിലെ ആരോഗ്യമേഖലയിലെ പദ്ധതികളൊന്നും അംഗീകരിച്ചിട്ടില്ല.

| Sl. No. | Name of Project | Project Cost (Rs. In Cr) | Constituency |
|---|---|---|---|
| 1 | To Develop Malabar Cancer Centre as Post Graduate Institute of Oncology Sciences and Research | ₹ 75.18 | Thalassery |

| | | | |
|---|---|---|---|
| 2 | Kannur District Hospital Construction of Speciality Block and Renovation and upgradation of existing Infrastructure | ₹ 57.52 | Kannur |
| 3 | Development of Speciality Hospital Mattannur, Kannur | ₹ 71.50 | Mattannur |
| 4 | Development of Taluk Hospital Payyanur | ₹ 56.31 | Payyanur |
| 5 | Establishment of International Research Institute for Ayurveda - Phase 1 | ₹ 69.05 | Mattannur |
| | Total | 329.57 | |

**കിഫ്ബി വഴി നടപ്പിലാക്കിയ പദ്ധതികൾ**

23 (350) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി വഴി എത്ര കോടി രൂപയുടെ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്; ഇവയുടെ ജില്ല തിരിച്ചുള്ള കണക്കും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും എത്രയാണെന്ന് അറിയിക്കാമോ;

(ബി) പത്തനംതിട്ട ജില്ലയിൽ കിഫ്ബി വഴി അംഗീകാരം നൽകിയ പ്രവൃത്തികളുടെ തുകയടക്കം കാണിക്കുന്ന പട്ടിക ലഭ്യമാക്കാമോ; ഇതിൽ ഏതൊക്കെ പദ്ധതികളാണ് ഇപ്പോൾ നിർമ്മാണം പൂർത്തിയാക്കുകയോ അവസാന ഘട്ടത്തിലെത്തി നിൽക്കുകയോ ചെയ്യുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി വഴി 54391.47 കോടി രൂപയുടെ പദ്ധതികൾക്കാണ് ധനാനുമതി നൽകിയിട്ടുള്ളത്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്കും ഓരോ പദ്ധതിക്കും അനുവദിച്ച തുകയും അനുബന്ധമായി ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പത്തനംതിട്ട ജില്ലയിൽ കിഫ്ബി വഴി അംഗീകാരം നൽകിയ പദ്ധതികളുടെ തുകയും പദ്ധതി നിർവ്വഹണത്തിനായി ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസികൾ അറിയിച്ചിട്ടുള്ള ഇവയുടെ വിശദാംശങ്ങൾ പ്രവൃത്തിയുടെ തൽസ്ഥിതി ഉൾപ്പെടെ അനുബന്ധമായി ചേർക്കുന്നു. *

## കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികൾ

24 (351) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച മെഗാ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഓരോ പദ്ധതികൾക്കും നീക്കിവച്ച തുകയും ഇതിനകം അനുവദിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ ഓരോ പ്രവൃത്തിക്കും ഇതിനകം എന്ത് തുക വീതം ചെലവഴിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന മെഗാ പദ്ധതികളും അവയ്ക്ക് നീക്കിവച്ച തുകയും ഇതിനകം അനുവദിച്ച തുകയും അതിൽ ചെലവാക്കിയ തുകയുൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

## കിഫ്ബി ഡയറക്ടർ ബോർഡ് അംഗീകാരം നൽകിയ പദ്ധതികൾ

25 (352) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ഡയറക്ടർ ബോർഡ് 2019-ൽ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ട്;

(ബി) കിഫ്ബി പദ്ധതികളുടെ കീഴിൽ നാളിതുവരെ എന്ത് തുകയ്ക്കുള്ള പദ്ധതികൾക്കാണ് പ്രസ്തുത ഡയറക്ടർ ബോർഡ് അംഗീകാരം നൽകിയിട്ടുള്ളത്;

(സി) അംഗീകാരം നൽകിയ എത്ര പദ്ധതികൾ ഇതിനകം ടെൻഡർ ചെയ്ത് പണി ആരംഭിച്ചു; അവയുടെ ആകെ അടങ്കൽ എത്രയാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇതിൽ എത്ര പദ്ധതികൾ 15-2-2020 നുള്ളിൽ പൂർത്തീകരിച്ചു; പൂർത്തീകരിച്ച പദ്ധതികൾക്കായി ആകെ എന്ത് തുക ചെലവഴിച്ചു?

ഉത്തരം

(എ) 2019-ൽ കിഫ്ബിയുടെ ഡയറക്ടർ ബോർഡ് 4 യോഗങ്ങൾ കൂടിയിട്ടുണ്ട്.

(ബി) കിഫ്ബി പദ്ധതികളുടെ കീഴിൽ നാളിതുവരെ 54391.47 കോടി രൂപയുള്ള പദ്ധതികൾക്കാണ് ബോർഡ് അംഗീകാരം നൽകിയിട്ടുള്ളത്.

(സി) അംഗീകാരം നൽകിയ 269 പദ്ധതികൾ ഇതിനകം ടെൻഡർ ചെയ്ത് പണി ആരംഭിച്ചു. അവയുടെ ആകെ അടങ്കൽ തുക 13086.92 കോടി രൂപയാണ്.

(ഡി) ഇതിൽ 15-2-2020-നുള്ളിൽ പൂർത്തീകരിച്ച പദ്ധതികളുടെ വിശദവിവരങ്ങളും അവയ്ക്ക് ചെലവാക്കിയ തുകയുൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

**കിഫ്ബി പദ്ധതികൾ**

26 (353) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന എത്രകോടി രൂപയുടെ എത്ര പദ്ധതികൾക്കാണ് 2020 ജനുവരി 31 വരെ അംഗീകാരം നൽകിയിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) കിഫ്ബി മുഖേന 679 പദ്ധതികളിലായി 54391.47 കോടി രൂപയുടെ പദ്ധതികൾക്ക് 2020 ജനുവരി 31 വരെ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതികളുടെ വിവരങ്ങളും നാളിതുവരെ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശവും അനുബന്ധമായി* ചേർക്കുന്നു.

**കിഫ്ബി പദ്ധതികൾ**

27 (354) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി എത്ര കോടി രൂപയുടെ എത്ര പദ്ധതികൾക്ക് നാളിതുവരെ അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അവയിൽ പൂർത്തീകരിക്കപ്പെട്ടവ എത്രയാണെന്നും അവയ്ക്കായി എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) എത്ര പദ്ധതികൾ പൂർത്തീകരിക്കാനുണ്ടെന്നും അവയുടെ പൂർത്തീകരണത്തിനായി മാറ്റി വയ്ക്കപ്പെട്ട തുകയെത്രയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കിഫ്ബി വഴി നാളിതുവരെ 54391.47 കോടി രൂപയുടെ 679 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. പൂർത്തീകരിക്കപ്പെട്ട പദ്ധതികളുടെയും അവയ്ക്കായി ചെലവഴിച്ച തുകയുൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(സി) കിഫ്ബി ഇതുവരെ അംഗീകരിച്ച 679 പദ്ധതികളിൽ പൂർത്തീകരിച്ച 25 പദ്ധതികൾ/ഉപപദ്ധതികൾ ഒഴികെ ബാക്കി എല്ലാംതന്നെ നടപ്പിലാക്കുന്ന മുറയ്ക്ക് ആവശ്യമായ തുക കിഫ്ബി നൽകുന്നതാണ്. ബഡ്ജറ്റിന് പുറമെ ധനസമാഹരണം നടത്തിയാണ് കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നത്. അതിനാൽ പ്രസ്തുത പദ്ധതികൾക്ക് ആവശ്യമായ തുക മുൻകൂറായി സമാഹരിക്കുന്നതു മൂലമുണ്ടാകാവുന്ന സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കുന്നതിനായി പദ്ധതി നടത്തിപ്പിന് കാലാകാലങ്ങളിൽ ആവശ്യമായ തുക മാത്രം സമാഹരിക്കുക എന്നതാണ് കിഫ്ബി സ്വീകരിച്ചുവരുന്ന നയം.

**കിഫ്ബിയുടെ ഓഫീസിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ**

28 (355) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ കൈകാര്യം ചെയ്യുന്ന കിഫ്ബിയുടെ ഓഫീസിൽ നിലവിൽ സ്വതന്ത്ര സോഫ്റ്റ് വെയറാണോ ഉപയോഗിക്കുന്നത്;

(ബി) അല്ലെങ്കിൽ ഏത് കമ്പനിയുടെ സോഫ്റ്റ് വെയറാണ് പ്രസ്തുത ഓഫീസിൽ ഉപയോഗിക്കുന്നതെന്നും സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗിക്കാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കിഫ്ബിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സ്വതന്ത്ര സോഫ്റ്റ് വെയറുകളും, proprietory സോഫ്റ്റ്‌വെയറുകളും ഉപയോഗിച്ചുവരുന്നു. കൂടാതെ കിഫ്ബിയുടെ പ്രവർത്തനങ്ങൾ സുഗമവും സുതാര്യവുമായി നടത്തുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്നത് ഇതിന് പ്രത്യേകമായി രൂപകൽപ്പന ചെയ്ത ആപ്ലിക്കേഷനുകളാണ്. C-DIT ഉം NIC-യും മുഖേനയാണ് ഇത്തരത്തിലുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആപ്ലിക്കേഷനുകൾ വികസിപ്പിച്ചിരിക്കുന്നത്. കിഫ്ബിയുടെ സങ്കീർണ്ണമായ പദ്ധതി അനുബന്ധ നടപടിക്രമങ്ങൾ നിലവിലുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നടപ്പിലാക്കുന്നതിൽ ഒട്ടേറെ പരിമിതികളുണ്ട്. കൂടാതെ, യഥാസമയങ്ങളിൽ സാങ്കേതിക സഹായം ഈ സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കുക എന്നത് എല്ലായ്പ്പോഴും ഉറപ്പുവരുത്തുവാൻ കഴിയുകയില്ല. ഈ പരിമിതികൾ കിഫ്ബിയുടെ സമയബന്ധിത പ്രവർത്തനത്തെ സുഗമമായി നടത്തുന്നതിനെ സാരമായി ബാധിക്കുമെന്ന കാരണത്താലാണ് സ്വതന്ത്ര സോഫ്റ്റ്‌വെയറിന് പുറമെ proprietory സോഫ്റ്റ്‌വെയറുകളും പ്രത്യേകമായി രൂപകൽപ്പന ചെയ്ത ആപ്ലിക്കേഷനുകളും ഉപയോഗിക്കേണ്ടിവരുന്നത്.

## കിഫ്ബി വഴിയുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി

29 (356) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കിഫ്ബി വഴി എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) ജില്ലയിലെ റയിൽ ക്രോസുകളിൽ ഓവർബ്രിഡ്ജ് നിർമ്മിക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) കൊല്ലം ജില്ലയിൽ കിഫ്ബി വഴി 2522.58 കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയത്. ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു. *

(സി) കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള കൊല്ലം ജില്ലയിലെ റെയിൽ ക്രോസ്സുകളിൽ ഓവർബ്രിഡ്ജ് നിർമ്മിക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

## കിഫ്ബി മുഖാന്തരം സ്കൂളുകളിൽ നടത്തുന്ന പ്രവൃത്തികൾ

30 (357) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തലശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി മുഖാന്തരം ഫണ്ട് അനുവദിച്ച് നടത്തുന്ന പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഇതുവരെ എന്തെല്ലാം നടപടി ആണ് സ്വീകരിച്ചതെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

തലശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി മുഖാന്തരം ഫണ്ട് അനുവദിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു. ഇവയുടെ പ്രവൃത്തി നടപ്പിലാക്കുന്നത് ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസിയായ 'കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ' (കൈറ്റ്) ആണ്.

1. ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, ചിറക്കര – 4.9 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 65% പ്രവൃത്തി പൂർത്തിയായിട്ടുണ്ട് എന്ന വിവരം 'കൈറ്റ്' അറിയിച്ചിട്ടുണ്ട്.

2. ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, കതിരൂർ - 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 50% പ്രവൃത്തി പൂർത്തിയായിട്ടുണ്ട് എന്ന വിവരം 'കൈറ്റ്' അറിയിച്ചിട്ടുണ്ട്.

## കണ്ണൂർ ജില്ലയിലെ കിഫ്ബി പദ്ധതികൾ

31 (358) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി എത്ര കോടി രൂപയുടെ എത്ര പദ്ധതികൾക്കാണ് ഇതുവരെ അനുമതി നൽകിയിട്ടുള്ളത്; എത്ര പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുണ്ട്; എത്ര പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

കണ്ണൂർ ജില്ലയിലെ 15538.82 കോടി രൂപയുടെ 80 പദ്ധതികൾക്ക് കിഫ്ബി നാളിതുവരെ ധനാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 48 പദ്ധതികൾ ടെൻഡർ ചെയ്തിട്ടുണ്ട്. ഇതിൽ 3 പദ്ധതികൾ പൂർത്തിയായിട്ടുള്ളതായി പദ്ധതി നിർവ്വഹണ ഏജൻസികൾ അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

## വർക്കല മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

32 (359) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നതിന് ഡി.പി.ആർ. ലഭിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച വർക്കല മണ്ഡലത്തിലെ പദ്ധതികളും ഇവയിൽ ബന്ധപ്പെട്ട ഭരണവകുപ്പ് പദ്ധതി നിർവ്വഹണ ഏജൻസികൾ മുഖേന കിഫ്ബിയിൽ സമർപ്പിച്ച പദ്ധതികളുടെ വിവരവും അനുബന്ധമായി ചേർക്കുന്നു. *

**ചടയമംഗലം നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

33 (360) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖാന്തരം ചടയമംഗലം നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടേയും നിലവിലുള്ള സ്ഥിതി വിശദമാക്കാമോ;

(സി) പ്രഖ്യാപിച്ച ശേഷവും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾക്ക് വേഗത്തിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കിഫ്ബി മുഖാന്തരം ചടയമംഗലം നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രവൃത്തികളും അവയുടെ വിശദവിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. *

(സി) കിഫ്ബി പദ്ധതികൾക്ക് ഭരണാനുമതി നൽകേണ്ടത് അതത് ഭരണവകുപ്പുകളാണ്.

**പാങ്ങോട്-ചിങ്ങേരി-ചടയമംഗലം കിഫ്ബി റോഡ് നിർമ്മാണം**

34 (361) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖാന്തരം ചടയമംഗലം നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പാങ്ങോട്-ചിങ്ങേരി-ചടയമംഗലം റോഡിൽ പൊതുമരാമത്ത് റോഡ് പണിയോടൊപ്പം കേരള വാട്ടർ അതോറിറ്റിയുടെ പണി കൂടി ആരംഭിച്ചതുമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്രശ്നങ്ങൾ പരിഹരിച്ച് റോഡ് നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി ചടയമംഗലം നിയോജക മണ്ഡലത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു. *

(ബി&സി) പാങ്ങോട്-ചിങ്ങേരി-ചടയമംഗലം റോഡിൽ പൊതുമരാമത്ത് റോഡ് പണിയോടൊപ്പം കേരള വാട്ടർ അതോറിറ്റിയുടെ പണി കൂടി ആരംഭിച്ചതുമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അനുയോജ്യമായ നടപടികൾ സ്വീകരിച്ച് വരികയാണെന്നും പ്രസ്തുത പദ്ധതിക്കായി ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് അറിയിച്ചിട്ടുണ്ട്.

**പാലക്കാട് ജില്ലയിലെ കിഫ്ബി പദ്ധതികൾ**

35 (362) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കിഫ്ബി വഴി എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി നൽകിയിരിക്കുന്നതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) ജില്ലയിലെ ഏതെല്ലാം പദ്ധതികൾക്കാണ് ഇനിയും അനുമതി നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ; വിശദീകരണം നൽകുമോ?

ഉത്തരം

(എ&ബി) പാലക്കാട് ജില്ലയിൽ കിഫ്ബി മുഖേന ആകെ 14,303.44 കോടി രൂപയുടെ പദ്ധതികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(സി) പാലക്കാട് ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും കിഫ്ബിയുടെ അവലോകന വിഭാഗത്തിൽ പരിശോധനയിൽ ഇരിക്കുന്നതുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബിയുടെ സഹായത്തോടെ നിർമ്മിക്കുന്ന സ്കൂൾ കെട്ടിട സമുച്ചയത്തിന്റെ പുരോഗതി

36 (363) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം ഗവ: ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ കെട്ടിട സമുച്ചയങ്ങൾ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നിർമ്മിക്കുന്നതിന് കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ പദ്ധതിയുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ ?

ഉത്തരം

29-6-2018-ലെ സ.ഉ.(സാധാ.) നമ്പർ 535/2018/F&PD പ്രകാരം വിവിധ ജില്ലകളിൽ ഉൾപ്പെടുത്തി ആകെ 69 തീരദേശ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 141.27 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത പട്ടികയിൽ " ആലപ്പുഴ ജില്ലയോടു ചേർന്നുള്ള തീരദേശ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം" എന്ന ക്ലസ്റ്ററിൽ കായംകുളം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ ഉൾപ്പെട്ടിട്ടില്ല.

## എടപ്പറമ്പ്-കോളിച്ചാൽ റോഡ് നിർമ്മാണം

37 (364) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക അനുമതി നൽകിയ എടപ്പറമ്പ്-കോളിച്ചാൽ റീച്ചിൽ നാല് കിലോമീറ്ററോളം റിസർവ് ഫോറസ്റ്റിലൂടെ കടന്നുപോകുന്നതിനാൽ ഈ ഭാഗത്ത് ടാറിങ് ഒഴിവാക്കി കോൺക്രീറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ;

(ബി) വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനും കൂടുതൽ സ്ഥലത്തിന്റെ ആവശ്യകത ഒഴിവാക്കുന്നതിനും റോഡ് സംരക്ഷണത്തിനും കോൺക്രീറ്റ് ചെയ്യുന്നത് ഗുണം ചെയ്യുമെന്നതിനാൽ പ്രസ്തുത നാല് കി.മീ. ദൂരം കോൺക്രീറ്റ് ചെയ്യുന്നതിന് കിഫ്ബി അനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) പരിഗണിച്ചിട്ടുണ്ട്. കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം 16-10-2019-ൽ നടത്തിയ പരിശോധനയുടെ ഭാഗമായി ഇതുമായി ബന്ധപ്പെട്ട നിർദ്ദേശം 23-10-2019-ൽ പദ്ധതി നിർവ്വഹണ ഏജൻസിയെ

രേഖാമൂലം അറിയിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ അനുമതി വേണ്ട 4 കിലോമീറ്റർ ദൂരം 6 മീറ്റർ വീതിയിൽ കോൺക്രീറ്റ് റോഡ് ചെയ്യുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

**ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന കിഫ്ബി പദ്ധതികൾ**

38 (365) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും അവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ?

ഉത്തരം

(എ&ബി) കിഫ്ബിയിലുൾപ്പെടുത്തി ചെങ്ങന്നൂർ മണ്ഡലത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരവും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത പദ്ധതികളുടെ നിർമ്മാണ ചുമതല ബന്ധപ്പെട്ട ഭരണവകുപ്പ് ഏർപ്പെടുത്തിയിരിക്കുന്ന പദ്ധതി നിർവ്വഹണ ഏജൻസികൾക്കാണ്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കിഫ്ബിയുടെ നേതൃത്വത്തിൽ പദ്ധതി നിർവ്വഹണ ഏജൻസികളുടെയും ബന്ധപ്പെട്ട ഭരണവകുപ്പിന്റെയും അവലോകന യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നു.

**കിഫ്ബിയിലുൾപ്പെടുത്തി ഫണ്ട് അനുവദിച്ച സ്കൂളുകൾ**

39 (366) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ കിഫ്ബിയിലുൾപ്പെടുത്തി ഫണ്ട് അനുവദിച്ച സ്കൂളുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സ്കൂളിനും എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വർക്കല മണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകരിച്ച സ്കൂളുകളുടെ തുകയുൾപ്പെടെയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| Sl.No. | Name of School | Project Cost (Rs. In Cr) |
|---|---|---|
| 1 | Navayikkulam Govt. H.S.S. | 2.98 |
| 2 | Njekkad Govt. V.H.S.S. | 2.75 |
| 3 | Palayamkunnu Govt. H.S.S. | 3 |
| 4 | Varkala Govt. H.S.S. | 5 |

## എൽ.എസ്.ജി.ഡി. പ്രവൃത്തികളുടെ ബില്ലുകൾ

40 (367) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ ആസ്തി വികസന പദ്ധതി പ്രകാരം എൽ.എസ്.ജി.ഡി. വകുപ്പുമുഖേന പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾക്ക് തുക അനുവദിക്കുന്നതിന് ഈ വർഷം എത്ര തുക ധനകാര്യ വകുപ്പ് അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത തുക അപര്യാപ്തമായതിനാൽ ബിൽ കുടിശ്ശിക തീർക്കാനാവശ്യമായ ഫണ്ടിനായി എൽ.എസ്.ജി.ഡി. വകുപ്പ് ധനകാര്യ വകുപ്പിനെ സമീപിച്ചിരുന്നോ; വിശദമാക്കാമോ;

(സി) എങ്കിൽ എത്ര തുകയാണ്എൽ.എസ്.ജി.ഡി. വകുപ്പ് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടത്; അതിൻ മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത ബിൽ കുടിശ്ശിക നൽകുന്നതിനാവശ്യമായ തുക എൽ.എസ്.ജി.ഡി. ക്ക് നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-ഡി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾക്ക് തുക അനുവദിക്കുന്നതിലേയ്ക്കായി നടപ്പ് സാമ്പത്തികവർഷം (2019-20) '4515-00-800-96-Projects under LAC (NP)' എന്ന ശീർഷകത്തിൽ 172.10 കോടി രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 150 കോടി രൂപ കൂടി ലഭ്യമാക്കുന്നതിലേയ്ക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് ശിപാർശ സമർപ്പിച്ചിരുന്നു. പ്രസ്തുത ശിപാർശ ധനകാര്യ വകുപ്പിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികവർഷത്തെ അവസാനത്തെ ഉപധനാഭ്യർത്ഥനയിൽ (SDG) ഉൾപ്പെടുത്തി 50 കോടി രൂപ കൂടി മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

## ആസ്തി വികസന നിധി

41 (368) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ നിയോജകമണ്ഡലം ആസ്തി വികസന നിധിയിൽ ഭരണാനുമതി നൽകപ്പെട്ട പദ്ധതികളുടെ തുക, തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും പദ്ധതിയുടെ നിർവ്വഹണ ചുമതലയുള്ള പൊതുമരാമത്ത് വകുപ്പിലേക്ക് ഡെപ്പോസിറ്റ് ചെയ്തു നൽകുന്നതിന് മാസങ്ങളോളം കാലതാമസമുണ്ടാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തെന്ന് വിശദമാക്കുമോ;

(ബി) ആസ്തി വികസന നിധിയും എം.എൽ.എ.എസ്.ഡി.എഫും വിനിയോഗിച്ചുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടവ യാണെന്നതിനാൽ, തദ്ദേശസ്വയംഭരണവകുപ്പിന്റെ ശീർഷകത്തിലേയ്ക്ക് പദ്ധതികൾക്കാവശ്യമായ തുക ഡെപ്പോസിറ്റ് ചെയ്ത് നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ആസ്തിവികസന പദ്ധതികളിലെ പ്രവൃത്തികൾക്കുള്ള ചെലവ് 4515-00-800-96 projects under LAC-ADS (NP) എന്ന ശീർഷകത്തിൽ നിന്നാണ് വഹിക്കാൻ നിർദ്ദേശിച്ചിരിക്കുന്നത്. ടി ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിരുന്ന 172.10 കോടി രൂപ പൂർണ്ണമായി വിനിയോഗിച്ചു കഴിഞ്ഞതിനാലാണ് പൊതുമരാമത്ത് വകുപ്പിലേയ്ക്ക് തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് കാലതാമസം നേരിട്ടത്. ആയത് പരിഹരിക്കുന്നതിലേയ്ക്കായി 2020 ഫെബ്രുവരി മാസത്തെ അവസാന ഉപധനാഭ്യർത്ഥനയിൽ മേൽ ശീർഷകത്തിൽ 50 കോടി രൂപ വകയിരുത്തി പദ്ധതികൾക്കാവശ്യമായ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്.

## ആസ്തി വികസന പദ്ധതിയുടെ ഭരണച്ചെലവ്

42 (369) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതിയുടെ ഭരണ ചെലവിന് തൃശ്ശൂർ ജില്ലയിലേയ്ക്ക് എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ 2017-18, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലേയ്ക്കുള്ള തുക അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 3-11-2017-ലെ സ.ഉ.(സാധാ) നമ്പർ 8308/2017/ധന. പ്രകാരം ആസ്തി വികസന പദ്ധതി 2017-18 കൈകാര്യം ചെയ്യുന്നതിനുള്ള ഭരണച്ചെലവിലേയ്ക്കായി ഓരോ കളക്ടറേറ്റിനും ഒരു എം.എൽ.എ.-യ്ക്ക് 50,000 രൂപ എന്ന നിരക്കിൽ ഒരു നിശ്ചിത തുക അനുവദിച്ചിരുന്നു. ആയതനുസരിച്ച് തൃശ്ശൂർ കളക്ടറേറ്റിന് 6,50,000 രൂപ അനുവദിച്ചിരുന്നു. എന്നാൽ 20-11-2017-ലെ സ.ഉ(അച്ചടി) നമ്പർ 150/2017/ധന. പ്രകാരം 3-11-2017-ലെ ഉത്തരവിന് ഭേദഗതി വരുത്തുകയും ഓരോ കളക്ടറേറ്റിനും ഒരു കമ്പ്യൂട്ടർ, ഒരു ലാപ് ടോപ്പ്, 10,000 രൂപയിൽ താഴെ വിലയുള്ള ഒരു പ്രിന്റർ, 7,000 രൂപയിൽ താഴെ വിലയുള്ള ഒരു സ്കാനർ, ഒരു സ്റ്റീൽ റാക്ക്, മറ്റ് ചെലവുകൾക്കായി 50,000 രൂപ എന്നിവ അനുവദിക്കുകയും അവശേഷിച്ച തുക തിരിച്ചടയ്ക്കാനും നിർദ്ദേശം നൽകിയിരുന്നു. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2018-19 കൈകാര്യം ചെയ്യുമ്പോഴുണ്ടാകുന്ന ഭരണ-കൈകാര്യ ചെലവിലേയ്ക്കായി ഓരോ ജില്ലാ കളക്ടറേറ്റിനും 50,000 രൂപാ വീതം അനുവദിക്കുകയുണ്ടായി. 2019-20-ലെ വിഹിതം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**എ.ഡി.എഫ്./എസ്.ഡി.എഫ്. വിനിയോഗം**

43 (370) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.എഫ്/എസ്.ഡി.എഫ്. വിനിയോഗിക്കുമ്പോൾ പ്രസ്തുത ഫണ്ട് വിനിയോഗിക്കപ്പെടുന്ന സ്ഥലം/സ്ഥാപനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ മറ്റ് സർക്കാർ വകുപ്പുകളുടേയോ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതാകണമെന്ന നിബന്ധന നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫണ്ടുകളുടെ വിനിയോഗത്തിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിന് പ്രവൃത്തി നടപ്പിലാക്കുന്ന സ്ഥലം സർക്കാർ/തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന സാക്ഷ്യപത്രം ആവശ്യപ്പെടുന്നത് ഇവയുടെ വിനിയോഗത്തിനായുള്ള ഏത് മാർഗ്ഗനിർദ്ദേശം / സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LAC ADS) നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(അച്ചടി) നമ്പർ 119/2018/ധന. തീയതി 4-8-2018 പ്രകാരവും എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി (MLA SDF)-ക്കായുള്ള മാനദണ്ഡങ്ങൾ സ.ഉ.(അച്ചടി) നമ്പർ 161/2017/ധന.

തീയതി 29-12-2017 പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ പ്രകാരം സംസ്ഥാന സർക്കാരിന്റെയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിൽ മൂലധനസ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിക്കായാണ് ആസ്തി വികസന ഫണ്ടും പ്രത്യേക വികസന നിധിയും പ്രധാനമായും വിനിയോഗിക്കേണ്ടത്. ഈ നിബന്ധന പ്രകാരം പ്രവൃത്തി നടപ്പിലാക്കുന്ന സ്ഥലം/സ്ഥാപനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ മറ്റ് സർക്കാർ വകുപ്പുകളുടെയോ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതായിരിക്കേണ്ടതാണ്.

## എം.എൽ.എ. ആസ്തി വികസന ഫണ്ട്

44 (371) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിന്റെ ഭാഗമായി പദ്ധതി നടത്തിപ്പ് പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക്/ഏജൻസിക്ക് കാലതാമസം കൂടാതെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) മങ്കട നിയോജകമണ്ഡലത്തിൽ ഇത്തരത്തിൽ നിർമ്മാണ പ്രവൃത്തി പൂർത്തിയായതും ബിൽ തുക അനുവദിക്കേണ്ടതുമായ ബില്ലുകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക്/ഏജൻസിക്ക് നൽകുവാനുണ്ടോ;

(സി) ഇത്തരത്തിൽ കുവിലുള്ള ബില്ലുകൾ വേഗത്തിൽ പരിശോധിച്ച് തുക കൈമാറുന്നതിനുള്ള അനുമതി നൽകാമോ;

(ഡി) എം.എൽ.എ. ആസ്തി വികസന ഫണ്ട് ഡെപ്പോസിറ്റ് ഫണ്ട് ആയതിനാൽ ക്യൂവിൽ നിർത്തുന്ന സമ്പ്രദായം മാറ്റി ബില്ലുകൾ കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിന്റെ ഭാഗമായി പദ്ധതി നടത്തിപ്പ് പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നത് ബന്ധപ്പെട്ട ഗുണഭോക്തൃ വകുപ്പുകളാണ്. ഗുണഭോക്തൃ വകുപ്പുകളുടെ ശീർഷകത്തിൽ തുക മതിയാകാതെ വരുമ്പോൾ ആവശ്യപ്പെടുന്ന അധിക തുക അനുവദിക്കുകയും ചെയ്യുന്നു.

(ബി-ഡി) മങ്കട നിയോജകമണ്ഡലത്തിൽ നിർമ്മാണ പ്രവൃത്തി പൂർത്തിയായതും ബിൽ തുക അനുവദിക്കേണ്ടതുമായ ബില്ലുകളുടെ വിവരം ശേഖരിച്ച് വരുന്നു. ക്യൂവിലുള്ള ബില്ലുകൾ വേഗത്തിൽ മാറുന്നതിന് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം നടപ്പിൽ വന്നിട്ടുണ്ട്.

## മിനിമാസ്റ്റ് ലൈറ്റുകളുടെ ബൾബുകൾ വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ

45 (372) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ടിൽ നിന്നും അനുവദിക്കുന്ന മിനി മാസ്റ്റ് ലൈറ്റുകളുടെ ബൾബുകൾ (എൽ.ഇ.ഡി.) വാങ്ങുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത ലൈറ്റുകൾ ജെം മുഖേന വാങ്ങുന്നയിനത്തിൽ എത്ര രൂപ ബന്ധപ്പെട്ട ഡീലർമാർക്ക് കുടിശ്ശികയായി നൽകുവാനുണ്ട്;

(സി) ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ മുഖേന പ്രൈസിൽ തയ്യാറാക്കുന്ന പ്രവൃത്തികളുടെ ബൾബുകൾ ഇ-ടെണ്ടർ മുഖേന വാങ്ങുന്നതിനും അത്തരത്തിൽ ജെമ്മിൽ നിന്നും ബൾബുകൾ കിട്ടുന്ന കാലതാമസം ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) 2-7-2018-ലെ സർക്കുലർ നമ്പർ 60/2018/ധന. പ്രകാരം ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകളിലെ എൽ.ഇ.ഡി. ബൾബുകൾ വാങ്ങുന്നത് കേന്ദ്ര സർക്കാരിന്റെ GeM (Government e-Marketplace) പോർട്ടൽ വഴി ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ബൾബുകൾ GeM മുഖേന വാങ്ങുന്നയിനത്തിൽ ഡീലർമാർക്ക് നൽകാനുള്ള കുടിശ്ശിക സംബന്ധിച്ച വിവരം ബന്ധപ്പെട്ട ഉണഭോക്തൃ വകുപ്പുകളിൽ നിന്ന് ശേഖരിച്ചു മാത്രമേ നൽകാനാകൂ. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിക്കുന്നത് ബന്ധപ്പെട്ട ഉണഭോക്തൃ വകുപ്പുകൾ ആയതിനാൽ കുടിശ്ശിക സംബന്ധിച്ച വിവരം പ്രസ്തുത വകുപ്പുകൾക്കേ കൃത്യമായി നൽകാൻ സാധിക്കൂ.

(സി) ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകളുടെ ബൾബുകൾ ഇ-ടെണ്ടർ മുഖേന വാങ്ങുന്നതിനായി അക്രെഡിറ്റഡ് ഏജൻസിയായ SILK അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ ധനകാര്യ വകുപ്പിൽ പരിശോധിച്ചുവരികയാണ്.

## ആസ്തി വികസന ഫണ്ടുപയോഗിച്ച് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവൃത്തി

46 (373) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാർക്ക് അനുവദിച്ചിട്ടുള്ള ആസ്തി വികസന ഫണ്ട് പദ്ധതിയിൽ നിന്നും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക വിനിയോഗിക്കാവുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് ഉള്ളത്; ഇവയുടെ നിർമ്മാണം നിർവഹിക്കാൻ പ്രത്യേക ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇത്തരം പ്രവൃത്തികൾക്ക് പരമാവധി എത്ര രൂപ വരെയാണ് ആസ്തി വികസന ഫണ്ടിൽ നിന്നും വിനിയോഗിക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) 12-5-2017-ലെ സ.ഉ. (അച്ചടി) നമ്പർ 63/2017/ധന. പ്രകാരം നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ ടോയ്‌ലെറ്റും പാചകപ്പുരയും നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഇതിനായി ഒരു സ്കൂളിന് പരമാവധി 10 ലക്ഷം രൂപ ചെലവഴിക്കാവുന്നതാണ്. നിർമ്മാണത്തിനായി ഏതെങ്കിലും പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല. കൂടാതെ എയ്ഡഡ് സ്കൂളുകളുടെ നവീകരണത്തിനായി സർക്കാർ പ്രഖ്യാപിച്ച ചലഞ്ച് ഫണ്ട് പദ്ധതിയിൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കാവുന്നതാണ്. ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഒരു സ്കൂളിനായി അനുവദിക്കാവുന്ന പരമാവധി സർക്കാർ/ആസ്തി വികസന ഫണ്ട് വിഹിതം 50 ലക്ഷം രൂപയാണ്. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം/നവീകരണം, ലൈബ്രറി/ലബോറട്ടറി, ഹൈടെക്ക്/സ്മാർട്ട് ക്ലാസ് റൂമുകൾ, സ്കൂൾ സ്റ്റേഡിയങ്ങളുടെ നിർമ്മാണം/നവീകരണം, കളിസ്ഥല നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, പാചകപ്പുര/ഡൈനിംഗ് ഹാൾ, കുടിവെള്ള സൗകര്യം ഒരുക്കൽ എന്നിവ ചലഞ്ച് ഫണ്ട് പദ്ധതിയിൽ അനുവദനീയമാണ്. ചലഞ്ച് ഫണ്ട് പദ്ധതിക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(അച്ചടി) നമ്പർ 30/2018/ധന. തീയതി 1-3-2018, സ.ഉ. (അച്ചടി) നമ്പർ 156/2019/ധന. തീയതി 15-11-2019 എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

**ആസ്തി വികസന പദ്ധതി**

47 (374) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും ഗവൺമെന്റ് സ്കൂളുകൾക്ക് ബസുകൾ വാങ്ങുന്നതിനായി അനുമതി ലഭിച്ചിട്ടും പ്രസ്തുത ബസുകൾ ലഭ്യമാക്കാൻ കാലതാമസം നേരിടുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) എറണാകുളം ജില്ലാകളക്ടറുടെ 11-11-2019-ലെ ആർ.ഡി. 1186/2019 നമ്പർ ഉത്തരവ്, 28-12-2019-ലെ ആർ.ഡി.ഐ. 1460/2019 നമ്പർ ഉത്തരവ് എന്നിവ പ്രകാരം യഥാക്രമം പാലിശേരി ഗവൺമെന്റ് ഹൈസ്കൂളിനും, നിലിശ്വരം ഗവൺമെന്റ് എൽ.പി സ്കൂളിനും അനുവദിച്ച ബസുകൾ ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നിയോജകമണ്ഡല ആസ്തി വികസന ഫണ്ടുപയോഗിച്ച് സ്കൂൾ ബസ് വാങ്ങുന്നതിനുള്ള അനുമതി ലഭിച്ചശേഷം നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടത് ബന്ധപ്പെട്ട ജില്ലാ പൊതു വിദ്യാഭ്യാസ ഉപഡയറക്ടറാണ്. വാഹനങ്ങൾ വാങ്ങുന്നതിനുള്ള നിലവിലെ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ ഇതിനായി പാലിക്കേണ്ടതുണ്ട്. സ്കൂൾ ബസ് വാങ്ങുന്നതിനുള്ള ഫണ്ട് അനുവദിച്ച് നൽകുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി നിയന്ത്രണാധികാരിയായി ഒരു പുതിയ ശീർഷകം ആരംഭിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പാണ് ഈ ശീർഷകത്തിൽ നിന്നും അലോട്ട്മെന്റുകൾ നൽകുന്നത്. ഫണ്ടിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനായി അധിക ധനാനുമതിയിലൂടെ തുക വകയിരുത്തുന്നുണ്ട്.

(സി) കാലതാമസം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആസ്തി വികസന ഫണ്ടിൽ നിന്നും വായനശാല കെട്ടിടങ്ങൾക്ക് തുക അനുവദിക്കൽ**

48 (375) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ മാരുടെ ആസ്തിവകിസന ഫണ്ടിൽ നിന്നും സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രാമീണ വായനശാലകൾക്ക് കെട്ടിടം പണിയുന്നതിന് തുക അനുവദിക്കുവാൻ കഴിയില്ല എന്ന നിബന്ധന നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) കലാ-സാംസ്കാരിക-വായന രംഗങ്ങളിൽ ഗ്രാമീണ മേഖലയിലെ യുവതി-യുവാക്കളെ വളർത്തികൊണ്ടു വരാൻ സഹായിക്കുന്ന ഗ്രാമീണ വായനശാലകളെ സഹായിക്കുന്നതിനായി മേൽപറഞ്ഞ നിബന്ധനയിൽ ഇളവു വരുത്തുന്നതിനു നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ദീർഘകാലം നിലനിൽക്കുന്ന ആസ്തികളുടെ നിർമ്മാണമാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി വിഭാവനം ചെയ്യുന്നത്. പഞ്ചായത്ത് ലൈബ്രറികൾക്ക് ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിവരുന്നുണ്ട്. എന്നാൽ സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പല ലൈബ്രറികളുടേയും ഉടമസ്ഥാവകാശം അവ രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്കോ ക്ലബ്ബുകൾക്കോ ആണ്. അത്തരം ലൈബ്രറികളുടെ കെട്ടിട നിർമ്മാണത്തിന് ആസ്തി വികസന പദ്ധതിയിൽ നിന്നും ധനസഹായം അനുവദനീയമല്ല. ആയതിലേയ്ക്കായി നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ 27-5-2019-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 60/2019/ധന. പ്രകാരം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി (MLA SDF) വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

**ആസ്തി വികസന ഫണ്ടിനത്തിൽ അനുവദിച്ച തുക**

49 (376) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20-ലെ ബഡ്ജറ്റിൽ ആസ്തി വികസന ഫണ്ടായി ഓരോ നിയോജക മണ്ഡലത്തിലും എത്ര കോടി രൂപ വീതമാണ് അനുവദിച്ചതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ 15-2-2020 വരെ എത്ര തുകയ്ക്കുള്ള ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2019-20 സാമ്പത്തിക വർഷം നിയോജകമണ്ഡല ആസ്തി വികസന പദ്ധതിക്കായി ഓരോ നിയോജകമണ്ഡലത്തിലും 5 കോടി രൂപ വീതം ആകെ 705 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 282.4 കോടി രൂപയ്ക്കുള്ള പ്രവൃത്തികൾക്ക് ഇതുവരെ അനുമതി നൽകിയിട്ടുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിശദവിവരം അനുബന്ധമായി നൽകിയിട്ടുണ്ട്. *

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബിൽ ഡിസ്കൗണ്ട് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി

50 (377) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ പണി പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ ട്രഷറിയിൽ എത്തി പ്രൊമിസറി നോട്ടിന്റെ അടിസ്ഥാനത്തിൽ ബിൽ ഡിസ്കൗണ്ട് ചെയ്യുവാൻ ആറുമാസത്തിൽ കൂടുതൽ കാലതാമസം എടുക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ;

(ബി) എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ ഓഫീസിൽ നിന്നും പ്രൊസീഡിംഗ്സ് ലഭ്യമാക്കുന്നതിനുള്ള കാലതാമസംമൂലം കേരള ഫിനാൻസ് കോർപ്പറേഷൻ, ബിൽ ഡിസ്കൗണ്ട് ചെയ്ത് നൽകുവാൻ തയ്യാറാകാത്ത കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ ഓഫീസിൽ നിന്നും കാലതാമസം കൂടാതെ ബന്ധപ്പെട്ട പ്രൊസീഡിംഗ്സുകൾ ലഭ്യമാക്കുവാൻ ഉത്തരവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. പ്രോമിസറി നോട്ടിന്റെ അടിസ്ഥാനത്തിൽ ബാങ്കുകളാണ് തുക മാറി നൽകുന്നത്. സർക്കാർ പ്രോമിസറി നോട്ട് പുറപ്പെടുവിച്ച് കഴിഞ്ഞാൽ കാലതാമസം കൂടാതെ തന്നെ ബാങ്കുകൾ തുക മാറി നൽകിവരുന്നുണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

## പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് യാത്രാവാഹനങ്ങൾ

51 (378) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവയിൽ നിന്നും പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് ആംബുലൻസ് അല്ലാതെ, മെഡിക്കൽ സംഘത്തിന് യാത്ര ചെയ്യാവുന്ന യാത്രാ വാഹനങ്ങൾ വാങ്ങുന്നതിന് തുക അനുവദിക്കുന്നതിന് സാധിക്കുമോ; ആയതിന് ധനകാര്യ വകുപ്പ് പ്രത്യേക അനുമതി നൽകുമോ;

(ബി) പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് യാത്രാവാഹനങ്ങൾ അതാത് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരുടെ പേരിൽ വാങ്ങുന്നതിനായി എം.എൽ.എ - എ.ഡി.എസ്, എം.എൽ.എ - എസ്.ഡി.എഫ്. എന്നിവയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഇക്കാര്യം രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം മെഡിക്കൽ സംഘത്തിന് യാത്ര ചെയ്യാവുന്ന യാത്രാവാഹനങ്ങൾ വാങ്ങുന്നത് അനുവദനീയമല്ല. നിലവിലെ മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾക്ക് പ്രത്യേക അനുമതിയിലൂടെ മാത്രമേ അനുവാദം നൽകുവാൻ കഴിയുകയുള്ളൂ. പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് ആംബുലൻസ് ഒഴികെയുള്ള യാത്രാ വാഹനങ്ങൾ എം.എൽ.എ.-എ.ഡി.എസ്./എസ്.ഡി.എഫ്. ഫണ്ട് വിനിയോഗിച്ച് വാങ്ങുന്നത് നിലവിലെ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

**മണലൂർ മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി**

52 (379) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിനായി നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(സി) ഭരണാനുമതി നൽകിയ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ 2016-2017 വർഷത്തെ ടെൻഡർ സേവിംഗ്സ് എത്രയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) 2016-17 വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിനായി നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളും ഇവയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളും അനുബന്ധമായി* ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) 2016-17 വർഷത്തിൽ 4 പ്രവൃത്തികൾ പൂർത്തീകരിച്ചു. 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

## കായംകുളം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

53 (380) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയമസഭാ മണ്ഡലത്തിൽ എം.എൽ.എ.യുടെ മണ്ഡല ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർദ്ദേശിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നടപ്പാക്കുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും പദ്ധതികൾ ടെൻഡർ ചെയ്യുന്നതിനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് പരിശോധിക്കുമോ; പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കായംകുളം നിയമസഭാ മണ്ഡലത്തിൽ എം.എൽ.എ.-യുടെ മണ്ഡല ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർദ്ദേശിക്കുന്ന പദ്ധതികൾക്ക് സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നടപ്പാക്കുന്നതിന് മനപ്പൂർവ്വമായ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടില്ല.

(ബി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ നിർവ്വഹണം പൂർണ്ണമായും ഇ-ടെണ്ടർ വ്യവസ്ഥയിലാണ് നടപ്പിലാക്കുന്നത്. ഇ-ടെണ്ടറിംഗ്, പദ്ധതികളുടെ നിർവ്വഹണം എന്നിവയുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതും/ പുറപ്പെടുവിക്കുന്നതുമായ എല്ലാ ഉത്തരവുകളും നിയോജകമണ്ഡല ആസ്തി വികസന പദ്ധതിക്കും ബാധകമാണ്.

## വാമനപുരം നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ

54 (381) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ എൽ.എ.സി എ.ഡി.എസ്-ൽ നിന്നും തുക വിനിയോഗിച്ച് പ്രവൃത്തി നടത്തുന്നതിനായി ശിപാർശ ചെയ്യപ്പെട്ടവയിൽ 2017-18, 2018-19, 2019-20 വർഷങ്ങളിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇനിയും ഭരണാനുമതി ലഭിക്കാനുള്ളതെന്ന് അറിയിക്കാമോ;

(ബി) ഭരണാനുമതി ലഭിക്കാത്തവ ഉണ്ടെങ്കിൽ കാലതാമസത്തിനു കാരണം എന്തെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) വാമനപുരം നിയോജകമണ്ഡലത്തിൽ എൽ.എ.സി., എ.ഡി.എസ്.-ൽ നിന്നും തുക വിനിയോഗിച്ച് പ്രവൃത്തി നടത്തുന്നതിനായി ശിപാർശ ചെയ്യപ്പെട്ടവയിൽ 2017-18, 2018-19, 2019-20 വർഷങ്ങളിൽ ഇനിയും ഭരണാനുമതി ലഭിക്കാനുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

## തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ടെലി കോബാൾട്ട് മെഷീൻ

55 (382) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിൽ ടെലി കോബാൾട്ട് മെഷീൻ വാങ്ങുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) മെഷീൻ വാങ്ങുന്നതിനുള്ള ഫണ്ട് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ;

(സി) ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിനായി ബില്ല് ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ടെലി കോബാൾട്ട് മെഷീൻ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വാങ്ങുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടറുടെ 16-6-2018-ലെ ആർ.ഡി. 5-1250/18 നമ്പർ നടപടിക്രമം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. 6-7-2019-ലെ സ.ഉ.(സാധാ) നമ്പർ 5252/2019/ധന. പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ടെലി കോബാൾട്ട് മെഷീൻ വാങ്ങുന്നതിന് ഭരണാനുമതി തുകയായ 3,50,00,000(മൂന്ന് കോടി അമ്പതു ലക്ഷം രൂപ) മുൻകൂറായി അനുവദിച്ച് പ്രത്യേകാനുമതി നൽകിയിരുന്നു. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച തുക പി.ഡബ്ല്യു.ഡി.-യുടെ അക്കൗണ്ടിൽ ആയതിനാൽ കെ.എം.എസ്.സി.എൽ.-ന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) ഇല്ല. പി.ഡബ്ല്യു.ഡി.-യിൽ നിന്നും ഫണ്ട് പ്രിൻസിപ്പാളിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനായി തൃശ്ശൂർ പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസിൽ നിന്നും തൃശ്ശൂർ ജില്ലാ ട്രഷറിയിൽ ബിൽ സമർപ്പിച്ചിട്ടുണ്ട്.

**പട്ടാമ്പി മണ്ഡലം ആസ്തിവികസന ഫണ്ടിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ**

56 (383) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലം ആസ്തിവികസന ഫണ്ടിൽ നിന്നും 2016-17, 2017-18, 2018-19, 2019-20 വർഷത്തിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളും അവയുടെ നിലവിലെ സ്റ്റാറ്റസും വ്യക്തമാക്കാമോ?

ഉത്തരം

ആസ്തി വികസന ഫണ്ടിൽ നിന്നും 2016-17 വർഷത്തിൽ പട്ടാമ്പി നിയോജകമണ്ഡലത്തിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. 2017-18 മുതൽ 2019-20 വരെയുള്ള വർഷങ്ങളിലെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

**ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

57 (384) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 ലെ നിയോജകമണ്ഡലം ആസ്തിവികസന ഫണ്ടിൽ എത്ര കോടി രൂപക്ക് ഉള്ള പ്രവൃത്തികൾക്ക് ഇതിനകം ഭരണാനുമതി നൽകി ;

(ബി) നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച വിശദാംശം നൽകാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) 2019-20 സാമ്പത്തികവർഷം നിയോജകമണ്ഡല ആസ്തി വികസന പദ്ധതിക്കായി 705 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 282.4 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഇതുവരെ അനുമതി നൽകിയിട്ടുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിശദവിവരം അനുബന്ധമായി നൽകിയിട്ടുണ്ട്. *

**ആലത്തൂർ മണ്ഡലത്തിലെ വികസന പദ്ധതികൾ**

58(385) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ ആസ്തിവികസന പദ്ധതി, പ്രത്യേക വികസന പദ്ധതി എന്നിവ ഒഴികെ ആലത്തൂർ മണ്ഡലത്തിനായി അനുവദിച്ച പ്രവൃത്തികളും പദ്ധതികളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ആസ്തിവികസന പദ്ധതി, പ്രത്യേക വികസന പദ്ധതി എന്നിവ ഒഴികെ ആലത്തൂർ മണ്ഡലത്തിനായി അനുവദിച്ച പ്രവൃത്തികളും പദ്ധതികളും സംബന്ധിച്ച വിശദാംശങ്ങളും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയുടെ വിവരങ്ങളും അനുബന്ധമായി നൽകിയിരിക്കുന്നു.*

**മാവേലിക്കര നിയോജകമണ്ഡലത്തിൽ ഇന്റർലോക്ക് ചെയ്യുന്ന നടപടി**

59 (386) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ എൽ.എ.സി -എ.ഡി.എസ് - ൽ ഉൾപ്പെടുത്തി ഇന്റർലോക്ക് ചെയ്യുന്ന പ്രവൃത്തി നിർദ്ദേശിച്ചിരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ധനകാര്യവകുപ്പിന്റെ അനുമതി തേടി ആലപ്പുഴ ജില്ലാ കളക്ടർ കത്ത് നൽകിയെങ്കിലും പ്രസ്തുത ഫയലിന്മേൽ നാളിതുവരെ നടപടി ആയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ-സി) മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര ഗ്രാമപഞ്ചായത്ത് കുറത്തിക്കാട് ആൽത്തറ ജംഗ്ഷൻ മുതൽ ടി.എ. കനാൽ വരെയുള്ള റോഡിന്റെ ഇരുവശവും ഇന്റർലോക്കും പീച്ചിംഗും എന്ന പ്രവൃത്തിക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് പ്രത്യേകാനുമതി ആവശ്യമുണ്ടോയെന്ന് സ്പഷ്ടീകരണത്തിനായി ആലപ്പുഴ ജില്ലാ കളക്ടർ ഫയൽ സമർപ്പിച്ചിരുന്നു. 4-8-2018-ലെ സ.ഉ.(പി) നമ്പർ 119/2018/ധന. പ്രകാരമുള്ള മാനദണ്ഡങ്ങൾക്കു വിധേയമായി ടി പ്രവൃത്തിക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് പ്രത്യേകാനുമതിയുടെ ആവശ്യം കാണുന്നില്ലായെന്നും പ്രതിവർഷം 20 പ്രവൃത്തികൾക്കായി പരമാവധി 5 കോടി രൂപ മാത്രമേ അനുവദിക്കാവൂ എന്ന വ്യവസ്ഥയിൽ ഭരണാനുമതി പുറപ്പെടുവിക്കാവുന്നതാണ് എന്ന് ആലപ്പുഴ ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്.

**നിലമ്പൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്**

60 (387) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട്, വിവിധ വർഷത്തിലെ ബഡ്ജറ്റ് ഫണ്ട്, കിഫ്ബി ഫണ്ട് ഉൾപ്പെടെ 1-7-2016 മുതൽ 20-2-2020 വരെ അനുവദിച്ച പദ്ധതികളുടെയും പ്രവൃത്തികളുടെയും അവയുടെ തുകയുടെയും വിശദാംശം വാർഷികാടിസ്ഥാനത്തിൽ നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഓരോ നിയോജകമണ്ഡലത്തിലെയും ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട്, കിഫ്ബി ഫണ്ട് എന്നിവ മണ്ഡലാടിസ്ഥാനത്തിലാണ് നൽകിവരുന്നത്. വിവിധ വർഷങ്ങളിലെ ബഡ്ജറ്റ് ഫണ്ടും കിഫ്ബി ഫണ്ടും ഓരോ നിയോജകമണ്ഡലത്തിന്റെയും ഫണ്ട് അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. ആയവ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) നിലമ്പൂർ നിയോജകമണ്ഡലം എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ട് സംബന്ധിച്ച വിവരങ്ങളും ആസ്തി വികസന ഫണ്ട് 2017-18 & 2018-19 സാമ്പത്തിക വർഷങ്ങളിലെ വിശദാംശങ്ങളും അനുബന്ധമായി* കാണാവുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വേങ്ങര നിയോജകമണ്ഡലത്തിലെ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ**

61 (388) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തിലേക്ക് വേങ്ങര നിയോജകമണ്ഡലത്തിൽ ഭരണാനുമതിയില്ലാത്ത മരാമത്തുപണികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് വകുപ്പിന്റെ പരിഗണനയിലുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ പ്രവൃത്തികൾ ഏവ; ഇവയ്ക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനു നിലവിലുള്ള തടസ്സമെന്താണ്; വിശദീകരിക്കുമോ?

ഉത്തരം

(എ) 2019-20 സാമ്പത്തിക വർഷത്തിൽ വേങ്ങര നിയോജകമണ്ഡലത്തിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയ Providing BM&BC surfacing and other improvement works to Vengara Kacherippadi - Puthangadi - Manjammad Bridge approach road from km. 0/000 to km. 1/700 എന്ന പ്രവൃത്തിക്ക് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. മറ്റ് പ്രവൃത്തികളൊന്നും നിലവിൽ വകുപ്പിന്റെ പരിഗണനയിലില്ല.

(ബി) ബാധകമല്ല

**പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കലണ്ടർ സംവിധാനം**

62(390) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാർക്ക് അനുവദിച്ചിട്ടുള്ള വിവിധ ഫണ്ടുകൾ വിനിയോഗിച്ച് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ജനപ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ ഒരു അവലോകനയോഗം എല്ലാ മാസവും നിർബന്ധമായും കൂട്ടുന്നതിന് അതാത് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഒരു കലണ്ടർ സംവിധാനം ഒരുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 29-12-2017-ലെ സ.ഉ(പി) നമ്പർ 161/2017/ധന. ഉത്തരവ് 3.2.4 മുതൽ 3.2.6 വരെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സമയപരിധി നിഷ്കർഷിച്ചിട്ടുണ്ട്. പ്രവൃത്തി പുരോഗതി സംബന്ധിച്ച റിപ്പോർട്ട് 4 മാസത്തിലൊരിക്കൽ ജില്ലാ കളക്ടർമാർ എം.എൽ.എ.-മാർക്ക് നൽകേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനുള്ള കമ്മിറ്റികൾ കളക്ടറുടെ നേതൃത്വത്തിൽ രൂപീകരിക്കേണ്ടതും പദ്ധതി അവലോകനം ചെയ്യേണ്ടതും പദ്ധതിയുടെ പുതുക്കിയ പ്ലാനുകളും എസ്റ്റിമേറ്റുകളും ഈ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 4-8-2018-ലെ സ.ഉ.(പി) നമ്പർ 119/2018/ധന. ഉത്തരവ് പ്രകാരമുള്ള നിയോജകമണ്ഡല ആസ്തി വികസന നിധിയുടെ നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം പ്രവൃത്തികളും അവയുടെ പുരോഗതി സംബന്ധിച്ച ഒരു ത്രൈമാസ റിപ്പോർട്ട് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ എം.എൽ.എ.-യ്ക്ക് നൽകാൻ നിർദ്ദേശിച്ചിട്ടുമുണ്ട്.

**നികുതി വിഹിതത്തിലെ കുറവ്**

63 (391) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 ലെ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള നികുതി വിഹിതത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഇനങ്ങളിലാണ് കുറവ് വരുകയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2020-21 BE പ്രകാരം കേരളത്തിന് അനുവദിച്ചിട്ടുള്ള നികുതി വിഹിതം 15,236.64 കോടി രൂപയാണ്. എന്നാൽ 2019-20 RE പ്രകാരമുള്ള നികുതി വിഹിതം 16,401.05 കോടി രൂപയാണ്. ഇതുപ്രകാരം 2019-20-നെ അപേക്ഷിച്ച് 1,164.41 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

(ബി) 2020-21 സാമ്പത്തിക വർഷം പൂർത്തിയാകുമ്പോൾ മാത്രമേ ഏതെല്ലാം ഇനങ്ങളിലാണ് കുറവ് വരുകയെന്ന് വ്യക്തമാകുകയുള്ളൂ.

## കേന്ദ്ര നികുതി വിഹിതം

64 (392) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്ര നികുതി വിഹിതത്തിൽ എത്ര ശതമാനം സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകുവാനാണ് തീരുമാനിച്ചിരുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നികുതി വിഹിതം പതിനഞ്ചാം ധനകാര്യ കമ്മീഷൻ കുറച്ചിട്ടുണ്ടോ; എങ്കിൽ നികുതി വിഹിതം നിശ്ചയിച്ചതിനുള്ള മാനദണ്ഡം എന്തായിരുന്നു; വിശദമാക്കാമോ;

(സി) മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ ജനസംഖ്യാ നിയന്ത്രണ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നുവെന്നത് സംസ്ഥാനത്തിന് അർഹമായ നികുതി വിഹിതം ലഭ്യമാകുന്നതിന് തിരിച്ചടിയായതായി വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ജനസംഖ്യ ഒരു മാനദണ്ഡമായി പരിഗണിക്കുമ്പോൾ, ജനസംഖ്യാ നിയന്ത്രണത്തിന് എടുത്ത പരിശ്രമങ്ങളും പരിഗണിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേലുള്ള ധനകാര്യ കമ്മീഷന്റെ പ്രതികരണം എന്താണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) വിഭജിക്കാവുന്ന കേന്ദ്ര നികുതി വരുമാനത്തിന്റെ (തനി) 42% സംസ്ഥാനങ്ങൾക്ക് നൽകുന്നതിനും ഇതിന്റെ 2.5% സംസ്ഥാന വിഹിതമായി നൽകുന്നതിനും പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിരുന്നു.

(ബി) ഉണ്ട്. 15-ാം ധനകാര്യ കമ്മീഷൻ 2020-21-ലേയ്ക്ക് നൽകിയ ശിപാർശയിൽ വിഭജിക്കാവുന്ന കേന്ദ്ര നികുതി (തനി)-യുടെ 41% സംസ്ഥാനങ്ങൾക്ക് നൽകുന്നതിനും ഇതിന്റെ 1.943% സംസ്ഥാന വിഹിതമായി നൽകുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. 2011-ലെ ജനസംഖ്യ നികുതിവിഭജനത്തിനുള്ള മാനദണ്ഡമായി നിശ്ചയിച്ചതും ഇതിന് 15% വെയ്റ്റേജ് മാത്രം നൽകിയതും ജനസംഖ്യാ നിയന്ത്രണത്തിൽ പുരോഗതി കൈവരിച്ച കേരളത്തിനുള്ള നികുതിവിഹിതം ഗണ്യമായി കുറയുന്നതിന് ഇടയാക്കിയിട്ടുണ്ട്.

(ഡി) 1971-ലെ സെൻസസ് അടിസ്ഥാനമാക്കി ജനസംഖ്യാപരമായ നേട്ടങ്ങൾക്കുള്ള വെയ്റ്റേജ് 30 ശതമാനമാക്കാൻ സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു.

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ആദ്യ റിപ്പോർട്ട് (2020-21) പ്രകാരം ജനസംഖ്യാപരമായ പ്രകടനത്തിന് (Demographic Performance) 12.5% വെയ്റ്റേജ് നൽകിയിട്ടുണ്ട്.

**പതിനഞ്ചാം ധനകാര്യ കമ്മീഷൻ**

65 (393) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ സംസ്ഥാനത്തിന് ഗുണകരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) 2020-21-ലെ റവന്യൂ കമ്മി പരിഹരിക്കുന്നതിന് കമ്മീഷൻ എന്തു തുകയാണ് ശിപാർശ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പത്ത് ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം, ജലവിതരണ-ശുചീകരണ പദ്ധതികൾക്കായി പ്രത്യേക ധനസഹായം എന്നിവ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ;

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി കേന്ദ്രം നൽകുന്ന തുക പത്ത് പ്രവൃത്തി ദിവസങ്ങൾക്കകം പ്രസ്തുത സ്ഥാപനങ്ങൾക്ക് കൈമാറിയില്ലെങ്കിൽ പലിശ നൽകണമെന്ന വ്യവസ്ഥ കമ്മീഷന്റെ ശിപാർശയിലടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 14-ാം ധനകാര്യ കമ്മീഷൻ വിഭജിക്കാവുന്ന കേന്ദ്ര നികുതി (തനി)-യുടെ 42%-മാണ് സംസ്ഥാനങ്ങളുടെ വിഹിതമായി ശിപാർശ ചെയ്തിരുന്നത്. ഇതിന്റെ 2.5%-മാണ് കേരളത്തിന്റെ വിഹിതമായി ലഭിച്ചുവരുന്നത്. എന്നാൽ 15-ാം ധനകാര്യ കമ്മീഷൻ വിഭജിക്കാവുന്ന കേന്ദ്ര നികുതി (തനി)-യുടെ 41%-മാണ് സംസ്ഥാനങ്ങളുടെ വിഹിതമായി ശിപാർശ ചെയ്തിരിക്കുന്നത്. ഇതിന്റെ 1.943%-മാണ് കേരളത്തിന്റെ വിഹിതമായി ശിപാർശ ചെയ്തിരിക്കുന്നത് (2020-21 സാമ്പത്തിക വർഷത്തേയ്ക്ക് മാത്രം). 2020-21 BE പ്രകാരം കേരളത്തിന് അനുവദിച്ചിട്ടുള്ള നികുതി വിഹിതം 15,236.64 കോടി രൂപയാണ്. എന്നാൽ 2019-20 RE പ്രകാരമുള്ള നികുതി വിഹിതം 16,401.05 കോടി രൂപയാണ്. 2019-20-നെ അപേക്ഷിച്ച് നികുതി വിഹിതത്തിൽ 1,164.41 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. എന്നാൽ റവന്യൂ കമ്മി ഗ്രാന്റായി 15,323 കോടി രൂപ 2020-21 സാമ്പത്തിക വർഷം ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2,412 കോടി രൂപയും ദുരന്ത നിവാരണത്തിനായി 314 കോടി രൂപയും ശിപാർശ ചെയ്തിട്ടുണ്ട് (2020-21 സാമ്പത്തിക വർഷത്തേയ്ക്ക് മാത്രം).

(ബി) 2020-21-ലെ റവന്യൂ കമ്മി ഗ്രാന്റായി 15,323 കോടി രൂപ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ 30,000 കോടി രൂപ മാത്രമാണ് ബഡ്ജറ്റ് പ്രൊവിഷൻ.

(സി) ഉണ്ട്. പത്ത് ലക്ഷത്തിലധികം ജനസംഖ്യയുള്ള കണ്ണൂർ, കൊച്ചി, കൊല്ലം, കോഴിക്കോട്, മലപ്പുറം, തിരുവനന്തപുരം, തൃശ്ശൂർ എന്നീ നഗരങ്ങൾക്ക് യഥാക്രമം 46 കോടി രൂപ, 59 കോടി രൂപ, 31 കോടി രൂപ, 57 കോടി രൂപ, 47 കോടി രൂപ, 47 കോടി രൂപ, 52 കോടി രൂപ എന്നിങ്ങനെ മാലിന്യ നിർമ്മാർജ്ജനം, ജല-വിതരണ, സംരക്ഷണ പദ്ധതികൾക്കായി പ്രത്യേക ധനസഹായം കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് ലഭിച്ച തീയതി മുതൽ 10 ദിവസത്തിനുള്ളിൽ സംസ്ഥാനം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതാണെന്നും 10 ദിവസത്തിനുശേഷമുള്ള ഏതൊരു കാലതാമസത്തിനും മുൻ വർഷത്തെ സംസ്ഥാന വികസന ലോൺ /OMB എന്നിവയ്ക്ക് ബാധകമായ നിരക്കിൽ ഫലപ്രദമായ പലിശ സഹിതം കൈമാറേണ്ടതാണെന്നും കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്.

**സാമ്പത്തിക സഹായത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതികൾ**

66 (394) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതി മൂലമുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ച് കിട്ടുന്നതിനായി എത്ര പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ ഏതെങ്കിലും പദ്ധതിക്ക് തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) പ്രളയാനന്തര പുനർനിർമ്മാണത്തിനായി ദേശീയ ദുരന്ത പ്രതികരണനിധി മാനദണ്ഡമനുസരിച്ച് 5616 കോടി രൂപയുടെ പുനരധിവാസ സഹായം ആവശ്യപ്പെട്ടിരുന്നു. ഇതുകൂടാതെ പ്രത്യേക ധനസഹായമായി 5000 കോടി രൂപയുടെ പാക്കേജും ആവശ്യപ്പെട്ടിരുന്നു. പ്രളയാനന്തര പുനർ നിർമ്മാണത്തിനായും നവകേരള സൃഷ്ടിക്കായും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്നും സംസ്ഥാനത്ത്

വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ ചുമത്തുന്ന ജി.എസ്.ടി.-ക്കുമേൽ 10% സെസ്സ് ഏർപ്പെടുത്തുവാൻ അനുവദിക്കണമെന്നും കേന്ദ്രത്തോട് അഭ്യർത്ഥിച്ചിരുന്നു. വിവിധ വകുപ്പുകൾ മുഖേനയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ധനസഹായം 10% വർദ്ധിപ്പിക്കണമെന്ന ആവശ്യവും സംസ്ഥാനം മുന്നോട്ട് വച്ചിരുന്നു.

(ബി) ദേശീയ ദുരന്ത പ്രതികരണനിധിയിൽ നിന്ന് സംസ്ഥാനത്തിന് 2904.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഉയർത്തുന്നതിനുള്ള സംസ്ഥാനത്തിന്റെ ആവശ്യത്തിനുമേൽ കേന്ദ്രത്തിന്റെ പ്രതികരണം ലഭ്യമായിട്ടില്ല. എന്നാൽ, രാജ്യത്തെ നിലവിലെ പ്രതികൂല സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കം നേരിടുന്നതിന് പൊതുവിപണിയിൽ നിന്നും 1471 കോടി രൂപ കൂടി കടമെടുക്കാൻ സംസ്ഥാനത്തിന് കേന്ദ്രസർക്കാർ ഇപ്പോൾ അനുമതി നൽകിയിട്ടുണ്ട്. ജി.എസ്.ടി.-ക്കുമേൽ സെസ് ഏർപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

## സ്റ്റാൻഡ് അപ് ഇന്ത്യ പദ്ധതി

67 (395) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി/എസ്.ടി. ഭാഗത്തിൽ നിന്നുള്ള സംരംഭങ്ങളെയും വനിതാ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിന് 2016-ൽ കേന്ദ്രസർക്കാർ ആരംഭിച്ച 'സ്റ്റാൻഡ് അപ് ഇന്ത്യ' പദ്ധതിയിൽ സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ വായ്പകൾ നൽകുന്നില്ലെന്ന ആക്ഷേപം സർക്കാർ പരിശോധിക്കുമോ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ പൊതുമേഖലാ ബാങ്കുകളും സ്വകാര്യ മേഖലയിലെ ബാങ്കുകളും നൽകുന്ന വായ്പകൾ അപേക്ഷിച്ച് കേരളത്തിലെ ബാങ്കുകൾ നൽകുന്ന വായ്പകൾ കുറവാണെന്ന ആക്ഷേപം പരിശോധിക്കുമോ;

(സി) ഈ വിഷയം ബാങ്കേഴ്സ് സമിതിയുടെ മീറ്റിംഗിൽ ചർച്ച ചെയ്ത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പ്രായോഗികവും വിജയസാധ്യതയുമുള്ള സംരംഭങ്ങൾക്കായി അർഹരായ സംരംഭകർക്ക് സംസ്ഥാനത്തെ ബാങ്കുകൾ 'സ്റ്റാൻഡ് അപ് ഇന്ത്യ' പദ്ധതിയിൽ വായ്പ നിഷേധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

(ബി) അർഹമായ അപേക്ഷകൾക്ക് കേരളത്തിലെ ബാങ്കുകൾ പദ്ധതി നിബന്ധനകൾക്കനുസൃതമായി വായ്പകൾ നൽകുന്നുണ്ട്.

(സി) ബാങ്കുകൾ 'സ്റ്റാൻഡ് അപ് ഇന്ത്യ പദ്ധതി' പ്രകാരമുള്ള വായ്പ നിഷേധിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതികൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് ബാങ്കേഴ്സ് സമിതിയുമായി ചർച്ച ചെയ്ത് പരിഹാര നടപടികൾ കൈക്കൊള്ളുന്നതാണ്.

**തൊഴിലുറപ്പ് പദ്ധതിയിലെ വേതന കുടിശ്ശിക**

68 (396) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് നൽകേണ്ട കൂലിയിനത്തിൽ 2020 ജനുവരി വരെ എത്ര കോടി രൂപ കേന്ദ്രം കുടിശ്ശികയാക്കിയിട്ടുണ്ട്; ഏത് മാസം മുതലാണ് വേതനം കുടിശ്ശികയായിട്ടുള്ളത്; അറിയിക്കാമോ;

(ബി) കുടിശ്ശിക തുക അനുവദിക്കണമെന്ന് കാണിച്ച് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് മറുപടി ലഭിച്ചിട്ടുണ്ടോ; മറുപടിയുടെ ഉള്ളടക്കം വിശദമാക്കാമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികളുടെ വേതനയിനത്തിൽ 12-7-2019 മുതൽ 7-1-2020 വരെ 1048.51 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. 7-1-2020-ന് 295.32 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചു. ഇത് 12-7-2019 മുതൽ 16-9-2019 വരെയുള്ള കുടിശ്ശിക നൽകാൻ കഴിഞ്ഞു. തുടർന്ന് ജനുവരി 30 വരെയുള്ള വേതന കുടിശ്ശിക 920 കോടി രൂപയായിരുന്നു. 28-1-2020-ന് 832.38 കോടി രൂപ അനുവദിച്ചു. ടി തുക 19-1-2020 വരെയുള്ള കുടിശ്ശിക തീർക്കാൻ കഴിഞ്ഞു. 31-1-2020-ലെ കുടിശ്ശിക 97 കോടി രൂപയായിരുന്നു. ഫെബ്രുവരി മാസത്തിൽ 150.43 കോടി രൂപ വേതനയിനത്തിൽ അനുവദിച്ചു. 15-2-2020 മുതലാണ് നിലവിൽ വേതന കുടിശ്ശികയുള്ളത്.

(ബി) 15-7-2019, 18-9-2019, 5-11-2019 എന്നീ തീയതികളിൽ കേന്ദ്രസർക്കാരിനോട് ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 7-1-2020-ന് 295.32 കോടിരൂപയും 28-1-2020-ന് 832.38 കോടി രൂപയും 3-2-2020-ന് 62.72 കോടിരൂപയും 11-2-2020-ന് 87.71 കോടി രൂപയും അനുവദിച്ചിരുന്നു.

## സംസ്ഥാനത്തിന്റെ നികുതി വിഹിതം

69 (397) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനത്തിന് നികുതി വരുമാന വിഹിതത്തിൽ 2019-20 വർഷത്തിൽ നിയമാനുസൃതം ലഭിക്കേണ്ട തുക എത്രയാണെന്നും അതിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) തുക ലഭിക്കുന്നതിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തിന് നികുതി വരുമാന വിഹിതത്തിൽ 2019-20 (BE) വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന തുക 20228.33 കോടി രൂപയാണ്. 2019-20-ലെ RE പ്രകാരം ഇത് 16401.05 കോടി രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 2020 ഫെബ്രുവരിവരെ 14,106.95 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ 2019-20-ലെ പുതുക്കിയ ബഡ്ജറ്റ് പ്രകാരമുള്ള നികുതി വിഹിതം മാത്രമേ സംസ്ഥാനത്തിന് ലഭിക്കുകയുള്ളൂ.

## സംസ്ഥാനത്തിനുള്ള കേന്ദ്ര വിഹിതം

70 (398) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ സംസ്ഥാനത്തിനുള്ള വായ്പയിൽ എത്ര കുറവ് വരുത്തിയെന്നും ആയത് പരിഹരിക്കുന്നതിനായി എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന് നൽകാനുള്ള ജി.എസ്.ടി. കുടിശ്ശിക എത്രയെന്നും ആയത് നേടിയെടുക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ;

(സി) നെൽ സംഭരണത്തിനുള്ള കേന്ദ്ര വിഹിതം ഉൾപ്പെടെ ഏതെല്ലാം മേഖലകളിലാണ് കേന്ദ്രസർക്കാർ രാഷ്ട്രീയ താല്പര്യത്തോടെ കുറവുവരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ അനുവദനീയമായ കടമെടുപ്പ് പരിധിയിൽ നിന്നും അധികരിച്ചിട്ടുള്ള വായ്പ 2019-20-ലെ കടമെടുപ്പ് പരിധിയായ 24,915 കോടി രൂപയിൽ നിന്നും കേന്ദ്രസർക്കാർ കുറവ്

വരുത്തുകയുണ്ടായി. ഇത് പ്രളയാനന്തര പുനർനിർമ്മാണങ്ങളേയും വികസന പ്രവർത്തനങ്ങളേയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ നടപ്പ് സാമ്പത്തിക വർഷത്തെ കടമെടുപ്പ് പരിധിയായ 24,915 കോടി രൂപയിൽ നിലനിർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ, ഇതുസംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും പ്രതികരണമൊന്നും ലഭിച്ചിട്ടില്ല. അതേസമയം രാജ്യത്തെ നിലവിലെ പ്രതികൂല സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കം നേരിടുന്നതിന് പൊതുവിപണിയിൽ നിന്നും 1471 കോടി രൂപ കൂടി കടമെടുക്കാൻ കേന്ദ്രസർക്കാർ ഇപ്പോൾ സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കലാണ് ലഭിക്കേണ്ടത്. എന്നാൽ, 2019 ഒക്ടോബർ മുതൽ 2020 ജനവരി വരെ ജി.എസ്.ടി. നഷ്ടപരിഹാരയിനത്തിൽ ഏകദേശം 3200 കോടി രൂപ സംസ്ഥാനത്തിന് കുടിശ്ശികയായിട്ടുണ്ട്. ഇതിൽ 854 കോടി രൂപ (2019 ഒക്ടോബർ, നവംബർ മാസങ്ങളിലെ കുടിശ്ശികയുടെ പകുതി) മാത്രമേ കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ചിട്ടുള്ളൂ. ജി.എസ്.ടി. നഷ്ടപരിഹാരം ലഭ്യമാക്കുവാൻ അഭ്യർത്ഥിച്ചു കൊണ്ട് കേന്ദ്രസർക്കാരിന് കത്തയച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിനെ സാമ്പത്തികമായി ശ്വാസംമുട്ടിക്കുന്ന ധനസമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്നത്. കേന്ദ്രാവിഷ്കൃത സ്കീമുകളുടെ കേന്ദ്രവിഹിതം വലിയ തോതിൽ കുടിശ്ശികയാണ്. തൊഴിലുറപ്പ് കുടിശ്ശിക ആറുമാസം വൈകിയാണ് കിട്ടിയത്. നെല്ല് സംഭരിച്ചതിന് കേന്ദ്രത്തിൽ നിന്നും 1035 കോടി രൂപയാണ് ലഭിക്കേണ്ടത്. ഇതുവരെ ബാങ്കുകളിൽ നിന്നും നെല്ലിന്റെ വിലയായി കർഷകർക്ക് നൽകിവരുന്ന വായ്പ കുടിശ്ശികയായിരിക്കുകയാണ്. 2019-ലെ പ്രളയ ദുരിതാശ്വാസ സഹായത്തിൽ നിന്നും കേരളത്തെ ഒഴിവാക്കി. പ്രളയപുനർ നിർമ്മാണത്തിനുള്ള വിദേശവായ്പകൾ സാധാരണഗതിയിലുള്ള വായ്പാപരിധിക്ക് പുറത്താക്കി പരിഗണിക്കാമെന്ന് ജി.എസ്.ടി. കൗൺസിലിൽ നൽകിയ വാഗ്ദാനത്തിൽ നിന്നും കേന്ദ്ര സർക്കാർ ഏകപക്ഷീയമായി പിൻമാറിയിട്ടുമുണ്ട്.

**കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതം**

71 (399) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ലഭിക്കേണ്ട ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതമാണ് വെട്ടിക്കുറവ് വരുത്തിയിട്ടുള്ളതെന്ന് കഴിഞ്ഞ നാല് വർഷത്തെ താരതമ്യപ്പെടുത്തി പട്ടിക രൂപത്തിൽ വിശദമാക്കാമോ;

(ബി) കേന്ദ്രസർക്കാർ നൽകി വരുന്ന വിവിധ ഗ്രാന്റിനങ്ങളിലുണ്ടായ കുറവ് കഴിഞ്ഞ നാല് വർഷത്തെ താരതമ്യപ്പെടുത്തി പട്ടിക രൂപത്തിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം, കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ മറ്റു പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. കൂടാതെ, 60 ശതമാനത്തിന് മുകളിൽ കേന്ദ്രവിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടുണ്ട്.

ഇതോടൊപ്പം, കേന്ദ്രസർക്കാർ നീതി ആയോഗ് നടപ്പിലാക്കിയതിനു ശേഷം, മധ്യപ്രദേശ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സബ്കമ്മിറ്റിയുടെ കേന്ദ്രാവിഷ്കൃത പദ്ധതികളെയും മറ്റ് ബന്ധപ്പെട്ട പദ്ധതികളെയും കുറിച്ചുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആകെ കേന്ദ്രാവിഷ്കൃത പദ്ധതികൾ 28 എണ്ണമായി കുറയ്ക്കുകയുണ്ടായി. ഇതിൽ 6 എണ്ണം കോർ ഓഫ് ദ കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 20 എണ്ണം കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 2 എണ്ണം ഓപ്ഷണൽ എന്ന ഗണത്തിൽപ്പെടുത്തുകയുമാണുണ്ടായത്.

<u>കോർ ഓഫ് ദ കോർ ഗണം</u>: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് മുമ്പുണ്ടായിരുന്ന ഫണ്ടിംഗ്‌രീതി തന്നെയാണ് തുടർന്നും നടപ്പിലാക്കുന്നത്. ഇതിൽ മൊത്തം വിഹിതത്തിന്റെ 90% കേന്ദ്രവും 10% സംസ്ഥാനവും വഹിക്കേണ്ടതാണ്.

<u>കോർ ഗണം</u>: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ മുമ്പ് 75%, 80% എന്ന രീതിയിൽ കേന്ദ്രവിഹിതം ലഭിക്കുമായിരുന്നു.

<u>ഓപ്ഷണൽ ഗണം</u>: ഈ ഗണത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്.

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം, കേന്ദ്രസർക്കാരിൽ നിന്ന് വിവിധ ഗ്രാന്റിനങ്ങളിലായി കഴിഞ്ഞ നാല് വർഷങ്ങളിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | ലഭിച്ച തുക (കോടിയിൽ) |
|---|---|
| 2015-16 | 8921.35 |
| 2016-17 | 8510.35 |
| 2017-18 | 8527.84 |
| 2018-19 | 11388.96 |

**കേന്ദ്രസർക്കാരിൽ നിന്നുള്ള പ്രത്യേക സാമ്പത്തിക സഹായം**

72 (400) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നോ; എങ്കിൽ ഏതൊക്കെ കാര്യങ്ങൾക്കാണ് പ്രത്യേക സാമ്പത്തിക സഹായം ആവശ്യപ്പെട്ടതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്രം ധനസഹായം അനുവദിച്ചു; വകുപ്പ് തിരിച്ച് ലഭ്യമായ തുകയുടെ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമർപ്പിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.* ഇതുകൂടാതെ 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് 5616 കോടി രൂപയുടെ അടിയന്തര സഹായവും 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് 2101.88 കോടി രൂപയുടെ അടിയന്തര സഹായവും കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്ന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

(ബി) സംസ്ഥാനം സമർപ്പിച്ചിട്ടുള്ള (അനുബന്ധമായി ചേർത്തിട്ടുള്ള)* പദ്ധതികളിന്മേൽ കേന്ദ്രസർക്കാർ ധനസഹായം അനുവദിച്ചിട്ടില്ല. എന്നാൽ, 2017-ലെ ഓഖിയുമായി ബന്ധപ്പെട്ട് 111.7 കോടി രൂപയും 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് 2904.85 കോടി രൂപയും കേന്ദ്രസർക്കാർ അനുവദിച്ചിരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## 2020-21 വർഷത്തെ കേന്ദ്ര ബഡ്ജറ്റ്

73 (T* 401) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തെ പൂർണ്ണമായും അവഗണിക്കുന്ന നിലപാടാണോ കേന്ദ്ര സർക്കാർ സ്വീകരിച്ചിരുന്നതെന്ന് അറിയിക്കാമോ;

(ബി) മുൻ വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ ഏതൊക്കെ മേഖലകളിലാണ് കേരളത്തിന്റെ വിഹിതം കുറഞ്ഞതായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കിഫ്ബി മുഖേനയുള്ള വായ്പയെടുപ്പിന് എന്തെങ്കിലും തരത്തിലുള്ള നിയന്ത്രണം കേന്ദ്ര ബഡ്ജറ്റ് മുഖേന കൊണ്ടുവന്നിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2020-21 കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാരിന്റെ ചുവടെ ചേർക്കുന്ന ആവശ്യങ്ങൾ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര ധനകാര്യ മന്ത്രിക്ക് കത്ത് നൽകിയിരുന്നു.

1. കേരളത്തെ ബാധിച്ച പ്രളയത്തിന്റെ അടിസ്ഥാനത്തിലും ജി.എസ്.ടി. കൗൺസിൽ പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സംസ്ഥാനങ്ങൾക്ക് പ്രത്യേക പരിഗണന നൽകണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലും ജി.എസ്.ടി-യുടെമേൽ സ്പെഷ്യൽ സെസ്സ് ഏർപ്പെടുത്താൻ അനുവദിക്കുക.
2. Multilateral Agency-കളിൽ നിന്നും എടുക്കുന്ന ലോണുകൾ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്താതിരിക്കുക.
3. സംസ്ഥാന സർക്കാർ റബ്ബർ കർഷകർക്ക് സബ്സിഡി നൽകിവരുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ നിലവിലെ താങ്ങുവിലയായ കിലോയ്ക്ക് 150 രൂപ കേന്ദ്ര സഹായമായി 50 രൂപയോടുകൂടി 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ തുക കേന്ദ്ര ബഡ്ജറ്റിൽ അനുവദിക്കുക.
4. കണ്ണൂർ ജില്ലയിൽ ഒരു ആയുർവ്വേദ അന്താരാഷ്ട്ര റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനായി തുക അനുവദിക്കുക.
5. 56,442 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 531 കി.മീ. ദൂരത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

അതിവേഗ റെയിൽവേ പാതയുമായി ബന്ധപ്പെട്ട് വേൾഡ് ബാങ്ക്, എ.ഡി.ബി., JICA എന്നിവയിലേതെങ്കിലുമൊന്നിൽ നിന്നും ധനസമാഹരണം നടത്തുന്നതിനായി സംസ്ഥാനത്തിന് അനുമതി നൽകുക.

6. കോഴിക്കോട് സംസ്ഥാന സർക്കാർ കണ്ടെത്തിയിട്ടുള്ള 200 ഏക്കർ സ്ഥലത്ത് AIIMS-നു തുല്യമായൊരു മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി ധനസഹായം അനുവദിക്കുക.

7. മലബാർ മേഖലയിലെ നിർദ്ധന കാൻസർ രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്ന തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിനെ കേന്ദ്ര സർക്കാരിന്റെ Rashtriya Arogya Nidhi Programme-ൽ ഉൾപ്പെടുത്തുക.

8. Cochin Shipyard, FACT, മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് അധിക ധനനിക്ഷേപം നടത്തുക. ഈ സ്ഥാപനങ്ങളിൽ സ്വകാര്യവൽക്കരണം അനുവദിക്കാതിരിക്കുക.

എന്നാൽ, സംസ്ഥാനത്തിന്റെ ഈ ആവശ്യങ്ങൾ സംബന്ധിച്ച് 2020-21-ലെ കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപനങ്ങളൊന്നും ഉണ്ടായിട്ടില്ല. ഇതിനു പുറമേ സംസ്ഥാനത്തിന് ലഭ്യമാകേണ്ട കേന്ദ്ര നികുതി വിഹിതത്തിലും ഗണ്യമായ കുറവാണ് കേന്ദ്ര ബഡ്ജറ്റിൽ വരുത്തിയിട്ടുള്ളത്.

(ബി) 2020-21 സാമ്പത്തിക വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ കോർപ്പറേഷൻ നികുതി, ആദായ നികുതി, കേന്ദ്ര ചരക്ക് സേവന നികുതി, കസ്റ്റംസ് തീരുവ, കേന്ദ്ര എക്സൈസ് തീരുവ എന്നീ ഇനങ്ങളിൽ 2019-2020 ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ കുറവ് വരുത്തിയിട്ടുണ്ട്.

(സി) കിഫ്ബി മുഖേനയുള്ള വായ്പയെടുക്കുന്നതിന് നിലവിൽ എന്തെങ്കിലും തരത്തിലുള്ള നിയന്ത്രണം കേന്ദ്ര ബഡ്ജറ്റ് മുഖേന കൊണ്ടുവന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും കൈപ്പറ്റിയ അഡ്വാൻസ് തുക**

74(402) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി വൈസ് ചാൻസലറും പ്രോ വൈസ് ചാൻസലറും ഉൾപ്പെടെയുള്ള ജീവനക്കാർ യൂണിവേഴ്സിറ്റിയിൽ നിന്നും കൈപറ്റിയ അഡ്വാൻസ് തുക തിരിച്ചടച്ചിട്ടില്ലെന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്നുമുതലുള്ള അഡ്വാൻസ് തുകയാണ് തിരിച്ചടക്കാനുള്ളതെന്നും ആകെ എത്ര രൂപ ഇപ്രകാരം തിരിച്ചടക്കാനുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) അഡ്വാൻസ് തുക കൈപ്പറ്റിയാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും ചെലവാക്കാത്ത തുകയും എത്ര കാലാവധിക്കുള്ളിൽ തിരിച്ചടക്കണമെന്നാണ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ഡി) ചെലവാക്കാത്ത പണം ഇവരിൽ നിന്നും തിരിച്ച് പിടിക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സർവ്വകലാശാലയിലെ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പേരിൽ അടിയന്തര ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി 2011 മുതൽ 2019 നവംബർ വരെ മുൻകൂർ തുകയായി അനുവദിച്ചതിൽ രൂപ 2,51,19,194 (രണ്ട് കോടി അമ്പത്തിയൊന്ന് ലക്ഷത്തി പത്തൊമ്പതിനായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റിനാല് രൂപ മാത്രം)-യുടെ അക്കൗണ്ടുകൾ വിനിയോഗം ക്രമീകരിക്കുന്നതിനായി അവശേഷിക്കുന്നുണ്ട്. ടി തുക അനുവദിച്ച ആവശ്യങ്ങൾക്കായി ചെലവഴിച്ച് കഴിഞ്ഞതും ക്രമീകരണ പ്രക്രിയ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ച് വരുന്നതുമാണ്. ചട്ടങ്ങൾ പ്രകാരം തുക ക്രമീകരിക്കുന്നതിന് മതിയായ കാരണം കൂടാതെ കാലതാമസം വരുത്തുന്നവരിൽ നിന്നും ക്രമീകരണ വേളയിൽ 18% പിഴപ്പലിശ ഈടാക്കുന്നുണ്ട്.

വൈസ് ചാൻസലർ, പ്രൊ-വൈസ് ചാൻസലർ എന്നിവരുടെ പേരിൽ മുൻകൂർ തുകകൾ അനുവദിക്കാറില്ല. ഇവർ അദ്ധ്യാപകർ ആയിരുന്ന കാലഘട്ടത്തിൽ അനുവദിച്ചിട്ടുള്ള മുൻകൂർ തുകകൾ ചട്ടപ്രകാരം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രത്യേക ആവശ്യങ്ങൾക്കായി അനുവദിച്ച തുകകൾ ടി ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളതാണ്. ആവശ്യം കഴിഞ്ഞ് മിച്ചംവന്ന തുകകൾ സർവ്വകലാശാല ഫണ്ടിലേയ്ക്ക് തിരിച്ച് അടയ്ക്കാറുണ്ട്. ധനവിനിയോഗം ക്രമീകരിക്കുന്ന വേളയിൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് അനുവദനീയമല്ലാത്ത തുകകൾ തിരികെ ഈടാക്കുന്നുണ്ട്.

(സി) മൂന്ന് മാസം. സവിശേഷ സാഹചര്യങ്ങളിൽ കാര്യനിർവ്വഹണത്തിന് അധിക സമയം ആവശ്യമെങ്കിൽ അനുവദിച്ചു നൽകാറുണ്ട്.

(ഡി) ചെലവഴിക്കാത്ത പണം സർവ്വകലാശാല ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ട്.

## എൻ.പി.എസ്.

75 (403) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻ.പി.എസ് (നാഷണൽ പെൻഷൻ സിസ്റ്റം) എന്നാണ് നിലവിൽ വന്നത്; എൻ.പി.എസ് ന്റെ നടത്തിപ്പ് ചുമതല ആർക്കാണ് നൽകിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) 31-12-2019 വരെ ഈ സ്കീമിൽ എത്രപേർ അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഓരോ അംഗത്തിൽ നിന്നും പെൻഷൻ വിഹിതമായി എത്ര ശതമാനം തുകയാണ് ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്നതെന്ന് വിശദമാക്കാമോ;

(സി) പെൻഷൻ വിഹിതമായി ശമ്പളത്തിൽനിന്നും കുറവ് ചെയ്യുന്ന തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നുണ്ടോ; എങ്കിൽ ഹെഡ് ഓഫ് അക്കൗണ്ട് ഏതാണ്;

(ഡി) ജീവനക്കാരുടെ വിഹിതത്തോടൊപ്പം ഓരോ ജീവനക്കാരുടേയും പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന സർക്കാർ വിഹിതം എത്ര ശതമാനമാണ് ; ഹെഡ് ഓഫ് അക്കൗണ്ട് വെളിപ്പെടുത്തുമോ; ഇത് ഏതു തീയതി വരെയുള്ള വിഹിതം നിക്ഷേപിച്ചുവെന്ന് അറിയിക്കാമോ;

(ഇ) ഈ അക്കൗണ്ട് ഹെഡുകളിൽ എത്ര രൂപാ ബാക്കിയിരിപ്പുണ്ട്; ഇത് എൻ.പി.എസ്. വിഭാവനം ചെയ്തപോലെ ഷെയർ മാർക്കറ്റിൽ നിക്ഷേപിച്ച് ജീവനക്കാർക്ക് ഗുണകരമാകുന്ന വിധത്തിൽ മാർക്കറ്റിംഗ് തന്ത്രം ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അത് എങ്ങനെയെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ 7-1-2013-ലെ സ.ഉ.(പി) നമ്പർ 20/2013/ധന. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് കെ.എസ്.ആർ. ഭാഗം III പെൻഷൻ ബാധകമായിരുന്ന വിഭാഗങ്ങളിൽ 1-4-2013-നോ അതിനുശേഷമോ പുതുതായി നിയമിതരാകുന്ന ജീവനക്കാർക്കാണ് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമായിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെയും പി.എഫ്.ആർ.ഡി.എ.-യുടെയും നിർദ്ദേശങ്ങൾക്ക് വിധേയമായി ധനകാര്യ വകുപ്പാണ് സംസ്ഥാന സർക്കാർ ജീവനക്കാരുടെയും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നത്.

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡെപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2019 ഡിസംബർ 31 വരെ, 1,11,641 സർക്കാർ ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. ജീവനക്കാരന്റെ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേരുന്ന തുകയുടെ 10% ആണ് പ്രതിമാസം പെൻഷൻ വിഹിതമായി ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്നത്.

(സി-ഇ) ജീവനക്കാരന്റെ പ്രതിമാസ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്ന പെൻഷൻ വിഹിതവും തത്തുല്യ സർക്കാർ വിഹിതവും 8342-00-117-96, 8342-00-117-94 എന്നീ സസ്പെൻസ് ഹെഡ്ഡുകളിൽ താൽക്കാലികമായി അടവാക്കുകയും തൊട്ടടുത്ത പ്രവൃത്തി ദിവസം പ്രസ്തുത തുക ഏജൻസി ബാങ്ക് മുഖേന പെൻഷൻ ഫണ്ട് മാനേജർമാർക്ക് കൈമാറുകയുമാണ് ചെയ്യുന്നത്.

**ക്ഷാമബത്ത കുടിശ്ശിക**

76 (404) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും, പെൻഷൻകാർക്കും എത്ര ശതമാനം ക്ഷാമബത്ത കുടിശ്ശിക നൽകുവാനുണ്ടെന്നറിയിക്കാമോ;

(ബി) പ്രസ്തുത ഡി.എ കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത ആവശ്യവുമായി ബന്ധപ്പെട്ട് സർവ്വീസ് സംഘടനകളും, പെൻഷൻ സംഘടനകളും നൽകിയ നിവേദനങ്ങളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കേന്ദ്ര സർക്കാർ 2019 ജനുവരിയിൽ പ്രഖ്യാപിച്ച 3% ക്ഷാമബത്തയ്ക്കും 2019 ജൂലൈയിൽ പ്രഖ്യാപിച്ച 5% ക്ഷാമബത്തയ്ക്കും ആനുപാതികമായ ക്ഷാമബത്ത കുടിശ്ശികയായി നൽകാനുണ്ട്.

(ബി) 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഡി.എ. കുടിശ്ശിക ഘട്ടങ്ങളായി അടുത്ത സാമ്പത്തിക വർഷം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് സർവ്വീസ്/പെൻഷൻ സംഘടനകളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അവയ്ക്ക് 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഡി.എ. കുടിശ്ശിക ഘട്ടങ്ങളായി അടുത്ത സാമ്പത്തിക വർഷം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം (para 198) നിലവിലുള്ള കുടിശ്ശിക ക്ഷാമബത്ത ഗഡുക്കൾ 2020-21 സാമ്പത്തിക വർഷം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

**പങ്കാളിത്ത പെൻഷൻ പുനഃപരിശോധിക്കാൻ രൂപീകരിച്ച പദ്ധതി**

77 (405) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പുന:പരിശോധിക്കാൻ രൂപീകരിച്ച സമിതിയുടെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) സമിതി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2020 ഏപ്രിൽ 30-നാണ് പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതിയുടെ കാലാവധി അവസാനിക്കുന്നത്.

(ബി) പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതിയുടെ പരിഗണനാ വിഷയങ്ങളിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും സമിതി പരിശോധിച്ചുവരുന്നു.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

78 (406) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയതിനുശേഷം 2018-19 സാമ്പത്തിക വർഷം വരെ സംസ്ഥാനത്തെ ജീവനക്കാരിൽ നിന്നും എത്ര തുക വിഹിതമായി പിടിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) സർക്കാർ വിഹിതമായി എന്ത് തുക ഫണ്ട് മാനേജർക്ക് അടച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ ;

(സി) ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും എവിടെയാണ് നിക്ഷേപിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം, 2018-19 സാമ്പത്തിക വർഷം വരെ 725.835 കോടി രൂപ സംസ്ഥാന ജീവനക്കാരുടെ വിഹിതമായി പ്രസ്തുത പദ്ധതിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം, 2018-19 സാമ്പത്തിക വർഷം വരെ 725.835 കോടി രൂപ സർക്കാർ വിഹിതമായി പ്രസ്തുത പദ്ധതിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

(സി) 6-2-2014-ലെ സർക്കുലർ നമ്പർ 07/14/ധന. ഖണ്ഡിക V അനുസരിച്ച് പി.എഫ്.ആർ.ഡി.എ. നിർദ്ദേശപ്രകാരം ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്ക് മുഖേന എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പി ബോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നിവയിൽ ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും കൂടി ചേർത്താണ് ഈ തുക നിക്ഷേപിച്ചു വരുന്നത്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

79 (407) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി (എൻ.പി.എസ്.) നിറുത്തലാക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) നാളിതുവരെ എത്ര ജീവനക്കാർ ഈ പദ്ധതിയിൽ അംഗങ്ങളായി; വിശദമാക്കുമോ;

(സി) ഇവരിൽ നിന്നും ഇതുവരെ എത്ര രൂപ ഈയിനത്തിൽ പിരിച്ചെടുത്തു എന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാന സർക്കാർ വിഹിതമായി എത്ര രൂപ ഇതുവരെ പെൻഷൻ അക്കൗണ്ടിൽ നൽകി; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ ഉത്തരവ് 172/18/ധന. തീയതി 7-11-2018 പ്രകാരം പുനഃപരിശോധന സമിതിയെ നിയമിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡെപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം, 2020 ജനവരി 31 വരെ, 1,15,881 സർക്കാർ ജീവനക്കാർ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്.

(സി&ഡി) ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡെപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം, 2020 ജനവരി 31 വരെ, 1063.97 കോടി രൂപ സംസ്ഥാന ജീവനക്കാരുടെ വിഹിതമായി പ്രസ്തുത പദ്ധതിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

**മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി**

80(T*408) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമെന്ന പ്രഖ്യാപനം അനന്തമായി നീണ്ടുപോകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) റിലയൻസ് കമ്പനിയുമായി ഉണ്ടാക്കിയിരുന്ന കരാർ റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ കാരണമെന്തായിരുന്നു;

(സി) പദ്ധതി തുടർന്ന് നടത്തുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് ഏതെങ്കിലും വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പദ്ധതി പുനരാരംഭിക്കുവാൻ ഉയർന്ന പ്രീമിയം നൽകേണ്ട സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രീമിയത്തിന്റെ ഉയർന്ന വിഹിതം സർക്കാർ വഹിക്കുന്ന കാര്യം പരിഗണിക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അദ്ധ്യാപകർക്കും നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള റീ ടെണ്ടറിന് മുന്നോടിയായി 15-7-2019-ലെ സ.ഉ.(പി) നമ്പർ 87/2019/ധന. ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാ നിരക്കുകൾ പരിഷ്കരിക്കുന്നതിന് ആരോഗ്യരംഗത്തെ വിദഗ്ദ്ധരെ കൂടി ഉൾപ്പെടുത്തി ഒരു മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ടി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട റീ-ടെണ്ടർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് പദ്ധതി ആരംഭിക്കുന്നതായിരിക്കും.

(ബി) ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി 15-7-2019-ലെ സ.ഉ.(പി) നമ്പർ 87/2019/ധന. ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (Request For Proposal)-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതിനാൽ ടി കമ്പനിയുമായി യാതൊരുവിധ കരാറിലും സർക്കാർ ഏർപ്പെട്ടിട്ടില്ല.

(സി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട ചികിത്സാ പട്ടികയും നിരക്കുകളും നിശ്ചയിക്കുന്നതിന് സർക്കാർ രൂപീകരിച്ച കമ്മീഷന്റെ ശിപാർശകളെ അടിസ്ഥാനമാക്കി മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട് നിശ്ചയിച്ചിട്ടുള്ള ചികിത്സാ വ്യവസ്ഥകളുടെ താഴ്ന്ന നിരക്കുകൾ പദ്ധതിയിൽ നിന്നും ആശുപത്രികൾ വിട്ടു നിൽക്കുന്നതിനിടയാക്കി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പദ്ധതിയുടെ ചികിത്സാ നിരക്ക് പരിഷ്കരിക്കുന്നത് സംബന്ധിച്ച് 28-12-2019-ലെ സ.ഉ. (സ) നമ്പർ 10206/2019/ധന. ഉത്തരവ് പ്രകാരം ആരോഗ്യരംഗത്തെ വിദഗ്ദ്ധരെ കൂടി ഉൾപ്പെടുത്തി ഒരു മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പദ്ധതിയുടെ റീ ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ജീവനക്കാരിൽനിന്നും ഈടാക്കുന്ന പ്രീമിയം തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

**സർക്കാർ ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും സംബന്ധിച്ച്**

81(409) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ സർക്കാർ വകുപ്പുകളിലെയും ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാൻ കഴിഞ്ഞ സാമ്പത്തിക വർഷം (2018-19) ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കാമോ;

(ബി) ഇതിലേയ്ക്ക് നടപ്പു സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഓരോ സർക്കാർ വകുപ്പ് മുഖേനയും കഴിഞ്ഞ സാമ്പത്തിക വർഷം (2018-19) ഖജനാവിലേയ്ക്ക് എത്തിയ ആകെ വരുമാനം എത്രയാണ്; വകുപ്പ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷം സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളയിനത്തിൽ 31510.37 കോടി രൂപ ചെലവായി.

(ബി) 2019-2020-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളയിനത്തിൽ 32117.34 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാന ബഡ്ജറ്റിൽ റവന്യൂ വരവുകൾ ക്രോഡീകരിച്ചിരിക്കുന്നത് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ നിഷ്കർഷിച്ചിട്ടുള്ള വിവിധ ശീർഷകങ്ങളിലായിട്ടാണ്. പ്രസ്തുത ശീർഷകങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ മുഖേന 2018-2019 സാമ്പത്തിക വർഷം ലഭ്യമായ തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*

**സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം**

82 (410) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പളം, പെൻഷൻ എന്നിവയ്ക്കു മാത്രമായി 2014-15 മുതൽ 2019-20 വരെ എത്ര തുക ചെലവായി;

(ബി) ഇത് മൊത്തം റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണെന്നറിയിക്കുമോ; ഓരോ വർഷത്തേയും കണക്കുകൾ വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം, പെൻഷൻ എന്നിവയ്ക്കായി ചെലവായ തുകയും റവന്യൂ വരുമാനത്തിന്മേലുള്ള പ്രസ്തുത ചെലവുകളുടെ ശതമാനക്കണക്കും പട്ടികയായി ചേർത്തിരിക്കുന്നു.

(തുക കോടിയിൽ)

| വർഷം | ചെലവ് | ശതമാനം |
|---|---|---|
| 2014-15 | 32663.59 | 56.36% |
| 2015-16 | 36587.71 | 53.00% |
| 2016-17 | 43321.78 | 57.30% |
| 2017-18 | 51844.33 | 62.45% |
| 2018-19 | 50522.31 | 54.41% |
| 2019-20* | 43184.97 | 61.50% |
| *2019-2020 ജനുവരി മാസം വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം | | |

**സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

83 (411) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ;

(ബി) പദ്ധതിയുമായി സഹകരിക്കുന്നതിന് ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളെയാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അദ്ധ്യാപകർക്കും നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ റീ ടെണ്ടറിന് മുന്നോടിയായി 15-7-2019-ലെ സ.ഉ.(പി) നമ്പർ 87/2019/ധന. ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യരംഗത്തെ വിദഗ്ദ്ധരെ കൂടി ഉൾപ്പെടുത്തി ഒരു മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട്

ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ടി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർ നടപടികളുടെ ഭാഗമായി റീ-ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കേ പദ്ധതി എന്നുമുതൽ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുവാൻ കഴിയുകയുള്ളൂ.

(ബി) IRDAI നിബന്ധനകളുടെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി സുതാര്യമായ ഇ ടെണ്ടർ മുഖേന റീ ടെണ്ടർ നടപടികളിലൂടെ മാത്രമേ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഇൻഷ്വറൻസ് ഏജൻസികളെ തെരഞ്ഞെടുക്കുകയുള്ളൂ.

**സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച്**

84 (412) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിക്ക് പകരം സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കുന്നത് പരിശോധിക്കുവാൻ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; ഈ കമ്മീഷനിൽ എത്ര അംഗങ്ങൾ ഉണ്ട്; ചെയർമാന്റെയും അംഗങ്ങളുടെയും പേര് വിവരം വെളിപ്പെടുത്തുമോ; കമ്മീഷൻ എന്നാണ് നിലവിൽ വന്നതെന്നറിയിക്കുമോ;

(സി) ഈ കമ്മീഷൻ എത്ര സിറ്റിങ്ങ് നടത്തിയിട്ടുണ്ട്; ഇത് സംബന്ധിച്ച് കമ്മീഷൻ റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) കമ്മീഷന്റെ ഓഫീസ് പ്രവർത്തിക്കുന്നത് എവിടെയാണെന്നും ചെയർമാന്റെയും അംഗങ്ങളുടെയും നിശ്ചയിച്ചിരിക്കുന്ന ശമ്പളം എത്രയെന്നും വ്യക്തമാക്കുമോ;

(ഇ) എത്ര ഓഫീസ് സ്റ്റാഫിനെ അനുവദിച്ചിട്ടുണ്ടെന്നറിയിക്കാമോ?

ഉത്തരം

(എ & ബി) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ 7-11-2018-ലെ സ.ഉ.(പി) നമ്പർ 172/2018/ധന. ഉത്തരവ് പ്രകാരം ശ്രീ. എസ്. സതീഷ് ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ, ഐ.എ.എസ്.(റിട്ട.), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി. എന്നിവർ അംഗങ്ങളുമായി പങ്കാളിത്ത

പെൻഷൻ പുനഃപരിശോധന സമിതിയെ നിയമിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) 24-2-2020 വരെ സമിതി 15 സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്. സമിതിയുടെ പ്രവർത്തനകാലാവധി അവസാനിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കമ്മീഷൻ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടില്ല.

(ഡി) തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യം ഗാന്ധിപുരം റോഡിൽ സ്ഥിതി ചെയ്യുന്ന ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷന്റെ അഞ്ചാം നിലയിലാണ് പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതിയുടെ ഓഫീസ് പ്രവർത്തിക്കുന്നത്. ചെയർമാൻ ഉൾപ്പെടെയുള്ള മൂന്ന് സമിതി അംഗങ്ങൾ ഓരോരുത്തർക്കും 75,000 രൂപ വീതമാണ് പ്രതിമാസം ഓണറേറിയമായി സർക്കാർ അനുവദിച്ചിരിക്കുന്നത്.

(ഇ) ഏഴ് സ്ഥിരം ജീവനക്കാരും ശുചീകരണ ജോലികൾക്കായി ദിവസവേതനാടിസ്ഥാനത്തിൽ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഒരാളും ഒരു ഓഫീസ് അറ്റൻഡന്റും ഉൾപ്പെടെ ആകെ 9 പേരെയാണ് സമിതിക്ക് ഓഫീസ് സ്റ്റാഫായി അനുവദിച്ചിട്ടുള്ളത്.

**വിദ്യാഭ്യാസ വായ്പാ തിരിച്ചടവിനുള്ള ധനസഹായം**

85 (414) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവിന് സംസ്ഥാനത്തെ ബാങ്കുകളുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയിൽ റാന്നി നിയോജകമണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകരുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് എത്ര രൂപയാണ് സഹായധനമായി നൽകിയിട്ടുള്ളത്; ഇതിന്റെ ബാങ്ക് തിരിച്ചുള്ള പട്ടിക നൽകാമോ?

<u>ഉത്തരം</u>

(എ&ബി) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി ബാങ്ക് തിരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ നിയോജകമണ്ഡലം അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല.

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള ആകെ അപേക്ഷകളിൽ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം

യോഗ്യമാണെന്ന് ബാങ്കുകൾ ശിപാർശ ചെയ്ത് ലഭ്യമാക്കിയ 19901 അപേക്ഷകർക്ക് സർക്കാർ വിഹിതമായി ആകെ 195.57 കോടി രൂപ അനുവദിച്ച് ബന്ധപ്പെട്ട ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് തുക കൈമാറിയിട്ടുണ്ട്.

**നികുതി വിഹിതം**

86 (415) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ 2019-20-ലെ ബഡ്ജറ്റിൽ സംസ്ഥാന സർക്കാരിനായി നീക്കി വച്ചിരുന്ന നികുതി വിഹിതം എത്രയാണ്;

(ബി) 2020-21-ലെ ബഡ്ജറ്റിൽ ഇക്കാര്യത്തിൽ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(സി) ജനസംഖ്യാ വളർച്ച മാനദണ്ഡമായി നികുതി വിഹിതം നിശ്ചയിക്കണമെന്ന കേന്ദ്ര ധനകമ്മീഷന്റെ ശിപാർശ സംസ്ഥാനത്തിന് ദോഷകരമായി എന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ചേർന്ന മുഖ്യമന്ത്രിമാരുടെ യോഗം സംയുക്തമായി എതിർപ്പ് രേഖപ്പെടുത്തിയെങ്കിലും, കേന്ദ്രം അതിന്റെ തീരുമാനത്തിൽ നിന്നും പുറകോട്ട് പോകാത്ത സാഹചര്യത്തിൽ എന്ത് നടപടിയാണ് ഇനി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ 2019-20 BE പ്രകാരം ബഡ്ജറ്റിൽ സംസ്ഥാനത്തിനായി നീക്കിവച്ചിരിക്കുന്ന നികുതി വിഹിതം 20228.33 കോടി രൂപയാണ്.

(ബി) ഉണ്ട്. 2020-21 കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ 2019-20 ലേയ്ക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 16401.05 കോടി രൂപ നികുതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്. ഇതുപ്രകാരം 3827.28 കോടി രൂപയുടെ കുറവ് വരുന്നുണ്ട്.

(സി) 15-ാം ധനകാര്യ കമ്മീഷൻ 2011 അടിസ്ഥാനമാക്കിയുള്ള ജനസംഖ്യ ഒരു മാനദണ്ഡമായി സ്വീകരിക്കുകയും 15% മാത്രം വെയിറ്റേജ് നൽകുകയും ചെയ്തിട്ടുള്ളൂ. ഇതുമൂലം ജനസംഖ്യാ നിയന്ത്രണത്തിൽ പുരോഗതി കൈവരിച്ച കേരളത്തിന് നികുതി വിഹിതത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്.

(ഡി) 15-ാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് 2020-21 സാമ്പത്തിക വർഷത്തിന് മാത്രമേ ബാധകമാകുകയുള്ളൂ. 2021-2026 സാമ്പത്തിക വർഷത്തേയ്ക്കുള്ള റിപ്പോർട്ട് കമ്മീഷൻ 2020 ഒക്ടോബർ മാസത്തോടുകൂടി മാത്രമേ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയുള്ളൂ. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ വിശദമായ മെമ്മോറാണ്ടം 15-ാം ധനകാര്യ കമ്മീഷൻ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസ്**

87 (416) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20-ലെ സംസ്ഥാന ബഡ്ജറ്റിൽ 10 കോടി രൂപയുടെ പ്രൊപ്പോസൽ ആയ തങ്കളം - കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് റോഡിന് 20% തുക വകയിരുത്തിയിട്ടുള്ളതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിൽ 20% തുകയുടെ ഭരണാനുമതിക്കു വേണ്ടി പി.ഡബ്ള്യൂ.ഡി.-യിലെ ജി3/578/19 നമ്പർ ഫയൽ പ്രകാരം ധനകാര്യ വകുപ്പിലെ ഐ.എൻ.ഡി. & പി.ഡബ്ള്യൂ. ബി1/11/2020 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) പ്രസ്തുത പ്രവൃത്തിക്ക് 10 കോടി രൂപയുടെ ഭരണാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. (ഫയൽ നമ്പർ I&PW-B1/11/2020/Fin.)

**സംസ്ഥാന വിഹിതം**

88 (417) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളിലാണ് സംസ്ഥാന വിഹിതം വെട്ടി കുറക്കപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) സാമ്പത്തിക വർഷാനുപാതക്രമത്തിൽ എത്ര തുകയാണ് കുറവ് ചെയ്തതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതത്തിൽ സംസ്ഥാന സർക്കാർ വെട്ടിക്കുറവ് വരുത്തിയിട്ടില്ല. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിലും കേന്ദ്ര വിഹിതത്തിലും കേന്ദ്ര സർക്കാർ വരുത്തിയ മാറ്റങ്ങൾക്കനുസൃതമായി സംസ്ഥാന വിഹിതത്തിലും മാറ്റം വരുത്തുകയാണുണ്ടായത്.

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

89 (419) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഈ സാമ്പത്തികവർഷം സംസ്ഥാന ബഡ്ജറ്റിൽ എത്ര തുക വക കൊള്ളിച്ചിട്ടുണ്ട്; ഈ ഇനത്തിൽ നടപ്പു സാമ്പത്തിക വർഷം കേന്ദ്രത്തിൽ നിന്നും എത്ര തുക റീലീസ് ചെയ്തുകിട്ടിയെന്ന് അറിയിക്കുമോ;

(ബി) കഴിഞ്ഞ 10 വർഷത്തെ കേന്ദ്രാവിഷ്കൃത പദ്ധതി തുക ബഡ്ജറ്റിൽ വക കൊള്ളിച്ചതും കേന്ദ്രത്തിൽ നിന്നും റിലീസ് ചെയ്ത് കിട്ടിയതിന്റെയും വിവരം ലഭ്യമാക്കുമോ;

(സി) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാനത്തിന്റെ കമ്മിറ്റഡ് ലയബിലിറ്റീസ് ഏതിനെല്ലാമാണ് ഉയർത്തിയത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2019-20 സാമ്പത്തിക വർഷം 9172.17 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പി.എഫ്.എം.എസ്. വെബ് പോർട്ടലിലെ 28-2-2020-ലെ കണക്കുകൾ പ്രകാരം വിവിധ കേന്ദ്രാവിഷ്കൃത/കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാനത്തിന്റെ സഞ്ചിതനിധി വഴി 3017.76 കോടി രൂപയുടെ കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള കഴിഞ്ഞ 10 വർഷത്തെ ബഡ്ജറ്റ് വകയിരുത്തലിന്റെയും കേന്ദ്രത്തിൽ നിന്ന് ലഭിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

തുക കോടിയിൽ

| വർഷം | ബഡ്ജറ്റ് വകയിരുത്തൽ | കേന്ദ്ര റിലീസ് കിട്ടിയത് |
|---|---|---|
| 2009-10 | 882.90 | 612.61 |
| 2010-11 | 1240.85 | 772.33 |
| 2011-12 | 1214.08 | 1371.50 |
| 2012-13 | 2196.60 | 1200.61 |
| 2013-14 | 2643.19 | 1304.58 |
| 2014-15 | 2733.53 | 3969.02 |
| 2015-16 | 7686.32 | 3684.10 |
| 2016-17 | 6534.17 | 3101.49 |
| 2017-18 | 8038.95 | 3268.36 |
| 2018-19 | 8097.99 | 3770.11 |

(സി) പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തുകയും ചില പദ്ധതികൾ മറ്റ് പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. കൂടാതെ, 60 ശതമാനത്തിന് മുകളിൽ കേന്ദ്രവിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടുണ്ട്.

ഇതോടൊപ്പം, കേന്ദ്രസർക്കാർ നീതി ആയോഗ് നടപ്പിലാക്കിയതിനു ശേഷം മധ്യപ്രദേശ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സബ് കമ്മിറ്റിയുടെ കേന്ദ്രാവിഷ്കൃത പദ്ധതികളെയും മറ്റ് ബന്ധപ്പെട്ട പദ്ധതികളെയും കുറിച്ചുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആകെ കേന്ദ്രാവിഷ്കൃത പദ്ധതികൾ 28 എണ്ണമായി കുറയ്ക്കുകയുണ്ടായി. ഇതിൽ 6 എണ്ണം കോർ ഓഫ് ദ കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 20 എണ്ണം കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 2 എണ്ണം ഓപ്ഷണൽ എന്ന ഗണത്തിൽപ്പെടുത്തുകയുമാണുണ്ടായത്.

<u>കോർ ഓഫ് ദ കോർ ഗണം</u>: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് മുമ്പുണ്ടായിരുന്ന ഫണ്ടിംഗ് രീതി തന്നെയാണ് തുടർന്നും നടപ്പിലാക്കുന്നത്. ഇതിൽ മൊത്തം വിഹിതത്തിന്റെ 90% കേന്ദ്രവും 10% സംസ്ഥാനവും വഹിക്കേണ്ടതാണ്.

കോർ ഗണം: ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ മുമ്പ് 75%, 80% എന്ന രീതിയിൽ കേന്ദ്രവിഹിതം ലഭിക്കുമായിരുന്നു.

ഓപ്ഷണൽ ഗണം: ഈ ഗണത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്.

## 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പദ്ധതികൾ

90 (420) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ജനറൽ ഒബ്ലിക്കേഷൻ ബോണ്ട്സ്, റവന്യൂ ഒബ്ലിക്കേഷൻ ബോണ്ട്സ് എന്നിവ വഴി ധനസമാഹരണം നടത്തുന്നതിനായുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്; ഈ പദ്ധതി പ്രകാരം എത്ര തുക സമാഹരിച്ചുവെന്ന് അറിയിക്കാമോ;

(ബി) ഓൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്സ്, ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ്, ഇൻഫ്രാസ്ട്രക്ചർ ഡെറ്റ് ഫണ്ട് എന്നിവ വഴി വികസന പ്രവർത്തനങ്ങൾക്ക് പണം സമാഹരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) ജനറൽ ഒബ്ലിഗേഷൻ ബോണ്ട്സ് വഴി ഇന്ത്യൻ മാർക്കറ്റിൽ നിന്ന് തുക സമാഹരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ വിപണിയിൽ അനുകൂല സാഹചര്യമല്ലാത്തതിനാൽ ഇതുസംബന്ധിച്ച നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. പലിശനിരക്ക് താരതമ്യേന കുറഞ്ഞ മാർഗ്ഗങ്ങളിലൂടെയുള്ള ധനസമാഹരണത്തിനാണ് കിഫ്ബി മുൻതൂക്കം നൽകുന്നത്. ജനറൽ ഒബ്ലിഗേഷൻ ബോണ്ട്, റവന്യൂ ഒബ്ലിഗേഷൻ ബോണ്ട് എന്നിവയ്ക്ക് വിപണിയിൽ അനുകൂല സാഹചര്യമുണ്ടാകുമ്പോൾ ആവശ്യമെങ്കിൽ ഇത്തരം മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കിഫ്ബി പദ്ധതികളുടെ പ്രാരംഭ നിർവ്വഹണ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് നിലവിൽ കിഫ്ബിയുടെ പക്കലുള്ളതിനാൽ തുടർന്ന് ഫണ്ട് ആവശ്യമായി വരുന്നത് കണക്കാക്കി അനുകൂല കമ്പോള കാലാവസ്ഥ കണക്കിലെടുത്ത് മാത്രമേ ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്, ഇൻവിറ്റ്, ഇൻഫ്രാസ്ട്രക്ചർ ഡെറ്റ് ഫണ്ട് തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയുള്ള ധനസമാഹരണം ആരംഭിക്കുകയുള്ളൂ.

## ക്ഷേമ പെൻഷൻ മസ്റ്ററിംഗ്

91 (421) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷൻ മസ്റ്ററിംഗ് പൂർത്തിയായപ്പോൾ അർഹതയുള്ള എത്ര പേർ ഉള്ളതായിട്ടാണ് സർക്കാരിന് ബോധ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മസ്റ്ററിംഗ് ചെയ്യാൻ കഴിയാതെ പോയ അർഹതപ്പെട്ട പെൻഷൻകാർക്ക് പെൻഷൻ ലഭിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2020 ഫെബ്രുവരി 15 വരെയായിരുന്നു ക്ഷേമപെൻഷൻ ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗിനായി അനുവദിച്ചിരുന്നത്. മസ്റ്ററിംഗ് സമയപരിധി അവസാനിച്ചപ്പോൾ സാമൂഹ്യസുരക്ഷാ പെൻഷന് അർഹതയുള്ള 4346121 ഗുണഭോക്താക്കളും ക്ഷേമനിധി ബോർഡ് പെൻഷന് അർഹതയുള്ള 599661 ഗുണഭോക്താക്കളുമാണുള്ളതെന്നാണ് നിലവിലെ സ്ഥിതി സൂചിപ്പിക്കുന്നത്.

(ബി) ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ മസ്റ്ററിംഗിനായി 2019 നവംബർ 11 മുതൽ 2020 ഫെബ്രുവരി 15 വരെ 3 മാസത്തിലേറെ സമയം അനുവദിച്ചിരുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ 91.5% പേരും ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളിൽ 87.14% പേരും പ്രസ്തുത സമയപരിധിക്കുള്ളിൽ മസ്റ്റർ ചെയ്തിട്ടുണ്ട്.

പല കാരണങ്ങളാൽ ബയോമെട്രിക് മസ്റ്ററിംഗ് പരാജയപ്പെട്ട കേസുകളിൽ ലൈഫ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മസ്റ്ററിംഗ് പൂർത്തിയാക്കി പെൻഷൻ ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആധാർ ഉണ്ടെങ്കിലും വിവിധ കാരണങ്ങളാൽ മസ്റ്റർ ചെയ്യാൻ കഴിയാത്തവരുടെയും നെറ്റ്‌വർക്ക് കിട്ടാത്ത പ്രദേശങ്ങളിൽ താമസിക്കുന്ന കിടപ്പുരോഗികൾ ഉൾപ്പെടയുള്ളവരുടെയും വിഷയത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് ഉത്തമബോധ്യമുള്ള പക്ഷം, ആധാർ ഫെയിൽ ആകാതെ തന്നെ യഥാർത്ഥ കാരണം രേഖപ്പെടുത്തി ഇത്തരക്കാരുടെ മസ്റ്ററിംഗ് നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

വിവിധ കാരണങ്ങളാൽ ഇനിയും മസ്റ്റർ ചെയ്തിട്ടില്ലാത്ത അർഹതപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുണ്ടെങ്കിൽ അവർക്ക് മസ്റ്ററിംഗ് ചെയ്യുന്നതിനുള്ള അവസരം നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

## ക്ഷേമപെൻഷനുകൾ

92 (422) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമപെൻഷനുകൾ ലഭിക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ കണക്കുകൾ നൽകാമോ;

(ബി) ഇക്കാലയളവിൽ ക്ഷേമ പെൻഷനുകൾ എത്ര തവണ വർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ക്ഷേമപെൻഷനുകൾ കുടിശ്ശിക ഉണ്ടായിരുന്നുവോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) മറുപടി അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇതിനകം 3 തവണ ക്ഷേമപെൻഷൻ തുക വർദ്ധിപ്പിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം മുതൽ ക്ഷേമ പെൻഷനുകൾ 1300 രൂപയായി വർദ്ധിപ്പിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ നിർദ്ദേശം പരിശോധനയിലാണ്.

(സി) കുടിശ്ശികയുണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ കുടിശ്ശികയുണ്ടായിരുന്ന 1473.67 കോടി രൂപ 2016 ആഗസ്റ്റ്, 2017 ആഗസ്റ്റ് എന്നീ രണ്ടുഘട്ടങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്.

ക്ഷേമനിധി ബോർഡുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

## ക്ഷേമ പെൻഷനുകൾ വാങ്ങുന്നവരിലെ അനർഹർ

93 (423) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. സി. കമറുദ്ദീൻ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ, ക്ഷേമ പെൻഷനുകൾ വാങ്ങുന്നവരിലെ അനർഹരെ കണ്ടെത്തുന്നതിനുള്ള മസ്റ്ററിങ്ങ് പൂർത്തിയായോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എത്ര പേർ അനർഹരായി പെൻഷൻ വാങ്ങുന്നതായിട്ടാണ് കണ്ടെത്തിയത്;

(സി) അനർഹരെ ഒഴിവാക്കുന്നതിലൂടെ പ്രതിവർഷം എത്ര രൂപ ലാഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മസ്റ്ററിംഗ് നടത്തുന്നതിനായി 2019 നവംബർ 11 മുതൽ 2020 ഫെബ്രുവരി 15 വരെ സമയം അനുവദിച്ചിരുന്നു. ഈ സമയപരിധിക്കുള്ളിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ 91.5% പേരും ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളിൽ 87.14% പേരും മസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മസ്റ്ററിംഗ് നടത്താത്തവരിൽ കുറച്ചുപേർ കൂടി പലവിധ കാരണങ്ങളാൽ മസ്റ്ററിംഗ് ചെയ്യാൻ കഴിയാതെ പോയവരായിട്ടുണ്ടാകാം. അതിന്റെ വിവരങ്ങൾ കൂടി ലഭ്യമായാലേ അന്തിമ കണക്കുകളിൽ എത്തിച്ചേരാനാകൂ. ജീവിച്ചിരുപ്പുണ്ടോ, സ്ഥലത്ത് സ്ഥിരതാമസമുണ്ടോ, പുനർ വിവാഹിതർ വിധവാ പെൻഷൻ കൈപ്പറ്റുന്നുണ്ടോ എന്നീ വിവരങ്ങൾ മാത്രമാണ് മസ്റ്ററിംഗ് ഘട്ടത്തിൽ പ്രധാനമായും പരിശോധിക്കപ്പെട്ടിട്ടുള്ളത്. മറ്റ് അർഹതാ മാനദണ്ഡങ്ങൾ ഈ ഘട്ടത്തിൽ വിശദമായി പരിശോധിച്ചിട്ടില്ല. ഈ വിഭാഗത്തിൽ തന്നെ വലിയൊരു നമ്പർ അനർഹരുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

(സി) ഈ പ്രക്രിയ പൂർത്തിയായാൽ മാത്രമേ അവസാന കണക്കുകളിൽ എത്തിച്ചേരാനാകൂ. നിലവിലെ കണക്കുകൾ പ്രകാരം പ്രതിവർഷം ഏകദേശം 706.20 കോടി രൂപയുടെ ചെലവ് ഒഴിവാക്കാനാകും.

**സാമൂഹിക സുരക്ഷാ പെൻഷനും ക്ഷേമപെൻഷനും വാങ്ങുന്നവരുടെ മസ്റ്ററിംഗ്**

94 (424) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക സുരക്ഷാ പെൻഷനും, ക്ഷേമ പെൻഷനുകളും വാങ്ങിക്കൊണ്ടിരുന്നവരിൽ വളരെയധികം പേർ അനർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) അനർഹരെ കണ്ടെത്തുന്നതിന് നടത്തിയ മസ്റ്ററിംഗിന്റെ അവസാന തീയതി കഴിഞ്ഞപ്പോൾ ഓരോ വിഭാഗം പെൻഷൻ വാങ്ങുന്നവരിൽനിന്നും എത്ര പേർ വീതം പുറത്തായി; വിശദാംശം നൽകുമോ;

(സി) ക്ഷേമപെൻഷൻ വാങ്ങുന്നവരിൽ വലിയൊരു വിഭാഗം ഒഴിവാക്കപ്പെട്ടതിലൂടെ സർക്കാരിന് എത്ര തുകയാണ് ലാഭിക്കുവാൻ സാധിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) ക്ഷേമപെൻഷൻ അനർഹമായി വാങ്ങിയവരെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; അനർഹമായി കൈപ്പറ്റിയ തുക തിരിച്ച് പിടിക്കുവാൻ ആലോചിക്കുന്നുണ്ടോ?

ഉത്തരം

(എ) മസ്റ്ററിംഗ് നടത്താത്തവരിൽ കുറച്ചുപേർ കൂടി പലവിധ കാരണങ്ങളാൽ മസ്റ്ററിംഗ് ചെയ്യാൻ കഴിയാതെ പോയവരായിട്ടുണ്ടാകാം. അതിന്റെ വിവരങ്ങൾ കൂടി ലഭ്യമായാലേ അന്തിമ കണക്കുകളിൽ എത്തിച്ചേരാനാകൂ. ജീവിച്ചിരുപ്പുണ്ടോ, സ്ഥലത്ത് സ്ഥിരതാമസമുണ്ടോ, പുനർ വിവാഹിതർ വിധവാ പെൻഷൻ കൈപ്പറ്റുന്നുണ്ടോ എന്നീ വിവരങ്ങൾ മാത്രമാണ് മസ്റ്ററിംഗ് ഘട്ടത്തിൽ പ്രധാനമായും പരിശോധിക്കപ്പെട്ടിട്ടുള്ളത്. മറ്റ് അർഹതാ മാനദണ്ഡങ്ങൾ ഈ ഘട്ടത്തിൽ വിശദമായി പരിശോധിച്ചിട്ടില്ല. ഈ വിഭാഗത്തിൽ തന്നെ വലിയൊരു നമ്പർ അനർഹരുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

(ബി) മസ്റ്ററിംഗ് സമയപരിധി അവസാനിച്ചപ്പോൾ ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*

(സി) അർഹതപ്പെട്ട പെൻഷണർമാരെ ഒഴിവാക്കുന്നതിനുവേണ്ടിയല്ല മസ്റ്ററിംഗ് നടത്തിയത്. അർഹരായ കുറച്ചുപേർ കൂടി മസ്റ്ററിംഗ് നടത്തുവാനുണ്ടെന്ന് കണക്കാക്കിയാൽപ്പോലും നല്ലൊരു സംഖ്യ അനർഹർ പെൻഷൻ വാങ്ങിപ്പോന്നുവെന്ന അനുമാനത്തിലേയ്ക്കാണ് നിലവിലെ കണക്കുകൾ കൊണ്ടെത്തിക്കുന്നത്. ഇപ്പോഴത്തെ കണക്കുകൾ പ്രകാരം നിലവിലെ ഏറ്റവും കുറഞ്ഞ പെൻഷൻ തുകയായ 1200 രൂപ നിരക്കിൽ പ്രതിമാസം ഏകദേശം 58.85 കോടിയോളം രൂപ പെൻഷൻ ഇനത്തിലുള്ള ചെലവിൽ കുറവുവരാം.

(ഡി) സംസ്ഥാനത്ത് സാമൂഹ്യസുരക്ഷാ പെൻഷൻ മസ്റ്ററിംഗിനുശേഷം 2020 ഫെബ്രുവരി 15-ലെ കണക്കുകൾ പ്രകാരം സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്തൃപ്പട്ടികയിലുണ്ടായിരുന്ന 401875 പേരും (8.5%), ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കളിൽ 88504 പേരും (12.86%) മസ്റ്ററിംഗ് ചെയ്യാതെ അവശേഷിക്കുന്നു. ഇവരിൽ പല കാരണങ്ങളാലും മസ്റ്ററിംഗ് നടത്താൻ കഴിയാതെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പോയവരും ഉൾപ്പെട്ടിരിക്കാം. അവരുടെ കൂടി വിവരങ്ങൾ ലഭിച്ചതിനുശേഷമേ ഇക്കാര്യത്തിലെ അന്തിമ കണക്കുകൾ വ്യക്തമാകുകയുള്ളൂ. അതേസമയം മരണപ്പെട്ടവരുടെ പേരിലും അനർഹരായവരും സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റിയിരുന്നുവെന്ന നിഗമനത്തിലേയ്ക്കാണ് ഈ കണക്കുകൾ എത്തിക്കുന്നത്.

6-11-2017-ലെ സ.ഉ.(എം.എസ്.) നമ്പർ 483/2017/ധന. ഉത്തരവ് പ്രകാരം അനർഹമായി കൈപ്പറ്റിയിട്ടുള്ള പെൻഷൻ തിരിച്ചുപിടിക്കുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. ആകയാൽ ഇതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സാമൂഹ്യസുരക്ഷാ പെൻഷൻ കുടിശ്ശിക

95 (425) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക എത്ര രൂപയായിരുന്നു; എത്ര മാസത്തെ തുകയാണ് കുടിശ്ശികയായി ഉണ്ടായിരുന്നത്;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രസ്തുത കുടിശ്ശിക എത്ര തവണയായാണ് വിതരണം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സാമൂഹിക സുരക്ഷാ പെൻഷൻ എത്ര രൂപയായിരുന്നു; ഇപ്പോൾ എത്ര രൂപയാണ്; എത്ര തവണ ഇത് വർദ്ധിപ്പിച്ചു; ഓരോ തവണയും എത്ര രൂപ വീതമാണ് വർദ്ധിപ്പിച്ചത്; വിശദമാക്കാമോ;

(ഡി) ഒന്നിൽ കൂടുതൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരായി ആരെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ അവരുടെ എണ്ണം ലഭ്യമാക്കാമോ; അങ്ങനെയുള്ളവരെ ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

### ഉത്തരം

(എ&ബി) നിലവിലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 1473.67 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. കുടിശ്ശികയുടെ കാലയളവ് വ്യത്യസ്ത ഗുണഭോക്താക്കൾക്ക് വ്യത്യസ്ത രീതിയിലാണ്. നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കുടിശ്ശികയായ 1473.67 കോടി രൂപ 2016 ആഗസ്റ്റ്, 2017 ആഗസ്റ്റ് എന്നീ രണ്ടുഘട്ടങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്.

(സി) എല്ലാ പെൻഷനുകളും 100 രൂപ വർദ്ധിപ്പിക്കുമെന്ന് 2020-21 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഉണ്ട്. നിലവിലെ അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി

1. 6-2-2017-ന് മുമ്പ് രണ്ട് പെൻഷൻ വാങ്ങിവന്നിരുന്നവർക്ക് ആയത് തുടർന്നും ലഭിക്കുവാൻ അർഹതയുണ്ട്.
2. വികലാംഗ പെൻഷൻ വാങ്ങുന്നവർക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുണ്ട്.
3. വികലാംഗ പെൻഷൻ ഒഴികെയുള്ള മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന വികലാംഗരായ ഗുണഭോക്താക്കൾക്ക് വികലാംഗ പെൻഷന് അർഹതയുണ്ട്.

ഒന്നിൽ കൂടുതൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു. ഇവരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ട സാഹചര്യമില്ല.

| പെൻഷൻ തരം | എണ്ണം |
|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4259 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 9453 |
| ഇന്ദിരാഗാന്ധി ദേശീയ ഡിസ്എബിലിറ്റി പെൻഷൻ സ്കീം -ശാരീരികമായി/മാനസികമായി വെല്ലുവിളി നേരിടുന്നവർ | 6260 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 336 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ സ്കീം | 1996 |

## സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കളുടെ വിവരം

96 (426) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന എത്ര ഗുണഭോക്താക്കൾ ഉണ്ട്; അവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ വിഭാഗത്തിലും എത്ര ഗുണഭോക്താക്കളുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ വിഭാഗത്തിനും എത്ര രൂപ വീതമാണ് മാസം നൽകുന്നതെന്നും, അതിൽ കേന്ദ്ര സർക്കാരിന്റെ വിഹിതമായി എത്ര രൂപയാണ് ലഭിക്കുന്നതെന്നും വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പുതുതായി എത്ര പേർക്ക് ക്ഷേമപെൻഷൻ ലഭ്യമാക്കി എന്നുള്ളതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കണക്ക് (28-2-2020 പ്രകാരം) ചുവടെ ചേർക്കുന്നു:

| നമ്പർ | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 499354 |
| 2 | കൊല്ലം | 412887 |
| 3 | പത്തനംതിട്ട | 182947 |
| 4 | ആലപ്പുഴ | 332879 |
| 5 | കോട്ടയം | 267788 |
| 6 | ഇടുക്കി | 155207 |
| 7 | എറണാകുളം | 425091 |
| 8 | തൃശ്ശൂർ | 464297 |
| 9 | പാലക്കാട് | 425462 |
| 10 | മലപ്പുറം | 488531 |
| 11 | കോഴിക്കോട് | 419493 |
| 12 | വയനാട് | 114103 |
| 13 | കണ്ണൂർ | 384230 |
| 14 | കാസർഗോഡ് | 177399 |
| | ആകെ | 4749668 |

(ബി) ഓരോ വിഭാഗത്തിലുമുള്ള ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | പെൻഷൻ തരം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 453172 |
| 2 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | 1346367 |
| 3 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 2460943 |
| 4 | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 404986 |
| 5 | 50 വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 84200 |
| | ആകെ | 47,49,668 |

(സി) ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്നു വിഭാഗത്തിലുമുള്ള 42,12,296 ഗുണഭോക്താക്കളിൽ 6,88,329 പേർക്ക് മാത്രമാണ് കേന്ദ്ര സഹായം ലഭിക്കുന്നത്. ഓരോ വിഭാഗം സാമൂഹ്യ സുരക്ഷാ പെൻഷനും സർക്കാർ നൽകുന്ന തുകയും അതിൽ കേന്ദ്ര സർക്കാർ നൽകുന്ന വിഹിതവും അനുബന്ധമായി ചേർക്കുന്നു.*

(ഡി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**സർഫാസി നിയമം**

97 (427) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർഫാസി നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബാങ്കുകൾ ജപ്തി നടപടികളുമായി മുന്നോട്ട് പോകുന്ന സാഹചര്യത്തിൽ സാധാരണക്കാരായ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ട് നേരിടുന്നുവെന്നത് വസ്തുതയല്ലേ;

(ബി) കിട്ടാക്കടം തിരിച്ച് പിടിക്കുന്നതിന് കിടപ്പാടം ഉൾപ്പെടെ ബാങ്കുകൾ ജപ്തി ചെയ്യുമ്പോൾ സർക്കാരിന് ഇടപെടാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാകുന്നുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച് കേരള നിയമസഭ 2017 ആഗസ്റ്റ് 21-ന് ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സർഫാസി നിയമം സംബന്ധിച്ച് കേരളനിയമസഭയുടെ പ്രത്യേക സമിതിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ സ്വീകരിക്കുന്ന ജപ്തി നടപടികൾ സാധാരണക്കാരായ ജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും പ്രവർത്തിക്കുന്നത് റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ്. ബാങ്കുകളുടെ കിട്ടാക്കടം തിരിച്ചുപിടിക്കുന്നതിനായി കേന്ദ്രസർക്കാർ കൊണ്ടുവന്ന സർഫാസി ആക്ടിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ നിയമപരമായി സ്വീകരിക്കുന്ന നടപടികളിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്.

(സി) സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്നും 5 സെന്റിൽ കവിയാതെ ഭൂമിയും വീടും ഉള്ളവരെ ഒഴിവാക്കണമെന്ന് കേരള നിയമസഭ 2017 ഓഗസ്റ്റ് 21-ലെ പ്രമേയം മുഖേന ഏകകണ്ഠമായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത പ്രമേയം 20-11-2017-ന് കേന്ദ്ര സർക്കാരിന്റെ ധനമന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും കേരളത്തിന്റെ ആവശ്യത്തിന്മേൽ അനുഭാവപൂർവ്വമായ സമീപനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ നാളിതുവരെയായി യാതൊരു മറുപടിയും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

(ഡി) സർഫാസി നിയമം സംബന്ധിച്ച കേരള നിയമസഭയുടെ അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ട് സർക്കാർ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

**നിർദ്ധനരായ കാൻസർ രോഗികൾക്കുള്ള ക്ഷേമപദ്ധതികൾ**

98 (428) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമ പെൻഷൻ തുകകൾ വർദ്ധിപ്പിച്ച് നിരാലംബർക്ക് സഹായഹസ്തം നൽകിയ നിലവിലെ സർക്കാർ, പെൻഷൻ തുക കൊണ്ടുമാത്രം

ചെലവേറിയ ചികിത്സയ്ക്ക് മാർഗ്ഗം കണ്ടെത്തുന്ന നിർദ്ധനരായ കാൻസർ രോഗികളുടെ പെൻഷൻ തുക വർദ്ധിപ്പിച്ച് നൽകുവാനുള്ള നടപടി ധനകാര്യ വകുപ്പ് മുഖേന സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) നിർദ്ധനരായ കാൻസർ രോഗികളെ സഹായിക്കുവാൻ സർക്കാരിന്റെ പരിഗണനയിലുള്ള മറ്റ് ക്ഷേമപദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി)വിവരം ശേഖരിച്ചുവരുന്നു.

**കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക**

99 (429) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് വകുപ്പ് തിരിച്ച് അറിയിക്കുമോ;

(ബി) കുടിശ്ശിക ലഭിക്കാത്തതിനാൽ കരാറുകാർ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ മടിക്കുന്നതും പഴയ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതുമായ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാലയളവിൽ ബിൽ ഡിസ്കൗണ്ട് മുഖേന എത്ര കരാറുകാർക്ക് പണം നൽകിയിട്ടുണ്ടെന്നറിയിക്കുമോ;

(ഡി) പ്രസ്തുത കുടിശിക എപ്പോൾ കൊടുത്തു തീർക്കുവാൻ ആണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

ഉത്തരം

(എ) 2019 മാർച്ച് 31 വരെയുള്ള ബില്ലുകളുടെ തുക ഇതിനകം തന്നെ നൽകിയിട്ടുണ്ട്. വിവിധ മരാമത്ത് വകുപ്പുകൾ ലഭ്യമാക്കിയ വിശദാംശങ്ങൾ അനുസരിച്ച് 1-4-2019 മുതൽ 29-2-2020 വരെയുള്ള കാലയളവിൽ കരാറുകാർക്ക് കൊടുത്തുതീർക്കുവാനുള്ള തുകയുടെ കണക്കുകൾ താഴെപ്പറയും പ്രകാരമാണ്.

| വകുപ്പ് | കുടിശ്ശിക തുക (കോടിയിൽ) |
|---|---|
| പൊതുമരാമത്ത് (നിരത്ത് പാലം) | 1258.11 |
| പൊതുമരാമത്ത് (കെട്ടിടം) | 406.17 |
| ജലവിഭവം | 159.11 |

ഇതിനുപുറമെ ട്രഷറി ഡയറക്ടർ ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം 20-2-2020 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള 447.49 കോടി രൂപയുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കാനുണ്ട്.

(ബി) സംസ്ഥാന പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ബില്ലുകൾ സമയക്രമം നിശ്ചയിച്ച് കൃത്യമായി തീർപ്പാക്കി വരുന്നു. ഇതിനുപുറമെ കേന്ദ്രാവിഷ്കൃത പദ്ധതികൾ, നബാർഡ്, വിദേശസഹായ പദ്ധതികൾ തുടങ്ങിയവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ബില്ലുകൾ അവ സമർപ്പിക്കപ്പെടുന്ന മുറയ്ക്ക് തന്നെ ആവശ്യമായ നടപടികൾ പൂർത്തീകരിച്ച് തീർപ്പാക്കിവരുന്നുണ്ട്.

(സി) 2019 ഏപ്രിൽ മുതൽ 2019 ആഗസ്റ്റ് വരെയുള്ള കാലയളവിലെ 2125 ബില്ലുകൾക്ക് BDS വഴി തുക ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) 2019 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള ബില്ലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി താഴെപ്പറയും പ്രകാരം സമയക്രമം നിശ്ചയിച്ചിട്ടുണ്ട്.

| കുടിശ്ശിക കാലയളവ് | തുക നൽകുന്ന തീയതി |
|---|---|
| ഏപ്രിൽ 2019 | 21-4-2020 |
| മേയ് 2019 | 19-5-2020 |
| ജൂൺ 2019 | 23-6-2020 |
| ജൂലൈ 2019 | 20-7-2020 |
| ആഗസ്റ്റ് 2019 | 17-8-2020 |

തദ്ദേശസ്വയംഭരണമടക്കമുള്ള മറ്റു വകുപ്പുകളിലെ കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കുന്നതിന് താഴെപ്പറയും പ്രകാരം സമയക്രമം നിശ്ചയിച്ചിട്ടുണ്ട്.

| കുടിശ്ശിക കാലയളവ് | തുക നൽകുന്ന തീയതി |
|---|---|
| ഏപ്രിൽ 2019 മുതൽ നവംബർ 2019 വരെ | 20-5-2020 |
| ഡിസംബർ 2019 മുതൽ ഫെബ്രുവരി 2020 വരെ | 20-6-2020 |

മേൽപ്രകാരമുള്ള സമയക്രമത്തിൽ ഉൾപ്പെട്ടിട്ടുള്ള ബില്ലുകൾ ഉടനടി മാറുന്നതിനായി ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം വഴിയുള്ള സൗകര്യവും കരാറുകാർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

## സാംസ്കാരികനിലയത്തിന് നൽകിയ അനുമതി റദ്ദ് ചെയ്ത നടപടി

100 (430) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നഗരസഭയിൽ ഒരു സാംസ്കാരികനിലയം സ്ഥാപിക്കുന്നതിന് എന്നാണ് ധനകാര്യ വകുപ്പ് അനുമതി നൽകിയത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ സാംസ്കാരികനിലയം സ്ഥാപിക്കുന്നതിന് ധനവകുപ്പ് നൽകിയിരുന്ന അനുമതി റദ്ദ് ചെയ്തത് എന്നാണ്; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഒറ്റപ്പാലത്ത് ഒരു സാസ്കാരിക നിലയം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിന് 26-7-2019 തീയതിയിലാണ് ധനകാര്യ വകുപ്പ് അനുമതി നൽകിയിരുന്നത്.

2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ) ക്രമ നമ്പർ 5644 ആയി ഒറ്റപ്പാലം ടൗണിൽ 10 കോടി രൂപ ചെലവിൽ ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിനായി 100 രൂപ ടോക്കൺ തുക അനുവദിച്ചിരുന്നു. ധന വകുപ്പിന്റെ നിർദ്ദേശ പ്രകാരം ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഒറ്റപ്പാലത്ത് ഒരു സാംസ്കാരിക നിലയം 5,38,70,118 രൂപ ചെലവിൽ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിക്കായി ഭരണ വകുപ്പ് ഫയൽ സമർപ്പിക്കുകയും ആയത് പരിശോധിച്ച് ധന വകുപ്പ് അനുമതി നൽകുകയും ചെയ്തിരുന്നു. തുടർന്ന്, 7-9-2019-ലെ സ.ഉ. (സാധാ) നമ്പർ 408/2019/സാം.കാ.വ. പ്രകാരം ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

(ബി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ആസ്തി സൃഷ്ടിക്കലുമായി ബന്ധപ്പെടുന്ന നിർമ്മാണ പ്രവൃത്തികൾ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II-ൽ ഉൾപ്പെടുത്തേണ്ടതില്ലായെന്ന് ധനവകുപ്പ് തീരുമാനമെടുത്തിരുന്നതിന്റെ അടിസ്ഥാനത്തിൽ ഒറ്റപ്പാലത്ത് സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനവകുപ്പ് നിരാകരിക്കുകയും പ്രസ്തുത വിവരം ഭരണ വകുപ്പിനെ അറിയിക്കുകയും ചെയ്തിരുന്നു. തുടർന്ന് 30-1-2020-ലെ സ.ഉ.(സാധാ) നമ്പർ 55/2020/സാം.കാ.വ. ഉത്തരവ് പ്രകാരം അനുമതി റദ്ദ് ചെയ്തുകൊണ്ട് ഭരണവകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി സൃഷ്ടിക്കലുമായി ബന്ധപ്പെടുന്ന പ്രവൃത്തികൾക്കുള്ള വിഹിതം സാധാരണയായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുതന്നെ വീതിച്ച് നൽകുന്ന ആസ്തികളുടെ സംരക്ഷണത്തിനും വികസനത്തിനും അഭിവൃദ്ധിക്കുമായി മാറ്റിവയ്ക്കുന്ന വിഹിതത്തിൽ നിന്നും നിയമസഭാ സാമാജികരുടെ ആസ്തി വികസന ഫണ്ടിൽ നിന്നുമാണ് വഹിക്കുന്നത്. 2018-19 സാമ്പത്തിക വർഷത്തിനുമുമ്പ് ഇത്തരത്തിലുള്ള നിർമ്മാണ പ്രവൃത്തികൾ ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളുടെ വിശദമായ വിവരങ്ങൾ അടങ്ങുന്ന ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II-ൽ ഉൾപ്പെടുത്തിയിരുന്നില്ല. ഈ സാഹചര്യത്തിലാണ് ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പിൻവലിച്ചിരുന്നത്.

എന്നാൽ, ധന വകുപ്പിന്റെ മേൽ തീരുമാനം പുനഃപരിശോധിക്കുകയും ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ ഒറ്റപ്പാലത്ത് ഒരു സാംസ്കാരിക നിലയം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തുകയുടെ (5,38,70,118 രൂപ) 20% തുകയായ 107.74 ലക്ഷം രൂപ 21-4-2020-ലെ സ.ഉ. (സാധാ) നമ്പർ 2835/2020/ധന. പ്രകാരം ധനവകുപ്പ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**സ്റ്റോർ പർച്ചേസ് പരിശോധനാ വിഭാഗത്തിന്റെ ഘടനയും ചുമതലകളും**

101 (431) <u>ശ്രീ. വി. ടി. ബൽറാം</u> :

<u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ സ്റ്റോർ പർച്ചേയ്സ് വകുപ്പിന്റെ കീഴിലുള്ള സ്റ്റോർ പർച്ചേയ്സ് പരിശോധനാ വിഭാഗത്തിന്റെ ഘടനയും ചുമതലകളും വ്യക്തമാക്കാമോ;

(ബി) ഈ പരിശോധനാ വിഭാഗം കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഏതെല്ലാം വകുപ്പുകളിൽ പരിശോധന നടത്തിയിട്ടുണ്ടെന്നും അതിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോയെന്നും എങ്കിൽ അത് ഏതെല്ലാം വകുപ്പുകളിലാണെന്നും വിശദമാക്കാമോ;

(സി) കഴിഞ്ഞ ഒരു വർഷകാലയളവിൽ ഇങ്ങനെ കണ്ടെത്തിയ ക്രമക്കേടുകളിന്മേൽ സ്വീകരിച്ച നടപടികൾ വകുപ്പ് തിരിച്ച് വിശദമാക്കുമോ;

(ഡി) മുൻ വർഷങ്ങളെ അപേക്ഷിച്ച് കഴിഞ്ഞ വർഷം ഇവർ നടത്തിയ പരിശോധനകളുടെ എണ്ണത്തിൽ ഗണ്യമായി കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) സ്റ്റോർ പർച്ചേയ്സ് പരിശോധനാ വിഭാഗത്തിനെ ശക്തിപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ എല്ലാ വകുപ്പുകളിലും പരിശോധന നടത്തുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുഭരണ വകുപ്പിനുകീഴിൽ ധനകാര്യ വകുപ്പുമന്ത്രി തലവനായ, സെക്രട്ടേറിയറ്റിലെ ഒരു വകുപ്പാണ് സ്റ്റോർ പർച്ചേസ് വകുപ്പ്. ഈ വകുപ്പിന് കീഴിൽ പരിശോധന വിഭാഗത്തിന് രണ്ട് സെക്ഷനുകളാണ് നിലവിലുള്ളത് (സ്റ്റോർ പർച്ചേസ് ഇൻസ്പെക്ഷൻ 1 & 2). ഓരോ സെക്ഷനിലും സെക്ഷൻ ഓഫീസർമാരും രണ്ട് അസിസ്റ്റന്റുമാരും ഒരു ടൈപ്പിസ്റ്റുമാണ് നിലവിലുള്ളത്. സ്റ്റോർസ് പർച്ചേസ് മാനുവലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന് കീഴിലുള്ള വിവിധ വകുപ്പുകളിലായുള്ള ഓഫീസുകൾ, യൂണിവേഴ്സിറ്റികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ വാങ്ങൽ സംബന്ധിക്കുന്ന ഫയലുകളും രജിസ്റ്ററുകളും പരിശോധിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നതിനായി എല്ലാ മാസവും ഇൻസ്പെക്ഷൻ ഷെഡ്യൂൾ തയ്യാറാക്കുകയും ടി ഓഫീസുകളിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നു. വാങ്ങൽ സംബന്ധിച്ച് സ്റ്റോർസ് പർച്ചേസ് മാനുവൽ ചട്ടങ്ങൾ പാലിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റിയും കാലാകാലങ്ങളായി വാങ്ങലുമായി ബന്ധപ്പെട്ട് സർക്കാരിൽനിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളെക്കുറിച്ചും പരിശോധന നടത്തുന്ന ഓഫീസിലെ മേലധികാരിയുമായും ചുമതലപ്പെട്ട ഉദ്യോഗസ്ഥരുമായും ചർച്ചകൾ നടത്തുകയും സംശയനിവാരണം വരുത്തുകയും ചെയ്യുക എന്നതും സ്റ്റോർസ് പർച്ചേസ് പരിശോധനാ വകുപ്പിന്റെ ചുമതലയാണ് (സ്റ്റോർസ് പർച്ചേസ് മാനുവൽ ഖണ്ഡിക 17.3). വാങ്ങൽ നടപടികളിൽ സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് ചൂണ്ടിക്കാണിക്കുകയും സാമ്പത്തിക ഗൗരവമുള്ള വീഴ്ചകളിൽ പർച്ചേസിംഗ് അധികാരിക്ക് സാമ്പത്തിക ബാധ്യത ചുമത്തുകയും ചെയ്തുവരുന്നു. പരിശോധന നടത്തിയ സ്ഥാപനത്തിൽനിന്നും പരിഹൃത റിപ്പോർട്ട് ബന്ധപ്പെട്ട ഭരണ വകുപ്പിന്റെ അഭിപ്രായ സഹിതം സ്റ്റോർസ് പർച്ചേസ് വകുപ്പിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെടുന്നു. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ടി സ്ഥാപനത്തിൽ പർച്ചേസ് സംബന്ധമായ ഗുരുതരമായ വീഴ്ചകളുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ ശിക്ഷണ നടപടിക്കായി ഭരണവകുപ്പിനോട് ശിപാർശ ചെയ്യുന്നു.

(ബി & സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ഡി) മുൻവർഷങ്ങളെ അപേക്ഷിച്ച് കഴിഞ്ഞ വർഷം സ്റ്റോർസ് പർച്ചേസ് വകുപ്പിൽ പരിശോധനകളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. പരിശോധനകൾക്ക് വേണ്ടിയുള്ള അനുമതി ലഭ്യമാകാതിരുന്നതിനാലാണ് പരിശോധനകളുടെ എണ്ണത്തിൽ കുറവുണ്ടായത്.

(ഇ) പരിശോധനാ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് പ്രത്യേക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**ജി.എസ്.ടി. നടപ്പാക്കിയശേഷം നികുതി ചോർച്ച**

102 (432) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി നടപ്പാക്കിയശേഷം നികുതി ചോർച്ച സംഭവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയുടെതെന്ന് വ്യക്തമാക്കുമോ;

(ബി) ആയത് പിരിച്ചെടുക്കുവാൻ എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും ഇതിൻ പ്രകാരം എത്ര തുക ഇതുവരെ പിരിച്ചെടുക്കുവാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ;

(സി) ജി.എസ്.ടി. നികുതിചോർച്ച തടയുന്നതിന് ആവശ്യമായ മിനിമം സംവിധാനമെങ്കിലും കേന്ദ്രസർക്കാർ ഒരുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് സംസ്ഥാനത്തെ എതു തരത്തിൽ ബാധിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ജി.എസ്.ടി. വരുമാനം ലഭ്യമായിട്ടുണ്ടോ എന്നും എത്ര ലഭ്യമാകേണ്ടതായിരുന്നുവെന്നും, അതിൽ നാളിതുവരെ എത്ര ലഭ്യമായി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. മാസ റിട്ടേണുകൾ ഫയൽ ചെയ്യാത്ത വ്യാപാരികൾക്കെതിരെ മുൻഗണന നിശ്ചയിച്ച് അസസ്മെന്റ് നടപടികൾ നടത്തിവരുന്നു.
2. 2017-18 സാമ്പത്തികവർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടിണൈസ് ചെയ്ത് വ്യാപാരികളുടെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിൽക്കൽ/വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ച് കാണിച്ചതുമെല്ലാം കണ്ടുപിടിക്കാനാകും. നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

3. ജി.എസ്.ടി.ആർ.-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ. 3 ബി, ജി.എസ്.ടി.ആർ.1 ഇവ തമ്മിലുള്ള താരതമ്യം ഇ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധന വിധേയമാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.

4. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (എ.എൻ.പി.ആർ.) പരീക്ഷണാടിസ്ഥാനത്തിൽ വാളയാർ ഹൈവേയിൽ നടപ്പിലാക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കുവാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ പറ്റുമെന്ന് തെളിഞ്ഞിട്ടുണ്ട്. ഇ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഇതിനെ സംബന്ധിച്ച് പ്രധാന അതിർത്തി മേഖലകളിൽ ഈ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള കരാർ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. GSTN തത്സമയമായ ഇ-വേ ബിൽ ഡേറ്റാ തരുന്നതിനുള്ള സാങ്കേതിക സംവിധാനവും ലഭിച്ചു.

5. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

6. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചുവാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്കുസേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവത്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബിൽ കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നു. ഇതിൻപ്രകാരം പിരിച്ചെടുത്ത തുകയുടെ വിവരങ്ങൾ ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(സി) ജി.എസ്.ടി.എൻ. റിട്ടേൺസ് സംവിധാനം തയ്യാറാകും മുമ്പാണ് ജി.എസ്.ടി. നടപ്പിൽ വരുത്തിയത്. അതിന്റേതായ പ്രശ്നങ്ങൾ നികുതി സംവിധാനത്തെ ബാധിച്ചിട്ടുണ്ട്. എന്നാലും ഇ-വേ ബിൽ നടപ്പിലാക്കി. ബാങ്ക്, ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് തുടങ്ങിയ വകുപ്പുകളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് ക്രോസ് വെരിഫിക്കേഷൻ സാധ്യമാകുംവിധം സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു.

(ഡി) ജി.എസ്.ടി. നടപ്പിലാക്കിയതോടുകൂടി വരുമാനത്തിലുണ്ടാകുന്ന നഷ്ടം നികത്തുന്നതിനുവേണ്ടി ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് അനുസരിച്ച് താഴെപ്പറയുന്ന മാനദണ്ഡമുപയോഗിച്ച് കുറവുവരുന്ന തുക ജി.എസ്.ടി. കോമ്പൻസേഷനായി നൽകുന്നതാണെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

ജി.എസ്.ടി. നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകാവുന്ന വരുമാനനഷ്ടം നികത്തുന്നതിന് ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. 2015-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14 ശതമാനം വർദ്ധനവ് വർഷന്തോറും കണക്കാക്കി ആദ്യ 5 വർഷത്തേയ്ക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകും. നഷ്ടപരിഹാരം ഒരു നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നൽകുന്നത്. 2015-16-ലെ കളക്ഷന്റെ 14 ശതമാനം വർദ്ധനവ് ഓരോ വർഷവും കണക്കാക്കിയാണ് സംരക്ഷിത റവന്യൂ നിശ്ചയിച്ചിരിക്കുന്നത്. 2017-18 മുതൽ 2019-20 വരെയുള്ള സംരക്ഷിത റവന്യൂ ചുവടെ ചേർക്കുന്നു:

| വർഷം | സംരക്ഷിത റവന്യൂ (തുക കോടിയിൽ) |
|---|---|
| 2017-18 (ജൂലൈ 2017 മുതൽ മാർച്ച് 2018 വരെ) | 16398 |
| 2018-19 | 24924 |
| 2019-20 | 28416 |

സംരക്ഷിത റവന്യൂവിൽനിന്നും എസ്.ജി.എസ്.ടി. കളക്ഷനും എസ്.ജി.എസ്.ടി. അടയ്ക്കാനുപയോഗിച്ച ഐ.ജി.എസ്.ടി. ക്രെഡിറ്റ് ഉൾപ്പെടെയുള്ള ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് തുകയും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കിഴിച്ചുള്ള തുക ദ്വൈമാസമായി കോമ്പൻസേഷൻ ലഭിക്കുന്നു. 2019 സെപ്റ്റംബർ വരെയുള്ള കോമ്പൻസേഷൻ ലഭിച്ചു. 2019 ഒക്ടോബർ-നവംബർ മാസങ്ങളിലേയ്ക്ക് അർഹതപ്പെട്ട

കോമ്പൻസേഷൻ തുകയായ 1510.76 കോടി രൂപയിൽ 854.04 കോടി രൂപ 2020 ഫെബ്രുവരി മാസത്തിൽ ലഭിച്ചു.

2017-18 മുതൽ 2019-20 വരെ ലഭിച്ച കോമ്പൻസേഷന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | ലഭിച്ച കോമ്പൻസേഷൻ(തുക കോടിയിൽ) |
|---|---|
| 2017-18 | 2102 |
| 2018-19 | 3532 |
| 2019-20 (30-11-2019 വരെ) | 4597.04 |

**ജി.എസ്.ടി. വരുമാനം**

103 (433) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പറേറ്റ് നികുതി കുറച്ചതും ജി.എസ്.ടി വരുമാനം കുറഞ്ഞതും സംസ്ഥാനങ്ങളുടെ വരുമാനത്തെ ബാധിക്കുമെന്ന ആർ.ബി.ഐ. റിപ്പോർട്ട് ധനവകുപ്പ് പരിശോധിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) ജി.എസ്.ടി റിട്ടേൺ സമർപ്പിക്കുന്നതിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഇൻവോയ്സുമായി ഒത്തുനോക്കുന്നതിന് സോഫ്റ്റ്‌വെയർ സംവിധാനം കൊണ്ടുവരുവാൻ ശ്രമിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) A Study of State Budgets 2019-20 എന്ന RBI ഡോക്യുമെന്റിൽ ഇത്തരമൊരു പരാമർശമുണ്ട്. സംസ്ഥാന സർക്കാർ ഇതുസംബന്ധിച്ച് സ്ഥായിയായി സ്വീകരിച്ചുപോരുന്ന നിലപാടിനെ സാധൂകരിക്കുന്നതാണിത്.

(ബി) ജി.എസ്.ടി. സംബന്ധമായ പരാതികളും റിട്ടേൺ സമർപ്പിക്കുന്നതിലെ പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനപ്രകാരം ജി.എസ്.ടി. ഗ്രീവൻസ് റിഡ്രസ്സൽ മെക്കാനിസം നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം സംസ്ഥാനത്ത് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിൽ വ്യാപാരി/വ്യവസായി പ്രതിനിധികളും പ്രാക്ടീഷനേഴ്സും കേന്ദ്ര സംസ്ഥാന നികുതി ഉദ്യോഗസ്ഥരും അംഗങ്ങളാണ്.

(സി) ജി.എസ്.ടി. കൗൺസിലിന്റെ അംഗീകാരത്തോടുകൂടി മാത്രമേ ജി.എസ്.ടി.എൻ.-ന് ഇക്കാര്യങ്ങൾ നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ. മറ്റ് സംസ്ഥാനങ്ങളിലെ വ്യാപാരികളുടെ ഡാറ്റാ ബേസ് സംസ്ഥാനത്തിന് ലഭ്യമല്ലാത്തതിനാൽ കേരളത്തിന് മാത്രമായി ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയില്ല.

**ജി.എസ്.ടി. അടയ്ക്കാത്ത നികുതിദായകർക്കെതിരെ സ്വീകരിച്ച നടപടികൾ**

104 (434) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന നികുതി തുക വ്യാപാരികളും വ്യവസായികളും സർക്കാരിലേയ്ക്ക് കൃത്യമായി അടക്കുന്നു എന്ന് ഉറപ്പു വരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ജി.എസ്.ടി.യിൽ കോമ്പോസിഷൻ രീതി തെരഞ്ഞെടുത്ത വ്യാപാരികൾ ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന തുക സർക്കാരിലേക്ക് അടയ്ക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ചെക്ക്പോസ്റ്റുകളിൽ വാഹനപരിശോധനയിൽ ഇ-വേ ബിൽ പരിശോധന കർശനമാക്കുന്നുണ്ടോ; ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം അതിർത്തി ചെക്ക് പോസ്റ്റുകളിലെ കള്ളക്കടത്തും അഴിമതിയും കൈക്കൂലിയും തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഇത്തരം പ്രവൃത്തികളുടെ പേരിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര രൂപ ഈ ഇനത്തിൽ പിഴ ഈടാക്കിയെന്ന് വ്യക്തമാക്കുമോ;

(ഡി) ജി.എസ്.ടി. കൃത്യമായി അടയ്ക്കാത്ത നികുതിദായകർക്കെതിരെ കേരളത്തിൽ ജി.എസ്.ടി. വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; എത്ര പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര തുക ഈയിനത്തിൽ പിഴ ഈടാക്കിയിട്ടുണ്ട്; പൂർണ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുകളും വാർഷിക റിട്ടേണുകളും യഥാസമയം സ്കൂട്ടിണിക്ക് വിധേയമാക്കുന്നു. GSTR1, GSTR 3B റിട്ടേണുകളിൽ രേഖപ്പെടുത്തിയ വിവരങ്ങൾ, ഇ-വേ ഡാറ്റാ, GSTR 2A റിട്ടേൺ ഡാറ്റാ, TDS/TCS ഡാറ്റാ എന്നിവയുമായി താരതമ്യം ചെയ്ത് നികുതി ചോർച്ച തടഞ്ഞുവരുന്നു. കൂടാതെ IIITMK എന്ന സ്ഥാപനവുമായി സംയോജിച്ച് ഡാറ്റാ അനാലിസിസ് നടത്തി ലഭ്യമാകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

(ബി) ജി.എസ്.ടി. യിൽ കോമ്പോസിഷൻ രീതി തെരഞ്ഞെടുത്ത വ്യാപാരികൾ ബിൽ ഓഫ് സപ്ലൈ ആണ് നൽകേണ്ടത്. ഇത്തരം വ്യാപാരികൾ ബിൽ നൽകാതെയിരിക്കുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ലഭ്യമായാൽ അപ്രകാരമുള്ള സ്ഥാപനങ്ങളിൽ ചരക്കുസേവന നികുതി വകുപ്പ് ഇന്റലിജൻസ് സ്ക്വാഡ് ടെസ്റ്റ് പർച്ചേസ് ഉൾപ്പെടെയുള്ള പരിശോധന നടത്തി വരുന്നു. കൃത്യമായി ബിൽ ഓഫ് സപ്ലൈ/ബില്ല് നൽകാത്ത കേസുകളിൽ പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നു.

(സി) കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ചരക്കുവാഹനങ്ങൾ പരിശോധിക്കേണ്ടത് അനിവാര്യമാണ്. ഇതിനായി നിലവിലുണ്ടായിരുന്ന സ്ക്വാഡുകളുടെ എണ്ണം കൂട്ടി അതിർത്തി പ്രദേശങ്ങളിലുൾപ്പെടെ സ്ക്വാഡുകളെ വിന്യസിച്ചു. സംസ്ഥാനത്തേയ്ക്ക് കടന്നുവരുന്ന ചരക്കുവാഹനങ്ങളിൽ ഇ-വേ ബിൽ എടുത്തിട്ടുണ്ടോയെന്നും ഇ-വേ ബിൽ പ്രകാരമുള്ള ചരക്കുകളാണോ വാഹനത്തിലുള്ളതെന്നും സ്ക്വാഡ് പരിശോധിച്ച് ഉറപ്പുവരുത്തുന്നു. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം വഴി അതിർത്തി കടന്നുവരുന്ന വാഹനങ്ങൾ കൂടുതൽ കാര്യക്ഷമമായി പരിശോധിക്കുന്നതിനുള്ള നടപടികൾ വാളയാർ ചെക്ക് പോസ്റ്റിൽ പരിശോധിച്ച് വിജയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട 23 ചെക്ക് പോസ്റ്റുകളിൽ കൂടി ഈ സംവിധാനം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചു.

ചരക്കുസേവന നികുതി നിയമം നടപ്പിലാക്കിയതിനെ തുടർന്ന് വാണിജ്യ നികുതി ചെക്ക് പോസ്റ്റുകൾ പ്രവർത്തനം നിർത്തലാക്കി. എങ്കിലും കള്ളക്കടത്ത് നിരീക്ഷിക്കുന്നതിനും തടയുന്നതിനുമായി അതിർത്തിയിൽ ഇന്റലിജൻസ് സ്ക്വാഡ് സർവയലൻസ് നടത്തിവരുന്നു. അതിർത്തി വഴി നികുതി വെട്ടിച്ചുകടത്തിയതുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തിക വർഷം 31-1-2020 വരെ 6727 ക്രമക്കേടുകൾ കണ്ടുപിടിച്ചു. ഇവയിൽനിന്നും പിഴയായി 31-1-2020 വരെ 16.67 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(ഡി) ജി.എസ്.ടി. നിയമപ്രകാരം റിട്ടേൺ ഫയൽ ചെയ്യാത്ത വ്യാപാരികൾക്കെതിരെ 3A നോട്ടീസ് നൽകി റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള അവസരം നൽകുന്നു. നോട്ടീസ് ലഭിച്ചിട്ടും റിട്ടേൺ ഫയൽ ചെയ്യാത്ത വ്യാപാരികൾക്കെതിരെ ASMT13 പ്രകാരം നികുതിനിർണ്ണയം നടത്തുന്നു. ഇപ്രകാരം ഉത്തരവ് ലഭിച്ച് കഴിഞ്ഞും വ്യാപാരികൾക്ക് 30 ദിവസത്തിനകം റിട്ടേൺ ഫയൽ ചെയ്യുവാൻ സാവകാശമുണ്ട്. ഈ കാലയളവിനുള്ളിലും റിട്ടേൺ ഫയൽ ചെയ്തില്ലെങ്കിൽ DRC07 പ്രകാരം ഡിമാന്റ് സൃഷ്ടിക്കുന്നു. 31-12-2019 വരെ

ഇപ്രകാരം 54428 നികുതി നിർണ്ണയ ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതിൽ 925.44 കോടി രൂപയുടെ ഡിമാന്റ് ഉൾപ്പെടുന്നു. കൂടാതെ റിട്ടേൺ ഫയൽ ചെയ്ത് കേസുകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി നികുതി നഷ്ടം ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

**ജി.എസ്.ടി.-യിലൂടെ നേടിയ വരുമാനം**

105 (435) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഏറ്റവും വലിയ ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിൽ ചരക്ക് സേവന നികുതി സംവിധാനം സംസ്ഥാനത്തിന് കൂടുതൽ നേട്ടം ഉണ്ടാക്കുമെന്ന വിലയിരുത്തൽ നടത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിലയിരുത്തൽ വസ്തുതാപരമായിരുന്നോയെന്ന് അറിയിക്കാമോ;

(സി) 2018 ഏപ്രിൽ-ഡിസംബർ കാലയളവിൽ സംസ്ഥാനം ജി.എസ്.ടി.യിലൂടെ നേടിയ വരുമാനം എത്രയാണെന്നും, മുൻ വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ 2019 ഏപ്രിൽ-ഡിസംബർ കാലയളവിൽ നേടിയ വരുമാനം എത്ര ശതമാനം അധികമായിരുന്നുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) രാജ്യത്തെ ഏറ്റവും വലിയ ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ചരക്ക് സേവന നികുതി സംവിധാനം സംസ്ഥാനത്തിന് കൂടുതൽ നേട്ടമുണ്ടാക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ അത്തരത്തിലുള്ള നികുതിവർദ്ധന ഇതുവരെയും ലഭ്യമായിട്ടില്ല. വാറ്റ് കാലഘട്ടത്തിൽ കേരളത്തിന്റെ മൊത്തം വാറ്റ് നികുതി പിരിവിന്റെ 75 ശതമാനത്തിൽ കൂടുതൽ ലഭ്യമായിരുന്നത് 14.5 ശതമാനം നികുതിനിരക്കുള്ള ചരക്കുകളിൽ നിന്നായിരുന്നു. 22-ാം ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനത്തെത്തുടർന്ന് 195 -ഓളം ചരക്കുകളുടെ നികുതിനിരക്ക് 28 ശതമാനത്തിൽനിന്ന് 18 ശതമാനമായി കുറവ് ചെയ്യുകയുണ്ടായി. ഇതും സംസ്ഥാനത്തിന്റെ നികുതി പിരിവ് ഉദ്ദേശിച്ച നിലയിൽ എത്താതിരിക്കുന്നതിനുള്ള ഒരു കാരണമാണ്. കൂടാതെ ജി.എസ്.ടി. നടപ്പിലായപ്പോൾ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കുകയുണ്ടായി. 2017 ആഗസ്റ്റ് മാസത്തിൽത്തന്നെ അന്തർസംസ്ഥാന വ്യാപാരങ്ങളുടെ വിവരം ലഭ്യമാകുന്ന ഓൺലൈൻ ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാകുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും ഇത് 2018 ഏപ്രിൽ 1 മുതൽ മാത്രമേ നടപ്പിലായുള്ളൂ. ഇത് കുറെയൊക്കെ നികുതിവെട്ടിപ്പിന് കാരണമായിട്ടുണ്ട്.

ജി.എസ്.ടി. സോഫ്റ്റ്‌വെയർ പൂർണ്ണമായും സജ്ജമാകാതെ ജി.എസ്.ടി. നടപ്പിലാക്കിയത് നിമിത്തം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വെരിഫിക്കേഷൻ ഫലപ്രദമായി നടപ്പാകുന്നില്ല. ഇത് നികുതി വരുമാനം കുറഞ്ഞതിന് ഒരു ഘടകമാണ്.

(സി) 2018 ഏപ്രിൽ-ഡിസംബർ കാലയളവിൽ സംസ്ഥാനം ജി.എസ്.ടി.-യിലൂടെ (എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് എന്നിവയുൾപ്പെടെ) നേടിയ വരുമാനം 13552.62 കോടി രൂപയായിരുന്നു. 2019 ഏപ്രിൽ-ഡിസംബർ കാലയളവിൽ നേടിയ വരുമാനം 14474.87 കോടി രൂപ (എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് എന്നിവ ഉൾപ്പെടെ) ആയിരുന്നു. ഇത് മുൻവർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ 7 ശതമാനം അധികമാണ്.

**ഇന്ധന നികുതിയിൽ നിന്നുമുള്ള വരുമാനം**

106 (436) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോൾ, ഡീസൽ മുതലായ ഇന്ധനങ്ങൾക്ക് ചുമത്തിയിട്ടുള്ള നികുതിയിൽ നിന്നും ലഭിച്ച വരുമാനം വ്യക്തമാക്കാമോ; ഈ തുകയ്ക്ക് തുല്യമായ എത്ര രൂപയാണ് കേരളത്തിലെ റോഡ് വികസനത്തിനായി ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇവ തമ്മിൽ അന്തരം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയുടെ അന്തരമാണ് ഉണ്ടായിട്ടുള്ളത്; കുറവുള്ള തുക ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോൾ, ഡീസൽ മുതലായ ഇന്ധനങ്ങൾക്ക് ചുമത്തിയിട്ടുള്ള നികുതിയിൽനിന്നും ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു:

| വർഷം | പെട്രോളിൽ നിന്നും ലഭിച്ച തുക (കോടിയിൽ ) | ഡീസലിൽ നിന്നും ലഭിച്ച തുക (കോടിയിൽ ) |
|---|---|---|
| 2016-17 | 2628.38 | 3222.94 |
| 2017-18 | 3226.91 | 3823.30 |
| 2018-19 | 3668.70 | 4136.49 |
| 2019-2020 (2020 ജനുവരി വരെ) | 2923.27 | 3083.42 |

ഇത്തരത്തിൽ പെട്രോൾ, ഡീസൽ മുതലായ ഇന്ധനങ്ങൾക്ക് ചുമത്തിയിട്ടുള്ള നികുതിയിൽനിന്നും ലഭിക്കുന്ന വരുമാനത്തുക പൂർണ്ണമായും സർക്കാർ ഖജനാവിലേയ്ക്ക് മുതൽക്കൂട്ടുകയും ബന്ധപ്പെട്ട കണക്ക് ശീർഷകത്തിലുൾപ്പെടുത്തി റോഡ് വികസനം ഉൾപ്പെടെയുള്ള ക്ഷേമപ്രവർത്തികൾക്കായി വിനിയോഗിക്കുകയുമാണ് ചെയ്യുന്നത്.

(ബി) ബാധകമല്ല.

**നികുതി പിരിവ് കുറയുന്നതിന് പരിഹാരം**

107 (437) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി പിരിവ് കുറയുന്നതിന് കാരണം ചെക്ക്പോസ്റ്റുകൾ ഇല്ലാത്തതാണെന്ന പരാതിക്ക് പരിഹാരം കണ്ടെത്തുമോ;

(ബി) ചെക്ക്പോസ്റ്റുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടോ; വലിയ ലാഭവും ചെറിയ ഇൻപുട്ട് ടാക്സ് ക്രെഡിറ്റുമുള്ള ഉൽപ്പന്നങ്ങൾ രേഖകളില്ലാതെ കടത്തിക്കൊണ്ട് വരുന്നത് തടയുന്നതിന് നികുതി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ബില്ലിൽ ചരക്കിന്റെ അളവ് കുറച്ച് കാണിച്ചും ബില്ലിൽ രേഖപ്പെടുത്താത്ത സാധനങ്ങൾ കടത്തുന്ന തട്ടിപ്പും മറ്റും പിടികൂടുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിൽ വിപണനത്തിനായി ചരക്കുകൾ കൊണ്ടുവരുന്നത്. ചരക്കുസേവന നികുതി നിയമം നടപ്പിലാകുന്നതിനുമുമ്പ് അതിർത്തി കടന്നുവരുന്ന ചരക്കുകളുടെ വിവരങ്ങൾ ഇ-ഡിക്ലറേഷൻ സംവിധാനം വഴി അറിയിച്ച് ആയത് ചെക്ക് പോസ്റ്റിൽ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കി നികുതി ചോർച്ച തടഞ്ഞുവന്നിരുന്നു. എന്നാൽ ചരക്കുസേവന നികുതി നിയമം നിലവിൽ വന്നതുമുതൽ സംസ്ഥാനത്തുടനീളം കേരള പൊതുവിൽപ്പന നികുതി/വാണിജ്യ നികുതി നിയമപ്രകാരം നിലവിലുണ്ടായിരുന്ന ചെക്ക് പോസ്റ്റുകൾ നിർത്തലാക്കുകയുണ്ടായി. തന്മൂലം അതിർത്തി കടന്നുവരുന്ന എല്ലാ ചരക്ക് വാഹനങ്ങൾക്കും പരിശോധന കൂടാതെതന്നെ കേരളത്തിലേയ്ക്ക് ചരക്കുകൾ കൊണ്ടുവരാമെന്നായി. ഇത് നികുതി ചോർച്ചയ്ക്ക് കാരണമായി. ഇ-വേ ബിൽ സംവിധാനം നടപ്പിലാക്കുവാനുള്ള കാലതാമസവും 50,000 രൂപയ്ക്കുമേൽ മൂല്യമുള്ള

ചരക്കുകൾ മാത്രമായി ഇ-വേ ബിൽ നിഷ്കർഷിച്ചതും നികുതി വെട്ടിപ്പിന് അനുകൂല സാഹചര്യമൊരുക്കി. എന്നാൽ നിലവിലുണ്ടായിരുന്ന സ്ക്വാഡുകളുടെ എണ്ണം കൂട്ടി അതിർത്തി പ്രദേശങ്ങളിലുൾപ്പെടെ 24 മണിക്കൂറും പ്രവർത്തനസജ്ജമായ സ്ക്വാഡുകൾ വിന്യസിപ്പിച്ച് ഇത് ഒരു പരിധിവരെ തടയുവാൻ സാധിച്ചു. ഇപ്പോൾ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (ANPR) വഴി അതിർത്തി കടന്നുവരുന്ന വാഹനങ്ങൾ കൂടുതൽ കാര്യക്ഷമമായി പരിശോധിക്കുന്നതിനുള്ള നടപടികൾ വാളയാർ ചെക്ക് പോസ്റ്റിൽ പരിശോധിച്ച് വിജയത്തിന്റെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട 23 ചെക്ക് പോസ്റ്റുകളിൽക്കൂടി ഈ സംവിധാനം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചു. ഇപ്രകാരമുള്ള നടപടികളിലൂടെ നികുതി ചോർച്ച തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വാളയാർ ചെക്ക്പോസ്റ്റിൽ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചു. ഇത് വിജയകരമായതിനാൽ അതിർത്തി മേഖലയിലെ പ്രധാനപ്പെട്ട 23 ചെക്ക് പോസ്റ്റുകളിൽക്കൂടി ANPR ക്യാമറ സംവിധാനം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചു. വലിയ ലാഭവും ചെറിയ ഇൻപുട്ട് ടാക്സ് ക്രെഡിറ്റുമുള്ള ഉൽപ്പന്നങ്ങൾ രേഖയില്ലാതെ കടത്തിവരുന്നത് തടയുവാനും ബില്ലിൽ ചരക്കിന്റെ അളവിൽ കുറച്ചുകാണിച്ചും ബില്ലിൽ രേഖപ്പെടുത്താത്ത സാധനങ്ങൾ കടത്തുന്ന തട്ടിപ്പും മറ്റും പിടികൂടുന്നതിനും അതിർത്തി പ്രദേശങ്ങളിലുൾപ്പെടെ ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിപ്പിച്ചിട്ടുണ്ട്.

(സി) ജി.എസ്.ടി. നിയമപ്രകാരം 50,000 രൂപയ്ക്കുമേൽ മൂല്യമുള്ള ചരക്കുകൾക്ക് ഇ-വേ ബിൽ നിർബന്ധമാണ്. അതിർത്തി മേഖലകളിൽ ചരക്ക് വാഹന പരിശോധനയ്ക്കുവേണ്ടി ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്. ഇവർ വാഹനപരിശോധന വേളയിൽ വാഹനത്തിലുള്ള ചരക്കുകളും അവയുടെ രേഖകളും വിശദമായി പരിശോധിച്ച് നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടയുന്നു. പരിശോധനയിൽ നികുതി വെട്ടിപ്പ് ബോധ്യമാകുന്ന കേസുകളിൽ നികുതിക്ക് പിഴയും ഈടാക്കുന്നു.

## ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം

108 (438) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ നടപ്പിലാക്കിയ ബി.ഡി.എസ്. സംവിധാനത്തിന്റെ പരിധിയിൽ ഏതെല്ലാം വിഭാഗങ്ങളാണ് വരുന്നത്; വ്യക്തമാക്കുമോ;

(ബി) നിലവിൽ ഏത് മാസം ഏത് തീയതി വരെ സമർപ്പിച്ച ബില്ലുകളാണ് പ്രസ്തുത പദ്ധതിയുടെ പരിധിയിൽ വരുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത്, ജലസേചനം മുതലായ വകുപ്പുകളിൽ നടപ്പിലാക്കിയിരുന്ന ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം 15-1-2020-ലെ 7/2020/ധന. നമ്പർ ഉത്തരവ് പ്രകാരം എല്ലാ സർക്കാർ വകുപ്പുകളിലെയും സർക്കാർ സ്ഥാപനങ്ങളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും കരാറുകാർക്കും വിതരണക്കാർക്കും അംഗീകൃത ഏജൻസികൾക്കും ബാധകമാക്കിയിട്ടുണ്ട്.

(ബി) 2019 ഏപ്രിൽ മുതൽ സമർപ്പിക്കപ്പെട്ടിട്ടുള്ള ബില്ലുകളാണ് നിലവിൽ ബി.ഡി.എസ്. പദ്ധതിയുടെ പരിധിയിൽ വരുന്നത്. നിലവിൽ 2020 മാർച്ച് വരെ സമർപ്പിച്ചിട്ടുള്ള ബില്ലുകൾക്ക് ബി.ഡി.എസ്. ലഭ്യമാക്കിയിട്ടുണ്ട്.

**ട്രഷറികളുടെ ആധുനികവൽക്കരണം**

109 (439) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികൾ ആധുനികവൽകരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് നടപ്പിലാക്കുന്നത് എന്ന് വിശദീകരിക്കുമോ;

(ബി) ട്രഷറികളിൽ എ.ടി.എം. ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) പെൻഷൻകാരുൾപ്പെടെയുള്ള ട്രഷറി ഇടപാടുകാർക്ക് വേഗത്തിൽ സേവനം ലഭ്യമാക്കുന്നതിന് ട്രഷറികളിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ ട്രഷറികളെ മാതൃകാ ധനകാര്യ സ്ഥാപനമാക്കി മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ട്രഷറികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നവീകരണ/ആധുനികവൽക്കരണ നടപടികൾ പ്രധാനമായും 2 മേഖലകളിലായാണ് നടന്നുവരുന്നത്. അടിസ്ഥാന സൗകര്യവികസനവും ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണവും. അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കി പണിയുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്.

ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി വകുപ്പിന്റെ വിവരവിനിമയ സാങ്കേതികവിദ്യയുടെ അടിസ്ഥാന തത്വങ്ങളായ കമ്പ്യൂട്ടർ സിസ്റ്റംസ്, സെർവറുകൾ, ഡാറ്റാ കണക്ടിവിറ്റി എന്നിവയും മെച്ചപ്പെടുത്തുന്നുണ്ട്. ഏത് സാഹചര്യത്തിലും തടസ്സമില്ലാതെ നെറ്റ് കണക്ഷൻ ലഭ്യമാക്കുവാൻ ലക്ഷ്യമിട്ട് ബി.എസ്.എൻ.എൽ.-ൽ നിന്നും RailTel-ൽ നിന്നും രണ്ട് ഡാറ്റാ കം ലീസ്ഡ് കണക്ഷനുകൾ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി റീപെയിന്റിംഗ്, ടോയ്‌ലെറ്റ് നിർമ്മാണം, ടോയ്‌ലെറ്റ് നവീകരണം, ഫ്രണ്ട് ഓഫീസ് നിർമ്മാണം എന്നിവ ആവശ്യമുള്ള ട്രഷറികളിൽ ആയത് നിർവ്വഹിക്കുന്നതിനും ട്രഷറികൾക്കാവശ്യമായ കസേര, ഫാൻ എന്നിവ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം ലക്ഷ്യമാക്കി ഒരു പുതിയ ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS-സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം) ട്രഷറി വകുപ്പിൽ ഏർപ്പെടുത്തിക്കഴിഞ്ഞു. വിവര സാങ്കേതിക വിദ്യയുടെ എല്ലാ സൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുന്ന മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുക എന്നതാണ് IFMS-ന്റെ ഉദ്ദേശ്യം. പുതിയ കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിലാണ് ട്രഷറികളുടെ ആധുനികവൽക്കരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. ഇ-ഗവേണൻസ് പരിപാടികളുടെ അന്തഃസത്ത ഉൾക്കൊള്ളുന്നതിലും കടലാസ് രഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേയ്ക്ക് എത്തിച്ചേരുന്നതിനുള്ള മഹത്തായ കാൽവയ്പ്പാണ് IFMS-ലൂടെ കൈവരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തിക കാര്യപരിപാലനം ഫലപ്രദമായി നിർവ്വഹിക്കുന്നതിനായി ധനവകുപ്പിന്റെ നേതൃത്വത്തിൽ അക്കൗണ്ടന്റ് ജനറൽ, റിസർവ് ബാങ്ക്, ഏജൻസി ബാങ്കുകൾ, മറ്റ് വകുപ്പുകൾ എന്നിങ്ങനെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാവരെയും സംയോജിതവും കേന്ദ്രീകൃതവുമായ നിർവ്വഹണ സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരികയെന്നതും IFMS-ന്റെ ലക്ഷ്യമാണ്.

റവന്യൂ മാനേജ്മെന്റിന് വിവിധ ബാങ്കുകളെ ബന്ധിപ്പിച്ച ഇ-ട്രഷറി ബില്ലുകൾ കേന്ദ്രീകൃതമായി പാസ്സാക്കാനുള്ള Core TIS, ബഡ്ജറ്റ് വിഹിതം നൽകാനും നിരീക്ഷിക്കാനും BAMS, ശമ്പളത്തിന് സ്പാർക്ക്, മറ്റ് ബില്ലുകൾക്ക് BIMS, കേന്ദ്രീകൃത പെൻഷൻ കാര്യങ്ങൾക്ക് PIMS, അക്കൗണ്ട് കാര്യങ്ങൾക്ക് IAMS,

വെയ്സ് ആന്റ് മീൻസിന് WAMS ഏത് ട്രഷറിയിൽ നിന്നും പണം പിൻവലിക്കാൻ കഴിയുന്ന CORE BANKING, മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും വിതരണവും വിൽപ്പനയും മാനേജ് ചെയ്യുന്നതിനുള്ള CRA, സർക്കാർ സേവനങ്ങൾക്ക് വേണ്ടിയുള്ള ഫീസുകളും ചാർജ്ജുകളും സ്വീകരിക്കുന്നതിനായി ഇ-പോസ് മെഷീനുകൾ, ഇന്റർനെറ്റ് ബാങ്കിംഗ്, ട്രഷറി അക്കൗണ്ടുടമകൾക്ക് Kerala TSB എന്ന പേരിലും സംസ്ഥാന പെൻഷൻകാർക്ക് Kerala Pension എന്ന പേരിലും മൊബൈൽ ആപ്ലിക്കേഷൻ, സർക്കാർ ജീവനക്കാരുടെ ശമ്പളവിതരണത്തിനായി e-TSB അക്കൗണ്ട്, ട്രഷറി വകുപ്പിൽ ഒരു മെച്ചപ്പെട്ട ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സിസ്റ്റം (ISMS) ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ISO 27001 സർട്ടിഫിക്കേഷൻ സ്റ്റാൻഡേർഡ് നേടുന്നതിനുള്ള നടപടികൾ, പെൻഷൻ റെക്കോർഡുകളുടെ ഡിജിറ്റൈസേഷൻ എന്നിങ്ങനെ ആധുനികമായ വിവിധ സങ്കേതങ്ങൾ ഉൾക്കൊണ്ടതാണ് IFMS. സർക്കാരിന്റെ ധനഇടപാടുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിലും ട്രഷറി വകുപ്പിലും ഇപ്പോൾ എല്ലാ HR claim, PF ബില്ലുകളും ഓൺലൈനായി സമർപ്പിക്കുകയും ഓൺലൈൻ ആയി തന്നെ പണം അക്കൗണ്ടുകളിൽ എത്തുകയും ചെയ്യുന്നു.

(ബി) ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമകൾക്ക് നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകളുമായി സഹകരിച്ച് കോ-ബ്രാന്റഡ് ഡെബിറ്റ് കാർഡ് നൽകുന്ന പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ക്യാഷ് കൗണ്ടറുകളിൽ കൂടിയല്ലാതെ അക്കൗണ്ടുകളിൽ നിന്നും 50,000 രൂപ വരെ താമസംവിനാ പിൻവലിക്കുന്നതിന് ടെല്ലർ കൗണ്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്. അക്കൗണ്ട് ഉടമകൾക്ക് പാസ് ബുക്ക്, സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് എന്നിവ പ്രിന്റ് ചെയ്ത് നൽകുന്നതിനുള്ള സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. പെൻഷൻകാർക്ക് നേരിട്ട് ട്രഷറികളിൽ ഹാജരാകാതെ തന്നെ ഓൺലൈനായി മസ്റ്ററിംഗിനുള്ള സംവിധാനം (ജീവൻ പ്രമാൺ) ഏർപ്പെടുത്തിയിട്ടുണ്ട്. ഇടപാടുകാർക്ക് കേരളത്തിലെ ഏത് ട്രഷറിയിൽ നിന്നും പണം പിൻവലിക്കുന്നതിനും നിക്ഷേപിക്കുന്നതിനും ഓൺലൈനായി ബാങ്ക് അക്കൗണ്ടുകൾ ഉൾപ്പെടെയുള്ള മറ്റ് അക്കൗണ്ടുകളിലേയ്ക്ക് പണം കൈമാറ്റം ചെയ്യുന്നതിനുള്ള സൗകര്യവുമുണ്ട്. സംസ്ഥാനത്തെ മുഴുവൻ പെൻഷൻകാരുടെയും വിവരങ്ങൾ അടങ്ങിയ പെൻഷൻ പോർട്ടൽ വഴി പെൻഷൻ പാസ് ബുക്കുകൾ കാണാനും പെൻഷൻ സംബന്ധമായ പരാതികൾ മെയിൽ മുഖാന്തരം സമർപ്പിക്കാനുള്ള സൗകര്യവുമുണ്ട്. പ്രസ്തുത പരാതികൾക്ക് സമയബന്ധിതമായി

പരിഹാരം കാണുന്നതിന് ട്രഷറി ഡയറക്ടറേറ്റിൽ ഒരു സെൽ (PIMS) പ്രവർത്തിക്കുന്നുണ്ട്. ഇ-ട്രഷറി സംവിധാനം വഴി 24 മണിക്കൂറും സർക്കാർ സേവനങ്ങൾക്കുള്ള ഫീസുകളും ചാർജ്ജുകളും ട്രഷറികളിൽ നേരിട്ട് ഹാജരാകാതെ തന്നെ അടയ്ക്കുവാനുള്ള സൗകര്യം ഇപ്പോൾ ഇടപാടുകാർക്ക് ലഭ്യമാണ്. ട്രഷറി അക്കൗണ്ട് ഉടമകൾക്ക് ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തിയതിനെ തുടർന്നുണ്ടാകുന്ന പരാതികൾക്ക് പരിഹാരം കാണുവാനായി ടോൾഫ്രീ നമ്പർ (1800 425 5176) സഹിതമുള്ള ഒരു സെൽ ട്രഷറി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ ട്രഷറികളെ മാതൃകാ ധനകാര്യ സ്ഥാപനമാക്കി മാറ്റി, ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന്, (1) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ(2) ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം (3) ജീവനക്കാരുടെ കാര്യശേഷി വികസനം തുടങ്ങിയ മേഖലകളിൽ ഒട്ടേറെ പ്രവർത്തനങ്ങൾ ട്രഷറി വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്.

**ട്രഷറി നിയന്ത്രണം**

110 (440) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം ഏതെല്ലാം ഇനങ്ങൾക്കാണ് ഏർപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ;

(ബി) ജി.എസ്.ടി. നഷ്ടപരിഹാരമായി കേന്ദ്രം കേരളത്തിന് നൽകേണ്ട മുഴുവൻ തുകയും ലഭ്യമാക്കിയിട്ടുണ്ടോയെന്നും ആയതിന്റെ വിശദാംശങ്ങളും അറിയിക്കാമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ ഒന്നും തന്നെ ട്രഷറി നിയന്ത്രണം കാരണം പാസ്സാകാത്തതിനാൽ വികസന പ്രവർത്തനങ്ങളാകെ സ്തംഭിച്ച അവസ്ഥയ്ക്ക് ധനകാര്യവകുപ്പ് എന്ത് പരിഹാരനടപടിയാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ചുപോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്.

ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധികനിയന്ത്രണങ്ങളൊന്നും നടപ്പ് സാമ്പത്തികവർഷം ഏർപ്പെടുത്തിയിട്ടില്ല. വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്.

(ബി) 2019 ഒക്ടോബർ മാസം മുതൽ 2020 ജനുവരി വരെയുള്ള നഷ്ടപരിഹാരം മൂവായിരം കോടി രൂപയ്ക്ക് മുകളിൽ വരും. ഇതിൽ 854.04 കോടി രൂപ മാത്രമാണ് അനുവദിച്ചത്.

(സി) സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനവും ചരക്കുസേവന നികുതി നടപ്പിലാക്കിയപ്പോൾ വാഗ്ദാനം ചെയ്ത നഷ്ടപരിഹാരം ലഭ്യമാക്കുന്നത് അകാരണമായി വൈകിപ്പിക്കുന്നതും സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ടി പ്രതികൂല സാഹചര്യത്തിലും 15-1-2020 വരെ ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ള 5,00,000 രൂപ വരെയുള്ള ബില്ലുകൾ മാറി നൽകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിരുന്നു. കൂടാതെ അഞ്ച് ലക്ഷത്തിന് മുകളിലുള്ള കോൺട്രാക്ടർ/വിതരണക്കാർക്കുള്ള ബില്ലുകൾ ബി.ഡി.എസ്. വഴി മാറുന്നതിനുള്ള നടപടിയും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

**ട്രഷറി നിയന്ത്രണം**

111 (441) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിമൂലം കോൺട്രാക്ടർമാരുടെ ബില്ലുകൾ മാറുന്നതിന് എന്തെങ്കിലും ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജലവിഭവ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവിടങ്ങളിലെ കരാറുകാർക്ക് 20-2-2020-ലെ കണക്ക് പ്രകാരം നൽകുവാനുള്ള കുടിശ്ശിക എത്രയാണെന്ന് അറിയിക്കാമോ;

(സി) അഞ്ച് ലക്ഷത്തിന് മുകളിലുള്ള എല്ലാ ബില്ലുകളും മാറുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയത്മൂലം പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ കരാറുകാർ മുന്നോട്ട് വരാത്ത സാഹചര്യത്തിൽ വികസന പ്രവർത്തനങ്ങൾ പാടെ സ്തംഭിച്ചുവെന്നത് വസ്തുതയാണോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് ഇടപെടലാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ചുപോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധികനിയന്ത്രണങ്ങളൊന്നും നടപ്പ് സാമ്പത്തികവർഷം ഏർപ്പെടുത്തിയിട്ടില്ല. വികസന ക്ഷേമപ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്.

(ബി) ജലവിഭവ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവിടങ്ങളിലെ കരാറുകാർക്ക് 1-4-2019 മുതൽ 20-2-2020 വരെയുള്ള കാലയളവിൽ കൊടുത്തുതീർക്കുവാനുള്ള തുകയുടെ കണക്കുകൾ താഴെപ്പറയും പ്രകാരമാണ്.

| വകുപ്പ് | കുടിശ്ശിക തുക (കോടിയിൽ) |
|---|---|
| പൊതുമരാമത്ത് (നിരത്ത്, പാലം) | 1258.11 |
| പൊതുമരാമത്ത് (കെട്ടിടം) | 406.16 |
| ജലവിഭവം | 158.73 |

20-2-2020 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ള 447.49 കോടി രൂപയും പൊതുമരാമത്ത് വകുപ്പ് ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ള 49.45 കോടി രൂപയും ജലവിഭവ വകുപ്പ് ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ള 53.21 കോടി രൂപയും കരാറുകാർക്ക് നൽകാനുണ്ട്. 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കരാറുകാരുടെയും അക്രെഡിറ്റഡ് ഏജൻസികളുടെയും സപ്ലൈർമാരുടെയും ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സൗകര്യം സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം ബില്ലുകൾ ട്രഷറികളിൽ നിന്നും ഡി.ഡി.ഒ.-മാർക്ക് മടക്കി നൽകി വരുന്നു.

(സി) അല്ല. സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനവും ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ വാഗ്ദാനം ചെയ്ത നഷ്ടപരിഹാരം ലഭ്യമാക്കുന്നത് അകാരണമായി വൈകിപ്പിക്കുന്നതും സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ടി പ്രതികൂല സാഹചര്യത്തിലും 15-1-2020 വരെ ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ള 5,00,000 രൂപ

വരെയുള്ള ബില്ലുകൾ മാറി നൽകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിരുന്നു. കൂടാതെ അഞ്ച് ലക്ഷത്തിന് മുകളിലുള്ള കോൺട്രാക്ടർ/വിതരണക്കാർക്കുള്ള ബില്ലുകൾ ബി.ഡി.എസ്. വഴി മാറുന്നതിനുള്ള നടപടിയും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കിഫ്ബി വഴി നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾകൂടി കണക്കിലെടുക്കുമ്പോൾ മുമ്പൊരുകാലത്തും നടക്കാത്തത്ര പശ്ചാത്തല സൗകര്യ വികസന പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടക്കുന്നത്.

**ചെറുകിട കരാറുകാർക്ക് നൽകാനുള്ള തുക**

112 (442) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവൃത്തി ചെയ്ത ചെറുകിട കരാറുകാർക്ക് എത്ര രൂപ നൽകാനുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) എത്രകാലമായി ഈ കുടിശ്ശികയുണ്ടെന്നും ഏതെല്ലാം പ്രവൃത്തികൾ ചെയ്തവകയിലാണ് കുടിശ്ശികയെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) അമ്പതിനായിരം രൂപയ്ക്ക് മുകളിലുള്ള ബില്ല് പോലും പാസാക്കാൻ സർക്കാർ അനുമതി നൽകുന്നില്ലെന്ന ചെറുകിട കരാറുകാരുടെ പരാതിയിൽ വസ്തുതയുണ്ടോ;

(ഡി) ഇല്ലെങ്കിൽ എത്ര രൂപവരെയുള്ള ബില്ലുകൾ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ മാറിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 2020 ജനുവരി 15 വരെ ട്രഷറിയിൽ സമർപ്പിച്ച 5 ലക്ഷം രൂപ വരെയുള്ള ബില്ലുകൾ മാറി നൽകുന്നതിനുള്ള നിർദ്ദേശം ട്രഷറികൾക്ക് നൽകിയിട്ടുണ്ട്. അൻപതിനായിരം രൂപ വരെയുള്ള ബില്ലുകളും ചെക്കുകളും പാസ്സാക്കി നൽകുന്നുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണം**

113 (443) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് തുക കൈമാറി ലഭിക്കുന്നതിന് നൽകിയ അപേക്ഷ സംബന്ധിച്ച ഫയലിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിനായി മക്കരപ്പറമ്പ് സബ് ട്രഷറിയിൽ നിന്നും 30-12-2019-ൽ നൽകിയ ബില്ല് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് ട്രഷറി നൽകിയ ഇ- ടോക്കൺ നമ്പർ 1915119 പരിശോധിച്ച് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ-സി) മങ്കട നിയോജകമണ്ഡലത്തിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ കെട്ടിടനിർമ്മാണ ആവശ്യത്തിനായി നൽകിയ ബിൽ തുക മക്കരപ്പറമ്പ് സബ് ട്രഷറിയിൽനിന്നും 13-2-2020-ന് പാസ്സാക്കിയിട്ടുണ്ട്.

**ട്രഷറി വകുപ്പിന്റെ ശാക്തീകരണം**

114 (444) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ട്രഷറി വകുപ്പിന്റെ ശാക്തീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ;

(ബി) ഏതെങ്കിലും ട്രഷറിയോടനുബന്ധിച്ച് എ.ടി.എം. സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ട്രഷറികളിൽ പൊതുജനങ്ങളിൽ നിന്നും നിക്ഷേപം ആകർഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ട്രഷറികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നവീകരണ/ആധുനികവൽക്കരണ നടപടികൾ പ്രധാനമായും 2 മേഖലകളിലായാണ് നടന്നുവരുന്നത്. അടിസ്ഥാന സൗകര്യവികസനവും ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണവും അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കി പണിയുന്നതിനുമുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്.

ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി വകുപ്പിന്റെ വിവര വിനിമയ സാങ്കേതികവിദ്യയുടെ അടിസ്ഥാനതത്വങ്ങളായ കമ്പ്യൂട്ടർ സിസ്റ്റംസ്, സെർവറുകൾ, ഡാറ്റാ കണക്ടിവിറ്റി എന്നിവയും മെച്ചപ്പെടുത്തുന്നുണ്ട്. ഏത് സാഹചര്യത്തിലും തടസ്സമില്ലാതെ നെറ്റ് കണക്ഷൻ ലഭ്യമാക്കുവാൻ ലക്ഷ്യമിട്ട് ബി.എസ്.എൻ.എൽ.ൽ നിന്നും Rail Tel-ൽ നിന്നും രണ്ട് ഡാറ്റാ കം ലീസ്ഡ് കണക്ഷനുകൾ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി റീപെയിന്റിംഗ്, ടോയ്‌ലറ്റ് നിർമ്മാണം, ടോയ്‌ലറ്റ് നവീകരണം, ഫ്രണ്ട് ഓഫീസ് നിർമ്മാണം എന്നിവ ആവശ്യമുള്ള ട്രഷറികളിൽ ആയത് നിർവ്വഹിക്കുന്നതിനും ട്രഷറികൾക്കാവശ്യമായ കസേര, ഫാൻ എന്നിവ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം ലക്ഷ്യമാക്കി ഒരു പുതിയ ധനകാര്യ മാനേജ്മെന്റ് സംവിധാനം (IFMS-സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം) ട്രഷറി വകുപ്പിൽ ഏർപ്പെടുത്തി കഴിഞ്ഞു. വിവര സാങ്കേതികവിദ്യയുടെ എല്ലാ സൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുന്ന മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുക എന്നതാണ് IFMS ന്റെ ഉദ്ദേശ്യം. പുതിയ കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിലാണ് ട്രഷറികളുടെ ആധുനികവൽക്കരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. ഇ-ഗവേണൻസ് പരിപാടികളുടെ അന്തഃസത്ത ഉൾക്കൊള്ളുന്നതിലും കടലാസു രഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേയ്ക്ക് എത്തിച്ചേരുന്നതിനുമുള്ള മഹത്തായ കാൽവയ്പ്പാണ് IFMS-ലൂടെ കൈവരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തികകാര്യപരിപാലനം ഫലപ്രദമായി നിർവ്വഹിക്കുന്നതിനായി ധനവകുപ്പിന്റെ നേതൃത്വത്തിൽ അക്കൗണ്ടന്റ് ജനറൽ, റിസർവ് ബാങ്ക്, ഏജൻസി ബാങ്കുകൾ, മറ്റ് വകുപ്പുകൾ എന്നിങ്ങനെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാവരെയും സംയോജിതവും കേന്ദ്രീകൃതവുമായ നിർവ്വഹണ സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരികയെന്നതും IFMS-ന്റെ ലക്ഷ്യമാണ്.

റവന്യൂ മാനേജ്മെന്റിന് വിവിധ ബാങ്കുകളെ ബന്ധിപ്പിച്ച ഇ-ട്രഷറി ബില്ലുകൾ കേന്ദ്രീകൃതമായി പാസ്സാക്കാനുള്ള Core TIS, ബഡ്ജറ്റ് വിഹിതം നൽകാനും നിരീക്ഷിക്കാനും BAMS, ശമ്പളത്തിന് സ്പാർക്ക്, മറ്റ് ബില്ലുകൾക്ക് BIMS, കേന്ദ്രീകൃത പെൻഷൻ കാര്യങ്ങൾക്ക് PIMS, അക്കൗണ്ട് കാര്യങ്ങൾക്ക് IAMS,

വെയ്സ് ആന്റ് മീൻസിന് WAMS ഏത് ട്രഷറിയിൽ നിന്നും പണം പിൻവലിക്കാൻ കഴിയുന്ന CORE BANKING, മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും വിതരണവും വിൽപ്പനയും മാനേജ് ചെയ്യുന്നതിനുള്ള CRA, സർക്കാർ സേവനങ്ങൾക്ക് വേണ്ടിയുള്ള ഫീസുകളും ചാർജ്ജുകളും സ്വീകരിക്കുന്നതിനായി ഇ-പോസ് മെഷീനുകൾ, ഇന്റർനെറ്റ് ബാങ്കിംഗ്, ട്രഷറി അക്കൗണ്ടുടമകൾക്ക് Kerala TSB എന്ന പേരിലും സംസ്ഥാന പെൻഷൻകാർക്ക് Kerala Pension എന്ന പേരിലും മൊബൈൽ ആപ്ലിക്കേഷൻ, സർക്കാർ ജീവനക്കാരുടെ ശമ്പളവിതരണത്തിനായി e-TSB അക്കൗണ്ട്, ട്രഷറി വകുപ്പിൽ ഒരു മെച്ചപ്പെട്ട ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സിസ്റ്റം (ISMS) ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ISO 27001 സർട്ടിഫിക്കേഷൻ സ്റ്റാൻഡേർഡ് നേടുന്നതിനുള്ള നടപടികൾ, പെൻഷൻ റെക്കോർഡുകളുടെ ഡിജിറ്റൈസേഷൻ എന്നിങ്ങനെ ആധുനികമായ വിവിധ സങ്കേതങ്ങൾ ഉൾക്കൊണ്ടതാണ് IFMS. സർക്കാരിന്റെ ധനഇടപാടുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിലും ട്രഷറി വകുപ്പിലും ഇപ്പോൾ എല്ലാ HR claim, PF ബില്ലുകളും ഓൺലൈനായി സമർപ്പിക്കുകയും ഓൺലൈൻ ആയി തന്നെ പണം അക്കൗണ്ടുകളിൽ എത്തുകയും ചെയ്യുന്നു.

(ബി) ഇല്ല. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമകൾക്ക് നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകളുമായി സഹകരിച്ച് കോ-ബ്രാന്റഡ് ഡെബിറ്റ് കാർഡ് നൽകുന്ന പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ട്രഷറികളിൽ പൊതുജനങ്ങളിൽ നിന്നും നിക്ഷേപം ആകർഷിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ട്രഷറി നിക്ഷേപങ്ങൾ ആകർഷകമാക്കുവാൻ 26-8-2019-ലെ സ.ഉ.(അ) നമ്പർ 114/2019/ധന. ഉത്തരവ് പ്രകാരം ഉയർന്ന പലിശ നിരക്കിലാണ് സ്ഥിരനിക്ഷേപങ്ങൾ സ്വീകരിക്കുന്നത്. കൂടാതെ, ആകർഷകമായ പലിശനിരക്കിൽ ഹ്രസ്വകാല നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിന് 4-10-2019-ലെ 136/2019/ധന. നമ്പർ ഉത്തരവ് മുഖേന തീരുമാനിച്ചിട്ടുണ്ട്. നിക്ഷേപത്തിന്മേലുള്ള പ്രതിമാസ പലിശ എല്ലാ മാസവും ഒന്നാം തീയതി തന്നെ ബന്ധപ്പെട്ട ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് വരവ് വയ്ക്കുകയും ഈ പലിശയ്ക്ക് വാർഷികമായി 4% നിരക്കിൽ പലിശ നൽകുകയും ചെയ്യുന്നു. ഊർജ്ജിത സ്ഥിരനിക്ഷേപ സമാഹരണത്തിനായി ജില്ലാ ട്രഷറി തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

**ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിക്ക് പുതിയ കെട്ടിടം**

115 (445) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ മണ്ഡലത്തിലുള്ള ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എത്ര രൂപയുടെ എസ്റ്റിമേറ്റ് ആണ് പ്രസ്തുത പദ്ധതിക്കായി തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്നും എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 2018-19 ബഡ്ജറ്റിൽ ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിയുടെ നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടുള്ളതും പൊതുമരാമത്ത് വിഭാഗം പ്രസ്തുത നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തിട്ടുള്ളതുമാണ്.

(ബി) ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിയുടെ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള അംഗീകൃത പ്ലാൻ പൊതുമരാമത്ത് വകുപ്പിൽ നിന്നും ഇൻവെസ്റ്റിഗേഷൻ ആന്റ് ഡിസൈനിംഗിനുവേണ്ടി സമർപ്പിച്ചിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ എസ്റ്റിമേറ്റ് തുക നിർണ്ണയിക്കപ്പെടുകയുള്ളൂ.

(സി) ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിക്കുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഒറ്റപ്പാലം താലൂക്കിൽ ചെർപ്പുളശ്ശേരി വില്ലേജിൽ 20 സെന്റ് സ്ഥലം ലഭ്യമായിട്ടുണ്ട്. പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് സ്വന്തം ഫണ്ടിലാണ് നിർവ്വഹിക്കാൻ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത് വകുപ്പ് പ്രസ്തുത ട്രഷറി കെട്ടിടത്തിന്റെ സ്കെച്ചും പ്ലാനും സർക്കാരിന് സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതിക്ക് വിധേയമായി കെട്ടിടനിർമ്മാണം ആരംഭിക്കുന്നതാണ്.

**സംസ്ഥാനത്തെ ട്രഷറികളിലെ ട്രഷറർമാർ**

116 (446) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ ട്രഷറർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ ഏതൊക്കെ ട്രഷറികളിൽ സീനിയറായ സീനിയർ അക്കൗണ്ടന്റുമാർ ട്രഷറർമാരായി ജോലി നോക്കുന്നുണ്ടെന്ന് പേരും ട്രഷറിയും സഹിതം വെളിപ്പെടുത്തുമോ;

(സി) ഇത്തരത്തിലുള്ള നിയമനത്തിന് വകുപ്പ് മേധാവിയുടെ മുൻകൂർ അനുമതി വാങ്ങിയിട്ടുണ്ടോ, എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ പകർപ്പും ഇല്ലെങ്കിൽ കാരണവും വിശദീകരിക്കുമോ;

(ഡി) സീനിയർമാരായ സീനിയർ അക്കൗണ്ടന്റുമാരെ ട്രഷറർമാരായി നിയമിച്ചിട്ടുള്ളത് ട്രഷറി ഡയറക്ടറുടെ 8-12-2017-ലെ 70/2017- ാം നമ്പർ സർക്കുലറിന് വിരുദ്ധമല്ലേ; എങ്കിൽ ഇത്തരത്തിൽ ചട്ട വിരുദ്ധമായി ചുമതലാ ക്രമീകരണം നടത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ട്രഷറി വകുപ്പിൽ നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം ഏറ്റവും ജൂനിയറായ സീനിയർ അക്കൗണ്ടന്റുമാരെയാണ് ട്രഷറർമാരായി നിയമിക്കുന്നത്.

(ബി) സീനിയറായ സീനിയർ അക്കൗണ്ടന്റുമാർ ട്രഷറർമാരായി ജോലി നോക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>ആലപ്പുഴ</u>

1. പി. അരുൺ കുമാർ, ജില്ലാ ട്രഷറി, ആലപ്പുഴ.
2. എ. റഷീദ, പെൻഷൻ പേയ്മെന്റ് സബ്ട്രഷറി, ആലപ്പുഴ.
3. പി. എൻ. പ്രസന്ന ബാബു, പെൻഷൻ പെയ്മെന്റ് സബ്ട്രഷറി, ആലപ്പുഴ.

<u>തൃശ്ശൂർ</u>

1. ഇ. എസ്. ഗിരിജ, അഡീഷണൽ സബ്ട്രഷറി, തൃശ്ശൂർ.

(സി) ആലപ്പുഴ ജില്ലാ ട്രഷറി, പെൻഷൻ പേമെന്റ് സബ്ട്രഷറി എന്നീ ട്രഷറികളിലെ സുഗമമായ പ്രവർത്തനങ്ങൾക്കായി ഭരണസൗകര്യാർത്ഥമാണ് ആലപ്പുഴ ജില്ലാ ട്രഷറി ഓഫീസർ ടി ഉദ്യോഗസ്ഥരെ ട്രഷററായി നിയമിച്ചിട്ടുള്ളത്.

സ.ഉ.(സാധാ) 250/2020/ധന. തീയതി 9-1-2020 പ്രകാരം തൃശ്ശൂർ അഡീഷണൽ സബ്ട്രഷറിയിലെ സീനിയർ അക്കൗണ്ടന്റ് തസ്തിക ട്രഷറർ തസ്തികയാക്കി മാറ്റിയതിനെ തുടർന്നാണ് ടി ട്രഷറിയിലെ ഒരേയൊരു സീനിയർ അക്കൗണ്ടന്റായ ശ്രീമതി ഇ.എസ്. ഗിരിജയ്ക്ക് ട്രഷററായി ചുമതല നൽകിയത്.

(ഡി&ഇ) സ്പെഷ്യൽ റൂൾ പ്രകാരം ജൂനിയറായ സീനിയർ അക്കൗണ്ടന്റുമാരാണ് ട്രഷറർമാരായി ജോലി നോക്കുന്നത് എന്നിരുന്നാലും ചില സാഹചര്യങ്ങളിൽ ചില ട്രഷറികളിലെ സുഗമമായ പ്രവർത്തനം കണക്കിലെടുത്ത് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായും ഭരണപരമായ സൗകര്യം കണക്കിലെടുത്ത് സീനിയറായിട്ടുള്ള സീനിയർ അക്കൗണ്ടന്റുമാരെ ട്രഷറർമാരായി നിയമിക്കേണ്ടി വരുന്നുണ്ട്. അത്തരം സാഹചര്യങ്ങളിൽ ടി ജീവനക്കാരുടെ കാര്യക്ഷമതയും ഭരണപരമായ ആവശ്യവും കണക്കിലെടുത്ത് ഇത്തരം നിയമനങ്ങൾ നടപ്പിലാക്കുന്നത്.

## കോർട്ട്ഫീ സ്റ്റാമ്പുകളുടെ ക്ഷാമം

117 (447) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ട്രഷറികളിൽ രണ്ടു രൂപ, അഞ്ചു രൂപ കോർട്ട്ഫീ സ്റ്റാമ്പുകൾ കിട്ടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ ജില്ലകളിലും കോർട്ട്ഫീ സ്റ്റാമ്പുകൾക്കു ക്ഷാമമുണ്ടോ;

(സി) രണ്ട് രൂപ, അഞ്ച് രൂപ സ്റ്റാമ്പ് ട്രഷറികളിൽ നിന്ന് കിട്ടാതായതോടെ അപേക്ഷയിൽ നിരത്തി സ്റ്റാമ്പൊട്ടിച്ചു നൽകേണ്ട അവസ്ഥയ്ക്ക് എപ്പോൾ മാറ്റം ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അഞ്ച് രൂപ കോർട്ട്ഫീ സ്റ്റാമ്പിന് വിവിധ ജില്ലകളിൽ സ്റ്റോക്ക് പരിമിതമാണ്. എന്നാൽ മറ്റ് ഡിനോമിഷനേഷനിലുള്ള കോർട്ട്ഫീ സ്റ്റാമ്പുകൾക്ക് ക്ഷാമമില്ല. രണ്ട് രൂപ കോർട്ട്ഫീ സ്റ്റാമ്പ് ആവശ്യാനുസരണം സ്റ്റോക്കുള്ള ട്രഷറികളിൽ നിന്നും സ്റ്റോക്ക് കുറവുള്ള ട്രഷറികളിൽ എത്തിച്ച് ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) റവന്യൂ വകുപ്പിന്റെ കീഴിലുള്ള സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ നിന്നുമാണ് മുദ്രപത്രങ്ങളും സ്റ്റാമ്പുകളും ട്രഷറിയിൽ വിതരണത്തിന് ലഭിക്കുന്നത്. സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് നിലവിൽ സ്റ്റോക്കില്ല. മുദ്രപത്രങ്ങളും സ്റ്റാമ്പുകളും നാസിക്കിലെ സെക്യൂരിറ്റി പ്രസ്സിൽ നിന്നും എത്തിക്കുന്നതിനുള്ള ലാന്റ് റവന്യൂ കമ്മീഷണറുടെ അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

## വ്യാജ ലോട്ടറി ടിക്കറ്റുകൾ

118 (448) ശ്രീ. സി. ദിവാകരൻ :

ശ്രീ. കെ. രാജൻ :

ശ്രീ. എൽദോ എബ്രഹാം:

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ ലോട്ടറി ടിക്കറ്റുകൾ വിൽക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജ ലോട്ടറി ടിക്കറ്റുകൾ കണ്ടെത്തുന്നതിന് നിലവിൽ എന്തൊക്കെ മാർഗ്ഗങ്ങളാണ് ഉള്ളതെന്നറിയിക്കാമോ;

(സി) ലോട്ടറി ടിക്കറ്റുകളുടെ 5000 രൂപ വരെയുള്ള സമ്മാനങ്ങൾ വില്പനക്കാർ തന്നെ നൽകി, പിന്നീട് ലോട്ടറി വകുപ്പിൽ നിന്ന് മാറിയെടുക്കുന്ന സാഹചര്യത്തിൽ വിൽപ്പനക്കാരന് പണം നഷ്ടമാകാത്ത വിധം വ്യാജ ലോട്ടറികളെ കണ്ടെത്തുന്നതിന് അവരെ സഹായിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) വ്യാജ ലോട്ടറി ടിക്കറ്റ് കണ്ടെത്തുന്നതിന് മൊബൈൽ ആപ്പ് ഏർപ്പെടുത്തുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. വ്യാജ ഭാഗ്യക്കുറി ടിക്കറ്റുകൾ കണ്ടെത്തുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളിൽ Microletters pattern, Guilloche pattern, Opaque text pattern, Relief pattern, Void pantograph pattern, Invert Microline pattern എന്നീ ആറ് (6) സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് ലോട്ടറി ഏജന്റുമാർക്ക് ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ മുഖാന്തരം ബോധവൽക്കരണ ക്ലാസുകൾ നടത്തിവരികയും ചെയ്യുന്നു.

എഴുത്തുലോട്ടറി/വ്യാജ ലോട്ടറി സംബന്ധിച്ച് ഏജന്റുമാരിൽ നിന്നും വില്പനക്കാരിൽ നിന്നുമുള്ള പരാതികൾ സ്വീകരിച്ച് പോലീസിൽ പരാതി നൽകുന്നതിന് ജില്ലാ ഭാഗ്യക്കുറി ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

എഴുത്തുലോട്ടറി/വ്യാജലോട്ടറി സംബന്ധിച്ച പരാതികൾ പൊതുജനങ്ങൾക്ക് നേരിട്ടറിയിക്കുന്നതിന് ഭാഗ്യക്കുറി വകുപ്പിലൊരു ടോൾ ഫ്രീ നമ്പർ (18004258474) ആരംഭിച്ചു. എഴുത്തുലോട്ടറി/വ്യാജലോട്ടറി സംബന്ധിച്ച പരാതിയിന്മേൽ സുരക്ഷാപരിശോധന നടത്തി സാക്ഷ്യപത്രം നൽകുന്നതിന് ഭാഗ്യക്കുറി വകുപ്പിലെ അച്ചടിവിഭാഗം ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സമ്മാനത്തിന് ഹാജരാക്കുന്ന ടിക്കറ്റുകളുടെ നിജസ്ഥിതി പരിശോധിക്കുന്നതിനായി ഏജന്റുമാർക്കും വില്പനക്കാർക്കും പ്രയോജനപ്രദമാകുന്ന ഒരു മൊബൈൽ ആപ് എൻ.ഐ.സി. മുഖാന്തരം വികസിപ്പിച്ചിട്ടുണ്ട്.

(സി&ഡി) വില്പനക്കാർ വ്യാജടിക്കറ്റുകൾ സ്വീകരിച്ച് കബിളിപ്പിക്കപ്പെടാതിരിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായാണ് മൊബൈൽ ആപ് എൻ.ഐ.സി. മുഖാന്തരം ഡെവലപ് ചെയ്യുന്നത്. ഈ സാമ്പത്തിക വർഷം ടി ആപ് നിലവിൽ വരുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ കറൻസിക്ക് സമാനമായി ടിക്കറ്റുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന അഞ്ചോളം സെക്യൂരിറ്റി ഫീച്ചറുകൾ വായിച്ചെടുക്കുവാനും ആയതിനെ അവലംബിച്ച് സമ്മാനവിതരണം നടത്തുന്നതിനുള്ള പരിശീലനം ഏജന്റുമാർക്കും വില്പനക്കാർക്കും ക്ഷേമനിധി ഫണ്ട് ബോർഡ് മുഖേന നൽകിയിട്ടുണ്ട്. ടിക്കറ്റുകളുടെ ആധികാരികത തിരിച്ചറിയുന്നതിന് ടി പരിശീലനം ഒരു പരിധിവരെ സഹായകരമായിട്ടുണ്ട്.

**സംസ്ഥാന ലോട്ടറികളുടെ വിലവർദ്ധന**

119 (449) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറികളുടെ വില വർദ്ധിപ്പിക്കുന്നത് വഴി അതിനെക്കാൾ വിലകുറഞ്ഞ ഇതര സംസ്ഥാന ലോട്ടറികളുടെ വിൽപ്പന കേരളത്തിൽ വർദ്ധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ, ഇതിനെ മറികടക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ ലോട്ടറി വിൽപ്പനയുടെ നികുതിയായി എത്ര രൂപയാണ് സർക്കാരിന് ലഭിച്ചത്; ലോട്ടറിക്ക് ജി.എസ്.ടി. നിരക്കായ 28% നികുതി ഏർപ്പെടുത്തുക വഴി എത്ര അധിക നികുതിയാണ് സർക്കാരിന് ലഭിക്കുകയെന്ന കണക്കുകൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഇതരസംസ്ഥാന ലോട്ടറികൾ നിലവിൽ കേരളത്തിനകത്ത് വിൽപ്പന നടത്തുന്നില്ല. സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ ജി.എസ്.ടി. കേന്ദ്ര സർക്കാർ 28% ആയി ഏകീകരിച്ചതിന്റെ പശ്ചാത്തലത്തിലാണ് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും വിൽപ്പനവില 40 രൂപയായി ഏകീകരിക്കേണ്ടി വന്നത്. ജി.എസ്.ടി. കൗൺസിലിൽ അന്യസംസ്ഥാന ഇടനില ലോട്ടറിക്കെതിരെ കേരളം നടത്തിയ വലിയ പോരാട്ടം എല്ലാവർക്കും ബോദ്ധ്യമുള്ള കാര്യമാണ്. അതിന്റെ ഫലമായിട്ടാണ് ഇടനിലക്കാർ വഴി നടത്തുന്ന ലോട്ടറിക്ക് 28% നികുതിയും നമ്മുടെ ലോട്ടറിക്ക് 12% നികുതിയും എന്ന സമ്പ്രദായം വന്നത്. ഇത് കോടതിപോലും അംഗീകരിച്ചതാണ്. എന്നിട്ടും നികുതി ഏകീകരിക്കുന്നതിനുള്ള നീക്കവുമായി കേന്ദ്ര സർക്കാർ മുന്നോട്ടു പോയപ്പോൾ കേരളം ശക്തമായി ചെറുത്തുനിന്നു. വോട്ടെടുപ്പിലേയ്ക്ക് കാര്യങ്ങൾ നീങ്ങിയപ്പോൾ രാഷ്ട്രീയമായി കേരളത്തിന്റെ നിലപാടിനൊപ്പം നിൽക്കുമെന്ന് ഉറപ്പുപറഞ്ഞവർ പൊടുന്നനെ നിലപാട് മാറ്റി. ഇതിന്റെ പശ്ചാത്തലത്തിലാണ് ജി.എസ്.ടി. ഏകീകരിക്കപ്പെട്ടത്. വിൽപ്പനവില ഉയർത്തിയതുകൊണ്ടു മാത്രം ഇതരസംസ്ഥാന ഭാഗ്യക്കുറികൾക്ക് കേരളത്തിനകത്ത് വിൽപ്പന നടത്തുവാൻ സാധിക്കുകയില്ല. കേരളത്തിനകത്ത് ഇതര സംസ്ഥാന ലോട്ടറികൾ വിൽപ്പന നടത്തണമെങ്കിൽ ഇതരസംസ്ഥാന ലോട്ടറിയുടെ സമ്മാനഘടന ഉൾപ്പെടെ കേരള സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വിശദാംശങ്ങൾക്ക് കേരള സംസ്ഥാന നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതി മുൻകൂറായി വാങ്ങണമെന്ന് 2018-ലെ കേരള പേപ്പർ ലോട്ടറി (റെഗുലേഷൻ) ഭേദഗതി ചട്ടത്തിലെ വ്യവസ്ഥ പാലിച്ചാൽ മാത്രമേ ഇതര സംസ്ഥാന ലോട്ടറി കേരളത്തിൽ വിൽപ്പന നടത്തുവാൻ കഴിയുകയുള്ളൂ. സംസ്ഥാന ലോട്ടറികളുടെ വില വർദ്ധിപ്പിക്കുന്നത് വഴി അതിനേക്കാൾ വില കുറഞ്ഞ ഇതര സംസ്ഥാന ലോട്ടറികളുടെ വില്പന കേരളത്തിൽ വർദ്ധിപ്പിക്കുമെന്ന് കരുതുന്നില്ല. ലോട്ടറി നടത്തിപ്പിനായി ചുമതലപ്പെടുത്തിയിരിക്കുന്ന നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതിക്ക് വിധേയമായി മാത്രമേ കേരളത്തിൽ അന്യസംസ്ഥാന ലോട്ടറി നടത്തുവാൻ സാധിക്കുകയുള്ളൂ. നിലവിൽ കേരളത്തിൽ മറ്റ് ലോട്ടറി നടത്തിപ്പിന് അനുമതി നൽകിയിട്ടില്ല. ഇതരസംസ്ഥാന ലോട്ടറികളുടെ കടന്നുവരവിനെ തടയുവാനായി സംസ്ഥാന ലോട്ടറി ഉൾപ്പെടെ ഇതരസംസ്ഥാന ലോട്ടറികളുടെ നടത്തിപ്പ് റെഗുലേറ്റ് ചെയ്യുവാനായി നികുതി വകുപ്പ് സെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടുള്ളതും സെക്രട്ടറിയുടെ അനുമതിക്കും മോണിറ്ററിംഗിനും വിധേയമായി മാത്രമെ കേരളത്തിനുള്ളിൽ ലോട്ടറി നടത്തുവാൻ പാടുള്ളൂവെന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതിയില്ലാതെ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന ഭാഗ്യക്കുറി നടത്തിപ്പുകാരുടെ ടിക്കറ്റുകൾ

പിടിച്ചെടുക്കുന്നതിനും അത്തരക്കാരുടെ സ്ഥാപനം അടച്ചുപൂട്ടി നിയമനടപടി കൈക്കൊള്ളുന്നതിനും കേരള സംസ്ഥാന ലോട്ടറി (റെഗുലേഷൻ) ഭേദഗതി റൂൾ 2018 വ്യവസ്ഥ ചെയ്യുന്നു.

(ബി) 2018-19 സാമ്പത്തിക വർഷം ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പനയിന്മേൽ ചരക്ക് സേവന നികുതിയിനത്തിൽ ലഭ്യമായത് 1111.52 കോടി രൂപയാണ്. ഇതിൽ എസ്.ജി.എസ്.ടി. 555.76 കോടി രൂപയും സി.ജി.എസ്.ടി. 555.76 കോടി രൂപയുമാണ്.

ഭാഗ്യക്കുറി ടിക്കറ്റുകളുടെ 12% ജി.എസ്.ടി. നികുതിയിൽ എസ്.ജി.എസ്.ടി. യായി 6% ലഭിച്ചുകൊണ്ടിരുന്ന സ്ഥാനത്ത് നികുതി 28% ആയി വർദ്ധിക്കുമ്പോൾ എസ്.ജി.എസ്.ടി. ആയി 14% തുക സർക്കാരിന് ലഭിക്കുന്നു. അതായത്, 8% അധിക തുക ജി.എസ്.ടി. ഇനത്തിൽ ലഭിക്കുന്നു.

**ഭാഗ്യക്കുറിയുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനായി നടപടി**

120 (450) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. വി. അൻവർ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭാഗ്യക്കുറിയുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) ലോട്ടറി മാഫിയയുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ലോട്ടറി തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സമ്മാനങ്ങളുടെ തുകയിലും എണ്ണത്തിലും വർദ്ധനവ് വരുത്തി സമ്മാനഘടന നിരവധി തവണ ആകർഷകമാക്കി പരിഷ്കരിച്ചിട്ടുണ്ട്. 30 രൂപ വിൽപ്പന വിലയുണ്ടായിരുന്ന ഭാഗ്യക്കുറി ടിക്കറ്റുകൾ ഘട്ടം ഘട്ടമായി 108 ലക്ഷം വരെ അച്ചടിക്കുകയും ഇതുവഴി വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. ഭാഗ്യക്കുറി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി നിലവിലുണ്ടായിരുന്ന ഓഫീസുകൾക്ക് പുറമെ 18 സബ് ഓഫീസുകൾ കൂടി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

പ്രളയ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി നവകേരള (NK-1) എന്ന പേരിൽ ഒരു ഭാഗ്യക്കുറി നറുക്കെടുപ്പ് നടത്തുകയും അറ്റാദായമായി 16.57 കോടി രൂപ സർക്കാർ ഖജനാവിലേയ്ക്ക് മുതൽക്കൂട്ടുകയും ചെയ്തിട്ടുണ്ട്. എല്ലാ ബമ്പർ നറുക്കെടുപ്പുകളുടെയും സമ്മാനഘടന ആകർഷകമായി പരിഷ്കരിക്കുകവഴി ബമ്പർ നറുക്കെടുപ്പുകളിലും വരുമാനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ബി & സി) കേരളത്തിനകത്ത് ഇതര സംസ്ഥാന ലോട്ടറികൾ വിൽപ്പന നടത്തണമെങ്കിൽ ഇതര സംസ്ഥാന ലോട്ടറിയുടെ സമ്മാനഘടന ഉൾപ്പെടെ കേരള സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വിശദാംശങ്ങൾക്ക് കേരള സംസ്ഥാന നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതി മുൻകൂറായി വാങ്ങണമെന്ന് കേരള പേപ്പർ ലോട്ടറി (റെഗുലേഷൻ) ഭേദഗതി നിയമം 2018-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ചരക്കു സേവന നികുതി ചട്ടം 56(19) പ്രകാരം സംസ്ഥാനത്തിനകത്ത് വില്പന നടത്തുന്ന ലോട്ടറി ടിക്കറ്റുകളുടെ ഏജന്റുമാരോ വിതരണക്കാരോ വിൽക്കാൻ ഉദ്ദേശിക്കുന്ന ലോട്ടറി സംബന്ധിക്കുന്ന താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

1. വിൽപ്പന നടത്തുവാൻ ഉദ്ദേശിക്കുന്ന ലോട്ടറിയുടെ പേര്, അവയുടെ നറുക്കെടുപ്പ് സംബന്ധിക്കുന്ന വിവരം 2010-ലെ ലോട്ടറി (റെഗുലേഷൻ) നിയമം 3(3) & 4 പ്രകാരം അറിയിക്കേണ്ടതാണ്.

2. ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്നത് അവർ വിതരണക്കാരുടെയും വില്പനക്കാരുടെയും നിയമനം സംബന്ധിക്കുന്ന കരാറുകൾ കേരളത്തെ അറിയിക്കേണ്ടതാണ്.

3. ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ വിതരണം നടത്തുന്നത് അവിടെ നിന്നും വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്ന മുഴുവൻ ടിക്കറ്റുകളുടെയും വിവരം ബോധ്യപ്പെടുത്തേണ്ടതാണ്.

4. വിൽപ്പനയ്ക്കായി നൽകിയ ടിക്കറ്റുകളുടെ വിവരം, നറുക്കെടുപ്പ് കഴിഞ്ഞ് വില്പന നടത്താതെ പോയ ടിക്കറ്റുകളുടെ വിവരം, സമ്മാനത്തുകയും സമ്മാനം ലഭിച്ച ആളുകളുടെ പേരും വിലാസവും, വില്പന നടത്താത്ത ടിക്കറ്റുകൾ ലോട്ടറി നടത്തുന്ന സംസ്ഥാനത്തിലേയ്ക്ക് തിരികെ അയച്ചത് സംബന്ധിക്കുന്ന വിവരങ്ങൾ, ലോട്ടറി വില്പനയിൽ നിന്നും ലഭിച്ച തുക ലോട്ടറി നടത്തുന്ന സംസ്ഥാനത്തിന് നൽകിയത് സംബന്ധിച്ച വിവരങ്ങൾ എന്നിവ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കൂടാതെ കേരള ചരക്ക് സേവന നികുതി ചട്ടം 56 (20A) പ്രകാരം സംസ്ഥാനത്തിനകത്ത് ലോട്ടറി വില്പന നടത്തുന്ന ഏജന്റ്/വിതരണക്കാർ തിരുവനന്തപുരം, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിലെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഡെപ്യൂട്ടി കമ്മീഷണർമാരുടെ അധികാര പരിധിയിൽ അതാത് ലോട്ടറി വിതരണങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തി 'ഇൻഫർമേഷൻ റിട്ടേൺ' സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിച്ചിട്ടുള്ള 'ഇൻഫർമേഷൻ റിട്ടേൺ'-ൽ പരാമർശിക്കപ്പെട്ടിട്ടുള്ള ടിക്കറ്റുകൾ പരിശോധന നടത്തുന്നതിലേയ്ക്കായി ആവശ്യപ്പെടുമ്പോഴും അവയിൽ വില്പന നടത്താതെ അവശേഷിക്കുന്ന ടിക്കറ്റുകൾ, അതാത് ഡെപ്യൂട്ടി കമ്മീഷണർ മുമ്പാകെ നേരിട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**ഇതരസംസ്ഥാന ലോട്ടറികളുടെ കടന്നുവരവ്**

121 (451) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നമ്മുടെ സംസ്ഥാനത്ത് ഇതര സംസ്ഥാന ലോട്ടറികൾ വീണ്ടും വിപണനം ആരംഭിക്കുന്ന സാഹചര്യം നിലവിലുണ്ടോ; ഇതര സംസ്ഥാന ലോട്ടറികളുടെ കടന്ന് വരവിനെ തടയുവാൻ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചു വരുന്നത് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

കേരളത്തിനകത്ത് ഇതര സംസ്ഥാന ലോട്ടറികൾ വിൽപ്പന നടത്തണമെങ്കിൽ ഇതര സംസ്ഥാന ലോട്ടറിയുടെ സമ്മാനഘടന ഉൾപ്പെടെ കേരള സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വിശദാംശങ്ങൾക്ക് കേരള സംസ്ഥാന നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതി മുൻകൂറായി വാങ്ങണമെന്ന് കേരള പേപ്പർ ലോട്ടറി (റെഗുലേഷൻ) ഭേദഗതി റൂൾ 2018-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ചരക്കു സേവന നികുതി ചട്ടം 56(19) പ്രകാരം സംസ്ഥാനത്തിനകത്ത് വില്പന നടത്തുന്ന ലോട്ടറി ടിക്കറ്റുകളുടെ ഏജന്റുമാരോ വിതരണക്കാരോ വിൽക്കാൻ ഉദ്ദേശിക്കുന്ന ലോട്ടറി സംബന്ധിക്കുന്ന താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

1. വിൽപ്പന നടത്തുവാൻ ഉദ്ദേശിക്കുന്ന ലോട്ടറിയുടെ പേര്, അവയുടെ നറുക്കെടുപ്പ് സംബന്ധിക്കുന്ന വിവരം 2010-ലെ ലോട്ടറി (റെഗുലേഷൻ) നിയമം 3(3) & 4 പ്രകാരം അറിയിക്കേണ്ടതാണ്.

2. ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്നത് അവർ വിതരണക്കാരുടെയും വില്പനക്കാരുടെയും നിയമനം സംബന്ധിക്കുന്ന കരാറുകൾ കേരളത്തെ അറിയിക്കേണ്ടതാണ്.

3. ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ വിതരണം നടത്തുന്നത് അവിടെനിന്നും വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്ന മുഴുവൻ ടിക്കറ്റുകളുടെയും വിവരം ബോധ്യപ്പെടുത്തേണ്ടതാണ്.

4. വിൽപ്പനയ്ക്കായി നൽകിയ ടിക്കറ്റുകളുടെ വിവരം, നറുക്കെടുപ്പ് കഴിഞ്ഞ് വില്പന നടത്താതെ പോയ ടിക്കറ്റുകളുടെ വിവരം, സമ്മാനത്തുകയും സമ്മാനം ലഭിച്ച ആളുകളുടെ പേരും വിലാസവും, വില്പന നടത്താത്ത ടിക്കറ്റുകൾ ലോട്ടറി നടത്തുന്ന സംസ്ഥാനത്തിലേയ്ക്ക് തിരികെ അയച്ചത് സംബന്ധിക്കുന്ന വിവരങ്ങൾ, ലോട്ടറി വില്പനയിൽനിന്നും ലഭിച്ച തുക ലോട്ടറി നടത്തുന്ന സംസ്ഥാനത്തിന് നൽകിയത് സംബന്ധിച്ച വിവരങ്ങൾ എന്നിവ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കൂടാതെ കേരള ചരക്ക് സേവന നികുതി ചട്ടം 56 (20A) പ്രകാരം സംസ്ഥാനത്തിനകത്ത് ലോട്ടറി വില്പന നടത്തുന്ന ഏജന്റ്/വിതരണക്കാർ തിരുവനന്തപുരം, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിലെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഡെപ്യൂട്ടി കമ്മീഷണർമാരുടെ അധികാര പരിധിയിൽ അതാത് ലോട്ടറി വിതരണങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തി 'ഇൻഫർമേഷൻ റിട്ടേൺ' സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിച്ചിട്ടുള്ള 'ഇൻഫർമേഷൻ റിട്ടേൺ'-ൽ പരാമർശിക്കപ്പെട്ടിട്ടുള്ള ടിക്കറ്റുകൾ പരിശോധന നടത്തുന്നതിലേയ്ക്കായി ആവശ്യപ്പെടുമ്പോഴും അവയിൽ വില്പന നടത്താതെ അവശേഷിക്കുന്ന ടിക്കറ്റുകൾ, അതാത് ഡെപ്യൂട്ടി കമ്മീഷണർ മുമ്പാകെ നേരിട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

നമ്മുടെ സംസ്ഥാനത്ത് ഇതര സംസ്ഥാന ലോട്ടറികൾ വീണ്ടും വിപണനം ആരംഭിക്കുന്ന സാഹചര്യം നിലവിലില്ല. എന്നാൽ ജി.എസ്.ടി. ഏകീകരണം നടപ്പിലായതിനുശേഷം നാഗാലാന്റ് ലോട്ടറി കേരളത്തിൽ വില്പന നടത്തുന്നതിലേയ്ക്കായി നോട്ടിഫിക്കേഷൻ സഹിതം പ്രൊപ്പോസൽ നൽകിയിരുന്നു. കേരള പേപ്പർ ലോട്ടറീസ് (റെഗുലേഷൻ) റൂൾ ഭേദഗതി 2018 പ്രകാരം കേരളത്തിൽ ലോട്ടറി വില്പന കേരള സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതിക്ക് വിധേയമായി മാത്രമേ നടത്താനാകു

എന്ന് നാഗാലാന്റിനെ അറിയിച്ചതിനെ തുടർന്ന് നാഗാലാന്റ് ലോട്ടറി വില്പനയ്ക്കായി നിയോഗിച്ചിരുന്ന M/s Future Gaming Solutions and Hotel Services Pvt. Ltd. എന്ന സ്ഥാപനം ബഹു. ഹൈക്കോടതിയിൽ ടി റൂളുകളുടെ ഭരണഘടനാ സാധുത ചോദ്യം ചെയ്ത WP(C)34025/2019 ഫയൽ ചെയ്തിട്ടുണ്ട്. സീനിയർ അഭിഭാഷകനെ നിയോഗിച്ച് സർക്കാർ ശക്തമായി കേസ് നടത്തിവരുന്നു.

**വ്യാജ ലോട്ടറിയുടെ വിൽപ്പന തടയൽ**

122 (452) ശ്രീ. മോൻസ് ജോസഫ് :

ശ്രീ. പി. ജെ. ജോസഫ് :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കിയശേഷം മറ്റ് സംസ്ഥാന ലോട്ടറികൾ കേരളത്തിലെത്തുന്നത് തടയുവാൻ സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) വ്യാജ ലോട്ടറി തടയുന്നതിന് സർക്കാർ എന്ത് നടപടി സ്വീകരിച്ചുവരുന്നു; സംസ്ഥാന ലോട്ടറിയുടെയും കാരുണ്യാ ലോട്ടറിയുടെയും നറുക്കെടുപ്പുകളുടെ എണ്ണം കൂട്ടാൻ നടപടി സ്വീകരിക്കുമോ;

(സി) കാരുണ്യാ ലോട്ടറിയുടെ കമ്മീഷനും സമ്മാനതുകയും വർദ്ധിപ്പിക്കാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ; കാരുണ്യാ ചികിൽസാ സഹായം ലഭിച്ചുകൊണ്ടിരിക്കുന്ന രോഗികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് കാർഡ് നൽകുന്നുണ്ടോ; ആയതിന്റെ മാനദണ്ഡം അറിയിക്കാമോ?

ഉത്തരം

(എ) കേരളത്തിനകത്ത് ഇതര സംസ്ഥാന ലോട്ടറികൾ വിൽപ്പന നടത്തണമെങ്കിൽ ഇതര സംസ്ഥാന ലോട്ടറിയുടെ സമ്മാനഘടന ഉൾപ്പെടെ കേരള സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വിശദാംശങ്ങൾക്ക് കേരള സംസ്ഥാന നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതി മുൻകൂറായി വാങ്ങണമെന്ന് കേരള പേപ്പർ ലോട്ടറി (റെഗുലേഷൻ) ഭേദഗതി നിയമം 2018-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ചരക്കു സേവന നികുതി ചട്ടം 56(19) പ്രകാരം സംസ്ഥാനത്തിനകത്ത് വില്പന നടത്തുന്ന ലോട്ടറി ടിക്കറ്റുകളുടെ ഏജന്റുമാരോ വിതരണക്കാരോ വിൽക്കാൻ ഉദ്ദേശിക്കുന്ന ലോട്ടറി സംബന്ധിക്കുന്ന താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

1. വിൽപ്പന നടത്തുവാൻ ഉദ്ദേശിക്കുന്ന ലോട്ടറിയുടെ പേര്, അവയുടെ നറുക്കെടുപ്പ് സംബന്ധിക്കുന്ന വിവരം 2010-ലെ ലോട്ടറി (റെഗുലേഷൻ) നിയമം 3(3) & 4 പ്രകാരം അറിയിക്കേണ്ടതാണ്.

2. ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്നത് അവർ വിതരണക്കാരുടെയും വില്പനക്കാരുടെയും നിയമനം സംബന്ധിക്കുന്ന കരാറുകൾ കേരളത്തെ അറിയിക്കേണ്ടതാണ്.

3. ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ വിതരണം നടത്തുന്നത് അവിടെനിന്നും വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്ന മുഴുവൻ ടിക്കറ്റുകളുടെയും വിവരം ബോധ്യപ്പെടുത്തേണ്ടതാണ്.

4. വിൽപ്പനയ്ക്കായി നൽകിയ ടിക്കറ്റുകളുടെ വിവരം, നറുക്കെടുപ്പ് കഴിഞ്ഞ് വില്പന നടത്താതെ പോയ ടിക്കറ്റുകളുടെ വിവരം, സമ്മാനത്തുകയും സമ്മാനം ലഭിച്ച ആളുകളുടെ പേരും വിലാസവും, വില്പന നടത്താത്ത ടിക്കറ്റുകൾ ലോട്ടറി നടത്തുന്ന സംസ്ഥാനത്തിലേയ്ക്ക് തിരികെ അയച്ചത് സംബന്ധിക്കുന്ന വിവരങ്ങൾ, ലോട്ടറി വില്പനയിൽനിന്നും ലഭിച്ച തുക ലോട്ടറി നടത്തുന്ന സംസ്ഥാനത്തിന് നൽകിയത് സംബന്ധിച്ച വിവരങ്ങൾ എന്നിവ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കൂടാതെ കേരള ചരക്ക് സേവന നികുതി ചട്ടം 56 (20A) പ്രകാരം സംസ്ഥാനത്തിനകത്ത് ലോട്ടറി വില്പന നടത്തുന്ന ഏജന്റ്/വിതരണക്കാർ തിരുവനന്തപുരം, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിലെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഡെപ്യൂട്ടി കമ്മീഷണർമാരുടെ അധികാര പരിധിയിൽ അതാത് ലോട്ടറി വിതരണങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തി 'ഇൻഫർമേഷൻ റിട്ടേൺ' സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിച്ചിട്ടുള്ള 'ഇൻഫർമേഷൻ റിട്ടേൺ'-ൽ പരാമർശിക്കപ്പെട്ടിട്ടുള്ള ടിക്കറ്റുകൾ പരിശോധന നടത്തുന്നതിലേയ്ക്കായി ആവശ്യപ്പെടുമ്പോഴും അവയിൽ വില്പന നടത്താതെ അവശേഷിക്കുന്ന ടിക്കറ്റുകൾ, അതാത് ഡെപ്യൂട്ടി കമ്മീഷണർ മുമ്പാകെ നേരിട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

ജി.എസ്.ടി. ഏകീകരണം നടപ്പിലായതിനുശേഷം നാഗാലാന്റ് ലോട്ടറി കേരളത്തിൽ വില്പന നടത്തുന്നതിലേയ്ക്കായി ശിപാർശ സമർപ്പിച്ചിരുന്നു. കേരളത്തിൽ ലോട്ടറി വില്പന കേരള സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതിക്ക് വിധേയമായി മാത്രമേ നടത്താനാകൂ എന്നും

കേരളത്തിലെ ലോട്ടറി നടത്തിപ്പ് G.O.(P) No.66/2018/TD dated 28-4-2018 (കേരള പേപ്പർ ലോട്ടറീസ് (റെഗുലേഷൻ) റൂൾ ഭേദഗതി 2018) പ്രകാരമേ നടത്തുവാൻ അനുവദിക്കുകയുള്ളു എന്ന് നാഗാലാന്റ് ഗവൺമെന്റിനെ അറിയിച്ചിരുന്നു. തുടർന്ന് നാഗാലാന്റ് ലോട്ടറി വില്പനയ്ക്കായി നിയോഗിച്ചിരുന്ന M/s Future Gaming Solutions and Hotel Services Pvt. Ltd. എന്ന സ്ഥാപനം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ടി റൂളുകളുടെ ഭരണഘടനാ സാധുത ചോദ്യം ചെയ്ത് WP(C)34025/2019 പ്രകാരം റിട്ട് ഫയൽ ചെയ്തിട്ടുണ്ട്. സീനിയർ അഭിഭാഷകനെ ഏർപ്പെടുത്തി കേസ് ശക്തമായി നടത്തിവരികയാണ്.

28-ാമത് ജി.എസ്.ടി. കൗൺസിൽ നൽകിയിരുന്ന ശിപാർശകളും ജി.എസ്.ടി. വകുപ്പിന്റെ ശിപാർശകളും ഉൾപ്പെടുത്തി കേരള ലോട്ടറി റൂളുകൾ ഭേദഗതി വരുത്തുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

(ബി) വ്യാജ ഭാഗ്യക്കുറി ടിക്കറ്റുകൾ കണ്ടെത്തുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളിൽ Microletters pattern, Guilloche pattern, Opaque text pattern, Relief pattern, Void pantograph pattern, Invert Microline pattern എന്നീ ആറ് (6) സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് ലോട്ടറി ഏജന്റുമാർക്ക് ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ മുഖാന്തരം ബോധവൽക്കരണ ക്ലാസുകൾ നടത്തിയിട്ടുള്ളതായും അറിയിക്കുന്നു.

എഴുത്തുലോട്ടറി/വ്യാജ ലോട്ടറി സംബന്ധിച്ച് ഏജന്റുമാരിൽ നിന്നും വില്പനക്കാരിൽ നിന്നുമുള്ള പരാതികൾ സ്വീകരിച്ച് പോലീസിൽ പരാതി നൽകുന്നതിന് ജില്ലാ ഭാഗ്യക്കുറി ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എഴുത്തുലോട്ടറി/വ്യാജലോട്ടറി സംബന്ധിച്ച പരാതികൾ പൊതുജനങ്ങൾക്ക് നേരിട്ടറിയിക്കുന്നതിന് ഭാഗ്യക്കുറി വകുപ്പിലൊരു ടോൾ ഫ്രീ നമ്പർ (18004258474) നമ്പർ ആരംഭിച്ചു. എഴുത്തുലോട്ടറി/വ്യാജലോട്ടറി സംബന്ധിച്ച പരാതിയിന്മേൽ സുരക്ഷാപരിശോധന നടത്തി സാക്ഷ്യപത്രം നൽകുന്നതിന് ഭാഗ്യക്കുറി വകുപ്പിലെ അച്ചടിവിഭാഗം ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സമ്മാനത്തിന് ഹാജരാക്കുന്ന ടിക്കറ്റുകളുടെ നിജഃസ്ഥിതി പരിശോധിക്കുന്നതിനായി ഏജന്റുമാർക്കും വില്പനക്കാർക്കും പ്രയോജനപ്രദമാകുന്ന ഒരു മൊബൈൽ ആപ് NIC മുഖാന്തരം വികസിപ്പിച്ചിട്ടുണ്ട്. LOTIS II എന്ന സോഫ്റ്റ്‌വെയർ പരീക്ഷണാടിസ്ഥാനത്തിൽ റോൾഔട്ട് ചെയ്തു കഴിഞ്ഞു. സംസ്ഥാന ലോട്ടറിയുടെയും കാരുണ്യ ലോട്ടറിയുടെയും നറുക്കെടുപ്പുകളുടെ എണ്ണം കൂട്ടുന്ന കാര്യം പരിഗണനയിലില്ല.

(സി) കാരുണ്യ ഭാഗ്യക്കുറി ഉൾപ്പെടെ എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും വിൽപ്പന വില 40 രൂപയായി ഏകീകരിച്ചും സമ്മാനഘടന പരിഷ്കരിച്ചും 1-2-2020-ൽ ഉത്തരവായ സാഹചര്യത്തിൽ വീണ്ടും സമ്മാനഘടന പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നില്ല.

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി 1-4-2019 മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ലയിപ്പിച്ചു. ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള State Health Insurance Authority ആണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നത്. കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ലഭിച്ചുകൊണ്ടിരുന്ന സേവനം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ലഭ്യമാകാത്ത സാഹചര്യത്തിൽ ആയത് പ്രത്യേകം പരിഗണിച്ച് സഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് 2020-21 ബഡ്ജറ്റ് പ്രസംഗത്തിൽ നടത്തിയ പ്രഖ്യാപനം നടപ്പിലാക്കും.

### ലോട്ടറി ടിക്കറ്റുകളുടെ ജി.എസ്.ടി. നിരക്ക് വർദ്ധനവ്

123 (453) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലോട്ടറി ടിക്കറ്റുകളുടെ ജി.എസ്.ടി. നിരക്ക് വർദ്ധിപ്പിച്ച നടപടി സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ വിൽപ്പനയെയും വരുമാനത്തെയും പ്രതികൂലമായി ബാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് മറികടക്കുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ ജി.എസ്.ടി. നിരക്ക് 1-3-2020 മുതൽ 12% ത്തിൽ നിന്നും 28% ആയി ഉയർത്തുന്നതിന് തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭാഗ്യക്കുറികളുടെ വില്പനയെയും വരുമാനത്തെയും ബാധിക്കാത്ത തരത്തിൽ എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും വിൽപ്പന വിലയിൽ മാറ്റം വരുത്തേണ്ട സ്ഥിതി സംജാതമാവുകയും 30 രൂപ വിൽപ്പന വിലയുണ്ടായിരുന്ന ആറ് പ്രതിവാര ഭാഗ്യക്കുറികളുടെയും 50 രൂപ വിൽപ്പന വിലയുണ്ടായിരുന്ന കാരുണ്യ ഭാഗ്യക്കുറിയുടെയും വിൽപ്പന വില 40 രൂപയായി ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്. മുഖവില 31.25 രൂപയാക്കി നിജപ്പെടുത്തി ഇതിന്റെ 28% കൂടി ചേർത്താണ് വിൽപ്പന വില ഏകീകരിച്ചിട്ടുള്ളത്. ഇതുവഴി സർക്കാരിന് ലഭ്യമായിരുന്ന അറ്റാദായത്തിൽ 7% ത്തോളം (ഏകദേശം പകുതിയോളം) തുക കുറവ് വരുത്തുകയും പ്രസ്തുത തുക കൂടി സമ്മാനമായി പൊതുജനങ്ങൾക്ക് നൽകത്തക്ക

വിധത്തിൽ സമ്മാനഘടന ആകർഷകമാക്കി പരിഷ്കരിച്ചിട്ടുണ്ട്. ഭാഗ്യക്കുറി ടിക്കറ്റുകളുടെ 12% ജി.എസ്.ടി. നികുതിയിൽ എസ്.ജി.എസ്.ടി. യായി 6% ലഭിച്ചുകൊണ്ടിരുന്ന സ്ഥാനത്ത് നികുതി 28% ആയി വർദ്ധിക്കുമ്പോൾ എസ്.ജി.എസ്.ടി. ആയി 14% തുക സർക്കാരിന് ലഭിക്കുന്നു. അതായത് 8% അധിക തുക ജി.എസ്.ടി. ഇനത്തിൽ ലഭിക്കുന്നു.

**കെ.എഫ്.സി. -യെ കാര്യക്ഷമമാക്കൽ**

124(454) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി കെ.എഫ്.സി.യുടെ ഓഹരി മൂലധനം ഉയർത്തുന്നതിന് കൂടുതൽ തുക വകയിരുത്തിയിട്ടുണ്ടോ;

(സി) ഒറ്റത്തവണ തീർപ്പാക്കലിലൂടെയും ഊർജ്ജിത കുടിശ്ശിക പിരിവിലൂടെയും കെ.എഫ്.സി.യുടെ നിർജ്ജീവ ആസ്തികൾ എത്ര ശതമാനമായി കുറഞ്ഞിട്ടുണ്ട്;

(ഡി) കെ.എഫ്.സി.യുടെ വായ്പാ പദ്ധതികൾ കൂടുതൽ വിപുലീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**ഉത്തരം**

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കെ.എഫ്.സി. -യുടെ ഡയറക്ടർ ബോർഡിനെ പ്രൊഫഷണലായി പുനഃസംഘടിപ്പിച്ചു.
2. കെ.എഫ്.സി.- യുടെ വായ്പാനയത്തിൽ കാതലായ മാറ്റങ്ങൾ വരുത്തി.
3. കെ.എഫ്.സി. വായ്പകളുടെ അടിസ്ഥാന പലിശ നിരക്ക് 14.5% ആയിരുന്നത് 9% ആയി കുറച്ചു.
4. സ്റ്റാർട്ട് അപ്പ് കാർക്കായി പ്രത്യേകം വായ്പാപദ്ധതികൾ ആവിഷ്കരിച്ചു.

5. നവകേരള നിർമ്മിതിയുടെ ഭാഗമായി സർക്കാർ കരാറുകാർക്ക് വിവിധ വായ്പാ പദ്ധതികൾക്ക് രൂപം നൽകി.

6. സർക്കാർ ബിൽ ഡിസ്കൗണ്ടിംഗ് സ്കീമിൽ കെ.എഫ്.സി.- യെ ഉൾപ്പെടുത്തി.

(ബി) 2020-21 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ ഓഹരി മൂലധനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) 31-3-2016-ൽ 10.5% ആയിരുന്ന നിഷ്ക്രിയ ആസ്തി, ഒറ്റത്തവണ തീർപ്പാക്കലിലൂടെയും ഊർജ്ജിത കുടിശ്ശിക പിരിവിലൂടെയും 31-3-2019 -ഓടെ 5.77% ആയി കുറഞ്ഞു.

(ഡി) ഉണ്ട്. സർക്കാരിന്റെ ബിൽ ഡിസ്കൗണ്ടിംഗ് ഏജൻസിയായി കെ.എഫ്.സി. പ്രവർത്തിക്കുന്നു. കൂടാതെ സ്റ്റാർട്ട് അപ്പുകൾക്ക് പ്രത്യേക വായ്പാ പദ്ധതികളും കെ.എഫ്.സി. വഴി നടപ്പിലാക്കും.

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

125 (455) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) നടപടികളുടെ ഭാഗമായി പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ ഉണ്ടായ പുരോഗതി സംബന്ധിച്ച വിവരങ്ങൾ നൽകാമോ;

(സി) കെ.എഫ്.സി.-യെ ആശ്രയിച്ച് ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ കാലയളവിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നു.

1. കെ.എഫ്.സി. യുടെ ഡയറക്ടർ ബോർഡിനെ പ്രൊഫഷണലായി പുനഃസംഘടിപ്പിച്ചു.

2. കെ.എഫ്.സി.- യുടെ വായ്പാനയത്തിൽ കാതലായ മാറ്റങ്ങൾ വരുത്തി.

3. കെ.എഫ്.സി. വായ്പകളുടെ അടിസ്ഥാന പലിശ നിരക്ക് 14.5% ആയിരുന്നത് 9% ആയി കുറച്ചു.

4. സ്റ്റാർട്ട് അപ്പ് കാർക്കായി പ്രത്യേകം വായ്പാപദ്ധതികൾ ആവിഷ്കരിച്ചു.

5. നവകേരള നിർമ്മിതിയുടെ ഭാഗമായി സർക്കാർ കരാറുകാർക്ക് വിവിധ വായ്പാ പദ്ധതികൾക്ക് രൂപം നൽകി.

6. സർക്കാർ ബിൽ ഡിസ്കൗണ്ടിംഗ് സ്കീമിൽ കെ.എഫ്.സി.യെ ഉൾപ്പെടുത്തി.

(ബി)

1. 2015-16-ലെ കെ.എഫ്.സി. -യുടെ ലാഭം 5.33 കോടി രൂപയിൽ നിന്ന് 2018-19-ൽ 17.70 കോടി രൂപയായി വർദ്ധിച്ചു.

2. 2015-16 സാമ്പത്തിക വർഷം കെ.എഫ്.സി. -യുടെ വായ്പാ ആസ്തി 2400 കോടി രൂപയായിരുന്നു. ഇത് 2018-19-ൽ 2684 കോടി രൂപയായി ഉയർന്നു.

3. 31-3-2016-ൽ 10.5% ആയിരുന്ന നിഷ്ക്രിയ ആസ്തി 31-3-2019 ഓടെ 5.77% ആയി കുറഞ്ഞു.

(സി) ഉണ്ട്. 2015-16 സാമ്പത്തികവർഷം വരെ 45106 സംരംഭകർക്ക് കെ.എഫ്.സി. വഴി വായ്പാസഹായം നൽകിയിരുന്നു. 2018-19 സാമ്പത്തികവർഷം ആയപ്പോൾ അത് 47294 ആയി ഉയർന്നു.

## പ്രവാസി ചിട്ടി

126 (456) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടി പ്രഖ്യാപിച്ചത് ഏത് വർഷത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ചിട്ടി വഴി പ്രവാസി മലയാളികളിൽ നിന്ന് ഓരോ വർഷവും എത്ര രൂപ സമാഹരിക്കാമെന്നാണ് ലക്ഷ്യമിട്ടതെന്ന് വ്യക്തമാക്കാമോ;

(സി) ചിട്ടി പ്രഖ്യാപിച്ചത് മുതൽ ഇന്നേ വരെ എത്ര രൂപ പ്രവാസി മലയാളികളിൽ നിന്ന് സമാഹരിക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ചിട്ടിയോട് പ്രവാസി മലയാളികളിൽ നിന്നും തണുത്ത പ്രതികരണമാണുണ്ടായതെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രവാസി ചിട്ടി പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണെന്നും അതിനുവേണ്ടി വരുന്ന ചെലവ് എന്താണെന്നും വ്യക്തമാക്കാമോ; ഏത് ഗൾഫ് രാജ്യത്ത് നിന്നാണ് പ്രവാസി ചിട്ടി പദ്ധതിയിലേയ്ക്ക് കൂടുതൽ പണം സമാഹരിക്കാൻ കഴിഞ്ഞതെന്നും മറ്റു രാജ്യങ്ങളിൽ നിന്ന് ഇതേവരെ സമാഹരിക്കാൻ കഴിഞ്ഞ തുക എത്രയാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17-ലെ ബഡ്ജറ്റിലാണ് പ്രവാസി ചിട്ടി എന്നൊരാശയം മുന്നോട്ടുവച്ചത്.

(ബി) ഓരോ വർഷവും ഇത്ര രൂപ സമാഹരിക്കാമെന്ന ലക്ഷ്യമല്ല മറിച്ച് 2021 ഓടുകൂടി 10,000 കോടി രൂപയുടെ വിറ്റുവരവിലെത്തുക എന്ന ബൃഹത് ലക്ഷ്യമാണ് പ്രവാസി ചിട്ടി ലക്ഷ്യമിടുന്നത്.

(സി) പ്രവാസി ചിട്ടി പ്രഖ്യാപിച്ചത് മുതൽ ഇന്നേവരെ (27-2-2020) 149.10 കോടി രൂപ പ്രവാസി മലയാളികളിൽ നിന്നും സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) പൂർണ്ണമായും ഓൺലൈൻ സംവിധാനങ്ങളോടെ 2018 നവംബർ മാസം മാത്രമാണ് ഈ പദ്ധതി തുടങ്ങാനായത്. തുടക്കത്തിൽ സാങ്കേതികമായി ചില പോരായ്മകൾ ഉണ്ടായിരുന്നത് പരിഹരിക്കുകയും പ്രവാസി ചിട്ടി വിജയകരമായി അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിലേക്കു മുന്നേറുകയുമാണ്.

(ഇ) പ്രവാസി ചിട്ടിയുടെ നടത്തിപ്പ് ചുമതല പൂർണ്ണമായും കെ.എസ്.എഫ്.ഇ.-യിൽ നിക്ഷിപ്തമാണ്. അതിനുവേണ്ട ഓഫീസ് സംവിധാനങ്ങൾ, സോഫ്റ്റ്‌വെയർ & ഹാർഡ്‌വെയർ പിന്തുണകൾ, പ്രത്യേക കാൾ സെന്റർ സൗകര്യങ്ങൾ, സ്റ്റാഫിന്റെ ശമ്പളം, പ്രവാസി ചിട്ടി ജനങ്ങളിലെത്തിക്കാനുള്ള ഉപാധികൾ എന്നിവയാണ് പ്രധാനമായും പ്രവാസി ചിട്ടി നടത്തിപ്പിനുണ്ടാകുന്ന ചെലവുകൾ, യു.എ.ഇ. യിൽ നിന്നാണ് പ്രവാസി ചിട്ടി പദ്ധതിയിലേയ്ക്ക് ഏറ്റവും കൂടുതൽ പണം സമാഹരിക്കാൻ കഴിഞ്ഞത്, 102.18 കോടി രൂപ. മറ്റു രാജ്യങ്ങളിൽ നിന്നും പ്രവാസി ചിട്ടിക്ക് 46.92 കോടി രൂപയാണ് (27-2-2020 -ലെ കണക്കുകൾ പ്രകാരം) സമാഹരിക്കാൻ കഴിഞ്ഞത്.

## കെ.എസ്.എഫ്.ഇ. -യ്ക്ക് പുതിയ ബ്രാഞ്ചുകൾ

127 (457) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിനായി കാസർഗോഡ് ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളാണ് പരിഗണനയിലുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് പുതുതായി തുടങ്ങുന്നതിന് അനുമതി നൽകിയ കെ.എസ്.എഫ്.ഇ. ശാഖകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) കാസർഗോഡ് ജില്ലയിൽ ചെർക്കള, കാസർഗോഡ് II, കുമ്പള, പെരിയ എന്നീ സ്ഥലങ്ങളിലാണ് കെ.എസ്.എഫ്.ഇ. പുതുതായി ശാഖകൾ ആരംഭിക്കുന്നത്. പുതുതായി ശാഖകൾ ആരംഭിക്കുന്നതിലേയ്ക്കായി ഓഫീസ് കെട്ടിടം ലഭ്യമാക്കുന്നതിനുള്ള നടപടികൾ മേഖലാ തലത്തിൽ പുരോഗമിച്ചുവരുന്നു.

## മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

128 (458) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിന്റെ പുതുക്കിയ ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) നേരത്തെ പ്രസിദ്ധീകരിച്ച ഉത്തരവിൽ നിന്ന് എന്തെല്ലാം മാറ്റങ്ങൾ വരുത്തുന്നതിനാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ; ഇതിന്റെ ഉത്തരവ് എത്രയും വേഗം പുറത്തിറക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അദ്ധ്യാപകർക്കും വേണ്ടി നടപ്പിലാക്കുന്ന മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കുന്നതിനായി 15-7-2019-ലെ സ.ഉ.(പി) നമ്പർ 87/2019/ധന. സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL) യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാണ്. റീ ടെണ്ടറിന് മുന്നോടിയായി 15-7-2019-ലെ സ.ഉ.(പി)നമ്പർ 87/2019/ധന. ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യരംഗത്തെ വിദഗ്ധരെ കൂടി ഉൾപ്പെടുത്തി ഒരു മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് രണ്ടുമാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ടി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർ നടപടികളുടെ ഭാഗമായി റീ ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പുതിയ ഉത്തരവുകൾ പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളൂ.

**സർക്കാർ ജീവനക്കാർക്കുള്ള മെഡിസെപ് പദ്ധതി**

129 (459) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പ് നടപ്പിലാക്കുന്ന കാര്യത്തിൽ സർക്കാരിന്റെ തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ നിന്നും സർക്കാർ പിന്മാറിയോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പിന്മാറിയില്ലെങ്കിൽ നടപടി ക്രമങ്ങൾ വേഗത്തിലാക്കി സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും പെൻഷൻകാർക്കുമുള്ള മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അദ്ധ്യാപകർക്കും വേണ്ടി നടപ്പിലാക്കുന്ന മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി 15-7-2019-ലെ സ.ഉ.(പി) നമ്പർ 87/2019/ധന. സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL) യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എം

പാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാണ്. റീ ടെണ്ടറിന് മുന്നോടിയായി 15-7-2019-ലെ സ.ഉ.(പി)നമ്പർ 87/2019/ധന. ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യരംഗത്തെ വിദഗ്ധരെ കൂടി ഉൾപ്പെടുത്തി ഒരു മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് രണ്ടുമാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ടി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർ നടപടികളുടെ ഭാഗമായി റീ ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതായിരിക്കും.

**സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലെ വരുമാനം**

130 (460) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലയാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ വർഷവും ലഭിച്ച വരുമാനം എത്രയെന്ന് വിശദമാക്കാമോ;

(ബി) സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ വരുമാനം കുറവ് വന്നിട്ടുണ്ടോ എന്നറിയിക്കാമോ ;

(സി) ഉണ്ടെങ്കിൽ അതെന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ)

| വർഷം | സ്റ്റാമ്പ് ഇനത്തിൽ ലഭിച്ച വരുമാനം(രൂപ കോടിയിൽ) |
|---|---|
| 2016-17 | 1701.50 |
| 2017-18 | 2092.45 |
| 2018-19 | 2207.22 |
| 2019-2020 ജനുവരി 31 വരെ | 1771.55 |

(ബി) സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ വരുമാനം കുറവ് വന്നിട്ടില്ല.

(സി) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

**കയർ ഭൂവസ്ത്ര പദ്ധതി**

131 (461) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ മേഖലയുടെ അഭിവൃദ്ധി ലക്ഷ്യമിട്ട് കയർ ഭൂവസ്ത്ര പദ്ധതി വ്യപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മണ്ണൊലിപ്പ് തടയുന്നതിനും തോടുകളുടെയും നീർച്ചാലുകളുടെയും കുളങ്ങളുടെയും സംരക്ഷണത്തിനും തീരസംരക്ഷണത്തിനും മറ്റും വ്യാപകമായി കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ചകിരി നഷ്ടപ്പെടുത്താതെ സംഭരിക്കുന്നതിനും ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കേരളത്തിലെ കയർ വ്യവസായ മേഖലയുടെ രണ്ടാം പുനഃസംഘടനയുടെ പ്രധാന ഘടകങ്ങളിൽ ഒന്നാണ് കയർ ഭൂവസ്ത്രത്തിന്റെ വ്യാപനം. ഈ പദ്ധതി വഴി പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന കയർ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കപ്പെടുകയെന്ന വ്യക്തമായ കാഴ്ചപ്പാടാണുള്ളത്.

'കയർ കേരള 2017' മേളയിൽ വച്ച് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള മണ്ണ്-ജല സംരക്ഷണം, കാർഷിക റോഡ് നിർമ്മാണ പ്രവൃത്തികൾ എന്നിവയിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്നതിനുള്ള കരാർ ഒപ്പുവയ്ക്കുകയുണ്ടായി. മാർച്ച് 2019 വരെ 5608011 സ്ക്വ.മീ. കയർ ഭൂവസ്ത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നിവർ വഴി വിതരണം ചെയ്യുകയും, വിരിക്കുകയും ചെയ്തിട്ടുണ്ട്. കയർപിരി മേഖലയിലും ഉല്പന്നമേഖലയിലുമുള്ള തൊഴിലാളികൾക്ക് പുതുതായി തൊഴിലവസരങ്ങൾ നൽകുന്നതിനും തൊഴിലാളികൾക്ക് സ്ഥിരവരുമാനം ഉറപ്പുവരുത്തുന്നതിനും കയർ ഭൂവസ്ത്ര പദ്ധതിമൂലം സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കുളങ്ങളും തോടുകളും അടക്കമുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കുന്ന

നിർമ്മാണ പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുക വഴി കയർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ചകിരി/കയർ വ്യവസായ സഹകരണ സംഘങ്ങൾക്ക് കൂടുതൽ വർക്ക് ഓർഡറുകൾ ലഭ്യമാകുകയും അതുമൂലം കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. 'കയർ കേരള 2019' മേളയിൽ 103 കോടി രൂപയുടെ കയർ ഭൂവസ്ത്ര വിതരണത്തിനുള്ള ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. ആയതിന്റെ ഫലമായി കയർരംഗത്ത് തൊഴിലും കൂലിയും സുസ്ഥിരമായി നിലനിർത്തുന്നതിന് സാധിക്കുന്നതാണ്.

(ബി) സംസ്ഥാനത്തെ കുളങ്ങളും തോടുകളും അടക്കമുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് 'കയർ കേരള 2019' മേളയിൽ 103 കോടി രൂപയുടെ കയർ ഭൂവസ്ത്ര വിതരണത്തിനുള്ള ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഉപയോഗിക്കപ്പെടുന്ന ചകിരിയുടെ ഗണ്യമായ ഒരു ഭാഗം ഇതരസംസ്ഥാനങ്ങളിൽ നിന്നാണ് ലഭ്യമായിക്കൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിലാണ് കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം ആവിഷ്കരിക്കുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് 500 ചകിരി മില്ലുകൾ ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച പദ്ധതിയിൽ 100 മില്ലുകൾ പൂർത്തിയാക്കിയിട്ടുണ്ട്. 27 ഡീ-ഫൈബറിംഗ് മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡീ-ഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം 'കയർ കേരള 2019' മേളയിൽ ഒപ്പുവയ്ക്കുകയും തുടർപ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. സർക്കാരിന്റെ ഇത്തരം ഇടപെടലിന്റെ ഭാഗമായി ചകിരി ഉല്പാദനത്തിലും സംഭരണത്തിലും മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവുണ്ടായിട്ടുണ്ട്. 2015-16-ൽ കയർഫെഡ് സംസ്ഥാനത്തിനകത്തു നിന്നോ പുറത്ത് നിന്നോ ചകിരി സംഭരിച്ച് കയർ സംഘങ്ങൾക്ക് നൽകിയിരുന്നില്ല. എന്നാൽ 2016-17 മുതൽ കയർഫെഡ് കേരളത്തിലെ ഡീ ഫൈബറിംഗ് മില്ലുകളിൽ നിന്ന് ചകിരി സംഭരിച്ച് സംഘങ്ങൾക്ക് നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

<table>
<tr><td>വർഷം</td><td>ചകിരി വില ലക്ഷത്തിൽ</td><td rowspan="5">2019-20 ജനുവരി 31 വരെ 312.80 ലക്ഷം രൂപ വിലമതിക്കുന്ന ചകിരി സംസ്ഥാനത്ത് ഡി.എഫ്. മില്ലുകളിൽ നിന്ന് കയർഫെഡ് സംഭരിച്ച് സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇത് മുൻ വർഷത്തേക്കാൾ 45.76% അധികമാണ്.</td></tr>
<tr><td>2015-16</td><td>ഇല്ല</td></tr>
<tr><td>2016-17</td><td>50.94</td></tr>
<tr><td>2017-18</td><td>78.14</td></tr>
<tr><td>2018-19</td><td>284.02</td></tr>
</table>

## കയർ ഉല്പാദന മേഖലയിൽ നടപ്പിലാക്കിയ പരിഷ്ക്കരണങ്ങൾ

132 (462) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ കയർ ഉല്പാദന മേഖലയിൽ നടപ്പിലാക്കിയ പരിഷ്ക്കരണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ചകിരി ഉല്പന്നങ്ങളുടെ ഉല്പാദനം വർദ്ധിച്ചിട്ടുണ്ടോ;

(സി) കേരളത്തിലെ കയർ വ്യവസായ മേഖലയിൽ യന്ത്രവൽക്കരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) കേരളത്തിലെ കയർ മേഖലയിൽ തൊഴിൽ ദിനങ്ങളിൽ വർദ്ധന ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ കയർ മേഖലയുടെ രണ്ടാം പുനഃസംഘടന നടപ്പിലാക്കുകയാണ്. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി, കയർ ഉല്പാദനത്തെ ആധുനികവൽക്കരിക്കുന്നതിന് സമ്പൂർണ്ണ യന്ത്രവൽക്കരണം, ഉല്പന്ന മേഖലയിൽ ആധുനികവൽക്കരണം, കയർ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, കയർ ഭൂവസ്ത്ര പദ്ധതി ഇവയാണ് കേരളത്തിലെ കയർ ഉല്പാദന മേഖലയിൽ നടപ്പിലാക്കിയ പരിഷ്ക്കരണ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടവ.

സംസ്ഥാനത്ത് ഇതിനോടകംതന്നെ 100 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡീ-ഫൈബറിംഗ് മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ

ബാങ്കുകളും 80 പുതിയ ഡീ-ഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം 'കയർ കേരള 2019' മേളയിൽ ഒപ്പുവയ്ക്കുകയും തുടർപ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 6056 എണ്ണം ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. കായംകുളം, ആലപ്പുഴ, വൈക്കം, കണ്ണൂർ പ്രോജക്ടുകളിൽ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 240 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. 31-3-2020-ൽ 620 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ ഏഴ് പ്രോജക്ടിലായി സ്ഥാപിക്കുന്ന നടപടി പൂർത്തിയാകും. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളായി 2000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആലപ്പുഴ ജില്ല കേന്ദ്രീകരിച്ചാണ് പ്രധാനമായും ഉല്പന്ന നിർമ്മാണ മേഖല പ്രവർത്തിക്കുന്നത്. നാഷണൽ കോപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ എൻ.സി.ഡി.സി. സഹായത്തോടെ ആലപ്പുഴ പ്രോജക്ടിന് കീഴിലുള്ള മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ നടപടികൾ കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ആരംഭിച്ചിട്ടുണ്ട്.

| വർഷം | കയർ സംഭരണം (ക്വിന്റലിൽ) |
|---|---|
| 2015-16 | 78820.40 |
| 2016-17 | 99793.90 |
| 2017-18 | 124961.00 |
| 2018-19 | 157767.52 |
| 2019-20 ജനുവരി വരെ | 160000 |

(ബി) ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി, കയർ ഉല്പാദനത്തെ ആധുനികവൽക്കരിക്കുന്നതിന് സമ്പൂർണ്ണ യന്ത്രവൽക്കരണം, ഉൽപ്പന്ന മേഖലയിൽ ആധുനികവൽക്കരണം, കയർ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, കയർ ഭൂവസ്ത്ര പദ്ധതി എന്നിവയിലൂടെ കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും ഉല്പാദനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടും 6056 ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കൊണ്ടും

കയർ ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കായംകുളം, ആലപ്പുഴ, വൈക്കം, കണ്ണൂർ പ്രോജക്ടുകളിൽ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 240 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. പരമ്പരാഗത റാട്ടിൽ ശരാശരി 15-18 കിലോഗ്രാം കയർ ഉല്പാദിപ്പിക്കുന്ന സ്ഥാനത്താണ് ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളിൽ 50 കിലോ കയർ ഉല്പാദിപ്പിക്കുന്നത്. 2015-16 വർഷത്തിൽ 78820.40 ക്വിന്റൽ കയർ ഉല്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് 2020 ജനുവരി 31 വരെ 160000 ക്വിന്റൽ ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 200000 ക്വിന്റൽ കയർ ഉല്പാദിപ്പിക്കുന്നതിനാണ് നടപടി സ്വീകരിച്ചുവരുന്നത്. 2019-20 വർഷം അവസാനിക്കുമ്പോൾ കയർ ഉല്പാദനം മൂന്ന് മടങ്ങായി വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത്.

(സി) സംസ്ഥാനത്ത് ഇതിനോടകംതന്നെ 100 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡീ-ഫൈബറിംഗ് മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡീ-ഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം 'കയർ കേരള 2019' മേളയിൽ ഒപ്പുവയ്ക്കുകയും തുടർപ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 6056 എണ്ണം ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. കായംകുളം, ആലപ്പുഴ, വൈക്കം, കണ്ണൂർ പ്രോജക്ടുകളിൽ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 240 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. 31-3-2020-ൽ 620 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ ഏഴ് പ്രോജക്ടിലായി സ്ഥാപിക്കുന്ന നടപടി പൂർത്തിയാകും. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആലപ്പുഴ ജില്ല കേന്ദ്രീകരിച്ചാണ് പ്രധാനമായും ഉല്പന്ന നിർമ്മാണ മേഖല പ്രവർത്തിക്കുന്നത്. നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ എൻ.സി.ഡി.സി. സഹായത്തോടെ ആലപ്പുഴ പ്രോജക്ടിന് കീഴിലുള്ള മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ നടപടികൾ കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ആരംഭിച്ചിട്ടുണ്ട്.

(ഡി) കയർ മേഖലയിൽ നടപ്പിലാക്കി വരുന്ന രണ്ടാം പുനഃസംഘടന പദ്ധതിയുടെ ഗുണഫലമായി കേരളത്തിലെ കയർ മേഖലയിലെ തൊഴിൽ ദിനങ്ങളിൽ വർദ്ധനവുണ്ടായിട്ടുണ്ട്. 2015-16-ൽ 200 ദിവസം തൊഴിൽ നൽകിയ സംഘങ്ങളുടെ എണ്ണം 68 ആയിരുന്നത് 2018-19-ൽ 144 ആയി വർദ്ധിച്ചു. 2015-16-ലെ കയർ ഉല്പാദനം 78820.40 ക്വിന്റൽ ആയിരുന്നത് 2019-20 വർഷത്തിൽ ജനവരി 31 വരെയുള്ള കാലയളവ് നോക്കുമ്പോൾ 160000 ക്വിന്റലായി വർദ്ധിച്ചിട്ടുണ്ട്. കയർ ഉല്പാദനത്തിലുണ്ടായ ഈ വർദ്ധനവ് വ്യക്തമാക്കുന്നത് തൊഴിൽ ദിനങ്ങൾ വർദ്ധിച്ചിട്ടുണ്ടെന്നുതന്നെയാണ്.

**കയർ മേഖലയുടെ പുനരുദ്ധാരണം**

133 (463) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) തൊഴിലാളികൾക്ക് കൂടുതൽ കൂലി ലഭിക്കുന്നതിനും കൂടുതൽ തൊഴിലാളികളെ കയർ മേഖലയിലേക്ക് ആകർഷിക്കുന്നതിനും പ്രസ്തുത പദ്ധതികൾക്കായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കയർ ഉല്പാദനത്തിനാവശ്യമായ തൊണ്ടിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനാവിഷ്കരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) കയർ തൊഴിലാളികൾക്ക് ക്ഷേമ പദ്ധതി നിലവിലുണ്ടോ; കൂടുതൽ തൊഴിലാളികൾക്ക് ആയതിന്റെ ആനുകൂല്യം ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. കയർ മേഖലയിൽ ഈ സർക്കാർ ഒരു രണ്ടാം പുനഃസംഘടന നടപ്പാക്കുകയാണ്. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ്

സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നിവയാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുനഃസംഘടന ഇതുവഴി കൈവരിക്കാനാകും.

തൊണ്ട് സംഭരണം ശക്തിപ്പെടുത്തിയും പൂർണ്ണമായും യന്ത്രവൽക്കരണം നടപ്പിലാക്കിയും പരമാവധി ചകിരി ഉല്പാദിപ്പിച്ച് കയർ മേഖലയെ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ രണ്ടാം പുനഃസംഘടന വിജയപ്രദമായി മുന്നോട്ട് പോവുകയാണ്.

ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉല്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉല്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുടുംബശ്രീ സംസ്ഥാന മിഷനും ജില്ലാ മിഷനുകളുമായി ചർച്ചകൾ നടത്തുകയുണ്ടായി. എന്നാൽ കണ്ണൂർ പ്രോജക്ട് ഓഫീസിനുകീഴിൽ രണ്ടും തൃശ്ശൂർ പ്രോജക്ട് ഓഫീസിനുകീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡീ-ഫൈബറിംഗ് മില്ലുകളാണ് സംസ്ഥാനത്ത് കുടുംബശ്രീ യുണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ളത്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡീ-ഫൈബറിംഗ് യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. കുടുംബശ്രീയിൽ നിന്ന് കൂടുതൽ പ്രൊപ്പോസലുകൾ ലഭ്യമാകുന്നമുറയ്ക്ക് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ചകിരി ഉല്പാദനത്തിൽ നിർണ്ണായക അളവുവരെ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിട്ടിട്ടുള്ളത്. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുകയെന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്ത് ഇതിനോടകംതന്നെ 100 ഡി-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡി-ഫൈബറിംഗ് മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡീ-ഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം 'കയർ കേരള 2019' മേളയിൽ ഒപ്പുവയ്ക്കുകയും തുടർപ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇവയുടെ സ്ഥാപിത ഉല്പാദനശേഷി 200 പ്രവൃത്തിദിനങ്ങളെന്ന കണക്കിൽ 8 കോടി തൊണ്ടുകൾ സംസ്കരിക്കാൻ കഴിയുമെന്നതാണ്. ഇതുവഴി ചകിരി ഉല്പാദനം 5600 ടണ്ണായി വർദ്ധിപ്പിക്കാൻ കഴിയും. ഡീ-ഫൈബറിംഗ് മില്ലുകൾ കയർ സഹകരണ

സംഘങ്ങൾ, കുടുംബശ്രീ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവയ്ക്ക് 90 ശതമാനം, സ്വകാര്യ സംരംഭകർക്ക് 50 ശതമാനം (പരമാവധി 25 ലക്ഷം രൂപ) എന്ന കണക്കിൽ പ്രവർത്തനമൂലധനം കഴിച്ചുള്ള മൊത്തം പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നു. സ്വകാര്യ സംരംഭകർക്ക് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി.) വഴി വായ്പ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുകഴിഞ്ഞു.

മേൽ നടപടികളുടെ ഭാഗമായി മുൻകാലഘട്ടങ്ങളിൽ ചകിരിക്കായി തമിഴ്നാടിനെ ആശ്രയിച്ചിരുന്ന സംഘങ്ങൾക്ക് ഡീ-ഫൈബറിംഗ് മില്ലുകളിൽ ഉല്പാദിപ്പിക്കുന്ന ചകിരി ലഭ്യമാകുന്നുണ്ട്. കൂടാതെ വിവിധ ഡീ-ഫൈബറിംഗ് മില്ലുകൾ, ചകിരി ഉല്പാദക സംഘങ്ങൾ എന്നിവർ ചകിരി ഉല്പാദിപ്പിച്ച് കയർഫെഡിന് നൽകുന്നുണ്ട്. വൈക്കം പ്രോജക്ടിൽ ഡീ-ഫൈബറിംഗ് മിൽ സ്ഥാപിച്ചിട്ടുള്ള സംഘങ്ങൾ സ്വന്തം ആവശ്യത്തിന് ചകിരി ഉല്പാദിപ്പിച്ചെടുക്കുന്നു. കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ആ മേഖലകളിൽ കൂടുതൽ ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകിക്കൊണ്ട് സ്വകാര്യ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായി ഒരു കയർ കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നിലവിൽ വൈക്കം കേന്ദ്രീകരിച്ചാണ് നടക്കുന്നതെങ്കിലും കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്. മുൻകാലങ്ങളിൽ സ്ഥാപിച്ച യന്ത്രസാമഗ്രികളുടെ ഗുണനിലവാരക്കുറവും മെയിന്റനൻസ് സൗകര്യങ്ങളില്ലാതെ പോയതും യന്ത്രവൽക്കരണത്തിന് തിരിച്ചടിയായിട്ടുണ്ട്. മുൻകാല അനുഭവങ്ങളിൽനിന്ന് പാഠമുൾക്കൊണ്ടുകൊണ്ടാണ് രണ്ടാം പുനസംഘടന ആവിഷ്കരിച്ചിട്ടുള്ളത്.

കയർ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 6056 എണ്ണം ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. കായംകുളം, ആലപ്പുഴ, വൈക്കം, കണ്ണൂർ പ്രോജക്ടുകളിൽ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 240 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. 31-3-2020-ൽ 620 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ ഏഴ് പ്രോജക്ടിലായി സ്ഥാപിക്കുന്ന നടപടി പൂർത്തിയാകും. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000

ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആലപ്പുഴ ജില്ല കേന്ദ്രീകരിച്ചാണ് പ്രധാനമായും ഉല്പന്ന നിർമ്മാണ മേഖല പ്രവർത്തിക്കുന്നത്. നാഷണൽ കോപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ എൻ.സി.ഡി.സി. സഹായത്തോടെ ആലപ്പുഴ പ്രോജക്ടിന് കീഴിലുള്ള മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ നടപടികൾ കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ആരംഭിച്ചിട്ടുണ്ട്.

മേൽ സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി കയർ മേഖലയുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിജയപ്രദമായിട്ടുണ്ട്.

(ബി) തൊഴിലാളികൾക്ക് കൂടുതൽ കൂലി ലഭിക്കുന്നതിനും കൂടുതൽ തൊഴിലാളികളെ കയർ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും ഈ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾക്കായിട്ടുണ്ട്.

2015-16-ൽ 12493 രൂപയായിരുന്ന ഒരു തൊഴിലാളിയുടെ ശരാശരി വാർഷിക വരുമാനമെങ്കിൽ 2016-17 -ൽ അത് 29088 രൂപയായി വർദ്ധിച്ചിട്ടുണ്ട്. 2018-19-ൽ കയർപിരി തൊഴിലാളികളുടെ കൂലി 300-ൽനിന്നും 350 രൂപയായി സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കൂലി വർദ്ധനവ് നടപ്പാക്കാൻ കഴിയും. ഇതിനുവേണ്ടി പഠിച്ച് ശിപാർശ സമർപ്പിക്കുന്നതിനായി കയർഫെഡ് ചെയർമാൻ അദ്ധ്യക്ഷനായും നാഷണണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ.) ഡയറക്ടർ കൺവീനറായും ട്രേഡ് യൂണിയൻ പ്രതിനിധികൾ അംഗങ്ങളായും ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ഒരു മാസത്തിനകം ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുപയോഗിച്ച് കയർ പിരിക്കുന്ന സംഘങ്ങളിലെ തൊഴിലാളികളുടെ കൂലി നിശ്ചയിച്ച് നൽകുന്നതിന് സാധിക്കുന്നതാണ്.

(സി) കേരളത്തിൽ തൊണ്ടിന്റെ ലഭ്യത തെക്കൻ കേരളത്തെ അപേക്ഷിച്ച് വടക്കൻ കേരളത്തിലാണ് കൂടുതലായുള്ളത്. അതുകൊണ്ടുതന്നെ തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള 7 ജില്ലകളിൽ ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിന് മുന്തിയ പരിഗണന നൽകുന്നു. കൂടുതൽ മില്ലുകൾ സ്ഥാപിച്ചിട്ടുള്ളതും സംരംഭകർ കൂടുതലായി മുന്നോട്ടുവരുന്നതും വടക്കൻ കേരളത്തിലാണ്. ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതോടെ കേരളത്തിൽ ലഭിക്കുന്ന തൊണ്ടിന്റെ ഉപയോഗം വർദ്ധിച്ചിട്ടുണ്ട്.

| വർഷം | തൊണ്ടിന്റെ എണ്ണം (ലക്ഷം) | വില (ലക്ഷം) |
|---|---|---|
| 2011-12 | 98.54 | 137.97 |
| 2012-13 | 84.98 | 84.53 |
| 2013-14 | 78.96 | 83.18 |
| 2014-15 | 94.09 | 116.92 |
| 2015-16 | 97.42 | 120.92 |
| 2016-17 | 109.31 | 139.27 |
| 2017-18 | 118.94 | 177.61 |
| 2018-19 | 204.01 | 312.59 |

തൊണ്ട് സംഭരണവുമായി ബന്ധപ്പെട്ട് രൂപീകരിച്ച വൈക്കം കയർ കണൺസോർഷ്യം മാതൃകാപരമായി പ്രവർത്തിക്കുന്നുണ്ട്. ഇതേ മാതൃകയിൽ മറ്റ് പ്രോജക്ടുകൾക്കുകീഴിലും തൊണ്ട് സംഭരണം ശക്തമാക്കുന്നതിന് കൺസോർഷ്യങ്ങൾ രൂപീകരിച്ചുവരികയാണ്. പൂർണ്ണമായി യന്ത്രവൽക്കരണം വഴി പരമാവധി ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കയർഫെഡിന്റെ നേതൃത്വത്തിൽ തൊണ്ട് സംഭരണ/ചകിരി വിതരണ സംവിധാനം രൂപീകരിക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. ഇതുവഴി കർഷകന് തൊണ്ടിന്റെ വില യഥാസമയം ലഭ്യമാക്കുന്നതിന് സാധിക്കും.

(ഡി) കേരളത്തിലെ കയർ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി 1989-ൽ രൂപീകരിച്ച കേരള കയർ തൊഴിലാളി ക്ഷേമനിധിയും ക്ഷേമപദ്ധതികളും നിലവിലുണ്ട്. നിലവിൽ ക്ഷേമനിധിയിൽ 1.51 ലക്ഷം തൊഴിലാളികളും 73000 പെൻഷൻകാരുമുണ്ട്. കയർ മേഖലയിലെ ഏതാണ്ട് എല്ലാ തൊഴിലാളികളും ക്ഷേമനിധിയുടെ പരിധിയിൽ വന്നിട്ടുണ്ട്. ആരെങ്കിലും ക്ഷേമനിധിയുടെ പരിരക്ഷയിൽ ഉൾപ്പെടാത്തവരുണ്ടെങ്കിൽ അവരേയും ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മേല്പറഞ്ഞവയ്ക്കുപുറമെ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. കയർപിരി മേഖലയിൽ കൂലിയുടെ ഒരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

2. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.

3. വിരമിച്ച കയർ സഹകരണ സംഘം ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

4. യന്ത്രവൽക്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റമുണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കാൻ പദ്ധതിവഴി സർക്കാർ സഹായം നൽകിവരുന്നുണ്ട്.

**കയർ ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കാൻ നടപടി**

134 (464) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കയർ ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ ;

(ബി) കയർ ഉല്പന്നങ്ങളുടെ പ്രചാരണം വർദ്ധിപ്പിക്കുന്നതിനായി ഭാവിയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ കയർ മേഖലയുടെ രണ്ടാം പുനഃസംഘടന നടപ്പിലാക്കുകയാണ്. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി, കയർ ഉല്പാദനത്തെ ആധുനികവത്ക്കരിക്കുന്നതിന് പരിപൂർണ്ണമായ യന്ത്രവൽക്കരണം, ഉല്പന്ന മേഖലയിൽ ആധുനികവത്ക്കരണം, കയർ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, കയർ ഭൂവസ്ത്ര പദ്ധതി ഇവയാണ് കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ.

സംസ്ഥാനത്ത് ഇതിനോടകംതന്നെ 100 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡീ-ഫൈബറിംഗ് മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡീ-ഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം 'കയർ കേരള 2019' മേളയിൽ ഒപ്പുവയ്ക്കുകയും തുടർപ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 6056 എണ്ണം ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ

സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. കായംകുളം, ആലപ്പുഴ, വൈക്കം, കണ്ണൂർ പ്രോജക്ടുകളിൽ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 240 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. 31-3-2020-ൽ 620 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ ഏഴ് പ്രോജക്ടിലായി സ്ഥാപിക്കുന്ന നടപടി പൂർത്തിയാകും. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആലപ്പുഴ ജില്ല കേന്ദ്രീകരിച്ചാണ് പ്രധാനമായും ഉല്പന്ന നിർമ്മാണ മേഖല പ്രവർത്തിക്കുന്നത്. നാഷണൽ കോപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ എൻ.സി.ഡി.സി. സഹായത്തോടെ ആലപ്പുഴ പ്രോജക്ടിന് കീഴിലുള്ള മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ നടപടികൾ കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ആരംഭിച്ചിട്ടുണ്ട്.

കയർ ഉല്പാദനത്തിൽ വന്നിട്ടുള്ള വർദ്ധനവിന്റെ വിശദാംശങ്ങൾ

| വർഷം | കയർ ഉല്പാദനം (ക്വിന്റലിൽ) |
|---|---|
| 2015-16 | 78820.40 |
| 2016-17 | 99793.90 |
| 2017-18 | 124961.00 |
| 2018-19 | 157767.52 |
| 2019-20 ജനുവരി വരെ | 160000 |

സംസ്ഥാനത്ത് കയറിന്റെയും കയറുല്പന്നങ്ങളുടെയും വിപണി വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരമായി നിലനിർത്തുന്നതിനും സർക്കാർ വലിയ പരിഗണന നൽകുന്നു. 'കയർ കേരള 2017' മേളയിൽവച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ഗ്രാമപഞ്ചായത്തുകളും എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷനുമായി ചേർന്ന് ഒപ്പുവച്ചതാണ് ഏറ്റവും ശ്രദ്ധേയമായ നടപടി. ഇതുവഴി കയർ മേഖലയിലും കയർ ഉല്പന്ന മേഖലയിലും സംഭരണത്തിലും വിതരണത്തിലും ഗണ്യമായ പുരോഗതിയും കൂടുതൽ തൊഴിൽ ദിനങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2017-18, 2018-19 സാമ്പത്തികവർഷത്തിൽ 5608011 സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രം കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവർവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതുവഴി കയർപിരി മേഖലയിലും കയർ ഉല്പന്ന മേഖലയിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്. 'കയർ കേരള 2019' മേളയിൽ 103 കോടി

രൂപയുടെ കയർ ഭൂവസ്ത്ര ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. ആയതിന്റെ ഫലമായി കയർ മേഖലയിൽ തൊഴിലും കൂലിയും ഉറപ്പാക്കുന്നതിന് സാധിച്ചു.

കയർ അപ്പക്സ് സഹകരണ സംഘമായ കയർഫെഡും പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡും അവരവരുടെ ഉല്പന്നങ്ങൾ സംബന്ധിച്ച് പരസ്യ പ്രചാരണങ്ങൾ നടത്തുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാദേശിക ഉത്സവകാലങ്ങളിലും കയർ ഉല്പന്നങ്ങളുടെ വിപണന മേള കയർ പൊതുമേഖലാ സ്ഥാപനങ്ങൾ സംഘടിപ്പിച്ചു വരുന്നു. 2017-ൽ സംസ്ഥാനത്ത് കയർ വികസന വകുപ്പ് നടപ്പിലാക്കിയ കയർ കാർണിവൽ വഴി ക്രയവില സ്ഥിരതാ പദ്ധതിയിലൂടെ സർക്കാർ സംഭരിച്ച 10 കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

2019-ൽ കൽക്കട്ടയിൽ വച്ചുനടന്ന നാച്വറൽ ഫൈബറുകളുടെ സെമിനാറിൽ പങ്കെടുത്ത ഫ്രാൻസിൽ നിന്നെത്തിയ സംഘം കയർ ജിയോ ടെക്സ്റ്റൈൽസ് ഇറക്കുമതി ചെയ്യുന്നതിന് കയർഫെഡുമായി ധാരണയിലെത്തുകയും 25.86 ലക്ഷം രൂപ വിലമതിക്കുന്ന കയർ ഭൂവസ്ത്രം കയർഫെഡിൽനിന്ന് വാങ്ങുകയും ചെയ്തിട്ടുണ്ട്. തുടർന്നും ഓർഡർ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നിവയുടെ വിറ്റുവരവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | വിറ്റുവരവ് | |
|---|---|---|
| | കയർ കോർപ്പറേഷൻ (തുക കോടിയിൽ) | കയർഫെഡ് (തുക കോടിയിൽ) |
| 2015-16 | 103 | 56.53 |
| 2016-17 | 105 | 68.58 |
| 2017-18 | 113 | 110.86 |
| 2018-19 | 178 | 125.72 |

2015-16-ൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ വിറ്റുവരവ് 103 കോടി രൂപയായിരുന്നത് 2018-19-ൽ 178 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. വിറ്റുവരവിൽ 72.8 ശതമാനം വർദ്ധനവ് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ഈ കാലയളവിൽ കൈവരിച്ചിട്ടുണ്ട്. 2015-16-ൽ കയർഫെഡിന്റെ വിറ്റുവരവ് 56.53 കോടി രൂപയായിരുന്നത് 2018-19-ൽ 125.72 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. വിറ്റുവരവിൽ 122.39 ശതമാനം വർദ്ധനവ് ഈ കാലയളവിലുണ്ടായി. കയർ ഉല്പന്നങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഗുണഫലമാണ് ഈ കണക്കുകൾ വെളിവാക്കുന്നത്.

(ബി) കയർ ജിയോ ടെക്സ്റ്റൈൽസ് പദ്ധതി, കയർ കാർണിവൽ, ബയന്റർലസ് കയർ കോമ്പോസിറ്റ് ബോർഡുകളുടെ നിർമ്മാണം എന്നിവയാണ് വിപണി വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ.

സംസ്ഥാനത്ത് കയറിന്റെയും കയറുല്പന്നങ്ങളുടെയും വിപണി വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരമായി നിലനിർത്തുന്നതിനും സർക്കാർ വലിയ പരിഗണന നൽകുന്നു. 'കയർ കേരള 2017' മേളയിൽവച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ഗ്രാമപഞ്ചായത്തുകളും എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷനുമായി ചേർന്ന് ഒപ്പുവച്ചതാണ് ഏറ്റവും ശ്രദ്ധേയമായ നടപടി. ഇതുവഴി കയർ മേഖലയിലും കയർ ഉല്പന്ന മേഖലയിലും സംഭരണത്തിലും വിതരണത്തിലും ഗണ്യമായ പുരോഗതിയും കൂടുതൽ തൊഴിൽ ദിനങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2017-18, 2018-19 സാമ്പത്തിക വർഷത്തിൽ 5608011 സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രം കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവർവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം നടത്തിയിട്ടുണ്ട്.

കയറുല്പന്ന വിപണത്തിനായി കയർ കാർണിവൽ 2017 നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതിയിലൂടെ 127 ബ്രാന്റ് ഔട്ട്ലെറ്റുകളിലൂടെ സംസ്ഥാനത്താകെ 9 തെരഞ്ഞെടുക്കപ്പെട്ട ഉല്പന്നങ്ങൾ 50 ശതമാനം സബ്സിഡി നൽകി വിറ്റഴിച്ചു. 15 കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ ഇതുവഴി വിതരണം ചെയ്തു.

കയറിന്റെയും പ്രകൃതിദത്ത നാരുകളുടെയും അന്തർദേശീയ പ്രദർശന മേളയായ കയർ കേരളയോടനുബന്ധിച്ച് വിപുലമായ പ്രചാരണ പ്രവർത്തനങ്ങളാണ് എല്ലാ വർഷവും നടത്തിവരുന്നത്. എന്നാൽ 2018-ൽ പ്രളയം ബാധിച്ചതിനെ ത്തുടർന്ന് മേള നടത്താൻ കഴിഞ്ഞിട്ടില്ല. 2019 കയർ കേരള വഴി 399 കോടി രൂപയുടെ ഓർഡറുകൾ കയർഫെഡിനും കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ലഭിക്കുന്നതിനുള്ള ധാരണയായിട്ടുണ്ട്. 103 കോടി രൂപയുടെ കയർ ഭൂവസ്ത്ര ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. കയർഫെഡും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡും അവരവരുടെ ഉല്പന്നങ്ങൾ സംബന്ധിച്ച് പരസ്യ പ്രചാരണങ്ങൾ നടത്തുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാദേശിക ഉത്സവകാലങ്ങളിലും കയർ ഉല്പന്നങ്ങളുടെ വിപണനമേള കയർ പൊതുമേഖലാ സ്ഥാപനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കൽക്കട്ടയിൽവച്ച് 2019-ൽ നടന്ന നാച്വറൽ ഫൈബറുകളുടെ സെമിനാറിൽ പങ്കെടുത്ത ഫ്രാൻസിൽ നിന്നെത്തിയ സംഘം കയർ ജിയോ ടെക്സ്റ്റൈൽസ് ഇറക്കുമതി ചെയ്യുന്നതിന് കയർഫെഡുമായി ധാരണയിലെത്തുകയും 25.86 ലക്ഷം രൂപ വിലമതിക്കുന്ന കയർ ഭൂവസ്ത്രം കയർഫെഡിൽനിന്നും വാങ്ങുകയും ചെയ്തിട്ടുണ്ട്.

## കയർ കേരള 2019

135(465) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'കയർ കേരള 2019' എന്ന പേരിൽ മേള സംഘടിപ്പിച്ചിരുന്നോ;

(ബി) കയർ മേഖല അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ പ്രസ്തുത മേള എപ്രകാരം സഹായകമായി എന്ന് വിശദമാക്കുമോ;

(സി) ഏതൊക്കെ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പ്രസ്തുത മേളയിൽ പങ്കെടുത്തുവെന്ന് വ്യക്തമാക്കുമോ;

(ഡി) കയർ ഭൂവസ്ത്രം വിൽക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും സ്ഥാപനങ്ങളുമായി കരാറിൽ ഒപ്പ് വച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ഇ) കയർ ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന് ഏതൊക്കെ മേഖലകളിലാണ് ഊന്നൽ നൽകുന്നത്; ഈ മേഖലകളിലെ യന്ത്രവൽക്കരണം പരമ്പരാഗത മേഖലയിലെ തൊഴിലാളികളെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അവരെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദ വിവരം നൽകാമോ?

ഉത്തരം

(എ) ആലപ്പുഴയിൽ ഇ.എം.എസ്. സ്റ്റേഡിയത്തിൽവച്ച് 2019 ഡിസംബർ 4 മുതൽ 9 വരെ 'കയർ കേരള 2019' എന്ന മേള സംഘടിപ്പിച്ചിരുന്നു.

(ബി) കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും പ്രദർശനത്തിനും വില്പനയ്ക്കുമായി എല്ലാ വർഷവും കയർ കേരള എന്ന പേരിൽ അന്താരാഷ്ട്ര പ്രദർശന വിപണനമേള സംഘടിപ്പിക്കുന്നു. കയർ കേരള 2017-ൽ വച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ഗ്രാമപഞ്ചായത്തുകളും എം.ജി.എൻ.ആർ.ഇ.ജി.എസ്.മായി ഒപ്പുവച്ചിരുന്നു. ഇതുവഴി കയർ മേഖലയിലും കയർ ഉല്പന്ന മേഖലയിലും സംഭരണത്തിലും വിതരണത്തിലും ഗണ്യമായ പുരോഗതിയും കൂടുതൽ തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കയർ കേരള 2019-ൽ 103 കോടി രൂപയുടെ കയർ ഭൂവസ്ത്ര ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. ആയതിന്റെ ഫലമായി കയർ രംഗത്ത് തൊഴിലും കൂലിയും ഉറപ്പാക്കി സുസ്ഥിരമായി നിലനിർത്തുന്നതിന് സാധിക്കുന്നതാണ്. കയർ കേരള 2019 വഴി 399 കോടി

രൂപയുടെ ഓർഡറുകൾ കയർ അപ്പക്സ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ലഭിക്കുമെന്നുള്ള ധാരണയുണ്ടായിട്ടുണ്ട്. ഇതിൽ 181 കോടി രൂപ ആഭ്യന്തര വിപണിയിൽനിന്നും 218 കോടി രൂപ കയറ്റുമതി വഴി വിദേശ വിപണിയിൽ നിന്നും ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കയർ കേരള വഴി കയർ കോർപ്പറേഷന് 167.50 കോടി രൂപയുടെ ഓർഡറാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 47 കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ വിതരണം ചെയ്തുകഴിഞ്ഞു. കയർ കേരളയുമായി ബന്ധപ്പെട്ട് 40 ലക്ഷം രൂപയുടെ കയറും കയർ ഉല്പന്നങ്ങളും കയർഫെഡ് വില്പന നടത്തിയിട്ടുണ്ട്.

(സി) 31 രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ കയർ കേരള 2019-ൽ പങ്കെടുക്കുകയുണ്ടായി. റൊമാനിയ, ടർക്കി, ചൈന, ബ്രസീൽ, യു.കെ., സ്വീഡൻ, മലേഷ്യ, ഗ്രീസ്, നെതർലന്റ്സ്, കാനഡ, ഫ്രാൻസ്, യു.എ.ഇ., കെനിയ, റഷ്യ, ബംഗ്ലാദേശ്, സ്പെയിൻ, ആസ്ട്രേലിയ, ഇറ്റലി, ഉഗാണ്ട, ജർമ്മനി, ഖത്തർ, തായ്‌ലാന്റ്, യു.എസ്.എ., ന്യൂസിലന്റ്, ഈജിപ്റ്റ്, ടെൻമാർക്ക്, ലാവോസ്, നേപ്പാൾ, വിയറ്റ്നാം, ഹങ്കറി, മൗറിഷ്യസ് എന്നീ രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളാണ് കയർ കേരള 2019-ൽ പങ്കെടുത്തത്.

(ഡി) കയർ ഭൂവസ്ത്രം വിൽക്കുന്നത് സംബന്ധിച്ച് കയർ കേരള 2019-ൽ 103 കോടി രൂപയുടെ കയർ ഭൂവസ്ത്ര ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്.

2017-18, 2018-19 സാമ്പത്തിക വർഷത്തിൽ 5608011 സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രം കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ തുടങ്ങിയ കയർ പൊതുമേഖലാ സ്ഥാപനങ്ങൾവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതുവഴി കയർപിരി മേഖലയിലും കയർ ഉല്പന്ന മേഖലയിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ഇ) കയർ വ്യവസായത്തിന്റെ വൈവിദ്ധ്യവൽക്കരണവുമായി ബന്ധപ്പെട്ട് പരമാവധി ചകിരി ഉല്പാദിപ്പിച്ച് കയർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് 'കയർ മേഖലയിലെ രണ്ടാം പുനഃസംഘടന.'

കയർ മേഖല സമ്പൂർണ്ണ യന്ത്രവൽക്കരണത്തിലൂടെ ആധുനികവത്ക്കരിക്കുന്നതിനായി നടപ്പിലാക്കിവരുന്ന കയർ രണ്ടാം പുനഃസംഘടന വിജയകരമായി നടപ്പിലാക്കിവരുന്നു. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്ക്കരിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ

നിയന്ത്രണങ്ങളും എടുത്തുമാറ്റിക്കൊണ്ട് കയർ മേഖലയിൽ യന്ത്രവൽക്കരണവും ആധുനികവൽക്കണവും നടപ്പാക്കുകയാണ്. എന്നാൽ ഈ മാറ്റം പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയും കൂലിയെയും യാതൊരു വിധത്തിലും ബാധിക്കാത്ത തരത്തിലാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിനായി പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയർ ഉല്പാദനത്തിന് കൂലിയുടെ ഒരു വിഹിതം ഇൻകം സപ്പോർട്ട് എന്ന രീതിയിൽ സർക്കാർ വഹിക്കും. ഇവർ ഉല്പാദിപ്പിക്കുന്ന മുഴുവൻ കയറും കയർഫെഡ് വഴി സംഭരിക്കും. ഈ കയറുകൾ വിറ്റഴിക്കുന്നതിന് സർക്കാർ സബ്സിഡി നൽകും. വരുമാനം ഉറപ്പാക്കാൻ പദ്ധതി പ്രകാരം 2016-17 മുതൽ പ്രതിവർഷം ചെലവഴിച്ച തുക താഴെ പറയുന്നു.

| വർഷം | തുക |
|---|---|
| 2016-17 | 12,44,50,000 |
| 2017-18 | 15,07,33,457 |
| 2018-19 | 22,64,08,498 |
| 2019-20 ഫെബ്രുവരി 15 വരെ | 15,00,00,000 |

പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയർ വിറ്റഴിക്കുന്നതിനായി കയർഫെഡിന് നൽകിയ പി.പി.എസ്.എസ്. തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | തുക |
|---|---|
| 2016-17 | 21,38,00,000 |
| 2017-18 | 25,40,71,758 |
| 2018-19 | 29,41,85,685 |
| 2019-20 ജനുവരി 15 വരെ | 29,09,45,051 |

കയർ മേഖലയിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മില്ലുകൾ സ്ഥാപിക്കുന്നതോടെ തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയുകയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും തന്മൂലം വരുമാനം കൂടുകയും ചെയ്യും. മെച്ചപ്പെട്ട വരുമാനം ലഭ്യമാകുകയും തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുകയും ചെയ്യും. എന്നാൽ എ.എസ്.എം.കളിലേയ്ക്ക് മാറാൻ കഴിയാത്ത ഒരു തൊഴിലാളിക്കും തൊഴിൽ നഷ്ടപ്പെടുകയില്ലായെന്ന് ഉറപ്പുവരുത്തിക്കൊണ്ടാണ് സർക്കാർ സമ്പൂർണ്ണ യന്ത്രവൽക്കരണ പരിപാടികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പരമ്പരാഗത കയർ തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ടുതന്നെ കയർ രണ്ടാം പുനഃസംഘടന വിജയകരമായി മുന്നോട്ടുപോകുകയാണ്.

ഇതിന്റെ ഭാഗമായി കയർ വ്യവസായ സഹകരണ സംഘങ്ങളിൽ പരമ്പരാഗത രീതിയിൽ തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന മുഴുവൻ കയറും കൂലി നൽകിയെന്ന് ഉറപ്പാക്കിയശേഷം കയർഫെഡുവഴി സർക്കാർ സംഭരിക്കും. കൂലിയുടെ ഒരു ഭാഗം (110 രൂപ) പ്രതിദിനം വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഭാഗമായി പരമ്പരാഗത റാട്ടുകളിലും ഇലക്ട്രോണിക് റാട്ടുകളിലും തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്നു. 2018-19 വർഷത്തിൽ 22.46 കോടി രൂപ ഈ ഇനത്തിൽ സർക്കാർ നൽകിയിട്ടുണ്ട്. ഈ വർഷം ജനുവരി 31 വരെ 15 കോടി രൂപ നൽകിയിട്ടുണ്ട്. ഈ വർഷം 25 കോടി രൂപ ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്. ഈ തുക പൂർണ്ണമായും പരമ്പരാഗത തൊഴിലാളികൾക്ക് മാത്രമായി നൽകുന്നതാണ്. തൊഴിലാളികളുടെ കൂലി പ്രതിദിനം 300 രൂപയിൽനിന്നും 350 രൂപയാക്കി 1-1-2019 മുതൽ ഉയർത്തിയിട്ടുണ്ട്.

പരമ്പരാഗത രീതിയിൽ ചകിരി ഉല്പാദനത്തിലേർപ്പെട്ടിരുന്ന കയർ സഹകരണ സംഘങ്ങളിൽ ഡിഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുക വഴി ചകിരി ഉല്പാദനം ഗണ്യമായ തോതിൽ വർദ്ധിക്കുകയും ടി സംഘങ്ങൾ ചകിരിയുടെ കാര്യത്തിൽ സ്വയംപര്യാപ്തമാവുകയും ചെയ്തിട്ടുണ്ട്. കൂടാതെ കയർപിരി മേഖലയിൽ പരമ്പരാഗത റാട്ടുകൾക്കുപകരം ഇലക്ട്രോണിക് റാട്ടുകൾ/ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കയർ ഉല്പന്ന വൈവിദ്ധ്യ വൽക്കരണത്തിൽ, യന്ത്രവൽക്കരണ പദ്ധതിയിൽ കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ കോമ്പോസിറ്റ് ബോർഡ്സ്, കയർ അക്വസ്റ്റിക്സ് പാനൽസ് എന്നിങ്ങനെയുള്ള ഉല്പന്നങ്ങളുടെ നിർമ്മാണത്തിനാണ് പ്രാമുഖ്യം നൽകുന്നത്. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പോസിറ്റ് ബോർഡുകൾ നിർമ്മിക്കുന്ന ഫാക്ടറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എൻ.സി.ആർ.എം.ഐ. കയർ അക്വസ്റ്റിക്സ് പാനലുകളുടെ സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ ചകിരിച്ചോറിൽനിന്നും കുറഞ്ഞ കാലയളവിൽ ജൈവവളം നിർമ്മിക്കുന്ന സാങ്കേതികവിദ്യയും വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് തൃശ്ശൂർ, വൈക്കം എന്നീ പ്രോജക്ടുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

## കയർ പുനഃസംഘടനാ സ്കീം

136 (466) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം കയർ പുനഃസംഘടനാ സ്കീമിന് രൂപം നൽകിയിട്ടുണ്ടോ; ഇതിൽ ഏതൊക്കെ മേഖലകൾക്കാണ് ഊന്നൽ നൽകുന്നത്; വ്യക്തമാക്കാമോ;

(ബി) ഇതിനായി എൻ.സി.ഡി.സി.യിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത ധനസഹായം ഏതൊക്കെ മേഖലകളുടെ ഉത്തേജനത്തിനായി ഉപയോഗിച്ചുവെന്നും, ഇതുമൂലം ഉണ്ടായിട്ടുള്ള മാറ്റം വിലയിരുത്തിയിട്ടുണ്ടോയെന്നും അറിയിക്കാമോ;

(ഡി) കയർ സഹകരണ സംഘങ്ങൾ വഴിയും, നാളികേര ഉല്പാദക പ്രൊഡ്യൂസർ കമ്പനികളുടെ ആഭിമുഖ്യത്തിലും സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന 30 ശതമാനം തൊണ്ട് സംസ്കരിച്ച് ചകിരി ഉല്പാദിപ്പുക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) രണ്ടാം കയർ പുനഃസംഘടനാ സ്കീമിന് രൂപം നൽകിയിട്ടുണ്ട്. കയർ മേഖല സമ്പൂർണ്ണ യന്ത്രവൽക്കരണത്തിലൂടെ ആധുനികവൽക്കരിക്കുന്നതിനായി നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുനഃസംഘടന. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്ക്കരിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുനഃസംഘടന ഇതുവഴി കൈവരിക്കാനാകുമെന്ന് കരുതുന്നു. സംസ്ഥാനത്ത് ഇതിനോടകംതന്നെ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019-ൽ ഒപ്പുവയ്ക്കുകയും തുടർപ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 6056 എണ്ണം ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. കായംകുളം, ആലപ്പുഴ, വൈക്കം, കണ്ണൂർ പ്രോജക്ടുകളിൽ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 240 എ.എസ്.എം.-കൾ

സ്ഥാപിച്ചുകഴിഞ്ഞു. 31-3-2020-ൽ 620 എ.എസ്.എം.-കൾ 7 പ്രോജക്ടുകളിലായി സ്ഥാപിക്കുന്ന നടപടി പൂർത്തിയാകും. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 എ.എസ്.എം.-കൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) കയർ പുനഃസംഘടനാ പദ്ധതി ഊർജ്ജിതമാക്കുന്നതിനായി എൻ.സി.ഡി.സി.-യിൽനിന്ന് 200 കോടി രൂപയുടെ ധനസഹായത്തിനുള്ള പ്രൊപ്പോസലിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിൽ 110 കോടി രൂപ ലഭ്യമായിട്ടുണ്ട്.

(സി) യന്ത്രവൽക്കരണം, കയർ മ്യൂസിയം, പ്രവർത്തന മൂലധനം, പുതിയ ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കൽ, റിസർച്ച് & ഡെവലപ്മെന്റ്, കയർഫെഡിന്റെ ശാക്തീകരണം, മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം, പരിശീലനം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ മേഖലകളിലാണ് സഹായം ലഭ്യമാകുന്നത്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കി ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനും എൻ.സി.ഡി.സി. ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. ഗുണമേന്മ ഉറപ്പാക്കുന്നതിനായി ആലപ്പുഴയിലെ തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങളിൽ ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് എൻ.സി.ഡി.സി. സഹായത്തോടെ തുക അനുവദിച്ചുകഴിഞ്ഞു. കായംകുളം, ആലപ്പുഴ, വൈക്കം, തൃശ്ശൂർ, കണ്ണൂർ തുടങ്ങിയ പ്രോജക്ടുകളിൽ തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങളിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് ഫാക്ടറി ടൈപ്പ് സംഘങ്ങളായി അവയെ ആധുനികവൽക്കരിക്കുകയാണ്. ബയന്റർലെസ് കയർ ബോർഡുകളുടെ നിർമ്മാണത്തിനായി എൻ.സി.ഡി.സി. ധനസഹായം ലഭ്യമായിട്ടുണ്ട്.

(ഡി) പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉല്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. കണ്ണൂർ പ്രോജക്ട് ഓഫീസിനുകീഴിൽ രണ്ടും തൃശ്ശൂർ പ്രോജക്ട് ഓഫീസിനുകീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡി.എഫ്. മില്ലുകളാണ് സംസ്ഥാനത്ത് കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ളത്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡി.എഫ്. യൂണിറ്റുകൾകൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

## കയർ വ്യവസായ മേഖലയിലെ ആധുനികവൽക്കരണം

137 (467) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യന്ത്രവൽക്കരണത്തിലൂടെ ആധുനികവൽക്കരിച്ചാൽ മാത്രമേ സംസ്ഥാനത്തെ കയർ വ്യവസായം നിലവിലെ പ്രതിസന്ധിയിൽ നിന്നും കരകയറുകയുള്ളൂ എന്ന് വിലയിരുത്തുന്നുണ്ടോ;

(ബി) കയർ മേഖലയിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിനെ ശക്തമായി എതിർക്കുകയും അതിനെതിരെ നിരന്തര സമരം സംഘടിപ്പിച്ച് പ്രസ്തുത മേഖലയിലെ വ്യവസായികളെ സംസ്ഥാനം വിടുവാൻ പ്രേരിപ്പിക്കുകയും ചെയ്തത് തെറ്റായിപ്പോയി എന്ന ആക്ഷേപം വിലയിരുത്തുന്നുണ്ടോ;

(സി) യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിനോടൊപ്പം നിലവിലുള്ള പരമ്പരാഗത തൊഴിലാളികൾക്ക് ഇരുനൂറ് ദിവസത്തെ തൊഴിലും മിനിമം വേതനവും ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയ കയർ സർവ്വേയിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഇ) കയർ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കയർ വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി ചകിരിയുടെ ദൗർലഭ്യമാണ്. പരമാവധി ചകിരി ഉല്പാദിപ്പിച്ച് കയർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കയർ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് കയർ മേഖലയിലെ രണ്ടാം പുനഃസംഘടന. കയർ സഹകരണ സംഘങ്ങളിൽ ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുകവഴി ചകിരി ഉല്പാദനം ഗണ്യമായ തോതിൽ വർദ്ധിക്കുകയും ടി സംഘങ്ങൾ ചകിരിയുടെ കാര്യത്തിൽ സ്വയംപര്യാപ്തമാകുകയും ചെയ്തിട്ടുണ്ട്. 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുകയെന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്ത് ഇതിനോടകംതന്നെ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ്. മില്ലുകൾ

ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019-ൽ ഒപ്പുവയ്ക്കുകയും തുടർപ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇവയുടെ സ്ഥാപിത ഉത്പ്പാദനശേഷി 200 പ്രവൃത്തിദിനങ്ങൾ എന്നാക്കിയെടുക്കുകയും 8 കോടി തൊണ്ടുകൾ സംസ്കരിക്കാൻ കഴിയുന്നതാണ്. ഇതുവഴി ചകിരി ഉല്പാദനം 5600 ടൺ ചകിരി വർദ്ധിപ്പിക്കാൻ കഴിയും. പ്രത്യേക നിക്ഷേപസഹായ പദ്ധതിയിലൂടെ ഡി.എഫ്. മില്ലുകൾ കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവയ്ക്ക് 90 ശതമാനം സ്വകാര്യ സംരംഭകർക്ക് 50 ശതമാനം പരമാവധി 25 ലക്ഷം രൂപവരെ എന്ന തരത്തിൽ സബ്സിഡി നൽകിവരുന്നു. സ്വകാര്യ സംരംഭകർക്ക് കെ.എഫ്.സി. വഴി വായ്പ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുകഴിഞ്ഞു. പരമ്പരാഗത റാട്ടുകൾക്കുപകരം ഇലക്ട്രോണിക് റാട്ടുകൾ, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ എന്നിവ സ്ഥാപിച്ചതോടെ കയർ ഉല്പാദനവും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ 2000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സംസ്ഥാനത്ത് കുറഞ്ഞത് 200 സംഘങ്ങളിൽ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പരമ്പരാഗത/ഇലക്ട്രോണിക് റാട്ടിൽ ശരാശരി 15 കിലോഗ്രാം കയർ ഒന്നോ രണ്ടോ തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന സ്ഥാനത്താണ് ഒരു തൊഴിലാളി എ.എസ്.എം.-ൽ 50 കിലോ കയർ ഉല്പാദിപ്പിക്കുന്നത്. കയർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഇത് ഏറ്റവും സഹായകരമാണ്. 2015-16-ൽ 78820.40 ക്വിന്റൽ കയർ ഉല്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് 2019-20 ജനുവരി 31 വരെ 160000 ക്വിന്റൽ കയർ ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) കയർ മേഖലയിൽ യന്ത്രവൽക്കരണത്തിനെ എതിർക്കുന്ന സമീപനം സർക്കാർ സ്വീകരിച്ചിട്ടില്ല. 5 ലക്ഷത്തിലധികം പേർ തൊഴിൽ ചെയ്തിരുന്ന കയർ മേഖലയിൽ നിലവിൽ തൊഴിൽ ചെയ്യുവന്നവരുടെ എണ്ണം 1.50 ലക്ഷത്തിനകത്താണ്. തൊഴിലാളികളുടെ വേലയും കൂലിയും സംബന്ധിച്ചു-കൊണ്ടുള്ള ആധുനീകരണമാണ് സർക്കാർ നയം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കയർ രണ്ടാം പുനഃസംഘടനയിലൂടെ കയർ മേഖലയിൽ നിയന്ത്രണങ്ങളിൽ അയവ് വരുത്തി തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുത്താത്ത രീതിയിൽ യന്ത്രവൽക്കരണം നടപ്പിലാക്കിവരുന്നു. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പിലാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് രണ്ടാം പുനഃസംഘടനയുടെ ലക്ഷ്യങ്ങൾ. ഈ പദ്ധതി വളരെ വിജയകരമായി നടപ്പിലാക്കിവരുന്നു.

(സി) കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനാണ് സർക്കാർ മുന്തിയ പരിഗണന നൽകുന്നത്. ഈ ലക്ഷ്യത്തോടെയാണ് 2017-ലെ കയർ കേരളയിൽവച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ ഒപ്പിട്ടത്. കേരളത്തിലെ കയർ മേഖലയെ സംബന്ധിച്ച് കയർപിരി രംഗത്തെയും ഉത്പ്പന്ന രംഗത്തെയും തൊഴിലാളികൾക്ക് നിലവിൽ ലഭിച്ചുകൊണ്ടിരുന്ന തൊഴിലവസരങ്ങൾക്ക് പുറമെയാണ് ഈ പദ്ധതി നടപ്പാക്കലിലൂടെ വർദ്ധിച്ച തൊഴിൽ ദിനങ്ങൾ സാദ്ധ്യമായത്. കൂടാതെ കയർ കേരള 2019-ൽ 103 കോടി രൂപയുടെ കയർ ഭൂവസ്ത്രധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. ആയതിന്റെ ഫലമായി കയർ രംഗത്ത് തൊഴിലും വേതനവും ഉറപ്പാക്കി സുസ്ഥിരമായി നിലനിർത്തുന്നതിന് സാധിക്കുന്നതാണ്.

കയർഫെഡിൽ സ്റ്റോക്കുണ്ടായിരുന്ന മുഴുവൻ കയറും വിറ്റഴിക്കാൻ കഴിഞ്ഞുവെന്ന് മാത്രമല്ല വാങ്ങലിന്റെയും വിൽപ്പനയുടെയും കാര്യത്തിൽ ഗണ്യമായ വർദ്ധനവ് കൈവരിക്കാനും കഴിഞ്ഞു. ഇത് കയർ മേഖലയിൽ തൊഴിൽ ദിനങ്ങൾ വർദ്ധിച്ചുവെന്നതിന്റെ തെളിവാണ്. നിലവിലെ സാഹചര്യത്തിൽ കയർഫെഡിന്റെ കയർ കെട്ടിക്കിടക്കുന്നില്ല. കൂടാതെ സംഘങ്ങളിൽനിന്നും കയർ സംഭരിക്കുമ്പോൾ തന്നെ കയറിന്റെ വില നൽകാനും സാധിക്കുന്നു.

2019-20 സാമ്പത്തിക വർഷം പ്രവർത്തനമൂലധനമായി 11.25 കോടി രൂപയും പ്രൈസ് ഫ്ലക്ച്ചുവേഷൻ ഫണ്ടായി 29.09 കോടി രൂപയും കയർഫെഡിന് നൽകിയത് കയർ സംഭരണ വിപണന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും അതുവഴി പ്രാഥമിക കയർ സംഘങ്ങളിലെ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെയാണ്.

ഡിസ്കൗണ്ട് നൽകി പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയർ വിറ്റഴിക്കുന്നതിനായി കയർഫെഡിന് നൽകിയ പി.പി.എസ്.എസ്. തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | തുക |
|---|---|
| 2016-17 | 21,38,00,000 |
| 2017-18 | 25,40,71,758 |
| 2018-19 | 29,41,85,685 |
| 2019-20 ജനവരി 31 വരെ | 29,09,45,051 |

തൊഴിലാളി സംഘടനകളുമായി ഉണ്ടാക്കിയിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിലാണ് കയർ തൊഴിലാളികൾക്ക് പ്രതിദിന വേതനം 300 രൂപ നൽകിവരുന്നത്. ഇതിൽ 110 രൂപ സർക്കാർ വിഹിതമായി നൽകുന്നു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 2016-17 മുതൽ പ്രതിവർഷം ചെലവഴിച്ച തുക താഴെപ്പറയുന്നു.

| വർഷം | തുക |
|---|---|
| 2016-17 | 12,44,50,000 |
| 2017-18 | 15,07,33,457 |
| 2018-19 | 22,64,08,498 |
| 2019-20 ഫെബ്രുവരി 15 വരെ | 15,00,00,000 |

1-1-2019 മുതൽ കയർ തൊഴിലാളികളുടെ അംഗീകൃത വേതനം 350 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരമുള്ള തുക വിതരണത്തിലെ വർദ്ധനവും തൊഴിൽ ദിനങ്ങളിലെ വർദ്ധനവിന്റെ തെളിവാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ തൊഴിലാളികളുടെ തൊഴിൽ ദിനങ്ങളും കൂലിയും വർദ്ധിച്ചിട്ടുണ്ട്. എന്നാൽ 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും പൂർണ്ണമായി നടപ്പാക്കുന്നതിന് കയർ രണ്ടാം പുനഃസംഘടന പൂർത്തിയാകുന്നതോടെ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2015-16-നുശേഷം കയർ സർവ്വേ നടത്തിയിട്ടില്ല.

(ഇ)

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.
3. കയറും കയറുല്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എം.ഡി.എ.) നൽകിവരുന്നു.
4. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ കയർ സഹകരണ സംഘങ്ങൾക്ക് 90 ശതമാനം സബ്സിഡി (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) ഡി.എഫ്. മില്ലുകൾക്ക് (പരമാവധി 25 ലക്ഷം രൂപ വരെ) നൽകിവരുന്നു.

5. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.

6. ഉല്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.

7. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

8. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.

9. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

10. കയർ ജിയോ ടെക്സ്റ്റൈൽസ് പദ്ധതി നടപ്പിലാക്കിവരുന്നു.

11. കയർപിരി മേഖലയിൽ കൂലിയുടെ ഒരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

12. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു. പെൻഷൻ 600 രൂപയായിരുന്നത് 1,300 രൂപയാക്കി വർദ്ധിപ്പിച്ചു.

13. വിരമിച്ച കയർ സഹകരണ സംഘം ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

14. യന്ത്രവൽക്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റമുണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കാൻ പദ്ധതിവഴി സർക്കാർ സഹായം നൽകിവരുന്നുണ്ട്.

15. ഓണക്കാലത്ത് കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിലുടനീളമുള്ള സ്റ്റാളുകളിലൂടെ കയർ ഉല്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതി.

16. കയർ സഹകരണസംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സബ്സിഡി സ്കീം നടപ്പാക്കിവരുന്നു.

**സംസ്ഥാനത്തെ കയർപിരി സംഘങ്ങളുടെ പ്രവർത്തനം**

138 (468) <u>ശ്രീ. വി. ഡി. സതീശൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ പിരി സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) നിലവിലുള്ള സംഘങ്ങൾ പരിശോധിച്ച് പുനരുജ്ജീവിപ്പിക്കുവാൻ സാധ്യമല്ലാത്തവയെ അടച്ച് പൂട്ടുന്നതിന്റെ ഭാഗമായി ഇതിനകം എത്രയെണ്ണത്തിന്റെ പ്രവർത്തനം അവസാനിപ്പിച്ചുവെന്ന് അറിയിക്കുമോ;

(സി) ദുർബലമായ സംഘങ്ങളെ സംയോജിപ്പിക്കുന്നതിനും അവയുടെ വായ്പകൾ ഷെയറുകളാക്കുന്നതിനും പലിശ എഴുതി തള്ളുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇതിലൂടെ എത്ര സംഘങ്ങളെ പുനരുദ്ധരിപ്പിക്കുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ കയർപിരി സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി മേഖലാടിസ്ഥാനത്തിൽ കയർ പ്രോജക്ട് ഓഫീസുകളും സർക്കിൾ തലത്തിൽ കയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർമാരും നിലവിലുണ്ട്. കയർ വികസന ഡയറക്ടറേറ്റ് ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും ആവശ്യമായ ഇടപെടൽ നടത്തുകയും ചെയ്യുന്നു.

(ബി) കയർ ഡയറക്ടറേറ്റിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സമാപ്തീകരണ നടപടികൾ നേരിടുന്ന 269 കയർ സഹകരണ സംഘങ്ങളുണ്ട്.

(സി) ദുർബ്ബലമായ സംഘങ്ങളെ സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കാനുള്ള ശ്രമം സംഘം ഭരണസമിതിയുടെ അഭിപ്രായത്തോടുകൂടി മുന്നോട്ടുകൊണ്ടു-പോകുന്നതിനുള്ള ശ്രമം നടക്കുന്നുണ്ട്. പുനരുജ്ജീവന പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ അനുമതിയോടുകൂടി സംയോജിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ ലഭ്യമായ കായംകുളം പ്രോജക്ടിലെ ചിങ്ങോലി തെക്ക് സി.വി.സി.എസ്. നമ്പർ 654-നെ ചിങ്ങോലി വടക്ക് സി.വി.സി.എസ്. 207-മായി സംയോജിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. സംഘങ്ങളുടെ ജില്ലാ ബാങ്കുകളിലെ ബാദ്ധ്യത തീർപ്പാക്കുന്നതിനുള്ള പരിപാടി 2020-21 ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് യഥാസമയം നടപ്പാക്കുന്നതാണ്.

**സഹകരണ സംഘങ്ങളിലെ ചകിരി സംഭരണം**

139 (469) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ സഹകരണ സംഘങ്ങൾക്ക് ആവശ്യമായ ചകിരി സംസ്ഥാനത്ത് നിന്ന് തന്നെ ലഭ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ ചകിരി സംഭരിക്കുന്നതിന് എന്ത് തരത്തിലുള്ള നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) കയർ സൊസൈറ്റികൾക്ക് ആവശ്യമായ ചകിരി സംസ്ഥാനത്ത് നിന്ന് തന്നെ ശേഖരിക്കുവാൻ സാധിക്കുമോ; ഇതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കയർ സഹകരണ സംഘങ്ങൾക്കാവശ്യമായ ചകിരി പൂർണ്ണമായും സംസ്ഥാനത്തിനകത്ത് നിന്നുതന്നെ നിലവിൽ ലഭിക്കുന്നില്ല. 2015-16 കാലയളവിൽ കേരളത്തിലെ ചകിരി ഉല്പാദനം 6498.51 ക്വിന്റലായിരുന്നു. എന്നാൽ 2018-19-ൽ ഇത് 30988.00 ക്വിന്റലായി വർദ്ധിച്ചിട്ടുണ്ട്. 2015-16-നുശേഷം സർക്കാർ നടപ്പിലാക്കിയ കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി കേരളത്തിലെ ചകിരി ഉല്പാദനത്തിൽ 2015-16 -നെ അപേക്ഷിച്ച് 376 ശതമാനം വർദ്ധനവുണ്ടാക്കുവാൻ സാധിച്ചു.

കയർ മേഖല സമ്പൂർണ്ണ യന്ത്രവൽക്കരണത്തിലൂടെ ആധുനികവത്ക്കരിക്കുന്നതിനായി നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുനഃസംഘടന. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്ക്കരിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുനഃസംഘടന ഇതുവഴി കൈവരിക്കാനാകുമെന്ന് കരുതുന്നു. സംസ്ഥാനത്ത് ഇതിനോടകം തന്നെ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019-ൽ ഒപ്പുവയ്ക്കുകയും തുടർപ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 6056 എണ്ണം ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ (എ.എസ്.എം.) സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. കായംകുളം, ആലപ്പുഴ, വൈക്കം, കണ്ണൂർ പ്രോജക്ടുകളിൽ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 240 എ.എസ്.എം.-കൾ സ്ഥാപിച്ചുകഴിഞ്ഞു. 31-3-2020-ൽ 620 എ.എസ്.എം.-കൾ 7 പ്രോജക്ടുകളിലായി സ്ഥാപിക്കുന്ന നടപടി പൂർത്തിയാകും. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 എ.എസ്.എം. -കൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**കയർ മേഖലയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക**

140 (470) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ മേഖലയ്ക്കായി 2019-20-ലെ ബഡ്ജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിരുന്നതെന്നും 20-2-2020 വരെ അതിൽ എന്ത് തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ?

ഉത്തരം

2019-20 വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാന വിഹിതമായി 141.50 കോടി രൂപയും കേന്ദ്രവിഹിതമായി 4.66 കോടി രൂപയും നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.സി.ഡി.സി.) ലോൺ 110 കോടി രൂപയും ഉൾപ്പെടെ ആകെ 256.17 കോടി രൂപ അനുവദിച്ചിരുന്നു. ആയതിൽ 20-2-2020 വരെ 129.03 കോടി രൂപ (50.37%) ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതമായി അനുവദിച്ച 141.50 കോടി രൂപയിൽനിന്നും 72.16 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**ആഗോള നിക്ഷേപക സംഗമം**

141 (T* 471) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സംഗമത്തിൽ എത്ര പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചുവെന്നും ഇതിലൂടെ എത്ര കോടിയുടെ നിക്ഷേപമാണ് സംസ്ഥാനത്തിന് ലഭിക്കുകയെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത നിക്ഷേപക സംഗമത്തിൽ ഏതെല്ലാം കമ്പനികളുമായിട്ടാണ് നിക്ഷേപത്തിന് ധാരണാ പത്രം ഒപ്പിട്ടിട്ടുള്ളതെന്നും എത്ര കോടിയുടെ നിക്ഷേപമാണ് ഉറപ്പാക്കിയതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിക്ഷേപകർക്ക് എന്തെല്ലാം ഇളവുകളാണ് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) അസെൻഡ് 2020 സംഗമത്തിലൂടെ 1,00,355.43 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 32 എണ്ണം ധാരണാപത്രങ്ങളും 117 എണ്ണം താല്പര്യപത്രങ്ങളുമാണ്. ഇതുകൂടാതെ കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

അതോറിറ്റി നിക്ഷേപ താല്പര്യം പ്രകടിപ്പിച്ചിട്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു. ധാരണാപത്രങ്ങൾ ഒപ്പിട്ട കമ്പനികളുടെ വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

(സി) കേരളത്തിലേയ്ക്ക് കൂടുതൽ നിക്ഷേപം ആകർഷിപ്പിക്കുക വഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനുമായി "അസെൻഡ് 2020" -ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ താഴെപ്പറയുന്നവയാണ്.

1. 2025 വരെ നിയമാനുസൃതമായ കാര്യങ്ങൾ പരിപാലിച്ചുകൊണ്ട് രജിസ്റ്റർ ചെയ്യുന്ന കമ്പനികൾക്ക് എംപ്ലോയ്മെന്റ് സബ്സിഡിയും സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് സ്ത്രീ തൊഴിലാളികളെ നിയമിക്കുമ്പോൾ പ്രസ്തുത സബ്സിഡി ഇനത്തിൽ 2000 രൂപ അധികമായി നൽകുന്ന കാര്യവും പരിശോധിക്കും.

2. വലിയ മുതൽമുടക്കുള്ള വ്യവസായ ആവശ്യങ്ങൾക്കുവേണ്ടി വ്യക്തിക്കോ കമ്പനിക്കോ ഭൂമിയുടെ ഉടമസ്ഥാവകാശത്തിനുള്ള പരിധി 15 ഏക്കറിൽ നിന്ന് ഉയർത്തുന്നത് പരിഗണിക്കുന്നതായിരിക്കും.

3. റോഡിന്റെ വീതിയുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണത്തിൽ നിലനിൽക്കുന്ന പ്രതിസന്ധി കേരള ബിൽഡിംഗ് റൂൾസ് ഭേദഗതി ചെയ്തുകൊണ്ട് ലഘൂകരിക്കുന്ന കാര്യവും ആലോചിക്കും.

4. കേരള ഫാക്ടറി റൂൾസ് അമെന്റ് ചെയ്ത് സ്ത്രീകൾക്കും ഫാക്ടറികളിൽ 7 P.M. മുതൽ 6 A.M. വരെ ജോലി ചെയ്യാമെന്ന വ്യവസ്ഥ കൊണ്ടു വരുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

5. വ്യവസായികൾക്ക് വ്യാവസായികാവശ്യാനുസരണം വേണ്ടിവരുന്ന വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനാവശ്യമായി വരുന്ന തുക സർക്കാർ 5 വർഷംകൊണ്ട് വൈദ്യുതി ബില്ലിൽ ഇളവിന്റെ രൂപത്തിൽ നൽകുന്ന കാര്യവും പരിശോധിക്കുന്നതാണ്.

**നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനുള്ള നടപടികൾ**

142 (472) <u>ശ്രീ. പുരുഷൻ കടലുണ്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പുതിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി രജിസ്ട്രേഷൻ നടപടികൾ ലഘൂകരിച്ചതുമൂലം എത്ര പുതിയ സംരംഭകരാണ് ഓൺലൈൻ മുഖേന രജിസ്ട്രേഷനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകളിൽ എത്ര എണ്ണം തീർപ്പ് കല്പിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായും വ്യവസായം ആരംഭിക്കുന്നത് സുഗമമാക്കുന്നതിനുംവേണ്ടി " 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്" പുറപ്പെടുവിക്കുകയും ആയതിന്റെ ഭാഗമായി പുതിയ വ്യവസായ സംരംഭകർക്ക് പതിനഞ്ച് (15) വകുപ്പുകളിൽ/ഏജൻസികളിൽ നിന്നുമുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതിനായി 'കെ-സ്വിഫ്റ്റ്' എന്ന ഏകജാലക സംവിധാനം 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്.

സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് " 1999-ലെ കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട്" ഭേദഗതി വരുത്തുകയും കൂടാതെ മലിനീകരണ നിയന്ത്രണബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപ്പെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ളതുമായ എല്ലാ പദ്ധതികളും/വ്യവസായ സ്ഥാപനങ്ങളും ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ അപ്രൂവലുകളോ/ പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന " 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം" പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് സമയബന്ധിതമായി അതായത് അപേക്ഷ നൽകി ഒരു മാസത്തിനകം ലഭിക്കുന്നതിലേയ്ക്കായി ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ജില്ലാ ബോർഡുകളും സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 15 കോടി വരെയുള്ളവയുടെ ചുമതല ജില്ലാ ബോർഡിനും 15 കോടിക്ക് മുകളിൽ ഉള്ളവയുടെ ചുമതല സംസ്ഥാന ബോർഡിലും നിക്ഷിപ്തമാണ്.

കൂടാതെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ ഏജൻസികളുടെ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ഒരുക്കിയ വ്യവസായ അനുകൂല പാരിസ്ഥിതികാവസ്ഥ ബോധ്യപ്പെടുത്തുന്നതിനും നിക്ഷേപകരെ ആകർഷിക്കുന്നതിനുമായി 2020 ജനുവരി 9, 10 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച " അസെൻഡ് 2020" നവവത്സരത്തിൽ വ്യവസായ നവകേരളത്തെ ഉയർത്തിക്കാട്ടുകയും വ്യവസായ കുതിപ്പിന് തുടക്കമിടുകയും ചെയ്തു.

(ബി) പുതിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ അനുമതികൾ സമയബന്ധിതമായി ലഭിക്കുന്നതിനുമായി 11-2-2019-ൽ ആരംഭിച്ച കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ സംവിധാനം നിലവിൽ വന്നതിനുശേഷം നാളിതുവരെ 2186 സംരംഭകർ രജിസ്റ്റർ ചെയ്യുകയും 570 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 295 അനുമതികൾ/ലൈസൻസുകൾ കെ-സ്വിഫ്റ്റ് മുഖേന നൽകിയിട്ടുണ്ട്. കൂടാതെ 2019-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം 10 കോടി രൂപയിൽ താഴെ മുതൽമുടക്കുള്ള, മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപനം പ്രകാരം ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള അനുമതിക്കായി കെ-സ്വിഫ്റ്റിൽ 20-1-2020-ൽ ഏർപ്പെടുത്തിയ സംവിധാനം വഴി സ്വയം സാക്ഷ്യപത്രം സമർപ്പിച്ച 652 സംരംഭകർക്ക് കൈപ്പറ്റ് രസീതുകളും നൽകിയിട്ടുണ്ട്.

**വ്യവസായശാലകളിലെ മാലിന്യം**

143 (473) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായശാലകളിൽ നിന്നും അനിയന്ത്രിതമായി മാലിന്യം പുറന്തള്ളുന്നതായുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതുമൂലമുണ്ടാകുന്ന അന്തരീക്ഷ മലിനീകരണം, ജലമലിനീകരണം എന്നിവ ലഘൂകരിക്കുന്നതിനായി വ്യവസായ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(സി) ഇതിനനുസരിച്ച് എത്ര വ്യവസായശാലകളിൽ മലിനീകരണ നിയന്ത്രണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) എത്ര വ്യവസായശാലകളിൽ മലിനീകരണ നിയന്ത്രണ പരിപാടികൾ പൂർത്തീകരിക്കാനുണ്ട്; വിശദവിവരങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) വ്യവസായ എസ്റ്റേറ്റുകളിൽ ആകെ വിസ്തീർണ്ണത്തിന്റെ 5% മലിനീകരണ നിയന്ത്രണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വിനിയോഗിക്കാൻ എല്ലാ ജില്ലകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യവസായ എസ്റ്റേറ്റുകൾക്ക് പുറത്തുള്ള വ്യവസായ സംരംഭങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശപ്രകാരം മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിക്കുന്നുണ്ട്. മലിനീകരണ നിയന്ത്രണത്തിന്റെ ഭാഗമായി കിൻഫ്രയുടെ ഭക്ഷ്യസംസ്കരണ പാർക്ക്, കാക്കഞ്ചേരി-മലപ്പുറം, അപ്പാരൽ പാർക്ക് - തിരുവനന്തപുരം, ടെക്സ്റ്റൈൽ സെന്റർ, നാടുകാണി-കണ്ണൂർ, കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ-എറണാകുളം എന്നിവിടങ്ങളിൽ മലിനീകരണ നിയന്ത്രണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) കിൻഫ്രയുടെ നേതൃത്വത്തിൽ നാല് വ്യവസായ പാർക്കുകളിൽ മലിനീകരണ നിയന്ത്രണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കിയശേഷമാണ് മലിനീകരണ നിയന്ത്രണ ബോർഡ് വ്യവസായശാലകൾക്ക് അനുമതി നൽകിവരുന്നത്.

(ഡി) പാലക്കാട് കിൻഫ്ര മെഗാ ഫുഡ് പാർക്കിലും അട്ടൂരിലെ ചെറുകിട വ്യവസായ പാർക്കിലും മലിനീകരണ നിയന്ത്രണ പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**യുവസംരംഭകർക്ക് അവസരങ്ങൾ**

144 (474) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവസംരംഭകർക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വ്യവസായ നയത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) സർക്കാർ മേഖലയിലെന്നപോലെ സ്വകാര്യമേഖലയിലും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വിദ്യാർത്ഥികളിൽ സംരംഭകത്വ താൽപ്പര്യങ്ങൾ വളർത്തിയെടുക്കുന്നതിനായി വിദ്യാലയങ്ങളിൽ സംരംഭകത്വ ക്ലബ്ബുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ഇൻകുബേറ്റർ കേന്ദ്രങ്ങളും സ്റ്റാർട്ടപ്പുകളും പ്രയോജനപ്പെടുത്തുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വ്യവസായ വളർച്ചയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, യുവജനങ്ങളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ സഹായിക്കുന്ന തരത്തിൽ അവരുടെ സാങ്കേതിക വൈദഗ്ദ്ധ്യത്തിന് മൂല്യവർദ്ധന ഉണ്ടാക്കുക എന്നിവയാണ് വ്യവസായ നയത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. നിലവിലുള്ള വ്യവസായങ്ങളെ പരിപോഷിപ്പിച്ചും പൊതുസ്വകാര്യ മേഖലകളിൽ ആധുനിക വ്യവസായ സംരംഭങ്ങൾ ആരംഭിച്ചും ഈ ലക്ഷ്യം കൈവരിക്കാനാവും. കേരളത്തെ സമ്പൂർണ്ണ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിനുള്ള ഫലപ്രദവും ക്രിയാത്മകവുമായ നടപടികളാണ് വ്യവസായ വാണിജ്യനയം മുന്നോട്ട് വയ്ക്കുന്നത്. അതോടൊപ്പം പരമ്പരാഗത വ്യവസായങ്ങളെ പൂർണ്ണമായും സംരക്ഷിക്കും. പരിസ്ഥിതി സൗഹൃദവും പ്രകൃതി വിഭവങ്ങളുടെ ന്യായമായ ഉപഭോഗം ഉറപ്പുവരുത്തുന്നതുമാണ് ഈ നയം.

(ബി) കേരളത്തിൽ ബിസിനസ്സ് നടത്തുന്നത് സുഗമമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും അതിവേഗം ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ " 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് " സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനം കേരള സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി " K-SWIFT" പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമസഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽ വരികയും ചെയ്തു. ഈ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് 10 കോടി രൂപ വരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം

സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻതന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിനുശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്.

(സി) സ്കൂൾ, കോളേജ് തലത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലകളിൽ ഇ.ഡി. ക്ലബ്ബുകൾ (Entrepreneur Development Club) രൂപീകരിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഇ.ഡി. ക്ലബ്ബുകൾക്ക് 20,000 രൂപ അനുവദിച്ച് വരുന്നുണ്ട്.

(ഡി) സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നതിന്റെ ഭാഗമായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭകവികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകിവരുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നൽകിയിട്ടുണ്ട്. ഈ സംവിധാനം വഴി ജില്ലാ വ്യവസായ കേന്ദ്രങ്ങളെ സമീപിക്കുന്ന യുവാക്കൾ ഉൾപ്പെടെയുള്ള എല്ലാ സംരംഭകർക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

**വ്യവസായ വളർച്ച**

145 (475) ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വളർച്ചക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കപ്പെട്ടതിലൂടെ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം വൻകിട വ്യവസായ മേഖലയിൽ ഏതെങ്കിലും പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(സി) പുതിയ വ്യവസായ നയം സംസ്ഥാനത്ത് വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം ഉണ്ടാക്കിയിട്ടുണ്ടോ;

(ഡി) വ്യവസായ മേഖലയിൽ 2017-18-നെ അപേക്ഷിച്ച് എത്ര ശതമാനം വളർച്ച 2018-19-ൽ ഉണ്ടായെന്ന് അറിയിക്കാമോ;

(ഇ) പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുപ്പത് ദിവസത്തിനുള്ളിൽ ലൈസൻസ് നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(എഫ്) ഓൺലൈൻ അപേക്ഷകൾക്ക് ഡീംഡ് ലൈസൻസ് അനുമതി നൽകുന്ന സ്ഥിതിവിശേഷം നിലവിലുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സാധിച്ചിട്ടുണ്ട്. പുതിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ അനുമതികൾ സമയബന്ധിതമായി നൽകുന്നതിനുമായി 11-2-2019-ൽ ആരംഭിച്ച കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ സംവിധാനം നിലവിൽ വന്നതിനുശേഷം നാളിതുവരെ 2186 സംരംഭകർ രജിസ്റ്റർ ചെയ്യുകയും 570 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിക്കുകയും ചെയ്തിട്ടുള്ളതിൽ 295 അനുമതികൾ/ലൈസൻസുകൾ കെ-സ്വിഫ്റ്റ് മുഖേന നൽകിയിട്ടുണ്ട്. നാളിതുവരെ 652 അപേക്ഷകർ 270.94 കോടി രൂപ മുതൽമുടക്കുള്ള പദ്ധതികൾക്കായി കെ-സ്വിഫ്റ്റിൽ സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് കൈകാര്യം ചെയ്യുന്ന മാനേജ്മെന്റ് ഇൻഫർമേഷൻ സംവിധാനം പ്രകാരമുള്ള കണക്കനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2020 ജനുവരി 31 വരെ 54420 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. ഇതിലൂടെ 4953.69 കോടി രൂപയുടെ നിക്ഷേപവും 190078 തൊഴിലും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം താഴെപ്പറയുന്ന വൻകിട വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

| സ്ഥാപനം | നിക്ഷേപം (തുക) |
|---|---|
| Malabar Ispat Ltd. | 34.25 കോടി |
| Sunpower Cement Company Pvt. Ltd. (Expansion) | 24.68 കോടി |

(സി) ഉണ്ട്.

(ഡി) കഴിഞ്ഞ വർഷങ്ങളിലെ പ്രളയം സൃഷ്ടിച്ച പ്രതികൂല സാഹചര്യത്തിലും വ്യവസായ മേഖലയിൽ 2018-19 (Quick) വർഷത്തിൽ മൂല്യവർദ്ധനവിലുണ്ടായിട്ടുള്ള വളർച്ചാനിരക്ക് തനത് വിലയിൽ 10.84 ശതമാനവും അടിസ്ഥാന വർഷ വിലയിൽ 8.25 ശതമാനവുമാണെന്ന് സാമ്പത്തിക സ്ഥിതിവിവര കണക്ക് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ഇ&എഫ്) വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വിവിധ ക്ലിയറൻസുകൾ സമയബന്ധിതമായി ലഭിക്കുന്നതിനുമായി 11-2-2019-ൽ ആരംഭിച്ച കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ സംവിധാനം മുഖേന പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുപ്പത് ദിവസത്തിനുള്ളിൽ ലൈസൻസ് നൽകുന്നത് പ്രാവർത്തികമാക്കിയിട്ടുണ്ട്. 570 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിക്കപ്പെട്ടതിൽ 295 അനുമതികൾ/ലൈസൻസുകൾ കെ-സ്വിഫ്റ്റ് മുഖേന നൽകിയിട്ടുണ്ട്. ഏതെങ്കിലും കാരണത്താൽ ലഭിച്ച അപേക്ഷകൾ സമയബന്ധിതമായി തീർപ്പാകാതെ വരുന്ന സന്ദർഭങ്ങളിൽ കെ-സ്വിഫ്റ്റ് സംവിധാനത്തിലൂടെ കൽപ്പിത അനുമതി (Deemed License) ലഭിക്കും.

അപേക്ഷകളിന്മേൽ അതാത് വകുപ്പുകളിലെ ഉദ്യോഗസ്ഥർ സമയ പരിധിക്കുള്ളിൽ നടപടി സ്വീകരിക്കാത്ത സാഹചര്യത്തിലോ സൂക്ഷ്മ പരിശോധന നടത്താത്തതിനാലോ ലഭിച്ച അപേക്ഷകളിന്മേൽ സിസ്റ്റത്തിന് നൽകിയിട്ടുള്ള നിബന്ധന അനുസരിച്ച് ഡീംഡ് ലൈസൻസുകൾ നൽകുന്നുണ്ട്. എന്നാൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിലേയ്ക്കായി ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വ്യവസായം തുടങ്ങുന്നതിന്റെ അനുമതിക്കായുള്ള അപേക്ഷ**

146 (476) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം മുൻകൂർ അനുമതിയില്ലാതെ 10 കോടി രൂപ വരെ മുതൽമുടക്കുള്ള വ്യവസായം തുടങ്ങുന്നതിന് അപേക്ഷിക്കുന്നതിനുള്ള സൗകര്യം വ്യവസായ വകുപ്പിന്റെ കെ-സ്വിഫ്റ്റ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിയമം നടപ്പിലാക്കിയതിനുശേഷം ഇതുവരെ ഇപ്രകാരമുള്ള എത്ര അപേക്ഷകൾ വകുപ്പിന് ലഭിച്ചിട്ടുണ്ടെന്നും എത്ര അനുമതികൾ നൽകിയിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) പ്രസ്തുത നിയമം നടപ്പിൽ വരുന്നതിന് മുൻപുള്ള രീതിയിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കെ-സ്വിഫ്റ്റ് പോർട്ടൽ വഴി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം തീർപ്പാക്കിയെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത 10 കോടി രൂപ വരെ മുതൽമുടക്കുള്ള വ്യവസായം തുടങ്ങുന്നതിന് അപേക്ഷിക്കുന്നതിനുള്ള സൗകര്യം 21-1-2020 മുതൽ കെ-സ്വിഫ്റ്റ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത നിയമം നടപ്പിലാക്കിയതിനുശേഷം ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷിച്ച 658 പേർക്ക് 26-2-2020 തീയതി വരെ കൈപ്പറ്റ് രസീത് അനുവദിച്ചിട്ടുണ്ട്.

(സി) പുതിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ ക്ലിയറൻസുകൾ/ലൈസൻസുകൾ സമയബന്ധിതമായി ലഭിക്കുന്നതിനുമായി 11-2-2019-ൽ ആരംഭിച്ച കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ സംവിധാനം നിലവിൽ വന്നതിനുശേഷം 2020 ജനുവരി 30 വരെ കെ-സ്വിഫ്റ്റ് പോർട്ടലിൽ 519 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിച്ചതിൽ 251 അനുമതികൾ/ലൈസൻസുകൾ നൽകുവാൻ സാധിച്ചിട്ടുണ്ട്.

**കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കുന്ന പരിഷ്കരണ നടപടികൾ**

147 (478) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>:
<u>ശ്രീ. പി. കെ. ശശി</u>:
<u>ശ്രീ. സി. കൃഷ്ണൻ</u>:
<u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൻകിട-ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് 'ഈസ് ഓഫ് ഡൂയിങ് ബിസിനസ് മെച്ചപ്പെടുത്തുന്നതിനായി കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കി വരുന്ന പരിഷ്കരണ നടപടികൾ എന്തെല്ലാമാണ്;

(സി) വിവിധ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് പിന്തുണ നൽകുന്നതിനും സ്വകാര്യ നിക്ഷേപം സുഗമമാക്കുന്നതിനും കെ.എസ്.ഐ.ഡി.സി. എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ വൻകിട-ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

- ചെറുകിട, ഇടത്തരം, വൻകിട വ്യവസായങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ 3500 ലക്ഷം രൂപ വരെ പലവിധത്തിലുള്ള ധനസഹായവും മറ്റ് വിധത്തിലുള്ള പിന്തുണയും കെ.എസ്.ഐ.ഡി.സി. നൽകിവരുന്നു.
- ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനായി ലോണുകളുടെ വ്യവസ്ഥകളും മാനദണ്ഡങ്ങളും കാലാനുസൃതമായി ലഘൂകരിച്ചിട്ടുണ്ട്.
- ബാങ്ക് നിരക്കുകളിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ സമയബന്ധിതമായി ഉപഭോക്താക്കൾക്ക് കൈമാറുവാൻ ലോണുകളുടെ പലിശ നിരക്ക് ആർ.ബി.ഐ.-യുടെ ബാങ്ക് നിരക്കുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. എല്ലാ സംരംഭങ്ങൾക്കുമുള്ള പുതിയ പലിശ നിരക്കുകൾ 8.40%-10.40% ആണ്. കൂടാതെ, ഓരോ ത്രൈമാസത്തിന്റെയും അവസാനം കുടിശ്ശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ മുക്കാൽ ശതമാനംവരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു.
- പുതിയ ഉൽപ്പാദന വ്യവസായങ്ങൾക്ക് കേരള ഗവൺമെന്റിന്റെ സംരംഭകത്വ സഹായ പദ്ധതി (ESS) പ്രകാരം 30 ലക്ഷം രൂപ വരെ സഹായധനം നൽകുന്നു.
- കൂടാതെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ വിവിധ വകുപ്പുകളുടെ കീഴിൽ നിലവിലുള്ള ഏഴ് നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് " കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018" എന്ന പേരിൽ പുതിയ നിയമം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ നിലവിലുള്ള 10 ചട്ടങ്ങളും ഭേദഗതി വരുത്തിയിട്ടുണ്ട്.

- വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ഏജൻസികളിൽ നിന്നുമുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.

- നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇത് മുഖാന്തരം വ്യവസായം തുടങ്ങുവാനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുകയാണ് പ്രധാന ലക്ഷ്യം.

- കൂടാതെ കൂടുതൽ വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കെ-സ്വിഫ്റ്റ് (KSWIFT-Phase II) വിപുലീകരിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

- സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ വ്യാവസായിക അനുകൂല സാഹചര്യങ്ങൾ, വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ, അനുമതികളെക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്തുവാൻ അനുകൂലമായ മേഖലകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരം സംരംഭകർക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇൻവെസ്റ്റ്മെന്റ് കേരള പോർട്ടൽ സർക്കാർ നടപ്പിലാക്കിയിരിക്കുന്നത്.

- പ്രസ്തുത പോർട്ടൽ മുഖേന ഏതൊരു വ്യവസായിക്കും സംസ്ഥാനത്ത് വ്യവസായം തുടങ്ങുവാനും നടത്തുവാനും തങ്ങൾക്കാവശ്യമുള്ള എല്ലാ വിവരങ്ങളും അപേക്ഷാ ഫോറങ്ങളും അപേക്ഷിക്കേണ്ട വെബ്സൈറ്റുകളിലേയ്ക്കുള്ള ലിങ്കുകളും ലഭ്യമാണ്. ഇതുകൂടാതെ സംസ്ഥാനത്തിന്റെ വിവിധ വ്യവസായ മേഖലകളുടെ നോഡൽ ഓഫീസറുമാരുടെ വിവരങ്ങളും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ജനറൽ മാനേജരുമാരുടെ വിവരങ്ങളും പ്രസ്തുത പോർട്ടലിൽ ലഭ്യമാണ്.

- സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (ഐ.പി.എഫ്.സി.)

സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഐ.പി.എഫ്.സി. സംരംഭകർക്കായുള്ള എല്ലാവിധ സഹായങ്ങളും പിന്തുണയും നൽകുന്നതിനുവേണ്ടിയാണ് രൂപീകരിച്ചിട്ടുള്ളത്.

- വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് സമയബന്ധിതമായി അതായത് അപേക്ഷ നൽകി ഒരു മാസത്തിനകം ലഭിക്കുന്നതിലേയ്ക്കായി ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ജില്ലാ ബോർഡുകളും സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 15 കോടി വരെയുള്ളവയുടെ ചുമതല ജില്ലാ ബോർഡിനും 15 കോടിക്ക് മുകളിലുള്ളവയുടെ ചുമതല സംസ്ഥാന ബോർഡിലും നിക്ഷിപ്തമാണ്.

- സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട് 1999 ഭേദഗതി വരുത്തുകയും കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപ്പെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/അപ്രൂവലുകളോ/പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. നാളിതുവരെ 652 അപേക്ഷകർ 270.94 കോടി രൂപ മുതൽമുടക്കുള്ള പദ്ധതികൾക്കായി K-SWIFT-ൽ സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്.

- വ്യവസായ രംഗത്ത് അടിസ്ഥാന സൗകര്യം ലഭ്യമാക്കിക്കൊണ്ട് കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസായ വളർച്ചാ കേന്ദ്രങ്ങളിൽ സ്ഥലം, കെട്ടിടം എന്നിവ വ്യവസായികൾക്ക് അടിസ്ഥാന സൗകര്യങ്ങളോടുകൂടി ലഭ്യമാക്കുന്നുണ്ട്. എഞ്ചിനീയറിംഗ്/ ജനറൽ വ്യവസായങ്ങൾക്ക് അവസരമൊരുക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. പാലക്കാട് ജില്ലയിൽ വ്യവസായ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ 200 ഏക്കറിൽ ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

നടന്നുവരുന്നുണ്ട്. മാത്രമല്ല, ഭക്ഷ്യ സംസ്കരണ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആലപ്പുഴ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ മെഗാഫുഡ് പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് വ്യവസായ ഏകീകൃത ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികൾ കിൻഫ്ര വഴി പുരോഗമിക്കുന്നുണ്ട്.

(സി)

- സ്വകാര്യനിക്ഷേപം സുഗമമാക്കുന്നതിന് കെ.എസ്.ഐ.ഡി.സി. ചെറുകിട, ഇടത്തരം, വൻകിട വ്യവസായങ്ങൾക്ക് വളരെ കുറഞ്ഞ പലിശ നിരക്കിൽ 3500 ലക്ഷം രൂപവരെ പലവിധത്തിലുള്ള ധനസഹായവും മറ്റ് വിധത്തിലുള്ള പിന്തുണയും കെ.എസ്.ഐ.ഡി.സി. നൽകിവരുന്നു.

- പ്രത്യേക പരിഗണന കൊടുത്തിട്ടുള്ള സെക്ടറിലുള്ള പ്രോജക്ടുകളിൽ വായ്പ-ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈടില്ലാതെയും വായ്പ-ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1-ന് മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നൽകിവരുന്നു. മറ്റ് സെക്ടറിലുള്ള പ്രോജക്ടുകൾക്ക് ഇത് യഥാക്രമം 1:1-ഉം 1.5:1-ഉം ആണ്.

- ഈ പ്രോജക്ടുകളിൽ പ്രൊമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യൂയേർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്.

- കേരളത്തിലെ യുവസംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. ആവിഷ്കരിച്ചിരിക്കുന്ന ധനസഹായ പദ്ധതിയാണ് പ്രാരംഭമൂലധന സഹായം (സീഡ് ഫണ്ട് സഹായം). ഈ ഇനത്തിൽ ലഭിക്കാവുന്ന പരമാവധി ധനസഹായം മൊത്ത നിക്ഷേപത്തിന്റെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കും. ഈ വായ്പ ഒരു വർഷത്തേയ്ക്കുള്ള മൃദു വായ്പാ (സോഫ്റ്റ് ലോൺ) ആയിട്ടാണ് അനുവദിക്കുന്നത്.

- ഇതുകൂടാതെ സംരംഭകർക്ക് അവരുടെ ആശയ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ വിവിധ ഇൻക്യുബേഷൻ സെന്ററുകളിൽ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പ്രസ്തുത സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും ചർച്ചായോഗങ്ങളും നടത്തിവരുന്നു.

## കേരള മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ

148 (479) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണലും പാറയും കൈകാര്യം ചെയ്യുന്നതിന് കേരള മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന സ്ഥാപനം രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനം എപ്രകാരമാണ് മണൽ വില്പന നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ അണക്കെട്ടുകളിൽനിന്നും മണലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള കരാർ മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എറ്റെടുത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതൊക്കെ ഡാമുകളിലെ മണൽ നീക്കുന്നതിനുള്ള കരാറാണ് ലഭിച്ചത്; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പത്രപ്പരസ്യം നൽകി ടെൻഡർ /ലേല നടപടികളിലൂടെയും ജില്ലാ കളക്ടറുടെ ഇ-മണൽ സംവിധാനം വഴിയുമാണ് വിൽപ്പന നടത്തുന്നത്.

(സി&ഡി) 2010-നുശേഷം ഇല്ല.

## കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിലെ കമ്പ്യൂട്ടറുകൾ

149 (480) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ . എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. അബ്ദു റബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിൽ 2018 ഡിസംബറിൽ കമ്പ്യൂട്ടറുകൾ, ലാപ്ടോപ്, ക്യാമറകൾ എന്നിവ വാങ്ങിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ വാങ്ങുന്നതിന് ആരാണ് നിർദ്ദേശം നൽകിയതെന്ന് വെളിപ്പെടുത്താമോ;

(സി) ഇവ വാങ്ങുന്നതിന് ഇ-ടെണ്ടർ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ;

(ഡി) ഇവ കമ്പനിയുടെ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിൽ 2018 ഡിസംബറിൽ കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പ്, ക്യാമറകൾ എന്നിവ വാങ്ങിയിട്ടില്ല.

(ബി-ഡി) ബാധകമല്ല.

**ഭെൽ ഇ.എം.എൽ. കമ്പനി ഏറ്റെടുക്കുന്ന നടപടി**

150 (481) <u>ശ്രീ. എം. സി. കമറുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ഭെൽ ഇ.എം.എൽ. കമ്പനി സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ട് വർഷങ്ങളായെങ്കിലും ഇതുവരെ നടപടികൾ പൂർത്തിയാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നടപടികൾ പൂർത്തിയാക്കി കമ്പനി എപ്പോൾ ഏറ്റെടുക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(ബി) പതിനാല് മാസമായി പ്രസ്തുത കമ്പനിയിലെ ജീവനക്കാരുടെ ശമ്പളം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കമ്പനി ഏറ്റെടുക്കുമ്പോൾ ജീവനക്കാരുടെ മുടങ്ങിക്കിടക്കുന്ന ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള ബാധ്യതകൾ സംസ്ഥാന സർക്കാർ ഏറ്റെടുക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനവും ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരംഭമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (BHEL Electrical Machines Ltd.) എന്ന കമ്പനിയിലെ ഭെല്ലിന്റെ ഓഹരികൾ വിറ്റഴിക്കുന്നതിനായി കേന്ദ്രസർക്കാർ തീരുമാനിച്ചപ്പോൾ പ്രസ്തുത ഓഹരികൾ സംസ്ഥാനം വാങ്ങുന്നതിനായി കരട് വിൽപ്പന കരാർ സംവിധാനം അംഗീകരിച്ച് നൽകിയെങ്കിലും കേന്ദ്രസർക്കാരിൽ നിന്ന് അന്തിമ അംഗീകാരം ലഭിക്കാത്തതിനാൽ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല.

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.എച്ച്.ഇ.എൽ. (ഭെൽ)-നാണ് ഭൂരിപക്ഷം ഓഹരികളും ഭരണപരമായ നിയന്ത്രണവുമുള്ളത്. ജീവനക്കാരുടെയും കുടുംബങ്ങളുടെയും ദയനീയാവസ്ഥ പരിഗണിച്ച് കമ്പനിയുടെ അപേക്ഷ പ്രകാരം 6.65 കോടി രൂപയുടെ സാമ്പത്തിക സഹായം കേരള സർക്കാർ ഇതിനോടകം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനത്തിന്റെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി സ്ഥാപനം പൂർണ്ണമായും കേരള സർക്കാരിന്റെ ഉടമസ്ഥതയിലാകുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയങ്ങൾ പരിശോധിക്കാൻ കഴിയുകയുള്ളൂ.

**തുറന്ന് പ്രവർത്തിപ്പിച്ച പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ**

151 (482) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂട്ടിക്കിടന്ന എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാണ് തുറന്ന് പ്രവർത്തിപ്പിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിൽ മുൻകാലങ്ങളിൽത്തന്നെ പ്രവർത്തനം നിർത്തലാക്കിയ പൊതുമേഖലാ സ്ഥാപനങ്ങളൊന്നും തുറന്നുപ്രവർത്തിച്ചിട്ടില്ല.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭത്തിലെ ഇടിവ്**

152 (483) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ പലതിന്റെയും ലാഭം ഗണ്യമായി കുറഞ്ഞതായി അവയുടെ തന്നെ വാർഷിക അവലോകന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) എങ്കിൽ സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ഏതൊക്കെയാണെന്നും ഇവയുടെ ലാഭം/നഷ്ടം എത്ര കോടി രൂപ വീതമാണെന്നും വ്യക്തമാക്കുമോ;

(സി) ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെ ലാഭവിഹിതം വർദ്ധിപ്പിക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയെ ലാഭത്തിലാക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ വിറ്റുവരവ് 2799.72 കോടി രൂപയും ആകെ നഷ്ടം 121.18 കോടി രൂപയുമായിരുന്നു. എന്നാൽ 2018-19-ലെ വാർഷിക കണക്കുകൾ പ്രകാരം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളുടെ ആകെ വിറ്റുവരവ് 3442.74 കോടി രൂപയും ആകെ പ്രവർത്തന ലാഭം 156 കോടി രൂപയായി ഉയർത്തുവാനും സാധിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 16 സ്ഥാപനങ്ങൾ പ്രവർത്തന ലാഭം കൈവരിച്ചിട്ടുണ്ട്.

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2018-19 സാമ്പത്തിക വർഷത്തെ ലാഭനഷ്ട കണക്കുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നിവയ്ക്കായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടുതൽ വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണി വിപുലീകരിക്കുന്നതിനും കൂടുതൽ ധനസഹായം സർക്കാർ അനുവദിച്ചുവരുന്നുണ്ട്. കൂടാതെ സർക്കാർതലത്തിലും റിയാബ് മുഖേനയും തുടർച്ചയായ അവലോകന യോഗങ്ങളും നടത്തിവരാറുണ്ട്.

**ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ**

153 (484) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പൊതുമേഖല സ്ഥാപനങ്ങൾ ലാഭത്തിലായിട്ടുണ്ട്; വിശദവിവരം നൽകുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ ഈ സ്ഥാപനങ്ങളിൽനിന്നും ലാഭവിഹിതമായി എന്ത് തുക ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് 2015-16 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ ലാഭകരമാക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ ലാഭവിഹിതം നൽകിയ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

| നമ്പർ | കമ്പനി | ലാഭ വിഹിതം (2018-19) [രൂപ കോടിയിൽ] |
|---|---|---|
| 1 | ദി കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് | 2.47 |
| 2 | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | 1.06 |

**ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ**

154 (485) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏതൊക്കെ ലാഭത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് 2015-16 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്,

ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ ലാഭകരമാക്കുവാൻ സാധിച്ചു.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം**

155 (486) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം യഥാസമയം അവലോകനം നടത്തി അവയുടെ കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന യൂണിറ്റുകൾ ലാഭകരമാക്കുന്നതിന് ഫലപ്രദമായ ഇടപെടലുകൾ നടത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന വ്യവസായ സ്ഥാപനങ്ങളിൽ എത്രയെണ്ണം 2018-19-ൽ ലാഭകരമായെന്നും പ്രസ്തുത സ്ഥാപനങ്ങളുടെ സഞ്ചിത ലാഭം എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ഡി) ലാഭകരമാക്കിയ യൂണിറ്റുകളുടെ ലാഭം 2019-2020-ൽ കുറയുന്നതിനുള്ള സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്തെന്നും ലാഭം എത്രയായി കുറഞ്ഞുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം സർക്കാർതലത്തിലും പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മുഖേനയും അവലോകനം നടത്തുന്നുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

(ബി) ഉണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നിവയ്ക്കായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൂടുതൽ വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണി വിപുലീകരിക്കുന്നതിനും വിറ്റുവരവിൽ വർദ്ധനവ് ഉണ്ടാക്കുവാനും സാധിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് 2015-16 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ ലാഭകരമാക്കുവാൻ സാധിച്ചിട്ടുണ്ട്. ഇവയുടെ സഞ്ചിത ലാഭത്തിന്റെയും നഷ്ടത്തിന്റെയും വിവരം ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| നമ്പർ | സ്ഥാപനം | സഞ്ചിത ലാഭം/നഷ്ടം |
|---|---|---|
| 1 | കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് | 748.08 |
| 2 | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | 32.23 |
| 3 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | -22.64 |
| 4 | കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ് | -49.31 |
| 5 | ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് | 43.00 |
| 6 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | 20.16 |

(ഡി) ലാഭകരമാക്കിയ സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ കണക്കുകൾ 2020 മാർച്ച് 31-നുശേഷമേ ലഭ്യമാകുകയുള്ളൂ.

## ചെറുകിട വ്യവസായ പദ്ധതികൾ

156 (487) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ കുടുംബശ്രീയുമായി സഹകരിച്ച് ഏതെങ്കിലും തരത്തിലുള്ള ചെറുകിട വ്യവസായ പദ്ധതികൾ ആവിഷ്കരിക്കാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായിട്ടുള്ള വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകൾ അതിവേഗം ലഭിക്കുന്നതിലേയ്ക്കായി സംരംഭകർക്ക് ഓൺലൈൻ മുഖാന്തരം അപേക്ഷിക്കുന്നതിനും ആയത് 30 ദിവസത്തിനകം ലഭിക്കുന്നതിലേയ്ക്കുമായി സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി (കെ-സ്വിഫ്റ്റ്) എന്ന ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് 10 കോടി രൂപ വരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻതന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിനുശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്.

സംസ്ഥാനത്ത് പരമാവധി സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ച് പരമാവധി തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാനുള്ള നടപടികളാണ് വ്യവസായ വകുപ്പ് സ്വീകരിച്ചുവരുന്നത്. ഇതിലേയ്ക്കായി സംസ്ഥാന സർക്കാർ ചുവടെ വിവരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

- സംരംഭകത്വ സഹായപദ്ധതി
- നാനോ/ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി
- തകർച്ച നേരിടുന്ന എം.എസ്.എം.ഇ-കളുടെ പുനരുദ്ധാരണ പദ്ധതി
- കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി

2020-21-ലെ ബഡ്ജറ്റിൽ ചുവടെ വിവരിക്കുന്ന പദ്ധതികൾകൂടി പ്രഖ്യാപിച്ചിട്ടുണ്ട്.

- ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്
- എം.എസ്.എം.ഇ. യൂണിറ്റുകളുടെ പുനരുജ്ജീവനവും പുനരധിവാസവും

(ബി) പാലക്കാട് ജില്ലയിൽ കുടുംബശ്രീയുമായി ബന്ധപ്പെട്ട് നിലവിൽ പദ്ധതികൾ ഒന്നും വ്യവസായ വകുപ്പിന് കീഴിലില്ല.

**കരകൗശല വികസന കോർപ്പറേഷൻ**

157 (488) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന കരകൗശല വികസന കോർപ്പറേഷനിൽ നടത്തിയ പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(ബി) എന്തൊക്കെ പദ്ധതികളാണ് കോർപ്പറേഷൻ മുഖാന്തരം നടപ്പാക്കി വരുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന കരകൗശല വികസന കോർപ്പറേഷനിൽ നടത്തിയ പരിഷ്കരണ പരിപാടികൾ താഴെപ്പറയുന്നു.

1. കണ്ണൂർ ജില്ലയിലെ കൈരളി എംപോറിയം 10 ലക്ഷം രൂപ മുതൽ മുടക്കി ആധുനികീകരിച്ചു.
2. 15 ലക്ഷം രൂപ മുടക്കി തിരുവനന്തപുരത്തെ പൊതുസേവന കേന്ദ്രത്തിലെ സിറ്റി ക്രാഫ്റ്റ് സെന്ററിന്റെ രണ്ടാംഘട്ട നിർമ്മാണം നടത്തി.
3. തിരുവനന്തപുരത്തെ എസ്.എം.എസ്.എം. പൈതൃക മന്ദിരത്തിന്റെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ, അഗ്നി നിയന്ത്രണ സംവിധാനങ്ങൾ തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിന് 30 ലക്ഷം രൂപ വിനിയോഗിച്ചു.

4. തിരുവനന്തപുരത്തെ പൊതുസൗകര്യ കേന്ദ്രത്തിലെ സുവനീർ വർക്ക്ഷോപ്പിലേയ്ക്ക് 6 ലക്ഷം രൂപ മുതൽമുടക്കി യന്ത്രസാമഗ്രികൾ സ്ഥാപിച്ചു.

5. കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലത്ത് ബെൽ മെറ്റൽ ക്ലസ്റ്ററിനായി പൊതുസേവന കേന്ദ്രം ആരംഭിക്കുന്നതിന് 15 ലക്ഷം രൂപ വിനിയോഗിച്ചു.

6. തിരുവനന്തപുരത്തെ എസ്.എം.എസ്.എം. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശതാബ്ദി മന്ദിരത്തിൽ ക്രാഫ്റ്റ് മ്യൂസിയം, തീം ഔട്ട്ലെറ്റ് തുടങ്ങിയവ സ്ഥാപിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കും 100 ലക്ഷം രൂപ വിനിയോഗിച്ചു.

7. കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പൊതുസൗകര്യ കേന്ദ്രം സ്ഥാപിക്കുന്നതിന് സംസ്ഥാന വിഹിതമായി 25 ലക്ഷം രൂപ വിനിയോഗിച്ചു.

(ബി) പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. കേരളത്തിലെ പരമ്പരാഗത കരകൗശല മേഖലയെ പുനരുദ്ധരിക്കുന്നതിനും നവീകരിക്കുന്നതിനും കേന്ദ്രാവിഷ്കൃത പദ്ധതിയായ " Integrated Development and Promotion of Handicraft Sector" നടപ്പിലാക്കിവരുന്നു.

2. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കുവാൻ പരിശീലനം നൽകുന്നതിനുമായി ഡിസൈൻ-ടെക്നോളജി വർക്ക്ഷോപ്പുകൾ നടത്തുകയുണ്ടായി.

3. പ്രകൃതിദത്ത നാരിലുള്ള പരിശീലനത്തിനായി പരിശീലനം നടത്തുകയും പ്രോട്ടോടൈപ്പുകൾ നിർമ്മിച്ച് നൽകുകയും ചെയ്തു.

4. കരകൗശലത്തൊഴിലാളികൾക്ക് സൗജന്യമായി ടൂൾ കിറ്റുകൾ വിതരണം ചെയ്തു.

5. പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കരകൗശല മേഖലയെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനായി ക്രാഫ്റ്റ് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു.

6. കേരളത്തിലെ കരകൗശല മേഖലയുടെ പ്രാധാന്യത്തെക്കുറിച്ചും കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ഹ്രസ്വ ചലച്ചിത്രം നിർമ്മിക്കുകയുണ്ടായി.

7. ഒരു പ്രത്യേക ക്രാഫ്റ്റിൽ പ്രാവീണ്യം സിദ്ധിച്ച കരകൗശല വിദഗ്ധർക്ക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും പരിശീലിക്കുവാനും പുതിയ ഡിസൈനുകളും വൈവിദ്ധ്യമാർന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും സഹായകരമായ സാഹചര്യങ്ങൾ ഒരുക്കുന്നതിന് പൊതുസേവന കേന്ദ്രങ്ങൾ കുഞ്ഞിമംഗലം, ചേർപ്പ്, കടവൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നു.

8. കരകൗശല മേഖലയെ ടൂറിസവുമായി കോർത്തിണക്കി, ഈ മേഖലയ്ക്ക് കൂടുതൽ പ്രചാരം നൽകുന്നതിനായി മാന്നാർ ഹെറിറ്റേജ് വില്ലേജ്, അരുവിക്കരയിൽ ക്രാഫ്റ്റ് വില്ലേജ്, അട്ടക്കുളങ്ങരയിൽ മിനി ക്രാഫ്റ്റ് വില്ലേജ് എന്നിവ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു.

9. ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട കരകൗശല കലാകാരന്മാർക്ക് എൻ.ബി.സി.എഫ്.ഡി.സി. പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

10. കരകൗശല ഉൽപ്പന്നങ്ങളുടെ വിപണന മേഖല വിപുലീകരിക്കുന്നതിനായി സ്വന്തമായി ഇ-കോമേഴ്സ് വെബ്സൈറ്റ് ആരംഭിക്കുകയും ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ പോർട്ടലുകളിൽ ഓൺലൈൻ സ്റ്റോറുകൾ നടത്തുകയും ചെയ്യുന്നു.

**കരകൗശല വികസന കോർപ്പറേഷൻ**

158 (489) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശല മേഖലയുടെ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്ക് സഹായകരമായ സാഹചര്യം സൃഷ്ടിക്കുവാൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ;

(ബി) കരകൗശല തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇതിനായി എന്തെങ്കിലും കേന്ദ്ര പദ്ധതിയുണ്ടോ; എങ്കിൽ അതിലൂടെ ലഭിക്കുന്ന സാമ്പത്തിക സഹായം വിശദമാക്കുമോ;

(ഡി) കരകൗശല ഉല്പന്നങ്ങളുടെ വിപണി വർദ്ധിപ്പിക്കുന്നതിനും അവയുടെ ശാസ്ത്രീയ വിപണനം ലക്ഷ്യമാക്കിയും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കരകൗശല മേഖലയുടെ വളർച്ചയ്ക്കായി ബഹുമുഖ പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. കരകൗശല തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കൾ ദൗർലഭ്യമില്ലാത്തവിധം ലഭ്യമാക്കുക, അവരുടെ ഉൽപ്പന്നങ്ങൾക്ക് ശരിയായ വിപണി ലഭ്യമാക്കുക എന്നിവ വഴി വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ സർക്കാർ ആഭിമുഖ്യത്തിൽ നടന്നുവരുന്നു. ഉൽപ്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് മികച്ച ഡിസൈനുകൾ, മെച്ചപ്പെട്ട പരിശീലനം എന്നിവയും നടത്തിവരുന്നുണ്ട്. സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സംസ്ഥാനതല സ്ഥാപനങ്ങളായ കേരള കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപക്സ് സഹകരണ സംഘം, കേരള ആർട്ടിസാൻസ് വികസന കോർപ്പറേഷൻ, കേരള മുളവികസന കോർപ്പറേഷൻ, കേരള ബാംബൂ മിഷൻ എന്നിവ ആവിഷ്കരിക്കുന്നതും മുമ്പ് സൂചിപ്പിച്ചതുമായ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്ക് സർക്കാർ ധനസഹായം നൽകി ഈ മേഖലയുടെ വളർച്ച ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ കരകൗശല മേഖലയിലെ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് 'ആഷ' എന്ന മറ്റൊരു പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കരകൗശല തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന " ആഷ" എന്ന പദ്ധതി നിലവിലുണ്ട്. കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ കെട്ടിടം/പണിശാല, യന്ത്രസാമഗ്രികൾ, ഉപകരണങ്ങൾ, പണിശാലയിലെ വൈദ്യുതീകരണം തുടങ്ങി സ്ഥിര മൂലധന നിക്ഷേപത്തിന്റെ 40% തുക (പരമാവധി രണ്ടു ലക്ഷം രൂപ) ധനസഹായം നൽകുന്നു. പട്ടികജാതി/പട്ടികവർഗ്ഗം, വനിതാ, യുവജന സംരംഭകർക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 50% തുക (പരമാവധി 3 ലക്ഷം രൂപ) ധനസഹായമായി അനുവദിക്കുന്നു.

(സി) കരകൗശല മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന കേന്ദ്ര പദ്ധതികൾ നിലവിലില്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിലുള്ള " National Backward Classes Finance and Development Corporation" വിതരണം ചെയ്യുന്ന വായ്പകൾ ഉപയോഗപ്പെടുത്തി അർഹരായ കരകൗശല സംരംഭകർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അവസരമുണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണി ലഭിക്കുന്നതിന് ഉൽപ്പന്നങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തേണ്ടതുണ്ട്. അതിനായി വിവിധ തരത്തിലുള്ള നൈപുണ്യ വികസന പരിശീലനം നടത്തിവരുന്നുണ്ട്. കൂടാതെ, പുതിയ ഡിസൈനുകൾ ആവിഷ്കരിക്കുന്നതിന് ഡിസൈൻ-ടെക്നോളജി വർക്ക്ഷോപ്പുകൾ നടത്തുകയും പുതിയ പ്രോട്ടോടൈപ്പുകൾ വികസിപ്പിച്ച് വിതരണം നടത്തിവരികയുമാണ്.

2. കരകൗശല ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്ന സ്ഥിരം ശാലകൾ ആധുനികീകരിക്കുകയും അതുവഴി ഉപഭോക്താക്കളെ ആകർഷിക്കുകയും ചെയ്യുന്നു.

3. വിശേഷാവസരങ്ങളിൽ പ്രത്യേക പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുന്നു.

4. കരകൗശല വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആധുനിക വിപണന മാതൃകയായ ഇ-കൊമേഴ്സ് ആരംഭിക്കുകയും ആമസോൺ, ഫ്ളിപ്പ്കാർട്ട്, ജി.ഇ.എം. തുടങ്ങിയ ഇ-കൊമേഴ്സ് പോർട്ടലുകളിൽ ഓൺലൈൻ സ്റ്റോറുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## വ്യവസായ ബൃഹത് സോണുകൾ

159 (490) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ കേരളത്തിൽ അഞ്ച് വ്യവസായ ബൃഹത് സോണുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ സോണുകൾ എവിടെയെല്ലാമാണ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചതെന്നും അതിൽ ഏതെല്ലാം സോണുകൾ ഇതിനകം പ്രവർത്തനക്ഷമമായി എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രഖ്യാപിച്ചിരുന്നു. കേരളത്തിൽ വ്യവസായ സോണുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കണ്ണൂരിലെ പട്ടന്നൂർ പനയത്താമ്പറമ്പിൽ 1000 ഏക്കർ ഭൂമി കിൻഫ്ര കണ്ടെത്തുകയും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

മങ്കടയിൽ ഇതിലേയ്ക്കായി ഭൂമി കണ്ടെത്തിയെങ്കിലും ഭൂമി വിലയിൽ തീരുമാനമാകാത്ത സാഹചര്യത്തിലും പ്രസ്തുത സ്ഥലം ഡെവലപ് ചെയ്യാൻ കഴിയാത്തവിധം നിരപ്പില്ലാത്ത സ്ഥലമായതിനാലും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത് ലാഭകരമല്ലെന്ന് റിപ്പോർട്ട് ചെയ്തതിനാൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി റദ്ദ് ചെയ്ത് സ.ഉ.(കൈ) 299/17/റവ. തീയതി 25-8-2017 പ്രകാരം ഉത്തരവായിട്ടുണ്ട്.

തൊടുപുഴയിലും വിഴിഞ്ഞത്തും കാസർഗോഡും പദ്ധതിക്ക് അനുയോജ്യമായ ഭൂമി ലഭിക്കാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

**റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ**

160 (491) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഇതിലേയ്ക്കായി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം ജില്ലകളിൽ ഇതിനായി സ്ഥലം ലഭ്യമായിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. റബ്ബർ മേഖലയ്ക്ക് ഉത്തേജനം നൽകുന്നതിനും റബ്ബർ അധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിൽ റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കും കണ്ണൂർ ജില്ലയിൽ ഒരു ഗ്ലൗസ് നിർമ്മാണ യൂണിറ്റും സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഇതിലേയ്ക്കായി G.O. (Ms) No. 16/2019/ID പ്രകാരം കേരള റബ്ബർ ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് CIAL മാതൃകയിൽ റബ്ബർ കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ Kannur Natural Rubber Products Private

Limited എന്ന പേരിൽ കമ്പനി രൂപീകരിക്കുകയും പാപ്പിനിശ്ശേരി ആസ്ഥാനമായി ഓഫീസ് തുറന്ന് പ്രവർത്തനം ആരംഭിക്കുകയും സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കിനുവേണ്ടി കോട്ടയം ജില്ലയിൽ 200 ഏക്കർ അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ മലപ്പട്ടം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 2.13 ഏക്കർ സ്ഥലത്താണ് ഗ്ലൗസ് നിർമ്മാണ യൂണിറ്റ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്.

**പെട്രോകെമിക്കൽ പാർക്ക് പദ്ധതി**

161 (492) <u>ശ്രീ. കെ. രാജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന വ്യവസായ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പെട്രോകെമിക്കൽ പാർക്ക് എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കിഫ്ബി മുഖേന കിൻഫ്ര നടപ്പിലാക്കുന്ന പെട്രോ കെമിക്കൽ പാർക്ക് പദ്ധതിക്കായി 481.79 ഏക്കർ ഭൂമി എഫ്.എ.സി.റ്റി. കിൻഫ്രയ്ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ പെട്രോ കെമിക്കൽ വ്യവസായങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഈ മേഖലയിൽ സ്വകാര്യ നിക്ഷേപവും തൊഴിലവസരവും ആകർഷിക്കുവാനാണ് പദ്ധതിവഴി ലക്ഷ്യമിടുന്നത്.

(ബി) 481.79 ഏക്കർ ഭൂമി എഫ്.എ.സി.റ്റി. കിൻഫ്രയ്ക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ട്. ഇതിൽനിന്ന് 171 ഏക്കർ ഭൂമി ബി.പി.സി.എൽ.-ന് അവരുടെ പദ്ധതിക്കായി അലോട്ട് ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പാരിസ്ഥിതിക അനുമതിയുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

## സിറ്റി ഗ്യാസ് പദ്ധതി

162 (T*493) ശ്രീ. കെ. എം. ഷാജി :
ശ്രീ. എം. സി. കമറുദ്ദീൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചക ആവശ്യത്തിനുള്ള ദ്രവീകൃത പ്രകൃതി വാതകം പൈപ്പുകളിലൂടെ വിതരണം ചെയ്യുന്ന സിറ്റി ഗ്യാസ് പദ്ധതി നിലവിൽ ഏതെല്ലാം ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതി കേരളം മുഴുവൻ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വീടുകളിലേയ്ക്കും വാഹനങ്ങൾക്കും പ്രകൃതി വാതക വിതരണം ചെയ്യുന്നതിനായി പെട്രോളിയം & നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (PNGRB) ചുമതലപ്പെടുത്തിയിരിക്കുന്നത് ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെയാണ്. പ്രസ്തുത കമ്പനിക്ക് പ്രകൃതി വാതകം നൽകാനായി പ്രധാന പൈപ്പിൽനിന്നും 'Tap Off' സംവിധാനം പൈപ്പ് ലൈൻ കടന്നുപോകുന്ന എല്ലാ ജില്ലകളിലും ഗെയിൽ സ്ഥാപിച്ചുകഴിഞ്ഞു.

നിലവിൽ സിറ്റി ഗ്യാസ് പദ്ധതിയുടെ ഭാഗമായി ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് കമ്പനി എറണാകുളം ജില്ലയിലെ നഗരസഭകളായ തൃക്കാക്കര, കളമശ്ശേരി എന്നീ പ്രദേശത്തുള്ള ആറ് വാർഡുകളിൽ ഗാർഹിക കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ തൃക്കാക്കര നഗരസഭയിലെ 7500-ൽപ്പരം വീടുകളിലും കളമശ്ശേരി നഗരസഭയിലെ 4500-ൽപ്പരം വീടുകളിലും കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ഗ്യാസ് ഇൻഫ്രാസ്ട്രക്ചർ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തൃപ്പൂണിത്തുറ നഗരസഭയിലെ 10 വാർഡിലും തൃക്കാക്കര നഗരസഭയിലെ 10 വാർഡിലും ഏലൂർ നഗരസഭയിലെ 6 വാർഡിലും ഗാർഹിക കണക്ഷൻ ലഭ്യമാകുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചു കഴിഞ്ഞു. ഇതുകൂടാതെ നിലവിൽ 7 CNG സ്റ്റേഷൻസും CSEZ വ്യവസായ മേഖലയിലും ഗ്യാസ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ വാതക വിതരണ ഏജൻസിയായി AGP City Gas Pvt. Ltd. എന്ന കമ്പനിയെയാണ് പെട്രോളിയം &നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത കമ്പനി പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ജില്ലകളായ കോട്ടയം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ പദ്ധതി നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കാനുള്ള പതിനൊന്നാം റൗണ്ട് ബിഡ്ഡിംഗ് പ്രോസസ്സിംഗിനുള്ള നടപടികൾ ആരംഭിച്ചതായി അറിയുന്നു.

**ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി**

163 (494) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) നാനൂറ്റി നാല് കിലോമീറ്റർ നീളമുള്ള ഗെയിലിന്റെ കൊച്ചി-മംഗളൂരു വാതക പൈപ്പ് ലൈനിൽ എത്ര കിലോമീറ്ററിലാണ് പൈപ്പിടൽ ശേഷിക്കുന്നത് എന്നറിയിക്കുമോ;

(സി) ഗെയിൽ പൈപ്പ് ലൈൻ പൂർത്തിയാകുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) വീട്, വാഹനങ്ങൾ എന്നിവയ്ക്കുള്ള വാതകവിതരണം പൂർണ്ണതോതിൽ എന്നത്തേക്ക് ആരംഭിക്കുമെന്നറിയിക്കാമോ;

(ഇ) വാതകപൈപ്പ് ലൈൻ നിലവിൽ വരുമ്പോൾ ഒരു കുടുംബത്തിന് പാചകവാതക ഇനത്തിൽ ഉണ്ടാകുന്ന സാമ്പത്തികലാഭം എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 'ഗെയിൽ പൈപ്പ് ലൈൻ പദ്ധതി' കേരളത്തിൽ രണ്ട് ഘട്ടമായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടം (48 കി.മീ.) 2013-ൽ എറണാകുളം ജില്ലയിൽ കമ്മീഷൻ ചെയ്തു. രണ്ടാം ഘട്ടമായ കൊച്ചി - മംഗലാപുരം (444 കി.മീ.) പൈപ്പ്

ലൈനിന്റെ കൊച്ചി മുതൽ കൂറ്റനാട് വരെ (97 കി.മീ.) 19-6-2019-ന് കമ്മീഷൻ ചെയ്തു. കൂറ്റനാട് മുതൽ മംഗലാപുരം വരെയുള്ള അവശേഷിക്കുന്ന 347 കിലോമീറ്ററിൽ കോഴിക്കോട് ജില്ലയിലെ ഇരവഴിഞ്ഞിപ്പുഴ, കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരിപ്പുഴ എന്നീ നദികളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലി മാത്രമാണ് ബാക്കിയുള്ളത്. പൈപ്പ് ലൈൻ സുരക്ഷാ പരിശോധനകൾക്കും മറ്റ് പ്രീകമ്മീഷണിംഗ് പ്രവൃത്തികൾക്കും സമയം ആവശ്യമുള്ളതിനാൽ പദ്ധതി 2020 മേയ് 1-ന് കമ്മീഷൻ ചെയ്യാനാണ് ഗെയിൽ വിഭാവനം ചെയ്യുന്നത്.

കൂറ്റനാട് - വാളയാർ സെക്ഷനിൽ (ബാംഗ്ലൂർ ലൈൻ 93.8 കി.മീ.) 95 ശതമാനം വെൽഡിംഗ് പൂർത്തീകരിച്ചുകഴിഞ്ഞു. പദ്ധതി 2020 ജൂലൈ 31-നകം കമ്മീഷൻ ചെയ്യാനാണ് ഗെയിൽ വിഭാവനം ചെയ്യുന്നത്.

(ബി) രണ്ട് നദികളിൽക്കൂടി ഏകദേശം 1.6 കി.മീ. പൈപ്പ് വിന്യസിക്കുന്ന ജോലികൾ മാത്രമാണ് ബാക്കിയുള്ളത്.

(സി) ഗെയിൽ നടപ്പിലാക്കുന്ന കൊച്ചി - കൂറ്റനാട് - ബാംഗ്ലൂർ - മംഗലാപുരം വാതക പൈപ്പ് ലൈൻ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ ചെലവ് കുറഞ്ഞതും സുരക്ഷിതവും അന്തരീക്ഷമലിനീകരണം വളരെ കുറഞ്ഞതുമായ ഇന്ധനം ഗാർഹിക ആവശ്യങ്ങൾക്കും വാഹനങ്ങൾക്കും വ്യവസായശാലകൾക്കുമായി ലഭ്യമാകുന്നതാണ്. ഇതുകൂടാതെ പ്രകൃതി വാതകം സംസ്ഥാനത്തെ ചെറുകിട- വൻകിട വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്നതിലൂടെ ഇന്ധനച്ചെലവ് വളരെയധികം ലാഭിക്കുവാൻ സാധിക്കുന്നതും അപ്രകാരം സംസ്ഥാനത്തിന്റെ വ്യാവസായിക കുതിപ്പിന് ഉപോൽപ്പലകമായി തീരുകയും ചെയ്യുന്നതാണ്.

ഈ ഗ്യാസ് പൈപ്പ് ലൈൻ ശൃംഖല നിലവിൽ വരുന്നതോടുകൂടി കേരളം ദേശീയ വാതക ശൃംഖലയുടെ ഭാഗമായി മാറുകയും അതിലൂടെ തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന ചെലവുകുറഞ്ഞ പ്രകൃതിവാതകത്തിന്റെ വിഹിതം ആവശ്യപ്പെടുവാൻ സാധിക്കുകയും ചെയ്യുന്നതാണ്. പ്രകൃതിവാതക ഉപയോഗംമൂലം അന്തരീക്ഷ മലിനീകരണം കുറയുകയും സംസ്ഥാനത്തിന് നികുതി വരുമാനം ലഭിക്കുന്നതുമാണ്.

പദ്ധതി നടപ്പിലായാൽ ടാങ്കർമൂലമുണ്ടാകുന്ന അപകടങ്ങൾ, എൽ.പി.ജി. സിലിണ്ടർ അപകടങ്ങൾ, എൽ.പി.ജി. ക്ഷാമം എന്നിവ ഗണ്യമായി കുറയ്ക്കാൻ സാധിക്കുന്നതാണ്.

(ഡി) എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വീടുകളിലേയ്ക്കും വാഹനങ്ങൾക്കും പ്രകൃതിവാതക വിതരണം ചെയ്യുന്നതിനായി പെട്രോളിയം & നാച്വറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് ചുമതലപ്പെടുത്തിയിരിക്കുന്നത് ഇന്ത്യൻ ഓയിൽ അദാനി

ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെയാണ്. പ്രസ്തുത കമ്പനിക്ക് പ്രകൃതി വാതകം നൽകുവാനായി പ്രധാന പൈപ്പിൽനിന്നും 'Tap off ' സംവിധാനം പൈപ്പ് ലൈൻ കടന്നുപോകുന്ന എല്ലാ ജില്ലകളിലും ഗയിൽ സ്ഥാപിച്ചുകഴിഞ്ഞു. നിലവിൽ സിറ്റി ഗ്യാസ് പദ്ധതിയുടെ ഭാഗമായി ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് കമ്പനി എറണാകുളം ജില്ലയിലെ നഗരസഭകളായ തൃക്കാക്കര, കളമശ്ശേരി എന്നീ പ്രദേശത്തുള്ള ആറ് വാർഡുകളിൽ ഗാർഹിക കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ തൃക്കാക്കര നഗരസഭയിലെ 7500– ൽപ്പരം വീടുകളിലും കളമശ്ശേരി നഗരസഭയിലെ 4500-ൽപ്പരം വീടുകളിലും കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ഗ്യാസ് ഇൻഫ്രാസ്ട്രക്ചർ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തൃപ്പൂണിത്തുറ നഗരസഭയിലെ പത്ത് വാർഡിലും തൃക്കാക്കര നഗരസഭയിലെ പത്ത് വാർഡിലും ഏലൂർ നഗരസഭയിലെ ആറ് വാർഡിലും ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു. ഇതുകൂടാതെ നിലവിൽ ഏഴ് CNG സ്റ്റേഷൻസും CSEZ വ്യവസായമേഖലയിലും ഗ്യാസ് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ വാതക വിതരണ ഏജൻസിയായി AGP City Gas Pvt. Ltd. എന്ന കമ്പനിയെയാണ് പെട്രോളിയം &നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത കമ്പനി പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ജില്ലകളായ കോട്ടയം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ ഏജൻസിയെ തെരഞ്ഞെടുക്കുവാനുള്ള പതിനൊന്നാം റൗണ്ട് ബിഡ്ഡിംഗ് പ്രോസസ്സിംഗുമായി PNGRB മുന്നോട്ട് പോകുന്നതായി അറിയുന്നു.

(ഇ) വർഷത്തിൽ 365 ദിവസവും ഒരു തടസ്സവും കൂടാതെ പ്രകൃതിവാതകം ആവശ്യാനുസരണം ഓരോ വീടുകളിലേയ്ക്കും ലഭിക്കുന്നതാണ്. താരതമ്യേന പരമ്പരാഗത പാചകവാതകത്തെക്കാൾ വിലക്കുറവുള്ളതിനാൽ പ്രകൃതി വാതകത്തിന്റെ ഉപയോഗം മികച്ച സാമ്പത്തിക ഭദ്രത പ്രദാനം ചെയ്യുന്നതാണ്. കൂടാതെ മലിനീകരണം കുറയുകയും ചെയ്യുന്നതാണ്.

**തെക്കൻ ജില്ലകളിൽ സിറ്റി ഗ്യാസ് പദ്ധതി**

164 (495) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി തെക്കൻ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ സ്ഥലമെട്ടപ്പ് പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള ചുമതല നൽകിയിരിക്കുന്നത് AGP City Gas Pvt. Ltd. എന്ന കമ്പനിക്കാണ്.

ഗാർഹിക ഉപഭോക്താക്കൾക്ക് വാതക വിതരണം നൽകേണ്ടതിനാൽ ജനവാസകേന്ദ്രങ്ങൾക്ക് സമീപം LCNG/LNG സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിവരികയാണ്.

അവശേഷിക്കുന്ന ജില്ലകളായ കോട്ടയം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ ഏജൻസിയെ തെരഞ്ഞെടുക്കാനുള്ള പതിനൊന്നാം റൗണ്ട് ബിഡ്ഡിംഗ് നടപടികളുമായി PNGRB മുന്നോട്ട് പോകുന്നതായി അറിയുന്നു.

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് PNGRB നിഷ്കർഷിച്ചിട്ടുള്ളതനുസരിച്ച് പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികൾ AGP City Gas Pvt. Ltd. സ്വീകരിച്ചുവരുന്നു.

**കേരള സോപ്പ് ആന്റ് ഓയിൽ-ലെ കരാർ നിയമനം**

165 (496) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സോപ്പ് ആന്റ് ഓയിൽ ലാഭത്തിലാണോ പ്രവർത്തിച്ച് വരുന്നത്; ഈ സ്ഥാപനത്തിൽ കരാർ വ്യവസ്ഥയിലോ ദിവസ വേതനത്തിലോ മറ്റ് രീതിയിലോ നിയമനങ്ങൾ നടത്തിയിരുന്നോ;

(ബി) കരാർ വ്യവസ്ഥയിൽ ജോലി നോക്കി വരുന്നവരുടെ വേതനം എത്രയെന്നും എത്ര വർഷമായി ഈ ജീവനക്കാർ ജോലി നോക്കി വരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) പുറം കരാർ തൊഴിലാളികളെ നിയമിക്കുന്നത് അംഗീകാരമുള്ള തസ്തികയിലേക്കാണോ; നിയമിക്കുന്ന ജീവനക്കാർക്ക് മതിയായ യോഗ്യതയുണ്ടോ;

(ഡി) ഏജൻസിയെ ഒഴിവാക്കി കമ്പനി നേരിട്ട് കരാർ തൊഴിലാളികളെ നിയമിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സോപ്പ് ആന്റ് ഓയിൽ ലിമിറ്റഡ് എന്ന സ്ഥാപനം 18-8-2011-ൽ ലിക്വിഡേറ്റ് ചെയ്യപ്പെട്ടു. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ കീഴിൽ 2010 ഫെബ്രുവരിയിൽ പ്രവർത്തനം ആരംഭിച്ച കേരള സോപ്പ് നിലവിൽ നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പ്രസ്തുത യൂണിറ്റിൽ കമ്പനിയുടെ ഡയറക്ടർ ബോർഡ് അനുമതി പ്രകാരം കരാർ അടിസ്ഥാനത്തിലും പുറം കരാർ മുഖേനയും യൂണിറ്റിന്റെ പ്രവർത്തനത്തിന് അത്യാവശ്യം വേണ്ട തൊഴിലാളികളെ നിയമിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.*

(സി) അംഗീകാരമുള്ള തസ്തികയിലേയ്ക്കും ചില അത്യാവശ്യ തസ്തികയിലേയ്ക്കും പുറം കരാർ തൊഴിലാളികളെ മതിയായ യോഗ്യത പരമാവധി ഉറപ്പുവരുത്തി നിയമിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. കമ്പനിയുടെ തുടക്കം മുതൽ ജോലി നോക്കുന്ന 57 പുറം കരാർ ജീവനക്കാരെ പുറം കരാർ ഏജൻസിയെ ഒഴിവാക്കി കരാർ നിയമനവുമായി ബന്ധപ്പെട്ട നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി കമ്പനി നേരിട്ട് കരാറടിസ്ഥാനത്തിൽ നിയമിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**മലപ്പുറം ജില്ലയിൽ പുതിയ വ്യവസായ പാർക്കുകൾ**

166 (497) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സർക്കാർ ഉടമസ്ഥതയിൽ പുതിയ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വിശദമാക്കാമോ;

(ബി) സ്ഥലം ലഭ്യമാക്കിയാൽ കിഫ്ബി പോലെയുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി സർക്കാർ സ്ഥലം വാങ്ങി പുതിയ വ്യവസായ പാർക്കുകൾ ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) മലപ്പുറം ജില്ലയിൽ നിലവിലുള്ള വ്യവസായ പാർക്കുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; ഐ.ടി. - തടി വ്യവസായ പാർക്കുകൾ ജില്ലയിൽ നിലവിലുണ്ടോയെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിൽ ഉദ്ദേശ്യമില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഫങ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പയ്യനാട്, കാക്കഞ്ചേരി കിൻഫ്ര പാർക്ക്, കെ.എസ്.ഐ.ഡി.സി. - ഇൻകെൽ പാണക്കാട് വ്യവസായ വളർച്ചാ കേന്ദ്രം എന്നിവയാണ് മലപ്പുറം ജില്ലയിലെ വ്യവസായ അധിഷ്ഠിത പാർക്കുകൾ.

കാക്കഞ്ചേരി കിൻഫ്ര പാർക്കിൽ ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾക്കായി സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. തടി വ്യവസായ പാർക്കുകൾ നിലവിലില്ല.

**അനന്തപുരം വ്യവസായ പാർക്ക്**

167 (498) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ അനന്തപുരം കിൻഫ്ര വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ ഏതൊക്കെ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത വ്യവസായ പാർക്കിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാണോ; പുതിയ വ്യവസായം തുടങ്ങുന്നതിന് സംരംഭകർ സമീപിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ഡി) വ്യവസായ പാർക്കിന് കൂടുതൽ സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) മഞ്ചേശ്വരം മണ്ഡലത്തിലുൾപ്പെടുന്ന സീതാംഗോലിയിലെ വ്യവസായ പാർക്കിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ് എന്നിവ വികസിപ്പിച്ചിട്ടുണ്ട്. ഇതിന്റെ അനുബന്ധ അനുമതികൾ ലഭിക്കുന്നതിനുള്ള ഏകജാലക സംവിധാനവും പാർക്കിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പാർക്കിൽ ഭൂമി അലോട്ട് ചെയ്ത സംരംഭകരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത പാർക്കിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിലവിൽ മൂന്ന് ഏക്കർ ഭൂമി ലഭ്യമാണ്. നാളിതുവരെ വ്യവസായങ്ങൾ ആരംഭിക്കാൻ അപേക്ഷ നൽകിയ സംരംഭകർക്കെല്ലാം ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കിൻഫ്രയിൽ നിന്നും അപേക്ഷ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

**ഒറ്റപ്പാലം കിൻഫ്ര പാർക്കിന്റെ വികസനം**

168 (499) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം കിൻഫ്ര പാർക്കിന്റെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇവിടെ നിലവിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ;

(സി) കൂടുതൽ വ്യവസായസ്ഥാപനങ്ങളെ ആകർഷിക്കുന്നതിനായുള്ള ഭൗതിക സാഹചര്യങ്ങൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പുതിയ വ്യവസായികളെ ആകർഷിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് 9 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 60 ഏക്കർ സ്ഥലത്ത് കിൻഫ്ര സ്ഥാപിക്കുന്ന ഡിഫെൻസ് പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് റോഡ്, 73270 ചതുരശ്രയടി വിസ്തീർണ്ണമുള്ള അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ് 328630 ചതുരശ്രയടി വിസ്തീർണ്ണമുള്ള കോമൺ ഫെസിലിറ്റി സെന്റർ, 19000 ചതുരശ്രയടി വിസ്തീർണ്ണമുള്ള വെയർ ഹൗസുകൾ, വൈദ്യുതി, ജലം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളെല്ലാം പൂർത്തീകരിച്ചുകഴിഞ്ഞു. പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളെല്ലാം തന്നെ അന്തിമഘട്ടത്തിലാണ്.

(ബി) ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് 9 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്.

- Shri. Abddul Manaf T A
- Shri. Asiff A
- Shri. Sujesh A V

- Shri. Abu Saalih
- M/s. Cenova Packaging
- M/s. Feromach Technology Private Limited
- Shri. Muhammed Shahul Hakkeem
- M/s. Additional Skill Acquisition Programme (ASAP) -Dept. Off Higher Education.

ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം

- M/s. Blissful Garments Private Limited

(സി) പ്രസ്തുത പാർക്കിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാണ്. ഇതിന്റെ അനുബന്ധ അനുമതികൾ ലഭിക്കുന്നതിനുള്ള ഏകജാലക സംവിധാനവും പാർക്കിൽ ലഭ്യമാണ്.

(ഡി) കിൻഫ്ര പങ്കെടുക്കുന്ന എല്ലാ നിക്ഷേപ സംഗമങ്ങളിലും പ്രസ്തുത പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങളെപ്പറ്റിയും മറ്റും വിശദമാക്കാറുണ്ട്.

**പ്രീമിയർ കേബിൾ കമ്പനി വക സ്ഥലം**

169 (500) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കറുകുറ്റി വില്ലേജിൽ സർക്കാർ ഏറ്റെടുത്ത പ്രീമിയർ കേബിൾ കമ്പനിവക സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ നിന്ന് എത്ര സെന്റ് സ്ഥലമാണ് അഡ്‌ലക്സ് കൺവെൻഷൻ സെന്ററിനായി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ബാക്കിയുള്ള സ്ഥലം എത്രയെന്നും ഇത് എന്ത് കാര്യത്തിനായാണ് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രീമിയർ കേബിൾ കമ്പനി ഏറ്റെടുത്തതായ വിവരം വ്യവസായ വാണിജ്യ വകുപ്പിൽ ലഭ്യമല്ല.

(ബി&സി) ബാധകമല്ല.

**മാവേലിക്കര താലൂക്കിൽ വ്യവസായ വകുപ്പിന്റെ ഭൂമി**

170 (501) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയുടെയും സ്ഥാപനങ്ങളുടെയും വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇതിൽ നിലവിൽ ഉപയോഗിക്കുന്നവയുടെയും ഉപയോഗിക്കാതിരിക്കുന്നവയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) മാവേലിക്കര താലൂക്കിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ കൊല്ലകടവ് വ്യവസായ വികസന ഏരിയയിൽ 1622 സെന്റ് ഭൂമിയാണ് നിലവിലുള്ളത്. അതിൽ സംരംഭകർക്ക് അനുവദിച്ചു നൽകാൻ കഴിയുന്ന 1439 സെന്റ് ഭൂമിയിൽ 1433 സെന്റ് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ബാക്കി 6 സെന്റ് ഭൂമി ക്ലസ്റ്റർ വികസന പദ്ധതിയിൽ കോമൺ ഫെസിലിറ്റി സെന്ററിന് നീക്കിവച്ചിരിക്കുന്നു. ഇവിടെ 43 വ്യവസായ സംരംഭങ്ങൾക്ക് ഭൂമി അനുവദിച്ചതിൽ 38 സംരംഭങ്ങൾ പ്രവർത്തനാത്മകമാണ്. 5 സംരംഭങ്ങൾ ഇപ്പോൾ പ്രവർത്തനമില്ലാത്തതാണ്. കൂടാതെ കൊല്ലകടവ് വ്യവസായ വികസന ഏരിയയിൽ എസ്.സി./എസ്.ടി. വിഭാഗത്തിന് അലോട്ട് ചെയ്തിട്ടുള്ള 10 ഷെഡ്ഡുകളിൽ 4 എണ്ണം പ്രവർത്തിക്കുന്നതും ബാക്കിയുള്ളവ പ്രവർത്തനമില്ലാത്തതും ആരംഭിച്ചിട്ടില്ലാത്തതുമാണ്.

വ്യവസായ വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിൽ കൊല്ലകടവിൽ 18 ഏക്കർ (7.2846 ഹെക്ടർ) ഭൂമിയുണ്ട്. പ്രസ്തുത ഭൂമിയിൽ 48 ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ 47 സംരംഭങ്ങൾ പ്രവർത്തനക്ഷമവും ഒരു യൂണിറ്റ് പ്രവർത്തനരഹിതവുമാണ്.

പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ വ്യവസായ സംരംഭങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**നെടുമങ്ങാട് മണ്ഡലത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായ സ്ഥാപനം**

171 (502) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിനുള്ള സാധ്യതാപഠനം നടത്താൻ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചുമതലപ്പെടുത്തിയിട്ടുള്ള കെ-ബിപ്പ് എന്ന സ്ഥാപനം നാളിതുവരെ പഠനം ആരംഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാധ്യതാപഠനം ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) കാലതാമസം ഒഴിവാക്കി സാധ്യതാപഠനം ആരംഭിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് അനുവദിച്ചിട്ടുള്ള കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും കാലവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഇ) അനുവദിച്ച കാലവധിക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനാവാത്ത സാഹചര്യം നിലവിലുണ്ടോ; വിശദവിവരം നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സാധ്യതാപഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് പുറമെനിന്നും ഒരു വിദഗ്ധ ഏജൻസിയെ തെരഞ്ഞെടുത്ത് അവർ മുഖേനയാണ് വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കേണ്ടത്. പ്രസ്തുത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ തുക 2019-20 വർഷത്തെ ബഡ്ജറ്റിൽ കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടില്ല.

(സി-ഇ) 5-9-2019 തീയതിയിൽ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന് നൽകിയ കത്തുപ്രകാരം മൂന്ന് മാസത്തിനകം സാധ്യതാപഠനം നടത്തുവാനാണ് സർക്കാർ നിർദ്ദേശം നൽകിയിരുന്നത്. കാലാവധി ദീർഘിപ്പിച്ചിട്ടില്ല. പഠനം നടത്തുന്നതിന് തുക ആവശ്യമായതിനാൽ 2020-21 വർക്കിംഗ് ഗ്രൂപ്പ് ചേർന്ന് പദ്ധതികൾ ആംഗീകരിച്ച് തുക ലഭിച്ചശേഷം മാത്രമേ എത്ര കാലയളവിനുള്ളിൽ പഠനം പൂർത്തിയാക്കാൻ കഴിയുകയുള്ളുവെന്ന് വ്യക്തമാക്കാൻ സാധിക്കുകയുള്ളു.

**ചെങ്ങന്നൂർ മണ്ഡലത്തിൽ വ്യവസായ പാർക്ക്**

172 (503) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രവാസികൾ ധാരാളമുള്ള തിരുവല്ല, ചെങ്ങന്നൂർ കേന്ദ്രീകരിച്ച് ചെങ്ങന്നൂർ മണ്ഡലത്തിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി ഒരു വ്യവസായ പാർക്ക് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്താൻ നിലവിൽ സാധിച്ചിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത ആവശ്യം പരിശോധിക്കാവുന്നതാണ്.

**കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഭേദഗതി**

173 (504) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ അവസാനമായി ഭേദഗതി ചെയ്തത് എപ്പോഴാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഭേദഗതിയുടെ ഉദ്ദേശ്യം എന്തായിരുന്നുവെന്നും ഭേദഗതിയുടെ ഉദ്ദേശ്യലക്ഷ്യം നടപ്പിലാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദീകരിക്കുമോ;

(സി) പ്രസ്തുത ചട്ടത്തിന്റെ ഭേദഗതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) 4-1-2020 തീയതിയിലാണ് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ അവസാനമായി ഭേദഗതി ചെയ്തത്.

(ബി) സർക്കാർ പ്രവൃത്തികൾക്ക് സർക്കാരിന്റെ അനുമതിയോടുകൂടി ആവശ്യമായ നിബന്ധനകൾക്ക് വിധേയമായി മണ്ണ് ലഭ്യമാക്കുന്നതിനാണ് നിലവിലുള്ള ചട്ടത്തിലെ വ്യവസ്ഥ ഭേദഗതി ചെയ്തിട്ടുള്ളത്. സർക്കാർ പ്രവൃത്തികൾക്ക് മണ്ണ് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമം സുഗമമാക്കുക എന്നതാണ് പ്രസ്തുത ഭേദഗതിയുടെ ഉദ്ദേശ്യം. പ്രസ്തുത ഭേദഗതി വിജ്ഞാപനം സർക്കാർ 6-1-2020 തീയതിയിൽ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ പ്രവൃത്തികൾക്ക് മണ്ണ് ലഭ്യമാക്കുന്നതിനായി അപേക്ഷ സർക്കാരിൽ ലഭ്യമാക്കിയാൽ മാത്രമാണ് അനുമതി നൽകുന്ന വിഷയം 4-1-2020-ലെ ചട്ടഭേദഗതിയുടെ അടിസ്ഥാനത്തിൽ പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

(സി) പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്പിന്നിംഗ് മില്ലുകൾക്ക് സ്കൂൾ യൂണിഫോമിനുള്ള ഓർഡർ

174 (505) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ യൂണിഫോം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകൾക്ക് ഓർഡർ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ 2018-ന് ശേഷം ഓരോ മില്ലുകൾക്കും എത്ര കോടി രൂപയുടെ ഓർഡർ ലഭിച്ചു; ഓർഡർ ലഭിച്ചില്ലെങ്കിൽ ആയതിനുള്ള കാരണം എന്താണെന്ന് വിശദീകരിക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ യൂണിഫോം പദ്ധതിക്കാവശ്യമായ പി.സി. യാൺ (പോളിസ്റ്റർ കോട്ടൺ) ഉല്പാദിപ്പിക്കുന്ന മില്ലുകൾക്ക് നാഷണൽ ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേനയാണ് ഓർഡർ നൽകുന്നത്. സംസ്ഥാനത്തെ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ളതും ആലപ്പുഴയിൽ പ്രവർത്തിക്കുന്നതുമായ കോമളപുരം സ്പിന്നിംഗ് & വീവിംഗ് മില്ലിൽനിന്നും കണ്ണൂരിലെ ഹൈടെക് വീവിംഗ് മില്ലിൽനിന്നും ടെക്സ്ഫെഡിന് കീഴിലുള്ള കണ്ണൂർ, മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലുകളിൽനിന്നും സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിക്കാവശ്യമായ നൂൽ വാങ്ങിയിട്ടുണ്ട്.

2018-നുശേഷം പ്രസ്തുത പൊതുമേഖലാ സ്പിന്നിംഗ് മില്ലുകൾക്ക് യഥാക്രമം 11.84 കോടി രൂപയുടെയും 4.83 കോടി രൂപയുടെയും ഓർഡറും ടെക്സ്ഫെഡിന് കീഴിലുള്ള രണ്ട് സ്പിന്നിംഗ് മില്ലുകൾക്ക് 10.21 കോടി രൂപയുടെ ഓർഡറും ലഭിച്ചിട്ടുണ്ട്.

## സഹകരണ സ്പിന്നിംഗ് മില്ലുകളുടെ ആധുനികവൽക്കരണം

175 (506) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ, പ്രിയദർശിനി, തൃശ്ശൂർ, കൊല്ലം എന്നീ സഹകരണ സ്പിന്നിംഗ് മില്ലുകളുടെ ആധുനികവൽക്കരണത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഇതിനായി എന്ത് തുകയാണ് ഇതിനകം മുടക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ ഏതെങ്കിലും സ്പിന്നിംഗ് മിൽ നിലവിൽ പ്രവർത്തന രഹിതമായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആലപ്പുഴ, പ്രിയദർശിനി, തൃശ്ശൂർ, കൊല്ലം എന്നീ സഹകരണ സ്പിന്നിംഗ് മില്ലുകളുടെ ആധുനികവൽക്കരണത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽ

ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾക്കായി എൻ.സി.ഡി.സി. സഹായത്തോടെയുള്ള 3394.26 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും മില്ലിന്റെ പ്രവർത്തനശേഷി പന്ത്രണ്ടായിരം സ്പിന്റിലിൽനിന്നും ഇരുപത്തി അയ്യായിരം സ്പിന്റിലേയ്ക്ക് ഉയർത്തുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി ടി തുകയിൽനിന്നും ഇതുവരെ 3367.99 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ

പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ടെക്നോളജി അപ്ഗ്രഡേഷന്റെ ഭാഗമായി 175 ലക്ഷം രൂപ മില്ലിന് അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് മില്ലിൽ ആറ് റിംഗ് ഫ്രെയിമുകളിൽ കോംപാറ്റ് സിസ്റ്റം സ്ഥാപിച്ച് മൂല്യവർദ്ധിത ഉല്പന്നമായി കോംപാറ്റ് യാൺ ഉല്പാദിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മില്ലിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഒരു റിംഗ് ഫ്രെയ്മിൽ കൂടി കോംപാറ്റ് സിസ്റ്റം സ്ഥാപിക്കുന്നതിനായി 100 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ

തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾക്കായി എൻ.സി.ഡി.സി. സഹായത്തോടെയുള്ള 2997.78 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും ഇതുവരെ 1789.24 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുമുണ്ട്.

ടി മില്ലിന്റെ ആധുനികവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ടെണ്ടർ നടപടികൾ, സിവിൽ വർക്കുകൾ എന്നിവ നടന്നുകൊണ്ടിരിക്കുന്നു. മില്ലിൽ ഫ്ളോറിംഗ് കഴിഞ്ഞ സ്ഥലങ്ങളിൽ വയ്ക്കേണ്ടതായ മെഷനറികൾ എത്തിച്ചേർന്നിട്ടുണ്ട്.

കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ

കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിലെ വളരെ പഴക്കംചെന്ന മെഷീനുകൾ മാറ്റി പകരം പുതിയ മെഷീനുകൾ സ്ഥാപിച്ച് മില്ലിന്റെ ഉല്പാദനശേഷി കൂട്ടുന്നതിനും ഗുണമേന്മയുള്ള നൂൽ ഉല്പാദിപ്പിച്ച് മെച്ചപ്പെട്ട രീതിയിൽ മിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിലേയ്ക്കായി 57.39 കോടി രൂപയുടെ പുതുക്കിയ പദ്ധതി റിപ്പോർട്ട് സർക്കാർ എൻ.സി.ഡി.സി.-ക്ക് സമർപ്പിക്കുകയും ആയതിന് എൻ.സി.ഡി.സി.-യുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 45.19 കോടി രൂപ എൻ.സി.ഡി.സി. അനുവദിച്ച് നൽകുകയും ഇതിൽ 2094.75 ലക്ഷം രൂപ മില്ലിന് നാളിതുവരെ നൽകിയിട്ടുമുണ്ട്.

മില്ലിന് അനുവദിച്ച് നൽകിയിട്ടുള്ള 2094.75 ലക്ഷം രൂപയിൽ 1242.76 ലക്ഷം രൂപ നവീകരണ പദ്ധതിയുടെ ആദ്യഘട്ടമായി 7290 സ്പിന്റിൽ സ്ഥാപിക്കുന്നതിനുള്ള സിവിൽ വർക്കിനും അനുബന്ധ മെഷീനറികൾ വാങ്ങുന്നതിനുമായും 501.99 ലക്ഷം രൂപ പ്രവർത്തന മൂലധനമായും മിൽ വിനിയോഗിച്ചിട്ടുണ്ട്.

ഈ സാമ്പത്തിക വർഷത്തിൽ മില്ലിന് 250 ലക്ഷം രൂപ അനുവദിക്കുകയും ആയതിൽനിന്ന് സിവിൽ വർക്കിനായി 21.25 ലക്ഷം രൂപയും ഫാൾസ് സീലിംഗ് വർക്കിനായി 7 ലക്ഷം രൂപയും മെഷിനറികളും മറ്റ് അനുബന്ധ ചെലവുകൾക്കായി 221.75 ലക്ഷം രൂപയും മിൽ വിനിയോഗിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വാർഷിക ബഡ്ജറ്റിൽ മില്ലിന് അനുവദിച്ചിരിക്കുന്ന ബാക്കി തുകയായ 525 ലക്ഷം രൂപ അനുവദിച്ച് നൽകുന്നതോടെ 7290 സ്പിന്റിൽ പൂർണ്ണമായും സ്ഥാപിച്ച് നവീകരണം പൂർത്തീകരിച്ച് കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുന്നതാണെന്ന് കൈത്തറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം ആധുനികവൽക്കരണ പ്രവർത്തനങ്ങൾക്കായി താല്ക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

**കൈത്തറി ഉല്പന്നങ്ങളുടെ ഓൺലൈൻ വില്പന**

176 (507) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈത്തറി ഉല്പന്നങ്ങൾ ഓൺലൈൻ മുഖേന വില്പന നടത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

കേരള സ്റ്റേറ്റ് ഹാന്റ്ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ഹാന്റക്സ്) നിലവിൽ 'ആമസോൺ' ഓൺലൈൻ ഷോപ്പിംഗ് വെബ്സൈറ്റ് മുഖേന കൈത്തറി ഉല്പന്നങ്ങളുടെ ഓൺലൈൻ വില്പന നടത്തുന്നുണ്ട്.

**ടെക്സ്റ്റൈൽ മേഖലയുടെ പുനരുദ്ധാരണം**

177 (508) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്സ്റ്റൈൽ മേഖല നേരിടുന്ന ഗുരുതരമായ സ്ഥിതിവിശേഷം പരിഗണിച്ച് അവയുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ടെക്സ് ഫെഡിന് കീഴിൽ പ്രവർത്തിക്കുന്ന മില്ലുകളിൽ ആധുനികവൽക്കരണം നടപ്പിലാക്കിയിട്ടുണ്ടോ; ഇതുമൂലമുണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ്;

(സി) ടെക്സ്റ്റൈൽ കോർപ്പറേഷന് കീഴിലുള്ള മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) തുറന്ന് പ്രവർത്തിപ്പിച്ച ഏതെങ്കിലും മില്ലുകൾ പൂട്ടേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി

കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുന്നതിനുമായി ഈ സർക്കാർ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

യുവവീവ് പദ്ധതി

കൈത്തറി നെയ്ത്ത് വ്യവസായ രംഗത്തേയ്ക്ക് തൊഴിൽ രഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതിയാണിത്. 20 പേർ അടങ്ങുന്ന ബാച്ചുകളിലായി സൗജന്യമായി പരിശീലനം നൽകുകയും ആവശ്യമുള്ളവർക്ക് അഞ്ചുവർഷം വരെ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുന്നു. പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും ജോലിസ്ഥിരതയും ഉറപ്പുവരുത്തുന്നു.

ഒരു വീട്ടിൽ ഒരു തറി

നെയ്ത്ത് അറിയാവുന്നതും എന്നാൽ തറികൾ ഇല്ലാത്തതും വീടിനോട് അനുബന്ധിച്ച് പണിശാലയുള്ളതുമായ വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതുപണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും ഒരു തറിയുടെ വിലയുടെ 75% തുകയായ പരമാവധി 40,000 രൂപ സർക്കാർ ധനസഹായവും ബാക്കി 25% തുക ഗുണഭോക്തൃവിഹിതമായും വഹിക്കുന്ന രീതിയിലാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

കൈത്തറി സുരക്ഷാ പദ്ധതി

കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായി കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ള 5000 തറികളിൽ കൈത്തറി ഉത്പന്നങ്ങൾ ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് ഗുണമേന്മയോടെ ഉത്പാദിപ്പിച്ച് വിപണനം നടത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമായ ഹാന്റെക്സ് മുഖേന നടപ്പിലാക്കി വരുന്ന ബൃഹത് പദ്ധതിയാണ് കൈത്തറി സുരക്ഷാ പദ്ധതി. ടി പദ്ധതിയിലൂടെ 2019-20 സാമ്പത്തിക വർഷം 100 കോടി രൂപയുടെ വിപണനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ബ്രാന്റിംഗ്

കേരളത്തിലെ കൈത്തറി ഉത്പന്നങ്ങൾക്ക് ബ്രാന്റിംഗ് നൽകുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുമായി ചേർന്ന് നടപ്പിലാക്കി വരുന്ന ഈ പദ്ധതി വഴി കൈത്തറി ഉത്പന്നങ്ങൾക്ക് ഡിമാന്റ് വർദ്ധിക്കുകയും അതുവഴി നെയ്ത്തുകാർക്കും കൈത്തറി മേഖലയ്ക്കും പ്രയോജനം ലഭിക്കുകയും ചെയ്യും.

പ്രാഥമിക കൈത്തറി സംഘങ്ങൾക്കുള്ള അവാർഡ് പദ്ധതി

പ്രാഥമിക കൈത്തറി സംഘങ്ങളുടെ പ്രവർത്തന മികവ് അവലോകനം ചെയ്തുകൊണ്ട് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന കൈത്തറി സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം നൽകുകവഴി ആരോഗ്യകരമായ മത്സരവും പുരോഗതിയും ആ രംഗത്ത് കൈവരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണ് പ്രാഥമിക നെയ്ത്തു സംഘങ്ങൾക്കുള്ള അവാർഡ്.

വീവേഴ്സ് ഫെസ്റ്റ്

കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്ന നെയ്ത്തുകാർ, അനുബന്ധ തൊഴിലാളികൾ, അവരുടെ കുടുംബാംഗങ്ങൾ എന്നിവരുടെ ഒത്തുചേരലിനും മാനസികോല്ലാസത്തിനും ക്രിയാത്മകമായ വേദിയൊരുക്കുക, സർവ്വോപരി കൈത്തറി ഉത്പന്നങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് 2017 - 2018 മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്.

മേൽ പദ്ധതിക്കുപുറമേ കൈത്തറി മേഖലയുടെ സമഗ്ര പുരോഗതിക്കായി നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള നൂൽ, ചായം, രാസവസ്തുക്കൾ എന്നീ അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യാൺ ബാങ്കുകൾ വഴി യഥാസമയം ലഭ്യമാക്കുന്നതിന് കഴിനൂൽ സബ്സിഡിയും, ഡൈസ് ആന്റ് കെമിക്കൽ സബ്സിഡിയും നൽകി വരുന്നു. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം യാൺ ബാങ്കുകൾ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനായി മാർജിൻ മണി വായ്പയും നൽകി വരുന്നുണ്ട്.

കൈത്തറി മേഖലയിലേയ്ക്ക് നവസംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉത്പാദന യൂണിറ്റുകൾ തുടങ്ങി സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സർക്കാർ സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്തിനകത്ത് ഉത്പാദിപ്പിക്കുന്ന കൈത്തറി തുണിത്തരങ്ങളുടെ വില്പനയ്ക്കായി പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റെക്സ്, ഹാൻവീവ് എന്നിവർക്ക് സംസ്ഥാന സർക്കാർ റിബേറ്റ് നകുന്ന പദ്ധതി നടപ്പാക്കി വരുന്നു.

കൂടാതെ സംസ്ഥാനത്തെ പൊതുമേഖലയിലെയും സഹകരണ മേഖലയിലെയും സ്പിന്നിംഗ് മില്ലുകളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും മില്ലുകളുടെ പുനരുദ്ധാരണത്തിനുമായി ഒരു വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ സഹകരണ -പൊതുമേഖലാ സ്പിന്നിംഗ് മില്ലുകൾ തുടർച്ചയായി പ്രവർത്തിക്കുന്നതിനായി സർക്കാർ ധനസഹായം നൽകിവരുകയും മില്ലുകളുടെ പ്രവർത്തനം ക്രമമായി അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ വിവിധ മില്ലുകളിൽ ആധുനികവത്ക്കരണ പ്രവർത്തന നടപടികൾ പൂർത്തിയായി വരുന്നു. നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടുകൂടി മില്ലുകളിലെ യൂട്ടിലൈസേഷൻ ഉയരുകയും ആനുപാതികമായി ഉത്പാദനം വർദ്ധിക്കുകയും മില്ലുകളിലെ നഷ്ടം കുറയുകയും ചെയ്യുന്നതാണ്. തത്ഫലമായി മില്ലുകൾ തടസ്സമില്ലാതെ പ്രവർത്തിച്ച് തൊഴിൽ സുരക്ഷ ഉറപ്പാക്കാൻ സാധിക്കുന്നതുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്പിന്നിംഗ് മില്ലുകൾക്ക് കോട്ടൺ പൊതുവായി വാങ്ങിനൽകുന്നതിന് സി.സി.പി.സി. സംവിധാനം പുനരുജ്ജീവിപ്പിക്കുകയും ആവശ്യമായ ധനസഹായം നൽകി പ്രവർത്തനം നടത്തി വരുന്നുമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ രാജ്യങ്ങളിലേയ്ക്ക് നൂൽ കയറ്റിയയയ്ക്കുകയുണ്ടായി.

(ബി) ടെക്സ്ഫെഡിന് കിഴിൽ പ്രവർത്തിക്കുന്ന മില്ലുകളിൽ ആധുനികവത്ക്കരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ആധുനികവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ടെക്സ്ഫെഡിന് കീഴിലുള്ള പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മില്ലിൽ 6 റിംഗ് ഫ്രെയ്മുകളിൽ കോംപാക്ട് സിസ്റ്റം സ്ഥാപിച്ച് മൂല്യവർദ്ധിത ഉത്പന്നമായി കോംപാക്ട് യാൺ ഉത്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

ആധുനികവത്ക്കരണ പ്രവർത്തനം പൂർത്തീകരിച്ചു വരുന്ന വിവിധ മില്ലുകൾ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിക്കാവശ്യമായ ഗുണനിലവാരമുള്ള നൂൽ ഉത്പാദിപ്പിച്ച് നൽകുന്നതിനാൽ നൂലിന് മാന്യമായ വില ലഭിക്കുകയും മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ എന്നിവിടങ്ങളിൽ നഷ്ടം കുറഞ്ഞ് വരുന്നുമുണ്ട്. ആധുനികവൽക്കരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടുകൂടി മില്ലുകളിലെ യൂട്ടിലൈസേഷൻ ഉയരുകയും ആനുപാതികമായി ഉത്പാദനം വർദ്ധിക്കുകയും മില്ലുകളിലെ നഷ്ടം കുറയുകയും ചെയ്യുന്നതാണ്. തത്ഫലമായി മില്ലുകൾ തടസ്സമില്ലാതെ പ്രവർത്തിച്ച് തൊഴിൽ സുരക്ഷ ഉറപ്പാക്കാൻ സാധിക്കുന്നതുമാണ്.

(സി) ഉണ്ട്. 2010-11 ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ വന്ന പ്രോജക്ടുകളിൽ കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽ 2016 മേയ് മാസത്തിൽ കമേഴ്സ്യൽ പ്രൊഡക്ഷൻ ആരംഭിക്കുകയും ഉദുമ ടെക്സ്റ്റൈൽസ് മിൽ, കാസർഗോഡ്, ഹൈടെക് വീവിംഗ് മിൽ, പിണറായി എന്നി മില്ലുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യഥാക്രമം 29-10-2018-നും 28-2-2019-നും തുറന്ന് പ്രവർത്തിപ്പിച്ചിട്ടുമുണ്ട്.

(ഡി) ടെക്സ്ഫെഡിന്റെ കീഴിലുള്ള കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം ആധുനികവൽക്കരണ പ്രവർത്തനങ്ങൾക്കായി താത്ക്കാലികമായി ഉത്പാദനം നിർത്തിവച്ചിരിക്കുകയാണ്.

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള കോട്ടയം ടെക്സ്റ്റൈൽസിൽ വൈദ്യുതി കുടിശ്ശിക അടയ്ക്കാത്തതിനെത്തുടർന്ന് 2016 സെപ്റ്റംബർ മാസം വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും 30-9-2016 മുതൽ 19-2-2017 വരെ മിൽ ലേ ഓഫിൽ ആകുകയും ചെയ്തിരുന്നു. പിന്നീട് 115 ലക്ഷം രൂപയുടെ സർക്കാർ ധനസഹായത്തോടുകൂടിയാണ് മിൽ തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞത്.

95% മെഷീൻ യൂട്ടിലൈസേഷനുണ്ടായ സമയത്ത് മിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ ഒരു വിഭാഗം തൊഴിലാളികൾ രണ്ടാം ഷിഫ്റ്റിൽ ഭാഗികമായും മൂന്നാം ഷിഫ്റ്റിൽ പൂർണ്ണമായും പണിയെടുക്കുന്നതിന് വിമുഖത കാണിച്ചതിനാൽ മില്ലിന്റെ യൂട്ടിലൈസേഷൻ ഇപ്പോൾ 47%മായി കുറയുകയും തൻമൂലം ഭീമമായ നഷ്ടമുണ്ടാകുകയും ചെയ്തു. ഇതിനുപുറമേ ടെക്സ്റ്റൈൽ മേഖലയിലുണ്ടായ വിപണി മാന്ദ്യവും മില്ലിന്റെ പ്രവർത്തന മൂലധന ശോഷണത്തിന് കാരണമായിട്ടുണ്ട്. അസംസ്കൃത വസ്തുവായ പഞ്ഞിയുടെ അഭാവംമൂലം 3-1-2020 മുതൽ മില്ലിന്റെ ഉത്പാദനപ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ട്. 2018 ഡിസംബർ മാസത്തെ വൈദ്യുതി കുടിശ്ശികയായ 12 ലക്ഷം രൂപ അടയ്ക്കുവാൻ സാധിക്കാത്തതിനാൽ 2020 ഫെബ്രുവരി മാസം 7-ാം തീയതി വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെട്ടതിനാൽ മിൽ ലേ ഓഫ് ആകുകയും ചെയ്തു.

**ഖാദി വസ്ത്രങ്ങൾക്ക് കൂടുതൽ പ്രചരണം**

178 (509) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി വസ്ത്രങ്ങൾക്ക് കൂടുതൽ പ്രചരണം ലഭിക്കുന്നതിനായി ഖാദി-ഗ്രാമ വ്യവസായ ബോർഡ് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) സ്കൂൾ യൂണിഫോമുകൾ ഖാദിയിലേയ്ക്ക് മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) യുവതലമുറയുടെ അഭിരുചിക്കനുസരിച്ചുള്ള ഖാദി ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന് ഖാദി ബോർഡ് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി വരുന്നു; വിശദമാക്കുമോ?

ഉത്തരം

(എ) ഖാദി ഉത്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവകാലങ്ങളിൽ പ്രത്യേക റിബേറ്റ് (സംസ്ഥാനത്തിനകത്ത് ഉത്പാദിപ്പിക്കുന്ന ഖാദി വസ്ത്രങ്ങൾക്ക് മാത്രം), ആധുനിക സൗകര്യങ്ങളോടുകൂടിയ വില്പനശാലകളുടെ നവീകരണം, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യ പ്രചരണം, ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വിവിധ കേന്ദ്രങ്ങളിൽ പ്രത്യേകം വില്പന മേളകളും നടക്കുന്നുണ്ട്. ഓൺലൈൻ മാർക്കറ്റിംഗ് പദ്ധതി ആവിഷ്കരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ചരിത്രത്തിലാദ്യമായി നിയമസഭാ സമുച്ചയത്തിലും ശബരിമലയിൽ നിലയ്ക്കലിലും മറ്റ് സർക്കാർ എക്സിബിഷനുകളിലും ബോർഡിന്റെ വില്പന കൗണ്ടറുകൾ തുറക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) നിലവിൽ സ്കൂൾ യൂണിഫോമുകൾ ഖാദിയിലേയ്ക്ക് മാറ്റുന്നതിന് പ്രത്യേകം പദ്ധതികളില്ല. എന്നാൽ ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഖാദി സ്കൂൾ യൂണിഫോമായി ഉപയോഗിക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്തുള്ള സ്കൂൾ അധികൃതരുമായി ചർച്ച നടത്തിവരുന്നു.

(സി) യുവതലമുറയിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ ഖാദിയുടെ മഹത്വത്തെപ്പറ്റി ബോധവത്കരണം നൽകുന്നതിന്റെ ഭാഗമായി "ഖാദി ഡേ" പദ്ധതി ആരംഭിച്ചു. അതനുസരിച്ച് ആഴ്ചയിൽ ഒരിക്കൽ എല്ലാ വിദ്യാർത്ഥികളും അദ്ധ്യാപകരും ഖാദി ധരിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ടു വച്ചിട്ടുണ്ട്. വിവാഹ സമയത്ത് വധുവിനാവശ്യമായ സിൽക്ക് സാരികൾ അവരുടെ ഡിസൈൻ അനുസരിച്ച് ചെയ്തു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കിക്കോഫ് ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പരിപാടി**

179 (510) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിക്കോഫ് ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി വിശദീകരിക്കാമോ;

(ബി) ഇതുപ്രകാരം മലപ്പുറം ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളുടെ പേര് വിവരങ്ങൾ വെളിപ്പെടുത്താമോ;

(സി) ഫുട്ബോളിൽ ദേശീയ-അന്തർദേശീയ താരങ്ങളെ വാർത്തെടുക്കുകയും ധാരാളം പ്രതിഭകളുള്ളതുമായ മലപ്പുറം മണ്ഡലത്തിലെ ജി.വി.എച്ച്.എസ്.എസ്. അരിമ്പ്ര, എം.എസ്.പി.എച്ച്.എസ്.എസ്. മലപ്പുറം എന്നീ വിദ്യാലയങ്ങളെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താമോ?

ഉത്തരം

(എ) ഫുട്ബാൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബാൾ കളിയിൽ തല്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബാൾ കളിക്കാരാക്കി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ് റൂട്ട് ലെവൽ ഫുട്ബാൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം പെൺകുട്ടികൾക്കുവേണ്ടിയുള്ള 14 സെന്ററുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ബി മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ രാജാസ് ജി.എച്ച്.എസ്.എസ്, മാനവേദൻ ജി.എച്ച്.എസ്.എസ്, നിലമ്പൂർ എന്നീ കേന്ദ്രങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(സി) ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**സ്കൂളുകൾക്ക് സ്പോർട്സ് പരിശീലന ഉപകരണങ്ങൾ**

180 (511) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ഉപജില്ലയിലെയോ മണ്ഡലത്തിലെയോ ഏതെങ്കിലും ഒരു സ്കൂൾ കേന്ദ്രമാക്കി സ്പോർട്സ് പരിശീലന ഉപകരണങ്ങൾ നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) സ്കൂളുകൾക്ക് വിദ്യാർത്ഥികളുടെ പരിശീലനത്തിനായി സ്പോർട്സ് ഉപകരണങ്ങൾ നൽകുന്ന ഏതെങ്കിലും പദ്ധതി കായിക വകുപ്പിന് കീഴിൽ നിലവിലുണ്ടോ;

(സി) സ്കൂൾ വിദ്യാർത്ഥികളുടെ കായിക പരിശീലനത്തിനായി വകുപ്പ് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ കുട്ടികൾക്ക് കളിക്കുന്നതിനും കായികമേഖലയിൽ വളർച്ച കൈവരിക്കുന്നതിനും സഹായകമാകുന്ന തരത്തിൽ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുമോ;

(ഇ) എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിദ്യാർത്ഥികൾക്ക് പരിശീലനത്തിനായി സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകുന്ന പദ്ധതി നിലവിലില്ലെങ്കിലും മികച്ച പരിശീലനത്തിന് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം അനുവദിക്കാറുണ്ട്.

(സി - ഇ) സ്കൂൾ വിദ്യാർത്ഥികളുടെ കായിക പരിശീലനത്തിനായി കായിക യുവജനകാര്യ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>ഗ്രാസ് റൂട്ട് ലെവൽ ഫുട്ബാൾ പരിശീലന പദ്ധതി (കിക്കോഫ്)</u>

ഫുട്ബാൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബാൾ കളിയിൽ തല്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബാൾ കളിക്കാരാക്കി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ് റൂട്ട് ലെവൽ ഫുട്ബാൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം പെൺകുട്ടികൾക്കുവേണ്ടിയുള്ള 14 സെന്ററുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

സ്പ്ലാഷ്

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ് മുതൽ 18 വയസ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.

ഹൂപ്സ്

സ്കൂൾ വിദ്യാർത്ഥികൾക്ക് ലോക നിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

സ്പ്രിന്റ് - ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം

ലോകനിലവാരത്തിലെത്താൻ സാധ്യതയുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യഘട്ടമായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്ന വർക്കാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്.

പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്സ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 24 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലന പദ്ധതി

ഹയർ സെക്കന്ററി സ്കൂളുകളിലെ പെൺകുട്ടികൾക്ക് തായ്ക്കൊണ്ടോ, ജൂഡോ, കരാട്ടെ, കളരിപ്പയറ്റ് എന്നീ ഇനങ്ങളിൽ സ്വയം പ്രതിരോധ പരിശീലനം

നൽകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തൊട്ടാകെ 21,000 കുട്ടികൾക്കാണ് ഒരു അക്കാദമിക് വർഷം പ്രസ്തുത പദ്ധതിപ്രകാരം പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്.

ഓപ്പറേഷൻ ഒളിമ്പ്യ

കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020-2024 -ലെ ഒളിമ്പിക്സിൽ കേരള കായികതാരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിങ്ങ്, സ്വിമ്മിംഗ്, ഷൂട്ടിങ്ങ്, റസ്ലിങ്ങ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദ്ദേശിയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ" .

ടി കായികയിനങ്ങളിൽ അന്തർദ്ദേശിയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായിക ഇനങ്ങളായ റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും, ബാക്കിയുള്ള കായികയിനങ്ങളായ റസ്ലിങ്ങ്, സൈക്ലിങ്ങ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്.

എലൈറ്റ് സ്കീം

മികച്ച കായികതാരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളിബോൾ, ഫെൻസിംഗ്, ബാസ്ക്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു.

കൂടാതെ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ കോളേജ് തലത്തിൽ കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും കായിക പരിശീലനത്തിനും, പരിശീലകനും, ട്രെയിനർമാർക്കും ഹോണറേറിയം, നവീകരണ പ്രവർത്തനങ്ങൾ, ഫിറ്റ്നെസ് സെന്റർ, ലാബ് എക്യുപ്മെന്റ്, ഫിസിയോളജി ലാബ്, സ്മാർട്ട് റൂം

എന്നീ ആവശ്യങ്ങൾക്കും കോളേജ് തലത്തിലെ വിദ്യാർത്ഥികൾക്കായി സ്പോർട്സ് മീറ്റ് സംഘടിപ്പിക്കുന്നതിനും തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്കായി വിവിധ പരിശീലന പദ്ധതികൾ നടത്തുന്നതിനും, കോഴിക്കോട് ഗവൺമെന്റ് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും, കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും കായിക പരിപാടികൾ നടത്തുന്നതിനും തുക അനുവദിച്ചിട്ടുണ്ട്.

**പെൺകുട്ടികൾക്ക് കായിക പരിശീലനത്തിനുള്ള പദ്ധതികൾ**

181 (512) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെൺകുട്ടികൾക്ക് ഫുട്ബോൾ പരിശീലനത്തിനായും മറ്റ് കായിക പരിശീലനങ്ങൾക്കായും കായിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

സ്കൂൾതലം മുതൽ കായിക പ്രതിഭകളെ കണ്ടെത്തി അവരുടെ കായികാഭിരുചി വളർത്തിയെടുക്കുന്നതിനായി കിക്കോഫ്, സ്പ്ലാഷ്, ഹൂപ്സ്, സ്പ്രിന്റ്, പ്ലേ ഫോർ ഹെൽത്ത് എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാസ് റൂട്ട് ലെവൽ ഫുട്ബാൾ പരിശീലന പദ്ധതി (കിക്കോഫ്)

ഫുട്ബാൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബാൾ കളിയിൽ തല്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബാൾ കളിക്കാരാക്കി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ് റൂട്ട് ലെവൽ ഫുട്ബാൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം പെൺകുട്ടികൾക്കുവേണ്ടിയുള്ള 14 സെന്ററുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

കൂടാതെ പെൺകുട്ടികൾക്കുള്ള ഫുട്ബോൾ പലിശീലനം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കോളേജ് സ്പോർട്സ് ഹോസ്റ്റലായ തിരുവല്ല മാർത്തോമ കോളേജിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

സ്ലാഷ്

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ് മുതൽ 18 വയസ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.

ഹൂപ്സ്

സ്കൂൾ വിദ്യാർത്ഥികൾക്ക് ലോക നിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

സ്പ്രിന്റ് - ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം

ലോക നിലവാരത്തിലെത്താൻ സാധ്യതയുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യഘട്ടമായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്ന വർക്കാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്.

പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്സ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 24 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലന പദ്ധതി

ഹയർ സെക്കന്ററി സ്കൂളുകളിലെ പെൺകുട്ടികൾക്ക് തായ്ക്കോണ്ടോ, ജൂഡോ, കരാട്ടെ, കളരിപ്പയറ്റ് എന്നീ ഇനങ്ങളിൽ സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തൊട്ടാകെ 21,000 കുട്ടികൾക്കാണ് ഒരു അക്കാദമിക് വർഷം പ്രസ്തുത പദ്ധതിപ്രകാരം പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്.

**ഭിന്നശേഷിക്കാരായ കായികതാരങ്ങൾക്ക് പ്രോത്സാഹനം**

182 (513) ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാരായ കായിക താരങ്ങളെ വളർത്തിയെടുക്കാൻ കഴിയുന്ന വിധത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിൽവരുത്തിയ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽ അന്തർദേശീയ തലത്തിൽ വിജയിക്കുന്ന കായിക താരങ്ങൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നിലവിൽ നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇംഗ്ലണ്ടിൽ നടന്ന ഭിന്നശേഷിക്കാരുടെ പ്രഥമ ട്വന്റി-ട്വന്റി ലോകകപ്പ് ക്രിക്കറ്റ് ജേതാക്കളായ ഇന്ത്യൻ ടീമിൽ കേരളത്തിൽ നിന്ന് ആരെല്ലാമാണ് ഉൾപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പരമ്പരയിൽ മികച്ച ബൗളറായി തെരഞ്ഞെടുക്കപ്പെട്ട കേരളത്തിൽ നിന്നുള്ള അനീഷ്. പി. രാജന് അർഹമായ അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഭിന്നശേഷിക്കാരുടെ കായികാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, കേരള സ്പോർട്സ് കൗൺസിൽ ഓഫ് ദ ഡഫ് എന്ന കായിക സംഘടനയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത കായിക സംഘടന സംഘടിപ്പിക്കുന്ന സംസ്ഥാന ചാമ്പ്യൻഷിപ്പുകൾക്ക് ധനസഹായം അനുവദിക്കാറുണ്ട്. കൂടാതെ അന്തർദ്ദേശിയ തലത്തിൽ വിജയിച്ച് വരുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡും നൽകി വരുന്നുണ്ട്.

(സി) ശ്രീ. അനീഷ്. പി. രാജൻ എന്ന ഏക മലയാളി താരം പങ്കെടുക്കുകയും ബെസ്റ്റ് ബൗളർക്കുള്ള ട്രോഫി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ശ്രീ. അനീഷ്. പി. രാജന് അർഹമായ പരിഗണന നൽകുവാനും തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകുന്നതിനും ഇടുക്കി എം.എൽ.എ. ശ്രീ. റോഷി അഗസ്റ്റിൻ സമർപ്പിച്ച നിവേദനത്തിന്മേൽ നടപടികൾ സ്വീകരിച്ചു വരുന്നു.

**ചെസ്സ് കളിയുടെ വികസനത്തിനുള്ള നടപടികൾ**

183 (514) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ചെസ്സ് കളിക്കാർ അന്തർദേശീയ നിലവാരത്തിൽ ഏറെ ശ്രദ്ധേയരായിക്കൊണ്ടിരിക്കുന്ന ഈ കാലയളവിലും ചെസ്സ് കളിയുടെ വികസനത്തിനായി കാര്യമായ ഒരിടപെടലും നടത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പോർട്സ് വകുപ്പിന്റെ ചുമതലയിൽ ചെസ്സ് കളിയുടെ വികസനത്തിനായി സ്ഥിരം പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) സ്കൂൾ തലങ്ങളിൽ ചെസ്സിന്റെ വികസനത്തിനായി പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ചെസ്സ് പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന തരത്തിലുള്ള സംയുക്തപദ്ധതിക്കായി അനുകൂല നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ചെസ്സിന്റെ പ്രാധാന്യം മനസിലാക്കി ചെസ്സ് കായിക ഇനത്തിൽ സംസ്ഥാന തലത്തിൽ ചെസ്സ് അസോസിയേഷൻ കേരള എന്ന കായിക സംഘടനയ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകുകയും ഗ്രാന്റ്-ഇൻ-എയ്ഡ് റെഗുലേഷൻ പ്രകാരം അർഹമായ ആനുകൂല്യങ്ങൾ നൽകുകയും ചെയ്തിരുന്നു. എന്നാൽ അസോസിയേഷനിലെ ചില ക്രമക്കേടുകളുടെ ഭാഗമായി 31-10-2017-ലെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് യോഗ തീരുമാനപ്രകാരം ചെസ്സ് അസോസിയേഷൻ കേരളയെ സസ്പെന്റ് ചെയ്യുകയുണ്ടായി. സസ്പെൻഷനുമായി ബന്ധപ്പെട്ട കേസ് നിലവിൽ സുപ്രീംകോടതിയുടെ പരിഗണനയിലാണ്. അംഗീകാരം പുനഃസ്ഥാപിക്കുന്ന മുറയ്ക്ക് അർഹമായ സാമ്പത്തിക സഹായം നൽകി ചെസ് കളി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടാത പൊതുവിദ്യാഭ്യാസ വകുപ്പ് കേരളത്തിലെ സ്കൂളുകളിലെ കുട്ടികൾക്കായി ചെസ്സ് മത്സരത്തിൽ ഉപജില്ലാ, ജില്ലാ, സംസ്ഥാന മത്സരങ്ങൾ നടത്തി വിജയികളെ ദേശീയ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി & സി) പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്വകാര്യ സ്പോർട്സ് അക്കാദമികൾ**

184 (515) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും അവധിക്കാല കായിക പരിശീലനത്തിനും സ്ഥിരമായ കായിക പരിശീലനത്തിനുമായി സ്പോർട്സ് അക്കാദമികൾ ആരംഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങൾക്ക് സ്പോർട്സ് കൗൺസിൽ മുഖേന സാമ്പത്തിക സഹായവും മറ്റു സാങ്കേതിക സഹായവും വാഗ്ദാനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) മുൻപരിചയമില്ലാത്തവർ സാമ്പത്തിക ലക്ഷ്യം മാത്രം മുൻനിർത്തി രൂപീകരിക്കുന്ന ഇത്തരം അക്കാദമികളെ നിരീക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമേ നടത്തുന്ന സ്പോർട്സ് അക്കാദമികളിൽ പരിശീലനത്തിന് പോകുന്ന വിദ്യാർത്ഥികളുടെ സുരക്ഷ, ആരോഗ്യം, താമസ സൗകര്യം, ഭക്ഷണം എന്നിവ സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ഇ) സ്പോർട്സ് കൗൺസിൽ മുഖേന അക്കാദമികൾക്ക് അംഗീകാരം നൽകുമ്പോൾ സർക്കാർ-അർദ്ധസർക്കാർ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ ജംപ്സ് അക്കാഡമി, പാല, കോട്ടയം, സെന്റ് ജോർജ്ജ് എച്ച്.എസ്.എസ്. കോതമംഗലം, കല്ലടി എച്ച്.എസ്.എസ്. മണ്ണാർക്കാട്, മാർ ബേസിൽ എച്ച്.എസ്.എസ്. കോതമംഗലം,

മലബാർ സ്പോർട്സ് അക്കാഡമി, കോഴിക്കോട് എന്നിവിടങ്ങളിൽ അത്‌ലറ്റിക്സിന്റെയും ചെന്നലോട് വയനാട് യംഗ് സോൾജിയേഴ്സ് ടേബിൾ ടെന്നീസ് ട്രെയിനിംഗ് സെന്ററിൽ, ടേബിൾ ടെന്നീസിന്റെയും, മലബാർ സ്പോർട്സ് അക്കാഡമി, കോഴിക്കോട് വോളിബോളിന്റെയും 7 സ്പോർട്സ് ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സെന്ററുകൾക്ക് പ്രതിവർഷം ഒരു ലക്ഷം രൂപ വീതം ഗ്രാന്റായി നൽകി വരുന്നു.

(സി) ശ്രദ്ധയിൽപ്പെടുന്ന പക്ഷം നടപടി സ്വീകരിക്കുന്നതാണ്.

(ഡി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നേരിട്ട് നടത്തുന്ന സ്പോർട്സ് അക്കാഡമികളിലെ കായികതാരങ്ങളുടെ സുരക്ഷയ്ക്കായി വാർഡന്മാർ, സെക്യൂരിറ്റികൾ, കായിക പരിശീലകർ എന്നിവരുടെ സേവനങ്ങൾ നൽകിവരുന്നു. അക്കാഡമികളിലെ കായികതാരങ്ങൾക്ക് മികച്ച താമസത്തിനായി ഹോസ്റ്റൽ സൗകര്യങ്ങളും വിദഗ്ദ്ധ ന്യൂട്രീഷ്യന്മാർ തയ്യാറാക്കിയ മെനു പ്രകാരമുള്ള ഭക്ഷണവും നൽകിവരുന്നു.

(ഇ) നിലവിൽ സർക്കാർ/എയ്ഡഡ് സ്കൂളുകൾക്കാണ് മുൻഗണന നൽകി വരുന്നത്.

**സ്പോർട്സ് രംഗത്ത് കൂട്ടായ പ്രവർത്തനം**

185 (516) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് രംഗത്ത് കൂട്ടായ പ്രവർത്തനം കൊണ്ടുവരുന്നതിന് സ്പോർട്സ് ഡയറക്ടറേറ്റും സ്പോർട്സ് കൗൺസിലും സംയോജിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) പെൺകുട്ടികൾക്കിടയിൽ സ്പോർട്സ് പ്രോത്സാഹിപ്പിക്കുന്നതിനായി അവർക്ക് മാത്രമായി സ്പോർട്സ് ക്ലബ്ബുകൾ രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സ്പോർട്സ് യുവജനകാര്യമേഖലയിലെ വിവിധ ഏജൻസികളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് കായിക ഭവൻ നിർമ്മിക്കുവാൻ പദ്ധതിയുണ്ടോ; ഇതിനായി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ &ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) പെൺകുട്ടികൾക്ക് മാത്രമായി സ്പോർട്സ് ക്ലബ്ബുകൾ രൂപീകരിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ഡി) സംസ്ഥാനത്തിന്റെ കായിക വളർച്ചയ്ക്കായി കായികയുവജന കാര്യാലയം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, കായിക മേഖലയുമായി ബന്ധപ്പെട്ട വിവിധ അസോസിയേഷനുകൾ എന്നിവ ഒരു കുടക്കീഴിൽ കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ജില്ലയിൽ വഞ്ചിയൂർ വില്ലേജിൽ വാൻറോസ് ജംഗ്ഷനിലുള്ള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള 29.552 സെന്റ് ഭൂമിയിൽ കായിക ഭവൻ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കായിക ഭവൻ ഉൾപ്പെടെയുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2020-21 ബഡ്ജറ്റിൽ 8.74 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**സംഗീത നിശ നടത്തുവാൻ സ്റ്റേഡിയം അനുവദിച്ച സംഭവം**

186 (517) <u>ശ്രീ. ടി. ജെ. വിനോദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മ്യൂസിക് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ കരുണ സംഗീത നിശ നടത്തുവാൻ വേണ്ടി പരിപാടിയുടെ ഭാരവാഹികൾ കൊച്ചി രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം സൗജന്യമായി അനുവദിക്കണമെന്ന് റീജിയണൽ സ്പോർട്സ് സെന്റർ സെക്രട്ടറിയോട് അഭ്യർത്ഥിച്ചിരുന്നോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ധനസമാഹരണം നടത്തുന്നതിനായിട്ടാണോ പ്രസ്തുത സ്റ്റേഡിയം സൗജന്യമായി നൽകിയതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ &ബി) സംഘാടകരുടെ അഭ്യർത്ഥനയിന്മേലുള്ള റീജിയണൽ സ്പോർട്സ് സെന്റർ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കൊച്ചി മ്യൂസിക് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിലുള്ള കരുണ സംഗീതനിശ മുഖേന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ധനസമാഹരണം നടത്തുന്നതിനായി കൊച്ചി രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയം സൗജന്യമായി അനുവദിച്ചിട്ടുള്ളതാണ്.

പ്രസ്തുത സംഗീത നിശയിൽ നിന്നും ലഭിച്ച 6,22,000 രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകിയിട്ടുണ്ട്.

**എല്ലാ ജില്ലയിലും മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം**

187 (518) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാല് ജില്ലകളിലും ഓരോ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുമെന്ന 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഇതിനായി കിഫ്ബിയിൽ നിന്നും എന്ത് തുക അനുവദിച്ചുവെന്നും 20-2-2020 വരെ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ എത്ര സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയെന്നും അവ ഏതൊക്കെ ജില്ലകളിലാണെന്നും ശേഷിക്കുന്നവയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ-സി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പതിനാല് ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന്റെ ഭാഗമായി 11 ജില്ലകളിലെ പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 20-2-2020 വരെ ആകെ 383.49 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിക്കുകയും ആയതിൽ 11.66 കോടി രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബി അംഗീകാരം ലഭിച്ച 9 പദ്ധതികളിൽ 4 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും 5 പദ്ധതികൾ ടെണ്ടറിംഗിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. പതിനാല് ജില്ലാ സ്റ്റേഡിയങ്ങളിൽ കിഫ്ബിയിൽ സമർപ്പിക്കാനുള്ള മൂന്ന് പദ്ധതികളിൽ ഒരെണ്ണത്തിന്റെ ഡി.പി.ആർ., എസ്.പി.വി. ആയ കിറ്റ്കോ തയ്യാറാക്കി വരികയാണ്. 2 പദ്ധതികൾ സ്ഥല സംബന്ധമായ നടസ്സങ്ങൾ നേരിടുന്നവയാണ്. 14 പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട് *

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**എല്ലാ പഞ്ചായത്തുകളിലും കളിക്കളം പദ്ധതി**

188 (519) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഇതിനകം എത്ര പഞ്ചായത്തുകളിൽ ഈ പദ്ധതി പ്രകാരം കളിക്കളങ്ങൾ നിർമ്മിച്ചു; അതിനായി കിഫ്ബിയിൽ നിന്നും എന്ത് തുക ഇതിനകം ലഭിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന " എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം" എന്ന പദ്ധതിയുടെ ഭാഗമായി 35 സ്റ്റേഡിയങ്ങൾക്കായി 356.57 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരം ലഭിച്ച 35 സ്റ്റേഡിയങ്ങളിൽ 20 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. 11 സ്റ്റേഡിയങ്ങളുടെ പ്രവൃത്തികൾ ഡി.പി.ആർ. മുതൽ ടെണ്ടറിംഗ് വരെയുള്ള വിവിധ ഘട്ടങ്ങളിലാണ്. 4 പദ്ധതികൾ സ്ഥലം സംബന്ധിച്ച പ്രശ്നങ്ങൾമൂലം തടസ്സം നേരിടുന്നവയാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കോഴിക്കോട് ജില്ലയിലെ പൂറക്കാട് ഇൻഡോർ സ്റ്റേഡിയം**

189 (520) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ എത്ര കായിക സ്റ്റേഡിയങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) കോഴിക്കോട് ജില്ലയിലെ പൂറക്കാട് ഇൻഡോർ സ്റ്റേഡിയത്തിന്റെ ഡി.പി.ആർ. തയ്യാറാക്കാൻ കായിക വകുപ്പ് ആരെയാണ് ചുമതലപ്പെടുത്തിയത്;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിലേക്കായി ഇതുവരെ നടന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 15 സ്റ്റേഡിയങ്ങൾക്ക് 20% തുക വകയിരുത്തിയിട്ടുണ്ട്.

(ബി & സി) കായിക യുവജനകാര്യാലയത്തിലെ കായിക എഞ്ചിനീയറിംഗ് വിഭാഗത്തെയാണ് ഡി.പി.ആർ. തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ പ്രാരംഭ നടപടിയായ മണ്ണ് പരിശോധന നടത്തുന്നതിലേയ്ക്കായി എൽ.ബി.എസ്. കോളേജിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**സ്റ്റേഡിയങ്ങളുടെ നിർമ്മാണം**

190 (521) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എത്ര സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായിക യുവജനകാര്യ വകുപ്പ് മുഖേന നടത്തിവരുന്ന സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ 24 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തി നടന്നുവരുന്നു. ഇതിൽ 17 സ്റ്റേഡിയങ്ങൾ ഈ വർഷം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. 1000 കോടി രൂപയുടെ പ്രവൃത്തികൾ കായിക വകുപ്പിന് കീഴിൽ കിഫ്ബി ഉൾപ്പെടെ നടന്നുവരുന്നുണ്ട്.

**കായിക ഇനത്തിൽ കഴിവ് തെളിയിച്ചവർക്ക് സർക്കാർ ജോലി**

191 (522) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യത്യസ്ത കായിക ഇനങ്ങളിൽ കഴിവ് തെളിയിച്ച എത്ര പേർക്ക് സർക്കാർ ജോലി ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന് ഏതൊക്കെ കായിക ഇനങ്ങളിൽ നിന്നാണ് ആൾക്കാരെ തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 35-ാമത് ദേശിയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണമെഡലുകളും കരസ്ഥമാക്കിയ 72 താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017 -ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

ആഭ്യന്തര വകുപ്പിൽ 65 കായികതാരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയനം നൽകിയിട്ടുണ്ട്.

കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ. പി.കെ.യ്ക്ക് കേരള സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിന് വേണ്ടി മികച്ച പ്രകടനം കാഴ്ചവച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈഭൻ ഇ.ബി.-യ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009 -ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗങ്ങളിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായികതാരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ വെള്ളിമെഡലുകൾ നേടിയ 83 കായികതാരങ്ങൾക്ക് നിയമനം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഷൂട്ടിംഗ്, അത്‌ലറ്റിക്സ്, തായ്ക്കൊണ്ടോ, കാനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, സോഫ്റ്റ്ബാൾ, അക്വാട്ടിക്സ്, ക്രിക്കറ്റ്, റോവിംഗ്, ഫുട്ബോൾ, ബാസ്കറ്റ് ബാൾ, സൈക്ലിംഗ്, ജിംനാസ്റ്റിക്സ്, വെയിറ്റ് ലിഫ്റ്റിംഗ്, ബോക്സിംഗ്, ഹാന്റ്ബോൾ, വോളിബോൾ, ജൂഡോ, ആർച്ചറി, ബാഡ്മിന്റൺ (ഷട്ടിൽ), റസ്ലിംഗ്, സൈക്കിൾ പോളോ, ഖോഖോ, ടെന്നീക്കോട്ട് എന്നീ 24 കായിക ഇനങ്ങളിൽ നിന്നുള്ളവർക്കാണ് സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം നിയനം ലഭിച്ചിട്ടുള്ളത്.

**കായികതാരങ്ങൾക്ക് സർക്കാർ ജോലി**

192 (523) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ എത്ര കായിക താരങ്ങൾക്കാണ് സർക്കാരിന്റെ വിവിധ വകുപ്പുകളിൽ സ്ഥിരം നിയമനം നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) കായിക താരങ്ങൾക്ക് സർക്കാർ ജോലി നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) മേൽസൂചിപ്പിച്ച വിധമുള്ള നിയമനങ്ങൾ കായികകേരളത്തിന് കരുത്ത് പകരും എന്നതിനാൽ ഇത്തരം സാധ്യതകളും കളിയിലെ കാര്യവും സംബന്ധിച്ചുള്ള പാഠങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 35-ാമത് ദേശിയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണമെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ

താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017 -ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

ആഭ്യന്തര വകുപ്പിൽ 65 കായികതാരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായികതാരങ്ങളുടെ നിയമനത്തിനായി ഉത്തരവായിട്ടുണ്ട്.

കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ. പി.കെ.യ്ക്ക് കേരള സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിന് വേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈബൻ ഇ.ബി.-യ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009 -ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗങ്ങളിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായികതാരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ വെള്ളിമെഡലുകൾ നേടിയ 83 കായികതാരങ്ങൾക്ക് നിയമനം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിന് ചുവടെ പറയും പ്രകാരമുള്ള നേട്ടങ്ങൾ കൈവരിച്ചിരിക്കണം.

1. അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോകകപ്പ്, ലോകയൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്രസർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ.

2. രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽ പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ.

3. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ പങ്കെടുത്ത് ഒന്നോ, രണ്ടോ, മൂന്നോ, സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ.

4. മൗണ്ടനീയറിംഗ്, കളരിപ്പയറ്റ്, എന്നീ കായിക ഇനങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ നടത്തുന്ന സീനിയർ സംസ്ഥാന മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നാം സ്ഥാനം നേടി വിജയികളായവർ.

കേന്ദ്രസർക്കാരിലോ സംസ്ഥാന സർക്കാരിലോ പ്രസ്തുത സർക്കാരിലെ പൊതുമേഖലാ സ്ഥാപനങ്ങളിലോ സ്പോർട്സ് ക്വാട്ടാ നിയമനം ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല. ഉത്തേജക മരുന്നുകളുടെ ഉപയോഗത്തിന്റെ പേരിൽ ശിക്ഷണ നടപടിക്ക് വിധേയരായവരോ കളികളിൽനിന്നും വിലക്ക് കൽപ്പിക്കപ്പെട്ടവരോ ആയ കായികതാരങ്ങളും സ്പോർട്സ് ക്വാട്ടാ നിയമനത്തിന് അർഹരല്ല. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുന്നത്. ഇതുകൂടാതെ ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ മികച്ച വിജയം കൈവരിക്കുന്ന കായികതാരങ്ങൾക്ക് മേൽ മാനദണ്ഡങ്ങൾക്ക് അതീതമായി പ്രത്യേക കേസായി പരിഗണിച്ചും നിയമനം നൽകിവരുന്നു.

(സി) പരിശോധിക്കാവുന്നതാണ്.

## കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം

193 (524) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കായിക താരങ്ങൾക്ക് സർക്കാർ സർവീസിൽ നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം തസ്തികകളിലാണ് കായിക താരങ്ങൾക്ക് നിയമനം നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 35-ാമത് ദേശിയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണമെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന സ്പോർട്സ് ക്വാട്ടാ പദ്ധതി പ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയനം നൽകിയിട്ടുണ്ട്.

കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ. പി.കെ.യ്ക്ക് കേരള സ്റ്റേറ്റ്സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

2007 -ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിന് വേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈബൻ ഇ.ബി. യ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009 -ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗങ്ങളിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

72 -ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ വെള്ളിമെഡലുകൾ നേടിയ 83 കായികതാരങ്ങൾക്ക് നിയമനം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ടാ നിയമന നടപടികളുടെ ഭാഗമായി 195 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ നിയനം നൽകിയതിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സ.ഉ.(എം.എസ്) നമ്പർ 20/2020/പൊ.ഭ.വ. തീയതി 10-2-2020 അനുബന്ധമായി ചേർക്കുന്നു.*

## സ്പോർട്സ് ക്വാട്ട നിയമനം

194 (525) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കായിക താരങ്ങൾക്ക് സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നിയമനം നൽകിയിട്ടുണ്ട്; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ കോടതിയിലുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) കായിക താരങ്ങളുടെ നിയമനത്തിനായി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളും മാനദണ്ഡങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ; ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നത്; ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) നിലവിലെ മാനദണ്ഡങ്ങളും യോഗ്യതകളും കാലഹരണപ്പെട്ടതാണെന്നും പുതിയ രീതിയിലുള്ള സെലക്ഷൻ നടത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേരളാ സ്പോർട്സ് കൗൺസിലിൽ നിന്നോ ഡയറക്ടറേറ്റ് ഓഫ് സ്പോർട്സിൽ നിന്നോ ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 35-ാമത് ദേശിയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണമെഡലുകളും കരസ്ഥമാക്കിയ 68 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

ആഭ്യന്തര വകുപ്പിൽ 65 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായിക താരങ്ങളുടെ നിയമനത്തിനായി ഉത്തരവായിട്ടുണ്ട്.

കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ. പി.കെ.-യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനുവേണ്ടി മികച്ച പ്രകടനം കാഴ്ചവച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈബൻ ഇ.ബി.- യ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009 -ലെ സ്പോർട്സ് ക്വാട്ട നിയമനങ്ങളിലെ ടെന്നീസ് വിഭാഗങ്ങളിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായികതാരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് പൊതു വിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ വെള്ളിമെഡലുകൾ നേടിയ 83 കായികതാരങ്ങൾക്ക് നിയമനം സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്പോർട്സ് ക്വാട്ട മുഖേന നിയമനം നൽകിയവരുടെ വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ബി) 2006 - 2008, 2009, 2010 -2014 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ടാ നിയമനവുമായി ബന്ധപ്പെട്ട് 13 കേസുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി/ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ എന്നിവിടങ്ങളിൽ നിലവിലുണ്ട്.

(സി) നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിന് ചുവടെ പറയും പ്രകാരമുള്ള നേട്ടങ്ങൾ കൈവരിച്ചിരിക്കണം.

1. അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോകകപ്പ്, ലോകയൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്രസർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ.

2. രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽ പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ.

3. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ പങ്കെടുത്ത് ഒന്നോ, രണ്ടോ, മൂന്നോ, സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ.

4. മൗണ്ടനീയറിംഗ്, കളരിപ്പയറ്റ് എന്നീ കായിക ഇനങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ നടത്തുന്ന സീനിയർ സംസ്ഥാന മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നാം സ്ഥാനം നേടി വിജയികളായവർ.

കേന്ദ്രസർക്കാരിലോ സംസ്ഥാന സർക്കാരിലോ പ്രസ്തുത സർക്കാരിലെ പൊതുമേഖലാ സ്ഥാപനങ്ങളിലോ സ്പോർട്സ് ക്വാട്ട നിയമനം ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല. ഉത്തേജക മരുന്നുകളുടെ ഉപയോഗത്തിന്റെ പേരിൽ ശിക്ഷണ നടപടിക്ക് വിധേയരായവരോ കളികളിൽ നിന്നും വിലക്ക് കൽപ്പിക്കപ്പെട്ടവരോ ആയ കായികതാരങ്ങളും സ്പോർട്സ് ക്വാട്ട നിയമനത്തിന് അർഹരല്ല. ഓരോ കായികതാരത്തിന്റെയും സ്പോർട്സ്/ഗെയിംസ് ഇനങ്ങളിൽ കൈവരിച്ച നേട്ടങ്ങൾക്ക് പ്രയോറിറ്റി പോയിന്റ് നിശ്ചിയിക്കുകയും അപ്രകാരം ലഭിക്കുന്ന പ്രയോറിറ്റി പോയിന്റിന്റെ അടിസ്ഥാനത്തിൽ റാങ്ക് നിശ്ചയിച്ച്

നിയമനം നല്കുകയുമാണ് ചെയ്യുന്നത്. സ്പോർട്സ് ക്വാട്ട നിയമനത്തിനായുള്ള നടപടിക്രമങ്ങൾ 23-7-2017 -ലെ ജി.ഒ.(പി) നമ്പർ 206/2014/പൊ.ഭ.വ. നമ്പർ ഉത്തരവു പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. 27-2-2015 -ലെ ജി.ഒ.(പി) നമ്പർ 69/15/ പൊ.ഭ.വ. 11-11-2015 -ലെ ജി.ഒ.(പി) നമ്പർ 279/15/ പൊ.ഭ.വ. 20-10-2016-ലെ ജി.ഒ.(പി) നമ്പർ 29/16/ പൊ.ഭ.വ. എന്നിവ പ്രകാരം പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്തിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുകളിൽ പറഞ്ഞിരിക്കുന്ന നടപടി ക്രമത്തിന്റെയും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിലെ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണ് സ്പോർട്സ് ക്വാട്ട നിയമനത്തിനായി കായികതാരങ്ങളെ തെരഞ്ഞെടുക്കുന്നത്. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്പോർട്സ് ക്വാട്ട നിയമനം നടത്തുന്നത്. ഇതുകൂടാതെ ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ മികച്ച വിജയം കൈവരിക്കുന്ന കായികതാരങ്ങൾക്ക് മേൽ മാനദണ്ഡങ്ങൾക്ക് അതീതമായി പ്രത്യേക കേസായി പരിഗണിച്ചും നിയമനം നൽകിവരുന്നു.

(ഡി) ഉണ്ട്. പ്രസ്തുത നിർദ്ദേശം സമർപ്പിച്ചുകൊണ്ടുള്ള കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ 10-2-2020-ലെ കെ.എസ്.എസ്.സി./ ഇ 1/1326/2019 നമ്പർ കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.*

**സ്പോർട്സ് താരങ്ങൾക്ക് സർക്കാർ ജോലി**

195 (526) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്പോർട്സ് താരങ്ങൾക്കാണ് സർക്കാർ സർവ്വീസിൽ ജോലി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ജോലി നൽകുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 35-ാമത് ദേശിയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ടീം ഇനങ്ങളിൽ സ്വർണ്ണമെഡലുകളും കരസ്ഥമാക്കിയ 72 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

ആഭ്യന്തര വകുപ്പിൽ 65 കായികതാരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായികതാരങ്ങൾക്ക് നിയന ഉത്തരവ് നൽകിയിട്ടുണ്ട്.

കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ. പി.കെ.യ്ക്ക് കേരള സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

2007 -ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിന് വേണ്ടി മികച്ച പ്രകടനം കാഴ്ചവച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈജൻ ഇ.ബി. യ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009 -ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗങ്ങളിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായികതാരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ വെള്ളിമെഡലുകൾ നേടിയ 83 കായികതാരങ്ങൾക്ക് നിയമനം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിന് ചുവടെ പറയും പ്രകാരമുള്ള നേട്ടങ്ങൾ കൈവരിച്ചിരിക്കണം.

1. അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോകകപ്പ്, ലോകയൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്രസർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ.

2. രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽ പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ.

3. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ പങ്കെടുത്ത് ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ.

4. മൗണ്ടനീയറിംഗ്, കളരിപ്പയറ്റ്, എന്നീ കായിക ഇനങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ നടത്തുന്ന സീനിയർ സംസ്ഥാന മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നാം സ്ഥാനം നേടി വിജയികളായവർ.

കേന്ദ്രസർക്കാരിലോ സംസ്ഥാന സർക്കാരിലോ പ്രസ്തുത സർക്കാരിലെ പൊതുമേഖലാ സ്ഥാപനങ്ങളിലോ സ്പോർട്സ് ക്വാട്ട നിയമനം ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല. ഉത്തേജക മരുന്നുകളുടെ ഉപയോഗത്തിന്റെ പേരിൽ ശിക്ഷണ നടപടിക്ക് വിധേയരായവരോ കളികളിൽ നിന്നും വിലക്ക് കൽപ്പിക്കപ്പെട്ടവരോ ആയ കായികതാരങ്ങളും സ്പോർട്സ് ക്വാട്ട നിയമനത്തിന് അർഹരല്ല. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്പോർട്സ് ക്വാട്ട നിയമനം നടത്തുന്നത്. ഇതുകൂടാതെ ദേശീയ/ അന്തർദ്ദേശീയ മത്സരങ്ങളിൽ മികച്ച വിജയം കൈവരിക്കുന്ന കായികതാരങ്ങൾക്ക് മേൽ മാനദണ്ഡങ്ങൾക്ക് അതീതമായി പ്രത്യേക കേസായി പരിഗണിച്ചും നിയമനം നൽകിവരുന്നു.

## സ്പോർട്സ് ക്വാട്ട നിയമനം

196 (527) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര കായികതാരങ്ങൾക്ക് സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകി; ഏതൊക്കെ വകുപ്പുകളിൽ എന്നും ഏതൊക്കെ തസ്തികകളിൽ എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ ഇത്തരത്തിൽ എത്ര കായികതാരങ്ങൾക്കാണ് നിയമനം നൽകിയത്; വ്യക്തമാക്കുമോ;

(സി) ദേശീയ ഗെയിംസിൽ ടീമിനത്തിൽ വെള്ളി, വെങ്കലം നേടിയ എത്രപേർക്കു കൂടി ഈ സർക്കാർ നിയമനം നൽകുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ;

(ഡി) ഇത്തരത്തിൽ കായികതാരങ്ങൾക്ക് മികച്ച രീതിയിലുള്ള പ്രോത്സാഹനം നൽകാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 35-ാമത് ദേശിയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണമെഡലുകളും കരസ്ഥമാക്കിയ 72 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

ആഭ്യന്തര വകുപ്പിൽ 65 കായികതാരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായിക താരങ്ങളുടെ നിയമനത്തിനായി ഉത്തരവായിട്ടുണ്ട്.

കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ. പി.കെ.-യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

2007 -ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിന് വേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈഭൻ ഇ.ബി.-യ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009-ലെ സ്പോർട്സ് ക്വാട്ട നിയമനങ്ങളിലെ ടെന്നീസ് വിഭാഗങ്ങളിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായികതാരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ വെള്ളിമെഡലുകൾ നേടിയ 83 കായികതാരങ്ങൾക്ക് നിയമനം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ച വരുന്നു. കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2006- 2008 , 2009 വർഷത്തിൽ സ്പോർട്സ് ക്വാട്ട നിയമനത്തിനുള്ള ഒഴിവുകളിൽ 108 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്.

(സി) 35-ാമത് ദേശീയ ഗെയിംസിൽ വെള്ളിമെഡലുകൾ നേടിയ 83 കായികതാരങ്ങൾക്ക് നിയമനം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ച വരുന്നു.

(ഡി) കായികതാരങ്ങൾക്ക് മികച്ച രീതിയിലുള്ള പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി 2015 വർഷം മുതലുള്ള സ്പോർട്സ് ക്വാട്ട നിയമന ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നതിനുള്ള വിജ്ഞാപനം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.

**കായികതാരങ്ങളുടെ നിയമനം**

197 (528) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ എത്ര കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകി എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) വിവിധ ദേശീയ-അന്തർദേശീയ മൽസരങ്ങളിൽ വിജയികളായ കായിക താരങ്ങൾക്ക് പ്രഖ്യാപിച്ച ക്യാഷ് അവാർഡുകൾ നൽകുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 35-ാമത് ദേശിയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണമെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമിലെ സി. കെ. രതീഷിന് കിൻഫ്രയിൽ നിയമനം നൽകിയിട്ടുണ്ട്.

ആഭ്യന്തര വകുപ്പിൽ 65 കായികതാരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന സ്പോർട്സ് ക്വാട്ടാ പദ്ധതി പ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായികതാരങ്ങളുടെ നിയമനത്തിനായി ഉത്തരവായിട്ടുണ്ട്.

കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ. പി.കെ.യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

2007 -ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിന് വേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ശ്രീ. ഷൈഭൻ ഇ.ബി.- യ്ക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവുവരുത്തി 2009 -ലെ സ്പോർട്സ് ക്വാട്ട നിയമനങ്ങളിലെ ടെന്നീസ് വിഭാഗങ്ങളിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

35-ാമത് ദേശീയ ഗെയിംസിൽ വെള്ളിമെഡലുകൾ നേടിയ 83 കായികതാരങ്ങൾക്ക് നിയമനം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ

പുരോഗമിച്ചു വരുന്നു. കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ദേശീയ/ അന്തർദ്ദേശീയ കായിക മത്സരങ്ങളിൽ വിജയികളാകുന്ന കായികതാരങ്ങൾക്ക് സർക്കാർ അംഗീകരിച്ച താഴെപ്പറയും പ്രകാരമുള്ള നിശ്ചിത നിരക്കിൽ ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്.

| Sl.No | Level of Championship | Gold (Rupees in lakhs) | Silver (Rupees in lakhs) | Bronze (Rupees in lakhs) |
|---|---|---|---|---|
| 1 | Olympics and Official world championship/Competitions -individual event | 10 | 5 | 3 |
| 2 | Asian Games/Commonwealth Games Individual events | 5 | 3 | 2 |
| 3 | Asian Championship/Competitions Individual events | 2 | 1.5 | 1 |
| 4 | SAF Games | 1.75 | 1.25 | 0.75 |
| 5 | National Games-Individual events | 1.5 | 1 | 0.5 |
| 6 | National Championship-Senior-Individual events | 0.3 | 0.2 | 0.15 |
| 7 | Special Awards for Juniors-International events-Individual events | 2 | 1 | 0.5 |
| 8 | Special Awards for Sub Juniors-International events-Individual events | 1 | 0.5 | 0.25 |
| 9 | Special Awards for Juniors-National Individual events | 0.15 | 0.1 | 0.07 |
| 10 | Special Awards for Sub Juniors-National | 0.1 | 0.07 | 0.05 |

2013-2016 വർഷങ്ങളിലെ ദേശീയ അന്തർദ്ദേശീയ മത്സരവിജയികൾക്കുള്ള സംസ്ഥാന ക്യാഷ് അവാർഡ് തുകയായ 2,42,36,440 രൂപയും 2016-2017 വർഷത്തെ ദേശീയ/ അന്തർദ്ദേശീയ മത്സര വിജയികളായ സീനിയർ, ജൂനിയർ, സബ്ജൂനിയർ വിഭാഗത്തിൽപ്പെട്ട കായിക താരങ്ങൾക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ക്യാഷ് അവാർഡ് തുകയായ 1,38,10,231 രൂപയും വിതരണം ചെയ്തിട്ടുണ്ട്.

2018-ൽ ജക്കാർത്തയിൽ വച്ച് നടന്ന 18-ാമത് ഏഷ്യൻ ഗെയിംസിൽ കേരളത്തെ പ്രതിനിധാനം ചെയ്ത കായിക താരങ്ങൾക്ക് 2,05,00,000 രൂപയുടെ ക്യാഷ് അവാർഡ് വിതരണം ചെയ്തിട്ടുണ്ട്.

2018 ഏപ്രിലിൽ കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ചാമ്പ്യൻഷിപ്പിൽ ചാമ്പ്യന്മാരായ കേരള ടീമിന് 45,00,000 രൂപയുടെ ക്യാഷ് അവാർഡ് വിതരണം ചെയ്തിട്ടുണ്ട്.

66-ാമത് ദേശീയ വോളീബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗം ജേതാക്കളായ കായികതാരങ്ങൾക്ക് 21,50,000 രൂപയുടെ ക്യാഷ് അവാർഡ് വിതരണം ചെയ്തിട്ടുണ്ട്.

ലോസ് ആഞ്ചലസിൽ വച്ച് സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുത്തവർക്കും വിജയിച്ചവർക്കും ടീമിനെ അനുഗമിച്ച പരിശീലകർക്കും മാനേജർക്കുമുള്ള ക്യാഷ് അവാർഡ് തുകയായ 9,45,000 രൂപ വിതരണം ചെയ്തിട്ടുണ്ട്.

31-ാമത് റിയോ ഡി ജനീറോ ഒളിമ്പിക് മത്സരങ്ങളിൽ പങ്കെടുത്ത മലയാളി കായികതാരങ്ങൾക്കും പരിശീലകർക്കും 33,00,000 രൂപയുടെ ക്യാഷ് അവാർഡുകൾ വിതരണം ചെയ്യുകയുണ്ടായി.

സൗത്ത് കൊറിയയിൽ വച്ച് നടന്ന വേൾഡ് ബോഡി ബിൽഡിംഗ് & ഫിസിക് ചാമ്പ്യൻഷിപ്പിൽ മിസ്റ്റർ യൂണിവേഴ്സ് പട്ടം നേടിയ മലയാളിയായ ശ്രീ. ചിത്തരേഷ് നടേശന് കായിക വികസന നിധിയിൽ നിന്നും 5 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്.

2017 ജൂലൈ 6 മുതൽ 9 വരെ ഒഡീഷ്യയിലെ ഭുവനേശ്വറിൽ വച്ച് നടന്ന 22-ാമത് ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ മെഡൽ ജേതാക്കളായ കേരളീയ കായിക താരങ്ങൾക്കുള്ള ക്യാഷ് അവാർഡ് തുകയായ 93,50,000 രൂപ വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ ഖേലോ ഇൻഡ്യ യൂത്ത് ഗെയിംസിൽ വ്യക്തിഗത ഇനത്തിലും ടീമിനത്തിലും മെഡലുകൾ നേടിയ കായികതാരങ്ങൾക്ക് കായിക വികസന നിധിയിൽ നിന്നും ക്യാഷ് അവാർഡായി 20,39,000 രൂപ നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക് ചാമ്പ്യൻഷിപ്പുകൾ സംഘടിപ്പിക്കുന്നതിലേയ്ക്കായി കൗൺസിലിന്റെ നിലവിലെ ഗ്രാന്റ് -ഇൻ-എയ്ഡ് റെഗുലേഷൻസ് പ്രകാരം അർഹമായ ഗ്രാന്റ് നൽകി വരുന്നു. കൂടാതെ അംഗീകാരമുള്ള സംസ്ഥാന സ്പോർട്സ് അസോസിയേഷനെ പ്രതിനിധീകരിച്ച് കേരളത്തിൽ വച്ച് സംഘടിപ്പിക്കുന്ന ദേശീയ ചാമ്പ്യൻഷിപ്പുകൾക്ക് സ്പെഷ്യൽ ഗ്രാന്റും അനുവദിച്ചു വരുന്നുണ്ട്.

**ചേലാട് സ്റ്റേഡിയം നിർമ്മാണം**

198 (529) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കിഫ്ബി അംഗീകാരം ലഭ്യമായ ചേലാട് സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണ പ്രവൃത്തി ഏത് ഏജൻസിയെ ആണ് ഏല്പിച്ചിട്ടുള്ളതെന്നും പ്രസ്തുത ഏജൻസി സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(സി) സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-ഡി) കോതമംഗലം മണ്ഡലത്തിലെ ചേലാട് സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 15.83 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

- 8 ലെയ്ൻ 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്

- സ്വാഭാവിക പുൽത്തകിടിയോടുകൂടിയ ഫുട്ബോൾ കളിസ്ഥലം
- ടോയ്‌ലറ്റ് ബ്ലോക്ക്

നിലവിൽ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ ലിമിറ്റഡ് സാങ്കേതികാനുമതിക്കായുള്ള ഡി.പി.ആർ. തയ്യാറാക്കി വരികയാണ്. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**അടൂർ മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി**

199 (530) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണമേഖലയിലെ കായിക വികസനത്തിനായി പന്തളത്ത് മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) വകുപ്പുതലത്തിൽ ഭൂമിലഭ്യത തിട്ടപ്പെടുത്തിയിട്ടും ഈ പദ്ധതി ആരംഭിക്കുന്നതിനായി നിലനിൽക്കുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) സമയബന്ധിതമായി ഈ പദ്ധതി സാധ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) അടൂർ മുനിസിപ്പൽ സ്റ്റേഡിയം കിഫ്ബി പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ഇ) ഈ പദ്ധതിക്കായുള്ള സ്ഥലം ഏറ്റെടുപ്പിൽ വന്നിട്ടുള്ള കാലവിളംബം പരിഹരിച്ച് ഉടൻ പദ്ധതി ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(എഫ്) കൊടുമൺ ഇ.എം.എസ്.സ്റ്റേഡിയം കിഫ്ബി പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതിയുടെ വിശദാംശം അറിയിക്കുമോ;

(ജി) ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് പ്രതീക്ഷിക്കുന്ന കാലയളവ് തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് അറിയിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ -സി) അടൂർ നിയോജകമണ്ഡലത്തിലെ പന്തളം ചേരിക്കൽ പ്രദേശത്ത് സ്റ്റേഡിയം അനുവദിക്കുന്നതിനായി 2017- 2018 -ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 50 ലക്ഷം രൂപ പ്രത്യേക ഗ്രാന്റായി വകയിരുത്തിയിരുന്നു. ചേരിക്കൽ പട്ടികജാതി കോളനിയിൽ കായിക എഞ്ചിനീയറിംഗ് വിഭാഗം നടത്തിയ പരിശോധനയിൽ പദ്ധതിക്ക് അനുയോജ്യമായ സ്ഥലം ലഭ്യമല്ലെന്ന് കണ്ടതിനാൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി & ഇ) അടൂർ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് 9.69 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. തുടർന്ന് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുന്നോടിയായി അടൂർ മുനിസിപ്പാലിറ്റിയുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിന് തീരുമാനിക്കുകയും എന്നാൽ പദ്ധതി നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമല്ലായെന്ന് അടൂർ മുനിസിപ്പാലിറ്റി അറിയിക്കുകയും ഈ സാഹചര്യത്തിൽ പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്&ജി) കൊടുമൺ ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ നിർമ്മാണ ത്തോടനുബന്ധിച്ചുള്ള സിവിൽ പ്രവൃത്തികൾ നിലവിൽ 90 ശതമാനവും സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികൾ 10 ശതമാനവും പൂർത്തിയായിട്ടുണ്ട്. ഫുട്ബോൾ ടർഫിനാവശ്യമായ പുല്ല് വച്ച് പിടിപ്പിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. വോളിബോൾ, ബാസ്കറ്റ് ബോൾ കോർട്ടുകളുടെ ഫെൻസിംഗ് പ്രവൃത്തികൾ പൂർത്തിയായി വരുന്നു. സിന്തറ്റിക് ട്രാക്കിന്റെ പകുതി ഭാഗം ലെവലിംഗ് പൂർത്തീകരിച്ച് സ്പോർട്സ് ഫ്ളോറിംഗ് കോൺട്രാക്ടർക്ക് കൈമാറിയിട്ടുണ്ട്. സമീപത്തുള്ള തോടിന് മുകളിലെ സ്ലാബ് നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കി ഭാഗവും സിന്തറ്റിക് ട്രാക്കിന്റെ പ്രവൃത്തികൾക്കായി കൈമാറുന്നതാണ്. പദ്ധതി 2020 മേയ് മാസം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## ആർട്ടിഫിഷ്യൽ ഫുട്ബോൾ ടർഫ്

200 (531) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർട്ടിഫിഷ്യൽ ഫുട്ബോൾ ടർഫുകൾ നിർമ്മിക്കുന്നതിനുള്ള ഗവൺമെന്റ് അംഗീകൃത ഏജൻസികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ആർട്ടിഫിഷ്യൽ ഫുട്ബോൾ ടർഫുകൾ നിർമ്മിക്കുന്നതിനുവേണ്ടി മാത്രമായി അഗീകൃതമായ ഏജൻസികളൊന്നും തന്നെയില്ല. പൊതുമരാമത്ത് വകുപ്പിന്റെ ഇ-ടെണ്ടർ ജാലകം വഴി ആഗോള ടെണ്ടറുകൾ ക്ഷണിച്ചാണ് കായികയുവജനകാര്യ വകുപ്പ് ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കുന്നത്. ഫിഫ അംഗീകാരമുള്ള ഏജൻസികളിൽ നിന്നുമാണ് ടർഫ് ഇറക്കുമതി ചെയ്യുന്നത്. ടർഫ് സ്ഥാപിക്കുന്ന പ്രവൃത്തി ചെയ്ത് മുൻപരിചയവും ലൈസൻസുമുള്ള കമ്പനികളിൽ നിന്നുമാണ് ടെണ്ടറുകൾ ക്ഷണിക്കുന്നത്.

**മാവേലിക്കര മണ്ഡലത്തിലെ ഫിറ്റ്നസ് സെന്റർ**

201 (532) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ ഫിറ്റ്നസ് സെന്റർ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; സെന്ററിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ തെക്കേക്കര പഞ്ചായത്തിലെ കുറത്തിക്കാട് കമ്മ്യൂണിറ്റി ഹാൾ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ആധുനിക നിലവാരത്തിലുള്ള ജിംനേഷ്യം സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കി വരുന്നു. ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഇടക്കൊച്ചി വില്ലേജിൽ ക്രിക്കറ്റ് സ്റ്റേഡിയം**

202 (533) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ കേരള ക്രിക്കറ്റ് അസോസിയേഷന്റെ കൈവശമുള്ള 24 ഏക്കർ ഭൂമിയിൽ ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുന്ന വിഷയത്തിൽ നേരിടുന്ന തടസ്സങ്ങൾ ചർച്ച ചെയ്യുന്നതിനായി 23-12-2019-ന് കായിക-യുവജനകാര്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ കേരള ക്രിക്കറ്റ് അസോസിയേഷന്റെ കൈവശമുള്ള 24 ഏക്കർ ഭൂമിയിൽ ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുന്ന വിഷയത്തിൽ നേരിടുന്ന തടസ്സങ്ങൾ ചർച്ച ചെയ്യുന്നതിനായി 23-12-2019-ന് ചേർന്ന യോഗതീരുമാനങ്ങളും യോഗനടപടിക്കുറിപ്പും അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

**പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണം**

203 (534) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പൈഷ്യൽ പദ്ധതി പ്രകാരം ഒരു കോടി രൂപ അനുവദിച്ചിട്ടുള്ള കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) സ്റ്റേഡിയം നിർമ്മാണത്തിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണം വേഗത്തിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) സ്പൈഷ്യൽ പദ്ധതി പ്രകാരം കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം പഞ്ചായത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന്റെ ഭാഗമായി പല്ലാരിമംഗലം പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ടോട്ടൽ സ്റ്റേഷൻ സർവ്വേ സ്കെച്ചിൽ അപാകതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. തുടർന്ന് നിർദ്ദിഷ്ട പദ്ധതി പ്രദേശം കായിക എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തുകയും ടി സ്കെച്ചിലെ അപാകത പരിഹരിച്ച് പുനഃസമർപ്പിക്കുവാൻ പഞ്ചായത്തിനോട് നിർദ്ദേശിക്കുകയുമുണ്ടായി. അതുപ്രകാരം പഞ്ചായത്ത് സമർപ്പിച്ച പുതുക്കിയ ടോട്ടൽ സ്റ്റേഷൻ സർവ്വേ സ്കെച്ച് അടിസ്ഥാനപ്പെടുത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണം

204 (535) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യൂത്ത് ക്ലബുകളുടെ ശാക്തീകരണത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളത്തിലെ യുവതീ യുവാക്കളുടെ ശാക്തീകരണം മുൻനിർത്തി നിരവധി പ്രവർത്തനങ്ങൾ യൂത്ത് ക്ലബ്ബുകളിലൂടെ നടത്തി വരുന്നു. യുവജനക്ഷേമ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കുന്ന യൂത്ത് ക്ലബ്ബുകൾ സംസ്ഥാനത്താകമാനം വിവിധ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്. വിവിധ യൂത്ത് ക്ലബ്ബുകൾ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിച്ച് പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്നതും സാമൂഹ്യനന്മ ഉദ്ദേശിച്ചിട്ടുള്ളതുമായ നൂതനമായ പദ്ധതികൾക്ക് ധനസഹായം നൽകുന്നു.

യൂത്ത് ക്ലബ്ബുകൾ നടത്തുന്ന ഗുണകരമായ പ്രവർത്തനങ്ങൾ പൊതു സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പദ്ധതിയാണ് യൂത്ത് കേരള എക്സ്പ്രസ്സ്. 2018-19 സാമ്പത്തിക വർഷം ഈ പദ്ധതി നടപ്പിലാക്കുകയും 100-ഓളം യൂത്ത് ക്ലബ്ബുകൾ ഈ പദ്ധതിയിൽ ഗുണഭോക്താക്കളാകുകയും ചെയ്തിട്ടുണ്ട്. യൂത്ത് കേരള എക്സ്പ്രസ്സ് വഴി യൂത്ത് ക്ലബ്ബുകൾ വഴി നടത്തുന്ന പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രദമാക്കുവാനും യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാനും സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, മലയോരപ്രദേശങ്ങൾ എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകി യുവജനക്ഷേമ ബോർഡിന്റെ നിയന്ത്രണത്തിൽ രൂപീകരിച്ചതാണ് യുവാക്ലബ്ബുകൾ. 35 വയസ്സിന് താഴെയുള്ള യുവാക്കളാണ് യുവാക്ലബ്ബുകളുടെ ഭാരവാഹികൾ. 2018-19 സാമ്പത്തിക വർഷം കേരളത്തിലെ 14 ജില്ലകളിലായി 800-ഓളം യുവാക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. തുടർന്നും സംസ്ഥാനത്ത് വിവിധ ജില്ലകളിലായി യുവാക്ലബ്ബുകൾ രൂപീകരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾക്ക് യുവജനക്ഷേമ ബോർഡ് രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞു. യുവാക്ലബ്ബുകളുടെ പ്രാഥമിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി

അവർക്ക് ധനസഹായം അനുവദിക്കാറുണ്ട്. യുവതീയുവാക്കളുടെ ശാക്തീകരണം മുൻനിർത്തി ഓരോ പ്രദേശത്തിന്റെയും സാധ്യതയ്ക്കനുസരിച്ച് യുവാക്ലബ്ബുകൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളിൽ കലാ-കായിക മത്സരങ്ങൾ, ബോധവൽക്കരണ ക്യാമ്പയിനുകൾ, മത്സരപരീക്ഷാ പരിശീലന പരിപാടികൾ, പാരിസ്ഥിതിക പ്രവർത്തനങ്ങൾ, തൊഴിൽ പരിശീലനങ്ങൾ, സാസ്കാരിക കൂട്ടായ്മകൾ, പ്രസിദ്ധ നാടൻപാട്ട് കലാകാരനായിരുന്ന കലാഭവൻ മണിയുടെ സ്മരണാർത്ഥം മണിനാദം -സംസ്ഥാനതല നാടൻപാട്ട് മത്സരം തുടങ്ങി വിവിധ പദ്ധതികളാണ് യുവാക്ലബ്ബുകൾ മുഖേന നടപ്പിലാക്കി വരുന്നത്.

കേരള സംസ്ഥാന യുവജന കമ്മീഷൻ യൂത്ത്ക്ലബ്ബുകൾ/ കോളേജുകൾ/ വിദ്യാഭ്യാസ സ്ഥാപനങ്ങൾ/യുവജനങ്ങൾക്ക് പ്രാതിനിധ്യമുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ വിവിധ ഏജൻസികളുമായി സഹകരിച്ച് മദ്യം, മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ ബോധവൽക്കരണ പരിപാടികൾ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിച്ചുവരുന്നുണ്ട്.

**യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതികൾ**

205 (536) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നിലവിൽ വന്നശേഷം യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതികളും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ കേരളോത്സവം, യൂത്ത് ക്ലബ്ബ് (യൂത്ത് ക്ലബ്ബുകൾക്ക് ധനസഹായം, യൂത്ത് കേരള എക്സ്പ്രസ്സ്, യുവാക്ലബ്ബുകൾ, കായിക വികസന പ്രവർത്തനങ്ങൾ, സെവൻസ് ഫുട്ബോൾ ടൂർണമെന്റ്), കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് (പ്രളയ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ), സംരംഭകത്വവും തൊഴിലും, ജെൻഡർ പദ്ധതികൾ (ആത്മരക്ഷ ആയോധനത്തിലൂടെ, ട്രാൻസ്ജൻഡേഴ്സ് ശാക്തീകരണം), കലയും സംസ്കാരവും (നാഷണൽ ഫോക് ഫെസ്റ്റിവൽ ഓഫ് കേരള, യുവസാഹിത്യ ക്യാമ്പ്, ഷോർട്ട് ഫിലിം ഡോക്യുമെന്ററി ഫെസ്റ്റിവൽ), അഡ്വഞ്ചർ അക്കാഡമി (നാഷണൽ അഡ്വഞ്ചർ അക്കാഡമി, ദേവികുളം -നിർമ്മാണ പ്രവർത്തനങ്ങൾ), യുവശക്തി, മറ്റ്

വികസന പരിപാടികൾ (യൂത്ത് അവാർഡ്, യുവ മാധ്യമ ക്യാമ്പ്, യൂത്ത് ഡെവലപ്മെന്റ് പ്രോഗ്രാം, ദിനാചരണങ്ങൾ, യുവതാ മാസിക, നവമാധ്യമ കൂട്ടായ്മയും ഓൺലൈൻ പ്രൊമോഷനും), മറ്റ് യുവജന ശാക്തീകരണ പരിപാടികൾ (അമേച്വർ നാടകോത്സവം, വ്യവസായ സംരംഭകത്വ പദ്ധതി, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷാ പരിശീനം, മിസ്റ്റർ യൂണിവേഴ്സിന് സ്വീകരണം, ആർട്ടി ഡി ടൂർ, ഫിഫ വേൾഡ് കപ്പ് 2018, ഷോർട്ട് ഫിലിം ശില്പശാല, പരിസ്ഥിതി പ്രവർത്തനങ്ങൾ, സ്കൂൾ ശുചീകരണ പരിപാടികൾ, പി.എസ്.സി. പരിശീലന പദ്ധതി, വനിതാ ശില്പശാല) എന്നിവ നടപ്പിലാക്കി വരുന്നു.

**യുവജനകമ്മീഷൻ നടപ്പിലാക്കുന്ന പദ്ധതികൾ**

206 (537) ശ്രീ. കെ. ബാബു :
ശ്രീ. ആർ. രാജേഷ് :
ശ്രീ. വി. ജോയി :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങളെ ശാക്തീകരിക്കുന്നതിനും യുവജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും കേരള സംസ്ഥാന യുവജന കമ്മീഷൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) യുവജനങ്ങളുടെ ക്ഷേമകാര്യങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും അവരുടെ മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും തൊഴിൽ അവസരങ്ങൾക്കുമായി സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനും യുവജനകമ്മീഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) അസംഘടിത മേഖലയിൽ യുവജനങ്ങൾ നേരിടുന്ന തൊഴിൽപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് യുവജന കമ്മീഷൻ എന്തെല്ലാം ഇടപെടലുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) യുവജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് എല്ലാ ജില്ലകളിലും അദാലത്തുകളും സിറ്റിംഗുകളും, പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക മേഖലയിലെ യുവാക്കൾക്കിടയിലും കോളേജുകളിലും മദ്യം, മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ

ബോധവത്ക്കരണ പരിപാടികൾ, ദേശീയ/ജില്ലാ സെമിനാറുകൾ, സിംപോസിയം, ശില്പശാലകൾ, ജോബ് പോർട്ടൽ, യൂത്ത് ഐക്കൺ അവാർഡ്, ദേശീയ യുവജനദിനാഘോഷം, യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ, യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം, പട്ടികജാതി/ പട്ടികവർഗ്ഗ മറ്റ് പിന്നാക്ക മേഖലകളിൽ 'നിറവ് ' ആദിവാസി കലാമേള എന്നീ പദ്ധതികൾ കേരള സംസ്ഥാന യുവജനകമ്മീഷൻ മുഖേന നടപ്പിലാക്കി വരുന്നു.

(ബി) യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതിയുടെ കീഴിൽ തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും ബന്ധിപ്പിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ്ഫോമായ ജോബ് പോർട്ടലിലൂടെ സൗജന്യ രജിസ്ട്രേഷൻ സ്വീകരിച്ചുകൊണ്ട് ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചു വരുന്നുണ്ട്. 2019 ഫെബ്രുവരിയിൽ രണ്ട് ദിവസങ്ങളിലായി സംഘടിപ്പിച്ച ജോബ് ഫെസ്റ്റിൽ 119 കമ്പനികളും 4792 ഉദ്യോഗാർത്ഥികളും പങ്കെടുക്കുകയും 528 പേരെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും 322 പേർക്ക് ജോലി ലഭിക്കുകയും ചെയ്തിരുന്നു. കൂടാതെ 2020 ഫെബ്രുവരി 29, മാർച്ച് 1 തീയതികളിൽ യഥാക്രമം പാലക്കാട്ടും തിരുവനന്തപുരത്തും ജോബ് ഫെസ്റ്റ് സംഘടിപ്പിക്കുന്നതാണ്.

(സി) അസംഘടിത മേഖലയിൽ യുവജനങ്ങൾ നേരിടുന്ന തൊഴിൽപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ടി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനവും ഓവർടൈം അലവൻസും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് തൊഴിൽപരമായ പരാതികൾ പരിഗണിക്കുകയും നേർവിചാരണകളും സിറ്റിംഗും നടത്തി നടപടി സ്വീകരിക്കുവാൻ ശിപാർശ നൽകുകയും ചെയ്തിട്ടുണ്ട്. സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും കൃത്യമായ ശമ്പള സ്കെയിലിൽ വേതനം ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ കമ്മീഷൻ ഉന്നത വിദ്യാഭ്യാസ വകുപ്പിന് ശിപാർശ നൽകിയിട്ടുണ്ട്. സ്വാശ്രയ കോളേജുകളിലെ ശമ്പള കുടിശ്ശിക നൽകാതിരുന്ന കേസുകളിൽ ശമ്പള കുടിശ്ശികയും സെക്യൂരിറ്റി ഡെപ്പോസിറ്റും പരാതിക്കാർക്ക് നൽകുവാൻ കമ്മീഷൻ കോളേജ് തലവന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പ്രീപെയ്ഡ് വൈദ്യുതി സ്മാർട്ട് മീറ്റർ

207 (538) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള വൈദ്യുതി മീറ്ററുകളെല്ലാം മൂന്ന് വർഷത്തിനുള്ളിൽ പ്രീപെയ്ഡ് സ്മാർട്ട് മീറ്ററാക്കണമെന്ന് കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) ഇതുമൂലമുണ്ടാകുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണ്; പ്രീ പെയ്ഡ് സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതിന് എന്ത് തുക ചെലവാകും; ഇതിൽ കേന്ദ്ര വിഹിതം എത്രയാണ്;

(സി) പ്രീ പെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുവാൻ ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; ഏതൊക്കെ കമ്പനികളാണ് ടെൻഡറിൽ പങ്കെടുത്തത്;

(ഡി) സ്ഥാപിക്കുവാൻ വൻ തുക ആവശ്യമായി വരുന്ന പ്രീപെയ്ഡ് മീറ്റർ വെയ്ക്കുന്നത് കൊണ്ട് ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന നേട്ടം എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര ഊർജ്ജ വകുപ്പ് വിവധ സംസ്ഥാനങ്ങളിൽ ഊർജ്ജ മേഖലയിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകന യോഗങ്ങളിൽ (ആർ.പി.എം. മീറ്റിംഗ്) നിലവിലുള്ള വൈദ്യുത മീറ്ററുകൾ എല്ലാം മൂന്ന് വർഷത്തിനുള്ളിൽ പ്രീപെയ്ഡ് സ്മാർട്ട് മീറ്ററാക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കുന്ന ഉദയ് പദ്ധതിയിൽ കേന്ദ്രസർക്കാരും കേരള സർക്കാരും കെ.എസ്.ഇ.ബി.-യും തമ്മിൽ ഒപ്പിട്ട ത്രികക്ഷി കരാർ പ്രകാരം കെ.എസ്.ഇ.ബി. 2017 ഡിസംബർ 31-ഓടെ പ്രതിമാസം 500 യൂണിറ്റിൽ കൂടുതൽ ഉപയോഗിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും 2019 ഡിസംബർ 31-ഓടെ പ്രതിമാസം 200 യൂണിറ്റുകളിൽ കൂടുതൽ ഉപയോഗിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ ഘടിപ്പിക്കേണ്ടതാണ്. 2020-21-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേന്ദ്ര ധനമന്ത്രി അടുത്ത മൂന്ന് വർഷത്തിൽ പരമ്പരാഗത മീറ്ററുകൾ മാറ്റി പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സ്മാർട്ട് മീറ്ററിന്റെ പ്രയോജനങ്ങൾ ഇവയാണ്.

1. ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗ രീതി, സമയം എന്നിവ സ്മാർട്ട് മീറ്റർ മുഖേന ലഭിക്കുന്നു.

2. വൈദ്യുതി തടസ്സങ്ങൾ തത്സമയംതന്നെ സ്മാർട്ട് മീറ്റർ വഴി അറിയാൻ പറ്റുന്നതുകൊണ്ട് വൈദ്യുതി പുനഃസ്ഥാപനത്തിനുള്ള നടപടികൾ കൈക്കൊള്ളാൻ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർക്ക് കഴിയും.

3. മീറ്റർ റീഡിംഗ് റിമോട്ടായി എടുക്കാം. ബില്ലിംഗ് സൈക്കിൾ മാസം/ദ്വൈമാസം എന്നതിനുപരിയായി ഉപഭോക്താക്കളുടെ സൗകര്യപ്രകാരം മാറ്റാനും കഴിയും.

ഇപ്രകാരം സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതുവഴി വൈദ്യുതി വിതരണരംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണ നഷ്ടം കുറച്ചു കൊണ്ടുവരുന്നതിന് സാധിക്കുന്നതാണ്.

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സ്മാർട്ട് മീറ്റർ സ്ഥാപിച്ച് തുടങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ആയതിനാൽ സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതിന് ചെലവാകുന്ന തുക ഇത്തരുണത്തിൽ ലഭ്യമല്ല. കേന്ദ്രവിഹിതം ഒരു സ്മാർട്ട് മീറ്ററിന് 1,200 രൂപയാണ്.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്. അവയിൽ പങ്കെടുത്ത കമ്പനികൾ ഇവയാണ്. യൂണൈറ്റഡ് ഇലക്ട്രിക്കൽസ്, കെൽട്രോൺ, ലാർസൺ &ടൂബ്രോ, ജെനസ്

(ഡി) സ്മാർട്ട് മീറ്റർ നടപ്പാക്കുന്നതിലൂടെ, ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗരീതി, സമയം എന്നിവ ലഭ്യമാക്കുന്നു. ഇതുവഴി അവരവരുടെ വൈദ്യുതി ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ലഭ്യമാക്കുന്നു. കൂടാതെ മീറ്റർ റീഡിംഗ് റിമോട്ടായി എടുക്കാനും വൈദ്യുത ബന്ധം റിമോട്ടായി പുനഃസ്ഥാപിക്കുകയോ, വിച്ഛേദിക്കുകയോ ചെയ്യാനുള്ള സംവിധാനവും ലഭ്യമാണ്. ഇപ്രകാരം സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതുവഴി വൈദ്യുതി വിതരണരംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് സാധിക്കുന്നതാണ്. സ്മാർട്ട് മീറ്ററുകൾക്ക് ചെലവാക്കേണ്ട തുക എത്രയെന്നത് ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കേ മനസിലാവുകയുള്ളൂ. ആയതിനാൽ ഇതുമൂലമുള്ള സാമ്പത്തിക നേട്ടം അതിനുശേഷം മാത്രമേ വിലയിരുത്താൻ കഴിയുകയുള്ളൂ.

## പാഴ്‌വസ്തുക്കളിൽ നിന്നും ഊർജ്ജം

208 (539) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാഴ്വസ്തുക്കളിൽനിന്നും ഊർജ്ജം ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

പാഴ്വസ്തുക്കളിൽനിന്നും ഊർജ്ജം ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വ്യവസായ വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KSIDC) നോഡൽ ഏജൻസിയായി പ്രവർത്തിച്ചുവരുന്നു. കേരളത്തിൽ സ്ഥാപിക്കുന്ന ഈ പ്ലാന്റുകളിൽ

നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി പൂർണ്ണമായും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ വാങ്ങുവാൻ കെ.എസ്.ഇ.ബി.എൽ. സന്നദ്ധത അറിയിച്ചിട്ടുണ്ട്.

താഴെപ്പറയുന്ന സ്ഥലങ്ങളിൽ ഖരമാലിന്യത്തിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായുള്ള പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്.

| | |
|---|---|
| 1 | ബ്രഹ്മപുരം, കൊച്ചി |
| 2 | വയനാട് |
| 3 | മൂന്നാർ |
| 4 | ഞെളിയൻപറമ്പ്, കോഴിക്കോട് |
| 5 | കഞ്ചിക്കോട്, പാലക്കാട് |
| 6 | ലാലൂർ, തൃശ്ശൂർ |
| 7 | ചെലോറ, കണ്ണൂർ |
| 8 | കരീപ്പുഴ, കൊല്ലം |
| 9 | പാണക്കാട്, മലപ്പുറം |
| 10 | തിരുവനന്തപുരം |

ഗ്രാമപഞ്ചായത്തുകൾക്കും മറ്റ് പൊതു സ്ഥാപനങ്ങൾക്കും 0.75 മുതൽ 50 മീറ്റർ ക്യൂബ് വരെ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണത്തിനാവശ്യമായ സാങ്കേതിക സഹായം അനെർട്ട് നൽകുന്നുണ്ട്. പ്രതിദിനം 2 കിലോഗ്രാം മുതൽ 500 കിലോഗ്രാം വരെ മാലിന്യം ഇതിൽ നിക്ഷേപിക്കാം. ബയോഗ്യാസ് പ്ലാന്റ് നിർമ്മാണ പരിശീലനവും അനെർട്ട് നടത്തുന്നു.

**കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി**

209 (540) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി സുസ്ഥിരമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; വായ്പകൾ

പുനഃസംഘടിപ്പിച്ച് പലിശ ഭാരം കുറക്കാൻ നടപടിയെടുത്തിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രകൃതി ദുരന്തങ്ങൾ വൻ ബാധ്യത സൃഷ്ടിച്ചിട്ടും പ്രവർത്തന നഷ്ടം നികത്താൻ സാധ്യമായിട്ടുണ്ടോ; ദീർഘകാലമായുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ പുരോഗതി കൈവരിക്കാനായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) യുക്തിസഹമായ ഹ്രസ്വകാല, ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി വാങ്ങലിന്റെ ചെലവ് കുറയ്ക്കുന്നതിനും പ്രസരണ വിതരണ ശൃംഖലകൾ മെച്ചപ്പെടുത്തി പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും സാധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി സുസ്ഥിരമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. മുൻകാലങ്ങളിലെന്നപോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശയുള്ള വായ്പകളായി മാറ്റുന്നുണ്ട്.

2. മിതമായ നിരക്കിൽ ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ബോർഡിന്റെ ബാദ്ധ്യതകൾ കുറവ് വരുത്തുവാൻ ശ്രമിക്കുന്നുണ്ട്.

3. ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ബഡ്ജറ്ററി കൺട്രോൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി.

4. AT&C Loss -ഉം നഷ്ടവും കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

5. വൈദ്യുതി ചാർജ്ജിനത്തിൽ ബോർഡിന് കിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കി നടപ്പിലാക്കി വരുന്നുണ്ട്.

6. DDUGJY, IPDS പദ്ധതികൾക്കായുള്ള കേന്ദ്രസർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നതുവരെ സ്വന്തം ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചതുനിമിത്തം പദ്ധതി സമയബന്ധിതമായി

നടപ്പിലാക്കുന്നതിലൂടെ ഗ്രാന്റ് ഭാഗം ലോണായി മാറ്റപ്പെടുന്നതിനുള്ള സാധ്യത ഒഴിവാക്കപ്പെടുന്നതാണ്.

വായ്പ പുനഃസംഘടിപ്പിച്ച് പലിശഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷത്തിൽ സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു.

ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്ന് 11-12-2019-ന് 950 കോടി രൂപയുടെ ഒരു ദീർഘകാല വായ്പ പത്ത് വർഷത്തെ കാലാവധിക്ക് 8.62% പലിശ നിരക്കിൽ എടുക്കുകയും താഴപ്പറയുന്ന ഹ്രസ്വകാല വായ്പകൾ 11-12-2019-ന് തന്നെ അടച്ചുതീർക്കുകയും ചെയ്തിട്ടുണ്ട്.

| ബാങ്ക് | വായ്പാതുക | പലിശനിരക്ക് |
|---|---|---|
| ഫെഡറൽ ബാങ്ക് | 300 കോടി | 8.70% |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 500 കോടി | 8.85% |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 70 കോടി | 9% |

(ബി) പ്രകൃതി ദുരന്തത്തിൽ വൻബാധ്യത സൃഷ്ടിച്ചിട്ടും 784 കോടി രൂപയായിരുന്ന 2017-18-ലെ പ്രവർത്തനനഷ്ടം 2018-19-ൽ 290 കോടി രൂപയായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ദീർഘകാലമായുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ പുരോഗതി കൈവരിക്കാനായിട്ടുണ്ട്. കാലാകാലങ്ങളിൽ കെ.എസ്.ഇ.ആർ.സി.-യുടെ അനുമതിയോടുകൂടി കുറഞ്ഞ പലിശനിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചു. ഉപഭോക്താക്കളിൽ നിന്നും കെ.എസ്.ഇ.ബി.എൽ. ദീർഘകാലമായുള്ള കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിച്ചിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2016-ലും 2018-ലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയതിനുപുറമേ 2019 -ൽ പ്രഖ്യാപിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് 29-2-2020 വരെ പ്രാബല്യം ഉണ്ടായിരുന്നു. കെ.എസ്.ഇ.ആർ.സി.യുടെ അനുമതിക്കനുസൃതമായി പലിശയിനത്തിൽ ഇളവുകൾ നൽകിയും ആവശ്യമെങ്കിൽ പലിശത്തുകയ്ക്ക് തവണകൾ അനുവദിച്ചും നിബന്ധനകൾക്കു വിധേയമായി കുടിശ്ശികമുതലിനുതന്നെ തവണകൾ നൽകിയും ഉപഭോക്താക്കൾക്ക് പരമാവധി പ്രയോജനപ്പെടത്തക്കവിധവും പരമാവധി കുടിശ്ശിക പിരിച്ചെടുക്കത്തക്കവിധവുമാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നത്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും കൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കുവാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ടായിരുന്നു.

31-12-2018-ലെ കണക്കുപ്രകാരം വൈദ്യുതി ബോർഡിന് ഉപഭോക്താക്കളിൽ നിന്നും ആകെ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക 2645.90 കോടി രൂപയായിരുന്നു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരവും, ഊർജ്ജിത കുടിശ്ശിക നിവാരണ പ്രവർത്തനങ്ങളുടെയും ഫലമായി 31-12-2019 - ൽ വൈദ്യുതി കുടിശ്ശിക ഗണ്യമായി കുറച്ച്, 1548.50 കോടി രൂപയിലെത്തിക്കാൻ സാധിച്ചു. ഇതിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള കേരള വാട്ടർ അതോറിറ്റിയുടെ 30-9-2018 വരെയുള്ള കുടിശ്ശികയായ 1062.98 കോടി രൂപയും, ആരോഗ്യ വകുപ്പിന്റെ 30-6-2018 വരെയുള്ള കുടിശ്ശികയായ 5.65 കോടി രൂപയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം സർക്കാർ തലത്തിൽ തീർപ്പാക്കിയിട്ടുണ്ട്. കേരള വാട്ട അതോറിറ്റിയുടെ 10/2018 മുതലുള്ള വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം വാട്ടർ അതോറിറ്റിയിൽ നിന്നും 140.62 കോടി രൂപയും ലഭ്യമാക്കിയിട്ടുണ്ട്. 31-12-2018-ൽ വൻകിട ഉപഭോക്താക്കളുടെ കുടിശ്ശിക തുകയായ 1577.71 കോടി രൂപയായിരുന്നത്, 31-12-2019 -ൽ 904.23 കോടി രൂപയായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ടി കാലയളവിൽ കുടിശ്ശിക നിവാരണത്തിനായി ഊർജ്ജിത ശ്രമങ്ങളാണ് ബോർഡിൽ നടന്നുവരുന്നത്.

(സി) സാദ്ധ്യമായിട്ടുണ്ട്. സംസ്ഥാനത്തിന്റെ വൈദ്യുതി ഉപയോഗത്തിന്റെ ഏകദേശം 30% മാത്രമേ കെ.എസ്.ഇ.ബി.യ്ക്ക് അതിന്റെ സ്വന്തം നിലയങ്ങളിൽ നിന്നും ലഭ്യമാക്കാൻ സാധിക്കുന്നുള്ളൂ. കൂടാതെ സംസ്ഥാനത്തിനകത്തുനിന്നു തന്നെയുള്ള സ്വകാര്യ വൈദ്യുതോത്പാദകരിൽ നിന്നും (IPP), സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (KSERC) അംഗീകരിച്ച നിരക്കിൽ വാങ്ങുന്നുണ്ട്. ഇതിനുപുറമേ, സംസ്ഥാനത്തിന് പുറമേ നിന്നും വൈദ്യുതി വാങ്ങിയാണ് ലോഡ് ഷെഡ്ഡിങ്ങും പവർകട്ടും ഒഴിവാക്കി വരുന്നത്. ഇത്തരത്തിൽ പ്രധാനമായും താഴെപ്പറയുന്ന പ്രകാരമാണ് വൈദ്യുതി ആവശ്യകത നിറവേറ്റുന്നത്.

a. കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തീരുമാനിക്കുന്ന നിരക്കുകൾ പ്രകാരം, കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നും മറ്റ് സ്വതന്ത്ര വൈദ്യുതി ഉത്പാദകരിൽ നിന്നും ദീർഘകാല കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കി വരുന്നു.

b. കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം മത്സരാധിഷ്ഠിത ദർഘാസുകൾ മുഖേന കണ്ടെത്തിയ ചുരുങ്ങിയ നിരക്കുകൾ പ്രകാരം, സ്വകാര്യ ഉത്പാദകരുമായും ട്രേഡർമാരുമായും ദീർഘകാല കരാറിലേർപ്പെട്ട് വൈദ്യുതി ലഭ്യമാക്കി വരുന്നു. ഇതിനുപുറമേ കേന്ദ്രഗവൺമെന്റിന്റെ ഊർജ്ജമന്ത്രാലയത്തിന്റെ 'DEEP Portal' സംവിധാനത്തിലൂടെ മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ച് ഹ്രസ്വകാല

കരാറിലൂടെ, വൈദ്യുതി ആവശ്യകത മുൻകൂട്ടി കണ്ട്, ഏറ്റവും കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കി വരുന്നു.

c. വൈദ്യുതിയുടെ ഉയർന്ന തോതിലുള്ള ആവശ്യകതയുള്ള വേനൽക്കാലത്ത്, അന്യസംസ്ഥാനങ്ങളിലെ വൈദ്യുതി ഉത്പാദകരുമായി ബാങ്കിംഗ് സംവിധാനത്തിലൂടെ വൈദ്യുതി ലഭ്യമാക്കി വരുന്നു. ഈ വൈദ്യുതി വർഷകാലത്ത് അധിക വൈദ്യുതി ലഭ്യമാകുമ്പോൾ തിരികെ നൽകുന്നുണ്ട്. സംസ്ഥാനത്തിന്റെ പ്രസരണ വിതരണ നഷ്ടം 2016 മാർച്ചിൽ 14.37% ആയിരുന്നു. ഇത് 2018-19 സാമ്പത്തിക വർഷത്തിന്റെ അവസാനമായപ്പോഴേയ്ക്കും 12.47% ത്തിലേയ്ക്ക് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പുതുതായി രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകൾ, പതിനാറ് 110 കെ.വി. സബ്സ്റ്റേഷനുകൾ ഉൾപ്പെടെ 36 സബ്സ്റ്റേഷനുകൾ നിർമ്മിക്കുകയും 9 സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്തു. ഇതിനുപുറമേ 895 കി.മീ. പ്രസരണ ലൈനുകൾ നിർമ്മിക്കുകയും വിവിധ സബ്സ്റ്റേഷനുകളിലായി 1314 MVA ശേഷിയുള്ള പുതിയ ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, വിതരണ മേഖലയിൽ ഇക്കാലയളവിൽ 5361 കി.മീ. എച്ച്.റ്റി. ലൈനുകളും, 11887.71 കി.മീ. എൽ.റ്റി. ലൈനുകളും 7033 വിതരണ ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്. പ്രസരണ-വിതരണ നഷ്ടം 1.9% കുറയ്ക്കാൻ കഴിഞ്ഞതിലൂടെ 2016 മാർച്ച് മുതൽ 2018-19 വരെ ഏകദേശം 1030.60 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങുന്നത് ഒഴിവാക്കുന്നതിനും, അതുവഴി 429 കോടിയോളം രൂപ വൈദ്യുതി വാങ്ങൽ ചെലവിൽ ലാഭിക്കുന്നതിനും സാധിച്ചിട്ടുണ്ട്. പ്രസരണ-വിതരണ നഷ്ടം തുടർന്നും കുറച്ചുകൊണ്ടുവന്ന് ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിലേയ്ക്കായി, പ്രസരണ മേഖലയിൽ 'ട്രാൻസ്ഗ്രിഡ് 'പദ്ധതിയും വിതരണ മേഖലയിൽ 'ദ്യുതി' പദ്ധതിയും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഈ പദ്ധതികളുടെ വിജയകരമായ പൂർത്തീകരണത്തോടെ പ്രസരണ വിതരണ നഷ്ടം വീണ്ടും കുറയ്ക്കാൻ കഴിയുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

വിതരണ നഷ്ടം കുറയ്ക്കുന്നതിന് മുന്നോടിയായുള്ള ഊർജ്ജ ഓഡിറ്റിനുവേണ്ടി ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിലുള്ള 11 കെ.വി. ഫീഡറുകളിൽ ബോർഡർ മീറ്റർ സ്ഥാപിക്കുന്നതിനും, എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിലും ഡി.റ്റി.ആർ. മീറ്ററുകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും നടന്നുവരികയാണ്.

## വൈദ്യുതി ചാർജ് കുടിശ്ശിക

210 (541) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് 1500 കോടി രൂപയിലധികം വൈദ്യുതി ബിൽ കുടിശ്ശിക കെ.എസ്.ഇ.ബി. യ്ക്ക് പിരിഞ്ഞു കിട്ടാനുണ്ടോ;

(ബി) കുടിശ്ശിക പിരിച്ചെടുക്കാൻ കെ.എസ്.ഇ.ബി. ഇപ്പോൾ അനുവർത്തിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഈ സാഹചര്യത്തിലും യൂണിറ്റിന് 10 പൈസ വീതം ഉപഭോക്താക്കളിൽ നിന്ന് സർചാർജ് ഈടാക്കാൻ റെഗുലേറ്ററി കമ്മീഷൻ ഉത്തരവിടുകയുണ്ടായോ; എങ്കിൽ ഇതിന്റെ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) യൂണിറ്റിന് 13 പൈസ വർദ്ധിപ്പിക്കാൻ വൈദ്യുതി ബോർഡ് ആവശ്യപ്പെട്ടിരുന്നോ?

ഉത്തരം

(എ) 31-12-2019 -ലെ ക്രോഡീകരിച്ച കണക്കുപ്രകാരം കേന്ദ്ര, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് ആകെ 316.38 കോടി രൂപയാണ് വൈദ്യുതി ബിൽ കുടിശ്ശികയായി കെ.എസ്.ഇ.ബി.എൽ.ന് പിരിഞ്ഞുകിട്ടാനുള്ളത്.

ബി) കുടിശ്ശിക പിരിച്ചെടുക്കാൻ കെ.എസ്.ഇ.ബി.എൽ. ചുവടെ പറയുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്.

i. സർക്കാരിലെ വിവിധ വകുപ്പുകളുമായി സഹകരിച്ച് റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ii. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടുകൂടി കിട്ടാക്കടങ്ങൾക്ക് പലിശയിൽ കമ്മീഷൻ നിഷ്കർഷിക്കുന്ന നിരക്കിൽ ഇളവുനൽകി പിരിച്ചെടുക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നു. 2016, 2018, 2019 എന്നീ വർഷങ്ങളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയിരുന്നു. ഇപ്പോൾ നിലവിലുള്ള 2019-ലെ പദ്ധതി (OTS - 2019) 29-2-2020 വരെ നിലവിലുണ്ട്.

iii. സർക്കാർ തലത്തിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തി, കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കാനുള്ള കുടിശ്ശിക തുക ഘട്ടംഘട്ടമായി ബഡ്ജറ്റിൽ വകയിരുത്തി ലഭ്യമാക്കിവരുന്നു.

(സി & ഡി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2018-ൽ വിജ്ഞാപനം ചെയ്ത് പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ പ്രകാരം എല്ലാ വിതരണ ലൈസൻസികളും, കമ്മീഷൻ ലൈസൻസികളുടെ ARR&ERC ഉത്തരവിലൂടെ, അംഗീകാരം നൽകിയിട്ടുള്ള വൈദ്യുതി വാങ്ങൽ ചെലവിൽ, (Power Purchase Cost) ഇന്ധനവിലയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾക്ക് അനുസരിച്ച് വ്യതിയാനങ്ങൾ ഉണ്ടായാൽ, ഓരോ പാദവർഷക്കാലയളവിലും 30 ദിവസത്തിനുള്ളിൽ, അത് റെഗുലേറ്ററി കമ്മീഷനെ അറിയിക്കണമെന്നും, ഇപ്രകാരം ലൈസൻസിക്കുണ്ടായ അധിക ബാദ്ധ്യത (ചെലവിലുള്ള കുറവ്) ഉപഭോക്താക്കളിൽ നിന്നും ഫ്യൂവൽ സർചാർജ്ജായി ഈടാക്കിത്തരണമെന്നും, വൈദ്യുതി വാങ്ങൽ ചെലവിൽ കുറവുണ്ടായാൽ, ആയത് താരിഫിൽ ഇളവായി അനുവദിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇപ്രകാരം 2019 ഏപ്രിൽ-ജൂൺ മാസങ്ങളിൽ വൈദ്യുതി വാങ്ങൽ ചെലവിൽ, ഇന്ധനവിലയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ കാരണം കമ്മീഷൻ അംഗീകരിച്ച തുകയേക്കാൾ, 72.75 കോടി രൂപ അധിക ബാദ്ധ്യതയുണ്ടായതായി കണക്കാക്കുകയും ആയത് യൂണിറ്റ് ഒന്നിന് 13 പൈസ നിരക്കിൽ ഫ്യൂവൽ സർചാർജ്ജായി ചുമത്തി ഈടാക്കിത്തരണമെന്ന് കെ.എസ്.ഇ.ബി.എൽ. കമ്മീഷനോട് ആവശ്യപ്പെട്ടെങ്കിലും റെഗുലേറ്ററി കമ്മീഷൻ ടി അധിക ബാദ്ധ്യത 62.20 കോടി രൂപയായി അംഗീകരിക്കുകയും യൂണിറ്റൊന്നിന് 10 പൈസ നിരക്കിൽ ഫ്യൂവൽ സർചാർജ്ജായി ഈടാക്കാൻ അനുമതി നൽകുകയും ചെയ്തു. 15-2-2020 മുതൽ ഇത് എല്ലാ വിഭാഗം ഉപഭോക്താക്കളിൽ നിന്നും യൂണിറ്റൊന്നിന് 10 പൈസ ക്രമത്തിൽ ഈടാക്കി വരുന്നു. (ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഗാർഹിക വിഭാഗം ഉപഭോക്താക്കളുടെ കണക്റ്റഡ് ലോഡ് 500 വാട്ട്സ് വരെയും, പ്രതിമാസം ഉപഭോഗം 20 യൂണിറ്റ് വരെയുള്ളവരെയും ഫ്യൂവൽ സർചാർജ്ജ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.)

**ഉപഭോക്താക്കളിൽ നിന്നും സർചാർജ്ജ് ഈടാക്കുന്ന നടപടി**

211 (542) <u>ശ്രീ. പി. സി. ജോർജ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ നഷ്ടം നികത്തുന്നതിലേക്കായി ഗാർഹിക ഉപഭോക്താക്കളിൽ നിന്നും സർചാർജ് ഈടാക്കുന്നതിന് വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുന്നതിനും വൻകിട ഉപഭോക്താക്കളുടെ വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും പകരം കൃത്യമായി വൈദ്യുതി ചാർജ് അടച്ചുവരുന്ന ഗാർഹിക ഉപഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്ന നടപടി പുനഃപരിശോധിക്കുമോ?

ഉത്തരം

(എ) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 14-2-2020-ലെ ഉത്തരവുപ്രകാരം 15-2-2020 മുതൽ സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കളിൽ നിന്നും യൂണിറ്റൊന്നിന് 10 പൈസ നിരക്കിൽ ഫ്യൂവൽ സർചാർജ്ജ് ഈടാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇത്, സംസ്ഥാനത്തെ ഇതര വിതരണ ലൈസൻസികളുടെ ഉപഭോക്താക്കൾക്കും ബാധകമാണ്. എന്നാൽ ദരിദ്ര വിഭാഗത്തിൽ ഉൾപ്പെടുന്നവരും, 500 വാട്സ് വരെ കണക്ടഡ് ലോഡുള്ളതും പ്രതിമാസം 20 യൂണിറ്റിൽ കവിയാതെ ഉപഭോഗമുള്ളതുമായ ഗാർഹിക ഉപഭോക്താക്കളെ ഇന്ധന സർചാർജ്ജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 15-2-2020 മുതൽ മൂന്ന് മാസക്കാലയളവിലേയ്ക്കുള്ള ഉപഭോഗത്തിനാണ് ഇന്ധന സർചാർജ്ജ് ഈടാക്കുന്നത്.

വൈദ്യുതി നിയമം - 2003-ലെ 62(4) പ്രകാരവും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വിജ്ഞാപനം ചെയ്ത് പുറപ്പെടുവിച്ചിട്ടുള്ള 2018 -ലെ താരിഫ് നിർണ്ണയ ചട്ടങ്ങളിലെ 84-ാം ഖണ്ഡിക പ്രകാരവുമാണ് ഇന്ധന സർചാർജ്ജ് ഈടാക്കാനുള്ള അനുമതി റെഗുലേറ്ററി കമ്മീഷൻ നൽകുന്നത്. മേൽസൂചിപ്പിച്ച ചട്ടപ്രകാരം, വിതരണ ലൈസൻസി ഓരോ പാദവർഷത്തിലും അതിന്റെ തനതു ഇന്ധന നിലയങ്ങളിലെ വൈദ്യുതോത്പാദനത്തിനാവശ്യമായ ഇന്ധനത്തിന്റെ യഥാർത്ഥ വിലയും, റെഗുലേറ്ററി കമ്മീഷൻ ARR&ERC ഉത്തരവിലൂടെ അംഗീകരിച്ച ഇന്ധനവിലയും തമ്മിലുള്ള വ്യത്യാസവും, വൈദ്യുതിയുടെ യഥാർത്ഥ വാങ്ങൽ വിലയും ARR&ERC ഉത്തരവിലൂടെ കമ്മീഷൻ അംഗീകരിച്ച വൈദ്യുതിയുടെ വാങ്ങൽ വിലയും (Power Purchase Cost)തമ്മിലുള്ള വ്യത്യാസവും കമ്മീഷനെ 30 ദിവസത്തിനുള്ളിൽ അറിയിക്കേണ്ടതായിട്ടുണ്ട്. ഇപ്രകാരം വൈദ്യുതി വാങ്ങൽ ചെലവിൽ ഉണ്ടാകുന്ന അധിക ബാധ്യതയും ഇന്ധന വിലയിലുണ്ടാകുന്ന അധിക ബാധ്യതയും ഇന്ധന സർചാർജ്ജിന്റെ രൂപത്തിൽ ഈടാക്കിത്തരണമെന്നും, വൈദ്യുതി വാങ്ങൽ ചെലവിൽ/ഇന്ധന വിലയിൽ കുറവുണ്ടായാൽ ആയത് താരിഫിൽ ഇളവായി അനുവദിക്കണമെന്നും 84-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇപ്രകാരം 2019 ഏപ്രിൽ-ജൂൺ മാസങ്ങളിൽ വൈദ്യുതി വാങ്ങൽ ചെലവിൽ, കമ്മീഷൻ അംഗീകരിച്ച തുകയേക്കാൾ 72-75 കോടി രൂപ അധിക ബാദ്ധ്യതയുണ്ടായതിനാൽ ആയത് യൂണിറ്റൊന്നിന് 13 പൈസ നിരക്കിൽ ഇന്ധന

സർചാർജ്ജായി ഈടാക്കി തരണമെന്ന് കമ്മീഷനോട് ആവശ്യപ്പെടുകയും, എന്നാൽ റെഗുലേറ്ററി കമ്മിഷൻ ടി അധിക ബാദ്ധ്യതയിൽ 62.20 കോടി രൂപ മാത്രം അംഗീകരിക്കുകയും, യൂണിറ്റൊന്നിന് 10 പൈസ നിരക്കിൽ ഇന്ധന സർചാർജ്ജായി ഈടാക്കാൻ അനുമതി നൽകുകയും ചെയ്തു.

(ബി) വിതരണ ലൈസൻസിക്ക് വൈദ്യുതി വാങ്ങൽ ചെലവിലുണ്ടായ അധിക ബാദ്ധ്യത നികത്തുന്നതിന്, റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടു കൂടിയാണ് ഇന്ധന സർചാർജ്ജ് ഈടാക്കി വരുന്നത്. സംസ്ഥാനത്തെ വൈദ്യുതി ഉപയോഗത്തിലുള്ള കുറവിനും കുടിശ്ശിക പിരിച്ചെടുക്കലിനും ഇന്ധന സർചാർജ്ജുമായി ബന്ധമില്ല. വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള കൃത്യമായ നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ വൈദ്യുതി ഉപയോഗം കുറച്ച് ഉപഭോക്താക്കൾക്ക് തങ്ങൾക്കുണ്ടാകുന്ന അധിക ബാദ്ധ്യത കുറയ്ക്കാൻ കഴിയും.

**വൈദ്യുതി മേഖലയിലെ പുതിയ പദ്ധതികൾ**

212 (543) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയിൽ 2020-21 കാലയളവിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) വൈദ്യുതി ബോർഡിൽ വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയത് മൂലമുള്ള നേട്ടങ്ങൾ വിശദമാക്കുമോ;

(സി) പാരമ്പര്യേതര ഊർജ്ജം പരമാവധി ഉല്പാദിപ്പിച്ച് പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത നയമാണോ ബോർഡ് സ്വീകരിക്കുന്നത്; എങ്കിൽ ആ മേഖലയിൽ പുതിയതായി ആവിഷ്കരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) വൈദ്യുതി ലഭ്യമല്ലാത്ത ഒറ്റപ്പെട്ട ഗ്രാമങ്ങളിലും ആദിവാസി കോളനികളിലും വൈദ്യുതി എത്തിക്കുന്നതിന് ബോർഡ് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) അടിസ്ഥാന സൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021, സൗര തുടങ്ങിയ പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018 -ൽ സർക്കാർ പ്രഖ്യാപിച്ചു നടപ്പിലാക്കി വരുന്നു. 2022-ൽ പൂർത്തിയാക്കേണ്ട പ്രസ്തുത

പദ്ധതികളിലുള്ള പ്രവൃത്തികൾ 2020-21 കാലയളവിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഉത്പാദന മേഖലയിൽ നിലവിലെ ഇടുക്കി ജലാശയത്തിലെ വെള്ളമുപയോഗിച്ച് വെള്ളിയാമറ്റത്ത് 780 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഒരു പുതിയ ഭൂഗർഭ വൈദ്യുതി നിലയം സ്ഥാപക്കുന്നതിനുള്ള സാധ്യതാ പഠനത്തിനായുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി) ഈ സർക്കാരിന്റെ കാലത്ത് വിവര സാങ്കേതികവിദ്യ അടിസ്ഥാന പ്പെടുത്തി നടപ്പിലാക്കിയ പല സേവനങ്ങൾക്കും ഉപഭേക്താക്കൾക്കിടയിൽ വൻ സ്വീകാര്യതയാണ് ലഭിച്ചത്. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽ നിന്നും ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനത്തിനും, വൈദ്യുതി തടസ്സവും പുനഃസ്ഥാപനവും സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളെ മൊബൈൽ ഫോണിൽ എസ്.എം.എസ്. മുഖേന അറിയിക്കുന്ന 'ഊർജ്ജ-ദൂത് ' പദ്ധതി, വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്, മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന 'ഊർജ്ജ സൗഹൃദ' പദ്ധതി എന്നിവ ഇന്ന് വ്യാപകമായി ഉപയോഗപ്പെടുത്തുന്നു. HT/EHT ഉപഭോക്താക്കൾക്ക് പുതിയ കണക്ഷനുവേണ്ടി അപേക്ഷ ഗ്രീൻചാനൽ സംവിധാനത്തിലൂടെ ഓൺലൈനായി സമർപ്പിക്കുന്നതിനും ആയതിന്റെ നടപടിക്രമങ്ങൾ യാതൊരു തടസ്സവും കൂടാതെ മുന്നോട്ടു പോകുന്നുവെന്ന് ഉന്നത ഉദ്യോഗസ്ഥർ നേരിട്ട് മേൽനോട്ടത്തിലൂടെ ഉറപ്പുവരുത്തുകയും ചെയ്യുന്നതിനും സംവിധാനം ഏർപ്പെടുത്തി. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു. ഒരുമനെറ്റ് ബില്ലിംഗ് സോഫ്റ്റ്‍വെയർ ഉപയോഗിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷൻ, വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാനും മറ്റുമുള്ള സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) സോഫ്റ്റ്‍വെയർ സംവിധാനം എന്നിവ മെച്ചപ്പെട്ട സേവനം വേഗത്തിൽ നൽകുവാൻ സഹായകരമായി. ഉപഭോക്താക്കളുടെ വൈദ്യുതി സംബന്ധമായ പരാതികൾ അറിയിക്കുന്നതിനും, സംശയ നിവാരണത്തിനും അപകടങ്ങളും മറ്റ് അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രത്തിലെ 1912 എന്ന നമ്പർ ടോൾഫ്രീ ആക്കിയത് ഈ കാലത്താണ്. WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം, ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും 9496061061 എന്ന നമ്പരിൽ കാൾസെന്ററിൽ സ്വീകരിച്ചുവരുന്ന പ്രത്യേക സംവിധാനം തുടങ്ങിയവയും കെ.എസ്.ഇ.ബി.-യിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) കേരളത്തിൽ ലഭ്യമായിട്ടുള്ള എല്ലാ ഊർജ്ജ സ്രോതസ്സുകളും (ജലം, സൗരോർജ്ജം, കാറ്റ്, തിരമാല മുതലായവ എല്ലാം) ഉപയോഗപ്പെടുത്തി സംസ്ഥാനത്തിന്റെ ആഭ്യന്തര വൈദ്യുതി ഉത്പാദനശേഷി വർദ്ധിപ്പിക്കാനാണ് കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിട്ടിട്ടുള്ളത്. 2022-ഓടുകൂടി സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗത്തിന്റെ 40% എങ്കിലും പുനരുപയോഗ സ്രോതസ്സുകളിൽ നിന്നും ആകണം എന്നതാണ് കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നത്. 2021 ഓടുകൂടി 1000 മെഗാവാട്ട് സൗരോർജ്ജ സ്രോതസ്സുകളിൽ നിന്ന് കൂട്ടിച്ചേർക്കാനുള്ള പദ്ധതിയാണ് സൗര. ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട്, 200 മെഗാവാട്ട് റിവേഴ്സ് ഇ ബിഡ്ഡിംഗ് മുഖേനയുള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകളും 150 മെഗാവാട്ട് സോളാർ പാർക്കുകളും, 150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകളും എന്നിങ്ങനെയാണ് വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) വനാന്തരങ്ങളിലെ ആദിവാസി മേഖല ഉൾപ്പെടെ എല്ലാ വീടുകളിലും വെളിച്ചമെത്തിച്ച് സമ്പൂർണ്ണ വൈദ്യുതീകരണം 2017 മേയ് 29-ന് സംസ്ഥാനത്ത് നടപ്പിലാക്കി.

## വൈദ്യുതി വാഹനങ്ങൾക്കുള്ള ചാർജ്ജിംഗ് സ്റ്റേഷൻ

213 (544) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് വേണ്ടി വൈദ്യുതി ബോർഡ് സ്വീകരിച്ച നടപടികൾ അറിയിക്കാമോ ;

(ബി) പ്രധാന സ്ഥലങ്ങളിൽ ചാർജിങ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കാമോ ;

(സി) നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ ബസ്സുകൾക്ക് ചാർജ് ചെയ്യുന്ന സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ അറിയിക്കാമോ ;

(ഡി) ദേശീയ പാതകളിലും മറ്റ് പ്രധാന സ്ഥലങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ചാർജിങ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കാമോ ?

### ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ സമീപനരേഖ വൈദ്യുതി ബോർഡ് പുറത്തിറക്കി. സംസ്ഥാനത്തെ മുഴുവൻ

വാഹനങ്ങളും ഇലക്ട്രിക് വാഹനങ്ങളാക്കി മാറ്റുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നതാണ് വൈദ്യുതി ബോർഡ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഇതിന്റെ ഭാഗമായുള്ള സമീപനരേഖയിൽ അടിസ്ഥാന ചാർജ്ജിംഗ് സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായുള്ള പദ്ധതിയെ പൈലറ്റ്, കവറേജ്, സ്കെയിലിംഗ് എന്ന മൂന്ന് ഘടകങ്ങളായി വിഭാവനം ചെയ്തിരിക്കുന്നു. ഇതിൽ പൈലറ്റ് സ്റ്റേജ് ലക്ഷ്യമിടുന്നത് കുറച്ച് പൈലറ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുക വഴി ജനങ്ങളിൽ ഇതുസംബന്ധിച്ച് ബോധവത്ക്കരണം ഉണ്ടാക്കുക എന്നതാണ്. കവറേജ് ഘട്ടംകൊണ്ട് ഉദ്ദേശിക്കുന്നത് ജനങ്ങൾക്കും വാഹനനിർമ്മാതാക്കൾക്കും ആശങ്ക അകറ്റുകയും ആവശ്യമായ സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷൻ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ്. സ്കെയിലിംഗ് ഘട്ടത്തിലൂടെ നിലവിലുള്ള ചാർജ്ജിംഗ് സ്റ്റേഷന്റെ ഉപയോഗം കൂട്ടുകയും കേരളത്തിലുടനീളം കൂടുതൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും കൂടുതൽ ആൾക്കാരിൽ ഇലക്ട്രിക് വാഹനങ്ങളിലേയ്ക്ക് താത്പര്യം ജനിപ്പിക്കുകയും അതുവഴി സ്വയംപര്യാപ്തത കൈവരിക്കുക എന്നതുമാണ്.

കേന്ദ്രസർക്കാരിന്റെ ഊർജ്ജമന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുകവഴി താത്പര്യമുള്ള സ്വകാര്യ വ്യക്തികളെയും സംരംഭകരെയും കമ്പനികളെയും കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ പങ്കാളികളാകാൻ ഈ പദ്ധതിയിലേയ്ക്ക് ക്ഷണിക്കുകയാണ്.

രാജ്യത്ത് അംഗീകരിച്ച ആകർഷകമായ താഴ്ന്ന നിരക്കിലാണ് (യൂണിറ്റിന് 5 രൂപ) ചാർജ്ജിംഗ് സ്റ്റേഷനുകൾക്കായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചു നൽകിയിരിക്കുന്ന വൈദ്യുതി താരിഫ്.

(ബി) കേരളത്തിലെ പ്രധാന പട്ടണങ്ങളിലും പ്രാന്തപ്രദേശങ്ങളിലും അവയെ ബന്ധിപ്പിക്കുന്ന റോഡുകളുടെ ഇരുവശവുമായും ചാർജ്ജിംഗ്/സ്വാപ്പിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ കേരള സർക്കാർ ഉദ്ദേശിക്കുന്നു. പ്രധാന പട്ടണങ്ങളിൽ ആവശ്യത്തിന് ചാർജ്ജിംഗ്/സ്വാപ്പിംഗ് സ്റ്റേഷനുകൾ ആദ്യഘട്ടത്തിൽ സ്ഥാപിക്കാമെന്നും ഇലക്ട്രിക് വാഹനങ്ങളുടെ സ്വീകാര്യത വർദ്ധിക്കുന്നതോടെ ഇത്തരം സ്റ്റേഷനുകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കണമെന്നും ലക്ഷ്യമിട്ടിട്ടുണ്ട്. കെ.എസ്.ഇ.ബി. -യുടെയും സർക്കാരിന്റെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പറ്റിയ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

ദേശീയ പാതകളിൽ ഓരോ 25 കിലോമീറ്ററിലും, നഗരങ്ങളിൽ 5 k.m. X 5 k.m. ഗ്രിഡുകൾ എന്ന കണക്കിലും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഹെവി ഇൻഡസ്ട്രീസ് വകുപ്പിന്റെ (DHI) കീഴിൽ FAME II പദ്ധതിയിൽപ്പെടുത്തി കേരളത്തിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 'വൺ മില്യൻ പ്ലസ് ' ജനസംഖ്യയുള്ള 7 നഗരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-യും അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ നഗരങ്ങളിലായി 131 ചാർജ്ജിംഗ് സ്റ്റേഷനുകൾ തുടങ്ങാനുള്ള അംഗീകാരം ഡി.എച്ച്.ഐ. കെ.എസ്.ഇ.ബി.-ക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി താത്പര്യമുള്ള നിക്ഷേപകരിൽ നിന്നും വൈദ്യുതി ബോർഡ് EoI (താത്പര്യപത്രം) ക്ഷണിച്ചിട്ടുണ്ട്.

കേരള ഗവൺമെന്റിന്റെ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി ഗവൺമെന്റ് സെക്രട്ടേറിയറ്റ് കോമ്പൗണ്ടിൽ ഒരു പൈലറ്റ് ചാർജ്ജിംഗ് സ്റ്റേഷൻ ഇതിനകം സ്ഥാപിച്ചുകഴിഞ്ഞു.

കൂടാതെ തുടക്കമെന്ന നിലയിൽ തിരുവനന്തപുരത്തും മറ്റു ജില്ലകളിലും ആറ് ചാർജ്ജിംഗ് പോയിന്റ് ഉൾപ്പെടുന്ന 32 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് 8.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ കെ.എസ്.ഇ.ബി.എൽ. ആരംഭിച്ചു കഴിഞ്ഞു.

ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന് അനിവാര്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനെർട്ടും EESL -ഉം ചേർന്ന് പദ്ധതികൾ രൂപീകരിച്ചുവരുന്നു. ആദ്യഘട്ടമെന്ന നിലയിൽ എല്ലാ ജില്ലകളിലെയും ഡി.റ്റി.പി.സി.-യുടെ കീഴിലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാപഠനം തുടങ്ങിക്കഴിഞ്ഞു. നിലവിൽ 14 ജില്ലകളിലായി 115 ടൂറിസ്റ്റ് കേന്ദ്രങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ കൊച്ചി-കോവളം ഗ്രീൻ കോറിഡോർ ആക്കുന്നതിന്റെ ഭാഗമായി ദേശീയപാതയിലുള്ള കെ.റ്റി.ഡി.സി.-യുടെ കീഴിലുള്ള 9 കേന്ദ്രങ്ങളിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാപഠനം നടത്തിക്കഴിഞ്ഞു.

(സി) ശബരിമലയുടെ പാരിസ്ഥിതിക സന്തുലനം നിലനിർത്തുക എന്ന ലക്ഷ്യം മുൻനിർത്തി അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിലേയ്ക്കായി ഇലക്ട്രിക് ബസുകൾ ഏർപ്പെടുത്തുവാൻ കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിരുന്നു.

അതിലേയ്ക്കായി നിലയ്ക്കൽ ബേസ് ക്യാമ്പിൽ ചാർജ്ജിംഗ് സ്റ്റേഷനുവേണ്ട കണക്ഷൻ നൽകുവാൻ വേണ്ട നടപടി കെ.എസ്.ഇ.ബി. സ്വീകരിക്കുകയുണ്ടായി. ദ്രുതഗതിയിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ച് മണ്ഡലമകരവിളക്കുകാലത്തിനു മുൻപു തന്നെ പ്രസ്തുത ചാർജ്ജിംഗ് സ്റ്റേഷന് കണക്ഷൻ നൽകുവാൻ സാധിച്ചു.

(ഡി) ദേശീയ പാതകളിലും മറ്റു പ്രധാന സ്ഥലങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് ബോർഡ് നടപടി സ്വീകരിച്ചുവരുന്നു.

## വൈദ്യുതി വകുപ്പ് നെടുമങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

214 (545) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി വകുപ്പ് നെടുമങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുകയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി വകുപ്പിൽ പ്രസരണ മേഖലയിൽ നെടുമങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കാൻ പോകുന്നതുമായ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. ആര്യനാട് 33 കെ.വി. സബ്സ്റ്റേഷൻ 12-4-2018-ൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആര്യനാട് സബ്സ്റ്റേഷൻ നിർമ്മാണത്തിനു വേണ്ടി 841 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിരുന്നത്.
2. നിലവിലുള്ള 66 കെ.വി. പാലോട് സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തുന്നതിനുള്ള പ്രവൃത്തിക്ക് വേണ്ടിയുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 110 കെ.വി. ആയി ഉയർത്തുന്നതിനുള്ള പ്രവൃത്തിക്ക് ആവശ്യമായ തുക ഡി.പി.ആർ. പ്രകാരം 1683 ലക്ഷം രൂപയാണ്.

വിതരണ മേഖലയിൽ നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി, ഐ.പി.ഡി.എസ്. (IPDS) പദ്ധതി, ഡി.ഡി.യു.ജി.ജെ. വൈ. (DDUGJY) പദ്ധതി, കെ.ഡി.എസ്. (KDS) പദ്ധതി, ദ്യുതി 2021

പദ്ധതികൾ കൂടാതെ ബോർഡിന്റെ തനത് ഫണ്ടുപയോഗിച്ചുള്ള വാർഷിക പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കായി നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ 136.864 ലക്ഷം രൂപ അനുവദിക്കുകയും, 1397 അപേക്ഷകർക്ക് വൈദ്യുതി കണക്ഷനുകൾ നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.പി.ഡി.എസ്. (IPDS), ഡി.ഡി.യു.ജി.ജെ. വൈ. (DDUGJY) ക്കുപുറമേ സാധാരണ വികസന പദ്ധതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ തുടങ്ങിയവ ഉൾപ്പെടെ ഉപയോഗിച്ച് 36.086 കി.മീ. ഹൈടെൻഷൻ ലൈൻ വലിക്കുകയും, 41.29 കി.മീ. ലോ ടെൻഷൻ ലൈൻ വലിക്കുകയും 10 പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, 9 വിതരണ ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും ചെയ്തു. ഐ.പി.ഡി.എസ്. (IPDS) പദ്ധതിക്കു 1225.156 ലക്ഷം രൂപയും, ഡി.ഡി.യു.ജി.ജെ.വൈ. (DDUGJY) പദ്ധതിക്കു 85.986 ലക്ഷം രൂപയും അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.

കെ.ഡി.എസ്. (KDS) പദ്ധതിക്കായി അനുവദിച്ച 53.931 ലക്ഷം രൂപ ഉപയോഗിച്ച് 112.96 കി.മീ. സ്ട്രീറ്റ് ലൈൻ വലിക്കുകയും 7.985 കി.മീ. ലോ ടെൻഷൻ സിംഗിൾ ഫേസ് ലൈൻ വലിക്കുകയും പ്രവൃത്തികളെല്ലാംതന്നെ പൂർത്തീകരിക്കുകയും ചെയ്തു.

സാമ്പത്തിക വാർഷിക പദ്ധതിക്കായി അനുവദിച്ച 450.824 ലക്ഷം രൂപ ഉപയോഗിച്ച് 19.28 കി.മീ. ഹൈടെൻഷൻ ലൈൻ വലിക്കുകയും, 30.86 കി.മീ. ലോ ടെൻഷൻ ലൈൻ വലിക്കുകയും, 4 പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, 13 കി.മീ. ലൈൻ കോൺവെർഷൻ നടത്തുകയും പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

2018-2022 കാലയളവിൽ വിതരണ ശൃഖല മെച്ചപ്പെടുത്തുന്നതിനുള്ള ദ്യുതി 2021 പദ്ധതിയിൽ നെടുമങ്ങാട് മണ്ഡലത്തിൽ 2966 ലക്ഷം രൂപയുടെ പ്രവൃത്തികൾ ആവിഷ്കരിക്കുകയും, 240.82 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഇതുവരെ പൂർത്തികരിക്കുകയും ചെയ്തു. ബാക്കിയുള്ളവ 2022 -ഓടുകൂടി പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ നെടുമങ്ങാട് 110 കെ.വി. സബ്സ്റ്റേഷന്റെ മുകളിൽ 15 കിലോവാട്ട് പീക്ക് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയം 10,27,350 രൂപ ചെലവഴിച്ച് സ്ഥാപിച്ചിട്ടുണ്ട്.

## ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ

215 (546) ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന റോഡുകളിൽ ഇലക്ട്രിക് വാഹനങ്ങൾക്കുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് വകുപ്പ് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചതും സ്വീകരിച്ചുവരുന്നതുമായ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ബി) വർഷങ്ങൾക്കുള്ളിൽ ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുമെന്നുകണ്ട് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ എണ്ണം കൂട്ടിക്കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇപ്രകാരം ചാർജ്ജ് ചെയ്യുന്നതിന് വാഹന ഉടമകളിൽ നിന്ന് ഈടാക്കുന്ന തുക നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ പ്രധാന പട്ടണങ്ങളിലും പ്രാന്തപ്രദേശങ്ങളിലും അവയെ ബന്ധിപ്പിക്കുന്ന റോഡുകളുടെ ഇരുവശവുമായും ചാർജ്ജിംഗ്/സ്വാപ്പിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ കേരള സർക്കാർ ഉദ്ദേശിക്കുന്നു. പ്രധാന പട്ടണങ്ങളിൽ ആവശ്യത്തിന് ചാർജ്ജിംഗ്/സ്വാപ്പിംഗ് സ്റ്റേഷനുകൾ ആദ്യഘട്ടത്തിൽ സ്ഥാപിക്കാമെന്നും ഇലക്ട്രിക് വാഹനങ്ങളുടെ സ്വീകാര്യത വർദ്ധിക്കുന്നതോടെ ഇത്തരം സ്റ്റേഷനുകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കണമെന്നും ലക്ഷ്യമിട്ടിട്ടുണ്ട്. കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെയും സർക്കാരിന്റെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പറ്റിയ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കേരളത്തിലെ ആദ്യ ചാർജ്ജിംഗ് സ്റ്റേഷന് തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിനുള്ളിൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന് അനിവാര്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനെർട്ടും EESL ഉം ചേർന്ന് പദ്ധതികൾ രൂപീകരിച്ചുവരുന്നു. ആദ്യഘട്ടമെന്ന നിലയിൽ എല്ലാ ജില്ലകളിലെയും DTPC യുടെ കീഴിലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനം തുടങ്ങിക്കഴിഞ്ഞു. നിലവിൽ 14 ജില്ലകളിലായി 115 ടൂറിസ്റ്റ് കേന്ദ്രങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ കൊച്ചി-കോവളം ഗ്രീൻ കോറിഡോർ

ആക്കുന്നതിന്റെ ഭാഗമായി ദേശീയപാതയിൽ കെ.റ്റി.ഡി.സി.-യുടെ കീഴിലുള്ള 9 കേന്ദ്രങ്ങളിൽ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തിക്കഴിഞ്ഞു.

(ബി) ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ കേരളത്തിൽ എല്ലായിടത്തും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഹെവി ഇൻഡസ്ട്രീസ് വകുപ്പിന്റെ (DHI) കീഴിൽ FAME II പദ്ധതിയിൽപ്പെടുത്തി കേരളത്തിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 'വൺ മില്യൻ പ്ലസ് ' ജനസംഖ്യയുള്ള 7 നഗരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ.എസ് .ഇ.ബിയും അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 4 നഗരങ്ങളിലായി 131 ചാർജ്ജിംഗ് സ്റ്റേഷനുകൾ തുടങ്ങാനുള്ള അംഗീകാരം ഡി.എച്ച്.ഐ. നൽകിയിട്ടുണ്ട്.

കേരളത്തിലെ നഗരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള താല്പര്യപത്രം വിളിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി.യുടെ അധീനതയിലുള്ള കേരളത്തിലെ 6 കോർപ്പറേഷൻ പരിധിയിലുള്ള സ്ഥലങ്ങളിൽ ഡി.സി. ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. കേരള ഗവൺമെന്റിന്റെ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി ഗവൺമെന്റ് സെക്രട്ടേറിയറ്റ് കോമ്പൗണ്ടിൽ ഒരു പൈലറ്റ് ചാർജ്ജിംഗ് സ്റ്റേഷൻ ഇതിനകം സ്ഥാപിച്ചുകഴിഞ്ഞു.

കൂടാതെ തുടക്കം എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിൽ ആറ് ചാർജ്ജിംഗ് പോയിന്റ് ഉൾപ്പെടുന്ന 32 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് 8.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ നടപടിക്രമങ്ങൾ കെ.എസ്.ഇ.ബി.എൽ. ആരംഭിച്ചു കഴിഞ്ഞു.

ഇതിപുറമേ ദേശീയ പാതകളിൽ ഓരോ 25 കിലോമീറ്ററിലും, നഗരങ്ങളിൽ 5 k.m. X 5 k.m. ഗ്രിഡുകൾ എന്ന കണക്കിലും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) തുക നിശ്ചയിച്ചിട്ടില്ല.

**ഊർജ്ജ കേരള മിഷൻ**

216 (547) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ കേരള മിഷന്റെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ബി) ഊർജ്ജ കേരള മിഷന്റെ വിവിധ പദ്ധതികളും ഉദ്ദേശ്യങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഊർജ്ജ കേരള മിഷന്റെ ഭാവിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സുപ്രധാന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) 2021- ഓടുകൂടി കേരളത്തിലെ വൈദ്യുത വിതരണരംഗം ലോകോത്തര നിലവാരത്തിൽ എത്തിക്കുക എന്ന ലക്ഷ്യവുമായി ദ്യുതി 2021, കേരളത്തിലേയ്ക്കുള്ള വൈദ്യുതി ഇറക്കുമതിശേഷി വർദ്ധിപ്പിക്കുകയും കേരളത്തിനുള്ളിൽ ഉത്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായ എത്തിക്കാനാകുംവിധം പ്രസരണ ശൃഖല ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായി ട്രാൻസ്ഗ്രിഡ് 2.0, 2021 – ഓടുകൂടി കേരളത്തിന്റെ ഗ്രിഡിൽ 1000 MW സൗരോർജ്ജം കൂട്ടിച്ചേർക്കുവാനായി സൗര, ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം കുറച്ചുകൊണ്ടുവരുന്നതിനോടൊപ്പം ഊർജ്ജക്ഷമത കൂടിയ എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിച്ച് കേരളത്തിലെ ഫിലമെന്റ് ബൾബുകൾ നിഷ്കാസനം ചെയ്യുന്നത് വിഭാവനം ചെയ്യുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതി, കേരളത്തിൽ വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നത് മുന്നിൽക്കണ്ട് ഇ-സേഫ് പദ്ധതി എന്നിങ്ങനെ അഞ്ച് ഫ്ലാഗ്ഷിപ്പ് പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരള മിഷൻ എന്ന ഒരു മഹത്തായ പദ്ധതി സർക്കാർ സമാരംഭിച്ചിട്ടുണ്ട്.

ദ്യുതി 2021

പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പാക്കുന്നതിനോടൊപ്പം ഗുണനിലവാരമുള്ള വൈദ്യുതി, ഇടതടവില്ലാതെ എല്ലാവർക്കും ലഭ്യമാക്കുക, വൈദ്യുതി സേവനം നൽകുന്നതിലുള്ള നഗര - ഗ്രാമ വിവേചനം ഒഴിവാക്കുക, വൈദ്യുതി വിതരണത്തിലെ സാങ്കേതിക - വാണിജ്യ നഷ്ടങ്ങൾ പരമാവധി കുറയ്ക്കുക, ഏറ്റവും മെച്ചപ്പെട്ട സുരക്ഷ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുക, പുനരുപയോഗ വൈദ്യുതി ശൃംഖലയുമായി സുഗമമായി ബന്ധിപ്പിക്കുക എന്നിവയാണ്.

2021-ഓടുകൂടി ആഗോളനിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായവ വൈദ്യുതി ഉപഭോക്താക്കൾക്ക്

ലഭ്യമാക്കുന്നതിനായി വിതരണമേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണശൃഖലയുടെ ജി.ഐ.എസ്. അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണമേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. " ദ്യുതി 2021" പദ്ധതിയിൽ വിതരണമേഖലയിൽ 4036.30 കോടി രൂപയുടെ പ്രവൃത്തികളാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) മുഖേന വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2018-19 കാലയളവിൽ താഴപ്പറയുന്ന പ്രവൃത്തികൾ ഉൾപ്പെടെ ആകെ 131.71 കോടി രൂപയുടെ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

1. 255 k.m. ഹൈടെൻഷൻ (HT) ഓവർഹെഡ് ലൈൻ നിർമ്മിക്കുന്ന വർക്കുകൾ.
2. 13.3 k.m. ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (എബിസി) ഓവർഹെഡ് ലൈൻ വർക്കുകൾ.
3. 28.15 k.m. അണ്ടർ ഗ്രൗണ്ട് HT ലൈൻ കേബിൾ വർക്കുകൾ
4. 724 പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ
5. 481 k.m. ലൈൻ കൺവേർഷൻ വർക്കുകൾ.
6. 2390 k.m. HT/LT ലൈൻ റീകണ്ടക്ടറിംങ് വർക്കുകൾ.
7. 106 k.m. ലോ ടെൻഷൻ ലൈൻ നിർമ്മിക്കുന്ന വർക്കുകൾ.
8. HT ഓവർഹെഡ് ലൈനിലെ തകരാർ എളുപ്പം കണ്ടെത്തി പരിഹരിക്കുന്നതിനായുള്ള കമ്മ്യൂണിക്കേഷൻ ഫോൾട്ട് പാസ് ഡിറ്റക്ടർ (CFPD) സ്ഥാപിക്കുന്ന വർക്കുകൾ.

2019-2020 കാലയളവിൽ 1.94 കോടി രൂപയുടെ വർക്കുകളും പൂർത്തീകരിച്ചിട്ടുണ്ട്. 2018-2019 കാലയളവിലെ 238.08 കോടി രൂപയുടെ വർക്കുകളും 2019-20 കാലയളവിലെ 11.39 കോടി രൂപയുടെ വർക്കുകളും പുരോഗമിച്ചുവരുന്നു.

<u>ട്രാൻസ്ഗ്രിഡ്</u>

കാലപ്പഴക്കം ചെന്ന പ്രസരണ ലൈനുകളുടെ നവീകരണത്തിനും സംസ്ഥാനത്തിനകത്ത് ഉത്പാദിപ്പിക്കുന്ന വൈദ്യുതി സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലെത്തിക്കുന്നതിനും പുറമേനിന്നും വൈദ്യുതി ഇറക്കുമതി ചെയ്യുന്നതിനുള്ള ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുകയും KIIFB യുടെയും PSDF ന്റെയും സാമ്പത്തിക സഹായത്തോടുകൂടിയാണ് ട്രാൻസ്ഗ്രിഡ് 2.0 നടപ്പിലാക്കി വരുന്നത്. KIIFB 5200 കോടി രൂപയുടെ സഹായം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അതോടൊപ്പം PSDF -ൽ നിന്നും ഏകദേശം 400 കോടി രൂപയുടെ ഗ്രാന്റ് ലഭ്യമായിട്ടുണ്ട്.

ലൈൻ പാക്കേജിൽ ഒന്നാം ഘട്ടമായി 348 കോടി രൂപയുടെ ലൈൻ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ 1368 കോടി രൂപയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. സബ്സ്റ്റേഷൻ പാക്കേജിൽ ഒന്നാം ഘട്ടമായി 11 കോടി രൂപയുടെ പുതിയ സബ്സ്റ്റേഷൻ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 839 കോടി രൂപയുടെ പ്രവൃത്തികൾ വേഗത്തിൽ പുരോഗമിക്കുന്നു.

ഇതിൽ മഞ്ചേരി, ചാലക്കുടി, കോതമംഗലം, ചിത്തിരപുരം എന്നീ പുതിയ 220 കെ.വി. സബ്സ്റ്റേഷനുകളുടെയും കുന്ദമംഗലം, ആലുവ, കലൂർ, എന്നീ പുതിയ GIS സബ്സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവൃത്തികൾ 2020-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കോട്ടയം 400 കെ.വി. GIS സബ്സ്റ്റേഷന്റെ ടെണ്ടർ നടപടികളും സ്ഥലം ഏറ്റെടുക്കൽ നടപടികളും പൂർത്തികരിച്ചു വരുന്നു. തലശ്ശേരി, കുന്നംകുളം, വിഴിഞ്ഞം, ഏറ്റുമാനൂർ എന്നീ പുതിയ 220 കെ.വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണ പ്രവൃത്തികൾക്കുള്ള വർക്ക് ഓർഡർ നൽകി കഴിഞ്ഞു.

രണ്ടാംഘട്ട പ്രവൃത്തികളിൽ, ലൈൻ പാക്കേജിൽ 264 കോടി രൂപയുടെ പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ പ്രസിദ്ധീകരിച്ചു. തുടർനടപടികൾ പുരോഗമിച്ചു വരുന്നു.

രണ്ടംഘട്ട പ്രവൃത്തികളിൽ, സബ്സ്റ്റേഷൻ പാക്കേജിൽ, 183 കോടി രൂപയുടെ പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ പുരോഗമിച്ചു വരുന്നു.

<u>സൗര</u>

കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ 1000 മെഗാവാട്ട് വൈദ്യുതി സൗര പദ്ധതികളിൽ നിന്നും ഉത്പാദിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട്, 200 മെഗാവാട്ട് റിവേഴ്സ് ഇ-ബിഡ്ഡിംഗ് മുഖേന ഉള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകളും 150 മെഗാവാട്ട് സോളാർ പാർക്കുകളും, 150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകളും എന്നിങ്ങനെയാണ് വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികളിലൂടെ ലക്ഷ്യമിട്ട് താത്പര്യമുള്ള ഉപഭോക്താക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം 2.78 ലക്ഷം ഉപഭോക്താക്കൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു. ഫീൽഡ് സർവ്വേ പൂർത്തീകരിച്ചു. ഏറ്റവും അനുയോജ്യമായ 42489 പുരപ്പുറങ്ങൾ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. സ്വകാര്യ സംരംഭകരിൽ നിന്നും റിവേഴ്സ് ഇ ബിഡ്ഡിംഗ് മുഖേന 200 മെഗാവാട്ട് ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചിരുന്നു. ഒരു ടെണ്ടർ മാത്രം ലഭിച്ചതു കാരണം ടെണ്ടർ ക്യാൻസൽ ചെയ്യേണ്ടി വന്നു. കേരളത്തിന് പുറത്ത് സ്ഥാപിക്കുന്ന പദ്ധതികളെക്കൂടി ഉൾപ്പെടുത്തി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടെ പുതിയ ടെണ്ടർ ക്ഷണിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഫിലമെന്റ് രഹിത കേരളം

ഗാർഹിക, തെരുവുവിളക്ക് മേഖലകളിൽ നിലവിലുള്ള ഫിലമെന്റ് ബൾബുകളും CFL-കളും, ഊർജ്ജക്ഷമത ഏറിയതും ദീർഘകാലം നില നിൽക്കുന്നതുമായ LED ബൾബുകൾ ഉപയോഗിച്ച് മാറ്റുന്നത് ലക്ഷ്യമിട്ട ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി പ്രതിദിനം 2.5 ദശലക്ഷം ടൺ $CO_2$ വാതകവും 600 കിലോഗ്രാം മെർക്കുറിയും അന്തരീക്ഷത്തിലേയ്ക്ക് പുറംതള്ളുന്നത് ഒഴിവാക്കാനാകും. കൂടാതെ, പീക്ക് ലോഡ് കുറയ്ക്കുന്നതിനും ഈ പദ്ധതി സഹായകരമാകും. മാറ്റി നൽകുന്ന LED ബൾബിന്റെ വില വൈദ്യുതി ബിൽ തുകയോടൊപ്പം തവണകളായി അടയ്ക്കാം എന്നതിനാൽ പദ്ധതിക്ക് സ്വീകാര്യത കൂടുതലാകുമെന്ന് കരുതുന്നു. ഈ പദ്ധതിയിൽ ഇതുവരെ 13,21,683 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ എൽ.ഇ.ഡി. ബൾബുകൾ വാങ്ങുന്നതിനായി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ മാറ്റപ്പെടുന്ന ഫിലമെന്റ് ബൾബുകൾ ഉപഭോക്താക്കളിൽ നിന്നും തിരികെ സ്വീകരിച്ച് യഥാവിധി നശിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഇ-സേഫ്

കേരളം ഒരു വൈദ്യുതി അപകട രഹിത സംസ്ഥാനമാക്കി മാറ്റുവാൻ കെ.എസ്.ഇ.ബി. ലിമിറ്റഡും, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ചേർന്ന് സംയുക്തമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് "ഇ- സേഫ്". 'വൈദ്യുതി അപകട

രഹിത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതി നടപ്പിലാക്കുന്നത്. ദ്യുതി 2021 യുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നാണ് സുരക്ഷ എങ്കിലും പൊതുജന സുരക്ഷ ഉറപ്പാക്കാൻ ഇത് അപര്യാപ്തമാണ്. ഉപഭോക്തൃ പ്രതിഷ്ഠാപനങ്ങളിൽ ELCB സ്ഥാപിക്കുക വഴി അപകടം ഒരു പരിധിവരെ ഒഴിവാക്കാൻ സാധിക്കും. എന്നാൽ കേടായ വയറിംഗ് ഉള്ള വീടുകളിൽ ELCB സ്ഥാപിക്കാൻ സാധിക്കുകയില്ല എന്നതിനാൽ പുനർ വയറിംഗ് ആവശ്യമാണ്. ഏകദേശം 7 ലക്ഷം ബി.പി.എൽ. ഉപഭോക്താക്കളുടെ വീടുകൾ ഘട്ടം ഘട്ടമായി പുനർ വയറിംഗ് ചെയ്ത് ELCB ഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടമായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നത് ഒഴിവാക്കി നൽകിയിട്ടുള്ള കുടുംബങ്ങളിൽ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കായുള്ള ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

## ദ്യുതി 2021

217 (548) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും ആധുനീകരിക്കുന്നതിനും വൈദ്യുതി വിതരണത്തിലെ കൃത്യതയും വിശ്വാസ്യതയും ലോക നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും ദ്യുതി 2021 എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) നഗര-ഗ്രാമ വ്യത്യാസമില്ലാതെ എല്ലായിടത്തും തടസ്സരഹിതമായ വൈദ്യുതിയാണ്, ഇതിന് ലഭ്യത ഉറപ്പാക്കാൻ പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദ്യുതി 2021 പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് ഗുണനിലവാരമുള്ള വൈദ്യുതി, ഇടതടവില്ലാതെ, നഗര- ഗ്രാമ വിവേചനം ഒഴിവാക്കി എല്ലാവർക്കും ലഭ്യമാക്കുക എന്നതാണ്. ഇതിനായി സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച്

പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണമേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. " ദ്യുതി 2021" പദ്ധതിയിൽ വിതരണ ശൃംഖലയുടെ നവീകരണം മുന്നിൽക്കണ്ട് 4036 കോടി രൂപ ചെലവിൽ നടപ്പാക്കപ്പെടുന്ന മദ്ധ്യകാല പദ്ധതിയിൽ താഴെപറയുന്ന പ്രവൃത്തികൾക്ക് പ്രാമുഖ്യം നൽകിയിട്ടുണ്ട്.

1. എച്ച്.ടി. ശൃംഖലയുടെ എല്ലാ ഭാഗത്തും കുറഞ്ഞത് രണ്ട് സ്രോതസ്സിൽ (സാദ്ധ്യമാകുമെങ്കിൽ രണ്ട് സബ്സ്റ്റേഷനിൽ നിന്ന്) നിന്നുള്ള വൈദ്യുതി എത്തിക്കാൻ ശ്രമിക്കും. ഒരു സ്രോതസ്സിൽ നിന്നുള്ള വൈദ്യുതി തടസ്സപ്പെട്ടാൽ പൂർണ്ണമായ ബാക്ക് ഫീഡിംഗ് വഴി മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉറപ്പാക്കും.

2. എ.ബി.സി., ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ, ആർ.എം.യു. തുടങ്ങിയവ ആവശ്യമായ സ്ഥലങ്ങളിൽ ഉപയോഗിച്ച് വൈദ്യുതി തടസ്സം കുറയ്ക്കുക.

3. നിലവിലുള്ള ലൈനുകളുടെ പുനഃക്രമീകരണം (ആവശ്യമില്ലാത്ത ലൈനുകൾ അഴിച്ചുമാറ്റുന്നതുൾപ്പെടെ) ഏറ്റെടുക്കുക.

4. പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി തടസ്സത്തിനോ അപകടങ്ങൾക്കോ കാരണമാകുന്നുവെങ്കിൽ ആയവ മാറ്റി സ്ഥാപിക്കുക.

5. ഫാൾട്ട്പാസ് ഇൻഡിക്കേറ്ററുകൾ, സെക്ഷനൈസറുകൾ തുടങ്ങിയ സാങ്കേതിക വിദ്യകളുടെ ഉപയോഗം ഉറപ്പുവരുത്തി വൈദ്യുതി പുനഃസ്ഥാപനം ത്വരിതമാക്കുക.

6. വൈദ്യുതി പുനഃസ്ഥാപനം വേഗത്തിലാക്കാൻ നിലവിലുള്ള സ്വിച്ചിങ്ങ് സ്ഥാനങ്ങൾ മാറ്റി സ്ഥാപിക്കേണ്ടതായിക്കണ്ടാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുക.

7. ട്രാൻസ്ഫോർമർ സ്റ്റേഷനുകളുടെയും ലൈനുകളുടെയും സ്ട്രക്ചറുകളുടെയും നവീകരണം ഉറപ്പാക്കുക.

(സി) 2022 -ഓടുകൂടി ദ്യുതി 2021 പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

**പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ**

218 (549) ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുടെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ഇ.ബി. എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതുവഴി എത്രത്തോളം പ്രസരണ നഷ്ടം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) വൈദ്യുതി ലൈനുകൾ അണ്ടർഗ്രൗണ്ട് കേബിളുകളാക്കുന്നതിന് കെ.എസ്.ഇ.ബി.യ്ക്ക് പദ്ധതിയുണ്ടോ;

(സി) ഉണ്ടെങ്കിൽ, ഈ പ്രവർത്തനം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) റിന്യൂവബിൾ ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് സംസ്ഥാനത്ത് നിലവിൽ എത്ര അളവിൽ ഊർജ്ജം ഉല്പാദിപ്പിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) പുരപ്പുറ വൈദ്യുതി നിലയങ്ങളിലൂടെ ഈ സർക്കാരിന്റെ കാലത്ത് അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞ വൈദ്യുതിയുടെ അളവ് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസരണ നഷ്ടം കുറച്ച് പ്രസരണ മേഖലയുടെ വികസനത്തിന് ശക്തമായ നടപടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ചിട്ടുള്ളത്. ഗുണമേന്മയുള്ള വൈദ്യുതി തടസ്സരഹിതമായി ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പ്രസരണ മേഖലയിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുക, നിലവിലുള്ളവയുടെ ശേഷി വർദ്ധിപ്പിക്കുക, വോൾട്ടേജ് നിലവാരം ഉയർത്തുക എന്നീ പ്രവൃത്തികളാണ് നടപ്പാക്കി വരുന്നത്. ഈ നടപടികളുടെ ഭാഗമായി ഈ കാലയളവിൽ 45 പ്രസരണ സബ്സ്റ്റേഷനുകൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. ഇതിൽ രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളും (കാട്ടാക്കട, അമ്പലത്തറ), പതിനാറ് 110 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. നിർമ്മാണം പൂർത്തീകരിച്ച 45 സബ്സ്റ്റേഷനുകളിൽ 36 എണ്ണം പുതിയതായി നിർമ്മിച്ചതും ശേഷിക്കുന്ന 9 എണ്ണം വോൾട്ടേജ് നിലവാരം ഉയർത്തിയവയുമാണ്. കൂടാതെ 895 കി.മീ. പ്രസരണ ലൈനുകളുടെ നിർമ്മാണവും പൂർത്തിയാക്കി. ഇതിനുപുറമേ വിവിധ സബ്സ്റ്റേഷനുകളിലായി 1314 MVA ശേഷിയുള്ള പുതിയ ട്രാൻസ്ഫോർമറുകളും

സ്ഥാപിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള 20 സബ്സ്റ്റേഷനുകൾ ഉൾപ്പെടെ 2020-21-ഓടുകൂടി 70 സബ്സ്റ്റേഷനുകൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസരണ മേഖലയിൽ 1841.27 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇത് സർവ്വകാല റെക്കോർഡാണ്. ഇതിനുപുറമെ കേരളത്തിലേയ്ക്കുള്ള വൈദ്യുത ഇറക്കുമതിശേഷി വർദ്ധിപ്പിക്കുകയും കേരളത്തിനുള്ളിൽ ഉല്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായി വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായി എത്തിക്കാനാകുംവിധം പ്രസരണശൃംഖല ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായി 10,000 കോടി രൂപ മുതൽമുടക്കിൽ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി പുരോഗമിച്ചുവരുന്നു. KSEB-യുടെ ആകെ പ്രസരണ-വിതരണ നഷ്ടവും എക്കാലത്തിലെയും കുറവായ 12.47 ശതമാനത്തിൽ എത്തിക്കാൻ സാധിച്ചു.

(ബി & സി) ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 2022-ഓടുകൂടി 2533 KM എച്ച്.റ്റി. ലൈനും 2380 KM എൽ.റ്റി. ലൈനും ഭൂഗർഭ കേബിൾ/ഏരിയൽ ബഞ്ചഡ് കേബിൾ/കവചിത കേബിൾ എന്നിവ ഉപയോഗിച്ച് പുതുതായി നിർമ്മിക്കാനും നിലവിലുള്ള 1992 കി.മീ. എച്ച്.റ്റി. ലൈൻ ഏരിയൽ ബഞ്ചഡ് കേബിൾ ഉപയോഗിച്ച് മാറ്റുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സംസ്ഥാനത്തിലെ പ്രമുഖ നഗരങ്ങളിലെ കാതലായ പ്രദേശങ്ങളിൽ അടുത്ത പത്ത് വർഷത്തിനുള്ളിൽ ഉപരിതല വിതരണ ശൃംഖല പൂർണ്ണമായും ഒഴിവാക്കി ഭൂഗർഭ കേബിൾ സ്ഥാപിക്കാനാണ് കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നത്.

(ഡി) 2019 ഡിസംബറിലെ കണക്കനുസരിച്ച് കെ.എസ്.ഇ.ബി. വഴിയുള്ള പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ ആകെ സ്ഥാപിത ശേഷി 448 മെഗാവാട്ടും 2018-19-ലെ ഉല്പാദനം 899.47 ദശലക്ഷം യൂണിറ്റും, 2019-20 സാമ്പത്തിക വർഷം ഡിസംബർ വരെയുള്ള ഉല്പാദനം 725.24 ദശലക്ഷം യൂണിറ്റുമാകുന്നു.

അനെർട്ട് മുഖേന 38 മെഗാവാട്ട് സൗര നിലയം സ്ഥാപിച്ചിട്ടുണ്ട്. അനെർട്ടിന്റെ സാങ്കേതികാനുമതിയോടെ 70 മെഗാവാട്ട് കാറ്റാടി നിലയവും സ്ഥാപിച്ചിട്ടുണ്ട്.

ഇ.എം.സി. വഴി സ്വകാര്യ സംരംഭകരുടെ സഹകരണത്തോടെ 34.5 MW-ന്റെ പദ്ധതികൾ ബൂട്ട് അടിസ്ഥാനത്തിൽ നടപ്പാക്കി കഴിഞ്ഞു.

കൂടാതെ പാലക്കാട് ജില്ലാ പഞ്ചായത്ത് വഴി 3 MW-ന്റെ മീൻവല്ലം പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്ര അക്ഷയ ഊർജ്ജമന്ത്രാലയത്തിന്റെ

(MNRE) സബ്സിഡിയോടുകൂടി ഒരു കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിവരുന്ന 134 KW-ന്റെ പീക്കോ ജലവൈദ്യുത പദ്ധതികൾ വിവിധ ഗുണഭോക്താക്കൾ മുഖാന്തരം സംസ്ഥാനത്ത് നിർമ്മിച്ച് ഉപയോഗിച്ചു കൊണ്ടിരിക്കുന്നു.

(ഇ) കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള കെട്ടിടങ്ങളിൽ ആകെ 6.57 മെഗാവാട്ടിന്റെ പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ നിന്നും 15.17 മില്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്. കൂടാതെ കൺസ്യൂമേഴ്സിന്റെ പുരപ്പുറ സൗരോർജ്ജ പദ്ധതി വഴി 61.69 മെഗാവാട്ട് വൈദ്യുതി കെ.എസ്.ഇ.ബി.-യുടെ ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ട്.

പുരപ്പുറ വൈദ്യുതി നിലയങ്ങളിലൂടെ ഈ സർക്കാരിന്റെ കാലത്ത് 8.5 മെഗാവാട്ട് സൗരവൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ അനെർട്ട് വഴി സാധിച്ചിട്ടുണ്ട്.

## വൈദ്യുതി ഉല്പാദനം

219 (550) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മെഗാവാട്ട് അധിക വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സോളാർ വൈദ്യുതി നിലയങ്ങൾ വഴി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇപ്പോൾ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതെന്നും, ഇതിനു യൂണിറ്റിന് എത്ര രൂപയാണ് ചെലവ് വരുന്നതെന്നും അറിയിക്കാമോ?

### ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം KSEBL 12.6 മെഗാവാട്ട് അധിക ജല വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്. ജലവൈദ്യുത പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

| പദ്ധതിയുടെ പേര് | ഉല്പാദനശേഷി |
|---|---|
| വെള്ളത്തുവൽ | 3.6 മെഗാവാട്ട് |
| പെരുന്തേനരുവി | 6 മെഗാവാട്ട് |
| കക്കയം | 3 മെഗാവാട്ട് |

കൂടാതെ കെ.എസ്.ഇ.ബി.എൽ.-ന്റെ കെട്ടിടങ്ങളുടെ മുകളിലും കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലങ്ങളിലുമായി 26 സൗരോർജ്ജ പദ്ധതികൾ (15.72 മെഗാവാട്ട്) പൂർത്തീകരിച്ചു. ഇതിൽനിന്നും പ്രതിദിനം ആകെ 68105 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്.

ഇതുകൂടാതെ കൺസ്യൂമേഴ്സിന്റെ പുരപ്പുറ സൗരോർജ്ജ പദ്ധതി വഴി 61 മെഗാവാട്ടും സിയാൽ, അനെർട്ട്, IREDA, കെ.എം.ആർ.എൽ. തുടങ്ങിയ സ്ഥാപനങ്ങൾവഴി 83 മെഗാവാട്ടും കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ട്.

27-6-2019-ലെ MNRE bench mark cost പ്രകാരം സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് താഴെപ്പറയുംപ്രകാരമാണ്.

| | |
|---|---|
| 1KW-10KW | 54,000 |
| 10KW-100KW | 48,000 |
| 100KW-നു മുകളിൽ | 45,000 |

ഈ സർക്കാർ അധികാരമേറ്റശേഷം സ്വകാര്യ സംരംഭകർ വഴി 12.5 MW സ്ഥാപിതശേഷി വരുന്ന 2 പദ്ധതികൾ (പാതംകയം 8 MW, കാരിക്കയം രണ്ടാം ഘട്ടം 4.5 MW) കമ്മീഷൻ ചെയ്തിട്ടുണ്ട്.

MNRE-യുടെ സബ്സിഡിയോടുകൂടി ഒരു കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷി വരുന്ന 25 പൈക്കോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കി. ഇതിൽ ഈച്ചാംപെട്ടി ആദിവാസി കോളനിയിലെ മൈക്രോഗ്രിഡ് സംവിധാനം നടപ്പിലാക്കി വൈദ്യുതീകരിച്ച 4 കിലോവാട്ടിന്റെ പദ്ധതിയും ഉൾപ്പെടുന്നു.

**മാങ്കുളം പദ്ധതിക്കായി സ്ഥലം വിട്ട് നൽകിയവരുടെ നഷ്ടപരിഹാരം**

220 (551) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാങ്കുളം പദ്ധതിക്കായി സ്ഥലം വിട്ട് നൽകിയവരുടെ നഷ്ടപരിഹാരം സംബന്ധിച്ച PWR.B1/110/2017 നമ്പർ ഫയലിലെ നടപടിക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) PWR/B1/110/2017 നമ്പർ ഫയൽ അഭിപ്രായത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് അയച്ചിരിക്കുകയാണ്. ഇടുക്കി ജില്ലയിലെ മറ്റ് പദ്ധതികളെ അപേക്ഷിച്ച് മാങ്കുളം ജലവൈദ്യുത പദ്ധതിക്ക് ഇനി കുറച്ച് ഭൂമിയെ ഏറ്റെടുക്കേണ്ടി വരുന്നുള്ളു എന്നതിനാൽ പ്രസ്തുത പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയം 37/B1/2019/PD എന്ന ഫയലിലാണ് പ്രത്യേകം കൈകാര്യം ചെയ്തുവരുന്നത്. പ്രസ്തുത ഫയൽ പുഴപുറമ്പോക്ക് ഉൾപ്പെടെയുള്ള റവന്യൂ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി റവന്യൂ വകുപ്പിന് കൈമാറിയിരിക്കുകയാണ്.

(ബി) പുറമ്പോക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിയമപരമായിട്ടുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയാൽ ഉടൻതന്നെ മാങ്കുളം പദ്ധതിക്കായി സ്ഥലം വിട്ടുനൽകുന്നവർക്ക് നഷ്ടപരിഹാരം നൽകാൻ സർക്കാർ അനുമതി നൽകുന്നതാണ്.

**വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

221 (552) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ;

(ബി) വേനൽ ശക്തമായതോടെ വൈദ്യുതി ഉപഭോഗത്തിനനുസരിച്ചുള്ള ഉല്പാദനത്തിന് ഡാമുകളിൽ വെള്ളം ലഭ്യമല്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ വൈദ്യുതി ഉല്പാദനം കുറഞ്ഞാൽ വൈദ്യുതി ക്ഷാമം പരിഹരിക്കുവാനായി എന്തെല്ലാം മുൻകരുതലുകളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഞ്ച് ഫ്ലാഗ്ഷിപ്പ് പദ്ധതികളടങ്ങുന്ന ഊർജ്ജ കേരള മിഷൻ എന്ന ഒരു മഹത്തായ പദ്ധതി സർക്കാർ സമാരംഭിച്ചിട്ടുണ്ട്. 2021-ഓടുകൂടി കേരളത്തിലെ വൈദ്യുത വിതരണരംഗം ലോകോത്തര നിലവാരത്തിൽ എത്തിക്കുക എന്ന ലക്ഷ്യവുമായി ദ്യുതി 2021,

കേരളത്തിലേയ്ക്കുള്ള വൈദ്യുത ഇറക്കുമതിശേഷി വർദ്ധിപ്പിക്കുകയും കേരളത്തിനുള്ളിൽ ഉല്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായി എത്തിക്കാനാകുംവിധം പ്രസരണശൃംഖല ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായി ട്രാൻസ്ഗ്രിഡ് 2.0, 2021-ഓടുകൂടി കേരളത്തിന്റെ ഗ്രിഡിൽ 1000 MW സൗരോർജ്ജം കൂട്ടിച്ചേർക്കാനായി സൗര, ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം കുറച്ചുകൊണ്ടുവരുന്നതിനോടൊപ്പം ഊർജ്ജക്ഷമത കൂടിയ എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിച്ച് കേരളത്തിലെ ഫിലമെന്റ് ബൾബുകൾ നിഷ്കാസനം ചെയ്യുന്നത് വിഭാവനം ചെയ്യുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതി, കേരളത്തിൽ വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നത് മുന്നിൽകണ്ട് ഇ-സേഫ് പദ്ധതി എന്നിങ്ങനെ ഇവയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

ഇതിനുപുറമെ 2015-മാണ്ടു മുതൽ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടന്നിരുന്ന ആകെ 104 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 3 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. 12.6 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 3 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി. ഈ പദ്ധതികളിൽ നിന്നും പ്രതിവർഷം 48.33 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4 പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു. ആകെ 39.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഈ പദ്ധതികളിൽ നിന്നും 31.45 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും. ഒട്ടാകെ 193.5 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

പ്രസരണ ലൈനുകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെയും അനുബന്ധ പദ്ധതികളുടെയും പൂർത്തീകരണത്തോടെ കേന്ദ്രസ്ഥാപനമായ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ പ്ലാനിംഗ് നിലവാരമനുസരിച്ചുള്ള പ്രസരണ ശൃംഖല സ്ഥാപിക്കാനുള്ള പരിശ്രമങ്ങൾ ഏറെ പുരോഗമിക്കുന്നതാണ്. ഈ പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി പ്രസരണ നഷ്ടത്തിൽ ഏകദേശം 107.8 മെഗാവാട്ട് കുറവുവരുമെന്ന് കണക്കാക്കപ്പെടുന്നു. അതുവഴി പ്രതിവർഷം 522 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ ലാഭമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിലൂടെ വൈദ്യുത ഇടനാഴികളിലെ തിരക്ക് കുറയ്ക്കുന്നതിനോടൊപ്പം, വൈദ്യുത തടസ്സത്തിന്റെ തോത് കുറയുകയും കൂടാതെ പ്രസരണ നഷ്ടം കുറയുകയും ചെയ്യും.

ഈ കാലയളവിൽ 45 പ്രസരണ സബ്സ്റ്റേഷനുകൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചു. ഇതിൽ രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളും പതിനാറ് 110 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു.

പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽ നിന്നും വൈദ്യുത ഉല്പാദനത്തിന് പ്രത്യേക പരിഗണന നൽകി വരുന്നു. സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ആദ്യ ഘട്ടമായി 10 മെഗാവാട്ട് നടപ്പിലാക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.ടി.പി.സി. കായംകുളത്ത് ജലോപരിതലത്തിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിൽ നിന്ന് 92 മെഗാവാട്ട് വൈദ്യുതി വാങ്ങാനും എസ്.ഇ.സി.ഐ.-യുമായി കാറ്റാടി നിലയങ്ങളിൽ നിന്ന് 300 മെഗാവാട്ട് വാങ്ങുന്നതിനും കൂടാതെ ബ്രഹ്മപുരത്ത് 9.76 മെഗാവാട്ട് ശേഷിയുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിനും കെ.എസ്.ഇ.ബി.എൽ. കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. THDCIL വഴി കാസർഗോഡ് സോളാർ പാർക്കിൽ 55-60 മെഗാവാട്ട് ശേഷി കൂട്ടിച്ചേർക്കുന്നു.

ഇപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി മേഖലയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ വഴി വിതരണനഷ്ടം ചരിത്രത്തിൽ ആദ്യമായി പത്ത് ശതമാനത്തിൽ താഴെ (9.07%) കൊണ്ടുവരാൻ സാധിച്ചത് വലിയ നേട്ടമാണ്. വൈദ്യുത വിതരണ കമ്പനികൾ ഊർജ്ജനഷ്ടം ക്രമമായി കുറച്ചുകൊണ്ടുവരുന്നതിനായി കേന്ദ്രസർക്കാർ കൊണ്ടുവന്ന PAT Cycle 2 ഈ കാലയളവിൽ കെ.എസ്.ഇ.ബി.എൽ. വിജയകരമായി പൂർത്തീകരിച്ചു. കെ.എസ്.ഇ.ബി.എൽ.-ന്റെ ആകെ പ്രസരണ-വിതരണ നഷ്ടവും എക്കാലത്തിലെയും കുറവായ 12.47 ശതമാനത്തിൽ എത്തിക്കാൻ സാധിച്ചു. സഞ്ചിത സാങ്കേതിക-വാണിജ്യ നഷ്ടം (അഗ്രിഗേറ്റ് ടെക്നിക്കൽ കൊമേഴ്സ്യൽ ലോസ് - AT&C loss) ഈ കാലയളവിൽ 10.83 ശതമാനമാക്കി കുറയ്ക്കാനായി.

വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി 2012-ലെ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം 2016-17-ൽ 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതി സ്വകാര്യ സംരംഭകർക്ക് നൽകി.

വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് അനെർട്ട് മുഖേന സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

(1) സൗര-ഊർജ്ജ കേരള മിഷൻ:

'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽ നിന്നും ഉല്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ് നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനും കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജ മിഷൻ-സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(2) "ബൈ മൈ സൺ" വെബ് പോർട്ടൽ:

ഗുണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സായ " ബൈ മൈ സൺ" (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

(3) കൺസൽട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ:

സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കൺസൽട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ അനെർട്ട് ചെയ്യുന്നുണ്ട്. ആകെ ഒരു മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് പദ്ധതി അനെർട്ട് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

(4) പൊതു സ്ഥാപനങ്ങളിൽ സൗര നിലയം:

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടറേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള ടെണ്ടർ നടപടികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ. നടത്തിവരുന്നു.

(5) ഗ്രിഡ് കണക്റ്റഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി:

ഗ്രിഡ് ബന്ധിത (ഓൺഗ്രിഡ്) സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുകയും ഉപയോഗശേഷമുള്ള വൈദ്യുതി

കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് പ്രസ്തുത പദ്ധതി.

(6) ഓഫ്ഗ്രിഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി:

സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30 ശതമാനമാണ് സബ്സിഡിയായി നൽകുന്നത്.

(7) Pradhan Mantri Kisan Urja Suraksha evam Utthaan Mahabhiyan (PM-Kusum) പദ്ധതി:

ഈ പദ്ധതി പ്രകാരം നിലവിൽ കർഷകർ ഉപയോഗിക്കുന്ന ഡീസൽ പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്നതിനും കൂടാതെ വൈദ്യുതി ഇല്ലാത്ത സ്ഥലങ്ങളിൽ കർഷകർക്ക് standalone സോളാർ പമ്പുകൾ സ്ഥാപിക്കുന്നതിനും കേന്ദ്ര സർക്കാർ 30% സബ്സിഡി നൽകുന്നു. സംസ്ഥാന സർക്കാരിന്റെ 30% സബ്സിഡിയും കഴിച്ച് ബാക്കി 40% ഗുണഭോക്തൃ വിഹിതം നൽകുന്ന കർഷകർക്ക് ഈ പദ്ധതി പ്രകാരം സോളാർ പമ്പ് സ്ഥാപിക്കാവുന്നതാണ്.

കൂടാതെ നിലവിൽ കെ.എസ്.ഇ.ബി.എൽ. മുഖേനയുള്ള വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന കാർഷിക കണക്ഷനുള്ള പമ്പുകൾ 30% കേന്ദ്ര സർക്കാർ സബ്സിഡിയും 30% സംസ്ഥാന സർക്കാർ സബ്സിഡിയോടുംകൂടി സോളാറിലേയ്ക്ക് മാറ്റി നൽകുന്നതാണ്. 40% ഗുണഭോക്തൃ വിഹിതമാണ്. സോളാറിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് പമ്പ് സെറ്റ് പ്രവർത്തിപ്പിച്ചശേഷം മിച്ചമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുക വഴി കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതാണ്. പ്രസ്തുത പദ്ധതിക്കായി സംസ്ഥാനതലത്തിൽ കർഷകരിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. സമയബന്ധിതമായി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(8) കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി:

സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനാവശ്യമായ

സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ടാണ്. അനെർട്ടിന്റെ സാങ്കേതിക അനുമതിയോടെ പാലക്കാട്ട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട്ട് 10 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലം സ്വന്തമായുള്ള സ്വകാര്യ സംരംഭകർ മുന്നോട്ടുവന്നാൽ കാറ്റാടി നിലയം സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം അനെർട്ട് നൽകുന്നതാണ്.

കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്രസർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട് സോളാർ വിന്റ് പവർ പ്ലാന്റിന്റെ ആദ്യഘട്ടമായ ഒരു മെഗാവാട്ട് സോളാർ പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്.

കേരളത്തിൽ കാറ്റാടിപാടങ്ങൾ സ്ഥാപിക്കുന്നതിനായുള്ള സമഗ്രപഠനം നടത്തുന്നതിനും തുടർന്നുള്ള പ്രവർത്തനങ്ങളുടെ സാങ്കേതിക സേവനത്തിനുമായി കേന്ദ്ര സർക്കാരിന്റെ ഗവേഷണ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിൻഡ് എനർജി (NIWE)യുമായി അനെർട്ട് 2019 ഡിസംബർ 28-ന് ധാരണാപത്രം ഒപ്പിടുകയുണ്ടായി.

(ബി) വേനൽക്കാലത്തെ വർദ്ധിച്ച ഉപഭോഗം നിറവേറ്റാനാവശ്യമായ ജലം കെ.എസ്.ഇ.ബി.-യുടെ അണക്കെട്ടുകളിൽ സംഭരിച്ചിട്ടുണ്ട്.

26-2-2020-ലെ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി. അണക്കെട്ടുകളിൽ ലഭ്യമായ ജലം നിലവിലുള്ള സംഭരണശേഷിയുടെ 60.97 ശതമാനമാണ്. പ്രസ്തുത സംഭരണശേഷി കൊണ്ട് 2524.469 ദശലക്ഷം യൂണിറ്റ് ഉല്പാദിപ്പിക്കാൻ കഴിയും. കഴിഞ്ഞ വർഷം ഇതേ ദിവസത്തെ സംഭരണശേഷി 2364.913 ദശലക്ഷം യൂണിറ്റായിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ ഉപഭോഗത്തിന്റെ വൈദ്യുതി ഏകദേശം 30% മാത്രമേ ആഭ്യന്തര ഉല്പാദനം വഴി നിറവേറ്റാൻ സാധ്യമാകുന്നുള്ളൂ. അവശേഷിക്കുന്ന 70% വൈദ്യുതി സംസ്ഥാനത്തിന് പുറത്തുനിന്നാണ് വാങ്ങുന്നത്. കേരളത്തിലെ ആഭ്യന്തര ഉല്പാദനത്തിന്റെയും നിലവിലുള്ള കരാറുകൾ പ്രകാരം ലഭിക്കാവുന്ന വൈദ്യുതിയുടെയും അടിസ്ഥാനത്തിൽ 2020-ലെ വേനൽക്കാലത്ത് വർദ്ധിച്ച ഉപഭോഗം കണക്കിലെടുത്ത് പ്രതീക്ഷിക്കാവുന്ന അധിക വൈദ്യുതി കമ്മി കെ.എസ്.ഇ.ബി. മുൻകൂട്ടി വിലയിരുത്തിയിട്ടുണ്ട്. ഇപ്രകാരം പ്രതീക്ഷിക്കുന്ന വൈദ്യുതികമ്മി ഹ്രസ്വകാല കരാറുകളിലൂടെ (ബാങ്കിംഗ് കരാറുകളിലൂടെയും വൈദ്യുതി വാങ്ങൽ കരാറുകളിലൂടെയും) പരമാവധി നികത്തുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി. പൂർത്തീകരിച്ചിട്ടുണ്ട്.

ഇതിനുപുറമെ ആവശ്യാനുസരണം കുറഞ്ഞ നിരക്കിൽ പവർ എക്സ്ചേഞ്ചിൽ നിന്ന് വൈദ്യുതി വാങ്ങാനുള്ള ക്രമീകരണങ്ങളും കെ.എസ്.ഇ.ബി.എൽ. നടത്തിയിട്ടുണ്ട്.

**ഡാമുകളിലെ ജലനിരപ്പ്**

222 (553) ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളിൽ നിലവിലെ സ്ഥിതി അനുസരിച്ച് എത്ര ശതമാനം ജലമുണ്ടെന്ന് അറിയിക്കാമോ ;

(ബി) ഇത് ഉപയോഗിച്ച് എത്ര ദശലക്ഷം വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 26-2-2020-ലെ കണക്കുപ്രകാരം വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകളിൽ മൊത്തം 60.97% വെള്ളമാണുള്ളത്.

(ബി) ഇതുപയോഗിച്ച് 2524 മെഗായൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും.

**മുല്ലശ്ശേരി-പറപ്പൂർ ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ**

223 (554) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി, പറപ്പൂർ സബ് സ്റ്റേഷനുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കെ.എസ്.ഇ.ബി.യുടെ പുതിയ ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

തൃശ്ശൂർ ജില്ലയിലെ 33 കെ.വി. പറപ്പൂർ സബ്സ്റ്റേഷനിൽ നിന്നും 33 കെ.വി. മുല്ലശ്ശേരി സബ്സ്റ്റേഷനിലേയ്ക്കുള്ള 33 കെ.വി. Single Circuit Interlint-ന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി താഴെപ്പറയുന്നു.

- 6.3 കി.മീ. OH ലൈൻ നിർമ്മാണവും covered conductor വലിക്കുന്ന ജോലിയും പൂർത്തീകരിച്ചു.

- റെയിൽവേ ലൈനിനകുറുകെ 30 മീറ്റർ തുരന്ന് രണ്ട് എച്ച്.ഡി.പി.ഇ. പൈപ്പ് ലൈൻ സ്ഥാപിച്ചു. രണ്ട് 230 മീറ്റർ UG കേബിളിടുന്ന സ്ഥലത്ത് വിളവെടുപ്പ് നടക്കുന്നതിനാൽ അടുത്തമാസത്തോടുകൂടി മാത്രമേ ജോലി ആരംഭിക്കാൻ സാധിക്കൂ. ഇത് പൂർത്തീകരിച്ച് 2020 മാർച്ച് മാസം അവസാനത്തോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## വൈദ്യുതിയുടെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് നടപടി

224 (555) ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുടെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ഇ.ബി. എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അതുവഴി എത്രത്തോളം പ്രസരണ നഷ്ടം കുറയ്ക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ലൈനുകൾ അണ്ടർഗ്രൗണ്ട് കേബിളുകളാക്കുന്നതിന് കെ.എസ്.ഇ.ബി.യ്ക്ക് പദ്ധതിയുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ പ്രവർത്തനം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) റിന്യൂവബിൾ ഊർജ്ജ സ്രോതസുകളിൽ നിന്ന് സംസ്ഥാനത്ത് നിലവിൽ എത്ര അളവിൽ ഊർജ്ജം ഉല്പാദിപ്പിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാരിന്റെ കാലത്ത് പുരപ്പുറ വൈദ്യുതി നിലയങ്ങളിലൂടെ അധികമായി ഉൽപാദിപ്പിക്കാൻ കഴിഞ്ഞ വൈദ്യുതിയുടെ അളവ് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പ്രസരണ നഷ്ടം കുറച്ച് പ്രസരണ മേഖലയുടെ വികസനത്തിന് ശക്തമായ നടപടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ചിട്ടുള്ളത്. ഗുണമേന്മയുള്ള വൈദ്യുതി തടസ്സരഹിതമായി ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പ്രസരണ മേഖലയിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുക, നിലവിലുള്ളവയുടെ ശേഷി വർദ്ധിപ്പിക്കുക, വോൾട്ടേജ് നിലവാരം ഉയർത്തുക എന്നീ പ്രവൃത്തികളാണ് നടപ്പാക്കി വരുന്നത്. ഈ നടപടികളുടെ ഭാഗമായി ഈ കാലയളവിൽ 45 പ്രസരണ സബ്സ്റ്റേഷനുകൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. ഇതിൽ രണ്ട് 220 കെ.വി.സബ്സ്റ്റേഷനുകളും (കാട്ടാക്കട, അമ്പലത്തറ), പതിനാറ്

110 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. നിർമ്മാണം പൂർത്തീകരിച്ച 45 സബ്സ്റ്റേഷനുകളിൽ 36 എണ്ണം പുതിയതായി നിർമ്മിച്ചതും ശേഷിക്കുന്ന 9 എണ്ണം വോൾട്ടേജ് നിലവാരം ഉയർത്തിയവയുമാണ്. കൂടാതെ 895 കി.മീ. പ്രസരണ ലൈനുകളുടെ നിർമ്മാണവും പൂർത്തിയാക്കി. ഇതിനുപുറമെ വിവിധ സബ്സ്റ്റേഷനുകളിലായി 1314 MVA ശേഷിയുള്ള പുതിയ ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള 20 സബ്സ്റ്റേഷനുകൾ ഉൾപ്പെടെ 2020-21-ഓടുകൂടി 70 സബ്സ്റ്റേഷനുകൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസരണ മേഖലയിൽ 1841.27 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇത് സർവ്വകാല റെക്കോർഡാണ്. ഇതിനുപുറമെ കേരളത്തിലേയ്ക്കുള്ള വൈദ്യുത ഇറക്കുമതിശേഷി വർദ്ധിപ്പിക്കുകയും കേരളത്തിനുള്ളിൽ ഉല്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായി വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായി എത്തിക്കാനാകുംവിധം പ്രസരണശൃംഖല ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായി 10,000 കോടി രൂപ മുതൽമുടക്കിൽ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി പുരോഗമിച്ചുവരുന്നു. KSEB-യുടെ ആകെ പ്രസരണ-വിതരണ നഷ്ടവും എക്കാലത്തിലെയും കുറവായ 12.47 ശതമാനത്തിൽ എത്തിക്കാൻ സാധിച്ചു.

(ബി & സി) ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 2022-ഓടുകൂടി 2533 KM എച്ച്.റ്റി. ലൈനും 2380 KM എൽ.റ്റി.ലൈനും ഭൂഗർഭ കേബിൾ/ഏരിയൽ ബഞ്ചഡ് കേബിൾ/കവചിത കേബിൾ എന്നിവ ഉപയോഗിച്ച് പുതുതായി നിർമ്മിക്കാനും നിലവിലുള്ള 1992 കി.മീ. എച്ച്.റ്റി. ലൈൻ ഏരിയൽ ബഞ്ചഡ് കേബിൾ ഉപയോഗിച്ച് മാറ്റുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സംസ്ഥാനത്തിലെ പ്രമുഖ നഗരങ്ങളിലെ കാതലായ പ്രദേശങ്ങളിൽ അടുത്ത പത്ത് വർഷത്തിനുള്ളിൽ ഉപരിതല വിതരണ ശൃംഖല പൂർണ്ണമായും ഒഴിവാക്കി ഭൂഗർഭ കേബിൾ സ്ഥാപിക്കാനാണ് കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നത്.

(ഡി) 2019 ഡിസംബറിലെ കണക്കനുസരിച്ച് കെ.എസ്.ഇ.ബി. വഴിയുള്ള പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ ആകെ സ്ഥാപിത ശേഷി 448 മെഗാവാട്ടും 2018-19-ലെ ഉല്പാദനം 899.47 ദശലക്ഷം യൂണിറ്റും 2019-20 സാമ്പത്തിക വർഷം ഡിസംബർ വരെയുള്ള ഉല്പാദനം 725.24 ദശലക്ഷം യൂണിറ്റുമാകുന്നു.

അനെർട്ട് മുഖേന 38 മെഗാവാട്ട് സൗര നിലയം സ്ഥാപിച്ചിട്ടുണ്ട്. അനെർട്ടിന്റെ സാങ്കേതികാനുമതിയോടെ 70 മെഗാവാട്ട് കാറ്റാടി നിലയവും സ്ഥാപിച്ചിട്ടുണ്ട്.

ഇ.എം.സി. വഴി സ്വകാര്യ സംരംഭകരുടെ സഹകരണത്തോടെ 34.5 MW-ന്റെ പദ്ധതികൾ ബൂട്ട് അടിസ്ഥാനത്തിൽ നടപ്പാക്കി കഴിഞ്ഞു.

കൂടാതെ പാലക്കാട് ജില്ലാ പഞ്ചായത്ത് വഴി 3 MW-ന്റെ മീൻവല്ലം പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്ര അക്ഷയ ഊർജ്ജമന്ത്രാലയത്തിന്റെ (MNRE) സബ്സിഡിയോടുകൂടി ഒരു കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിവരുന്ന 134 KW-ന്റെ പീക്കോ ജലവൈദ്യുത പദ്ധതികൾ വിവിധ ഗുണഭോക്താക്കൾ മുഖാന്തരം സംസ്ഥാനത്ത് നിർമ്മിച്ച് ഉപയോഗിച്ചു കൊണ്ടിരിക്കുന്നു.

(ഇ) കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള കെട്ടിടങ്ങളിൽ ആകെ 6.57 മെഗാവാട്ടിന്റെ പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ നിന്നും 15.17 മില്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്. കൂടാതെ കൺസ്യൂമേഴ്സിന്റെ പുരപ്പുറ സൗരോർജ്ജ പദ്ധതി വഴി 61.69 മെഗാവാട്ട് വൈദ്യുതി കെ.എസ്.ഇ.ബി.-യുടെ ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ട്.

പുരപ്പുറ വൈദ്യുതി നിലയങ്ങളിലൂടെ ഈ സർക്കാരിന്റെ കാലത്ത് 8.5 മെഗാവാട്ട് സൗരവൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ അനെർട്ട് വഴി സാധിച്ചിട്ടുണ്ട്.

**കോലഞ്ചേരിയിൽ ഡിസ്ട്രിബ്യൂഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ**

225 (556) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കോലഞ്ചേരി പട്ടണത്തിൽ റബർ തോട്ടങ്ങൾക്കിടയിലൂടെയും പാടശേഖരങ്ങളിലൂടെയും വൈദ്യുതി ലൈൻ കടന്നുപോകുന്നതുമൂലം വൈദ്യുതി വിതരണത്തിൽ നേരിടുന്ന തടസം പരിഹരിക്കുന്ന പ്രവൃത്തിയും പുതുപ്പനം ഫീഡർ റോഡിന്റെ വശങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും ഡിസ്ട്രിബ്യൂഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കോലഞ്ചേരി പട്ടണത്തിൽ റബ്ബർ തോട്ടങ്ങൾക്കിടയിലൂടെയും പാടശേഖരങ്ങളിലൂടെയും നിലവിൽ

വലിച്ചിട്ടുള്ള 11 കെ.വി. കോലഞ്ചേരി ഫീഡർ UG കേബിൾ സ്ഥാപിച്ച് റോഡിൽ കൂടിയാക്കുന്നതിനുള്ള പ്രവൃത്തി 2019-20 സാമ്പത്തിക വർഷത്തെ ഡിസ്ട്രിബ്യൂഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. UG കേബിൾ പ്രവൃത്തികൾ ചെയ്യുന്നതിന് നാഷണൽ ഹൈവേ അതോറിറ്റിയുടെ അനുമതി ആവശ്യമുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് എത്രയും വേഗം മേൽപ്രവൃത്തികൾ ചെയ്ത് തീർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പുതുപ്പനം എൽ.ടി. ലൈൻ റോഡിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള പകുതി പ്രവൃത്തികൾ 2018-19-ൽ ചെയ്തിരുന്നു. ബാക്കി പ്രവൃത്തികൾ 2019-2020 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വൈദ്യുതി ചാർജ് കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി**

226 (557) ശ്രീ. മോൻസ് ജോസഫ് :

ശ്രീ. പി. ജെ. ജോസഫ് :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ചാർജ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) വൈദ്യുതി ചാർജ് കുടിശ്ശിക പിരിച്ചെടുക്കാനുള്ള എന്തെല്ലാം നടപടികളാണ് വൈദ്യുതി ബോർഡ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി ബോർഡിന്റെ പതിനെട്ട് ശതമാനം പിഴപ്പലിശ എന്ന രീതി ഒഴിവാക്കി കുടിശ്ശികക്കാരിൽ നിന്നും തുക മാത്രം ഈടാക്കാൻ നടപടി കൈക്കൊള്ളുമോ;

(ഡി) ഗാർഹിക ഉപഭോക്താക്കൾക്ക് കണക്റ്റഡ് ലോഡ് ക്രമീകരിക്കുവാനുള്ള അവസരം ബോർഡ് നൽകുമോയെന്ന് അറിയിക്കാമോ;

(ഇ) നഗരപ്രദേശങ്ങളിൽ ആവശ്യക്കാർക്ക് ത്രീഫെയിസ് ലൈൻ ലഭ്യമാക്കാമോ; ആയതിനുള്ള നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തന്നെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല.

(ബി) കുടിശ്ശിക പിരിച്ചെടുക്കാൻ കെ.എസ്.ഇ.ബി.എൽ. ചുവടെ പറയുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്.

i. സർക്കാരിലെ വിവിധ വകുപ്പുകളുമായി സഹകരിച്ച് റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ii. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടുകൂടി കിട്ടാകടങ്ങൾക്ക് പലിശയിൽ കമ്മീഷൻ നിഷ്കർഷിക്കുന്ന നിരക്കിൽ ഇളവ് നൽകി പിരിച്ചെടുക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നു. 2016, 2018, 2019 എന്നീ വർഷങ്ങളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയിരുന്നു. ഇപ്പോൾ നിലവിലുള്ള 2019-ലെ പദ്ധതി, (OTS-2019) 29-2-2020 വരെ നിലവിലുണ്ട്.

iii. സർക്കാർ തലത്തിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തി, കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കാനുള്ള കുടിശ്ശിക തുക, ഘട്ടം ഘട്ടമായി ബഡ്ജറ്റിൽ വകയിരുത്തി, ലഭ്യമാക്കിവരുന്നു.

(സി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വിജ്ഞാപനം ചെയ്ത് പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ ഷെഡ്യൂൾ-1 പ്രകാരമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിലെയും സംസ്ഥാനത്തെ മറ്റ് വിതരണ ലൈസൻസികളുടെയും ഉപഭോക്താക്കളിൽ നിന്ന് വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശിക വരുത്തിയാൽ പിഴ ഈടാക്കുന്നത്. കുടിശ്ശിക കാലാവധി 30 ദിവസം വരെയാണെങ്കിൽ 12% വാർഷിക നിരക്കിലും അതിന് മുകളിൽ 18% നിരക്കിലും പലിശ ഈടാക്കി വരുന്നു. ഇതിൽ ഭേദഗതി വരുത്താൻ വിതരണ ലൈസൻസിയെന്ന നിലയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് അധികാരമില്ല.

(ഡി) ഉപഭോക്താക്കൾക്ക് തങ്ങളുടെ പ്രിമിസിസിലെ കണക്റ്റഡ് ലോഡ് സ്വയം സാക്ഷ്യപ്പെടുത്തിയ രേഖയുടെ പിൻബലത്തിൽ മാത്രം നിയമാനുസൃതമാക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് അനുമതി നൽകിയിട്ടുണ്ട്. കണക്റ്റഡ് ലോഡ് ക്രമീകരിക്കാൻ ഉപഭോക്താക്കൾക്ക് ടെസ്റ്റിംഗ് ഫീസും ആപ്ലിക്കേഷൻ ഫീസും ഒഴിവാക്കികൊണ്ടും സെക്യൂരിറ്റി ഡെപ്പോസിറ്റ് അധികമായി വരുന്നുണ്ടെങ്കിൽ അവ അടയ്ക്കാൻ സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതി വരെ സമയം നൽകിയുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. നിലവിലെ പദ്ധതിക്ക് 31-3-2020 വരെ പ്രാബല്യമുണ്ട്.

(ഇ) ഒരു പ്രദേശത്തെ വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിന്റെയോ വിതരണ ശൃംഖലതന്നെ മെച്ചപ്പെടുത്തുന്നതിന്റെയോ ഭാഗമായി വോൾട്ടേജ് ഇംപ്രൂവ്മെന്റ്/ സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രവൃത്തികളിൽ ഉൾപ്പെടുത്തി നഗര/ഗ്രാമ പ്രദേശങ്ങളിൽ

കെ.എസ്.ഇ.ബി. ലിമിറ്റഡ് പുതുതായി ത്രീ ഫേസ് ലൈൻ വലിക്കുകയോ നിലവിലുള്ള സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസായി മാറ്റുകയോ ചെയ്യാറുണ്ട്.

**വൈദ്യുതി ചാർജ് വർദ്ധന**

227 (558) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇത് എന്ന് മുതലാണെന്നും വർദ്ധനവ് എത്രയാണെന്നും വിശദമാക്കുമോ;

(ബി) ഈ വർദ്ധനവ് വഴി കെ.എസ്.ഇ.ബി.യ്ക്ക് എത്ര രൂപയുടെ വരുമാന വർദ്ധനവ് ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ;

(സി) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാനുണ്ടായ സാഹചര്യമെന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 8-7-2019-ലെ താരിഫ് പരിഷ്കരണ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ (ഗാർഹിക വിഭാഗം ഉപഭോക്താക്കളുടെ ഉൾപ്പെടെ) വൈദ്യുതി ചാർജ് 8-7-2019 മുതൽ പരിഷ്കരിക്കുകയുണ്ടായി. വർദ്ധനവ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) ഗാർഹിക വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ് വർദ്ധനവുമൂലം 2019-20 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് 538.95 കോടി രൂപയുടെ അധിക വരുമാനമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡ്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ വൈദ്യുതി നിയമം 2003, ദേശീയ താരിഫ് നയം-2016, 2018-ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവ പ്രകാരം, പ്രതീക്ഷിത-വരവുചെലവ് കണക്കുകൾ, അംഗീകാരത്തിനായി സമർപ്പിക്കാറുണ്ട്. ഇപ്രകാരം നിജപ്പെടുത്തുന്ന വരവുചെലവ് കണക്കുകൾ, തമ്മിലുള്ള അന്തരം (കമ്മി) പൂർണ്ണമായും താരിഫ് പരിഷ്കരണത്തിലൂടെ നികത്തപ്പെടുന്നില്ല. ഇപ്രകാരം നികത്തപ്പെടാത്ത കമ്മി 2018 മാർച്ച് അവസാനമായപ്പോഴേയ്ക്കും 5693.25 കോടി രൂപയായി വർദ്ധിച്ചു. ഇത് ചെറിയ ഒരളവിലെങ്കിലും നികത്തപ്പെടാതെ വന്നാൽ സ്ഥാപനത്തിന്റെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സാമ്പത്തിക ഭദ്രതയെതന്നെ ദോഷകരമായി ബാധിക്കും. ഇപ്രകാരം നികത്തപ്പെടാത്ത കമ്മിയുടെ ഒരു ഭാഗവും 2018-19 സാമ്പത്തിക വർഷത്തിലും 2020-21-ലും കണക്കാക്കപ്പെട്ടിട്ടുള്ള കമ്മിയും കൂടി ചേർത്ത്, താരിഫ് ഷോക്കിനിടനൽകാത്ത ഒരു താരിഫ് പരിഷ്കരണം അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടത്.

കൂടാതെ നിലവിലുള്ള താരിഫ് പരിഷ്കരണത്തിനുമുമ്പ് (8-7-2019-ന് മുമ്പ്) ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിന്റെ പ്രിമിസിസിൽ എത്തിക്കുന്നതിന്, ശരാശരി ചെലവ് 5.26 രൂപയായിരുന്നു. എന്നാൽ ഗാർഹിക വിഭാഗത്തിൽ നിന്ന് ലഭിക്കുന്ന വരുമാനം 4.13 രൂപ മാത്രമാണ്. ഇതുമൂലം, കെ.എസ്.ഇ.ബി. ലിമിറ്റഡിന് 1200 കോടി രൂപ ഒരു സാമ്പത്തിക വർഷം (2018-19) വരുമാന നഷ്ടം ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഗാർഹികേതര വിഭാഗം ഉപഭോക്താക്കളുടെ താരിഫ്, മേൽപ്പറഞ്ഞ ശരാശരി ചെലവിനേക്കാൾ ഉയർത്തിയാണ് ഈ വരുമാന നഷ്ടം ഒരളവുവരെ പരിഹരിക്കുന്നത്.

കൂടാതെ കേന്ദ്ര സർക്കാരിന്റെ താരിഫ് പോളിസി പ്രകാരം, വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ്, ശരാശരി ചെലവിന്റെ 20 ശതമാനത്തിൽ കുറയാനും 20 ശതമാനത്തിൽ കൂടാനും പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി നിർദ്ദേശം നടപ്പിലാക്കാനും പ്രതിവർഷമുണ്ടാകുന്ന പൊതുവില വർദ്ധനവ് പരിഗണിച്ചുമാണ് താരിഫ് പരിഷ്കരണം നടപ്പിലാക്കുന്നത്.

ഇതിനുപുറമെ, കമ്മീഷൻ, വൈദ്യുതി നിരക്കുകൾ പുതുക്കുമ്പോൾ വൈദ്യുതിയുടെ ഉല്പാദന-വാങ്ങൽ ചെലവുകൾ (Generation & Power Purchase Cost), പ്രവർത്തന-പരിപാലന ചെലവുകൾ (Operation and Maintenance Cost), സാമ്പത്തിക പലിശ ചെലവുകൾ (Interest & Finance Charges), മൂലധന ഓഹരിയുടെ മടക്ക വിഹിതം (Return on Equity) തുടങ്ങിയ മൊത്തം ചെലവുകളും (Aggregate Revenue Requirement) നിലവിലുള്ള മൊത്തം വരുമാനവും (Revenue from charges) തമ്മിലുള്ള അന്തരം കൂടി പരിഗണിച്ചാണ്.

കൂടാതെ വലിയ മുടക്കുമുതൽ ആവശ്യമായിട്ടുള്ള പുനഃനവീകരണീയ സ്രോതസ്സുകളുടെ വികസനം, ഗുണനിലവാരമുള്ള വൈദ്യുതി ഇടതടവില്ലാതെ നൽകുന്നതിന് പ്രസരണ-വിതരണ ശൃംഖലകളുടെ വികസനം, ദ്യുതി, ട്രാൻസ്ഗ്രിഡ് പദ്ധതികൾ എന്നിവകൂടി കണക്കിലെടുത്താണ് ചാർജ് വർദ്ധനവ് ശിപാർശ ചെയ്തിട്ടുള്ളത്. മേൽ സൂചിപ്പിച്ച കാരണങ്ങളാൽ മാത്രമാണ് കുറഞ്ഞ അളവിലെങ്കിലും താരിഫ് വർദ്ധനവ് അനിവാര്യമായി തീർന്നത്.

## വൈദ്യുതി നിരക്കിലെ വർദ്ധന

228 (559) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഏപ്രിൽ മുതൽ ജൂൺ വരെ കൂടിയ നിരക്കിൽ വൈദ്യുതി വാങ്ങിയതിന്റെ പേരിൽ യൂണിറ്റിന് 13 പൈസ സർചാർജ്ജ് പിരിക്കുന്നതിന് പിന്നാലെ തുടർന്നുള്ള മൂന്ന് മാസങ്ങളിലെ അധികചെലവ് നേരിടുവാൻ യൂണിറ്റിന് പത്ത് പൈസ കൂടി പിരിക്കുവാൻ അനുവദിക്കണമെന്ന് വൈദ്യുതി ബോർഡ് റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നോ;

(ബി) പ്രസ്തുത ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണോ യൂണിറ്റിന് 10 പൈസ വർദ്ധിപ്പിക്കുവാൻ വൈദ്യുതി ബോർഡ് അനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2019 ഏപ്രിൽ മുതൽ ജൂൺ വരെ വൈദ്യുതി വാങ്ങൽ ചെലവിൽ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച തുകയെക്കാൾ 72.75 കോടി രൂപ അധിക ബാധ്യതയുണ്ടായതിനാൽ, ആയത് യൂണിറ്റൊന്നിന് 13 പൈസ നിരക്കിൽ ഇന്ധന സർചാർജ്ജായി ഈടാക്കി തരണമെന്ന് കമ്മീഷനോട് ആവശ്യപ്പെടുകയുണ്ടായി.

തുടർന്ന് കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് 19-11-2019-ൽ സമർപ്പിച്ച പെറ്റീഷനിലൂടെ 2019 ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള മൂന്നു മാസക്കാലയളവിൽ, വൈദ്യുതി വാങ്ങൽ ചെലവിൽ, കമ്മീഷൻ അംഗീകരിച്ച തുകയേക്കാൾ 57.98 കോടി രൂപ അധിക ബാധ്യതയുണ്ടായതിനാൽ ആയത് യൂണിറ്റൊന്നിന് 10 പൈസ നിരക്കിൽ ഇന്ധന സർചാർജ്ജായി ഈടാക്കി തരണമെന്ന് റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത പെറ്റീഷന് മേൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ തീരുമാനങ്ങളൊന്നുംതന്നെ എടുത്തിട്ടില്ല.

(ബി) കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് 2019 ഏപ്രിൽ-ജൂൺ മാസങ്ങളിലെ അധിക ബാധ്യത നികത്തി തരുന്നതിന് സമർപ്പിച്ച പെറ്റീഷന് മേൽ, വൈദ്യുതി നിയമം-2013, ദേശീയ താരിഫ് നയം-2016, 2018-ൽ റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം, അധിക ബാധ്യതയായി 62.20 കോടി രൂപ മാത്രം അംഗീകരിക്കുകയും യൂണിറ്റൊന്നിന് 10 പൈസ നിരക്കിൽ ഇന്ധന സർചാർജ്ജായി ഈടാക്കാൻ 14-2-2020-ലെ ഉത്തരവിലൂടെ റെഗുലേറ്ററി കമ്മീഷൻ അനുമതി നൽകി. 15-2-2020 മുതൽ

മൂന്നുമാസത്തേയ്ക്കുള്ള ഉപഭോഗത്തിനാണ് സർചാർജ് ഈടാക്കാൻ അനുമതി നൽകിയിരിക്കുന്നത്. എന്നാൽ ഗാർഹിക വിഭാഗത്തിലുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ളതും 20 യൂണിറ്റ് വരെ ഉപഭോഗമുള്ളവരെ ഇന്ധന സർചാർജ്ജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

## മലാപറമ്പ്-അരീക്കോട് ലൈനിൽ ട്രാൻസ്ഗ്രിഡ് മാറ്റി സ്ഥാപിക്കൽ

229 (560) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ മലാപറമ്പ് - അരീക്കോട് ലൈനിൽ ട്രാൻസ്ഗ്രിഡ് മാറ്റി സ്ഥാപിക്കൽ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ഈ പദ്ധതി എത്ര മാസം കൊണ്ട് പൂർത്തിയാവുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി പൂർത്തിയായാൽ ഈ ലൈൻ കടന്ന് പോകുന്ന ഏരിയയിലെ ഉപഭോക്താക്കൾക്കുണ്ടാകുന്ന മെച്ചങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) മലാപറമ്പ് - അരീക്കോട് ലൈനിലെ ട്രാൻസ്ഗ്രിഡ് മാറ്റൽ പ്രവൃത്തി കരാർ ഏറ്റെടുക്കുന്ന സ്ഥാപനത്തിന്റെ /വ്യക്തിയുടെ വിവരം അറിയിക്കാമോ;

(ഇ) ഈ കരാറുകാരനെ തെരഞ്ഞെടുത്ത രീതി, മറ്റ് ടെൻഡർ നടപടിക്രമങ്ങൾ തുടങ്ങിയവ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മാടക്കത്തറ മുതൽ മലാപറമ്പ് വരെയുള്ള 47 കി.മീ. പൂർത്തിയാക്കി. 26-6-2019-ന് 220 കെ.വി. ലൈൻ ചാർജ് ചെയ്തു. മലാപറമ്പ് മുതൽ അരീക്കോട് വരെയുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി) ഈ പദ്ധതി 2020 മേയ് മാസത്തിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

(സി) പ്രസ്തുത ലൈൻ പൂർത്തിയാകുന്നതോടെ മണ്ണുത്തിയിൽ ദ്രുതഗതിയിൽ നിർമ്മാണം പുരോഗമിക്കുന്ന PGCIL-ന്റെ 2000 മെഗാവാട്ട് HVDC സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതി കേരളത്തിലെ തൃശ്ശൂരിന് വടക്കുള്ള വിവിധ ജില്ലകളിലേയ്ക്ക് പ്രസരണ നഷ്ടം കുറച്ച് എത്തിക്കാനാകും. ഇതുവഴി ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ ഉപഭോക്താക്കളിൽ എത്തിക്കാനാകും. ഇതിനാൽ ഈ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം, വൈദ്യുതി മുടക്കങ്ങൾ, വൈദ്യുതി ലഭ്യത മുതലായ പ്രശ്നങ്ങൾക്ക് വലിയൊരളവിൽ പരിഹാരമാകും.

(ഡി) പ്രസ്തുത ലൈനിന്റെ കരാർ ഏറ്റെടുത്തിരിക്കുന്നത് Sterlite Power Transmission Ltd. ആണ്.

(ഇ) ട്രാൻസ്ഗ്രിഡ് പദ്ധതികൾ നടപ്പിലാക്കുന്നതിന്, താല്പര്യമുള്ള സാമ്പത്തിക അടിത്തറയുള്ളതും ഈ മേഖലയിൽ പ്രവൃത്തി പരിചയമുള്ള കരാറുകാരെ കണ്ടെത്തുന്നതിന് EOI (Expression of Interest) ക്ഷണിച്ചിരുന്നു. EOI പ്രകാരം ട്രാൻസ്മിഷൻ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ ആറ് കമ്പനികൾ യോഗ്യത നേടിയിരുന്നു. പ്രസ്തുത ലൈനിന് വേണ്ടി e-tender വിളിക്കുകയും EOI-യിൽ യോഗ്യത നേടിയ M/s Sterlite Power Limited, M/s L&T Limited എന്നിവർ ടെൻഡറിൽ പങ്കെടുക്കുകയും L1 bidder ആയി M/s Sterlite Power Limited-നെ തെരഞ്ഞെടുക്കുകയും ചെയ്തു. ഈ വസ്തുതകൾ കാണിച്ച് കേരള സർക്കാരിലേയ്ക്ക് അനുമതിക്കായി സമർപ്പിക്കുകയും G.O.(Ms)No.23/2017/PD. dated 23-10-2017 പ്രകാരം അനുമതി ലഭിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 31-10-2017-ന് L1 bidder ആയ M/s Sterlite Power Limited-ന് പ്രവൃത്തിക്കുള്ള ഓർഡർ നൽകി.

**ആറന്മുള മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

230 (561) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആറന്മുള നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പരിഷ്കാരങ്ങളുടെയും, പ്രവൃത്തികളുടെയും വിശദാംശങ്ങൾ നൽകുമോ;

(ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനും ഈ കാലയളവിൽ മണ്ഡലത്തിൽ നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആറന്മുള മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. വിതരണമേഖല

വൈദ്യുതി വിതരണ രംഗത്ത് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 1289 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി, ആറന്മുള മണ്ഡലത്തിലെ, 12 പഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലുമായി, 13.891 കി.മീ., എൽ.ടി. ലൈനുകൾ നിർമ്മിച്ച്

വൈദ്യുതി കണക്ഷനുകൾ നൽകിയിരുന്നു. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായും വൈദ്യുതി ശൃംഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായും സാധാരണ വികസന പദ്ധതികൾക്ക് പുറമെ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, എം.എൽ.എ. ഫണ്ട്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ എന്നിവയുപയോഗിച്ച് 71 കി.മീ. എച്ച്.ടി. ലൈനും, 81 കി.മീ. എൽ.ടി. ലൈനും പുതുതായി നിർമ്മിക്കുകയും 65 വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രളയത്തിൽ താറുമാറായ വൈദ്യുതി ശൃംഖല സമയബന്ധിതമായി പുനഃസ്ഥാപിച്ച് എല്ലാ ഉപഭോക്താക്കൾക്കും കുറഞ്ഞ സമയ പരിധിക്കുള്ളിൽ തന്നെ വൈദ്യുതി ലഭ്യമാക്കിയിരുന്നു.

വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താനും വിതരണ ശൃംഖല ആധുനികവത്കരിക്കാനും നടത്തുന്ന വിതരണശൃംഖല നവീകരണ പദ്ധതിയായ ദ്യുതി 2021-ൽ, 2018 മുതൽ 2022 വരെ നടപ്പിലാക്കാനായി എച്ച്.ടി. ശൃംഖല ശക്തിപ്പെടുത്തുന്നതിന് 2458 ലക്ഷം രൂപയുടെ പ്രവൃത്തികളും എൽ.ടി. വിതരണ ലൈനുകൾ മെച്ചപ്പെടുത്തുന്നതിന് 2055 ലക്ഷം രൂപയുടെ പ്രവൃത്തികളും വിതരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി മീറ്ററിംഗ്/അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും 251 ലക്ഷം രൂപയുടെ പ്രവൃത്തികളും ഉൾപ്പെടെ ആകെ 4766 ലക്ഷം രൂപയുടെ പ്രവൃത്തികൾ ആറന്മുള മണ്ഡലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 114.94 കി.മീ. പുതിയ 11 കെ.വി. ലൈൻ നിർമ്മിക്കാനും 92 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനും 197.885 കി.മീ. സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആക്കി മാറ്റാനും 46.8 കി.മീ. എച്ച്.ടി. ലൈനും 2141.21 കി.മീ. എൽ.ടി. ലൈനും റീ കണ്ടക്ടറിംഗ് നടത്താനും ദ്യുതി 2021 പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുണ്ട്.

അപകടരഹിതമായി ഗുണമേന്മയുള്ള വൈദ്യുതി എല്ലാ വീടുകളിലും എത്തിക്കുക, സമ്പൂർണ്ണ സുരക്ഷ ഉറപ്പാക്കുക, വൈദ്യുതി ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും ഗുണമേന്മ ഉറപ്പാക്കുക, വീടുകളിലെയും സ്ഥാപനങ്ങളിലെയും എർത്തിംഗ്/വയറിംഗ്/ELCB തുടങ്ങിയവയുടെ പരിശോധന, കേടായ മീറ്ററുകൾ മാറ്റി വയ്ക്കുക തുടങ്ങിയ വിവിധ പദ്ധതികൾ ഉൾപ്പെടുത്തി ആറന്മുള ഗ്രാമത്തിലെ എല്ലാ ഉപഭോക്താക്കൾക്കും നാടിനും സമ്പൂർണ്ണ വൈദ്യുതി സുരക്ഷയേകാൻ ആറന്മുള സമ്പൂർണ്ണ വൈദ്യുതി സുരക്ഷാഗ്രാമം പദ്ധതികൂടി നടപ്പിലാക്കുന്നുണ്ട്. ആറന്മുള ഗ്രാമപഞ്ചായത്ത്, കെ.എസ്.ഇ.ബി.എൽ., ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, കുടുംബശ്രീ, വ്യാപാരിവ്യവസായ സംഘടനകൾ, ഇലക്ട്രിക്കൽ വയർമാൻ & സൂപ്പർവൈസേഴ്സ് സംഘടനകൾ, കോളേജ്/സ്കൂൾ/ഐ.ടി.ഐ. വിദ്യാർത്ഥികൾ,

രാഷ്ട്രീയ പാർട്ടികൾ/മത സംഘടന ഭാരവാഹികൾ തുടങ്ങിയവരുടെ സഹകരണത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി 2019 മേയ് 7-ന് നിർവ്വഹിക്കുകയുണ്ടായി. ടി പദ്ധതിയിൽ ഉൾപ്പെട്ട, വൈദ്യുതി ലൈനുകളുടെയും/ പ്രതിഷ്ഠാപനങ്ങളുടെയും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളും കേടായ മീറ്ററുകൾ മാറ്റി വയ്ക്കുന്ന പദ്ധതിയും ദ്യുതി 2021-ൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കി വരുന്നു.

2. പ്രസരണമേഖല

1. പത്തനംതിട്ട സബ്സ്റ്റേഷനിൽ പുതുതായി മൂന്ന് 11 കെ.വി. പാനലുകൾ സ്ഥാപിച്ച് 11 കെ.വി. വൈദ്യുത ഫീഡറുകളുടെ എണ്ണം 11-ൽ നിന്ന് 14 ആയി ഉയർത്തി.

2. പത്തനംതിട്ട സബ്സ്റ്റേഷനിൽ ഐ.പി.ഡി.എസ്. പദ്ധതിയിലുൾപ്പെടുത്തി 19.50 ലക്ഷം രൂപ ചെലവിൽ പുതുതായി 25 കിലോവാട്ട് ശേഷിയുള്ള സൗര വൈദ്യുത നിലയം സ്ഥാപിച്ചു.

3. കോഴഞ്ചേരി 110 കെ.വി. സബ്സ്റ്റേഷനിൽ ഐ.പി.ഡി.എസ്. പദ്ധതിയിലുൾപ്പെടുത്തി 84 ലക്ഷം രൂപ ചെലവിൽ പഴയ 11 കെ.വി. പാനൽ സെറ്റ് (12 എണ്ണം) മാറ്റി പുതിയ 17 പാനൽ സെറ്റ് സ്ഥാപിച്ചു. അതോടൊപ്പം പുതുതായി രണ്ട് ഔട്ട്ഗോയിംഗ് ഫീഡറുകൾ സ്ഥാപിച്ച് ഔട്ട്ഗോയിംഗ് ഫീഡറുകളുടെ എണ്ണം 8-ൽ നിന്ന് പത്തായി ഉയർത്തി.

4. കുമ്പനാട് സബ്സ്റ്റേഷനിൽ 4 ലക്ഷത്തിൽപരം രൂപ ചെലവിൽ പുതിയ ഒ.ഡി.സി. സ്ഥാപിച്ച് ഔട്ട്ഗോയിംഗ് ഫീഡറുകളുടെ എണ്ണം 3-ൽ നിന്നും നാലായി ഉയർത്തി.

5. കോഴഞ്ചേരി സബ്സ്റ്റേഷനിൽ ഐ.പി.ഡി.എസ്. പദ്ധതിയിലുൾപ്പെടുത്തി 10.27 ലക്ഷം രൂപ ചെലവിൽ പുതിയ 15 കിലോവാട്ട് സൗര വൈദ്യുത നിലയം സ്ഥാപിച്ചു.

6. കോഴഞ്ചേരി സബ്സ്റ്റേഷന്റെ ശേഷി ഉയർത്തുന്നതിനുവേണ്ടി മൂന്നാമത്തെ ട്രാൻസ്ഫോർമർ ബേ യുടെ ജോലികൾ പൂർത്തീകരിച്ചു.

3. പുനരുപയോഗ ഊർജ്ജ സ്രോതസ്സ്

ആറന്മുള നിയോജക മണ്ഡലത്തിലെ കോഴഞ്ചേരി 110 കെ.വി. സബ്സ്റ്റേഷന്റെ മുകളിൽ 15 കിലോവാട്ട് പീക്ക് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയം 10,27,350 രൂപ ചെലവഴിച്ച് സ്ഥാപിച്ചിട്ടുണ്ട്.

(ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി.

1. പത്തനംതിട്ട സബ്സ്റ്റേഷനിൽ നിന്നും പുറത്തേയ്ക്ക് വൈദ്യുത വിതരണം ചെയ്യുന്ന ഫീഡറുകളുടെ എണ്ണം 11-ൽ നിന്ന് 14 ആക്കി.

2. കോഴഞ്ചേരി സബ്സ്റ്റേഷന്റെ ഫീഡറുകളുടെ എണ്ണം 8-ൽ നിന്നും പത്താക്കി.

3. കുമ്പനാട് സബ്സ്റ്റേഷനിൽ പുതുതായി ഒരു ഫീഡർ കൂടിച്ചേർന്ന് ഫീഡറുകളുടെ എണ്ണം 4 ആയി ഉയർത്തി.

4. പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുത ശൃംഖല നവീകരിക്കുന്നതിനും ഊർജ്ജ ലഭ്യത ഉറപ്പാക്കുന്നതിനുമായി 18.35 കോടി രൂപ ചെലവിൽ കോഴഞ്ചേരി-ഇടപ്പോൺ 66 കെ.വി. ലൈൻ 110 കെ.വി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ലൈൻ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഇതിനോടകം തുടക്കംകുറിച്ചു.

**ആറന്മുള മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി**

231 (562) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി ആറന്മുള നിയോജകമണ്ഡലത്തിൽ എത്ര പുതിയ കണക്ഷനുകൾ നൽകിയെന്നറിയിക്കാമോ;

(ബി) കണക്ഷനുകളുടെ വിവരം പഞ്ചായത്തുകൾ തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 2017 മേയ് മാസത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പൂർത്തീകരിച്ചതിന്റെ ഭാഗമായി ആറന്മുള മണ്ഡലത്തിൽ പുതിയതായി ലഭ്യമാക്കിയ കണക്ഷനുകളുടെ വിശദാംശങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | സർവ്വീസ് കണക്ഷനുകളുടെ എണ്ണം |
|---|---|
| മല്ലപ്പുഴശ്ശേരി | 41 |
| മെഴുവേലി | 69 |
| തോട്ടപ്പുഴശ്ശേരി | 33 |

| | |
|---|---|
| ചെന്നീർക്കര | 99 |
| ഇലന്തൂർ | 67 |
| കോഴഞ്ചേരി | 26 |
| നാരങ്ങാനം | 69 |
| ഓമല്ലൂർ | 49 |
| പത്തനംതിട്ട (മുനിസിപ്പാലിറ്റി) | 61 |
| കുളനട | 100 |
| ആറന്മുള | 113 |
| ആകെ | 727 |

സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ തുടർച്ചയായി നിലവിലും അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകി വരുന്നു.

**വർക്കല നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം**

232 (563) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വർക്കല നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ നൽകാമോ;

(ബി) വർക്കല മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി അപേക്ഷ ലഭിച്ചതിൽ എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ നല്കാനുണ്ടെന്ന് വ്യക്തമാക്കാമോ; അതിനുള്ള തടസ്സമെന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് വർക്കല നിയോജക മണ്ഡലത്തിൽ, സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി എം.എൽ.എ.-യുടെ എ.ഡി.എസ്. ഫണ്ടിൽ നിന്നും ലഭിച്ച 16,30,283 രൂപ ഉൾപ്പെടെ ആകെ 1,10,63,946 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ലഭിച്ച 1233 അപേക്ഷകളിൽ 1231 അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്.

കണക്ഷൻ ലഭ്യമാക്കാനുള്ള ബാക്കി രണ്ടുപേരിൽ ഒരാൾ ഇലക്ട്രിക്കൽ സെക്ഷൻ മടവൂരിന്റെ പരിധിയിലുള്ള ശ്രീമതി അമ്പിളി, ചരുവിള പുത്തൻ വീട്, മടവൂർ ആണ്. ടിയാൾക്ക് കണക്ഷൻ നൽകുന്നതിന് മൂന്നുപേരുടെ സമ്മതം ആവശ്യമായിട്ടുള്ളതും അവർ മൂന്നുപേരും തടസ്സവാദം ഉന്നയിച്ചിട്ടുള്ളതിനാലും ബഹുമാനപ്പെട്ട തിരുവനന്തപുരം അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന് പെറ്റീഷൻ നൽകുകയുണ്ടായി. അന്തിമ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് കണക്ഷൻ നൽകുന്നതാണ്.

ഇടവ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലുള്ള ശ്രീമതി ഇന്ദിര, ശാസ്താംവില വെൺകുളമാണ് കണക്ഷനുവേണ്ടി അപേക്ഷിച്ചിട്ടും ലഭിക്കാത്ത മറ്റൊരാൾ, പൊയ്കയിൽ ശിവ പാർവ്വതി ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലെ പറമ്പിന്റെ മൂലയിലുള്ള ഇന്ദിരയുടെ ബന്ധുവീടായ ഓലമേഞ്ഞ ഷെഡിലേയ്ക്കായിരുന്നു കണക്ഷന് അപേക്ഷിച്ചിരുന്നത്. വൈദ്യുതി കണക്ഷൻ നൽകുന്നതിന് അമ്പല പറമ്പിലൂടെ ഓവർഹെഡ് ലൈൻ വലിക്കുന്നതിനുള്ള അനുവാദം ലഭ്യമല്ലാത്തതിനാലും ആവശ്യമുള്ള ഒരു രേഖയും ഹാജരാക്കാത്തതിനാലും ബഹുമാനപ്പെട്ട തിരുവനന്തപുരം അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് മുമ്പാകെ പെറ്റീഷൻ ഫയൽ ചെയ്യുകയും ആവശ്യം വേണ്ടുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ ബഹുമാനപ്പെട്ട അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് കേസ് തള്ളുകയുമുണ്ടായി.

**തത്തനംപുള്ളി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം**

233 (564) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തത്തനംപുള്ളി പ്രദേശത്ത് ഗാർഹിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുവാൻ പോലും പ്രയാസകരമായ രീതിയിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തത്തനംപുള്ളി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം സംബന്ധിച്ച് പ്രദേശവാസികൾ നൽകിയ നിവേദനം ഷൊർണ്ണൂർ ഇലക്ട്രിക്കൽ സർക്കിളിൽ ലഭിച്ചിരുന്നു. പ്രസ്തുത വിഷയം പരിഹരിക്കുന്നതിനായി തത്തനംപുള്ളി മേഖലയിൽ 2019 ഡിസംബർ മാസത്തിൽ 300 മീറ്റർ പുതിയ ത്രീ ഫേസ് ലൈൻ നിർമ്മിക്കുകയും 800 മീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കി ഉയർത്തുകയും ചെയ്ത് വോൾട്ടേജ് ക്ഷാമം പരിഹരിച്ചിട്ടുണ്ട്.

**കാർഷിക വൈദ്യുതി കണക്ഷനുകൾ**

234 (565) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ വിവിധ സെക്ഷനുകൾക്ക് കീഴിലായി എത്ര കാർഷിക വൈദ്യുതി കണക്ഷനുകളുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇവയിൽ കൃഷി വകുപ്പ് പണമടയ്ക്കുന്ന കണക്ഷനുകൾ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) കാർഷിക കണക്ഷൻ നൽകുന്നതിന് പമ്പ് ഹൗസ് നിർബന്ധമാണോയെന്ന് വ്യക്തമാക്കാമോ;

(ഡി) കാർഷിക കണക്ഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ വിവിധ സെക്ഷനുകൾക്ക് കീഴിലായി 969 കാർഷിക കണക്ഷനുകളുണ്ട്.

(ബി) കാർഷിക കണക്ഷനുകളിൽ കൃഷി വകുപ്പ് 388 കണക്ഷനുകൾക്ക് പണം അടയ്ക്കുന്നുണ്ട്.

(സി) കാർഷിക വൈദ്യുതി കണക്ഷനുകൾ വെള്ളം പമ്പ് ചെയ്യേണ്ട ആവശ്യങ്ങൾക്ക് പുറമെ കന്നുകാലി ഫാമുകൾ, കോഴി വളർത്തുകേന്ദ്രങ്ങൾ, മീൻ വളർത്തൽ ഫാമുകൾ, പട്ടുനൂൽപ്പുഴ വളർത്തൽ (Sericulture) തുടങ്ങിയ ആവശ്യങ്ങൾക്കായും നൽകാറുണ്ട്.

കാർഷിക വൈദ്യുതി കണക്ഷനുകൾക്ക് ഘടപ്പിക്കുന്ന മീറ്ററും അനുബന്ധ ഉപകരണങ്ങളും സുരക്ഷിതമായി സ്ഥാപിക്കാൻ പമ്പ് ഹൗസ് അല്ലെങ്കിൽ വെയിലും മഴയും ഏൽക്കാൻ സാധിക്കാത്ത രീതിയിലുള്ള സംവിധാനം (എൻക്ലോഷർ) ആവശ്യമാണെന്ന് കെ.എസ്.ഇ.ബി. നിഷ്കർഷിക്കുന്നുണ്ട്.

(ഡി) സൗജന്യ കാർഷിക കണക്ഷനുകളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നത് കൃഷി വകുപ്പാണ്. ആയതിനാൽ കൃഷി വകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് കാർഷിക കണക്ഷനുകൾ കെ.എസ്.ഇ.ബി.എൽ. നൽകി വരുന്നത്. നിലവിൽ കാർഷിക വൈദ്യുതി കണക്ഷൻ നൽകുന്നതിന് കൃഷി വകുപ്പ് നിശ്ചയിച്ച മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1-8-1995 മുതൽ ഭൂപരിധിയില്ലാതെ നെൽകൃഷിക്കും 1-4-1997 മുതൽ 2 ഹെക്ടർ വരെയുള്ള കരഭൂമിയിലെ ഇതര വിളകളുടെ കൃഷിക്കും സൗജന്യ ഇതര വിളകളുടെ കൃഷിക്കും സൗജന്യ വൈദ്യുതി പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. ഒരു സെന്റ് മുതൽ 10 സെന്റ് വരെയുള്ള പോളി ഹൗസുകൾക്കും ഈ ആനുകൂല്യമുണ്ട്. പദ്ധതി പ്രകാരം താഴെപ്പറയുന്ന കർഷകർ ആനുകൂല്യത്തിന് അർഹരാണ്.

- 30 സെന്റിൽ കുറയാതെ കൈവശഭൂമിയുള്ളവരും അതിൽ 75 ശതമാനത്തിൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളതുമായ വ്യക്തികൾ
- 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ
- 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ

## വൈദ്യുതി കുടിശ്ശിക

235 (566) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സംരംഭകർ, ഗാർഹിക ഉപഭോക്താക്കൾ എന്നിവരിൽ നിന്നും കെ.എസ്.ഇ.ബി.യ്ക്ക് എത്രകോടി രൂപ വൈദ്യുതിചാർജ്ജ് ഇനത്തിൽ കുടിശ്ശികയായി ലഭ്യമാകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കേരളസർക്കാർ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി കുടിശ്ശിക ഇനത്തിൽ എത്രകോടി രൂപ പിരിച്ചെടുക്കാനുണ്ടെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) 31-12-2019-ലെ കണക്കുപ്രകാരം കെ.എസ്.ഇ.ബി.എൽ.-ന് സ്വകാര്യ സംരംഭകരിൽ നിന്ന് 741.92 കോടി രൂപയും ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് 234.04 കോടി രൂപയും കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്.

(ബി) 31-12-2019 വരെ കെ.എസ്.ഇ.ബി.എൽ.-ന് കേരള സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ആകെ 474.57 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

## ഊർജ്ജ ഉപഭോഗവും പ്രതിസന്ധിയും

236 (567) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വൈദ്യുതി പ്രതിസന്ധിയുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് കേരളത്തിന് പുറത്ത് നിന്നും വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ദീർഘകാല-ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിരുന്നോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത കരാറുകൾ സംസ്ഥാനം അഭിമുഖീകരിക്കുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് സഹായകമായിട്ടുണ്ടോ;

(ഡി) സംസ്ഥാനം വരൾച്ച നേരിടുന്ന സാഹചര്യത്തിൽ കൂടുതൽ വൈദ്യുതി പവർ എക്സ്ചേഞ്ച് മുഖേന വാങ്ങിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ എൽ.ഇ.ഡി ബൾബുകൾ നൽകിയതിലൂടെ ഊർജ്ജ ഉപഭോഗത്തിൽ വന്ന മാറ്റം എന്താണ് എന്ന് വ്യക്തമാക്കുമോ;

(എഫ്) ഫിലമെന്റ് ബൾബുകൾക്ക് ഈ വർഷം തന്നെ നിരോധനം ഏർപ്പെടുത്തുന്ന സാഹചര്യത്തിൽ കൂടുതൽ എൽ.ഇ.ഡി ബൾബുകൾ സൗജന്യ നിരക്കിൽ ഉപഭോക്താക്കൾക്ക് നൽകുന്നതിനും അതിലൂടെ വൈദ്യുതി ലാഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ വൈദ്യുതി പ്രതിസന്ധിയില്ല.

(ബി) മുൻ സർക്കാരിന്റെ കാലത്ത് കേരളത്തിന് പുറത്ത് നിന്നും വൈദ്യുതി വ്യാപാരികളിൽ നിന്നും ജനറേറ്റിംഗ് കമ്പനികളിൽ നിന്നും വൈദ്യുതി വാങ്ങൽ കരാറുകൾ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് ഒപ്പുവച്ചിട്ടുണ്ട്. ഇതിൽ 1315 മെഗാവാട്ട് (25 വർഷത്തേയ്ക്ക്) ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറിലാണ് ഏർപ്പെട്ടിട്ടുള്ളത്. (അനുബന്ധം*) കൂടാതെ (2014-2017) കാലയളവിലേയ്ക്ക് മധ്യകാലാടിസ്ഥാനത്തിൽ (400 മെഗാവാട്ട്) 2013-ൽ കരാറിൽ ഏർപ്പെടുകയുണ്ടായി. (അനുബന്ധം*)

ഇവയ്ക്കുപുറമേ സംസ്ഥാനത്തിന്റെ വർദ്ധിക്കുന്ന ഉപഭോഗത്തിനനുസൃതമായി ഒരു ദിവസം മുതൽ ഒരു വർഷം വരെയുള്ള കാലയളവിൽ വിവിധ ജനറേറ്ററുകളിൽ നിന്ന് ട്രേഡർമാർ മുഖേന ഹ്രസ്വകാലകരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. (അനുബന്ധം*)

(സി) സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗത്തിന്റെ ഏകദേശം 30 ശതമാനം മാത്രമേ ആഭ്യന്തര ഉല്പാദനം വഴി നിറവേറ്റാൻ സാധ്യമാകുന്നുള്ളൂ. അവശേഷിക്കുന്ന വൈദ്യുതി കേന്ദ്ര പൂളിൽ നിന്നും ദീർഘകാല കരാർ വഴിയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പവർ എക്സ്ചേഞ്ച് വഴിയും കണ്ടെത്തുകയാണ് ചെയ്യുന്നത്. ഇവകൂടാതെ അന്യസംസ്ഥാനങ്ങളിലെ വൈദ്യുതി വിതരണ സ്ഥാപനങ്ങളുമായി ബാങ്കിംഗ് കരാറുകളിൽ ഏർപ്പെട്ട് വൈദ്യുതി വാങ്ങിയും വർഷക്കാലത്ത് തിരിച്ച് നൽകിയും ഹ്രസ്വകാല കരാറുകളിലൂടെ വൈദ്യുതി വാങ്ങിയും ആവശ്യകത നിറവേറ്റുന്നു.

(ഡി) മേൽപ്പറഞ്ഞ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തിന്റെ ഉപഭോഗം നിറവേറ്റുന്നതിന്റെ ഭാഗമായി പവർ എക്സ്ചേഞ്ച് മുഖേനയും ആവശ്യാനുസരണം താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങുന്നുണ്ട്.

(ഇ&എഫ്) എൽ.ഇ.ഡി. ബൾബുകൾ കുറഞ്ഞ വിലയിൽ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം (FFK) പദ്ധതി. സംസ്ഥാനത്ത് മുഴുവൻ ഗാർഹിക ഉപഭോക്താക്കളുടെ ഫിലമെന്റ് ബൾബുകൾ, സി.എഫ്.എൽ. എന്നിവ മാറ്റി LED ബൾബുകളാക്കാൻ ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. കെ.എസ്.ഇ.ബി. കേരളത്തിലെ ഗാർഹിക ഉപഭോക്താക്കൾക്ക് ഡെൽപ്പ് (DELP) എന്ന പദ്ധതിയിലൂടെ 1.5 കോടി എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തിരുന്നു.

ഫിലമെന്റ് ബൾബുകൾക്ക് ഈ വർഷം നിരോധനം ഏർപ്പെടുത്തുന്ന സാഹചര്യത്തിൽ കേരളത്തിലെ ഗാർഹിക ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ ഗുണമേന്മ കൂടിയ 9 വാട്ട്സിന്റെ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നതിന് ലക്ഷ്യമിടുന്നു. ഇതിന്റെ ആദ്യഘട്ടമായി ഒരു കോടി എൽ.ഇ.ഡി. ബൾബുകൾ വാങ്ങുന്നതിന്റെ ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ ഒരു കോടി ബൾബുകൾ നൽകുന്നതിലൂടെ പ്രതിദിനം 4.8 ലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പഴയ ഫിലമെന്റ് ബൾബുകളും സി.എഫ്.എൽ.-ഉം തിരികെയെടുത്ത് സംസ്കരിക്കുന്നതിന് എനർജി മാനേജ്മെന്റ് സെന്ററിനെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

## സോളാർ വൈദ്യുതി ഉല്പാദനം

237 (568) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സോളാർ വൈദ്യുതി ഉല്പാദനം എത്രമാത്രം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സോളാർ വൈദ്യുതി

ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി 26 സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ.-ൽ പൂർത്തീകരിച്ചു (16.88 മെഗാവാട്ട്). ഇതുകൂടാതെ കൺസ്യൂമേഴ്സ് വഴി 63 മെഗാവാട്ടും സിയാൽ, അനെർട്ട്, IREDA, KMRL തുടങ്ങിയ സ്ഥാപനങ്ങൾ വഴി 97.84 മെഗാവാട്ടും കെ.എസ്.ഇ.ബി.-യുടെ ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ട്. അങ്ങനെ സോളാർ പ്ലാന്റ് ഉപയോഗിച്ചുള്ള ആകെ സ്ഥാപിതശേഷി 177 Mwp ആണ്. കൂടാതെ 27 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള പദ്ധതികളും പൂർത്തീകരിച്ചു.

ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. ഇതിൽ നിന്നുള്ള 0.02 മില്ല്യൺ യൂണിറ്റ്/ പ്രതിവർഷം വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് ലഭിച്ചുവരുന്നു. കൂടാതെ പാലക്കാട് ചിറ്റൂരിൽ മലയാള മനോരമയുടെ 10 മെഗാവാട്ട് പദ്ധതി ഗ്രിഡിലേയ്ക്ക് കണക്ട് ചെയ്തിട്ടുണ്ട്.

ഇതിനുപുറമേ, ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20-1-2020-ൽ ഒപ്പുവച്ചു. പണി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായി. പദ്ധതി നടത്തിപ്പിനായി West Kallada Non-Conventional Energy Promoters Private Limited (WKNCEPPL) എന്ന കമ്പനി കെ.എസ്.ഇ.ബി.-ക്ക് 25 വർഷത്തേയ്ക്ക് സ്ഥലം ലീസിന് നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ റിസർവോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വേ പ്രാരംഭദശയിലാണ്. കേന്ദ്രസർക്കാർ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (SECI) ഇടുക്കി റിസർവോയറിൽ 50 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തിവരുന്നു. SECI മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭദശയിലാണ്.

സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള റീ-ടെണ്ടർ നടപടികൾ എൻ.എച്ച്.പി.സി. സ്വീകരിച്ചുവരുന്നു.

കൂടാതെ സ്വകാര്യസംരംഭകരായ രാമക്കൽമേട് പ്രൈവറ്റ് ലിമിറ്റഡ് 2 മെഗാവാട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

അനെർട്ട്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സോളാർ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പുരപ്പുറ വൈദ്യുതി നിലയങ്ങളിലൂടെ 8.5 മെഗാവാട്ട് സൗര വൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ അനെർട്ട് വഴി സാധിച്ചിട്ടുണ്ട്. ഇതിനായി അനെർട്ടിന്റെ ചുവടെ പറയുന്ന പദ്ധതികൾ സഹായകരമായിട്ടുണ്ട്.

(1) " ബൈ മൈ സൺ" വെബ് പോർട്ടൽ:

ഗുണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇല്ക്ട്രോണിക് മാർക്കറ്റ് പ്ലേയ്സായ " ബൈ മൈ സൺ" (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

(2) കൺസൽട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ :

സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കൺസൽട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ അനെർട്ട് ചെയ്യുന്നുണ്ട്. ആകെ ഒരു മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് പദ്ധതി അനെർട്ട് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

(3) ഗ്രിഡ് കണക്ടഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി:

ഗ്രിഡ് ബന്ധിത (ഓൺഗ്രിഡ്) സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുകയും ഉപയോഗശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നതുമാണ് പ്രസ്തുത പദ്ധതി.

(4) ഓഫ്ഗ്രിഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി:

ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി.

## പുരപ്പുറ സോളാർ വൈദ്യുത പദ്ധതി

238 (569) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോളാർ വൈദ്യുതി ഉൽപാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വൈദ്യുതി വകുപ്പ് ഏതെല്ലാം തരത്തിലുള്ള സബ്സിഡികളാണ് നൽകിവരുന്നത്; വിശദമാക്കുമോ;

(ബി) പുരപ്പുറ സോളാർ വൈദ്യുത പദ്ധതി പ്രകാരം നാളിതുവരെ എത്രപേർക്ക് ആനുകൂല്യം ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ രണ്ടാം ഘട്ട സബ്സിഡി പ്രോഗ്രാമിന്റെ ഭാഗമായും സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെയും കെ.എസ്.ഇ.ബി. ഉപഭോക്താക്കൾക്കായി നടപ്പാക്കുന്ന പദ്ധതിയാണിത്. എം.എൻ.ആർ.ഇ. നിഷ്കർഷിക്കുന്ന സബ്സിഡി മോഡലിന് പുറമെനിന്ന് ഹൈബ്രിഡ് മോഡലുകൾ കൂടി ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള ജനങ്ങളെ കൂടി സംസ്ഥാനത്തിന്റെ അക്ഷയോർജ്ജ ഉല്പാദനത്തിന്റെ ഭാഗമാക്കി മാറ്റും വിധമാണ് ഈ പദ്ധതി രൂപപ്പെടുത്തിയിരിക്കുന്നത്.

കേരള സൗരോർജ്ജ മോഡലുകളും യോഗ്യതയും

മോഡൽ-1

| മോഡൽ | നിലയത്തിന്റെ ശേഷി | യോഗ്യത (ശരാശരി വൈദ്യുതി ഉപഭോഗം) | ഉപഭോക്താവിന്റെ മുടക്കുമുതൽ (ആകെ മുടക്കുമുതലിന്റെ %) | ഉപഭോക്താവിന് ലഭിക്കുന്നത് (ഉല്പാദനത്തിന്റെ %) |
|---|---|---|---|---|
| 1 എ | 2/3 KWp | 120 യൂണിറ്റ് വരെ | 12 | 25 |
| 1 ബി | 2/3 KWp | 150 യൂണിറ്റ് വരെ | 20 | 40 |
| 1 സി | 2/3 KWp | 200 യൂണിറ്റ് വരെ | 25 | 50 |

മോഡൽ-2

| മോഡൽ | നിലയത്തിന്റെ ശേഷി | യോഗ്യത (ശരാശരി വൈദ്യുതി ഉപഭോഗം) | ലഭ്യമാകുന്ന സബ്സിഡി (ശതമാനത്തിൽ) |
|---|---|---|---|
| 2 | 3 Kwp വരെ | എല്ലാവർക്കും | 40% |
| 2 | 3 Kwp-ക്ക് മുകളിൽ 10 Kwp വരെ | എല്ലാവർക്കും | ആദ്യത്തെ 3 Kwp വരെ 40%, പിന്നെ അധികം വരുന്ന ഓരോ Kwp-ക്കും 20% |
| 2 | 10 Kwp-ക്ക് മുകളിൽ | എല്ലാവർക്കും | ആദ്യ 10 Kwp-ക്ക് 26% അധികം വരുന്നതിന് സബ്സിഡി ഇല്ല. |

ഈ മോഡലിൽ സബ്സിഡി കഴിഞ്ഞുള്ള മുതൽമുടക്ക് ഉപഭോക്താവ് നടത്തേണ്ടതാണ്. നിലയത്തിന്റെ ഉടമസ്ഥതയും അതുകൊണ്ടുതന്നെ ഉല്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും ഉപഭോക്താവിനായിരിക്കും.

സോളാർ വൈദ്യുതി ഉല്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അനെർട്ട് മുഖേന നൽകുന്ന സബ്സിഡി സ്കീമുകൾ ചുവടെ ചേർക്കുന്നു.

(1) ഓഫ്ഗ്രിഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി:

സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30 ശതമാനമാണ് സബ്സിഡിയായി നൽകുന്നത്.

(2) പ്രധാൻമന്ത്രി കിസാൻ ഊർജ്ജ സുരക്ഷ ഏവം ഉദ്ധാൻ മഹാഭിയാൻ (PM- Kusum) പദ്ധതി

പ്രസ്തുത പദ്ധതിക്ക് (എ), (ബി), (സി) എന്നീ മൂന്ന് ഘടകങ്ങളാണുള്ളത്. ഇതിൽ ഘടകം (ബി)-യും (സി)-യും അനെർട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ഘടകം (ബി): ഈ പദ്ധതി പ്രകാരം നിലവിൽ കർഷകർ ഉപയോഗിക്കുന്ന ഡീസൽ പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്നതിനും, കൂടാതെ വൈദ്യുതി ഇല്ലാത്ത സ്ഥലങ്ങളിൽ കർഷകർക്ക് standalone സോളാർ പമ്പുകൾ സ്ഥാപിക്കുന്നതിനും കേന്ദ്ര സർക്കാർ 30% സബ്സിഡി നൽകുന്നു. സംസ്ഥാന സർക്കാരിന്റെ 30% സബ്സിഡിയും കഴിച്ച് ബാക്കി 40% ഗുണഭോക്തൃ വിഹിതം നൽകുന്ന കർഷകർക്ക് ഈ പദ്ധതി പ്രകാരം സോളാർ പമ്പ് സ്ഥാപിക്കാവുന്നതാണ്.

ഘടകം (സി): ഈ പദ്ധതി പ്രകാരം നിലവിൽ കെ.എസ്.ഇ.ബി.എൽ. മുഖേനയുള്ള വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന കാർഷിക കണക്ഷനുള്ള പമ്പുകൾ 30% കേന്ദ്ര സർക്കാർ സബ്സിഡിയും 30% സംസ്ഥാന സർക്കാർ സബ്സിഡിയോടുംകൂടി സോളാറിലേയ്ക്ക് മാറ്റി നൽകുന്നതാണ്. 40% ഗുണഭോക്തൃ വിഹിതമാണ്. സോളാറിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് പമ്പ് സെറ്റ് പ്രവർത്തിപ്പിച്ചശേഷം മിച്ചമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുക വഴി കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതാണ്. പ്രസ്തുത പദ്ധതിക്കായി സംസ്ഥാനതലത്തിൽ കർഷകരിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. സമയബന്ധിതമായി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കെ.എസ്.ഇ.ബി.എൽ. പുരപ്പുറ സോളാർ വൈദ്യുതി പദ്ധതി പ്രകാരം ആർക്കും ആനുകൂല്യം ലഭ്യമാക്കിയിട്ടില്ല. 42489 അപേക്ഷകരെ തെരഞ്ഞെടുത്തിട്ടുണ്ട്. അനെർട്ട് വഴി ഇതുവരെ 15164 (with subsidy) പുരപ്പുറ വൈദ്യുത പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) റ്റാറ്റാ പവർ സോളാർ സിസ്റ്റം ലിമിറ്റഡ് -മുംബൈ, ഇൻകെൽ ലിമിറ്റഡ്-കൊച്ചി, വാരി എഞ്ചിനീയറിംഗ് ലിമിറ്റഡ്-മുംബൈ എന്നീ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

**സൗര പദ്ധതി**

239 (570) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സൗര പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതി എന്നാണ് വിഭാവനം ചെയ്തത്; അതിന്റെ പുരോഗതി വ്യക്തമാക്കുമോ;

(സി) സൗര പദ്ധതിയിൽ അപേക്ഷ സമർപ്പിച്ചവർക്ക് ഇതിനോടകം സോളാർ പാനലുകൾ ലഭ്യമാക്കിയിട്ടുണ്ടോ; ഇതിലൂടെ എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) സൗര പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന ഊർജ്ജ കേരള മിഷന്റെ ഭാഗമായി പ്രഖ്യാപിച്ച 'സൗര' പദ്ധതിയിലൂടെ കേരളത്തിലെ സൗരോർജ്ജ വൈദ്യുതി ഉല്പാദനം 1000 മെഗാവാട്ടിൽ എത്തിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി പുരപ്പുറ സൗരോർജ്ജ നിലയങ്ങളിൽ നിന്നും 500 മെഗാവാട്ട് വൈദ്യുതിയും ഫ്ലോട്ടിംഗ് സോളാർ നിലയങ്ങളിൽ നിന്നും 150 മെഗാവാട്ട് വൈദ്യുതിയും സൗരോർജ്ജ പാർക്കിൽ നിന്നും 100 മെഗാവാട്ട് വൈദ്യുതിയും വൈദ്യുതി വാങ്ങൽ കരാറിലൂടെ 200 മെഗാവാട്ട് വൈദ്യുതിയും മറ്റ് മാർഗ്ഗങ്ങളിലൂടെ 50 മെഗാവാട്ട് വൈദ്യുതിയും ഉല്പാദിപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ജൂൺ 2018-ലാണ് 'സൗര' പദ്ധതി വിഭാവനം ചെയ്തത്. ഒന്നാം ഘട്ടമായ 50 മെഗാവാട്ടിലെ പണികൾ തുടങ്ങുന്നതിന് ഓർഡർ നൽകി. രണ്ടാം ഘട്ടത്തിന്റെ റീ-ടെണ്ടറിംഗ് പുരോഗമിക്കുന്നു. ഗാർഹിക ഉപഭോക്താക്കൾക്കുള്ള സബ്സിഡി പദ്ധതിയുടെ രജിസ്ട്രേഷനും പുരോഗമിക്കുന്നു.

(സി) ഇല്ല. സോളാർ പാനലുകൾ ലഭ്യമാക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു. 1000 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

### തരിശ് ഭൂമിയിൽ സോളാർ പാനൽ

240 (571) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശ് ഭൂമിയിൽ സോളാർ പാനൽ സ്ഥാപിച്ച് കർഷകർക്ക് വരുമാനം ഉണ്ടാക്കുന്ന പദ്ധതി കെ.എസ്.ഇ.ബി. ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ;

(സി) 500 കിലോവാട്ടിന്റെ സോളാർ നിലയം സ്ഥാപിക്കുവാൻ എത്ര തുക ചെലവാകുമെന്നും ഒരു യൂണിറ്റ് വൈദ്യുതി, കർഷകരിൽ നിന്നും കെ.എസ്.ഇ.ബി. എത്ര തുകയ്ക്കാണ് വാങ്ങുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം സോളാർ നിലയം സ്ഥാപിക്കുന്നതിന് സബ്സിഡി അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ സഹായം ലഭ്യമാണോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കർഷകരുടെ തരിശ് ഭൂമിയിൽ സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉല്പാദനത്തിലൂടെ കൃഷിക്കാർക്ക് അധിക വരുമാനമുണ്ടാക്കുന്ന പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. കേന്ദ്ര പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരമാണ് 'പ്രധാൻ മന്ത്രി കിസാൻ ഊർജ്ജ സുരക്ഷ ഏവം ഉദ്ധാൻ മഹാഭിയാൻ' (പി.എം.-കുസും) എന്ന ഈ പദ്ധതി നടപ്പാക്കുന്നത്.

കർഷകരുടെ കൃഷിയോഗ്യമല്ലാത്തതോ തരിശായതോ ആയ ഭൂമിയിലോ കൃഷിക്ക് കോട്ടം തട്ടാത്ത വിധത്തിൽ കൃഷി ഭൂമിയിലോ 500 കിലോവാട്ട് മുതൽ 2 മെഗാവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുകയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

കർഷകർക്ക് സ്വന്തം നിലയ്ക്കോ കുറച്ചുപേർ ചേർന്നോ/ കോ-ഓപ്പറേറ്റീവ്സ്/പഞ്ചായത്ത്/ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ/വാട്ടർ യൂസർ ഓർഗനൈസേഷൻ എന്നീ ഏതെങ്കിലും നിലയിലോ പദ്ധതിയിൽ പങ്കുചേരാവുന്നതാണ്.

താഴെപ്പറയുന്ന 2 മോഡലുകളിലൂടെയാണ് ഈ പദ്ധതി നടപ്പാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. ഉദ്ദേശിക്കുന്നത്.

മോഡൽ 1: കർഷകർക്ക് സ്വന്തം ചെലവിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് അതിൽനിന്ന് ലഭിക്കുന്ന സൗരോർജ്ജം കെ.എസ്.ഇ.ബി.എൽ.-ന് വിൽക്കാം.

മോഡൽ 2: കർഷകരുടെ തരിശ് ഭൂമി പാട്ടത്തിനെടുത്ത് സൗരനിലയം സ്ഥാപിക്കാനാവശ്യമായ മുതൽമുടക്ക് പൂർണ്ണമായും കെ.എസ്.ഇ.ബി.എൽ. നടത്തും കർഷകരുടെ ഭൂമിയിൽ കെ.എസ്.ഇ.ബി.എൽ. സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുകയും അതിൽ നിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് 10 പൈസ എന്ന നിരക്കിൽ 25 വർഷത്തേയ്ക്ക് സ്ഥല വാടക നൽകുന്നതുമാണ്.

(ബി) ഈ പദ്ധതിയിലൂടെ 10 മെഗാവാട്ട് വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിടുന്നത്. ഇതിനായുള്ള അനുമതി കേന്ദ്ര പുനരുപയോഗ മന്ത്രാലയത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്.

(സി) 500 കിലോവാട്ടിന്റെ സോളാർ നിലയം സ്ഥാപിക്കാൻ ഏകദേശം 2.75 കോടി രൂപ ചെലവ് വരാം. ഈ പദ്ധതി പ്രകാരം സ്ഥാപിക്കുന്ന സൗരോർജ്ജ നിലയത്തിൽ നിന്നും വാങ്ങുന്ന ഒരു യൂണിറ്റ് വൈദ്യുതിക്ക് ഏകദേശം 3 രൂപ 50 പൈസ വരെ ലഭിക്കും.

(ഡി) ഈ പദ്ധതി പ്രകാരം സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന് കർഷകർക്ക് സബ്സിഡിയൊന്നും അനുവദിച്ചിട്ടില്ല.

(ഇ) ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് പ്രോത്സാഹനമായി കെ.എസ്.ഇ.ബി.എൽ.-ന് യൂണിറ്റിന് 40 പൈസ കേന്ദ്ര പുനരുപയോഗ മന്ത്രാലയത്തിൽ നിന്നും 5 വർഷത്തേയ്ക്ക് ലഭ്യമാക്കുന്നതാണ്.

**പൈവളിഗെ ഗ്രാമപഞ്ചായത്തിൽ സോളാർ പാനൽ**

241 (572) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ പൈവളിഗെ ഗ്രാമപഞ്ചായത്തിൽ 200 ഏക്കറോളം സർക്കാർ ഭൂമി സോളാർ പാനൽ നടപ്പിലാക്കുന്നതിനായി നൽകിയത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ ;

(ബി) സോളാർ പാനൽ സ്ഥാപിക്കുന്നത് ഏത് കമ്പനിയാണെന്നും സർക്കാരും പ്രസ്തുത കമ്പനിയും തമ്മിലുള്ള കരാറിന്റെ വിശദാംശങ്ങളും വ്യക്തമാക്കാമോ;

(സി) സോളാർപാനൽ പൂർത്തിയാകുന്നതോടെ വൈദ്യുതി ബോർഡിന് ലഭിക്കുന്ന ഗുണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പൈവളിഗെ ഗ്രാമപഞ്ചായത്തിൽ 50 മെഗാവാട്ട് സോളാർ പദ്ധതി നടപ്പാക്കുന്നതിനായി 250 ഏക്കർ ഗവൺമെന്റ് അധീനതയിലുള്ള തരിശുഭൂമി G.O.(MS)No.464/2018/RD dated 11-2-2018 പ്രകാരം കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന് പാട്ടത്തിന് നൽകിയിട്ടുണ്ട്. ഈ ഭൂമി കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് ഉപപാട്ടത്തിന് കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന് പങ്കാളിത്തമുള്ള റിന്യൂവബിൾ പവർ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (RPCKL)-ന് പ്രസ്തുത സോളാർ പാർക്ക് സ്ഥാപിച്ച് കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന് നൽകുന്നതിലേയ്ക്കായി 1-2-2019-ലെ കരാർ പ്രകാരം നൽകിയിട്ടുണ്ട്.

(ബി) Tehri Hydro Development Corporation of India Limited (THDCIL) എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനമാണ് MoU വഴി പദ്ധതി നടപ്പാക്കുന്നത്. സർക്കാരിനുവേണ്ടി കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് പ്രസ്തുത സ്ഥാപനവുമായി യൂണിറ്റിന് 3.10 രൂപ നിരക്കിൽ വൈദ്യുതി വാങ്ങാനുള്ള കരാർ 16-1-2019-ന് ഒപ്പുവച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുവഴി ദിനംപ്രതി 2.75 ലക്ഷം യൂണിറ്റ് വൈദ്യുതി പുനരുപയോഗ സ്രോതസ്സിൽ നിന്നും ഉല്പാദിപ്പിക്കാനും പ്രസരണ നഷ്ടം കുറയ്ക്കാനുമാകും. കൂടാതെ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന് നിയമപ്രകാരം ആവശ്യമായ Renewable Power Obligation (RPO) നിറവേറ്റാനും Central Financial Assistance (CFA) വഴി 8 ലക്ഷം രൂപ/മെഗാവാട്ട് എന്ന തോതിൽ ഗ്രാന്റ് ലഭ്യമാക്കാനും സാധിക്കും. കൂടാതെ മറ്റ് ജനറേഷൻ സ്റ്റേഷനുകൾ ഒന്നുമില്ലാത്ത വടക്കൻ ജില്ലകളായ കാസർഗോഡ്, കണ്ണൂർ മേഖലകളിൽ കുറഞ്ഞ ചെലവിൽ കൂടുതൽ വൈദ്യുത ലഭ്യത ഉറപ്പാക്കാനും ഗുണമേന്മയുള്ള വൈദ്യുതി നൽകാനും പ്രസ്തുത പദ്ധതി ഉപകരിക്കും. ഇപ്പോൾ കർണ്ണാടകയിൽ നിന്നും ഈ മേഖലയിൽ ലഭിച്ചുവരുന്ന വൈദ്യുതിക്ക് തടസ്സമുണ്ടായാലും ഇത്തരം സ്രോതസ്സ് വരുന്നതിനാൽ പകൽ സമയങ്ങളിൽ വൈദ്യുതിക്ക് തടസ്സമുണ്ടാകില്ല.

**പുരപ്പുറ സോളാർ പദ്ധതി**

242 (573) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) നിലവിൽ എത്ര പേരാണ് പ്രസ്തുത പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്; അതിൽ എത്ര പേരെയാണ് തെരഞ്ഞെടുത്തത്;

(സി) പ്രസ്തുത പദ്ധതിയിൽ കൂടി ഈ വർഷം എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പുരപ്പുറ സോളാർ പദ്ധതിയിലേയ്ക്ക് ആകെ 278264 ഉപഭോക്താക്കളാണ് അപേക്ഷ നൽകിയിട്ടുള്ളത്. കെ.എസ്.ഇ.ബി.-യുടെ സോളാർ കോ-ഓർഡിനേറ്റർമാർ ഉപഭോക്താക്കളുടെ സ്ഥലങ്ങൾ സന്ദർശിച്ചുനടത്തിയ പ്രാഥമിക സാധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ 42489 പുരപ്പുറങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്.

സുതാര്യമായ ടെണ്ടർ നടപടിക്രമങ്ങളിലൂടെ സൗരോർജ്ജ പദ്ധതിയുടെ ആദ്യഘട്ടമായ 46.5 മെഗാവാട്ടിന്റെ കരാറുകാരെ നിശ്ചയിക്കാനുള്ള നടപടി പൂർത്തിയായി വരുന്നു.

(ബി) 278264 പേർ അപേക്ഷ നൽകിയതിൽ 42489 ഉപഭോക്താക്കളെ തെരഞ്ഞെടുത്തു.

(സി) ഈ വർഷം ആദ്യഘട്ട ടെണ്ടറിലൂടെ 46.5 മെഗാവാട്ടും സബ്സിഡി പദ്ധതിയിലൂടെ 50 മെഗാവാട്ടും റീ-ടെണ്ടറിംഗിലൂടെ 60 മെഗാവാട്ടും വൈദ്യുതി ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

## പുരപ്പുറ സോളാർ പദ്ധതി

243 (574) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗര പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പുരപ്പുറ സോളാർ പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പുരപ്പുറ സോളാർ പദ്ധതിയുടെ നേട്ടങ്ങളും ലക്ഷ്യങ്ങളും സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

(സി) തെരുവു വിളക്കുകളും മറ്റും പരമാവധി സോളാറിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുരപ്പുറ സോളാർ പദ്ധതിയിലേയ്ക്ക് ആകെ 278264 ഉപഭോക്താക്കളാണ് അപേക്ഷ നൽകിയിട്ടുള്ളത്. കെ.എസ്.ഇ.ബി.-യുടെ സോളാർ കോർഡിനേറ്റർമാർ ഉപഭോക്താക്കളുടെ സ്ഥലങ്ങൾ സന്ദർശിച്ചുനടത്തിയ പ്രാഥമിക സാധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ 42489 പുരപ്പുറങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്.

സുതാര്യമായ ടെണ്ടർ നടപടിക്രമങ്ങളിലൂടെ സൗരോർജ്ജ പദ്ധതിയുടെ ആദ്യഘട്ടമായ 46.5 മെഗാവാട്ടിന്റെ കരാറുകാരെ നിശ്ചയിക്കാനുള്ള നടപടി പൂർത്തിയായി വരുന്നു.

ജൂലൈ 2020-ന് പദ്ധതി പൂർത്തിയാക്കാൻ സാധിക്കുമെന്ന് കരുതുന്നു.

(ബി) സെക്ഷൻ ഓഫീസ്/കെ.എസ്.ഇ.ബി. സോഷ്യൽ മീഡിയ എന്നിവയിലൂടെ പൊതുജനങ്ങൾക്ക് 'സൗര' പദ്ധതിയുടെ നേട്ടങ്ങൾ പങ്കുവച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

## സോളാർ വൈദ്യുത പദ്ധതി

244 (575) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസ് കെട്ടിടങ്ങൾക്ക് മുകളിൽ സോളാർ പാനൽ ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന നിലമ്പൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന് മുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം പദ്ധതികൾ ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സർക്കാർ ഓഫീസ് കെട്ടിടങ്ങൾക്ക് മുകളിൽ സോളാർ പാനൽ ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 'സൗര' പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സർക്കാർ ഓഫീസ് കെട്ടിടങ്ങൾക്ക് മുകളിൽ സോളാർ പാനൽ ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതാണ് ഓഫ്ഗ്രിഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30 ശതമാനമാണ് സബ്സിഡിയായി നൽകുന്നത്. ബാക്കി തുക അതാത് സ്ഥാപനം വഹിക്കണം.

(ബി) കെട്ടിടനിർമ്മാണം പൂർത്തിയാക്കിയതിനുശേഷം കെ.എസ്.ഇ.ബി. എൽ.-നെ വിവരമറിയിക്കുന്ന മുറയ്ക്ക് സാധ്യതാ പഠനം നടത്തിയ ശേഷം, 'സൗര' പദ്ധതി പ്രകാരമുള്ള സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്ന ഓഫ്ഗ്രിഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി അനെർട്ട് വഴിയാണ് നടപ്പാക്കുന്നത്. ഓൺഗ്രിഡ് പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. മുഖാന്തരവും അനെർട്ട് മുഖാന്തരവും നടപ്പിലാക്കുന്നുണ്ട്.

## പുരപ്പുറ സൗരോർജ്ജ പദ്ധതി

245 (576) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതിക്കായി 200 മെഗാവാട്ട് ശേഷിയുള്ള നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഏതൊക്കെ കമ്പനികളാണ് കരാർ നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ അപേക്ഷ നൽകിയ അപേക്ഷകരിൽ നിന്നും എത്ര പേരെ ഇതിനകം തെരഞ്ഞെടുത്തു; ഇതിനുള്ള മാനദണ്ഡം എന്താണ്;

(ഡി) ഈ പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേക്കെന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് അതിലൂടെ ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ആദ്യഘട്ടമായി 6-9-2019-ൽ ടെണ്ടർ ചെയ്ത 200 മെഗാവാട്ടിൽ 46.5 മെഗാവാട്ടിന് ഓർഡർ നൽകിയിട്ടുണ്ട്. ശേഷിച്ച 150 മെഗാവാട്ടിൽ 90 മെഗാവാട്ട്, പത്ത് കിലോവാട്ടിന് താഴെയുള്ള സൗരനിലയങ്ങളാണ്. ഇവ MNRE ആവിഷ്കരിച്ചിട്ടുള്ള സബ്സിഡി പദ്ധതി മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. 60 മെഗാവാട്ടിന്റെ റി-ടെണ്ടറിംഗ് പുരോഗമിച്ചു വരുന്നു.

(ബി) ടാറ്റാ പവർ സോളാർ സിസ്റ്റം ലിമിറ്റഡ് -മുംബൈ, ഇൻകെൽ ലിമിറ്റഡ്-കൊച്ചി, വാരി എഞ്ചിനീയറിംഗ് ലിമിറ്റഡ്-മുംബൈ എന്നീ കമ്പനികളാണ് കരാർ നൽകിയിട്ടുള്ളത്.

2020 ജനുവരി 22-ന് റ്റാറ്റാ പവർ സോളാർ സിസ്റ്റം ലിമിറ്റഡ്, മുംബൈ കരാറിൽ ഒപ്പുവച്ചു. ഇൻകെൽ, കൊച്ചി, വാരി എഞ്ചിനീയറിംഗ്, മുംബൈ എന്നീ കമ്പനികൾ ഉടനെ ഒപ്പുവയ്ക്കുന്നതാണ്.

(സി) ആദ്യഘട്ടത്തിൽ 42489 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്.

മേൽക്കൂരയുടെ വിസ്തൃതി, മേൽക്കൂരയുടെ സ്വഭാവം, തടസ്സമില്ലാത്ത സൂര്യപ്രകാശ ലഭ്യത, ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഗ്രിഡിലേയ്ക്ക് കടത്തിവിടാനുള്ള സൗകര്യം തുടങ്ങിയവയാണ് ഇതിനുള്ള മാനദണ്ഡം.

(ഡി) കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല.

(ഇ) രണ്ടാം ഘട്ടത്തിൽ 300 മെഗാവാട്ട് ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

ഒന്നാം ഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന മുറയ്ക്ക് രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**കായംകുളം താപനിലയത്തിലെ സോളാർ പ്ലാന്റ്**

246 (577) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപവൈദ്യുത നിലയത്തിലെ സൗരോർജ്ജ പ്ലാന്റിൽ നിന്ന് സോളാർ വൈദ്യുതി വാങ്ങുന്നതിന് എൻ.റ്റി.പി.സി. യുമായി കരാറിൽ എത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കായംകുളം താപനിലയത്തിൽ നിർമ്മിക്കുന്ന സോളാർ പ്ലാന്റ് സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത സോളാർ പ്ലാന്റിന്റെ നിർമ്മാണം എന്നു പൂർത്തിയാകുമെന്നും ആയതിൽ നിന്നുള്ള വൈദ്യുതി എന്നു ലഭ്യമാകുമെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കരാറിലെ വൈദ്യുതി നിരക്ക് എത്രയാണെന്നും വൈദ്യുതി എത്രകാലത്തേയ്ക്ക് ലഭ്യമാകുമെന്നും അറിയിക്കുമോ?

ഉത്തരം

(എ) കായംകുളം താപനിലയത്തിലെ സൗരോർജ്ജ പ്ലാന്റിൽ നിന്ന് 92 മെഗാവാട്ട് സോളാർ വൈദ്യുതി വാങ്ങുന്നതിന് 28-8-2019-ൽ NTPC-യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി) എൻ.ടി.പി.സി.-യുടെ അധീനതയിലുള്ള കായംകുളം താപനിലയം സ്ഥിതിചെയ്യുന്ന പ്രദേശത്തെ കായലിൽ 92 മെഗാവാട്ട് ശേഷിയുള്ള ഒരു ഫ്ലോട്ടിംഗ് സോളാർ പദ്ധതിയാണ് നിർമ്മിക്കുന്നത്. പ്രസ്തുത നിലയത്തിൽനിന്നും

ഉല്പാദിപ്പിക്കുന്ന വൈദ്യുതി പൂർണ്ണമായും വാങ്ങാൻ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, എൻ.ടി.പി.സി-യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(സി) എൻ.ടി.പി.സി. നിർമ്മിക്കുന്ന പ്രസ്തുത ഫ്ലോട്ടിംഗ് സോളാർ പദ്ധതിയുടെ നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്. 2021-ൽ നിർമ്മാണം പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) പ്രസ്തുത 92 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതിയുടെ വൈദ്യുതി നിരക്ക് 3 രൂപ 16 പൈസയിൽ അധികരിക്കാത്ത നിലയിൽ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ നിശ്ചയിക്കുന്ന പ്രകാരമായിരിക്കും. ഈ പദ്ധതിയുടെ കാലാവധി 25 വർഷമാണ്.

## സൗരോർജ്ജ വൈദ്യുത പദ്ധതികൾ

247 (578) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായുള്ള പദ്ധതികളുടെ വിപുലീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; വിശദവിവരം നൽകുമോ?

### ഉത്തരം

(എ) സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായുള്ള പദ്ധതികളുടെ വിപുലീകരണത്തിനായി 26 സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ചു (16.88 മെഗാവാട്ട്). ഇതുകൂടാതെ കൺസ്യൂമേഴ്സ് വഴി 63 മെഗാവാട്ടും സിയാൽ, അനെർട്ട്, IREDA, KMRL തുടങ്ങിയ സ്ഥാപനങ്ങൾ വഴി 97.84 മെഗാവാട്ടും കെ.എസ്.ഇ.ബി.-യുടെ ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ട്. അങ്ങനെ സോളാർ പ്ലാന്റ് ഉപയോഗിച്ചുള്ള ആകെ സ്ഥാപിതശേഷി 177 MWp ആണ്.

ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. ഇതിൽ നിന്നുള്ള 0.02 മില്ല്യൺ യൂണിറ്റ്/പ്രതിവർഷം വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് ലഭിച്ചുവരുന്നു.

ഇതിനുപുറമെ, ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20-1-2020-ൽ ഒപ്പുവച്ചു. പണി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായി. പദ്ധതി നടത്തിപ്പിനായി West Kallada Non-Conventional Energy Promoters Private Limited (WKNCEPPL) എന്ന കമ്പനി കെ.എസ്.ഇ.ബി.-ക്ക് 25 വർഷത്തേയ്ക്ക് സ്ഥലം ലീസിന് നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ റിസർവോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വേ പ്രാരംഭദശയിലാണ്. കേന്ദ്രസർക്കാർ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (SECI) ഇടുക്കി റിസർവോയറിൽ 50 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തിവരുന്നു. SECI മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭദശയിലാണ്.

സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായുള്ള പദ്ധതികളുടെ വിപുലീകരണത്തിനായി അനെർട്ട് മുഖേന ചുവടെപറയുന്ന കാര്യങ്ങൾ ചെയ്യുന്നു.

(1) <u>സൗര-ഊർജ്ജ കേരള മിഷൻ</u>:

പ്രസ്തുത പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽ നിന്നും ഉല്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ് നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാനും ലക്ഷ്യമിടുന്നു.

(2) " <u>ബൈ മൈ സൺ" വെബ് പോർട്ടൽ</u>:

ഉപഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സായ " ബൈ മൈ സൺ" (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

(3) <u>കൺസൽട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ</u> :

സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കൺസൽട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ അനെർട്ട് ചെയ്യുന്നുണ്ട്. ആകെ ഒരു മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് പദ്ധതി അനെർട്ട് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

(4) <u>പൊതു സ്ഥാപനങ്ങളിൽ സൗര നിലയം സ്ഥാപിക്കുന്ന പദ്ധതി</u> :

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കുവാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടറേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്.

(5) <u>ഗ്രിഡ് കണക്ടഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി</u>:

ഗ്രിഡ് ബന്ധിത (ഓൺഗ്രിഡ്) സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുകയും ഉപയോഗശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് പ്രസ്തുത പദ്ധതി.

(6) <u>ഓഫ്ഗ്രിഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി</u>:

സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30 ശതമാനമാണ് സബ്സിഡിയായി നൽകുന്നത്.

(7) <u>പ്രധാൻ മന്ത്രി കിസാൻ ഊർജ്ജ സുരക്ഷ ഏവം ഉദ്ധാൻ മഹാഭിയാൻ (PM- Kusum) പദ്ധതി</u>

പ്രസ്തുത പദ്ധതിക്ക് മൂന്ന് ഘടകങ്ങളാണുള്ളത്.

ഘടകം (എ): ഇത് കെ.എസ്.ഇ.ബി.എൽ. ആണ് നടത്തുന്നത്.

ഘടകം (ബി): ഇത് നിലവിൽ കർഷകർ ഉപയോഗിക്കുന്ന ഡീസൽ പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്നതിനും, കൂടാതെ വൈദ്യുതി ഇല്ലാത്ത സ്ഥലങ്ങളിൽ കർഷകർക്ക് standalone സോളാർ പമ്പുകൾ സ്ഥാപിക്കുന്നതിനും കേന്ദ്ര സർക്കാർ

30% സബ്സിഡി നൽകുന്നു. സംസ്ഥാന സർക്കാരിന്റെ 30% സബ്സിഡിയും കഴിച്ച് ബാക്കി 40% ഗുണഭോക്തൃ വിഹിതം നൽകുന്ന കർഷകർക്ക് ഈ പദ്ധതി പ്രകാരം സോളാർ പമ്പ് സ്ഥാപിക്കാവുന്നതാണ്.

ഘടകം (സി): ഇതുപ്രകാരം നിലവിൽ കെ.എസ്.ഇ.ബി.എൽ. മുഖേനയുള്ള വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന കാർഷിക കണക്ഷനുള്ള പമ്പുകൾ 30% കേന്ദ്ര സർക്കാർ സബ്സിഡിയും 30% സംസ്ഥാന സർക്കാർ സബ്സിഡിയോടുംകൂടി സോളാറിലേയ്ക്ക് മാറ്റി നൽകുന്നതാണ്. 40% ഗുണഭോക്തൃ വിഹിതമാണ്. സോളാറിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് പമ്പ് സെറ്റ് പ്രവർത്തിപ്പിച്ചശേഷം മിച്ചമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുകവഴി കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതാണ്. പ്രസ്തുത പദ്ധതിക്കായി സംസ്ഥാനതലത്തിൽ കർഷകരിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. സമയബന്ധിതമായി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ രണ്ടാംഘട്ട സബ്സിഡി പ്രോഗ്രാമിന്റെ ഭാഗമായും സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെയും കെ.എസ്.ഇ.ബി. എൽ. ഉപഭോക്താക്കൾക്കായി നടപ്പാക്കുന്ന പദ്ധതിയാണിത്. എം.എൻ.ആർ.ഇ. നിഷ്കർഷിക്കുന്ന സബ്സിഡി മോഡലിന് പുറമെ മൂന്ന് ഹൈബ്രിഡ് മോഡലുകൾ കൂടി ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള ജനങ്ങളെക്കൂടി സംസ്ഥാനത്തിന്റെ അക്ഷയോർജ്ജ ഉല്പാദനത്തിന്റെ ഭാഗമാക്കി മാറ്റുംവിധമാണ് ഈ പദ്ധതി രൂപപ്പെടുത്തിയിരിക്കുന്നത്.

എ. കേരള സൗരോർജ്ജ മോഡലുകളും യോഗ്യതയും

| മോഡൽ | നിലയത്തിന്റെ ശേഷി | യോഗ്യത (ശരാശരി വൈദ്യുതി ഉപഭോഗം) | ഉപഭോക്താവിന്റെ മുടക്കുമുതൽ (ആകെ മുടക്കുമുതലിന്റെ%) | ഉപഭോക്താവിന് ലഭിക്കുന്നത് (ഉല്പാദനത്തിന്റെ %) |
|---|---|---|---|---|
| 1 എ | 2/3 KWp | 120 യൂണിറ്റ് വരെ | 12 | 25 |
| 1 ബി | 2/3 KWp | 150 യൂണിറ്റ് വരെ | 20 | 40 |
| 1 സി | 2/3 KWp | 200 യൂണിറ്റ് വരെ | 25 | 50 |

മോഡൽ-2

| മോഡൽ | നിലയത്തിന്റെ ശേഷി | യോഗ്യത (ശരാശരി വൈദ്യുതി ഉപഭോഗം) | ലഭ്യമാകുന്ന സബ്സിഡി (ശതമാനത്തിൽ) |
|---|---|---|---|
| 2 | 3Kwp വരെ | എല്ലാവർക്കും | 40% |
| 2 | 3 Kwp-ക്ക് മുകളിൽ 10 Kwp വരെ | എല്ലാവർക്കും | ആദ്യത്തെ 3 Kwp വരെ 40%, പിന്നെ അധികം വരുന്ന ഓരോ Kwp-ക്കും 20% |
| 2 | 10 Kwp-ക്ക് മുകളിൽ | എല്ലാവർക്കും | ആദ്യ 10 Kwp-ക്ക് 26% അധികം വരുന്നതിന് സബ്സിഡി ഇല്ല. |

ഈ മോഡലിൽ സബ്സിഡി കഴിഞ്ഞുള്ള മുതൽമുടക്ക് ഉപഭോക്താവ് നടത്തേണ്ടതാണ്. നിലയത്തിന്റെ ഉടമസ്ഥതയും അതുകൊണ്ടുതന്നെ ഉല്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും ഉപഭോക്താവിനായിരിക്കും.

സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് അനെർട്ട് താഴെപ്പറയുന്ന ആനുകൂല്യങ്ങളാണ് നൽകിവരുന്നത്.

(1) ഗ്രിഡ് കണക്റ്റഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി:

ഗ്രിഡ് ബന്ധിത (ഓൺഗ്രിഡ്) സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുകയും ഉപയോഗശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് പ്രസ്തുത പദ്ധതി. ഇങ്ങനെ അധികമായി ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുക വഴി വൈദ്യുതി ചാർജ്ജിൽ കുറവ് ലഭിക്കുന്നു.

(2) ഓഫ്ഗ്രിഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി:

സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30 ശതമാനമാണ് സബ്സിഡിയായി നൽകുന്നത്.

(3)പ്രധാൻ മന്ത്രി കിസാൻ ഊർജ്ജ സുരക്ഷ ഏവം ഉദ്ധാൻ മഹാഭിയാൻ

(PM- Kusum) പദ്ധതി

പ്രസ്തുത പദ്ധതിക്ക് മൂന്ന് ഘടകങ്ങളാണുള്ളത്.

ഘടകം (എ): ഈ പദ്ധതി കെ.എസ്.ഇ.ബി.എൽ. മുഖേനയാണ് നടപ്പാക്കുന്നത്.

ഘടകം (ബി): ഈ പദ്ധതി നിലവിൽ കർഷകർ ഉപയോഗിക്കുന്ന ഡീസൽ പമ്പുകൾ സോളാറിലേയ്ക്ക് മാറ്റുന്നതിനുള്ളതാണ്. കൂടാതെ വൈദ്യുതി ഇല്ലാത്ത സ്ഥലങ്ങളിൽ കർഷകർക്ക് standalone സോളാർ പമ്പുകൾ സ്ഥാപിക്കുന്നതിനും കേന്ദ്ര സർക്കാർ 30% സബ്സിഡി നൽകുന്നു. സംസ്ഥാന സർക്കാരിന്റെ 30% സബ്സിഡിയും കഴിച്ച് ബാക്കി 40% ഗുണഭോക്തൃ വിഹിതം നൽകുന്ന കർഷകർക്ക് ഈ പദ്ധതി പ്രകാരം സോളാർ പമ്പ് സ്ഥാപിക്കാവുന്നതാണ്.

ഘടകം (സി): ഈ പദ്ധതി പ്രകാരം നിലവിൽ കെ.എസ്.ഇ.ബി.എൽ. മുഖേനയുള്ള വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന കാർഷിക കണക്ഷനുള്ള പമ്പുകൾ 30% കേന്ദ്ര സർക്കാർ സബ്സിഡിയും 30% സംസ്ഥാന സർക്കാർ സബ്സിഡിയോടുംകൂടി സോളാറിലേയ്ക്ക് മാറ്റി നൽകുന്നതാണ്. 40% ഗുണഭോക്തൃ വിഹിതമാണ്. സോളാറിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ച് പമ്പ് സെറ്റ് പ്രവർത്തിപ്പിച്ചശേഷം മിച്ചമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുകവഴി കർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതാണ്. പ്രസ്തുത പദ്ധതിക്കായി സംസ്ഥാനതലത്തിൽ കർഷകരിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. സമയബന്ധിതമായി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ചെങ്ങന്നൂർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ് കെട്ടിടത്തിൽ സോളാർ പ്രോജക്ട്

248 (579) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ ഐ.എച്ച്.ആർ.ഡി. എൻജിനീയറിംഗ് കോളേജ് കെട്ടിടത്തിന് മുകളിൽ കെ.എസ്.ഇ.ബി. യുടെ സോളാർ പ്രോജക്ട് സ്ഥാപിക്കുന്നതിനുള്ള പഠനം നടത്തിയിരുന്നോ;

(ബി) പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിന്റെ പുരോഗതി വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ പ്രോജക്ടിന് എത്ര തുകയാണ് ചെലവാക്കേണ്ടതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ചെങ്ങന്നൂർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ് കെട്ടിടത്തിന് മുകളിൽ സോളാർ പ്രോജക്ട് സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക പഠനങ്ങൾ 2017-ൽ കെ.എസ്.ഇ.ബി.എൽ. നടത്തിയിട്ടുണ്ട്.

(ബി) പദ്ധതിക്കായുള്ള ഫണ്ട് ഒന്നും ലഭ്യമാകാത്തതിനാൽ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടത്തിയിട്ടില്ല.

(സി) പദ്ധതി നിർവ്വഹണത്തിനായുള്ള ഫണ്ട് ലഭ്യമാകുന്നതിന് ഇത്രയും കാലതാമസം നേരിട്ടതിനാൽ പദ്ധതി പുനഃപരിശോധന നടത്തിയതിനുശേഷമേ ഇതിനായുള്ള യഥാർത്ഥ ചെലവ് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

## സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം

249 (580) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ എത്ര മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉത്പാദിപ്പിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ പുരപ്പുറത്തു സ്ഥാപിച്ച സോളാർ പാനലുകൾ വഴി എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.-യുടെ കെട്ടിടങ്ങളുടെ മുകളിലും കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലങ്ങളിലുമായി 26 സൗരോർജ്ജ പദ്ധതികൾ (15.72 മെഗാവാട്ട്) പൂർത്തീകരിച്ചു. ഇതിൽനിന്നും പ്രതിദിനം ആകെ 68105 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്.

ഇതുകൂടാതെ കൺസ്യൂമേഴ്സിന്റെ പുരപ്പുറ സൗരോർജ്ജ പദ്ധതി വഴി 61 മെഗാവാട്ടും സിയാൽ, അനെർട്ട്, IREDA, കെ.എം.ആർ.എൽ. തുടങ്ങിയ സ്ഥാപനങ്ങൾവഴി 83 മെഗാവാട്ടും കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ട്.

പുരപ്പുറ വൈദ്യുതി നിലയങ്ങളിലൂടെ ഈ സർക്കാരിന്റെ കാലത്ത് 8.5 മെഗാവാട്ട് സൗരവൈദ്യുതി അധികമായി ഉല്പാദിപ്പിക്കാൻ അനെർട്ട് വഴി സാധിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള കെട്ടിടങ്ങളിൽ ആകെ 6.57 മെഗാവാട്ടിന്റെ പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ഇതിൽ നിന്നും 15.17 മില്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ട്. കൂടാതെ കൺസ്യൂമേഴ്സിന്റെ പുരപ്പുറ സൗരോർജ്ജ പദ്ധതി വഴി 61.69 മെഗാവാട്ട് കെ.എസ്.ഇ.ബി.-യുടെ ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ട്. 8.5 മെഗാവാട്ട് വൈദ്യുതി അനെർട്ട് വഴി ഉല്പാദിപ്പിച്ചിട്ടുണ്ട്.

## മൂലമറ്റം വൈദ്യുതി നിലയത്തിൽ പൊട്ടിത്തെറി

250 (581) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂലമറ്റം വൈദ്യുതി നിലയത്തിൽ തുടരെ തുടരെ പൊട്ടിത്തെറി ഉണ്ടാകുന്നതും അത് മൂലം ജനറേറ്ററുകളുടെ പ്രവർത്തനം നിലക്കുന്നതുമായ സാഹചര്യം ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര തവണ പൊട്ടിത്തെറിമൂലം വൈദ്യുതി ഉല്പാദനം നിർത്തിവെയ്ക്കേണ്ട സാഹചര്യമുണ്ടായെന്ന് വെളിപ്പെടുത്താമോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; പ്രസ്തുത അന്വേഷണത്തിൽ വെളിവായ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇതുസംബന്ധിച്ച സാഹചര്യങ്ങൾ പരിശോധിച്ചുവരുന്നു. വിദഗ്ദ്ധ സമിതിയുടെ അന്വേഷണം നടന്നുവരുന്നു.

(ബി) കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ 20-1-2020-ലും 1-2-2020-ലുമായി രണ്ടുതവണ പൊട്ടിത്തെറികളുണ്ടായ സമയത്ത് വൈദ്യുതോല്പാദനം നിർത്തി വയ്ക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് ബോർഡ് നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ അന്വേഷണം പുരോഗമിച്ചുവരുന്നു. റിപ്പോർട്ട് കിട്ടിയിട്ടില്ല.

## കുഴിമതിക്കാട് ആസ്ഥാനമാക്കി പുതിയ വൈദ്യുതി സെക്ഷൻ ഓഫീസ്

251 (582) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച വൈദ്യുതി സെക്ഷൻ ഓഫീസുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) കൊട്ടാരക്കര മണ്ഡലത്തിൽപ്പെടുന്ന കുഴിമതിക്കാട് ആസ്ഥാനമാക്കി പുതിയ വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയിരുന്നോ; വ്യക്തമാക്കാമോ;

(സി) കുഴിമതിക്കാട് കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് പുതുതായി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടില്ല. എന്നാൽ മുൻ സർക്കാരുകളുടെ കാലത്ത് അനുവദിച്ചിരുന്ന പെരിങ്ങത്തൂർ, റാന്നി പെരിനാട്, വള്ളികുന്നം, മഞ്ഞളൂർ, കോറോം, ചെറുപുഴ, നെല്ലിക്കുഴി, ആലക്കോട്, പുഴക്കാട്ടിരി, കാച്ചാണി, വെണ്മണി, ഉടുമ്പൻചോല, എടത്തല, സീതാൻഗോളി, വാളയാർ, കുമ്പാറ, വിളയൂർ, പന്തളം തെക്കേക്കര എന്നീ സെക്ഷൻ ഓഫീസുകൾ ഈ സർക്കാരിന്റെ കാലത്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി & സി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന കുഴിമതിക്കാട് ആസ്ഥാനമാക്കി ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം വിശദമായി പരിശോധിച്ചിരുന്നു.

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായി പ്രവൃത്തികൾ കെ.എസ്.ബി.എൽ.-ൽ നടന്നുവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി കെ.എസ്.ഇ.ബി.എൽ. നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന കുഴിമതിക്കാട് ആസ്ഥാനമാക്കി ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ലക്കിടിയിൽ പുതിയ സെക്ഷൻ ഓഫീസ്**

252 (583) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ ലക്കിടിയിൽ പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് കെ.എസ്.ഇ.ബി. ഭരണാനുമതി നല്കിയത് എന്നാണെന്നറിയിക്കാമോ;

(ബി) ലക്കിടി സെക്ഷൻ ഓഫീസ് എന്ന് യാഥാർത്ഥ്യമാക്കുവാൻ കഴിയും എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 24-2-2016-ലെ B.O.(DB) No.594/2016 (D(D&S)/D6/AE2/New Sections/2016) എന്ന ബോർഡ് ഉത്തരവിലൂടെയാണ് ലക്കിടിയിൽ കെ.എസ്.ഇ.ബി-യുടെ പുതിയ സെക്ഷൻ ആരംഭിക്കുന്നതിന് അനുമതി നൽകിയത്.

(ബി) പുതിയ സെക്ഷനുകൾ പ്രവർത്തനം ആരംഭിക്കുന്നതിന് വാടക രഹിത കെട്ടിടം അല്ലെങ്കിൽ ഓഫീസ് മന്ദിരം പണിയുന്നതിന് സൗജന്യമായി 10 സെന്റ് സ്ഥലം, ഇവയിലേതെങ്കിലും ഒന്ന് തദ്ദേശസ്വയംഭരണ സ്ഥാപനം ലഭ്യമാക്കേണ്ടതുണ്ട്. ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലം കെ.എസ്.ഇ.ബി.-ക്ക് കൈമാറുന്നതിനും അതുവരെ ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടം പഞ്ചായത്ത് ഫണ്ടുപയോഗിച്ച് വാടക നൽകി കെ.എസ്.ഇ.ബി.-ക്ക് ലഭ്യമാക്കാനും തീരുമാനിച്ചതായി പഞ്ചായത്ത് അറിയിച്ചിരുന്നു. എന്നാൽ നാളിതുവരെ പഞ്ചായത്തും കെട്ടിട ഉടമയും ഒപ്പിട്ട കരാർ ലഭ്യമാക്കിയിട്ടില്ല. കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതാണ്.

**പിലാത്തറയിൽ വൈദ്യുതി സെക്ഷൻ ഓഫീസ്**

253 (584) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പിലാത്തറയിൽ വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത്

ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തനമേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായി പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നുവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി കെ.എസ്.ഇ.ബി.എൽ. നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് പിലാത്തറയിൽ ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പൂക്കൊളത്തൂർ കേന്ദ്രമായി പുതിയ സെക്ഷൻ ഓഫീസ്**

254 (585) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(സി) മലപ്പുറം മണ്ഡലത്തിലെ മഞ്ചേരി വൈദ്യുതി സർക്കിൾ പരിധിയിലുള്ള വള്ളുവമ്പ്രം, കിഴിശ്ശേരി, മഞ്ചേരി നോർത്ത് എന്നിവ വിഭജിക്കണമെന്ന ദീർഘ നാളത്തെ ആവശ്യം പരിഗണിച്ച് പൂക്കൊളത്തൂർ കേന്ദ്രമായി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുമോ?

ഉത്തരം

(എ&ബി) സെക്ഷൻ ഓഫീസുകൾ പുതുതായി അനുവദിക്കുന്നതിന് ഇപ്പോൾ മാനദണ്ഡങ്ങളൊന്നുംതന്നെ പിന്തുടരുന്നില്ല.

ഈ സർക്കാരിന്റെ കാലത്ത് പുതുതായി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടില്ല. എന്നാൽ മുൻ സർക്കാരുകളുടെ കാലത്ത് അനുവദിച്ചിരുന്ന താഴെപ്പറയുന്ന സെക്ഷൻ ഓഫീസുകൾ ഈ സർക്കാരിന്റെ കാലത്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | സെക്ഷൻ ഓഫീസ് | ജില്ല |
|---|---|---|
| 1 | കാച്ചാണി | തിരുവനന്തപുരം |
| 2 | റാന്നി പെരിനാട് | പത്തനംതിട്ട |
| 3 | പന്തളം തെക്കേക്കര | |
| 4 | വള്ളിക്കുന്നം | ആലപ്പുഴ |
| 5 | വെണ്മണി | |
| 6 | മഞ്ഞള്ളൂർ | എറണാകുളം |
| 7 | നെല്ലിക്കുഴി | |
| 8 | എടത്തല | |
| 9 | ഉടുമ്പൻചോല | ഇടുക്കി (1)<br>ഇടുക്കി (2) |
| 10 | ആലക്കോട് | |
| 11 | വാളയാർ | പാലക്കാട് |
| 12 | വിളയൂർ | |
| 13 | പുഴക്കാട്ടിരി | മലപ്പുറം |
| 14 | കുമ്പാറ | കോഴിക്കോട് |
| 15 | കോറോം | വയനാട് |
| 16 | പെരിങ്ങത്തൂർ | കണ്ണൂർ |
| 17 | ചെറുപുഴ | |
| 18 | സീതാൻഗോളി | കാസർഗോഡ് |

(സി) വള്ളുവമ്പ്രം, കിഴിശ്ശേരി, മഞ്ചേരി നോർത്ത് എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ

പ്രായോഗികമല്ല. എന്നാൽ ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായി പ്രവൃത്തികൾ KSEBL-ൽ നടന്നുവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി കെ.എസ്.ഇ.ബി.എൽ. നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്.

**അരിമ്പൂർ സെക്ഷന്റെ പരിധിയിലുള്ള പ്രവൃത്തികൾ**

255 (586) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാന പാത വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടന്നുവരുന്ന സ്ഥലത്തുള്ളതും കെ .എസ്. ഇ. ബി. യുടെ അരിമ്പൂർ സെക്ഷന്റെ പരിധിയിൽ ഉള്ളതുമായ ഇലക്ട്രിക് പോസ്റ്റുകൾ മുഴുവനും മാറ്റി സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ?

<u>ഉത്തരം</u>

തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാന പാത വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടന്നുവരുന്ന സ്ഥലത്തുള്ളതും കെ.എസ്.ഇ.ബി.-യുടെ അരിമ്പൂർ സെക്ഷന്റെ പരിധിയിലുള്ളതുമായ മാറ്റി സ്ഥാപിക്കേണ്ട 210 ഇലക്ട്രിക് പോസ്റ്റുകളിൽ 140 എണ്ണം മാറ്റി സ്ഥാപിച്ചുകഴിഞ്ഞു. പ്രവൃത്തി പുരോഗമിക്കുന്നു.

**കടമ്പഴിപ്പുറം സബ് സ്റ്റേഷൻ**

256 (587) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ കടമ്പഴിപ്പുറത്ത് 33 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് എന്നാണ് തീരുമാനിച്ചതെന്ന് അറിയിക്കാമോ;

(ബി) കടമ്പഴിപ്പുറം സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) കടമ്പഴിപ്പുറം സബ് സ്റ്റേഷൻ എന്ന് യാഥാർത്ഥ്യമാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയത് 4-7-2016-നാണ്.

(ബി) കടമ്പഴിപ്പുറം സബ്സ്റ്റേഷനുവേണ്ടി ജലവിഭവ വകുപ്പിനുകീഴിലുള്ള സ്ഥലം കണ്ടെത്തിയെങ്കിലും അത് നിർമ്മാണത്തിനായി കൈമാറാനുള്ള കാലതാമസമാണ് പദ്ധതിയുമായി മുന്നോട്ടുപോകാൻ കഴിയാതെ വന്നിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പുമായി തുടർച്ചയായി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. തുടർനടപടികൾക്കായി ജലവിഭവ വകുപ്പ് സെക്രട്ടറി കോഴിക്കോട് പദ്ധതി വിഭാഗം ചീഫ് എഞ്ചിനീയറോട് ഭാവിയിൽ ടി വകുപ്പിൽ തന്നെ പ്രസ്തുത സ്ഥലം ആവശ്യമായി വരുമോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ 21-1-2020-ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സമയബന്ധിതമായി പണി തുടങ്ങുന്നതാണ്.

**ഞാറയ്ക്കൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം**

257 (588) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ മാലിപ്പുറത്ത് ഞാറക്കൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ അതിന്റെ ഗുണഫലം ഏതെല്ലാം പ്രദേശത്ത് ലഭിക്കുമെന്നും അവ എന്തെല്ലാമെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 110 കെ.വി. ചെറായി സബ്സ്റ്റേഷനിൽനിന്നും ലൈൻ വലിച്ച് നിലവിലുള്ള 66 കെ.വി. ഞാറയ്ക്കൽ സബ്സ്റ്റേഷനെ 110 കെ.വി. ആയി ഉയർത്തുന്നതിനുള്ള ഭരണാനുമതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നൽകിയിട്ടുണ്ട്.

(ബി) പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിർമ്മാണോദ്ഘാടനം 9-3-2020-ന് നടത്താൻ നിശ്ചയിച്ചിരിക്കുന്നു.

(സി) വൈപ്പിൻ നിയോജകമണ്ഡലത്തിന്റെ കീഴിൽ വരുന്ന ഞാറയ്ക്കൽ, ഇളങ്കുന്നപ്പുഴ, പുതുവൈപ്പ്, വൈപ്പിൻ ദ്വീപ് തുടങ്ങിയ പ്രദേശങ്ങളിൽ പദ്ധതിയുടെ

ഗുണഫലം ലഭിക്കുന്നതാണ്. വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും ഇടതടവില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യത വൈപ്പിൻ പ്രദേശത്ത് ഉറപ്പുവരുത്തുന്നതിനും ഈ പദ്ധതി ഉപകരിക്കും.

## മറയൂർ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം

258 (589) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിക്കപ്പെട്ട മറയൂർ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മറയൂർ സബ്സ്റ്റേഷൻ നിർമ്മാണം ത്വരിതഗതിയിൽ പുരോഗമിക്കുന്നു. കൺട്രോൾ റൂം, അനുബന്ധ സിവിൽ എഞ്ചിനീയറിംഗ് ജോലികൾ എന്നിവ പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കുന്ന ജോലികൾ മാർച്ച് മാസം ആദ്യ ആഴ്ചയിൽ ആരംഭിക്കുന്നതാണ്. 48 കിലോമീറ്റർ 33 കെ.വി. ലൈൻ മൂന്നാറിൽ നിന്നും മറയൂരിലേയ്ക്ക് വലിക്കുന്നതിൽ 17 കിലോമീറ്റർ പൂർത്തിയായി. വാഗുവരൈ മുതൽ മറയൂർ വരെയുള്ള 17 കിലോമീറ്റർ ലൈൻ വലിക്കുന്ന ജോലി 40% പൂർത്തീകരിച്ചു. മൂന്നാർ മുതൽ രാജമല വരെയുള്ള 14 കിലോമീറ്റർ ലൈൻ നിർമ്മാണം 10% പൂർത്തീകരിച്ചു. പള്ളിവാസലിൽ നിന്നും മൂന്നാറിലേയ്ക്കുള്ള ലൈൻ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പള്ളിവാസൽ പവർഹൗസിൽ നടപ്പാക്കേണ്ടുന്ന ജോലികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ 2020 മദ്ധ്യത്തോടെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ലാസ്റ്റ് ഗ്രേഡ് ഒഴിവുകൾ

259 (590) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ആകെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ഏത് രീതിയിലാണ് ഒഴിവുകൾ നികത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്. ഇ.ബി.യിൽ നിലവിലുള്ള ഏതെല്ലാം തസ്തികകളിലെ ഒഴിവുകളാണ് പി.എസ്.സി. വഴി നികത്താത്തത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഉൾപ്പെടുന്ന ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിൽ ഒഴിവുകളൊന്നും തന്നെയില്ല. ടി തസ്തികയിലെ അനുവദനീയമായ എണ്ണം-402 ആണ്. എന്നാൽ 511 ജീവനക്കാർ പ്രസ്തുത തസ്തികയിൽ നിലവിൽ ജോലി നോക്കിവരുന്നു. അധികമുള്ള ജീവനക്കാരെ കാഷ്യർ ട്രെയിനി/കെയർ ടേക്കർ തുടങ്ങിയ ജോലിയിൽ പുനർ വിന്യസിച്ചിരിക്കുന്നു. സ്പോർട്സ് ക്വാട്ട/ആശ്രിത നിയമനത്തിനുള്ള അപേക്ഷകരിൽ ഭൂരിപക്ഷവും വിവിധ ഉയർന്ന തസ്തികകളിലെ നിയമനത്തിനുള്ള നിശ്ചിത യോഗ്യത ഇല്ലാത്തവരായതിനാൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിനാലാണ് ഈ തസ്തികയിലെ ജീവനക്കാരുടെ എണ്ണം അധികമാകുന്നത്.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിലുള്ള ജൂനിയർ ഫെയർക്കോപ്പി അസിസ്റ്റന്റ്, ജൂനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഡ്രൈവർ എന്നീ തസ്തികകളിലെ ഒഴിവുകളാണ് പി.എസ്.സി. വഴി നികത്താത്തത്. ബോർഡ് ഉത്തരവ് B.O.(FB)/No.1831/2012(Estt.V/5763/2012) തീയതി 9-10-2012 പ്രകാരം മുകളിൽ സൂചിപ്പിച്ച തസ്തികകളിലെ ഒഴിവുകളിൽ ആശ്രിതനിയമനം നൽകിവരുന്നു.

**വിളയൂർ സബ്സ്റ്റേഷനിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ അഭാവം**

260 (591) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളയൂരിലെ കെ എസ് ഇ ബി സബ് സ്റ്റേഷനിൽ മതിയായ സ്റ്റാഫിന്റെ അഭാവം പ്രവർത്തനങ്ങളെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിളയൂർ സബ്സ്റ്റേഷനിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) വിളയൂരിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നിലവിൽ സബ് സ്റ്റേഷനില്ല. എന്നാൽ വിളയൂരിൽ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. പുതുതായി രൂപീകരിക്കപ്പെട്ട ഓഫീസ് എന്ന നിലയിൽ

ഇവിടത്തെ പ്രവർത്തനങ്ങൾ മുമ്പുണ്ടായിരുന്ന കൊപ്പം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ലഭ്യമായ ജീവനക്കാരെ ഉപയോഗപ്പെടുത്തിയാണ് നിർവ്വഹിക്കുന്നത്. 2020 വർഷത്തെ ജനറൽ ട്രാൻസ്ഫർ നടപടികൾ പൂർത്തിയാകുന്നതോടെ ആവശ്യത്തിന് ജീവനക്കാർ ഈ ഓഫീസിൽ ലഭ്യമാകും.

**ഇ-വാഹന ചാർജിംഗ് സ്റ്റേഷനുകൾ**

261 (592) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇ-വാഹനങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

കേരളത്തിലെ പ്രധാന പട്ടണങ്ങളിലും പ്രാന്ത പ്രദേശങ്ങളിലും അവയെ ബന്ധിപ്പിക്കുന്ന റോഡുകളുടെ ഇരുവശവുമായും ചാർജിംഗ്/സ്വാപ്പിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ കേരള സർക്കാർ ഉദ്ദേശിക്കുന്നു. പ്രധാന പട്ടണങ്ങളിൽ ആവശ്യത്തിന് ചാർജിംഗ്/സ്വാപ്പിംഗ് സ്റ്റേഷനുകൾ ആദ്യഘട്ടത്തിൽ സ്ഥാപിക്കാമെന്നും ഇലക്ട്രിക് വാഹനങ്ങളുടെ സ്വീകാര്യത വർദ്ധിക്കുന്നതോടെ ഇത്തരം സ്റ്റേഷനുകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കണമെന്നും ലക്ഷ്യമിട്ടിട്ടുണ്ട്.

ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ കേരളത്തിൽ എല്ലായിടത്തും സ്ഥാപിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഹെവി ഇൻഡസ്ട്രീസ് വകുപ്പിന്റെ (DHI) കീഴിൽ FAME II പദ്ധതിയിൽപ്പെടുത്തി കേരളത്തിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 'വൺ മില്യൺ പ്ലസ്' ജനസംഖ്യയുള്ള 7 നഗരങ്ങളിൽ (തിരുവനന്തപുരം, മലപ്പുറം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ) ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-യും അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ നഗരങ്ങളിലായി 131 ചാർജ്ജിംഗ് സ്റ്റേഷൻ തുടങ്ങാനുള്ള അംഗീകാരം ഡി.എച്ച്.ഐ. നൽകിയിട്ടുണ്ട്.

ഈ നഗരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള താല്പര്യപത്രം (EoI) വിളിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി അനുയോജ്യരായ ഇംപ്ലിമെന്റിംഗ് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രാഥമിക നടപടികൾ നടന്നുവരുന്നു. കൂടാതെ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള കേരളത്തിലെ 6 കോർപ്പറേഷനിലെ സ്ഥലങ്ങളിൽ ഡി.സി. ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കേരള

ഗവൺമെന്റിന്റെ ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി ഗവൺമെന്റ് സെക്രട്ടറിയേറ്റ് കോമ്പൗണ്ടിൽ ഒരു പൈലറ്റ് ചാർജ്ജിംഗ് സ്റ്റേഷൻ ഇതിനകം സ്ഥാപിച്ചുകഴിഞ്ഞു.

കൂടാതെ തുടക്കമെന്ന നിലയിൽ തിരുവനന്തപുരത്തും മറ്റ് ജില്ലകളിലും ആറ് ചാർജ്ജിംഗ് പോയിന്റ് ഉൾപ്പെടുന്ന 32 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 8.2 കോടി രൂപയുടെ ഭരണാനുമതി 15-10-2019-ൽ നൽകിയിട്ടുണ്ട്. അതിനുള്ള ടെണ്ടർ നടപടി ക്രമങ്ങൾ കെ.എസ്.ഇ.ബി.എൽ. ആരംഭിച്ചുകഴിഞ്ഞു.

**പാലക്കാട് ജില്ലയിൽ വൈദ്യുതി വകുപ്പ് നടത്തിയ ജനകീയ അദാലത്ത്**

262 (593) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വൈദ്യുതി വകുപ്പ് നടത്തിയ ജനകീയ അദാലത്തിൽ ലഭിച്ച പരാതികളെക്കുറിച്ച് വിശദീകരണം നൽകാമോ;

(ബി) വനം വകുപ്പിന്റെ തടസ്സംമൂലം വൈദ്യുതി ലഭ്യമാകാത്തതായുള്ള എത്ര പരാതികളാണ് പ്രസ്തുത അദാലത്തിൽ ലഭ്യമായത് എന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(സി) വനം വകുപ്പിന്റെ തടസ്സംമൂലം വൈദ്യുതി ലഭ്യമാകാത്തതായുള്ള പരാതികൾ പരിഹരിക്കുന്നതിന് ഉന്നതതലയോഗം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പരാതികളിന്മേൽ എന്നത്തേക്ക് തീർപ്പുകൽപ്പിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ നടത്തിയ അദാലത്തിൽ പ്രധാനമായും പുതിയ സർവ്വീസ് കണക്ഷനുമായി ബന്ധപ്പെട്ട പരാതികൾ, ലൈൻ/പോസ്റ്റ്/ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതും ഉപയോഗമില്ലാത്ത ലൈനുകളും കണക്ഷനുകളും അഴിച്ചുമാറ്റുന്നതുമായി ബന്ധപ്പെട്ട പരാതികൾ, ബില്ലിംഗ് സംബന്ധിച്ച തർക്കങ്ങൾ, കേബിൾ ടി.വി.-യുമായി ബന്ധപ്പെട്ട തർക്കങ്ങൾ, മരം മുറിച്ച് മാറ്റുന്നതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകുന്നതിലുള്ള തർക്കങ്ങൾ തുടങ്ങിയ പരാതികളാണ് ലഭിച്ചത്. പാലക്കാട് ജില്ലയിൽ ആകെ ലഭിച്ചത് 3169 പരാതികളാണ്.

(ബി) വനം വകുപ്പിന്റെ തടസ്സംമൂലം വൈദ്യുതി ലഭ്യമാകാത്തതായുള്ള നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭിച്ച പരാതികളുടെ എണ്ണം താഴെചേർക്കുന്നു:

| ക്രമ നമ്പർ | നിയോജകമണ്ഡലം | പരാതികളുടെ എണ്ണം |
|---|---|---|
| 1 | നെന്മാറ | 2 |
| 2 | ആലത്തൂർ | 18 |
| 3 | മലമ്പുഴ | 1 |
| | ആകെ | 21 |

(സി & ഡി) വനം വകുപ്പിന്റെ തടസ്സംമൂലം വൈദ്യുതി ലഭ്യമാകാത്തതായുള്ള പരാതികൾ പരിഹരിക്കുന്നതിന് വനം വകുപ്പുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വെളുത്തമണലിൽ പുതിയ സെക്ഷൻ ആരംഭിക്കാൻ നടപടി**

263 (594) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നോർത്ത് ഇലക്ട്രിക്കൽ സെക്ഷനിലെ ഉപഭോക്താക്കളുടെ ബാഹുല്യം കണക്കിലെടുത്ത് തൊടിയൂർ ഗ്രാമപഞ്ചായത്തിലെ വെളുത്തമണൽ കേന്ദ്രമാക്കി ഒരു പുതിയ സെക്ഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച സാദ്ധ്യതാ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) കരുനാഗപ്പള്ളി നോർത്ത് ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച തൊടിയൂർ ഗ്രാമപഞ്ചായത്തിലെ വെളുത്തമണൽ ആസ്ഥാനമാക്കി ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ബോർഡ് പരിശോധിച്ചിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ

വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായി പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നു വരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതികവിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി കെ.എസ്.ഇ.ബി.എൽ. നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്.

**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

264 (595) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വായ്പ എടുത്തവർക്കുള്ള ആനുകൂല്യങ്ങൾ നൽകുന്ന 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതി സഹകരണ വകുപ്പ് ഏത് മാസം മുതൽ ഏത് മാസം വരെയാണ് നടപ്പിലാക്കുന്നതെന്നും ഈ പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

വായ്പ എടുത്തവർക്കുള്ള ആനുകൂല്യങ്ങൾ നൽകുന്ന "ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" സഹകരണ വകുപ്പ് 2020 ജനുവരി 1 മുതൽ ഫെബ്രുവരി 29 വരെയാണ് നടപ്പിലാക്കുന്നത്.

സഹകരണ സംഘങ്ങളുടെ വായ്പാ കുടിശ്ശിക കുറയ്ക്കുക, വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുക, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് സംസ്ഥാനത്ത് സഹകരണ മേഖലയിൽ "നവകേരളീയം കുടിശ്ശിക നിവാരണം 2020" "ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" നടപ്പിലാക്കി വരുന്നത്.

2019 ഡിസംബർ 31 വരെ കുടിശ്ശികയായ വായ്പകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മരണപ്പെട്ടവർ, മാരക രോഗങ്ങൾ ബാധിച്ചവർ എന്നിവരുടെ വായ്പകൾ ഉൾപ്പെടെ ഓരോ വായ്പക്കാരന്റെയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ നൽകി കുടിശ്ശിക വായ്പ തീർപ്പാക്കാവുന്നതാണ്.

## 'മുറ്റത്തെ മുല്ല' പദ്ധതി

265 (596) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. പി. ഉണ്ണി:
ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ പണമിടപാടുകാരുടെ ചൂഷണത്തിൽനിന്നും സാധാരണക്കാരെ രക്ഷിക്കുന്നതിനായി 'മുറ്റത്തെ മുല്ല' പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഗ്രാമീണ മേഖലകളിൽ പിടിമുറുക്കാൻ ശ്രമിക്കുന്ന ബ്ലേഡ് പലിശക്കാരെ ഉന്മൂലനം ചെയ്യാൻ കുടുംബശ്രീയുമായി സഹകരിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് സ്വകാര്യ പണമിടപാടുകാരുടെ ചൂഷണത്തിൽ നിന്നും സാധാരണക്കാരെ രക്ഷിക്കുന്നതിനായി 'മുറ്റത്തെ മുല്ല' എന്ന പേരിൽ ഗ്രാമീണ ലഘുവായ്പ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആവിഷ്കരിച്ച് വിജയകരമായി നടപ്പാക്കി വരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് ആകെ 117,71,95,541 രൂപ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്.

(സി) ഗ്രാമീണ മേഖലകളിൽ പിടിമുറുക്കാൻ ശ്രമിക്കുന്ന ബ്ലേഡ് പലിശക്കാരെ ഉന്മൂലനം ചെയ്യാൻ കുടുംബശ്രീയുമായി സഹകരിച്ച് 'മുറ്റത്തെ മുല്ല' എന്ന പേരിൽ ഗ്രാമീണ ലഘുവായ്പ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വിജയകരമായി നടപ്പാക്കി വരുന്നു. ടി പദ്ധതി കൂടാതെ കുടുംബശ്രീയുമായി സഹകരിച്ച് മറ്റ് പദ്ധതികൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ച് നിലവിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## കെയർ ഹോം പദ്ധതി

266 (597) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതി പ്രകാരം വിവിധ സഹകരണ ബാങ്കുകൾ വഴി എത്ര വീടുകളാണ് നിർമ്മിച്ചുകൊടുക്കാൻ പദ്ധതിയിട്ടിരുന്നതെന്നും ഇവയിൽ എത്ര

വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയെന്നും എത്രയെണ്ണം പൂർത്തിയാക്കാൻ അവശേഷിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ സഹകരണ ബാങ്കും പ്രസ്തുത പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിന് എത്ര രൂപയാണ് നാളിതുവരെ ചെലവാക്കിയിട്ടുള്ളതെന്ന് വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഏറനാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം സഹകരണ ബാങ്കുകളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; പ്രസ്തുത ബാങ്കുകൾ എത്ര വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്; വിശദാംശം നല്കുമോ?

ഉത്തരം

(എ) കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2086 വീടുകളാണ് നിർമ്മിച്ച് നൽകുന്നത്. 2020 ഫെബ്രുവരി 26 വരെ 1960 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 126 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി തുടർന്നുവരുന്നു.

(ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുക (ഉയർന്ന പ്രദേശങ്ങളിൽ 1,01,900 രൂപയും നിരപ്പായ പ്രദേശങ്ങളിൽ 95,100 രൂപയും) ഉൾപ്പെടെ 5 ലക്ഷം രൂപയാണ് കെയർ ഹോം പദ്ധതി പ്രകാരം വീടൊന്നിന് നിർമ്മാണത്തിനായി അനുവദിക്കുന്നത്.

സംഭാവനയായി നൽകാൻ കഴിവുള്ള സഹകരണ സ്ഥാപനങ്ങളിൽനിന്നും സമാഹരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലൂടെ ലഭിച്ച 52,68,69,506 രൂപയും സഹകരണ വകുപ്പിന്റെ കൈവശമുള്ള മെമ്പർ റിലീഫ് ഫണ്ടിൽ നിന്നും അനുവദിച്ച 35 കോടി രൂപയും ചേർത്ത് ആകെ 87,68,69,506 രൂപയിൽ നിന്നാണ് കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് സഹകരണ വകുപ്പ് തുക വിനിയോഗിക്കുന്നത്. പ്രസ്തുത തുകയിൽ നിന്ന് 2020 ഫെബ്രുവരി 25 വരെ 85,80,94,372 രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്.

(സി) ഏറനാട് നിയോജക മണ്ഡലത്തിലെ ആറ് സഹകരണ സ്ഥാപനങ്ങൾ കെയർ ഹോം പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ നിർമ്മാണ മേൽനോട്ടം വഹിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളുടെ പേരും നിർമ്മിച്ചുനൽകിയ വീടുകളുടെ എണ്ണവും ചുവടെ ചേർക്കുന്നു:

| ബാങ്കിന്റെ പേര് | നിർമ്മാണം ഏറ്റെടുത്ത വീടുകൾ | നിർമ്മാണം പൂർത്തിയായ വീടുകൾ |
|---|---|---|
| അരീക്കോട് സർവ്വീസ് സഹകരണ ബാങ്ക്-ക്ലിപ്തം എഫ്-1571 | 1 | 1 |
| കാവനൂർ സഹകരണ ബാങ്ക്-ക്ലിപ്തം -10252 | 1 | 1 |
| ഊർങ്ങാട്ടിരി സർവ്വീസ് സഹകരണ ബാങ്ക്-ക്ലിപ്തം-8895 | 2 | 2 |
| ചാലിയാർ സർവ്വീസ് സഹകരണ ബാങ്ക് | 1 | 1 |
| ചാലിയാർ പഞ്ചായത്ത് വനിതാ സഹകരണ സംഘം | 1 | 1 |
| ചാലിയാർ റൂറൽ സഹകരണ സംഘം | 1 | 1 |

**കേരള ബാങ്ക് രൂപീകരണം**

267 (598) ശ്രീ. അനിൽ അക്കര:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് അന്തിമ അനുമതി ലഭിക്കുന്നതിനായി ജില്ലാ സഹകരണബാങ്കുകളുടെ കിട്ടാക്കടവും, നഷ്ടവും പൂഴ്ത്തിവച്ചുവെന്ന് നബാർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും ജില്ലാ സഹകരണ ബാങ്കുകൾ നൽകിയ വായ്പയുടെ തിരിച്ചടവ് കൃത്യമായി കാണിക്കാതെ വിവിധ ജില്ലാ ബാങ്കുകളുടെ കണക്കുകൾ ലാഭത്തിലാക്കി കാണിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ജില്ലാ സഹകരണ ബാങ്കുകൾക്കും, സംസ്ഥാന സഹകരണ ബാങ്കുകൾക്കും ആർ.ബി.ഐ. നിഷ്കർഷിച്ച മൂലധനപര്യാപ്തത എത്ര ശതമാനമായിരുന്നു; നിലവിൽ ഓരോ ബാങ്കുകളുടെയും മൂലധന പര്യാപ്തത എത്ര ശതമാനം ആണ്; വിശദമാക്കാമോ;

(ഡി) പ്രസ്തുത മൂലധന പര്യാപ്തത സംബന്ധിച്ച് നൽകിയ കണക്കിൽ നബാർഡ് എന്തെങ്കിലും പിശക് കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) കണക്കുകളിൽ തിരിമറി നടത്തി ആർ.ബി.ഐ. നിബന്ധനകൾ പാലിച്ചുവെന്ന് തെറ്റായ കണക്കുകൾ നൽകിയത് ഏത് സാഹചര്യത്തിലാണെന്നും, ഇത്തരം തെറ്റായ റിപ്പോർട്ടുകൾ നൽകിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഇല്ല.

(സി) ആർ.ബി.ഐ. നിഷ്കർഷിക്കുന്ന മൂലധനപര്യാപ്തത 9 ശതമാനമാണ്. 31-3-2019-ൽ KSCB-യുടെയും 14 DCB-കളുടെയും മൂലധനപര്യാപ്തത ചുവടെ ചേർക്കുന്നു:

| | |
|---|---|
| KSCB | 22.84 |
| Thiruvananthapuram | -10.05 |
| Kollam | 10.98 |
| Pathanamthitta | 7.75 |
| Alleppey | 10.29 |
| Kottayam | 9.01 |
| Idukki | 9.18 |
| Ernakulam | 12.48 |
| Thrissur | 11.21 |
| Palakkad | 9.22 |
| Kozhikode | 10.17 |
| Wayanad | 9.54 |
| Kannur | 10.44 |
| Kasaragod | 10.10 |
| Malappuram | 11.24 |

(ഡി) ബാങ്കുകളുടെ സഹകരണ വകുപ്പ് ആഡിറ്റർ സർട്ടിഫൈ ചെയ്തു നൽകിയ കണക്കുകളിൽ ചില വ്യത്യാസം ഉള്ളതായി നബാർഡ് പ്രാഥമിക നിരീക്ഷണം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇത് സാധാരണമായ ഒരു നടപടിക്രമം മാത്രമാണ്.

(ഇ) ആർ.ബി.ഐ. നിഷ്കർഷിച്ച നിബന്ധനകൾ സംബന്ധിച്ച് തെറ്റായ കണക്കുകൾ നൽകിയിട്ടില്ല.

**കേരള ബാങ്ക് ജീവനക്കാർ**

268 (599) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കിലെയും ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരെ കേരള ബാങ്കിലെ ജീവനക്കാരായി പരിഗണിക്കുമെന്ന് വിശദമാക്കുമോ;

(ബി) ജില്ലാ സഹകരണ ബാങ്കുകളിലെ കളക്ഷൻ ജീവനക്കാരെ കേരള ബാങ്കിലെ ജീവനക്കാരാക്കുവാൻ പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാരെയും കേരളാ ബാങ്കിലെ ജീവനക്കാരായി പരിഗണിച്ച് സ്ഥിരനിയമനം നൽകുമോ; വിശദമാക്കുമോ;

(ഡി) കേരള ബാങ്ക് രൂപീകരിച്ചതിലൂടെ പ്രാഥമിക സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന ഗുണങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാന സഹകരണ ബാങ്കിലേയും ജില്ലാ സഹകരണ ബാങ്കുകളിലേയും KCS ACT-ലെ അനുബന്ധം III-ൽ ഉൾപ്പെട്ട എല്ലാ സ്ഥിര ജീവനക്കാരെയും കേരള ബാങ്കിലെ ജീവനക്കാരായി പരിഗണിക്കുന്നതാണ്.

(ഡി) കേരള ബാങ്ക് രൂപീകരിക്കുമ്പോൾ ഏറ്റവും വലിയ ഗുണഭോക്താക്കളാകുന്നത് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അവരുടെ അംഗങ്ങളുമായിരിക്കും. കേരള ബാങ്ക് രൂപീകരണത്തിലൂടെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് ചുവടെ പരാമർശിക്കുന്ന ഗുണങ്ങൾ ലഭിക്കും.

1. എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും കരഗതമാകുന്നു.
2. അംഗങ്ങൾക്ക്/ഇടപാടുകാർക്ക് കേരള ബാങ്ക് നൽകുന്ന എല്ലാവിധ ബാങ്കിംഗ് സേവനങ്ങളും ഘട്ടംഘട്ടമായി നൽകാൻ കഴിയും.

3. കുറഞ്ഞ പലിശനിരക്കിൽ കൂടുതൽ വായ്പ ലഭിക്കുന്നതിന് സാഹചര്യമുണ്ടാകും. അംഗങ്ങൾക്ക് കൂടുതൽ വായ്പനൽകുന്നതിനും അതിലൂടെ ലാഭക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു.

4. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ DBT/EBT ആനുകൂല്യങ്ങൾ ഗ്രാമീണ ഉണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറുന്നതിന് സാധിക്കുന്നു.

5. കേരള ബാങ്കിന്റെ സാമ്പത്തിക സ്ഥിതി ശക്തമാകയാൽ നബാർഡിൽനിന്നും പുനർവായ്പാ തുക വർദ്ധിപ്പിക്കാൻ കഴിയും. അതുവഴി കാർഷിക വായ്പാ തോത് വർദ്ധിപ്പിക്കാനാകും.

6. അധികഫണ്ട് കൂടുതൽ ആദായകരമായ രീതിയിൽ പുനർ നിക്ഷേപിക്കുന്നതിനുള്ള സാധ്യതകളുണ്ടാകും.

7. കേരള ബാങ്കിന്റെ പ്രവർത്തനമൂല്യം ഉയരുന്നതിനനുസരിച്ച് ലാഭവിഹിതം ഉയർന്ന തോതിൽ ലഭിക്കുന്നു.

8. മൈക്രോഫിനാൻസ് രംഗത്ത് ഫലപ്രദമായ ഇടപെടൽ സാധ്യമാകുന്നു.

**കേരള ബാങ്ക് ലാഭകരമാക്കാനുള്ള നടപടികൾ**

269 (600) ശ്രീ. പി. ഉബൈദുള്ള
ശ്രീ. സി. മമ്മൂട്ടി
ശ്രീ. പി. കെ. ബഷീർ
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന് റിസർവ് ബാങ്കിന്റെ അന്തിമാനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) നബാർഡ് മാനദണ്ഡം അനുസരിച്ച് തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം കേരള ബാങ്ക് നഷ്ടത്തിലാണെന്നും ഈ തുക റിസർവ് ബാങ്കിൽ അടച്ചില്ലെങ്കിൽ അന്തിമ അനുമതി ലഭിക്കില്ലെന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) നഷ്ടത്തിലായിരുന്ന വിവിധ അപെക്സ് സംഘങ്ങളുടെ വായ്പ സർക്കാർ ഏറ്റെടുത്ത് സംസ്ഥാന സഹകരണ ബാങ്കിനെ ലാഭത്തിലാക്കിയതു പോലെ കേരള ബാങ്കിൻെ കിട്ടാക്കടം ഏറ്റെടുക്കാനും നഷ്ടം തിരിച്ചടയ്ക്കുവാനും സാമ്പത്തിക പ്രതിസന്ധിക്കിടയിലും സർക്കാർ തയ്യാറാകുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 13 ജില്ലാ ബാങ്കുകൾ KSCB-യിൽ ലയിപ്പിക്കുന്നതിന് അന്തിമ അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 29-11-2019-ന് ലയന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ലഭിച്ചിട്ടില്ല.

(സി) കേരള സംസ്ഥാന സഹകരണ ബാങ്ക് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

**സഹകരണ ബാങ്കുകളിലെ ആഡിറ്റ്**

270 (601) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണബാങ്കിലും, പതിനാല് ജില്ലാ സഹകരണ ബാങ്കുകളിലും, കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; ഇതിനായി എത്ര ജീവനക്കാരാണ് നിയുക്തരായിട്ടുള്ളതെന്നും ഏതൊക്കെ തസ്തികകളിലാണെന്നും അറിയിക്കാമോ;

(ബി) കേരള ബാങ്ക് രൂപീകരണത്തോടെ പ്രസ്തുത ജീവനക്കാരെ പുനർവിന്യസിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിലാണ് സംസ്ഥാന സഹകരണ ബാങ്കിലും പതിനാല് ജില്ലാ സഹകരണ ബാങ്കുകളിലും കണക്കുകൾ ആഡിറ്റ് ചെയ്തിരുന്നത്. കേരള ബാങ്ക് രൂപീകരണ ശേഷവും തൽസ്ഥിതി തുടരുകയാണ്. ഇതിനായി നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം ചുവടെ പറയും പ്രകാരമാണ്.

| തസ്തിക | എണ്ണം |
|---|---|
| ജോയിന്റ് ഡയറക്ടർ | 15 |
| സ്പെഷ്യൽ ഗ്രേഡ് ആഡിറ്റർ | 7 |
| സീനിയർ ആഡിറ്റർ | 12 |
| ജൂനിയർ ആഡിറ്റർ | 4 |

(ബി) സർക്കാർ ഈ വിഷയം പരിശോധിക്കുന്നതാണ്.

**സഹകരണ ബാങ്കുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ**

271 (602) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനറൽ ഫണ്ടിൽ നിന്നുമുള്ള തുക വിനിയോഗിച്ച് പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിന് സഹകരണ ബാങ്കുകൾ വകുപ്പിൽനിന്നും മുൻകൂർ അനുമതി എടുക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള മുൻകൂർ അനുമതി ഇല്ലാതെയുള്ള പ്രവൃത്തികൾ നടത്തുന്ന സഹകരണ ബാങ്കുകൾക്കെതിരെ സർക്കാർ സ്വീകരിക്കുന്ന നടപടികളെന്തെന്ന് വിശദമാക്കാമോ;

(സി) എറണാകുളം ജില്ലയിലെ ഏതെങ്കിലും സഹകരണ ബാങ്കുകൾ ഇത്തരത്തിൽ മുൻകൂർ അനുമതിയില്ലാതെ ജനറൽ ഫണ്ട് വിനിയോഗിച്ച് പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സഹകരണ ചട്ടം 54(1) പ്രകാരം മുൻകൂർ അനുമതി ആവശ്യമാണ്.

(ബി) കേരള സഹകരണ സംഘം നിയമത്തിൽ മുൻകൂർ അനുമതിയില്ലാതെ പ്രവൃത്തികൾ നടത്തുന്ന സഹകരണ ബാങ്കുകൾക്കെതിരെ സഹകരണ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്. എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിലെ ആയവന അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം ക്ലിപ്തം ഇ 1214, വാഴക്കുളം എസ്.സി.ബി. ക്ലിപ്തം 751, കാക്കൂർ എസ്.സി.ബി. ക്ലിപ്തം 163, മൂവാറ്റുപുഴ താലൂക്ക് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം ഇ 978, കൂത്താട്ടുകുളം മെർച്ചന്റ്സ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം ഇ 1300, മൂവാറ്റുപുഴ പ്രാഥമിക കാർഷിക വികസന ബാങ്ക് ക്ലിപ്തം 4389, കൂത്താട്ടുകുളം ഫാർമേഴ്സ് സഹകരണ ബാങ്ക് ക്ലിപ്തം ഇ. 45, രാമമംഗലം എസ്.സി.ബി. ക്ലിപ്തം 2156, കുന്നത്തുനാട് താലൂക്കിലെ ഐക്കരനാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ.172 എന്നീ ബാങ്കുകൾ മുൻകൂർ അനുമതിയില്ലാതെ ജനറൽ ഫണ്ട് വിനിയോഗിച്ച് പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയിട്ടുള്ളതാണ്. ടി സംഘങ്ങൾ മുൻ അനുമതിയില്ലാതെയാണ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതെങ്കിലും പിന്നീട് അനുവാദത്തിനായി അപേക്ഷ സമർപ്പിക്കുകയും ആയതിൽ തുടർനടപടികൾ സഹകരണ സംഘം രജിസ്ട്രാർ സ്വീകരിച്ചുവരികയുമാണ്.

എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ പോത്താനിക്കാട് ഫാർമേഴ്സ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3510-ൽ മുൻകൂർ അനുമതിയില്ലാതെ ജനറൽ ഫണ്ട് വിനിയോഗിച്ചതിനെതിരെ 65-ാം വകുപ്പ് പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും തുടർ നടപടികൾ സഹകരണ സംഘം രജിസ്ട്രാർ സ്വീകരിച്ചുവരികയുമാണ്.

എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിലെ പൂതൃക്ക സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 344, വകുപ്പിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങാതെ സ്ഥലം വാങ്ങിയിട്ടുള്ളതാണ്. സംഘം പിന്നീട് വകുപ്പിന്റെ അനുവാദത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥരിൽ ഒരാൾ സംഘം പ്രസിഡന്റായതിനാൽ ടിയാനെ ചട്ടം 44(3) പ്രകാരം അയോഗ്യനാക്കിക്കൊണ്ടും നടപടിക്രമങ്ങൾ പാലിക്കാതെ ജനറൽ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിൽ ഭരണ സമിതിക്ക് കൂട്ടുത്തരവാദിത്വമുള്ളതിനാൽ ടി തുക ഭരണസമിതി അംഗങ്ങളിൽനിന്നും ഈടാക്കേണ്ടതാണെന്ന് കാണിച്ച് ജോയിന്റ് രജിസ്ട്രാർ ഉത്തരവായിട്ടുള്ളതാണ്.

പ്രസിഡന്റിനെ അയോഗ്യനാക്കിയ നടപടിക്കെതിരെ ടിയാൻ സർക്കാരിൽ അപ്പീൽ സമർപ്പിച്ചെങ്കിലും ജോയിന്റ് രജിസ്ട്രാറുടെ നടപടി ശരിവച്ചുകൊണ്ട് ടിയാന്റെ അപ്പീൽ നിരസിക്കുകയും ചെയ്തു. അതിനെതിരെ ടിയാൻ ഹൈക്കോടതിയിൽ പെറ്റീഷൻ സമർപ്പിച്ചിട്ടുള്ളതാണ്.

എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിലെ കിഴക്കമ്പലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ആർ. 83, വകുപ്പിന്റെ മുൻകൂർ അനുമതിയില്ലാതെ സ്ഥലം വാങ്ങിയിട്ടുള്ളതാണ്. പിന്നീട് വകുപ്പിന്റെ അനുവാദത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

## സംസ്ഥാന അർബൻ സഹകരണ ബാങ്കുകളിലെ വ്യക്തിഗത ഓഹരി പങ്കാളിത്തം

272 (603) ഡോ. എം. കെ. മുനീർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന അർബൻ സഹകരണ ബാങ്കുകളിലെ വ്യക്തിഗത ഓഹരി പങ്കാളിത്തം അഞ്ചു ശതമാനമായി നിജപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം തീരുമാനിക്കാനുള്ള കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് ആർ.ബി.ഐ. ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന അർബൻ സഹകരണ ബാങ്കുകളിലെ വ്യക്തിഗത ഓഹരി പങ്കാളിത്തം അഞ്ച് ശതമാനമായി നിജപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനങ്ങളിലെ അർബൻ സഹകരണ ബാങ്കുകളിലെ വ്യക്തിഗത ഓഹരി പങ്കാളിത്തം 5 ശതമാനമായി നിജപ്പെടുത്തണമെന്ന ആർ.ബി.ഐ. നിർദ്ദേശം കേരള സംസ്ഥാന സഹകരണ നിയമത്തിലും വ്യവസ്ഥയാക്കുന്നതിന് റിസർവ് ബാങ്ക് നിർദ്ദേശിച്ചിട്ടുള്ളതാണ് ഇപ്രകാരം തീരുമാനിക്കുന്നതിനുള്ള കാരണം.

**കേരള ഹയർസെക്കണ്ടറി ടീച്ചേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

273 (604) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അംഗീകാരം നൽകിയ സംഘങ്ങൾ/സൊസൈറ്റികൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) ഇക്കാലയളവിൽ അപ്രകാരം അംഗീകാരം നൽകുന്നതിനുള്ള അപേക്ഷ നിരസിച്ച സംഘങ്ങൾ/സൊസൈറ്റികൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(സി) കേരള ഹയർസെക്കണ്ടറി ടീച്ചേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുന്നതിന് വേണ്ടി മലപ്പുറം ജോയിന്റ് രജിസ്ട്രാർ (ജനറൽ)ക്ക് അപേക്ഷ നൽകിയിട്ടും (ഫയൽ നമ്പർ 1117) നാളിതുവരെയായി അംഗീകാരം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ സൊസൈറ്റിക്ക് അംഗീകാരം ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജില്ല തിരിച്ചുള്ള സംഘങ്ങളുടെ പട്ടിക അനുബന്ധമായി * ഉള്ളടക്കം ചെയ്യുന്നു.

(ബി) അംഗീകാരം നിരസിച്ചിട്ടുള്ള സംഘങ്ങളുടെ പട്ടിക അനുബന്ധമായി * ഉള്ളടക്കം ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നിർദ്ദിഷ്ട മലപ്പുറം ഡിസ്ട്രിക്ട് ഹയർസെക്കണ്ടറി ടീച്ചേഴ്സ് വെൽഫയർ സഹകരണ സംഘം രൂപീകരണാർത്ഥം പ്രാഥമിക ഓഹരി മൂലധനം പിരിക്കുന്നതിനായി ചീഫ് പ്രൊമോട്ടർ സമർപ്പിച്ച ഫയൽ നമ്പർ 1117/2015/ഒ നമ്പർ അപേക്ഷ സഹകരണ നിയമം ചട്ടം 15(1) (എ) (3) (ബി) പ്രകാരം എംപ്ലോയീസ് ക്രെഡിറ്റ് സഹകരണ സംഘം വിഭാഗത്തിൽപ്പെടുത്തി രജിസ്റ്റർ ചെയ്ത് നൽകുന്നതിനുള്ളതായിരുന്നു. എന്നാൽ സഹകരണ നിയമം വകുപ്പ് 7(1) (സി) പ്രവർത്തനപരിധി അതിലംഘനമുള്ളതിനാൽ 29-5-2015-ന് അപേക്ഷ നിരസിച്ച് ചീഫ് പ്രൊമോട്ടർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ 15-9-2015-ന് മിസലേനിയസ് സംഘങ്ങളിലെ വെൽഫെയർ സംഘങ്ങളുടെ വിഭാഗത്തിൽ പ്പെടുത്തി പ്രാഥമിക ഓഹരി മൂലധനം പിരിക്കുന്നതിനുള്ള അപേക്ഷ ചീഫ് പ്രൊമോട്ടർ പുനഃസമർപ്പിച്ചിരുന്നു. ടി അപേക്ഷ പരിഗണിക്കുന്നതിന് നിർദ്ദിഷ്ട സംഘത്തിന്റെ കരട് നിയമാവലിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അപേക്ഷ പുനഃസമർപ്പിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽനിന്നും 20-2-2016-ന് ചീഫ് പ്രൊമോട്ടർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ കരട് നിയമാവലിയിലെ ന്യൂനതകൾ പരിഹരിച്ച് അപേക്ഷ സമർപ്പിക്കാത്തതിനാൽ ടി ഫയൽ 30-11-2017-ന് തുടർനടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്.

(ഡി) ചീഫ് പ്രൊമോട്ടർക്ക് വ്യവസ്ഥകൾക്ക് വിധേയമായി പ്രാഥമിക ഓഹരി മൂലധനം പിരിക്കുന്നതിനുള്ള അനുമതി അപേക്ഷ പുനഃസമർപ്പിക്കാവുന്നതാണ്.

**സഹകരണ ബാങ്ക് വായ്പകൾ**

274 (605) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ സഹകരണ ബാങ്കുകളുടെ കിട്ടാക്കടങ്ങളും റവന്യൂ റിക്കവറി (ആർ.ആർ) വിവരങ്ങളും പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രളയബാധിത പ്രദേശങ്ങളിലെ സഹകരണ ബാങ്ക് വായ്പകൾക്ക് മോറട്ടോറിയം കാലയളവിൽ പലിശ ഈടാക്കാറുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രളയത്തിൽ വാസയോഗ്യമല്ലാതായി തീർന്ന വീടും പുരയിടവും പണയപ്പെടുത്തി സഹകരണ ബാങ്കുകളിൽ നിന്നെടുത്ത വായ്പകളിന്മേൽ ഇളവുകൾ അനുവദിക്കാറുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ സഹകരണ സംഘങ്ങളുടെ കിട്ടാക്കടങ്ങളുടെ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത്/മുൻസിപ്പാലിറ്റി | തുക (രൂപയിൽ) |
|---|---|---|
| | വഴിക്കടവ് പഞ്ചായത്ത് | |
| 1 | വഴിക്കടവ് SCB | 1382230 |
| 2 | വഴിക്കടവ് വനിത സഹകരണ സംഘം | 481968 |
| 3 | ഇന്ദിര പ്രിയദർശിനി വനിത സഹകരണ സംഘം | 17874 |
| | ആകെ | 1882072 |
| | ഇടക്കര പഞ്ചായത്ത് | |
| 4 | ഈസ്റ്റ് ഏർനാട് SCB | 468115 |
| 5 | കസ്തൂർബ വനിത സഹകരണ സംഘം | 174600 |
| 6 | ഇടക്കര റൂറൽ സഹകരണ സംഘം | 198180 |
| | ആകെ | 840895 |
| | നിലമ്പൂർ മുനിസിപ്പാലിറ്റി | |
| 7 | നിലമ്പൂർ SCB | 6436052 |
| 8 | നിലമ്പൂർ വനിത സഹകരണ സംഘം | 56205 |
| 9 | നിലമ്പൂർ റൂറൽ സഹകരണ സംഘം | 449914 |
| 10 | നിലമ്പൂർ മർച്ചന്റ്സ് റൂറൽ സഹകരണ ബാങ്ക് | 107202 |
| 11 | നിലമ്പൂർ സഹകരണ അർബൻ ബാങ്ക് | 5148289 |
| 12 | മലപ്പുറം ജില്ല വിദ്യാഭ്യാസ വകുപ്പ് എംപ്ലോയീസ് & ടീച്ചേഴ്സ് സഹകരണ സംഘം | 173103 |
| 13 | ചന്തക്കുന്ന് വനിത സഹകരണ സംഘം | 2111632 |
| 14 | നിലമ്പൂർ ഹൗസിംഗ് സഹകരണ സംഘം | 1726248 |
| 15 | നിലമ്പൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് | 1719661 |
| 16 | നിലമ്പൂർ എംപ്ലോയീസ് സഹകരണ സംഘം | 203855 |
| | ആകെ | 18132161 |

| | | |
|---|---|---|
| കരുളായി പഞ്ചായത്ത് | | |
| 17 | കരുളായി സർവ്വീസ് സഹകരണ ബാങ്ക് | 10001290 |
| 18 | കരുളായി പഞ്ചായത്ത് വനിത സഹകരണ സംഘം | 59962 |
| 19 | ഇന്ദിരാജി വനിത സഹകരണ സംഘം | 30000 |
| 20 | നല്ലംതണ്ണി വനിത സഹകരണ സംഘം | 20000 |
| 21 | കരുളായി റൂറൽ സഹകരണ സംഘം | 81297 |
| | ആകെ | 10192549 |
| ചുങ്കത്തറ പഞ്ചായത്ത് | | |
| 22 | ചുങ്കത്തറ SCB Ltd. | 6619482 |
| 23 | ചുങ്കത്തറ വനിതാ CS | 27157 |
| 24 | ചുങ്കത്തറ പ്രിയദർശിനി വനിതാ CS | 150000 |
| | ആകെ | 6796639 |
| അമരമ്പലം പഞ്ചായത്ത് | | |
| 25 | അമരമ്പലം SCB Ltd. | 3087858 |
| 26 | അമരമ്പലം വനിതാ CS | 107316 |
| 27 | അമരമ്പലം ട്രേഡേഴ്സ് CS | 251000 |
| 28 | പൂക്കോട്ടുംപാടം റൂറൽ CS | 158984 |
| | ആകെ | 3605158 |
| മൂത്തേടം പഞ്ചായത്ത് | | |
| 29 | മൂത്തേടം SCB Ltd. | 10038096 |
| 30 | മൂത്തേടം വനിതാ CS | 111076 |
| 31 | കൽക്കുളം വനിതാ CS | 32594 |
| 32 | മൂത്തേടം സഹകരണ അർബൻ സംഘം | 2982000 |
| | ആകെ | 13163766 |
| പോത്തുകൽ പഞ്ചായത്ത് | | |
| 33 | പോത്തുകൽ SCB | 13914085 |
| 34 | പോത്തുകൽ അഗ്രി. ഇമ്പ്രൂവ്മെന്റ് CS | 20000 |

| | | |
|---|---|---|
| 35 | പോത്തുകൽ വിനിതാ CS | 281364 |
| 36 | നെറ്റികുളം വനിതാ CS | 202659 |
| | ആകെ | 14418108 |
| | ആകെ | 69031348 |

നിലമ്പൂർ നിയോജകമണ്ഡലത്തിലെ സഹകരണ സംഘങ്ങൾ ഒന്നുംതന്നെ റവന്യൂ വകുപ്പ് മുഖാന്തരമുള്ള റവന്യൂ റിക്കവറി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) പ്രളയബാധിത പ്രദേശങ്ങളിലെ സഹകരണ ബാങ്ക് വായ്പകളിലേയ്ക്ക് മൊറട്ടോറിയം കാലയളവിലെ പലിശ മൊറട്ടോറിയം കാലാവധി കഴിഞ്ഞശേഷം ഈടാക്കുന്നതാണ്. ഇതിൽ ബാങ്കിന്റെ സ്വന്തം ഫണ്ടുപയോഗിച്ച് നല്കുന്ന വായ്പകളുടെ പലിശനിരക്കിൽ ഇളവനുവദിക്കുന്നതിന് ഭരണസമിതിക്ക് അധികാരമുണ്ട്.

(സി) പ്രാഥമിക സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്ന് വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള 2018, 2019-ലെ പ്രളയ ബാധിത പ്രദേശങ്ങളിലെ പ്രളയദുരിതം നേരിട്ട വായ്പക്കാർക്ക് പലിശയിൽ പരമാവധി 50 ശതമാനം വരെ ഇളവ് അനുവദിക്കുന്നതിന് സഹകരണവകുപ്പ് നടപ്പിലാക്കിയിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**സഹകരണ സ്ഥാപനങ്ങളിലെ അഴിമതി**

275 (606) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർവ്വീസ് സഹകരണ ബാങ്കുകളിലെയും മറ്റു സഹകരണ സ്ഥാപനങ്ങളിലെയും അഴിമതി തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് എത്ര സഹകരണ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ സ്ഥാപനങ്ങളിലെ അഴിമതി തടയുന്നതിനായി ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർമാരും താലൂക്ക് തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർമാരും യൂണിറ്റ് തലത്തിൽ ഇൻസ്പെക്ടർമാരും സഹകരണ സംഘങ്ങളിൽ നടത്തിവരുന്ന ആകസ്മിക/വിശദ പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്.

സഹകരണ സംഘങ്ങളിൽ ക്രമക്കേടുകൾ ആരോപിക്കപ്പെട്ട് താലൂക്ക് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ലഭിക്കുന്ന പരാതികളിന്മേൽ ഫലപ്രദമായ അന്വേഷണം നടത്തുകയും ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് കാണുന്നപക്ഷം സഹകരണ നിയമം വകുപ്പ് 65, 66 എന്നിവ പ്രകാരമുള്ള തുടർ അന്വേഷണങ്ങൾ/പരിശോധനകൾ നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചുവരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സത്വരമായ തുടർനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. സഹകരണ വിജിലൻസിലെ അന്വേഷണ ഉദ്യോഗസ്ഥരായ പോലീസ് ഉദ്യോഗസ്ഥരുടെ ഒഴിവുകളിൽ നിയമനം നടത്തുകയും അവർക്കാവശ്യമായ പരിശീലനം നൽകുകയും ചെയ്ത് സഹകരണ വിജിലൻസ് സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ ചില സഹകരണ സംഘങ്ങളിൽ മുക്കുപണ്ടങ്ങൾ ഉൾപ്പെടെയുള്ള സ്വർണ്ണപ്പണയ ക്രമക്കേടുകൾ കണ്ടെത്തിയ സാഹചര്യത്തിൽ ടി ക്രമക്കേടുകൾ തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ 13/2018 നമ്പർ സർക്കുലർ മുഖാന്തരം പുറപ്പെടുവിച്ചിട്ടുണ്ട്.

കൂടാതെ സഹകരണ സംഘങ്ങളുടെ ആഡിറ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടുകൾ പരിശോധിക്കുന്നത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സഹകരണ ആഡിറ്റ് വിഭാഗത്തെ ശക്തമാക്കുന്നതിനും സഹകരണ സംഘങ്ങളുടെ ആഡിറ്റ് കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ആഡിറ്റിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾ സ്പെഷ്യൽ റിപ്പോർട്ട് സഹിതം ഭരണ വിഭാഗത്തെ അറിയിക്കുന്നതിനും ആഡിറ്റർമാർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ബി) അഴിമതി നടത്തുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനതലത്തിൽ 11 സഹകരണ സ്ഥാപനങ്ങൾക്കെതിരെയും ജില്ലാതലത്തിൽ 168 സഹകരണ സ്ഥാപനങ്ങൾക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്. ടി സഹകരണ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി *ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റിംഗ്

276 (607) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റിംഗ് ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ;

(ബി) ഓഡിറ്റിംഗുകളിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ)

1. കമ്പ്യൂട്ടർവൽകൃത സംഘങ്ങളിൽ പരിശോധിക്കുന്നതിന് മാർഗ്ഗനിർദ്ദേശം ആഡിറ്റർമാർക്ക് നൽകിയിട്ടുണ്ട്.
2. ആഡിറ്റർമാർക്ക് ആഡിറ്റ് സംബന്ധിച്ച് തുടർച്ചയായ പരിശീലനം നൽകിവരുന്നു.
3. സ്വർണ്ണപ്പണയ പണ്ടങ്ങളുടെ പരിശോധന കാര്യക്ഷമമായ രീതിയിൽ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
4. വകുപ്പുതലത്തിൽ ആഡിറ്റർമാരുടെ പ്രവൃത്തി അവലോകനം പ്രതിമാസം താലൂക്ക്/ജില്ലാ/സംസ്ഥാന തലത്തിലും നടത്തുന്നുണ്ട്.
5. ആഡിറ്റ് മാന്വൽ പരിഷ്കരണം അന്തിമ ഘട്ടത്തിലാണ്.
6. പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
7. അനുപാത വിശകലനം നടത്തി സംഘത്തിന്റെ സാമ്പത്തികനില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.
8. ആഡിറ്റ് സംബന്ധിച്ച വിവരങ്ങൾ ഓൺലൈനാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്വീകരിച്ചുവരുന്നു. സഹകരണ നിയമത്തിൽ നിഷ്കർഷിക്കുന്ന സമയത്ത് ആഡിറ്റ് പൂർത്തിയാക്കുന്നതിന് മുൻകൂർ വാർഷിക പ്രോഗ്രാം തയ്യാറാക്കിയതനുസരിച്ച് ആഡിറ്റ് പൂർത്തിയാക്കുന്നതിന് നടപടികൾ

സ്വീകരിക്കുന്നുണ്ട്. ആഡിറ്റ് പുരോഗതി സംസ്ഥാന/ജില്ലാ/സർക്കിൾ തലത്തിൽ പ്രതിമാസം അവലോകനം ചെയ്യു വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു. വിവിധ കാരണങ്ങളാൽ കോടതിയിലോ പോലീസിലോ റിക്കാർഡുകൾ സൂക്ഷിച്ചതു കൊണ്ടും കണക്കെഴുതി പൂർത്തിയാക്കുന്നതിൽ കാലതാമസമുള്ളതുകൊണ്ടും സോഫ്റ്റ്‌വെയറിൽ കൃത്രിമം കാണിച്ചിട്ടുള്ളതുമായ സംഘങ്ങളുടെ ആഡിറ്റ് ഒഴികെ മറ്റ് ആഡിറ്റുകൾ അനുവദനീയമായ സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ധനകാര്യ ആക്ടിലെ ഭേദഗതി

277 (608) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006 ലെ ധനകാര്യ ആക്ടിൽ ആദായനികുതി നിയമത്തിലെ 80 (പി) ഭേദഗതി ചെയ്ത് 1-4-2007 മുതൽ നാലാം ഉപവകുപ്പ് കൂട്ടിചേർത്തത് സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ എപ്രകാരമാണ് ബാധിച്ചത്; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് ഇതിൽ ഇളവ് നൽകണമെന്ന് കേന്ദ്ര ധനകാര്യ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള പ്രതികരണം എന്താണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) റിസർവ് ബാങ്കിലെ നിയന്ത്രണത്തിൽവരാത്ത എല്ലാ സഹകരണ സംഘങ്ങൾക്കും 1961-ലെ ആദായനികുതി നിയമത്തിലെ വകുപ്പ് 80(പി)(2) പ്രകാരം ആദായനികുതി ഇളവ് അനുവദനീയമായിരുന്നു. എന്നാൽ 2006-ലെ ഫിനാൻസ് ആക്ടിലൂടെ ആദായ നികുതി നിയമത്തിലെ 80 പി ഭേദഗതി ചെയ്ത് 1-4-2007 മുതൽ ഉപവകുപ്പ് 4 കൂടി ചേർത്ത് പ്രാബല്യത്തിൽ വരുത്തിയ പ്രകാരം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ ബാങ്കുകൾക്ക് 80 പി അനുസരിച്ചുള്ള ആദായനികുതി ഇളവ് നൽകേണ്ടതില്ലായെന്ന് ഇൻകംടാക്സ് വകുപ്പിന്റെ 20-9-2010-ലെ 6/2010 (F No. 173(3)/44/2009-IT (A-I) സർക്കുലർ പ്രകാരം ആദായനികുതി വകുപ്പ് നിർദ്ദേശം നൽകുകയുണ്ടായി. ഇതേത്തുടർന്ന് സഹകരണ മേഖലയിൽ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ

(പി.എ.സി.എസ്.), പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ ബാങ്കുകൾ/സംഘങ്ങൾക്ക് അന്നുവരെ ലഭ്യമായികൊണ്ടിരുന്ന ആദായനികുതി ഇളവ് നിർത്തലാക്കുകയുണ്ടായി. മേൽ പരാമർശിച്ച ഫിനാൻസ് ആക്ട് ഭേദഗതി മുഖേന സംസ്ഥാന സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് 1-4-2007 മുതൽ മുമ്പ് ലഭ്യമായിരുന്ന ആദായനികുതി ഇളവുകൾ നിഷേധിക്കപ്പെട്ടു. ഇത്തരത്തിൽ ആദായനികുതി ഇളവുകൾ നഷ്ടപ്പെട്ടതുമൂലം സംഘങ്ങളിലെ/ബാങ്കുകളിലെ അംഗങ്ങൾക്ക് ലഭിക്കുന്ന ലാഭവിഹിതത്തിൽ കുറവ് വരുകയും ലാഭത്തിൽ നിന്നും വകമാറ്റുന്ന മറ്റു ഫണ്ടുകളെ ദോഷകരമായി ബാധിക്കുകയും ചെയ്യും. കൂടാതെ സഹകരണ സംഘങ്ങളിലെ ഭൂരിഭാഗം നിക്ഷേപകരും സാധാരണക്കാരാണ്. നിക്ഷേപങ്ങൾക്ക് ആദായനികുതി നൽകേണ്ടിവരുമെന്ന ആദായനികുതിവകുപ്പിന്റെ നിലപാട് ബാങ്കിന് നിക്ഷേപകരെ നഷ്ടപ്പെടുത്തുന്നതിന് കാരണമാകും. അത് സഹകരണ ബാങ്കുകളുടെ പ്രവർത്തനമൂലധനത്തെയും നിക്ഷേപത്തെയും പ്രവർത്തനത്തേയും ദോഷകരമായി ബാധിക്കും.

(ബി) സംഘങ്ങളുടെ നിലനിൽപ്പിനെ തന്നെ പ്രതികൂലമായി ബാധിക്കുന്ന പ്രസ്തുത നടപടി പിൻവലിക്കണമെന്നും സഹകരണ സ്ഥാപനങ്ങൾക്ക് വരുമാന നികുതിയിൽ ഇളവ് നൽകണമെന്നുമുള്ള ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനായി ടി വിഷയം എം.പി.-മാരുടെ സമ്മേളനത്തിൽ ശ്രദ്ധയിൽകൊണ്ടുവരുകയുണ്ടായിട്ടുണ്ട്. സഹകരണമേഖലയുടെ നിലനിൽപ്പിനെ ബാധിക്കുന്നതാകയാൽ ആദായനികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ആദായ നികുതി ഇളവ് ലഭ്യമാക്കുന്നതിന് 2-7-2018-ലും 17-8-2019-ലും 11-10-2019-ലും ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി, കേന്ദ്ര കൃഷി വകുപ്പുമന്ത്രി എന്നിവർക്ക് സഹകരണ വകുപ്പുമന്ത്രി നിവേദനം സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽനിന്നും മറുപടി ലഭിച്ചിട്ടില്ല.

**കളക്ഷൻ ഏജന്റുമാരെ സ്ഥിരപ്പെടുത്താൻ നടപടി**

278 (609) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളിൽ അടിസ്ഥാന ഘടകമായി ജോലി നോക്കുന്ന കളക്ഷൻ ഏജന്റുമാരെ സ്ഥിരപ്പെടുത്തുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമോ;

(ബി) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിലവിൽ എത്ര കളക്ഷൻ ഏജന്റുമാർ ജോലി നോക്കുന്നു എന്ന് വ്യക്തമാക്കാമോ;

(സി) ഇവരെ സ്ഥിരപ്പെടുത്തുന്നതുകൊണ്ടും ഇവരുടെ സേവന വേതന വ്യവസ്ഥകൾ നടപ്പാക്കുന്നതുകൊണ്ടും സംഘങ്ങൾക്ക് എത്ര രൂപയുടെ അധിക ബാധ്യത ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) സഹകരണ സംഘം രജിസ്ട്രാറുടെ 7-5-2018 തീയതിയിലെ 28/2018 നമ്പർ സർക്കുലർ പ്രകാരം 14-7-2015-ന് മുമ്പ് നിയമിക്കപ്പെട്ടിട്ടുള്ളതും നാളിതുവരെ സ്ഥിരപ്പെടുത്തിയിട്ടില്ലാത്തതുമായ നിക്ഷേപ/വായ്പ കളക്ഷൻ ഏജന്റുമാരെ വ്യവസ്ഥകൾക്ക് വിധേയമായി ടി തസ്തികകൾ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സഹകരണ സംഘം രജിസ്ട്രാർ സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിലവിൽ 7416 കളക്ഷൻ ഏജന്റുമാർ ജോലി നോക്കുന്നുണ്ട്.

(സി) കളക്ഷൻ ഏജന്റുമാരെ സ്ഥിരപ്പെടുത്തുമ്പോൾ കളക്ഷൻ തുകയിൽ നിന്നുള്ള നിശ്ചിത ശതമാനം തുക കമ്മീഷനായി നൽകുന്നതിനാൽ സ്ഥിരപ്പെടുത്തുന്നതുകൊണ്ട് സംഘങ്ങൾക്ക് വെൽഫെയർ ഫണ്ട്, പെൻഷൻ ഫണ്ട് എന്നീ ഇനങ്ങളിൽ നാമമാത്രമായ അധികബാദ്ധ്യതയെ ഉണ്ടാകുന്നുള്ളൂ.

**പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം**

279 (610) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ ഉണ്ട്; ഇവയുടെ എണ്ണം പ്രത്യേകം വ്യക്തമാക്കാമോ;

(ബി) ഇത്തരം സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2019-ലെ സ്ഥിതി വിവരക്കണക്ക് പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് പ്രവർത്തനക്ഷമമായ 421 പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളാണുള്ളത്. ഇവയിൽ 412 സംഘങ്ങളും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന

പ്രസ്തുത 412 സംഘങ്ങളിൽ 364 എണ്ണം പട്ടികജാതി സംഘങ്ങളും 48 എണ്ണം പട്ടികവർഗ്ഗ സംഘങ്ങളുമാണ്.

(ബി) ഇത്തരം സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് സഹകരണ വകുപ്പ് വിവിധ പദ്ധതി സ്കീമുകളിലൂടെ ഓഹരി, സബ്സിഡി ഇനങ്ങളിൽ പ്രസ്തുത സംഘങ്ങൾക്ക് ധനസഹായങ്ങൾ നൽകിവരുന്നു. ധനസഹായങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി മൂലധനമായി 4 (നാല്) ലക്ഷം രൂപ അനുവദിച്ചുവരുന്നു.
2. പ്രസ്തുത സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി പുനരുദ്ധാരണ പദ്ധതി പ്രകാരം ഓഹരി മൂലധനമായി 5 ലക്ഷം രൂപയും സബ്സിഡിയായി 15 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 20 (ഇരുപത്) ലക്ഷം രൂപ അനുവദിച്ചുവരുന്നു.
3. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിനായി സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് ഓഹരി മൂലധനമായി 1,50,000 രൂപയും സബ്സിഡിയായി 3,50,000 രൂപയും ഉൾപ്പെടെ ആകെ 5 (അഞ്ച്) ലക്ഷം രൂപ അനുവദിച്ചുവരുന്നു.
4. വൈവിധ്യമാർന്നതും നൂതനവുമായ പദ്ധതികൾ ആവിഷ്കരിച്ച് പട്ടിക ജനവിഭാഗത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ സർക്കാർ ഓഹരിമൂലധനമായി 10 ലക്ഷം രൂപയും സബ്സിഡിയായി 30 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 40 (നാൽപ്പത്) ലക്ഷം രൂപ സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരവും സംഘങ്ങൾക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രസ്തുത പദ്ധതികൾക്കു പുറമേ പൊതുവിൽ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പുനർജ്ജനി എന്ന പേരിലൊരു സമഗ്ര പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിച്ചുവരുന്നു.

**കൺസ്യൂമർഫെഡിന്റെ പ്രവർത്തനം**

280 (611) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഫെഡറേഷന് സ്വന്തമായുള്ള നീതി ഗ്യാസ് പ്ലാന്റിന്റെ കാര്യശേഷി കൂടുതൽ പ്രയോജനപ്പെടുത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കൺസ്യൂമർ ഫെഡ് സ്ഥാപനങ്ങളുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനായി ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; 2017-18-നെ അപേക്ഷിച്ച് 2018-19-ൽ വിറ്റുവരവിൽ എന്ത് വർദ്ധനവാണ് ഉണ്ടായതെന്ന് അറിയിക്കുമോ;

(ഡി) കൺസ്യൂമർഫെഡിലെ ജീവനക്കാരുടെ എണ്ണം ശാസ്ത്രീയമായി തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അധികമായി കണ്ടെത്തിയ ജീവനക്കാരെ എപ്രകാരമാണ് പുനർവിന്യസിച്ചതെന്ന് വിശദമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിൽ താല്ക്കാലികമായോ, കരാർ അടിസ്ഥാനത്തിലോ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ. എങ്കിൽ ഓരോ വിഭാഗത്തിലും എത്ര ജീവനക്കാരെയാണ് നിയമിച്ചത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ത്രിവേണി സൂപ്പർമാർക്കറ്റുകൾ, മൊബൈൽ ത്രിവേണി മാർക്കറ്റുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, ത്രിവേണി നോട്ട് ബുക്ക്, കമ്പ്യൂട്ടർ സ്റ്റേഷനറി നിർമ്മാണ യൂണിറ്റ്, ഇ-ത്രിവേണികൾ, വിദേശ മദ്യം, ബിയർ വ്യാപാരം, ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി കോളേജ്, നീതി ഗ്യാസ് ബോട്ടിലിംഗ് പ്ലാന്റ് എന്നിവ കൺസ്യൂമർഫെഡിനു കീഴിൽ പ്രവർത്തിക്കുന്നു.

യാതൊരു കച്ചവട സാധ്യതയുമില്ലാത്ത 746 നന്മ സ്റ്റോറുകൾ നിർത്തലാക്കിക്കൊണ്ട് അധികമുള്ള രണ്ടായിരത്തി അഞ്ഞൂറോളം ജീവനക്കാരെ ഒരു നിശ്ചിത തീയതി കണക്കാക്കി ഒഴിവാക്കിയിട്ടുണ്ട്. കേരളത്തിലെ മുഴുവൻ സഹകരണ പ്രസ്ഥാനങ്ങളും സഹകാരികളുടെ സഹായത്താൽ സമാഹരിച്ച തുക സ്വരൂപിച്ച് വിവിധ ബാങ്കുകളിലെയും കുടിശ്ശിക അടച്ചു തീർത്ത് പിഴപ്പലിശ ഒഴിവാക്കുകയും ചില വായ്പകൾ അടച്ച് പുതുക്കി പലിശ നിരക്ക് കുറയ്ക്കുകയും ചെയ്തതുവഴി പലിശയിനത്തിൽ നൽകേണ്ടിവന്ന അതിഭീമമായ തുകയ്ക്ക് അറുതി വരുത്തുവാൻ കഴിഞ്ഞു.

140 നിയോജകമണ്ഡലങ്ങളിലും പ്രവർത്തിക്കുന്നതിനുവേണ്ടി വാങ്ങിയ മൊബൈൽ ത്രിവേണികൾ വിൽപ്പനക്കാവശ്യമായ സാധനങ്ങളില്ലാത്തത് വഴിയും മെയിന്റനൻസിനുംവേണ്ടി വലിയ തുകകൾ മുടക്കേണ്ടി വന്നതിനാലും

പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. ഇതിൽ 83 മൊബൈൽ ത്രിവേണികൾ പൊതുലേലം നടത്തി ഒഴിവാക്കിയിട്ടുണ്ട്. തീരദേശ, മലയോര മേഖലകളിൽ മൊബൈൽ ത്രിവേണികൾ ഇപ്പോഴും പ്രവർത്തനം തുടരുന്നു.

വിവിധ ഗോഡൗണുകളിലായി ഉപയോഗശൂന്യമായിവരുന്ന സാധനങ്ങൾ ലേലം ചെയ്ത് വിൽപ്പന നടത്തുകയും ബാക്കിയുള്ള സാധനങ്ങൾ നിയമവിധേയമായി നശിപ്പിക്കുകയും ചെയ്ത് യൂണിറ്റുകൾ ഡാമേജ് രഹിതമാക്കി.

ശമ്പളം, വാടക, പലിശ, ലോൺ തിരിച്ചടവ് എന്നീ മേഖലകളിലെ ചെലവ് ചുരുക്കലിന്റെയും വിൽപ്പന വർദ്ധനവിന്റെയും ഭാഗമായി 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ കൺസ്യൂമർഫെഡ് ലാഭത്തിലായി.

കൺസ്യൂമർഫെഡിന്റെ കേന്ദ്രീകൃത വാങ്ങലുകൾ മുഴുവൻ ഇ-ടെണ്ടറിലൂടെ നടത്തുവാൻ കഴിഞ്ഞു. ഇ-ടെണ്ടറും നെഗോസിയേഷനും നടത്തുകവഴി പർച്ചേസ് രംഗത്തെ അനാവശ്യ പ്രവണതകൾ പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വാങ്ങുക വഴി വിൽപ്പന വിലയിൽ കുറവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഉത്സവകാലങ്ങളിൽ വിപണിയിലുണ്ടായ കൃത്യമായ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി സർക്കാർ സഹായത്തോടെ വിപണി ഇടപെടലുകൾ പുനരുജ്ജീവിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) കൺസ്യൂമർഫെഡിന്റെ അപേക്ഷ പരിഗണിച്ച് ഐ.ഒ.സി.എൽ. കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിൽനിന്നും പ്രത്യേക അനുമതി ലഭിച്ചതിനെ തുടർന്ന് സിംഗിൾ ടെണ്ടർ മുഖാന്തരം നീതി ഗ്യാസ് എൽ.പി.ജി. ബോട്ടിലിംഗ് പ്ലാന്റിന് 3 വർഷത്തേയ്ക്ക് വർക്ക് ഓർഡർ ലഭിച്ചിട്ടുണ്ട്. ആയത് കാലാകാലങ്ങളിൽ പുതുക്കാവുന്നതാണ്. നീതി ഗ്യാസ് പ്ലാന്റിന് 2 ഷിഫ്റ്റ് പ്രവർത്തിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും ചെലവ് ചുരുക്കി നിലവിലുള്ള തൊഴിലാളികൾതന്നെ അധിക സമയം ജോലി ചെയ്തുകൊണ്ട് പ്ലാന്റിന്റെ പരമാവധി ശേഷിയിൽ ഉൽപ്പാദനം നടത്തിവരുന്നു. പ്ലാന്റിൽ നിലവിൽ 20 വർഷം മുൻപുള്ള ബോട്ടിലിംഗ് സംവിധാനവും അതിനോട് ബന്ധപ്പെട്ടുള്ള യന്ത്ര സാങ്കേതിക സംവിധാനങ്ങളു മാണുള്ളത്. പ്ലാന്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി എൽ.പി.ജി. കമ്പ്രസർ വാങ്ങിയിട്ടുണ്ട്.

(സി) 2018-2019 മുതൽ കൺസ്യൂമർഫെഡ് വാങ്ങുന്ന ഉൽപ്പന്നങ്ങളിൽ ബ്രാന്റഡ് ഇനങ്ങൾകൂടി ഉൾപ്പെടുത്തി പൊതുമാർക്കറ്റിൽ ഉന്നത നിലവാരത്തിലുള്ളതുമായ ലളിതജയ, ലളിതസുരേഖ, ബെൽ, 7 സ്റ്റാർ, 5 സ്റ്റാർ എന്നീ അരിയിനങ്ങളും കൂടാതെ ബ്രാന്റഡ് ആയിട്ടുള്ള പയർ ഉൽപ്പന്നങ്ങളും ഇ-ടെണ്ടർ മുഖാന്തരം നെഗോസിയേഷൻ നടത്തി വാങ്ങി പൊതുവിപണിയേക്കാൾ വില കുറച്ച് ത്രിവേണി/നീതി സ്റ്റോർ വഴി വിതരണം നടത്തിവരുന്നു. റീജിയണൽ

തലത്തിൽ ലോക്കൽ ഡിസ്ട്രിബ്യൂട്ടർമാർ മുഖാന്തരം വിതരണം നടത്തിയിരുന്ന പതിനഞ്ചോളം കമ്പനികളുടെ ഉൽപ്പന്നങ്ങൾ ഡിസ്ട്രിബ്യൂട്ടറുടെ കമ്മീഷൻ ഒഴിവാക്കി നേരിട്ട് വാങ്ങി വില കുറച്ച് വിതരണം നടത്തിവരുന്നു. എല്ലാ ജില്ലകളിലുമായി സമ്മാന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി. കൺസ്യൂമർഫെഡിന് മാത്രമായി വൻകിട കമ്പനികളിൽനിന്നും കൺസ്യൂമർ ഓഫറുകൾ വാങ്ങി ഈ ഓഫറുകൾ ഉപഭോക്താക്കൾക്ക് നൽകിവരുന്നു. കൂടാതെ ഉപഭോക്താക്കളെ ആകർഷിക്കുന്നതിന്റെ ഭാഗമായി യൂണിറ്റുകൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ ജീവനക്കാർ നേരിട്ട് ഗൃഹസന്ദർശനം നടത്തിയും കസ്റ്റമർ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും വഴി ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുവാൻ സാധിച്ചു.

11 റീജിയണലുകളുടെ 2017-18-ലെ വിറ്റുവരവും 2018-19-ലെ വിറ്റുവരവും ആയതിന്റെ വർദ്ധനവും ചുവടെ ചേർക്കുന്നു:

| No. | Branch Name | 2017-18 Total sales in (Cr) | 2018-19 Total Sales in (Cr) | Percentage of increase or decrease |
|---|---|---|---|---|
| 1 | Ernakulam | 25.09 | 29.09 | 16% |
| 2 | Thiruvananthapuram | 33.95 | 46.94 | 38% |
| 3 | Kozhikode | 36.12 | 42.96 | 19% |
| 4 | Kollam | 31.06 | 37.60 | 21% |
| 5 | Kottayam | 26.61 | 34.52 | 30% |
| 6 | Thrissur | 26.96 | 29.74 | 10% |
| 7 | Palakkad | 20.55 | 23.49 | 14% |
| 8 | Pathanamthitta | 18.98 | 19.42 | 2% |
| 9 | Alappuzha | 19.38 | 24.48 | 26% |
| 10 | Kasargod | 30.66 | 29.33 | -4% |
| 11 | Malappuram | 16.96 | 21.29 | 26% |
| | Total | 286.32 | 338.86 | 18.35 |

2017-18 കാലയളവിൽ നീതി മെഡിക്കൽ സ്കീമിന് വിറ്റുവരവ് 117.54 കോടി രൂപയായിരുന്നത് 2018-19 കാലയളവിൽ 48 ശതമാനം വർദ്ധനവോടെ 173.85 കോടി രൂപയായി.

(ഡി) കൺസ്യൂമർഫെഡിലെ ജീവനക്കാരുടെ എണ്ണം ശാസ്ത്രീയമായി തിട്ടപ്പെടുത്തിയിട്ടില്ല.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിൽ താഴെപറയും പ്രകാരം ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

| | | |
|---|---|---|
| മാനേജ്മെന്റ് ട്രെയിനികൾ | - | 15 |
| ലെയ്സൺ ആഫീസർ | - | 1 |
| ഫിനാൻസ് കൺസൾട്ടന്റ് & അഡ്മിനിസ്ട്രേറ്റീവ് ആഫീസർ | - | 1 |
| ബിസിനസ്സ് കൺസൾട്ടന്റ് | - | 1 |
| ലീഗൽ ആഫീസർ | - | 1 |
| ചീഫ് ഫിനാൻസ് ആഫീസർ | - | 1 |
| കോൺട്രാക്ട് ഫാർമസിസ്റ്റ് | - | 50 |
| ഫാർമസി അസിസ്റ്റന്റ് | - | 1 |
| കരാർ അദ്ധ്യാപകർ (ഫാർമസി കോളേജ്) | - | 6 |

## കൺസ്യൂമർഫെഡിന്റെ ഉന്നമനം

281 (612) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർഫെഡിന്റെ ഉന്നമനത്തിനായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഇതിലൂടെ എന്തെല്ലാം ഗുണപരമായ മാറ്റങ്ങൾ കൺസ്യൂമർഫെഡിന് ഉണ്ടായി എന്ന് അറിയിക്കുമോ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിന്റെ ഉന്നമനം ലക്ഷ്യമാക്കിയും ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമായി മൂന്നംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ

ഭരണനിർവ്വഹണത്തിനായി സർക്കാർ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി നിലവിൽവന്നശേഷം ഫെഡറേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പുതിയ സംഘടനാ സംവിധാനത്തിന് രൂപം നൽകി. പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെയുൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കി ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ സഹായത്തോടെ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി ആവശ്യകത തിട്ടപ്പെടുത്തി അനാവശ്യ ഗോഡൗണുകൾ ഒഴിവാക്കുകയുണ്ടായി. ലാഭകരമല്ലെന്ന് കണ്ടെത്തിയ 741 നന്മ സ്റ്റോറുകൾ അടച്ചുപൂട്ടുകയും അതിലെ താൽക്കാലിക ജീവനക്കാരെ ഒഴിവാക്കുകയും ചെയ്തു. വിൽപ്പനയ്ക്കാവശ്യമായ സാധനങ്ങൾ ഇല്ലാത്തതിനാലും മെയിന്റനൻസിനു വേണ്ടി വലിയ തുകകൾ മുടക്കേണ്ടതുള്ളതിനാലും പ്രവർത്തിക്കാൻ കഴിയാതിരുന്ന 83 മൊബൈൽ ത്രിവേണികൾ ലേലത്തിലൂടെ വിൽപ്പന നടത്തി. വിവിധ ഗോഡൗണുകളിലായി കെട്ടിക്കിടന്ന ഉപയോഗശൂന്യമായ സാധനങ്ങൾ ലേലം ചെയ്ത് വിൽപ്പന നടത്തി ഫെഡറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി.

24-1-2019-ൽ ഫെഡറേഷനിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അധികാരത്തിൽ വന്നു. കൺസ്യൂമർഫെഡിന്റെ ഉന്നമനം ലക്ഷ്യമാക്കി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ത്രിവേണി സൂപ്പർമാർക്കറ്റുകൾ, തീരദേശ, മലയോര മേഖലകളിൽ പ്രവർത്തിക്കുന്ന മൊബൈൽ ത്രിവേണികൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, ത്രിവേണി നോട്ട് ബുക്ക്, സ്റ്റേഷനറി നിർമ്മാണ യൂണിറ്റ്, ഇത്രിവേണികൾ, വിദേശമദ്യ ബിയർ വ്യാപാരം, നീതി ഗ്യാസ് ബോട്ടിലിംഗ് പ്ലാന്റ് എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സാധിച്ചു.

2012-13 വർഷം മുതലുള്ള ആഡിറ്റ് കുടിശ്ശിക പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചു. ഇതിന്റെ ഭാഗമായി ഫിനാൻഷ്യൽ ആഡിറ്റ് പൂർത്തിയാക്കുന്നതിന് ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തെ ചുമതലപ്പെടുത്തി 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലെ ഫിനാൻഷ്യൽ ആഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ആഡിറ്റ് പൂർത്തിയാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. തൃശ്ശൂർ ജില്ലയിൽ 2013-ൽ പ്രവർത്തനം ആരംഭിച്ച ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസിയിൽ ഡിഫാം കോഴ്സിന് പുറമെ 2018-19 മുതൽ ബിഫാം കോഴ്സ് ആരംഭിക്കുന്നതിന് കഴിഞ്ഞു.

ഈ സർക്കാർ അധികാരമേറ്റശേഷം ഫെഡറേഷന് മുൻകാലങ്ങളിൽ സബ്സിഡി ഇനത്തിൽ നൽകുവാൻ ബാക്കി നിൽപ്പുണ്ടായിരുന്ന 38.9932 കോടി രൂപ നൽകി. ഇതുൾപ്പെടെ സബ്സിഡി ഇനത്തിൽ ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നതിനായി 2016-17 വർഷത്തിൽ 35 കോടി രൂപയും 2017-18-ൽ

67.6632 കോടി രൂപയും 2019-20-ൽ 20.15 കോടി രൂപയും ഫെഡറേഷന് നൽകിയിട്ടുണ്ട്. ഉത്സവ വിപണികൾ സംഘടിപ്പിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷത്തിൽ സബ്സിഡി ഇനത്തിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽവന്ന സമയത്ത് 447.21 കോടി രൂപയുടെ സഞ്ചിതനഷ്ടമുണ്ടായിരുന്നു. ഫെഡറേഷന്റെ ഉന്നമനം ലക്ഷ്യമാക്കി നടപ്പിലാക്കിയ പ്രവർത്തനങ്ങളിലൂടെ സഞ്ചിത നഷ്ടം നിലവിൽ 243.41 കോടി രൂപയായി കുറയ്ക്കുവാൻ സാധിച്ചു. 2015-16 വർഷത്തിൽ ഫെഡറേഷന്റെ ആദ്യ വിറ്റുവരവ് 1717.09 കോടി രൂപയായിരുന്നു. അത് 2016-17-ൽ 1897.41 കോടി രൂപയായും 2017-18-ൽ 2004.84 കോടി രൂപയായും 2018-19-ൽ 2297.04 കോടി രൂപയായും വർദ്ധിപ്പിച്ചു. ഇതിന്റെ ഫലമായി 2016-17 സാമ്പത്തിക വർഷത്തിൽ 61.27 കോടി രൂപയുടേയും 2017-18 സാമ്പത്തിക വർഷത്തിൽ 61.28 കോടി രൂപയുടേയും 2018-19 സാമ്പത്തിക വർഷത്തിൽ 80.89 കോടി രൂപയുടേയും പ്രവർത്തനലാഭം നേടുവാൻ സാധിച്ചിട്ടുണ്ട്.

## സഹകരണ മേഖലയിലെ ശമ്പള പരിഷ്കരണം

282 (613) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൈമറി സഹകരണ മേഖലയിലെ ശമ്പള പരിഷ്കരണ കാലാവധി അവസാനിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത മേഖലയിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിലെ ശമ്പള പരിഷ്കരണ കാലാവധി 31-3-2019-ന് അവസാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലയിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ ചെയർമാനായും സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ കൺവീനറായും ശമ്പളപരിഷ്കരണ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ടി കമ്മിറ്റി ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## സഹകരണ ഇലക്ഷൻ ഓഫീസർമാർ

283 (614) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ഇലക്ഷൻ കമ്മീഷൻ നിയമപ്രകാരം എല്ലാ ജില്ലകളിലും സഹകരണ ഇലക്ഷൻ ഓഫീസർമാരെ നിയമിക്കണമെന്ന് നിബന്ധനയുണ്ടോ; എങ്കിൽ ഇതിനകം എത്രപേരെ നിയമിച്ചുവെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാന സഹകരണ ബാങ്കിലും, ജില്ലാ സഹകരണ ബാങ്കുകളിലും ഓഡിറ്റ് നടത്തുന്ന സംസ്ഥാന സഹകരണ വകുപ്പിലെ ജോയിന്റ് ഡയറക്ടർമാരെ പ്രസ്തുത തസ്തികകളിൽ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) കേരള ബാങ്ക് രൂപീകരണത്തോടെ ജീവനക്കാരെ പുനർവിന്യസിക്കേണ്ട സാഹചര്യത്തിൽ മേല്പറഞ്ഞ തസ്തികയിൽ സഹകരണ വകുപ്പിലെ ജോയിന്റ് ഡയറക്ടർമാരെ പുനർവിന്യസിക്കുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ-സി) സഹകരണ നിയമ പ്രകാരം ജില്ലകളിൽ സഹകരണ ഇലക്ഷൻ ഓഫീസർമാരെ നിയമിക്കുന്നതിന് നിബന്ധനയില്ല.

## ജില്ലാ സഹകരണ ബാങ്ക് ക്ലാർക്ക്/കാഷ്യർ റാങ്ക് പട്ടിക

284 (615) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ നിലവിൽ വന്ന ജില്ലാ സഹകരണ ബാങ്ക് ക്ലാർക്ക്/കാഷ്യർ റാങ്ക് പട്ടികയിൽ എത്രപേരാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അവരിൽ എത്രപേർക്ക് ഓരോ ജില്ലാബാങ്കിലും നിയമനം നൽകിയെന്ന് വിശദമാക്കുമോ;

(സി) 2010-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്കാണ് നിയമനം നൽകിയിരുന്നതെന്നറിയിക്കാമോ;

(ഡി) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് ജില്ലാ സഹകരണ ബാങ്ക് നിയമനങ്ങളിൽ അപ്രഖ്യാപിത നിയമന നിരോധനം ഏർപ്പെടുത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ഇ) മലപ്പുറം ജില്ലയിലെ മുപ്പതും എറണാകുളം ജില്ലയിലെ ഇരുപത്തിരണ്ടും ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ കേരള ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് പ്രകാരം ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി)

| ക്രമനമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 6 |
| 2 | കൊല്ലം | 7 |
| 3 | പത്തനംതിട്ട | 54 |
| 4 | ആലപ്പുഴ | 23 |
| 5 | കോട്ടയം | 52 |
| 6 | ഇടുക്കി | 31 |
| 7 | എറണാകുളം | 66 |
| 8 | തൃശ്ശൂർ | 59 |
| 9 | പാലക്കാട് | 38 |
| 10 | മലപ്പുറം | 57 |
| 11 | കോഴിക്കോട് | 56 |
| 12 | വയനാട് | 36 |
| 13 | കണ്ണൂർ | 43 |
| 14 | കാസർഗോഡ് | 22 |
| | ആകെ | 550 |

(സി)

| ക്രമനമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 145 |
| 2 | കൊല്ലം | 55 |
| 3 | പത്തനംതിട്ട | 81 |
| 4 | ആലപ്പുഴ | 107 |
| 5 | കോട്ടയം | 75 |
| 6 | ഇടുക്കി | 92 |
| 7 | എറണാകുളം | 86 |
| 8 | തൃശ്ശൂർ | 85 |
| 9 | പാലക്കാട് | 88 |
| 10 | മലപ്പുറം | 118 |
| 11 | കോഴിക്കോട് | 208 |
| 12 | വയനാട് | 58 |
| 13 | കണ്ണൂർ | 97 |
| 14 | കാസർഗോഡ് | 78 |
| | ആകെ | 1373 |

(ഡി) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് ജില്ലാ സഹകരണ ബാങ്ക് നിയമനങ്ങളിൽ അപ്രഖ്യാപിത നിയമന നിരോധനം ഏർപ്പെടുത്തിയിരുന്നില്ല.

(ഇ) മലപ്പുറം ജില്ലയിലെ മുപ്പതും എറണാകുളം ജില്ലയിലെ ഇരുപത്തിരണ്ടും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ കേരള ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ട്.

മേൽക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലാ സഹകരണ ബാങ്ക് 30 ഒഴിവുകളും എറണാകുളം ജില്ലാ സഹകരണ ബാങ്ക് 22 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## സഹകരണ മേഖലയിൽ സ്മാർട്ട് ക്ലാസ്സ് റൂം

285 (616) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ സ്മാർട്ട് ക്ലാസ് റൂമുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച പുരോഗതി വ്യക്തമാക്കാമോ;

(ബി) പട്ടാമ്പി മണ്ഡലത്തിൽ ഇതിനായി ഏതൊക്കെ സ്കൂളുകളാണ് തിരഞ്ഞെടുത്തിട്ടുള്ളത്; ഇതിന്റെ പുരോഗതി വ്യക്തമാക്കാമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് മുഖാന്തരം ഒരു നിയോജകമണ്ഡലത്തിൽ ഒരു യു.പി. സ്കൂൾ വീതം 140 നിയോജകമണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലെയും എം.എൽ.എ.-മാർ ലഭ്യമാക്കുന്ന ലിസ്റ്റും, സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു.

എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി./യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ച് നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തരം സ്മാർട്ട് ക്ലാസ്സ് മുറികൾ നിർമ്മിച്ച് നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ലെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ച് നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.

(ബി) എൽ.പി.എസ്. ആമയൂർ നോർത്ത്, പി.വി. എൽ.പി.എസ്. കലുക്കല്ലൂർ എന്നീ സ്കൂളുകളെയാണ് പട്ടാമ്പി മണ്ഡലത്തിൽ സ്മാർട്ട് ക്ലാസ്റൂം പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത്. ടി സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് കൊപ്പം സേവന സഹകരണ ബാങ്ക്, വലപ്പുഴ സേവന സഹകരണ ബാങ്ക് എന്നീ സംഘങ്ങൾ തയ്യാറായിട്ടുണ്ട്. സ്കൂളുകളിലെ ആവശ്യങ്ങൾ സംബന്ധിച്ച് നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## അർബൻ ബാങ്കുകളുടെ മേൽ ആർ.ബി.ഐ. നിയന്ത്രണം

286 (617) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ ബാങ്കുകളുടെ മേൽ സഹകരണ വകുപ്പിനുള്ള നിയന്ത്രണം എടുത്ത് കളഞ്ഞ് ആർ.ബി.ഐ.യുടെ മാത്രം നിയന്ത്രണത്തിലാക്കുന്നതിനുള്ള നടപടികൾ ആർ.ബി.ഐ. ആരംഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ അർബൻ ബാങ്കുകളിൽ സഹകരണ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർമാർ, ആഡിറ്റർമാർ എന്നീ ചുമതലകൾ വഹിക്കുന്ന എത്ര ഉദ്യോഗസ്ഥർ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(സി) അർബൻ ബാങ്കുകളുടെ നിയന്ത്രണം ആർ.ബി.ഐ. ഏറ്റെടുക്കുന്നതോടെ സഹകരണ വകുപ്പിലെ മേല്പറഞ്ഞ ഉദ്യോഗസ്ഥരുടെ തസ്തിക നഷ്ടപ്പെടുന്ന സാഹചര്യം സംജാതമായിട്ടുണ്ടോയെന്നറിയിക്കുമോ;

(ഡി) ഇക്കാര്യത്തിലുള്ള ജീവനക്കാരുടെ ആശങ്ക അകറ്റുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) അർബൻ ബാങ്കുകളുടെ മേൽ സഹകരണ വകുപ്പിനുള്ള നിയന്ത്രണം എടുത്തുകളഞ്ഞ് ആർ.ബി.ഐ.-യുടെ മാത്രം നിയന്ത്രണത്തിലാക്കുന്നതിനുള്ള നടപടികൾ ആർ.ബി.ഐ. സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി)

| | | |
|---|---|---|
| 1.അസിസ്റ്റന്റ് ഡയറക്ടർ (ഹയർ ഗ്രേഡ്) | - | 1 |
| 2.അസിസ്റ്റന്റ് ഡയറക്ടർ | - | 26 |
| 3.സ്പെഷ്യൽ ഗ്രേഡ് ആഡിറ്റർ | - | 6 |
| 4. സീനിയർ ആഡിറ്റർ | - | 20 |
| 5. ജൂനിയർ ആഡിറ്റർ | - | 18 |

(സി) അർബൻ സഹകരണ ബാങ്കുകളുടെ നിയന്ത്രണം റിസർവ് ബാങ്ക് പൂർണ്ണമായും ഏറ്റെടുത്തിട്ടില്ല. സഹകരണ വകുപ്പിലെ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുടെ തസ്തിക നഷ്ടപ്പെടുന്ന സാഹചര്യം സംജാതമായിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ ജീവനക്കാർക്ക് ആശങ്കയുണ്ടാകേണ്ട സാഹചര്യം നിലവിലില്ല.

**കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് കമ്പനി**

287 (618) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ടൂറിസം ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് കമ്പനി (കെ.ടി.ഐ.എൽ.) എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കമ്പനി രൂപീകരിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) കെ.ടി.ഐ.എൽ. രൂപീകരണം സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിന് ഏതൊക്കെ തരത്തിൽ മുതൽക്കൂട്ടാകുമെന്ന് അറിയിക്കുമോ;

(ഡി) കെ.ടി.ഐ.എൽ. കമ്പനിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ;

(ഇ) കമ്പനിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തെ ടൂറിസം രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനും നിക്ഷേപ പ്രോത്സാഹനത്തിനുമായി 1989-ൽ രൂപീകരിക്കപ്പെട്ട ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡിന്റെ പ്രവർത്തനമേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി 2010 -ൽ സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് കമ്പനി (കെ.ടി.ഐ.എൽ.) സ്ഥാപിതമായത്.

(ബി) കേരള സംസ്ഥാനത്തിന്റെ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായുള്ള പ്രവർത്തനങ്ങളും ഈ രംഗത്തെ നിക്ഷേപ പ്രോത്സാഹനവുമാണ് കെ.ടി.ഐ.എൽ. രൂപീകരിച്ചതിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) വിനോദസഞ്ചാര മേഖലയിലെ മാറുന്ന അഭിരുചികൾക്ക് അനുസൃതമായി പുതിയ ടൂറിസം ഉൽപ്പന്നങ്ങൾ കണ്ടെത്തി വികസിപ്പിച്ച് നടപ്പിലാക്കേണ്ടത് കേരളത്തിന്റെ ടൂറിസം ആകർഷണീയത നിലനിർത്തുവാൻ അത്യന്താപേക്ഷിതമാണ്. കെ.ടി.ഐ.എൽ. വഴിയാണ് ഇതിനായുള്ള വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. താജ് ഗ്രൂപ്പുമായി ചേർന്ന് കൊച്ചി, കുമരകം, വർക്കല എന്നിവിടങ്ങളിൽ സംയുക്തസംരംഭ മാതൃകയിൽ ആരംഭിച്ച ഹോട്ടൽ പദ്ധതികൾ വിനോദസഞ്ചാരമേഖലയിലെ പൊതുസ്വകാര്യ പങ്കാളിത്തത്തിന്റെ ആദ്യ കാൽവയ്പുകളിലൊന്നാണ്. കോഴിക്കോട് ജില്ലയിലെ സരോവരം ബയോപാർക്ക് പദ്ധതി, തലശ്ശേരിയിലെ ഓവർസീസ് ഫോളി, സീവ്യൂ പാർക്ക്, സെന്റിനറി പാർക്ക് പദ്ധതികൾ എന്നിവയും കെ.ടി.ഐ.എൽ.-ന്റെ നേതൃത്വത്തിൽ മുമ്പ് പൂർത്തിയാക്കിയ അടിസ്ഥാന സൗകര്യവികസന പദ്ധതികളിലുൾപ്പെട്ടവയാണ്. നൂതന ടൂറിസം ഉൽപ്പന്നങ്ങളായ ഹോപ്പ്-ഓൺ-ഹോപ്പ്-ഓഫ്, വാട്ടർ ടാക്സി ബോട്ട് സർവ്വീസുകൾ, വിഞ്ച് ഓപ്പറേറ്റഡ് ബീച്ച് പാരാസെയിൽ തുടങ്ങിയവ കെ.ടി.ഐ.എൽ. ആവിഷ്കരിച്ച് നടപ്പിലാക്കിയ നൂതന പദ്ധതികളാണ്. കൂടാതെ പ്രസാദ് പദ്ധതിയിലുൾപ്പെടുത്തി ഗുരുവായൂരിലെ അടിസ്ഥാനസൗകര്യ വികസന പദ്ധതി, കണ്ണൂർ വിമാനത്താവള വികസനവുമായി ബന്ധപ്പെട്ട് കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ പ്രദേശങ്ങളുൾപ്പെടുത്തി ടൂറിസം ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് പ്ലാൻ തയ്യാറാക്കൽ, മടവൂർപാറ ടൂറിസം മേഖലാവികസന പദ്ധതി, വേളി ടൂറിസം വികസനം, 2019-ലെ പുതുക്കിയ CRZ നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ടൂറിസം പ്ലാൻ തയ്യാറാക്കൽ മുതലായവ കെ.ടി.ഐ.എൽ. ഏറ്റെടുത്തിട്ടുള്ള പുതിയ പദ്ധതികളിൽ ചിലതാണ്. ഇത്തരത്തിൽ വിനോദസഞ്ചാരമേഖലയിൽ ആവശ്യമായി വരുന്ന നൂതന വച്ചുവട്ടുവയ്പ്പുകൾക്ക് മുതൽക്കൂട്ടാവുന്നവയാണ് കെ.ടി.ഐ.എൽ. വഴി നടപ്പാക്കപ്പെടുന്ന വിവിധ പദ്ധതികൾ.

(ഡി) തുടർച്ചയായ വർഷങ്ങളിൽ സർക്കാരിന് ലാഭവിഹിതം നൽകിവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നാണ് കെ.ടി.ഐ.എൽ. കൂടാതെ എല്ലാ വർഷവും വകുപ്പ് തലത്തിലും മന്ത്രിതലത്തിലും വിവിധ അവസരങ്ങളിലായി പ്രവർത്തന വിലയിരുത്തലുകൾ നടത്താറുണ്ട്. ഇവയുടെ അടിസ്ഥാനത്തിൽ ലഭ്യമാവുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ കൂടി വെളിച്ചത്തിലാണ് കെ.ടി.ഐ.എൽ.-ന്റെ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നത്.

(ഇ) അടിസ്ഥാന സൗകര്യവികസനം, മാസ്റ്റർപ്ലാനുകൾ തയ്യാറാക്കൽ, നൂതന ടൂറിസം ഉൽപ്പന്നങ്ങളുടെ കണ്ടെത്തലും വികസനവും തുടങ്ങി വിപുലമായ മേഖലകളിലേയ്ക്ക് കമ്പനിയുടെ പ്രവർത്തന മേഖല നിലവിൽ വിപുലീകരിച്ചിട്ടുണ്ട്.

## വിനോദസഞ്ചാരികൾക്ക് സൗകര്യവും സുരക്ഷയും

288 (619) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്ക് സൗകര്യവും സുരക്ഷയുമൊരുക്കുന്നതിൽ അനാസ്ഥ ഉണ്ടാകുന്നുവെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) തേക്കടിയിൽ ബോട്ടിംഗിനിടെ കുഴഞ്ഞു വീണ അയർലന്റ് സ്വദേശികൾ, ആംബുലൻസ് സൗകര്യമില്ലാത്തതിനാൽ ചികിത്സ കിട്ടാതെ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഫോർട്ട് കൊച്ചിയിൽ നടപ്പാതയിലെ തകർന്ന സ്ലാബിൽ കുടുങ്ങി ബ്രിട്ടീഷ് സ്വദേശിക്ക് വാരിയെല്ലിനും കാലിനും പരിക്കേറ്റതും തുടർന്ന് നാട്ടുകാർ ഇവരെ ആശുപത്രിയിലെത്തിച്ചതുമായ സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ഡി) വഴിവിളക്ക് ഇല്ലാത്തതിനാൽ തകർന്ന സ്ലാബ് ശ്രദ്ധയിൽപ്പെടാതിരുന്നതാണോ പ്രസ്തുത അപകടത്തിനു കാരണം എന്നും എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കാമോ;

(ഇ) സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക അതിഥിയായി എത്തിയ നോബൽ സമ്മാനിതൻ മൈക്കിൾ ലൈവിറ്റിനെ പൊതുപണിമുടക്ക് ദിവസം കായലിൽ അദ്ദേഹം സഞ്ചരിച്ച പുരവഞ്ചിയിൽ തടഞ്ഞിട്ട സംഭവത്തെ എങ്ങനെയാണ് വിലയിരുത്തുന്നത്; വിശദാംശങ്ങൾ നൽകുമോ;

(എഫ്) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് ഭാവിയിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലാവശ്യമായ സൗകര്യങ്ങൾ ടൂറിസം വകുപ്പ് ഒരുക്കിവരുന്നുണ്ട്. സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുന്നതിനുവേണ്ട നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനായി നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരെയും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്. ടൂറിസം പോലീസിന്റെ സേവനം വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്.

വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കോവളം, വേളി എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചുകഴിഞ്ഞു. അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ കോവളം ബീച്ചിൽ അപകട മുന്നറിയിപ്പ് നൽകുന്ന അലാറം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

അപകടസാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പുവഴി നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകട സാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും അറിയിപ്പുകളും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. സഞ്ചാരികൾക്ക് കായൽ യാത്ര സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മേഖലയിൽ ഹൗസ് ബോട്ടുകൾക്ക് ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം സംവിധാനം കെൽട്രോൺ മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, നൂതന കർമ്മ പരിപാടിയായ "ഗ്രീൻ കാർപ്പറ്റ്" പദ്ധതിയിലെ ഒരു പ്രധാനയിനം സഞ്ചാരികളുടെ സുരക്ഷിതത്വമാണ്.

ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

(ബി) 2020 ഫെബ്രുവരി മാസം മൂന്നാം തീയതിയാണ് കുമിളിയിലുള്ള വിനോദസഞ്ചാര വകുപ്പിന്റെ ക്ലാസിഫിക്കേഷനുള്ള പെപ്പർ കൗണ്ടി എന്ന ഹോം സ്റ്റേയിൽ താമസിച്ചിരുന്ന 75 വയസ്സുള്ള എൽകോം ഐവർ കെന്നത്ത് എന്ന അയർലന്റ് സ്വദേശി ഭാര്യ ജോസഫൈനുമൊത്ത് തേക്കടി തടാകത്തിൽ ബോട്ടിംഗിനെത്തിയത്. രാവിലെ പതിനൊന്ന് മണിയോടെ കെ.റ്റി.ഡി.സി.-യുടെ "ജലയാത്ര" എന്ന ബോട്ടിൽ ജലയാത്രയ്ക്ക് തയ്യാറെടുക്കുന്നതിനിടെ അദ്ദേഹം നെഞ്ചുവേദനയെത്തുടർന്ന് ബോട്ടിന്റെ സീറ്റിൽ കുഴഞ്ഞിരിക്കുകയും വിവരമറിഞ്ഞയുടൻ തന്നെ കെ.റ്റി.ഡി.സി. ഉദ്യോഗസ്ഥർ അവരുടെ ജീപ്പുമായി സ്ഥലത്തെത്തുകയും അദ്ദേഹത്തെ ആശുപത്രിയിലേയ്ക്ക് മാറ്റാനുള്ള ശ്രമം നടത്തുകയും ചെയ്തു. പക്ഷേ, അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി ജോസഫൈൻ

അദ്ദേഹത്തെ ജീപ്പിൽ കയറ്റാൻ വൈമനസ്യം പ്രകടിപ്പിക്കുകയും പ്രഥമശുശ്രൂഷാ സൗകര്യമുള്ള ആംബുലൻസ് വേണമെന്നാവശ്യപ്പെടുകയുമുണ്ടായി. നിർഭാഗ്യവശാൽ തേക്കടി ബോട്ട് ലാൻഡിംഗിൽ ഉപയോഗത്തിന് കരുതിയിരുന്ന വനം വകുപ്പിന്റെ അധീനതയിലുള്ള ആംബുലൻസ് അറ്റകുറ്റപ്പണികൾക്കായി വർക്ക്ഷോപ്പിലായിരുന്നതിനാൽ കുമിളിയ്ക്കടുത്തുള്ള സെന്റ് അഗസ്റ്റിൻ ആശുപത്രിയുടെ ആംബുലൻസ് എത്തിച്ചാണ് അദ്ദേഹത്തെ 9 കി.മീറ്റർ മാത്രം അകലെയുള്ള പ്രസ്തുത ആശുപത്രിയിൽ എത്തിക്കാൻ സാധിച്ചത്. സംഭവം നടന്ന് അരമണിക്കൂറിനുള്ളിൽ തന്നെ അദ്ദേഹത്തെ കെ.റ്റി.ഡി.സി. ഉദ്യോഗസ്ഥരും വനം വകുപ്പ് എ.ഡി.എഫ്. ശ്രീ. വിപിൻദാസും ചേർന്ന് ആശുപത്രിയിലെത്തിച്ചെങ്കിലും ഡോക്ടർ 11.55 മണിയോടെ അദ്ദേഹത്തിന്റെ മരണം സ്ഥിരീകരിച്ചു. അതിനുശേഷം പോലീസ് നടപടികളുടെ ഭാഗമായി അദ്ദേഹത്തിന്റെ ഭൗതികശരീരം കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് മാറ്റുകയും ചെയ്തു. പെപ്പർ കൗണ്ടി ഹോം സ്റ്റേ ഉടമസ്ഥൻ കോട്ടയം നാട്ടകത്ത് പ്രവർത്തിക്കുന്ന അഭയ എംബാമിങ് കേന്ദ്രംവരെയും വകുപ്പിന്റെ കുമിളിയിലെ ജില്ലാ കാര്യാലയത്തിലെ ഇൻഫർമേഷൻ ഓഫീസർ പിറ്റേദിവസം വൈകുന്നേരം 5 മണിക്ക് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ എത്തിക്കുന്നതുവരെയും ഭൗതികശരീരത്തെ അനുധാവനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) പരിശോധിച്ചു.

(ഡി) കൊച്ചിൻ സ്മാർട്ട് മിഷൻ, കോർപ്പറേഷൻ റോഡിൽ കാന വൃത്തിയാക്കാൻ സ്ലാബ് ഇളക്കിയിട്ടിരുന്നതിനാലാണ് അപകടമുണ്ടായത്. ആയത് പരിഹരിക്കാൻവേണ്ടി കോർപ്പറേഷന്റെ ഫണ്ടുപയോഗിച്ച് മോശമായ സ്ലാബുകൾ പുനഃസ്ഥാപിച്ചിട്ടുണ്ട്.

(ഇ) കഴിഞ്ഞ ദേശീയ പണിമുടക്കിനിടെ നോബൽ സമ്മാന ജേതാവായ ശ്രീ. മൈക്കൽ ലൈവിറ്റിനും പത്നിക്കും സമരാനുകൂലികളിൽനിന്നും മനോവിഷമമുണ്ടാക്കുന്ന രീതിയിലുള്ള അനുഭവമുണ്ടായത് വകുപ്പ് ഗൗരവമായി കാണുന്നു. ഇത്തരം നിർഭാഗ്യകരമായ സംഭവങ്ങൾ ഭാവിയിലുണ്ടാകാതിരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ഈ സർക്കാർ അധികാരത്തിൽവന്നയുടൻ മുഖ്യമന്ത്രി ഈ വിഷയത്തിൽ സർവ്വകക്ഷിയോഗം വിളിച്ചിരുന്നു. പ്രസ്തുത യോഗത്തിൽ ഹർത്താൽ തുടങ്ങി എല്ലാ സമരമുറകളിൽനിന്നും ടൂറിസം മേഖലയെ ഒഴിവാക്കുവാൻ എല്ലാ രാഷ്ട്രീയ കക്ഷികളും ഏകകണ്ഠേന സമ്മതിക്കുകയുണ്ടായി. തുടർന്ന് നടന്ന സമരങ്ങളിലൊന്നും ഇത്തരം സംഭവങ്ങളുണ്ടായിട്ടില്ല. ഇത്തരം സാഹചര്യത്തിൽ ഭാവിയിൽ ഒഴിവാക്കുന്നതിനായി ഹർത്താൽ, സമരങ്ങൾ തുടങ്ങിയവ

പ്രഖ്യാപിക്കുന്ന സംഘടനകളുടേയും രാഷ്ട്രീയ പാർട്ടികളുടേയും അംഗങ്ങൾ ബോധവൽക്കരിക്കപ്പെടേണ്ടതുണ്ട്. അതിനായി വകുപ്പ് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്. നിയമപരമായ നടപടികളും ഇക്കാര്യത്തിൽ കൈക്കൊള്ളാവുന്നതാണ്.

**ടൂറിസം മേഖലയിലെ സൗകര്യങ്ങളും സഞ്ചാര സുരക്ഷിതത്വവും**

289 (620) <u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. പി. കെ. ബഷീർ</u> :
<u>ശ്രീ. കെ. എൻ. എ. ഖാദർ</u> :
<u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് കോടിക്കണക്കിന് രൂപ വരുമാനം നേടിത്തരുന്നതും ലക്ഷക്കണക്കിന് ആളുകൾക്ക് ഉപജീവനം ലഭ്യമാക്കുന്നതുമായ ടൂറിസം മേഖലയിൽ അതിനനുസരിച്ചുള്ള സൗകര്യങ്ങളും സഞ്ചാര സുരക്ഷിതത്വവും ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ടൂറിസം മേഖലകളിലെ ഭൗതിക സാഹചര്യങ്ങളോടൊപ്പം ആവശ്യമായ ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കിക്കൊണ്ടാണ് ഇക്കാര്യത്തിൽ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനായി നിലവിൽ 150 സിവിൽ പോലീസ് ഓഫിസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും പ്രവർത്തിച്ചുവരുന്നു. ടൂറിസം പോലീസിന്റെ സേവനം വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്.

വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കോവളം, വേളി എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചുകഴിഞ്ഞു. അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ കോവളം ബീച്ചിൽ അപകട മുന്നറിയിപ്പ് നൽകുന്ന അലാറം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

അപകടസാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പുവഴി നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകട സാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും അറിയിപ്പുകളും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. സഞ്ചാരികൾക്ക് കായൽ യാത്ര സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മേഖലയിൽ ഹൗസ് ബോട്ടുകൾക്ക് ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം സംവിധാനം കെൽട്രോൺ മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, നൂതന കർമ്മ പരിപാടിയായ "ഗ്രീൻ കാർപ്പറ്റ്" പദ്ധതിയിലെ ഒരു പ്രധാനയിനം സഞ്ചാരികളുടെ സുരക്ഷിതത്വമാണ്.

ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

(ബി) ടൂറിസം മേഖലയിലെ ഭൗതിക സാഹചര്യങ്ങൾ വിപുലമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. കേരളത്തിലെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടേയും അധികദൂരത്തല്ലാതെതന്നെ ആവശ്യമായ ആധുനിക ചികിത്സാ സൗകര്യങ്ങൾ സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും ലഭ്യമായതിനാൽ ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേകമായി ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ട ആവശ്യമുള്ളതായി കാണുന്നില്ല.

**ഗ്രാമീണ ടൂറിസം മേഖലയിലെ വളർച്ച**

290 (621) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ടൂറിസം മേഖലയിലെ വളർച്ച ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) 2020 -21 സാമ്പത്തികവർഷം ഈ മേഖലയിൽ മുൻഗണന നൽകി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഗ്രാമീണ ടൂറിസം മേഖലയിലെ വളർച്ച ലക്ഷ്യമാക്കി ഉത്തരവാദിത്ത ടൂറിസം മിഷൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ, എക്സ്പിരിയൻസ് എത്തിക് ക്യൂസിൻ പദ്ധതി, പ്രാദേശിക പങ്കാളിത്തത്തോടെ ടൂറിസം ഡെവലപ്മെന്റ് ഉറപ്പുവരുത്തുന്ന പെപ്പർ പദ്ധതി, മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്നിവ ഗ്രാമീണ ടൂറിസം മേഖലയുടെ വളർച്ചകൂടി ലക്ഷ്യമാക്കിയിട്ടുള്ളതാണ്. ആർ.ടി. മിഷൻ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഗ്രാമീണ മേഖലയിൽ പ്രത്യേക ശ്രദ്ധ നൽകിവരുന്നുണ്ട്.

മുൻവർഷങ്ങളിലെ മേൽപ്പറഞ്ഞ പദ്ധതികളുടെ തുടർപ്രവർത്തനങ്ങളായിരിക്കും 2020-2021 സാമ്പത്തികവർഷം നടപ്പിലാക്കുക. ആർ.ടി. മിഷന്റെ രജിസ്റ്റേർഡ് യൂണിറ്റുകളെയെല്ലാം ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധിപ്പിക്കുകയും വരുമാനലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക എന്നുള്ളതാണ് 2020– 2021 സാമ്പത്തിക വർഷത്തെ പ്രധാന ലക്ഷ്യം.

**കൊറോണ വൈറസ് ബാധയും ടൂറിസം മേഖലയും**

291 (622) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊറോണ വൈറസ് ബാധമൂലം ടൂറിസം മേഖലയിൽ ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളുടെ വരവ് കുറഞ്ഞിട്ടുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

പരിശോധിച്ചിട്ടില്ല. ഇക്കാലയളവിലെ വിനോദസഞ്ചാരികളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ 2020 ഏപ്രിൽ മാസത്തോടെ അന്തിമമാക്കിയാൽ മാത്രമേ ഇക്കാര്യം പരിശോധിക്കാനാവൂ.

**വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യപ്രശ്നം**

292 (623) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കുമിഞ്ഞുകൂടുന്ന ജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വൻതോതിൽ കുമിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് കുപ്പികൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലാശയങ്ങളിലും മറ്റുസ്ഥലങ്ങളിലും നിക്ഷേപിക്കുന്നത് വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഇതര വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് മാലിന്യ പ്രശ്നത്തിന് പരിഹാരം കാണാൻ തയ്യാറാകുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ശുചിത്വം ഉറപ്പുവരുത്തുന്നതിനായി വിവിധ പദ്ധതികൾ വകുപ്പ് കൈക്കൊണ്ടുവരുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് ഇക്കോ പ്രിസർവ് എന്ന എൻ.ജി.ഒ. മുഖേനയും കേരളത്തിലെ മറ്റ് പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ നീക്കത്തിനായി കുടുംബശ്രീ മിഷൻ മുഖേന "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ" പദ്ധതി വഴിയും ഇടുക്കി ജില്ലയിൽ എക്സ് സർവ്വീസ് മെൻ ട്രസ്റ്റ് മുഖേനയും വകുപ്പ് നേരിട്ടുതന്നെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യം നീക്കി ശുചിയായി സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാന സർക്കാരിന്റെ 'പ്രോജക്ട് ഗ്രീൻ ഗ്രാസ്സ്' എന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട 79 ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച നൂതന പദ്ധതിയാണ് 'വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് അറ്റ് 79 ഡെസ്റ്റിനേഷൻ അണ്ടർ പ്രോജക്ട് ഗ്രീൻ ഗ്രാസ്സ് (2019-20)'. ഇതിൽ ആദ്യഘട്ടത്തിൽ 79 തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയിലൂടെ ടൂറിസം കേന്ദ്രങ്ങളിലുണ്ടാകുന്ന ജൈവ-അജൈവ മാലിന്യങ്ങളെ വേർതിരിച്ച് സംസ്കരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഒരു ഏജൻസിയെ തെരഞ്ഞെടുത്ത് ഈ ഏജൻസി മുഖേന മാലിന്യങ്ങൾ ടൂറിസം കേന്ദ്രങ്ങളിൽനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സംസ്കരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

കൂടാതെ മാലിന്യ നിർമ്മാർജ്ജനം ശാസ്ത്രീയവും ഫലപ്രദവുമായ രീതിയിലാണോ ഈ ഏജൻസി നടപ്പിലാക്കുന്നത് എന്നതുസംബന്ധിച്ച് ഒരു 'തേർഡ് പാർട്ടി ആഡിറ്റിംഗ്' ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. കൊച്ചി ആസ്ഥാനമായിട്ടുള്ള കുസാറ്റ്, സ്കൂൾ ഓഫ് എൻവിയോൺമെന്റ് സ്റ്റഡീസാണ് ആഡിറ്റ് നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി 4,79,90,000 രൂപ അനുവദിച്ചിട്ടുണ്ട്.

ഈ പദ്ധതിയിൽ ജൈവമാലിന്യ സംസ്കരണവും അജൈവമാലിന്യ സംസ്കരണവും ഉൾപ്പെട്ടിരിക്കുന്നു. ഇതിൽ ജൈവമാലിന്യ സംസ്കരണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ എയ്റോബിൻ സ്ഥാപിക്കുന്നതിനായി ശുചിത്വമിഷന്റെ അംഗീകൃത എംപാനൽഡ് ഏജൻസികളിൽനിന്ന് എസ്റ്റിമേറ്റ് നടപടികൾ സ്വീകരിച്ചുവരുന്നു.

ആർ.ടി. മിഷന്റെ പാരിസ്ഥിതിക ഉത്തരവാദിത്തത്തിന്റെ ഭാഗമായി കെ.ടി.എം. ഫൗണ്ടേഷനുമായി ചേർന്ന് "ക്ലീൻ കേരള ഇനിഷ്യേറ്റീവ് പദ്ധതി" നടപ്പിലാക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ പാരിസ്ഥിതിക ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യമാണ് നൽകുന്നത്. തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ വിവിധ തരത്തിലുള്ള പരിസ്ഥിതി സംരക്ഷണ/സൗഹാർദ്ദ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ടൂറിസം സംരംഭകർ, ടൂറിസം കേന്ദ്രമുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കേരളം മിഷൻ, ടൂറിസം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന എൻ.ജി.ഒ. കൾ എന്നിങ്ങനെ വിവിധ സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളുടെ സഹകരണത്തോടെ ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻ സർട്ടിഫൈഡാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനായി വകുപ്പ് പ്രത്യേക പരിഗണന നൽകുന്നുണ്ട്. ഇതിനായി ഗ്രീൻ ഗ്രാസ്സ് എന്ന പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നുണ്ട്.

ഈ പദ്ധതിയിൽ ജൈവമാലിന്യ സംസ്കരണവും അജൈവമാലിന്യ സംസ്കരണവും ഉൾപ്പെട്ടിരിക്കുന്നു. ഇതിൽ ജൈവമാലിന്യ സംസ്കരണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ എയ്റോബിൻ സ്ഥാപിക്കുന്നതിനായി ശുചിത്വമിഷന്റെ അംഗീകൃത എംപാനൽഡ് ഏജൻസികളിൽനിന്ന് എസ്റ്റിമേറ്റ് നടപടികൾ സ്വീകരിച്ചുവരുന്നു.

മാലിന്യ നിർമ്മാർജ്ജനം ശാസ്ത്രീയവും ഫലപ്രദവുമായ രീതിയിലാണോ ഈ ഏജൻസി നടപ്പിലാക്കുന്നത് എന്നത് സംബന്ധിച്ച് ഒരു തേർഡ് പാർട്ടി ആഡിറ്റിംഗ് ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. കൊച്ചി ആസ്ഥാനമായിട്ടുള്ള കുസാറ്റ്, സ്കൂൾ ഓഫ് എൻവിയോൺമെന്റ് സ്റ്റഡീസാണ് ആഡിറ്റ് നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി 4,79,90,000 രൂപ അനുവദിച്ചിട്ടുണ്ട്.

**വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

293 (624) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കഴിഞ്ഞ വർഷം വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്നും വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

2019 സെപ്റ്റംബർ മാസം വരെയുള്ള കണക്കുകളാണ് അന്തിമമാക്കിയിട്ടുള്ളത്. പ്രസ്തുത കണക്കുകൾ മുൻവർഷത്തെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 16.48 ശതമാനവും വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 4.84 ശതമാനവും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

- ചാമ്പ്യൻസ് ബോട്ട് ലീഗ് (ലീഗ് അടിസ്ഥാനത്തിൽ വള്ളംകളി മത്സരങ്ങൾ)
- ദേശീയ അന്തർദ്ദേശീയ ട്രേഡ് ഫെയറുകളിലുള്ള പങ്കാളിത്തം.
- ദേശീയ അന്തർദ്ദേശീയ തലത്തിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കൽ.
- ടൂർ ഓപ്പറേറ്റർമാർ, വിനോദസഞ്ചാര മേഖലയിലെ എഴുത്തുകാർ, തെരഞ്ഞെടുക്കപ്പെട്ട മാധ്യമ പ്രവർത്തകർ തുടങ്ങി ടൂറിസം മേഖലയിൽ സ്വാധീനം ചെലുത്തുന്നവർക്കായി കേരളത്തെ പരിചയപ്പെടുത്തുന്നതിനായി FAM ടൂറുകൾ സംഘടിപ്പിക്കൽ.
- അച്ചടി മാധ്യമം, ടെലിവിഷൻ, റേഡിയോ എന്നിവയിലുള്ള പരസ്യങ്ങൾ
- ട്രെയിൻ ബ്രാൻഡിംഗ്, എയർപോർട്ട് ബ്രാൻഡിംഗ്
- സോഷ്യൽ മീഡിയ ക്യാമ്പയിനുകളും ഓൺലൈൻ ക്യാമ്പയിനുകളും
- ബ്ലോഗ് എക്സ്പ്രസിന്റെ തുടർച്ച

- 'Human by nature' എന്ന പുതിയ ബ്രാൻഡ് ക്യാമ്പയിൻ
- MICE, വെഡിങ് ടൂറിസം, മൺസൂൺ ടൂറിസം എന്നിവയുടെ പ്രചാരം
- ആയുർവേദ, ഹൗസ്ബോട്ട്, ഹോംസ്റ്റേ ക്ലാസ്സിഫിക്കേഷൻ പദ്ധതികളുടെ നവീകരണം
- സാഹസിക ടൂറിസം സംരംഭങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ രൂപീകരണം.

**വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ**

294 (625) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ദൈവത്തിന്റെ സ്വന്തം നാട്' വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന കാര്യത്തിൽ പിന്നിലാണെന്ന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സർവ്വേ സൂചിപ്പിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ആഭ്യന്തര സഞ്ചാരികളെ ആകർഷിക്കുന്ന ആദ്യ അഞ്ച് സംസ്ഥാനങ്ങൾ തമിഴ്നാട്, ഉത്തർപ്രദേശ്, കർണ്ണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര എന്നിവയാണെന്നും രാജ്യത്തെ 65 ശതമാനം വിനോദ സഞ്ചാരികളും പോകുന്നത് പ്രസ്തുത സംസ്ഥാനങ്ങളിലേക്കാണെന്നും വസ്തുതയാണോയെന്ന് വെളിപ്പെടുത്താമോ;

(സി) വിനോദ സഞ്ചാരികളെ സംസ്ഥാനത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനായി, ഇതര സംസ്ഥാനങ്ങൾ നടപ്പിലാക്കുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാരിന്റെ 6-ാമത് സാമ്പത്തിക സർവ്വേ റിപ്പോർട്ടിൽ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട പ്രത്യേക വിഷയങ്ങളൊന്നുംതന്നെ പ്രതിപാദിക്കുന്നില്ല.

(ബി) കേന്ദ്രസർക്കാരിന്റെ വിനോദസഞ്ചാര മന്ത്രാലയം പ്രസിദ്ധീകരിച്ച ഇന്ത്യാ ടൂറിസം സ്റ്റാറ്റിസ്റ്റിക്സ് 2018 പ്രകാരം ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ആദ്യ അഞ്ച് സംസ്ഥാനങ്ങൾ തമിഴ്നാട്, ഉത്തർപ്രദേശ്, കർണ്ണാടക,

ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര എന്നിവയാണ്. രാജ്യത്തെ 65 ശതമാനം വിനോദസഞ്ചാരികളും പോകുന്നത് ഈ സംസ്ഥാനങ്ങളിലേയ്ക്കാണെന്നാണ് പ്രസ്തുത കണക്കുകൾ സൂചിപ്പിക്കുന്നത്.

(സി) വിനോദസഞ്ചാരികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുവാനായി ടൂറിസം വകുപ്പ് നിരവധി നവീന പദ്ധതികൾ വർഷാവർഷം തയ്യാറാക്കി നടപ്പിലാക്കിവരുന്നു. ഓരോ സാമ്പത്തിക വർഷത്തിന്റെയും തുടക്കത്തിൽ വിശദമായ വിപണന പദ്ധതി തയ്യാറാക്കി നടപ്പാക്കുകയാണ് വകുപ്പിന്റെ രീതി. ഇതിനായി ദേശീയ -അന്തർദ്ദേശീയ വിപണികൾ ശ്രദ്ധാപൂർവ്വം വിലയിരുത്തിയാണ് ഓരോ വിപണിക്കും അനുയോജ്യമായ രീതിയിലുള്ള വിപണന തന്ത്രം രൂപപ്പെടുത്തുന്നത്. രാജ്യത്തെ മറ്റേത് സംസ്ഥാനത്തിന്റെയും പ്രചാരണ തന്ത്രങ്ങളിൽനിന്ന് വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള പ്രചാരണ തന്ത്രങ്ങളാണ് കേരള ടൂറിസം എന്നും ആവിഷ്കരിച്ചുപോന്നിട്ടുള്ളത്. വരും വർഷങ്ങളിലും തനതായ വിപണന തന്ത്രങ്ങളുമായി വകുപ്പ് മുന്നോട്ടു പോകുന്നതാണ്.

### കേരള ബ്ലോഗ് എക്സ്പ്രസ്സ് പദ്ധതി

295 (626) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കേരള ബ്ലോഗ് എക്സ്പ്രസ്സ് എന്ന പദ്ധതിയുടെ നടത്തിപ്പുരീതി വിശദമാക്കാമോ; എല്ലാ വർഷവും പ്രസ്തുത പദ്ധതി നടപ്പാക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത് എന്താണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിയിലേയ്ക്ക് വിവിധ രാജ്യങ്ങളിൽ നിന്നുള്ള ബ്ലോഗർമാരെ തിരഞ്ഞെടുക്കുന്നത് എങ്ങനെയാണ്; മാനദണ്ഡങ്ങളും തിരഞ്ഞെടുപ്പ് രീതിയും വ്യക്തമാക്കാമോ?

### ഉത്തരം

(എ) ടൂറിസം വകുപ്പ് 30 രാജ്യങ്ങളിലെ മികച്ച ട്രാവൽ ബ്ലോഗർമാരെ കേരളത്തിലേയ്ക്ക് കൊണ്ടുവരികയും അവരെ കേരളാ ടൂറിസത്തിന്റെ ഒരു ബ്രാൻഡഡ് ബസിൽ 15 ദിവസം കേരളത്തിലുടനീളം സഞ്ചരിക്കാൻ അവസരമൊരുക്കുകയും അതുവഴി കേരളത്തിന്റെ സംസ്കാരം, തനതുകലകൾ, വിവിധ ടൂറിസം കേന്ദ്രങ്ങൾ, ഉത്തരവാദിത്ത ടൂറിസം, ടൂറിസവുമായി ബന്ധപ്പെട്ട ആക്ടിവിറ്റികൾ, കേരളത്തിലെ ഭക്ഷ്യ വിഭവങ്ങളെ പരിചയപ്പെടുത്തൽ തുടങ്ങിയവ അവരുടെ രാജ്യങ്ങളിലെ

വിവിധ സോഷ്യൽ മീഡിയകൾ വഴി പ്രചരിപ്പിക്കുകയും ചെയ്യുന്ന നടത്തിപ്പുരീതിയാണ് അവലംബിച്ചുവരുന്നത്.

കേരള ബ്ലോഗ് എക്സ്പ്രസ് എന്ന പദ്ധതി കഴിഞ്ഞ 10 വർഷമായി മുടങ്ങാതെ കേരളാ ടൂറിസം വകുപ്പ് നടത്തിവരുന്നുണ്ട്. കേരളത്തിലേയ്ക്ക് വരുന്ന ടൂറിസ്റ്റുകളിൽ 60%-ന് മുകളിൽ ആഭ്യന്തര വിനോദസഞ്ചാരികൾ ആയതിനാൽ ടൂറിസം സംരംഭകരുടെ അഭ്യർത്ഥനമാനിച്ച് ഈ വർഷം മാർച്ച് മാസത്തിൽ ഇന്ത്യയിലെ മികച്ച ബ്ലോഗർമാരെ പങ്കെടുപ്പിച്ചുകൊണ്ട് കേരള ബ്ലോഗ് എക്സ്പ്രസ് ഇന്ത്യൻ എഡിഷൻ ആദ്യമായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) വിവിധ രാജ്യങ്ങളിലെ ബ്ലോഗർമാർ എഴുത്തുകാർ എന്നിവരിലൂടെ കേരളത്തിന്റെ വിവിധ ടൂറിസം കേന്ദ്രങ്ങൾ ഭക്ഷ്യവിഭവങ്ങൾ ഉത്തരവാദിത്ത ടൂറിസം, സാഹസിക ടൂറിസം, കേരളീയ കലകൾ, സംസ്കാരം, കേരളത്തിന്റെ പ്രകൃതിഭംഗി തുടങ്ങിയവ മറ്റു രാജ്യങ്ങളിൽ അവരുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകളായ ഫേസ് ബുക്ക്, യൂട്യൂബ്, ഇൻസ്റ്റാഗ്രാം, ട്വിറ്റർ, ബ്ലോഗ് തുടങ്ങിയവയിലൂടെ കേരള ടൂറിസത്തെക്കുറിച്ച് പ്രചാരണം നടത്തുകയെന്നതാണ് ഇതിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

(സി) കേരള ബ്ലോഗ് എക്സ്പ്രസ്സ് എന്ന പദ്ധതി ആരംഭിക്കുന്നതിന് മുന്നോടിയായി വിവിധ രാജ്യങ്ങളിൽ സോഷ്യൽ മീഡിയയിലൂടെ പരസ്യം നൽകി അറിയിപ്പ് നൽകുകയും താല്പര്യമുള്ളവർക്ക് www.Keralablogexpress.com എന്ന വെബ്സൈറ്റിൽ ബ്ലോഗർമാരെ നോമിനേറ്റ് ചെയ്യാൻ അവസരമൊരുക്കുകയും അതിലൂടെ ലഭിക്കുന്ന അപേക്ഷകൾ ബ്ലോഗർമാരുടെ സോഷ്യൽ മീഡിയ content, followers-ന്റെ എണ്ണം, വിശ്വാസ്യത, രാജ്യം തുടങ്ങിയവയെ അടിസ്ഥാനമാക്കി മികച്ച 30 പേരെ തെരഞ്ഞെടുക്കുന്ന രീതിയാണ് അവലംബിച്ചുവരുന്നത്. ഈ വർഷം നടപ്പിലാക്കുന്ന കേരള ബ്ലോഗ് എക്സ്പ്രസ് ഇന്ത്യൻ എഡിഷനിൽ ഭാഷയുടെ അടിസ്ഥാനത്തിൽ കൂടിയും ബ്ലോഗർമാരെ തെരഞ്ഞെടുക്കുന്നുണ്ട്.

## മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിന്റെ വികസനം

296 (627) ശ്രീ. സി. ദിവാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസിരിസ് ഹെറിറ്റേജ് പ്രോജക്ട് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ പ്രോജക്ട് ഏത് വർഷമാണ് ആരംഭിച്ചതെന്നും അതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിന്റെ വികസനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിന്റെ ഭാഗമായി വരുമാനം വർധിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മാർഗ്ഗങ്ങളിലാണ് വരുമാന വർദ്ധന ഉണ്ടായതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ പ്രാചീന തുറമുഖ പട്ടണമായിരുന്ന മുസിരിസ്. കേരളത്തിൽ നിന്നും പാശ്ചാത്യ രാജ്യങ്ങളിലേയ്ക്ക് സുഗന്ധവ്യഞ്ജനങ്ങൾ കയറ്റി അയച്ചിരുന്നത് ഈ തുറമുഖം വഴിയായിരുന്നു. ഏകദേശം 2500 വർഷത്തോളം പഴക്കമുള്ള ഈ നാടിന്റെ ചരിത്രത്തെയും അതിന്റെ തിരുശേഷിപ്പുകളെയും ശാസ്ത്രീയമായി സംരക്ഷിച്ചുപോരുന്ന പദ്ധതിയാണ് മുസിരിസ് പൈതൃക പദ്ധതി. ഏകദേശം 150 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ 12 പഞ്ചായത്തുകളിലും 2 മുനിസിപ്പാലിറ്റികളിലുമായി വ്യാപിച്ചുകിടക്കുന്ന ഈ പൈതൃക സംരക്ഷണ പദ്ധതിയിൽ ഇന്ത്യയിലെ ആദ്യത്തേതെന്ന് അവകാശപ്പെടുന്ന പറവൂരിലെ ജൂത ദേവാലയം, കൊടുങ്ങല്ലൂർ ചേരമാൻ ജുമാമസ്ജിദ്, പറവൂരിലെ കോട്ടേക്കാവ് സെന്റ് തോമസ് പള്ളി കൂടാതെ കേരളത്തിലെ ആദ്യകാല ക്ഷേത്രങ്ങളും (തിരുവഞ്ചിക്കുളം അമ്പലം, കീഴ്ത്തളി ശിവക്ഷേത്രം, ത്രിക്കുലശേഖരപുരം ക്ഷേത്രം, കൊടുങ്ങല്ലൂർക്കാവ്), കേരളത്തിലെ ആദ്യകാലചരിത്രം വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ വിവരിക്കുവാൻ സാധിക്കുന്ന രണ്ട് ഉത്ഖനന പ്രദേശങ്ങളായ പട്ടണം, കോട്ടപ്പുറം കോട്ട എന്നീ സ്ഥലങ്ങളും പദ്ധതി പ്രദേശത്തെ നവോത്ഥാന നായകന്മാരായ കേസരി ബാലകൃഷ്ണപിള്ള, പി. എ. അബ്ദുറഹിമാൻ സാഹിബ്, സഹോദരൻ അയ്യപ്പൻ, പി. കേശവദേവ് എന്നിവരുടെ ഭവനങ്ങളും സ്മാരകങ്ങളും ഈ പദ്ധതിയിലുൾപ്പെടുത്തി സംരക്ഷിച്ചുപോരുന്നു.

(ബി) 2009-ൽ ആരംഭിച്ച ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. മുസിരിസ് ചരിത്ര പൈതൃക സ്മാരകങ്ങളെ പുനരുദ്ധരിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

2. കേരളത്തിലെ വിദ്യാർത്ഥികളിലും യുവാക്കളിലും ചരിത്ര പൈതൃക സ്മാരകങ്ങളെകുറിച്ച് അനൗപചാരിക വിദ്യാഭ്യാസം നൽകുക.

3. ഇന്ത്യൻ ചരിത്ര പൈതൃകങ്ങളെ ലോക ടൂറിസം പദ്ധതിയുടെ ഭാഗമാക്കുക.

4. പദ്ധതി പ്രദേശത്ത് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക.

5. പൈതൃക സ്മാരകങ്ങളെ പുനഃസൃഷ്ടിച്ച് യുവാക്കളിൽ പൈതൃക അവബോധം വളർത്തിയെടുക്കുക.

6. പ്രാദേശിക സംരംഭകരെ സൃഷ്ടിക്കുക.

7. പൈതൃക ടൂറിസത്തിന്റെ സുസ്ഥിര വികസനം.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിൽ 48.42 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) വർഷംതോറും പ്രോജക്ടിൽനിന്നുള്ള വരുമാനം വർദ്ധിച്ചുവരുന്നുണ്ട്. മ്യൂസിയങ്ങളിലേയ്ക്കുള്ള പ്രവേശന ടിക്കറ്റ് ഇനത്തിലും ബോട്ട് സർവ്വീസ് ചാർജ്ജിനത്തിലും മുസിരിസ് ഇന്റർനാഷണൽ റിസർച്ച് & കൺവെൻഷൻ സെന്ററിന്റെയും റെസ്റ്റോറന്റുകളുടെയും വാടക ഇനത്തിലും 2017-18 മുതൽ റവന്യൂ വരുമാനം ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്.

## ഉരുയാത്രാ ടൂറിസം പദ്ധതി

297 (628) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> :
<u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസ് ബോട്ട് ടൂറിസം പദ്ധതിക്ക് സമാനമായി മലബാറിലെ കായലുകളിലൂടെ ഉരുയാത്രാ ടൂറിസം പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) കടലിലും കായലിലും വിനോദസഞ്ചാരികൾക്ക് സഞ്ചരിക്കാനായി ഉരു ടൂറിസം പദ്ധതി നടപ്പാക്കാൻ 'ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ' സാധ്യതാ പഠനം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. മലബാർ മലനാട് റിവർ ക്രൂസ് പദ്ധതിയുടെ ഭാഗമായി കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ നദികളെ കോർത്തിണക്കി ബോട്ട് യാത്രയൊരുക്കുന്ന പദ്ധതി പുരോഗമിച്ചുവരുന്നു.

## പ്രവാസികളുടെ പുനരധിവാസത്തിനായി ടൂറിസം മേഖലയിൽ പദ്ധതികൾ

298 (629) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ നിന്നും ഗൾഫ് മേഖലയിൽ നിന്നും ധാരാളം പേർ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദേശ രാജ്യങ്ങളിൽ നിന്നും പ്രത്യേകിച്ച് ഗൾഫ് നാടുകളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെ നാട്ടിലെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി ടൂറിസം മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പ്രവാസികളുടെ പുനരധിവാസത്തിനായി ടൂറിസം മേഖല കേന്ദ്രീകരിച്ച് ടൂറിസം വകുപ്പ് പ്രത്യേക പദ്ധതികളൊന്നുംതന്നെ ആവിഷ്കരിച്ചിട്ടില്ല.

## വിനോദസഞ്ചാര മേഖലയ്ക്കുള്ള കേന്ദ്ര ബഡ്ജറ്റിലെ പദ്ധതികൾ

299 (630) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയ്ക്ക് ഉത്തേജനം പകരുന്ന വിവിധ പദ്ധതികൾ 2020-21 ലെ കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയ്ക്ക് ഉത്തേജനം നൽകുന്ന ഏതൊക്കെ പദ്ധതികളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) യാതൊരു പദ്ധതിയും പ്രഖ്യാപിച്ചിട്ടില്ലെങ്കിൽ അതിലുള്ള സംസ്ഥാന സർക്കാരിന്റെ പ്രതിഷേധം കേന്ദ്രസർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ടൂറിസം വികസനത്തിനായി 2500 കോടി രൂപ 2020-21 സാമ്പത്തിക വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) 2020-21-ലെ കേന്ദ്ര ബജറ്റിൽ കേരളത്തിന് മാത്രമായി പ്രത്യേക പദ്ധതികളൊന്നും പ്രഖ്യാപിച്ചിട്ടില്ല.

(സി) ഇല്ല.

## കോവളം ടൂറിസം മേഖല

300 (631) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികൃതരുടെ അവഗണന മൂലം രാജ്യാന്തര ടൂറിസ്റ്റ് കേന്ദ്രമായ കോവളത്തോട് ടൂറിസ്റ്റുകൾ മുഖംതിരിക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രളയം തകർത്തെറിഞ്ഞ വിനോദ സഞ്ചാരമേഖല കരകയറുന്നുവെന്ന് അവകാശപ്പെടുമ്പോഴും കോവളം മാത്രം ടൂറിസം മേഖലയിൽ നിന്നും പുറകോട്ട് പോയത് എന്തുകൊണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വിനോദ സഞ്ചാര വകുപ്പ് കോവളത്ത് നടപ്പിലാക്കുന്ന വികസന പദ്ധതികൾ എന്തൊക്കെയാണ്; നടപ്പുവർഷത്തെ സീസൺ ആരംഭിക്കുന്നതിന് മുമ്പ് വികസന പദ്ധതികൾ പൂർത്തിയാക്കുവാൻ സാധിക്കാതിരുന്നത് തിരിച്ചടിയായി എന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) കേരളത്തിലുണ്ടായ പ്രളയം വിനോദസഞ്ചാര മേഖലകളെ ബാധിച്ചിട്ടുണ്ടെങ്കിലും കോവളം ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾക്ക് സാരമായ വിധത്തിൽ നാശമുണ്ടായിട്ടില്ല. കോവളത്തിന് കൂടുതൽ പ്രതികൂലാവസ്ഥയുണ്ടായിട്ടില്ല. കൂടാതെ കോവളത്തെ ടൂറിസം മേഖലയുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾക്കായി 20 കോടിയോളം രൂപയുടെ വികസന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നുമുണ്ട്.

(സി) കോവളം ഒരു അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമെന്ന നിലയിൽ പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള അടിസ്ഥാനവികസന സൗകര്യ പ്രവൃത്തികൾ നടപ്പിലാക്കിവരികയാണ്. നിലവിലുള്ള സൗകര്യം വർധിപ്പിക്കുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുമായി കാലാനുസൃതമായ വിപുലീകരണം സാധ്യമാക്കിയുള്ള സമഗ്ര പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ 20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാണ്. എന്നാൽ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ചില ഘടകങ്ങൾ സ്ഥല ലഭ്യതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾമൂലം കാലതാമസം നേരിടുന്നുണ്ട്. കൂടാതെ അടിസ്ഥാന ആവശ്യമായ കുടിവെള്ളം നൽകുന്ന 14 കോടി രൂപയുടെ പദ്ധതി വിനോദസഞ്ചാര വകുപ്പ് പൂർത്തീകരിച്ചത് ഉടൻ

തുറന്നുകൊടുക്കുന്നതാണ്. ലൈറ്റിംഗ് സംവിധാനം പോരായ്മകൾ പരിഹസിച്ച് വിപുലീകരിച്ചിട്ടുണ്ട്. കോവളം വെള്ളാറിൽ കോഴിക്കോട് ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിന്റെ മാതൃകയിൽ സ്ഥാപിച്ച ക്രാഫ്റ്റ് വില്ലേജ് പ്രവർത്തനത്തിന് സജ്ജമായി കഴിഞ്ഞു.

## വയനാട് ജില്ലയിലെ വിനോദസഞ്ചാര മേഖല

301 (632) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിലെ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് നടപ്പാക്കിവരുന്ന പദ്ധതികളും പ്രവൃത്തികളും എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥയെന്തെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിലെ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) ആകെ 64,92,77,462 രൂപയുടെ പദ്ധതികൾക്കാണ് ഈ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ളത്. പദ്ധതികളുടെ നിലവിലെ അവസ്ഥ അനുബന്ധമായി *ഉള്ളടക്കം ചെയ്യുന്നു.

## പന്തളം പിൽഗ്രിം ടൂറിസം ഹബ്ബ് പദ്ധതി

302 (633) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുമായി ബന്ധപ്പെട്ട് ദേശീയതലത്തിൽത്തന്നെ ശ്രദ്ധേയമായ ഒരു തീർത്ഥാടന കേന്ദ്രമായി മാറിയിട്ടുള്ള പന്തളത്തെ കൊട്ടാരവും അനുബന്ധ ക്ഷേത്രങ്ങളേയും ഉൾപ്പെടുത്തി പിൽഗ്രിം ടൂറിസം ഹബ്ബ് പദ്ധതിയുടെ സാധ്യത വിലയിരുത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സമീപ സ്ഥലങ്ങളിലെ ശ്രദ്ധേയമായ തീർത്ഥാടന കേന്ദ്രങ്ങളെക്കൂടി ഉൾപ്പെടുത്തി പന്തളം പിൽഗ്രിം ടൂറിസം വിപുലപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ പന്തളം പിൽഗ്രിം ടൂറിസം വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ-സി) പന്തളത്തെ കൊട്ടാരവും അനുബന്ധ ക്ഷേത്രങ്ങളേയുമുൾപ്പെടുത്തി പിൽഗ്രിം ടൂറിസം ഹബ് എന്ന പദ്ധതി ടൂറിസം വകുപ്പിൽ നിലവിലില്ല. എന്നാൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി നടപ്പാക്കുമ്പോൾ പന്തളം പിൽഗ്രിം ടൂറിസത്തിന് പ്രാധാന്യം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**ഏറത്ത് നെടുംകുന്ന് മല ടൂറിസം**

303 (634) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ മണ്ഡലത്തിലെ ഏറത്ത് നെടുംകുന്ന് മല ടൂറിസം പദ്ധതിയുടെ ഫയൽ നടപടി സംബന്ധിച്ച പുരോഗതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പത്തനംതിട്ട ഡി .ടി .പി .സി നടപ്പിലാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിക്ക് ഉപയുക്തമാക്കേണ്ടുന്ന റവന്യൂ വകുപ്പിന്റെ ഭൂമി ടൂറിസം വകുപ്പ് ഏറ്റെടുക്കുന്നതിൻമേൽ നിലനിൽക്കുന്ന സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) അനുബന്ധ പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി മതിയായ ഫണ്ട് ലഭ്യമായിട്ടും ഭൂമി ലഭ്യതാപ്രശ്നത്തിൽ നിലവിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ടൂറിസം വകുപ്പിന് ഭൂമി ഏറ്റെടുക്കുന്നതിന് കഴിയില്ലായെങ്കിൽ റവന്യൂ വകുപ്പിൽ നിന്നും പാട്ടത്തിന് പ്രസ്തുത ഭൂമി ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട സഹായക നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) 2017 സെപ്റ്റംബർ മാസത്തിൽ മൂന്നുകോടി രൂപയുടെ ഭരണാനുമതി നൽകിയ ഈ പദ്ധതിക്കായി 50% തുക പത്തനംതിട്ട ഡി.റ്റി.പി.സി.-ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പാക്കുവാനുദ്ദേശിച്ച റവന്യൂ ഭൂമി കൈമാറി കിട്ടാത്തതിനാൽ പദ്ധതി നിർവ്വഹണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി) പ്രസ്തുത സ്ഥലം പത്തനംതിട്ട ഡി.റ്റി.പി.സി.-ക്ക് കൈമാറുവാൻ സാധിക്കില്ലെന്നും ടി സ്ഥലത്തിന്റെ മതിപ്പ് വില അടിസ്ഥാനമാക്കി നിശ്ചയിച്ച തുകയ്ക്ക് ഡി.റ്റി.പി.സി.-ക്ക് പാട്ടത്തിന് നൽകാമെന്നും പത്തനംതിട്ട ഡി.റ്റി.പി.സി. സെക്രട്ടറിയെ റവന്യൂ അധികൃതർ അറിയിച്ചിട്ടുണ്ട്.

(സി&ഡി) പ്രസ്തുത സ്ഥലം പാട്ടത്തിന് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പത്തനംതിട്ട ഡി.റ്റി.പി.സി. സെക്രട്ടറി സ്വീകരിച്ചുവരുന്നുണ്ട്. ഭൂമി കൈമാറി കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## മലബാർ റിവർ ക്രൂയിസ് പദ്ധതി

304 (635) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ പ്രസ്തുത പദ്ധതി വിഭാവനം ചെയ്ത രീതിയിൽ പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ മലനാട് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി ഭരണാനുമതി നൽകി ഇൻലാൻഡ് നാവിഗേഷൻ വകുപ്പുമുഖേന നടപ്പിലാക്കുന്ന 17 പദ്ധതികളുടെ പ്രവൃത്തി പുരോഗതി വിവരങ്ങൾ താഴെപ്പറയുന്നു.

<u>കണ്ണൂർ ജില്ല</u>

1. പഴയങ്ങാടി ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു.
2. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ- പൈലിംഗ് ഫ്ലാറ്റ് ഫോം സ്ലാബ്, പില്ലറുകൾ, റൂഫ് ബീം എന്നിവയുടെ കോൺക്രീറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചു. ഹാൻഡ് റെയിൽ വർക്കുകൾ പുരോഗമിച്ചുവരുന്നു. ആകെ (78 ശതമാനം) ജോലികൾ പൂർത്തിയായി.
3. ധർമ്മടം ബോട്ട് ടെർമിനൽ -പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. ആകെ (55 ശതമാനം) ജോലികൾ പൂർത്തിയായി.
4. ചേരിക്കൽ ബോട്ട് ടെർമിനൽ-പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. ആകെ (55 ശതമാനം) ജോലികൾ പൂർത്തിയായി.

5. പാറപ്രം ബോട്ട് ടെർമിനൽ -പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. ആകെ (55 ശതമാനം) ജോലികൾ പൂർത്തീകരിച്ചു.

6. ചാമ്പാട് (മമ്പറം) ബോട്ട് ജെട്ടി-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ചു. നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

7. പെരിങ്ങത്തൂർ ബോട്ട് ജെട്ടി-പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. പ്ലാറ്റ് ഫോം സ്ലാബ് പ്രവൃത്തി പുരോഗമിച്ചുവരുന്നു. ആകെ (35 ശതമാനം ) ജോലികൾ പൂർത്തീകരിച്ചു.

8. മോന്താൽ ബോട്ട് ജെട്ടി-പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. പ്ലാറ്റ് ഫോം സ്ലാബ് പ്രവൃത്തി പുരോഗമിച്ചുവരുന്നു. ആകെ (45 ശതമാനം) ജോലികൾ പൂർത്തീകരിച്ചു.

9. കരിയാട് ബോട്ട് ടെർമിനൽ-നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവൃത്തികൾ പുരോഗമിക്കുന്നു.

10. ന്യൂ മാഹി ബോട്ട് ടെർമിനൽ-പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. പ്ലാറ്റ് ഫോം സ്ലാബ് പ്രവൃത്തി പുരോഗമിച്ചുവരുന്നു. ആകെ (70 ശതമാനം) ജോലികൾ പൂർത്തീകരിച്ചു.

11. പാത്തിക്കൽ ബോട്ട് ജെട്ടി-പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. ആകെ (40 ശതമാനം) ജോലികൾ പൂർത്തീകരിച്ചു.

12. കക്കടവ് ബോട്ട് ജെട്ടി കം വാക്ക് വേ-പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. ആകെ (62 ശതമാനം) ജോലികൾ പൂർത്തീകരിച്ചു.

13. പുന്നക്കടവ് ബോട്ട് ജെട്ടി-പൈലിംഗ്, പ്ലാറ്റ് ഫോം സ്ലാബ്, ഫില്ലറുകൾ, റൂഫ് ബീം എന്നിവയുടെ കോൺക്രീറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചു. ആകെ (66 ശതമാനം) ജോലികൾ പൂർത്തീകരിച്ചു.

14. മുക്കുവച്ചേരി (കവ്വായി കാലികടപ്പുറം) ബോട്ട് ടെർമിനൽ-എഗ്രിമെന്റ് വച്ച് നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവൃത്തികൾ പുരോഗമിക്കുന്നു.

<u>കാസർഗോഡ്</u>

15. ഡെവലപ്പ്മെന്റ് ഓഫ് കോട്ടപ്പുറം ഹൗസ് ബോട്ട് ടെർമിനൽ - ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. കരാർ ഒപ്പുവച്ചു. പദ്ധതി നിർമ്മാണം ഉടൻ ആരംഭിക്കും.

16. ബോട്ട് ജെട്ടി അറ്റ് മാലി കടപ്പുറം-പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി ആകെ 75 ശതമാനം ജോലികൾ പൂർത്തീകരിച്ചു.

17. ബോട്ട് ജെട്ടി അറ്റ് മടക്കാൽ-ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(ബി) ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രസ്തുത പദ്ധതി നിശ്ചിത കാലാവധിക്കകംതന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. പ്രവൃത്തി ആരംഭിച്ചിട്ടുള്ള എല്ലാ പദ്ധതികളും 2020 ഡിസംബർ മാസത്തിനകം പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇനിയും പണി ആരംഭിച്ചിട്ടില്ലാത്ത കാലിക്കടപ്പുറം (പയ്യന്നൂർ), മമ്പറം (ധർമ്മടം), കരിയാട് (കൂത്തുപറമ്പ്) എന്നീ പദ്ധതികളും എത്രയുംവേഗം പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ജെട്ടി/ടെർമിനൽ മുതലായവയവയുടെ പണി പൂർത്തീകരിക്കാനാകുമെങ്കിലും CRZ ക്ലിയറൻസ് ലഭിച്ച് ക്രൂസ് ബോട്ടുകൾ/യാനങ്ങൾ എന്നിവ നീറ്റിലിറക്കിയാൽ മാത്രമേ പദ്ധതി വിഭാവനം ചെയ്ത രീതിയിൽ പൂർണ്ണമായ തോതിൽ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. ചില കേന്ദ്രങ്ങളിൽ സ്ഥലലഭ്യത നീണ്ടുപോയത് കാലതാമസത്തിന് കാരണമായി.

കേന്ദ്ര ടൂറിസം മന്ത്രാലയം അംഗീകരിച്ച 80.38 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. സ്ഥലലഭ്യത നേടിയെടുക്കുന്ന നടപടികളും CRZ ക്ലിയറൻസിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണം വേഗത്തിലാക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**പാപനാശം ടൂറിസം മേഖലയുടെ അടിസ്ഥാന സൗകര്യവികസനം**

305 (636) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷവും വർക്കലയിലെത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുന്നു എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ബി) പാപനാശം ടൂറിസം മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ടൂറിസം വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ കുറ്റമറ്റ രീതിയിൽ സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) വിനോദസഞ്ചാരകേന്ദ്രം തിരിച്ചുള്ള സ്ഥിതിവിവരകണക്കുകൾ 2018 വർഷംവരെയാണ് അന്തിമമാക്കിയിട്ടുള്ളത്. ടി വിവരപ്രകാരം കഴിഞ്ഞ അഞ്ച് വർഷത്തെ പ്രസ്തുത കണക്കുകൾ വിശകലനം ചെയ്യുമ്പോൾ വർക്കലയിലെത്തുന്ന ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2015, 2016 വർഷങ്ങളിലും വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2015, 2018 വർഷങ്ങളിലും കുറവും ബാക്കി വർഷങ്ങളിൽ വർദ്ധനവുമാണ് ഉണ്ടായിട്ടുള്ളത്.

(ബി&സി) വർക്കല ടൂറിസം മേഖലയിൽ നിലവിൽ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് മുഖേന വകുപ്പ് നടപ്പിലാക്കിയ 77 ലക്ഷം രൂപയുടെ റോഡ് സൗന്ദര്യവത്ക്കരണ പദ്ധതി പൂർത്തിയായിട്ടുണ്ട്. പാപനാശമുൾപ്പെടുന്ന ബീച്ച് മേഖലയിലെ അടിസ്ഥാന വികസന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായുള്ള സമഗ്ര പദ്ധതി രൂപരേഖയ്ക്ക് 9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതികൾ കുറ്റമറ്റ രീതിയിൽ സമയബന്ധിതമായിതന്നെ പൂർത്തീകരിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിട്ടിട്ടുള്ളത്.

**കോന്നി മണ്ഡലത്തിന്റെ ടൂറിസം പ്രാധാന്യം**

306 (637) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസവുമായി ബന്ധപ്പെടുത്തി കോന്നി മണ്ഡലത്തിൽ പുതിയതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കാമോ;

(ബി) കോന്നി മണ്ഡലത്തിന്റെ ടൂറിസം പ്രാധാന്യം പരമാവധി പ്രയോജനപ്പെടുത്തുന്ന തരത്തിൽ പത്തനംതിട്ട ജില്ലയിലെ ഇതര ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ഒരു ജില്ലാതല ടൂറിസം നെറ്റ് വർക്ക് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കോന്നി നിയോജകമണ്ഡലത്തിലെ നെടുംപാറമല എന്ന സ്ഥലത്ത് ടൂറിസം പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

(ബി) കോന്നി നിയോജകമണ്ഡലത്തിലെ ടൂറിസം കേന്ദ്രങ്ങളേയും ജില്ലയിലെ മറ്റ് കേന്ദ്രങ്ങളെയുമുൾപ്പെടുത്തി ടൂറിസം സർക്യൂട്ട് നടപ്പാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

## പനങ്ങാട് പ്രദേശത്ത് ടൂറിസം വകുപ്പ് പ്രവർത്തനം

307 (638) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ കുമ്പളം പഞ്ചായത്തിലെ പനങ്ങാട് പ്രദേശത്ത് ടൂറിസം വകുപ്പ്ഏതെങ്കിലും പ്രവർത്തനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഈ പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഡെവലപ്മെന്റ് ഓഫ് വാക്ക് വേ അറ്റ് കുമ്പളം എന്ന പേരിൽ 1,49,00,000 രൂപയുടെ ഒരു പദ്ധതിക്ക് 2013 ജൂലൈയിൽ ഭരണാനുമതി നൽകിയിരുന്നു.

(ബി) ബോട്ട് ജെട്ടി, കുട്ടികളുടെ കളിസ്ഥലം എന്നീ ഘടകങ്ങൾ ഒഴികെ ഈ പദ്ധതിയിലുൾപ്പെട്ടിട്ടുള്ള ലാന്റ് സ്കേപ്പിംഗ്, ഫുഡ് കോർട്ട്, ടോയ്‍ലറ്റ് ബ്ലോക്ക്, ടിക്കറ്റ് കൗണ്ടർ, ലൈറ്റിംഗ്, ഇലക്ട്രിക് കണക്ഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ പൂർത്തീകരിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ 80% പൂർത്തീകരിച്ചിട്ടുണ്ട്.

## തലശ്ശേരി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

308 (639) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം വകുപ്പ് തലശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയാണെന്നത് അനുവദിച്ച തുകയടക്കം വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പ് തലശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിവരങ്ങൾ താഴെ പറയുന്നു.

- ഓവർബറീസ് ഫോളി പാർക്ക് നവീകരണം -49,88,000 പ്രവൃത്തി പൂർത്തീകരിച്ചു.

- തലശ്ശേരി സീ വ്യൂ പാർക്ക് നവീകരണം -49,80,000 പ്രവൃത്തി പൂർത്തീകരിച്ചു.
- ബണ്ട് റോഡ് ബ്യൂട്ടിഫിക്കേഷൻ അറ്റ് ചൊക്ലി -99,90,000 പ്രവൃത്തി പുരോഗമിക്കുന്നു.

കണ്ണൂർ ജില്ലയിൽ മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കേരള ടൂറിസം വകുപ്പിൽനിന്നും ഭരണാനുമതി നൽകിയ ഇൻലാൻഡ് നാവിഗേഷൻ വകുപ്പുമുഖേന നടപ്പിലാക്കുന്ന 14 പദ്ധതികളിൽ മൂന്ന് പദ്ധതികൾ തലശ്ശേരി നിയോജകമണ്ഡലത്തിലാണ്.

- ന്യൂ മാഹി ബോട്ട് ടെർമിനൽ-5,02,00,000 പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. പ്ലാറ്റ് ഫോം സ്ലാബ് പ്രവൃത്തി പുരോഗമിച്ചുവരുന്നു. (70%)
- പാത്തിക്കൽ ബോട്ട് ജെട്ടി-1,75,00,000 പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. (40%)
- കക്കടവ് ബോട്ട് ജെട്ടി കം വാക്ക് വേ-3,03,00,000 പൈലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു. (62%)

തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ആദ്യഘട്ടത്തിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ മൂന്ന് പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും പദ്ധതി നിർവ്വഹണത്തിന് പ്രവൃത്തി ULCCS -നെ ടൂറിസം വകുപ്പ് ചുമതലപ്പെടുത്തുകയും പ്രവൃത്തി പൂർത്തീകരിച്ചുവരികയുമാണ്.

- പഴയ ഫയർ ടാങ്ക് സംരക്ഷണം, താഴെ അങ്ങാടി പൈതൃക വീഥിയായി വികസിപ്പിക്കൽ - 60,76,500/- സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തീകരിക്കേണ്ടതുണ്ട്.
- തലശ്ശേരി പിയർ റോഡ് സംരക്ഷണം-ഭക്ഷ്യ വീഥി, ശില്പോദ്യാനമായി വികസിപ്പിക്കൽ - 2,12,54,000/- സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തീകരിക്കേണ്ടതുണ്ട്.
- ഗുണ്ടർട്ട് ബംഗ്ലാവ് സംരക്ഷണം-ഭാഷാ മ്യൂസിയം, ജർമ്മൻ പഠനകേന്ദ്രമായി വികസിപ്പിക്കൽ-2,10,00,000/- 80 ശതമാനത്തോളം ബംഗ്ലാവ് സംരക്ഷണം/നവീകരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.
- തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ രണ്ട് പദ്ധതികൾക്കുകൂടി അംഗീകാരം ലഭിച്ചിട്ടുണ്ട്.
- താഴെ അങ്ങാടി സ്ട്രീറ്റ് ഡെവലപ്മെന്റ്-4,84,02,866/- പ്രവൃത്തി ആരംഭിച്ചിട്ടില്ല.

- ജഗന്നാഥ ടെമ്പിൾ-മ്യൂസിയം ഓഫ് ആർട്ട് & റിനൈസൻസ് സോഷ്യൽ റിഫോംസ് - 4,98,45,267/- പ്രവൃത്തി ആരംഭിച്ചിട്ടില്ല.

കൂടാതെ തലശ്ശേരി പൈതൃക പദ്ധതിയുടെ ഭാഗമായി KIIFB പദ്ധതിയിൽപ്പെടുത്തി തലശ്ശേരി മണ്ഡലത്തിൽപ്പെടുന്ന തിരുവങ്ങാട് ശ്രീരാമക്ഷേത്രം, ജഗന്നാഥ ക്ഷേത്രം, ഓടത്തിൽ പള്ളി, പാരീസ് ഹോട്ടൽ സ്ട്രീറ്റ്, മാളിയേക്കൽ ഹൗസ്, ബംഗ്ലാ ഹൗസ്, മുനിസിപ്പൽ സ്റ്റേഡിയം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## തോണിക്കടവ് ടൂറിസം പദ്ധതി

309 (640) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോണിക്കടവ് ടൂറിസം പദ്ധതിയുടെ പൂർത്തീകരണത്തിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) തോണിക്കടവ് ടൂറിസം പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. പല വിധത്തിലുള്ള സാങ്കേതിക കാരണങ്ങളാൽ പദ്ധതി വൈകിയതുമൂലം ഭരണാനുമതിയുടെ കാലാവധി 31-8-2019-ന് അവസാനിച്ചതിനാൽ ആയത് പൂർത്തീകരിക്കുന്നതിനായി 18 മാസക്കാലയളവു കൂടി നൽകണമെന്ന് കണ്ണൂർ ഇറിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ അപേക്ഷിച്ചതനുസരിച്ച് കാലാവധി ദീർഘിപ്പിക്കുന്ന കാര്യം പരിശോധനയിലാണ്.

## വളന്തകാട് ദ്വീപ് കേന്ദ്രമാക്കി വിനോദസഞ്ചാര പദ്ധതി

310 (641) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണ്ണിത്തുറ നിയോജകമണ്ഡലത്തിലെ വളന്തകാട് ദ്വീപ് കേന്ദ്രമാക്കി വിനോദസഞ്ചാര പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ഉത്തരവു സഹിതം അറിയിക്കുമോ;

(ബി) ഈ പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്തെന്നും ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. "പ്രൊവൈഡിംഗ് ബേസിക് ഇൻഫ്രാസ്ട്രക്ച്ചർ ഫോർ റെസ്പോൺസിബിൾ ടൂറിസം ആക്ടിവിറ്റീസ് അറ്റ് വളന്തുകാട് ഐലന്റ്, എറണാകുളം ഡിസ്ട്രിക്ട്" എന്ന പദ്ധതിക്കായി 99,90,682 രൂപയുടെ ഒരു പദ്ധതിക്ക് വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 13-8-2019 തീയതിയിലെ പി1/7962/2019 നമ്പർ നടപടിക്രമം ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി എറണാകുളം ഡി.റ്റി.പി.സി.യാണ് M/s. WAPCOS മുഖാന്തരമാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ സാങ്കേതിക അനുമതിക്കായുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. എത്രയും വേഗം പദ്ധതി പൂർത്തീകരിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിലെ ടൂറിസം

311 (642) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം കാസർഗോഡ് ജില്ലയിൽ ടൂറിസം വകുപ്പ് മുഖേന ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ഇതിനായി എത്രകോടി രൂപ ചെലവാക്കിയിട്ടുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം കാസർഗോഡ് ജില്ലയിൽ ടൂറിസം വകുപ്പുമുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ കൊടുത്തിരിക്കുന്നു.

1. വെർച്വൽ ടൂർ ഗൈഡൻസ് ഫോർ ബേക്കൽ/നോർത്ത് മലബാർ സർവ്വീസിംഗ് ലൊക്കേഷൻ ബേസ്ഡ് സ്റ്റോറീസ് റ്റു ട്രാവലേഴ്സ് ആസ് ഡിജിറ്റൽ മൾട്ടി മീഡിയ എക്സ്പീരിയൻസ് (50,00,000 രൂപ) നിർമ്മാണം പൂർത്തീകരിച്ചു.

2. ബാരിയർ ഫ്രീ കേരള ടൂറിസം പ്രോജക്ട് (ബേക്കൽ ബീച്ച് സ്റ്റേഡിയം സ്ക്വയേഴ്സ് കാസർഗോഡ്) (14,70,300 രൂപ) നിർമ്മാണം പൂർത്തീകരിച്ചു.

3. അഡീഷണൽ വർക്ക് അറ്റ് ബേക്കൽ - സൗത്ത് ബീച്ച് പാർക്ക് (1,10,00,000 രൂപ) നിർമ്മാണം പൂർത്തീകരിച്ചു.

4. അക്സസ് ഡെവലപ്മെന്റ് ആൻഡ് ബ്യൂട്ടിഫിക്കേഷൻ ആസ് പാർട്ട് ഓഫ് ബേക്കൽ ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് (പദ്ധതി തുക 1,50,00,000 രൂപ) നിർമ്മാണം പൂർത്തീകരിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

5. ഡെവലപ്മെന്റ് ഓഫ് കോട്ടപ്പുറം ഹൗസ് ബോട്ട് ടെർമിനൽ, കാസർഗോഡ് (8,00,00,000 രൂപ) നിർമ്മാണം ആരംഭഘട്ടത്തിലാണ്.

6. മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസം ബോട്ട് ജെട്ടി അറ്റ് മാടക്കാൽ - കാസർഗോഡ് ( പദ്ധതി തുക 98,00,000 രൂപ) നിർമ്മാണം ആരംഭഘട്ടത്തിലാണ്.

7. മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസം ബോട്ട് ജെട്ടി അറ്റ് മാവിലാകടപ്പുറം - കാസർഗോഡ് (പദ്ധതി തുക 3,27,00,000 രൂപ) 75 ശതമാനം പൂർത്തീകരിച്ചു.

8. മെയിന്റനൻസ് വർക്ക്സ് ഓഫ് റാണിപുരം ഇക്കോ ടൂറിസം ഡെസ്റ്റിനേഷൻ അറ്റ് റാണിപുരം, കാസർഗോഡ് (27,25,000 രൂപ) പൂർത്തീകരിച്ചു.

9. ബാരിയർ ഫ്രീ കേരള ടൂറിസം പ്രോജക്ട് (ഒറിയാറ, നീലേശ്വരം, ബേക്കൽ ഫോർട്ട് ജംഗ്ഷൻ, തൃക്കന്നഡു ബീച്ച്, പാലക്കുന്ന് ടൗൺ, കോട്ടിക്കുളം റെയിൽവേ സ്റ്റേഷൻ, ഉദുമ, ചെമ്പരിക്കാ ബീച്ച്, കുമ്പള ഫോർട്ട്) ( 71,79,000 രൂപ ) പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

10. കോട്ടപ്പുറം ഹൗസ് ബോട്ട് ടെർമിനൽ ഫുട്പാത്ത് കൺസ്ട്രക്ഷൻ (പദ്ധതി തുക - 1,35,18,993 രൂപ) നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്.

11. ഡെവലപ്മെന്റ് ഓഫ് ബീച്ചസ് ഇൻ കാസർഗോഡ് - കൈറ്റ് ബീച്ച് കാഞ്ഞങ്ങാട് (പദ്ധതി തുക 98,74,788 രൂപ) പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

12. ബ്യൂട്ടിഫിക്കേഷൻ ഓഫ് എൻട്രി ടു ബേക്കൽ ഫോർട്ട് റോഡ് പ്രൊവൈഡിംഗ് വെൽകം ഗേറ്റ് ആൻഡ് അലൈഡ് ഫെസിലിറ്റി ബേക്കൽ (പദ്ധതി തുക 99,70,000 രൂപ) പദ്ധതി ആരംഭിച്ചിട്ടുണ്ട്. 35 ശതമാനം പണി പൂർത്തീകരിച്ചു.

13. കാഞ്ഞങ്ങാട് ടൗൺ സ്ക്വയർ (പദ്ധതി തുക 4,98,48,101 രൂപ) പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

14. വേ സൈഡ് അമിനിറ്റി സെന്റർ അറ്റ് പാണാർകുളം ആൻഡ് ബ്രാൻഡിംഗ് അറ്റ് ആസ്കാസ് റോഡ് കഫേ (പദ്ധതി തുക 99,18,011 രൂപ) പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

15. ഡെവലപ്മെന്റ് ഓഫ് എക്സ്റ്റേണൽ ഫെസിലിറ്റീസ് അറ്റ് ഡി.ടി.പി.സി. റിസോർട്ട് റാണിപുരം (പദ്ധതി തുക 99,00,000 രൂപ) പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

312(643) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016 ഏപ്രിൽ 1ന ശേഷം നടപ്പിലാക്കിയിട്ടുള്ള ടൂറിസം പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കന്നേറ്റി കായലിനെ കായലോര ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കന്നേറ്റി കായലിൽ ചിങ്ങമാസത്തിലെ ചതയ ദിനാഘോഷത്തോടനുബന്ധിച്ച് നടക്കുന്ന ശ്രീനാരായണ ട്രോഫി ജലോത്സവം ലീഗ് മത്സരത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) 2016 ഏപ്രിൽ 1-നശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് കരുനാഗപ്പള്ളി ആലുംകടവ് ടൂറിസം അമിനിറ്റി സെന്ററിന്റെ പുനരുദ്ധാരണം. 45 ലക്ഷം രൂപ ഭരണാനുമതി നൽകിയ ഈ പദ്ധതി കൊല്ലം ഡി.റ്റി.പി.സി. മുഖേനയാണ് നടപ്പിലാക്കുന്നത്.

(ബി) നിലവിൽ ഡി.റ്റി.പി.സി.-യുടെ ആഭിമുഖ്യത്തിൽ കന്നേറ്റിയിൽനിന്ന് ബോട്ട് സർവ്വീസുകൾ നടത്തുന്നുണ്ട്.

(സി) ഈ വർഷത്തെ ചാമ്പ്യൻസ് ബോട്ട് ലീഗിൽ കന്നേറ്റി കായലിൽ നടത്തുന്ന വള്ളംകളി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ നടത്തിപ്പിനായി രൂപീകരിച്ച 'ചാമ്പ്സ് ബോട്ട് ലീഗ് ലിമിറ്റഡ് ' കമ്പനിയുടെ ബോർഡ് മീറ്റിംഗിൽ അവതരിപ്പിക്കാവുന്നതാണ്.

## തൃപ്പൂണിത്തുറയിലെ പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതി

313 (644) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ പനങ്ങാട്, വളന്തകാട്, കല്ലവച്ചകാട് തുടങ്ങിയ പ്രകൃതി സൗന്ദര്യ പ്രദേശങ്ങളെ ഉൾപ്പെടുത്തി ഒരു പരിസ്ഥിതി സൗഹാർദ്ദ ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിനായി നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വളന്തകാട് ദ്വീപിൽ പരിസ്ഥിതി സൗഹൃദ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് അടിസ്ഥാന സൗകര്യമൊരുക്കാനായി 99,90,682 രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) പനങ്ങാട്, കല്ലവച്ചകാട് മേഖലകളിൽ സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിലും വ്യക്തമായ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്കും പദ്ധതികൾ ആലോചിക്കാവുന്നതാണ്.

**ക്ഷേത്ര ഭൂമി കയ്യേറ്റം**

314 (645) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്ര ഭൂമിയിൽ വൻതോതിലുള്ള കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഭൂമി കയ്യേറ്റം ഒഴിപ്പിക്കുവാൻ ദേവസ്വം ട്രൈബ്യൂണൽ രൂപീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(സി) ദേവസ്വം ബോർഡിന്റെ അധീനതയിലുണ്ടായിരുന്നതും അനധികൃതമായി കയ്യേറിയതുമായ എത്ര ഏക്കർ സ്ഥലം ഈ സർക്കാർ നിലവിൽ വന്നശേഷം ഒഴിപ്പിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ ദേവസ്വം ബോർഡിലും ഇപ്രകാരം ഒഴിപ്പിച്ച വസ്തുവകകളുടെ കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ദേവസ്വം ബോർഡുകളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ഒരു ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുന്നതിനുള്ള കരട് ബിൽ തയ്യാറാക്കിയിട്ടുണ്ട്. ഇത് നിയമമാക്കുന്നതിനുള്ള നടപടി കൈകൊണ്ടുവരുന്നു.

(സി&ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള 34 ക്ഷേത്രങ്ങളുടെ 5 ഹെക്ടർ 96 ച.മീറ്റർ സ്ഥലത്തേയും മലബാർ ദേവസ്വത്തിന്റെ കീഴിൽ 338 ഏക്കർ സ്ഥലത്തേയും കൊച്ചിൻ ദേവസ്വം ബോർഡിൽ 2.4184 ഹെക്ടർ ഭൂമിയിലെയും കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്.

## കുളങ്ങളുടെയും കാവുകളുടെയും സംരക്ഷണം

315 (646) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവസ്വം ബോർഡിന് കീഴിൽ വരുന്ന കുളങ്ങളും കാവുകളും സംരക്ഷിക്കാൻ ആവശ്യമായ തരത്തിലുള്ള പദ്ധതികൾ വകുപ്പിന് കീഴിൽ ഉണ്ടോ; വിശദമാക്കാമോ?

ഉത്തരം

ഉണ്ട്. ദേവസ്വം ബോർഡിന് കീഴിൽ വരുന്ന ആൽത്തറകളും കുളങ്ങളും കാവുകളും നവീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പദ്ധതിക്കായി ഈ വർഷം 1 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സ്വകാര്യ ക്ഷേത്രങ്ങളോട് ചേർന്നുള്ള കുളങ്ങൾ, കാവുകൾ ആൽത്തറകൾ തുടങ്ങിയവയുടെ സംരക്ഷണത്തിനും ഈ പദ്ധതി പ്രകാരം ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ധനസഹായം അനുവദിക്കുന്നുണ്ട്.

## കോന്നി ടൗണിൽ സി.സി.ടി.വി. സ്ഥാപിക്കുന്നതിനുള്ള നടപടി

316 (647) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമല വികസനവുമായി ബന്ധപ്പെട്ട് പ്രധാന ഇടത്താവളമായ കോന്നി ടൗണിൽ സി.സി.ടി.വി. സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

ശബരിമല വികസനവുമായി ബന്ധപ്പെട്ട് പ്രധാന ഇടത്താവളമായ കോന്നി ടൗൺ സി.സി.ടി.വി. സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം അടുത്ത ജില്ലാ വികസന സമിതി യോഗത്തിലുൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

## ശബരിമലയിൽ ദർശനം നടത്തിയ തീർത്ഥാടകരുടെ എണ്ണം

317 (648) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മണ്ഡല-മകരവിളക്ക് കാലയളവിൽ ശബരിമലയിൽ ദർശനം നടത്തിയ തീർത്ഥാടകരുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കാലയളവിൽ ലഭിച്ച ആകെ നടവരവ് എത്രയാണെന്നറിയിക്കാമോ;

(സി) കഴിഞ്ഞ മണ്ഡല മകരവിളക്ക് തീർത്ഥാടന നടത്തിപ്പിനായി ദേവസ്വം ബോർഡിന് ചെലവിടേണ്ടിവന്ന തുക എത്രയാണ് എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പോലീസ് വകുപ്പിൽനിന്നും ലഭ്യമായ വിവരം അനുസരിച്ച് കഴിഞ്ഞ മണ്ഡല മകരവിളക്ക് കാലത്ത് ശബരിമലയിൽ 35,64,227 തീർത്ഥാടകർ ദർശനം നടത്തിയിട്ടുണ്ട്.

(ബി) കഴിഞ്ഞ മണ്ഡല മകരവിളക്ക് കാലത്ത് ആകെ 269,37,14,249 (ഇരുന്നൂറ്റി അറുപത്തിയൊൻപത് കോടി മുപ്പത്തിയേഴ് ലക്ഷത്തി പതിനാലായിരത്തി ഇരുന്നൂറ്റി നാൽപ്പത്തിയൊൻപത് രൂപ) നടവരവ് ലഭിച്ചിട്ടുണ്ട്.

(സി) 38,01,39,608 (മുപ്പത്തിയെട്ട് കോടി ഒരു ലക്ഷത്തി മുപ്പത്തൊമ്പതിനായിരത്തി അറുന്നൂറ്റി എട്ട്) രൂപയും ചെലവായിട്ടുണ്ട്.

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിക്ഷേപം**

318 (649) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിലുള്ള സ്വർണ്ണവും വെള്ളിയും റിസർവ് ബാങ്കിൽ നിക്ഷേപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സ്വർണ്ണവും വെള്ളിയും റിസർവ് ബാങ്കിൽ നിക്ഷേപിച്ചാൽ ബോർഡിന് ഉണ്ടാകുന്ന നേട്ടം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സ്വർണ്ണവും വെള്ളിയും ഉരുപ്പടികളുടെ വിശദമായ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) മറ്റ് ദേവസ്വങ്ങളിലും സമാന രീതിയിലുള്ള നിക്ഷേപം നടത്തുവാൻ ഉദ്ദേശമുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(സി) കണക്കെടുപ്പ് നടന്നുവരുന്നു.

(ഡി) മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ശ്രീ കാടാമ്പുഴ ഭഗവതി ക്ഷേത്രം ഭാരതീയ സ്റ്റേറ്റ് ബാങ്കിന്റെ ഗോൾഡ് ബോണ്ട് നിക്ഷേപ പദ്ധതിയിലും

ഗുരുവായൂർ ദേവസ്വം ഭാരതീയ സ്റ്റേറ്റ് ബാങ്കിന്റെ സ്വർണ്ണ നിക്ഷേപ പദ്ധതിയിലും കൊച്ചിൻ ദേവസ്വം ബോർഡ് ഗോൾഡ് മോണിറ്റൈസേഷൻ പദ്ധതിയിലും നിക്ഷേപങ്ങൾ നടത്തിയിട്ടുണ്ട്.

**ചെങ്ങന്നൂരിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ**

319 (650) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയുടെ ഇടത്താവളമായ ചെങ്ങന്നൂരിൽ മണ്ഡലക്കാലത്തും അല്ലാതെയുള്ള സമയങ്ങളിലും ഇതര സംസ്ഥാനങ്ങളിൽ നിന്നും അല്ലാതെയും ലക്ഷക്കണക്കിന് അയ്യപ്പന്മാർ വന്നുപോകുന്ന സാഹചര്യത്തിൽ ഇവരുടെ പ്രാഥമിക ആവശ്യങ്ങൾക്കും വിശ്രമത്തിനും ആവശ്യമായ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) അതിൽ അടുത്ത മണ്ഡലകാലത്തിന് മുൻപ് പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത് എന്തെല്ലാമാണെന്ന വിവരം അറിയിക്കാമോ?

ഉത്തരം

(എ&ബി) ചെങ്ങന്നൂർ ദേവസ്വത്തിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന അയ്യപ്പഭക്തന്മാർക്ക് വിരിവയ്ക്കുന്നതിന് ഓപ്പൺ ആഡിറ്റോറിയത്തിന്റെ നവീകരണം അന്തിമഘട്ടത്തിലാണ്. കൂടാതെ KIIFB പദ്ധതിയിലുൾപ്പെടുത്തി 9.5 കോടി രൂപ ചെലവിൽ തീർത്ഥാടകർക്കായി ഒന്നാം നിലയിലും രണ്ടാം നിലയിലും വിശാലമായ മൾട്ടിപർപ്പസ് ഹാൾ, ടോയ്‌ലറ്റ് ബ്ലോക്ക്, വിശാലമായ വിശ്രമ സ്ഥലം, ഒരു ലക്ഷം ലിറ്റർ വെയ്സ്റ്റ് ഉൾക്കൊള്ളാൻ കഴിയുന്ന ടാങ്ക് (sump tank) എന്നീ സൗകര്യങ്ങളോടുകൂടി പിൽഗ്രിം ഷെൽട്ടറിന്റെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

**മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളപരിഷ്കരണം**

320 (651) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കാത്തതുമൂലം അവർ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിൽ നടപ്പിലാക്കിയത് പോലുള്ള ശമ്പളപരിഷ്കരണം മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് നിഷേധിക്കുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ ദേവസ്വം ബോർഡുകളിലെയും ജീവനക്കാർക്ക് ഏകീകൃത രീതിയിലുള്ള ശമ്പരപരിഷ്കരണം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനോടനുബന്ധിച്ച് 2-6-2019-ലെ സ.ഉ. (സാധാ) നമ്പർ 2076/2019/റവ. പ്രകാരം 1-1-2019 മുതൽ പ്രാബല്യത്തിൽ 2000 രൂപ നിരക്കിൽ ഇടക്കാലാശ്വാസം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## സർക്കാർ വേതനം പറ്റുന്ന ക്ഷേത്രം സ്ഥാനികർ

321 (652) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വേതനം പറ്റുന്ന എത്ര ക്ഷേത്രം സ്ഥാനികർമാർ സംസ്ഥാനത്തുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാനികർമാർക്കു നൽകുന്ന മാസവേതനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ക്ഷേത്രം സ്ഥാനികർമാരുടെ വേതനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ;

(ഡി) ക്ഷേത്രം സ്ഥാനികർമാരുടെ വേതനം ഇപ്പോൾ സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിൽ സർക്കാർ ധനസഹായം കൈപ്പറ്റുന്ന ആചാര സ്ഥാനികരുടെയും കോലാ ധാരികളുടെയും ജില്ല തിരിച്ചുള്ള എണ്ണം താഴെകൊടുക്കുന്നു.

| | | |
|---|---|---|
| കോഴിക്കോട് | - | 237 |
| മലപ്പുറം | - | 1 |
| കാസർഗോഡ് | - | 714 |
| കണ്ണൂർ | - | 1309 |
| വയനാട് | - | 3 |

(ബി) 24-11-2018 മുതൽ പ്രതിമാസം 1100 രൂപയാണ് ധനസഹായമായി നൽകിവരുന്നത്.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി&ഇ) ഈ ഇനത്തിൽ സർക്കാർ 1.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അധികം തുക വേണ്ടിവന്നതിനാൽ 2019 ജൂലൈ മുതലുള്ള 8 മാസത്തെ വേതനം കുടിശ്ശികയായിട്ടുണ്ട്.

**കുട്ടംകുളം നവീകരണത്തിന് നടപടി**

322 (653) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട കൂടൽ മാണിക്യം ക്ഷേത്രവുമായി ബന്ധപ്പെട്ട കുട്ടംകുളം നവീകരിക്കുന്നതിന് ദേവസ്വം വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

ഇരിങ്ങാലക്കുട കൂടൽ മാണിക്യം ക്ഷേത്രത്തിലെ കുട്ടംകുളം നവീകരിക്കുന്നതിന് 1 കോടി രൂപ ചെലവ് വരുമെന്ന് കൂടൽമാണിക്യം ദേവസ്വം അറിയിച്ചിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 389, 413, 418, 477 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M.]

## II. അടിയന്തരപ്രമേയം

### പെരിയ ഇരട്ട കൊലപാതകം

മി. സ്പീക്കർ: റൂൾ 50 പ്രകാരം ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. ഈ വിഷയം റൂൾ 50-ന്റെ പരിധിയിൽ വരുന്നത്ര അടിയന്തര പ്രാധാന്യമുള്ളതാണെന്ന് തോന്നുന്നില്ല. എന്നാലും അത് പരിഗണനയ്ക്കെടുക്കുകയാണ്. പെരിയയിൽ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകനായ കൃപേഷിനെയും ശരത്‌ലാലിനെയും കൊലപ്പെടുത്തിയ കേസിൽ സി.ബി.ഐ. അന്വേഷണത്തിന് കേസ് ഡയറിയും രേഖകളും കൈമാറാതെ അന്വേഷണം അട്ടിമറിക്കാനും കുറ്റവാളികളെ രക്ഷിക്കാനും സർക്കാർ നടത്തുന്ന ശ്രമങ്ങൾമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, കെ. എൻ. എ. ഖാദർ, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2019 ഫെബ്രുവരി 17-ന് കാസർഗോഡ്-കല്ലിയോട് രണ്ട് യുവാക്കൾ കൊല്ലപ്പെട്ട സംഭവത്തിൽ ബേക്കൽ പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 302-ാം വകുപ്പ് പ്രകാരം ക്രൈം നമ്പർ 81/2019 ആയി കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. പോലീസ് ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് അന്വേഷണം നടത്തിവന്നിരുന്നു. തുടർന്ന്, സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് ക്രൈംബ്രാഞ്ച് FIR No.75/CB/KNRN Kasargod/19-ആയി റീ-രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കേസിലുൾപ്പെട്ട 14 പ്രതികളെ അറസ്റ്റ് ചെയ്യുകയും സംഭവത്തിലുൾപ്പെട്ട വാഹനങ്ങൾ കസ്റ്റഡിയിലെടുക്കുകയും ചെയ്തു. ആവശ്യമായ തെളിവുകൾ ശേഖരിച്ച് 90 ദിവസത്തിനകം അന്വേഷണം പൂർത്തിയാക്കി 20-5-2019-ൽ ഹോസ്ദുർഗ്ഗ് ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി-II മുൻപാകെ കുറ്റപത്രം സമർപ്പിച്ചു. ഒന്ന് മുതൽ പതിനൊന്ന് വരെയുള്ള പ്രതികൾ നിലവിൽ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞുവരികയാണ്. കേസിന്റെ അന്വേഷണം സി.ബി.ഐ.-യ്ക്ക് കൈമാറണമെന്നാവശ്യപ്പെട്ട് രക്ഷകർത്താക്കൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C) No.10265/2019 ആയി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും 30-9-2019-ൽ റിട്ട് പെറ്റീഷൻ അനുവദിച്ച് കുറ്റപത്രം റദ്ദ് ചെയ്ത് കേസിന്റെ അന്വേഷണം സി.ബി.ഐ.-യ്ക്ക് കൈമാറി സിംഗിൾ ബഞ്ച് ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത അപ്പീലിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് വാദം കേട്ടശേഷം ഉത്തരവിനായി മാറ്റിവച്ചിരിക്കുകയാണ്. സി.ബി.ഐ. രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥൻ 22-2-2020-ൽ ബഹുമാനപ്പെട്ട എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുൻപാകെ ഒരു സ്റ്റാറ്റസ്

റിപ്പോർട്ട് ഫയൽ ചെയ്തിരുന്നു. പ്രസ്തുത സ്റ്റാറ്റസ് റിപ്പോർട്ടിൽ, അപ്പീൽ ഇപ്പോഴും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണെന്നും 16-11-2019-ൽ വാദം കേട്ടശേഷം ഉത്തരവിനായി മാറ്റിവച്ചിരിക്കുകയാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഇതാണ് ഇതുമായി ബന്ധപ്പെട്ട സാഹചര്യം.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, കേരളത്തിന്റെ ഡി.ജി.പി. ശ്രീ. ലോക്നാഥ് ബെഹ്റയുടെ ഒരു ന്യായീകരണ തൊഴിലാളിയായി കേരളത്തിന്റെ മുഖ്യമന്ത്രി അധഃപതിക്കരുതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങ് സംസ്ഥാനത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രിയാണ്; മുഖ്യമന്ത്രിയാണ്; ശ്രീ. ലോക്നാഥ് ബെഹ്റ കേരളത്തിന്റെ ഡി.ജി.പി.യാണ്; നേരെ മറിച്ച് ആളുകൾക്ക് തോന്നുന്ന തരത്തിൽ അങ്ങയുടെ ഭാഗത്തുനിന്നും ഇടപെടലുകൾ ഉണ്ടാകരുത്. സംസ്ഥാനത്തിന്റെ ആഭ്യന്തര പദവി അങ്ങ് ഡി.ജി.പി.യിൽ നിന്ന് വീണ്ടെടുക്കണമെന്ന് അഭ്യർത്ഥിക്കാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. പെരിയ ഇരട്ടക്കൊലക്കേസ് കേസ് ഡയറി ക്രൈംബ്രാഞ്ച് കൈമാറുന്നില്ലെന്ന് സി.ബി.ഐ. കോടതിയിൽ ഒരു സ്റ്റേറ്റുമെന്റ് കൊടുത്തിരിക്കുകയാണ്. എന്താണ് കേസിന്റെ പുരോഗതിയെന്ന് അറിയാൻവേണ്ടി ആ രക്ഷിതാക്കൾ അവരുടെ നൊന്തുപെറ്റ മക്കൾ പോയതിന്റെ വേദനകൊണ്ടു മാത്രം അതിൽ നീതി ലഭിക്കണമെന്നുള്ള ആഗ്രഹംകൊണ്ട് സമർപ്പിച്ച കേസ് ഇവിടെ സി.ബി.ഐ.-യ്ക്ക് കൈമാറുന്നതിന് കേസ് ഡയറിപോലും കൊടുക്കുന്നില്ല. സെപ്റ്റംബർ 30-ന് കേസ് സി.ബി.ഐ.-യ്ക്ക് കൈമാറിയതാണ്. അഞ്ച് മാസമായി. ക്രൈം ബ്രാഞ്ച് ഇതുവരെ കേസ് ഡയറി സി.ബി.ഐ.-യ്ക്ക് കൈമാറുന്നില്ല. ഇത് മുമ്പൊരിക്കൽ കോടതിയിൽ വന്ന സമയത്ത് അവിടെ ഡി.ജി.പി. കൊടുത്ത അഫിഡവിറ്റുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിൽ സി.ബി.ഐ. പറയുന്നത് " Crime Branch had not handed over the CD file and any connected statements and the documents collected by them during the investigation irrespective of request made in this regard" . നിരവധി തവണ അഭ്യർത്ഥിച്ചിട്ടും കേസ് ഡയറിയും സ്റ്റേറ്റ്മെന്റ്സും ഡോക്യുമെന്റ്സും കൊടുത്തിട്ടില്ല. ഇൻവെസ്റ്റിഗേഷന്റെ സമയത്ത് അവർ കളക്ട് ചെയ്ത ഡോക്യുമെന്റ്സ് സി.ബി.ഐ.-യ്ക്ക് കൊടുക്കാൻ ക്രൈംബ്രാഞ്ച് മടിക്കുന്നതിന്റെ കാരണമെന്താണെന്ന് പകൽപോലെ വ്യക്തമാണ്. കോടതിയിൽ അപ്പീൽ നിലനിൽക്കുന്നതുകൊണ്ടാണെന്ന് അങ്ങ് ഇവിടെ പറഞ്ഞു. ഡി.ജി.പി. കോടതിയിൽ കൊടുത്ത അഫിഡവിറ്റിന്റെ കോപ്പി ഞങ്ങളുടെ പക്കലുണ്ട്. അതിൽ പറയുന്നത്, 'It is humbly prayed that this Honourable court may be pleased to adjourn this contempt case for a period of one week'. ഇത് ഒക്ടോബർ

മാസം 26-ാം തീയതി ഡി.ജി.പി. കൊടുത്ത അഫിഡവിറ്റിൽ പറയുന്നതാണ്. ഒരാഴ്ചത്തെ സമയംകൂടി അനുവദിച്ച് തന്നാൽ മതി; അതിനകം ഈ ഡോക്യുമെന്റ്സ് ഞങ്ങൾ കോടതിയിൽ സി.ബി.ഐ.-യ്ക്ക് കൈമാറിക്കൊള്ളാമെന്ന് സംസ്ഥാനത്തിന്റെ ഡി.ജി.പി. കോടതിയിൽ കൊടുത്ത അഫിഡവിറ്റിന്റെ കോപ്പിയിലാണ് പറയുന്നത്.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ ഇത് കഴിഞ്ഞിട്ടുപോരെ?

ശ്രീ. ഷാഫി പറമ്പിൽ: സർ, ഇതുകഴിഞ്ഞിട്ട്. (....ബഹളം....)

മി. സ്പീക്കർ: അദ്ദേഹം എന്താണ് ഉന്നയിക്കുന്നതെന്ന് നോക്കട്ടെ.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അടിയന്തരപ്രമേയമായാലും ചട്ടപ്രകാരമല്ലാതെ പറയുന്നത് ചൂണ്ടിക്കാണിക്കാൻ മെമ്പർക്ക് അവകാശമുണ്ട്. ......(ബഹളം)..... ഞാൻ ഇരിക്കില്ല. എന്റെ അവകാശമാണ്. ഞാൻ ചൂണ്ടിക്കാണിച്ചത് തെറ്റാണെങ്കിൽ തള്ളികളഞ്ഞോളൂ.

മി. സ്പീക്കർ: സാധാരണഗതിയിൽ അനുവദിക്കാറില്ല.

ശ്രീ. ജി. സുധാകരൻ: സർ, ഇല്ല. ......(ബഹളം).... ഞാനിരിക്കില്ല. ആഭ്യന്തര മന്ത്രി ഡി.ജി.പി. ആണെന്ന് പറഞ്ഞത് സഭാരേഖകളിൽ കാണരുത്. ആഭ്യന്തരമന്ത്രി ഡി.ജി.പി.യാകുന്നുവെന്ന പ്രസ്താവന പിൻവലിക്കണം. അത് ബഹുമാനപ്പെട്ട സ്പീക്കർ രേഖയിൽ നിന്നും നീക്കം ചെയ്യണം. അല്ലെങ്കിൽ ഞാൻ ഇരിക്കില്ല.

മി. സ്പീക്കർ: ആ പ്രസ്താവന ഗൗരവമായി പരിശോധിച്ച് നടപടി സ്വീകരിക്കും.

ശ്രീ. ജി. സുധാകരൻ: ....(ബഹളം).... ആഭ്യന്തരമന്ത്രിയാണോ; അത് സഭാരേഖകളിൽ കാണുമോ; എന്ത് തോന്ന്യാസമാണിത്; ഞാൻ അതിനെയാണ് ഒബ്ജക്റ്റ് ചെയ്യുന്നത്. ആരാണ് ആഭ്യന്തരമന്ത്രി; ഡി.ജി.പി.യാണോ? അത് പിൻവലിക്കണം. ബഹുമാനപ്പെട്ട സ്പീക്കർ പറയാതെ ഞാൻ ഇരിക്കില്ല.

മി. സ്പീക്കർ: പരിശോധിച്ച് നടപടി സ്വീകരിക്കും.*

ശ്രീ. വി. ഡി. സതീശൻ: (....ബഹളം....) എന്ത് തോന്ന്യാസമാണ്, ഇതെന്ത് ഏർപ്പാടാണ്?

മി. സ്പീക്കർ: അത്യാവശ്യമുള്ളപ്പോൾ പ്രതിപക്ഷത്തിനും അനുവദിച്ചിട്ടുണ്ട്.

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ1558/ഇ.ബി./2020/നി.സെ. തീയതി 3-3-2020) രേഖയിൽ നിലനിർത്തി

പ്രതിപക്ഷനേതാവ് എത്രയോ പ്രാവശ്യം എഴുന്നേറ്റുനിന്ന് ഉന്നയിച്ചിട്ടുണ്ട്. മുമ്പുണ്ടായിട്ടുള്ളത് നിങ്ങൾ രേഖകളിൽ പരിശോധിക്കൂ.

ശ്രീ. അൻവർ സാദത്ത്: ഇത് തടസ്സപ്പെടുത്താൻ വേണ്ടിയാണ്.

മി. സ്പീക്കർ: തടസ്സപ്പെടുത്താൻവേണ്ടി അനുവദിക്കാറില്ല. പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടപ്രകാരം നിരവധി തവണ അനുവദിച്ചിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ: സാധാരണ അടിയന്തര പ്രമേയത്തിന് അവതരണാനുമതി ചോദിച്ച് സംസാരിക്കുമ്പോൾ കൊടുക്കാറില്ല.

മി. സ്പീക്കർ: സാധാരണഗതിയിലില്ല. പ്രതിപക്ഷനേതാവിനും നിരവധി തവണ അനുവദിച്ചിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ: സർ, അതൊക്കെ അറിയാവുന്ന ആളുകൾ തന്നെയാണ്. ഇതുപറയുമ്പോൾ പൊള്ളുന്നതെന്തുകൊണ്ടാണെന്ന് ഞങ്ങൾക്കും വ്യക്തമായി അറിയാം. 2019 സെപ്റ്റംബർ 30-നാണ് ഹൈക്കോടതി പെരിയ ഇരട്ടക്കൊലക്കേസ് സി.ബി.ഐ. അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടത്. അതിൽ കോടതി പറയുന്ന ന്യായങ്ങളുണ്ട്, ഞങ്ങളാരും പറയുന്നതല്ല. ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെ കേൾക്കുന്നതിനുവേണ്ടിയാണ് ഞാൻ പറയുന്നത്. കോടതി പറഞ്ഞ ന്യായങ്ങളുണ്ട്. വിശ്വാസ്യതയില്ലാത്ത അന്വേഷണമാണ് നടന്നതെന്നും സാക്ഷികളുടെ മൊഴികളേക്കാൾ പ്രതികളെയാണ് അന്വേഷണസംഘം വിശ്വസിച്ചതെന്നും കോടതിയുടെ ജഡ്ജ്മെന്റിനുള്ളിൽ പറയുന്നു. ഞങ്ങൾ പറയുന്നതല്ല. കോടതിക്ക് അനുഭവപ്പെട്ടതാണ്. സാക്ഷികളുടെ മൊഴികളെക്കാൾ കൂടുതൽ പ്രതികളുടെ മൊഴിയാണ് അന്വേഷണ സംഘം വിശ്വസിച്ചതെന്നാണ് പറയുന്നത്. ഫോറൻസിക് സർജന്റെ മൊഴിപോലും യഥാസമയം രേഖപ്പെടുത്തിയിട്ടില്ലെന്ന് കോടതി നിരീക്ഷിച്ചു. പ്രതികളെ അറസ്റ്റ് ചെയ്തതല്ലെന്നും അവർ കീഴടങ്ങിയതാണെന്നുമാണ് കോടതിയുടെ നിരീക്ഷണം. കേസന്വേഷണം ഇങ്ങനെ പോയാൽ പ്രതികൾ ശിക്ഷിക്കപ്പെടില്ലെന്ന് കോടതി ജഡ്ജ്മെന്റിൽ പറഞ്ഞു. പെരിയ ഇരട്ടക്കൊലപാതകം ആസൂത്രണം ചെയ്തതിൽ സി.പി.ഐ.(എം.) പ്രാദേശിക നേതാവടക്കം ഉൾപ്പെടാൻ സാധ്യതയുണ്ടെന്ന് ഹൈക്കോടതി പറഞ്ഞു. രാഷ്ട്രീയകൊലപാതകമാണെന്ന് എഫ്.ഐ.ആർ.-ൽത്തന്നെ വ്യക്തമാണെന്നും പ്രതികൾ കൊലയ്ക്കുശേഷം പാർട്ടി ഓഫീസിൽ പോയതുപോലും പോലീസ് ഗൗരവത്തിലെടുത്തില്ലെന്നും കോടതിയുടെ ജഡ്ജ്മെന്റിൽ പറയുന്നു. We are bound to question that, ഇതിനെ ചോദ്യം ചെയ്യാൻ ഞങ്ങൾക്ക് അർഹതയുണ്ട്; ഇതിനെ ചോദ്യം ചെയ്യേണ്ട ഉത്തരവാദിത്വം ഞങ്ങൾക്കുണ്ട്. അത്

ഞങ്ങൾക്ക് നിർവ്വഹിച്ചേ പറ്റൂ. 25 വയസ്സ് തികയാത്ത രണ്ട് ചെറുപ്പക്കാരെയാണ് ക്രൂരമായ മരണത്തിലേയ്ക്ക് തള്ളിവിട്ടത്. പ്രതികൾ രക്ഷപ്പെടുമെന്ന് കോടതിക്ക് തോന്നിയതിനാൽ സി.ബി.ഐ.-യ്ക്ക് കൊടുത്ത ഒരന്വേഷണത്തെ തടസ്സപ്പെടുത്താൻ എന്തിനാണ് ഗവൺമെന്റിനിത്ര താൽപ്പര്യം. പാർട്ടിക്ക് പങ്കില്ലെന്ന് ആയിരം വട്ടം നിങ്ങൾ പറഞ്ഞു. പാർട്ടിക്ക് ഇതുമായി ഒരു ബന്ധവുമില്ലെന്നു പറഞ്ഞ് ശ്രീ. പീതാംബരനെ നിങ്ങൾ പാർട്ടിയിൽ നിന്നും പുറത്താക്കി. പാർട്ടിക്ക് ഒരു ബന്ധവുമില്ലെങ്കിൽ, പാർട്ടിക്കാരന് ഒരു ബന്ധവുമില്ലെങ്കിൽ, പാർട്ടിയുടെ നേതൃത്വം ഇതറിഞ്ഞിട്ടില്ലെങ്കിൽ എന്തിനാണ് പ്രതികൾ രക്ഷപ്പെടുമെന്നറിഞ്ഞപ്പോൾ അന്വേഷണം സി.ബി.ഐ.യ്ക്ക് കൊടുക്കാതിരിക്കാൻ ഗവൺമെന്റ് സർക്കാരിന്റെ ഖജനാവിൽ നിന്നും പണമെടുത്ത് കേസ്സ് നടത്താൻ സുപ്രീംകോടതിയിൽ നിന്ന് വക്കീലിനെ കൊണ്ടുവരുന്നത്. കൊണ്ടുവരുന്നതാരെയാണ്? ശ്രീ. നരേന്ദ്ര മോദിയുടെ സോളിസിറ്റർ ജനറൽ അഡ്വ. രഞ്ജിത് കുമാറിനെ കേരളത്തിലെ ഗവൺമെന്റ് സിറ്റിംഗിന് ഒന്നിന് 25 ലക്ഷം രൂപ കൊടുത്ത് ഇവിടെ കൊണ്ടുവരുന്നു; അഡീഷണൽ സോളിസിറ്റർ ജനറൽ അഡ്വ. മനീന്ദർ സിംഗിന് ലക്ഷങ്ങൾ കൊടുത്ത് ഇവിടെ കൊണ്ടുവരുന്നു. ഈ കേസിലെ പ്രതികളെ പിടിക്കാൻ സി.ബി.ഐ.-യുടെ അന്വേഷണം വേണമെന്ന് കോടതിക്ക് തോന്നി കോടതി ഉത്തരവിട്ടപ്പോൾ അതിനെതിരെ അപ്പീൽ കൊടുക്കാൻ ലക്ഷങ്ങളും കോടികളും എണ്ണിക്കൊടുത്തത് എ.കെ.ജി. സെന്ററിൽ നിന്നല്ല; അത് എണ്ണിക്കൊടുത്തത് പാർട്ടി ബക്കറ്റ് പിരിവ് നടത്തിയിട്ടുമല്ല; അത് എണ്ണിക്കൊടുത്തത് സർക്കാരിന്റെ സ്വന്തം മുതലാളിമാരുമല്ല; കേരളത്തിലെ ലക്ഷക്കണക്കിന് പാവപ്പെട്ട ജനങ്ങൾ കൊടുക്കുന്ന നികുതിപ്പണത്തിൽ നിന്നാണ് ഈ പണം മുഴുവൻ ഗവൺമെന്റ് കൊടുത്തത്. ഇതിൽ ജനങ്ങൾക്ക് എന്ത് ബാധ്യതയുണ്ട്, ഈ ഗുണ്ടകൾക്കു വേണ്ടി കേസ് നടത്തേണ്ട എന്ത് ബാധ്യത ജനങ്ങൾക്കുണ്ടെന്ന് ഗവൺമെന്റ് വ്യക്തമാക്കണം. ആരുടെ താൽപ്പര്യമാണ് ഗവൺമെന്റ് സംരക്ഷിച്ചത്. ഈ നികുതിപ്പണം ആരുടെയൊക്കെയാണ്. കല്ലിയോട്ടുള്ള കൃഷ്ണൻ, അദ്ദേഹത്തിന്റെ ഭാര്യ ബാലാമണി, സത്യനാരായണൻ, ലത എന്നിവരുടെയൊക്കെ നികുതിപ്പണമാണ്. അവർ എങ്ങനെയാണ് ഗവൺമെന്റിലേയ്ക്ക് നികുതിപ്പണം കൊടുത്തത്? ചന്ദനത്തിരി വാങ്ങിയതിന്റെ 12%, എണ്ണ വാങ്ങിയതിന്റെ 12%, വേറൊരെണ്ണ വാങ്ങിയതിന്റെ 5%, എള്ള് വാങ്ങിയതിന്റെ 5%, അവസാനം മകനെ പുതപ്പിച്ച തുണി വാങ്ങിയതിന് നികുതിയായി കൊടുത്ത 5% ഉൾപ്പെടെയുള്ള പണമാണ്. ആ പണം കൊണ്ടുതന്നെ അവരുടെ മക്കളെ കൊന്ന കേസിലെ പ്രതികളെ പിടിക്കാതിരിക്കാൻ ഗവൺമെന്റിന്റെ പണം കൊണ്ട് സുപ്രീംകോടതിയിൽ അപ്പീൽ പോകുന്നത് എന്ത് സംസ്കാരമാണ്. ആരെയാണ് ഗവൺമെന്റ് സംരക്ഷിക്കാൻ ശ്രമിക്കുന്നത്.

ജനാധിപത്യത്തിന്റെ ഏറ്റവും മഹത്തരമായ നിർവ്വചനം, The best ever definition for Democracy, എബ്രഹാം ലിങ്കന്റെ "of the People, by the people, for the people". The worst ever definition for Democracy- of the criminals, for the criminals and by the criminals; ഇത് ക്രിമിനലുകൾക്ക് വേണ്ടി മാത്രം ഗവൺമെന്റ് നിശ്ചയിച്ചതാണ്. വാളയാറിലെ കേസിൽ പാവപ്പെട്ടവരായ ഒമ്പതും പതിമൂന്നും വയസ്സുള്ള രണ്ട് പെൺകുട്ടികളെ ക്രൂരമായ പ്രകൃതിവിരുദ്ധ പീഡനത്തിനിരയാക്കിയ കേസന്വേഷിക്കുമ്പോൾ അതിലെ പ്രതികൾക്ക് ശിക്ഷ വാങ്ങിക്കൊടുക്കാൻ ഒരു സോളിസിറ്റർ ജനറലും ഇല്ല; ഒരു വക്കീലും ഇല്ല; സുപ്രീംകോടതിയിൽ നിന്നും ആരും വന്നുമില്ല. പ്രതികൾ ഇന്ന് പാലക്കാട് പാട്ടും പാടി നടക്കുകയാണ്. ഒരാളും ഒരു തടവറയ്ക്കകത്തും ഇല്ല. മധുവിന്റെ കേസിൽ പ്രോസിക്യൂട്ടറെ വയ്ക്കാൻ ഗവൺമെന്റിന് പണമില്ല. കോൺട്രാക്ടർമാർക്ക് കൊടുക്കാൻ ഗവൺമെന്റിന് പണമില്ല. 1103 കോടി രൂപയുടെ അധിക ബാധ്യത ഇത്തവണത്തെ ബഡ്ജറ്റിൽ ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ച ധനമന്ത്രി സഭയിലുണ്ട്. നെൽ കർഷകർക്ക് കുടിശ്ശിക കൊടുക്കുന്നില്ല. ട്രഷറിയിൽ അമ്പതിനായിരത്തിൽ കൂടുതൽ തുക ഒടുക്കണമെങ്കിൽ ലോട്ടറി അടിക്കുന്നതുപോലെ കാത്തിരിക്കണം. അങ്ങനെ സാമ്പത്തിക ബാധ്യതയുള്ളപ്പോൾ ശരത്‌ലാലിനെയും കൃപേഷിനെയും ഷുഹൈബിനെയും കൊന്ന പ്രതികളെ സംരക്ഷിക്കാൻ ഖജനാവിൽ നിന്ന് കോടിക്കണക്കിന് രൂപ കൊടുക്കാൻ അങ്ങ് ധനമന്ത്രിയായിരിക്കുമ്പോൾ എന്തിനനുവദിക്കണം. എന്താണ് ഗവൺമെന്റിന്റെ ബാധ്യത. പാർട്ടിക്ക് പങ്കില്ലെന്നാണ് പറഞ്ഞത്. എന്നാൽ പ്രതികളിൽ പാർട്ടിയുടെ ലോക്കൽ കമ്മിറ്റി അംഗമുണ്ട്, ലോക്കൽ കമ്മിറ്റി സെക്രട്ടറിയുണ്ട്, ഏര്യാ കമ്മിറ്റി സെക്രട്ടറിയുണ്ട്. സർക്കാർ കൊലയാളികളുടെ ആരാധനാലയമായി മാറരുത്. കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രി കൊലയാളികളുടെ ദൈവമായി മാറരുത്. കൊലയാളികൾക്ക് ശിക്ഷ വാങ്ങിക്കൊടുക്കണം. അതാണ് ഗവൺമെന്റിന്റെ നീതി; രണ്ട് ചെറുപ്പക്കാരെ കൊന്ന കേസിൽ നീതി നടപ്പിലാക്കുന്നതിന് ഗവൺമെന്റിന് എന്തിനാണിത്ര മടി? സി.ബി.ഐ.യുടെ അന്വേഷണം കോടതി സ്റ്റേ ചെയ്തിട്ടില്ല. കോടതി രേഖാമൂലം സ്റ്റേ ഉത്തരവ് കൊടുത്തിട്ടില്ല. സി.ബി.ഐ.യ്ക്ക് അന്വേഷണവുമായി മുന്നോട്ടുപോകാം. എന്തുകൊണ്ടാണ് സി.ബി.ഐ.യ്ക്ക് അന്വേഷണവുമായി മുന്നോട്ടു പോകേണ്ടി വന്നത്. കൊലപാതകം നടന്ന് മണിക്കൂറുകൾക്കകം 7.36-ന് കൊലപാതകം നടക്കുന്നതിന്റെ ഒരു മണിക്കൂർ മുമ്പ് available branch committee യോഗം വിളിക്കുകയാണ്. ഈ പ്രതികൾ ഉൾപ്പെടെ പങ്കെടുക്കുന്ന ബ്രാഞ്ച് കമ്മിറ്റി യോഗം. ഇതൊന്നും ഷാഫി പറമ്പിലോ പ്രതിപക്ഷമോ പറയുന്നതല്ല; പോലീസ്

സമർപ്പിച്ച കുറ്റപത്രത്തിലുള്ള വസ്തുതകളാണ്. ആ കമ്മിറ്റി യോഗത്തിൽ പങ്കെടുത്ത അഞ്ച് ആളുകൾ അഞ്ച് വാഹനത്തിലായി അതിവേഗം ഈ കൊലപാതകം നടന്ന സ്ഥലത്തേയ്ക്ക് സഞ്ചരിച്ചതിന് സാക്ഷിമൊഴികളുണ്ട്, കൊലപാതകം നടന്നിട്ട് നേരം പുലരുന്നതുവരെ ഏര്യാ കമ്മിറ്റി ഓഫീസിലേയ്ക്ക് പോയി പാർട്ടി നേതാക്കന്മാർ പ്രതികളെ കാണുകയാണ്, ഇതെല്ലാം കുറ്റപത്രത്തിലുണ്ട്.

മി. സ്പീക്കർ: നോട്ടീസ് തന്നതനുസരിച്ച് സംസാരിച്ച് അവസാനിപ്പിക്കു.

ശ്രീ. ഷാഫി പറമ്പിൽ: സർ, കൊലപാതകം നടത്തിയ പ്രതികളുടെ വസ്ത്രം മാറ്റാൻ ഏര്യാ കമ്മിറ്റി സെക്രട്ടറിയുടെ ഫോണിലേയ്ക്ക് കാൾ വരികയാണ്, നിർദ്ദേശപ്രകാരം വസ്ത്രം കത്തിക്കുന്നു, ഇതെല്ലാം കുറ്റപത്രത്തിലുണ്ട്.

മി. സ്പീക്കർ: നോട്ടീസിലെ വിഷയം പറഞ്ഞ് അങ്ങ് സംസാരിക്കു, രേഖകൾ കൈമാറാത്തതല്ലേ അങ്ങയുടെ വിഷയം.

ശ്രീ. ഷാഫി പറമ്പിൽ: സർ, അവരെ പാർട്ടി ഓഫീസിലൊളിപ്പിക്കുന്നു. പ്രതികളായ 8 പേരുടെയും ഫോൺ വാങ്ങി വച്ചത് ഏര്യാ കമ്മിറ്റി സെക്രട്ടറിയും ലോക്കൽ കമ്മിറ്റി സെക്രട്ടറിയുമാണെന്ന് കുറ്റപത്രത്തിലുണ്ട്. ആ പ്രതികളെ പാർട്ടി ഓഫീസിൽ ഒളിപ്പിച്ചവർക്കെതിരെ 120 b പ്രകാരം ഗൂഢാലോചനയ്ക്ക് കേസെടുത്തിട്ടില്ല. പകരം അവർക്ക് ജാമ്യം ലഭിക്കത്തക്ക രീതിയിലുള്ള കേസെടുക്കുന്നു. അവരെ വെറുതെ വിടുന്നു.

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ, ഇതൊന്നും അങ്ങയുടെ നോട്ടീസിലില്ല. രേഖകൾ കൈമാറാത്തതുമായി ബന്ധപ്പെട്ടാണ് അങ്ങയുടെ നോട്ടീസ്. പ്ലീസ് കൺക്ലൂഡ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. 8 പ്രതികളെ കൊടുത്തതിൽ 7 പ്രതികളെ പിടിച്ചെടുത്ത ആയുധംപോലും കാണിച്ചിട്ടില്ല. ഫോറൻസിക് സർജൻ പറഞ്ഞിരിക്കുകയാണ്, ഈ ആയുധം കൊണ്ടുതന്നെ ആകണമെന്ന് നിർബന്ധമില്ല. കേസ് അതോടെ തീരുകയാണ്. ആദ്യത്തെ കേസ് അന്വേഷിച്ച ഉദ്യോഗസ്ഥനെ രാത്രി 12.00 മണിക്ക് മാറ്റുന്നത് വാട്ട്സാപ്പ് മെസേജ് വഴിയാണ്. (.....ബഹളം.....)

മി. സ്പീക്കർ: കേസന്വേഷണത്തിന്റെ വിശദാംശങ്ങളൊന്നും അങ്ങിപ്പോൾ ഇവിടെ പറയേണ്ട. കോടതിയുടെ പരിഗണനയിലുള്ള ഒരു കാര്യമാണ്. രേഖകൾ കൈമാറുന്നതുമായി ബന്ധപ്പെട്ടാണ് നോട്ടീസ്. സംഭവങ്ങളെല്ലാം പറയേണ്ട കാര്യമെന്താണ്. അങ്ങ് നോട്ടീസിലുള്ളത് സംസാരിച്ച് അവസാനിപ്പിക്കു.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് ഒരു കാര്യം കൂടി പറയുന്നു. ഫെബ്രുവരി 19-ാം തീയതി അവിടെ നടന്ന സി.പി.ഐ.(എം.)-ന്റെ റാലിയിൽ സി.പി.ഐ.(എം).-ന്റെ ഒരു നേതാവ് പ്രസംഗിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. പാർട്ടിക്ക് പങ്കില്ലെന്ന് അങ്ങും പാർട്ടി സെക്രട്ടറിയുൾപ്പെടെയുള്ള ആളുകളും പറഞ്ഞ കേസിൽ സി.പി.ഐ(എം.)-ന്റെ നേതാവ് ഇക്കഴിഞ്ഞ 19-ാം തീയതി കല്ലിയോട്ട് പ്രസംഗിച്ചത്, ശ്രീകൃഷ്ണനെ ആരും കൊലയാളിയെന്ന് വിളിക്കാറില്ലെന്നാണ്. ഭഗവാൻ ശ്രീകൃഷ്ണനെ ആരും കൊലയാളിയെന്ന് വിളിക്കാറില്ല, കാരണം ധർമ്മ സംസ്ഥാപനത്തിനുവേണ്ടിയാണ് കംസനെ കൊന്നത്; അതുപോലെയാണ് ഞങ്ങളും, ഇവരെ രണ്ടു പേരെയും കൊന്നതിന്റെ പേരിൽ ഞങ്ങളെ ആരെയും കൊലയാളികൾ എന്ന് വിളിക്കാൻ പാടില്ല; ധർമ്മ സംസ്ഥാപനത്തിനുവേണ്ടി കൊന്നതാണ് പോലും. പാർട്ടി യോഗത്തിൽ നിങ്ങളുടെ നേതാക്കന്മാർ പ്രസംഗിച്ചതാണ്, ഞങ്ങളുടെ വാക്കുകളല്ല.

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്യൂ.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഇത് ഗൗരവത്തിലെടുക്കണം. ഇങ്ങനെ കൊലയാളികളെ സംരക്ഷിക്കരുത്; അവർക്ക് പിന്തുണ കൊടുക്കരുത്. അവർക്കു വേണ്ടി കൊടുക്കാനുള്ളതല്ല കേരളത്തിലെ ഖജനാവിലെ പണം; അത് ആരാണെങ്കിലും അവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരികയെന്നുള്ളതാണ് ഒരു ഗവൺമെന്റിന്റെയും മുഖ്യമന്ത്രിയുടെയും ഉത്തരവാദിത്തം. സി.ബി.ഐ.യുടെ അന്വേഷണത്തെ തടസ്സപ്പെടുത്തരുത്. കേസ് ഡയറി ക്രൈംബ്രാഞ്ച് സി.ബി.ഐ.-യ്ക്ക് കൈമാറാത്ത സ്ഥിതിവിശേഷം കേരളത്തിലെ ചെറുപ്പക്കാരെ ഓർത്തെങ്കിലും സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത്തരം കാര്യങ്ങൾ സഭയിൽ വരുമ്പോൾ മറുപടി പറയുന്ന നിലപാടിനെക്കുറിച്ചാണ് അദ്ദേഹം ആദ്യമേ തന്നെ സംസാരിച്ചത്. അതിന്റെ ഭാഗമായാണ് പോലീസ് മേധാവിയെ വീണ്ടും പരാമർശിക്കുന്ന നിലയുണ്ടായത്. അതെവിടെയെത്തി; അങ്ങുതന്നെ പരിശോധിക്കാമെന്ന് പറയുന്നിടത്തേയ്ക്ക് കാര്യങ്ങളെത്തിച്ചു. പ്രതിപക്ഷം സഭയിൽ പല കാര്യങ്ങളും ഉന്നയിക്കും. അതിൽ ഏതെങ്കിലുമൊരാൾ ഒരു വിടുവായത്തം പറഞ്ഞാൽ ആ വിടുവായത്തം ഏറ്റെടുത്ത് മറുപടി പറയാനാണോ സർക്കാർ നിൽക്കുന്നത്? ...(ബഹളം)...

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ സംസാരിക്കുമ്പോൾ എല്ലാവരും കേട്ടിരിക്കുകയായിരുന്നില്ലേ. ഇത് ശരിയല്ല. അദ്ദേഹം വിശദമായി സംസാരിച്ചു, എല്ലാവരും നിശബ്ദരായിരുന്ന് കേട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കാൻ തുടങ്ങിയപ്പോഴേയ്ക്കും ഇങ്ങനെ ബഹളം വയ്ക്കുന്നത് ശരിയാണോ; അദ്ദേഹത്തിന്

പറയാനുള്ളത് നിങ്ങൾ കേൾക്കണ്ടേ.

ശ്രീ. കെ. സി. ജോസഫ്: സർ, ...(മൈക്ക് ഓഫ്)...

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പിൻവലിക്കുന്നത് വേറെ നോക്കാം. അതുതന്നെയാണ് ഞാൻ വീണ്ടും പറയാൻ പോകുന്നത്. ഞാൻ വീണ്ടും അതാണ് പറയാൻ പോകുന്നത്. ...(ബഹളം)... ഞാൻ വീണ്ടും അതുതന്നെയാണ് പറയാൻ പോകുന്നത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ...(മൈക്ക് ഓഫ്)...

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് സംസാരിക്കുന്നത്. അദ്ദേഹം സംസാരിക്കുന്നതുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്. അത് കേൾക്കാൻ തയ്യാറല്ലേ. ...(ബഹളം)...

ശ്രീ. വി. ഡി. സതീശൻ: സർ, ...(മൈക്ക് ഓഫ്)...

മി. സ്പീക്കർ: നിങ്ങളാരും മോശമല്ല. അദ്ദേഹത്തിന് ആരും മൈക്ക് കൊടുത്തിട്ടില്ല. മറ്റാർക്കും ചെയർ മൈക്ക് കൊടുത്തിട്ടില്ല. മുഖ്യമന്ത്രിയാണ് സംസാരിക്കുന്നത്. വേറെ ആർക്കും മൈക്ക് കൊടുത്തിട്ടില്ല. മര്യാദയില്ലാതെ മറ്റുള്ളവർ സംസാരിക്കുമ്പോൾ കമന്റ് ചെയ്യുന്ന രീതി ശരിയല്ലെന്ന് എപ്പോഴും പറയാറുണ്ട്. ആരെഴുന്നേറ്റാലും മുഖ്യമന്ത്രി വഴങ്ങാറുണ്ട്. ...(ബഹളം)... പരിധി വിടരുത്.

(ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനടുത്ത് വന്നുനിന്നു.)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... ഇത് ശരിയല്ല. എല്ലാവരും സീറ്റിലേയ്ക്ക് പോകണം.

(അല്പസമയത്തിനുശേഷം പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിലേയ്ക്ക് പോയി.)

ഡോ. എം. കെ. മുനീർ: സർ, ...(മൈക്ക് ഓഫ്)...

ശ്രീ. പിണറായി വിജയൻ: സർ, ഭാഷ എല്ലാവരുടെയും ഭാഷ തന്നെയാണ്. ...(ബഹളം)... അത് ബഹുമാനപ്പെട്ട മുനീർ മനസിലാക്കിയാൽ മതി. എല്ലാവർക്കും ഭാഷ അറിയാം. ഞാനിവിടെ പറഞ്ഞത് വിട്ടുവായത്തത്തെ

പറ്റിയാണ്. ഏതെങ്കിലുമൊരാൾ പറയുന്ന വിടുവായത്തം ഏറ്റെടുത്ത് പറയാനല്ല സർക്കാർ ഇവിടെ നിലനിൽക്കുന്നതെന്നാണ് ഞാൻ പറഞ്ഞത്. ഞാനത് ആവർത്തിക്കുകയാണ്. ഇനിയും എത്ര തവണ വേണമെങ്കിലും ആവർത്തിക്കും. അതിൽ സഭ്യേതരമായ ഏത് ഭാഗമാണുള്ളതെന്ന് പറഞ്ഞാൽ അത് നോക്കാം. ഒരു സഭ്യേതരവും അതിലില്ല. സർക്കാർ നിൽക്കുന്നത് സർക്കാരിന്റേതായ റിപ്പോർട്ടുകൾ വച്ചുകൊണ്ട് മറുപടി പറയാൻ തന്നെയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിടുവായത്തം എന്നുള്ള വാക്കാണ് ഉപയോഗിച്ചത്. അത് ശരിയാണോ അല്ലയോ എന്ന് അങ്ങാണ് പരിശോധിക്കേണ്ടത്. പക്ഷെ, മുഖ്യമന്ത്രിയുടെ മൈക്കിൽക്കൂടി ഞങ്ങൾ വച്ചിരിക്കുന്ന ഇയർ ഫോണിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞ വാക്ക് ഞാനിവിടെ ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ അത് രേഖയിലുണ്ട്.

മി. സ്പീക്കർ: അതൊന്നും രേഖയിലില്ല. സംസാരിക്കുമ്പോൾ അനാവശ്യമായ കമന്റുകൾ ഉപയോഗിക്കുന്ന രീതി ശരിയല്ലെന്ന് എപ്പോഴും പറയാറുണ്ട്.

ശ്രീ. വി. ഡി. സതീശൻ: അല്ല, മൈക്കിൽക്കൂടിയാണ് പറഞ്ഞത്.

മി. സ്പീക്കർ: ചെയർ ആർക്കും മൈക്ക് കൊടുത്തിട്ടില്ല. മുഖ്യമന്ത്രിക്ക് സംസാരിക്കാം.

ശ്രീ. വി. ഡി. സതീശൻ: മൈക്കിലൂടെ ഞങ്ങൾ കേട്ടു. അങ്ങ് കേട്ടില്ലേ. മൈക്കിൽക്കൂടിയാണ് കേട്ടത്.

മി. സ്പീക്കർ: ഇവിടെ പറയുന്ന വാക്കുകളെല്ലാം പരിശോധിക്കാൻ നിന്നാൽ അതിനേ കഴിയുകയുള്ളൂ. മര്യാദകെട്ട വാക്കുകൾ പരസ്പരം വിളിച്ചുപറയുന്ന രീതി പല അംഗങ്ങൾക്കുമുണ്ടെന്ന് നമുക്കെല്ലാം അറിയാം. അത് പരിശോധിക്കാൻ തുടങ്ങിയാൽ ഒരുപാട് പരിശോധിക്കേണ്ടിവരും. സ്വയം പരിശോധിച്ചാൽ മതി. തങ്ങൾക്ക് ഇഷ്ടമില്ലാത്ത വാക്കുകൾ മറുവശത്തുനിന്ന് വരുമ്പോൾ ഇത്തരം കമന്റുകൾ പറയുന്ന രീതി സ്വയം പരിശോധിച്ചാൽ മതി. എന്നും പറയുന്ന രീതി സ്വയമൊന്ന് പരിശോധിച്ചാൽ മതി.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, നിങ്ങൾ പറയുന്ന ഭാഷ അതാണ്. അതിനേക്കാളും അപ്പുറമാണ്.

ശ്രീ. പിണറായി വിജയൻ: സർ, ഇനി എനിക്ക് പറയാമല്ലോ. വിടുവായന്മാർക്ക് സർക്കാർ നിലപാട് അലോസരവും പ്രയാസവും സൃഷ്ടിക്കുന്നുണ്ടാകാം. വിടുവായന്മാരെ കണ്ടുകൊണ്ടല്ല സർക്കാർ നിലപാടെടുക്കുന്നത്.

വിട്ടുവായന്മാർക്ക് വിഷമമുണ്ടാകുന്നുണ്ടെങ്കിൽ അതിൽ എന്നെ പഴിപറഞ്ഞിട്ട് കാര്യമില്ല. വിട്ടുവായത്തം ആദ്യം നിയന്ത്രിക്കാൻ നോക്കണം. അനാവശ്യമായ കാര്യങ്ങളല്ല പറയേണ്ടത്. മുഖ്യമന്ത്രി എന്ന നിലയ്ക്ക് ...(ബഹളം)...

മി. സ്പീക്കർ: ഇത് ശരിയാണോ. എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ എഴുന്നേറ്റുനിന്ന് ചോദിക്കൂ. ശ്രീ. റോജി എം. ജോണിന് എന്തെങ്കിലും കാര്യത്തിൽ വ്യക്തത വരുത്താനുണ്ടെങ്കിൽ എഴുന്നേറ്റുനിന്ന് ചോദിക്കൂ. അദ്ദേഹം വഴങ്ങില്ലേ. നിങ്ങൾക്ക് എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ എഴുന്നേറ്റുനിന്ന് ചോദിക്കൂ, അദ്ദേഹം വഴങ്ങും. അതാണ് സഭാരീതി.

ശ്രീ. പിണറായി വിജയൻ: സർ, സാധാരണ രീതിയിൽ എല്ലാ മുഖ്യമന്ത്രിമാരും ആശ്രയിക്കുന്നത് പോലീസ് റിപ്പോർട്ട് തന്നെയാണ്. പോലീസ് റിപ്പോർട്ടല്ലാതെ വേറൊരു റിപ്പോർട്ട് മുഖ്യമന്ത്രിക്ക് ലഭിക്കാനില്ല. ആ റിപ്പോർട്ട് സ്വാഭാവികമായും ലഭിക്കും. ഇതിൽ നാം കാണേണ്ടത്, പോലീസിന്റെ മേധാവി സ്റ്റേറ്റ് പോലീസ് ചീഫ് തന്നെയാണ്. അത് കാണണം. സ്റ്റേറ്റ് പോലീസ് ചീഫ് എന്നുതന്നെയാണ് അദ്ദേഹത്തെ നാം വിളിക്കുന്നത്. എന്തുകൊണ്ടാണത്, പോലീസ് മേധാവിയായിരിക്കുന്നതു കൊണ്ടാണ്. ഈ കീഴ്വഴക്കവും നടപടി ക്രമങ്ങളുമെല്ലാം ഇക്കാലത്ത് മാത്രമുണ്ടായതാണോ. പെരിയ കേസിന്റെ കാര്യത്തിൽ ഇവിടെ ബഹുമാന്യനായ അംഗം കുറേ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതിൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പറഞ്ഞുവെന്നുള്ളത് ശരിയാണ്. ആ വിധിയോട് സർക്കാരിന് യോജിപ്പുണ്ടായിട്ടില്ല. അതുകൊണ്ട് സ്വാഭാവികമായും അപ്പീൽ പോയി. അപ്പീൽ നമ്മുടെ നിയമ സംഹിതയിലുള്ള കാര്യമല്ലേ. അപ്പീൽ പോകുന്നതിൽ എന്താണ് തെറ്റുള്ളത്. അപ്പീലിന് എന്തിനാണ് വക്കീലിനെ കൊണ്ടുവന്നത് എന്നാണ് ചോദിക്കുന്നത്. അപ്പീൽ പോകുമ്പോൾ അതിനാവശ്യമായ വക്കീലിനെ കൊണ്ടുവരില്ലേ. വക്കീലിനെ കൊണ്ടുവരുന്നത് ഇവരോട് ...(ബഹളം)...

മി. സ്പീക്കർ: നിങ്ങൾക്ക് ചോദിക്കാനുണ്ടെങ്കിൽ എഴുന്നേറ്റുനിന്ന് ചോദിച്ചോളൂ. എന്തിനാണ് കമന്റ് ചെയ്യുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ, ഇവിടെ പ്രധാനപ്പെട്ട പ്രശ്നം കേസിലെ പ്രോസിക്യൂട്ടർ ഗവൺമെന്റാണ്. ബാക്കിയുള്ളവരെല്ലാം സാക്ഷികളാണ്. അങ്ങേയ്ക്കിത് കൃത്യമായി അറിയാമെന്ന് എനിക്കറിയാം. ആ പ്രോസിക്യൂട്ടർതന്നെ അപ്പീലിന് പോകുകയാണ്. എന്തിനാണ്; പ്രതിയെ രക്ഷിക്കുന്നതിനുവേണ്ടി. അവിടെയാണ് contradiction.

Mr. Speaker: An argument will not be considered as point of order.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ആർഗ്യുമെന്റല്ല, റൂൾ 307 ആണ് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത്.

Mr. Speaker: Rule 307 will not be an argument.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 307 പ്രകാരം രേഖയിൽ വരരുത് എന്നുള്ളതാണ് എന്റെ ആർഗ്യുമെന്റ്. പ്രോസിക്യൂട്ടർ എന്നുപറയുന്ന ഗവൺമെന്റ് തന്നെ പ്രതിയെ രക്ഷിക്കുന്നതിനുവേണ്ടി വക്കീലിനെ കൊണ്ടുവരികയാണ്. അപ്പോൾപിന്നെ ജനങ്ങൾക്ക് എവിടെയാണ് രക്ഷ. ജനങ്ങൾക്ക് സംഘടിക്കുക യല്ലാതെ മറ്റെന്തെങ്കിലും മാർഗ്ഗമുണ്ടോ?

Mr. Speaker: This is an argument.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അതുകൊണ്ട് ഇത് രേഖയിൽ നിന്നും മാറ്റണം. അവിടെയാണ് അങ്ങയുടെ റൂളിംഗ് വരേണ്ടത്.

ശ്രീ. പിണറായി വിജയൻ: ഇതൊരു വിതണ്ഡവാദമാണ്. അദ്ദേഹത്തിന്റെ വാദിക്കാനുള്ള കഴിവിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. അദ്ദേഹം ഉന്നയിച്ച ഒരു വാദം മാത്രമാണിത്. ഇക്കാര്യത്തിൽ പ്രോസിക്യൂഷൻ കൃത്യമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. എന്നാൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഒട്ടേറെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അക്കാര്യത്തിൽ സ്വാഭാവികമായും അപ്പീൽ പോകേണ്ടതുണ്ട്. ആ അപ്പീലാണ് പോകുന്നത്. അപ്പീൽ പോകാൻ സർക്കാരിന് അവകാശമുണ്ട്. അത് സ്വീകരിക്കാവുന്ന നടപടി തന്നെയാണ്. നമ്മുടെ നിയമസംഹിത അനുസരിച്ചും നാം സ്വീകരിക്കുന്ന നടപടിക്രമങ്ങളനുസരിച്ചും സ്വീകരിക്കാവുന്ന നടപടിയാണ്. ആ നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സർക്കാർ സ്വീകരിക്കുന്ന നടപടിയുടെ ഭാഗമായി മുഖ്യമന്ത്രിയെന്ന നിലയ്ക്കോ അല്ലെങ്കിൽ അതിന്റെ ഭാഗമായി മറ്റ് ഉത്തരവാദപ്പെട്ടവരെന്ന നിലയ്ക്കോ ഒപ്പിട്ട് നടപ്പാക്കപ്പെടുന്ന ഒരു നടപടിക്ക് വക്കീലിനെ കൊണ്ടുവരുമ്പോൾ ആ വക്കീലിന്റെ കാശ് എ.കെ.ജി സെന്ററിൽ നിന്നല്ല കൊടുക്കുന്നത്. എ.കെ.ജി. സെന്ററിൽ നിന്ന് കാശ് നേരത്തെ കൊടുത്തിട്ടുണ്ട്. ഞാൻ ഈ സ്ഥാനത്ത് ഇരിക്കുന്നതിന് മുമ്പും ചില കാര്യങ്ങളിൽ ഇടപെട്ടിട്ടുണ്ട്. അന്ന് എ.കെ.ജി. സെന്ററിൽ നിന്ന് കാശ് കൊടുക്കണമെങ്കിൽ എ.കെ.ജി സെന്ററിൽ നിന്ന് കാശ് കൊടുത്തിട്ടുണ്ട്. അത് ബഹുമാനപ്പെട്ട അംഗം തെറ്റിദ്ധരിച്ചതാണ്. ഞങ്ങൾ ഗവൺമെന്റ് എന്ന നിലയ്ക്ക് നടപടികളെടുക്കുന്നുണ്ടെങ്കിൽ കാശ് സർക്കാർ ഖജനാവിൽ നിന്നുതന്നെയാണ്

കൊടുക്കുന്നത്. സർക്കാർ ഖജനാവിൽ നിന്ന് കാശ് കൊടുത്തിട്ടുമുണ്ട്. ഇനിയും വേണമെങ്കിൽ കൊടുക്കുകയും ചെയ്യും. കാരണം ഇത്തരം കാര്യങ്ങളിൽ വ്യക്തതയുണ്ടാക്കുകയെന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. സാധാരണ ഗതിയിൽ ഇത്തരം കേസ്സുകളിലൊക്കെ വാദിക്കാൻ സാധിക്കുന്ന അഡ്വക്കേറ്റുമാർ ആരാണോ അവരെ കോടതിയുടെ മുന്നിൽ ഹാജരാക്കുക എന്നത് ഏത് സർക്കാരും ചെയ്യുന്ന കാര്യമാണ്. അതുമാത്രമാണ് ഇവിടെ ചെയ്തിട്ടുള്ളത്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിൽ മറ്റ് പ്രയാസങ്ങൾ സൃഷ്ടിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. നിയമപ്രകാരമുള്ള എല്ലാ നടപടികളുമെടുക്കും. ഒരു തടസ്സവും അക്കാര്യത്തിലുണ്ടാകില്ല. ഹൈക്കോടതിയുടെ വിധിക്കെതിരെയുള്ള അപ്പീലിൽ വാദം കേട്ട് അതിന്റെ തീരുമാനം വരാനിരിക്കുകയാണ്. ആ തീരുമാനം വന്നശേഷം മാത്രമേ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കാൻ സാധിക്കുകയുള്ളൂ. സി.ബി.ഐ. നൽകിയ പെറ്റീഷനിൽ പറഞ്ഞിരിക്കുന്നത്, The State Government of Kerala had filed a writ appeal WA-2216/2019 on 26-10-2019 before honourable High Court of Kerala against the order dated 30-9-2019 in WPC No. 10265/2019 by the honourable single bench of honourable High Court of Kerala and the matter was heard by the division bench of honourable Chief Justice Court and posted for orders on 16-11-2019 and still pending, എന്നാണ്. ഇത് സി.ബി.ഐ. തന്നെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ നൽകിയ സ്റ്റേറ്റ്മെന്റിൽ പറഞ്ഞ കാര്യമാണ്. അതുസംബന്ധിച്ചുള്ള നടപടികൾക്കുവേണ്ടി കാത്തുനിൽക്കുകയാണ്. അത് വരട്ടെ, അപ്പോൾ തീരുമാനിക്കാം.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ വിധിക്കെതിരായി ഗവൺമെന്റ് അപ്പീൽ പോയി. അപ്പീലിൽ ഡിവിഷൻ ബഞ്ച് സ്റ്റേ തന്നിട്ടില്ല. ഫലത്തിൽ സിംഗിൾ ബഞ്ച് വിധി പ്രാബല്യത്തിലിരിക്കുകയാണ്. അപ്പോൾ ആ വിധിയനുസരിച്ച് ഫയലുകൾ കൊടുക്കാത്തതും അന്വേഷണവുമായി സഹകരിക്കാത്തതും കോടതിയ ലക്ഷ്യമാണെന്ന് മനസ്സിലായിട്ടില്ലേ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ കോടതിയലക്ഷ്യം ഒരു പ്രോസിക്യൂഷനും സ്വീകരിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട എല്ലാ സഹകരണവും സ്വാഭാവികമായും ഇപ്പോൾത്തന്നെയുണ്ട്. അത് തുടർന്നുണ്ടാകുകയും ചെയ്യും. പക്ഷേ അപ്പീലുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളുണ്ട്. അതിന്മേൽ തീരുമാനമുണ്ടാകേണ്ടതുണ്ട്. അതിന് കാത്തിരിക്കുകയാണ്. ആ സാഹചര്യത്തിൽ ഇത് വിശദമായി ചർച്ച ചെയ്യേണ്ട വിഷയമല്ല. കോടതിയുടെ മുന്നിലുള്ള വിഷയമാണ്, വിധിക്കുവേണ്ടി മാറ്റിവച്ച വിഷയമാണ്. പെട്ടെന്നുതന്നെ വിധിയുണ്ടാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. ഈ ഘട്ടത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, കേരളത്തിലെ ഗവൺമെന്റ് എവിടെ നിൽക്കുന്നുവെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് മുഖ്യമന്ത്രിയുടെ മറുപടി. ഈ സർക്കാർ ആരോടൊപ്പമാണ്; ഇരകളോടൊപ്പമാണോ വേട്ടക്കാരോടൊപ്പമാണോ? രണ്ട് ചെറുപ്പക്കാരെ.....

........(ബഹളം)....

<u>മി. സ്പീക്കർ</u>: കമന്റുകൾ പരസ്പരം വിളിച്ചുപറയുന്നത് അവസാനിപ്പിക്കുക. പ്ലീസ്...പ്ലീസ്..

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, 22-ഉം 24-ഉം വയസ്സുള്ള രണ്ട് ചെറുപ്പക്കാരെ നിഷ്ഠൂരമായി കൊലപ്പെടുത്തിയ സംഭവമാണ് പെരിയയിലുണ്ടായത്. .... (ബഹളം).... കാസർഗോഡ് പെരിയയിലുണ്ടായ നിഷ്ഠൂരമായ കൊലപാതകം കേരളത്തിലെ ജനങ്ങളുടെ മനഃസാക്ഷിയെ ഞെട്ടിപ്പിച്ച ഒന്നാണ്. ഇത്രയും ഭീകരമായ രണ്ട് കൊലപാതകമുണ്ടായിട്ട് അതിലെ പ്രതികളെ മുഴുവൻ സംരക്ഷിക്കാനുള്ള നിലപാട് ഗവൺമെന്റെടുക്കുന്നതിന്റെ ഏറ്റവും അവസാനത്തെ ഉദാഹരണമാണ് ഡിവിഷൻ ബഞ്ചിലേയ്ക്കുള്ള ഈ അപ്പീൽ. ഈ സംസ്ഥാനത്ത് നിയമസമാധാനം പാലിക്കാൻ ബാധ്യസ്ഥനായ മുഖ്യമന്ത്രിയും കൊലപാതകമുണ്ടായാൽ പ്രതികൾക്ക് അർഹതപ്പെട്ട ശിക്ഷ വാങ്ങിക്കൊടുക്കാൻ ബാധ്യസ്ഥമായ ഗവൺമെന്റും പ്രതികളെ രക്ഷിക്കാനുള്ള മാർഗ്ഗങ്ങളും ഉപായങ്ങളും ആരായുന്ന പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് കാണാൻ സാധിക്കും. അതാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. പ്രോസിക്യൂഷൻ പ്രതികളോടൊപ്പം നിൽക്കുന്നു. പ്രോസിക്യൂഷന്റെ ജോലി എന്താണ്? ശരിയായ നിലയിൽ കേസ് വാദിച്ച് കുറ്റവാളികൾക്ക് ശിക്ഷ വാങ്ങിക്കൊടുക്കുകയെന്നതാണ് പ്രോസിക്യൂഷന്റെ ജോലി. ഇവിടെ പ്രോസിക്യൂഷൻ തന്നെ പ്രതികളെ സംരക്ഷിക്കുന്നു. എവിടെയാണ് നിയമസമാധാനപാലനം? എവിടെയാണ് ക്രമസമാധാനപാലനം? ലാ ആൻഡ് ഓർഡർ സംരക്ഷിക്കാൻ ബാധ്യസ്ഥനായ മുഖ്യമന്ത്രി പറയണം, പ്രോസിക്യൂഷന്റെ ചുമതല പ്രതികളെ രക്ഷപ്പെടുത്തുകയെന്ന താണോ? പ്രതികൾക്കുവേണ്ടി നിൽക്കുന്നതാണോ? ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് പറഞ്ഞത്, പ്രതികൾക്കുവേണ്ടി പ്രതികൾ നടത്തുന്ന കേസ്സന്വേഷണമായിരുന്നു എന്നാണ്. കേസ് ഡയറി പരിശോധിച്ച ശേഷമാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് ഇങ്ങനെ

പറഞ്ഞത്. പ്രതികൾ പറഞ്ഞുകൊടുത്തതിനനുസരിച്ചായിരുന്ന എഫ്.ഐ.ആർ. തയ്യാറാക്കിയത്. കേസ് ഡയറി മുഴുവൻ പരിശോധിച്ചിട്ടാണ് ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് ഈ പരാമർശം നടത്തിയത്. തുടക്കം മുതൽതന്നെ പെരിയ കേസ് വഴിതിരിച്ചുവിടാനും പ്രതികളെ സംരക്ഷിക്കാനുമുള്ള ബോധപൂർവ്വമായ നീക്കം നടന്നിരുന്നു. അത് മുഖ്യമന്ത്രിക്ക് നിഷേധിക്കാൻ കഴിയുമോ? ബഹുമാനപ്പെട്ട ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ വിധിയിൽ അതെല്ലാം പറയുന്നുണ്ട്. കേസ്സന്വേഷണം എങ്ങനെ ശാസ്ത്രീയമായി അട്ടിമറിക്കാൻ കഴിയുമെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് പെരിയ കൊലക്കേസ്. ഹൈക്കോടതി അതുകൊണ്ടാണ് ശക്തമായ നിലപാടെടുത്തത്. അതുകൊണ്ടാണ് ഈ കേസ് സി.ബി.ഐ.-യ്ക്ക് വിടണമെന്ന് പറഞ്ഞത്. സി.ബി.ഐ. എന്നുപറയുമ്പോൾ നിങ്ങൾ എന്തിനാണ് പേടിക്കുന്നത്? നിങ്ങളുടെ കൈകളിൽ ചോരയുടെ കറയില്ലെങ്കിൽ നിങ്ങൾ പേടിക്കേണ്ട കാര്യമുണ്ടോ? സി.ബി.ഐ. അന്വേഷണമുണ്ടായപ്പോൾ ഉന്നതരായ സി.പി.ഐ.(എം.)-ന്റെ ജില്ലാ സെക്രട്ടറിയായിരുന്ന വ്യക്തി ഉൾപ്പെടെയുള്ളവർ പ്രതികളായിട്ടുള്ള പല കേസ്സുകളും കേരളത്തിലുണ്ട്. പലർക്കും ജില്ലകളിൽ കയറാൻ സാധിക്കാത്ത അവസ്ഥയുണ്ട്. നിങ്ങൾ അവരെയെല്ലാം സംരക്ഷിക്കുകയാണ്. സി.ബി.ഐ അന്വേഷിച്ചാൽ പ്രതികൾ കുടുങ്ങുമെന്നുള്ളതുകൊണ്ടാണ് നിങ്ങൾ ഭയപ്പെടുന്നതും ഈ കേസ് ആദ്യം മുതൽ അട്ടിമറിക്കാൻ ശ്രമിച്ചതും. ശ്രീ. ഷാഫി പറമ്പിൽ ഇവിടെ അക്കാര്യം വിശദീകരിച്ചതുകൊണ്ട് ഞാൻ പറയുന്നില്ല. കൊലപാതകം കഴിഞ്ഞ് പ്രതികൾ പോയത് പാർട്ടി ഓഫീസിലേയ്ക്കാണ്. അവിടെ മുഴുവൻ സംരക്ഷണവും അവർക്കുണ്ടായിരുന്നു. ആ പ്രതികളെ സംരക്ഷിക്കാനുള്ള എല്ലാ നടപടികളുമുണ്ടായി. പാർട്ടിയുടെ ഉന്നതരായ നേതാക്കന്മാർ അറിഞ്ഞുകൊണ്ട് അവരെ സംരക്ഷിക്കുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് ഈ കേസ് സ്റ്റേ ചെയ്തിട്ടില്ല. സ്റ്റേ ചെയ്തില്ലെങ്കിൽ സിംഗിൾ ബഞ്ചിന്റെ ഉത്തരവ് നിലനിൽക്കുകയാണ്. അതാണ് നേരത്തെ ബഹുമാനപ്പെട്ട കെ. സി. ജോസഫ് പറഞ്ഞത്. സ്റ്റേ നിലനിൽക്കുകയാണെങ്കിൽ കേസ് ഡയറിയും അനുബന്ധ റിക്കോർഡുകളും സി.ബി.ഐ.-യ്ക്ക് കൈമാറണം. സി.ബി.ഐ.-യുടെ സ്റ്റാറ്റസ് റിപ്പോർട്ടാണ് എന്റെ കയ്യിലുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വായിച്ച ഭാഗങ്ങൾ എന്റെ കയ്യിലുണ്ട്. അതിനുമുമ്പുള്ള ഒരു ഭാഗം അങ്ങ് വായിക്കണം. Crime Branch had not handed over the CD file and any connected statements and documents collected by them during the investigation irrespective of the request made in this regard. നിരവധി തവണ സി.ബി.ഐ. ആവശ്യപ്പെട്ടിട്ടും ക്രൈംബ്രാഞ്ച് ഇതുമായി ബന്ധപ്പെട്ട സി.ഡി.-യോ മറ്റ് രേഖകളോ സമർപ്പിച്ചിട്ടില്ലെന്നാണ് പറയുന്നത്. ഇവിടെ contempt of court-ന് മൂവ് ചെയ്തു. അപ്പോൾ മുഖ്യമന്ത്രിയുടെ പ്രിയപ്പെട്ട ഡി.ജി.പി. പറഞ്ഞത് ഇംഗ്ലീഷിലുള്ള കോപ്പിയെടുക്കാൻ ആളില്ലാത്തതു

കൊണ്ടാണ് കാലതാമസം വന്നതെന്നാണ്. എന്ത് വാദമാണ്; ആരാണ് വിതണ്ഡവാദം ഉന്നയിക്കുന്നത്? ഈ കേസ് ഫയലിന്റെ ഡീറ്റെയിൽസ് ഇംഗ്ലീഷിലേയ്ക്ക് ട്രാൻസ്ലേറ്റ് ചെയ്യാൻ ആളില്ലായിരുന്നു എന്നാണ് പറഞ്ഞത്. ആരാണ് വിടുവായത്തം പറയുന്നത്? അതുമാത്രമല്ല, അപ്പീൽ ഫയൽ ചെയ്യുകയാണെന്നുകൂടി അദ്ദേഹം പറഞ്ഞു. സംസ്ഥാനത്ത് കൊലപാതക കേസ്സിലെ പ്രതികളെ സംരക്ഷിക്കാൻ ബാധ്യസ്ഥമായ ഗവൺമെന്റും പോലീസും ഇങ്ങനെയൊരു നിലപാട് സ്വീകരിച്ചാൽ ജനങ്ങൾക്ക് നീതി ലഭിക്കുന്നത് എങ്ങനെയാണ്; Rule of law എങ്ങനെ നിലനിൽക്കും; കേസിന്റെ സ്ഥിതി എന്താകും? പ്രോസിക്യൂഷൻ തന്നെ പ്രതികളോടൊപ്പം ചേർന്നുകൊണ്ട് കേസ്സിനെ അട്ടിമറിക്കാൻ ശ്രമിക്കുകയാണ്. പെരിയ കേസ് അട്ടിമറിക്കാൻ കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് ശ്രമിക്കുന്ന എന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് അപ്പീൽ കൊടുക്കുമെന്ന് പറയുന്നത്. ഡി.ജി.പി.-യുടെ വാദങ്ങൾ നിലനിൽക്കുന്നതാണോ? അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ ഫയലുള്ളതു കൊണ്ട് കൊടുക്കാൻ കഴിയുന്നില്ല. നിയമപരമായി പരിശോധിച്ചാൽ ഈ കേസ് ഇപ്പോഴും സി.ബി.ഐ.-യുടെ കയ്യിലാണ്. ഡിവിഷൻ ബഞ്ച് സ്റ്റേ ചെയ്യാത്തിടത്തോളം കാലം സിംഗിൾ ബഞ്ചിന്റെ order is in operation, ഓർഡർ നിലനിൽക്കുന്നു. അതനുസരിച്ച് എല്ലാ രേഖകളും സി.ബി.ഐ.-യ്ക്ക് കൈമാറാൻ ബാധ്യസ്ഥമാണ്. ഇതൊന്നും അറിയാത്ത ആളല്ലല്ലോ മുഖ്യമന്ത്രി? അങ്ങിത് ന്യായീകരിച്ചത് ശരിയായില്ല. നാട്ടിൽ ധാരാളം കൊലപാതകങ്ങൾ നടക്കുന്നുണ്ട്. ആ കൊലപാതകങ്ങൾക്കെല്ലാം സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചിൽ നിന്ന് വിധിയുണ്ടായാൽ അതിനെതിരെ നിങ്ങൾ അപ്പീലിന് പോകുമോ? So you have special interest in this case. നിങ്ങൾക്ക് ഈ കേസ്സിൽ രാഷ്ട്രീയ താൽപ്പര്യമുണ്ടെന്ന കാര്യം വ്യക്തമായിരിക്കുന്നു. അതുകൊണ്ടാണ് പ്രതികളെ സംരക്ഷിക്കാൻ ബോധപൂർവ്വം ശ്രമിക്കുന്നതും അപ്പീലിന് പോകുന്നതും. ഇവിടെ നീതിയും നിയമസംവിധാനവും നിലനിർത്താൻ ബാധ്യസ്ഥമായ ഗവൺമെന്റുതന്നെ ഇതിനെയെല്ലാം അട്ടിമറിക്കാനുള്ള നീക്കങ്ങൾ നടത്തുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇന്ന് കേരളത്തിലെ എല്ലാ മാധ്യമങ്ങളും ഈ വാർത്തയാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ മനഃസാക്ഷിയെ ഞെട്ടിപ്പിച്ച കൊലപാതക കേസ്സിലെ പ്രതികളെ സംരക്ഷിക്കാനുള്ള വ്യഗ്രത കേരളത്തിന്റെ മുഖ്യമന്ത്രിക്കും ഗവൺമെന്റിനും ഡി.ജി.പി.-ക്കും ഉണ്ടാകാൻ പാടില്ല. നാളെ എല്ലാവർക്കും ഇതൊരു പാഠമായി മാറും. ഒരു പരിഷ്കൃത സമൂഹത്തിന് ഒരിക്കലും അംഗീകരിച്ച് കൊടുക്കാൻ കഴിയുന്ന കാര്യമല്ല.

സംസ്ഥാനം സാമ്പത്തിക ഞെരുക്കംമൂലം കഷ്ടപ്പെടുകയാണ്. 50,000 രൂപയുടെ ബില്ലുപോലും മാറുന്നില്ല. ജയിലിൽ തടവുകാർ ചെയ്ത ജോലിക്ക് ശമ്പളം

നൽകിയിട്ട് നാല് മാസമായി. സംസ്ഥാനത്തെ നിരവധി ആളുകൾക്ക് ശമ്പളം ലഭിക്കുന്നില്ല. അവിടെയാണ് ഒരു കോടി രൂപയോളം മുടക്കി അഡ്വക്കേറ്റുമാരെ കൊണ്ടുവരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഈ കേസ്സിൽ ഇത്രയും വലിയ താൽപ്പര്യം അങ്ങേയ്ക്കും ഗവൺമെന്റിനും എന്തിനാണുള്ളത്; സാധാരണ ഗതിയിലുള്ള കൊലപാതകമായി ഇതിനെ എന്തുകൊണ്ട് കാണുന്നില്ല? അപ്പോൾ നിങ്ങൾക്ക് ഇതിനകത്ത് നിക്ഷിപ്ത താൽപ്പര്യമുണ്ട്. സോളിസിറ്റർ ജനറലായിരുന്ന ഒരാളിനെക്കൊണ്ട് വാദിക്കേണ്ട കേസ്സാണോ ഇത്; അത്രയും വലിയ ഗൗരവം ഈ കേസ്സിൽ എന്താണുള്ളത്? രണ്ട് ചെറുപ്പക്കാരുടെ ജീവനപഹരിച്ച കൊലപാതകികളെ സംരക്ഷിക്കാനുള്ള നിങ്ങളുടെ നീക്കത്തിന് കേരളത്തിലെ ജനങ്ങൾ അർഹിക്കുന്ന മറുപടി നൽകുമെന്ന കാര്യത്തിൽ തർക്കം വേണ്ട. നിങ്ങൾ ഈ സംഭവത്തെ ചെറുതായി കാണരുത്. സംസ്ഥാനത്തെ നിയമസമാധാനത്തെയും നിയമവാഴ്ചയെയും നിങ്ങൾ വെല്ലുവിളിക്കുകയാണ്.

അങ്ങിവിടെ കുറേനേരം വിടുവായത്തം എന്നുപറഞ്ഞു. ഞാൻ ആ വാക്ക് ഉപയോഗിക്കുന്നില്ല. കേരളത്തിലെ മുഖ്യമന്ത്രിക്ക് ഉപയോഗിക്കാൻ പാടില്ലാത്ത വാക്കാണത്. അങ്ങത് ഉപയോഗിച്ചെങ്കിൽ അങ്ങയുടെ നിലവാരം എന്ന് ഞാൻ പറയുന്നില്ല, അത് അങ്ങേയ്ക്ക് ഭൂഷണമായിരിക്കട്ടെ എന്നേ എനിക്ക് പറയാനുള്ളൂ. ഒരു നിയമസഭാംഗം തന്റെ ഉത്തരവാദിത്വം നിറവേറ്റുമ്പോൾ അത് വിടുവായത്തം എന്നുപറയുന്ന നിലയിലേയ്ക്ക് അങ്ങ് താഴാൻ പാടില്ലായിരുന്നു എന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങ് കേരളത്തിലെ മുഖ്യമന്ത്രിയാണ്. അംഗങ്ങൾ അപ്പുറത്തു നിന്നും ഇപ്പുറത്തുനിന്നുമെല്ലാം പല കാര്യങ്ങളും പറയും. ആ പറയുന്നതെല്ലാം അങ്ങ് ഏറ്റുപറയേണ്ട കാര്യമൊന്നുമില്ല. സത്യവും നീതിയും ഇവിടെ ഉണ്ടാകണം. രണ്ട് ചെറുപ്പക്കാരെ വെട്ടിക്കൊന്ന കശ്മലന്മാർ സുപ്രീംകോടതിയിൽ പോയാലും രക്ഷപ്പെടാൻ പോകുന്നില്ലായെന്നാണ് എനിക്ക് പറയാനുള്ളത്. ഈ രാജ്യത്ത് നീതിയും നിയമവും administration of justice-ഉം നിയമപാലനവുമുണ്ടെങ്കിൽ ഈ രണ്ടുപേർക്കും കൊലക്കയർ കിട്ടുമെന്ന കാര്യത്തിൽ സംശയം വേണ്ട. മുഴുവൻ കൊലയാളികളെയും സംരക്ഷിക്കാനുള്ള ജോലി ഗവൺമെന്റിനും സി.പി.ഐ. (എം.)-നും ഉണ്ടോ? നിങ്ങൾ എ.കെ.ജി. സെന്ററിൽ നിന്നല്ല, എവിടെ നിന്ന് വേണമെങ്കിലും പണം കൊടുത്തോളൂ. പക്ഷേ, ഈ നടപടി തെറ്റാണെന്ന് കാലം തെളിയിക്കും. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ടവരും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ഈ കേസ് സി.ബി.ഐ. അന്വേഷിക്കണമെന്ന ആവശ്യം ഉന്നയിച്ചിരിക്കുന്നത് കൃപേഷ്, ശരത് ലാൽ എന്നീ

ഇരകളുടെ കുടുംബാംഗങ്ങളാണ്. ഈ കേസ്സിലെ 14 പ്രതികൾക്കാണ് സി.ബി.ഐ. അന്വേഷിക്കണമെന്ന് ആഗ്രഹമില്ലാത്തത്. ആ 14 പ്രതികളിൽ മാർക്സിസ്റ്റ് പാർട്ടിയുടെ ഉദുമ ഏരിയ കമ്മിറ്റി സെക്രട്ടറിയും പെരിയ ലോക്കൽ കമ്മിറ്റി സെക്രട്ടറിയുമുണ്ട്. അതുകൊണ്ടാണ് സി.ബി.ഐ. അന്വേഷിക്കുന്നതിനെതിരെ അപ്പീൽ പോകുമ്പോൾ അത് ആരുടെ താൽപ്പര്യം സംരക്ഷിക്കാനാണെന്ന ചോദ്യം സ്വാഭാവികമായും ഉയരുന്നത്. സ്ത്രീകളുടെ സംരക്ഷണത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. സ്ത്രീകളുടെ വേദന ഇല്ലാതാക്കുന്നതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് ബഡ്ജറ്റിലും നയപ്രഖ്യാപന പ്രസംഗത്തിലും പറഞ്ഞു. എന്നാൽ കൃപേഷിന്റെ സഹോദരി കൃഷ്ണപ്രിയയുടെയും ശരത് ലാലിന്റെ സഹോദരി അമൃതയുടെയും വേദന ഗവൺമെന്റ് കാണാത്തത് എന്തുകൊണ്ടാണ്? അവർ കൊച്ചിയിൽ സി.ബി.ഐ.-യുടെ ഓഫീസിന് മുന്നിൽ സത്യാഗ്രഹം അനുഷ്ഠിച്ചത് എന്തുകൊണ്ട് ഗവൺമെന്റ് കണ്ടില്ല? അവരുടെ വേദനയെങ്കിലും ഓർത്ത് ഇരകൾക്കുവേണ്ടി സംസാരിക്കാൻ ഗവൺമെന്റ് തയ്യാറാകാത്തത് എന്തുകൊണ്ടാണ്? ഈ പ്രതികൾക്കുവേണ്ടി 80 ലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞു. സി.ബി.ഐ. അന്വേഷണം നടത്താതിരിക്കുന്നതിനു വേണ്ടി ഖജനാവിൽനിന്നും എത്ര രൂപ വേണമെങ്കിലും ചെലവഴിക്കുമെന്ന് മുഖ്യമന്ത്രി പറയുന്നതിന്റെ പിന്നിലെ ധാർഷ്ട്യത്തെ ഞങ്ങൾക്ക് ചോദ്യം ചെയ്യാൻ പറ്റില്ലേ? പ്രതിപക്ഷത്തിന് ഇവിടെ സംസാരിക്കാൻപോലും പറ്റില്ലെന്ന രീതിയിലേയ്ക്ക് വന്നോ? ഞങ്ങൾ ഒരു വിഷയം അവതരിപ്പിച്ചാൽ അത് വിടുവായത്തവും പോക്കിരിത്തരവുമാണോ? ഞാൻ നിയമസഭയിലാണോ അതോ എ.കെ.ജി. സെന്ററിലാണോ നിൽക്കുന്നതെന്ന് ഒരു നിമിഷം ആലോചിച്ചുപോയി. എ.കെ.ജി. സെന്ററിൽ നിങ്ങൾ കാണിക്കുന്ന തിട്ടൂരം കൊടുക്കൽ പ്രതിപക്ഷത്തോട്, നിയമസഭയിൽ ജനാധിപത്യ രീതിയിൽ തെരഞ്ഞെടുത്ത് വരുന്നവരോട് കാണിച്ചാൽ അത് കയ്യുംകെട്ടി നോക്കിനിൽക്കുമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ കരുതരുതെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. അങ്ങിൽ നിന്നും ഞങ്ങൾ നിഷ്പക്ഷത പ്രതീക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ലീഗ് ഹൗസല്ല എ.കെ.ജി. സെന്റർ. ലീഗ് ഹൗസിന്റെ അനുഭവം വച്ചുകൊണ്ട് എ.കെ.ജി. സെന്റർ അങ്ങനെയാണെന്ന് വിചാരിച്ച് വർത്തമാനം പറയരുത്.

ഡോ. എം. കെ. മുനീർ: സർ, ഇവിടെ വിഷയം അവതരിപ്പിക്കുന്ന സമയത്ത് ഭരണപക്ഷത്തുള്ള എം.എൽ.എ.-മാർ ഞങ്ങളെ കയ്യേറ്റം ചെയ്യുന്ന രീതിയിലേയ്ക്ക് വരുന്നത് ഏത് ഓഫീസിലെ തിട്ടൂരമാണ്? അങ്ങനെ ലീഗ് ഹൗസിലൊന്നും ഉണ്ടായിട്ടില്ല, അത്തരത്തിലുള്ള പാരമ്പര്യം ഞങ്ങൾക്കില്ല. ഞങ്ങൾക്ക് സംസാരിക്കാനുള്ള സ്വാതന്ത്ര്യംപോലും ഇവിടെയില്ലെങ്കിൽ കൃപേഷിന്റെയും ശരത് ലാലിന്റെയും കുടുംബത്തിന് എങ്ങനെയാണ് നീതി ലഭിക്കുന്നത്; ഞങ്ങൾക്കുതന്നെ നീതി ലഭിക്കാത്ത ഈ രാജ്യത്ത് അവർക്ക് നീതി ലഭിക്കുന്നത് എങ്ങനെയാണ്? ഇതിൽക്കൂടുതലൊന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നില്ലെങ്കിലും ജനാധിപത്യ

വ്യവസ്ഥിതിയിൽ ഇതുപറയേണ്ട ബാധ്യത ഞങ്ങൾക്കുണ്ട്. ജനങ്ങളിത് കാണുന്നുണ്ടെന്ന് മനസ്സിലാക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, പെരിയ ഇരട്ട കൊലപാതകത്തെത്തുടർന്ന് കൃപേഷിന്റെയും ശരത് ലാലിന്റെയും വീട്ടിൽ ഞാൻ പോയിരുന്നു. വളരെ സങ്കടവും ദാരുണവുമായ സ്ഥിതിയാണുണ്ടായത്. അതിലെ പ്രതികളാരാണെങ്കിലും ശിക്ഷിക്കപ്പെടണമെന്നുള്ളതായിരിക്കണം ഗവൺമെന്റിന്റെ നിലപാട്. സിംഗിൾ ബഞ്ചിന്റെ ഉത്തരവിന് സ്റ്റേ ഇല്ലാത്തിടത്തോളംകാലം കേസ് ഡയറി കൈമാറുന്നതിൽ ഇനിയും അമാന്തമുണ്ടാകാൻ പാടില്ല. കേരളത്തിലെ ജനങ്ങളിത് നോക്കിക്കാണുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ടവരും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി )

ശ്രീ. ഒ. രാജഗോപാൽ: സർ, ഈ വിഷയം ചർച്ച ചെയ്യേണ്ടതായിരുന്നു. ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

## III. ശ്രദ്ധ ക്ഷണിക്കൽ

മി. സ്പീക്കർ: ഒരേ വിഷയം സംബന്ധിച്ച ശ്രദ്ധ ക്ഷണിക്കലുകളാണ് ഇന്ന് ലിസ്റ്റ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി രണ്ട് ശ്രദ്ധ ക്ഷണിക്കലുകൾക്കും ഒരുമിച്ച് മറുപടി പറഞ്ഞാൽ മതിയാകും.

### കലാലയ വിദ്യാർത്ഥികളുടെ സംഘടനാ സ്വാതന്ത്ര്യം

ശ്രീ. എം. സ്വരാജ്: ബഹുമാനപ്പെട്ട സ്പീക്കർ, ഉന്നതവിദ്യാഭ്യാസ രംഗത്ത് കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കാനുദ്ദേശിക്കുന്ന നയങ്ങൾമൂലം വലിയ പ്രതിസന്ധിയാണ് സംജാതമായിട്ടുള്ളത്. പുതിയ വിദ്യാഭ്യാസ നയമനുസരിച്ച്

നമ്മുടെ നാട്ടിൽ അഫിലിയേറ്റഡ് കോളേജുകൾ ഇല്ലാതാകാൻ പോകുകയാണ്. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഓട്ടോണമസായി മാറുകയും ഓട്ടോണമസ് കോളേജുകളുടെ ക്ലസ്റ്ററുകൾ രൂപപ്പെടുകയും ഫലത്തിൽ യൂണിവേഴ്സിറ്റി അപ്രസക്തമാകുകയുമാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് സർവ്വകലാശാലകൾ അപ്രസക്തമായി മാറുന്ന അതീവഗുരുതരമായ സാഹചര്യം രൂപപ്പെട്ടുവരുന്നു. ഇതൊരു തുടക്കം മാത്രമാണ്. ഇതിന്റെ തുടർച്ചയായി വിദ്യാർത്ഥികൾക്ക് ബഹുമുഖ പ്രയാസങ്ങൾ നേരിടേണ്ടിവരുന്ന സാഹചര്യമാണുണ്ടാകുന്നത്. ഗവേഷണ വിദ്യാർത്ഥികൾക്ക് തങ്ങളുടെ ഗവേഷണ വിഷയം അഭിരുചിയനുസരിച്ച് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നഷ്ടമാകുകയാണ്. നാം തമാശയോടെയും പരിഹാസത്തോടെയും പറയുന്ന പുഷ്പക വിമാനം മുതൽ പ്ലാസ്റ്റിക് സർജറിയുടെ ആവിർഭാവംവരെ ഇന്ത്യയിലാണെന്നുള്ള സംഘപരിവാർ മടത്തരങ്ങൾ ഇനി ഗവേഷണ വിഷയങ്ങളായി വരാൻപോകുന്ന അപകടകരമായൊരു സ്ഥിതി നമ്മുടെ രാജ്യത്ത് വരികയാണ്. ബി.എഡ്. കോഴ്സിന്റെ കാലദൈർഘ്യം നാല് വർഷമാക്കാനാണുദ്ദേശിക്കുന്നത്. അത്തരം കാര്യങ്ങളുടെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. പുതിയ നയം ഉന്നതവിദ്യാഭ്യാസ രംഗത്ത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുളവാക്കുന്നു. സർവ്വകലാശാലകളുടെ നിലനിൽപ്പ് അപകടത്തിലാക്കുന്നു, അപ്രസക്തമാക്കുന്നു എന്നുള്ളത് ഒരുവശം. മറ്റൊന്ന്, ഇപ്പോൾ കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പല തരത്തിലുള്ള നിയമലംഘനങ്ങളും അനീതികളും മനുഷ്യാവകാശ ലംഘനങ്ങളും പീഡനങ്ങളുമൊക്കെ റിപ്പോർട്ട് ചെയ്യുന്നുണ്ട്. മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ചോദ്യം ചെയ്യപ്പെടേണ്ടതായ പ്രവണതകൾ ഉയർന്നുവരുന്നുണ്ട്. കോഴിക്കോട് ഒരു കോളേജിലെ വിദ്യാർത്ഥി ആത്മഹത്യ ചെയ്യേണ്ടിവന്ന വാർത്തയാണ് ഇന്ന് പുറത്തുവന്നിരിക്കുന്നത്. ഇത്തരം സാഹചര്യങ്ങൾ നിലനിൽക്കുന്ന വിദ്യാഭ്യാസ രംഗത്ത് ഒരു തിരുത്തൽ ശക്തിയായി വിദ്യാർത്ഥി സംഘടനകൾ പ്രവർത്തിക്കേണ്ടത് ഏറ്റവും അനിവാര്യമായിവരുന്ന കാലഘട്ടമാണിത്. നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി സംഘടനാ പ്രവർത്തനം അസാദ്ധ്യമായി മാറുന്ന സാഹചര്യം സംജാതമായിരിക്കുകയാണ്. ഏതെങ്കിലും തരത്തിലുള്ള ഒറ്റപ്പെട്ട ചില കശപിശകളെ മുൻനിർത്തി ഇത്തരമൊരു വിധി പുറപ്പെടുവിക്കുന്നത് ഒരിക്കലും വിദ്യാഭ്യാസ മേഖലയെ സഹായിക്കുന്ന തരത്തിലല്ല വരുന്നത്. യഥാർത്ഥത്തിൽ കേരളീയ വിദ്യാഭ്യാസ രംഗത്ത് വൻതോതിലുള്ള ആക്രമണ സ്വഭാവമുണ്ടായിരുന്നത് ഇപ്പോഴല്ല, പതിറ്റാണ്ടുകൾക്ക് മുമ്പാണ്. കേരളത്തിലെ ഒട്ടേറെ കോളേജുകളിൽ വിദ്യാർത്ഥികൾ കൊല്ലപ്പെട്ട അനുഭവങ്ങളുണ്ടായിട്ടുണ്ട്. പത്തനംതിട്ട കാതോലിക്കേറ്റ്

കോളേജിന്റെ യൂണിയൻ ചെയർമാനായിരുന്ന സി. വി. ജോസ് കോളേജിൽ വച്ച് കൊല്ലപ്പെട്ടയാളാണ്. ആ കേസ്സിലെ സാക്ഷിയായിരുന്ന പ്രസാദും കൊല്ലപ്പെട്ടിട്ടുണ്ട്. നിയമ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനെ കൊല്ലാൻ ശ്രമിച്ചപ്പോൾ രക്ഷപ്പെടുത്തുന്നതിനുവേണ്ടി ചാടിവീണ കോളേജ് യൂണിയന്റെ ജനറൽ ക്യാപ്റ്റൻ മുഹമ്മദ് അഷറഫ്, ബ്രണ്ണൻ കോളേജിൽ ക്രൂരവും നിഷ്ഠൂരവുമായി കൊല്ലപ്പെട്ട സംഭവമുണ്ടായിട്ടുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയന്റെ കലോത്സവം നടക്കുമ്പോഴാണ് വിദ്യാർത്ഥി നേതാവും യൂണിയൻ ഭാരവാഹിയുമായ കൊച്ചനിയൻ കലോത്സവ വേദിയിൽവച്ച് കൊല്ലപ്പെട്ടത്. ജോബി ആൻഡ്രൂസിനെ താമരശ്ശേരിയിൽ സ്കൂളിന്റെ മുമ്പിൽ വച്ച് കല്ലെറിഞ്ഞാണ് കൊന്നത്. കോട്ടയം സി.എം.എസ്. കോളേജിന്റെ വരാന്തയിൽവച്ചാണ് അജീഷ് വിശ്വനാഥനെ അടിച്ചുകൊന്നത്. കേരളത്തിന്റെ പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ സഹോദരൻ ഭുവനേശ്വരനെ പന്തളം എൻ.എസ്.എസ്. കോളേജിൽവച്ച് അടിച്ചുകൊല്ലുകയായിരുന്നു. ഇവയെല്ലാം വർഷങ്ങൾക്കുമുമ്പ് കേരളത്തിന്റെ കലാലയങ്ങളിലുണ്ടായിട്ടുള്ള സംഭവങ്ങളാണ്. മുൻസാമാജികനായിരുന്ന, ഇപ്പോൾ നമ്മോടൊപ്പമില്ലാത്ത, സൈമൺ ബ്രിട്ടോയെ എറണാകുളത്തുവച്ച് കുത്തിമലർത്തിയതും നമ്മുടെ ഓർമ്മയിലുണ്ട്. ഇങ്ങനെ കഠാര ഇരകളുടെ ചോര ദാഹിച്ച് നടന്നൊരു കാലം കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്തുണ്ടായിരുന്നു. അന്ന് ഒരു കോടതിയും ഈ അക്രമം അവസാനിപ്പിക്കണമെന്നോ വിദ്യാർത്ഥികൾക്ക് രാഷ്ട്രീയം വേണ്ടെന്നോ പറഞ്ഞിട്ടില്ല. എന്നാൽ കേരളത്തിലെ എല്ലാ കോളേജുകളിലും ഈ അക്രമശക്തികളെ പരാജയപ്പെടുത്തി വിദ്യാർത്ഥികൾ അക്രമത്തെ തള്ളിപ്പറഞ്ഞ് അക്രമകാരികൾക്കും കൊലയാളികൾക്കും കോളേജിലിടമില്ലാതെ അവരെ ഒറ്റപ്പെടുത്തി വിദ്യാർത്ഥികൾ ജനാധിപത്യപരമായി സംഘടിച്ച് മുന്നോട്ടുവന്ന ഈ കാലത്താണ് നിർഭാഗ്യവശാൽ കോടതി ഇത്തരമൊരു വിധി പറഞ്ഞത്. സമീപകാലത്ത് ഇത്തരത്തിലൊരു സംഭവം നമ്മുടെ ഒരു കോളേജിലുമുണ്ടായിട്ടില്ല. ചെറിയ കശപിശയോ അടിപിടിയോ ഉണ്ടായിട്ടുണ്ടാകാം. അത് എപ്പോഴും എവിടെയും സംഭവിക്കുന്നതാണ്. അങ്ങനെ എന്തെങ്കിലുമുണ്ടായാൽ നിലവിലുള്ള നിയമമനുസരിച്ച് അത് കൈകാര്യം ചെയ്യാനുള്ള സംവിധാനം നമ്മുടെ രാജ്യത്തുണ്ട്. അത് ചെയ്യുകയും വേണം. ഒരു അക്രമവുമുണ്ടാകരുത്. അതിനുപകരം വിദ്യാർത്ഥി സംഘടനാ പ്രവർത്തനം പാടില്ലെന്ന് വിധിക്കുന്നത് ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളുടെ ലംഘനമാണ്. സമാധാന പരമായി സംഘടിക്കാനും സമരം ചെയ്യാനുമുള്ള അവകാശം ഇന്ത്യയിലെ എല്ലാ പൗരന്മാർക്കുമുണ്ട്. അത് ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശമാണ്. എല്ലാ കോടതികളും ആ ഭരണഘടനയ്ക്കുകീഴിലാണ്. ഒരു ജഡ്ജിയും ഭരണഘടനയ്ക്ക് മുകളിലല്ല. ഇന്ന് കോളേജിൽ പഠിക്കുന്നവർ വോട്ടവകാശമുള്ള പൗരന്മാരാണ്.

'വോട്ടവകാശമുള്ള പൗരന്മാർ' എന്നതാണ് പ്രത്യേകം ശ്രദ്ധിക്കേണ്ടത്. പൗരന്മാരുടെ ഭരണഘടനാപരമായി സംഘടിക്കാനും സമരം ചെയ്യാനുമുള്ള അവകാശത്തെ വേണ്ടെന്നുപറയാൻ ഒരു കോടതിക്കും അവകാശമില്ല. നിർഭാഗ്യവശാൽ കോടതി ആ പരിധി ലംഘിച്ചിരിക്കുകയാണ്. അങ്ങനെ പരിധി ലംഘിക്കുന്ന വിധി നടപ്പാകുന്ന സാഹചര്യം വന്നാൽ വർഗ്ഗീയ ശക്തികളും അരാജക സംഘങ്ങളും കോളേജുകളെ പിടിമുറുക്കും. ഇത് വലിയ പ്രത്യാഘാതമുണ്ടാക്കും. അതുകൊണ്ട് ഈ സാഹചര്യത്തിൽ അടിയന്തരമായി ഇടപെടാനും വിദ്യാർത്ഥികളുടെ സംഘടനാ സ്വാതന്ത്ര്യവും കോളേജുകളിൽ സമാധാനാന്തരീക്ഷത്തിലാണ് വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നടക്കുന്നതെന്നും ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടാനുള്ളത്.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഏതാണ്ട് 2400 വർഷം മുമ്പാണ് ഗ്രീക്ക് ചിന്തകനായ പ്ലേറ്റോ " One of the penalties for refusing to participate in politics is that you end up being governed by your inferiors" എന്ന് പറഞ്ഞത്. നമ്മൾ രാഷ്ട്രീയത്തിലിടപെട്ടില്ലെങ്കിൽ രാഷ്ട്രീയം നമ്മുടെമേൽ കയറി ഇടപെടുമെന്നുള്ളതിന് പ്രത്യേകിച്ച് ഓർമ്മപ്പെടുത്തലിന്റെയോ വിശദീകരണത്തിന്റെയോ ആവശ്യമില്ല. അതുകൊണ്ട് രാഷ്ട്രീയം വേണ്ടെന്ന പറയുന്ന ആ വാദം നമുക്കാർക്കും അംഗീകരിക്കാൻ സാധിക്കുകയില്ല. നമ്മുടെ വിദ്യാർത്ഥികൾ പൗരന്മാരാണ്. ഇന്നത്തെ വിദ്യാർത്ഥികൾ നാളത്തെ പൗരന്മാരാണെന്നാണ് നാം മുമ്പൊക്കെ പറഞ്ഞിരുന്നത്. പക്ഷേ ഇന്നത്തെ വിദ്യാർത്ഥികൾ ഇന്നത്തെതന്നെ പൗരന്മാരാണ്. ഒരു കുട്ടിയെ ഒന്നാം ക്ലാസ്സിൽ ചേർക്കുന്നത് ആറ് വയസ്സിലാണെങ്കിൽ 12 വർഷത്തെ സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് കോളേജിലെത്തുമ്പോൾ അവർക്ക് 18 വയസ്സുകഴിഞ്ഞ് രാജ്യത്തിന്റെ ഭരണാധികാരികളെവരെ തെരഞ്ഞെടുക്കാനുള്ള അവകാശമുള്ളവരായി മാറുന്നുണ്ട്. അവർക്ക് രാഷ്ട്രീയം പാടില്ലെന്ന് പറയുമ്പോൾ അതെത്ര വലിയ ജനാധിപത്യ വിരുദ്ധമായ കാഴ്ചപ്പാടാണെന്ന് നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്.

11.00 A.M.]

ഹൈക്കോടതി സിംഗിൾ ബഞ്ച് ജനാധിപത്യവിരുദ്ധമെന്ന് തോന്നുന്ന തരത്തിലുള്ള ഒരു വിധി 2020 ഫെബ്രുവരി മാസം 26-നാണ് പുറപ്പെടുവിച്ചത്. എല്ലാ തരത്തിലുള്ള രാഷ്ട്രീയ പ്രവർത്തനങ്ങളുടെയും കടയ്ക്കൽ കത്തിവയ്ക്കുന്ന ഒരു വിധിയായി ഇത് മാറുകയാണ്. സമരം, ധർണ്ണ, പ്രകടനം, ഘെരാവോ അങ്ങനെ മൂന്നുനാലെണ്ണം എടുത്ത് പറഞ്ഞിട്ടുണ്ടെങ്കിൽപ്പോലും ഈ വിധി നടപ്പിലായാൽ കേരളത്തിലെ വിദ്യാർത്ഥി രാഷ്ട്രീയത്തെയും വിദ്യാർത്ഥികളുടെ

സംഘടനാ പ്രവർത്തനത്തെയും പൂർണ്ണമായി വിലക്കുന്ന ഒരു സാഹചര്യമാണ് സൃഷ്ടിക്കാൻ പോകുന്നത്. വിദ്യാർത്ഥി സംഘടനായോഗങ്ങൾ തന്നെ പാടില്ലെന്നുപറയുന്ന ഒരവസ്ഥയിലേയ്ക്ക് കാര്യങ്ങൾ വന്നിട്ടുണ്ട്. ക്രമസമാധാന പ്രശ്നമുണ്ടാകുകയാണെങ്കിൽ പോലീസിനെ വിളിക്കാമെന്ന് കോടതി പറയുന്നുണ്ട്. പല കാര്യങ്ങളിലും പോലീസ് ഇടപെടുന്നുണ്ട്. സാധാരണഗതിയിൽ വിളിക്കാതെയും പോലീസിന് വരാമെന്ന് പറയുന്നുണ്ട്. അതിലും തെറ്റ് കാണേണ്ടതില്ല. ക്രമസമാധാന പ്രശ്നമുണ്ടെങ്കിൽ പോലീസിന് ഇടപെടാം. എന്നാൽ കോടതിവിധി എന്നുപറയുന്നത് അടിസ്ഥാനപരമായി എതിർശബ്ദങ്ങളെ നിശബ്ദരാക്കുന്ന ജനാധിപത്യവിരുദ്ധ ഫാസിസ്റ്റ് ആശയങ്ങളുടെ ചുവടുപിടിച്ചു കൊണ്ടുള്ളതാണെന്ന കാര്യം കാണാതിരിക്കാൻ കഴിയില്ല. ഇപ്പോൾ രാജ്യം മുഴുവനും അങ്ങനെയുള്ള ട്രെൻഡാണ് കാണാൻ സാധിക്കുന്നത്. സാമൂഹ്യ മാധ്യമങ്ങൾ ഇനി എത്രകാലത്തേയ്ക്ക് ഇന്ത്യയിലുണ്ടാകുമെന്നുള്ള കാര്യത്തിൽ ആശങ്ക ഉയർന്നു വന്നിരിക്കുകയാണ്. പ്രധാനമന്ത്രി ഇന്നലെ ഒരു കാര്യം പറയുകയുണ്ടായി, 'ഞാൻ സോഷ്യൽ മീഡിയയിൽ നിന്നുംമാറാൻ പോകുകയാണ്, ഫേസ്ബുക്കും ട്വിറ്ററും ഇൻസ്റ്റഗ്രാമും യൂട്യൂബുമൊക്കെ ഞാൻ പിൻവലിക്കാൻ പോകുന്നു' എന്നുപറയുന്ന അദ്ദേഹത്തിന്റെ രീതി നമുക്കറിയാം. നമ്മളിൽ വലിയ നിരോധനത്തിന്റെ രൂപത്തിൽ മറ്റെന്തോ അടിച്ചേല്പിക്കുന്നതിനുവേണ്ടിയാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞതെന്നുള്ള ആശങ്കയാണ് ഇപ്പോൾ ഉയർന്നുവരുന്നത്.

കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കഴിഞ്ഞ കുറച്ച് കാലമായി കാണാൻ സാധിക്കുന്നത്, എല്ലാത്തരം എതിർ ശബ്ദങ്ങളെയും നിശബ്ദരാക്കുക അല്ലെങ്കിൽ അവരുടെ വരുതിക്ക് മറ്റുള്ളവരെ വരുത്തുക എന്നുള്ളതാണ്. പലരും വരുതിക്ക് വരുന്നതിനുവേണ്ടിയുള്ള മത്സരമാണ്. നമ്മുടെ സ്ഥാപനങ്ങൾ, മാധ്യമങ്ങൾ അങ്ങനെ പലതും ഇരിക്കാൻ പറയുമ്പോൾ മുട്ടിലിഴയുന്ന അവസ്ഥയിലാണ്. ബാക്കിയുള്ള സ്വതന്ത്ര മാധ്യമങ്ങളെ നിശബ്ദരാക്കുകയാണ്. അവർ ഇപ്പോൾ കോടതികളെപ്പോലും നിശബ്ദരാക്കുകയാണ്. ജസ്റ്റിസ് മുരളീധരന്റെ അനുഭവം നമുക്കറിയാം. ഇതിന്റെയൊക്കെ തുടർച്ചയായിട്ടാണ് ക്യാമ്പസുകളെ നിശബ്ദമാക്കാനുള്ള ഒരു നീക്കം നടക്കുന്നുവെന്നത് കാണാതിരിക്കാൻ കഴിയില്ല. കാരണം, ക്യാമ്പസുകളാണ് ഇന്ന് വളരെ ശക്തമായി പല കാര്യങ്ങളിലും പ്രതികരിച്ചുകൊണ്ടിരിക്കുന്നത്. പുതിയ തലമുറയിലെ ചെറുപ്പക്കാരെക്കുറിച്ച് വലിയ പരാതിയുണ്ടായിരുന്നു. അവർ ചുറ്റുപാടുമുള്ള കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നില്ല, പൊതുവിഷയങ്ങളിൽ ഇടപെടുന്നില്ല, അവനവനെക്കുറിച്ച് മാത്രമാണ് ചിന്തിക്കുന്നത്, അവരുടെ ലോകത്തേയ്ക്ക് മാത്രമായി അവർ ചുരുങ്ങുകയാണ്, ഫേസ്ബുക്കിന്റെയും ഇന്റർനെറ്റിന്റെയും ടിക്-ടോക്കിന്റെയും ലോകത്താണ് അവർ ജീവിക്കുന്നത് എന്നൊക്കെ പറയുമായിരുന്നു. പക്ഷെ, രാജ്യത്തിന്റെ

നിലനിൽപ്പിന്റെ പ്രശ്നം വരുമ്പോൾ, രാജ്യത്തിന്റെ മതേതരത്വം വളരെ പരസ്യമായി ചോദ്യം ചെയ്യപ്പെടുമ്പോൾ, രാജ്യത്തിന്റെ പൗരത്വംപോലും മതത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർവ്വചിക്കാൻ സംഘ് പരിവാർ ഭരണകൂടം തയ്യാറായി കടന്നുവരുമ്പോൾ അതിനെതിരെ ചെറുത്തുനിൽപ്പിന്റെ ആദ്യത്തെ ശബ്ദമുയരുന്നത് ക്യാമ്പസുകളിൽ നിന്നാണ്. ജാമിയ മിലിയ അടക്കമുള്ള ക്യാമ്പസുകളിൽ ആരംഭിച്ച പോരാട്ടമാണ് ഇന്ന് രാജ്യം മുഴുവൻ ഭരണഘടനയ്ക്കുവേണ്ടിയുള്ള, ഇന്ത്യ എന്ന ആശയത്തിനുവേണ്ടിയുള്ള പോരാട്ടമായി മാറിയതെന്ന് നമുക്ക് കാണാതിരിക്കാൻ കഴിയില്ല. അത്തരത്തിലുള്ള ക്യാമ്പസുകളെ നിശബ്ദമാക്കാനുള്ള അജണ്ട പല ആളുകളും ഏറ്റെടുക്കുന്നുണ്ടെന്നാണ് കാണാൻ സാധിക്കുന്നത്. കോടതികൾ മറ്റുപല കാര്യങ്ങളും ശ്രദ്ധിക്കുന്നില്ല. ക്യാമ്പസുകൾ എത്രത്തോളം വർഗ്ഗീയമായി മാറുന്നുവെന്നത് കോടതി കൺസേൺഡ് അല്ല. സർക്കാർ ശമ്പളം നൽകുന്ന അദ്ധ്യാപകരും അനദ്ധ്യാപകരും ജോലി ചെയ്യുന്ന എയ്ഡഡ് സ്ഥാപനങ്ങളിൽ പലതിലും മതചിഹ്നങ്ങൾ പ്രത്യക്ഷത്തിൽ നിൽക്കുകയാണ്. വളരെ പരസ്യമായ മതാചാരങ്ങൾ അവിടെ നടക്കുകയാണ്. അത് നിരുത്സാഹപ്പെടുത്തണമെന്നും വിലക്കണമെന്നും കോടതിക്ക് തോന്നുന്നില്ല. മറിച്ച് രാഷ്ട്രീയം വിലക്കാനാണ് കോടതി തയ്യാറാകുന്നത്.

ഈ അടുത്ത ദിവസം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഒരു സർക്കുലർ പുറത്തിറങ്ങി. അതിൽ 'വിദ്യാർത്ഥികളും രക്ഷിതാക്കളും ഇനി മുതൽ മദ്യം ഉപയോഗിക്കില്ലെന്ന്' ഒരു അഫിഡവിറ്റ് സമർപ്പിക്കാൻ പറഞ്ഞു. 'രക്ഷിതാക്കൾ' എന്നുപറയുന്നത് ഭാഷാപരമായിട്ടുള്ള ഒരു പിഴവാണെന്നും വിദ്യാർത്ഥികളെ ഉദ്ദേശിച്ച് മാത്രമാണ് പറഞ്ഞത് എന്നൊക്കെയുള്ള വിശദീകരണങ്ങൾ പിന്നീട് വന്നു. സർവ്വകലാശാലകളിൽ, സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്നവർ ജീവിതത്തിൽ ഒരിക്കലും മദ്യപിക്കരുത്; എന്നാൽ മാത്രമേ നിങ്ങൾക്ക് പഠിക്കാൻ അവകാശമുള്ളൂ എന്നുപറയുന്ന തരത്തിലുള്ള ഒരു നിയന്ത്രണം വരുന്നുണ്ട്. ക്ലാസ്സിൽ മദ്യപിക്കരുതെന്നും മദ്യപിച്ച് കാമ്പസിൽ വരരുതെന്നും വിദ്യാർത്ഥികളോട് പറയാം. അത് നമുക്ക് മനസ്സിലാക്കാം. നമ്മളാരും മദ്യപാനത്തെ പ്രോത്സാഹിപ്പിക്കാൻ ആഗ്രഹമുണ്ടായിട്ട് പറയുന്നതല്ല, മറിച്ച് അത് ഒരാളുടെ വ്യക്തി സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമാണ്. ഇന്ന് ഇത് തുടങ്ങിയാൽ നാളെ എവിടെ എത്തിച്ചേരുമെന്ന് നമുക്കറിയാം. ബീഫ് കഴിക്കുന്നവർ ഇനിമുതൽ വിദ്യാർത്ഥികളാകാൻ പാടില്ലായെന്ന് നാളെകളിൽ സംഘ് പരിവാർ ഭരണകൂടം പറഞ്ഞാൽ, അതിലേയ്ക്കുള്ള വഴിവെട്ടാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നതെന്ന് നമുക്ക് കാണാൻ സാധിക്കും.

<u>മി. സ്പീക്കർ</u>: പ്ലീസ്...... കൺക്ലൂഡ്..

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. കേരളത്തിലെ ക്യാമ്പസുകളിലെ രാഷ്ട്രീയത്തെക്കുറിച്ച് കഴിഞ്ഞ കുറച്ചുകാലങ്ങളായി അവമതിപ്പുണ്ടായിട്ടുണ്ട്. പഴയകാലത്തെ അനുഭവമല്ല. കാലം മാറുന്നതിനനുസരിച്ച് ക്യാമ്പസുകളും ജനാധിപത്യപരമായും ഇൻക്ലൂസീവ് സ്വഭാവത്തിലും മുന്നോട്ടു പോകണമെന്ന് നമ്മൾ ആഗ്രഹിക്കുന്നുണ്ട്. അതിന് വിരുദ്ധമായി നിൽക്കുന്ന പല ഉദാഹരണങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ടാണ് രാഷ്ട്രീയവിരുദ്ധ അരാഷ്ട്രീയവാദികൾ എല്ലാ ക്യാമ്പസ് രാഷ്ട്രീയത്തെയും ഒറ്റയടിക്ക് അടച്ചാക്ഷേപിക്കാൻ തയ്യാറാകുന്നത്. നമുക്ക് പാർട്ടി കോളേജുകൾ ഉണ്ടാകരുത്, ഏകധ്രുവ ക്യാമ്പസുകൾ ഉണ്ടാകരുത്, എതിരില്ലാതെ ഒരു വിദ്യാർത്ഥി സംഘടന 10 മുതൽ 20 വർഷം ക്യാമ്പസുകളിൽ തെരഞ്ഞെടുക്കപ്പെടുന്ന സാഹചര്യമുണ്ടാകരുത്, ആയുധം സംഭരിക്കുന്ന കേന്ദ്രങ്ങളായി ക്യാമ്പസുകൾ മാറരുത്. അങ്ങനെ ക്യാമ്പസുകൾ മാറുമ്പോൾ അത് അവിടത്തെ പണിക്കാരുടെ പണിയായുധങ്ങളാണെന്ന് പറഞ്ഞ് ന്യായീകരിക്കുന്ന ഭരണാധികാരികളും ഉണ്ടാകരുത്, ക്യാമ്പസുകളിൽ ഇടിമുറികൾ ഉണ്ടാകരുത്, ക്യാമ്പസുകളിലെ യൂണിയൻ ഓഫീസ് സർവ്വകലാശാലയുടെ ചോദ്യപേപ്പറുകളും ഉത്തരക്കടലാസുകളും സൂക്ഷിച്ചുവയ്ക്കുന്ന, അത് വിതരണം ചെയ്യുന്ന കേന്ദ്രങ്ങളായി മാറരുത്, അത്തരത്തിലുള്ള ക്യാമ്പസുകൾ ഉണ്ടാകുന്നുവെന്നുള്ളതുകൊണ്ടാണ് ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ഉയർന്നുവരുന്നതെന്ന കാര്യം നമ്മൾ ഓർക്കേണ്ടതാണ്. കുറച്ചുപേരുടെ തെറ്റായ പ്രവർത്തനങ്ങൾ കാരണം പൊതുവിൽ ജനങ്ങൾ ക്യാമ്പസ് രാഷ്ട്രീയത്തിനെതിരായി ചിന്തിക്കുന്ന സാഹചര്യമുണ്ടാകുമ്പോൾ അവിടെ ഭരണകൂടം ഇടപെടണം. ഇക്കാര്യത്തിൽ സർക്കാർ അപ്പീൽ നൽകണം. മറ്റുപല കാര്യങ്ങൾക്കും ലക്ഷക്കണക്കിനും കോടിക്കണക്കിനും രൂപ വക്കീലന്മാർക്ക് ഫീസ് കൊടുത്ത് പല കേസുകളിലും അപ്പീലുകൾ നൽകുന്നുണ്ട്. ഇക്കാര്യത്തിൽ, ജനാധിപത്യപരമായി സംഘടിക്കാനും പ്രവർത്തിക്കാനും ജനാധിപത്യത്തിലിടപെടാനുമുള്ള വിദ്യാർത്ഥികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി സർക്കാർ എത്ര വിലകൊടുത്ത് വക്കീലന്മാരെ കൊണ്ടുവന്നാലും അതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. അതോടൊപ്പം ഒരു കാര്യം കൂടി പറയുന്നു, ഈ വിധിയിലെ സാധ്യതകളെക്കൂടി ഉപയോഗപ്പെടുത്തണം. കാരണം, ഈ വിധിയിൽത്തന്നെ രാഷ്ട്രീയ നിലപാടുകളും പരാതികളും അവതരിപ്പിക്കാൻ ഫോറങ്ങൾ കണ്ടെത്തുന്നതിൽ തെറ്റില്ലെന്ന് പറയുന്നുണ്ട്. അത്തരത്തിലുള്ള ഫോറങ്ങൾ ഗവൺമെന്റ് ഔദ്യോഗികമായി തന്നെ രൂപീകരിക്കണം. അത്തരം ഫോറങ്ങൾ രൂപീകരിക്കാനുള്ള സ്വാതന്ത്ര്യം നൽകുന്നുണ്ട്. വിദ്യാർത്ഥികൾക്ക് സമാധാനപരമായി സംഘടിക്കാനും ജനാധിപത്യപരമായി ഇടപെടാനും അവരുടെ മൗലിക സ്വാതന്ത്ര്യം സംരക്ഷിക്കാനും വേണ്ടി നിയമനിർമ്മാണം അടക്കമുള്ള എല്ലാ സാധ്യതകളും

ഉപയോഗപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഉന്നയിക്കാനുള്ളത്.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, പാർലമെന്ററി ജനാധിപത്യ സംവിധാനത്തെ മുന്നോട്ടുവയ്ക്കുകയും പൗരന്മാർക്ക് സംഘടിക്കാനും ജനാധിപത്യ പരമായ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം വിഭാവന ചെയ്യുന്നതുമാണ് നമ്മുടെ ഭരണഘടന. 18 വയസ് മുതൽ സാർവ്വത്രിക വോട്ടവകാശം വിഭാവന ചെയ്യുന്നു. ഭരണഘടന മുന്നോട്ടുവയ്ക്കുന്ന ജനാധിപത്യ സംവിധാനം ശക്തിപ്പെടുത്തുന്നതിന് പുതിയ തലമുറ ജനായത്ത സമ്പ്രദായത്തെക്കുറിച്ചും അവകാശസംരക്ഷണത്തിനും നേടിയെടുക്കലിനുമായുള്ള വിവിധ വഴികളെക്കുറിച്ചും ബോധവാന്മാരാകേണ്ടത് നമ്മുടെ ജനാധിപത്യ പ്രക്രിയയെ ശക്തിപ്പെടുത്തുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ടുതന്നെ വിദ്യാർത്ഥികൾക്ക് അവരുടേതായ സംഘടനകൾ രൂപീകരിക്കാനും പ്രവർത്തിക്കാനുമുള്ള അവകാശം ഭരണഘടന വിഭാവന ചെയ്യുന്നത്. രാജ്യത്തെ നയിക്കേണ്ടത് സാമൂഹ്യപ്രതിബദ്ധതയിലൂന്നി പൊതുപ്രവർത്തനത്തിലൂടെ വളർന്നുവരുന്നവരാണ് എന്നതുകൊണ്ട് ഏറ്റവും കഴിവുള്ളവരെ അത്തരം പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കേണ്ടത് രാഷ്ട്രപുരോഗതിക്ക് അനിവാര്യമാണ്. വിദ്യാർത്ഥികളിൽ സാമൂഹ്യബോധവും സംഘടനാബോധവും ഇല്ലാതാകുമ്പോഴാണ് അരാഷ്ട്രീയവാദികളെ പടച്ചുവിടുന്ന കേന്ദ്രങ്ങളായി ക്യാമ്പസുകൾ മാറുന്ന സ്ഥിതിയുണ്ടാകുന്നത്. ഫാസിസ്റ്റുകളും കോർപ്പറേറ്റുകളും ഇത്തരത്തിലുള്ള ഒരു തലമുറയെയാണ് ആഗ്രഹിക്കുന്നത്. സംസ്ഥാനത്ത് വിദ്യാർത്ഥി സംഘടനകൾ പ്രവർത്തിക്കുന്നതുമൂലം അക്കാദമിക് അന്തരീക്ഷത്തെയും അച്ചടക്കത്തെയും പ്രതികൂലമായി ബാധിക്കുന്നുവെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് 26 പേർ ചേർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു ഹർജി നൽകിയിരുന്നു. ചില സ്വകാര്യ സ്വാശ്രയ കോളേജ് മാനേജ്മെന്റുകൾ ഉൾപ്പെടെയുള്ളവരാണ് പ്രസ്തുത ഹർജിക്കാർ. മേൽ ഹർജികൾ പരിശോധിച്ചുകൊണ്ട് ഹൈക്കോടതി 26-2-2020-ന് ഒരു വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. ഈ വിധിയിൽ വിദ്യാർത്ഥികളുടെ ചില അവകാശങ്ങളെ നിയന്ത്രിക്കുന്ന നടപടികൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. അതേസമയം രാഷ്ട്രീയമോ മറ്റേതെങ്കിലും വിഷയത്തിലോ വിയോജിക്കാനുള്ള വിദ്യാർത്ഥികളുടെ അവകാശത്തെ വിധിയിൽ എവിടെയും നിഷേധിച്ചിട്ടുമില്ല. അതുകൊണ്ടുതന്നെ വിദ്യാർത്ഥികളുടെ ക്ഷേമത്തിനും പരാതികൾ പരിഹരിക്കുന്നതിനും ഫോറങ്ങൾ രൂപീകരിച്ച് വിദ്യാർത്ഥി യൂണിയൻ പ്രവർത്തനത്തെ നിയമവിധേയമാക്കുന്നതിന് ഉതകുന്ന നടപടികൾ സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട കോടതി വിധി

തടസ്സമാകില്ലെന്നാണ് സർക്കാർ കരുതുന്നത്. വിദ്യാർത്ഥി സമരങ്ങൾ നിരോധിക്കണമെന്ന കേസ് കോടതിയുടെ പരിഗണനയിലിരിക്കുമ്പോൾ തന്നെ ക്യാമ്പസുകളിൽ സംഘടനാ പ്രവർത്തനം നിയമമാക്കുന്നത് സംബന്ധിച്ച ഒരു ബിൽ സർക്കാർ തയ്യാറാക്കിവരുന്ന കാര്യം കോടതിയെ അറിയിച്ചിട്ടുള്ളതാണ്.

സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥി യൂണിയനുകൾ രൂപീകരിക്കുന്നതിനും വിദ്യാർത്ഥികളുടെ നീതിപൂർവ്വമായ താല്പര്യങ്ങളും അക്കാദമികമായ ആവശ്യങ്ങളും പരിരക്ഷിക്കുന്നതിനുള്ള പ്രവർത്തന സ്വാതന്ത്ര്യം നൽകുവാൻ ഉദ്ദേശിച്ച് ഒരു ബിൽ സഭയിൽ കൊണ്ടുവരാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക മേഖല സമ്പന്നമായി തീരുന്നതിന് സംഘടനാ പ്രവർത്തനവും അതുവഴി ഉയർത്തിക്കൊണ്ടുവന്ന സാമൂഹ്യബോധവും വഹിച്ച പങ്ക് ആർക്കും നിഷേധിക്കാനാകുന്നതല്ല.

വിദ്യാർത്ഥികൾ ദേശീയ-സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ കാലത്തുതന്നെ തങ്ങളുടെ ജനാധിപത്യ അവകാശങ്ങൾ ഉയർത്തി പിടിച്ചുകൊണ്ട് പൊതുപ്രശ്നങ്ങളിൽ സജീവമായി ഇടപെട്ടിട്ടുള്ളതാണ്. നമ്മുടെ ചരിത്രവും അതിന് സാക്ഷിയാണ്. ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മതനിരപേക്ഷതയുടെ മൂല്യങ്ങൾ സംരക്ഷിക്കാൻ രാജ്യത്തെ ക്യാമ്പസുകളിൽ നടന്നുകൊണ്ടിരിക്കുന്ന ഇടപെടലുകൾ ദേശസ്നേഹികളായ മുഴുവൻ ആളുകളെയും സന്തോഷിപ്പിക്കുന്നതാണ്. വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശം സംരക്ഷിക്കുന്ന കാര്യത്തിൽ നിയമപരമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിന് സംസ്ഥാന സർക്കാർ മുന്നിലുണ്ടാകും. കോടതി വിധിയുടെ പശ്ചാത്തലത്തിൽ ആവശ്യമായ നിയമോപദേശം തേടി വിദ്യാർത്ഥികളുടെ ജനാധിപത്യാവകാശങ്ങൾ സംരക്ഷിക്കാനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളുകതന്നെ ചെയ്യും. തലവേദനയ്ക്കുള്ള പരിഹാരം തല തന്നെ വെട്ടി മാറ്റലാണ് എന്ന അഭിപ്രായം ആർക്കും ഉണ്ടാകുമെന്ന് ഗവൺമെന്റ് കരുതുന്നില്ല.

ശ്രീ. എം. സ്വരാജ്: സർ, കോടതി ഈ കാഴ്ചപ്പാടിലേയ്ക്കെത്താൻ പരിഗണിച്ചത് സ്വാശ്രയ മുതലാളിമാരുടെ വാദഗതികളാണ്. അതിനെ നമ്മൾ മറ്റൊരു തരത്തിൽ കാണുന്നത് ശരിയല്ല. ബഹുമാന്യനായ മന്ത്രി വളരെ സ്വാഗതാർഹമായ മറുപടിയാണ് നൽകിയത്. വിദ്യാർത്ഥികളുടെ സംഘടനാ സ്വാതന്ത്ര്യവും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി യൂണിയനുകളുടെ പ്രവർത്തനവും ഉറപ്പുവരുത്തുന്നതോടൊപ്പം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വർഗ്ഗീയ

സംഘടനകളുടെയും അരാജക സംഘങ്ങളുടെയും കടന്നുകയറ്റം ചെറുക്കാനുള്ള നടപടികൾ/വ്യവസ്ഥകൾ കൂടി പ്രസ്തുത ബില്ലിൽ ഉൾക്കൊള്ളിക്കാൻ സാധിക്കുമോയെന്നതാണ് എന്റെ ചോദ്യം.

ഡോ. കെ. ടി. ജലീൽ: സർ, വിദ്യാർത്ഥി സംഘടനാ പ്രവർത്തനം ദുർബലമായ ക്യാമ്പസുകളിൽ ഒരുതരം മാഫിയ സംഘങ്ങൾ, ഗ്യാംഗുകൾ, ലഹരി-മദ്യ മാഫിയകളുമായി ബന്ധപ്പെട്ട സംഘങ്ങൾ എന്നിവയൊക്കെയാണ് വളർന്നുവന്നുകൊണ്ടിരിക്കുന്നത്. സംഘടനാ പ്രവർത്തനം ഇല്ലാതാകുന്നതോടെ വിദ്യാർത്ഥികളുടെ എല്ലാ സംഘടനകളും അപ്രത്യക്ഷമാകുന്നില്ല. മത-ജാതി അടിസ്ഥാനത്തിലുള്ള സംഘടനകൾ, വർഗ്ഗീയ സംഘടനകൾ, തീവ്രവാദ സ്വഭാവമുള്ള സംഘടനകളൊക്കെ തന്നെ വിദ്യാർത്ഥി സംഘടനാ പ്രവർത്തനം ദുർബലമാകുന്ന ക്യാമ്പസുകളിൽ വളർന്നുവന്നുകൊണ്ടിരിക്കുന്നുണ്ട്. നിയമാനുസൃതം പ്രവർത്തിക്കുന്ന വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനം ക്യാമ്പസുകൾ കാര്യക്ഷമമാക്കുകയെന്നതാണ് ഇത് ഇല്ലാതാക്കുന്നതിനുള്ള ഏക വഴി. അതിനുതകുന്ന ഒരു നിയമനിർമ്മാണം തീർച്ചയായും ഗവൺമെന്റ് കൊണ്ടുവരും. അതിന്റെ അന്തിമഘട്ടത്തിലേയ്ക്ക് സർക്കാർ നീങ്ങി കഴിഞ്ഞിട്ടുണ്ടെന്ന കാര്യംകൂടി ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്.

ശ്രീ. വി. ടി. ബൽറാം: സർ, അങ്ങ് പറയുന്നതിനോട് ഞാൻ യോജിക്കുകയാണ്. ഈ വിഷയത്തെക്കുറിച്ച് 'സമരം നിരോധിക്കലല്ല ക്യാമ്പസിന്റെ രക്ഷാമാർഗ്ഗം' എന്ന് മാതൃഭൂമി എഴുതിയ മുഖപ്രസംഗമുണ്ട്. 'സമരത്തിന് വിലക്ക് വരികയെന്നത് രാഷ്ട്രീയ പ്രവർത്തനത്തിനുതന്നെ കൂച്ചുവിലങ്ങിടലാകും. പിന്നെ ബാക്കിയാകുക വിദ്യാർത്ഥി സമരത്തെ എന്നും എതിർത്ത് പോന്നിട്ടുള്ളവരുടെ യുക്തിക്കും നീതിക്കും ക്യാമ്പസുകളെ വിട്ടുകൊടുക്കുകയെന്നതാണ്. ഒരു ജനാധിപത്യ സമൂഹത്തിന് അത്തരമൊരു സാഹചര്യം ഭൂഷണമായിരിക്കുകയില്ല' എന്നാണ് ആ മുഖപ്രസംഗത്തിൽ പറയുന്നത്. ഇതുതന്നെയാണ് ജിഷ്ണു പ്രണോയ് അടക്കമുള്ളയാളുകളുടെ അനുഭവം. ഇത്തരത്തിലുള്ള സ്വാശ്രയ മുതലാളിമാരുടെ യുക്തിക്കും നീതിക്കും അവരുടെ ഭാവി വിട്ടുകൊടുക്കുന്നൊരു അവസ്ഥ കേരളത്തിലെ ക്യാമ്പസുകളിൽ ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് എത്രയും പെട്ടെന്ന് ഒരു നിയമനിർമ്മാണം കൊണ്ടുവരികയും വിദ്യാർത്ഥികളുടെ സംഘടനാ സ്വാതന്ത്ര്യത്തെ വ്യവസ്ഥാപിതമാക്കുകയും ചെയ്യുകയെന്നുള്ളതാണ് ശരിയായ നടപടി. അതിന് ഗവൺമെന്റ് നീക്കം തുടങ്ങിയിട്ടുണ്ടെങ്കിൽ തീർച്ചയായും അത് സ്വാഗതാർഹമാണ്. അതോടൊപ്പം ഇത്തരത്തിലുള്ളൊരു വിധിയിലേയ്ക്ക് കോടതി വന്ന സാഹചര്യംകൂടി ഗവൺമെന്റ് പരിശോധിക്കുമോ; ഇക്കാര്യത്തിൽ ഗവൺമെന്റ് വക്കീലന്മാരുടെ വാദഗതികൾ,

പ്രത്യേകിച്ചും നിയമം നടപ്പാക്കാൻ/കൊണ്ടുവരാൻ പോകുകയാണെന്ന കാര്യം കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ എന്തുകൊണ്ട് സാധിച്ചില്ല; എന്തുകൊണ്ട് കോടതിയെക്കൊണ്ട് അത് അംഗീകരിച്ചെടുപ്പിക്കാൻ സാധിച്ചില്ലെന്നുള്ള കാര്യം കൂടി പരിശോധിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഏറ്റവുമധികം വിദ്യാർത്ഥി സമരങ്ങളും പ്രക്ഷോഭങ്ങളും കൊടുംപിരി കൊള്ളേണ്ട ഒരു ഘട്ടമാണ് വർത്തമാന സാഹചര്യം. കാരണം സമരങ്ങൾ ഉണ്ടാക്കേണ്ട അവസ്ഥയിലേയ്ക്ക് വിദ്യാർത്ഥികളെ നയിക്കുന്ന നിയമനിർമ്മാണങ്ങൾ, ചിന്താഗതികൾ ഇതൊക്കെയാണ് നമ്മുടെ രാജ്യത്ത് ഭരണം നടത്തുന്നവർ കൊണ്ടുവന്നുകൊണ്ടിരിക്കുന്നതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും. ഇത്തരമൊരു ഘട്ടത്തിലാണ് ഇങ്ങനെയൊരു വിധി വന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു. എല്ലാ സമരങ്ങളും ആരംഭിക്കുന്നത് ക്യാമ്പസുകളിൽ നിന്നാണ്. ക്യാമ്പസുകളിൽ നിന്നാണ് സമൂഹത്തിലേയ്ക്ക് കത്തി പടരുന്നത്. അത്തരത്തിലുള്ള ഒരു കത്തിപ്പടരൽ ഒഴിവാക്കുക, സമരങ്ങളില്ലാത്ത ഒരു നാട് ഉണ്ടാക്കുക, അവകാശങ്ങൾക്കുവേണ്ടി ആളുകൾ ഒന്നും സംസാരിക്കാത്ത സാഹചര്യം സൃഷ്ടിക്കുക എന്നിവയൊക്കെയാണ് ഭരണകൂടം ആഗ്രഹിക്കുന്നത്. അതിന് ഒത്താശ ചെയ്യുന്ന രൂപത്തിലുള്ള ഒരു പ്രവർത്തനത്തെയും അനുകൂലിക്കാൻ ജനാധിപത്യബോധമുള്ള ആർക്കും കഴിയില്ല. തീർച്ചയായും സംഘടനാപ്രവർത്തനം നിയമാനുസൃതമാക്കുന്നതിനുള്ള എല്ലാ നടപടികളും അതിന്റെ സമ്പൂർണ്ണമായ അർത്ഥത്തിൽ ഗവൺമെന്റ് ചെയ്യുന്നതാണ്.

## IV. സബ്മിഷൻ

### (1) ദേവനന്ദയുടെ മരണം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കൊല്ലം ജില്ലയിലെ കൊട്ടാരക്കരയ്ക്കടുത്ത് പള്ളിമൺ എന്ന സ്ഥലത്ത് വീട്ടുമുറ്റത്ത് കളിച്ചുകൊണ്ടിരുന്ന ദേവനന്ദ എന്ന കുട്ടിയെ കാണാതാകുകയും പിറ്റേന്ന് കുട്ടിയുടെ മൃതദേഹം വീടിന് തൊട്ടടുത്തുള്ള പള്ളിമൺ ആറ്റിൽ കാണപ്പെടുകയും ചെയ്ത സംഭവത്തിൽ ദുരൂഹതയുണ്ടെന്ന് കുട്ടിയുടെ മാതാപിതാക്കൾ പറയുന്നു. ഞാൻ കഴിഞ്ഞ ഞായറാഴ്ച വൈകിട്ട് ദേവനന്ദയുടെ വീട്ടിൽ പോയി മാതാപിതാക്കളെ കണ്ടപ്പോൾ ഈ കുട്ടി വീട്ടുകാരോട് പറയാതെ വെളിയിൽപോലും ഇറങ്ങുകയില്ലെന്നും അദ്ധ്യാപകരോട് പറഞ്ഞതിനുശേഷമേ സ്കൂളിൽനിന്നും ഇറങ്ങുകയുള്ളൂവെന്നുമുള്ള കാര്യങ്ങളാണ് അവരിൽനിന്നും അറിയാൻ സാധിച്ചത്. മാതാപിതാക്കൾ പോലീസിന് കൊടുത്ത മൊഴിയിലും ഈ ദുരൂഹതയെപ്പറ്റി

പറയുന്നുണ്ട്. സംശയമുള്ള ഒരു വ്യക്തിയുടെ പേരും പോലീസിന് കൈമാറിയിട്ടുണ്ട്. വീട്ടിൽനിന്നും 150 മീറ്റർ അകലെയുള്ള, നിറയെ കൈതക്കാട്ടുകളും കൂർത്ത കല്ലുകളുമുള്ള പുഴയോരത്തേയ്ക്ക് ഈ കുട്ടി ഒറ്റയ്ക്ക് പോകുമെന്ന് മാതാപിതാക്കളോ നാട്ടുകാരോ അയൽവാസികളോ ആരുംതന്നെ വിശ്വസിക്കുന്നില്ല. ദേവനന്ദയുടെ പോസ്റ്റുമോർട്ടം റിപ്പോർട്ട് വന്നുവെന്ന് അറിഞ്ഞു. ഫോറൻസിക് പരിശോധനയുണ്ടാകും. ഇതിന്മേൽ വിദഗ്ദ്ധമായ അന്വേഷണം നടക്കട്ടെ. ഇപ്പോൾ ചാത്തന്നൂർ എ.സി.പി.-യാണ് ടി കേസ് അന്വേഷിക്കുന്നത്. ഈ കേസുമായി ബന്ധപ്പെട്ട് ഒരു ഉന്നതതല ടീമിനെ നിയമിച്ച് അന്വേഷണം നടത്തണം. പോലീസ് നായ പോയ വഴികളെപ്പറ്റിയൊക്കെ അവിടത്തെ ആളുകൾ എന്നോട് പറഞ്ഞു. പല ആളുകളും പല അഭിപ്രായങ്ങളാണ് പറയുന്നത്. ഇതുസംബന്ധിച്ച് ഒരു ഉന്നതതല അന്വേഷണം വേണമെന്ന് അങ്ങയിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ മനസ്സിൽനിന്നും ഒരിക്കലും മായാത്ത വേദനയായി മാറിയിരിക്കുകയാണ് ദേവനന്ദ. കാലത്തിനുപോലും മായ്ക്കാനാകാത്തതാണ് ആ കുഞ്ഞിന്റെ അച്ഛനമ്മമാരുടെ ദുഃഖം. കുടവട്ടൂർ സ്വദേശികളായ പ്രദീപിന്റെയും ധന്യയുടെയും 7 വയസ്സുള്ള മകൾ ദേവനന്ദയെ കാണാതായ വിവരം അറിഞ്ഞതുമുതൽ ഈ സമൂഹമാകെ മനസ്സുകൊണ്ട് ആ കുഞ്ഞിന് ഒന്നും പറ്റരുതേയെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചുകൊണ്ട് ദേവനന്ദയുടെ അച്ഛനും അമ്മയ്ക്കും ഒപ്പമുണ്ടായിരുന്നു. ഈ ഘട്ടത്തിൽ പോലീസ് അടക്കമുള്ള സർക്കാർ സംവിധാനങ്ങളൊക്കെ കുഞ്ഞിനെ കണ്ടെത്താൻ എല്ലാ സാധ്യതകളും ഉപയോഗിച്ചുകൊണ്ട് അവിടെ കേന്ദ്രീകരിച്ചു. ഗവൺമെന്റ് പൊതുവിലും ഞങ്ങളൊക്കെ തന്നെയും ഓരോ ഘട്ടത്തിലും നാടിന്റെയും ആ കുടുംബത്തിന്റെയും ഉത്കണ്ഠ പങ്കിട്ടുകൊണ്ടാണിരുന്നത്. ചെറിയ ഇടവേളകളിൽ ആ കുഞ്ഞിനെക്കുറിച്ച് വിളിച്ച് അന്വേഷിച്ചുകൊണ്ടിരുന്നു. ഏത് തരത്തിലും കുഞ്ഞിനെ ജീവനോടെ കണ്ടെത്താൻ നിർദ്ദേശങ്ങൾ നൽകിക്കൊണ്ടും അതിന് മേൽനോട്ടം വഹിച്ചുകൊണ്ടുമിരുന്നു. എല്ലാ പ്രതീക്ഷകളും അവസാനിപ്പിക്കുംവിധമാണ് ആ തെരച്ചിൽ അവസാനിച്ചതെന്നത് സഭയ്ക്ക് അറിയാവുന്ന കാര്യമാണ്. സഭയുടെ ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു. ഈ ദുഃഖം നമ്മുടെയൊക്കെ ദുഃഖമാണ്. പല ഊഹാപോഹങ്ങളും അനുമാനങ്ങളും ഈ സംഭവത്തെത്തുടർന്നുണ്ടായി. എന്നാൽ ശാസ്ത്രീയമായ തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ പോലീസിന് നീങ്ങാൻ സാധിക്കുകയുള്ളൂ. ശാസ്ത്രീയമായ അന്വേഷണ വഴിയിൽ അവസാനം പോലീസ് തന്നെ മൃതദേഹം കണ്ടെത്തുകയായിരുന്നുവെന്നത് അറിയാമല്ലോ; അവിടെയുള്ള ബണ്ട് അടിയൊഴുക്കുള്ള സ്ഥലമാണ്. കനാൽ തുറന്നിരുന്നതിനാൽ വലിയ ശക്തിയിൽ

ജലപ്രവാഹമുണ്ടായിരുന്നു. ഈ സ്ഥലത്ത് പത്ത് വർഷത്തിനുള്ളിൽ അഞ്ചുപേർ മരണപ്പെട്ടിട്ടുണ്ട്. ചുരുക്കത്തിൽ അപായകരമായ സ്ഥലമാണിത്. അവിടെ വള്ളികൾക്കിടയിൽ കുഞ്ഞിന്റെ മൃതദേഹം കുടുങ്ങിക്കിടന്നത് കണ്ടെത്തിയതിൽ നിന്നുതന്നെ പോലീസിന്റെ അന്വേഷണവഴികൾ ശരിയായിരുന്നുവെന്ന് തെളിയുന്നുണ്ട്. ഫെബ്രുവരി 27-ാം തീയതി രാവിലെ കുട്ടിയെ കാണാതായ വിവരം അറിഞ്ഞയുടൻതന്നെ പോലീസ് ഫയർ സെക്യൂരിറ്റി ഭടന്മാർ അന്വേഷണം കേന്ദ്രീകരിച്ചത് ഇവിടെതന്നെയായിരുന്നു. പിന്നീട് വളരെ സാമർത്ഥ്യമുള്ള പോലീസ് നായ തലേന്ന് ദേവനന്ദ ധരിച്ചിരുന്ന വസ്ത്രം മണത്ത് നേരെ പോയത് വള്ളക്കടവിലേയ്ക്ക് തന്നെയായിരുന്നു. അവിടെ അതിന്റെ വഴിയടഞ്ഞു. തുടർന്ന് അവിടം കേന്ദ്രീകരിച്ച് അന്വേഷിക്കുകയായിരുന്നു. 28-ാം തീയതി രാവിലെ 5 മണിക്ക് പോലീസിന്റെയും ഫയർഫോഴ്സിന്റെയും കോസ്റ്റൽ വാർഡൻമാരുടെയും സഹായത്തോടെ പള്ളിമൺ ആറ്റിൽ വീണ്ടും തെരച്ചിൽ ആരംഭിക്കുകയായിരുന്നു. രാവിലെ 7.30-ഓടെ പള്ളിമൺ ആറ്റിലെ തടത്തിൽമുക്കിൽ നടന്ന തെരച്ചിലിൽ 400 മീറ്റർ മാറിയ ഭാഗത്ത് ദേവനന്ദയുടെ മൃതദേഹം കണ്ടെത്തുകയും ചെയ്തു. കുട്ടിയെ പോലീസും രക്ഷകർത്താക്കളും തിരിച്ചറിഞ്ഞു. കണ്ണനല്ലൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു ഉടൻതന്നെ വയർലെസ് മെസ്സേജ് മുഖാന്തരം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലേയ്ക്കും റെയിൽ അലെർട്ടുകളിലേയ്ക്കും ജാഗ്രതാ സന്ദേശങ്ങളയച്ചു. കേന്ദ്ര വെബ്പോർട്ടലായ ട്രാക് ചൈൽഡിൽ വിവരം നൽകി. വാട്ട്സാപ്പ്, ഫേസ്ബുക്ക് തുടങ്ങിയ സാമൂഹ്യമാധ്യമങ്ങളിലൂടെയും വിവരം നൽകി. കുഞ്ഞിന്റെ ചിത്രങ്ങളും അടയാളങ്ങളും പ്രചരിപ്പിച്ചു. സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തിയെന്നാണ് ഇതിന്റെ അർത്ഥം. ഇതിനായി13 അംഗ അന്വേഷണസംഘം രൂപീകരിച്ചു. വിവിധ യൂണിറ്റുകളിൽ നിന്നുള്ള അൻപതോളം ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി തെരച്ചിൽ നടത്തി. ഡോഗ് സ്ക്വാഡ്, സയന്റിഫിക് എക്സ്പെർട്ട്, ഫിംഗർപ്രിന്റ് എക്സ്പെർട്ട് എന്നിവരുടെ സേവനങ്ങൾ ഉപയോഗിച്ചു. പരിസരത്തെ സി.സി.ടി.വി. ദൃശ്യങ്ങളും പരിശോധിച്ചു. വീടിന് സമീപത്തുകൂടി ഒഴുകുന്ന പള്ളിമൺ ആറ്റിൽ ഫയർഫോഴ്സ് സേനാംഗങ്ങളുടെ സേവനം ഉപയോഗിച്ച് തെരച്ചിൽ നടത്തി. കേസിന്റെ KP Act 57 (1)(a) പ്രകാരമുള്ള വകുപ്പ് Cr.P.C 174 എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. സയന്റിഫിക് എക്സ്പെർട്ട്, ഫിംഗർപ്രിന്റ് എക്സ്പെർട്ട്, ഫോട്ടോഗ്രാഫർ എന്നിവരുടെ സഹായത്തോടെ ആവശ്യമായ തെളിവുകൾ ശേഖരിച്ചശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഫോറൻസിക് വിഭാഗത്തിലെ ഡോക്ടർമാരുടെ സംഘത്തെക്കൊണ്ട് പോസ്റ്റ്മോർട്ടം നടത്തി. പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റിൽ " Postmortem findings are consistent with death due to drowning. Additional report will follow on receipt of laboratory investigations" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കാണാതായ കുട്ടി ഏതെങ്കിലും തരത്തിൽ

പീഡിപ്പിക്കപ്പെട്ടിട്ടുണ്ടോയെന്ന് അറിയുന്നതിനായി ശാസ്ത്രീയ തെളിവുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ദേവനന്ദയുടെ മൃതദേഹത്തിൽനിന്നും ശേഖരിച്ച തെളിവുകൾ ശാസ്ത്രീയ പരിശോധനയ്ക്കായി കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി, ഫോറൻസിക് സയൻസ് ലബോറട്ടറി എന്നിവിടങ്ങളിലേയ്ക്ക് അയച്ചിട്ടുണ്ട്. കുട്ടിയുടെ മരണവുമായി ബന്ധപ്പെട്ട് അന്വേഷണം തുടരുകയാണ്. ഈ സഭയും സർക്കാരും വിങ്ങുന്ന ആ കുടുംബത്തിനൊപ്പമുണ്ട്. ഒറ്റപ്പെട്ട നിലയിൽ കുഞ്ഞുങ്ങളെ കണ്ടാൽ പ്രത്യേക ശ്രദ്ധയോടെ ഇടപെടണമെന്ന് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് മാത്രമല്ല, നാട്ടുകാരും ഇക്കാര്യം ശ്രദ്ധിക്കണം. ദേവനന്ദ കേരളത്തിന്റെ മനസിലെ മായാത്ത ദുഃഖമാണ്. ഇനി അങ്ങനെയൊരു ദുരന്തം കേരളത്തിലുണ്ടാകാതിരിക്കാനുള്ള ജാഗ്രത നമ്മുടെയെല്ലാം ഭാഗത്തുനിന്നുണ്ടാകണം.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

(2) കോട്ടയം ടെക്സ്റ്റയിൽസിന്റെ പ്രവർത്തനം

ശ്രീ. മോൻസ് ജോസഫ്: സർ, ദേവനന്ദയുടെ മരണവുമായി ബന്ധപ്പെട്ട് പറഞ്ഞറിയിക്കാൻ കഴിയാത്ത രൂപത്തിലുള്ള ദുഃഖം ഞങ്ങൾക്കെല്ലാവർക്കുമുണ്ടെന്ന് ഈ അവസരത്തിൽ അറിയിക്കുകയാണ്.

കടുത്തുരുത്തി മണ്ഡലത്തിലുൾപ്പെട്ട കോട്ടയം ടെക്സ്റ്റയിൽസിന്റെ പ്രശ്നങ്ങളാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. വളരെ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം ഇപ്പോൾ അടച്ചുപൂട്ടിയിരിക്കുകയാണ്. നൂറുകണക്കിന് തൊഴിലാളികൾ ആ സ്ഥാപനത്തെ ആശ്രയിച്ച് ജീവിച്ചുവരുന്നു. അവർക്ക് മാസങ്ങളായി ജോലിയില്ലാത്ത, ശമ്പളം ലഭിക്കാത്ത അവസ്ഥയിലാണ്. മൂന്ന് ഷിഫ്റ്റുകളായി പ്രവർത്തിച്ചിരുന്ന കമ്പനിയിൽ ഇപ്പോൾ ഒരു ഷിഫ്റ്റ് പോലുമില്ലാത്ത രീതിലേയ്ക്ക് മാറിയിരിക്കുന്നു. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ടെക്സ്റ്റയിൽ മേഖലയെ നവീകരിക്കാൻ നിരവധി ശ്രമങ്ങൾ നടത്തുന്നുവെന്നത് ഒരാശ്വാസമായി കരുതുമ്പോഴും പുതിയതായി കടന്നുവരുന്ന ഓരോ പ്രശ്നങ്ങളും പ്രതിസന്ധികളും പരിഹരിക്കാൻ കഴിയുന്നില്ലെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒക്ടോബർ മാസം വൈദ്യുതി കുടിശ്ശിക അടയ്ക്കാത്തതിനെത്തുടർന്ന് വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചതുമൂലം കമ്പനിയുടെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. വൈദ്യുതി വകുപ്പും വ്യവസായ വകുപ്പും തമ്മിൽ ധാരണയുണ്ടാക്കിയാൽ വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിച്ച് കമ്പനി പ്രവർത്തിപ്പിക്കാവുന്നതാണ്. അതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം തൊഴിലാളികൾക്ക് ശമ്പളം ലഭിക്കാതെ അവർ ആത്മഹത്യയുടെ വക്കിൽ എത്തിനിൽക്കുകയാണ്. ഞാൻ

കഴിഞ്ഞ ദിവസം കമ്പനിയിൽ പോയിരുന്നു. രാഷ്ട്രീയ ഭേദമെന്യേ അവിടത്തെ എല്ലാ തൊഴിലാളി സംഘടനകളും ഒരുപോലെ പ്രതിസന്ധിയിലായിരിക്കുകയാണ്. സി.ഐ.ടി.യു.-ഉം. ഐ.എൻ.ടി.യു.സി.-യും കെ.ടി.യു.സി.(എം.)-ഉം ഉൾപ്പെടെയുള്ള യൂണിയനുകൾ ഒരുപോലെ ഈ ആവശ്യം സർക്കാരിനുമുന്നിൽ വച്ചിരിക്കുകയാണ്. ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി ഇക്കാര്യങ്ങൾ ചർച്ച ചെയ്യാനും കമ്പനി തുറന്ന് പ്രവർത്തിപ്പിക്കാനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ഇക്കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ട എല്ലാ ട്രേഡ് യൂണിയനുകളെയും ടെക്സ്റ്റയിൽ കോർപ്പറേഷൻ അധികൃതരെയും പങ്കെടുപ്പിച്ച് കോട്ടയം ടെക്സ്റ്റയിൽസിന്റെ മാത്രമായി ഒരു യോഗം വിളിച്ചുചേർക്കണമെന്ന ആവശ്യം കൂടി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയടക്കം 35 ലക്ഷത്തോളം രൂപ അടയ്ക്കാനുണ്ട്. ഇ.എസ്.ഐ. ആനുകൂല്യങ്ങളും എൽ.ഐ.സി.കുടിശ്ശികയും അടയ്ക്കാനുണ്ട്, അവയൊന്നും അടയ്ക്കാൻ കഴിഞ്ഞിട്ടില്ല. പിരിഞ്ഞുപോയതും നിലവിൽ ജോലി ചെയ്യുന്നവരുമായ തൊഴിലാളികൾ കഷ്ടപ്പെടുകയാണ്. ഈ വിഷയം ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ഇവിടെ നേരത്തെ ഉല്പാദിപ്പിച്ചുകൊണ്ടിരുന്ന കോട്ടൺ നൂൽ ഉല്പാദനം നിർത്തിയശേഷം കോട്ടണും സിന്തറ്റിക്കും മിക്സ് ചെയ്ത് പോളിസ്റ്ററാക്കിയുള്ള ഉല്പാദനം ആരംഭിച്ചതിനെത്തുടർന്ന് നൂലിന് ക്ഷാമം നേരിട്ടു. കമ്പനി പ്രവർത്തിപ്പിക്കാനുള്ള നൂലില്ല എന്നത് വളരെ ഗുരുതരമായ വിഷയമാണ്. അത്തരം കാര്യങ്ങൾ ഗവൺമെന്റ് ഗൗരവമായി കാണണം. പൊതുവായി ഈ രംഗത്തുള്ള മറ്റൊരു വിഷയം, ഗവൺമെന്റ് പല സൊസൈറ്റികളിൽനിന്നും സ്കൂൾ യൂണിഫോം വാങ്ങിയ തുക കൊടുക്കാത്തതുമൂലം മില്ലുകൾ പ്രതിസന്ധിയിലായിരിക്കുകയാണ്. കോട്ടയം ടെക്സ്റ്റയിൽസിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി അടിയന്തരമായി ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. മോൻസ് ജോസഫ് ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങളെല്ലാം ശരിയാണ്. കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിലുള്ള ഒരു യൂണിറ്റാണ് കോട്ടയം വേദഗിരിയിലുള്ള കോട്ടയം ടെക്സ്റ്റയിൽസ്. 1968-ൽ പ്രവർത്തനമാരംഭിച്ച ഈ മിൽ 1983-ൽ കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ ഏറ്റെടുത്തു. പ്രസ്തുത മില്ലിൽ നിലവിൽ 11 ഓഫീസ് സ്റ്റാഫുൾപ്പെടെ 244 പേർ ജോലി ചെയ്തുവരുന്നു. കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്ന ടെക്സ്റ്റയിൽ നയം, നോട്ട് നിരോധനം, ജി.എസ്.ടി. തുടങ്ങിയ നടപടികളുടെ ഭാഗമായി സ്പിന്നിംഗ് മില്ലുകൾ വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. നൂലിന്റെ വിലയിടിവും അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവുംമൂലം കഴിഞ്ഞ ആറ്

മാസക്കാലമായി എല്ലാ സ്പിന്നിംഗ് മില്ലുകളും തകർച്ചയിലാണ്. ഏകദേശം 12 കോടിയോളം രൂപ നഷ്ടത്തിലാണ്. കേരളത്തെ അപേക്ഷിച്ച് താരതമ്യേന ഉല്പാദന ചെലവ് കുറഞ്ഞ ഇതര സംസ്ഥാനങ്ങളിലെ മിക്ക സ്പിന്നിംഗ് മില്ലുകളും ഇപ്പോൾ അടച്ചിട്ടിരിക്കുകയാണ്. ഇതാണ് ഇന്നത്തെ ടെക്സ്റ്റയിൽ മേഖലയുടെ അവസ്ഥ. സംസ്ഥാന സർക്കാരിന്റെ ധനസഹായംകൊണ്ടുമാത്രമാണ് ടെക്സ്റ്റയിൽ മേഖല ഇപ്പോൾ ഭാഗികമായെങ്കിലും പ്രവർത്തിച്ചുവരുന്നത്. കോട്ടയം ടെക്സ്റ്റയിൽസ് അവസാനമായി ലാഭത്തിൽ പ്രവർത്തിച്ചത് 2009-10 വർഷങ്ങളിലാണ്. പിന്നീട് തുടർച്ചയായി നഷ്ടത്തിലായിരുന്നു. സാമ്പത്തിക പ്രയാസങ്ങളുടെ നടുവിലും പ്രസ്തുത മില്ലിന്റെ പ്രവർത്തനത്തിന് 8 കോടി രൂപയോളം സർക്കാർ അനുവദിച്ചിരുന്നു. ഇതരമില്ലുകളിൽനിന്നും വ്യത്യസ്തമായി, അവിടെയുള്ള ഒരു വിഭാഗം തൊഴിലാളികൾ രാത്രി ഷിഫ്റ്റിൽ പൂർണ്ണമായും പ്രവർത്തിക്കാൻ സന്നദ്ധരായിരുന്നില്ലെന്നതാണ്. അതിന്റെ ഫലമായി മില്ലിന്റെ യൂട്ടിലൈസേഷൻ ഏതാണ്ട് 40 മുതൽ 45 ശതമാനം മാത്രമേ കൈവരിക്കാൻ സാധിച്ചിരുന്നുള്ളൂ. 55 ശതമാനം യൂട്ടിലൈസ് ചെയ്യാൻ സാധിക്കുന്നില്ല. ഭീമമായ നഷ്ടത്തിലാണ് മിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. ഇതുമൂലം ഉല്പാദന നഷ്ടത്തിനും സാമ്പത്തിക പ്രതിസന്ധിക്കും കാരണമായി. തൊഴിലാളികളുടെ ആനുകൂല്യം യഥാസമയം നൽകുന്നതിൽ തടസ്സമുണ്ടായിട്ടുണ്ട്. നിലവിലുള്ള തൊഴിലാളികൾക്ക് കഴിഞ്ഞ ഡിസംബർ മാസത്തെ ശമ്പളത്തിന്റെ പകുതി മാത്രമേ കൊടുക്കാൻ സാധിച്ചിട്ടുള്ളൂ. തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി, ഇ.പി.എഫ്., ഇ.എസ്.ഐ., ശമ്പള കുടിശ്ശിക തുടങ്ങിയ ഇനത്തിൽ 431.78 ലക്ഷം രൂപയും വൈദ്യുതി കുടിശ്ശിക ഇനത്തിൽ 391.76 ലക്ഷം രൂപയും നൽകാൻ ബാക്കിയാണ്. പ്രവർത്തന മൂലധനത്തിന്റെ അഭാവത്താൽ 3-1-2020 മുതൽ പ്രവർത്തനം ഭാഗികമായി തടസ്സപ്പെടുകയും 7-2-2020 മുതൽ വൈദ്യുതി വിച്ഛേദിച്ചതിനാൽ മിൽ ലേ ഓഫിലുമാണ്. ഈ സാമ്പത്തിക വർഷം മിൽ നവീകരണത്തിനായി 700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിലും സാമ്പത്തികപ്രശ്നങ്ങൾ കാരണം യഥാസമയം തുക നൽകാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത തുക എത്രയും പെട്ടെന്ന് നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചത് ഒരു നിശ്ചിത കാലയളവിലേയ്ക്ക് പുനഃസ്ഥാപിച്ച് തരണമെന്നും അതിനുശേഷം പണമടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്നും വൈദ്യുതി വകുപ്പിനെ അറിയിച്ചിട്ടുണ്ട്. ആ സ്ഥാപനത്തെ പ്രവർത്തിപ്പിക്കാൻ ഏതെല്ലാം തരത്തിൽ സാധിക്കുമോ അക്കാര്യങ്ങളൊക്കെ നിർവ്വഹിക്കാം. അതുപോലെ കുട്ടികൾക്ക് കൈത്തറി യൂണിഫോം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി ഉല്പാദനത്തിനുള്ള തുക വിദ്യാഭ്യാസ വകുപ്പിന്റെ അക്കൗണ്ടിൽനിന്നും വ്യവസായ വകുപ്പിലേയ്ക്ക് കൈമാറി കിട്ടിയതിന്റെ

അടിസ്ഥാനത്തിൽ എല്ലാ ബാധ്യതകളും തീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിലാളികൾക്കുള്ള കൂലിയും നൂൽ ഉല്പാദിപ്പിച്ചെടുക്കുന്ന സ്പിന്നിംഗ് മില്ലുകൾക്ക് കൊടുക്കാനുള്ള തുകയും രണ്ടുദിവസത്തിനകം കൊടുത്ത് പൂർണ്ണമായും പ്രശ്നം പരിഹരിക്കും.

(3) മാത്തൂർ-പിരായിരി-കോട്ടായി കുടിവെള്ള പദ്ധതി

ശ്രീ. ഷാഫി പറമ്പിൽ: സർ, അങ്ങേയ്ക്ക് വളരെ നേരിട്ട് അറിയാവുന്ന ഒരു പ്രശ്നമാണ് ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. പാലക്കാട് നിയോജകമണ്ഡലത്തിൽ ഏറ്റവും കൂടുതൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പഞ്ചായത്തുകളിലൊന്നാണ് പിരായിരി. പിരായിരി പഞ്ചായത്ത് നഗരസഭയോട് വളരെ അടുത്തുകിടക്കുന്ന ഒരു പ്രദേശമാണ്. മാത്തൂർ പഞ്ചായത്ത് അതിന് തൊട്ടടുത്തുള്ള പഞ്ചായത്തുമാണ്. മറ്റൊരു പഞ്ചായത്ത് കണ്ണാടി പഞ്ചായത്താണ്. കണ്ണാടി പഞ്ചായത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച ഒരു പദ്ധതിയുടെ ഭാഗമായി കണ്ണാടി പഞ്ചായത്തിനും മറ്റൊരു മണ്ഡലത്തിലെ ഇതര പഞ്ചായത്തിനുമായി 16 കോടി രൂപയുടെ ഒരു പ്രോജക്ട് നടപ്പിലാക്കുകയാണ്. അങ്ങേയ്ക്ക് അറിയാവുന്നതുപോലെ, ഇപ്പോൾ അതിന്റെ കമ്മീഷൻ പ്രവർത്തനങ്ങളിലേയ്ക്ക് കടക്കുകയാണ്. പിരായിരി പഞ്ചായത്ത്, മാത്തൂർ പഞ്ചായത്ത്, ബഹുമാനപ്പെട്ട എ. കെ. ബാലന്റെ പഞ്ചായത്തായ കോട്ടായി പഞ്ചായത്ത് എന്നിങ്ങനെ മൂന്ന് പഞ്ചായത്തുകൾക്കുംകൂടി സമ്പൂർണ്ണ കുടിവെള്ള പദ്ധതി ഗവൺമെന്റിന്റെ ആലോചനയിലുണ്ടായിരുന്നു. അത് അനുവദിക്കാമെന്നും കിഫ്ബി പ്രോജക്ടിൽ ഉൾപ്പെടുത്താമെന്നും ഗവൺമെന്റ് സമ്മതിച്ചിരുന്നു. അന്നത്തെ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസ് വിളിച്ചുചേർത്ത യോഗത്തിൽ 2016 ഡിസംബർ 30-നകം അതിന് അനുമതി നൽകാമെന്ന് പറഞ്ഞതാണ്. മാത്രമല്ല, നിയമസഭയിൽ ഒരു സബ്മിഷന് മറുപടിയായി അദ്ദേഹം പറഞ്ഞത്, രണ്ട് പഞ്ചായത്തുകളിലും പൂർണ്ണമായി ജലവിതരണം നടത്താൻ പര്യാപ്തമായ കുടിവെള്ള പദ്ധതികളല്ല ഇപ്പോഴുള്ളതെന്നും സ്രോതസ്സിന്റെ അപര്യാപ്തത വരൾച്ചാകാലങ്ങളിൽ അവിടത്തെ ജലവിതരണത്തെ പ്രതികൂലമായി ബാധിക്കുന്നതുമൂലം ആവശ്യത്തിന് കുടിവെള്ളം എത്തിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുകയും ചെയ്യുന്നുണ്ടെന്നാണ്. ഇത് തരണം ചെയ്യുന്നതിനുവേണ്ടി കണ്ണാടിപ്പുഴ സ്രോതസ്സായി ഏതാണ്ട് 12.5 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയും മൂന്ന് പഞ്ചായത്തുകളിലും ഉന്നതതല ജലസംഭരണികളും ഇവയിലേയ്ക്കുള്ള പമ്പിംഗ് മെയിനുകളും പമ്പ് സെറ്റും ഉൾപ്പെടുന്ന 35 കോടി രൂപയുടെ പദ്ധതി 30 വർഷങ്ങൾക്കുശേഷവും ഈ പ്രദേശത്തെ ജനങ്ങളുടെ കുടിവെള്ള ആവശ്യം പരിഹരിക്കാൻ കഴിയാവുന്ന വിധത്തിൽ വിഭാവന ചെയ്തിട്ടുണ്ട്, ഇത് പാലക്കാട് ജില്ലയുടെ Comprehensive District Plan-ൽ

ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഉടനെതന്നെ നൽകാവുന്നതാണെന്നും 2016-ൽ മറുപടി നൽകിയിരുന്നതാണ്. ഇതിനുശേഷവും പലതവണ ബന്ധപ്പെട്ടെങ്കിലും കിഫ്ബി പ്രോജക്ടുകളിൽ ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ തടസ്സങ്ങളുടെ പേരിൽ ആ പ്രോജക്ട് ആരംഭിക്കാൻ സാധിച്ചിട്ടില്ല. പക്ഷെ പിരായിരി പഞ്ചായത്തിലെ പ്രശ്നങ്ങൾ അതിരൂക്ഷമായി മാറുകയാണ്. പിരായിരി പഞ്ചായത്തിലെ അയ്യപ്പൻകാവ്, മെട്രോനഗർ, മാപ്പിളക്കാട്, കുറുക്കമ്പാറ, കുരിശ്ശാംകുളം, ഫാത്തിമാറോഡ്, വാലിയംപറമ്പ്, പൂങ്കുളം, സി.എച്ച്. കുന്ന്, ഉപാസന നഗർ, കല്ലേക്കാട്, പള്ളിക്കുളം, തരുവത്തുപ്പടി, നെടുങ്ങാട്, ചക്കംതൊടി തുടങ്ങിയ പ്രദേശങ്ങളിൽ കഴിഞ്ഞ ദിവസം കുടിവെള്ളത്തിന് പ്രയാസം വന്നപ്പോൾ അങ്ങ് ഇടപെട്ട് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുത്തതിന്റെ ഫലമായി എക്സിക്യൂട്ടീവ് എഞ്ചിനീയറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അസിസ്റ്റന്റ് എഞ്ചിനീയറും ഉൾപ്പെടെയുള്ളവർ സ്ഥലം സന്ദർശിച്ചു. ഈ വിഷയത്തിന് താൽക്കാലികമായും ശാശ്വതമായുമുള്ള പരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. മറ്റൊരു മാർഗ്ഗവുമില്ലെന്നാണ് അവർ പറയുന്നത്. എം.എൽ.എ. ഫണ്ടിൽനിന്നും സമീപകാലത്ത് 10 ലക്ഷം രൂപ കൊടുത്തു. പക്ഷേ കുഴൽക്കിണർ കുഴിച്ചിട്ട് വെള്ളം കിട്ടാതെ രണ്ടുതവണ ശ്രമം ഉപേക്ഷിച്ചു. കഴിഞ്ഞ വർഷവും ഏതാണ്ട് 5 ലക്ഷം രൂപ അനുവദിച്ചുകൊടുത്തു. ഇപ്പോഴും വാട്ടർ അതോറിറ്റിക്കുതന്നെ അതൊരു ഗ്യാരന്റീഡായിട്ടുള്ള സ്കീമാണെന്ന് പറയാൻ കഴിയില്ല. കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പിരായിരിയിലെ ഉയർന്ന പ്രദേശങ്ങളിലേയ്ക്ക് മൂത്താന്തറയിൽനിന്നും സെപ്പറേറ്റ് ലൈൻ വലിച്ചെങ്കിൽ മാത്രമേ ഈ പ്രദേശത്തെ ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുകയുള്ളൂവെന്നാണ് ശാശ്വത പരിഹാരമായി അവർ പറയുന്ന ഏക മാർഗ്ഗം. ഫെബ്രുവരി മാസം ആയിട്ടേയുള്ളൂ. ഇപ്പോൾത്തന്നെ കുടിവെള്ളത്തിന് രൂക്ഷമായ ക്ഷാമം അനുഭവപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ എത്രയും പെട്ടെന്ന് മേൽ സൂചിപ്പിച്ച പ്രോജക്ട് ആരംഭിച്ച്, ആ പ്രദേശത്തെ വലിയ വിഭാഗം ജനങ്ങളുടെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ അങ്ങയുടെ ഇടപെടൽ ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, പാലക്കാട് ജില്ലയിലെ മാത്തൂർ, പിരായിരി, കോട്ടായി എന്നീ പഞ്ചായത്തുകൾക്കായി കണ്ണാടിപ്പുഴ സ്രോതസ്സായി സമഗ്ര കുടിവെള്ള പദ്ധതിക്കായി 3510 ലക്ഷം രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിരുന്നുവെങ്കിലും ഫണ്ടിന്റെ ലഭ്യത ക്കുറവുമൂലം നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതിയിൽ കിണർ, റാ വാട്ടർ പമ്പിംഗ് മെയിൻ, 12.5 എം.എൽ.ഡി. ശുദ്ധീകരണശാല, 5.5 ലക്ഷം ലിറ്റർ സമ്പ് പമ്പ് ഹൗസും മൂന്ന് പഞ്ചായത്തുകളിലായി 24.5 ലക്ഷം (പിരായിരി), 15 ലക്ഷം

(മാത്തൂർ), 14 ലക്ഷം (കോട്ടായി) ലിറ്റർ വീതം ശേഷിയുള്ള ഉന്നതതല ജലസംഭരണികൾ, ഇവയിലേയ്ക്കുള്ള പമ്പിംഗ് മെയിനുകൾ എന്നിവ ഉൾപ്പെടുന്നു.

പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിലെ അയ്യപ്പൻകാവ്, പള്ളിക്കുളം, തരുവത്തുപ്പടി, നെടുങ്ങാട്, ചക്കംതൊടി, കല്ലേക്കാട് എന്നീ പ്രദേശങ്ങളിലേയ്ക്ക് പാലക്കാട് മുനിസിപ്പാലിറ്റി പ്രദേശത്തെ മൂത്താന്തറ ഉന്നതതല ജലസംഭരണിയിൽനിന്നും 200 മില്ലി മീറ്റർ എ.സി. പൈപ്പിലൂടെയാണ് ജലവിതരണം നടത്തിവരുന്നത്. വളരെയധികം കാലപ്പഴക്കമുള്ള പൈപ്പായതിനാലും നിരന്തരം അറ്റകുറ്റപ്പണികൾ വേണ്ടിവരുന്നതിനാലും മതിയായ രീതിയിൽ ജലവിതരണം സാധ്യമാകുന്നില്ല. കൂടാതെ നിലവിൽ പല ഭാഗങ്ങളിലും പൈപ്പ് ലൈൻ പൊതുമരാമത്ത് നിരത്തുകളിലാണ് സ്ഥാപിച്ചിട്ടുള്ളത്. ആയതിനാൽ റോഡ് മുറിച്ച് അറ്റകുറ്റപ്പണികൾ നടത്താൻ കഴിയുന്നില്ല. അതുകൊണ്ട് മൂത്താന്തറ ഉന്നതതല ജലസംഭരണിയിൽനിന്നും പിരായിരി, കല്ലേക്കാട് പ്രദേശങ്ങളിലേയ്ക്ക് പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിച്ച് ജലവിതരണം നടത്തിയാൽ മേൽ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും. ഈ പ്രവൃത്തിക്ക് 223 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലനും ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. ഇതിന്റെ ആവശ്യകത കണക്കിലെടുത്ത് ശുദ്ധീകരണശാലയും ടാങ്കും നിർമ്മിക്കുന്ന പദ്ധതി സംസ്ഥാന പ്ലാനിലും നിലവിലുള്ള പദ്ധതിയിലെ വിതരണ ശൃംഖല ശക്തിപ്പെടുത്തുന്ന പ്രവൃത്തികൾ ജൽജീവൻ മിഷനിലും ഉൾപ്പെടുത്തി നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്. ഇതുസംബന്ധിച്ച് ചർച്ച ചെയ്ത് വളരെ വേഗത്തിൽ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കാം.

### (4) ഭൂമി പ്രശ്നങ്ങൾ

ശ്രീ. എസ്. രാജേന്ദ്രൻ: സർ, പതിനേഴാം നിയമസഭാ സമ്മേളന കാലയളവിൽ സഭയുടെ ആവശ്യപ്രകാരം ഇടുക്കി ജില്ലയിലെ ഭൂമി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയുമായി ചേർന്ന് ഒരു യോഗം ഗസ്റ്റ് ഹൗസിൽ ചേരുകയുണ്ടായി. അവിടത്തെ പ്രശ്നങ്ങൾ അങ്ങേയ്ക്കും നല്ലതുപോലെ അറിയാവുന്നതാണ്. 1964-ലെയും 1993-ലെയും നിയമപ്രകാരമുള്ള വ്യവസ്ഥകളനുസരിച്ച് കൃഷിയും വീടും ഒഴികെ മറ്റിതര ആവശ്യങ്ങൾക്ക്, വാണിജ്യ ആവശ്യം ഉൾപ്പെടെയുള്ള ഉപയോഗത്തിന്, ഭൂമി ഉപയോഗപ്പെടുത്താൻ അനുവാദം നൽകണമെന്നുള്ളതായിരുന്നു പ്രധാനമായും

ആ ചർച്ചയിൽ ആവശ്യപ്പെട്ടത്. സമീപകാലത്തെ കോടതി വിധികളിലും ആ നിലയിൽ പരാമർശമുണ്ടായിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഗവൺമെന്റ് ഇങ്ങനെയൊരു സമീപനം സ്വീകരിക്കുന്ന അവസരത്തിൽ ജില്ലാ ഭരണകൂടത്തിലെ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ അതിന് വിരുദ്ധമായി കാരണം കാണിക്കൽ നോട്ടീസ്, കെട്ടിടങ്ങൾ ഏറ്റെടുക്കൽ എന്നിങ്ങനെയുള്ള ചില സമീപനങ്ങൾ സ്വീകരിച്ചുവരുന്നതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകാം. ഗവൺമെന്റ് നയപരമായ സമീപനങ്ങളും ചർച്ചയും നടപടിക്രമങ്ങളും സ്വീകരിക്കുന്ന അവസരത്തിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ അവസാനിപ്പിക്കാനും അതോടൊപ്പം 1964-ലും 1993-ലുമുള്ള നിയമങ്ങളിൽ ഭേദഗതി വരുത്താനുമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. കൂടാതെ മൂന്നാർ പട്ടണം ഉൾപ്പെടെയുള്ള പ്രദേശത്ത് താമസിക്കുന്നവർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രി നിർമ്മാണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനായി The Kannan Devan Hills (Resumption of Lands) Act, 1971 അനുസരിച്ചുള്ള നിയമ നടപടികളും സ്വീകരിക്കണമെന്നതാണ് എന്റെ ആവശ്യം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 1964-ലെ ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം അനുവദിക്കുന്നത് കൃഷിക്കും ഗൃഹനിർമ്മാണത്തിനും ഗുണകരമായ ഉപയോഗത്തിനും മാത്രമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 2010-ലെ കേസിന്റെ 21-1-2010-ലെ ഇടക്കാല ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് മൂന്നാർ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. വാങ്ങിയിരിക്കണമെന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ തുടർച്ചയായാണ് 22-8-2019-ലെ 269/2019/റവന്യൂ പ്രകാരം 15 സെന്റിൽ താഴെയുള്ള ഭൂമിയിൽ പട്ടയ വ്യവസ്ഥകൾ ലംഘിച്ചുനടത്തിയ പ്രവർത്തനങ്ങളെ ക്രമവൽക്കരിച്ച് നൽകുന്നതുൾപ്പെടെയുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്. പ്രസ്തുത ഉത്തരവിൽ വ്യക്തത വരുത്തി 16-10-2019-ൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കൂടാതെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 32/143/2016, 32/145/2016-ാം നമ്പർ കേസുകളിൽ 14-1-2016-ൽ പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിൽ കാർഷികാവശ്യത്തിന് പതിച്ചുനൽകിയ ഭൂമിയിൽ വാണിജ്യപരമായ കെട്ടിട നിർമ്മാണം അനുവദനീയമല്ലെന്ന് നിരീക്ഷിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പട്ടയ വ്യവസ്ഥകളുടെ ലംഘനം

നടത്തിയിട്ടുള്ള കേസ്സുകൾ കണ്ടെത്തി അവയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട കോടതി നിർദ്ദേശിച്ചിട്ടുള്ളതുമാണ്. വാണിജ്യാവശ്യങ്ങൾക്കുള്ള വൻകിട ഹോട്ടലുകൾ, റിസോർട്ടുകൾ, വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവ പട്ടയ വസ്തുക്കളിൽ നിർമ്മിക്കുന്നത് നിലവിലുള്ള പട്ടയ വ്യവസ്ഥകളുടെ ലംഘനമാണ്. പട്ടയഭൂമിയിൽ നിലവിലുള്ള നിശ്ചിത വിസ്തൃതിയിലുള്ള അനധികൃത നിർമ്മാണങ്ങൾ വ്യവസ്ഥകളോടെ ക്രമവൽക്കരിച്ച് നൽകുക, ഇതിലേയ്ക്കായി ഭൂമി പതിവ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുക, ഉത്തരവിന്റെ പരിധിയിൽ വരാത്ത നിർമ്മിതികളുള്ള കേസുകളിൽ പട്ടയം റദ്ദുചെയ്ത് ഭൂമി പാട്ടത്തിന് നൽകുക തുടങ്ങിയ ഭൂമിയിലെ അനധികൃത നിർമ്മാണങ്ങൾ ഭാവിയിൽ തടയുന്നതിന്റെ ഭാഗമായി, ഏത് ആവശ്യത്തിനാണോ ഭൂമി അനുവദിച്ചിട്ടുള്ളതെന്ന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ പെർമിറ്റ് അനുവദിക്കാൻ പാടുള്ളൂവെന്ന വ്യവസ്ഥ ഉൾപ്പെടുത്തി ബിൽഡിംഗ് റൂളിൽ ഭേദഗതി വരുത്തുക, മൂന്നാർ മേഖലയിൽ ഒരു ടൗൺ പ്ലാനിംഗ് സ്കീമിന് രൂപം നൽകുക മുതലായവയാണ് 22-8-2019-ലെ സർക്കാർ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ. പ്രസ്തുത ഉത്തരവിനെതിരെ ജനപ്രതിനിധികളടക്കമുള്ളവരും പൊതുജനങ്ങളും ആക്ഷേപമുന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17-12-2019-ൽ സർവ്വകക്ഷി യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ മൂന്നാർ പ്രത്യേകമായി സംരക്ഷിക്കപ്പെടേണ്ടതാണെന്ന വസ്തുത പരിഗണിച്ച് എന്തൊക്കെ ചെയ്യാമെന്ന് പരിശോധിച്ച് സഹായകരമായ നിലപാട് സ്വീകരിക്കാവുന്നതാണെന്നും മൂന്നാർ സന്ദർശിക്കുന്ന ടൂറിസ്റ്റുകൾക്കൊപ്പം നിർമ്മാണ പ്രവർത്തനങ്ങൾക്കും നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ടെന്നും പ്രസ്തുത പ്രദേശം സംരക്ഷിക്കുന്നതിന് മൂന്നാറിന് പ്രത്യേകമായി ഒരു കെട്ടിട നിർമ്മാണ ചട്ടം ആവശ്യമാണെന്നും ബോധപൂർവ്വം ചട്ടങ്ങൾ പാലിക്കാതെയുള്ള വൻകിട നിർമ്മാണങ്ങൾ സംരക്ഷിക്കുകയില്ലെന്നും മൂന്നാർ ഏരിയ നിജപ്പെടുത്തുന്ന വിഷയം ബഹുമാനപ്പെട്ട കോടതിയുടെ അനുമതി വാങ്ങി പരിശോധിക്കാവുന്നതാണെന്നും ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ തുടങ്ങിയവയുടെ കാര്യത്തിൽ സ്വീകരിക്കാവുന്ന നടപടികൾ പരിശോധിക്കേണ്ടതുണ്ടെന്നും ചർച്ചയിലുയർന്ന നിർദ്ദേശങ്ങൾ പരിശോധിച്ച് അനുഭാവമായ നിലപാട് സ്വീകരിക്കുന്നതാണെന്നും തീരുമാനിക്കുകയുണ്ടായി. ഈ വിഷയവുമായി ബന്ധപ്പെട്ട് റിട്ട് പെറ്റീഷൻ 34095/2007, 1801/2010,

9542/2019, 17953/2019 തുടങ്ങിയ വിവിധ കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും ഒ.എസ്. 72/2017, ഒ.എ. 248/17 എന്നീ കേസുകൾ നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെയും സജീവ പരിഗണനയിലാണ്. മൂന്നാറിൽ നിർമ്മാണത്തിലിരിക്കുന്ന രണ്ട് ബഹുനില കെട്ടിടങ്ങളും ഹോട്ടലായി പ്രവർത്തിച്ചുവന്നിരുന്ന ഒരു ബഹുനില കെട്ടിടവും പട്ടയ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള നിർമ്മാണങ്ങളാകയാൽ പട്ടയം റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന വിജിലൻസ് വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ദേവികുളം താലൂക്കിലെ പള്ളിവാസൽ വില്ലേജിലെ പട്ടയ വ്യവസ്ഥകൾ ലംഘിച്ച് നിർമ്മിച്ച മൂന്ന് ബഹുനില കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന ഭൂമിയുടെ തണ്ടപ്പേർ റദ്ദ് ചെയ്ത് ഭൂമി ഏറ്റെടുക്കുന്നതിന് 21-1-2020-ൽ ഇടുക്കി ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കോടതികളുടെ ഇടപെടൽ ഉൾപ്പെടെയുള്ളതുകൊണ്ടാണ് വിജിലൻസിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമപരമായ നടപടി സ്വീകരിച്ചിട്ടുള്ളത്. 17-12-2019-ലെ സർവ്വകക്ഷി യോഗത്തിലെ തീരുമാനവും ഈ വിഷയത്തിലുള്ള വിവിധ കോടതി ഉത്തരവുകളും ഇടുക്കി ജില്ലയിലെ ജനങ്ങളുടെ ആശങ്കകളും പരിഗണിച്ച് ഈ കാര്യത്തിൽ സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ, ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതാണ്.

## (5) ഡി. ബാബുപോളിന് സ്മാരകം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സാംസ്കാരിക, ഭരണ, സാഹിത്യ രംഗത്ത് ഒരുപോലെ ശോഭിച്ച അപൂർവ്വ പ്രതിഭാസമാണ് ദിവംഗതനായ ഡോ. ഡി. ബാബു പോൾ. അദ്ദേഹം തയ്യാറാക്കിയ ബൈബിൾ നിഘണ്ടുവായ വേദശബ്ദ രത്നാകരം കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ മികച്ച പുസ്തകമാണ്. ഡോ. ഡി. ബാബു പോൾ നമ്മെ വിട്ടുപിരിഞ്ഞിട്ട് ഏപ്രിൽ 12-ന് ഒരു വർഷം തികയാൻ പോകുകയാണ്. അദ്ദേഹം കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ Mentor Emeritus- ആയി തന്റെ മരണം വരെ സൗജന്യമായി സേവനമനുഷ്ഠിച്ച വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളാണ് അക്കാദമിയെ മുന്നോട്ട് നയിച്ചതെന്ന് നമുക്കെല്ലാവർക്കുമറിയാം. 'കേരളം ദൈവത്തിന്റെ സ്വന്തം നാട് ' എന്ന ബ്രാൻഡ് സ്വീകരിച്ചത് അദ്ദേഹം ടൂറിസം സെക്രട്ടറിയായിരുന്ന കാലഘട്ടത്തിലായിരുന്നു. ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ച അദ്ദേഹത്തിന്റെ മികവ് നമുക്കെല്ലാവർ

ക്കമറിയാം. സൗമ്യമായി ചിരിച്ചുകൊണ്ട് നർമ്മബോധത്തോടെ വിമർശനങ്ങൾ ഉന്നയിക്കാനും തിരുത്താനുമുള്ള പ്രത്യേക വൈഭവം അദ്ദേഹത്തിന് എത്ര മാത്രമുണ്ടായിരുന്നുവെന്ന് നമ്മൾ മനസ്സിലാക്കിയിട്ടുള്ളതാണ്. അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ മാതാവിന്റെ പേരിൽ ഒരു ലൈബ്രറി ജന്മനാടായ പെരുമ്പാവൂരിലെ കുറുപ്പംപടിയിൽ DIET (District Institute of Education and Training)-ൽ നിർമ്മാണം ആരംഭിക്കുകയും അദ്ദേഹംതന്നെ അതിനുള്ള പണം മുടക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ നിര്യാണശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെ വന്ന് അത് ഉദ്ഘാടനം ചെയ്ത് അദ്ദേഹത്തെ അനുസ്മരിക്കുകയുമുണ്ടായി. അദ്ദേഹത്തിന്റെ ജന്മനാടായ പെരുമ്പാവൂരിലെ കുറുപ്പംപടിയിൽ അദ്ദേഹത്തിന്റെ സ്മരണ നിലനിർത്താൻവേണ്ടി പ്രൈവറ്റ് ബസ് സ്റ്റാന്റിനോട് ചേർന്നുള്ള പഞ്ചായത്തുവക സ്ഥലത്ത് അദ്ദേഹത്തിന്റെ ഒരു സ്മാരകം പണിയണമെന്നും പൂർണ്ണകായ പ്രതിമ സ്ഥാപിക്കണമെന്നും ആവശ്യപ്പെടുന്നതോടൊപ്പം അദ്ദേഹത്തോടുള്ള ആദര സൂചകമായി, കുറുപ്പംപടിയിൽ DIET-ന്റെ വെറുതെ കിടക്കുന്ന ഏക്കർ കണക്കിന് സ്ഥലത്ത് ഒരു ഐ.എ.എസ്. അക്കാദമിയും മികച്ച ഒരു ലൈബ്രറിയുംകൂടി സ്ഥാപിക്കണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, രായമംഗലം ഗ്രാമപഞ്ചായത്തിൽ രായമംഗലം വില്ലേജിൽ ബ്ലോക്ക് നമ്പർ 16-ൽ റീസർവ്വേ 123/9-ൽപ്പെട്ട 80.64 ആർ വസ്തുവിൽ നിലവിൽ രായമംഗലം ഗ്രാമപഞ്ചായത്ത് വക കുറുപ്പംപടി ബസ് സ്റ്റാന്റും പഞ്ചായത്തിന്റെ മറ്റ് ചില കെട്ടിടങ്ങളും പ്രവർത്തിച്ചുവരുന്നു. രായമംഗലം വില്ലേജ് ബി.റ്റി.ആർ. പ്രകാരം 'സർക്കാർ ചിറ' എന്ന് രേഖപ്പെടുത്തിയിട്ടുള്ള പ്രസ്തുത സ്ഥലം 1997-ൽ ബഹുമാനപ്പെട്ട മുൻസിഫ് കോടതി, പെരുമ്പാവൂർ, ഒ.എസ്.നമ്പർ 178/94-ാം നമ്പർ വിധിന്യായപ്രകാരം പൂർണ്ണമായും പഞ്ചായത്തിന്റെ അധീനതയിൽ ഇരിക്കുന്നതും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്.

നിലവിൽ ടി സർവ്വേയിൽ ലഭ്യമായ സ്ഥലത്ത് പഞ്ചായത്ത് ആധുനിക നിലവാരത്തിലുള്ള ഷോപ്പിംഗ് കോംപ്ലക്സും മിനി ടൗൺ ഹാളും ഉൾപ്പെടെയുള്ള നിർമ്മാണത്തിനായി 2019-2020-ൽ 341/20-ാം നമ്പരായി ഒരു കോടി രൂപ അടങ്കലിൽ പദ്ധതി ഏറ്റെടുത്ത് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. 3 കോടി രൂപയോളം നിർമ്മാണച്ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിക്കായി ലോൺ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളും പഞ്ചായത്ത് ആരംഭിച്ചിട്ടുണ്ട്.

കൂടാതെ കുറുപ്പംപടി സബ് രജിസ്ട്രാർ ഓഫീസ് ടി സ്ഥലത്ത് 5 സെന്റ് സ്ഥലം നീക്കിവച്ചിട്ടുള്ളതുമാണ്.

മേൽ സാഹചര്യങ്ങൾമൂലം പഞ്ചായത്തിന്റെ 15 സെന്റ് സ്ഥലം ഡോ. ഡി. ബാബു പോൾ സ്മരണ നിലനിർത്തുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ പൂർണ്ണകായ പ്രതിമയും ഐ.എ.എസ്., ഐ.പി.എസ്., പി.എസ്.സി. കോച്ചിംഗ് സെന്ററും റഫറൻസ് ലൈബ്രറിയും സ്ഥാപിക്കുന്നതിന് ലഭ്യമാക്കാൻ കഴിയാത്ത അവസ്ഥയിലാണ്.

### (6) കന്നിമേൽ കുടിവെള്ള പദ്ധതി

ശ്രീ. ആർ. രാജേഷ്: സർ, എന്റെ മണ്ഡലത്തിലെ, തഴക്കര ഗ്രാമപഞ്ചായത്തിലെ കന്നിമേൽ കുടിവെള്ള പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നതാണ് സബ്മിഷൻ. 2010 മുതൽ പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ പണം ഡെപ്പോസിറ്റ് ചെയ്ത് കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി കാത്തിരിക്കുകയാണ്. അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന ഒരു പഞ്ചായത്താണിത്. തഴക്കര പഞ്ചായത്തിലെതന്നെ ഏറ്റവും ഉയർന്ന പ്രദേശത്താണ് കന്നിമേൽ കോളനി സ്ഥിതി ചെയ്യുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട നാൽപ്പതിനുമുകളിൽ കുടുംബങ്ങൾ താമസിക്കുന്ന ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയാണ് പഞ്ചായത്ത് പണം ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. എന്നാൽ അതിനുള്ള നടപടികൾ പൂർത്തിയാക്കി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ വേഗത ഈ കാര്യത്തിലില്ല. രൂക്ഷമായ കുടിവെള്ള പ്രശ്നമുള്ള തഴക്കര പഞ്ചായത്തിൽ വിവിധ ഘട്ടങ്ങളിലായി നാലോളം ചെറുകിട പദ്ധതികൾ ആരംഭിച്ചിരുന്നു. കഴിഞ്ഞ ദിവസം രണ്ട് ചെറിയ കുടിവെള്ള പദ്ധതികൾ അങ്ങുതന്നെ ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഒരു കുടിവെള്ള പദ്ധതി ഈ മാസം അവസാനത്തോടുകൂടി പൂർത്തിയാക്കി നാടിന് സമർപ്പിക്കാൻ പോവുകയാണ്. ഈ പദ്ധതികൂടി പൂർത്തീകരിച്ച് നാടിന് സമർപ്പിക്കാനായാൽ തഴക്കര പഞ്ചായത്തിലെ ഒരു വലിയ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയും. അതിന്റെ സോയിൽ ടെസ്റ്റ് അടക്കം പൂർത്തീകരിച്ചു കഴിഞ്ഞിരിക്കുകയാണ്, തുടർനടപടികൾ വേഗത്തിൽ ചെയ്യേണ്ടതായിട്ടുണ്ട്. പഞ്ചായത്തിന്റെയും ജനങ്ങളുടെയും നിരന്തരമായ ആവശ്യത്തിന്റെ ഫലമായിട്ടാണ് വർഷങ്ങളായി മുടങ്ങിക്കിടന്ന ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ വാട്ടർ അതോറിറ്റി ഇപ്പോൾ നടപടി സ്വീകരിക്കാൻ തയ്യാറായിട്ടുള്ളത്. എന്നാൽ വേഗത കുറഞ്ഞ് മുന്നോട്ടുപോകുന്ന ഈ പദ്ധതി അടിയന്തരമായി പൂർത്തിയാക്കി രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. കന്നിമേൽ

കുടിവെള്ള പദ്ധതി ഏറ്റവും വേഗതയിൽ യാഥാർത്ഥ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സർ, മാവേലിക്കര നിയോജകമണ്ഡലത്തിലെ തഴക്കര ഗ്രാമപഞ്ചായത്തിലെ കന്നിമേൽ കുടിവെള്ള പദ്ധതിക്കായി വിവിധ ഘട്ടങ്ങളിലായി ഗ്രാമപഞ്ചായത്ത് 66,99,500 രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. കന്നിമേൽ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ പഞ്ചായത്തിലെ 9, 10, 11, 12 വാർഡുകളിലെ ഏകദേശം 7000-ത്തോളം പേർക്ക് പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കന്നിമേൽ കുടിവെള്ള പദ്ധതിയിൽ അച്ചൻകോവിൽ നദിയിൽ വെട്ടിയാർ പാലത്തിനു സമീപം ഇൻഫിൽട്രേഷൻ ഗ്യാലറിയോടുകൂടിയ കിണർ, കന്നിമേൽ കോളനിയിലെ പഞ്ചായത്ത് കിണറിനോട് ചേർന്ന ഉന്നതതല സംഭരണി, പമ്പിംഗ് മെയിൻ, വിതരണ ശൃംഖല, അനുബന്ധ സംവിധാനങ്ങൾ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഡിസൈനിലുണ്ടായ ചില സാങ്കേതിക പിഴവുമൂലം തുടക്കത്തിൽ ഈ പദ്ധതിയുടെ നടത്തിപ്പിൽ കാലതാമസമുണ്ടായി. കിണർ, ഉന്നതതല ജലസംഭരണി എന്നിവയ്ക്ക് ആവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ട്. കിണർ, ഉന്നതതല സംഭരണി എന്നിവ സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് മുഖേന മണ്ണ് പരിശോധന നടത്തി ഫെബ്രുവരി 2020-ൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി 2020 ഏപ്രിൽ അവസാനത്തോടുകൂടി ടെണ്ടർ ക്ഷണിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (7) റോഡ് പുനർനിർമ്മാണം

ശ്രീ. കെ. സി. ജോസഫ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ എം.ഡി.ആർ.-ൽപ്പെട്ട റോഡിന്റെ ഭാഗമാണ് വെള്ളാട്-കരുവഞ്ചാൽ മൂന്നര കിലോമീറ്റർ റോഡ്. 22-12-2015-ൽ എ.എസ്. കൊടുത്ത് ഇതിന്റെ പ്രവൃത്തി ആരംഭിച്ചു. 1.8 കിലോമീറ്റർ റോഡ് പണി പൂർത്തിയായപ്പോൾ ചില ആളുകൾ തടസ്സപ്പെടുത്തിയതിനാൽ പണി നിർത്തിവയ്ക്കേണ്ടിവന്നു. കോൺട്രാക്ടർ പണി ഉപേക്ഷിച്ചുപോയി. അവശേഷിക്കുന്നത് 1.7 കിലോമീറ്ററാണ്. വെള്ളാട് ആശുപത്രി, കണിയാഞ്ചാൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ എന്നിങ്ങനെയുള്ള നിരവധി സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നത് ഈ റോഡിന് സമീപമാണ്. നിരവധി വാഹനങ്ങൾ സർവ്വീസ് നടത്തുന്ന റോഡാണിത്. ഈ റോഡിന്റെ പണി മുടങ്ങിക്കിടക്കുകയാണ്. അതുസംബന്ധിച്ച് വീണ്ടും ചില

പരിശോധനകൾ വകുപ്പ് നടത്തിയശേഷം ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് ഒരു ശിപാർശ സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ട്. ഊരാളുങ്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് കുറഞ്ഞ ടെന്റർ സമർപ്പിച്ചത്. അവർക്ക് ഈ പണി ചെയ്യാൻ താൽപ്പര്യമില്ലായിരുന്നു, ഞങ്ങൾ നിർബന്ധിച്ച് അവരോട് പറഞ്ഞതനുസരിച്ച് അവർ വർക്ക് ഏറ്റെടുത്ത് 1.52 കോടി രൂപയ്ക്ക് ടെണ്ടർ കൊടുത്തിട്ടുണ്ട്. അതിപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. സർക്കാരിലേയ്ക്ക് അയച്ച റിപ്പോർട്ടിൽ ചീഫ് എഞ്ചിനീയർ പറയുന്നത്, " Superintending Engineer (North Circle) has reported that the site is in a worst condition and the work has to be completed as early as possible and there is no chance of getting better offer if work is re-tendered. The contractor M/s Uralungal Service Co-operative Society quoted the lowest amount is not willing to negotiate their quoted amount." ഇത് റീ-ടെണ്ടർ ചെയ്താലും ഇനിയും ഇതിനേക്കാൾ തുക കൂടുമെന്നാണ് തോന്നുന്നത്, ഏതായാലും റേറ്റ് കുറയുകയില്ല. ഈ സാഹചര്യത്തിൽ ഒരു സഹകരണ സംഘമായ ഊരാളുങ്കൽ കൊടുത്ത ടെണ്ടർ അംഗീകരിച്ചുകൊണ്ട്, ദയവായി ആ വർക്കിന്റെ ടെണ്ടർ സാംഗ്ഷൻ ചെയ്തുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട അംഗം കെ. സി. ജോസഫ് പറഞ്ഞ ചുണ്ടപ്പറമ്പ്-കരുവഞ്ചാൽ-വെള്ളാട് റോഡിന് ആവശ്യമായ വീതി ഇല്ലാതിരുന്നു. നിലവിലുള്ള റോഡ് നിർമ്മിക്കുന്നതിന് പ്രയാസമില്ലായിരുന്നു. പക്ഷേ, വീതി കൂട്ടി നിർമ്മിക്കണമെന്ന് അവിടെയുള്ള കുറച്ചാളുകൾ പറഞ്ഞു. അതിന്റെ ഫലമായി വീതി കൂട്ടി നിർമ്മിക്കാനുള്ള നടപടി സ്വീകരിച്ചു. അതിന്റെ ടെണ്ടറാണ് കൊടുത്തത്. പക്ഷേ ചില സ്ഥലത്ത് റോഡിന് സ്ഥലം കൊടുക്കാൻ ആളുകൾ തയ്യാറായില്ല. ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് സമയക്കുറവുകാരണം അതൊന്നും ഇവിടെ പറയാൻ കഴിഞ്ഞിട്ടുണ്ടാകില്ല. ഒരു കമ്മിറ്റിയൊക്കെ അവിടെ രൂപീകരിച്ചു. സർവ്വസാധാരണമായി കേരളത്തിൽ കണ്ടുവരുന്നൊരു കാര്യമാണ്; റോഡ് വേണം, സ്ഥലം തരില്ല. അടുത്തയാളിന്റെ സ്ഥലമെടുത്തോളൂ, ഞാൻ തരില്ല എന്നുള്ളതാണ്. അതാണിവിടെ നടന്നുകൊണ്ടിരിക്കുന്നത്. അതിനൊരു ഡെവലപ്മെന്റ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചു. കുറേ പേർ സ്ഥലം കൊടുത്തു, കുറേ പേർ കൊടുത്തില്ല. ഒരാൾ കൊടുക്കാതിരുന്നാലും റോഡ് നിർമ്മിക്കാനാകില്ല. ഇതാണ് അവസ്ഥ. ഇതുമൂലമാണ് കാലതാമസമുണ്ടായത്. അത് എങ്ങനെയെങ്കിലും പരിഹരിക്കാം. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടുണ്ട്. അങ്ങ് വായിച്ച റിപ്പോർട്ടിന്റെ വേറൊരു

ഭാഗമാണ് ഞാൻ വായിക്കുന്നത്. " The work was stopped by some committee members" , കമ്മിറ്റി അംഗങ്ങളാണ് റോഡ് തടഞ്ഞത്. സ്ഥലം വാങ്ങാൻ ചുമതലപ്പെടുത്തിയ മെമ്പർമാർ അവരുടെ സ്ഥലം വന്നപ്പോൾ തടഞ്ഞു. ആ കമ്മിറ്റിയുടെ ഗുണവിശേഷം മനസ്സിലായില്ലേ; " So, they are not willing to surrender the land. ആ ഭാഗം സംബന്ധിച്ച് അങ്ങേയ്ക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ ചെയ്തുനോക്കുക. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

മറ്റൊരു പ്രശ്നം, ഇപ്പോഴത്തെ പുതിയ ടെണ്ടറിൽ ഊരാളുങ്കൽ ലോവസ്റ്റ് റേറ്റാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. പക്ഷേ അവർ അൽപ്പം കൂടുതൽ ചോദിച്ചിട്ടുണ്ട്. കാരണം, അവർക്ക് ലോവസ്റ്റ് റേറ്റ് നഷ്ടമായിരിക്കാം. പകുതി പണി ചെയ്തിട്ടിരിക്കുന്നതിനാൽ റോഡ് കുളമായി കിടക്കുകയാണിപ്പോൾ. അപ്പോൾ "There is no chance of getting better offer if the work is re-tendered." അതാണ് ബഹുമാനപ്പെട്ട അംഗവും വായിച്ചത്. " The contractor M/s ULCCS Ltd. quoted the lowest amount is not willing to negotiate their quoted amount." അതിൽ കുറച്ച് അവർക്ക് ചെയ്യാൻ പറ്റില്ല. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 10 ശതമാനത്തിൽക്കൂടുതൽ വന്നാൽ സർക്കാരാണ് ചെയ്യേണ്ടത്. സർക്കാർ അത് പരിശോധിച്ച് അനുകൂലമായ നിലപാട് സ്വീകരിക്കാം. ഇതിൽ ചട്ടവിരുദ്ധമായി ഒന്നുമില്ല. സർക്കാരിന് ചെയ്യാവുന്നതാണ്; അങ്ങനെ ചെയ്യാം.

### (8) വിദേശ രാജ്യങ്ങളിൽ കുടുങ്ങിക്കിടക്കുന്ന മത്സ്യത്തൊഴിലാളികളെ തിരികെയെത്തിക്കൽ

ശ്രീ. എം. വിൻസെന്റ്: സർ, കൊറോണ വൈറസ് ബാധിച്ച് നിരവധിയാളുകൾ മരണപ്പെട്ട ഇറാനിലെ അസ്‌ലൂർ, തീസ്, മുഖ്റ, ലാവാൻ, ഹെസ്കോ, ടയർ, സിറോ തുടങ്ങിയ സ്ഥലങ്ങളിൽ കേരളത്തിൽനിന്നുള്ള മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ നിരവധി ആളുകൾ ഈ രോഗത്തെ ഭയന്ന് പുറത്തിറങ്ങാതെ റൂമുകളിൽത്തന്നെ കഴിയുകയാണ്. പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഇക്കാര്യം കേന്ദ്ര വിദേശകാര്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. നോർക്കയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇവരെ തിരികെ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചുവെന്ന് പറയുകയും ചെയ്തു. ബഹുമാനപ്പെട്ട മത്സ്യത്തൊഴിലാളി ക്ഷേമ വകുപ്പുമന്ത്രിയും ഇവർക്കാവശ്യമായ സഹായങ്ങൾ എത്തിക്കാനുള്ള നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ടായിരുന്നു. പക്ഷേ, നാളിതുവരെ എംബസിയിൽനിന്നോ ബന്ധപ്പെട്ട അധികാരികളിൽനിന്നോ ഈ ക്യാമ്പുകളിലേയ്ക്ക് ഒരാളും എത്തിയിട്ടില്ല. പല സ്പോൺസർമാരും ഇവരെ

ഭീഷണിപ്പെടുത്തുകയാണ്. അസ്‌ലൂരിലെ ഒരു ക്യാമ്പിൽ കഴിയുന്ന മെൽബോയ് എന്നൊരാൾ എടുത്ത വീഡിയോ ദൃശ്യം വാട്സ്ആപ്പിലൂടെ പ്രചരിച്ചപ്പോഴാണ് ഇവർ പ്രതിസന്ധിയിലായിരിക്കുന്ന വിവരം നമ്മൾ അറിയുന്നത്. കഴിഞ്ഞ ദിവസം സ്പോൺസർ ക്യാമ്പിൽ പോയി അവരെ ഭീഷണിപ്പെടുത്തുകയാണ്. വിസയുടെ കാര്യത്തിൽ നഷ്ടപ്പെട്ട പണം മുഴുവൻ തന്നാൽ മാത്രമേ നിങ്ങൾക്ക് പോകാൻ കഴിയുകയുള്ളൂ, നാളെ വെള്ളം കട്ട് ചെയ്യും, മൂന്ന് ദിവസംകൂടി നിങ്ങൾക്ക് ഭക്ഷണം തരും. അതുകഴിഞ്ഞാൽ അതും കട്ട് ചെയ്യും എന്നൊക്കെ പറഞ്ഞാണ് ഭീഷണിപ്പെടുത്തുന്നത്. ആ സ്പോൺസർ പറഞ്ഞതുപോലെ അസ്‌ലൂരിലെ ക്യാമ്പിൽ ഇന്നലെ രാവിലെ വെള്ളം കട്ട് ചെയ്തു. 23 പേർ താമസിക്കുന്ന ആ റൂമിൽ ഒരു ടോയ്‌ലെറ്റ് മാത്രമാണുള്ളത്. അവിടെ വെള്ളമില്ലാത്തതുകൊണ്ട് ഉപയോഗിക്കാൻ കഴിയുന്നില്ല. പുറത്തിറങ്ങിയാൽ രോഗം ബാധിക്കുമെന്നുള്ള ഭീഷണി നിലനിൽക്കെ ഗത്യന്തരമില്ലാതെ അവസാനം അവർ പുറത്തിറങ്ങി. തങ്ങൾ താമസിക്കുന്ന വീടിന്റെ ഉടമസ്ഥനോട് ഞങ്ങൾക്ക് വെള്ളം ലഭ്യമാക്കണമെന്ന് പറഞ്ഞതിന്റെ ഫലമായി വൈകുന്നേരത്തോടുകൂടി അവർക്ക് അവിടെനിന്ന് താൽക്കാലികമായി വെള്ളം ലഭ്യമാകുകയും പുറത്തുള്ള പൊതുവായി എല്ലാവർക്കും ഉപയോഗിക്കാൻ കഴിയുന്ന പബ്ലിക്ക് ടോയ്‌ലെറ്റ് ഉപയോഗിക്കേണ്ട സ്ഥിതിയും വന്നു. പല സ്ഥലങ്ങളിലും ഇങ്ങനെയാണ്. ബോട്ടുകളിലുള്ള സൗകര്യം ഉപയോഗിച്ചാണ് കുറച്ചാളുകൾ താമസിക്കുന്നത്. ചില സ്പോൺസർമാർ ഭക്ഷണം എത്തിക്കുന്നുണ്ട്. ചിലർ എത്തിക്കുന്നില്ല. അസ്‌ലൂരിലെ ക്യാമ്പിൽ ഒരു അധികാരികളും ഇതുവരെ എത്തിയിട്ടില്ല. ഇവർക്ക് കൊറോണ വൈറസ് ബാധിച്ചിട്ടുണ്ടോ ഇല്ലയോ എന്നതുസംബന്ധിച്ച് പരിശോധിക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ് അത്യാവശ്യമായും വേണ്ടത്. കേന്ദ്ര സർക്കാരുമായും ഇന്ത്യൻ എംബസിയുമായും ബന്ധപ്പെട്ട് ഇതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണം. അതോടൊപ്പംതന്നെ സ്പോൺസർമാർ സ്വീകരിച്ചിരിക്കുന്ന ഇത്തരം നിലപാടിൽനിന്ന് അവരെ പിന്തിരിപ്പിച്ചുകൊണ്ട് ഈ മത്സ്യത്തൊഴിലാളികളെ തിരികെ കൊണ്ടുവരാനുള്ള അടിയന്തര നടപടി സർക്കാർ സ്വീകരിക്കണം. ഞാൻ ചീഫ് സെക്രട്ടറിയേയും ബന്ധപ്പെട്ടിരുന്നു. അദ്ദേഹം ഉടൻതന്നെ ഇക്കാര്യങ്ങളെല്ലാം അന്വേഷിച്ചുവെന്ന് പറഞ്ഞു. പക്ഷേ ആ നടപടികൾ അവരുടെ അടുത്തേയ്ക്കൊന്നും എത്തുന്നില്ലെന്നാണ് ഇന്ന് രാവിലെയും നമുക്ക് മനസ്സിലായിട്ടുള്ളത്. നോർക്കയുടെ കണക്കനുസരിച്ച് കേരളത്തിൽനിന്നുള്ള 60 മത്സ്യത്തൊഴിലാളികളാണ് അവിടെ പെട്ടിരിക്കുന്നത്. പക്ഷേ യഥാർത്ഥ എണ്ണം അതിനേക്കാൾ കൂടുതലാണ്. അതുകൊണ്ട് ഔദ്യോഗികമായി അധികാരികൾ അവിടെയെത്തി അവർക്കുവേണ്ട ആശ്വാസ നടപടികൾ അടിയന്തരമായി സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇക്കാര്യത്തിൽ ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഇറാനിൽ കൊറോണ വൈറസ് ബാധ പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത രാജ്യത്ത് കുടുങ്ങിക്കിടക്കുന്ന മത്സ്യത്തൊഴിലാളികളെ നാട്ടിൽ തിരികെ എത്തിക്കുന്നതിനുള്ള സഹായം അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 1-3-2020-ന് ബഹുമാനപ്പെട്ട കേന്ദ്ര വിദേശകാര്യ മന്ത്രിക്ക് അർദ്ധ ഔദ്യോഗിക കത്തയച്ചിട്ടുണ്ട്. കൂടാതെ ഇറാനിൽ കൊറോണ വൈറസ് ബാധ പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത രാജ്യത്ത് കുടുങ്ങിക്കിടക്കുന്ന മത്സ്യത്തൊഴിലാളികളെയും മറ്റ് മേഖലകളിൽ ജോലി ചെയ്യുന്ന പ്രവാസികളെയും രക്ഷപ്പെടുത്തി നാട്ടിലെത്തിക്കുന്നതിലേയ്ക്കായി നോർക്ക വകുപ്പിലെ 2-3-2020-ലെ കത്ത് പ്രകാരം ഇറാനിലെ ഇന്ത്യൻ എംബസിയുടെയും കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെയും സഹായം തേടിയിട്ടുണ്ട്. കൊറോണ വൈറസ് ബാധയെത്തുടർന്ന് മറ്റ് വിദേശ രാജ്യങ്ങളിൽ കുടുങ്ങിക്കിടന്ന ഭൂരിഭാഗം പ്രവാസികളെയും പ്രസ്തുത രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ എംബസികളുടെ സഹായത്തോടെ നാട്ടിൽ തിരികെ എത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ചൈന, ജപ്പാൻ, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ അകപ്പെട്ട മലയാളികളായ പ്രവാസികളും മെഡിക്കൽ വിദ്യാർത്ഥികളും ഇതിൽ ഉൾപ്പെടുന്നു. ഇവരുടെ കാര്യത്തിൽ ഇടപെടണമെന്ന് അഭ്യർത്ഥിച്ച് പ്രസ്തുത രാജ്യങ്ങളിലെ ഇന്ത്യൻ അംബാസിഡർമാർക്കും കേന്ദ്ര വിദേശകാര്യമന്ത്രിക്കും നോർക്ക വകുപ്പിൽനിന്നും കത്തുകൾ അയച്ചിട്ടുണ്ട്. ഇറാൻ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിൽ കുടുങ്ങിക്കിടക്കുന്ന ഇന്ത്യാക്കാർക്ക് ആർക്കുംതന്നെ കൊറോണ ബാധ സ്ഥിരീകരിച്ചിട്ടില്ല. അവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ആവശ്യമായ ഭക്ഷണം ലഭ്യമാക്കുന്നതിനുമുള്ള നടപടി ഇന്ത്യൻ എംബസി മുഖേന സ്വീകരിച്ചിട്ടുണ്ട്. ഇവരുടെ ഔദ്യോഗികമായ രേഖകൾ എംബസിക്കില്ലെന്നാണ് ഇന്ത്യൻ എംബസിയുമായി ചീഫ് സെക്രട്ടറി നേരിട്ട് ബന്ധപ്പെട്ടപ്പോൾ ലഭ്യമായ വിവരം. അതുകൊണ്ടുതന്നെയാണ് നോർക്ക വഴി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ശേഖരിച്ച് അവർക്ക് നൽകിയിട്ടുള്ളത്. എംബസി അധികൃതർ ഈ ക്യാമ്പുകളുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നാണ് ഇന്ന് ഞാൻ മനസ്സിലാക്കിയത്. ഭക്ഷണവും മറ്റ് കാര്യങ്ങളും എത്തിക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ആ രാജ്യത്തിന്റെ നിയമ വ്യവസ്ഥയുമായി ബന്ധപ്പെട്ട് മാത്രമേ നമുക്ക് കൂടുതൽ മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഭയാശങ്കകൾ പരത്താതെ സാധ്യമായതൊക്കെ ചെയ്യിക്കാനാണ് ഇടപെടുന്നത്. അത് ആ അർത്ഥത്തിലാണ് മനസ്സിലാക്കേണ്ട തെന്നാണ് എനിക്ക് പറയുവാനുള്ളത്.

12.00 Noon]

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## V. മേശപ്പുറത്തുവച്ച കടലാസ്സുകൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസ്സുകൾ

| ക്രമ നമ്പർ | എസ് .ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 997/2019 | ജി.ഒ.(ആർ റ്റി) നമ്പർ 3526/2019/ഹോം | 4-12-2019 | അല്ല |
| 2 | 35/2020 | ജി.ഒ.(ആർ റ്റി)നമ്പർ 15/2020/ഹോം | 3-1-2020 | അല്ല |
| 3 | 76/2020 | ജി.ഒ.(ആർ റ്റി)നമ്പർ 4/2020/ഹോം | 28-1-2020 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ.

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റാർട്ടപ്പ് മിഷൻ | 2016-17 മുതൽ 2018-19 വരെ | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു.

20-11-2019-നും 5-2-2020-നും മേശപ്പുറത്ത് വച്ചത്

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 304/2018 | ജി.ഒ.(പി) നമ്പർ 4/2018/ജിഎഡി. | 17-5-2018 |
| 2 | 707/2019 | ജി.ഒ.(ആർറ്റി) നമ്പർ 2154/2019/ഹോം | 13-8-2019 |
| 3 | 708/2019 | ജി.ഒ.(ആർറ്റി) നമ്പർ 2154/2019/ഹോം | 13-8-2019 |

| | | | |
|---|---|---|---|
| 4 | 709/2019 | ജി.ഒ.(ആർറ്റി) നമ്പർ 2154/2019/ഹോം | 13-8-2019 |
| 5 | 710/2019 | ജി.ഒ.(ആർറ്റി) നമ്പർ 2154/2019/ഹോം | 13-8-2019 |
| 6 | 711/2019 | ജി.ഒ.(ആർറ്റി) നമ്പർ 2154/2019/ഹോം | 13-8-2019 |
| 7 | 712/2019 | ജി.ഒ.(ആർറ്റി) നമ്പർ 2154/2019/ഹോം | 13-8-2019 |
| 8 | 738/2019 | ജി.ഒ.(എം.എസ്) നമ്പർ 151/2019/ഹോം | 11-10-2019 |
| 9 | 746/2019 | ജി.ഒ.(പി) നമ്പർ 41/2019/ഹോം | 14-10-2019 |
| 10 | 755/2019 | ജി.ഒ.(ആർറ്റി) നമ്പർ 2802/2019/ഹോം. | 15-10-2019 |
| 11 | 759/2019 | ജി.ഒ.(എം.എസ്) നമ്പർ 158/2019/ഹോം | 18-10-2019 |
| 12 | 760/2019 | ജി.ഒ.(എം.എസ്) നമ്പർ 158/2019/ഹോം | 18-10-2019 |
| 13 | 761/2019 | ജി.ഒ.(എം.എസ്) നമ്പർ 159/2019/ഹോം | 18-10-2019 |
| 14 | 762/2019 | ജി.ഒ.(എം.എസ്) നമ്പർ 159/2019/ഹോം | 18-10-2019 |
| 15 | 771/2019 | ജി.ഒ.(എം.എസ്)നമ്പർ 163/2019/ഹോം | 20-10-2019 |
| 16 | 809/2019 | ജി.ഒ.(പി) നമ്പർ 48/2019/ഹോം. | 5-11-2019 |

5-2-2020-ന് മേശപ്പുറത്തു വച്ചത്

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 858/2017 | ജി.ഒ.(എം.എസ്) നമ്പർ 260/2017/ഹോം | 28-12-2017 |

| | | | |
|---|---|---|---|
| 2 | 859/2017 | ജി.ഒ.(എം.എസ്) നമ്പർ 261/2017/ഹോം | 28-12-2017 |
| 3 | 860/2017 | ജി.ഒ.(എം.എസ്) നമ്പർ 262/2017/ഹോം | 28-12-2017 |
| 4 | 228/2019 | ജി.ഒ.(ആർറ്റി) നമ്പർ 821/2019/ഹോം | 14-3-2019 |
| 5 | 389/2019 | ജി.ഒ.(എം.എസ്) നമ്പർ 70/2019/ഹോം | 7-6-2019 |
| 6 | 472/2019 | ജി.ഒ.(പി) നമ്പർ 17/2019/ഹോം | 9-7-2019 |
| 7 | 671/2019 | ജി.ഒ.(എം.എസ്) നമ്പർ 124/2019/ഹോം | 18-8-2019 |
| 8 | 672/2019 | ജി.ഒ.(എം.എസ്) നമ്പർ 125/2019/ഹോം | 18-8-2019 |
| 9 | 753/2019 | ജി.ഒ.(പി) നമ്പർ 40/2019/ഹോം | 13-10-2019 |
| 10 | 776/2019 | ജി.ഒ.(എം.എസ്) നമ്പർ 164/2019/ഹോം | 21-10-2019 |
| 11 | 795/2019 | ജി.ഒ.(പി) നമ്പർ 44/2019/ഹോം | 29-10-2019 |
| 12 | 803/2019 | ജി.ഒ.(ആർറ്റി) നമ്പർ 2957/2019/ഹോം | 25-10-2019 |
| 13 | 804/2019 | ജി.ഒ.(ആർറ്റി) നമ്പർ 2955/2019/ഹോം | 25-10-2019 |
| 14 | 805/2019 | ജി.ഒ.(ആർറ്റി) നമ്പർ 3055/2019/ഹോം | 2-11-2019 |
| 15 | 806/2019 | ജി.ഒ.(എം.എസ്) നമ്പർ 171/2019/ഹോം | 1-11-2019 |
| 16 | 807/2019 | ജി.ഒ.(എം.എസ്) നമ്പർ 147/2019/ഹോം | 2-10-2019 |
| 17 | 813/2019 | ജി.ഒ.(പി) നമ്പർ 50/2019/ഹോം | 5-11-2019 |
| 18 | 815/2019 | ജി.ഒ.(പി) നമ്പർ 51/2019/ഹോം | 5-11-2019 |
| 19 | 826/2019 | ജി.ഒ.(എം.എസ്) നമ്പർ 168/2019/ഹോം | 30-10-2019 |
| 20 | 830/2019 | ജി.ഒ.(പി) നമ്പർ 52/2019/ഹോം | 5-11-2019 |
| 21 | 831/2019 | ജി.ഒ.(പി) നമ്പർ 53/2019/ഹോം | 7-11-2019 |
| 22 | 855/2019 | ജി.ഒ(പി) നമ്പർ 8/2019/പി&എആർഡി. | 11-11-2019 |
| 23 | 858/2019 | എസ്എസ്1/19/2019/ജിഎഡി. | 11-11-2019 |

| | | | |
|---|---|---|---|
| 24 | 859/2019 | എസ്എസ്1/19/2019/ജിഎഡി | 11-11-2019 |
| 25 | 860/2019 | എസ്എസ്1/19/2019/ജിഎഡി | 11-11-2019 |
| 26 | 861/2019 | എസ്എസ്1/19/2019/ജിഎഡി | 11-11-2019 |
| 27 | 862/2019 | എസ്എസ്1/19/2019/ജിഎഡി | 11-11-2019 |
| 28 | 872/2019 | ജി.ഒ.(എം.എസ്) നമ്പർ 179/2019/ഹോം | 13-11-2019 |
| 29 | 881/2019 | 60903/എസ്എസ്എ 2/2016/ ആഭ്യന്തരം | 14-11-2019 |
| 30 | 886/2019 | ജി.ഒ.(ആർറ്റി) നമ്പർ 3184/2019/ഹോം | 12-11-2019 |
| 31 | 887/2019 | എസ്എസ്1/19/2019/ജിഎഡി. | 16-11-2019 |
| 32 | 891/2019 | ജി.ഒ.(ആർറ്റി) നമ്പർ 3271/2019/ഹോം | 18-11-2019 |
| 33 | 907/2019 | ജി.ഒ.(ആർറ്റി) നമ്പർ 3293/2019/ഹോം | 19-11-2019 |
| 34 | 917/2019 | ജി.ഒ(പി) നമ്പർ 2/2019/ഇഎൻവിടി. | 14-11-2019 |
| 35 | 919/2019 | ഹോം-എസ്എസ്എ 2/278/2019-ഹോം | 25-11-2019 |
| 36 | 921/2019 | ഹോം-എസ്എസ്എ 1/431/2019-ഹോം | 26-11-2019 |
| 37 | 923/2019 | ഹോം-എസ്എസ്എ 4/112/2019-ഹോം | 26-11-2019 |
| 38 | 955/2019 | ജി.ഒ.(എം.എസ്) നമ്പർ 196/2019/ഹോം | 5-12-2019 |
| 39 | 972/2019 | ജി.ഒ.(ആർറ്റി) നമ്പർ 3518/2019/ഹോം | 4-12-2019 |
| 40 | 976/2019 | സ.ഉ.(കൈ) നമ്പർ 21/2019/നോർക്ക | 6-12-2019 |
| 41 | 986/2019 | വിജ്-സി1/482/2019-വിജ് | 18-12-2019 |
| 42 | 1006/2019 | ഹോം-എസ്എസ്എ 2/268/2019-ഹോം | 24-12-2019 |
| 43 | 2/2020 | ജി.ഒ.(ആർറ്റി) നമ്പർ 3737/2019/ഹോം | 24-12-2019 |
| 44 | 8/2020 | ജി.ഒ.(പി) നമ്പർ 2/2020/ഹോം | 4-1-2020 |
| 45 | 40/2020 | ഹോം-എസ്എസ്എ 3/250/2019-ഹോം | 16-1-2020 |

12-2-2020-ന് മേശപ്പുറത്തു വച്ചത്

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 991/2019 | സ.ഉ.(കൈ) നമ്പർ 23/2019/നോർക്ക | 17-12-2019 |
| 2 | 995/2019 | സ.ഉ.(കൈ) നമ്പർ 19/2019/നോർക്ക | 1-11-2019 |
| 3 | 3/2020 | ജി.ഒ.(ആർറ്റി) നമ്പർ 3738/2019/ഹോം | 24-12-2019 |
| 4 | 18/2020 | ജി.ഒ.(പി) നമ്പർ 1/2020/ഹോം | 4-1-2020 |
| 5 | 37/2020 | ജി.ഒ.(ആർറ്റി) നമ്പർ 108/2020/ഹോം | 16-1-2020 |
| 6 | 42/2020 | ഹോം-എസ്എസ്എ 2/172/2019-ഹോം | 17-1-2020 |

II. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | മലബാർ സിമന്റ്സ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

5-2-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 757/2019 | ജി.ഒ.(പി) നമ്പർ 19/2019/ഐഡി. | 17-9-2019 |
| 2 | 947/2019 | ജി.ഒ.(പി) നമ്പർ 23/2019/ഇൻഡ്. | 22-10-2019 |
| 3 | 952/2019 | ജി.ഒ.(പി) നമ്പർ 21/2019/ഐഡി. | 11-10-2019 |
| 4 | 12/2020 | ജി.ഒ.(പി) നമ്പർ 2/2020/ഐഡി. | 6-1-2020 |

12-2-2020-ന് മേശപ്പുറത്തു വച്ചത്

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 5/2020 | സ.ഉ.(അച്ചടി) നമ്പർ 1/2020/കാ.യു.വ. | 1-1-2020 |

III. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

20-11-2019-നും 5-2-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 741/2019 | ജി.ഒ.(പി) നമ്പർ 61/2019/ആർഡി. | 9-10-2019 |

5-2-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 734/2019 | ജി.ഒ.(പി) നമ്പർ 51/2019/ആർഡി. | 24-8-2019 |
| 2 | 745/2019 | ജി.ഒ.(പി) നമ്പർ 62/2019/ആർഡി. | 9-10-2019 |
| 3 | 781/2019 | ജി.ഒ.(പി) നമ്പർ 69/2019/ആർഡി.. | 25-10-2019 |
| 4 | 786/2019 | ജി.ഒ.(പി) നമ്പർ 70/2019/ആർഡി. | 26-10-2019 |
| 5 | 810/2019 | ജി.ഒ.(പി) നമ്പർ 75/2019/ആർഡി. | 5-10-2019 |
| 6 | 811/2019 | ജി.ഒ.(പി) നമ്പർ 74/2019/ആർഡി. | 4-11-2019 |
| 7 | 876/2019 | ജി.ഒ.(പി) നമ്പർ 73/2019/ആർഡി. | 1-11-2019 |
| 8 | 911/2019 | ജി.ഒ.(പി) നമ്പർ 76/2019/ആർഡി. | 6-11-2019 |
| 9 | 913/2019 | ജി.ഒ.(പി) നമ്പർ 80/2019/ആർഡി. | 19-11-2019 |

| | | | |
|---|---|---|---|
| 10 | 925/2019 | ജി.ഒ.(പി) നമ്പർ 82/2019/ആർഡി. | 26-11-2019 |
| 11 | 944/2019 | ജി.ഒ.(പി) നമ്പർ 84/2019/ആർഡി. | 30-11-2019 |
| 12 | 945/2019 | ജി.ഒ.(പി) നമ്പർ 85/2019/ആർഡി. | 30-11-2019 |
| 13 | 948/2019 | ജി.ഒ.(പി) നമ്പർ 86/2019/ആർഡി. | 3-12-2019 |
| 14 | 949/2019 | ജി.ഒ.(പി) നമ്പർ 87/2019/ആർഡി. | 4-12-2019 |
| 15 | 969/2019 | ജി.ഒ.(പി) നമ്പർ 89/2019/ആർഡി. | 9-12-2019 |
| 16 | 970/2019 | ജി.ഒ.(പി) നമ്പർ 90/2019/ആർഡി. | 9-12-2019 |
| 17 | 971/2019 | ജി.ഒ.(പി) നമ്പർ 88/2019/ആർഡി. | 6-12-2019 |
| 18 | 974/2019 | ജി.ഒ.(പി) നമ്പർ 91/2019/ആർഡി. | 12-12-2019 |
| 19 | 999/2019 | ജി.ഒ.(പി) നമ്പർ 95/2019/ആർഡി. | 23-12-2019 |
| 20 | 1008/2019 | ജി.ഒ.(എം.എസ്) നമ്പർ 9/2019/എച്ച്എസ്ജി. | 24-12-2019 |
| 21 | 1009/2019 | ജി.ഒ.(പി) നമ്പർ 93/2019/ആർഡി. | 21-12-2019 |
| 22 | 1010/2019 | ജി.ഒ.(പി) നമ്പർ 94/2019/ആർഡി. | 23-12-2019 |
| 23 | 1017/2019 | ജി.ഒ.(പി) നമ്പർ 98/2019/ആർഡി. | 30-12-2019 |
| 24 | - | ജി.ഒ.(പി) നമ്പർ 83/2019/ആർഡി. | 28-11-2019 |

12-2-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 996/2019 | ജി.ഒ.(പി) നമ്പർ 92/2019/ആർഡി. | 19-12-2019 |
| 2 | 100/2020 | ജി.ഒ.(എംഎസ്) നമ്പർ 2/2020/എച്ച്എസ്ജി. | 2-2-2020 |

IV. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 14/2020 | ജി.ഒ.(പി) നമ്പർ 44/2019/ട്രാൻ | 7-12-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

20-11-2019-നും 5-2-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 788/2019 | ജി.ഒ.(പി) നമ്പർ 37/2019/ട്രാൻസ് | 26-10-2019 |
| 2 | 800/2019 | ജി.ഒ.(പി) നമ്പർ 36/2019/ട്രാൻ | 17-10-2019 |

5-2-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 683/2019 | ജി.ഒ.(പി) നമ്പർ 33/2019/ട്രാൻ | 23-9-2019 |
| 2 | 875/2019 | ജി.ഒ.(പി) നമ്പർ 38/2019/ട്രാൻ | 8-11-2019 |
| 3 | 879/2019 | ജി.ഒ.(പി)നമ്പർ 40/2019/ട്രാൻ | 14-11-2019 |
| 4 | - | എസ്3-14027/17 | 18-11-2019 |

12-2-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 994/2019 | ജി.ഒ.(പി) നമ്പർ 42/2019/ട്രാൻസ് | 6-12-2019 |

V. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 527/2019 | സ.ഉ(പി) നമ്പർ 31/2019/മതുവ | 2-8-2019 | അതെ |
| 2 | 13/2020 | ജി.ഒ(പി) നമ്പർ 44/2019/എഫ്&പിഡി | 6-12-2019 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

VI. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 52/2020 | ജി.ഒ.(പി) നമ്പർ 4/2020/ടാക്സസ് | 22-1-2020 | അല്ല |

| | | | | |
|---|---|---|---|---|
| 2 | 53/2020 | ജി.ഒ(പി) നമ്പർ 5/2020/ടാക്സസ് | 22-1-2020 | അല്ല |
| 3 | 63/2020 | ജി.ഒ(പി) നമ്പർ 7/2020/ടാക്സസ് | 28-1-2020 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് കയർകോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക കണക്കുകൾ | അതെ |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

20-11-2019-നും 5-2-2020-നും മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 681/2019 | സ.ഉ.(പി) നമ്പർ 140/2019/നി.വ. | 20-9-2019 |
| 2 | 774/2019 | ജിഒ.(പി) നമ്പർ 25/2019/ഇൻഡ് | 24-10-2019 |
| 3 | 808/2019 | ജി.ഒ.(പി) നമ്പർ 143/2019/ഫിൻ | 23-10-2019 |

5-2-2020-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 754/2019 | ജി.ഒ.(പി) നമ്പർ 157/2019/ടാക്സസ് | 10-10-2019 |
| 2 | 823/2019 | ജി.ഒ.(പി) നമ്പർ 165/2019/ടാക്സസ് | 4-11-2019 |
| 3 | 824/2019 | ജി.ഒ.(പി) നമ്പർ 164/2019/ടാക്സസ് | 4-11-2019 |
| 4 | 832/2019 | ജി.ഒ.(പി) നമ്പർ 170/2019/ടാക്സസ് | 8-11-2019 |
| 5 | 833/2019 | ജി.ഒ.(പി) നമ്പർ 171/2019/ടാക്സസ് | 8-11-2019 |

| | | | |
|---|---|---|---|
| 6 | 834/2019 | ജി.ഒ.(പി) നമ്പർ 172/2019/ടാക്സസ് | 8-11-2019 |
| 7 | 835/2019 | ജി.ഒ.(പി) നമ്പർ 173/2019/ടാക്സസ് | 8-11-2019 |
| 8 | 836/2019 | ജി.ഒ.(പി) നമ്പർ 174/2019/ടാക്സസ് | 8-11-2019 |
| 9 | 837/2019 | ജി.ഒ.(പി) നമ്പർ 175/2019/ടാക്സസ് | 8-11-2019 |
| 10 | 838/2019 | ജി.ഒ.(പി) നമ്പർ 176/2019/ടാക്സസ് | 8-11-2019 |
| 11 | 839/2019 | ജി.ഒ.(പി) നമ്പർ 177/2019/ടാക്സസ് | 8-11-2019 |
| 12 | 840/2019 | ജി.ഒ.(പി) നമ്പർ 178/2019/ടാക്സസ് | 8-11-2019 |
| 13 | 841/2019 | ജി.ഒ.(പി) നമ്പർ 179/2019/ടാക്സസ് | 8-11-2019 |
| 14 | 842/2019 | ജി.ഒ.(പി) നമ്പർ 180/2019/ടാക്സസ് | 8-11-2019 |
| 15 | 844/2019 | ജി.ഒ.(പി) നമ്പർ 181/2019/ടാക്സസ് | 8-11-2019 |
| 16 | 845/2019 | ജി.ഒ.(പി) നമ്പർ 182/2019/ടാക്സസ് | 8-11-2019 |
| 17 | 846/2019 | ജി.ഒ.(പി) നമ്പർ 183/2019/ടാക്സസ് | 8-11-2019 |
| 18 | 851/2019 | ജി.ഒ.(പി) നമ്പർ 108/2019/ഫിൻ | 20-8-2019 |
| 19 | 890/2019 | ജി.ഒ.(പി) നമ്പർ 186/2019/ടാക്സസ് | 17-11-2019 |
| 20 | 892/2019 | ജി.ഒ.(പി) നമ്പർ 187/2019/ടാക്സസ് | 18-11-2019 |
| 21 | 893/2019 | ജി.ഒ.(പി) നമ്പർ 188/2019/ടാക്സസ് | 18-11-2019 |
| 22 | 894/2019 | ജി.ഒ.(പി) നമ്പർ 189/2019/ടാക്സസ് | 18-11-2019 |
| 23 | 895/2019 | ജി.ഒ.(പി) നമ്പർ 190/2019/ടാക്സസ് | 18-11-2019 |
| 24 | 896/2019 | ജി.ഒ.(പി) നമ്പർ 191/2019/ടാക്സസ് | 18-11-2019 |
| 25 | 926/2019 | ജി.ഒ.(പി) നമ്പർ 194/2019/ടാക്സസ് | 27-11-2019 |
| 26 | 927/2019 | ജി.ഒ.(പി) നമ്പർ 195/2019/ടാക്സസ് | 27-11-2019 |
| 27 | 928/2019 | ജി.ഒ.(പി) നമ്പർ 196/2019/ടാക്സസ് | 27-11-2019 |
| 28 | 938/2019 | ജി.ഒ.(പി) നമ്പർ 165/2019/ഫിൻ | 27-11-2019 |
| 29 | 953/2019 | ജി.ഒ.(പി) നമ്പർ 167/2019/ഫിൻ | 7-12-2019 |
| 30 | 982/2019 | ജി.ഒ.(പി) നമ്പർ 202/2019/ടാക്സസ് | 17-12-2019 |
| 31 | 987/2019 | ജി.ഒ.(പി) നമ്പർ 204/2019/ടാക്സസ് | 19-12-2019 |
| 32 | 988/2019 | ജി.ഒ.(പി) നമ്പർ 205/2019/ടാക്സസ് | 19-12-2019 |

| | | | |
|---|---|---|---|
| 33 | 1005/2019 | ജി.ഒ.(പി) നമ്പർ 206/2019/ടാക്സസ് | 24-12-2019 |
| 34 | 1014/2019 | ജി.ഒ.(പി) നമ്പർ 208/2019/ടാക്സസ് | 27-12-2019 |
| 35 | 1015/2019 | ജി.ഒ.(പി) നമ്പർ 209/2019/ടാക്സസ് | 27-12-2019 |
| 36 | 1024/2019 | ജി.ഒ.(പി) നമ്പർ 211/2019/ടാക്സസ് | 31-12-2019 |
| 37 | 1025/2019 | ജി.ഒ.(പി) നമ്പർ 212/2019/ടാക്സസ് | 31-12-2019 |
| 38 | 1027/2019 | ജി.ഒ.(പി) നമ്പർ 213/2019/ടാക്സസ് | 31-12-2019 |
| 39 | 1029/2019 | ജി.ഒ.(പി) നമ്പർ 214/2019/ടാക്സസ് | 31-12-2019 |
| 40 | 1030/2019 | ജി.ഒ.(പി) നമ്പർ 215/2019/ടാക്സസ് | 31-12-2019 |
| 41 | 1031/2019 | ജി.ഒ.(പി) നമ്പർ 216/2019/ടാക്സസ് | 31-12-2019 |
| 42 | 1032/2019 | ജി.ഒ.(പി) നമ്പർ 217/2019/ടാക്സസ് | 31-12-2019 |
| 43 | 1033/2019 | ജി.ഒ.(പി) നമ്പർ 218/2019/ടാക്സസ് | 31-12-2019 |
| 44 | 1034/2019 | ജി.ഒ.(പി) നമ്പർ 219/2019/ടാക്സസ് | 31-12-2019 |
| 45 | 1035/2019 | ജി.ഒ.(പി) നമ്പർ 220/2019/ടാക്സസ് | 31-12-2019 |
| 46 | 1036/2019 | ജി.ഒ.(പി) നമ്പർ 221/2019/ടാക്സസ് | 31-12-2019 |
| 47 | 1037/2019 | ജി.ഒ.(പി) നമ്പർ 222/2019/ടാക്സസ് | 31-12-2019 |
| 48 | 6/2020 | ജി.ഒ.(പി) നമ്പർ 1/2020/ഫിൻ | 4-1-2020 |
| 49 | - | കെ എഫ് സി/ എച്ച്ആർ/1025/2019-20 | 17-10-2019 |

12-2-2020-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 51/2020 | ജി.ഒ.(പി) നമ്പർ 3/2020/ടാക്സസ് | 21-1-2020 |

VII. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i.ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 410/2019 | ജി.ഒ(പി) നമ്പർ 18/2019/ലോ | 24-6-2019 | അതെ |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെകാലതാമസ പത്രിക സഹിത മാണോയെന്ന് | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| | 1കേരള സാഹിത്യ അക്കാദമി | 2018-19 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

20-11-2019-നം 5-2-2020-നം മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 735/2019 | ജി.ഒ.(ആർറ്റി) നമ്പർ1340/2019/ലോ | 4-10-2019 |

5-2-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 777/2019 | ജി.ഒ.(പി) നമ്പർ 23/2019/ലോ | 4-10-2019 |
| 2 | 849/2019 | ജി.ഒ.(പി) നമ്പർ 25/2019/ലോ | 1-11-2019 |
| 3 | 979/2019 | ജി.ഒ.(പി) നമ്പർ 26/2019/ലോ | 2-12-2019 |

VIII. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്കുവേണ്ടി, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 1012/2019 | ജി.ഒ.(പി) നമ്പർ 13/2019/എസ്ജെഡി. | 2-11-2019 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

20-11-2019-നും 5-2-2020-നും മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 387/2019 | ജി.ഒ.(പി)നമ്പർ 54/2019/എച്ച്&എഫ്ഡബ്ല്യുഡി. | 11-6-2019 |
| 2 | 706/2019 | ജി.ഒ.(പി) നമ്പർ 95/2019/എച്ച്&എഫ്ഡബ്ല്യുഡി. | 29-9-2019 |

5-2-2020-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 625/2018 | ജി.ഒ.(പി) നമ്പർ 123/2018/എച്ച്&എഫ്ഡബ്ല്യുഡി. | 6-9-2018 |
| 2 | 490/2019 | ജി.ഒ.(പി) നമ്പർ 68/2019/എച്ച്&എഫ്ഡബ്ല്യുഡി. | 6-7-2019 |
| 3 | 578/2019 | ജി.ഒ.(പി) നമ്പർ 90/2019/എച്ച്&എഫ്ഡബ്ല്യുഡി. | 24-8-2019 |
| 4 | 827/2019 | ജി.ഒ.(പി) നമ്പർ 96/2019/എച്ച്&എഫ്ഡബ്ല്യുഡി. | 29-9-2019 |
| 5 | 984/2019 | ജി.ഒ.(പി) നമ്പർ 106/2019/എച്ച്&എഫ്ഡബ്ല്യുഡി. | 14-12-2019 |

IX. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

20-11-2019-നും 5-2-2020-നും മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 625/2019 | ജി. ഒ.(പി) നമ്പർ 136/201/നി.വ. | 3-9-2019 |
| 2 | 725/2019 | ജി.ഒ.(പി) നമ്പർ 153/2019/ടാക്സസ് | 9-10-2019 |
| 3 | 732/2019 | ജിഒ.(പി) നമ്പർ 154/2019/റ്റിഡി. | 9-10-2019 |

5-2-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 504/2019 | ജി.ഒ(പി) നമ്പർ 113/2019/ടിഡി. | 24-7-2019 |
| 2 | 731/2019 | ജി.ഒ.(പി) നമ്പർ 152/2019/ടാക്സസ് | 9-10-2019 |
| 3 | 743/2019 | ജി.ഒ(പി) നമ്പർ 158/2019/ടിഡി. | 11-10-2019 |
| 4 | 785/2019 | ജി.ഒ(പി) നമ്പർ 159/2019/ടിഡി. | 23-10-2019 |
| 5 | 814/2019 | ജി.ഒ(പി) നമ്പർ 163/2019/ടിഡി. | 2-11-2019 |
| 6 | 816/2019 | ജി.ഒ(പി) നമ്പർ 162/2019/ടിഡി. | 2-11-2019 |
| 7 | 818/2019 | ജി.ഒ(പി) നമ്പർ 166/2019/നി.വ. | 5-11-2019 |
| 8 | 912/2019 | ജി.ഒ(പി) നമ്പർ 185/2019/ടിഡി. | 17-11-2019 |
| 9 | 929/2019 | ജി.ഒ(പി) നമ്പർ 192/2019/ടിഡി. | 24-11-2019 |
| 10 | 930/2019 | ജി.ഒ(പി) നമ്പർ 193/2019/ടിഡി. | 24-11-2019 |
| 11 | 967/2019 | ജി.ഒ(പി) നമ്പർ 198/2019/ടാക്സസ് | 9-12-2019 |
| 12 | 980/2019 | ജി.ഒ(പി) നമ്പർ 201/2019/ടിഡി | 17-12-2019 |

12-2-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 968/2019 | ജി.ഒ.(പി) നമ്പർ 199/2019/ടാക്സസ് | 10-12-2019 |

X. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 426/2019 | ജി.ഒ(പി) നമ്പർ 94/2019/ടിഡി. | 29-6-2019 | അതെ |
| 2 | 1/2020 | ജി.ഒ(പി) നമ്പർ 1/2020/ടിഡി. | 1-1-2020 | അല്ല |
| 3 | 44/2020 | ജി.ഒ(പി) നമ്പർ 8/2020/എൽബിആർ. | 16-1-2020 | അല്ല |
| 4 | 60/2020 | ജി.ഒ(പി) നമ്പർ 12/2020/എൽബിആർ. | 24-1-2020 | അല്ല |
| 5 | 61/2020 | ജി.ഒ(പി) നമ്പർ 13/2020/എൽബിആർ. | 24-1-2020 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

20-11-2019-നും 5-2-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 470/2019 | ജി.ഒ(പി) നമ്പർ 111/2019/റ്റിഡി. | 15-7-2019 |
| 2 | 513/2019 | ജി.ഒ.(പി) നമ്പർ 66/19/എൽബിആർ. | 20-7-2019 |
| 3 | 652/2019 | ജി.ഒ(പി) നമ്പർ 64/2019/എൽബിആർ. | 15-7-2019 |
| 4 | 656/2019 | ജി.ഒ(പി) നമ്പർ 81/2019/എൽബിആർ. | 8-9-2019 |
| 5 | 722/2019 | ജി.ഒ(പി) നമ്പർ 83/2019/എൽബിആർ. | 8-9-2019 |
| 6 | 723/2019 | ജി.ഒ(പി) നമ്പർ 82/2019/എൽബിആർ. | 8-9-2019 |
| 7 | 791/2019 | ജി.ഒ(എംഎസ്) നമ്പർ 60/2019/റ്റിഡി. | 29-10-2019 |
| 8 | 819/2019 | ജി.ഒ.(പി) നമ്പർ 92/2019/എൽബിആർ. | 18-10-2019 |

5-2-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | തീയതി |
|---|---|---|---|
| 1 | 954/2000 | ജി.ഒ.(എം.എസ്)നമ്പർ 95/2000/എൽബിആർ. | 5-10-2000 |
| 2 | 427/2019 | ജി.ഒ.(പി)നമ്പർ95/2019/ടിഡി. | 29-6-2019 |
| 3 | 509/2019 | ജി.ഒ.(പി) നമ്പർ56/2019/എൽബിആർ. | 20-6-2019 |
| 4 | 512/2019 | ജി.ഒ.(പി) നമ്പർ65/2019/എൽബിആർ. | 18-7-2019 |
| 5 | 554/2019 | ജി.ഒ.(പി) നമ്പർ71/2019/എൽബിആർ. | 29-7-2019 |
| 6 | 621/2019 | ജി.ഒ.(പി) നമ്പർ74/2019/എൽബിആർ. | 7-8-2019 |
| 7 | 622/2019 | ജി.ഒ.(പി) നമ്പർ74/2019/എൽബിആർ. | 7-8-2019 |
| 8 | 623/2019 | ജി.ഒ.(പി) നമ്പർ74/2019/എൽബിആർ. | 7-8-2019 |
| 9 | 690/2019 | സ.ഉ.(അച്ചടി) നമ്പർ84/2019/തൊഴിൽ | 14-9-2019 |
| 10 | 747/2019 | ജി.ഒ.(പി) നമ്പർ88/2019/എൽബിആർ. | 2-10-2019 |
| 11 | 748/2019 | ജി.ഒ.(പി) നമ്പർ 88/2019/എൽബിആർ. | 2-10-2019 |
| 12 | 749/2019 | ജി.ഒ.(പി) നമ്പർ 88/2019/എൽബിആർ. | 2-10-2019 |
| 13 | 750/2019 | ജി.ഒ.(പി) നമ്പർ 88/2019/എൽബിആർ. | 2-10-2019 |
| 14 | 751/2019 | ജി.ഒ.(പി) നമ്പർ 88/2019/എൽബിആർ. | 2-10-2019 |
| 15 | 789/2019 | ജി.ഒ.(പി) നമ്പർ 96/2019/എൽബിആർ. | 25-10-2019 |
| 16 | 793/2019 | ജി.ഒ.(പി) നമ്പർ 93/2019/എൽബിആർ. | 19-10-2019 |
| 17 | 794/2019 | ജി.ഒ.(പി) നമ്പർ 99/2019/എൽബിആർ. | 28-10-2019 |
| 18 | 817/2019 | ജി.ഒ.(പി) നമ്പർ 98/2019/എൽബിആർ. | 28-10-2019 |
| 19 | 856/2019 | ജി.ഒ.(പി) നമ്പർ 101/2019/എൽബിആർ. | 5-11-2019 |

| | | | |
|---|---|---|---|
| 20 | 864/2019 | സ.ഉ.(അച്ചടി) നമ്പർ 100/2019/തൊഴിൽ | 5-11-2019 |
| 21 | 882/2019 | ജി.ഒ.(പി) നമ്പർ 102/2019/എൽബിആർ. | 7-11-2019 |
| 22 | 883/2019 | ജി.ഒ.(പി) നമ്പർ 102/2019/എൽബിആർ. | 7-11-2019 |
| 23 | 884/2019 | ജി.ഒ.(പി) നമ്പർ 102/2019/എൽബിആർ. | 7-11-2019 |
| 24 | 885/2019 | ജി.ഒ.(ആർറ്റി) നമ്പർ 1366/2019/എൽബിആർ. | 6-11-2019 |
| 25 | 888/2019 | ജി.ഒ.(പി) നമ്പർ 103/2019/എൽബിആർ. | 11-11-2019 |
| 26 | 889/2019 | ജി.ഒ.(പി) നമ്പർ 104/2019/എൽബിആർ. | 11-11-2019 |
| 27 | 897/2019 | ജി.ഒ.(പി) നമ്പർ 105/2019/എൽബിആർ. | 13-11-2019 |
| 28 | 898/2019 | ജി.ഒ.(പി) നമ്പർ 106/2019/എൽബിആർ. | 14-11-2019 |
| 29 | 899/2019 | ജി.ഒ.(പി) നമ്പർ 108/2019/എൽബിആർ. | 16-11-2019 |
| 30 | 900/2019 | ജി.ഒ.(പി) നമ്പർ 110/2019/എൽബിആർ. | 16-11-2019 |
| 31 | 901/2019 | ജി.ഒ.(പി) നമ്പർ 110/2019/എൽബിആർ. | 16-11-2019 |
| 32 | 902/2019 | ജി.ഒ.(പി) നമ്പർ 110/2019/എൽബിആർ. | 16-11-2019 |
| 33 | 906/2019 | സ.ഉ.(അച്ചടി) നമ്പർ 111/2019/തൊഴിൽ | 18-11-2019 |
| 34 | 908/2019 | ജി.ഒ.(പി) നമ്പർ 107/2019/എൽബിആർ. | 16-11-2019 |
| 35 | 914/2019 | സ.ഉ.(അച്ചടി) നമ്പർ 115/2019/തൊഴിൽ | 21-11-2019 |
| 36 | 922/2019 | ജി.ഒ.(പി) നമ്പർ 120/2019/എൽബിആർ. | 25-11-2019 |
| 37 | 924/2019 | സ.ഉ.(അച്ചടി) നമ്പർ 118/2019/തൊഴിൽ | 25-11-2019 |
| 38 | 933/2019 | ജി.ഒ.(പി) നമ്പർ 113/2019/എൽബിആർ. | 21-11-2019 |
| 39 | 934/2019 | ജി.ഒ.(പി) നമ്പർ 114/2019/എൽബിആർ. | 21-11-2019 |
| 40 | 935/2019 | ജി.ഒ.(പി) നമ്പർ 112/2019/എൽബിആർ. | 21-11-2019 |
| 41 | 939/2019 | സ.ഉ.(അച്ചടി) നമ്പർ 119/2019/തൊഴിൽ | 25-11-2019 |

| | | | |
|---|---|---|---|
| 42 | 940/2019 | ജി.ഒ.(പി)നമ്പർ117/2019/എൽബിആർ. | 25-11-2019 |
| 43 | 943/2019 | ജി.ഒ.(പി) നമ്പർ 122/2019/എൽബിആർ. | 27-11-2019 |
| 44 | 950/2019 | ജി.ഒ.(പി) നമ്പർ 128/2019/എൽബിആർ. | 3-12-2019 |
| 45 | 957/2019 | ജി.ഒ.(പി) നമ്പർ 130/2019/എൽബിആർ. | 4-12-2019 |
| 46 | 962/2019 | സ.ഉ.(അച്ചടി) നമ്പർ 129/2019/തൊഴിൽ | 4-12-2019 |
| 47 | 1001/2019 | ജി.ഒ.(പി) നമ്പർ 141/2019/എൽബിആർ. | 24-12-2019 |
| 48 | 1019/2019 | ജി.ഒ.(പി) നമ്പർ 136/2019/എൽബിആർ. | 21-12-2019 |
| 49 | 4/2020 | ജി.ഒ.(പി) നമ്പർ 138/2019/എൽബിആർ. | 24-12-2019 |
| 50 | 15/2020 | ജി.ഒ.(പി) നമ്പർ 2/2020/എൽബിആർ. | 6-1-2020 |
| 51 | 22/2020 | സ.ഉ.(അച്ചടി) നമ്പർ 142/2019/തൊഴിൽ | 24-12-2019 |
| 52 | 39/2020 | ജി.ഒ.(പി) നമ്പർ 7/2020/എൽബിആർ. | 14-1-2020 |

12-2-2020-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 963/2019 | ജി.ഒ.(പി) നമ്പർ 121/2019/എൽബിആർ. | 25-11-2019 |
| 2 | 964/2019 | ജി.ഒ.(പി) നമ്പർ 121/2019/എൽബിആർ. | 25-11-2019 |
| 3 | 965/2019 | ജി.ഒ.(പി) നമ്പർ 121/2019/എൽബിആർ. | 25-11-2019 |
| 4 | 966/2019 | ജി.ഒ.(പി) നമ്പർ 121/2019/എൽബിആർ. | 25-11-2019 |
| 5 | 1021/2019 | ജി.ഒ.(പി) നമ്പർ 139/2019/എൽബിആർ. | 24-12-2019 |
| 6 | 34/2020 | ജി.ഒ.(പി) നമ്പർ 143/2019/എൽബിആർ. | 30-12-2019 |
| 7 | 75/2020 | ജി.ഒ.(പി) നമ്പർ 9/2020/എൽബിആർ. | 23-1-2020 |
| 8 | 82/2020 | ജി.ഒ.(പി) നമ്പർ 137/2019/എൽബിആർ. | 23-12-2019 |

XI. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | | തീയതി | |
| 1 | 526/2019 | ജി.ഒ(പി) നമ്പർ 71/2019/കോ-ഓപ്പ് | 22-6-2019 | അതെ |
| 2 | 577/2019 | ജി.ഒ(പി) നമ്പർ 82/2019/കോ-ഓപ്പ് | 25-7-2019 | അതെ |
| 3 | 638/2019 | ജി.ഒ(പി) നമ്പർ 87/2019/കോ-ഓപ്പ് | 6-8-2019 | അതെ |
| 4 | 11/2020 | ജി.ഒ(പി) നമ്പർ 1/2020/കോ-ഓപ്പ് | 4-1-2020 | അല്ല |
| 5 | 46/2020 | ജി.ഒ(പി) നമ്പർ 117/2019/കോ-ഓപ്പ് | 26-10-2019 | അല്ല |
| 6 | 47/2020 | ജി.ഒ(പി) നമ്പർ 125/2019/കോ-ഓപ്പ് | 4-12-2019 | അല്ല |
| 7 | 48/2020 | ജി.ഒ(പി) നമ്പർ 126/2019/കോ-ഓപ്പ് | 7-12-2019 | അല്ല |
| 8 | 49/2020 | ജി.ഒ(പി) നമ്പർ 128/2019/കോ-ഓപ്പ് | 10-12-2019 | അല്ല |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

20-11-2019-നും 5-2-2020-നും മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | |
|---|---|---|---|
| | | | തീയതി |
| 1 | 407/2019 | ജി.ഒ.(പി) നമ്പർ 68/2019/കോ-ഓപ്പ് | 7-6-2019 |

| | | | |
|---|---|---|---|
| 2 | 494/2019 | ജി.ഒ.(പി) നമ്പർ 80/2019/കോ-ഓപ്പ് | 19-7-2019 |
| 3 | 582/2019 | ജി.ഒ.(പി) നമ്പർ 79/2019/കോ-ഓപ്പ് | 11-7-2019 |
| 4 | 629/2019 | ജി.ഒ(പി) നമ്പർ 90/2019/കോ-ഓപ്പ് | 19-8-2019 |
| 5 | 643/2019 | ജി.ഒ.(പി) നമ്പർ 95/2019/കോ-ഓപ്പ് | 6-9-2019 |
| 6 | 692/2019 | ജി.ഒ.(പി) നമ്പർ 102/2019/കോ-ഓപ്പ് | 27-9-2019 |
| 7 | 693/2019 | ജി.ഒ.(പി) നമ്പർ 103/2019/കോ-ഓപ്പ് | 27-9-2019 |
| 8 | 704/2019 | ജി.ഒ.(പി) നമ്പർ 101/2019/കോ-ഓപ്പ് | 23-9-2019 |
| 9 | 728/2019 | ജി.ഒ.(പി) നമ്പർ 109/2019/കോ-ഓപ്പ് | 9-10-2019 |
| 10 | 729/2019 | ജി.ഒ.(പി) നമ്പർ 111/2019/കോ-ഓപ്പ് | 9-10-2019 |

5-2-2020-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 345/2019 | ജി.ഒ.(പി) നമ്പർ 52/2019/കോ-ഓപ്പ് | 17-5-2019 |
| 2 | 401/2019 | ജി.ഒ.(പി) നമ്പർ 57/2019/കോ-ഓപ്പ് | 24-5-2019 |
| 3 | 469/2019 | ജി.ഒ.(പി) നമ്പർ 77/2019/കോ-ഓപ്പ് | 6-7-2019 |
| 4 | 648/2019 | ജി.ഒ.(പി) നമ്പർ 91/2019/കോ-ഓപ്പ് | 22-8-2019 |
| 5 | 673/2019 | ജി.ഒ.(പി) നമ്പർ 100/2019/കോ-ഓപ്പ് | 23-9-2019 |
| 6 | 705/2019 | ജി.ഒ.(പി) നമ്പർ73/2019/കോ-ഓപ്പ് | 29-6-2019 |
| 7 | 752/2019 | ജി.ഒ.(പി) നമ്പർ 96/2019/കോ-ഓപ്പ് | 16-9-2019 |
| 8 | 763/2019 | ജി.ഒ.(പി) നമ്പർ 112/2019/കോ-ഓപ്പ് | 9-10-2019 |
| 9 | 768/2019 | ജി.ഒ.(പി) നമ്പർ 104/2019/കോ-ഓപ്പ് | 28-9-2019 |
| 10 | 775/2019 | ജി.ഒ.(പി) നമ്പർ 98/2019/കോ-ഓപ്പ് | 16-9-2019 |
| 11 | 778/2019 | ജി.ഒ.(പി) നമ്പർ 89/2019/കോ-ഓപ്പ് | 19-8-2019 |

| | | | |
|---|---|---|---|
| 12 | 780/2019 | ജി.ഒ.(പി) നമ്പർ 99/2019/കോ-ഓപ്പ് | 16-9-2019 |
| 13 | 782/2019 | ജി.ഒ.(പി) നമ്പർ 106/2019/കോ-ഓപ്പ് | 3-10-2019 |
| 14 | 783/2019 | ജി.ഒ.(പി) നമ്പർ 74/2019/കോ-ഓപ്പ് | 29-6-2019 |
| 15 | 820/2019 | ജി.ഒ.(പി) നമ്പർ 119/2019/കോ-ഓപ്പ് | 7-11-2019 |
| 16 | 850/2019 | ജി.ഒ.(പി) നമ്പർ 118/2019/കോ-ഓപ്പ് | 29-10-2019 |
| 17 | 880/2019 | ജി.ഒ.(പി) നമ്പർ 120/2019/കോ-ഓപ്പ് | 8-11-2019 |
| 18 | 920/2019 | ജി.ഒ.(പി) നമ്പർ 121/2019/കോ-ഓപ്പ് | 18-11-2019 |
| 19 | 936/2019 | ജി.ഒ.(പി) നമ്പർ 123/2019/കോ-ഓപ്പ് | 25-11-2019 |
| 20 | 937/2019 | ജി.ഒ.(പി) നമ്പർ 124/2019/കോ-ഓപ്പ് | 29-11-2019 |
| 21 | 959/2019 | ജി.ഒ.(പി) നമ്പർ 127/2019/കോ-ഓപ്പ് | 9-12-2019 |
| 22 | 993/2019 | ജി.ഒ.(പി) നമ്പർ 129/2019/കോ-ഓപ്പ് | 14-12-2019 |
| 23 | 1000/2019 | ജി.ഒ.(പി) നമ്പർ 131/2019/കോ-ഓപ്പ് | 17-12-2019 |
| 24 | 1003/2019 | ജി.ഒ.(പി) നമ്പർ 122/2019/കോ-ഓപ്പ് | 23-11-2019 |
| 25 | 1004/2019 | ജി.ഒ.(പി) നമ്പർ 136/2019/കോ-ഓപ്പ് | 23-12-2019 |
| 26 | 1013/2019 | ജി.ഒ.(പി) നമ്പർ 132/2019/കോ-ഓപ്പ് | 17-12-2019 |

12-2-2020-ന് മേശപ്പുറത്ത് വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 402/2019 | ജി.ഒ.(പി) നമ്പർ61/2019/കോ-ഓപ്പ് | 30-5-2019 |
| 2 | 579/2019 | ജി.ഒ.(പി) നമ്പർ 86/2019/കോ-ഓപ്പ് | 30-7-2019 |
| 3 | 17/2020 | ജി.ഒ.(പി) നമ്പർ 134/2019/കോ-ഓപ്പ് | 19-12-2019 |

XII. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

20-11-2019-നും 5-2-2020-നും മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 724/2019 | ജി.ഒ.(പി) നമ്പർ 65/2019/എൽഎസ്ജിഡി. | 5-10-2019 |
| 2 | 726/2019 | ജി.ഒ.(പി) നമ്പർ 66/2019/എൽഎസ്ജിഡി. | 5-10-2019 |

5-2-2020-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 737/2019 | ജി.ഒ.(പി) നമ്പർ. 54/2019/എൽഎസ്ജിഡി. | 4-9-2019 |
| 2 | 744/2019 | ജി.ഒ.(പി) നമ്പർ 58/2019/എൽഎസ്ജിഡി. | 25-9-2019 |
| 3 | 765/2019 | ജി.ഒ.(പി) നമ്പർ 57/2019/എൽഎസ്ജിഡി. | 25-9-2019 |
| 4 | 790/2019 | ജി.ഒ.(പി) നമ്പർ 76/2019/എൽഎസ്ജിഡി. | 29-10-2019 |
| 5 | 828/2019 | ജി.ഒ.(പി) നമ്പർ 77/2019/എൽഎസ്ജിഡി. | 2-11-2019 |
| 6 | 829/2019 | ജി.ഒ.(പി)നമ്പർ 78/2019/എൽഎസ്ജിഡി. | 2-11-2019 |
| 7 | 956/2019 | ജി.ഒ.(പി) നമ്പർ 88/2019/എൽഎസ്ജിഡി. | 9-12-2019 |
| 8 | 990/2019 | സ.ഉ.(അച്ചടി)നമ്പർ 94/2019/തസ്വഭവ. | 20-12-2019 |

12-2-2020-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 951/2019 | ജി.ഒ.(പി) നമ്പർ 86/2019/എൽഎസ്ജിഡി | 2-12-2019 |
| 2 | 1011/2019 | ജി.ഒ.(പി) നമ്പർ 87/2019/എൽഎസ്ജിഡി | 6-12-2019 |
| 3 | 32/2020 | സ.ഉ.(അ) നമ്പർ 5/2020/തസ്വഭവ | 10-1-2020 |

XIII. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

5-2-2020-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 343/2019 | ജി.ഒ.(പി) നമ്പർ 21/2019/എഫ്&പി | 6-5-2019 |

XIV. പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി(പ്രൊഫ. സി. രവീന്ദ്രനാഥ്):സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

20-11-2019-നും 5-2-2020-നും മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 433/2019 | ജി.ഒ(പി) നമ്പർ 6/2019/ജി.ഇഡിഎൻ. | 30-6-2019 |

5-2-2020-ന് മേശപ്പുറത്തു വച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 857/2019 | ജി.ഒ.(പി) നമ്പർ 14/2019/ജിഇഡിഎൻ. | 4-11-2019 |
| 2 | 863/2019 | ജി.ഒ.(പി) നമ്പർ 15/2019/ജിഇഡിഎൻ. | 4-11-2019 |
| 3 | 866/2019 | ജി.ഒ.(പി) നമ്പർ 16/2019/ജിഇഡിഎൻ. | 4-11-2019 |

| | | | |
|---|---|---|---|
| 4 | 867/2019 | ജി.ഒ.(പി) നമ്പർ 17/2019/ജിഇഡിഎൻ. | 4-11-2019 |
| 5 | 869/2019 | ജി.ഒ.(പി) നമ്പർ 18/2019/ജിഇഡിഎൻ. | 4-11-2019 |

XV. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

5-2-2020-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 915/2019 | ജി.ഒ.(പി) നമ്പർ 7/2019/വനം | 25-7-2019 |

12-2-2020-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 973/2019 | ജി.ഒ.(പി) നമ്പർ 9/2019/എഫ്&ഡബ്ല്യുഎൽഡി. | 17-8-2019 |

XVI.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി (ഡോ. കെ. ടി. ജലീൽ):സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 18/2019 | ജി.ഒ(എം.എസ്) നമ്പർ 8/2019/ആർഡി. | 7-1-2019 | അതെ |

വീണ്ടും മേശപ്പുറത്തു വയ്ക്കുന്നു:

5-2-2020-ന് മേശപ്പുറത്തുവച്ചത്:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 491/2019 | സ.ഉ.(അച്ചടി) നമ്പർ 6/2019/പൊ.ഭ.വ. | 21-6-2019 |
| 2 | 492/2019 | സ.ഉ.(അച്ചടി) നമ്പർ 7/2019/പൊ.ഭ.വ. | 21-6-2019 |
| 3 | 918/2019 | ജി.ഒ.(പി) നമ്പർ 32/2019/എച്ച്ഇഡിഎൻ. | 19-11-2019 |

XVII. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |

## VI. ധനകാര്യം

2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടേയും നീതിന്യായ നിർവ്വഹണമെന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ അഞ്ചാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2020-21 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2020-2021 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന്സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) |
| II | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 711,19,45,000 | ....... | 711,19,45,000 |
| III | നീതിന്യായ നിർവ്വഹണം | 810,42,95,000 | ........ | 810,42,95,000 |

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയേയും, നീതിന്യായ നിർവ്വഹണമെന്ന III-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. ശ്രീ. സണ്ണി ജോസഫ്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 711,19,45,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭരണപരിഷ്കാര കമ്മീഷൻ ഇതിനകം നാല് റിപ്പോർട്ടുകൾ സമർപ്പിച്ചുവെങ്കിലും അതിൽ ഒരു റിപ്പോർട്ടിലെ ശിപാർശകൾപോലും നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 711,19,45,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പി.എസ്.സി. പരീക്ഷകളിൽ വിദ്യാർത്ഥി സംഘടനാ നേതാക്കൾ ക്രമക്കേടുകൾ നടത്തി ആദ്യ റാങ്കുകൾ കരസ്ഥമാക്കുന്നതായും പി.എസ്.സി. പരീക്ഷകളുടെ വിശ്വാസ്യതയെ തന്നെ ചോദ്യം ചെയ്യുന്ന സ്ഥിതിവിശേഷം സംജാതമായതായും പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. ശ്രീ. ടി. ജെ. വിനോദ്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 711,19,45,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ ഓഫീസിൽ ഫയൽ നീക്കത്തിന് കോടിക്കണക്കിന് രൂപ മുടക്കി എൻ.ഐ.സി. തയ്യാറാക്കിയ ഇ-ഓഫീസ് സംവിധാനം ഉപേക്ഷിച്ച് സ്വകാര്യ കമ്പനികളുടെ സോഫ്റ്റ്‌വെയർ സ്ഥാപിക്കാനുള്ള നീക്കം നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 711,19,45,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാധാരണക്കാരായ പ്രവാസികൾ വിവിധ കാര്യങ്ങൾക്കായി സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങി ആത്മഹത്യയെ ശരണം പ്രാപിക്കുന്നതായും ലോക കേരള സഭയുടെ പേരിൽ ഫൈവ് സ്റ്റാർ താമസസൗകര്യവും, ഭക്ഷണവും ഒരുക്കി കോടികൾ നഷ്ടപ്പെടുത്തുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. ശ്രീ. എം. വിൻസെന്റ്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 711,19,45,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിമൂലം വികസന പ്രവർത്തനങ്ങൾ സ്തംഭിച്ച് നിൽക്കുന്നതായും ലോകസഭാ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ട വ്യക്തിയെ ക്യാബിനറ്റ് റാങ്കോടുകൂടി സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധിയായി ഡൽഹിയിൽ നിയമിക്കുകയും പ്രസ്തുത സംവിധാനത്തിന് വേണ്ടി ലക്ഷങ്ങൾ ചെലവഴിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 711,19,45,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സിവിൽ സർവ്വീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. ശ്രീ. എം. ഉമ്മർ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 711,19,45,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സേവനാവകാശ നിയമം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. ശ്രീ. മഞ്ഞളാംകുഴി അലി: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 711,19,45,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സിവിൽ പോലീസ് ഓഫീസർ നിയമനത്തിനായി പി.എസ്.സി. നടത്തിയ

പരീക്ഷയിൽ ക്രമക്കേടുകൾ കാണിച്ചവർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 711,19,45,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ഉപയോഗിച്ച് രാഷ്ട്രീയ മുതലെടുപ്പ് നടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

10. ശ്രീ. പി. ഉബൈദുള്ള: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 711,19,45,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിലും അർഹമായ കേന്ദ്രസഹായം നേടിയെടുക്കുന്നതിലും വീഴ്ച ഉണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

11. ശ്രീ. പാറക്കൽ അബ്ദുല്ല: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 711,19,45,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സെക്രട്ടേറിയറ്റ്, വിവിധ ഡയറക്ടറേറ്റുകൾ മുതലായ ഓഫീസുകളിൽ ഫയലുകൾ കെട്ടിക്കിടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

12. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 711,19,45,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ നിയമനിർമ്മാണം നടത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

13. ശ്രീ. പി. ടി. തോമസ്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മന്ത്രിമാരുടേയും സഹമന്ത്രിമാരുടേയും ശമ്പളം എന്ന 2013-00-101-99 എന്ന ഇനത്തിൽ വക കൊള്ളിച്ചിട്ടുള്ള 2,96,11,000 രൂപ 2,95,87,000 രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ സർവ്വകലാശാലകളുടെ സ്വയം

ഭരണാവകാശത്തിൽ കൈകടത്തുകയും, പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികളെ നിയമവിരുദ്ധമായ നടപടികളിലൂടെ വിജയിപ്പിക്കുന്നതിന് മോഡറേഷൻ നൽകുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തതായി പറയപ്പെടുന്ന ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രിയുടെ ശമ്പളം കുറവ് ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

14. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ മന്ത്രിമാരുടേയും സഹമന്ത്രിമാരുടേയും ശമ്പളം എന്ന 2013-00-101-99 എന്ന ഇനത്തിൽ വക കൊള്ളിച്ചിട്ടുള്ള 2,96,11,000 രൂപ 2,95,87,000 രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാന പോലീസ് മേധാവി സ്റ്റോർ പർച്ചേസ് മാനുവലിലെ നിബന്ധനകളും, സെൻട്രൽ വിജിലൻസ് കമ്മീഷണറുടെ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി നടത്തിയ ടെണ്ടർ നടപടികളിലൂടെ കോടികളുടെ അഴിമതി പുറത്ത് വന്നിട്ടും പ്രസ്തുത പോലീസ് മേധാവിയെ പുറത്താക്കാതെ സംരക്ഷിക്കുന്നതായി പറയപ്പെടുന്ന ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിയുടെ ശമ്പളം കുറവ് ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപം

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 711,19,45,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗം പ്രത്യേകം അവതരിപ്പിച്ചു.

15. ശ്രീ. പി. സി ജോർജ്.

## ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 810,42,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രാഷ്ട്രീയ കൊലപാതക കേസ്സുകളുടെ വിചാരണയ്ക്കായി അതിവേഗ കോടതികൾ സ്ഥാപിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. <u>ശ്രീ. എം. ഉമ്മർ</u>: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 810,42,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോടതിഭാഷ പൂർണ്ണമായും മലയാളത്തിലാക്കാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 810,42,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോടതികളിൽ പ്രത്യേകിച്ച് സിവിൽ കോടതികളിൽ സർക്കാർ ഭാഗം ഫലപ്രദമായി അവതരിപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 810,42,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രാഷ്ട്രീയ പരിഗണന മാത്രം അടിസ്ഥാന യോഗ്യതയായി കണക്കാക്കി പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. <u>ശ്രീ. പി. ഉബൈദുള്ള</u>: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 810,42,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിവിധ കോടതികളിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ഒഴിവുകൾ നികത്താത്തതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. <u>ശ്രീ. അബ്ദുൽ ഹമീദ്. പി</u>: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 810,42,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിവിധ ട്രിബ്യൂണലുകളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 810,42,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഹൈക്കോടതിയിൽ സർക്കാരിനുവേണ്ടി കേസ് വാദിക്കാൻ പുറത്തുനിന്ന് എത്തുന്ന അഭിഭാഷകർക്ക് വൻതുക ഫീസായി നൽകുന്നതു മൂലം ഖജനാവിന് ബാധ്യത ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 810,42,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുടുംബ കോടതികളിൽ കേസ്സുകൾ വർദ്ധിച്ചു വരുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. <u>ശ്രീ. എം. സി. കമറുദ്ദീൻ</u>: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 810,42,95,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോടതി നടപടികൾ ലളിതമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 810,42,95,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ പ്രത്യേകം പ്രത്യേകം അവതരിപ്പിച്ചു.

10. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

11. ശ്രീ. പി. സി. ജോർജ്ജ്

12. ശ്രീ. കെ. സി. ജോസഫ്

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ, ധനാഭ്യർത്ഥന നമ്പർ III – നീതിന്യായ നിർവ്വഹണം എന്നിവയെ ഞാൻ പിന്തുണയ്ക്കുന്നു.

അഴിമതിരഹിതവും ജനകീയവും സുതാര്യവും മാതൃകാപരവുമായ ഭരണത്തിലൂടെ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇന്ത്യയിൽ ഒരു പ്രകാശഗോപുരംപോലെ വളരുകയാണ്. നീതി ആയോഗിന്റെ പഠന റിപ്പോർട്ടിൽ കേരളം വികസനസൂചികയിൽ ഒന്നാം സ്ഥാനത്ത് വീണ്ടും എത്തിയിരിക്കുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനം, സ്ത്രീ സമത്വം, ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ വളർച്ച എന്നിവയിലും കേരളം ഒന്നാം സ്ഥാനത്തുതന്നെ തുടരുകയാണ്. Public Affairs Forum എന്ന സ്വതന്ത്ര ഏജൻസി നടത്തിയ പഠനത്തിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മാതൃകാപരമായ ഭരണം കാഴ്ചവയ്ക്കുന്ന സംസ്ഥാനമായി ഈ വർഷം തെരഞ്ഞെടുത്തിരിക്കുന്നത്

കേരളത്തെയാണ്. ഇത് ഏതെങ്കിലും ഒരു പാർട്ടിയുടെ അഭിപ്രായമല്ല. കേന്ദ്ര ഗവൺമെന്റ് ഏജൻസിയുടെ അഭിപ്രായമാണ് ഞാൻ ആദ്യം സൂചിപ്പിച്ചത്. അഴിമതിരഹിതമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഫലമായി ഇന്ത്യയിൽ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനം കേരളമാണെന്ന് വിശദീകരിച്ചിരിക്കുകയാണ്. അങ്ങനെ ഓരോ സംഭവങ്ങൾ പരിശോധിച്ചാലും മാതൃകയോടെ നേതൃത്വം കൊടുത്തുകൊണ്ട്, ദേശീയ അടിസ്ഥാനത്തിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളോട് നേരിന്റെ മാർഗ്ഗത്തിലൂടെ പ്രതികരിച്ചും നേതൃത്വപരമായ പങ്ക് വഹിക്കുന്ന ഈ ഗവൺമെന്റ് ഒരു പ്രകാശഗോപുരമായി തുടർന്ന് സംസ്ഥാനത്തിന്റെ ഭരണചരിത്രത്തിൽ ഒരു തുടർഗവൺമെന്റിന് അടിത്തറയിടുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. ഗെയിൽ പൈപ്പ് ലൈൻ പദ്ധതി, വ്യവസായ ഇടനാഴി, തീരദേശ-മലയോര ഹൈവേ, പവർ ഹൈവേ ഇവയൊന്നും യാഥാർത്ഥ്യമാകുമെന്ന് ഒരുകാലത്തും പ്രതീക്ഷിച്ചതല്ല. ഗെയിൽ പൈപ്പ് ലൈൻ പദ്ധതി പൂർത്തീകരിക്കുന്നതോടെ കേരളം വികസന ചരിത്രത്തിലെ വിപ്ലവകരമായ ഒരു കുതിച്ചുചാട്ടത്തിന് പങ്കുവഹിക്കാൻ പോകുകയാണ്. Petronet LNG കമ്മീഷൻ ചെയ്തു. വടക്കൻ കേരളമെന്നോ തെക്കൻ കേരളമെന്നോ മദ്ധ്യകേരളമെന്നോ വ്യത്യാസമില്ലാതെ എൽ.എൻ.ജി. പദ്ധതിയുടെ പണി പൂർത്തിയാകാൻ പോകുകയാണ്. പ്രത്യേകിച്ച്, മലബാറിൽ വികസന രംഗത്ത് നിലനിന്നിരുന്ന ഒരു പിന്നോക്കാവസ്ഥയ്ക്ക് കണ്ണൂർ എയർപോർട്ട് വന്നതോടുകൂടി വലിയ മാറ്റം വന്നു. കണ്ണൂർ എയർപോർട്ടിന്റെ കാര്യത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെയും ഇപ്പോഴുള്ള ഗവൺമെന്റിന്റെയും നടപടികൾ താരതമ്യം ചെയ്താൽ ഇരുട്ടും പകലും പോലെയുള്ള പ്രകടമായ വ്യത്യാസം കാണാൻ കഴിയും. അഴീക്കൽ തുറമുഖത്തിന്റെ കാര്യത്തിലും നടപടികൾ സ്വീകരിക്കുന്നുണ്ട്. തെക്കൻ കേരളത്തിലായാലും മധ്യ കേരളത്തിലായാലും ഉത്തരകേരളത്തിലായാലും ഏറ്റവും കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കുക എന്നതാണ് മറ്റൊരാവശ്യം. അതും എൽ.എൻ.ജി. വഴി ലഭിക്കാൻ പോകുകയാണ്. ഉത്തരകേരളത്തിൽ വൻ പ്ലാന്റുകൾ സ്ഥാപിക്കപ്പെടാൻ കഴിയും. ഇതുവഴി പശ്ചാത്തല സൗകര്യമൊരുക്കാനും ഏറ്റവും വിലക്കുറവിൽ sufficient and uninterrupted power ലഭ്യമാക്കാനും കഴിയും. അങ്ങനെ കേരളം ഒരു വികസന കുതിപ്പിലേയ്ക്കെത്തുകയാണ്. വികസിത രാജ്യങ്ങളോട് കിടപിടിക്കാൻ കഴിയത്തക്ക വിധത്തിലുള്ള മാതൃകാപരമായ ഭരണനടപടികളുമായാണ് ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുത്തു കൊണ്ടിരിക്കുന്ന ഗവൺമെന്റ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. എല്ലാവർക്കും വീട് എന്നുള്ളത് ഒരു ലക്ഷ്യമാണ്, അതൊരു മുദ്രാവാക്യവുമാണ്. എല്ലാവർക്കും സോഷ്യലിസം എന്നതും മുദ്രാവാക്യമാണ്, എന്നാൽ സ്ഥാപിക്കപ്പെടുക എന്നത് അസാദ്ധ്യവുമാണ്. മനുഷ്യന്റെ ഭൗതികാവശ്യങ്ങൾ നിർവ്വഹിക്കപ്പെടുന്നതിൽ, പ്രത്യേകിച്ച്

എല്ലാവർക്കും വീട് എന്നുള്ളത് കേരള സംസ്ഥാനത്തിൽ ഒരു യഥാർത്ഥ്യമായി സാക്ഷാത്കരിക്കപ്പെടുന്നതിന് ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഗവൺമെന്റ് അടിത്തറയിട്ടുകഴിഞ്ഞു. പുത്തരിക്കണ്ടം മൈതാനിയിൽ കഴിഞ്ഞ ദിവസം കണ്ടത് അതാണ്. 2,14,296 വീടുകൾ പണിതുകൊടുത്തതിന്റെ കണക്കിലാണ് ഇപ്പോൾ പരിശോധന നടത്തുന്നത്. അവിടെയെവിടെയങ്കിലും കുറഞ്ഞോ, കൂടിയോ എന്നുള്ളതാണ് പരിശോധന. കഴിഞ്ഞ ഗവൺമെന്റ് തുടങ്ങിവച്ചതും ഈ ഗവൺമെന്റ് പുതിയതായി തുടങ്ങിയതുമുണ്ട്. സ്ഥലവും വീടുമില്ലാത്തവർക്ക് ഫ്ലാറ്റുകൾ നിർമ്മിച്ചുകൊടുക്കുന്ന നടപടികളുമുണ്ട്. അങ്ങനെ നോക്കുമ്പോൾ വരുന്ന വർഷങ്ങളിൽ ഈ സംസ്ഥാനത്ത് എല്ലാവർക്കും വീട് എന്നുള്ളത് യാഥാർത്ഥ്യമാകും. ഒരു വികസിത മുതലാളിത്ത രാജ്യത്തുപോലും സ്ഥാപിക്കാൻ കഴിയാത്ത വിധത്തിലുള്ള വികസന നേട്ടങ്ങളുടെ ചരിത്രത്തിലേയ്ക്കാണ് കേരളം പൊയ്ക്കൊണ്ടിരിക്കുന്നത്. മേൽപ്പറഞ്ഞ വീടുകളുടെ താക്കോൽദാനച്ചടങ്ങ് പ്രതിപക്ഷം ബഹിഷ്കരിച്ചു. ശ്രീ. നരേന്ദ്ര മോദിയുടെ നാട്ടിൽ ശ്രീ. ഡൊണാൾഡ് ട്രംപ് വന്നപ്പോൾ ചേരികൾ കാണാതിരിക്കാൻ വേണ്ടി മതിലുകൾകെട്ടി മറച്ചു. നിലവിലുള്ള കൂരകൾ കാണാതിരിക്കാൻ വേണ്ടി മറച്ചുകെട്ടിയാണ് അവിടെ വീടില്ലാത്തതിന് പരിഹാരം കണ്ടത്. ഇവിടെ കേരളത്തിൽ പ്രതിപക്ഷ ബഹിഷ്കരണമാണ് നടക്കുന്നത്. എന്നാൽ എൽ.ഡി.എഫ്. നിലകൊള്ളുന്നത് എല്ലാവർക്കും വീട് എന്നുള്ളതാണ്, എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്. -ഉം തമ്മിലുള്ള വ്യത്യാസം ഇതാണ്. ഈ വ്യത്യാസമൊക്കെ കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. ലക്ഷം വീട് പദ്ധതിക്കുശേഷം കേരളം കണ്ട ഏറ്റവും ക്രിയാത്മകവും സൃഷ്ടിപരവുമായ പദ്ധതിയാണ് ലൈഫ് പദ്ധതി. ലൈഫ് പദ്ധതി മാത്രമല്ല, പശ്ചാത്തല വികസനത്തിന്റെ കാര്യവും ഞാൻ സൂചിപ്പിച്ചു, വൻ മാറ്റങ്ങളാണ് വന്നിട്ടുള്ളത്. പ്രളയദുരന്തത്തെ തുടർന്ന് പുനരധിവാസ നടപടികൾ സ്വീകരിച്ചു. പുനരധിവാസം വെറുമൊരു ചടങ്ങോ വഴിപാടോ അല്ല. കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച്, കാലാവസ്ഥയിൽ വരുന്ന മാറ്റങ്ങൾ അതിജീവിക്കാൻ കഴിയത്തക്ക വിധത്തിലുള്ള കരുതലോടുകൂടിയ നടപടികൾ സ്വീകരിക്കാൻ കഴിയണമെന്ന നിർദ്ദേശമാണ് ഗവൺമെന്റ് താഴെത്തട്ടിലേയ്ക്ക് കൊടുത്തിരിക്കുന്നത്. ഇപ്പോൾ താമസിക്കാൻ പുതുതായി പണിതുനൽകിയ വീടുകളും കാലാവസ്ഥാ വ്യതിയാനങ്ങൾ മനസിലാക്കിക്കൊണ്ട്, നിലവിലുള്ള സാഹചര്യങ്ങളെ എങ്ങനെ അതിജീവിക്കാം എന്ന് കണക്കാക്കിക്കൊണ്ടാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്.

ഐ.ടി. രംഗത്ത് അതിമഹത്തായ ദൗത്യമാണ് നടക്കുന്നത്. കേരളം രൂപീകൃതമായതിനുശേഷം ചരിത്രത്തിൽ മുമ്പില്ലാത്തവിധം വിദേശ കമ്പനികൾ, വൻ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവ വരുന്നു. അടിസ്ഥാന താത്പര്യങ്ങൾ

ബലികഴിക്കാതെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വികസനോന്മുഖമായ വഴി തുറക്കുന്നതിനുംവേണ്ടി വിദേശ സ്ഥാപനങ്ങൾ കേരളത്തിന്റെ ഐ.ടി. മേഖലയിൽ മുതൽമുടക്കുന്നതിനുവേണ്ടി മുന്നോട്ടുവന്നിരിക്കുകയാണ്. നിക്ഷേപത്തിന്റെ കാര്യത്തിൽ ഒരു ലക്ഷം കോടി രൂപ എന്നത് മുൻപ് വെറും പാഴ്‌വാക്കായിരുന്നു. അക്കാര്യങ്ങളെക്കുറിച്ച് പത്രങ്ങളിൽ വാർത്ത വരുമായിരുന്നെങ്കിലും ഒരാൾക്ക് പോലും തൊഴിൽ കൊടുക്കാൻ സാധിക്കുമായിരുന്നില്ല. ഒരു ലക്ഷം കോടി രൂപ നിക്ഷേപം വരുമെന്ന് പറഞ്ഞിട്ടും ആകെ വന്നത് അങ്കമാലിയിൽ ജോയ് ആലൂക്കാസിന്റെ ഒരു സ്വർണ്ണക്കടമാത്രമാണെന്ന് അന്ന് പത്രങ്ങളിൽ കാണുകയുണ്ടായി. അത്തരത്തിൽ ഗുണപരമായ വ്യത്യാസമാണ് ഗവൺമെന്റിന്റെ നേതൃത്വത്തിൽ ഈ സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നത്. ഐ.ടി. രംഗത്ത് 85000-ത്തിലധികം പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ആർദ്രം, ലൈഫ്, ഹരിത കേരളം തുടങ്ങി സർക്കാരിന്റെ നാല് മിഷനുകളുണ്ട്. ഇതുമൂലമുണ്ടായ സാമൂഹിക വികസനം നമ്മുടെ ജീവിതത്തിന്റെ മുഖച്ഛായ മാറ്റുകയും വലിയ നേട്ടങ്ങൾ കൈവരിക്കാൻ സഹായിക്കുകയും ചെയ്തു. ക്ഷേമവികസന പദ്ധതികൾക്കായി 9311 കോടി രൂപയാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ചെലവഴിച്ചതെങ്കിൽ 22000 കോടി രൂപയാണ് ഈ സർക്കാർ ചെലവഴിച്ചിരിക്കുന്നത്. എണ്ണത്തിലും തുകയിലും വർദ്ധനവുണ്ടായി. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എണ്ണത്തിൽ കുറവായിരുന്നു, തുക കൂട്ടിക്കൊടുത്തതുമില്ല, കുടിശ്ശിക വരുത്തുകയാണുണ്ടായത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2015-16-ൽ കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ നൽകിയത് 7,679 കോടി രൂപയായിരുന്നു. എന്നാൽ 2020-21-ൽ ലക്ഷ്യമിടുന്നത് 12,074 കോടി രൂപയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നാലു വർഷംകൊണ്ട് കഴിഞ്ഞ ഗവൺമെന്റും ഈ ഗവൺമെന്റും നൽകിയ തുകയിലെ വ്യത്യാസം ഇരുട്ടും പകലും പോലെയാണ്. തുകയിൽ നൂറ് ശതമാനത്തിന്റെ വ്യത്യാസമാണ് കാണിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതു വിദ്യാലയങ്ങളിൽനിന്നും 5 ലക്ഷം കുട്ടികളുടെ ചോർച്ച സംഭവിച്ചുവെങ്കിൽ ഈ ഗവൺമെന്റിന്റെ കാലത്ത് 5 ലക്ഷം കുട്ടികൾ പുതിയതായി വന്നുചേർന്നു. വിജ്ഞാനത്തിന്റെ ദേവത വിളയാടുന്നുവെന്ന് പറയുന്നതുപോല, വൈജ്ഞാനിക രംഗത്ത് വൻമുന്നേറ്റമാണ് ഉണ്ടായിരിക്കുന്നത്. പൊതു വിദ്യാഭ്യാസ മണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരത്തോട് മത്സരിക്കാൻ പ്രാപ്തമായ ഒരു സമൂഹത്തെ വാർത്തെടുത്തുകൊണ്ട് വരുംകാലത്തിന്റെ പ്രത്യാശകൾക്ക് ഊടും പാവും നെയ്ത് കരുത്തുപകരുന്ന ജനകീയ വിദ്യാഭ്യാസ നയം കേരളത്തിൽ വികസനോന്മുഖമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എസ്.സി/എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്കായി

51926 വീടുകൾ നിർമ്മിച്ചുനൽകി. പതിനാലിന നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ ഒന്നിനുപോലും വർദ്ധനവുണ്ടാകാതെ മുന്നോട്ടുപോകാൻ ഗവൺമെന്റിന് കഴിഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ മൂലധനച്ചെലവ് 29,869 കോടി രൂപയായിരുന്നു. എന്നാൽ ഈ ഗവൺമെന്റിന്റെ ഇതുവരെയുള്ള മൂലധനച്ചെലവ് 40,497 കോടി രൂപയായി ഉയർന്നിരിക്കുന്നു. ഇതുകൂടാതെ അമ്പതിനായിരത്തിൽപ്പരം കോടി രൂപയുടെ കിഫ്ബി പദ്ധതികൾകൂടി കണക്കിലെടുക്കുമ്പോൾ സംസ്ഥാനത്തുണ്ടാകാൻ പോകുന്ന മാറ്റം സുസ്ഥിര വികസനത്തിന് വഴിവയ്ക്കുമെന്നതിൽ തർക്കമില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ദാസൻ)

സുസ്ഥിരമായ ഒരു വികസനത്തിന്റെ ജനകീയമായ മുന്നേറ്റത്തിന് വഴിയൊരുക്കുന്ന നേതൃത്വപരമായ ദൗത്യമാണ് സർക്കാർ നിർവ്വഹിച്ചു കൊണ്ടിരിക്കുന്നത്. ഓഖി, പ്രളയം തുടങ്ങിയ വൻദുരന്തങ്ങൾ സംഭവിച്ചിട്ടും കേന്ദ്രം നമ്മെ സഹായിച്ചില്ല. ഇത്തരം പ്രതിസന്ധി നിറഞ്ഞ സന്ദർഭത്തിൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിഗതികൾ പരിശോധിക്കുകയാണെങ്കിൽ, ജി.എസ്.ടി വിഹിതവും ദുരിതാശ്വാസ നടപടികൾക്കുള്ള വിഹിതവും വെട്ടിക്കുറച്ചു. ഇതെല്ലാം ചെയ്തിട്ടും കഴിഞ്ഞ സർക്കാരിന്റെ സാമ്പത്തിക വളർച്ച ദേശീയ ശരാശരിയേക്കാൾ 4.9 ശതമാനമായിരുന്നുവെങ്കിൽ ഈ സർക്കാരിന്റെ സാമ്പത്തിക വളർച്ച ദേശീയ ശരാശരിയേക്കാൾ 7.2 ശതമാനമായി ഉയർന്നുകഴിഞ്ഞിരിക്കുന്നു. ഒരു പ്രതികൂല സാഹചര്യത്തെ അതിജീവിച്ച്, കരുത്താർജ്ജിച്ച് മുന്നോട്ടുപോകുന്നതിൽ വിജയം കൈവരിക്കുന്നതിലാണ് ഭരണപാടവം. ആ ഭരണപാടവമാണ് മെയ്വഴക്കത്തോടും ദീർഘവീക്ഷണത്തോടും ക്രാന്തദർശനത്തോടുംകൂടി ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഗവൺമെന്റ് നടപ്പിലാക്കുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 370000 പേർക്ക് 1216 കോടി രൂപയാണ് നൽകിയത്. ഓഖി, പ്രളയം എന്നിവയ്ക്ക് 2851 കോടി രൂപ നൽകിയതുകൂടാതെയാണിത്. 1216 കോടി രൂപ ഈ ഗവൺമെന്റ് നൽകിയപ്പോൾ, 503 കോടി രൂപയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആകെ നൽകിയത്. അത് ക്യൂവിൽ നിന്നും വാഹനങ്ങളിലും ആംബുലൻസുകളിലും കൊണ്ടുവന്ന് വൈകുന്നേരംവരെ കാത്തുനിന്ന് വാങ്ങിയ സ്ഥിതിവിശേഷമാണ് കേരളത്തിലുണ്ടായത്. അത് വാർത്തയായി വന്നതും നമ്മളാരും മറന്നിട്ടില്ല. ജനക്ഷേമത്തിന്റെയും വികസനത്തിന്റെയും വഴികാട്ടിയായി ഈ സർക്കാർ മാറുമ്പോൾ, അതിനെതിരായി ചില വെടിക്കെട്ടുകൾ പൊട്ടിക്കാൻ നോക്കിയപ്പോൾ അത് ചീറ്റിപ്പോയി. അതാണ് ഈ ഓഡിറ്റ് പരിശോധന വന്നത്. 2019-ൽ 4-ാം നമ്പർ ഓഡിറ്റ് റിപ്പോർട്ട്, രണ്ടാം അദ്ധ്യായത്തിൽ ഖണ്ഡിക 10(3)(ii) തലക്കെട്ട് ഇങ്ങനെയായിരുന്നു. '2015-സെപ്റ്റംബറിൽ രൂപീകൃതമായ അന്വേഷണ

ബോർഡിന്റെ അലംഭാവത്തോടെയുള്ള അന്വേഷണവും വെടിയുണ്ടകൾ നേരത്തെ കുറവ് വന്ന വിവരം മൂടിവയ്ക്കാൻ വേണ്ടി 2015-ലെ അന്വേഷണ സംവിധാനത്തെ ദുർവിനിയോഗം ചെയ്തു' എന്നും സി&എ.ജി-യാണ് പറഞ്ഞിരിക്കുന്നത്. 2006-ൽ അവസാനിക്കുന്ന റിപ്പോർട്ടിനെ സംബന്ധിച്ച് സി&എ.ജി. പറഞ്ഞിരിക്കുന്നത് ഇവയാണ്. ഒന്നാമത്തേത്, ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.8-നെക്കുറിച്ചാണ് സി&എ.ജി. പരാമർശിക്കപ്പെട്ടിരിക്കുന്നത്. ഹരിപ്പാട് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുക്കാൻ വ്യവസ്ഥകൾ പാലിക്കാതെ ചീഫ് സെക്രട്ടറിയും അഡീഷണൽ ചീഫ് സെക്രട്ടറിയും മുഖ്യമന്ത്രിയും ഉത്തരവ് നൽകി. രണ്ടാമത്തേത്, കോട്ടയം നഗരാതിർത്തിയിലുള്ള നെൽവയൽ ഇടനാഴി പദ്ധതിയിൽ മാറ്റം വരുത്താൻ അഡീഷണൽ ചീഫ് സെക്രട്ടറി, മുഖ്യമന്ത്രി എന്നിവർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ഉത്തരവിട്ടു. മൂന്നാമത്തേത്, കോടിമതയിൽ മൊബിലിറ്റി ഹബ്ബിനായി നെൽവയൽ തരംമാറ്റുന്നതിനുള്ള റവന്യൂവകുപ്പുമന്ത്രിയുടെ ഉത്തരവ് ആക്ടിലെ വ്യവസ്ഥകൾ പാലിക്കാതെ അംഗീകരിച്ചു. നാലാമത്തേത്, മെത്രാൻ കായൽ നികത്താൻ സർക്കാർ അനുമതി നല്കുകയും കൃഷിവികസന കമ്മീഷണറുടെ അനുവാദമില്ലാതെ അതിന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഈ നടപടി അങ്ങേയറ്റം തെറ്റായിപോയി. അങ്ങനെ സി.ആന്റ് എ.ജി. ചൂണ്ടിക്കാണിച്ച എല്ലാ നടപടികളും മറച്ചുവച്ചുകൊണ്ട് ഏതാനും ചില വാചകങ്ങൾ ആവശ്യത്തിനനുസരിച്ച് വ്യാഖ്യാനിക്കുന്നതിനുവേണ്ടി എടുത്ത് വിശകലനം ചെയ്യുന്നത് ഭൂഷണമാണോ?

മി. ചെയർമാൻ: സമയം കഴിഞ്ഞു.

ശ്രീ. എസ്. ശർമ്മ: സർ, ഉത്തരവാദിത്വമുള്ള രാഷ്ട്രീയനേതൃത്വത്തിന് ഭൂഷണമായിട്ടുള്ള കാര്യമല്ല. ഡൽഹിയിലുണ്ടായ കൂട്ടകലാപം, ഗുജറാത്തിലുണ്ടായ കലാപം...... (......മൈക്ക് ഓഫ്.........) **......**ആ മാതൃകയ്ക്ക് നേതൃത്വം കൊടുത്ത ആളാണ് ഇന്ന് ഡൽഹിയിലുള്ളത്...... (......മൈക്ക് ഓഫ്.........)..... ഗ്രീക്ക് സാഹിത്യകാരനായ ബയറൻ പ്രഭു പറയുന്നത്, ലോകത്ത് നമ്മൾ നടത്തുന്ന ഏതൊരു സമരവും ആദ്യം വിജയം കൈവരിച്ചെന്ന് വരില്ല, പക്ഷെ നമ്മൾ വിജയിക്കും. കാരണം സത്യം നമ്മുടെ ഭാഗത്തായതുകൊണ്ട് എന്നാണ്. പൗരത്വ ബിൽ ഇത്തെറിയും വരെ പോരാട്ടം തുടരുക തന്നെ ചെയ്യുമെന്ന് പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ സംസ്ഥാനത്ത് ക്ഷേമരാഷ്ട്ര സങ്കല്പങ്ങളിൽ നിന്ന് പരിപൂർണ്ണമായി വ്യതിചലിക്കുന്ന പ്രവർത്തനങ്ങളാണ് നമുക്ക് കാണാൻ കഴിയുന്നത്. ഒരു വെൽഫയർ സ്റ്റേറ്റ് എന്നാൽ, The welfare state is a form of Government in which the state protects and promotes the economic and

social well being of the citizens, based upon the principles of equal opportunity, equitable distribution of wealth and public responsibility for citizens unable to avail themselves of the minimal provisions for a good life. ഇതിനെതിരായിട്ടാണ് സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ. കേരള ചരിത്രത്തിൽ മണ്ണ് തിന്ന് വയറ് നിറയ്ക്കേണ്ട ഗതികേടുള്ള കുഞ്ഞുങ്ങളെ ആദ്യമായി കാണേണ്ടിവന്നത് ഈ ഭരണകാലഘട്ടത്തിലാണെന്ന് പറയാതിരിക്കാൻ വയ്യ. അതും തലസ്ഥാനത്താണെന്നുള്ളത് വളരെ പ്രാധാന്യമർഹിക്കുന്നു. ഇന്നലെ തിരുവനന്തപുരം കോർപ്പറേഷൻ അവർക്കൊരു വീട് വച്ചുകൊടുത്തു, ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രൻ അവർകൾ അവിടെ നടത്തിയ പ്രസംഗം കേരളത്തിലെ സ്ത്രീകളെ മുഴുവൻ അപമാനിക്കുന്നതായി പോയി. ഒരു പത്രത്തിൽ വന്ന വാർത്ത അതേപടി ഞാൻ വായിക്കുകയാണ്, 'ശ്രീദേവി ജോലിചെയ്ത് അദ്ധ്വാനിച്ച് ജീവിക്കട്ടെ, അച്ഛൻ ഒട്ടുംതന്നെ ഇതൊന്നും ശ്രദ്ധിക്കുന്ന ആളല്ല, വർഷത്തിൽ ഒരിക്കലേ വരൂ, പോകുമ്പോൾ ഒരു കുഞ്ഞുണ്ടാകണം, അച്ഛന്റെ ജോലി എന്നുപറഞ്ഞാൽ ഇതുമാത്രമാണെന്നാണ് പുള്ളി കരുതിയിരിക്കുന്നത്, ശ്രീദേവി സംഭവമെന്നാൽ രണ്ടുപേരെ സന്തോഷകരമായി പാർട്ടിയിൽ നിന്ന് പുറത്താക്കിയ സംഭവം' വീട് ദാനചടങ്ങിനിടയിൽ യുവതിയെയും ഭർത്താവിനെയും അവഹേളിച്ച് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ. വളരെ ദയനീയമായിപ്പോയി ഇത്തരത്തിലുള്ള പ്രസ്താവനയെന്ന് പറയാതിരിക്കാൻ കഴിയില്ല. സ്ത്രീകളെ അപമാനിക്കുന്ന ഇത്തരത്തിലുള്ള പ്രസ്താവനയുണ്ടായപ്പോൾ വനിതാ അംഗങ്ങളെങ്കിലും ഇതിൽ ശക്തമായി പ്രതിഷേധിക്കണ്ടേ? നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം നേരിട്ടിട്ട് ജീവനും ജീവനോപാധിയും വസ്തുവകകളുമൊക്കെ നഷ്ടപ്പെട്ട നൂറുക്കണക്കിന് കുടുംബങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അവർക്ക് പറഞ്ഞ് മോഹിപ്പിച്ച പതിനായിരം രൂപപോലും ഇതുവരെ കൊടുത്തിട്ടില്ലെന്ന് ഞങ്ങൾ പലതവണ പറഞ്ഞതാണ്. പ്രളയബാധിതർക്ക് നഷ്ടപരിഹാരം നൽകാതെ ഒന്നേകാൽകോടി രൂപ മുടക്കി സൈക്കിളിംഗ് മത്സരം നടത്തിയ വയനാട് ജില്ലയിൽ നിരവധി വീടുകൾ നഷ്ടപ്പെട്ടു, ഹെക്ടർ കണക്കിന് കൃഷി നഷ്ടപ്പെട്ടു. മേപ്പാടിയിൽ പതിനായിരം രൂപ കിട്ടാത്തതിനാൽ സനൽ എന്ന ചെറുപ്പക്കാരൻ ജീവനൊടുക്കിയ വാർത്തയാണ് വന്നുകൊണ്ടിരിക്കുന്നത്. ഈ സർക്കാർ ഇതുവല്ലതും കാണുന്നുണ്ടോ; 'ആനകൊടുത്താലും ആശകൊടുക്കരുത്.'കൊട്ടി ഘോഷിക്കുന്ന ലൈഫ് മിഷൻ പദ്ധതിയുടെ അവസ്ഥ ഇന്ന് എന്താണ്? പദ്ധതിയിലൂടെ എത്ര പാവങ്ങളെയാണ് സർക്കാർ പറ്റിച്ചിട്ടുള്ളത്. വീട്പൊളിച്ച് ഷെഡ് വയ്ക്കാൻ നിർദ്ദേശിച്ചിട്ട് ഇപ്പോൾ ലിസ്റ്റിൽ പേരുമില്ല, ഫണ്ടുമില്ല എന്ന അവസ്ഥയിലേയ്ക്ക് പാവപ്പെട്ടവർ എത്തിച്ചേർന്നിരിക്കുകയാണ്. അവരുടെ കണക്കെടുക്കണം. ബ്ലോക്ക്/ജില്ലാതലങ്ങളിലെ ആഘോഷങ്ങൾക്കുവേണ്ടി കോടിക്കണക്കിന് രൂപയാണ് പൊതുഖജനാവിൽനിന്ന് ചെലവഴിച്ചിട്ടുള്ളതെന്ന്

എല്ലാവർക്കുമറിയാം. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ പ്രവർത്തനം സർക്കാർ സ്തംഭിപ്പിച്ചിരിക്കുകയാണ്. പദ്ധതി വിഹിതം 40 ശതമാനമല്ലേ വെട്ടിക്കുറച്ചിട്ടുള്ളത്. സർവ്വാദരണീയനായ, മുൻമുഖ്യമന്ത്രികൂടിയായിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ 13-6-1957-ലെ ഒരു പ്രസംഗം എന്റെ കയ്യിലുണ്ട്. അതിൽ ആദ്യത്തെ വരിയിൽ പറയുന്നത്, ദേശീയ പ്രാധാന്യമുള്ള കാര്യങ്ങൾക്കല്ലാതെ മറ്റ് കാര്യങ്ങൾക്കുവേണ്ടി അതായത്, ഉദ്ഘാടനങ്ങൾക്കും കല്ലിടൽ കർമ്മത്തിനുമായി മന്ത്രിമാർ യാത്രചെയ്യരുതെന്നും ആ ഏർപ്പാടുകൾ ഇല്ലാതാക്കണമെന്നും എനിക്ക് അഭിപ്രായമുണ്ട്. രണ്ടാമത്തെ വരിയിൽ പറയുന്നത്, സത്യപ്രതിജ്ഞ ചെയ്ത് അന്നെടുത്ത തീരുമാനമാണ് മന്ത്രിമാർ യാത്രചെയ്യുന്ന സ്ഥലങ്ങളിലും മന്ത്രിമാരുടെ വാസസ്ഥലങ്ങളിലും സെക്യൂരിറ്റി ഏർപ്പാടുകൾ ചുരുക്കണമെന്നുള്ളത്. മൂന്നാമത്തേത്, അതിനുമുമ്പുതന്നെ മന്ത്രിമാരുടെ സെക്യൂരിറ്റി ഏർപ്പാട് കുറച്ചിട്ടുണ്ട് എന്ന്. ഇതൊരു പുതുമയാണോ; പുതുമയായാലുംകൊള്ളാം ഇല്ലെങ്കിലും കൊള്ളാം അത് നല്ലതല്ലെന്നാണ് എന്റെ അഭിപ്രായം. മന്ത്രിമാരുടെ ചുറ്റും അനവധി പോലീസുകാർ കാവൽനിൽക്കുന്നതും മന്ത്രിമാർ ഒരുതരം പ്രത്യേക ജീവികളാണെന്നൊരു ബോധം ഇല്ലാതാക്കുന്നതിനും ഇത് ഉതകുമെന്ന് ബഹുമാന്യനായ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ഒരു പ്രസംഗത്തിലൂടെയാണ് മനസ്സിലാകുന്നത്. ഇനി ചെലവിന്റെ കാര്യമെടുക്കാം. മന്ത്രിമാർക്ക് വരുന്ന ചെലവുകളും മറ്റ് അനാവശ്യ ചെലവുകളും കുറയ്ക്കുന്നതിനുള്ള നടപടികൾ ഞങ്ങളെടുക്കുന്നുണ്ട് എന്ന് പറഞ്ഞിട്ടുള്ള ആദരണീയനായ ഇ.എം.എസ് -ന്റെ പ്രസംഗമാണ് ഞാനിവിടെ വായിച്ചത്. ഇന്നത്തെ ഗവൺമെന്റിന് ഈ പറഞ്ഞ ഏതെങ്കിലുമൊരു കാര്യം ബാധകമാണോ? അഴിമതിയും സ്വജനപക്ഷപാതവും മുഖമുദ്രയാക്കിയിട്ടുള്ള സർക്കാരാണിത്. ഈ സർക്കാരിന്റെ ഭരണകാലത്തല്ലേ പോലീസിനകത്തെ സംഘടിതമായിട്ടുള്ള ക്രമക്കേടുകളും കെടുകാര്യസ്ഥതയും വെളിവാക്കുന്ന സി. ആന്റ് എ. ജി. റിപ്പോർട്ട് പുറത്തുവന്നിട്ടുള്ളത്. പുറത്തുവന്നതൊക്കെ മഞ്ഞുമലയുടെ ഒരറ്റം മാത്രമാണ്. കുപ്രസിദ്ധ ഗുണ്ട രവി പൂജാരിയുമായി കേരള പോലീസിലെ ചിലർക്ക് ബന്ധമുണ്ടെന്നുള്ള വാർത്ത ഇന്നലത്തെ ദിനപ്പത്രത്തിൽ വന്നിട്ടുണ്ട്. അതുസംബന്ധിച്ച് അന്വേഷണം നടത്തണം. ഈ കാലഘട്ടത്തിൽ അരി, തോക്ക്, ഡീസൽ, വെടിയുണ്ട എല്ലാം മോഷണം പോകുകയല്ലേ. സാമ്പത്തിക ഞെരുക്കം സ്വന്തം വീട്ടിൽ വന്നാൽ എന്തുചെയ്യും. മുണ്ട് മുറുക്കിയുടുക്കും, ചെലവുചുരുക്കും. ഇവിടെയാണെങ്കിലോ; വെള്ളിയാഴ്ച ബഹുമാന്യനായ ധനകാര്യവകുപ്പ് മന്ത്രി പറയും, വാഹനങ്ങൾ നമ്മൾ വാങ്ങുന്നില്ല; വാഹനങ്ങൾ മാസവാടകയ്ക്ക് എടുക്കുന്നതിനുള്ള ഉത്തരവ് കൂടുതൽ കർശനമായി നടപ്പിലാക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും ചെയ്യും. തിങ്കളാഴ്ചയാകുമ്പോൾ പറയുന്നത് എട്ട് കാറുകൾ വാങ്ങുമെന്നാണ്. എന്തു കൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രിമാരുടെ ഭാഗത്തുനിന്നും ഇത്തരത്തിലുള്ള

പ്രസ്താവനകൾ വരുന്നത്? ധൂർത്തടിച്ച് ഖജനാവ് മുടിച്ച ഈ സർക്കാർ ജനങ്ങളുടെ നികുതിപ്പണമാണ് ദുരുപയോഗം ചെയ്തുകൊണ്ടിരിക്കുന്നത്. എത്ര ക്യാബിനറ്റ് പദവികളാണ് ഈ സർക്കാർ സൃഷ്ടിച്ചിരിക്കുന്നത്. ഭരണപരിഷ്കാരം, മുന്നോക്കക്ഷേമം, അഡ്വക്കേറ്റ് ജനറൽ ഇതിനൊക്കെ പുറമേ എം.പി.-മാരുടെ എം.പി.-യായി ഡൽഹിയിലൊരാളെ നിയോഗിച്ച് അവിടെ കാർ, വീട്, സ്റ്റാഫ് ഇതിനെല്ലാംകൂടി കോടിക്കണക്കിന് രൂപയാണ് കേരളത്തിലെ പൊതുഖജനാവിൽ നിന്ന് ഇന്ന് നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഈ സാമ്പത്തിക പ്രതിസന്ധിയിൽ മന്ത്രിമാർക്കുപുറമേ കോളേജ് യൂണിയൻ ചെയർമാൻമാരും അദ്ധ്യാപകരും ലണ്ടൻ ടൂറിലാണ്. കേരളത്തിലെ അവസ്ഥ നമ്മൾ മനസ്സിലാക്കണം. സാമ്പത്തിക പ്രതിസന്ധിക്കിടെ ധൂർത്ത് വേണ്ടെന്ന് സി.പി.ഐ.(എം.)-ന്റെ സംസ്ഥാന നിർവ്വഹണ സമിതി അഭിപ്രായം പറഞ്ഞതിനെ ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. യു.എ.ഇ., ബഹ്റിൻ, നെതർലന്റ്, സ്വിറ്റ്സർലന്റ്, ഫ്രാൻസ്, യു.കെ., ജപ്പാൻ, സൗത്ത് കൊറിയ സന്ദർശനങ്ങൾകൊണ്ട് കേരളത്തിന് എന്തെങ്കിലും പ്രയോജനമുണ്ടായിട്ടുണ്ടോ? ഒരു പ്രയോജനവുമുണ്ടായിട്ടില്ല. കേരളത്തിലെ പൊതുഖജനാവിലെ പണം തീർക്കുക, നികുതിപ്പണം ദുരുപയോഗം ചെയ്യുക എന്നതിനപ്പുറമായിട്ടൊന്നും നടന്നിട്ടില്ല.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ അവസ്ഥ എന്താണ്? പള്ളിപ്പുറത്തുള്ള മലബാർ സിമന്റ്സ് അടച്ചുപൂട്ടൽ ഭീഷണിയിലാണ്. വിപണനമേഖലയിലെ പ്രതിസന്ധിമൂലം ഉത്പാദനം വെട്ടിക്കുറച്ചു. തൊഴിലാളികളുടെ നിത്യജീവിതം ദുരിതത്തിലാണ്. ചേർത്തലയിലുള്ള ഓട്ടോകാസ്റ്റിൽ ശമ്പളം കൊടുത്തിട്ട് മൂന്നുമാസമായി. പലതവണ മാറ്റി പറഞ്ഞതിനുശേഷം മാർച്ച് 7-ന് ശമ്പളം കൊടുക്കുമെന്ന് അധികാരികൾ ഉറപ്പുകൊടുത്തിരിക്കുകയാണ്. പൊതു മേഖലാസ്ഥാപനങ്ങളുടെ ഘാതകരായി ഈ സർക്കാർ മാറുന്നുവെന്ന് പറയാതിരിക്കാൻ കഴിയില്ല. വർക്കിംഗ് ക്യാപിറ്റൽ ഓട്ടോകാസ്റ്റിന് നൽകുന്നില്ല, കഴിഞ്ഞ ബഡ്ജറ്റിൽ കൊടുക്കുമെന്നുപറഞ്ഞ തുകപോലും കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. തൊട്ടുമുമ്പ് സംസാരിച്ച ബഹുമാന്യനായ അംഗം, ഈ ഗവൺമെന്റിനെക്കുറിച്ച് നല്ലതുപറയുന്നതുകേട്ടു. ബന്ധുനിയമനത്തിന് ഇത്രയേറെ ചീത്തപ്പേര് കേട്ടിട്ടുള്ള ഒരു ഗവൺമെന്റ് കേരളത്തിന്റെ ചരിത്രത്തിലുണ്ടായിട്ടില്ല. കേരളം മുഴുവൻ ചർച്ച ചെയ്തിട്ട് എന്തെങ്കിലും പാഠം ഈ ഗവൺമെന്റ് പഠിച്ചോ? സി-ഡിറ്റിന്റെ ഡയറക്ടറായി മുൻ എം. പി., ശ്രീമതി. ടി. എൻ. സീമയുടെ ഭർത്താവിനെ മതിയായ യോഗ്യതയില്ലാതെ നിയമിച്ചിരിക്കുന്നുവെന്ന് പറയുന്നത് ഞങ്ങൾ മാത്രമല്ല, ഭരണാനുകൂല സംഘടനകൾ വരെയാണെന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളം മുഴുവൻ ഇന്ന് സമരങ്ങളാണ്. കേരളം മുഴുവൻ സർക്കാരിന്റെ നിലപാടിനെതിരെ ശക്തമായ പ്രതിഷേധങ്ങളും അതിന്റെ പ്രതിധ്വനികളുമാണ്. അനൂരി പഞ്ചായത്തിലെ

കുന്നത്തുമല ആദിവാസി സെറ്റിൽമെന്റ് കോളനിയിലെ ഏകാദ്ധ്യാപക വിദ്യാലയത്തിലെ ഉഷാ കുമാരി ടീച്ചർ ക്ലാസ്സ് മുടക്കാതെ നിരാഹാര സമരം തുടങ്ങിയിരിക്കുകയാണ്.

മി. ചെയർമാൻ: കൃത്യസമയം പാലിച്ച് സഭ മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം അവസാനിപ്പിക്കണം.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, സ്ഥിരനിയമനം ആവശ്യപ്പെട്ട് മാസങ്ങളായി ശമ്പളം മുടങ്ങുന്നതിൽ പ്രതിഷേധിച്ചാണ് ആ സമരം നടത്തുന്നത്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം അവസാനിപ്പിക്കണം.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, സർവ്വശ്രീ വി. ഡി. സതീശൻ, കെ. സി. ജോസഫ്, വി. ടി. ബൽറാം, പി. ടി. തോമസ് എന്നിവർ ഉന്നയിച്ച, പോലീസ് ആസ്ഥാനത്ത് പ്രവേശനം നൽകിയിരിക്കുന്ന ഗ്യാലക്സോൺ എന്ന കമ്പനിയെക്കുറിച്ചുള്ള ചോദ്യത്തിന്, ബ്ലാക്ക് ലിസ്റ്റിൽ ഇല്ലെന്ന് കമ്പനി തന്നെ സാക്ഷ്യപത്രം നൽകിയെന്നാണ് ഇവിടെ മറുപടി കൊടുത്തിരിക്കുന്നത്. കള്ളന്റെ കയ്യിൽ താക്കോൽ ഏൽപ്പിച്ചിരിക്കുകയാണ്, പോലീസിന്റെ കയ്യിൽ താക്കോൽ ഏൽപ്പിക്കുകയല്ലേ വേണ്ടത്. സംസ്ഥാനത്ത് ഇത്രയേറെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുള്ളപ്പോഴും സംസ്ഥാനത്തെ പൊതുഖജനാവ് കൊള്ളയടിച്ചുകൊണ്ട്, ജനങ്ങൾ കൊടുക്കുന്ന നികുതിപ്പണം കൊള്ളയടിക്കുന്ന സർക്കാരിന്റെ ഈ നിലപാടിനെതിരായിട്ടുള്ള ശക്തമായ എതിർപ്പ് അറിയിക്കുന്നു. അതോടൊപ്പംതന്നെ ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അഭിമാനപൂർവ്വം പിന്താങ്ങുന്നു. നമ്മുടെ സംസ്ഥാനം കൈവരിച്ച സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ നേട്ടങ്ങൾ ജനങ്ങൾ തിരിച്ചറിയുകയാണ്. ആ തിരിച്ചറിവ് സഖാവ് പിണറായി വിജയന്റെ രണ്ടാമൂഴത്തിന് അരങ്ങൊരുക്കി ക്കൊണ്ടിരിക്കുകയാണ്. അതിന്റെ അസൂയയിൽനിന്ന് ഉയരുന്ന ജൽപ്പനങ്ങളായി മാത്രമായാണ് ഇവിടെ പ്രതിപക്ഷം നടത്തുന്ന പ്രതികരണങ്ങളെ നമുക്ക് കാണേണ്ടതായിട്ടുള്ളത്. ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് വലിയ തോതിലുള്ള സംഭാവനയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി നൽകികൊണ്ടിരിക്കുന്നതെന്ന് അറിയാത്തവരായി ആരുമില്ല. തെരഞ്ഞെടുപ്പ് വേളയിൽ ജനങ്ങൾക്ക് എന്താണോ വാഗ്ദാനം ചെയ്തത് അത് അക്ഷരാർത്ഥത്തിൽ നടപ്പിലാക്കുന്നതിന് യാതൊരു കാലവിളംബവും കൂടാതെ മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റ് ഒഴുക്കിനെതിരെയാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് അടിക്കടി ഈ ഗവൺമെന്റിനെ ശ്വാസംമുട്ടിക്കുന്ന നിലപാടുകൾ സ്വീകരിച്ചിട്ടും

അതിന്റെ നടുവിലൂടെ ജനങ്ങളെ സംരക്ഷിച്ചുകൊണ്ടും നാടിനെ പുരോഗതിയിലേയ്ക്ക് നയിച്ചുകൊണ്ടും നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് മാത്രമല്ല കേരളത്തിന്റെ ചരിത്രത്തിൽ അഴിമതിരഹിതമായ ഭരണമെന്ന് സർവ്വരാലും അംഗീകരിക്കുന്ന ഒരവസ്ഥ കൈവരിച്ചിരിക്കുന്നുവെന്നുള്ളത് ഈ നാടിന് അഭിമാനമാണ്. രാജ്യംതന്നെ മറ്റൊരു ദിശയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. എതിർ ശബ്ദങ്ങളെ ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ്. സഖാവ് കനയ്യ കുമാർ, ഇന്ത്യയിലെ യുവതയുടെ പ്രതീകമായി മാറിയിട്ടുള്ള നേതാവാണ്. ജെ.എൻ.യു.-വിന്റെ മുൻ യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാനാണ്. അദ്ദേഹത്തെ രാജ്യദ്രോഹിയായി മുദ്രകുത്തി ജയിലിലടയ്ക്കാനുള്ള അണിയറനീക്കങ്ങൾ തുടങ്ങിയിട്ട് നാളുകളേറെയായി. ഡൽഹി ഗവൺമെന്റ് അവിടെയുണ്ടായ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ കേന്ദ്രഗവൺമെന്റുമായി സൗഹൃദം സ്ഥാപിക്കാനുള്ള പാലമായി സഖാവ് കനയ്യ കുമാറിനെ പ്രോസിക്യൂട്ട് ചെയ്യാനുള്ള നടപടിക്ക് അംഗീകാരം കൊടുത്തു കഴിഞ്ഞിരിക്കുകയാണ്. ഡൽഹിയിൽ എന്താണ് നടക്കുന്നത്? ജനജീവിതത്തെ ഏറ്റവും ദുസ്സഹമാക്കുന്ന സംഭവവികാസങ്ങൾ അരങ്ങേറുകയാണ്. 47-ഓളം മനുഷ്യരാണ് അവിടെ കലാപത്തിൽ കൊലചെയ്യപ്പെട്ടത്. മുന്നൂറിലധികം ആളുകൾ ഗുരുതരമായ പരിക്കുകളോടെ വിവിധ ആശുപത്രികളിലാണ്. നമ്മുടെ രാജ്യത്തിന്റെ പുതിയ പ്രധാനമന്ത്രിയായി അവതരിപ്പിച്ച ശ്രീ. രാഹുൽ ഗാന്ധിയുടെ കഴിവിനെ സംബന്ധിച്ച് ഞാനൊന്നും പറയുന്നില്ല. കേരളത്തിൽ പുതിയ പ്രധാനമന്ത്രിയാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തി വോട്ടുവാങ്ങി ജയിപ്പിച്ചുവിട്ടയാളാണ്. ഈ രാജ്യം കത്തിയമരുന്ന സന്ദർഭത്തിൽ ആ മനുഷ്യൻ എവിടെയായിരുന്നു? അദ്ദേഹം ടൂറിസ്റ്റ് കേന്ദ്രങ്ങളിലായിരുന്നു. അവിടവും അമരവും കഴിഞ്ഞപ്പോൾ ഭവനസന്ദർശനം നടത്തുന്നു. എന്തൊരു പരിഹാസ്യമായ ചിത്രമാണ്. ഇന്ത്യയിലെ പ്രധാന പ്രതിപക്ഷമെന്ന് ഇപ്പോഴും വീമ്പിളക്കി നടക്കുന്നവർക്ക് ജനങ്ങളോട് എന്ത് ഉത്തരവാദിത്വമാണുള്ളത്. ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങളോട് എന്ത് പ്രതികരണമാണ് നടത്തുന്നത്. എല്ലാ നന്മകളെയും അവർ തിരസ്കരിക്കുകയാണോ, തമസ്കരിക്കുകയാണോ? അവർ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനും പുകപടലം സൃഷ്ടിച്ച് കേരളത്തിലെ ഗവൺമെന്റിനെ എതിർക്കാനും മാത്രമാണ് ശ്രമിക്കുന്നത്. കേന്ദ്രമെടുക്കുന്ന ജനദ്രോഹനടപടികൾ ജനങ്ങളിലുണ്ടാക്കുന്ന വിഭാഗീയത, മതപരമായ ചേരിതിരിവ്, ഈ രാജ്യത്തെ ഹിന്ദുവത്ക്കരിക്കാൻ വേണ്ടി നടത്തുന്ന പരിശ്രമങ്ങൾ ഇതിനോടെല്ലാമുള്ള യു.ഡി.എഫ്-ന്റെയും കോൺഗ്രസ്സിന്റെയും സമീപനമെന്താണ്? രാജ്യത്ത് മതേതര വിശ്വാസികളും ജനാധിപത്യവാദികളും ഒറ്റക്കെട്ടായി മുന്നോട്ടുവരേണ്ട ഒരു കാലഘട്ടത്തിൽ അതിന് തടസ്സമുണ്ടാക്കുന്ന നടപടികളല്ലേ ഉണ്ടായി ക്കൊണ്ടിരിക്കുന്നത്? ഏത് കാര്യത്തിലാണ് സംസ്ഥാനത്തിന്റെ പൊതു താൽപ്പര്യങ്ങളിൽ പ്രതിപക്ഷത്തിന്റെ സഹകരണം ഇല്ലാതിരുന്നതെന്ന ചോദ്യം ഉന്നയിച്ചുകൊണ്ട് ബഹുമാന്യനായ

പ്രതിപക്ഷനേതാവ് ഇവിടെ ചില ഉദാഹരണങ്ങൾ പറഞ്ഞു. ചില കാര്യങ്ങളിൽ സഹകരിച്ചിട്ടുണ്ട്. അതിനോടെല്ലാം ഞങ്ങൾക്ക് നന്ദിയുണ്ട്. ജനങ്ങളോടുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ തീർച്ചയായും ആ സഹകരണം അനിവാര്യമാണ്. എന്നാൽ, ഈ രാജ്യത്ത് പൗരത്വ ഭേദഗതി നിയമം കൊണ്ടുവന്ന് മതപരമായ ചേരിതിരിവ് സൃഷ്ടിക്കാൻ കേന്ദ്ര ഗവൺമെന്റ് രംഗത്തിറങ്ങിയ സന്ദർഭത്തിൽ, ഇവിടെ ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ചേർന്ന് കേരളത്തിലെ ബി.ജെ.പി. ഒഴികെയുള്ള മുഴുവൻ ആളുകളെയും കൂട്ടിയോജിപ്പിച്ച് രക്തസാക്ഷി മണ്ഡപത്തിൽ പ്രതീകാത്മകമായി നടത്തിയ ധർണ്ണയ്ക്കുശേഷം നിങ്ങൾ ആ സംയുക്ത സമരത്തിൽനിന്ന് പിൻവാങ്ങിയതിന് എന്ത് ന്യായീകരണമാണുള്ളത്; എന്തിന്റെ അടിസ്ഥാനത്തിലാണ് ആ യോജിച്ച പ്രവർത്തനങ്ങളിൽനിന്ന് പിന്നോട്ട് പോകാൻ നിങ്ങൾ പ്രേരിതമായത്; കേവലം നിക്ഷിപ്ത രാഷ്ട്രീയ താൽപ്പര്യം എന്നതിനപ്പുറത്ത് യുക്തിസഹമായ എന്ത് മറുപടിയാണ് നിങ്ങൾക്ക് പറയാനുള്ളത്; അക്കാര്യത്തിൽ കോൺഗ്രസിനകത്തു തന്നെ ഏകാഭിപ്രായം ഉണ്ടാക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ; കേരളം ഇന്ത്യയ്ക്കുതന്നെ മാതൃകയായി ഉയർന്നുവരേണ്ടിയിരുന്ന ആ സന്ദർഭത്തെ തല്ലിക്കെടുത്താൻ ശ്രമിച്ചത് നിങ്ങളല്ലേ; ഇത് ജനങ്ങളോടുള്ള ഉത്തരവാദിത്വം നിർവ്വഹിക്കലാണോ? എനിക്ക് മുമ്പ് സംസാരിച്ച ബഹുമാന്യയായ അംഗം ലൈഫ് മിഷൻ വീടുകളെ സംബന്ധിച്ചുള്ള ആക്ഷേപം ഉന്നയിക്കുകയുണ്ടായി. പ്രകൃതിക്ഷോഭത്തിന് വിധേയരായവർക്ക് പതിനായിരം രൂപ വീതം ഇനും കിട്ടിയിട്ടില്ലെന്ന് പറയുകയുണ്ടായി. എവിടെനിന്ന് കിട്ടിയ കണക്കിന്റെയും എന്ത് ഉദാഹരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഇങ്ങനെ പറയുന്നത്? കേവലം ജൽപ്പനങ്ങൾ എന്നുള്ളതിൽക്കവിഞ്ഞ് എന്ത് പ്രാധാന്യമാണ് അതിനുള്ളത്? യാതൊരു പ്രാധാന്യവുമില്ല. കണ്ണടച്ച് ഇരുട്ടാക്കുകയാണ്. സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ജനക്ഷേമ പ്രവർത്തനങ്ങളെ പൂർണ്ണമായി തമസ്കരിക്കാൻ ഈ പ്രസംഗങ്ങൾകൊണ്ട് സാധ്യമാകുമെന്ന് നിങ്ങൾ തെറ്റിദ്ധരിക്കേണ്ട. ജനങ്ങളിൽനിന്ന് നിങ്ങൾ ബഹുദൂരം പിന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് ജനങ്ങളെ വിശ്വാസത്തിലെടുക്കാൻ കഴിയാത്ത അവസ്ഥയാണ്. പ്രശ്നങ്ങളിൽനിന്ന് നിങ്ങൾ ഒളിച്ചോടുകയാണ്. ഈ നാടിന്റെ ഭാവി അരാജകത്വത്തിലേയ്ക്ക് തള്ളിവിടുന്നതിൽ മുഖ്യമായ പങ്ക് വഹിച്ചത് നാളിതുവരെയുള്ള കോൺഗ്രസിന്റെ പ്രവർത്തനങ്ങളാണ്. അത് കാണാതിരുന്നിട്ട് കാര്യമില്ല. ഇപ്പോൾ ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ ശ്രമിക്കുന്നു. ആരുടെ പ്രസംഗമാണ് ഇവിടെ ഉദാഹരിച്ചത്? സഖാവ് ഇ.എം.എസ്.-ന്റെ പ്രസംഗമാണ്. നിങ്ങളുടെ ഭാഗത്തുനിന്ന് ഒരാളുടെ പേര് ഉന്നയിക്കാനുണ്ടോ? ഇല്ലല്ലോ? നിങ്ങളുടെ ഭാഗത്തുനിന്ന് അങ്ങനെ പറയാനില്ല. പറയാനില്ലാത്തതു കൊണ്ട് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ ഭരണപക്ഷത്തു നിന്ന് തന്നെയുള്ള

നേതാക്കളുടെ പേര് നിങ്ങൾക്ക് ഉദ്ധരിക്കേണ്ടിവരും. ഇന്നും നാളെയും അതുതന്നെ വേണ്ടിവരും. കാരണം, മാതൃകകളില്ലാത്തവരായി നിങ്ങൾ അധഃപതിച്ചു കൊണ്ടിരിക്കുകയാണ്. ജനങ്ങളിൽനിന്ന് നിങ്ങൾ അകന്നു കൊണ്ടിരിക്കുകയാണ്. ജനവികാരം എന്തെന്ന് മനസ്സിലാക്കാൻ കഴിയാത്തവരായി നിങ്ങൾ മാറിക്കഴിഞ്ഞിരിക്കുകയാണ്. അധികാരക്കൊതി മാത്രമാണ് നിങ്ങളെ ഇന്ന് മുന്നോട്ടുനയിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾക്കുതന്നെ ഏതെങ്കിലും കാര്യത്തിൽ ഒരു യോജിപ്പുണ്ടോ? യാതൊരു യോജിപ്പുമില്ല. ജനാധിപത്യ പാർട്ടിയാണ് കോൺഗ്രസെന്ന് പറയുന്നു. ജനാധിപത്യം കോൺഗ്രസിനകത്തുണ്ടോ? സംഘടനാ തെരഞ്ഞെടുപ്പുകൾ നടന്നിട്ട് എത്രനാളായി? പി.എസ്.സി. നിയമിക്കുന്നതുപോലെ മുകളിൽനിന്ന് നോമിനേറ്റ് ചെയ്യുകയാണ്. കെ.പി.സി.സി.-യുടെതന്നെ ജനറൽ സെക്രട്ടറിമാരെ ഒന്നിച്ച് വിളിക്കണമെങ്കിൽ ഏതെങ്കിലും മൈതാനം വാടകയ്ക്കെടുക്കണം. അതല്ലേ അവസ്ഥ? അതിനെ സംബന്ധിച്ചുള്ള തർക്കങ്ങളും വലിയ കോലാഹലങ്ങളുമാണ് അവിടെ നടക്കുന്നത്. യൂത്ത് കോൺഗ്രസിന്റെ സംഘടനാ തെരഞ്ഞെടുപ്പ് നടത്തുമെന്ന് പറഞ്ഞുകൊണ്ട് മെമ്പർഷിപ്പ് വിതരണം നടത്തി. അങ്ങനെ കുറേ കാശുണ്ടാക്കി. അതിനപ്പുറത്ത് എന്ത് തെരഞ്ഞെടുപ്പ് നടത്താൻ കഴിഞ്ഞു? നിങ്ങളാണോ ജനാധിപത്യത്തെക്കുറിച്ച് വീമ്പിളക്കുന്നത്; നിങ്ങൾക്ക് എങ്ങനെ ജനാധിപത്യം നടപ്പാക്കാൻ കഴിയും? ജനങ്ങളിൽനിന്ന് ഓടിയൊളിക്കുകയും പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ തയ്യാറാകാതിരിക്കുകയും ചെയ്യുന്ന നിങ്ങളുടെ ഈ സമീപനം നാടിന്റെ ഭാവിയെ കൂടുതൽ അപകടത്തിൽപ്പെടുത്തുമെന്നുള്ള കാര്യം ഓർമ്മപ്പെടുത്തിക്കൊണ്ട്, ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കഴിഞ്ഞ നാല് വർഷക്കാലമായി എടുത്തുപറയാൻ കഴിയുന്ന ഒരു സംഭാവനപോലും ഈ സർക്കാർ ചെയ്തിട്ടില്ല. എന്നുമാത്രമല്ല, പ്രളയത്തിനും ഓഖിക്കും ശേഷം പുനർനിർമ്മാണത്തിന്റെ വിഷയത്തിൽ ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് നിങ്ങൾ ഒരു സെമിനാർ സംഘടിപ്പിച്ചിരുന്നു. അവിടെ നവകേരളത്തെക്കുറിച്ചാണ് പറഞ്ഞത്. അതിനെക്കുറിച്ച് ഇന്ന് കേരളീയർ പരിഹാസ്യ മനസ്സോടുകൂടിയാണ് ചിന്തിക്കുന്നത്. ഇന്ന് രാജ്യം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ സുവ്യക്തമായ ഒരു നിലപാട് കേരളം സ്വീകരിച്ചിട്ടുണ്ട്. കേരളം ഒറ്റസ്വരത്തിലാണ്. ഇവിടെ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം കേരളത്തിന്റെ പൊതുമണ്ഡലത്തിൽ മത്സരിച്ച് മുന്നേറുകയാണ്. ആ മത്സരത്തിൽ ഒരു പ്രചാരണമെന്ന നിലയ്ക്ക് നിങ്ങൾക്ക് വേണമെങ്കിൽ മനുഷ്യശൃഖലയെപ്പറ്റി പറയാം. പക്ഷേ, കേരളത്തിലെ പത്തൊൻപത് എം.പി.-മാർ അവരുടെ മണ്ഡലങ്ങളിൽ താഴെത്തട്ടിലുള്ള ജനങ്ങളെ അഭിമുഖീകരിച്ചു. നിരവധി എം.എൽ.എ.-മാർ പരിപാടികൾ സംഘടിപ്പിച്ചു.

തൽഫലമായി ആ മത്സരത്തിൽ യു.ഡി.എഫ്. ആണ് മുന്നിലെന്ന് നമുക്കെല്ലാവർക്കും അറിയാം. പക്ഷേ, നിങ്ങൾക്ക് ഒരു തന്ത്രമുണ്ട്. ആ തന്ത്രം പുറത്തുകാണിക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. സദ്ദാംഹുസൈന്റെ വിഷയം വന്നപ്പോൾ, ഞങ്ങൾ സദ്ദാം ഹുസൈന്റെ കൂടെയാണെന്ന് നിങ്ങൾ പറഞ്ഞു. നമുക്ക് അവിടെ എന്താണ് പങ്ക്? നിങ്ങൾ ഒരു ജനതയെ കൊഞ്ഞനം കുത്തുകയായിരുന്നു; ഒരു ജനതയുടെ വികാരങ്ങളെ ചൂഷണം ചെയ്യുകയായിരുന്നു. അതുകൊണ്ടുതന്നെ യു.ഡി.എഫ്. സുശക്തമായ രാഷ്ട്രീയ പരിപാടികളുമായി ജനങ്ങളുടെ അടുത്തേയ്ക്ക് ചെല്ലുന്നു. ഇവിടെ എന്താണ് വിഷയം? പൗരത്വ ഭേദഗതി നിയമം പിൻവലിക്കാതെ ഈ രാജ്യത്തിന് മുന്നോട്ട് പോകാനാകില്ല. ഇപ്പോൾ സെൻസസ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നു, കൂട്ടത്തിൽ എൻ.പി.ആർ.-ന്റെയും പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. കടലാസിൽ രേഖകൾ സ്വീകരിക്കാനായി ഒരു ആപ്പുണ്ട്. കേരളത്തിലെ ജനങ്ങൾക്ക് മാത്രമല്ല, ഇന്ത്യയിലെ മൊത്തം ജനങ്ങൾക്കും ഇതിൽ ആശങ്കയുണ്ട്. അതുകൊണ്ട് സർക്കാർ ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടേണ്ടതുണ്ട്. ആ ഇടപെടലിലൂടെ കേന്ദ്ര ഗവൺമെന്റിൽനിന്ന് വ്യക്തമായ തീരുമാനമുണ്ടാകും. സി.എ.എ. പിൻവലിക്കണം, എൻ.പി.ആർ.-ൽ 2010-നുശേഷം വന്നിട്ടുള്ള ചോദ്യാവലി മാറ്റണം തുടങ്ങിയ കാര്യങ്ങളിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാൻ നമുക്കാകില്ല. ആ രംഗത്ത് സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കണം. അതറിയാൻ ജനങ്ങൾക്ക് ആഗ്രഹമുണ്ട്. ഇന്ത്യയിൽ ഒരു വലിയ മാറ്റം നടക്കുകയാണ്. നിങ്ങൾ ഇവിടെ കോൺഗ്രസിന്റെ വീഴ്ചകളെപ്പറ്റി പറഞ്ഞല്ലോ. നിങ്ങളുടെ പാർട്ടി കോൺഗ്രസ് രേഖകൾ എന്റെ കയ്യിലുണ്ട്. കോൺഗ്രസിനെ തകർക്കുക, ബി.ജെ.പി.-യെ ഒറ്റപ്പെടുത്തുക എന്നാണ് അതിൽ പറയുന്നത്. ഇവിടെ എന്ത് സംഭവിച്ചു? ഒരു ബദൽ ഇല്ലാതെ നിങ്ങൾ കോൺഗ്രസിനെ തകർത്താൽ ഇന്ത്യ തീവ്ര വലതുപക്ഷ ചേരിയുടെ കൈകളിലേയ്ക്ക് പോകുമെന്ന് ഞങ്ങൾ അന്ന് പറഞ്ഞു. കോൺഗ്രസിന്റെ ഭരണ നടപടികളിൽ ചില വലതുപക്ഷ ചായ്‌വുകളുണ്ടായിരുന്നു. ആ ചായ്‌വുകളെ എതിർക്കാനായി നിങ്ങൾ കൊണ്ടുവന്നത് തീവ്ര വലതുപക്ഷത്തെയാണ്. രണ്ട് എം.പി.-മാരുണ്ടായിരുന്ന ഒരു ചെറിയ കക്ഷി ഇന്ന് മുന്നൂറിലേറെ അംഗബലമുള്ള ഒരു കക്ഷിയായി മാറിയപ്പോൾ അവരുടെ പരിപാടി നടപ്പിലാക്കുന്നത് തീവ്ര വലതുപക്ഷ നയങ്ങളാണ്. അതിനെതിരെ നമ്മൾ എന്ത് ചെയ്യണം? സി.പി.ഐ.(എം.)-ഉം നേരത്തേ സംസാരിച്ച സി.പി.ഐ.-ക്കാരും ആലോചിക്കണം. 1967-ൽ കോൺഗ്രസിന് ബദൽ വേണമെന്ന പ്രമേയം അംഗീകരിച്ച പാർട്ടിയുടെ പ്രതിനിധിയാണ് ഞാൻ. പക്ഷേ, ആ ബദലിൽ ഭാരതീയ ജനസംഘ് കടന്നുകൂടി. സമ്പൂർണ്ണ വിപ്ലവം വന്നു. ആ സമയത്ത് ഭാരതീയ ജനസംഘ്, ജനതാ പാർട്ടിയുമായി ലയിച്ചു, വി. പി. സിംഗ് ഗവൺമെന്റ് വന്നു. നിങ്ങൾ അതിനെ പിന്തുണച്ചു. ബി.ജെ.പി.-യും സി.പി.ഐ.(എം.)-ഉം ലെയ്സൺ കമ്മിറ്റിയിൽ ഇരുന്നു. തൽഫലമായി രണ്ട് അംഗങ്ങളുണ്ടായിരുന്ന ഒരു കൊച്ചുകക്ഷി കാലക്രമത്തിൽ ഒരു വലിയ രാഷ്ട്രീയ

സാന്നിദ്ധ്യമായി ഇന്ത്യയിൽ മാറിയത് നിങ്ങളുടെ നിരുത്തരവാദിത്വം കൊണ്ടാണ്. നിങ്ങൾ കാലഘട്ടത്തിന്റെ വെല്ലുവിളി വായിക്കാൻ പരാജയപ്പെട്ടതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. നിങ്ങൾ ആലോചിച്ചുനോക്കൂ, രാജസ്ഥാനിലും മധ്യപ്രദേശിലും ഛത്തീസ്ഗഢിലും കോൺഗ്രസ് ദുർബ്ബലമായിരുന്നു. പക്ഷേ, തങ്ങൾക്ക് ഭരണമാറ്റം വേണമെന്ന് ജനങ്ങൾ പറഞ്ഞു. എന്താണ് നിങ്ങൾ മറച്ചുപിടിക്കുന്നത്? രാജസ്ഥാനിലും മധ്യപ്രദേശിലും ഛത്തീസ്ഗഢിലും ജനങ്ങൾ കോൺഗ്രസിനെ തെരഞ്ഞെടുത്തു. പക്ഷേ, നിങ്ങൾ ആരെങ്കിലും ലോക്സഭാ ഇലക്ഷനിൽ കോൺഗ്രസിനെ സഹായിക്കാൻ മുന്നോട്ടുവന്നോ? ദേശാഭിമാനി ദിനപത്രം ശ്രീ. രാഹുൽ ഗാന്ധിയെ 'പപ്പു' എന്ന് വിളിച്ച് ആക്ഷേപിച്ചു. ഇന്ത്യയിൽ ഒരു ഭരണമാറ്റം വരാൻ നിങ്ങൾ ഒരിക്കലും കൂട്ട് നിന്നില്ല. ശ്രീ. എച്ച്. ഡി. ദേവഗൗഡ, ശ്രീമതി മമതാ ബാനർജി, ശ്രീമതി മായാവതി, ശ്രീ. മുലായം സിംഗ് യാദവിന്റെ മകൻ തുടങ്ങി എല്ലാവരും എതിർത്തതിന്റെ ഫലമായി കോൺഗ്രസ് പിന്നോട്ടുപോയി. എന്നിട്ടും കോൺഗ്രസ് ഈ ജോലി ഏറ്റെടുത്തു. ലോക്സഭയിലെയും രാജ്യസഭയിലെയും കാര്യങ്ങൾ നമുക്കാർക്കെങ്കിലും മറക്കാൻ കഴിയുമോ? സർവ്വശ്രീ കപിൽ സിബൽ, ഗുലാംനബി ആസാദ്, പി. ചിദംബരം, ശശി തരൂർ, ആനന്ദ് ശർമ്മ, വിപ്ലവ് താക്കൂർ തുടങ്ങി എല്ലാവരും കോൺഗ്രസ് ഈ രാജ്യത്തിന്റെ രക്ഷാകവചമാണെന്ന് വ്യക്തമാക്കുന്ന രീതിയിൽ ലോക്സഭയിലും രാജ്യസഭയിലും കഠിനാദ്ധ്വാനം ചെയ്തു. സി.പി.ഐ.(എം.) ആലോചിക്കട്ടെ. ഞാൻ നിങ്ങളുടെ ആഭ്യന്തര പ്രശ്നങ്ങളിൽ ഇടപെടുന്നില്ല. ഇന്ത്യയിൽ ഭരണത്തകർച്ച വന്നപ്പോൾ ജ്യോതി ബസുവിനെ പ്രധാനമന്ത്രിയാക്കാൻ കോൺഗ്രസ് പാർട്ടി അടക്കമുള്ളവർ രംഗത്ത് വന്നു. പക്ഷേ, നിങ്ങൾ സ്വീകരിച്ചില്ല. അവസാനം ശ്രീ. സീതാറാം യെച്ചൂരിയെ രാജ്യസഭയിലേയ്ക്ക് നോമിനേറ്റ് ചെയ്യാൻ കോൺഗ്രസ് സഹായം ചോദിച്ചു, നിങ്ങൾ സമ്മതിച്ചില്ല. ശ്രീ. ഗുലാം നബി ആസാദും ശ്രീ. കപിൽ സിബലും രാജ്യസഭയിൽ ശബ്ദമുയർത്തുമ്പോൾ അവിടെ ശ്രീ. സീതാറാം യെച്ചൂരി കൂടി ഉണ്ടായിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കാത്ത ആരാണുള്ളത്? നിങ്ങൾ ഈ രാജ്യത്തെ അപകടപ്പെടുത്തിയവരുടെ പട്ടികയിലാണുള്ളത്. ഇപ്പോഴും നോക്കൂ, മഹാരാഷ്ട്രയിൽ ശ്രീ. ഉദ്ധവ് താക്കറെ മുഖ്യമന്ത്രിയായി. അദ്ദേഹത്തിന്റെയും ശിവസേനയുടെയും രാഷ്ട്രീയം നമുക്കറിയാം. പക്ഷേ, കൃഷ്ണനുണ്ടെങ്കിൽ സഞ്ചയനുണ്ടാകും. കൃഷ്ണനുണ്ടെങ്കിൽ വിദുരരുമുണ്ടാകും. വിദുരർ ധൃതരാഷ്ട്രരുടെ സഹോദരനാണ്. പക്ഷേ, പാണ്ഡവരെ വനവാസത്തിന് അയച്ചപ്പോൾ വിദുരർ അതിൽ പ്രതിഷേധിച്ച് വനവാസത്തിന് പോയി. സഞ്ചയൻ ധൃതരാഷ്ട്രരുടെ മന്ത്രിയായിരുന്നു. പക്ഷേ, അദ്ദേഹം എന്തു ചെയ്തു. 'നിങ്ങൾ ഈ ചെയ്യുന്നത് ശരിയല്ല. കള്ളച്ചൂതിൽ പാണ്ഡവരെ തോൽപ്പിച്ച് അവരെ വനവാസത്തിന് അയയ്ക്കരുത് ' എന്ന് ആവശ്യപ്പെട്ട് ധൃതരാഷ്ട്രരെ സഞ്ചയൻ ശകാരിച്ചു. ശ്രീ. ഉദ്ധവ് താക്കറെ ആരാണ്? കൃഷ്ണന്റെ കാലത്ത് ഗോപസ്ത്രീകൾക്ക് ദൂത് കൊടുത്തയച്ച ആളാണ്. അറിയാമോ നിങ്ങൾക്ക്? കൃഷ്ണൻ ഗോപസ്ത്രീകൾക്ക്

ദൂത് പറഞ്ഞയച്ച ആളാണ് ഉദ്ധവ് താക്കറെ. ഇന്ത്യയിൽ സംഭ്രമഭരിതമായ, ഭീതിജനകമായ ഒരു തീവ്ര വലതുപക്ഷ ഗവൺമെന്റ് രംഗത്ത് വരുന്ന ഈ പ്രതിസന്ധി ഘട്ടത്തിൽ അനാരോഗ്യംകൊണ്ട് പരിക്ഷീണിതനാണെങ്കിലും ശ്രീ. ശരത് പവാർ രംഗത്തുവന്നു. എന്നിട്ട് ഒരു തന്ത്രമെന്ന നിലയ്ക്ക് ശ്രീ. ഉദ്ധവ് താക്കറയെ മഹാരാഷ്ട്രയിൽ മുഖ്യമന്ത്രിയാക്കി. കൃഷ്ണനുണ്ടെങ്കിൽ ഉദ്ധവ് ഉണ്ടാകും. കൃഷ്ണനുണ്ടെങ്കിൽ സഞ്ജയനുണ്ടാകും. കൃഷ്ണനുണ്ടെങ്കിൽ വിദുരരും ഉണ്ടാകും. അതുകൊണ്ട് സ്നേഹിതരെ, ഇന്ത്യ ഇന്നൊരു കൃഷ്ണനുവേണ്ടി ആഗ്രഹിക്കുകയാണ്. അത് കോൺഗ്രസ്സല്ലാതെ മറ്റാരാണ്? കോൺഗ്രസിനല്ലാതെ മറ്റാർക്കും ഇന്ന് ഇന്ത്യയെ ഈ അപകടത്തിൽനിന്നും രക്ഷപ്പെടുത്താൻ കഴിയില്ല. അതുകൊണ്ട് ആ ജോലി ചെയ്യാൻ ഇന്ന് ഇന്ത്യയിലെ എല്ലാ ജനങ്ങളും തയ്യാറാകുന്ന ഒരു ഘട്ടം ഉണ്ടാകണം. കൃഷ്ണനുണ്ടെങ്കിൽ കംസനെ തകർത്ത് ഉഗ്രസേനനെ കൊണ്ടുവരാം. ഉഗ്രസേനനെ കൊണ്ടുവന്നത് കൃഷ്ണനാണ്. ഡൽഹിയിലെ പ്രശ്നം അതീവ ഗുരുതരമാണ്. ഡൽഹിയിൽ അൻപതോളം പേർ മരിച്ചു. അവർ എന്ത് തെറ്റ് ചെയ്തിട്ടാണ് മരണത്തിന് വിധേയരായത്? ഒരു തെറ്റും ചെയ്തിട്ടില്ല. സംഘപരിവാറിന്റെ പ്രത്യയശാസ്ത്രം പ്രാകൃതമാണ്, ക്ഷുദ്രമാണ്. ഇന്ത്യയിൽ സംഘപരിവാർ സൃഷ്ടിക്കുന്ന അപകടം എന്നുപറയുന്നത്; ഓരോ കളിസ്ഥലവും വിഭജിക്കുകയാണ്, ഓരോ ക്ലാസ്സ് മുറിയും വിഭജിക്കുകയാണ്. അതിനെതിരായി ഒരു ശബ്ദമായി മാറേണ്ട ചരിത്രപരമായ ഒരു മുഹൂർത്തത്തിൽ കോൺഗ്രസ്സിനെ ഇനിയും കുറ്റംപറഞ്ഞ് സമയം കളയണോ അതോ ഇന്ത്യയുടെ വിമോചനത്തിനുവേണ്ടി ഈയൊരു വലിയ ദൗത്യം ഏറ്റെടുക്കാൻ കോൺഗ്രസ് അടക്കമുള്ള കക്ഷികൾ ഒറ്റക്കെട്ടായി രംഗത്ത് വരണമോ എന്ന് ആലോചിക്കേണ്ടതാണ്.

മി. ചെയർമാൻ: യെസ്. സമയം കഴിഞ്ഞു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഒരു മിനിറ്റ് എനിക്ക് തരണം. പൗരത്വ നിയമത്തിൽ ശ്രീ. അമിത് ഷാ നമ്മുടെ ആത്മാഭിമാനത്തെയാണ് ചോദ്യം ചെയ്തിരിക്കുന്നത്. ഇന്ത്യൻ പൗരന്മാരെ ഈ നിയമം ബാധിക്കില്ലെന്ന് അദ്ദേഹം ഒരിക്കൽ പറഞ്ഞു. ശ്രീ. അമിത് ഷാ, താങ്കൾ ആരെയാണ് കളിയാക്കുന്നത്? എന്റെ പൗരത്വം എന്നെ ബാധിക്കില്ലെന്ന് പറയുവാൻ അദ്ദേഹം ആരാണ്? ഇന്നലെ പശ്ചിമ ബംഗാളിൽ അദ്ദേഹം വീണ്ടും പറഞ്ഞു, ഇത് ഇന്ത്യക്കാരെ ബാധിക്കില്ലെന്ന്. ഇത് എന്റെ ദേശമാണ്. എന്റെ പൗരത്വം തീരുമാനിക്കുന്നത് എന്റെ അമ്മയാണ്. എന്റെ അമ്മ എവിടെയാണോ എന്നെ നൊന്ത് പ്രസവിച്ചത് അത് എന്റെ ദേശമാണ്. ആ ദേശത്ത് എനിക്ക് ഒരു അയൽപക്കമുണ്ടാകും അമ്പലമുണ്ടാകും ചർച്ചും മസ്ജിദും ഉണ്ടാകും. എനിക്കൊരു അങ്ങാടിയും ഉണ്ടാകും.

മി. ചെയർമാൻ: യെസ്. ഒരു മിനിറ്റ് കഴിഞ്ഞു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, 'ഒരു ദേശത്തിന്റെ കഥ' എന്ന നോവലിലെ 'സംഭരണി' എന്ന അദ്ധ്യായത്തിൽ ശ്രീ. എസ്. കെ. പൊറ്റക്കാട് ശ്രീധരനും അമ്മുക്കുട്ടിയും തമ്മിലുള്ള ബന്ധം പറയുന്നുണ്ട്. മഴ നനഞ്ഞ് തന്റെ പുസ്തകം മാറോട് ചേർത്തുപിടിച്ച് ആ പെൺകുട്ടി നടന്നുപോകുമ്പോൾ കുട പറന്നുപോയി. ശ്രീധരൻ തന്റെ കുട അമ്മുക്കുട്ടിക്ക് നൽകി. രണ്ടോ മൂന്നോ മണിക്കൂറാണ് ആകെ അവർ കണ്ടിട്ടുള്ളത്. അമ്മുക്കുട്ടിയും ശ്രീധരനും തമ്മിലുള്ള ആ ബന്ധമാണ് ഒരു കഥയായി മാറുന്നത്. ശ്രീ. അമിത് ഷായ്ക്ക് ഇത് മനസ്സിലാകില്ല. അതിന് ഉമ്മാച്ചു, സുന്ദരികളും സുന്ദരന്മാരും ഒ. വി. വിജയന്റെ ഖസാക്കിന്റെ ഇതിഹാസം എന്നിവ വായിക്കണം. ഈ രാജ്യത്തെ അപകടത്തിലേയ്ക്ക് നയിക്കാൻ ഒരാളെയും സമ്മതിക്കരുത്. പൗരത്വ നിയമം ഭേദഗതി ചെയ്യുക മാത്രമല്ല, സെൻസസ്സിന്റെ ഭാഗമായി എൻ.പി.ആർ. വന്നാൽ ഒറ്റ ഒരു ചോദ്യമേയുള്ളൂ, എന്റെ പേരിനുനേരെ 'D' എന്നെഴുതാൻ ഒരു എൽ.ഡി. ക്ലാർക്കിനെ അനുവദിക്കാൻ സാധ്യമല്ല. എന്റെ പൗരത്വ രേഖയ്ക്ക് മുകളിൽ 'Doubtful' എന്നൊരു രേഖ എഴുതാൻ എൽ.ഡി. ക്ലാർക്കിനെ അനുവദിക്കാനാകാത്തതുകൊണ്ട് ഇതിനെതിരായി വ്യക്തമായ തീരുമാനമുണ്ടാകണം. ആ തീരുമാനമെടുപ്പിക്കാൻ കേന്ദ്രഗവൺമെന്റിനെ നിർബന്ധിക്കാൻ കഴിയുന്ന ഒരു പൗരബോധം കേരളത്തിലുണ്ടാകണം. നമ്മൾ ഒന്നാണ്, ഒറ്റക്കെട്ടാണ്. കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് ഇത് അംഗീകരിപ്പിക്കാൻ ഈ സഭ ഒറ്റക്കെട്ടായി വരണമെന്നുപറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്താങ്ങുന്നു. ഇവിടെ എനിക്കുമുൻപ് സംസാരിച്ച ശ്രീ. ടി. എ. അഹമ്മദ് കബീർ ഹൃദയസ്പർശിയായ ഒരു പ്രസംഗം നടത്തിയിട്ട് പറഞ്ഞത്, ഇന്ത്യയിൽ കൊണ്ടുവന്ന പൗരത്വ ഭേദഗതി ബിൽ പിൻവലിക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നാണ്. ഇന്ത്യയിൽ ഏറ്റവും ആദ്യം അതിനുവേണ്ടിയുള്ള സമ്മർദ്ദം ചെലുത്തിയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പ്രമേയം അവതരിപ്പിച്ചുകൊണ്ടല്ലേ? അത് കണ്ടുകൊണ്ടല്ലേ മറ്റ് സംസ്ഥാനങ്ങൾ മുന്നോട്ടുവന്നിട്ടുള്ളത്. ഇന്ത്യയുടെ ഭരണഘടനയെയും മതേതരത്വത്തെയും സംരക്ഷിക്കണമെന്ന് ഉറക്കെ പറഞ്ഞുകൊണ്ട് ഏറ്റവും മുന്നിലെത്തിയ കേരളത്തിന്റെ ഈ പ്രവർത്തനത്തെ കാണാതെ പോയത് രാഷ്ട്രീയാന്ധത മാത്രമാണെന്നേ പറയാൻ സാധിക്കൂ. അതുപോലെ നവകേരളത്തെ ജനങ്ങൾ പരിഹാസ്യമായാണ് കാണുന്നതെന്ന് അദ്ദേഹം പറഞ്ഞു. എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്, നേരത്തെ പറഞ്ഞ വാചകം തന്നെയാണ്. മുന്നിലുള്ളതൊക്കെ

കണ്ണ് തുറന്ന് കാണണം. നവകേരള സൃഷ്ടിക്കായി നടത്തുന്ന നാല് മിഷനുകളുടെ പ്രവർത്തനങ്ങളും അത് കേരളത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങളുമൊക്കെ എന്തായാലും അപ്പുറത്തിരിക്കുന്നവർകൂടി കണ്ണുതുറന്ന് കാണേണ്ടതുണ്ട്. ലൈഫ് മിഷന്റെ രണ്ടാംഘട്ടത്തിലൂടെ 214262 വീടുകളാണ് പൂർത്തീകരിച്ചത്. അതിന് കൃത്യമായ കണക്കുകളുണ്ട്. പ്രതിപക്ഷം അതിനെപ്പറ്റി ആക്ഷേപം ഉന്നയിച്ചപ്പോൾ ഇന്നലെത്തന്നെ ഓൺലൈനായി അതിന്റെ പേരും അഡ്രസ്സും സഹിതം ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പ്രസിദ്ധീകരിച്ചു. അതുകൂടി കാണണം.

ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുകയാണ്. ബഹുമാന്യയായ ഷാനിമോൾ ഉസ്മാൻ സംസാരിച്ചപ്പോൾ ' ഈ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്, ഒരു കാര്യവും ചെയ്യുന്നില്ല, അഴിമതി നടത്തുന്നു' എന്നൊക്കെ പറഞ്ഞു. 2 ജി സ്പെക്ട്രം, കോമൺവെൽത്ത് ഗെയിംസ് അടക്കമുള്ള അഴിമതികളുടെ പരമ്പര കാട്ടിയതുകൊണ്ടല്ലേ ഇന്ത്യയുടെ ഭരണം നിങ്ങൾക്ക് നഷ്ടമായത്. പിന്നീട് കരകറയാൻ കോൺഗ്രസ്സിന് കഴിഞ്ഞിട്ടുണ്ടോ? ശരിയായ രീതിയിൽ ജനങ്ങളൊടൊപ്പം നിൽക്കാതെ വന്നതിലുള്ള പ്രശ്നം കൊണ്ടല്ലേ അങ്ങനെ സംഭവിച്ചത്. രാഷ്ട്രീയമായി നല്ല രീതിയിലുള്ള ഇടപെടൽ നടത്താതെ വന്നതുകൊണ്ടല്ലേ?

1.00 P.M.]

ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീകൃഷ്ണനെ ഉദ്ധരിച്ചുകൊണ്ടുപറഞ്ഞു, ശ്രീ. രാഹുൽ ഗാന്ധിയെയായിരിക്കും ഉദ്ദേശിച്ചത്. അദ്ദേഹം അമേഠിയിൽപോലും ജയിച്ചില്ല. അവിടെ ജയിക്കില്ലെന്ന് അറിയാവുന്നതുകൊണ്ടാണ് കേരളത്തിൽ വന്നതെന്നും നമുക്ക് മനസ്സിലായി. ഡൽഹിയിൽ എത്രയോ വർഷം ഭരിച്ചിരുന്ന കോൺഗ്രസ്സിന് ഏറ്റവുമൊടുവിൽ ഒരു സീറ്റുപോലും നേടാനായില്ലായെന്നുള്ളതുകൂടി നേരത്തെ സംസാരിച്ചവർ ഓർക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് അവർ ഉണരേണ്ടതുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ബദൽ നയങ്ങൾ സ്വീകരിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. എല്ലാ രാജ്യങ്ങളിലും സാമ്പത്തികമായ പ്രതിസന്ധിയുള്ളപ്പോൾ ഏതെങ്കിലും ഒരു രാജ്യത്തിനോ സംസ്ഥാനത്തിനോ അതിൽനിന്ന് മാറി നിൽക്കാൻ കഴിയുമോ; എന്നാൽ ഈ പ്രതിസന്ധിയെ എങ്ങനെ തരണം ചെയ്യുന്നു; എങ്ങനെ ഫലപ്രദമായി നേരിടുന്നു എന്നതാണ് പരിശോധിക്കേണ്ടത്. ഇവിടെയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റ് ഏറ്റവും പ്രസക്തമാകുന്നത്. ഒന്ന്, പ്രതിസന്ധികളുടെ കാലത്തും ക്ഷേമപദ്ധതികൾക്കുള്ള തുകയിൽ വെട്ടിക്കുറവ് വരുത്താതെ 98.8 കോടി രൂപ മിച്ചം കാണിക്കുന്ന ബഡ്ജറ്റാണിതെന്ന പ്രത്യേകത ഇവിടെ കാണാം.

നാല്പത് വർഷങ്ങൾക്കുശേഷമാണ് കേരളം ഒരു മിച്ച ബഡ്ജറ്റ് കാണുന്നതെന്നുകൂടി മനസ്സിലാക്കണം. വികസനവും ജനക്ഷേമവും ഒരുപോലെ സാധ്യമാക്കുന്നതിന് സഹായിക്കുന്നതാണ് ഈ ബഡ്ജറ്റെന്ന് പരിശോധിച്ചാൽ മനസ്സിലാകും. ബഡ്ജറ്റിന് മുമ്പ് സംസ്ഥാനത്തെ ആസൂത്രണ ബോർഡ് പുറത്തിറക്കിയ സാമ്പത്തിക അവലോകന റിപ്പോർട്ടിൽ സംസ്ഥാനത്തിന്റെ സമ്പദ്ഘടന സംബന്ധിച്ച പ്രധാന വിവരങ്ങളുണ്ട്. അത് പ്രതിപക്ഷത്തുള്ളവർകൂടി വായിക്കണം. 2013 മുതൽ 2016 വരെ കേരളത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് ദേശീയ വളർച്ചാ നിരക്കിനേക്കാൾ കുറവായിരുന്നുവെന്ന് കാണാം. നാല് മുതൽ അഞ്ച് ശതമാനം വരെ മാത്രമായിരുന്നു വർദ്ധനവ്. എന്നാൽ 2016-2017-ൽ വളർച്ചാനിരക്ക് ഏകദേശം ഏഴ് ശതമാനമായി ഉയർന്നു. 2018-2019-ലുണ്ടായ ദേശീയ വളർച്ചാനിരക്കിനേക്കാൾ ഉയർന്ന വളർച്ചാനിരക്ക് കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞുവെന്നുള്ളത് കാണാൻ കഴിയും. കേരളത്തിൽ 7.5 ശതമാനവും ദേശീയ തലത്തിൽ 6.6 ശതമാനവുമാണ് വർദ്ധനവുണ്ടായിരിക്കുന്നത്. 2018-2019 വർഷത്തിന് മറ്റൊരു പ്രത്യേകത കൂടിയുണ്ട്. കേരളത്തെ പ്രളയം തകർത്ത വർഷംകൂടിയായിരുന്നു എന്നതും ഈ അവസരത്തിൽ പരിശോധിക്കേണ്ടതായിട്ടുണ്ട്. വ്യവസായ രംഗത്തെ പുരോഗതിയാണ് ദേശീയ ശരാശരിയേക്കാൾ മെച്ചപ്പെട്ട വളർച്ചാനിരക്ക് കൈവരിക്കാൻ കേരളത്തെ സഹായിച്ചതെന്ന് സാമ്പത്തിക അവലോകന റിപ്പോർട്ടിന്റെ ആമുഖത്തിൽ പറയുന്നുണ്ട്. സംസ്ഥാനത്തിന്റെ വരുമാനത്തിൽ 2018-2019-ൽ വ്യവസായ മേഖലയുടെ സംഭാവന 13.2 ശതമാനമാണ്. 2014-2015-ൽ ഇത് 9.8 ശതമാനം മാത്രമേയുണ്ടായിരുന്നുള്ളൂവെന്ന് ഈ റിപ്പോർട്ട് പരിശോധിച്ചാൽ മനസ്സിലാകും. ഇതിനർത്ഥം ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലയളവിൽ കേരള സമ്പദ്ഘടന വളർച്ചയുടെ പാതയിലേയ്ക്ക് മടങ്ങി വരുന്നുവെന്നതാണ്. ഓഖി, പ്രളയം, നോട്ട് നിരോധനം, ജി.എസ്.ടി. തുടങ്ങിയ തിരിച്ചടികളെ നേരിട്ടുകൊണ്ടാണ് ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. കേരളത്തിന്റെ വികസനത്തെയും ഇവിടത്തെ ജനതയുടെ ക്ഷേമത്തെയും സംബന്ധിച്ച പ്രതീക്ഷകളും അത് ലക്ഷ്യത്തിലേയ്ക്ക് എത്തിക്കാനുള്ള പരിശ്രമവുമാണ് ഈ ബഡ്ജറ്റിലൂടെ മുന്നോട്ടുവച്ചിട്ടുള്ളത്. പൊതുഭരണവുമായി ബന്ധപ്പെട്ടതും എന്നാൽ നയപരമായി തീരുമാനിക്കേണ്ടതുമായ അഞ്ച് പ്രധാന കാര്യങ്ങൾ ഈ ബഡ്ജറ്റിന്റെ പ്രത്യേകതയാണ്. ഒന്ന്, ജീവനക്കാരുടെ പുനർവിന്യാസം. രണ്ട്, ഭരണസംവിധാനത്തിലെ ചെലവ് ചുരുക്കൽ. മൂന്ന്, കാലങ്ങളായി അവഗണിക്കപ്പെട്ട കുടിശ്ശിക പിരിക്കൽ, നാല്, ക്ഷേമ ആനുകൂല്യങ്ങൾ അനർഹർ കൈപ്പറ്റുന്നത് തടയൽ എന്നിവയിലെല്ലാം ഇപ്പോൾ നടപടികൾ

സ്വീകരിച്ചുകഴിഞ്ഞു. എയ്ഡഡ് സ്കൂൾ മേഖലയിലെ അനിയന്ത്രിത നിയമനങ്ങൾക്ക് കടിഞ്ഞാണിടാൻ ഈ സർക്കാരിന് കഴിഞ്ഞു. ഇത് ചിലർക്കൊക്കെ ഇഷ്ടപ്പെടില്ല. പക്ഷെ ധീരമായ നടപടി സ്വീകരിക്കാൻ തീരുമാനിച്ചു. ഇക്കാര്യത്തിൽ സർക്കാർ പ്രതിബദ്ധതയോടെ മുന്നോട്ടുപോകുമെന്നത് കേരളത്തിലെ ജനങ്ങൾക്ക് വളരെ പ്രതീക്ഷയോടെ കാണാൻ കഴിയുന്ന കാര്യമാണ്. സർക്കാരിന്റെ ജനപക്ഷ സമീപനങ്ങളും ബദൽ നയങ്ങളും പരിഗണിച്ച് നിരവധി അംഗീകാരങ്ങൾ ഇതിനകം ലഭ്യമായിക്കഴിഞ്ഞു. പ്രതിപക്ഷം വിമർശിക്കുമ്പോൾ ഇതുകൂടി പരിശോധിക്കണം. നീതി ആയോഗ് റിപ്പോർട്ടിൽ കേരളം തുടർച്ചയായി രണ്ടാം തവണയാണ് ഒന്നാം സ്ഥാനത്തെത്തുന്നത്. അതുപോലെതന്നെ വ്യവസായ വികസനം, ദാരിദ്ര്യ നിർമ്മാർജനം, ആരോഗ്യക്ഷേമം, ഗുണമേന്മയുള്ള വിദ്യാഭ്യാസം, ലിംഗ പദവി, സമത്വം എന്നീ മേഖലകളിൽ സമാനതകളില്ലാത്ത മുന്നേറ്റമാണ് കേരളം ഈ ഭരണത്തിൽ നേടിയതെന്നത് രേഖകളിൽനിന്നും മനസ്സിലാകും. പല മേഖലകളിലും കേരളത്തെ കണ്ടുപഠിക്കണമെന്ന് രാഷ്ട്രീയ എതിരാളികൾക്കുപോലും സമ്മതിക്കേണ്ടി വന്നു. 'ഒന്നാം സ്ഥാനത്തെത്തിയിരിക്കുന്ന കേരളത്തെ കണ്ട് പഠിക്കണമെന്ന്, പ്രത്യകിച്ച് ആരോഗ്യ വകുപ്പുമന്ത്രിയെ കണ്ട് പഠിക്കണമെന്ന് അടുത്തസമയത്ത് ബഹുമാനപ്പെട്ട ഗവർണ്ണർ അഭിപ്രായപ്പെടുകയുണ്ടായി. അവർ കാഴ്ചവച്ച പ്രവർത്തനത്തിന്റെ ഫലമായി ലോകത്തിലെ ഏറ്റവും നല്ല മന്ത്രിയെന്ന് പറയേണ്ടിവന്നു. കഴിഞ്ഞ കാലത്തെ അവസ്ഥയാണോ ഇന്ന് കേരളത്തിലുള്ളത്? തരിശ്ശായി കിടന്ന ഏക്കർ കണക്കിന് സ്ഥലത്ത് കൃഷി ആരംഭിച്ചു. അതുപോലെ വിലക്കുറവിന്റെ കാര്യത്തിൽ സമാനതകളില്ലാത്ത മാറ്റങ്ങളല്ലേ ഇവിടെയുണ്ടാക്കിയിട്ടുള്ളത്. പതിമൂന്നിന സാധനങ്ങൾ വില കുറച്ചുകൊടുത്തുകൊണ്ട് കേരളം മാതൃകയായി. അതുപോലെ റോഡുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി. കഴിഞ്ഞ കാലത്തെ റോഡുകളുടെ അവസ്ഥയാണോ ഇന്നുള്ളതെന്ന് പരിശോധിക്കണ്ടേ. ഇതൊക്കെ നമുക്ക് കാണാൻ കഴിയുന്നതല്ലേ. ആശുപത്രികളുടെ നിലവാരം എത്രമാത്രം മെച്ചപ്പെടുത്താൻ കഴിഞ്ഞു. രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ കാര്യത്തിൽ ലോകത്തിനുതന്നെ മാതൃകയായിക്കൊണ്ടാണ് കേരളം മുന്നോട്ടുപോകുന്നത്. ആരോഗ്യ വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും നേതൃത്വത്തിൽ ഗവൺമെന്റാകെ നിന്നുകൊണ്ട് മുഴുവൻ ഡോക്ടർമാരെയും ഉദ്യോഗസ്ഥരെയും ഏകോപിപ്പിച്ചുകൊണ്ട്, കൊറോണ വൈറസ് വന്നിട്ടും വളരെ ഭംഗിയായി മുന്നോട്ടുപോകുന്നത് ലോകരാഷ്ട്രങ്ങൾതന്നെ നോക്കി കാണുകയാണ്. പരമ്പരാഗത ചിന്തകൾക്ക് പരിമിതപ്പെട്ട് നിൽക്കാതെ കാലത്തിന്റെ മാറ്റത്തിനനുസൃതമായി നവീനമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നവകേരള സൃഷ്ടിയെന്ന പ്രഖ്യാപനം

യാഥാർത്ഥ്യമാക്കാൻ തന്നെയാണ് സർക്കാർ ശ്രമിക്കുന്നത്. അതിന്റെ ഫലമാണ് ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചത്. കൃഷിയിലായാലും വിദ്യാഭ്യാസ മേഖലയിലായാലും മാറ്റങ്ങൾ കാണാവുന്നതാണ്. രാജ്യത്തെ മികച്ച സ്റ്റാർട്ട് അപ്, ഇക്കോ ടൂറിസം/ഇക്കോ സിസ്റ്റം എന്നിവ കേരളത്തിലാണുള്ളതെന്ന് റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. കേരളം രാജ്യത്തെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമെന്ന് നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയും രേഖപ്പെടുത്തിയിട്ടുണ്ട്. സൈബർ ഇൻവെസ്റ്റിഗേഷനിൽ കേരളം മുന്നിലെന്ന് നാസ്കോം (നാഷണൽ അസോസിയേഷൻ ഓഫ് സോഫ്റ്റ്‌വെയർ ആൻഡ് സർവ്വീസസ് കമ്പനീസ്)-ന്റെ ഡാറ്റാ സെക്യൂരിറ്റി കൗൺസിലും വ്യക്തമാക്കിയിട്ടുണ്ട്. ഇതൊന്നും ഞങ്ങൾ വെറുതെ പറയുന്ന കാര്യങ്ങളല്ല. നിങ്ങൾക്കും കാണാൻ കഴിയുന്നതാണ്. വനിതാക്ഷേമവും ജെന്റർ ബഡ്ജറ്റിംഗും ഏർപ്പെടുത്തിയ ഏക സംസ്ഥാനമാണിത്. കേരള ബാങ്ക് രൂപീകരിച്ചുകൊണ്ട് ധീരമായി മുന്നോട്ടുപോയ സംസ്ഥാനമാണിത്. വർഗ്ഗീയ ലഹളകളിൽനിന്നും മുക്തമായ സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് വർഗ്ഗീയ ലഹളകളൊന്നും ഈ കാലയളവിൽ വന്നിട്ടില്ല. ഇത്രകാലമായിട്ടും ആരെല്ലാം ശ്രമിച്ചിട്ടും അതിന് ഇടംകൊടുക്കാതെ പോകുന്നുണ്ട്. കാർഷിക സമൃദ്ധി വീണ്ടെടുത്ത നാളുകളാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. പഠനം, ഭരണം തുടങ്ങിയ മേഖലകളിൽ ഭാഷ മലയാളമാക്കാൻ ശക്തമായ ഇടപെടൽ നടത്തിയ സർക്കാരാണിത്. അടിസ്ഥാന പശ്ചാത്തല വികസന സൗകര്യങ്ങളിൽ സമാനതകളില്ലാത്ത നേട്ടം കൈവരിച്ച നാളുകളാണ് കാണാൻ സാധിക്കുന്നത്. ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. പ്രവാസി മലയാളികൾ ധാരാളമായി ഇവിടെ നിക്ഷേപം നടത്തിയില്ലേ; ഒരു ലക്ഷം കോടി രൂപയുടെ വിദേശ നിക്ഷേപം സാധ്യമാക്കിയില്ലേ. വർത്തമാനത്തിൽ കൂടിയല്ലാതെ പ്രവൃത്തിയിൽക്കൂടി ഇതെല്ലാം കാണിച്ചുകൊടുക്കാൻ സർക്കാരിന് കഴിഞ്ഞു. ഇതെല്ലാം റിക്കോർഡുകളിലുള്ളതല്ലേ. മൂന്ന് വർഷംകൊണ്ട് 3.7 ലക്ഷം പേർക്ക് 1294 കോടി രൂപയുടെ സഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് വിതരണം ചെയ്ത സർക്കാരാണിത്. ഏറ്റവും പുതിയ കണക്കെടുത്താൽ അതിലുമപ്പുറം പോകുമെന്ന് നമുക്കറിയാം. ഇങ്ങനെ നിരവധിയായിട്ടുള്ള കാര്യങ്ങളുണ്ട്. ഇതോടൊപ്പം സർക്കാർ ജീവനക്കാരുടെ ജോലിയോടുള്ള സമീപനത്തിൽ കാര്യമായ മാറ്റം വരുത്താനുള്ള ഇടപെടൽ കൂടിയുണ്ടാകണം. നിഷേധ നിലപാടുകളിൽ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സമീപനങ്ങൾ സർക്കാർ ഒട്ടും അംഗീകരിക്കുന്നതല്ല. ഒരു ഫയലിൽ ഒരു ജീവിതമുണ്ടെന്നുള്ളത് മുഖ്യമന്ത്രി തന്നെ പറഞ്ഞിട്ടുള്ളതാണ്. പക്ഷെ ആ ലക്ഷ്യത്തിലേയ്ക്കെത്താൻ സമ്മതിക്കാതിരിക്കുന്ന ആരെങ്കിലുമുണ്ടെങ്കിൽ അവർക്കെതിരെ കർശന നടപടികളുണ്ടാകണം.

ജീവനക്കാരുടെ കാര്യക്ഷമതയും പ്രതിബദ്ധതയും ഉയർത്തുന്നതിനാവശ്യമായ പരിപാടികൾ ആവിഷ്കരിച്ച് അവരെ ഏറ്റവും മികച്ച നിലയിലേയ്ക്കെത്തിക്കാനുള്ള നടപടികളുണ്ടാകണം. കഴിഞ്ഞ ദിവസങ്ങളിലും ഇന്നും ഡി.ജി.പി.-യേയും മുഖ്യമന്ത്രിയേയും ക്രൂശിച്ചുകൊണ്ടും കുറ്റപ്പെടുത്തിക്കൊണ്ടും പ്രതിപക്ഷ നിരയിൽനിന്നുള്ള സംസാരങ്ങളുണ്ടായി. അതിനെല്ലാമുള്ള കൃത്യമായ മറുപടികൾ മുഖ്യമന്ത്രി ഇന്നലെയും ഇന്നുമായി പറഞ്ഞിട്ടുണ്ട്. ഇതൊക്കെ നമുക്കെല്ലാം മനസ്സിലാകുന്നതാണ്. സി.ആൻഡ് എ.ജി. റിപ്പോർട്ട് സംബന്ധിച്ച് അദ്ദേഹം പത്രസമ്മേളനം നടത്തുകയാണ്. നമ്മൾ ഇത് മുമ്പ് കണ്ടിട്ടുണ്ടോ; ഇതെങ്ങനെയാണ് അതിന് മുമ്പ് കൊടുക്കുക; പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയിൽ വന്ന് കൃത്യമായി പരിശോധിച്ചിട്ടല്ലേ ഇതിന്റെ കാര്യങ്ങൾ പുറത്തേയ്ക്ക് വരിക. അതിനുമുമ്പ് എന്നാണ് തുടങ്ങിയത് എന്നുള്ളതടക്കമുള്ള കാര്യങ്ങൾ ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്. ഞാൻ അതിലേയ്ക്ക് കൂടുതൽ പോകുന്നില്ല. പോലീസ് വകുപ്പിനെ നവീകരിച്ചുകൊണ്ട് ജനങ്ങൾക്ക് ഉപകാരപ്രദമായിട്ടുള്ള ധാരാളം പദ്ധതികൾ ഇപ്പോൾ നടത്തുന്നുണ്ട്. എല്ലാ വകുപ്പുകളും ചേർന്ന് അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. മുമ്പ് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലക്ഷങ്ങളെ കൂട്ടിയിട്ട് ഒന്നും ആർക്കും കിട്ടാതെ പോയ അവസ്ഥ ഇന്നില്ല. ജില്ലാ കളക്ടർമാർ ചേർന്നുകൊണ്ട് ജില്ലാതലത്തിൽ അദാലത്തുകളും വകുപ്പുമന്ത്രിമാർ പങ്കെടുത്തുകൊണ്ടുള്ള അദാലത്തുകളും സംഘടിപ്പിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് അദാലത്തുകൾ നടത്തി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നു. അപ്പുറത്തിരിക്കുന്നവർക്ക് ഉൾപ്പെടെ അംഗീകരിക്കാതിരിക്കാൻ കഴിയാത്തത്ര സമാനതകളില്ലാത്ത മാറ്റങ്ങളാണ് ഓരോ വകുപ്പുമുണ്ടാക്കുന്നത്. ഇതെല്ലാം നമുക്ക് കാണാൻ കഴിയും. കൊല്ലം ജില്ലയിലാണ് അദാലത്ത് തുടങ്ങിയത്. ഡി.ജി.പി.-യും ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട് 220-ൽ അധികം പരാതികളിൽ തൊണ്ണൂറ് ശതമാനത്തിലേറെ പരാതികൾക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞു. കൊല്ലം റൂറൽ ജില്ലയിൽ തുടങ്ങി നിരവധി ജില്ലകളിലേയ്ക്ക് അത് വ്യാപിപ്പിച്ചു. അതിന്റെ ഫലമായി ജനങ്ങളുടെ ഒട്ടേറെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചു. റയ്സ് പദ്ധതിയിലൂടെ (റിവൈറ്റലൈസിംഗ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് സിസ്റ്റംസ് ഇൻ എഡ്യൂക്കേഷൻ) കൊല്ലം റൂറലിൽ ജനങ്ങളെക്കൂടി സംഘടിപ്പിച്ചുകൊണ്ട് ക്രിമിനൽ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികളായിട്ടുണ്ട്. ഫ്രണ്ട്സ് ഓഫ് പോലീസ് എന്നൊരു പദ്ധതി അവിടെ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഇത് കേരളത്തിലാകമാനം കൊണ്ടുവരുന്നുണ്ട്. പിങ്ക് പോലീസ് പട്രോളിംഗ് അടക്കം എസ്.പി.സി.-യിലും വലിയ മാറ്റങ്ങളുണ്ടാക്കി. സ്ത്രീകളുടെ പ്രാതിനിധ്യം പതിനഞ്ചിൽ നിന്ന് ഇരുപത്തിയഞ്ച് ശതമാനമാക്കി മാറ്റാൻ തീരുമാനിച്ചു. രാജ്യത്തെ ഏറ്റവും വലിയ

സിവിലിയൻ അവാർഡായ സ്കോച്ച് അവാർഡ് തുടർച്ചയായ രണ്ട് വർഷവും കേരളത്തിന് ലഭിച്ചു. അതോടൊപ്പം 2018-ലെ പ്രളയ കാലത്തെ രക്ഷാപ്രവർത്തനങ്ങൾക്ക് സ്കോച്ച് ഗോൾഡ് അവാർഡും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പ്രോജക്ട്, പിങ്ക് പോലീസ് പട്രോൾ എന്നിവയ്ക്ക് 2018-ൽ ഓർഡർ ഓഫ് മെറിറ്റ് അവാർഡും ലഭിച്ചു. കേരള പോലീസ് ഡ്യൂട്ടി മീറ്റിൽ മൂന്ന് സ്വർണ്ണവും മൂന്ന് വെള്ളിയുമുൾപ്പെടെ കേരള പോലീസിന് ആദ്യമായി എട്ട് മെഡലുകൾ ലഭിച്ചതും 2019-ലാണ്.

മി. ചെയർമാൻ: സമയം കഴിഞ്ഞു.

ശ്രീമതി പി. അയിഷാ പോറ്റി: സർ, അതോടൊപ്പം കേരള പോലീസിന്റെ ഏറ്റവും തിളക്കമാർന്ന പദ്ധതികളിലൊന്നാണ് സൈബർ ഡോം. ഒൻപത് അവാർഡുകൾ ഇവർ നേടിയിട്ടുണ്ട്. സോഷ്യൽ മീഡിയയിലുള്ള സൈബർ അന്വേഷണത്തിലെല്ലാം ഒന്നാം സ്ഥാനത്തേയ്ക്കെത്താൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള പോലീസ് സംവിധാനത്തെപ്പറ്റി വിമർശിക്കുമ്പോൾ ഇക്കാര്യങ്ങൾകൂടി പരിശോധിക്കണമെന്ന് പറഞ്ഞുകൊണ്ട് ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, ഇന്ന് ലോക വന്യജീവി ദിനമാണ്. നാം അധിവസിക്കുന്ന ഭൂമിയിൽ മനുഷ്യരും മരങ്ങളും പക്ഷി മൃഗാദികളുമെല്ലാം ഒരുമിച്ച് വസിക്കേണ്ടവരാണ്. വന്യജീവികളുടെ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് അടുത്തകാലത്ത് കേൾക്കുന്ന സംഭവങ്ങൾ പരിഹരിക്കാൻ സാധിക്കുന്നതല്ലേ; കഴിഞ്ഞ ദിവസം ഞാൻ റാന്നിയിൽ പോയിരുന്നു. ഒരു വനപാലകൻ ആനയുടെ ചവിട്ടേറ്റ് മരിച്ചു. നാട്ടിലേയ്ക്ക് വന്ന ആനയെ വനത്തിലേയ്ക്ക് മടക്കിവിടാനുള്ള ശ്രമത്തിനിടയിൽ ആന തിരിച്ചുപോയെന്ന് വിചാരിച്ച് മടങ്ങുമ്പോൾ പതുങ്ങിനിന്ന ആന ഓടിക്കുകയും അദ്ദേഹം വീണപ്പോൾ ചവിട്ടി കൊല്ലുകയുമാണ് ചെയ്തത്. അതിൽനിന്നും മലയാള മനോരമയുടെ ഒരു ലേഖകൻ കഷ്ടിച്ചാണ് രക്ഷപ്പെട്ടത്. രണ്ട് കാരണങ്ങൾ കൊണ്ടാണ് ആനകൾ നാട്ടിലേയ്ക്ക് വരുന്നത്. ഒന്ന്, വെള്ളമില്ലാത്തതിനാലും രണ്ട്, തീറ്റയില്ലാത്തതിനാലുമാണ്. ജലസമൃദ്ധമായ വനത്തിൽ വെള്ളമില്ലെന്ന് പറയാൻ സാധിക്കുമോ; വനത്തിനുള്ളിൽ ധാരാളം നീർച്ചാലുകളുണ്ട്. വനത്തിൽ തടയണകൾ നിർമ്മിക്കണം. ഒരു തടയണ നിർമ്മിച്ചാൽ രണ്ടു മൂന്ന് കിലോമീറ്ററുകളിലേയ്ക്ക് വെള്ളം നിൽക്കും. നൂറുക്കണക്കിന് തടയണകൾ നിർമ്മിക്കുന്നതിനുള്ള സാധ്യത വനത്തിലുണ്ട്. അതുപോലെതന്നെ കുളങ്ങൾ നിർമ്മിച്ചാലും ആനകളുടെ വരവിനെ തടയാൻ സാധിക്കും. സ്വകാര്യ ഭൂമിയുള്ള ഒരു വ്യക്തി തന്റെ വസ്തുവിലേയ്ക്ക് ആന വരാതിരിക്കാൻ വനംവകുപ്പിന്റെ

അനുവാദത്തോടുകൂടി അരകിലോമീറ്റർ അകലെ വലിയൊരു കുളം കുഴിച്ചു. ആന വന്നാൽ കുളത്തിൽനിന്നും വെള്ളം കുടിക്കാനും ഇറങ്ങി കുളിക്കാനുമുള്ള സൗകര്യമുള്ളതുകൊണ്ട് ആന ജനവാസകേന്ദ്രങ്ങളിലേയ്ക്ക് വരികയില്ല. അതുപോലെ റാന്നിയിലും വലിയ കുളങ്ങൾ നിർമ്മിക്കാൻ സൗകര്യമുണ്ടെന്നാണ് ഞാൻ അന്വേഷിച്ചപ്പോൾ അറിയാനിടയായത്. അതിനുവേണ്ടി ഞാൻ വനംവകുപ്പിനോട് അനുവാദം ചോദിച്ചിരിക്കുകയാണ്. ഗാന്ധിജി സ്റ്റഡി സെന്റർ അവരുടെ സ്ഥലത്ത് കുളം നിർമ്മിക്കാൻ തയ്യാറാണ്. ഈ വേനൽക്കാലത്തുതന്നെ കുളം നിർമ്മിച്ചാൽ ആന നാട്ടിൻപുറങ്ങളിലേയ്ക്ക് വരില്ല. അതുപോലെയുള്ള സ്ഥലങ്ങൾ കണ്ടെത്തി ഇറിഗേഷൻ വകുപ്പുമായി ചേർന്ന് തടയണകളും കുളങ്ങളും നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് വനം വകുപ്പാണ്.

ആനകൾക്കുള്ള തീറ്റയാണ് മറ്റൊരു വിഷയം. ഈറ്റയും മുളയുമാണ് ആനകൾക്ക് ഏറ്റവും ഇഷ്ടം. വനങ്ങളിൽ ഈറ്റയ്ക്കും മുളയ്ക്കും പകരം അക്കേഷ്യ നട്ടുപിടിപ്പിച്ചു. കോതമംഗലത്ത് അക്കേഷ്യ മരത്തിലാണ് തീപിടിത്തമുണ്ടായത്. അക്കേഷ്യ മരങ്ങളെല്ലാം മാറ്റി ധാരാളമായി ഈറ്റയും മുളയും കൃഷി ചെയ്യുകയാണെങ്കിൽ ആന നാട്ടിലേയ്ക്ക് വരില്ല.

മറ്റൊന്ന് പന്നികളുടെ ശല്യമാണ്. പന്നികളുടെ ശല്യം നിയന്ത്രിക്കുന്നതിനായി ഞാൻ കൃഷി സ്ഥലത്ത് അഞ്ചടി പൊക്കത്തിൽ ടാറ്റ കമ്പനിയുടെ ഫെൻസിംഗ് ചെയ്തു. അതിനുശേഷം പന്നികളൊന്നും പ്രവേശിക്കുന്നില്ല. ടാറ്റ കമ്പനിയെ ഏൽപ്പിച്ചാൽ തുരുമ്പെടുക്കാത്ത ഒന്നാംതരം ഫെൻസിംഗ് മെറ്റീരിയലുകൾകൊണ്ട് അതിർത്തിയിൽ മുള്ള് വേലി നിർമ്മിച്ച് നൽകും.

കുരങ്ങുകളുടെ ശല്യമാണ് മറ്റൊരു വിഷയം. ചക്ക കൂടുതൽ ഭക്ഷിക്കുന്ന ജീവിയാണ് കുരങ്ങ്. പ്ലാവും ആഞ്ഞിലിയും വനത്തിൽ ധാരാളം വച്ചുപിടിപ്പിച്ചാൽ ഒരു കുരങ്ങും നാട്ടിലേയ്ക്ക് വരില്ല. അങ്ങനെയുള്ള ഒരു സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ എന്തുകൊണ്ടാണ് ആലോചിക്കാത്തത്? ചെക്ക് ഡാമുകൾ ഈ വേനൽക്കാലത്തുതന്നെ നിർമ്മിക്കണം, കുളങ്ങൾ കുഴിക്കണം, ധാരാളം ഈറ്റയും മുളയും നട്ടുപിടിപ്പിക്കുക തുടങ്ങിയ അടിയന്തര നടപടികൾ സ്വീകരിക്കണം. വനത്തിലുള്ള മുഴുവൻ അക്കേഷ്യയും നശിപ്പിച്ച് അവിടെ ഈറ്റയും മുളയും വച്ചുപിടിപ്പിച്ചാൽ ആനകൾ നാട്ടിലേയ്ക്ക് വരില്ല. ഇങ്ങനെയുള്ള സൗഹൃദാന്തരീക്ഷം സൃഷ്ടിച്ചുകൂടേ; കേരളത്തിൽ അതിനുള്ള സൗകര്യങ്ങളുള്ളതിനാൽ അത് സാധിക്കും.

ലോകത്തിലെ ഏറ്റവും മനോഹരമായ പ്രദേശങ്ങളിലൊന്നായി കേരളം വിലയിരുത്തപ്പെടുകയാണ്. ലോകത്തിലെ പത്ത് സ്ഥലങ്ങൾ നല്ലതാണെന്ന് ബി.ബി.സി അഭിപ്രായപ്പെട്ടതിൽ കേരളവും ഉൾപ്പെടുന്നു. എന്നാൽ 2018-ലെയും

2019-ലെയും പ്രളയം എല്ലാം മാറ്റിമറിച്ചു. കേരളത്തെ വലിയതോതിലാണ് പ്രളയം ബാധിച്ചത്. പ്രളയം ഉണ്ടാകുന്നത് എന്തുകൊണ്ടാണ്; കേരളത്തിൽ ഒരേക്കറിൽ ഒരു ലക്ഷം ലിറ്റർ വെള്ളമാണ് (മൂവായിരം മില്ലീമീറ്റർ മഴ) വീഴുന്നത്. ആ വെള്ളത്തെ തടഞ്ഞുനിർത്താൻ സാധിക്കുമോ; ഈ ജലം മുഴുവൻ തടഞ്ഞുനിർത്താൻ സാധിക്കുക എന്നതാണ് വാട്ടർ ഷെഡ് മാനേജ്മെന്റിന്റെ ഏറ്റവും വലിയ നേട്ടം. ചൈനയിൽ വാട്ടർ ചീഫാണ് വാട്ടർ ഷെഡിലെ വെള്ളത്തിന്റെ ഒഴുക്കിനെയും മറ്റും നിയന്ത്രിക്കുന്നത്. വാട്ടർ ഷെഡിന്റെ ചീഫുമാരായി ഒരു ലക്ഷത്തോളം ആളുകൾ അവിടെയുണ്ട്. വാട്ടർ ഷെഡിന്റെ അടിസ്ഥാനത്തിൽ കേരളത്തെ തിരിച്ചാൽ ഒരു ലിറ്റർ ജലംപോലും നഷ്ടപ്പെടില്ല. തൃശ്ശൂരിൽ അഞ്ചേക്കറിൽ ശ്രീ. വർഗ്ഗീസ് തരകൻ എന്ന വ്യക്തി പ്ലാവ് നട്ടുപിടിപ്പിച്ചിട്ടുണ്ട്. അഞ്ചേക്കറിൽ നിന്നുള്ള അദ്ദേഹത്തിന്റെ വരുമാനം ഇരുപത്തിയഞ്ച് ലക്ഷം രൂപയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): മുഖ്യമന്ത്രിയുടെ വകുപ്പിൽപ്പെടുന്ന നീതിന്യായത്തെ സംബന്ധിച്ച് അങ്ങ് പറയണം.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, കാട്ടിലെ മൃഗങ്ങൾ മനുഷ്യരെ കൊല്ലുമ്പോൾ എന്ത് നീതിന്യായമാണുള്ളത്; ഇത് പ്രധാനപ്പെട്ട വിഷയമായതുകൊണ്ടാണ് ഞാൻ പറഞ്ഞത്. മറ്റൊന്ന്, ഈ നാട്ടിലെ ജനങ്ങൾക്കുള്ള വരുമാനത്തെ സംബന്ധിച്ചാണ്. കേരളത്തിന്റെ അതേ വലിപ്പമാണ് നെതർലാന്റിനുള്ളത്. എന്നാൽ നെതർലാന്റ് കഴിഞ്ഞ ഇരുപത് വർഷങ്ങൾകൊണ്ട് ലോകത്തിലെ ഏറ്റവും സമ്പന്ന രാജ്യമായി മാറിയിരിക്കുന്നു. അവിടെ നാല് മാസം മാത്രമേ സൂര്യപ്രകാശമുള്ളൂ. നെതർലാന്റിന്റെ അതേ വളർച്ചയിലെത്താൻ കേരളത്തിനും സാധിക്കും. മൂവായിരം മില്ലിമീറ്റർ മഴ ലഭിക്കുന്നത് മുഴുവൻ തടഞ്ഞുനിർത്താൻ സാധിച്ചാൽ കേരളത്തിന്റെ വരുമാനം ഇന്നുള്ളതിന്റെ എത്രയോ ഇരട്ടിയാക്കാനും തൊഴിലുകൾ വർദ്ധിപ്പിക്കാനും സാധിക്കും. ഓരോ ഏക്കറിലെയും വരുമാനം ഇന്നത്തേതിന്റെ പത്തിരട്ടിയായി വർദ്ധിപ്പിക്കാൻ സാധിക്കും. വെള്ളവും സൂര്യപ്രകാശവും വിനിയോഗിക്കണം. ഇതിനെയെല്ലാം സംബന്ധിച്ച് കൂട്ടായി ആലോചിക്കണം. എപ്പോഴും ക്രമസമാധാനമെന്ന് പറയുന്ന ബഹുമാനപ്പെട്ട ജി. സുധാകരനോട് ഞാൻ സൂചിപ്പിക്കുകയാണ്; മാറി ചിന്തിക്കേണ്ട കാലഘട്ടമായിരിക്കുന്നു. കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി ഒന്നിച്ച് നിന്നാൽ വലിയ മാറ്റങ്ങൾ വരുത്താൻ സാധിക്കും.

<u>മി. ചെയർമാൻ</u>: പ്ലീസ്...... സമയം കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം പ്രസംഗം അവസാനിപ്പിക്കണം.......

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, മണ്ണൊലിപ്പ് തടയാനും ജലം സംഭരിക്കാനും ഒരു തുള്ളി ജലംപോലും നഷ്ടപ്പെടാതെ സൂക്ഷിക്കുകയും സൂര്യപ്രകാശം ഉപയോഗിച്ച് കേരളത്തിന്റെ ബയോ ഡൈവേഴ്സിറ്റി പ്രയോജനപ്പെടുത്തുകയും വേണം. ഒരു സ്കൂളിലെ ആവശ്യത്തിനുള്ള ജലം മുഴുവനും ജലസംഭരണിയിൽനിന്ന് ഉപയോഗിക്കുന്നത് ഞാൻ കണ്ടു. എല്ലാ സ്കൂളുകളിലും ജല സംഭരണികൾ സ്ഥാപിക്കണം. എല്ലാ സ്ഥലത്തും ജലം ശേഖരിക്കാനുള്ള സംവിധാനമുണ്ടാകണം. കേരളത്തിന്റെ ഭൂമി സമൃദ്ധമാണ്. നമ്മൾ ഏകോദര സഹോദരങ്ങളായി ജീവിച്ചുകൊണ്ട് മുന്നോട്ട് പോയാൽ അത് സാധിക്കും. അല്ലെങ്കിൽ ഒന്നും സാധിക്കില്ല. പൗരത്വ ബില്ലുമായി മുന്നോട്ട് പോകുന്നത് ശരിയാകില്ല. അതിന് തടയിടാനുള്ള മനസ്സ് കേരളത്തിനുണ്ട്. ആ മനസ്സുവച്ച് മുന്നോട്ട് നീങ്ങിയാൽ കേരളം സ്വർഗ്ഗമാകും. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഒന്നുരണ്ട് കാര്യങ്ങൾ മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. ഇവിടെ ഇന്ന് രാവിലെ മുതൽ ഞാൻ ശ്രദ്ധിച്ചു കൊണ്ടിരിക്കുകയാണ്, എനിക്ക് വലിയ വേദന ഉണ്ടാക്കിയ ഒരു കാര്യമാണ്. ഞാൻ വളരെ രൂക്ഷമായ ഭാഷയിൽ സംസാരിക്കുന്ന ഒരാളാണ്. പക്ഷേ എപ്പോഴും സൗഹൃദം നിലനിർത്താൻ ശ്രദ്ധിക്കാറുണ്ട്. ഈ സഭയിലെ സീനിയറായ ഒരംഗമാണ് ഞാനെന്നുള്ള ബോദ്ധ്യത്തോടുകൂടി സംസാരിക്കാം. പക്ഷേ ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കടുത്ത വാക്കുകൾ ഉപയോഗിക്കേണ്ട സാഹചര്യമുണ്ടായി. എന്തുകൊണ്ട് അത് സംഭവിച്ചു? മുഖ്യമന്ത്രി എന്തുകൊണ്ട് രൂക്ഷമായ ഭാഷയിൽ സംസാരിച്ചു. വളരെ ജൂനിയറായ ഒരംഗത്തിൽനിന്നുമുണ്ടായ പ്രതികരണം അദ്ദേഹത്തെ വേദനിപ്പിച്ചു. ഞാനത് പറയാൻ കാരണം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കൊണ്ട് അങ്ങനെയൊരു ഭാഷ വിനിയോഗിക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കാതിരിക്കാനുള്ള ബാദ്ധ്യത ജൂനിയർ എം.എൽ.എ.-മാർക്ക് ഉണ്ടെന്നുതന്നെയാണ് എന്റെ അഭിപ്രായം. എന്നോട് പിണങ്ങിയിട്ട് കാര്യമില്ല, രൂക്ഷമായ ഭാഷ സംസാരിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെപ്പറ്റി സംസാരിക്കുമ്പോൾ അൽപ്പം ബഹുമാനം കൊടുത്ത് സംസാരിക്കണമെന്നുള്ളതിൽ ഒരു സംശയവും വേണ്ട; അതില്ലാതെ വരുമ്പോഴാണ് ഈ പ്രശ്നമുണ്ടാകുന്നത്. അതുകൊണ്ട് സഭയിലെ സൗഹൃദ അന്തരീക്ഷം നിലനിർത്താനുള്ള ബാദ്ധ്യതയിൽനിന്ന് നമ്മളാരും പിന്നോട്ടു പോകരുതെന്ന അഭിപ്രായം പറയേണ്ടി വന്നിരിക്കുന്നു. അത് ഞാൻ പറയുന്നു.

ചെറിയൊരുദാഹരണം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഈ സഭയുടെ നാഥനായ ബഹുമാനപ്പെട്ട സ്പീക്കർക്ക്, 'Best Ideal Speaker in India' അവാർഡ് കൊടുത്തതാരാണ്? Bharatiya Chhatra Sansad Foundation ആണ് അവാർഡ്

കൊടുത്തത്. ഇന്ത്യയുടെ ഉപരാഷ്ട്രപതി ശ്രീ. വെങ്കയ്യ നായിഡുവാണ് ആ ഫലകം നൽകിയത്. ഇതുവരെ അദ്ദേഹത്തെ അഭിനന്ദിക്കാൻ ആരെങ്കിലുമൊന്ന് തയ്യാറായോ; ഇത്രയും പ്രസംഗം ഞാൻ കേട്ടു, ഞാൻ പറഞ്ഞത്, ഏത് വ്യക്തിയാണെങ്കിലും ഏത് പാർട്ടിയാണെങ്കിലും ചെയ്യുന്ന നല്ല കാര്യങ്ങൾ പറയണം. ഞാൻ ശ്രീ. കെ. എസ്. ശബരീനാഥനെയും അഭിനന്ദിക്കുന്നു. ഏത് വ്യക്തിയാണെങ്കിലും മാന്യമായി അംഗീകാരം കിട്ടിയാൽ അതിനെ ബഹുമാനിക്കാനുള്ള മര്യാദ നമ്മൾ കാണിക്കണ്ടേ; നമ്മുടെ സ്പീക്കർക്ക് ഇതു പോലൊരു അവാർഡ് ലഭിച്ചപ്പോൾ ഒരുവാക്കുകൊണ്ടെങ്കിലും അദ്ദേഹത്തെ ബഹുമാനിക്കണ്ടേ; ഈ സഭ ഒരു പ്രമേയം പാസ്സാക്കി അദ്ദേഹത്തെ അഭിനന്ദിക്കാനുള്ള ബാദ്ധ്യത നമുക്കില്ലേ; ശ്രീ. കെ. എസ്. ശബരീനാഥന്റെ കാര്യവും അതുപോലെതന്നെയാണ്. നല്ലവനായ ഒരു ചെറുപ്പക്കാരന് അവാർഡ് ലഭിച്ചിരിക്കുന്നു. നമ്മൾ നന്ദിയോടുകൂടി, സ്നേഹത്തോടെ അതിനെ കാണണ്ടേ; ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഞാനിത് പറയുന്നത്, നമ്മുടെ സഭയിൽ കുറച്ചുകൂടി അന്തസ്സുണ്ടാകണമെന്ന അഭിപ്രായമുള്ളതു കൊണ്ടാണ്. ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല, എല്ലാവരോടും വർത്തമാനം പറഞ്ഞ് ആരോടും പിണങ്ങാൻ ഉദ്ദേശിക്കുന്നില്ല. ഇന്ന് രാവിലെ മുതൽ സഭയിലുണ്ടായ സംഭവങ്ങളിൽ ഞാൻ ദുഃഖിതനാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അല്പംകൂടി സ്നേഹത്തിൽ പെരുമാറണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. മുഖ്യമന്ത്രിയുടെ ഒരൗദാര്യം എനിക്കു വേണ്ട; അതിനുവേണ്ടി പറയുന്നതായി ആരും തെറ്റിദ്ധരിക്കണ്ട. അതുപോലെ ഇവിടെ പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ ഭരണപക്ഷ ഭാഗത്തുനിന്നും വർത്തമാനം വരും. സ്വാഭാവികമായും പ്രതിപക്ഷനേതാവിനോടുള്ള ബഹുമാനക്കുറവാണത്. അതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗിക്കുമ്പോൾ പ്രതിപക്ഷ ഭാഗത്തുനിന്ന് വേറെ ചർച്ച വരും. അത് ശരിയല്ല. ഞാൻ 1980-മുതൽ ഈ സഭയിൽ വരുന്ന ആളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുമൊക്കെ സംസാരിക്കുമ്പോൾ ആ ബഹുമാനം അവർക്ക് കൊടുത്തു കൊണ്ടുതന്നെ മുന്നോട്ടു പോകണം. പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ സ്ഥിരം കമന്റടിക്കുന്നത് കേൾക്കുന്നുണ്ട്. അതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുമ്പോൾ പ്രതിപക്ഷ ഭാഗത്തുനിന്ന് വളരെ മോശമായ പ്രതികരണമുണ്ടാകുകയാണ്. ഇത് ശരിയല്ല, അതൊക്കെ നിർത്തി മുന്നോട്ടുപോയാൽ നന്നായിരിക്കുമെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ.

<u>ശ്രീ. പി. ടി. തോമസ്</u>: വ്യവസായ വകുപ്പുമന്ത്രി ഇന്നിവിടെ പറഞ്ഞതിനെപ്പറ്റി അങ്ങ് ഒരുവാക്ക് പറഞ്ഞോ?

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ പറയുന്നതിനുമുമ്പ്, തോക്കിനകത്തുകയറി വെടിവച്ചാൽ എങ്ങനെയാണ്. ഇന്ന് വ്യവസായ വകുപ്പുമന്ത്രി പറഞ്ഞതെല്ലാം ഞാൻ ഹെഡ് സെറ്റ് വച്ച് കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മൈക്ക് ഓണായിരുന്നു. വ്യവസായ വകുപ്പുമന്ത്രി പറഞ്ഞ വാക്കുകൾ വളരെ മ്ലേച്ഛമാണെന്നതിൽ യാതൊരു തർക്കവുമില്ല. അത് മൈക്കുള്ളതുകൊണ്ട് കേട്ടതാണ്. അതുകൊണ്ട് വളരെ സൂക്ഷിക്കണമെന്ന അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ ചുരുക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സാധാരണക്കാരുടെ മക്കൾ പഠിക്കുന്നത് സർക്കാർ വിദ്യാലയങ്ങളിലാണ്. അതിനു കാരണം ആവശ്യത്തിന് അദ്ധ്യാപകർ, നല്ല കെട്ടിടങ്ങൾ മറ്റെല്ലാ സൗകര്യങ്ങളും ഇന്ന് സർക്കാർ വിദ്യാലയങ്ങളിലുണ്ടെന്നതാണ്. കേരളത്തിലുടനീളം ഒരുകാലത്തുമില്ലാത്തവിധം സാധാരണക്കാരുടെയും ഇടത്തരക്കാരുടെയും മക്കൾ സർക്കാർ വിദ്യാലയങ്ങളെയാണ് ആശ്രയിക്കുന്നത്. അപൂർവ്വം ആളുകൾ മാത്രമേ പണം ചെലവഴിക്കേണ്ട വിദ്യാലയങ്ങളെ സമീപിക്കുന്നുള്ളൂ.

രണ്ടാമത്തെ കാര്യം, ആശുപത്രികൾ, വില്ലേജ് ലെവലിലുള്ള ആശുപത്രികൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവയെല്ലാം നല്ല നിലയിലെത്തിയിരിക്കുന്നു. അതിന്റെ ഫലമായി സാധാരണക്കാരന് രോഗഭീഷണി വരുമ്പോൾ സ്വന്തം പ്രദേശത്ത് അധികം പണം ചെലവഴിക്കാതെ ചികിത്സ ലഭ്യമാകുന്നു.

അതുപോലെ രണ്ട് വെള്ളപ്പൊക്കത്തെ നാം അഭിമുഖീകരിച്ചു. പഴയകാലത്തുണ്ടായിരുന്നതിനേക്കാളും കൂടുതൽ റോഡുകൾ തകർന്നു. പക്ഷേ പി.ഡബ്ല്യു.ഡി. ഇടപെട്ടതിന്റെ ഫലമായി വളരെ പെട്ടെന്ന് അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ സാധിച്ചു. പഴയകാലത്തുണ്ടായതിരുന്നതിനേക്കാളും നല്ല റോഡുകൾ നാട്ടിലുണ്ടായി. അടിസ്ഥാനപരമായി ഒരു സംസ്ഥാനത്തെ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ ന്യായമായി പരിഹരിക്കണം.

പൗരത്വ ബില്ലിനെതിരെ ഇന്ത്യയിലെ സംസ്ഥാന ഗവൺമെന്റുകൾക്ക് ധൈര്യമായി ഒരു വാക്ക് പറയാനുള്ള ഇടയുണ്ടാക്കിയത് ആരാണ്? കേരളത്തിന്റെ മുഖ്യമന്ത്രിയല്ലേ; ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ ഇവിടെ ചർച്ച ചെയ്ത് കൂട്ടമായി എടുത്ത തീരുമാനമല്ലേ? അത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരെ കുറച്ചുകൂടി ധൈര്യമുള്ളവരാക്കി. അവർ അതിനനുസരിച്ച്

നടപടികൾ സ്വീകരിച്ചു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായിരുന്നപ്പോൾ ബാബറി മസ്ജിദ്ദിന്റെ പൂട്ട് തുറക്കണമെന്ന് അദ്ദേഹത്തിന്റെ ചില സഹപ്രവർത്തകർ ആവശ്യപ്പെട്ടു, അപ്പോൾ ഇതൊരു ദരിദ്ര രാജ്യമാണെന്നും നമുക്കിതൊന്നും ചർച്ച ചെയ്ത് പരിഹരിക്കാനുള്ള സമയമല്ലെന്നും പാവങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കട്ടെയെന്നും അദ്ദേഹം പറഞ്ഞു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അദ്ദേഹത്തിന്റെ മരണംവരെ ബാബറി മസ്ജിദ് തുറന്നില്ല. ലാൽ ബഹദൂർ ശാസ്ത്രി ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന ഘട്ടത്തിലും ബാബറി മസ്ജിദിന്റെ പൂട്ടുകൾ തുറന്നില്ല. ആരാണ് ബാബറി മസ്ജിദിന്റെ പൂട്ടുകൾ തുറന്നത്? കോൺഗ്രസ്സിലെ സുഹൃത്തുക്കൾ. ഇവിടെ കുറച്ചുമുമ്പ് വികാരഭരിതനായി സംസാരിച്ച മുസ്ലീംലീഗിലെ ബഹുമാനപ്പെട്ട നേതാവ് ഇക്കാര്യം പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ബാബറി മസ്ജിദ് പൊളിക്കുമെന്ന് ഇന്ത്യൻ പാർലമെന്റിൽ പറഞ്ഞപ്പോൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്ന് അതിനുള്ള ആയുധങ്ങളുമായി ആളുകളെത്തി. എന്നാൽ ഒരുകാരണവശാലും ബാബറി മസ്ജിദ് തകർക്കരുതെന്നും ബാബറി മസ്ജിദ് സംരക്ഷിക്കണമെന്നും പാർലമെന്റ്, സുപ്രീംകോടതി, ദേശീയോദ്ഗ്രഥന സമിതി തുടങ്ങിയ ഏജൻസികൾ ഏകകണ്ഠമായി തീരുമാനിച്ചു. ബാബറി മസ്ജിദ് തകർക്കാൻ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്ന് ആളുകൾ നീങ്ങിയപ്പോൾ ലഖ്നൗവിൽ നിന്ന് ഹർകിഷൻ സിംഗ് സുർജിത്, ബർദാൻ, വി. പി. സിംഗ് എന്നിവരുടെ നേതൃത്വത്തിൽ ബാബറി മസ്ജിദിനെ രക്ഷിക്കുന്നതിന് മൂന്ന് ദിവസം ജാഥകൾ നടത്തി. ആരായിരുന്നു അന്ന് ഇന്ത്യയുടെ പ്രധാനമന്ത്രി? ബാബറി മസ്ജിദ് സംരക്ഷിക്കാൻ ജനാധിപത്യ രാജ്യത്തിലെ എല്ലാ ഏജൻസികളും പ്രധാനമന്ത്രിയെ ചുമതലപ്പെടുത്തിയശേഷം ബാബറി മസ്ജിദ് തകർക്കുന്ന 24 മണിക്കൂറും ഒരു നടപടിയും സ്വീകരിക്കാതെ അത് തകർക്കാനിടയാക്കിയത് ഏത് പ്രധാനമന്ത്രിയാണ്? നിങ്ങൾക്ക് ആരെ കുറ്റം പറയാൻ സാധിക്കും. ഒരു സ്ഥാനാർത്ഥി പരാജയപ്പെട്ടതിന്റെ പേരിലല്ലേ ഇന്ത്യയിൽ അടിയന്തരാവസ്ഥയുണ്ടായത്. സ്വാഭാവികമായും പല സാഹചര്യങ്ങളിലും ഇന്ത്യൻ ജനാധിപത്യത്തെ രക്ഷിക്കാൻ ചില കക്ഷികൾക്ക് ഒരുമിച്ചുചേരേണ്ടി വന്നു. ഭാരതീയ ജനസംഘത്തിന്റെ നേതാക്കളെക്കൊണ്ട് ജയപ്രകാശ് നാരായണൻ, ജനതാ പാർട്ടിയുടെ നയം ഗാന്ധിയൻ സമീപനമായിരിക്കുമെന്ന് അവരെക്കൊണ്ട് അംഗീകരിപ്പിച്ച് ആ മാനിഫെസ്റ്റോയുടെ അടിസ്ഥാനത്തിലാണ് ഇന്ത്യയിലെ ജനങ്ങളെ സമീപിച്ചത്. ഇന്ത്യ സ്വാതന്ത്ര്യം പ്രാപിക്കുകയും ഭരണഘടന നിലവിൽ വരികയും ചെയ്തു. ഇന്ത്യയിലെ പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക വിഭാഗങ്ങൾക്കും സംവരണം കൊടുക്കണമെന്നാവശ്യപ്പെട്ട് നെഹ്റുവിന്റെ കാലത്ത് മൂന്ന് പ്രാവശ്യം ശ്രമിച്ചിട്ടും ലഭിച്ചില്ല. ജനതാപാർട്ടി അധികാരത്തിൽ വന്നപ്പോൾ മൊറാർജി ദേശായിയുടെ നേതൃത്വത്തിൽ മണ്ഡൽ കമ്മീഷനുണ്ടാക്കി. ഇന്ത്യയിലെ

സകല സംസ്ഥാനങ്ങളും സന്ദർശിച്ച മണ്ഡൽ കമ്മീഷൻ ചില തീരുമാനങ്ങളെടുത്തു. അദ്ദേഹത്തിന്റെ ഗവൺമെന്റ് അധികാരത്തിൽ നിന്ന് പോയതിനാൽ കുറേക്കാലത്തേയ്ക്ക് അതിന്മേൽ നടപടികളൊന്നും ഉണ്ടായില്ല. എന്നാൽ വി. പി. സിംഗിന്റെ ഗവൺമെന്റ് മണ്ഡൽ കമ്മീഷൻ നടപ്പിലാക്കി. അതുമായി ബന്ധപ്പെട്ട രണ്ട് വ്യക്തികൾക്ക് മണ്ഡൽ കമ്മീഷന്റെ അടിസ്ഥാനത്തിൽ അതിന് സൗകര്യം കൊടുക്കുകയും വി. പി. സിംഗ് അവർക്ക് മാലയിടുകയും ചെയ്തു. വലിയ ശക്തികളോടൊപ്പം ഇവിടെ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെ എതിർത്തവർ ആരാണ്? മണ്ഡൽ കമ്മീഷൻ നടപ്പിലാക്കിയപ്പോൾ അതിനെതിരായി പ്രവർത്തിച്ച ബി.ജെ.പി.-യുടെ വിദ്യാർത്ഥി സംഘടന, കോൺഗ്രസ്സ് (ഐ)-യുടെ എൻ.എസ്.യു.ഐ., ഈ രാജ്യത്തിലെ ബഹുഭൂരിപക്ഷം വരുന്ന മുസ്ലീം ന്യൂനപക്ഷം, ഹിന്ദുസമുദായത്തിലെ പിന്നോക്ക വിഭാഗം ഇവരുടെയെല്ലാം താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചതും കലുഷിതമായ അന്തരീക്ഷത്തിലേയ്ക്ക് ഇന്ത്യയെ കൊണ്ടുപോകുവാൻ അടിസ്ഥാനപരമായ കാരണങ്ങളുണ്ടാക്കിയതും നിങ്ങളാണ്. ഈ രാജ്യത്തെ എങ്ങനെ രക്ഷപ്പെടുത്താൻ സാധിക്കുമെന്ന് നിങ്ങൾ പറയണം. ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിന്റെയും ലക്ഷക്കണക്കിന് ചെറുപ്പക്കാരുടെയും ഭാവിയെ ഗുരുതരമായി ബാധിക്കുന്ന കാര്യമായതുകൊണ്ടാണ് ഭരണഘടനാ സ്ഥാപനമായ പി.എസ്.സി.-യുടെ ഗുരുതരമായ ക്രമക്കേടുകളെക്കുറിച്ച് സംസാരിക്കുന്നത്. ഭരണഘടനാ സ്ഥാപനത്തെ ദുർബ്ബലപ്പെടുത്താനല്ല മറിച്ച് പോരായ്മ ചൂണ്ടിക്കാണിച്ച് ശക്തിപ്പെടുത്താനാണ് ശ്രമിക്കുന്നത്. 2020 ഫെബ്രുവരി 22-ന് നടന്ന കെ.എ.എസ്. പരീക്ഷയിൽ ഒന്നാം പേപ്പർ, രണ്ടാം പേപ്പർ എന്ന രീതിയിലായിരുന്ന ചോദ്യപേപ്പറുകൾ ഉണ്ടായിരുന്നത്. ഒന്നാം പേപ്പറിന് നൂറ് മാർക്കും രണ്ടാം പേപ്പറിൽ പ്രാദേശിക ഭാഷകൾക്ക് 30 മാർക്കും ഇംഗ്ലീഷിന് 20 മാർക്കും ബാക്കി 50 മാർക്കുമായിരുന്നു ഉണ്ടായിരുന്നത്. കേരളത്തിൽ 4 ലക്ഷത്തിലധികം ചെറുപ്പക്കാരാണ് ഈ പരീക്ഷയെഴുതിയത്. ഈ പരീക്ഷയുടെ ചോദ്യ പേപ്പറുകൾ അസംബന്ധ പഞ്ചാംഗമായിരുന്നു. പ്രസ്തുത കെ.എ.എസ്. പരീക്ഷയിലെ പബ്ലിക് അഡ്മിനിസ്ട്രേഷൻ വിഭാഗത്തിലെ 6 ചോദ്യങ്ങൾ 2001-ൽ പാകിസ്ഥാനിൽ നടത്തിയ സിവിൽ സർവ്വീസ് പരീക്ഷയിലെ അതേ ചോദ്യങ്ങളായിരുന്നു. അവയുടെ ഓർഡർപോലും തെറ്റാതെയാണ് പാകിസ്ഥാന്റെ ചോദ്യങ്ങൾ പി.എസ്.സി. കോപ്പിയടിച്ചത്. കോപ്പിയടിയുടെ തിരക്കിനിടയിൽ പാകിസ്ഥാൻ സിവിൽ സർവ്വീസ് പരീക്ഷയിലെ 19-ാം നമ്പർ ചോദ്യം നമ്മുടെ കെ.എ.എസ്. പരീക്ഷയുടെ 67-ാം നമ്പർ ചോദ്യമായി വന്നു. പാകിസ്ഥാൻ

സിവിൽ സർവ്വീസ് പരീക്ഷയിലെ 19-ാം നമ്പർ ചോദ്യത്തിൽ ഒരു വലിയ തെറ്റുണ്ടായിരുന്നു. അതേ തെറ്റ് കെ.എ.എസ്.-ന്റെ പരീക്ഷയിലും ആവർത്തിച്ചു. Which of the following violates the principle of Utility of Command എന്നായിരുന്ന പാകിസ്ഥാൻ സിവിൽ സർവ്വീസ് പരീക്ഷയിലെ 19-ാം നമ്പർ ചോദ്യം. പ്രസ്തുത ചോദ്യം അതേപടി ഇവിടെയും ആവർത്തിച്ചു. ഇതിൽ Utility of Command എന്നതിനുപകരം യഥാർത്ഥത്തിൽ വരേണ്ടിയിരുന്നത് Unity of Command എന്നായിരുന്നു. NCERT-യുടെ പന്ത്രണ്ടാം ക്ലാസ്സിലെ Business Studies പുസ്തകത്തിൽ പബ്ലിക് അഡ്മിനിസ്ട്രേഷനെക്കുറിച്ചുള്ള ഈ ചോദ്യവും ഉത്തരവും കൃത്യമായുണ്ട്. അത്തരത്തിൽ തെറ്റ് ആവർത്തിച്ചുവെന്നുള്ളത് വളരെ ഗുരുതരമായ കാര്യമാണ്. Principles of management എന്ന യൂണിറ്റിലെ 57-ാം നമ്പറായിട്ടാണിത് NCERT പബ്ലിഷ് ചെയ്തിരിക്കുന്നത്. കെ.എ.എസ്. പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കിയവരും റാങ്ക് ഫയൽ പ്രസിദ്ധീകരിക്കുന്നവരും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടിന്റെ പൊക്കിൾക്കൊടി ബന്ധം ഈ വിഷയത്തെക്കുറിച്ച് അന്വേഷിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. പാകിസ്ഥാന്റെ സിവിൽ സർവ്വീസ് പരീക്ഷയിലെ 6 ചോദ്യങ്ങളും അതിന്റെ ഓപ്ഷനുകളും വള്ളിപുള്ളി വിസർഗ്ഗം വിടാതെ കോപ്പിയടിച്ച കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ രാജ്യത്തിനാകെ അപമാനമാണ്. ഏതെങ്കിലുമൊരു സ്റ്റേറ്റ് പി.എസ്.സി.-ക്ക് കൃത്യതയോടുള്ള പരീക്ഷ നടത്തുന്നതിന് കഴിയാതെ വന്നാൽ ഗവർണറുടെ അനുവാദത്തോടെ ഇന്ത്യൻ പ്രസിഡന്റിനെ അറിയിച്ച് യു.പി.എസ്.സി.-യോട് പ്രസ്തുത പരീക്ഷ നടത്താൻ ആവശ്യപ്പെടാൻ ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 315(4) അനുവദിക്കുന്നുണ്ട്. കേരള പി.എസ്.സി.-ക്ക് നടത്താൻ കഴിയില്ലെങ്കിൽ യു.പി.എസ്.സി.-ക്ക് ഇത് വിട്ടുകൊടുക്കണം. പി.എസ്.സി. നടത്തിയ അനേകം പരീക്ഷകൾ സംശയത്തിന്റെ നിഴലിൽ നിൽക്കുകയാണ്. പി.എസ്.സി. നടത്തിയ പോലീസ് പരീക്ഷയിലെ ഞെട്ടിപ്പിക്കുന്ന തട്ടിപ്പിന്റെ കഥകൾ പുറത്തുവന്നിട്ട് അധിക നാളുകളായിട്ടില്ല. നൂറുകണക്കിന് തട്ടിപ്പുകൾ റാങ്ക് ലിസ്റ്റിൽ കടന്നുകൂടിയിട്ടുണ്ട്. രണ്ടുപേരെ മാത്രമാണ് കണ്ടുപിടിച്ചത്. ശിവരഞ്ജിത്തിനെയും മറ്റൊരാളെയുമാണ് കണ്ടുപിടിച്ചത്. 90 ദിവസം കഴിഞ്ഞിട്ടും അതുസംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് കോടതിക്ക് നൽകാത്തതിനാൽ അവർ ജാമ്യത്തിലിറങ്ങി സുഖമായി നടക്കുകയാണിപ്പോൾ. നമ്മുടെ രാജ്യം സ്വാതന്ത്ര്യം പ്രാപിച്ചതിനുശേഷവും പാകിസ്ഥാനും ബർമ്മയ്ക്കുമുള്ള കറൻസി നോട്ട് അച്ചടിച്ചുകൊടുത്തിരുന്നത് റിസർവ് ബാങ്കായിരുന്നു. റിസർവ് ബാങ്കിന്റെ സത്യസന്ധത ലോകപ്രശസ്തമായിരുന്നുവെന്നാണ് അതിന്റെ അർത്ഥം. എന്നാൽ ഇന്ന് പാകിസ്ഥാന്റെ ചോദ്യപേപ്പർ കോപ്പിയടിക്കുന്ന ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായി അങ്ങ് മാറിയതിൽ എനിക്ക് സങ്കടമുണ്ടെന്ന് മാത്രമേ ഞാൻ ഇപ്പോൾ പറയുന്നുള്ളൂ. ഒരു ജുഡീഷ്യൽ അന്വേഷണം നടത്തിയാൽ മാത്രമേ

ഇതുസംബന്ധിച്ച കാര്യങ്ങൾ പുറത്തുകൊണ്ടുവരാൻ സാധിക്കുകയുള്ളൂ. പി.എസ്.സി. ചെയർമാൻ ഇതുസംബന്ധിച്ച് ന്യായീകരിക്കുന്നത്, 'പബ്ലിക് അഡ്മിനിസ്ട്രേഷൻ ലോകത്തെല്ലായിടത്തും ഒരുപോലെയാണ്' എന്നുപറഞ്ഞാണ്. ഭാവിയിൽ, പാകിസ്ഥാൻ സുപ്രീംകോടതിയുടെ ഒരു വിധി ഇന്ത്യൻ സുപ്രീംകോടതി പകർത്തിവച്ചശേഷം വിധിന്യായവും നിയമവുമെല്ലാം ലോകത്തെല്ലായിടത്തും ഒരുപോലെയാണെന്ന് പറയുന്നതുപോലെയാണിത്. തെറ്റുപറ്റിയാൽ അത് തിരുത്താനുള്ള മാന്യത വേണം. ബഹുമാനപ്പെട്ട പി.എസ്.സി. ചെയർമാൻ പറയുന്നത്, ഇതിലൊന്നും ഒരു കുഴപ്പവുമില്ലെന്നാണ്. കേരളത്തിലെ ലക്ഷക്കണക്കിന് ചെറുപ്പക്കാരുടെ സ്വപ്നങ്ങളുടെ ചിറകരിഞ്ഞ പി.എസ്.സി.-യുടെ ഈ നടപടിയെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. 2020 ഫെബ്രുവരി 22-ാം തീയതിയിലെ പി.എസ്.സി.-യുടെ കെ.എ.എസ്. പരീക്ഷയുടെ മാതൃക എന്തായിരിക്കുമെന്ന് പി.എസ്.സി. പുറത്തുവിട്ടിരുന്നില്ല. എന്നാൽ കൃത്യമായ മാതൃക സിവിൽ സർവ്വീസ് അക്കാദമിയും കെ.എ.എസ്. പരീക്ഷയ്ക്ക് പരിശീലനം നൽകുന്ന നിരവധി കോച്ചിംഗ് സ്ഥാപനങ്ങളും മനസ്സിലാക്കി പരിശീലനം നൽകിയിരുന്നുവെന്ന വിവരം പുറത്തുവന്നിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും എങ്ങനെ ഈ വിവരങ്ങൾ പുറത്തുപോയി എന്ന് അന്വേഷിക്കണം. രാവേത്, പകലേത് എന്നറിയാതെ വർഷങ്ങളായി കഷ്ടപ്പെട്ട് പഠിച്ച നമ്മുടെ ചെറുപ്പക്കാരുടെ കണ്ണിയിൽ മണ്ണ് വാരിയിടുന്ന നടപടിയാണ് പി.എസ്.സി.-യുടെ ഭാഗത്ത് നിന്നുണ്ടായത്. സിവിൽ സർവ്വീസ് അക്കാദമിയുടെ ചോദ്യമാതൃകകളാണ് കെ.എ.എസ്.-ൽ വന്നത്. ഇത് എങ്ങനെ സംഭവിച്ചു? കേരള യുവജനക്ഷേമ ബോർഡ് സംഘടിപ്പിച്ച ഒരു മോഡൽ പരിശീലന ക്ലാസ്സിൽ പ്രസ്തുത അക്കാദമിയിലെ ഒരു പ്രൊഫസർ ഇക്കാര്യങ്ങളെ ന്യായീകരിക്കുന്ന ഒരു പ്രസ്താവന നടത്തിയത് ഇന്ന് പുറത്തുവന്നിട്ടുണ്ട്, അതിനെപ്പറ്റി അന്വേഷിക്കണം. ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി ഒരു പോലീസ് ഓഫീസർ രേഖാമൂലം പരാതി നൽകിയിട്ടുണ്ട്, അക്കാര്യവും അന്വേഷിക്കണം. മലയാള മനോരമ ദിനപത്രം ഫെബ്രുവരി 22-ന് ഇക്കാര്യങ്ങളെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രേഖാമൂലം ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണം. കെ.എ.എസ്. പരീക്ഷയുടെ ചോദ്യപേപ്പറിൽ കോച്ചിംഗ് സ്ഥാപനങ്ങളുടെ റാങ്ക് ഫയലിലെ ചോദ്യങ്ങൾ ക്രമം തെറ്റാതെ വന്നിരിക്കുകയാണ്. പി.എസ്.സി. ചെയർമാൻ പറയുന്നത് പല വിദഗ്ദ്ധൻമാർ തയ്യാറാക്കുന്ന ചോദ്യങ്ങളിൽ നിന്ന് നറുക്കിട്ടെടുത്താണ് ഞങ്ങൾ ചോദ്യം തയ്യാറാക്കിയത് എന്നാണ്. നറുക്കിട്ടെടുത്താൽ എങ്ങനെയാണ് സ്വകാര്യ കോച്ചിംഗ് സ്ഥാപനങ്ങളുടെ റാങ്ക് ഫയൽ അതേപടി വരുന്നത്; എങ്ങനെയാണ് പാകിസ്ഥാന്റെ ചോദ്യം അതേപടി തുടർച്ചയായി വരുന്നത്? ഇക്കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതുണ്ട്.

ഇത്തരത്തിലുള്ള ഒരു സംഭവം 2017-ൽ അരുണാചൽപ്രദേശിൽ ഉണ്ടായിട്ടുണ്ട്. അന്ന് ഡി.എൻ.എ. എന്ന മാധ്യമം അക്കാര്യം പുറത്തു കൊണ്ടുവരികയും അരുണാചൽപ്രദേശ് സർക്കാർ അപ്പോൾത്തന്നെ പ്രസ്തുത പരീക്ഷ റദ്ദ് ചെയ്യുകയും പിന്നീട് പുതിയ പരീക്ഷ നടത്തുകയും ചെയ്തു. കേരളത്തിലെ 4 ലക്ഷം ചെറുപ്പക്കാരെ ബാധിക്കുന്ന കാര്യമാണിത്. ഈ പരീക്ഷ റദ്ദാക്കുകയും ഇതുസംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുകയും വീണ്ടും പരീക്ഷ നടത്താൻ തയ്യാറാകുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു. കോച്ചിംഗ് സെന്റർ ഉടമകൾ ചോദ്യകർത്താക്കളെ സ്വാധീനിച്ചിട്ടുണ്ടെന്നാണ് പോലീസിന്റെ ഒരു കുറിപ്പിൽ നിന്ന് ഞാൻ മനസ്സിലാക്കിയത്. ചോദ്യപേപ്പറിൽ തെറ്റുകളുടെ ഘോഷയാത്രയാണുണ്ടായിരുന്നത്. പേപ്പർ ഒന്നിലെ 3, 31, 65 എന്നീ നമ്പർ ചോദ്യങ്ങളിലും പേപ്പർ രണ്ടിലെ 3, 24, 29, 67 എന്നീ നമ്പർ ചോദ്യങ്ങളിലും തെറ്റുകളുടെ ഘോഷയാത്രയാണുണ്ടായിരുന്നത്. പ്രസ്തുത പരീക്ഷയിലെ 66-ാം നമ്പർ ചോദ്യമായി To fly off the handle എന്നതിന്റെ അർത്ഥം എന്താണെന്ന് ചോദിച്ചിട്ടുണ്ട്. അതിന്റെ അർത്ഥം കൈവിട്ടുപോയി എന്നാണ്. യഥാർത്ഥത്തിൽ പി.എസ്.സി.-യുടെ എല്ലാകാര്യങ്ങളും കൈവിട്ട് പോയിരിക്കുകയാണ്. ഈ നടപടികളെ സംബന്ധിച്ച് പി.എസ്.സി. സമഗ്രമായ ഒരന്വേഷണം നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജുഡീഷ്യൽ സംവിധാനത്തെ, പ്രത്യേകിച്ച് കോടതി മുറികളെ ആധുനികവത്കരിക്കാനുള്ള സംവിധാനമുണ്ടാകണം. കോടതി മുറികളുടെ സ്ഥിതി വളരെ പിന്നോക്കമാണ്. കേരള യൂണിവേഴ്സിറ്റിയിൽ മാർക്കുദാനം മഹാദാനം. ശബരിമല ഡ്യൂട്ടിക്ക് പോലീസിനെ സഹായിക്കാൻ പോയ പാവപ്പെട്ട സഹായികൾക്ക് ശമ്പളം കൊടുത്തിട്ടില്ല. പ്രളയദുരന്തത്തിൽ പണം തിരിമറി നടത്തിയതിനെതിരെ എന്റെ മണ്ഡലമായ തൃക്കാക്കരയിൽ സമരം നടത്തിയ കോൺഗ്രസ് നേതാക്കളായ ഉണ്ണി കാക്കനാട്, ഷെരീഫ്, മനാഫ്, അൻസാദ് എന്നിവരെ ഇന്നലെ പോലീസ് ഭീകരമായി മർദ്ദിച്ചിരിക്കുകയാണ്. പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നാല് വർഷമായി ഓഡിറ്റ് നടത്തിയിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യം പരിശോധിക്കണം. സി.പി.ഐ.(എം.) തന്ത്രപൂർവ്വം തുറന്നുവിട്ട മുസ്ലീംവിരുദ്ധ പ്രചരണം അവസാന ലാപ്പിലോടുന്ന റിലേ ഓട്ടക്കാരനെപ്പോലെ സംഘപരിവാർ അടിച്ചുകൊണ്ടു പോയതാണ് ഇന്ന് ഇന്ത്യ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. ഗാന്ധി വധത്തെത്തുടർന്ന് പുറത്തിറങ്ങാൻ കഴിയാതിരുന്ന സംഘപരിവാർ ശക്തികൾക്ക് മാന്യത നൽകിയത് നിങ്ങളാണെന്ന കാര്യം ഓർക്കണം.

മി. ചെയർമാൻ: യെസ്, അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. പി. ടി. തോമസ്: സർ, ശരിയത്തിന്റെ വിഷയം നാട്ടിലെടുത്തിട്ടത് നിങ്ങളാണ്. ബാബറി മസ്ജിദ് പൊളിക്കണമെന്ന് പറഞ്ഞത് നിങ്ങളാണ്. ഡൽഹി കലാപത്തിനെതിരെ നമ്മുടെ എം.പി.-മാർ ചുണക്കുട്ടൻമാരെപ്പോലെ ഡൽഹിയിൽ ഇന്ന് പോരാടുന്നുണ്ട്. കോൺഗ്രസ് ദുർബലപ്പെട്ടാൽ എന്തുണ്ടാകുമെന്ന് ചൂണ്ടിക്കാണിക്കുന്നതാണ് ഈ വിഷയം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ വീണ്ടും പറയുന്നു, അന്ധമായ രാഷ്ട്രീയ കണ്ണാടിയിലൂടെ കാണാതെ അഴിമതിയുടെ ആൾക്കൂട്ടമായി മാറിയിരിക്കുന്ന അങ്ങയുടെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ ഒന്നൊന്നായി പരിശോധിച്ച് തിരുത്താൻ അങ്ങ് തയ്യാറാകണം. ഈ ധനാഭ്യർത്ഥനകളോടുള്ള എന്റെ ശക്തമായ വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. വിൻസെന്റ്)

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. 2016-ൽ തെരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ എൽ.ഡി.എഫ്. മുന്നോട്ടുവച്ച തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിലെ മുദ്രാവാക്യം അഴിമതിവിരുദ്ധവും മതനിരപേക്ഷ വികസിത കേരളവുമാണ്. അക്ഷരാർത്ഥത്തിൽ 46 മാസക്കാലത്തെ ഭരണം അഴിമതിവിരുദ്ധവും മതനിരപേക്ഷതയ്ക്ക് ഊന്നൽ നൽകുന്ന നയങ്ങളും നടപ്പിലാക്കിക്കൊണ്ട് കേരളം അതിവേഗത്തിൽ വികസിച്ച് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. Determination എന്ന ഇംഗ്ലീഷ് പദത്തിന്റെ മലയാളീകരണം നിശ്ചയദാർഢ്യം എന്നാണ്. അഞ്ചോ പത്തോ വർഷം കഴിയുമ്പോൾ ഈ determination എന്ന പദത്തിന് മലയാളത്തിൽ പുതിയൊരു അർത്ഥം കൂടിവരും, അത് ശ്രീ. പിണറായി വിജയൻ എന്നായിരിക്കും. കാരണം ആ നിശ്ചയദാർഢ്യമാണ് ഈ ഗവൺമെന്റിനെ മുന്നോട്ട് നയിക്കുന്നത്. ഗെയിൽ പൈപ്പ് ലൈൻ നിങ്ങൾ അട്ടിമറിക്കാൻ ശ്രമിച്ചു. അതിന് ആരെയൊക്കെ കൂട്ടുപിടിച്ചു? ജമാ-അത്തെ-ഇസ്ലാമിയെയും 'സുഡാപ്പി'-യെയും പിന്തുണച്ച് യു.ഡി.എഫ്. സമരം നടത്തി. എന്നാൽ നിശ്ചയദാർഢ്യത്തോടെ ഈ സർക്കാർ മുന്നോട്ടുപോയപ്പോൾ ഗെയിൽ പൈപ്പ് ലൈൻ യാഥാർത്ഥ്യമായി. എൽ.എൻ.ജി. ടെർമിനൽ യാഥാർത്ഥ്യമായി. അതുപോലെ ദേശീയപാത വികസനം ഇവിടെയുണ്ടാകണ്ടേ? ദേശീയപാത നവീകരണത്തിനുവേണ്ടി സർക്കാർ മുന്നോട്ടുപോയപ്പോൾ നിങ്ങൾ മത-സാമുദായിക ശക്തികളെ കൂട്ടുപിടിച്ച് അതിനെ അട്ടിമറിക്കാൻ ശ്രമം നടത്തി. അതിനെയും ഇച്ഛാശക്തിയോടുകൂടി ഈ സർക്കാരിന് നേരിടാൻ കഴിഞ്ഞു. ദേശീയപാത നവീകരണം ഇന്ന് അതിവേഗത്തിൽ മുന്നോട്ടുപോകുകയാണ്. തലശ്ശേരി-മാഹി ബൈപ്പാസ് യാഥാർത്ഥ്യമായിരിക്കുന്നു. ഒരു കാലഘട്ടത്തിൽ മാഹി ബൈപ്പാസ് യാഥാർത്ഥ്യമാകുമോയെന്ന് ചോദിച്ചവരുടെ മുമ്പാകെ മാഹി ബൈപ്പാസിന്റെ

പ്രവർത്തനം 60 ശതമാനത്തിലധികം പൂർത്തയായിരിക്കുന്നുവെന്നാണ് പറയാനുള്ളത്. അത് നിശ്ചയദാർഢ്യത്തിന്റെ ഭാഗം തന്നെയാണ്. അതുപോലെ സർക്കാർ സർവ്വീസിൽ തോന്നിയതുപോലെയായിരുന്നു ട്രാൻസ്ഫറും ഡെപ്യൂട്ടേഷനും. വടക്ക് ജോലി ചെയ്തിരുന്നവർ ഡെപ്യൂട്ടേഷനിൽ സെക്രട്ടേറിയറ്റിലോ തിരുവനന്തപുരത്തോ ജോലി ചെയ്യുകയാണ്. ഇങ്ങനെ കുത്തഴിഞ്ഞ ഒരവസ്ഥയായിരുന്നു സർക്കാർ സർവ്വീസിൽ. അതിനെ ക്രമപ്പെടുത്താൻ ഈ സർക്കാരിന് കഴിഞ്ഞു. അത് നിശ്ചയദാർഢ്യമാണ്. ആ നിശ്ചയദാർഢ്യത്തോടെ ഇടതുപക്ഷ സർക്കാർ പ്രവർത്തിച്ചപ്പോൾ സർക്കാർ സർവ്വീസിനെ കാര്യക്ഷമമാക്കി മാറ്റാൻ കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ടി. തോമസിനെ കാണുമ്പോൾ എനിക്ക് ഓർമ്മവരുന്നത്, ഒരു കോമഡി ഷോയിലെ ജാലിയൻ കണാരനെയാണ്. ഏതാണ്ട് അതിന് സമാനമാണ്. ജാലിയൻ കണാരൻ ബഡായി പറയുന്നയാളാണ്. അതുപോലെ ശ്രീ. പി. ടി. തോമസ് ഈ സഭയ്ക്കകത്ത് ഇന്നുവരെ ഒരു കാര്യവും ഉന്നയിക്കാതെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ മാത്രം ഉന്നയിക്കുകയാണ്. അദ്ദേഹം കോടതികളെക്കുറിച്ച് പറഞ്ഞു. ഒന്നുകിൽ അദ്ദേഹം ശരിക്കും കണ്ണുതുറന്ന് നോക്കാത്തതുകൊണ്ട്, അല്ലെങ്കിൽ ഒരുപക്ഷേ രാജമാണിക്യത്തിലെ മമ്മൂട്ടിയെപ്പോലെ ഒരുഭാഗം മാത്രം കാണുന്നതുകൊണ്ടായിരിക്കാം. കോടതി മുറികളുടെ നവീകരണത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞു. തലശ്ശേരി ജില്ലാ കോടതി എട്ടുനിലയുള്ള ഒരു ബഹുനില കെട്ടിടമാകാൻ പോകുകയാണ്. അതുപോലെ പയ്യന്നൂർ കോടതിയും നവീകരിക്കാൻ പോകുന്നു. ഇങ്ങനെ കേരളത്തിലെമ്പാടുമുള്ള കോടതി കെട്ടിടങ്ങൾ നവീകരിക്കുന്ന പ്രവർത്തനങ്ങൾക്ക് ഈ ഗവൺമെന്റ് നേതൃത്വം നൽകുന്നു. കോടതി കെട്ടിടങ്ങൾ നവീകരിക്കുന്നുവെന്ന് മാത്രമല്ല, വീഡിയോ കോൺഫറൻസിലൂടെ സമയവും മാൻപവറും ലാഭിക്കുകയാണ്. ജയിലിനകത്ത് കഴിയുന്ന പ്രതികളെ വീഡിയോ കോൺഫറൻസിലൂടെ കോടതിയിൽ ഹാജരാക്കുന്നു. ഇത്തരത്തിലുള്ള സംവിധാനങ്ങൾക്ക് നേതൃത്വം നൽകാൻ ഇടതുപക്ഷ സർക്കാരിന് കഴിഞ്ഞു. അതുമാത്രമല്ല, ജയിലുകളുടെ വരുമാനം എങ്ങനെ വർദ്ധിപ്പിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ചും ആലോചിച്ചു. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ കാലത്തായിരുന്നു ചപ്പാത്തി നിർമ്മാണവും മറ്റും ആരംഭിച്ചത്. ഇപ്പോൾ ഈ സർക്കാർ ചിന്തിക്കുന്നത്, ജയിലിനനുബന്ധമായി കിടക്കുന്ന സ്ഥലത്ത് പെട്രോൾ പമ്പുൾപ്പെടെ ആരംഭിക്കാനാണ്. അങ്ങനെ ജയിലുകളിൽ റവന്യൂ വർദ്ധിപ്പിക്കാൻ സാധിക്കും. ഈ നിലയിലുള്ള പ്രവർത്തനങ്ങൾക്കാണ് സർക്കാർ നേതൃത്വം നൽകുന്നതെന്ന് അഭിമാനത്തോടുകൂടി ഞങ്ങൾക്ക് പറയാൻ സാധിക്കും.

അതോടൊപ്പം ഇവിടെ വികസനത്തെക്കുറിച്ച് പറഞ്ഞു. കിഫ്ബിയിലൂടെ ഞങ്ങൾക്കൊന്നും ലഭിച്ചില്ലെന്ന് ഇവിടെ ആർക്കെങ്കിലും പറയാൻ സാധിക്കുമോ?

അന്ധമായ രാഷ്ട്രീയ വിദ്വേഷത്തിന്റെ കണ്ണാടി മാറ്റി വളരെ കൃത്യമായി നെഞ്ചത്ത് കൈവച്ച് നിങ്ങൾക്കൊന്നും ലഭിച്ചില്ലെന്ന് പറയാൻ സാധിക്കുമോ? അഞ്ചുവർഷംകൊണ്ട് നിങ്ങൾക്ക് കഴിയാത്ത കാര്യമാണ് ചെയ്തിട്ടുള്ളത്. അഞ്ച് വർഷംകൊണ്ട് 25,000 കോടി രൂപയുടെ വികസനമുണ്ടായി എന്നാണ് നിങ്ങൾ പറയുന്നത്. എന്നാൽ 4 വർഷംകൊണ്ട് 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. ഭൗതിക പശ്ചാത്തല വികസനം, വ്യവസായം, പൊതുമരാമത്ത്, ഊർജ്ജം, വിദ്യാഭ്യാസം, ആരോഗ്യം, ഐ.ടി., ഫിഷറീസ് & ഷിപ്പിംഗ് പോർട്ട്, ഗതാഗതം എന്നിങ്ങനെ വ്യത്യസ്ത മേഖലകളിൽ വിവിധ കാര്യങ്ങൾ നടപ്പിലാക്കാൻ സാധിച്ചത് ഈ സർക്കാരിന്റെ നേട്ടങ്ങളാണ്. ഇന്നലെ പാർലമെന്റിൽ നിങ്ങളുടെ ബഹുമാനപ്പെട്ട ഒരു എം.പി. കേരള ബാങ്കിനുമേൽ കേന്ദ്രത്തിന് എന്തെങ്കിലും നിയന്ത്രണമുണ്ടോയെന്ന് ചോദിക്കുകയുണ്ടായി. റിസർവ് ബാങ്കിന് മാത്രമേ നിയന്ത്രണമുള്ളൂ എന്നായിരുന്നു ഉത്തരം. ഇവർ പ്രചരിപ്പിച്ചിരുന്നത് കേരള ബാങ്ക് കേന്ദ്രസർക്കാർ അട്ടിമറിക്കുമെന്നാണ്. കേരള ബാങ്ക് യാഥാർത്ഥ്യമായിരിക്കുന്നു. കേരള ബാങ്ക് എന്ന ലക്ഷ്യത്തിലേയ്ക്ക് പോകാൻ ശ്രമിച്ചപ്പോൾ അതിനും പാരവയ്ക്കുന്ന സമീപനമായിരുന്നില്ലേ നിങ്ങൾ സ്വീകരിച്ചിരുന്നത്? ലൈഫ് പദ്ധതിയിൽ ഞങ്ങൾ 214144 വീടുകൾ നിർമ്മിച്ചു നൽകി. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2 ലക്ഷം ഫോൺ കോൾ. എൽ.ഡി.എഫ്.-ന്റെ കാലത്ത് 214144 വീടുകൾ നിർമ്മിച്ചുനൽകി. കഴിഞ്ഞ ഫെബ്രുവരി 29-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോയത് കരകുളത്തെ ശ്രീ. ചന്ദ്രന്റെ വീട് പാലുകാച്ചൽ ചടങ്ങിനാണ്. നിങ്ങളുടെ കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും പോയത് ശ്രീമതി ശാലുമേനോന്റെ വീട് പാലുകാച്ചൽ ചടങ്ങിനായിരുന്നു, അതാണ് വ്യത്യാസം. ശ്രീമതി ശാലുമേനോന്റെ വീട് പാലുകാച്ചൽ ചടങ്ങിനും ഇളനീര് കുടിക്കാനും പോയവരാണ് നിങ്ങൾ. എന്നാൽ കേരളത്തിന്റെ മുഖ്യമന്ത്രി സാധാരണക്കാരന്റെ കണ്ണുനീരൊപ്പാൻ കരകുളത്തെ ശ്രീ. ചന്ദ്രന് വീട് നിർമ്മിച്ചുനൽകി. അത് അഭിമാനത്തോടെ പറയാൻ ഞങ്ങൾക്ക് സാധിക്കും. ഇതാണ് സർക്കാർ. വികസനത്തിന്റെ കാര്യത്തിൽ എന്തെല്ലാം പുരോഗതി ഇക്കാലത്തുണ്ടായി. സർവ്വതലസ്പർശിയായ വികസനം ഇടതുപക്ഷത്തിന്റെ കാലത്തുണ്ടായി എന്നുള്ളതാണ് വസ്തുത. നിങ്ങൾക്ക് ഈ ഗവൺമെന്റിനോട് അസൂയയുണ്ടാകും. ഒന്നും പറയാൻ സാധിക്കുന്നില്ല. ഒന്നും പറയാൻ സാധിക്കാതെ എന്തെങ്കിലുമൊക്കെ വിളിച്ചുകൂകുകയാണ്. അതിന്റെ ഭാഗമായി നിങ്ങൾ എല്ലാ കാര്യങ്ങളെയും ആക്ഷേപിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ സ്ഥിതിയെന്താണിപ്പോൾ? ബി.ജെ.പി. രാജ്യത്തെ ഭിന്നിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ ശ്രമിക്കുമ്പോൾ നാം ഒറ്റക്കെട്ടായല്ലേ നിൽക്കേണ്ടത്; നിങ്ങൾ എന്താണ് ചെയ്തത്?

ഞങ്ങൾക്ക് തെരഞ്ഞെടുപ്പ് വോട്ടാണെന്ന് നിങ്ങൾ പറഞ്ഞു. വോട്ടിനുവേണ്ടി ആദർശം പണയപ്പെടുത്തുന്നവരാണോ ഞങ്ങൾ? വോട്ടിനും രാഷ്ട്രീയത്തിനുംവേണ്ടി ഞങ്ങൾ നിലപാടെടുത്തിരുന്നെങ്കിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസെന്ന രാഷ്ട്രീയ പ്രസ്ഥാനം ഇന്ന് ഇന്ത്യയിലുണ്ടാകുമായിരുന്നില്ല. 2004-ൽ ഞങ്ങൾ നിങ്ങളെ പിന്തുണച്ചില്ലായിരുന്നെങ്കിൽ നിങ്ങൾ ഉണ്ടാകുമായിരുന്നോ? 2004-ൽ സി.പി.ഐ.(എം.)-ന്റെ ജനറൽ സെക്രട്ടറിയായിരുന്ന ഹർകിഷൻ സിംഗ് സുർജിത്ത് മുൻകയ്യെടുത്ത് ഒരു മുന്നണി രൂപീകരിച്ചതുകൊണ്ടാണ് കോൺഗ്രസ് ഇന്ന് അവശേഷിക്കുന്നത്. പൗരത്വ ബില്ലിന്റെ വിഷയത്തിൽ നിങ്ങൾ ആക്ഷേപിച്ചു. നിങ്ങൾ പോലീസിന്റെ ആത്മവീര്യം തകർക്കാൻ ശ്രമിക്കുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലേതുപോലെ കേരളത്തിൽ കലാപത്തിന് പോലീസിനെ ലഭിക്കുന്നില്ല. നോർത്ത് ഈസ്റ്റ് ഡൽഹിയിൽ എന്താണ് നടക്കുന്നത്? പ്രതിപക്ഷ നേതാക്കന്മാർക്കും കോൺഗ്രസ് നേതാക്കന്മാർക്കുമറിയാം കോൺഗ്രസിന്റെ വോട്ട് ബാങ്കായിരുന്ന നോർത്ത്-ഈസ്റ്റ് ഡൽഹി. ആരായിരുന്നു കലാപത്തിൽ പങ്കെടുത്തത്? മുസ്ലീം ലീഗുകാർ എന്റെ പ്രസംഗം വളരെ വിനയത്തോടെ കേൾക്കണം. നോർത്ത്-ഈസ്റ്റ് ഡൽഹിയിലെ മുസ്ലീങ്ങൾ കോൺഗ്രസിന്റെ കുടിയാന്മാരായിരുന്നു. അവിടെ കലാപത്തിൽ മതന്യൂനപക്ഷങ്ങൾ വേട്ടയാടപ്പെട്ടുമ്പോൾ അവർക്ക് സാന്ത്വനമേകാൻ കോൺഗ്രസിന്റെ ഏതെങ്കിലും നേതാവ് പോയിരുന്നോ? അവിടെ പോലീസാണ് കലാപത്തിന് നേതൃത്വം നൽകുന്നത്. ഇവിടെ പോലീസിനെക്കുറിച്ചും ശ്രീ. ലോക്നാഥ് ബെഹ്റയെക്കുറിച്ചും വിമർശനമുന്നയിക്കുന്നവർ അറിയണം, യു.പി.-യിലെ പോലീസ് സേനയുടെ പേര് പി.എ.സി. (Provincial Armed Constabulary) എന്നാണ്. മുസ്ലീങ്ങളെ വെടിവച്ചു കൊല്ലുന്നതാണ് അവരുടെ ജോലി. ഇത് ആരാണ് രൂപീകരിച്ചത്? കോൺഗ്രസ് ഭരിച്ച യു.പി.-യിൽ കോൺഗ്രസിന്റെ കാലത്തുണ്ടായതാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ പോലീസിനെ കലാപത്തിനായി ഉപയോഗിക്കുമ്പോൾ കേരളത്തിലെ പോലീസ് അതിൽ നിന്നും വ്യത്യസ്തമായി സഞ്ചരിക്കുന്നു. തെളിയാത്ത പല കേസുകളും കേരള പോലീസ് തെളിയിക്കുന്നു. കൂടത്തായി കൊലപാതകം തെളിയിക്കാനും മറ്റ് രാജ്യങ്ങൾ കേന്ദ്രീകരിച്ചുനടന്ന തട്ടിപ്പ് സംഘത്തെ പിടികൂടാനും പോലീസിനായില്ലേ? സി.ബി.ഐ.-യുടെ കൺവിക്ഷൻ റേറ്റും കേരളാ പോലീസ് അന്വേഷിച്ച കൺവിക്ഷൻ റേറ്റും നോക്കിയാൽ കേരള പോലീസിന്റെ കൺവിക്ഷൻ റേറ്റാണ് കൂടുതൽ. സി.ബി.ഐ.-യെക്കുറിച്ച് എന്താണ് ബഹുമാനപ്പെട്ട ജസ്റ്റീസ് ലോധ പറഞ്ഞത്, A caged parrot speaking in its master's voice, കൂട്ടിലടച്ച തത്ത യജമാനന്റെ വാക്കുകൾ മാത്രം പറയും എന്നാണ്. അതാണ് സ്ഥിതി. ഇവിടെ നിങ്ങൾ കലാപത്തെക്കുറിച്ച് സൂചിപ്പിച്ചു. ഞാൻ ശ്രീ. പി. ടി. തോമസിന്റെ

പ്രസംഗം ഫെയ്സ് ബുക്കിൽ കേട്ടു. തലശ്ശേരി കലാപത്തെക്കുറിച്ച് അദ്ദേഹം നുണപറയുകയായിരുന്നു. പള്ളികൾ ആക്രമിച്ചു; ആര് ആക്രമിച്ചു? തലശ്ശേരി കലാപത്തെക്കുറിച്ചന്വേഷിച്ച ജസ്റ്റിസ് ജോസഫ് വിതയത്തിൽ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞത്, അന്ന് കലാപ ഭൂമിയിൽ സമാധാനത്തിന്റെ സന്ദേശവുമായി കൊടിവച്ച കാറിൽ ചിലർ സഞ്ചരിച്ചിരുന്നു, ആ കൊടിവച്ച കാറിൽ സഞ്ചരിച്ചവരിലൊരാൾ ഇന്ന് കേരളത്തിന്റെ മുഖ്യമന്ത്രിയാണ് എന്നാണ്. 50 വർഷങ്ങൾക്കുമുമ്പ് അദ്ദേഹത്തിന്റെ കാറിനുമുന്നിൽ കെട്ടിയത് ചെങ്കൊടിയാണെങ്കിൽ 50 വർഷം പിന്നിടുമ്പോൾ ഈ രാഷ്ട്രത്തിന്റെ ത്രിവർണ്ണ പതാക കെട്ടിയ കാറിൽ അദ്ദേഹം സഞ്ചരിച്ച് കേരളത്തിനകത്തും പുറത്തുമുള്ള മതന്യൂനപക്ഷങ്ങൾക്ക് ആത്മവിശ്വാസം പകരുന്നു. നിങ്ങളുടെ നേതാക്കളെല്ലാം എവിടെ? വളരെ വിനയത്തോടെ ഞങ്ങൾ ചോദിക്കുന്ന ചോദ്യം, ഡൽഹി കത്തിയെരിയുമ്പോൾ എവിടെയായിരുന്നു ശ്രീ. എ. കെ. ആന്റണി? അദ്ദേഹം ഇന്ത്യയുടെ മുൻ പ്രതിരോധ മന്ത്രിയായിരുന്നു. അദ്ദേഹം ഡൽഹിയിലെ കലാപസ്ഥലങ്ങൾ സന്ദർശിച്ചാൽ അദ്ദേഹത്തിന് പോലീസ് പ്രൊട്ടക്ഷൻ ലഭിക്കില്ലേ? പോയിരുന്നോ; ഇല്ല. ശ്രീ. രാഹുൽ ഗാന്ധിയും ശ്രീമതി പ്രിയങ്ക ഗാന്ധിയും ശ്രീ. ആനന്ദ് ശർമ്മയും ശ്രീ. ഗുലാംനബി ആസാദും ഉൾപ്പെടെയുള്ളവർ എവിടെയായിരുന്നു? ഡൽഹിയിലെ കലാപമേഖലയിൽ എവിടെയെങ്കിലും കോൺഗ്രസിന്റെ ഏതെങ്കിലുമൊരു നേതാവിനെ കണ്ടോ? കോൺഗ്രസിന്റെ ഒരു നേതാവിനെയും അവിടെ കണ്ടില്ല. 1984-ലെ സിഖ് കൂട്ടക്കൊലയെ ന്യായീകരിച്ചവരല്ലേ നിങ്ങൾ? നിങ്ങൾ പറഞ്ഞത് ഒരു വലിയ മരം വീഴുമ്പോൾ ഭൂമി കുലുങ്ങുമെന്നാണ്. 1984-നുശേഷം ഡൽഹി കത്തിയെരിഞ്ഞത് ഈ നാളുകളിലായിരുന്നു, 47 പേർ മരിച്ചു. നിരവധിയാളുകൾക്ക് പലായനം ചെയ്യേണ്ടിവന്നു. ആരാണ് ഇതിന് നേതൃത്വം നൽകിയത്? ബി.ജെ.പി.-യും സംഘപരിവാറുമാണ്. ഞങ്ങൾ ഇപ്പോഴും അംഗീകരിക്കുന്നു, ബി.ജെ.പി.-യും സംഘപരിവാറും കഴിഞ്ഞാൽ ഇന്ത്യയിലെ മുഖ്യധാര പ്രതിപക്ഷ പാർട്ടി കോൺഗ്രസ് തന്നെയാണ്. കോൺഗ്രസിന് ആ പ്രതിപക്ഷ ദൗത്യം നിർവ്വഹിക്കാനാകുന്നുണ്ടോ? അത് ഞങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ ഞങ്ങളുടെ നേർക്ക് പാഞ്ഞുവരേണ്ട. നിങ്ങളുടെ ദുർബലതയെ ഞങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ ഞങ്ങളെ ആക്ഷേപിക്കുന്നതിൽ എന്ത് വസ്തുതയാണുള്ളത്? നിങ്ങൾ തകരണമെന്ന് ആഗ്രഹിക്കുന്നവരല്ല ഞങ്ങൾ. കോൺഗ്രസിനൊരു അദ്ധ്യക്ഷനുണ്ടോ? എന്തിനാണ് ഈ sycophancy സ്തുതിപാഠകന്മാർ. കോൺഗ്രസിനുവേണ്ടത് ശ്രീ. പിണറായി വിജയനെപ്പോലെ ഇച്ഛാശക്തിയുള്ള ഒരു രാഷ്ട്രീയ നേതാവിനെയാണ്. അത്തരമൊരു രാഷ്ട്രീയ നേതാവ് നിങ്ങൾക്കില്ലാതെ പോയതിന് ഞങ്ങളെ പഴിച്ചതുകൊണ്ട് എന്തുകാര്യം?

നിങ്ങളുടെ പാർട്ടി ദുർബലപ്പെടുന്നതിന് ഞങ്ങളെ കുറ്റപ്പെടുത്തിയിട്ട് എന്താണ് കാര്യം? നിങ്ങൾ പോയിടത്ത് എവിടെയെങ്കിലും തിരിച്ചുവന്നോ? ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനം ദുർബലമായിരിക്കുന്നു. ആ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ നിലപാടുകളാണ് ആ പാർട്ടിയെ ഈ നിലയിലെത്തിച്ചത്. ഇനിയെങ്കിലും നിങ്ങൾ തെറ്റുകൾ തിരുത്താൻ തയ്യാറാകണം. അക്രമരാഷ്ട്രീയത്തെക്കുറിച്ച് നിങ്ങൾ പറഞ്ഞു, പിഞ്ചുകുട്ടികളെ കൊന്നെന്ന് നിങ്ങൾ പറഞ്ഞു. അതെ, പിഞ്ചുകുട്ടികളെ കൊന്നിട്ടുണ്ട്. 1984-ൽ സിഖ് കൂട്ടക്കൊലയിൽ ഒന്നും രണ്ടും വയസ്സുള്ള കുട്ടികളെ കൊന്നത് കോൺഗ്രസുകാരാണ്. അക്രമരാഷ്ട്രീയം ആരാണ് കേരളത്തിൽ ആരംഭിച്ചത്? ഈ നിയമസഭയ്ക്കകത്തിരിക്കുന്ന ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയെ വെടിവച്ചുകൊല്ലാൻ വാടക ഗുണ്ടകളെ വിലയ്ക്കെടുത്തവർ ആരാണ്; നിങ്ങളുടെ ഒരു പാർലമെന്റ് അംഗമല്ലേ? ഈ സഭയ്ക്കകത്തിരിക്കുന്ന മറ്റൊരു മന്ത്രി ശ്രീ. ജി. സുധാകരന്റെ സഹോദരനെ കൊലപ്പെടുത്തിയത് ആരാണ്; സമാധാനത്തിന്റെ വാഹകരെന്ന് നിങ്ങൾ അവകാശപ്പെടുന്ന കെ.എസ്.യു. അല്ലേ? എന്നിട്ട് നിങ്ങൾ പറയുന്നു, നിങ്ങൾ സമാധാനത്തിന്റെ ആളുകളാണെന്ന്. നിങ്ങൾ അക്രമരാഷ്ട്രീയം ഈ നാടിനെ പഠിപ്പിച്ചവരാണ്. ഭരണഘടനാ സ്ഥാപനങ്ങളെ വ്യഭിചരിച്ചത് നിങ്ങളാണ്. നിങ്ങളത് കാണിച്ചുകൊടുത്തു. നിങ്ങളെക്കാൾ പ്രൊഫഷണലായി ഇന്ന് ബി.ജെ.പി. ചെയ്യുന്നുവെന്ന് മാത്രം. അടിയന്തരാവസ്ഥ നിങ്ങൾക്ക് ഓർമ്മയില്ലേ; അടിയന്തരാവസ്ഥയിൽ ഭരണഘടനാ സ്ഥാപനങ്ങളെ നിങ്ങൾ വ്യഭിചരിച്ചില്ലേ; ഭരണഘടനാ സ്ഥാപനങ്ങളെ നിങ്ങളുടെ സംവിധാനങ്ങളാക്കി മാറ്റിയില്ലേ; സി.ബി.ഐ.-യെയും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെയും ഐ.ടി.-യെയും നിങ്ങൾ ഉപയോഗിച്ചില്ലേ? ഭരണഘടനാ സ്ഥാപനങ്ങളെ നിങ്ങൾ ഒരുകാലത്ത് ഉപയോഗിച്ചുവെങ്കിൽ ഇന്ന് ബി.ജെ.പി.-യും സംഘപരിവാറും അതിനേക്കാൾ പ്രൊഫഷണലായി ഉപയോഗിക്കുന്നു. ഇതിനെ ചെറുത്ത് തോൽപ്പിക്കേണ്ടതാണ്. ഈ രാജ്യത്ത് ജനാധിപത്യ മതനിരപേക്ഷ ശക്തികൾ യോജിക്കണം. ആ യോജിപ്പിനെ ദുർബലപ്പെടുത്താൻ ശ്രമിക്കുന്നത് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനെപ്പോലെയുള്ളവരാണ്. അതുമാത്രമല്ല, നിങ്ങൾ തെരഞ്ഞെടുപ്പ് ഘട്ടത്തിൽ രാഹുൽ ഗാന്ധിയെന്ന വയനാടൻ പ്രധാനമന്ത്രിയെപ്പറ്റി പറഞ്ഞു. രാജ്യം കത്തിയെരിയുമ്പോൾ, രാജ്യത്തെ മതന്യൂനപക്ഷങ്ങൾ അരക്ഷിതാവസ്ഥയിലാകുമ്പോൾ അവിടെ എവിടെയെങ്കിലും ഈ വയനാടൻ പ്രധാനമന്ത്രിയെ കണ്ടോയെന്ന ചോദ്യമാണ് ഞങ്ങൾ കോൺഗ്രസിനോട് ചോദിക്കുന്നത്. ഇതിന് ഉത്തരം പറയേണ്ടത് കോൺഗ്രസും മുസ്ലീം ലീഗുമാണ്. എത്രകാലംകൊണ്ട് കോൺഗ്രസ് രക്ഷിക്കുമെന്ന് മതന്യൂനപക്ഷങ്ങളോട് പറയുന്നു? എവിടെ രക്ഷിച്ചു? 1947 മുതൽ 2020 വരെ പത്തോ പതിനഞ്ചോ വർഷം, ബി.ജെ.പി.-യെ മാറ്റിനിർത്തിയാൽ ബാക്കി കാലമത്രയും ഭരിച്ചത്

കോൺഗ്രസല്ലേ; കോൺഗ്രസ് ഭരിക്കുമ്പോഴല്ലേ മതന്യൂനപക്ഷങ്ങൾ വേട്ടയാടപ്പെട്ടത്? ആരായിരുന്നു ഭഗൽപൂരിൽ കലാപം നടത്തിയത്; ഭഗൽപൂരിൽ കലാപം നടക്കുമ്പോൾ ആരാണ് ഇന്ത്യ ഭരിച്ചത്? ബാബറി മസ്ജിദ് തകരുമ്പോൾ അപ്പോഴത്തെ പ്രധാനമന്ത്രി പി. വി. നരസിംഹറാവു ആയിരുന്നു. പതിനാറ് ഭാഷ സംസാരിക്കുന്ന അദ്ദേഹം ഏതെങ്കിലുമൊരു ഭാഷയിൽ അരുതെന്ന് പറഞ്ഞോ? ഈ രാജ്യത്തെ രക്ഷിക്കാൻ, മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കാൻ കോൺഗ്രസിനാകില്ലെന്ന് ഇനിയെങ്കിലും മുസ്ലീം ലീഗ് തിരിച്ചറിയണം. ആ യാഥാർത്ഥ്യം തിരിച്ചറിയാൻ വൈകിപ്പോകരുതെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ഒ. രാജഗോപാൽ: സർ, കേരളം മറ്റുസംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമാണ്. ഏറെക്കാലമുള്ള വിദ്യാഭ്യാസ ആനുകൂല്യം, നല്ല കാലാവസ്ഥ തുടങ്ങിയവമൂലമാണ് ഇവിടെ പ്രത്യേകമായൊരു കൾച്ചർ വളർന്നുവന്നിട്ടുള്ളത്. അത് ഇനിയും പ്രയോജനകരമായ രീതിയിൽ വളരേണ്ടത് ആവശ്യമാണ്. അതിനുള്ള മാതൃക സൃഷ്ടിക്കേണ്ടത് നമ്മളാണ്. അഭിപ്രായ വ്യത്യാസങ്ങൾ എല്ലാ പാർട്ടികളിലുമുണ്ടാകും. അഭിപ്രായ വ്യത്യാസങ്ങൾ വച്ചുകൊണ്ടുതന്നെ രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി യോജിച്ച് പ്രവർത്തിക്കാൻ നമുക്ക് സാധിക്കണം. ഈയൊരു കാഴ്ചപ്പാട് സ്വീകരിച്ചാൽ മാത്രമേ രാജ്യത്ത് പുരോഗതിയുണ്ടാക്കാൻ സാധിക്കുകയുള്ളൂ. അതിനുള്ള പ്രവർത്തനത്തിനുള്ള വേദിയാണ് ഇവിടെ വേണ്ടത്. അതിനുപകരം പരസ്പരം നോവിച്ചും കളിയാക്കിയും കണ്ണടച്ച് വിമർശിച്ചുമുള്ള സമീപനം തീർച്ചയായും ഗുണം ചെയ്യുന്നൊരു ഏർപ്പാടല്ല. നമ്മുടെ പ്രവർത്തനശൈലിയിൽ മാറ്റംവരുത്തേണ്ടത് അത്യാവശ്യമാണ്. അത് രാജ്യത്തിന്റെ പുരോഗതിക്ക് സഹായകരമായ രീതിയിലായിരിക്കണമെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ടി. എ. റഹീം: സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ, നീതിന്യായ നിർവ്വഹണം എന്നീ വകുപ്പുകൾക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേതൃത്വം നൽകുന്ന സർക്കാരിനെ ജനങ്ങൾ അംഗീകരിച്ചതിന്റെ ഏറ്റവും വലിയ തെളിവാണ് സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ ആദരണീയനായ പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ പറഞ്ഞ വാക്കുകൾ. അദ്ദേഹം പറഞ്ഞത്, ഒരു വിഷയമുണ്ടാകുമ്പോൾ അവരെ ചേർത്തുപിടിക്കാനും സമാശ്വസിപ്പിക്കാനും അവർക്ക് ധൈര്യം പകരാനുമാണ് ഒരു ഭരണാധികാരി തയ്യാറാകേണ്ടതെന്നും ആ ഉത്തരവാദിത്വം പൂർണ്ണമായും ശ്രീ. പിണറായി വിജയൻ

നിർവ്വഹിച്ചിരിക്കുന്നുവെന്നുമാണ്. സർക്കാരിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ഈ സർട്ടിഫിക്കറ്റ് മാത്രം മതിയെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത് അദ്ദേഹം മാത്രമല്ല പറഞ്ഞത്, ബഹുമാനപ്പെട്ട എ. പി. അബൂബക്കർ മുസലിയാർ, ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ, നദുവത്തുൽ മുജാഹിദ്ദീൻ തുടങ്ങിയ മുഴുവൻ സംഘടനകളും അദ്ദേഹത്തോടൊപ്പം ചേർന്നുനിന്ന് ഈ അർത്ഥത്തിൽത്തന്നെ മുഖ്യമന്ത്രിയെ പ്രശംസിച്ചിട്ടുണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ നേരത്തെ ചില ആളുകൾ അഡ്വക്കേറ്റ് എ. സമ്പത്തിന് കാബിനറ്റ് പദവി നിശ്ചയിച്ചതിനെ സംബന്ധിച്ച് പറയുകയുണ്ടായി. കാബിനറ്റ് റാങ്ക് കൊടുത്ത് ഡൽഹിയിൽ നിയമിച്ചുവെന്നാണ് സൂചിപ്പിച്ചത്. കാബിനറ്റ് റാങ്ക് എന്നുപറയുന്നത് ശമ്പളത്തിന്റെ അടിസ്ഥാനത്തിലല്ല. ചിലയാളുകൾ കരുതുന്നത് കാബിനറ്റ് റാങ്ക് എന്നാൽ ശമ്പളമാണെന്നാണ്. എന്റെ രണ്ട് അനുഭവങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു സ്കൂളിൽനിന്ന് മണാലിയിലേയ്ക്ക് വിനോദയാത്രയ്ക്കുപോയ വിദ്യാർത്ഥികൾ അപകടത്തിൽപ്പെട്ടപ്പോൾ എനിക്ക് ധൈര്യമായി അദ്ദേഹത്തെ വിളിക്കാൻ സാധിച്ചു. ഞാൻ വിളിച്ചപ്പോൾത്തന്നെ അദ്ദേഹം ഇക്കാര്യത്തിൽ ശ്രദ്ധാലുവാകുകയും അവർക്കാവശ്യമായ ആശുപത്രി സൗകര്യങ്ങളും തിരിച്ചുവരാനുള്ള ട്രെയിൻ ടിക്കറ്റ് ഉൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങളും ഏർപ്പാട് ചെയ്യുകയും വിവരം എന്നെ അറിയിക്കുകയും ചെയ്തു. അദ്ദേഹത്തെ ഡൽഹിയിൽ നിയമിച്ചതുകൊണ്ട് നമുക്കുണ്ടായ ഒരു നേട്ടമാണിത്. രണ്ടാമത്, നേപ്പാളിൽ ഗ്യാസ് ദുരന്തമുണ്ടായപ്പോഴും ഞാൻ അദ്ദേഹത്തെ വിളിച്ചിരുന്നു. അക്കാര്യത്തിൽ അദ്ദേഹം വളരെ സന്ദർഭോചിതമായി ഇടപെടുകയും പോസ്റ്റുമോർട്ടം ഉൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങളും സമയബന്ധിതമായി നിർവ്വഹിക്കുകയും ചെയ്തു. ഡൽഹിയിൽ സാധാരണ ഉദ്യോഗസ്ഥൻമാർക്ക് മന്ത്രിമാരെ കാണാൻ സാധിക്കില്ല. അതുകൊണ്ടാണ് കാബിനറ്റ് റാങ്ക് അദ്ദേഹത്തിന് നൽകിയത്. അത് ശമ്പളത്തിന്റെ അടിസ്ഥാനത്തിലൊന്നുമല്ല. ഇങ്ങനെയുള്ള ദുരാരോപണങ്ങൾ ഉന്നയിക്കുകയല്ലാതെ യഥാർത്ഥത്തിൽ എന്തെങ്കിലും ക്രിയാത്മകമായ നിർദ്ദേശം പ്രതിപക്ഷത്തിന്റെ ഭാഗത്തു നിന്നുമുണ്ടാകുന്നില്ലെന്നുള്ളത് എടുത്തുപറയേണ്ട ഒരു കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം പ്രവർത്തിക്കുന്നത് എങ്ങനെയാണെന്ന് നോക്കാം. 2016-ൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിക്കുന്ന പരാതികൾ തീർപ്പാക്കാൻ ശരാശരി 898 ദിവസമാണ് വേണ്ടിയിരുന്നത്. എന്നാൽ 2017-ൽ അത് 523 ദിവസമായും 2018-ൽ 347 ദിവസമായും 2019-ൽ 21 ദിവസമായും ചുരുക്കാൻ കഴിഞ്ഞുവെന്നത് ഭരണനേട്ടമാണ്. പരാതി കൈപ്പറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ പരാതിക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യം കൈവരിക്കാനാണ്

ഈ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ശ്രീ. ഉമ്മൻചാണ്ടിയുടെ ഭരണകാലത്തെ ഒരു കാര്യം ഞാൻ പറയാം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ പണം കിട്ടാൻവേണ്ടി ആംബുലൻസിനും ആശുപത്രികൾക്കും കമ്മീഷൻ നൽകി ആളുകളെ കിടത്തുകയും ഇരുത്തുകയും ചെയ്തിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേരിട്ട് കാര്യങ്ങൾ പരിശോധിച്ച്, അതായത് എക്സ്റേയൊക്കെ പരിശോധിച്ചശേഷമാണ് അന്ന് സാമ്പത്തിക സഹായം നൽകിയിരുന്നത്. എക്സ്റേ നോക്കുന്ന ചിത്രങ്ങൾ പത്രങ്ങളിൽ വന്നതാണ്. അദ്ദേഹം ആംബുലൻസിൽ കയറി കാലുപൊട്ടിയവരുടെയും മറ്റും എക്സ്റേ പരിശോധിച്ചാണ് 2000 രൂപ നൽകിയത്. അക്കൂട്ടത്തിൽ ട്രാൻസ്ഫറിന് അപേക്ഷിച്ച അദ്ധ്യാപകർക്കും 2000 രൂപ നൽകിയിട്ടുണ്ട്. അതിപ്പോൾ പറഞ്ഞിട്ട് കാര്യമില്ല. ഇപ്പോൾ ദുരിതാശ്വാസ നിധിയിൽ സഹായത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സുഗമവും വേഗത്തിലുമാക്കി. ലഭിക്കുന്ന അപേക്ഷകൾ പരിശോധനയ്ക്കായി വില്ലേജ് ഓഫീസർക്ക് നേരിട്ട് ഓൺലൈനായി കൈമാറുന്നു. മുഖ്യമന്ത്രിയുടെ ഓഫീസിൽ ഇന്ന് അപേക്ഷ നൽകിയാൽ നാളെ വില്ലേജ് ഓഫീസിൽനിന്നും കക്ഷിയെ വിളിക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. ചികിത്സാ സഹായത്തിനായി ഒരു അപേക്ഷ ലഭിച്ചാൽ 100 മണിക്കൂറിനുള്ളിൽ ഗുണഭോക്താവിന് ബാങ്ക് അക്കൗണ്ടിലേയ്ക്ക് പണം കൈമാറാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അപേക്ഷ സ്വീകരിക്കുന്നതുമുതൽ സഹായം കൈമാറുന്നതുവരെയുള്ള എല്ലാ നടപടികളും ഇലക്ട്രോണിക് രൂപത്തിലാണ് നിർവ്വഹിക്കുന്നത്. അതുകൊണ്ടുതന്നെ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനുള്ള കാലതാമസമൊഴിവാക്കാനും അർഹരായവർക്ക് മാത്രമാണ് സഹായം ലഭിക്കുന്നതെന്ന് ഉറപ്പുവരുത്താനും സാധിക്കും. 2016-ൽ ദുരിതാശ്വാസ നിധിയിൽ സഹായത്തിനായി അപേക്ഷ സമർപ്പിച്ച് ധനസഹായം ലഭിക്കാൻ ശരാശരി 175 ദിവസമെടുത്തിരുന്നു. 2017-ൽ അത് 91 ദിവസമായും 2018-ൽ 22 ദിവസമായും ചുരുക്കാൻ സാധിച്ചു. അതുകൊണ്ടാണ് ഈ ധനാഭ്യർത്ഥനകളെ അഭിമാനത്തോടുകൂടി പിന്തുണയ്ക്കുന്നുവെന്ന് ഞാൻ പറയാൻ കാരണം.

2.00 P.M.]

നമ്മുടെ ഉദ്യോഗസ്ഥന്മാരാണ് ഭരണത്തിന്റെ ബഹുഭൂരിപക്ഷം കാര്യങ്ങളും നിർവ്വഹിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം കെ.എ.എസ്. നടപ്പിലാക്കി. അതുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ ചില ആളുകൾ ഇവിടെ സൃഷ്ടിച്ചു, അതിനെതിരായി സമരങ്ങളും നിരന്തരമായ ആരോപണങ്ങളും വന്നു. മൂന്നേകാൽ ലക്ഷം വിദ്യാർത്ഥികളാണ് ഇപ്പോൾ ഈ പരീക്ഷ എഴുതിയത്. വിജ്ഞാപനം ഇറക്കി മൂന്ന് ശ്രേണിയിലും സംവരണം ഏർപ്പെടുത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഈ സർക്കാർ ചെയ്തു. ഈ പരീക്ഷയിൽ ഇനി രണ്ട് ഘട്ടം കൂടിയുണ്ട്. സിവിൽ

സർവ്വീസ് പരീക്ഷയുടെ അതേ രീതി തന്നെയാണ് കെ.എ.എസ്. പരീക്ഷയ്ക്കും പിന്തുടരുന്നത്. കെ.എ.എസ്. നടപ്പിലാകാതിരിക്കാൻ പ്രതിപക്ഷം പതിനെട്ടടവും പയറ്റി നോക്കുകയും പലവിധ പ്രതിഷേധങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. എന്നാൽ എല്ലാവരേയും വിശ്വാസത്തിലെടുത്തുകൊണ്ട് കെ.എ.എസ്. നടപ്പാക്കാൻ തീരുമാനിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തു. സർക്കാർ നയങ്ങൾ, പദ്ധതികൾ എന്നിവയുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് വിഭവശേഷിയുള്ള ഒരു തലമുറയെ ഉയർത്തിക്കൊണ്ടുവരിക എന്നതാണ് കെ.എ.എസ്.-ന്റെ ലക്ഷ്യം. ഭരണനിർവ്വഹണത്തിൽ യുവാക്കൾക്ക് തങ്ങളുടെ കഴിവ് തെളിയിക്കാൻ സാധിക്കും. അതോടൊപ്പം ഉദ്യോഗസ്ഥരുടെ പരിചയ സമ്പത്തും ഉപയോഗിക്കാം; ഉദ്യോഗസ്ഥർക്കും ഉദ്യോഗാർത്ഥികൾക്കും ഒരുപോലെ ഗുണം ചെയ്യുന്ന ഒരു പദ്ധതിയാണ് കെ.എ.എസ്. ഈ 4 വർഷം കൊണ്ട് നിരവധി കാര്യങ്ങൾ സർക്കാർ ചെയ്തിട്ടുണ്ട്. എല്ലാ കാര്യത്തിലും ഒന്നാം സ്ഥാനത്താണ് ഈ സർക്കാർ നിൽക്കുന്നത്. നീതി ആയോഗ് തയ്യാറാക്കിയ സുസ്ഥിര വികസന സൂചികയിൽ കേരളം ഒന്നാം സ്ഥാനം നിലനിർത്തി. 2018-നേക്കാൾ കൂടുതൽ പോയിന്റ് നേടിയാണ് കേരളം ഇത്തവണ ഒന്നാമതെത്തിയത്. 2018-ൽ 69 പോയിന്റാണ് വികസന സൂചികയിൽ കേരളത്തിന് ലഭിച്ചതെങ്കിൽ ഇത്തവണ അത് 70 പോയിന്റായി ഉയർന്നു. ദാരിദ്ര്യം നിർമ്മാർജ്ജനം, വ്യവസായവും നവീകരണ ആശയവും നടപ്പാക്കൽ, അടിസ്ഥാന സൗകര്യം എന്നീ മേഖലകളിൽ കേരളമാണ് മുന്നിൽ. വിദ്യാഭ്യാസ നിലവാരം, ലിംഗസമത്വം, വിശപ്പുരഹിത സംസ്ഥാനം, അസമത്വം ഇല്ലാതാക്കൽ എന്നീ മേഖലകളിൽ കേരളം ആദ്യ സ്ഥാനങ്ങളിൽ ഇടംനേടി. ഐക്യ രാഷ്ട്രസഭ മുന്നോട്ടുവച്ച സുസ്ഥിര വികസന ലക്ഷ്യങ്ങളെ അധികരിച്ചാണ് നീതി ആയോഗ് റിപ്പോർട്ട് തയ്യാറാക്കിയത്. നീതി ആയോഗ് സുസ്ഥിര വികസന സൂചികയിൽ 16 വിഷയങ്ങളിൽ നേടിയ നേട്ടങ്ങൾ പരിശോധിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള മുന്നോട്ടുപോക്ക് 5 വർഷം തികയുമ്പോൾ അപ്പുറത്തുള്ള ആളുകൾക്ക് കൂടുതൽ പ്രയാസവും വേവലാതിയും പ്രശ്നങ്ങളും പ്രഷറുമൊക്കെ കൂടുമെന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. നേരത്തേതന്നെ ചില ആളുകൾക്ക് പ്രഷർ കൂടുന്നത് അതുകൊണ്ടാണ്. ഇവിടെ ചില ആളുകൾ സി.ആന്റ് എ.ജി. റിപ്പോർട്ടിനെ സംബന്ധിച്ച് പറഞ്ഞു. അക്കൗണ്ടന്റ് ജനറൽ എല്ലാ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്താറുണ്ട്. നിയമസഭ മുമ്പാകെയാണ് സി. ആന്റ് എ.ജി. റിപ്പോർട്ട് സമർപ്പിക്കുന്നത്. സഭയിൽ സമർപ്പിച്ച റിപ്പോർട്ട് പരിശോധിക്കാൻ ഇവിടെ പി.യു.സി., പി.എ.സി., ലോക്കൽ ഫണ്ട് ഓഡിറ്റ് എന്നീ സമിതികളുണ്ട്. ഇവർ പറയുന്ന കാര്യങ്ങളൊക്കെ ശരിയായിക്കൊള്ളണമെന്നില്ല. ലോക്കൽ ഫണ്ട് അക്കൗണ്ട്സ്, പബ്ലിക് അണ്ടർടേക്കിംഗ്സ് എന്നീ രണ്ട് സമിതികളിലും ഞാൻ അംഗമായിരുന്നു. സമിതി യോഗങ്ങളിൽ അക്കൗണ്ടന്റ് ജനറൽ ഒരുവശത്തും ഉദ്യോഗസ്ഥർ മറുവശത്തുമിരുന്ന് കാര്യങ്ങൾ പരസ്പരം ചർച്ച

ചെയ്യും. അതിലെ ഗുണദോഷങ്ങൾ വിലയിരുത്തി ഒരു തീരുമാനമെടുക്കാനാണല്ലോ സമിതി അംഗങ്ങളുള്ളത്. എന്നാൽ ഇക്കാര്യങ്ങളെ ചില ആളുകൾ അനാവശ്യമായി വലിച്ചിഴച്ച് കൊണ്ടുവരുന്നത് ദുരുദ്ദേശപരമാണെന്ന് മാത്രമേ എനിക്ക് സൂചിപ്പിക്കാനുള്ളൂ. ചില ആളുകൾ വേറെയൊന്നും പറയാനില്ലാത്തതുകൊണ്ട് ലാവ്‌ലിൻ, ലാവ്‌ലിൻ എന്നുപറയുന്നു. ലാവ്‌ലിനെ എല്ലാവർക്കും അറിയാം. കോടതിയെ സംബന്ധിച്ച് ഇവിടെ ആരോ സൂചിപ്പിക്കുകയുണ്ടായി. ഒരു കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി സിംഗിൾ ബഞ്ച് ഒരു വിധി പുറപ്പെടുവിച്ചാൽ ഡിവിഷൻ ബഞ്ചിൽ അപ്പീൽ കൊടുത്ത് സ്റ്റേ ചെയ്തില്ലെങ്കിൽ സിംഗിൾ ബഞ്ച് വിധി നിലനിൽക്കുമെന്നാണ്. ഞാൻ അതിനെ ചോദ്യം ചെയ്യുന്നില്ല. ഒരു കേസിന്റെ ചാർജ്ജ് ഷീറ്റ് കോടതിയിൽ സമർപ്പിച്ചാൽ കോടതി അതിൽ തെറ്റുണ്ടെങ്കിൽ മടക്കി അയയ്ക്കും അല്ലെങ്കിൽ അത് വിചാരണയ്ക്കെടുക്കും. ലാവ്‌ലിൻ കേസിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സംബന്ധിച്ചിടത്തോളം ഉണ്ടായതെന്താണ്? ആ കേസിൽ തെളിവില്ലായെന്ന് പറഞ്ഞ് അദ്ദേഹത്തെ വിട്ടയച്ചതല്ല, അല്ലെങ്കിൽ സംശയത്തിന്റെ ആനുകൂല്യം നൽകി വിട്ടയച്ചതല്ല. പ്രസ്തുത കേസ് തന്നെ വിചാരണ യോഗ്യമല്ല എന്നു പറഞ്ഞ് എടുത്തെറിഞ്ഞ കേസാണ് ലാവ്‌ലിൻ കേസ്. എന്നിട്ട് പിന്നെയും മുഖ്യമന്ത്രിയുടെ പേരിൽ കേസുണ്ടെന്ന് എന്ത് അർത്ഥത്തിലാണ് നിങ്ങൾ പറയുന്നത്? യഥാർത്ഥത്തിൽ അങ്ങനെയൊരു കേസിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിയേ അല്ല. പ്രതിയല്ലാത്ത ഒരു കാര്യത്തിൽ വീണ്ടും ഒന്നും പറയാനില്ലാത്തതുകൊണ്ട് നിങ്ങൾ ഇതുതന്നെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്, കാൽ ചുവട്ടിൽനിന്നും ഒരുപാട് മണ്ണ് പോയിട്ടുണ്ട്. മുസ്ലീം ലീഗുകാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. കാരണം, കോഴിക്കോട് എം.എസ്.എഫ്.-ന്റെ(മുസ്ലിം സ്റ്റുഡന്റ്സ് ഫെഡറേഷൻ) തെരഞ്ഞെടുപ്പ് യോഗം ചേർന്നപ്പോൾ എന്താണുണ്ടായതെന്ന് ഞാൻ പ്രത്യേകിച്ച് പറയേണ്ടതില്ല, ആ കുട്ടികളൊക്കെ എന്താണ് ചെയ്തതെന്ന് അറിയാമല്ലോ; ചരിത്രത്തിൽ ഇതുവരെയുണ്ടായിട്ടില്ലാത്ത വിധം ചില നേതാക്കന്മാരെ തടഞ്ഞുവച്ചു. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബ് വന്ന് കൂട്ടിക്കൊണ്ടുപോയി. അവസാനം ഡോ. എം. കെ. മുനീർ അവിടെ വന്ന് പറഞ്ഞിട്ടും ആരുംതന്നെ കേട്ടില്ല. പക്ഷേ അദ്ദേഹം ഒരു കാര്യം പറഞ്ഞു 'എം.എസ്.എഫ്. രൂപീകരിച്ച ബാപ്പാന്റെ മോനാണ് പറയുന്നത്. അടുത്ത ഞായറാഴ്ച ഇവിടെ ജനാധിപത്യപരമായി തെരഞ്ഞെടുപ്പ് നടന്നിരിക്കും'. അത് കഴിഞ്ഞിട്ട് എത്രയോ ഞായറാഴ്ചകൾ കടന്നുപോയി. എല്ലാവരും ശ്രീ. പിണറായിയുടെ കൂടെയാണെന്ന് നിങ്ങളും മനസ്സിലാക്കണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഇന്ത്യ അഭിമാനകരമായി കരുതിയിരുന്ന സർവ്വതും

തകർത്തെറിയുന്ന കരാളഭരണമാണ് നമ്മുടെ രാജ്യത്ത് നടക്കുന്നത്. കേരളം പ്രത്യാശയും പ്രതീക്ഷയും സമ്മാനിക്കുന്നു. എല്ലാവരേയും ചേർത്തുനിർത്തുന്ന ഭരണമാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ കേരളത്തിൽ നടക്കുന്നത്. ഇന്ത്യയുടെ ഭരണഘടന അക്രമത്തെ നേരിടുകയാണ്. അക്രമോത്സുകരായ ഫാസിസ്റ്റുകൾ വംശഹത്യയുടെ ഗുജറാത്ത് ചരിത്രം ദില്ലിയിലും ആവർത്തിക്കുന്നു. ന്യൂനപക്ഷങ്ങൾക്കും സാധാരണ മനുഷ്യർക്കും ആശ്വാസമായി എൽ.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. ലൈഫ് പദ്ധതി കേരളത്തിന്റെ ചരിത്രത്തിലെ/ഇന്ത്യയുടെ ചരിത്രത്തിലെ അഭിമാനാർഹമായ ഒരു പദ്ധതിയായി മാറിക്കഴിഞ്ഞു. ഇന്നത്തെ മാതൃഭൂമി ദിനപ്പത്രത്തിൽ ഇതുമായി ബന്ധപ്പെട്ട് ഒരു മുഖപ്രസംഗം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാതൃഭൂമി ഞങ്ങളെ അനുകൂലിക്കുന്ന പത്രമല്ല. പല കാര്യങ്ങളിലും അവർ ശക്തമായി ഞങ്ങളെ എതിർക്കുകയും യു.ഡി.എഫ്.-നെ പിന്താങ്ങുകയും ചെയ്യുന്ന ഒരു പത്രമാണ്. പക്ഷേ ഇന്ന് മാതൃഭൂമി എഴുതിയ മുഖപ്രസംഗത്തിൽ വ്യക്തമായി ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഞാൻ ആ മുഖപ്രസംഗത്തിലെ രണ്ട് ഖണ്ഡികകളിവിടെ ഉദ്ധരിക്കാം.

"തലചായ്ക്കാൻ സ്വന്തമായൊരു വീട്- പാവങ്ങൾക്ക് അതിനേക്കാൾ വലിയ സ്വപ്നമില്ല. ഒരു നേരത്തെ ആഹാരം കഴിച്ചില്ലെങ്കിൽപ്പോലും ചോരാത്ത വീടുകെട്ടാനായുള്ള മനുഷ്യരുടെ ബദ്ധപ്പാടുകൾക്ക് അവസാനമില്ല. അന്തിയുറങ്ങാൻ കൂരയില്ലാത്തവരുടെ കഥകൾ ഇന്നും നമ്മെ വ്യാകുലപ്പെടുത്തുന്നു. ആ കരച്ചിലിന് അറുതി വരുത്തുകയെന്ന സ്വപ്നസമാനമായ നേട്ടത്തിലേയ്ക്ക് കേരളം വൻകുതിപ്പുതന്നെ നടത്തിയിരിക്കുകയാണ്. സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷനിലൂടെ 2,14,262 വീട് കൈമാറിക്കൊണ്ട് ലൈഫ് മിഷൻ പദ്ധതി രണ്ടാംഘട്ടം പൂർത്തിയാക്കി കേരളം രാജ്യത്തിനുതന്നെ മാതൃകയായിരിക്കുകയാണ്.

'എന്റെ വീട്' എന്ന അവകാശബോധത്തോടെ പരാശ്രിതജീവിതത്തിൽ നിന്നുമുള്ള ഈ മാറ്റം, ഈ നാട്ടിലെ ഏറ്റവും പാവപ്പെട്ട മനുഷ്യരിലേയ്ക്ക് വികസനത്തിന്റെ നന്മകളെത്തിക്കുന്നു. വീടില്ലാത്തവരെ കണ്ടെത്താൻ കുടുംബശ്രീവഴി നടത്തിയ യത്നമാണ് ഈ നേട്ടത്തിലേയ്ക്ക് കേരളത്തെ അടുപ്പിച്ചത്. വീടുണ്ടാക്കാൻ ഭൂമി വിട്ടുകൊടുത്ത ഒട്ടേറെപ്പേർ ഈ നേട്ടത്തിന്റെ അവകാശികളായിട്ടുണ്ട്. അവരും അനുമോദനം അർഹിക്കുന്നു. ഭവനരഹിതരുടെ കണ്ണീരൊപ്പൽ പ്രഖ്യാപനത്തിലൊതുക്കാതെ നിശ്ചയദാർഢ്യത്തോടെ നടപ്പാക്കാൻ മുൻകയ്യെടുത്തുവെന്നത് സംസ്ഥാന സർക്കാരിന്റെ വലിയ നേട്ടങ്ങളിൽ രേഖപ്പെടുത്താം" എന്ന് മാതൃഭൂമി ഇന്നെഴുതിയ മുഖപ്രസംഗം ഈ ഗവൺമെന്റിനുള്ള വലിയ അംഗീകാരമായി ഞങ്ങൾ കണക്കാക്കുകയാണ്. ഇന്നത്തെ കേരള കൗമുദി പത്രവും ഇതേ വിഷയത്തെ ആസ്പദമാക്കി മുഖപ്രസംഗം എഴുതിയിട്ടുണ്ട്. "നല്ല

കാര്യത്തിനുനേരെ മുഖം തിരിക്കരുത്" എന്നാണ് അവർ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. സർക്കാരിന്റെ പ്രവർത്തന പദ്ധതികളിൽ ഏതിനാണ് മുൻഗണന നൽകേണ്ടതെന്ന് നിശ്ചയിച്ച് മുന്നോട്ടുപോകുകയാണ്. ഈ ഗവൺമെന്റ് നിശ്ചയിച്ച മുൻഗണന, നമ്മുടെ നാട്ടിലെ ഏറ്റവും സാധാരണക്കാരായ ആളുകൾക്ക് വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതിയാണ്. ആ പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞു എന്നുള്ളത് ഈ സർക്കാരിന്റെ ഏറ്റവും വലിയൊരു നേട്ടമായി തന്നെ ഞാൻ കണക്കാക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിച്ച് പൂർത്തീകരിക്കാത്ത ഒരു പദ്ധതി ആദ്യഘട്ടത്തിൽ പൂർത്തീകരിച്ചുകൊണ്ടാണ് കേരള ഗവൺമെന്റ് മുന്നോട്ടുപോയത്. സംസ്ഥാനത്തിന്റെ വികസന പ്രതീക്ഷകൾക്ക് ചിറകുവച്ച വർഷമായിരുന്നു ഈ കഴിഞ്ഞ 4 വർഷക്കാലം. സംസ്ഥാനത്തെ വ്യത്യസ്തങ്ങളായ വികസനപദ്ധതികളെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്റെ പല സുഹൃത്തുക്കളും അത് പറഞ്ഞുകഴിഞ്ഞ കാര്യമാണ്. അനിശ്ചിതത്വത്തിലായിരുന്ന ഗെയിൽ പൈപ്പ് ലൈൻ പദ്ധതി പൂർത്തീകരിച്ചുകഴിഞ്ഞു. ആരോഗ്യ മേഖലയിലെ ആർദ്രം പദ്ധതി നമുക്കെല്ലാം അനുഭവമുള്ള കാര്യമാണ്. ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള എല്ലാ എം.എൽ.എ. -മാർക്കും ബോധ്യമുള്ള ഒരു കാര്യമാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി; അവിടെയെല്ലാം പുതിയ കെട്ടിടങ്ങൾ വരുന്നു, പുതിയ ഡോക്ടർമാർ വരുന്നു.

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ 405 സ്കൂളുകളിൽ 50 ലക്ഷം മുതൽ ഒരു കോടി രൂപ വരെയുള്ള കെട്ടിടങ്ങളുടെ നിർമ്മാണം നടക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷം ഇതൊക്കെ കേരളത്തിലുണ്ടായിരുന്നോ? അതാണ് ഈ ഗവൺമെന്റിന്റെ മാറ്റം. 45,000 ഹൈടെക് ക്ലാസ് മുറികൾ സംസ്ഥാനത്ത് രൂപീകരിക്കാൻ കഴിഞ്ഞു. കിഫ്ബി പദ്ധതിയിലൂടെ 50,000 കോടി രൂപയുടെ വികസന പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കുകയാണ്. ആ രീതിയിൽ വികസന പദ്ധതികൾ എല്ലാ മേഖലയിലും നടപ്പിലാക്കി രാജ്യത്തിനുതന്നെ മാതൃകയായി ഈ സർക്കാർ മുന്നോട്ട് പോകുകയാണ്. പൗരത്വ ഭേദഗതി ബിൽ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചപ്പോൾ ഇന്ത്യയ്ക്കാകെ മാതൃകയായ, വെളിച്ചം പകർന്ന നിലപാടാണ് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചത്. പ്രതിപക്ഷത്തെക്കൂടി കൂട്ടിയോജിപ്പിച്ചുകൊണ്ടാണ് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുപോയത്. ഇതിനേക്കാൾ കൂടുതൽ ഒരു സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ പറ്റുമോ? പക്ഷെ എസ്.ഡി.പി.ഐ. പോലെയുള്ള ചില തീവ്രവാദ സംഘടനകൾ ഈ ഗവൺമെന്റിനെതിരായി നുണപ്രചരണം നടത്തുകയാണ്. ആ നുണപ്രചരണത്തിന്റെ കൂടെ കോൺഗ്രസ് കൂടുന്നുവെന്നുള്ളതാണ് ഏറ്റവും പ്രതിഷേധാർഹമായ കാര്യം. എസ്.ഡി.പി.ഐ.-യെ സംബന്ധിച്ച്

കോൺഗ്രസിന്റെ നിലപാട് എന്താണ്? ചാവക്കാട് യൂത്ത് കോൺഗ്രസ് നേതാവായ പുന്ന നൗഷാദിനെ അതിക്രൂരമായി കൊലപ്പെടുത്തിയത് എസ്.ഡി.പി.ഐ. ആണ്. എസ്.ഡി.പി.ഐ. നടത്തിയ ഒരു ചടങ്ങിൽ കെ.പി.സി.സി. മുൻപ്രസിഡന്റ് ശ്രീ. എം. എം. ഹസൻ പങ്കെടുത്തു. ഇന്ന് വാട്സ്ആപ്പിൽ ചാവക്കാട്ടുള്ള യൂത്ത് കോൺഗ്രസുകാർ കോൺഗ്രസ് നേതാക്കളുടെ ഈ ചതിക്കെതിരായി പ്രസ്താവനയുമായി രംഗത്ത് വന്നിരിക്കുകയാണ്. തീവ്രവാദ ശക്തികളുമായി സന്ധി ചെയ്യുന്ന ഈ നിലപാടുമായാണ് കോൺഗ്രസ് മുന്നോട്ട് പോകുന്നതെങ്കിൽ നേരത്തേ ശ്രീ. പി. ടി. എ. റഹീം പറഞ്ഞതുപോലെ യു.ഡി.എഫ്.-ന്റെ കാൽച്ചുവട്ടിൽ നിന്ന് ഒട്ടേറെ മണ്ണ് ഇനിയും ഒലിച്ചുപോകും. വഞ്ചനാപരമായ നിലപാടാണ് നിങ്ങൾ പല വിഷയങ്ങളിലും സ്വീകരിക്കുന്നത്. ശ്രീ. രമേശ് ചെന്നിത്തല അലൻ, താഹ എന്നിവരുടെ വീട് സന്ദർശിച്ച് യു.എ.പി.എ.-യ്ക്കെതിരാണ് നിങ്ങളെന്ന് അവരോട് പറഞ്ഞു. പക്ഷെ എന്താണ് വസ്തുത? യു.എ.പി.എ. പ്രകാരം 164 കേസാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെടുത്തത്. അങ്ങനെയുള്ള ആളുകൾ ശ്രീ. പിണറായി വിജയനെതിരായി, എൽ.ഡി.എഫ്. ഗവൺമെന്റിനെതിരായി ചില മാധ്യമങ്ങളെ ഉപയോഗപ്പെടുത്തി ഉറഞ്ഞുതുള്ളുകയാണ്. യു.എ.പി.എ. ഭേദഗതി നിയമം പാർലമെന്റിൽ വന്നപ്പോൾ ആ ഭേദഗതിയെ പിന്താങ്ങിയവരാണ് നിങ്ങൾ. ആ ഭേദഗതിയിലൂടെ പോലീസ് ഉദ്യോഗസ്ഥർക്ക് അമിതാധികാരം ലഭിച്ചുവെന്ന വസ്തുത നിങ്ങൾ മറച്ചുവച്ചു. ഇവിടെ ശ്രീ. പിണറായി വിജയനെതിരായി, എൽ.ഡി.എഫ്. ഗവൺമെന്റിനെതിരായി ഒരുപാട് നുണകൾ നിങ്ങൾ തട്ടിവിട്ടു. ശ്രീ. പി. ടി. തോമസ് എന്തെല്ലാമാണ് ഇവിടെ പ്രസംഗിച്ചത്. ഒരു നിയമസഭാ സാമാജികൻ സഭയിൽ പ്രസംഗിക്കുമ്പോൾ ഈ സഭയിലുള്ള ആളുകൾ ചരിത്രം അറിയുന്നവരാണെന്നെങ്കിലും അദ്ദേഹം കരുതണ്ടേ? ഇവിടെ വർഗ്ഗീയതയുമായി ബന്ധപ്പെട്ട് കോൺഗ്രസിന്റെ നിലപാട് എന്തായിരുന്നുവെന്ന് എല്ലാവർക്കുമറിയാം. ബി.ജെ.പി.-യുടെ വളർച്ചയ്ക്ക് കാരണം സി.പി.ഐ.(എം.) ആണെന്നുവരെ അദ്ദേഹം തട്ടിവിട്ടു. എന്തായിരുന്ന നിങ്ങളെടുത്ത സമീപനം? ബാബറി മസ്ജിദിന്റെ തകർച്ചയിലേയ്ക്ക് നയിച്ച എല്ലാ ഘട്ടങ്ങളിലും വഞ്ചനാപരമായ നിലപാട് സ്വീകരിച്ചത് നിങ്ങളല്ലേ. ബാബറി മസ്ജിദ് തകർക്കുമെന്ന് ആർ.എസ്.എസ്.-കാർ പ്രഖ്യാപിച്ച് സംഘം ചേർന്നുവന്നപ്പോൾ കരസേനയും പോലീസും ഇന്റലിജൻസും റിസർച്ച് അനാലിസിസ് വിംഗുമെല്ലാം കയ്യിലുണ്ടായിട്ടും നരസിംഹറാവു എന്ന പ്രധാനമന്ത്രി ഒന്നും ചെയ്തില്ല. ആ ആളുകൾ ഇപ്പോൾ പറയുന്നു ബി.ജെ.പി.-യെ വളർത്തിയത് സി.പി.ഐ.(എം.) ആണെന്ന്. വി. പി. സിംഗ് ഗവൺമെന്റുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം സി.കെ. നാണു സൂചിപ്പിച്ചു. ശ്രീ. എൽ. കെ. അദ്വാനിയെ വി. പി. സിംഗിന്റെ പാർട്ടിയുടെ സംസ്ഥാന ഗവൺമെന്റ്

തടഞ്ഞതിനെ തുടർന്നാണ് ബി.ജെ.പി. ആ ഗവൺമെന്റിന് പിന്തുണ പിൻവലിച്ചത്. ഒരു മതനിരപേക്ഷ പാർട്ടിയായ നിങ്ങൾ ആ ഘട്ടത്തിൽ ചെയ്യേണ്ടത് എന്തായിരുന്നു? ബി.ജെ.പി. പിന്തുണ പിൻവലിച്ച സാഹചര്യത്തിൽ അന്ന് ആ ഗവൺമെന്റിനെ നിലനിർത്തുകയാണ് ചെയ്യേണ്ടിയിരുന്നത്. കോൺഗ്രസ് പാർട്ടിയും മുസ്ലീം ലീഗുമെല്ലാം ബി.ജെ.പി.-യ്ക്കൊപ്പം ചേർന്ന് വോട്ട് ചെയ്താണ് വി. പി. സിംഗിനെ താഴെയിറക്കിയതെന്ന ചരിത്രസത്യം നിങ്ങൾക്ക് നിഷേധിക്കാൻ പറ്റുമോ? ആ ഗവൺമെന്റിനെ സപ്പോർട്ട് ചെയ്യാൻ നിങ്ങൾ സന്നദ്ധമായിരുന്നില്ല. വി. പി. സിംഗ് പാർലമെന്റിൽ വിശ്വാസവോട്ട് തേടിയ സന്ദർഭത്തിൽ നിങ്ങൾ എന്തുചെയ്തുവെന്നുള്ള പ്രശ്നമുണ്ട്.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, അങ്ങ് പറഞ്ഞത് ബി.ജെ.പി. പിന്തുണ പിൻവലിച്ച സാഹചര്യത്തിൽ കോൺഗ്രസ് ഇടപെട്ട് ആ ഗവൺമെന്റിന് പിന്തുണ പ്രഖ്യാപിച്ച് അതിനെ നിലനിർത്തണമെന്നായിരുന്നു. പക്ഷെ ഇതേ നിങ്ങൾ തന്നെ ഒന്നാം യു.പി.എ. ഗവൺമെന്റിൽനിന്ന് പിൻവാങ്ങുകയും ബി.ജെ.പി.-യോടൊപ്പം ചേർന്നുനിന്നുകൊണ്ട് ആണവ കരാറിന്റെ പേരിൽ ആ ഗവൺമെന്റിനെ താഴെയിറക്കാൻ ശ്രമിക്കുകയും ചെയ്തതാണ്. അന്ന് പരാജയപ്പെട്ടുവെന്ന് മാത്രമേയുള്ളൂ. നിങ്ങൾ ബി.ജെ.പി.-യോടൊപ്പം ചേർന്നിട്ടുപോലും കോൺഗ്രസിനെ പരാജയപ്പെടുത്താൻ കഴിഞ്ഞില്ലെന്നുള്ള കുറ്റബോധമാണോ?

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ഇന്ത്യ നേരിട്ട ഏറ്റവും വലിയ രാഷ്ട്രീയ പ്രതിസന്ധിയുടെ ഒരു ഘട്ടം, ബാബറി മസ്ജിദിന്റെ തകർച്ചയിലേയ്ക്ക് നയിച്ച സാഹചര്യമാണ്. ആ സാഹചര്യത്തിൽ നിങ്ങളെടുത്ത സമീപനമാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. അന്ന് ബി.ജെ.പി. പിന്തുണ പിൻവലിച്ച സാഹചര്യത്തിൽ നിങ്ങൾ ചെയ്യേണ്ടിയിരുന്നത് ആ സെക്യുലർ ഗവൺമെന്റിനെ നിലനിർത്തുക എന്നതായിരുന്നു. അതിനുപകരം നിങ്ങൾ ബി.ജെ.പി.-യുമായി കൈകോർത്തു എന്നതാണ് എന്റെ പോയിന്റ്. അതിന് ശ്രീ. വി. ടി. ബൽറാമിന് മറുപടിയില്ല. ഞാനിവിടെ പറഞ്ഞുവന്ന കാര്യം, കോൺഗ്രസ് പാർട്ടി പല ഘട്ടങ്ങളിൽ സ്വീകരിച്ച വഞ്ചനാപരമായ നിലപാടാണ് ബി.ജെ.പി.-യെ സഹായിച്ചത് എന്നാണ്. ഞാൻ ചോദിക്കുന്നു, ഇപ്പോൾ പാർലമെന്റിൽ ബി.ജെ.പി. ഗവൺമെന്റ് എടുക്കുന്ന സാമ്പത്തിക നയങ്ങളിൽ പലതിനെയും നിങ്ങൾ പിന്തുണയ്ക്കുകയല്ലേ. എന്താണ് കോൺഗ്രസിന്റെ നയം; കോൺഗ്രസിന് നയം വേണ്ടേ; സാമ്പത്തിക, രാഷ്ട്രീയ രംഗങ്ങളിൽ നിങ്ങൾക്കൊരു നയമുണ്ടോ? കാശ്മീരിൽ കേന്ദ്ര ഗവൺമെന്റെടുത്ത നിലപാടിനെ സംബന്ധിച്ച് വ്യക്തമായ ഒരു നിലപാടുണ്ടോ, ഇല്ല. ഇവിടെ കോൺഗ്രസിന്റെ ദേശീയ നേതൃത്വം പല കാര്യങ്ങളിലും ഇരുട്ടിൽ

തപ്പുകയാണ്. ഒരു നേതൃത്വമില്ല. ശ്രീ. രാഹുൽ ഗാന്ധിയെക്കുറിച്ച് ഇവിടെ പറഞ്ഞു. പല പ്രധാനപ്പെട്ട സന്ദർഭങ്ങളിലും അദ്ദേഹം വിദേശത്തേയ്ക്ക് പോകുന്നു. അദ്ദേഹം വിദേശത്തേയ്ക്ക് പോകുന്നതിൽ നമുക്ക് എതിർപ്പില്ല. പക്ഷെ പല പ്രധാനപ്പെട്ട സന്ദർഭങ്ങളിലും നയമില്ലാതെ, നിലപാടില്ലാതെ കോൺഗ്രസ് ഉഴലുന്നുവെന്ന കാര്യം മറച്ചുവച്ചുകൊണ്ടാണ് ശ്രീ. പി. ടി. തോമസ് ഇവിടെ സംസാരിച്ചത് എന്നുള്ളത് ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ് ഞാൻ ഇത്രയും കാര്യങ്ങൾ പറഞ്ഞത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. അഴിമതിരഹിതവും സുതാര്യവും അടിയുറച്ച മതേതരത്വവും നിലനിർത്തി സുസ്ഥിര വികസനം നിലനിർത്തുന്ന സഖാവ് പിണറായി വിജയന്റെ ഗവൺമെന്റ് അഞ്ചാമത് വർഷത്തിലേയ്ക്ക് ശക്തമായി മുന്നോട്ടുപോകുകയാണ്. എന്നാൽ ഒട്ടേറെ ദുരന്തങ്ങളെ നമുക്ക് നേരിടേണ്ടിവന്നു. രണ്ട് പ്രളയം, ഓഖി ദുരന്തം, നിപ വൈറസ്, നോട്ട് നിരോധനം തുടങ്ങിയവയെ സംസ്ഥാനം അഭിമുഖീകരിച്ചു. പ്രളയമുണ്ടായപ്പോൾ കേരളം രക്ഷപ്പെടണമെന്ന് ആഗ്രഹിക്കുന്ന ആളുകളുടെ പരിപൂർണ്ണമായ പിന്തുണ ലഭിച്ചു, അത് മാത്രമാണ് നമുക്ക് ലഭിച്ച സഹായം. സംസ്ഥാനവും കേന്ദ്രവും സാമ്പത്തികമായി പ്രതിസന്ധിയിലാണ്. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ഒന്നര ലക്ഷം കോടി രൂപയാണ് റിസർവ് ബാങ്കിന്റെ കരുതൽ പണത്തിൽ നിന്ന് ലഭിച്ചതെങ്കിൽ നമ്മുടെ കരുതൽ നിധിയെന്ന് പറയുന്നത് കേരളത്തെ സ്നേഹിക്കുന്ന മലയാളികളുടെ മനസ് മാത്രമായിരുന്നു. അതിലും സന്മനസുള്ളവർ മാത്രമാണ് സഹായിച്ചിരുന്നത്. എന്നാൽ പ്രഖ്യാപിച്ച പദ്ധതികളിൽനിന്നും ഈ ഗവൺമെന്റ് പുറകോട്ട് പോയില്ല എന്നാണ് കാണാൻ കഴിയുന്നത്. അതോടൊപ്പം നേട്ടങ്ങളുടെ ഒരു വലിയ പട്ടിക നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജനസംഖ്യാനുപാതത്തേക്കാൾ കൂടുതലായി വികസന ഫണ്ടുകൾ നൽകുന്ന ഏക സംസ്ഥാനം കേരളമാണെന്ന് പ്രഖ്യാപിച്ചു. സൈബർ ഡോം പദ്ധതിക്ക് അന്താരാഷ്ട്ര അംഗീകാരം ലഭിച്ചു. ഇൻഫർമേഷൻ സെക്യൂരിറ്റി ലീഡർഷിപ്പ് അച്ചീവ്മെന്റ് ഏഷ്യാ പെസഫിക് അവാർഡ് ലഭിച്ചു. മികച്ച സൈബർ സുരക്ഷയ്ക്കുള്ള FICCI-യുടെ സ്മാർട്ട് പോലീസിംഗ് പുരസ്കാരവും സൈബർ ഡോമിന് ലഭിച്ചു. സ്റ്റുഡന്റ് പോലീസ് പദ്ധതി കേന്ദ്രം ഏറ്റെടുത്തു. ഇന്ത്യയിലെ ഏറ്റവും മികച്ച പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനെന്ന അംഗീകാരം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന് ലഭിച്ചു. നിപ വൈറസ് ബാധയ്ക്കെതിരെയുള്ള പ്രതിരോധത്തിന് ലോകാരോഗ്യ സംഘടനയുടെ അഭിനന്ദനം ലഭിച്ചു. മാതൃമരണ നിരക്ക് കുറഞ്ഞ സംസ്ഥാനത്തിനുള്ള പ്രധാനമന്ത്രി പുരസ്കാരം, സാമൂഹ്യ സുരക്ഷ ഉറപ്പുനൽകുന്ന 2018-ലെ ദേശീയ അവാർഡ്, പാൽ ഉത്പാദന മികവിന് അവാർഡ്, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ

മികവുറ്റ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് കേരളത്തിന് ഒന്നാം സ്ഥാനം, തൊഴിലുറപ്പ് പദ്ധതിയിൽ സമയബന്ധിതമായി വേതനം വിതരണം ചെയ്യുന്ന മികവുറ്റ സംസ്ഥാനം എന്നീ അംഗീകാരങ്ങളും ലഭിച്ചു. ഐക്യരാഷ്ട്ര സഭയുടെ ഏറ്റവും വലിയ പാരിസ്ഥിതിക പുരസ്കാരമായ ചാമ്പ്യൻ ഓഫ് എർത്തിന് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിനെ തെരഞ്ഞെടുത്തു. രാജ്യത്ത് ഏറ്റവും മികച്ച ഭരണം കാഴ്ചവയ്ക്കുന്ന സംസ്ഥാനം എന്ന നിലയ്ക്ക് കേരളത്തെ വീണ്ടും തെരഞ്ഞെടുത്തു. മികച്ച അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്ന സംസ്ഥാനങ്ങളുടെ പട്ടികയിലും കേരളം ഒന്നാമതാണ്. മാനുഷിക പുരോഗതിക്ക് പിന്തുണ നൽകുന്ന സംസ്ഥാനങ്ങളിലും വനിതാ ശിശു സുരക്ഷാ രംഗത്തും കേരളം മുന്നിൽ. ശിശു സൗഹൃദ സംസ്ഥാനമായി തെരഞ്ഞെടുത്തതും കേരളത്തെയാണ്. ക്രമസമാധാന രംഗത്തും പരിസ്ഥിതി സംരക്ഷണ രംഗത്തും കേരളത്തിന് അംഗീകാരം; തുടർച്ചയായി മൂന്നാം വർഷമാണ് ഈ അംഗീകാരം നമുക്ക് ലഭിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

യു.ഡി.എഫ്.-എൽ.ഡി.എഫ്. ഭരണകാലത്ത് വിതരണം ചെയ്ത ക്ഷേമപെൻഷനുകളുടെ കണക്കുകൾ പരിശോധിക്കുമ്പോൾ യു.ഡി.എഫ്-ന്റെ കാലത്ത് 9,311 കോടി രൂപ വിതരണം ചെയ്തതെങ്കിൽ ഈ ഗവൺമെന്റ് വിതരണം ചെയ്തത് 22,000 കോടി രൂപയാണെന്ന് കാണാൻ കഴിയും. അതിൽ 13 ലക്ഷം വയോജനങ്ങൾക്കുകൂടി പുതുതായി പെൻഷൻ ലഭിച്ചു. പെൻഷൻ തുക വർദ്ധിപ്പിച്ച് 1300 രൂപയാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മൊത്തം ധനസഹായം 2015-2016-ൽ 7679 കോടി രൂപയായിരുന്നത് 2020-2021-ൽ 12,074 കോടി രൂപയായി. ഗ്രാമീണ റോഡ് റീബിൽഡ് പദ്ധതിക്ക് 2,500 കോടി രൂപ. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 503 കോടി രൂപയാണ് ചെലവഴിച്ചതെങ്കിൽ അത് ഈ സർക്കാരിന്റെ കാലത്ത് 1,216 കോടി രൂപയായി. അതിനുപുറമെ പ്രളയ ദുരിതാശ്വാസത്തിന് 2,851 കോടി നൽകി. 2011-2016 കാലത്ത് പൊതുമരാമത്ത് വകുപ്പ് 7,780 കിലോമീറ്റർ റോഡുകളാണ് പുനരുദ്ധരിക്കുകയോ നവീകരിക്കുകയോ ചെയ്തതെങ്കിൽ 2016-2019 കാലയളവിൽ ഇതുവരെ 14,623 കിലോമീറ്റർ റോഡുകൾ പൂർത്തീകരിച്ചു. 2021-ൽ രണ്ടരലക്ഷം വീടുകൾക്കുകൂടി കുടിവെള്ള കണക്ഷൻ നൽകി. വിദ്യാഭ്യാസ രംഗത്ത് 2016 വരെ അഞ്ച് ലക്ഷം കുട്ടികൾ കുറയുകയാണ് ചെയ്തതെങ്കിൽ 2019 ആയപ്പോൾ പൊതുവിദ്യാലയങ്ങളിൽ അഞ്ച് ലക്ഷം കുട്ടികൾ അധികമായി ചേർന്നിട്ടുണ്ട്. ലൈഫ് മിഷനും മറ്റ് ഏജൻസികളുംവഴി ആകെ 2,58,658 വീടുകൾ നിർമ്മിച്ചുനൽകി. 2020-21-ൽ ഒരു ലക്ഷം വീടുകൾ/ഫ്ലാറ്റുകൾ കൂടി നിർമ്മിക്കാൻ പോകുന്നു. പട്ടിക വിഭാഗങ്ങൾക്കുൾപ്പെടെ പൂർത്തിയാക്കിയത് 27,490 വീടുകളാണ്. പ്രവാസി

ക്ഷേമനിധി അംഗത്വം 1.1 ലക്ഷത്തിൽനിന്നും 4.7 ലക്ഷമായി വർദ്ധിച്ചു. ഈ സർക്കാർ പ്രവാസി ക്ഷേമത്തിനായി 152 കോടി രൂപ വിതരണം ചെയ്തു. 2019-20 വരെയുള്ള കണക്കുകൾ പരിശോധിച്ചാൽ എൽ.ഡി.എഫ്. പ്രകടന പത്രികയിൽ പ്രഖ്യാപിച്ച 13 ഇനം സാധനങ്ങൾക്ക് ഇതുവരെയും വില വർദ്ധിച്ചിട്ടില്ല. നെൽവയൽ വിസ്തൃതി ഉയർത്തി. 2016-17-ൽ 1.7 ലക്ഷം ഹെക്ടറിൽ എത്തിയ നെൽവയൽ വിസ്തൃതി 2018-19-ൽ 2.03 ലക്ഷം ഹെക്ടറായി. നെല്ലുത്പാദനം 4.4 ലക്ഷം ടണ്ണിൽനിന്നും 5.8 ലക്ഷം ടണ്ണായി ഉയർന്നു. മത്സ്യോത്പാദന രംഗത്ത് 2015-16- ൽ 7.28 ലക്ഷം ടണ്ണായിരുന്നത് ഇപ്പോൾ 8.02 ലക്ഷം ടണ്ണായി മാറി. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പാദനം 2015-16-ൽ 2,799 കോടി രൂപ ആയിരുന്നത് 3,442 കോടി രൂപയായി വർദ്ധിച്ചു. ചെറുകിട മേഖലയിൽ 52,137 പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചു; നിക്ഷേപവും അതുപോലെ വർദ്ധിച്ചു. അതുമൂലം 1.83 ലക്ഷം തൊഴിലാളികൾക്ക് ഈ സർക്കാരിന്റെ കാലയളവിൽ പുതുതായി ജോലി ലഭിക്കുകയും ചെയ്തു. വൻകിട നിക്ഷേപ പദ്ധതികളുമായി ബന്ധപ്പെട്ട് മാന്ദ്യത്തെ അതിജീവിക്കാൻ, ഗൾഫ് പ്രതിസന്ധിയെ മറികടക്കാൻ, നാണ്യവിളകളുടെ തകർച്ച മറികടക്കാൻ 675 പ്രോജക്ടുകളിലായി 35,028 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകി. വ്യവസായ പാർക്കിന് 14,275 കോടി രൂപ വകയിരുത്തി. ആകെ 54,678 കോടി രൂപ. 2,985 കിലോമീറ്റർ ഡിസൈൻഡ് റോഡുകൾ, 43 കിലോമീറ്ററിൽ പത്ത് ബൈപ്പാസുകൾ, 22 കിലോമീറ്ററിൽ 20 ഫ്ലൈ ഓവറുകൾ, 53 കിലോമീറ്ററിൽ 74 പാലങ്ങൾ. 2040 വരെ വൈദ്യുതി ഉറപ്പുവരുത്തുന്ന ട്രാൻസ്ഗ്രിഡ് പദ്ധതി, ഐ.ടി. രംഗത്ത് വലിയ പുരോഗതി, സാംസ്കാരിക സ്ഥാപനങ്ങൾ, ആശുപത്രി കെട്ടിടങ്ങൾ, താലൂക്ക് ആശുപത്രികൾ, ഡയാലിസിസ് സെന്ററുകൾ, 4,384 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾ, കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'വിശപ്പ് രഹിത കേരളം' പദ്ധതിയുടെ ഭാഗമായി ആയിരം കേന്ദ്രങ്ങളിൽ ഭോജനശാലകൾ എന്നിവ നടപ്പിലാക്കി. കേന്ദ്രഗവൺമെന്റ് ഇവിടെ ചർച്ചയ്ക്കുവിധേയമാക്കിയ പൗരത്വ ഭേദഗതി ബില്ലുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഒട്ടേറെ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിച്ചു. യഥാർത്ഥത്തിൽ ഞങ്ങളോടൊപ്പം ഇപ്പുറത്തിരിക്കുന്ന യു.ഡി.എഫ്. പ്രതിനിധികൾക്ക് അതിൽ നിന്ന് പുറകോട്ടുപോകാൻ കഴിയുകയില്ല. കഴിഞ്ഞ എത്രയോ വർഷങ്ങളായി കേരളത്തിലെ തൊഴിലാളി വർഗ്ഗപ്രസ്ഥാനം നടത്തുന്ന ഉജ്ജ്വലമായ പോരാട്ടമാണ് പൊതുമേഖലകൾ സംരക്ഷിക്കുക എന്നത്. എന്നാൽ പൗരത്വ ഭേദഗതി ബില്ലിനോടൊപ്പം എൽ.ഐ.സി., റെയിൽവേ, ബാങ്കുകൾ തുടങ്ങിയ ഒട്ടേറെ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നു. അതിന്റെ ഭാഗമായി രണ്ടുലക്ഷത്തിലേറെ പേർക്കാണ് തൊഴിൽ നഷ്ടപ്പെടുന്നത്. ഭരണഘടന അനുശാസിക്കുന്നതിന്റെ ഭാഗമായി സംവരണത്തിലൂടെ ജോലി ലഭിച്ച ഒരു

ലക്ഷത്തിലേറെപ്പേർക്കാണ് തൊഴിൽ നഷ്ടപ്പെടുന്നത്. അപ്പുറത്തുള്ളവർക്ക് അതിലൊരു വിഷമവും കാണുന്നില്ല. ഇൻഡ്യൻ ഭരണഘടന അനുശാസിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ രാജ്യത്തിലെ എസ്.സി./ എസ്.റ്റി., ഒ.ബി.സി./ഒ.ഇ.സി. വിഭാഗങ്ങൾക്ക് ലഭിച്ച സംവരണമാണ് ഡോ. മൻമോഹൻ സിംഗ്, നരസിംഹ റാവു എന്നിവർ തുടങ്ങിവച്ച സ്വകാര്യ-ഉദാരവൽക്കരണത്തിലൂടെയുള്ള നടപടികളുടെ ഭാഗമായിട്ടാണ് ഇന്ന് നിഷേധിക്കപ്പെട്ടിട്ടുള്ളത്. ഇത്തരം പ്രതിസന്ധികളെല്ലാം മറികടക്കുമ്പോഴാണ് കേരളത്തിലെ ഗവൺമെന്റ് 1,25,000 പേർക്ക് പുതിയ തൊഴിലവസരങ്ങൾ സർക്കാർ മേഖലയിൽ നൽകിയിട്ടുള്ളത്. അതോടൊപ്പം നേരത്തെ വ്യാവസായിക മേഖലയിലെ കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇത്തരം പ്രശ്നങ്ങളെയെല്ലാം മറികടന്ന് നിശ്ചയദാർഢ്യത്തോടെ കേരളം മുന്നോട്ടുപോകുന്നത് 4 മിഷനുകൾ പ്രഖ്യാപിച്ചുകൊണ്ടാണ്. ഒന്ന്, ഒരു ജനാധിപത്യ സംവിധാനത്തിലെ ബാധ്യതയെന്നുപറയുന്നത് അടുത്ത തലമുറയോടാണ്. അതിന്റെ ഭാഗമായി മണ്ണിനെയും വെള്ളത്തെയും വായുവിനെയും സംരക്ഷിക്കാനുള്ള ബൃഹത്തായ പദ്ധതിയാണ് ഈ മിഷനിലൂടെ പ്രഖ്യാപിച്ചിട്ടുള്ളത്. അതോടൊപ്പമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. ഒരു ജനാധിപത്യ ഗവൺമെന്റിന്റെ ബാധ്യതയെന്ന നിലയ്ക്ക് 1957-ലാണ് വിദ്യാഭ്യാസരംഗത്ത് ഒരു മാറ്റമുണ്ടാക്കാൻ ശ്രമം നടത്തിയത്. അന്ന് ജാതിമത സംഘടനകളെല്ലാം ചേർന്നുകൊണ്ട് കോൺഗ്രസിന്റെ നേതൃത്വത്തിൽ ആ ഗവൺമെന്റിനെ താഴെയിറക്കി. എന്നാൽ ഈ ഗവൺമെന്റാണ് അതിനുശേഷം വിദ്യാഭ്യാസരംഗത്ത് ഒരു സമൂലമായ മാറ്റം വരുത്താൻ തീരുമാനിച്ചത്. ഒന്നുമുതൽ 12 വരെയുള്ള ക്ലാസ് റൂമുകളെല്ലാംതന്നെ ഇന്ന് ഹൈടെക്കായി. ലാപ്ടോപ്പും കമ്പ്യൂട്ടറുകളും നൽകിക്കൊണ്ട് അതിനുള്ള സൗകര്യങ്ങളൊരുക്കുകയും ഗവൺമെന്റ് എയ്ഡഡ് മേഖലയിൽ ഒട്ടേറെ സഹായങ്ങൾ നൽകുകയും ചെയ്യുന്നു. ഗവൺമെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 5 കോടി രൂപ, 3 കോടി രൂപ, 1 കോടി രൂപ എന്നിങ്ങനെയും മറ്റ് സഹായങ്ങളും നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഇൻഡ്യൻ ഭരണഘടന അനുശാസിക്കുന്നതുപോലെ കേരളത്തിൽ വളർന്നുവരുന്ന തലമുറ ഒരു മതേതര തലമുറയായിരിക്കണമെന്നതിന്റെ അടിസ്ഥാനത്തിൽ ജാതിയുടെയോ പണത്തിന്റെയോ മതത്തിന്റെയോ അതിർവരമ്പുകളില്ലാതെ എല്ലാ മക്കൾക്കും പഠിക്കാനുള്ള അവസരമേകി. ഒരു നാടിന്റെ പരിച്ഛേദമെന്ന നിലയ്ക്ക് ആ പ്രദേശത്തെ കുട്ടികളെ എത്തിക്കുകയെന്ന കടമയാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇപ്പോൾ നിർവ്വഹിക്കുന്നത്. അതോടൊപ്പമാണ് നേരത്തെ ഇവിടെ സൂചിപ്പിക്കപ്പെട്ട ലൈഫ് മിഷൻ പദ്ധതി. ലക്ഷംവീട് പദ്ധതിക്കുശേഷം സമൂലമായി എല്ലാവർക്കും വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുകയെന്നത് തങ്ങളുടെ കടമയാണെന്ന ബോദ്ധ്യത്തോടുകൂടി രണ്ടേകാൽ ലക്ഷം പേർക്ക് ഇതിനകം വീട്

നൽകുകയും തുടർന്ന് ഒരു ലക്ഷം പേർക്ക് വീട് നൽകുമെന്ന പ്രഖ്യാപനവും നടത്തി, 5 വർഷംകൊണ്ട് വീടില്ലാത്തവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന ലക്ഷ്യത്തോടുകൂടിയാണ് നീങ്ങുന്നത്. അതോടൊപ്പമാണ് ആർദ്രം പദ്ധതി. ഒരു രാജ്യത്തിന്റെ വികസനമെന്നുപറയുന്നത് പാലവും റോഡും മാത്രമല്ല, ആരോഗ്യമുള്ള ഒരു തലമുറയാണ്. ലോകത്ത് ഏറ്റവും കൂടുതൽ ഡോക്ടർമാരുടെ സാമീപ്യമുള്ളത് ക്യൂബയിലാണ്. എന്നാൽ അതുപോലെയുള്ള ഡോക്ടർമാരുടെ സാമീപ്യമുണ്ടാക്കുന്നതിന് നാലായിരത്തിലധികം പുതിയ ഡോക്ടർമാരെ നിയമിച്ചുകൊണ്ട്, കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ട്, താലൂക്കാശുപത്രികളെയും ജില്ലാശുപത്രികളെയും മെഡിക്കൽ കോളേജുകളെയും ജനങ്ങൾക്ക് ക്ഷേമകരമായ പ്രവർത്തനം നടത്തുന്ന ധർമ്മാശുപത്രി എന്ന പഴയ സങ്കൽപ്പത്തിലേയ്ക്ക് എത്തിച്ചുകൊണ്ട് ഇന്നത്തെ വർത്തമാനകാല സാഹചര്യത്തിലെ ജീവിത ശൈലിയുമായി ബന്ധപ്പെട്ട രോഗങ്ങൾക്കുൾപ്പെടെ പരിഹാരം കാണാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുകയാണ്. ഒരു ഭരണത്തുടർച്ചയ്ക്കുവേണ്ടിയാണ് ഈ ഗവൺമെന്റ് കാത്തിരിക്കുന്നത്. ആ നിലയിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിന് നേതൃത്വം കൊടുക്കുന്ന മുഖ്യമന്ത്രിയെയും മറ്റ് സഹമന്ത്രിമാരെയും അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സംസ്ഥാന സെക്രട്ടേറിയറ്റിൽ ഇ-ഫയലിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി 35 കോടി രൂപ ചെലവഴിച്ചിട്ടും 111976 ഫയലുകൾ ഇപ്പോഴും കെട്ടിക്കിടക്കുന്നുവെന്നാണ് മുഖ്യമന്ത്രി നൽകിയ മറുപടിയിൽ പറയുന്നത്. ഫയലുകൾ തീർപ്പാക്കുന്നതിനുവേണ്ടി 35 കോടി രൂപ ചെലവഴിച്ച് അടിസ്ഥാന സൗകര്യമൊരുക്കിയിട്ടും 44 ശതമാനം ഫയലുകൾ മാത്രമാണ് തീർപ്പാക്കാൻ കഴിഞ്ഞിട്ടുള്ളത്. അത് ഈ ഗവൺമെന്റിന് എത്രമാത്രം കാര്യക്ഷമതയുണ്ടെന്ന് തെളിയിക്കുന്നതാണ്.

പോലീസിനെക്കുറിച്ച് പറഞ്ഞാൽ പോലീസിന്റെ ആത്മവീര്യം ചോരുമെന്നാണ് പറയുന്നത്. അങ്ങാടിയിൽ കേൾക്കുന്ന പാട്ടല്ല പറയുന്നത്. സി. & എ. ജി.യുടെ റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ എടുത്തുപറയുമ്പോൾ പോലീസിന്റെ ആത്മവീര്യം തകരുന്നത് എങ്ങനെയാണ്? 12000 വെടിയുണ്ടകൾ ഉറുമ്പരിക്കാത്ത പോലീസിന്റെ ആയുധപ്പുരയിൽനിന്നും കാണാതായിയെന്ന് പറഞ്ഞാൽ കാര്യം നിസ്സാരമാണോ? 12,000 വെടിയുണ്ട പോയിട്ട് ഒരു പെട്ടിക്കടയിൽനിന്നും 12 അരിയുണ്ട പോയ ലാഘവം പോലുമില്ലാതെ മറുപടി പറയുന്നതിനെയാണോ നിശ്ചയദാർഢ്യം എന്നുപറയുന്നത്. ആരുടെ കാലത്ത് എന്നല്ല, കുറ്റവാളികൾ ആരാണെന്ന് നോക്കി അവരുടെ പേരിൽ നടപടിയെടുത്ത്

അന്വേഷണം നടത്തുകയാണ് വേണ്ടത്. 1947-1957 മുതൽ അന്വേഷിക്കുകയല്ല വേണ്ടത്. ഇപ്പോൾ ഉത്തരവാദിത്തം ആർക്കാണോ ഉള്ളത്, അവരത് കണ്ടുപിടിക്കുകയാണ് വേണ്ടത്. അതിന് മെനക്കെടുന്നില്ല. പ്രസ്തുത വിഷയം ചൂണ്ടിക്കാണിച്ച എ.ജി.ക്ക് എതിരായി പാർട്ടി സെക്രട്ടേറിയറ്റിൽ പത്രസമ്മേളനം നടത്തുകയല്ല ചെയ്യേണ്ടത്. അതിനുശേഷം ശ്രീ. ടോമിൻ തച്ചങ്കരി വെടിയുണ്ടയുടെ കണക്കെടുത്തു. അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യം അപാരമാണ്. അദ്ദേഹം എണ്ണിയപ്പോൾ 3600 എണ്ണത്തിന്റെ കുറവാണുള്ളതെന്ന് പറഞ്ഞു. 3600 വെടിയുണ്ട കാണാനില്ലെന്ന് പറഞ്ഞാൽ നിസ്സാരമാണോ? എ.ജി.-യും കൂട്ടരും ആറ് മാസക്കാലംകൊണ്ട് എണ്ണിത്തിട്ടപ്പെടുത്തിയത്, ഉണ്ടയടിയന്ത്രം ഉപയോഗിച്ച് അദ്ദേഹം എണ്ണിയിട്ട് 3600 വെടിയുണ്ട കാണാനില്ലെന്നാണ് പറഞ്ഞത്. ഉടൻ ഡി.ജി.പി. ആയി പ്രൊമോട്ട് ചെയ്യാനുള്ള യോഗ്യത അദ്ദേഹത്തിനുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. കാരണം 12000 വെടിയുണ്ടയുടെ കുറവുണ്ടെന്ന് എണ്ണി കണക്കാക്കിയതിൽനിന്നും 3600 ആക്കി ചുരുക്കാനുള്ള അപാരമായ കഴിവ് അദ്ദേഹത്തിനുണ്ട്. 9000 വെടിയുണ്ട എവിടെ പോയിയെന്ന് അറിയില്ല. അതുകൊണ്ട് ഇത് അന്വേഷിക്കണമെന്നുള്ളത് കൃത്യമല്ലേ. അത് അന്വേഷിക്കാൻ തയ്യാറല്ലായെന്ന് പറയുമ്പോൾ അത് നിശ്ചയദാർഢ്യമല്ല, നിശ്ചയദാർഢ്യമില്ലായ്മയാണെന്നാണ് മനസ്സിലാക്കേണ്ടത്.

നമ്മൾ ഒരുമിച്ചുനിന്ന് പൗരത്വ നിയമത്തിനെതിരായി പ്രമേയം പാസ്സാക്കി. ഇന്ത്യക്ക് മാതൃകയായ പ്രമേയം പാസ്സാക്കിയത് നല്ല കാര്യമാണ്. അതിനുശേഷം നമ്മൾ വെവ്വേറെ സമരം നടത്തി. നിങ്ങൾ മനുഷ്യശൃംഖല നടത്തി, നല്ല കാര്യം. ഞങ്ങൾ ഞങ്ങളുടേതായ രീതിയിലുള്ള സമരം നടത്തി. യോജിച്ചും അല്ലാതെയും സമരം നടത്തി. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അർദ്ധശങ്കയ്ക്കിടയില്ലാതെ വളരെ വികാരപരമായി എൻ.പി.ആർ. നടപ്പിലാക്കില്ലെന്ന് പല സ്ഥലത്തും പ്രസംഗിക്കുന്നത് കേട്ടു. പൗരത്വ നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട എൻ.പി.ആർ. നടപ്പിലാക്കുകയില്ലായെന്ന് കൃത്യമായി അദ്ദേഹം പറയുകയുണ്ടായി. അത് ആത്മാർത്ഥമായിട്ടാണ് പറയുന്നതെങ്കിൽ ഇതിന് അങ്ങ് മറുപടി പറയണം. ആഗസ്റ്റ് 21-ന് ഗവൺമെന്റ് ഇറക്കിയ ഗസറ്റ് നോട്ടിഫിക്കേഷനുണ്ട്. കേരള ഗവൺമെന്റ് ഇറക്കിയ അസാധാരണ ഗസറ്റാണ്. 'Following Notification by Registrar General and Census Commissioner of India, regarding the declaration of intention of the Central Government to prepare and update National Population Register (NPR) in connection with the Census of India 2021 is republished for general information' എന്ന് പറയുന്ന കേരള ഗസറ്റിന്റെ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച നോട്ടിഫിക്കേഷൻ ഇവിടെയുള്ളപ്പോൾ ബഹുമാനപ്പെട്ട ഗവൺമെന്റ് ഇറക്കിയ സ്റ്റേ ഓർഡർ നിലനിൽക്കുമോ? ഗവൺമെന്റിറക്കിയ ഗസറ്റ് ഇപ്പോഴും നിലനിൽക്കുകയാണ്. ഇതുവച്ച് സെൻസസ്

വകുപ്പിന് ആവശ്യമായ എല്ലാവിധ ജീവനക്കാരെയും അനുവദിച്ചുകഴിഞ്ഞു. മറ്റ് നടപടിക്രമങ്ങൾ ആരംഭിക്കേണ്ട തീയതി മാത്രം തീരുമാനിച്ചാൽ മതി. ഈ സ്റ്റേയുള്ളതുകൊണ്ട് ഗസറ്റ് ഇല്ലായ്മ ചെയ്യാൻ കഴിയുമോ? ഇക്കാര്യത്തിൽ അങ്ങേയ്ക്കും ഗവൺമെന്റിനും ആത്മാർത്ഥതയുണ്ടെങ്കിൽ, ഇവിടെ നടപ്പിലാക്കുകയില്ലെന്ന് ഉറപ്പുണ്ടെങ്കിൽ, കേന്ദ്ര ഗവൺമെന്റിന്റെ നോട്ടിഫിക്കേഷൻ endorse ചെയ്ത് സംസ്ഥാന ഗവൺമെന്റ് 21-7-2019-ന് ഇറക്കിയിട്ടുള്ള നോട്ടിഫിക്കേഷൻ റദ്ദാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? അതില്ലാതെ നോട്ടിഫിക്കേഷൻ നിലനിൽക്കുകയും എൻ.പി.ആർ. നടപ്പിലാക്കുകയില്ലായെന്ന വാമൊഴിക്കാണോ ഗവൺമെന്റിന്റെ നോട്ടിഫിക്കേഷനാണോ പ്രാബല്യമുള്ളതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയണം. അതല്ലാതെ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ഞങ്ങൾ നടപ്പിലാക്കുകയില്ലായെന്ന ഗിരിപ്രഭാഷണമല്ല, നടപടിയാണ് വേണ്ടത്. ഇതിൽ അങ്ങേയറ്റത്തെ ആശങ്കയുണ്ട്. അതിന് ഗവൺമെന്റ് മുന്നോട്ടുവരണം. 20-12-2019-ന് ഇറങ്ങിയ, Notification read above issued in this regard, stands stayed എന്നുപറഞ്ഞാൽ, ഇതിൽ ലാ ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ? ഒരു അസാധാരണ ഗസറ്റ് പ്രസിദ്ധീകരിച്ചാൽ ഒരു ഗവൺമെന്റ് ഓർഡർ കൊണ്ട് സ്റ്റേ ചെയ്യാൻ ഈ നോട്ടിഫിക്കേഷന് കഴിയുമോ? ഗവൺമെന്റിന് ആത്മാർത്ഥതയുണ്ടെങ്കിൽ സംസ്ഥാന ഗവൺമെന്റ് ഇറക്കിയിട്ടുള്ള ഗസറ്റ് നിയമപ്രകാരം റദ്ദ് ചെയ്യാൻ മുന്നോട്ട് വരുമോയെന്നുള്ളതാണ് എന്റെ ചോദ്യം. അതിന് ഗവൺമെന്റ് തയ്യാറാകാതെ ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കാനുള്ള ശ്രമമാണെങ്കിൽ അത് ജനങ്ങളെ വഞ്ചിക്കലാകുമെന്ന് പറയേണ്ടിവരികയാണ്. ഒരു ഭാഗത്ത് ലൈവായി ഗസറ്റ് പ്രസിദ്ധീകരിക്കുകയും മറുഭാഗത്ത് ഞങ്ങളിത് നടപ്പിലാക്കുകയില്ലെന്ന് പറയുകയുമാണ് ചെയ്യുന്നത്. ശ്രീ. അമിത് ഷാ പറഞ്ഞതും അതുതന്നെയാണ്. പാർലമെന്റിൽ എൻ.പി.ആർ. നടപ്പിലാക്കുമെന്ന് ശ്രീ. അമിത് ഷായും ഇന്ത്യയിലാകെ എൻ.പി.ആർ. നടപ്പിലാക്കുകയില്ലെന്ന് പ്രധാനമന്ത്രിയും പറഞ്ഞു. ഇതിൽ ഏതാണ് വിശ്വാസത്തിലെടുക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ വ്യക്തത വേണം.

കേന്ദ്ര ഗവൺമെന്റ് ഇതിനെയെല്ലാം കാറ്റിൽപ്പറത്തി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ കേരള സർക്കാരിന്റെ നിലപാട് എന്തായിരിക്കുമെന്ന് വ്യക്തമാക്കണം. ഗവർണർക്കെതിരെ നമ്മൾ ആദ്യം എടുത്ത നിലപാട് ഒരുമിച്ചായിരുന്നല്ലോ. ഗവർണർക്ക് എതിരായി ഒരുമിച്ച് പോരാട്ടം നടത്തി, പ്രമേയം പാസ്സാക്കാൻ വന്നപ്പോൾ നിങ്ങളുടെ നിറം മാറി. അതുപോലെ ഇത് നടപ്പിലാക്കേണ്ട ഘട്ടം വന്നാൽ, ഇത് കേന്ദ്ര ഗവൺമെന്റ് നിയമമാണ്, ഞങ്ങൾ നിസ്സഹായരാണെന്ന് പറഞ്ഞ് കൈ മലർത്തുമോ, അതല്ല ഇവിടത്തെ മതേതര ശക്തികൾ ആവശ്യപ്പെടുന്ന, നമ്മൾ ഒരുമിച്ച് ആവശ്യപ്പെടുന്ന ഈ

ആവശ്യത്തിനുവേണ്ടി പോരാടുവാൻ നിങ്ങൾ ഉണ്ടാകുമോയെന്നുള്ള കാര്യം വ്യക്തമാക്കണം. അതിനുശേഷം കൂട്ടായ സമരത്തെക്കുറിച്ച് ആലോചിക്കാമെന്നേയുള്ളൂ. സമരം കൂട്ടായി നടത്താത്തതല്ല പ്രശ്നം. നിങ്ങൾ ഒറ്റയ്ക്ക് ചെയ്യേണ്ട സമരമാണിത്. അതിൽ ഞങ്ങൾക്കൊന്നും ചെയ്യാൻ കഴിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിചാരിച്ചാൽ ഈ നോട്ടിഫിക്കേഷനിൽ മാറ്റം വരുത്തുവാൻ കഴിയുമെന്നാണ് എനിക്ക് പറയാനുള്ളത്.

ഈ ഗവൺമെന്റ് വന്നതിനുശേഷം 154 ഓർഡിനൻസുകൾ കൊണ്ടുവന്നതിൽ വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ പി.എസ്.സി.-ക്ക് വിടുന്നത് മാത്രമാണ് ലാപ്സായത്. എല്ലാ വഖഫ് ബോർഡിലേയ്ക്കുള്ള നിയമനങ്ങളും പി.എസ്.സി.-ക്ക് വിടുമെന്ന് പറഞ്ഞ് ഏഴ് ഓർഡിനൻസുകൾ കൊണ്ടുവന്നു. ആ ഓർഡിനൻസുകളെല്ലാം ലാപ്സായെങ്കിലും പകരം ബില്ലൊന്നും കൊണ്ടുവന്നിട്ടില്ല. കഴിഞ്ഞ മൂന്നുവർഷക്കാലമായി നിങ്ങൾക്ക് പ്രാതിനിധ്യമുണ്ടെങ്കിൽപ്പോലും യു.ഡി.എഫ്. കൊണ്ടുവന്നിട്ടുള്ള ഒരു വഖഫ് ബോർഡായതുകൊണ്ട് അതിനെ പ്രവർത്തിക്കാൻ അനുവദിക്കാതെ, മൂന്ന് വർഷക്കാലവും 200-ഓളം പോസ്റ്റുകൾ ഒഴിഞ്ഞുകിടന്നിട്ടും പി.എസ്.സി.-ക്ക് വിടുമെന്ന് പറഞ്ഞുകൊണ്ട് നിയമനിർമ്മാണം നടത്താതെ, ആ ഓർഡിനൻസുകൾകൊണ്ട് പി.എസ്.സി.-യുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയും ഇപ്പോൾ ഓർഡിനൻസ് ലാപ്സായി പോവുകയും ചെയ്തിരിക്കുകയാണ്. നിങ്ങൾക്ക് അനുകൂലമായ വഖഫ് ബോർഡ് വന്നപ്പോൾ ബോധപൂർവ്വമായി പി.എസ്.സി.-ക്ക് വിടാതെ ആ വഖഫ് ബോർഡിനെക്കൊണ്ട് നിയമനം നടത്തിക്കാനാണോ ഗവൺമെന്റിന്റെ ഉദ്ദേശ്യം. നിങ്ങൾ ഓർഡിനൻസിന് പകരം നിയമം കൊണ്ടുവരാത്തത് എന്തുകൊണ്ടാണ്? പി.എസ്.സി.-ക്ക് വിടുന്നത് സംബന്ധിച്ച് ഒന്നുകിൽ ഓർഡിനൻസ് വേണം അല്ലെങ്കിൽ നിയമം വേണം. നിങ്ങൾ എവിടെയും പ്രസിദ്ധീകരിച്ചിട്ടില്ല. ഗവൺമെന്റിന്റെ ദുഷ്ടലാക്കാണിത്. കേന്ദ്ര ഗവൺമെന്റ് കേരളത്തിനോട് കാണിക്കുന്ന അതേ സമീപനം തന്നെയാണ് നിങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളോടും സ്വയംഭരണ സ്ഥാപനമായ വഖഫ് ബോർഡിനോടും കാണിക്കുന്നത്. അതുകൊണ്ട് സി.എ.എ.-യുടെ കാര്യത്തിലെങ്കിലും കള്ളക്കളി ഒഴിവാക്കി ജനങ്ങളുടെ മുമ്പാകെ സത്യസന്ധമായി കാര്യങ്ങൾ വെട്ടിത്തുറന്ന് പറയാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ? തയ്യാറാകുമെങ്കിൽ അതുമായി ബന്ധപ്പെട്ട് യോജിക്കേണ്ട മേഖലകൾ എന്താണെന്നത് സംബന്ധിച്ച് ഗവൺമെന്റ് വ്യക്തത വരുത്തണം. അതല്ലാതെ എല്ലാവരും യോജിച്ചുപോവുക എന്നുപറഞ്ഞ് നിങ്ങൾ നടത്തുന്ന സമരത്തിലേയ്ക്ക് ആളെ കൂട്ടാൻ നിന്നാൽ അതിന് എല്ലാവരെയും കിട്ടണമെന്നില്ല. ചില ആളുകളെങ്കിലും തെറ്റിദ്ധരിച്ച് വന്നിട്ടുണ്ടെങ്കിൽ നിങ്ങളുടെ കള്ളക്കളി മനസ്സിലാക്കി അതൊക്കെ തിരുത്തപ്പെടുമെന്ന കാര്യം ഓർക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ സ്വാഗതം ചെയ്യുകയാണ്. കോൺഗ്രസ്സിലാണ് പ്രതീക്ഷയെന്ന് മുസ്ലീംലീഗിലെ നേതാക്കന്മാരും എം.എൽ.എ.-മാരും കോൺഗ്രസ്സുകാരെക്കാൾ ആത്മാർത്ഥതയോടെ വീറോടെ വാദിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തെയും നമ്മുടെ രാജ്യത്തെയും ബാധിക്കുന്ന വലിയൊരു വിഭാഗം ജനത്തിന്റെ ജീവിതംതന്നെ കടുത്ത ആശങ്കയിലാക്കുന്ന പൗരത്വ നിയമ ഭേദഗതിക്കെതിരായി കേരളം മാതൃക കാണിച്ചു. കേരള നിയമസഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കി. കേരളം പ്രമേയം പാസാക്കിയതിനുശേഷം കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങൾ പ്രമേയം പാസ്സാക്കുമെന്ന് ശ്രീമതി സോണിയാ ഗാന്ധിയുടെ അദ്ധ്യക്ഷതയിൽ എ.ഐ.സി.സി. യോഗം ചേർന്ന് തീരുമാനിച്ചിട്ടും മദ്ധ്യപ്രദേശ്, ഛത്തീസ്ഗഢ്, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളിൽ പ്രമേയം പാസ്സാക്കിയിട്ടില്ല. ഈ നിയമത്തെ ചോദ്യം ചെയ്ത് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കാൻ പഞ്ചാബ് ഗവൺമെന്റ് തീരുമാനിച്ചു. പക്ഷെ, ഇതര കോൺഗ്രസ് ഗവൺമെന്റുകൾ ഇതുവരെയും ഒരു ഹർജിപോലും കൊടുത്തിട്ടില്ലെന്ന കാര്യംകൂടി ഓർക്കേണ്ടതായിട്ടുണ്ട്. ഏതെങ്കിലുമൊരു മേഖലയിൽ മാത്രം തിളങ്ങുന്നതല്ല കേരളത്തിലെ പിണറായി സർക്കാർ. എല്ലാ മേഖലകളിലും ഈ സർക്കാർ തിളങ്ങുകയാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലാണ് രാജ്യത്തിനുതന്നെ മാതൃകയാകുന്ന വിധത്തിലുള്ള അതിശയകരമായ വികസന പ്രവർത്തനങ്ങൾ കേരളത്തിൽ നടക്കുന്നത്. ഇവിടെ രണ്ട് പ്രളയം വന്നു. കേന്ദ്ര സർക്കാരിനോട് കാര്യങ്ങൾ ബോധിപ്പിച്ചു. 32000 കോടി രൂപയുടെ നഷ്ടമുണ്ടായെന്ന് ഐക്യരാഷ്ട്ര സഭ കണ്ടെത്തി. അതിന്റെ ഏഴിലൊന്ന് നഷ്ടപരിഹാരം നൽകാൻപോലും കേന്ദ്ര സർക്കാർ തയ്യാറായില്ല. അക്കാര്യത്തിൽ അധാർമ്മികമായ മൗനമാണ് പ്രതിപക്ഷം ഇപ്പോഴും പുലർത്തുന്നത്. ഇവിടെ പലതരത്തിലുള്ള പ്രതിസന്ധിയുണ്ടായിട്ടും അടിസ്ഥാന സൗകര്യ വികസനത്തിന്റെയും ക്ഷേമപ്രവർത്തനങ്ങളുടെയും കാര്യത്തിൽ കേരളം കുതിക്കുകയാണ്. പുതിയ കെട്ടിടമില്ലാത്ത, കെട്ടിടത്തിന് അനുമതി ലഭിക്കാത്ത ഏതെങ്കിലുമൊരു ആശുപത്രി കേരളത്തിൽ ചൂണ്ടിക്കാണിക്കാൻ യു.ഡി.എഫ്.-ന് കഴിയുമോ? കേരളത്തിലെ 140 മണ്ഡലങ്ങളിൽ ഹൈടെക് ക്ലാസ് റൂമുകളില്ലാത്ത ഏതെങ്കിലുമൊരു ഹൈസ്കൂളോ ഹയർ സെക്കണ്ടറി സ്കൂളോ നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുമോ?

ശ്രീ. അൻവർ സാദത്ത് : സർ, പോയിന്റ് ഓഫ് ഓർഡർ

മി. ഡെപ്യൂട്ടി സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, കോൺഗ്രസ് ഗവൺമെന്റുകൾ പൗരത്വ നിയമത്തിനെതിരെ പ്രമേയം പാസ്സാക്കിയിട്ടില്ലെന്ന് ശ്രീ. റ്റി. വി. രാജേഷ് സൂചിപ്പിക്കുകയുണ്ടായി. അത് നുണയാണ്, വാസ്തവവിരുദ്ധമാണ്. എല്ലാ ഗവൺമെന്റുകളും പ്രമേയം പാസ്സാക്കിയതാണ്. സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഇതാണ് ഇവരുടെ കുതന്ത്രം. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുക എന്നുള്ള സമീപനമാണ്. ഇത് രേഖയിലുണ്ടാകാൻ പാടില്ല.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, അതിനെ സംബന്ധിച്ച് എനിക്കുശേഷം സംസാരിക്കുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വിശദീകരിക്കുമെന്നാണ് ഞാൻ കരുതുന്നത്. കേരളത്തിലെവിടെയെങ്കിലും ഹൈടെക് ക്ലാസ് മുറികളില്ലാത്ത ഒരു ഹൈസ്കൂളോ ഹയർ സെക്കണ്ടറി സ്കൂളോ ഉണ്ടെങ്കിൽ കാണിച്ചുതരാൻ ഞാൻ യു.ഡി.എഫ്.-നെ വെല്ലുവിളിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാഠപുസ്തകങ്ങളുടെ കാര്യത്തിൽ എന്തായിരുന്നു സ്ഥിതി. പാഠപുസ്തകം കിട്ടാത്തതുമായി ബന്ധപ്പെട്ട് അന്നത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സബ്മിഷൻ ഉന്നയിച്ചപ്പോൾ ഇപ്പോൾ ഈ സഭയിലെ അംഗമായ അന്നത്തെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത്, ഓണം ഇത്തവണ നേരത്തെ വന്നതുകൊണ്ടാണ് പുസ്തകം വൈകിയതെന്ന തോന്നലുണ്ടായതെന്നാണ്. നിങ്ങൾ 5 വർഷക്കാലം ഭരിച്ചിട്ടും ഒരു വർഷം പോലും നേരത്തെ പുസ്തകം കൊടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. അതിനുശേഷം ഈ സർക്കാർ വന്നു. അടുത്തവർഷത്തേയ്ക്കുള്ള ആറ് ലക്ഷം പുസ്തകത്തിൽ മൂന്നേകാൽ ലക്ഷം പുസ്തകങ്ങൾ കെ.ബി.പി.എസ്.-ൽ നിങ്ങളുടെ എം.പി.മാരുടെയും എം.എൽ.എ.-മാരുടെയും സാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രകാശനം ചെയ്തു. മൂന്നേകാൽ ലക്ഷം പുസ്തകം അച്ചടിച്ചു. ഏപ്രിൽ മാസമാകുമ്പോഴേയ്ക്കും 12 വരെയുള്ള ക്ലാസ്സുകളിലെ പുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് എത്തിച്ചുകൊടുക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇതൊരു പുതിയ അനുഭവമാണെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം.

കേരളത്തിൽ പുതിയ റോഡുകളില്ലാത്ത മണ്ഡലമുണ്ടോ? കിഫ്ബി പദ്ധതിയുടെ ഭാഗമായി ഒരു റോഡെങ്കിലും കിട്ടാത്ത ഒരു എം.എൽ.എ. എങ്കിലുമുണ്ടോ? എവിടെയാണ് വികസനമില്ലാത്തതെന്ന് കിഫ്ബിയെക്കുറിച്ച് വിമർശിക്കുന്ന യു.ഡി.എഫ്. അംഗങ്ങൾ എഴുന്നേറ്റുനിന്ന് പറയണം. (...ബഹളം...) നിങ്ങൾക്ക് ഞാൻ അവസരം തരാം. നിങ്ങൾക്ക് പറയാൻ സമയമുണ്ടല്ലോ. പ്രതിപക്ഷനേതാവിന് എഴുതിക്കൊടുത്തോളൂ. കുടിവെള്ള പദ്ധതികളില്ലാത്ത ഒരു ജില്ല നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുമോ; പെൻഷൻ കിട്ടാത്ത അർഹരായ വയോജനങ്ങളെ എവിടെയെങ്കിലും ചൂണ്ടിക്കാണിക്കാൻ നിങ്ങൾക്ക് കഴിയുമോ? എന്നിട്ടും എവിടെയാണ് വികസനമെന്നാണ് നിങ്ങൾ ചോദിക്കുന്നത്. ഇതാണ് വികസനം. അമേരിക്ക കേരളത്തെ മാതൃകയാക്കണമെന്നാണ് കഴിഞ്ഞ ദിവസം

ഐക്യരാഷ്ട്രസഭയുടെ ഡിസാസ്റ്റർ മാനേജ്മെന്റ് വിഭാഗത്തിൽ പ്രവർത്തിക്കുന്ന, മലയാളികൾക്ക് അഭിമാനമായ ഡോ. മുരളി തുമ്മാരുകുടി കൊറോണയെക്കുറിച്ച് സൂചിപ്പിച്ചപ്പോൾ പറഞ്ഞത്. അമേരിക്കയിൽ ആരോഗ്യമേഖലയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ പോകുകയാണ്. കേരളം അടിയന്തരാവസ്ഥ പിൻവലിച്ചിരിക്കുന്നു. മാത്രമല്ല കൊറോണ വികസിത രാജ്യങ്ങളുടെ ഉറക്കം കെടുത്തുകയാണ്. കേരളത്തെക്കാൾ മെച്ചപ്പെട്ട സാമൂഹ്യ വികസന പശ്ചാത്തലമുള്ള യൂറോപ്യൻ രാജ്യങ്ങൾപോലും ഇന്ന് കൊറോണയിൽ ഉറക്കം നഷ്ടമാകുമ്പോൾ കേരളം കൊറോണയെ അതിജീവിച്ചുകഴിഞ്ഞിരിക്കുന്നു. ഇതൊക്കെ മാറ്റമല്ലേ? ഈ വികസനമൊക്കെയുണ്ടായിട്ടും നിങ്ങൾ ഇതൊക്കെ കാണാൻ മടിക്കുന്നതെന്താണ്? നാഷണൽ ഹൈവേ വരാതിരിക്കാൻ നിങ്ങൾ എന്തൊക്കെ പാര വച്ചു. ഇപ്പോഴത്തെ നിങ്ങളുടെ സഖ്യകക്ഷികളായ ജമാഅത്തെ ഇസ്ലാമിയെയും എസ്.ഡി.പി.ഐ.-യെയുംകൊണ്ട് നിങ്ങൾ കീഴാറ്റൂരിൽ സമരം ചെയ്യിപ്പിച്ചില്ലേ; ഇതൊക്കെ നമ്മൾ കണ്ടതല്ലേ; ഗെയിൽ പദ്ധതിക്കെതിരായി നിങ്ങൾ വെടിവയ്പുണ്ടാക്കാൻ നോക്കിയില്ലേ? എന്നിട്ടും ഈ സർക്കാരിന്റെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അനിതരസാധാരണമായ ഇച്ഛാശക്തികൊണ്ട് ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയുടെ 99 ശതമാനവും പൂർത്തിയായിരിക്കുകയാണ്.

ഇപ്പോൾ പ്രതിപക്ഷാംഗങ്ങൾ അഴിമതിയെക്കുറിച്ചാണ് സംസാരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്തായിരുന്നു? അഴിമതി ആരോപണമില്ലാത്ത ഏതെങ്കിലുമൊരു മന്ത്രി കേരളത്തിലുണ്ടായിട്ടുണ്ടോ? ബഹുമാനപ്പെട്ട കോൺഗ്രസ് അംഗം ശ്രീ. പി. ടി. തോമസ് ഇന്നലെ അടിയന്തരപ്രമേയം അവതരിപ്പിച്ചു. അദ്ദേഹം അഴിമതിക്കെതിരെ ഗർജ്ജിച്ചപ്പോൾ രണ്ട് പ്രമുഖരായ എം.എൽ.എ.-മാരെ ഇവിടെ കണ്ടില്ലല്ലോ? അവർ നിസ്സാരക്കാരല്ല, മുൻ മന്ത്രിമാരാണ്. ഒരാൾ കളമശ്ശേരി അംഗവും മറ്റൊരാൾ ശ്രീ. വി. എസ്. ശിവകുമാറുമാണ്. നിങ്ങളുടെ ഗതികേട് ആലോചിച്ച് നോക്കൂ. പ്രമുഖരായ രണ്ട് എം.എൽ.എ.-മാരെ മാറ്റിനിർത്തി അടിയന്തരപ്രമേയം അവതരിപ്പിക്കേണ്ട ഗതികേടല്ലേ കേരളത്തിലെ പ്രതിപക്ഷത്തിനുണ്ടായിരിക്കുന്നത്. കൂടാതെ ലൈഫ് പദ്ധതിയെക്കുറിച്ച് അന്വേഷിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. കേരളത്തിൽ ഭവനരഹിതരായി 470000 കുടുംബങ്ങളുണ്ടെന്നാണ് 2014-ൽ ശ്രീ. സി. കൃഷ്ണന്റെ ചോദ്യത്തിന് മറുപടിയായി അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത്. ഈ സർക്കാരിന്റെ അവകാശവാദം പൊള്ളയാണെന്ന് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ഇപ്പോൾ മാതൃഭൂമിയിൽ പത്രസമ്മേളനം നടത്തി പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 437262 വീട് പണിതുവെന്നാണ് പറയുന്നത്. അങ്ങനെയാണെങ്കിൽ കേരളത്തിൽ ആകെ 25000 വീടുകളല്ലേ ബാക്കിയുണ്ടാവുക. ഇത് എവിടത്തെ കണക്കാണ്; ഇതുസംബന്ധിച്ച് ഒരു ഓപ്പൺ

ഡിബേറ്റിന് നിങ്ങൾ തയ്യാറുണ്ടോ? ലൈഫ് പദ്ധതിയെ സംബന്ധിച്ച് നിങ്ങൾ അന്വേഷിക്കുകയൊന്നും വേണ്ട. സർക്കാരിന്റെ വെബ്സൈറ്റിൽ ഏറനാട് മണ്ഡലത്തിലെ പദ്ധതികളെക്കുറിച്ച് നോക്കിയാൽ അത് ഏതൊക്കെ പഞ്ചായത്തിലാണെന്നുള്ളതിന്റെ കൃത്യമായ കണക്ക് കിട്ടും. ശ്രീ. പി. കെ. ബഷീർ, ഒരു കമ്മീഷനെ വയ്ക്കേണ്ടത് ലോക്കറിന്റെ താക്കോൽ കാണാനില്ലാത്തതിനാണ്. ഒന്നല്ല നിരവധി ലോക്കറിന്റെ താക്കോൽ കാണാനില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ പകപോക്കൽ രാഷ്ട്രീയത്തിന്റെ വക്താവായ, കള്ളക്കേസിൽ കുടുക്കുന്നതിൽ അഭിരമിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ താക്കോൽ കണ്ടെത്താനായി നിയമിക്കുന്ന അന്വേഷണ കമ്മീഷന്റെ ചെയർമാനാക്കണമെന്നാണ് എന്റെ അഭിപ്രായം.

ഇവിടെ ശ്രീ. പി. ടി. തോമസ് വെടിയുണ്ടയെ സംബന്ധിച്ച പ്രശ്നം ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായിട്ടാണ് ഉന്നമെന്നാണ് ഞങ്ങളൊക്കെ ധരിച്ചത്. പക്ഷേ ഇപ്പോൾ വെടിയുണ്ട തറച്ചിരിക്കുന്നത് ശ്രീമാൻ രമേശ് ചെന്നിത്തലയുടെ നെഞ്ചത്താണ്. കാരണമെന്താണ്? പുറത്തുവന്ന വാർത്തകൾ വച്ചുനോക്കുമ്പോൾ കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് വെടിയുണ്ടയിൽ മഹാഭൂരിപക്ഷവും കാണാതായത്. 2015-ൽ നിങ്ങൾ ബോർഡിനെ വച്ചു. ആ ബോർഡ് വെടിയുണ്ടകൾ പരിശോധിച്ചില്ല. മറിച്ച് ആ വെടിയുണ്ടകളുടെ പെട്ടി പരിശോധിച്ചു. ആ പെട്ടിയുടെ പുറത്തുള്ള കണക്കുമാത്രം നോക്കി റിപ്പോർട്ടുണ്ടാക്കി. പിന്നീട് ഈ സർക്കാർ 2016 ആഗസ്റ്റിൽ എ.ഡി.ജി.പി.യെ നിയമിച്ചു. അദ്ദേഹം ഇതുസംബന്ധിച്ച് അന്വേഷിച്ചു. ചിലരെ രക്ഷിക്കാനായി ബോർഡ് ഗുരുതരമായ വീഴ്ച വരുത്തി. ചിലരെ രക്ഷിക്കാൻ ഇത് മൂടിവയ്ക്കാൻ ശ്രമിച്ചുവെന്ന് കണ്ടെത്തി. അപ്പോൾ ഈ കേസ്സിലെ ഒന്നാമത്തെ പ്രതി ആരാണ്? ശ്രീ. രമേശ് ചെന്നിത്തലയാണ് ഒന്നാമത്തെ പ്രതി. ശ്രീ. രമേശ് ചെന്നിത്തലയുടെ തൊട്ട് പുറകിലിരിക്കുന്ന പലരും അദ്ദേഹത്തിന് പണി കൊടുക്കാനായി തീരുമാനിച്ചുറപ്പിച്ചിരിക്കുകയാണെന്നാണ് ഞാൻ സംശയിക്കുന്നത്. ഇത് ശ്രീമാൻ മുല്ലപ്പള്ളി രാമചന്ദ്രന്റെ ക്വട്ടേഷനാണോ എന്ന സംശയമില്ലാതില്ല.

പിന്നീട് ഇവിടെ ഡി.ജി.പി.-യെക്കുറിച്ചാണ് പറയുന്നത്. ഞങ്ങൾ ഡി.ജി.പി.-യെ വെള്ള പൂശാൻ ശ്രമിക്കുന്നില്ല. ഒരു ഡി.ജി.പി.-ക്കുവേണ്ടി ഒരു ദിവസം മുഴുവൻ നഷ്ടപ്പെടുത്തിയവരാണ് പ്രതിപക്ഷം. ശ്രീ. ടി. പി. സെൻകുമാർ എത്ര മികച്ച ഓഫീസറായിരുന്നു. '916 ഓഫീസർ' എന്ന് അവിടെനിന്നും വിളിച്ചുപറഞ്ഞവരുണ്ടല്ലോ? ശ്രീ. ടി. പി. സെൻകുമാറിനുവേണ്ടി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ വക്കാലത്തുണ്ടായിരുന്നല്ലോ? ഇപ്പോൾ അത് എന്റെ പിഴ, എന്റെ ഏറ്റവും വലിയ പിഴ എന്നുപറയുകയാണ്. ഇതാണ് നിങ്ങളുടെ നിലപാട്.

നിങ്ങളുടെ കാലത്ത്, ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ സഹമന്ത്രിയായിരുന്ന കാലത്ത് ഈ ലോക്നാഥ് ബഹ്റയ്ക്കല്ലേ നിങ്ങൾ എൻ.ഐ.എ.-യിൽ ഡെപ്യൂട്ടേഷൻ കൊടുത്ത് സി.ബി.ഐ.-യുടെ ജോയിന്റ് ഡയറക്ടറാക്കിയത്. എന്നിട്ട് ആ ബഹ്റ ഒരു പാലമുണ്ടാക്കുകയാണെന്ന് ഇപ്പോൾ പറയുകയാണ്. ടൈറ്റാനിയം അഴിമതി കേസ്സന്വേഷിക്കാൻ വിട്ടിട്ട് സെപ്റ്റംബർ 31-നാണ് സി.ബി.ഐ. അന്വേഷിക്കണമെന്ന് തീരുമാനിച്ചത്. പക്ഷേ സി.ബി.ഐ. അനങ്ങുന്നില്ല. പാലം എന്തായെന്ന് നിങ്ങൾ വിശദീകരിക്കണം. നിങ്ങൾക്കെതിരെ ടൈറ്റാനിയം കേസ് നിലനിൽക്കുകയാണ്. ഒന്നോ രണ്ടോ മുൻ മന്ത്രിമാരല്ല, കഴിഞ്ഞ സർക്കാരിന്റെ മന്ത്രിമാരെല്ലാം അഴിയെണ്ണുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കാരണം, ശരിയായ ദിശയിൽ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഡി.ജി.പി.-യെ വിമർശിക്കാനും സംസ്ഥാന സർക്കാരിൽ ബി.ജെ.പി. ബന്ധം ആരോപിക്കാനും വല്ലാതെ വ്യഗ്രത കാണിക്കുന്ന കേരളത്തിലെ കെ.പി.സി.സി. പ്രസിഡന്റായ ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനും അതിന് പിന്തുണ കൊടുക്കുന്ന അങ്ങയോടും എനിക്ക് പറയാനുള്ളത്, ഹിറ്റ്ലർ സിനിമയിൽ സോമൻ പറയുന്നതുപോലെ 'ഒന്ന് ഒച്ച വച്ചിരുന്നെങ്കിൽ' എന്നാണ്. ശ്രീ. അമിത് ഷായുടെ ഫയൽ കണ്ടപ്പോൾ അത് മുക്കിയത് ശ്രീ. ലോക്നാഥ് ബഹ്റയാണെന്നല്ലേ നിങ്ങൾ പറഞ്ഞത്. മന്ത്രി ആ ഫയൽ കണ്ടപ്പോൾ ഒന്ന് ഒച്ച വച്ചിരുന്നെങ്കിൽ ശ്രീ. അമിത് ഷായുടെ കാര്യം തീരുമാനമാകുമായിരുന്നില്ലേ? അപ്പോൾ നിങ്ങളാണ് ശ്രീ. അമിത് ഷായെ രക്ഷിച്ചതെന്ന കാര്യം ആർക്കാണ് അറിയാത്തത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഇവിടെ ഇപ്പോൾ കൊലപാതകത്തെക്കുറിച്ചാണ് പറയുന്നത്. ഞങ്ങളുടേത് കൊലപാതകത്തെ ശക്തമായി എതിർക്കുന്ന പ്രസ്ഥാനമാണ്. കുനിയിലെയും മണ്ണാർക്കാടിലെയും ഇരട്ടക്കൊലപാതകത്തിൽ നിങ്ങൾ സ്വീകരിച്ച നിലപാടല്ല ഈ സർക്കാർ സ്വീകരിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താണ് പറഞ്ഞതെന്ന് അറിയാമോ? ആ വീട്ടിൽ പോകാമെന്നാണ്. കോൺഗ്രസ് നേതാക്കൻമാരുടെ ഫോൺവിളിക്കുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാസർഗോഡ് വന്ന് മണിക്കൂറുകളോളം നിന്നു. കേരളം ആഗ്രഹിക്കുന്ന ഒരു ശബ്ദമായിരുന്നു, വിവേകത്തിന്റെ ഒരു നിലപാടായിരുന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എത്ര കൊലപാതകങ്ങളുണ്ടായി? ലാൽജി കൊളന്നൂർ, മധു ഈച്ചരത്ത് എന്നിവരെല്ലാം കോൺഗ്രസ്സുകാരാണ്. ഇവരെ കൊന്നതാരാണെന്ന് ശ്രീ. അനിൽ അക്കരയ്ക്ക് അറിയാം. നിങ്ങൾ ആ കേസൊക്കെ സബൂറാക്കിയില്ലേ? അവർക്ക് കുടുംബങ്ങളില്ലേ; അവർക്ക് കണ്ണുനീരില്ലേ; അവരുടെ കുടുംബത്തിന്റെ വേദന എന്താണ് നിങ്ങൾ മനസ്സിലാക്കാതിരുന്നത്? ചാവക്കാട്

ഹനീഫയുടെ കേസ് എങ്ങനെയാണ് ആവിയായിപ്പോയത്? ആ കേസിലെ പ്രതിയായ ഗോപൻ ജയിലിൽനിന്നും പുറത്തുവന്നപ്പോൾ അദ്ദേഹത്തെ ബ്ലോക്ക് പ്രസിഡന്റാക്കിയത് നിങ്ങളല്ലേ? കൊലപാതകത്തിനെതിരായി എന്ത് നിലപാടാണ് നിങ്ങൾക്കുള്ളത്. സി.ബി.ഐ.-യുടെ കാര്യം, ശ്രീ. പി. ചിദംബരത്തിനെ അറസ്റ്റ് ചെയ്യുന്ന ഘട്ടത്തിൽ കോൺഗ്രസ്സ് വക്താവായ അഭിഷേക് സിംഗ്‌വി പറഞ്ഞത്, using CBI for crackdown of opposition leaders എന്നാണ്. സി.ബി.ഐ. പ്രതിപക്ഷനേതാക്കളെ അടിച്ചമർത്തുകയാണെന്നാണ്.

ശ്രീ. അനിൽ അക്കര: സർ, പോയിന്റ് ഓഫ് ഓർഡർ.... നേരത്തെ പറഞ്ഞ വിഷയത്തിൽ ഗോപപ്രതാപൻ ഈ കേസിലെ പ്രതിയുമല്ല; അദ്ദേഹം ജയിലിൽ പോയിട്ടുമില്ല. അത് രേഖയിലുണ്ടാകാൻ പാടില്ല. അങ്ങനെയൊരു സംഭവമേ ഉണ്ടായിട്ടില്ല. നിങ്ങളുടെ പോലീസാണ് അത് അന്വേഷിച്ചത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, അന്നത്തെ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. വി. എം. സുധീരൻ ആ വീട്ടിൽ പോയപ്പോൾ ചാനലുകൾ ഒപ്പിയെടുത്ത ഒരു ദൃശ്യമുണ്ട്. അത് ഏതൊരാളുടെയും കരളലിയിപ്പിക്കുന്ന ഒരു ദൃശ്യമായിരുന്നു. ഹനീഫയുടെ ഉമ്മ ശ്രീ. വി. എം. സുധീരന്റെ ഷർട്ടിന് പിടിച്ചിട്ട് 'എന്റെ മകനെ കൊല്ലിച്ചത് ഗോപനാണെന്ന് പറയുകയാണ്. ആ ഗോപനെ രക്ഷപ്പെടുത്തിയതാണ് കോൺഗ്രസ്. ആ പാതകത്തിൽനിന്നും ഒരുകാലത്തും ഒഴിഞ്ഞുമാറാൻ കഴിയില്ല. അതുകൊണ്ട് അക്രമ രാഷ്ട്രീയത്തിനെതിരായി പറയാനുള്ള ഒരു ധാർമ്മികതയും കേരളത്തിലെ കോൺഗ്രസ്സിനില്ലായെന്നുള്ളത് നിങ്ങൾ മനസ്സിലാക്കണം. തൃശ്ശൂർ ജില്ലയിൽ മുൻ എം.എൽ.എ-യെ വെടിവച്ചുകൊന്ന കേസിലെ പ്രതികൾ കോൺഗ്രസ്സുകാരായിരുന്നു. കേരളത്തിലെ ഒരു എം.എൽ.എ.-യെ മാത്രമേ വെടിവച്ച് കൊന്നിട്ടുള്ളൂ. അത് കെ. കുഞ്ഞാലിയെയാണ്. ആ കേസിലും പ്രതികൾ കോൺഗ്രസ്സുകാരാണ്. അതുകൊണ്ട് കേരളത്തിൽ അക്രമ രാഷ്ട്രീയത്തെ ആരും പ്രോത്സാഹിപ്പിക്കേണ്ട. ഇവിടെ അക്രമം പാടില്ലായെന്ന നിലപാടുതന്നെയാണ് ഞങ്ങളുടേത്. കുനിയിൽ ഇരട്ടക്കൊലപാതകക്കേസിൽ എം.എൽ.എ. പ്രതിയല്ലാതായത് എങ്ങനെയാണ്? നിങ്ങളുടെ ഭരണകാലത്ത് നിങ്ങൾ അധികാരം ദുർവിനിയോഗം ചെയ്തു. ഇപ്പോൾ ബി.ജെ.പി കേന്ദ്രത്തിൽ ചെയ്യുന്നതുപോലെ, കേരള പോലീസിനെ ഉപയോഗിച്ചുകൊണ്ട് അധികാര ദുർവിനിയോഗം നടത്തിയ രണ്ട് ആഭ്യന്തര മന്ത്രിമാരാണ് അവിടെയിരിക്കുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഭ്യന്തര മന്ത്രിയായിരുന്നപ്പോൾ, നമ്മുടെ പ്രിയങ്കരനായ വിദ്യുച്ഛക്തി മന്ത്രി ഒരു പ്രസംഗം നടത്തിയതിന്റെ പേരിലല്ലേ അദ്ദേഹത്തെ കുമളി ജയിലിൽ രണ്ടുമാസം അടച്ചത്. ജനങ്ങൾ ഇതൊക്കെ അറിയുന്നുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം. ഈ രീതിയിലുള്ള പകപോക്കൽ രാഷ്ട്രീയം ഞങ്ങൾക്കില്ല. വിഴിഞ്ഞത്തിന്റെ കാര്യത്തിൽ സി. ആൻഡ് എ.ജി. റിപ്പോർട്ട് വന്നല്ലോ. ഞങ്ങൾ സി. ആൻഡ്

എ.ജി. റിപ്പോർട്ട് പൊക്കിപ്പിടിച്ച് അതിന്റെ പേരിൽ ഒരു അന്വേഷണ കോലാഹലം ഉണ്ടാക്കണമെന്ന് ഇവിടെ പറഞ്ഞിട്ടില്ല. ഈ കാര്യത്തിൽ പകപോക്കലിന്റെ നിലപാട് ഞങ്ങൾക്കില്ല. ഇപ്പോൾ സി.ബി.ഐ.യോട് എന്തൊരു സ്നേഹമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഇപ്പോഴും സി.ബി.ഐ.-യിൽ വിശ്വാസമുണ്ടോ എന്ന കാര്യം ഇവിടെ വ്യക്തമാക്കണമെന്നാണ് എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്. അഖിലേന്ത്യാ കോൺഗ്രസ്സിന്റെ നിലപാടാണോ അതോ കേരളത്തിലെ കോൺഗ്രസ്സിന് സി.ബി.ഐ.-യുടെ കാര്യത്തിൽ പ്രത്യേക നിലപാടുണ്ടോ എന്നുകൂടി വ്യക്തമാക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, കുനിയിൽ ഇരട്ടക്കൊലപാതകക്കേസിൽ ഞാൻ പ്രതിയാണെന്ന് ശ്രീ. റ്റി. വി. രാജേഷ് പറഞ്ഞു. ഞാൻ കൊലക്കേസിലെ പ്രതിയല്ല, എന്റെ പേരിൽ ഒരു കേസുമില്ല. എന്തിനാണ് ആവശ്യമില്ലാത്തത് പറയുന്നത്? നിങ്ങൾക്ക് തോന്ന്യവാസം പറയാനുള്ളതാണോ ഈ സഭ? എന്താണ് നിങ്ങൾ മനസ്സിലാക്കിയത്? (...........ബഹളം........) അല്ലെങ്കിൽത്തന്നെ ഞാൻ ലോലഹൃദയനാണ്; ഞാനൊന്നും മിണ്ടാതെ നടക്കുകയാണ്.

മി. സ്പീക്കർ: അങ്ങനെ പറഞ്ഞിട്ടില്ല. അങ്ങയുടെ പേരൊന്നും പറഞ്ഞിട്ടില്ല.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ ആരെയും പേരെടുത്തു പറഞ്ഞിട്ടില്ല. എഫ്.ഐ.ആർ.-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ആ കാര്യം വസ്തുതയാണ്. അത് ഇവിടെ ചർച്ച ചെയ്തിട്ടുള്ള കാര്യമാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഭ്യന്തര മന്ത്രിയായിരിക്കുമ്പോൾ, രാഷ്ട്രീയ എതിരാളികളെ കള്ളക്കേസിൽ കുടുക്കി അതിൽ ആനന്ദം കണ്ടെത്തുന്ന പ്രത്യേക അസുഖം അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ ഞങ്ങൾ അത് ചെയ്യില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ ശ്രീ. റ്റി. വി. രാജേഷ് ഒരു പരാമർശം പറയുകയുണ്ടായി. അത് അദ്ദേഹത്തിന്റെ പരിചയക്കുറവ് കൊണ്ടായിരിക്കും. കള്ളക്കേസെന്ന് അദ്ദേഹം പറഞ്ഞു. ആ കേസ്സെല്ലാം കോടതിയിലുണ്ട്. അത് കള്ളമാണോ അല്ലയോ എന്ന് തീരുമാനിക്കേണ്ടത് കോടതിയാണ്. എടുത്ത തീരുമാനങ്ങളെല്ലാം കോടതിയിൽ പോയിട്ടുണ്ട്. കേസ് നടത്തിയ ചില ആളുകൾക്ക് ശിക്ഷയും കിട്ടിയിട്ടുണ്ട്. ദയവായി എന്നെ അതിലൊന്നും വലിച്ചിഴയ്ക്കരുത്. നിയമം നിയമത്തിന്റെ വഴിക്ക് പോകും. ശ്രീ. റ്റി. വി. രാജേഷിനും അതിനകത്ത് ഒരു ചെറിയ പരാതിയുണ്ട്. അദ്ദേഹത്തിന്റെ പരാതി ഞാൻ പരസ്യമായി പറയുന്നില്ല. അതൊന്നും രേഖയിൽ കാണരുത്. ദയവായി സത്യവിരുദ്ധമായ കാര്യങ്ങൾ രേഖയിലുണ്ടാകരുത്. അതാണ് ചട്ടം 307 അനുസരിച്ച് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്.

മി. സ്പീക്കർ: അങ്ങ് ചട്ടം 288 ആണ് ഇപ്പോൾ പറഞ്ഞത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഭ്യന്തര മന്ത്രിയായിരിക്കുമ്പോഴാണ്, രാഷ്ട്രീയ എതിരാളികളെ ഏറ്റവും കൂടുതൽ കള്ളക്കേസിൽ കുടുക്കി പീഡിപ്പിച്ചത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെയുൾപ്പെടെ സഹപ്രവർത്തകയായിരുന്ന സഖാവ് കെ. കെ. ലതിക ഈ സഭയിലെ അംഗമായിരുന്നു. അവരുടെ മകൻ എൻ.ഐ.റ്റി.-യിൽ നിന്നും ഉയർന്ന ബിരുദം നേടി നാട്ടിലെത്തിയപ്പോൾ കള്ളക്കേസിൽ കുടുക്കി ഇവിടെനിന്നും നാടുകടത്തിയ കേസ് അക്കാലത്തുണ്ടായതാണ്.ശ്രീ. റ്റി. വി. രാജേഷ് ഉൾപ്പെടെയുള്ളവരെയെല്ലാം കേസ്സിൽ കുടുക്കിയിട്ടുണ്ട്. ഒന്നും ഉണ്ടായിട്ടില്ലെന്ന് അദ്ദേഹം ഇവിടെ സ്ഥാപിച്ചതുകൊണ്ട് അക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ ശ്രീമതി കെ. കെ. ലതികയുടെ കാര്യം പറഞ്ഞതുകൊണ്ട് ഞാൻ പറയാം. 6-7 വർഷമായി പറയാത്ത ഒരു കാര്യമുണ്ട്. വിദേശത്തുപോകുന്നതിന് എന്റെ മകന് പോലീസ് തടസ്സമുണ്ടാക്കുന്നുവെന്ന് ശ്രീമതി കെ. കെ ലതിക എന്നെ വിളിച്ചു പറഞ്ഞു. ഞാനാണ് ശ്രീമതി കെ. കെ. ലതികയുടെ മകനെ ഒരു കുഴപ്പവുമില്ലാതെ ഇവിടെത്തന്നെ നിർത്തിയത്. ബാക്കി എന്നെക്കൊണ്ട് പറയിപ്പിക്കാൻ ഇടയാക്കരുത്. ഞാൻ ബാക്കിയൊന്നും പറയുന്നില്ല. അങ്ങ് പറഞ്ഞതുകൊണ്ടു മാത്രം പറഞ്ഞതാണ്. ആരെങ്കിലും ആരെയെങ്കിലും കുത്തിക്കൊന്നാൽ ചിലപ്പോൾ അതിന്റെയൊക്കെ ഫലം അനുഭവിക്കേണ്ടിവരും. അതൊന്നും എന്റെ മേൽ കെട്ടിവയ്ക്കേണ്ട കാര്യമില്ല (............ബഹളം........) ഇനി അടുത്തു പറഞ്ഞാൽ, ബാക്കി കൂടി പറയും.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്...

ശ്രീ. എ. എൻ. ഷംസീർ: സർ, ...............(............മൈക്ക് ഓഫ്........)

ശ്രീ. എം. സ്വരാജ്: സർ, ഞങ്ങളുടെയെല്ലാം പേരിൽ കള്ളക്കേസ് എടുത്തതാണ്. (............മൈക്ക് ഓഫ്........)

മി. സ്പീക്കർ: ... പ്ലീസ്........ ഇരിക്കൂ ....ശ്രീ. എ. എൻ. ഷംസീർ, ശ്രീ. റോജി എം. ജോൺ... ഇരിക്കൂ. ശ്രീ. എം. സ്വരാജ്.... എല്ലാവരും സംസാരം അവസാനിപ്പിക്കൂ.

3.00 P.M.]

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ധൂർത്തും അഴിമതിയും സ്വജനപക്ഷപാതവുമാണ് ഈ സർക്കാരിന്റെ മുഖമുദ്ര. പൊതുഭരണം എന്ന

വകുപ്പെടുത്ത് പരിശോധിച്ചാൽ ആ വകുപ്പ് ഒരു പരാജയമാണെന്ന് കാണാൻ കഴിയും. ഡി.ജി.പി. ചട്ടം ലംഘിച്ച് വാങ്ങി സമ്മാനിച്ച കാറിൽ സഞ്ചരിക്കുന്ന ചീഫ് സെക്രട്ടറി, സി.ആന്റ് എ.ജി. കണ്ടെത്തിയ വീഴ്ചകളെ ന്യായീകരിക്കുന്ന ആഭ്യന്തര വകുപ്പ് സെക്രട്ടറി, പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ ഇൻസ്പെക്ഷന് പോകേണ്ട എന്നുപറയുന്ന ധനകാര്യ വകുപ്പ് സെക്രട്ടറി, ഇത്തരം സെക്രട്ടറിമാരെ നിയന്ത്രിക്കുന്ന ഒരു സൂപ്പർ സെക്രട്ടറി, ഇതാണ് പൊതുഭരണ വകുപ്പിൽ നമുക്ക് കാണാൻ കഴിയുന്ന കാഴ്ച. സത്യസന്ധനും കാര്യക്ഷമതയുമുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർക്ക് കേരളത്തിൽ പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമോ ആഗ്രഹമോ ഇല്ലാത്ത സാഹചര്യം ഉണ്ടായിരിക്കുന്നു. ധനകാര്യവകുപ്പിലെ രണ്ട് മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥരായ അഡീഷണൽ ചീഫ് സെക്രട്ടറി മനോജ് ജോഷി, സഞ്ജീവ് കൗശിക് എന്നിവർ കേന്ദ്ര സർവ്വീസിലേയ്ക്ക് പോയി. കേരളത്തിന് വേണ്ടത് 231 ഐ.എ.എസ് ഉദ്യോഗസ്ഥരാണ്, ഇപ്പോഴുള്ളത് 151 പേരാണ്. ഭരണത്തിന്റെ കാര്യക്ഷമത ഇതിൽ നിന്നുതന്നെ നമുക്ക് കണക്കാക്കാൻ സാധിക്കും. ഓരോ സെക്രട്ടറിമാരും അഞ്ചും ആറും വകുപ്പുകളുടെ ചുമതലയാണ് ഇന്ന് ഏറ്റെടുത്തിട്ടുള്ളത്. ഒന്നര ലക്ഷം ഫയലുകളാണ് സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്നതെന്ന് ശ്രീ. എം. ഉമ്മർ ഇവിടെ ചൂണ്ടിക്കാണിച്ചു. തീവ്രയജ്ഞ പരിപാടിയിലൂടെ ഫയൽ അദാലത്ത് നടത്തി. ഇപ്പോൾ 1,90,114 ആയി കെട്ടിക്കിടക്കുന്ന ഫയലുകളുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ ധനവിനിയോഗം പരിശോധിക്കാം. റീബിൽഡ് കേരള പദ്ധതിക്ക് 1000 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചു. ഒരു പൈസയും ചെലവഴിച്ചില്ല. ഐ.ടി. 27.4%, പൊതുഭരണം 29%, ആഭ്യന്തരം 27%, പ്ലാനിംഗ് 26%, വിജിലൻസ് 31%, കോസ്റ്റൽ ഷിപ്പിംഗ് 10%. ഞാൻ പറയുന്നത് തെറ്റാണെങ്കിൽ കേരള ഗവൺമെന്റ് വെബ്സൈറ്റിൽ നോക്കിയാൽ അറിയാൻ സാധിക്കും. ഇതാണ് പൊതുഭരണത്തിന്റെ യഥാർത്ഥ ചിത്രം. നിയമസഭ വോട്ട് ചെയ്ത് പാസ്സാക്കുന്ന പണംപോലും കൃത്യമായി ചെലവഴിക്കാൻ കഴിയാത്ത ദുഃസ്ഥിതിയാണ് ഇന്ന് പൊതുഭരണ രംഗത്ത് കാണാൻ സാധിക്കുന്നത്.

നുണകളുടെ കൂമ്പാരത്തിലാണ് ഈ സർക്കാർ ജീവിക്കുന്നത്. എല്ലാ രംഗത്തും പരാജയപ്പെട്ട സർക്കാർ അവസാനമായി നുണ വ്യവസായം പുഷ്ടിപ്പെടുത്തുകയാണ്. പ്രളയ പുനർ നിർമ്മാണത്തിന്റെ പേരിൽ നടന്ന നുണ, വ്യവസായ വളർച്ചയുടെ പേരിലുള്ള നുണ, കാർഷിക വളർച്ചയുടെ പേരിലുള്ള നുണ, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പേരിൽ നടന്നിട്ടുള്ള നുണ എന്നിങ്ങനെ പോകുന്നു. എല്ലാത്തിനും മറുമരുന്നായി വച്ചിട്ടുള്ള കിഫ്ബിയുടെ

കാര്യത്തിലും പെരുംനുണയാണ്. കിഫ്ബിയുടെ കാര്യം ആദ്യം എടുക്കാം. കിഫ്ബി കേരളത്തിന്റെ സമഗ്ര വികസനത്തിന് വഴിതെളിയിക്കുന്ന ഒന്നാണെന്നാണല്ലോ ഗവൺമെന്റിന്റെ അവകാശവാദം. സാധാരണഗതിയിൽ ബഡ്ജറ്റിലൂടെ സാധ്യമാകുകയില്ല. അതുകൊണ്ട് ബഡ്ജറ്റിന് പുറത്താണ് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതെന്നും അതാണ് കിഫ്ബിയെന്നുമാണ് പറഞ്ഞത്. കിഫ്ബിയിലൂടെ 50,000 കോടി രൂപയുടെ വികസന പദ്ധതികൾ നടത്തുമെന്നാണ് പറഞ്ഞത്. ശ്രീ. വി. ടി. ബൽറാമിന്റെയും ശ്രീ. പി. ടി. തോമസിന്റെയും ചോദ്യത്തിന് ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ നൽകിയ മറുപടി എന്റെ കയ്യിലുണ്ട്. അത് യഥാർത്ഥ ചിത്രം വ്യക്തമാക്കുന്നു. 2016-17-ൽ കിഫ്ബി വഴി ഭരണാനുമതി നൽകിയ പദ്ധതികൾ-250, പണി തുടങ്ങാൻ പോകുന്നത്-109. 2017-18-ൽ കിഫ്ബി വഴി അനുവദിച്ച പദ്ധതികളുടെ എണ്ണം-224, പണി ആരംഭിച്ചത് 2 എണ്ണം മാത്രം. ഇതുവരെ കിഫ്ബിയിലൂടെ പണി പൂർത്തിയാക്കിയ റോഡുകളുടെ ആകെ എണ്ണം 6 എന്നാണ് ശ്രീ. ജി. സുധാകരൻ പറയുന്നത്. നാല് വർഷം കൊണ്ട് പണിത റോഡുകളുടെ എണ്ണമാണ് 6. 2016-2017, 2017-18 എന്നീ വർഷങ്ങളിൽ അനുവദിച്ച പദ്ധതികളുടെ വിശദമായ ലിസ്റ്റും പണി എവിടെവരെ നടന്നുവെന്നും വളരെ വ്യക്തമായിത്തന്നെ ശ്രീ. ജി. സുധാകരൻ നൽകിയ മറുപടിയിൽ പറയുന്നുണ്ട്. മറുപടി എന്റെ കയ്യിലുണ്ട്, ആർക്ക് വേണമെങ്കിലും പരിശോധിക്കാം. 'നാഴിയുരിപ്പാലുകൊണ്ട് നാടാകെ കല്യാണം' എന്ന് പറഞ്ഞതുപോലെ എല്ലായിടത്തും പദ്ധതികളാണ്. പക്ഷെ ഒരു പദ്ധതിയും ആരംഭിച്ചിട്ടില്ല. എന്റെ മണ്ഡലത്തിൽ 450 കോടി രൂപ അനുവദിച്ചുവെന്ന് ചിലരൊക്കെ പറഞ്ഞു. ഞാൻ അത്ഭുതപ്പെട്ടുപോയി. കടൽക്ഷോഭത്തിനെതിരെയുള്ള പ്രതിരോധ പ്രവർത്തനത്തിനായി 90 കോടി രൂപ അനുവദിച്ചു. നാല് വർഷമായി ഒരു രൂപപോലും ചെലവഴിച്ചിട്ടില്ല. അലൈൻമെന്റ് തുടങ്ങാൻ തീരുമാനിച്ചിട്ടില്ല, ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ തുടർന്നുവരുന്നു, ചർച്ച നടക്കുന്നു എന്നീ കാര്യങ്ങളാണ് പദ്ധതിയുടെ നടത്തിപ്പിനെപ്പറ്റി പറയുന്നത്. ഇനി ഒരു വർഷം കഷ്ടിച്ചേയുള്ളൂ. ഇതിനിടയിൽ എത്ര പദ്ധതികൾ നടപ്പാക്കാൻ സാധിക്കും? വാസ്തവത്തിൽ പൊതുമരാമത്ത് വകുപ്പിനെ ഈ പദ്ധതി ഏൽപ്പിച്ചിരുന്നെങ്കിൽ അവരെങ്കിലും കാര്യക്ഷമമായി നടത്തുമായിരുന്നു. ഇപ്പോൾ അതും നടക്കുന്നില്ല. കയർ വകുപ്പിന്റെ കാര്യത്തിൽ ധനകാര്യവകുപ്പുമന്ത്രിയായ ഡോ. ടി. എം. തോമസ് ഐസക്കിനെക്കുറിച്ച് 'ഫേസ് ബുക്കിൽ ലൈക്കുകളുടെ എണ്ണം കൂട്ടുന്നതല്ലാതെ പ്രായോഗികതലത്തിൽ യാതൊന്നും ചെയ്യുന്നില്ല' എന്ന് ആലപ്പുഴ സി.പി.ഐ. ജില്ലാ സെക്രട്ടറി ശ്രീ. ആഞ്ചലോസ് പറഞ്ഞൊരു വാചകമുണ്ട്. ഫേസ് ബുക്കിലൂടെ ലൈക്ക് കൂട്ടുന്നതല്ലാതെ ഡോ. ടി. എം. തോമസ് ഐസക് എന്ന ധനകാര്യവകുപ്പുമന്ത്രി യാതൊന്നും ചെയ്യുന്നില്ല എന്നതാണ് വസ്തുത.

പൊതുമരാമത്ത് വകുപ്പ് മന്ത്രിക്ക് ഇതിന്റെ അഭിപ്രായം പറയാവുന്നതാണ്. അദ്ദേഹം മാന്യനായതുകൊണ്ട് പറയുന്നില്ല എന്നുമാത്രമേയുള്ളൂ.

കിഫ്ബിയിൽ പദ്ധതികൾ നടക്കാനിരിക്കുന്നതേയുള്ളൂ. പക്ഷെ അതിൽ ബോധവൽക്കരണം നടക്കുന്നുണ്ട്. അതിന്റെ ചെലവ് എന്താണ്; ബോധവൽക്കരണ ക്യാമ്പുകൾക്ക് 12.90 കോടി രൂപ, തിയേറ്റർ പരസ്യം 1.11 കോടി രൂപ, റെയിൽവേ സ്റ്റേഷനിലെ പരസ്യത്തിന് 2.62 കോടി രൂപ. നമ്മുടെ രാജ്യത്തും ഇന്ത്യയ്ക്ക് വെളിയിലും paid news എന്ന സംവിധാനമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അത് ദയവായി കേരളത്തിലുണ്ടാകാൻ പാടില്ല. Paid news സംസ്കാരം കേരളത്തിൽ കൊണ്ടുവരാൻ പാടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 'നാം മുന്നോട്ട് ' എന്ന പരിപാടി നമുക്ക് മനസ്സിലാകും, ഗവൺമെന്റ് പറയുന്ന കാര്യങ്ങളാണ്. പരസ്യം കൊടുത്ത് സ്പോൺസേർഡ് പരിപാടികൾ കാണിച്ച് ആളുകളെ കബളിപ്പിക്കുന്ന പരിപാടി അവസാനിപ്പിക്കണം. ഷോട്ട് കൊടുക്കുകയാണ്. അത് എഴുതി വയ്ക്കുന്നുമില്ല. Paid news ഒരു ചീത്ത സംസ്കാരമാണ്. ഒരു ഗവൺമെന്റും ചെയ്യാൻ പാടില്ലാത്തതാണ്. അങ്ങ് ശ്രദ്ധിക്കണം, ദൗർഭാഗ്യവശാൽ കേരളത്തിൽ ഇന്ന് Paid news-ന്റെ ഒരംശം ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വളർന്നുവരുന്നുവെന്നത് ജനാധിപത്യത്തിന് അപകടകരമായ ഒരു കാര്യമാണ്. സ്വതന്ത്ര പത്രപ്രവർത്തനത്തെ കുഴിച്ചുമൂടുന്ന ഒന്നാണിത്.

മുൻ മുഖ്യമന്ത്രിയായ ശ്രീ. ഉമ്മൻ ചാണ്ടി ലൈഫ് പദ്ധതിയെക്കുറിച്ച് ഇന്നലെ ആധികാരികമായ രേഖകൾ ഉദ്ധരിച്ചുകൊണ്ടാണ് പറഞ്ഞത്. പാവപ്പെട്ടവർക്ക് വീട് വച്ചുകൊടുക്കുന്നതിന് ഞങ്ങളെന്തിനാണ് എതിര് നിൽക്കുന്നത്; ഞങ്ങളാരുടെയും കഞ്ഞിയിൽ മണ്ണിടുന്നില്ല. നിങ്ങളാണ് കേരളത്തിലെ ജനങ്ങളുടെ കഞ്ഞിയിൽ മണ്ണ് ഇട്ടിട്ടുള്ളത്. മണ്ണ് വാരിതിന്ന് കുട്ടികൾ ജീവിക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റിയത് നിങ്ങളാണെന്നതാണ് യാഥാർത്ഥ്യം. എത്ര വലിയ കള്ളം ചെയ്താലും സത്യത്തിന്റെ ഒരംശം ദൈവം അതിൽ സൂക്ഷിക്കുമെന്ന് പറയാറുണ്ട്. ഈ സഭയിൽ 5-2-2019-ന് കൊച്ചി എം.എൽ.എ. ആയ ശ്രീ. കെ. ജെ. മാക്സിയുടെ ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ നൽകിയ മറുപടിയിൽ ലൈഫ് പദ്ധതിയിലൂടെ ഭൂമിയുള്ള ഭവനരഹിതരിൽ അർഹരായി കണ്ടെത്തിയിട്ടുള്ളത് 1,00,618 പേരാണെന്നാണ് പറയുന്നത്. എന്നാൽ രണ്ട് ലക്ഷം പേർക്ക് വീട് വച്ച് കൊടുത്തുവെന്നാണ് ഈ സർക്കാർ അവകാശപ്പെടുന്നത്. ഒരു ലക്ഷം പേരെ അർഹരെന്ന് കണ്ടെത്തിയിട്ട് രണ്ട് ലക്ഷം പേർക്ക് വീട് വച്ച് കൊടുത്തുവെന്ന് പറഞ്ഞാൽ സാമാന്യ ബുദ്ധിക്ക് നിരക്കുന്ന കാര്യമല്ലല്ലോ?

ശ്രീ. കെ. ജെ. മാക്സി: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കാര്യങ്ങൾ വ്യക്തമായി പഠിക്കണം. ഒരു മാസം മുമ്പ് നൽകിയ കണക്കാണിത്. അന്ന് 1,86,597 ആണെന്നാണ് കണക്ക് തന്നത്. ഒരു മാസത്തിനുശേഷം വീണ്ടും വീടുകൾ കൂടി വന്നിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് നൽകുന്ന കണക്കാണിത്. അത് അങ്ങ് മനസ്സിലാക്കണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടത്തെ ചോദ്യം ഭവന രഹിതരെയും ഭൂരഹിതരെയും ലക്ഷ്യമിട്ട് നടപ്പിലാക്കിയ ലൈഫ് പദ്ധതിയിലൂടെ എത്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്; ഭവനരഹിതർ, ഭൂരഹിതർ, ഭൂരഹിത ഭവനരഹിതർ എന്നിവ തരംതിരിച്ച് വ്യക്തമാക്കാമോ എന്നാണ്. ലൈഫ് മിഷൻ, കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിൽ ഭൂരഹിത ഭവനരഹിതരായി 55,21,671 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ഭൂമിയുള്ള ഭവന രഹിതർ 1,84,255 പേരും അർഹത തെളിയിച്ച ഗുണഭോക്താക്കൾ 1,00,618 ആണെന്നുമാണ് ശ്രീ. എ. സി. മൊയ്തീൻ നൽകിയ ഉത്തരത്തിൽ പറയുന്നത്.

ശ്രീ. കെ. ജെ. മാക്സി: സർ, ആ ചോദ്യം ചോദിച്ച തീയതി പറയണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഏത് തീയതിയാണെങ്കിലും സർവ്വേ നടത്തിയെടുത്തശേഷമുള്ള ഉത്തരമാണ് ശ്രീ. എ. സി. മൊയ്തീൻ നൽകിയത്. എന്റെ ചോദ്യം, അർഹത തെളിയിച്ച ഗുണഭോക്താക്കൾ ഒരു ലക്ഷത്തി അറുന്നൂറ്റിപതിനെട്ട് പേരാണ്. അവിടെയാണ് രണ്ട് ലക്ഷംപേർക്ക് വീട് വച്ചുകൊടുത്തുവെന്ന് പറയുന്നത്. കടലാസ് കൊണ്ട് കുട്ടികൾ തോണിയുണ്ടാക്കുന്നതുപോലെ കടലാസ് വീടുകളാണോ ഈ സർക്കാർ ഉണ്ടാക്കുന്നത്. സാധാരണഗതിയിൽ മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും വയ്ക്കുന്ന വീടുകളുടെ പകുതിപോലും ഇത്തവണ വച്ചിട്ടില്ല. ഈ സർക്കാർ പറയുന്ന രണ്ട് ലക്ഷം വീടുകളിൽ 51000 വീടുകൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിർമ്മിച്ച് അവസാനഘട്ടത്തിലെത്തിയതാണ്. ഞങ്ങളുടെ കാലത്ത് തുടങ്ങിയതാണെന്ന് ഞങ്ങൾ പറഞ്ഞില്ലല്ലോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനയോഗത്തിൽ പറഞ്ഞതായി വായിച്ചു. ഏത് ഗവൺമെന്റും തുടർച്ചയാണ്. ആ ഗവൺമെന്റിന്റെ കാലത്ത് അവസാനത്തെ ഘട്ടത്തിൽ, പണി പൂർത്തീകരിക്കപ്പെടേണ്ട സന്ദർഭം വന്നപ്പോഴാണ് ഗവൺമെന്റ് മാറുന്നത്. അവസാനഘട്ടത്തിലുള്ളത് പിന്നെയായിരിക്കും കൊടുത്തിട്ടുള്ളത്. 51000 വീടുകൾ വച്ചുകൊടുത്തു. കഴിഞ്ഞ ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ കാലത്ത് വിവിധ വകുപ്പുകളിലൂടെ 437282 വീടുകൾ നാല് വർഷംകൊണ്ട് ഞങ്ങൾ വച്ചുകൊടുത്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് വിശ്വാസത്തിലെടുത്താൽപോലും ഈ ഗവൺമെന്റിന്റെ കാലത്ത് നാല് വർഷത്തിനിടയിൽ രണ്ട് ലക്ഷം വീടുകളാണ് വച്ചുകൊടുത്തത്. ശ്രീ. ഉമ്മൻചാണ്ടി

പറഞ്ഞതുപോലെ ഞങ്ങൾ പോയി പാല് കാച്ചിയില്ലെന്നുമാത്രമേയുള്ളൂ. ഞങ്ങൾ പാവങ്ങൾക്ക് വീട് വച്ചുകൊടുത്തുവെന്നത് സത്യമാണ്. ഗ്രാമ\ബ്ലോക്ക്\ജില്ലാ പഞ്ചായത്തുകളുടെ തുകയും പതിനഞ്ച് വർഷംകൊണ്ട് തിരിച്ചടയ്ക്കേണ്ട ഹഡ്കോയിൽനിന്നും വായ്പയെടുത്ത തുകയും പ്രധാനമന്ത്രി ആവാസ് യോജന (PMAY) എന്ന് പേര് മാറ്റിയ കേന്ദ്രഗവൺമെന്റിന്റെ ഇന്ദിരാ ആവാസ് യോജന പദ്ധതിയുടെ പണവും ഉൾപ്പെടെ ഈ ഗവൺമെന്റിന്റെ കൈവശം എത്ര തുകയുണ്ട്? ഈ ഗവൺമെന്റിന് മേനി നടിക്കാൻ ഒന്നുമില്ലെന്നാണ് ഞാൻ പറഞ്ഞത്. എന്തിനാണ് ശ്രീ. ഇ. ചന്ദ്രശേഖരൻ ഭവനനിർമ്മാണ വകുപ്പുമന്ത്രിയായി ഇരിക്കുന്നത്; ലൈഫിന്റെ പ്രഖ്യാപന യോഗത്തിനുപോലും അങ്ങയെ ആരും വിളിച്ചില്ലല്ലോ; എന്തിനാണ് കേരളത്തിൽ ഒരു ഭവനനിർമ്മാണ വകുപ്പുമന്ത്രി? എന്റെ രാഷ്ട്രീയ നയംകൊണ്ടാണ് ഞാൻ വരാത്തത്. പക്ഷേ ഭവന നിർമ്മാണത്തിന്റെ ചുമതലയുള്ള മന്ത്രിയെപ്പോലും ആ യോഗത്തിൽ കണ്ടില്ല. ഉണ്ടായിരുന്ന നാല് മിഷനുകളും പരാജയപ്പെട്ടതിന്റെ ജാള്യത മറയ്ക്കാനാണ് ലക്ഷക്കണക്കിന് രൂപ മുടക്കി ഈ പരസ്യം നൽകൽ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. നവകേരളം പദ്ധതി എവിടെയാണ്? പ്രളയ പുനരധിവാസം എവിടെയാണ്; കടം കയറി കർഷകർ ആത്മഹത്യ ചെയ്യുന്നു. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. റീബിൽഡ് കേരളയുടെ പ്രവർത്തനങ്ങൾ നടക്കുന്നില്ല.ഇവിടെ കൊട്ടിഘോഷിക്കുന്ന വിദ്യാഭ്യാസരംഗത്തിന്റെ സാമ്പത്തിക സർവ്വേയാണ് എന്റെ കയ്യിലുള്ളത്. അതിൽ പേജ് 240-ൽ 2015-16 -ൽ സ്കൂളുകളിലെ കുട്ടികളുടെ എണ്ണം 3763169 എന്നും 2019-20-ൽ സ്കൂളുകളിലെ കുട്ടികളുടെ എണ്ണം 3716897 എന്നും പറയുന്നു. അതായത് യു.ഡി.എഫ്.-ന്റെ ഭരണകാലത്തേക്കാൾ കുട്ടികളുടെ എണ്ണം കൂടിയില്ലെന്നുമാത്രമല്ല, 46272 കുട്ടികൾ കുറയുകയായിരുന്നുവെന്നാണ് ഡോ. തോമസ് ഐസക്കിന്റെ സാമ്പത്തിക സർവ്വേയിൽ പറയുന്നത്. നിങ്ങൾ വിദ്യാഭ്യാസ രംഗത്ത് എന്തുചെയ്തെന്നാണ് പറയുന്നത്?

വ്യവസായ രംഗത്ത് വമ്പിച്ച കുതിച്ചുചാട്ടം നടക്കുന്നുവെന്നാണ് പറയുന്നത്. എന്താണ് സ്ഥിതി? 2019 സെപ്റ്റംബർ വരെയുള്ള കണക്കെടുത്തപ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ അറ്റലാഭം നെഗറ്റീവാണ്. സാമ്പത്തിക സർവ്വേയുടെ 161-ാമത്തെ പേജിൽ 4-ാമത്തെ ടേബിൾപ്രകാരം ഇപ്പോൾ ആകെ നഷ്ടം 127.3 കോടി രൂപയാണ്. എന്നിട്ടും സാമ്പത്തിക രംഗത്ത് വമ്പിച്ച കുതിച്ചുചാട്ടമാണെന്നാണ് ഗവൺമെന്റ് പറയുന്നത്. നുണകൾ പ്രചരിപ്പിക്കാനുള്ള പരസ്യങ്ങൾ മാത്രമാണ് ഇന്ന് കേരളത്തിൽ നടക്കുന്നത്. വ്യാപകമായ പ്രചരണം നടക്കുന്നു. ട്രഷറി അടഞ്ഞുകിടക്കാൻ തുടങ്ങിയിട്ട് നാല് മാസമായി, 50,000 രൂപയുടെ ബില്ലുപോലും മാറുന്നില്ല. പക്ഷേ ഹെലികോപ്റ്ററിന് വാടകയായി

1.70 കോടി രൂപ പ്രതിമാസം ഈ ഗവൺമെന്റിന് ചെലവഴിക്കാനുണ്ടായി. ഹെലികോപ്റ്ററാണോ അത്യാവശ്യം. ഈ സർക്കാർ എല്ലാ രംഗത്തും പരാജയപ്പെട്ടിരിക്കുകയാണ്. ഇവിടെ അഴിമതിയെക്കുറിച്ച് പറഞ്ഞു, കഴിഞ്ഞ ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ ഭരണകാലത്ത് ഞങ്ങൾ തെറ്റായ തീരുമാനങ്ങളെടുത്തുവെന്നും അഴിമതിയുണ്ടെന്നും നിങ്ങൾ പറഞ്ഞു. നിങ്ങൾ അധികാരത്തിൽവന്നിട്ട് നാല് വർഷമാകുന്നു. ശ്രീ. എ. കെ. ബാലന്റെ മന്ത്രിസഭാ സബ്കമ്മിറ്റിയുടെ തീരുമാനം എവിടെ; നിങ്ങൾ എന്തുചെയ്തു; നിങ്ങൾ എന്താണ് റദ്ദാക്കിയത്; പ്രതിപക്ഷത്തെ ഭരണപക്ഷം വേട്ടയാടാൻ ശ്രമിച്ചില്ലേ? ഇപ്പോഴും വേട്ടയാടൽ തുടരുകയല്ലേ? നിങ്ങളും ശ്രീ. അമിത് ഷായും തമ്മിൽ എന്താണ് വ്യത്യാസം? നിങ്ങൾ രാഷ്ട്രീയ പ്രതിയോഗികളെ ഇല്ലാതാക്കാൻ ശ്രമിക്കുന്നില്ലേ? ശ്രീ. റ്റി. വി. രാജേഷ് ശ്രീ. വി. എസ്. ശിവകുമാറിന്റെ പേരിലുള്ള ആരോപണത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. സാധാരണഗതിയിൽ വിജിലൻസ് anonymous letter പരിശോധിക്കാറില്ല. Anonymous letter-ന്റെ അടിസ്ഥാനത്തിൽ നടന്ന മൂന്ന് അന്വേഷണങ്ങളിലും ശ്രീ. വി. എസ്. ശിവകുമാർ നിരപരാധിയാണെന്ന് കണ്ടെത്തി. നിങ്ങളത് വീണ്ടും അന്വേഷിക്കുന്നു. നിങ്ങൾക്കെതിരെ അഴിമതിയാരോപണം ഉന്നയിച്ചാൽ പ്രതിപക്ഷത്തിനുനേരെ നിങ്ങൾ അഴിമതിയാരോപണം ഉന്നയിക്കും. അത്തരത്തിൽ എന്റെ പേരിൽ നാല് കേസാണുള്ളത്. ആ നാല് കേസുകളും അന്വേഷിക്കട്ടെ. ഞാൻ ഗവൺമെന്റിനെ വെല്ലുവിളിക്കുന്നു. ശ്രീ. വി. എസ്. ശിവകുമാറിന്റെ പേരിൽ ഊരും പേരുമില്ലാതെ ആരോ കൊടുത്ത പരാതി മൂന്ന് തവണ അന്വേഷിച്ചിട്ടും ശ്രീ. വി. എസ്. ശിവകുമാറിനെതിരെ തെളിവില്ല, അദ്ദേഹം നിരപരാധിയാണെന്ന് കണ്ടതാണ്. നമ്മുടെ നാട്ടിലെ രണ്ടുപേർ കെട്ടിടം പണിഞ്ഞാൽ ബിനാമിയാണെന്നുപറഞ്ഞ് ആരുടെ പേരിലും കേസെടുക്കാൻ സാധിക്കും. ബിനാമിയാണോ അല്ലയോയെന്ന് അന്വേഷിച്ചുവരുമ്പോൾ നമ്മുടെ പേര് മോശമാകും. അത്രയും രാഷ്ട്രീയമായ വൈര്യനിര്യാതനബുദ്ധിയോടെയാണ് നിങ്ങൾ പെരുമാറുന്നത്. നിങ്ങൾ നടത്തുന്നത് witch hunting ആണ്. അതേ കാര്യമാണ് ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞിന്റെ പേരിലുമുള്ളത്. അദ്ദേഹത്തിന്റെ പേരിലുള്ള ഏക ആരോപണം മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തുവെന്നതാണ്. മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തതിന് കേസെടുക്കുകയാണെങ്കിൽ ആദ്യം കേസെടുക്കേണ്ടത് ശ്രീ. ലോക്നാഥ് ബഹ്റയുടെ പേരിലാണെന്ന് ഞാൻ കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞു. പർച്ചേസിംഗിനുവേണ്ടി മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തിട്ടുണ്ട്. ഗവൺമെന്റ് അറിയാതെ ധാരാളം കാര്യങ്ങൾക്കുവേണ്ടി മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തിട്ടുണ്ട്. ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞിനെയും ശ്രീ. വി. എസ്. ശിവകുമാറിനെയും ബോധപൂർവ്വം അഴിമതിക്കാരാണെന്ന് വരുത്തിത്തീർക്കാൻ നിങ്ങൾ witch hunting നടത്തുകയാണ്. അത് തെളിയിക്കപ്പെടാൻ പോകുന്ന കാര്യമാണ്.

നമ്മുടെ രാജ്യം വലിയ പ്രതിസന്ധിയെ നേരിടുന്ന കാലമാണ്. ഇന്ന് ഡൽഹി കത്തുന്നു. നൂറുകണക്കിനാളുകൾ ആശുപത്രിയിൽ; 53 പേരോളം മരിച്ചു, പൗരാവകാശ നിയമ ഭേദഗതിക്കെതിരെ സമരം ചെയ്ത മുഴുവൻ ആളുകളെയും ബി.ജെ.പി. ഗവൺമെന്റ് വേട്ടയാടുന്നു. എം.പി.മാർ കലാപത്തിന് ആഹ്വാനം കൊടുക്കുന്നു. ബഹുമാന്യനായ പ്രധാനമന്ത്രി മൗനം പാലിക്കുന്നു. ശ്രീ. അമിത് ഷാ എന്ന ആഭ്യന്തര വകുപ്പുമന്ത്രിയെ 48 മണിക്കൂർ കാണാതെപോയി. അവിടെ പാവപ്പെട്ട ആളുകളുടെ ജീവനും സ്വത്തിനും നേരെയുണ്ടായ അക്രമം എത്ര വലുതായിരുന്നു. കാശ്മീർ, മുത്തലാഖ്, സി.എ.എ. എന്നീ മൂന്ന് കാര്യങ്ങളും ഇന്ത്യയെ വിഭജിക്കാനുള്ള നടപടിയായിരുന്നു. വർഗ്ഗീയമായി ജനങ്ങളെ ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുകയായിരുന്നു, വർഗ്ഗീയമായി വിഭജിക്കുകയായിരുന്നു. ഇന്ത്യയെ ഒരു മതാധിഷ്ഠിത രാജ്യമാക്കി മാറ്റാൻ ബി.ജെ.പി. ശ്രമിക്കുകയായിരുന്നു. ആർ.എസ്.എസ്.-ന്റെയും സംഘ്പരിവാറിന്റെയും ആ അജണ്ടയെ ചെറുത്തുതോൽപ്പിക്കാൻ കഴിയുന്ന ഇന്ത്യയിലെ ഏക പ്രസ്ഥാനം, നിങ്ങൾ ഇഷ്ടപ്പെട്ടാലും ഇഷ്ടപ്പെട്ടില്ലെങ്കിലും ഇന്ത്യൻ നാഷണൽ കോൺഗ്രസ് പാർട്ടി മാത്രമാണ് എന്നതാണ് സത്യം. പാർലമെന്റിൽ കോൺഗ്രസിന്റെ 19 അംഗങ്ങളും ഭരണപക്ഷത്തിന്റെ ഒരംഗവുമുൾപ്പെടെ കേരളത്തിലെ 20 എം.പി.മാർ ഒറ്റക്കെട്ടായി ശ്രീ. നരേന്ദ്രമോദിയുടെ നയങ്ങൾക്കെതിരെ പോരാടുകയാണ്.

ഇന്നലെ ശ്രീമതി രമ്യാ ഹരിദാസിനെ ബി.ജെ.പി.-യുടെ എം.പി.-മാർ ആക്രമിച്ചു. ശ്രീ. ടി. എൻ. പ്രതാപൻ, ശ്രീ. ഹൈബി ഈഡൻ എന്നിവർക്കെതിരെ നടപടിയെടുക്കുമെന്ന് സ്പീക്കർ പറയുന്നു. കേരളത്തിൽ ജയിച്ചുവന്ന യു.ഡി.എഫ്.-ന്റെയും എൽ.ഡി.എഫ്.-ന്റെയും എം.പി.-മാർ ഒരുമിച്ചു നിന്നുകൊണ്ടാണ് അവിടെ പോരാടുന്നത്. ഈ നാട്ടിലെ വർഗ്ഗീയതയ്ക്കെതിരായ പോരാട്ടം നമ്മൾ ശക്തമാക്കണം. ഇതിനെ നേരിടാൻ ആർക്ക് കഴിയും; ദേശീയ തലത്തിൽ മുഴുവൻ ആളുകളെയും യോജിപ്പിക്കാൻ ആർക്ക് കഴിയും; അതിന് കഴിയുന്നത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് മാത്രമാണ്. ആ നേതൃത്വത്തിന് കീഴിൽ ഇന്ത്യയിലെ ജനങ്ങളെ ഒരുമിച്ച് അണിനിരത്തും. ഒരു സംശയവും അക്കാര്യത്തിൽ വേണ്ട. താൽക്കാലികമായ വിജയമാണ് ബി.ജെ.പി.-ക്കുള്ളത്. ഇന്ത്യയിലുടനീളം ജനങ്ങൾ ഭയത്തോടെ ജീവിക്കുന്നു. Fear is existing in every sphere of life. എല്ലാവരും ഭയത്തോടെ ജീവിക്കുന്ന ഒരന്തരീക്ഷം ഇന്ത്യയിൽ വളർന്നുവരുന്നു. ഏകാധിപതികൾ എന്നും അങ്ങനെയാണ്. ചരിത്രത്തിന്റെ വഴികൾ പരിശോധിച്ചാൽ ഏകാധിപതികൾ എന്നും ജനങ്ങളെ ഭയപ്പെടുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്യും. അവരിൽ നിന്നാണ് ഈ ലോകം മോചിതമായത്. അവരുടെ വിമോചനത്തിന്റെ പാത ജനങ്ങൾ ലോകത്തെമ്പാടും കണ്ടെത്തിയിട്ടുണ്ട്. ശ്രീ. അമിത് ഷാ, ശ്രീ. നരേന്ദ്ര മോദി എന്നീ ഏകാധിപതികളുടെ കയ്യിൽ നിന്ന്

ഇന്ത്യ മോചിതമാകുമെന്നുള്ള കാര്യത്തിൽ സംശയം വേണ്ട. എനിക്ക് ഒറ്റക്കാര്യം മാത്രമേ പറയാനുള്ളൂ. ആ പോരാട്ടത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഇന്ത്യയിലെ മുഴുവൻ മതേതര ജനാധിപത്യ വിശ്വാസികളെയും ഒരുമിച്ച് അണിനിരത്തും. ഇന്നുള്ള പ്രയാസങ്ങൾ പരിഹരിക്കപ്പെടും. ജനങ്ങൾക്ക് സംതൃപ്തമായ ഒരു ജീവിതം നൽകാൻ കഴിയത്തക്ക നിലയിൽ മതേതര ജനാധിപത്യ മുന്നേറ്റങ്ങളെ ശക്തിപ്പെടുത്തും. ഞങ്ങൾക്ക് ദൗർബല്യങ്ങളുണ്ട്, പോരായ്മകളുണ്ട് എന്നത് ശരിയാണ്. ആ പോരായ്മകൾ പരിഹരിച്ചുകൊണ്ട് ഇന്ത്യയിലെ മുഴുവൻ ജനങ്ങളെയും ഒരുമിച്ച് അണിനിരത്താൻ കോൺഗ്രസിന് ഉത്തരവാദിത്വമുണ്ട്. ആ ഉത്തരവാദിത്വം നിറവേറ്റും. അതാണ് ശ്രീ. ടി. എ. അഹമ്മദ് കബീർ ഇവിടെ ചൂണ്ടിക്കാണിച്ചത്. ആ ഉത്തരവാദിത്വം നിറവേറ്റാൻ ഇന്ന് കഴിയുന്ന പ്രസ്ഥാനം കോൺഗ്രസ് മാത്രമാണ്.

ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് മറ്റൊരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. സെൻസസിന് നമ്മളാരും എതിരല്ല. പക്ഷേ ഇവർ സെൻസസും എൻ.പി.ആർ.-ഉം തമ്മിൽ കൂട്ടിക്കുഴച്ചിരിക്കുന്നു. എൻ.പി.ആർ. ഉണ്ടായാൽ, എൻ.ആർ.സി.-യിലേയ്ക്കുള്ള വഴിയാണ് അവർ കാണുന്നത്. ഇത് ചതിക്കുഴിയാണ്. നമ്മളാരും സെൻസസിന് എതിരല്ല. സെൻസസ് നടക്കണം. പക്ഷേ വ്യക്തത വേണം. കേരളം ചതിക്കുഴിയിൽ പോകാൻ പാടില്ല. അങ്ങ് സർവ്വകക്ഷി യോഗം വിളിക്കാമെന്ന് പറഞ്ഞല്ലോ; ആ യോഗത്തിൽ വച്ച് നമുക്ക് ബാക്കി കാര്യങ്ങൾ ചർച്ച ചെയ്യാം. ഇക്കാര്യത്തിൽ അവധാനതയോടുകൂടി മുന്നോട്ടു പോകണമെന്നാണ് എന്റെ അഭിപ്രായം. നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം ഇതിനെതിരായ പോരാട്ടങ്ങൾക്ക് കേരളജനത ഒരുമിച്ച് തന്നെയാണ് നിൽക്കുന്നത്. ഒരു സംശയവും വേണ്ട. ഇവിടെ നമുക്കാവശ്യം ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും മതാധിഷ്ഠിത രാജ്യം എന്ന സ്വപ്നത്തെ തകർക്കുക എന്നതാണ്. അത് ഈ രാജ്യത്തിന്, മതേതരത്വത്തിന് അനിവാര്യമായ ഘടകമായതുകൊണ്ട് അതിനെതിരായിട്ടുള്ള പോരാട്ടം ശക്തിപ്പെടുത്തണം. ഇന്ത്യയിലൊട്ടാകെ മുഴുവൻ ജനങ്ങളെയും സംഘടിപ്പിച്ചുകൊണ്ട് ഞങ്ങൾ മുന്നോട്ടുപോകും. കോൺഗ്രസ് അതിന് മുൻപന്തിയിലുണ്ടാകും എന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്. നാല് വർഷമായി ഒന്നും ജനങ്ങൾക്ക് സംഭാവന ചെയ്യാൻ കഴിയാത്ത, പരാജയപ്പെട്ട ഒരു ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വളരെ നിർഭാഗ്യകരമായ ഒരു സമീപനമാണ് കേരളത്തിലെ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കൺമുന്നിൽ കാണുന്ന കാര്യങ്ങൾ കണ്ടില്ലെന്ന് നടിക്കാനാണ് പലപ്പോഴും വ്യഗ്രത കാട്ടുന്നത്. അതിന്റെ ഏറ്റവും വലിയ

ഉദാഹരണമാണ് ലൈഫ് പദ്ധതിയെക്കുറിച്ച് സൂചിപ്പിച്ചത്. ലൈഫ് പദ്ധതി എല്ലാ വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും കേന്ദ്രസർക്കാരും കൂടിച്ചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണെന്ന് നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഓരോ തലങ്ങളിലും നടക്കുന്ന ഭവന നിർമ്മാണ പദ്ധതികളുണ്ടായിരുന്നു. അവയെല്ലാം കൂടി സംയോജിപ്പിച്ച് ഇരുപതോ ഇരുപത്തഞ്ചോ വർഷങ്ങൾകൊണ്ട് നടക്കേണ്ട കാര്യങ്ങൾ മൂന്നുനാലുവർഷങ്ങൾ കൊണ്ട് നടത്താനാണ് നാം പുറപ്പെട്ടത്. അതിന് ഫലമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. അത് മറച്ചുവച്ചിട്ട് കാര്യമില്ല. ഇത് പല ഘട്ടങ്ങളിൽ ഇവിടെ വ്യക്തമാക്കിയതാണ്. 2001 മുതൽ 2016 വരെയുള്ള വിവിധ പദ്ധതികളുടെ ഭാഗമായി ഭവനനിർമ്മാണം ആരംഭിച്ച് പല തലങ്ങളിലായി നിന്നുപോയവരെയാണ് ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തത്. അതിലുള്ള 52,050 വീടുകളാണ് പൂർത്തീകരിക്കാൻ കഴിഞ്ഞത്. ബാക്കിയുള്ളവ എന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങളുണ്ടായി പൂർത്തീകരിക്കാൻ ഉള്ളവയായിരിക്കും. അവയെ നല്ല നിലയ്ക്ക് പുരോഗതിയിൽ കൊണ്ടുപോകാൻ നമുക്ക് കഴിഞ്ഞു. ഭൂരഹിത-ഭവനരഹിതർ, ഭൂമിയുണ്ട് എന്നാൽ വീടില്ല എന്നുള്ളവരാണ് രണ്ടാംഘട്ടത്തിൽ ഉൾപ്പെടുന്നത്. ഇതും നല്ല നിലയ്ക്ക് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ വിവിധ വിഭാഗങ്ങൾ ഉൾപ്പെടും. അതായത്, സംസ്ഥാന സർക്കാരിന്റെ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികളുണ്ട്, പി.എം.എ.വൈ.-യുടെ പദ്ധതികളുണ്ട്, പി.എം.എ.വൈ.-യുടെ ഗ്രാമീണ പദ്ധതിയുണ്ട്, നഗര പദ്ധതിയുമുണ്ട്. നാം തയ്യാറാക്കിയ പദ്ധതിയുടെ ഭാഗമായിട്ടുള്ളതാണ് ഇതിനകത്ത് വരുന്ന കൂടുതൽ തുകയും എന്നതാണ് നമ്മൾ കാണേണ്ടത്. കേന്ദ്ര ഗവൺമെന്റ് 72,000 രൂപ നൽകുന്നുവെങ്കിലും ബാക്കി മുഴുവൻ തുകയും സംസ്ഥാന സർക്കാരാണ് നൽകുന്നത്. പഞ്ചായത്തിന്റേതൊന്നും ആരും നിഷേധിക്കുന്നില്ല. പഞ്ചായത്ത് എന്നുപറഞ്ഞാൽ അതെല്ലാം നമ്മുടെ സംസ്ഥാനത്ത് ചെലവിടുന്നതാണ്. ഇവിടെ പഞ്ചായത്തുകളുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. അത് വേറെ ഏതോ കാര്യമാണെന്ന മട്ടിലാണ് പറയുന്നത്. മറ്റൊരു കാര്യം, ഒന്നരലക്ഷം രൂപ കഴിഞ്ഞാൽ രണ്ടരലക്ഷം സംസ്ഥാനത്തുനിന്നാണ് ചെലവിടേണ്ടത്. യഥാർത്ഥത്തിൽ ലൈഫ് പദ്ധതിയുടെ ഭാഗമായാണ് ഇത്തരത്തിൽ പണം ചെലവിടാൻ കഴിയുന്നത്. വായ്പയെടുക്കുന്ന കാര്യം പറഞ്ഞു. വായ്പ എടുക്കുന്നതിന്റെ തിരിച്ചടവ് കൃത്യമായി ഉറപ്പുവരുത്തിയിട്ടുണ്ട്. എല്ലാ കാര്യങ്ങൾക്കും ഉത്തരവാദി സംസ്ഥാന സർക്കാരാണല്ലോ; എല്ലാ ഉത്തരവാദിത്വവും സംസ്ഥാന സർക്കാരാണ് ഏറ്റെടുത്തിട്ടുള്ളത്. 2,14,262 കുടുംബങ്ങൾക്ക് സ്വന്തം വീട്ടിൽ കിടന്നുറങ്ങാൻ കഴിയുന്ന അവസ്ഥ വരുമ്പോൾ അതിൽ സന്തോഷിക്കുകയല്ലേ വേണ്ടത്? ഇത്തരം കാര്യങ്ങളിൽ ഒരുതരം സാഡിസ്റ്റ് മനോഭാവം പാടുണ്ടോ; നിർഭാഗ്യകരമായ

ഒരവസ്ഥയല്ലേ അത്; ഏതൊരു മനുഷ്യന്റെയും സന്തോഷത്തിലും സന്താപത്തിലും പങ്കെടുക്കുക എന്നുള്ളതല്ലേ ഈ നാടിന്റെ സംസ്കാരം. ഏറ്റവും ചുരുങ്ങിയത് സംസ്കാരത്തിന്റെ ഭാഗമാകാനെങ്കിലും പ്രതിപക്ഷത്തിന് കഴിയണ്ടേ?

ശ്രീ. കെ. സി. ജോസഫ്: സർ, ഞങ്ങൾ സാഡിസ്റ്റുകളല്ല. നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. സി. മൊയ്തീൻ 10-2-2020-ന് നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1575-ന് നൽകിയ മറുപടി, 'നാളിതുവരെയായി ലൈഫ് പദ്ധതിയിൽ പൂർത്തിയാക്കിയത് 1,73,906 വീടുകൾ' എന്നാണ്. ഇത് എങ്ങനെയാണ് 18 ദിവസം കൊണ്ട് 2,14,262 ആയത്? ഇതിൽ വ്യക്തത വേണ്ടേ; അങ്ങ് നൽകിയ ഉത്തരമാണ്. ഞങ്ങളുടെ കയ്യിൽ വേറെ രേഖയൊന്നുമില്ല. 10-2-2020-ന് പൂർത്തിയായത് 1,73,906 വീടുകൾ എന്ന് അങ്ങ് പറയുന്നു. 18 ദിവസം കഴിഞ്ഞപ്പോൾ മുഖ്യമന്ത്രി 2,14,262 എന്ന് പറയുന്നു. ഇത് പൊരുത്തപ്പെടുന്നില്ല.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഇതിൽ ഒരു വൈരുദ്ധ്യവുമില്ല. വ്യത്യസ്ത വകുപ്പുകൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ ഏകോപിപ്പിച്ചതാണ് ലൈഫ് മിഷൻ പദ്ധതിയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. പി.എം.എ.വൈ. അർബൻ/റൂറൽ ഉൾപ്പെടെയുള്ള പദ്ധതികളെപ്പറ്റിയും അദ്ദേഹം പറഞ്ഞു. ഇതിൽ 54,000 വീടുകൾ 2001 മുതൽ 2016 വരെയുള്ള കാലഘട്ടത്തിൽ തുടങ്ങിവച്ചതാണ്. ഈ കാലയളവിൽ ഓരോ വർഷങ്ങളിലും തുടങ്ങിവച്ച വീടുകളുടെ കണക്ക് എന്റെ കൈവശമുണ്ട്. പത്തുപതിനഞ്ചു വർഷങ്ങൾക്കിടയിൽ മൂന്ന് ഗവൺമെന്റുകളുടെ ഭരണകാലത്ത് പണി പൂർത്തിയാകാതെ കിടന്ന വീടുകളാണ് 54,000. അങ്ങനെയുള്ള ഭവനങ്ങളുടെ 97 ശതമാനം പണിയും പൂർത്തിയായിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം 1,04,486 എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞത് ഒരു വസ്തുതയാണ്. അതിന്റെ കൂടെ പണി പൂർത്തിയായ വീടുകളുടെ കണക്കും വ്യക്തികളുടെ പേരും സഹിതം കൃത്യമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്; ഒന്നും ഒളിച്ചുവച്ചിട്ടില്ല. ലൈഫ് മിഷൻ പദ്ധതിയിൽ പഞ്ചായത്തിന്റെ മാത്രമല്ല വ്യക്തികളുടെ പേരും പബ്ലിഷ് ചെയ്തിട്ടുണ്ട്, അത് പരിശോധിച്ചാൽ 2,14,000 ഗുണഭോക്താക്കൾ ആരെല്ലാമാണെന്ന് മനസ്സിലാകും. ഇതിൽ 1,00,480 ഗുണഭോക്താക്കളിൽ 97,000 പേർ മാത്രമാണ് എഗ്രിമെന്റിൽ ഒപ്പുവച്ചത്. അതിൽ 76,474 വീടുകളുടെയും, അതായത് 80.97 ശതമാനം വീടുകളുടെയും പണി പൂർത്തിയാക്കിയിട്ടുണ്ട്. പി.എം.എ.വൈ-ലൈഫ് അർബൻ/റൂറൽ എന്നീ പദ്ധതികൾക്കുപുറമെയാണ് ഈ വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുള്ളത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ അതിനെപ്പറ്റി സൂചിപ്പിച്ചിരുന്നു. ഒന്നര ലക്ഷം വീടുകളുള്ളതിൽ പി.എം.എ.വൈ. അർബൻ

സ്കീമിൽ 47,144 വീടുകളും പി.എം.എ.വൈ. റൂറൽ സ്കീമിൽ 16,640 വീടുകളുമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഇതിന്റെ രണ്ടാം ഘട്ടത്തിൽ ഇതുവരെ സർക്കാർ ചെലവഴിച്ചിട്ടുള്ളത് 5851.23 കോടി രൂപയാണ്. ഒരു കാലത്തുമുണ്ടായിട്ടില്ലാത്തവിധമുള്ള ചെലവഴിക്കലാണ് ഇക്കാര്യത്തിലുണ്ടായിട്ടുള്ളത്. ഇത് ലൈഫ് പദ്ധതിയൊക്കെ ചേർന്നിട്ടുള്ളതാണ്. ഇതിനുപുറമേ ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് മറ്റ് വകുപ്പുകളുടെ കീഴിൽ നടന്നുകൊണ്ടിരിക്കുന്ന ഭവന നിർമ്മാണ പദ്ധതികൾകൂടി പരിശോധിക്കാം. പട്ടികജാതി വകുപ്പിന്റെ കീഴിൽ 18,811 വീടുകൾ, പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ 788 വീടുകൾ, ഫിഷറീസ് വകുപ്പുകൾ നിർമ്മിച്ച 3725 വീടുകൾ, ആ കണക്കുകളെല്ലാംകൂടി ചേർത്താണ് 2,14,000 വീടുകളെന്ന് പറഞ്ഞത്. ഇന്നത്തെ കണക്കുപ്രകാരം ഇതിലും കൂടുതലായിരിക്കും. ബാക്കി വീടുകൾ പല ഘട്ടങ്ങളിലായി പണി നടന്നുകൊണ്ടിരിക്കുന്നതിനാൽ ഓരോ ദിവസവും വീടുകൾ പൂർത്തിയായി ക്കൊണ്ടിരിക്കുകയാണ്. ഇന്നത്തെ കണക്കുപ്രകാരം പണി പൂർത്തിയായ വീടുകളുടെ എണ്ണം 2,15,800-ന് മുകളിലാണ്. ഈ വർഷം മാർച്ച് കഴിയുമ്പോൾ അത് ഏകദേശം രണ്ടര ലക്ഷം വീടുകളാകും. ഇതിൽ വിവിധ ഇനങ്ങളിൽ, പി.എം.എ.വൈ. പദ്ധതിയിൽ ബാക്കി നിൽക്കുന്ന വീടുകളും ലൈഫ് പദ്ധതിയിൽ നേരത്തെ പറഞ്ഞ പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ടാം ഘട്ടത്തിൽ ബാക്കി നിൽക്കുന്ന വീടുകളുമുണ്ട്. അതെല്ലാം വിവിധ ഘട്ടങ്ങളിൽ പണി പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ചിലത് റൂഫ് ലെവലിലും മറ്റുചിലത് ലിന്റൽ ലെവലിലും എത്തിനിൽക്കുന്നുണ്ട്, അവയെല്ലാം ഈ മാർച്ചുമാസത്തോടെ പൂർത്തീകരിക്കാൻ കഴിയും. വിവിധ വകുപ്പുകളുടെ കീഴിൽ നടന്നുകൊണ്ടിരിക്കുന്ന ഭവന പദ്ധതികളെല്ലാംകൂടി ചേർത്താണ് ഞാൻ പറഞ്ഞത്. ഇതിൽ ആദ്യ ഘട്ടത്തിൽ പൂർത്തിയാകാതെ കിടന്ന വീടുകൾ പൂർത്തിയാക്കുന്നതിനായി 670 കോടി രൂപയാണ് ചെലവഴിച്ചത്. അത് ഏത് ഗവൺമെന്റിന്റെ ഭരണകാലത്ത് തുടങ്ങിയതെന്നല്ല നോക്കിയത്. പൂർത്തീകരിക്കാതെ കിടന്നിരുന്ന വീടുകൾ പൂർത്തിയാക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചിരുന്നു, അതുപ്രകാരമാണ് പൂർത്തിയാക്കിയത്. മുമ്പ് ഇന്ദിരാ ആവാസ് യോജന ഭവന പദ്ധതിയുണ്ടായിരുന്നു. ആ പദ്ധതിയിൽ 36,000 രൂപയായിരുന്നു കേന്ദ്ര ഗവൺമെന്റ് ഒരു വീടിന് അനുവദിച്ചിരുന്നത്. അന്നത്തെ വീടുകൾക്ക് നൽകിയിരുന്നത് 1 ലക്ഷം രൂപയായിരുന്നു, പിന്നീട് 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഇപ്പോൾ നാല് ലക്ഷം രൂപയാണ് ഒരു വീടിന് അനുവദിക്കുന്നത്. അന്ന് അനുവദിച്ചിരുന്നതിനേക്കാൾ കൂടുതൽ തുക ഇപ്പോൾ നൽകിയിട്ടുണ്ടെന്നാണ് ഞാൻ പറയുന്നത്, അത് നിങ്ങൾ അംഗീകരിക്കണം. അതാണ് ഇക്കാര്യത്തിലുള്ള വസ്തുത. ഇങ്ങനെ പൂർത്തീകരിച്ച വീടുകളുടെ പ്രശ്നത്തിൽ ഇത്തരമൊരു നിലപാട് ജനങ്ങൾക്കെതിരായി സ്വീകരിക്കുന്നത് ഭംഗിയല്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ കേരളത്തിന്റെ പുനർ നിർമ്മാണ പദ്ധതിയെപ്പറ്റി ചില പരാമർശങ്ങൾ ഉയരുകയുണ്ടായി. ലോക ബാങ്കിൽനിന്നും ഇതിനായി അനുവദിച്ച വായ്പയുടെ ആദ്യഗഡു 1750 കോടി രൂപയായിരുന്നു. രണ്ടാം ഗഡു ലഭ്യമാക്കാനുള്ള നടപടിക്രമങ്ങളാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. ഇതിലെ ഉന്നതാധികാര സമിതിയുടെ യോഗങ്ങൾ എട്ട് തവണ ചേരുകയുണ്ടായി. കൃഷി, മൃഗസംരക്ഷണം, മത്സ്യ ബന്ധനം, ഉപജീവനതൊഴിലുകൾ, റോഡ്, ജലവിതരണം എന്നീ മേഖലകളിലായി സമർപ്പിക്കപ്പെട്ട പദ്ധതികൾ ഭരണാനുമതി കഴിഞ്ഞ് നിർവ്വഹണ ഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. ഇപ്രകാരം നോക്കിയാൽ 1850 കോടി രൂപയുടെ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകിക്കഴിഞ്ഞു. 827 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയിരം കോടി രൂപ ഇപ്പോഴത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി ലോകബാങ്കിൽനിന്നും വിവിധ വകുപ്പുകൾക്കായി തുക നീക്കിവച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന് 31 റോഡുകളുടെ പുനർനിർമ്മാണത്തിനായി 300 കോടി രൂപ, തദ്ദേശ സ്വയംഭരണ വകുപ്പിനുകീഴിൽ 603.74 കി.മീറ്റർ റോഡുകളുടെ പുനർനിർമ്മാണത്തിനായി 488 കോടി രൂപ, ഗതാഗത വകുപ്പിന് 30 കോടി രൂപ, വനം വകുപ്പിന് 130 കോടി 40 ലക്ഷം രൂപ, മത്സ്യബന്ധന വകുപ്പിന് 3.2 കോടി രൂപ, മൃഗസംരക്ഷണ വകുപ്പിന് 23.01 കോടി രൂപ, ഖരമാലിന്യ സംസ്കരണത്തിനായി ക്ലീൻ കേരള കമ്പനിക്ക് ആറ് പദ്ധതികൾക്കായി 53.5 കോടി രൂപ, ജലവിഭവ വകുപ്പിന് എട്ട് പദ്ധതികൾക്കായി 350 കോടി രൂപ, ജൈവ വൈവിദ്ധ്യ ബോർഡിന് മൂന്ന് പദ്ധതികൾക്കായി അഞ്ച് കോടി രൂപ, കുടുംബശ്രീക്ക് ഒൻപത് പദ്ധതികൾക്കായി 250 കോടി രൂപ, പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വില്ലേജ് ആഫീസുകളുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 35 കോടി രൂപ, കൃഷി വകുപ്പിന് 12 പദ്ധതികൾക്കായി 182.76 കോടി രൂപ, മത്സ്യബന്ധന വകുപ്പിന്, Kerala Aqua Ventures International Limited.-ന് 2.62 കോടി രൂപ, വിവരസാങ്കേതിക വകുപ്പിന്റെ മാപ്പത്തോൺ പദ്ധതിക്ക് 4.24 കോടി രൂപ. ഇത്തരത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിയുടെ പ്രവർത്തനങ്ങൾ നീങ്ങുന്നത്. ഇവിടെ പദ്ധതി ചെലവിനെക്കുറിച്ച് നേരത്തെ സംസാരിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ പദ്ധതിച്ചെലവിന്റെ കാര്യത്തിൽ ദയനീയമായ അവസ്ഥയായിരുന്നു നേരത്തെയുണ്ടായിരുന്നത്. അതിൽ നിന്നെല്ലാം മാറ്റംവരുത്തി നല്ല നിലയിൽ മുന്നോട്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ നമുക്കെല്ലാം അറിയാവുന്നതുപോലെ പ്രളയവും പ്രകൃതിക്ഷോഭവും ഉണ്ടാക്കിയ പ്രശ്നങ്ങൾ വലുതായിരുന്നു, അതുകാരണം സാമ്പത്തിക പ്രയാസങ്ങളും വൻതോതിൽ ഉണ്ടായിട്ടുണ്ട്. 2013-14-ൽ 81.04, 2014-15-ൽ 71.26, 2015-16-ൽ 82.3, 2016-17-ൽ 84.15, 2017-18-ൽ 90.25,

2018-19-ൽ 76.62 എന്നിങ്ങനെയായിരുന്ന പദ്ധതിച്ചെലവുകൾ. 2018-19-ൽ പ്രളയംമൂലം സാമ്പത്തിക ബുദ്ധിമുട്ട് നേരിടേണ്ടി വന്നിട്ടുണ്ട്. ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകളുണ്ടായിട്ടും 2014-15-ലെ 71.26-നേക്കാളും കൂടുതൽ 76.62 ശതമാനം ചെലവിടാൻ കഴിഞ്ഞുവെന്നത് നാം പ്രത്യേകം കാണേണ്ട കാര്യമാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിനുള്ള നടപടികൾ തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. നേരത്തെയുണ്ടായിരുന്ന നഷ്ടം നികത്തി ലാഭത്തിലാക്കാൻ കഴിഞ്ഞുവെന്നതിന്റെ കണക്കുകൾ ഞാൻ വ്യക്തമാക്കിയതാണ്. മലബാർ സിമന്റ്സിന്റെ കാര്യം നേരത്തെ ഇവിടെ സംസാരിക്കുകയുണ്ടായി. ആ സ്ഥാപനം ലാഭകരമാക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഒന്നാം ക്വാർട്ടറിൽ ലാഭത്തിലായിരുന്നു. മഴകാരണം രണ്ടാം ഘട്ടത്തിൽ പ്രതീക്ഷിച്ച ഉൽപ്പാദനം നടന്നില്ല. മാർച്ച് 31 വരെയുള്ള വരാനിരിക്കുന്ന ക്വാർട്ടറിൽ ഓപ്പറേറ്റിംഗ് പ്രോഫിറ്റിൽ എത്തിക്കാൻ കഴിയുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽനിന്നും പുതിയ ഓർഡറുകൾ ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് മാസത്തെ കണക്കുകൾ പരിശോധിച്ചാൽ ഉയർന്ന വിൽപ്പനയാണ് അവിടെയുണ്ടായിട്ടുള്ളത്. പൊതുവിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്ന സമീപനമാണ് നാം സ്വീകരിച്ചുപോരുന്നത്. ഇവിടെ കോടതികളെക്കുറിച്ച് പറയുകയുണ്ടായി. കോടതികളിൽ ഗണ്യമായ സമയം കേസുകളുടെ റോൾ കോൾ വിളികളിലാണ് നഷ്ടപ്പെടുന്നത്. 11 മണിക്ക് തുടങ്ങുമെങ്കിലും ചിലപ്പോൾ ഒരു മണിക്ക് ശേഷമായിരിക്കും കോടതി നടപടി ആരംഭിക്കുന്നത്. അത് റോൾ കോളിൽ കുടുങ്ങിക്കിടക്കുകയാണ്. വിവര സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സംവിധാനത്തിലൂടെ ഇതിന് മാറ്റം വരുത്താനാകുമോ എന്നുള്ളത് ചീഫ് ജസ്റ്റീസുമായിത്തന്നെ ചർച്ച ചെയ്തിട്ടുണ്ട്. അതിൽ ആവശ്യമായ പരിശോധന നടത്തി ഉചിതമായ നടപടി സ്വീകരിക്കാമെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി വ്യക്തമാക്കിയിട്ടുള്ളത്. ഇപ്പോൾത്തന്നെ ജയിലുകളിൽ വീഡിയോ കോൺഫറൻസ് മുഖേന കോടതി നടപടികൾ നടത്തുന്നതിന് അംഗീകാരമായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 27 ഗ്രാമ നീതിന്യായാലയങ്ങൾ ആരംഭിച്ചിട്ടുണ്ട്. എം.എൽ.എ.-മാരുടെ കേസുകൾ കൈകാര്യം ചെയ്യാനായി എറണാകുളത്ത് പുതിയ കോടതി രൂപീകരിച്ചിട്ടുണ്ട്. അട്ടപ്പാടിയിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി സ്ഥാപിച്ചിട്ടുണ്ട്. സബോർഡിനേറ്റ് ജുഡീഷ്യറിയിൽ 478 തസ്തികകൾ അനുവദിക്കുന്ന നിലയുണ്ടായിട്ടുണ്ട്.

അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സംബന്ധിച്ചുള്ള കാര്യങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞുവെന്നുള്ളത് വലിയ നേട്ടമായിത്തന്നെയാണ് നാം കാണേണ്ടത്. നേരത്തെയുള്ള ഭരണയന്ത്രത്തെ ജനകീയമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഭരണപരിഷ്കാര കമ്മീഷൻ കേരളത്തിലെ ആദ്യത്തെ ഗവൺമെന്റിന്റെ കാലംതൊട്ട്

തുടങ്ങിയത്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ശിപാർശ 1957-ലെ ഇ.എം.എസ്. മന്ത്രിസഭയുടെ കാലത്തുതന്നെയുണ്ടായിരുന്ന പ്രധാന ശിപാർശയാണ്. നമ്മുടെ സംസ്ഥാനത്തെ ഭരണയന്ത്രം ജനകീയമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമാണ് കെ.എ.എസ്. പക്ഷേ, പലവിധ കാരണങ്ങളാൽ അത് നടപ്പാക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ നമുക്കതിന് സാധിച്ചിട്ടുണ്ട്. അതിന്റെ പരീക്ഷ കഴിഞ്ഞു. ചോദ്യക്കടലാസുകൾ തയ്യാറാക്കിയത് പി.എസ്.സി. നേരിട്ടല്ല എന്നുള്ളത് പി.എസ്.സി. തന്നെ വ്യക്തമാക്കിയിട്ടുണ്ട്. വിവിധ മേഖലകളിലെ വിദഗ്ദ്ധരാണ് പ്രസ്തുത ചോദ്യങ്ങൾ തയ്യാറാക്കുന്നത്. വിവിധ മേഖലകളിലുള്ള ചോദ്യങ്ങളാണ് ചോദിക്കുന്നത്. അതിൽ അസ്വാഭാവികതയൊന്നുമില്ല എന്നത് പി.എസ്.സി. തന്നെ വ്യക്തമാക്കിയിട്ടുണ്ട്. നല്ല രീതിയിൽ നമുക്ക് കെ.എ.എസ്. നടപ്പാക്കാൻ കഴിയും. കെ.എ.എസ്. വരുന്നതിനെ നേരത്തെ ചിലർ എതിർക്കുന്ന നിലയുണ്ടായിരുന്നു. ഇപ്പോൾ അതിന് ശക്തി കുറഞ്ഞിട്ടുണ്ട്. മഴ പെയ്തുകഴിഞ്ഞാലും മരം പെയ്യും എന്നൊരു ചൊല്ലുണ്ടല്ലോ. അതുപോലെ ചിലത് ബാക്കി നിൽക്കുന്നുണ്ടാകും. പക്ഷേ, അത് പരിഹരിച്ച് പോകാവുന്നതേയുള്ളൂ.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ ചൂണ്ടിക്കാണിച്ച കാര്യത്തെ സംബന്ധിച്ച് അതിന്റെ ആഴത്തിലിറങ്ങി ഗൗരവത്തിൽ അങ്ങൊരു മറുപടി പറഞ്ഞില്ല. നാല് ലക്ഷം ചെറുപ്പക്കാർ എഴുതിയ കെ.എ.എസ്. പരീക്ഷയിൽ പാകിസ്ഥാൻ സിവിൽ സർവ്വീസ് പരീക്ഷയിൽ 2001-ൽ ചോദിച്ച ആറ് ചോദ്യങ്ങൾ അതേപടി വള്ളി, പുള്ളി, വിസർഗ്ഗം തെറ്റാതെ വന്നു. ബഹുമാന്യനായ പി.എസ്.സി. ചെയർമാൻ പറയുന്നത്, 22-ൽപരം വിദഗ്ദ്ധർ തയ്യാറാക്കി നറുക്കിട്ടെടുത്ത ചോദ്യമാണ് വന്നതെന്നാണ്. അങ്ങനെയാണെങ്കിൽ എങ്ങനെയാണ് ഈ ചോദ്യം ഒരേ ഓർഡറിൽ അതിന്റെ ഓപ്ഷൻ തെറ്റാതെ യാതൊരു കുഴപ്പവുമില്ലാതെ വന്നത്; ഇതിൽ അറിപത്തിയാറാമത്തെ ചോദ്യത്തിന് "Utility command" എന്നുപറയുന്ന ഉത്തരം തെറ്റായിരുന്നു. പാകിസ്ഥാനിലും തെറ്റായിരുന്നു. ഈ തെറ്റ് അതേപടി ആവർത്തിച്ചു. ഇതാണ് ഏറ്റവും ഗുരുതരമായ കാര്യം. ഇതുപോലൊരു സംഭവം 2017-ൽ അരുണാചൽ പ്രദേശിലുണ്ടായി. അവർ യാതൊരു മടിയുമില്ലാതെ ആ പരീക്ഷ റദ്ദാക്കി. ഈ പരീക്ഷയും റദ്ദാക്കി ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ... (മൈക്ക് ഓഫ്).

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അങ്ങയുടെ പ്രസംഗം ഇവിടെയിരുന്ന് ഞാൻ മുഴുവനും കേട്ടതാണ്. അത് വീണ്ടും പ്രസംഗിക്കേണ്ടതില്ല. അപ്പോൾ പറഞ്ഞ കാര്യങ്ങളാണ് അങ്ങ് ആവർത്തിക്കുന്നത്. പി.എസ്.സി. അതിൽ പറഞ്ഞ നിലപാട്, ഇത് പൊതുവിൽ വിദഗ്ദ്ധർ തയ്യാറാക്കുന്നതാണ്, അവർ തയ്യാറാക്കുന്ന ചോദ്യക്കടലാസാണ് ഞങ്ങൾ എടുക്കാറുള്ളത്, അതിൽനിന്ന് ഞങ്ങൾ ഏതെങ്കിലുമൊരു പ്രത്യേക ചോദ്യം എടുക്കാറില്ല, അങ്ങ് പറഞ്ഞതുപോലെ നറുക്കിട്ട് എടുക്കാറാണ് എന്നൊക്കെയാണ്. ആ പറഞ്ഞ കാര്യങ്ങൾ

മുഖവിലയ്ക്കെടുക്കുക എന്നതാണ് ഇന്നത്തെ നിലയിൽ ആശാസ്യമായ കാര്യം. മറ്റേതെങ്കിലും അപാകത അതിനകത്ത് സംഭവിച്ചിട്ടുണ്ടെന്ന് കാണേണ്ടതായിട്ടില്ല.

നമ്മുടെ സംസ്ഥാനത്തുനിന്ന് കോളേജ് യൂണിയൻ ചെയർമാൻമാർ വിദേശത്ത് പോയത് സംബന്ധിച്ച് പറയുകയുണ്ടായി. വിദേശത്ത് പോകാൻ നമുക്ക് മാത്രമേ അവകാശമുള്ളൂ എന്നുള്ള ചിന്തയുടെ ഭാഗമായി വന്നതാണോ അതെന്ന് അറിയില്ല. പ്രധാനപ്പെട്ട രാഷ്ട്രീയ നേതാക്കൾ, എം.എൽ.എ.-മാർ, എം.പി.-മാർ എന്നിങ്ങനെയുള്ളവർ മാത്രമേ പോകാവൂ എന്നുണ്ടോ. ഇതിൽ നാം കാണേണ്ടത്, ലീഡർഷിപ്പ് ട്രെയിനിംഗിന്റെ ഭാഗമായി രണ്ട് ബാച്ചുകൾ എന്നുള്ള നിലയ്ക്ക് പോകുന്നൊരു വിദേശ പര്യടനമാണ്. അത് നമ്മുടെ യുവ തലമുറയ്ക്ക് പ്രോത്സാഹജനകമായിട്ടുള്ളൊരു കാര്യമാണ്. അത്തരം കാര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് നമ്മൾ സ്വീകരിക്കേണ്ടത്. അതൊക്കെ ഒരു സർക്കാർ പരിപാടിയായി കാണേണ്ട കാര്യമല്ല. എല്ലാ കുട്ടികളും പോകുന്നതല്ലേ; അവർ പോകുന്നത് നമ്മുടെ ഭാവി തലമുറ എന്നുള്ള നിലയ്ക്ക് ആവശ്യമല്ലേ; ആ നിലയ്ക്ക് അതിനെ കണ്ടാൽ മതി.

സംസ്ഥാനത്ത് കിഫ്ബി വഴി നടപ്പാക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിക്കുകയുണ്ടായി. അതിൽ 6 എണ്ണം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ എന്ന് പറയുകയുണ്ടായി. 54,000 കോടി രൂപയുടെ വർക്കുകൾക്കാണ് നാളിതുവരെ കിഫ്ബി അനുമതി നൽകിയത്. അതായത് 679 പദ്ധതികൾ. ഇതിൽ 347 പദ്ധതികൾ ടെണ്ടർ ചെയ്തുകഴിഞ്ഞു. അതിൽ 43 പദ്ധതികൾ ഇതിനകം കമ്മീഷൻ ചെയ്തു. നാളിതുവരെ 4,773.69 കോടി രൂപ പദ്ധതിക്കുവേണ്ടി ചെലവഴിച്ചുകഴിഞ്ഞു. മറ്റ് പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഈയൊരു വർഷത്തിനകം 250 പദ്ധതികൾ പൂർത്തിയാക്കുമെന്നാണ് കണക്കാക്കുന്നത്. നല്ല വേഗതയിലാണ് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. ഒരാശങ്കയും അക്കാര്യത്തിൽ ഉണ്ടാകേണ്ടതില്ല.

ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ നല്ല രീതിയിലുള്ള മുന്നേറ്റമാണ് നമുക്കുണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളത്. അത് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. സാമൂഹ്യ സുരക്ഷാപെൻഷൻ ഇപ്പോൾ 1,300 രൂപയാക്കി വർദ്ധിപ്പിച്ചു. നേരത്തെ 600 രൂപയായിരുന്നു ഉണ്ടായിരുന്നത്.

കേരളത്തിന്റെ പൊതുവായ വളർച്ച നമ്മൾ കാണാതിരിക്കരുത്. 2015-16-ലെ 5.3 ശതമാനത്തിൽനിന്ന് 2018-19 ആയപ്പോൾ 7.5-ലേയ്ക്ക് വളർച്ച ഉയർത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അഖിലേന്ത്യാ തലത്തിൽ ജി.ഡി.പി. വളർച്ച താഴേയ്ക്ക്

പോകുമ്പോഴാണ് നമ്മുടെ നാട് ഈ നേട്ടം കൈവരിച്ചതെന്നത് പ്രത്യേകമായിത്തന്നെ നാം കാണേണ്ട കാര്യമാണ്. ഇതിൽ നാം ശ്രദ്ധിക്കേണ്ടൊരു കാര്യം, ആഗോളവൽക്കരണ നയങ്ങൾക്ക് ശരിയായ ബദൽ ഉയർത്തി, അത് മുന്നോട്ടുവച്ചുകൊണ്ട് നമുക്ക് പ്രവർത്തിക്കാൻ കഴിയുന്ന എന്നുള്ളതാണ്. ആഗോളവൽക്കരണ നയങ്ങൾക്ക് ബദലില്ല എന്നുപറയുന്നൊരു ഘട്ടത്തിൽ അത് സാധ്യമാണ് എന്നതാണ് കേരളം മുന്നോട്ട് വച്ചിട്ടുള്ളത്.

ഇവിടെ നിരവധി പ്രതിസന്ധികൾ നമുക്ക് നേരിടേണ്ടിവന്നു. അതൊക്കെ വിജയകരമായിത്തന്നെ അതിജീവിക്കാൻ കഴിഞ്ഞു. പ്രളയങ്ങൾ, കാലവർഷക്കെടുതി, ഓഖി ദുരന്തം, നിപ, കൊറോണ എന്നിങ്ങനെയുള്ള പ്രതിസന്ധികളെ നമുക്ക് ശരിയായ രീതിയിൽ അതിജീവിക്കാൻ കഴിഞ്ഞിട്ടുണ്ട്. വലിയ ദുരന്തങ്ങളാണ് നമുക്ക് നേരിടേണ്ടി വന്നത് എന്നുള്ളത് വസ്തുതയാണ്. പല പ്രാവശ്യം പറഞ്ഞതായതുകൊണ്ട് അതിന്റെ മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ആവശ്യമായ സഹായങ്ങൾ ലഭ്യമാകേണ്ട കേന്ദ്രങ്ങളിൽനിന്ന് ലഭിച്ചില്ല എന്നുള്ള പ്രശ്നവുമുണ്ടായിട്ടുണ്ട്.

പ്രവാസികളുടെ പ്രശ്നങ്ങളിൽ സർക്കാർ മുൻകയ്യെടുത്ത് പ്രവർത്തിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായിത്തന്നെയാണ് ലോക കേരള സഭ പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ലോക കേരള സഭയുടെ കാര്യത്തിൽ എനിക്കിപ്പോഴും ബഹുമാനപ്പെട്ട പ്രതിപക്ഷത്തോട് അഭ്യർത്ഥിക്കുവാനുള്ളത്, പ്രതിപക്ഷം സ്വീകരിക്കുന്ന നിഷേധാത്മക സമീപനം തിരുത്തണം. ഇതുമായി സഹകരിക്കാൻ തയ്യാറാകുകയാണ് വേണ്ടത്. അതുപോലെ കേരളം സ്വീകരിച്ച സഹകരണ മേഖലയിലെ ഇടപെടൽ, കേരള ബാങ്ക് രൂപീകരണം. അത് രാജ്യംതന്നെ ശ്രദ്ധിച്ചിട്ടുള്ള ഒരു നടപടിയായിട്ടാണ് ഇപ്പോൾ വരുന്നത്. അക്കാര്യത്തിൽ നല്ല നിലയിൽത്തന്നെ നമ്മുടെ സഹകരണരംഗം അഭിവൃദ്ധിപ്പെടുന്ന എന്നാണ് കാണേണ്ടത്. ഇതോടൊപ്പംതന്നെ ഭരണ യന്ത്രത്തിന്റെ നവീകരണത്തിന് ആവശ്യമായ നടപടികളും സ്വീകരിക്കുകയാണ്. ഭരണയന്ത്രത്തെ കൂടുതൽ ജനകീയവൽക്കരിക്കുക, ആധുനികവൽക്കരിക്കുക എന്നിങ്ങനെയുള്ള ഇടപെടലുകളും നല്ല രീതിയിൽത്തന്നെ നാം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് കെ.എ.എസ്. യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞത്.

പി.എസ്.സി. പരീക്ഷയുടെ ചോദ്യങ്ങൾ മലയാളത്തിലാക്കുന്നതിനുള്ള നടപടികൾ അവരുമായി ചർച്ച ചെയ്ത് സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. 2020 ജനുവരി 31 വരെ 1,27,595 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. കൃത്യമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിലപാട് സ്വീകരിക്കുന്നുണ്ട്.

കൃത്യമായിത്തന്നെ ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ ഇതിൽ ഇടപെടുന്നുണ്ട്. ഫയൽ തീർപ്പാക്കലിന്റെ കാര്യത്തിൽ നല്ല ഇടപെടലാണുണ്ടായത്, ഇവിടെ പറഞ്ഞതുപോലെ സെക്രട്ടേറിയറ്റിൽ 48 ശതമാനം ഫയലുകളാണ് തീർപ്പാക്കാനുള്ളത്. ബാക്കിയുള്ളത് ഉടനെ തീർപ്പാക്കാനുള്ള നടപടിക്രമങ്ങളാണ് സ്വീകരിക്കുന്നത്. ഈ വർഷം പൂർത്തിയാകുന്നതോടെ ഫയൽ പൂർണ്ണതയിലേയ്ക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്.

മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണം നമുക്ക് ശരിയായ രീതിയിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന് കമ്മീഷൻ രൂപീകരിച്ച്, കമ്മീഷൻ ശിപാർശ അംഗീകരിച്ച് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ദേവസ്വം ബോർഡിൽ ഇതിനകം നിയമനവും നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വേഗത്തിൽ തന്നെ ദുരിതബാധിതർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 1216 കോടി രൂപയാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളത്, പ്രളയദുരിതാശ്വാസം സുതാര്യവും സമയബന്ധിതവുമായി ഗുണഭോക്താക്കൾക്ക് നേരിട്ട് വിതരണം ചെയ്യുന്ന സംവിധാനമാണ് നിലവിലുള്ളത്. പരാതി പരിഹാര പരിപാടിക്ക് നല്ല മുൻതൂക്കം കൊടുത്തിട്ടുണ്ട്. 2,61,972 പരാതികളിൽ 67.66 ശതമാനം പരാതികൾ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ കൂടുതൽ വേഗത കൈവരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. നല്ല നിലയ്ക്ക് നമ്മുടെ സംസ്ഥാനം മതനിരപേക്ഷത സംരക്ഷിക്കാനുള്ള ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ച മറ്റനേകം പ്രശ്നങ്ങൾ, ഇവിടെ ബഹുമാന്യരായ ചില അംഗങ്ങൾ ചൂണ്ടിക്കാണിച്ച ചില പ്രത്യേക പ്രശ്നങ്ങൾ, അത് ഗൗരവമായി കാണേണ്ടതാണെന്നാണ് തോന്നുന്നത്. നവകേരളം എന്നത് ഇന്ന് പരിഹാസ്യമായി കാണുകയാണെന്ന തരത്തിൽ പറയുകയുണ്ടായി. അത് പരിഹാസ്യമായിട്ടല്ല ജനങ്ങൾ കാണുന്നത്, അത് വളരെ ഗൗരവമായിട്ടുതന്നെ ജനങ്ങൾ കാണുകയാണ്. അത് നല്ല രീതിയിൽ നമുക്ക് പ്രാവർത്തികമാക്കാൻ കഴിയുന്നുണ്ട്.

ശ്രീ. ടി. എ. അഹമ്മദ് കബീർ, കോൺഗ്രസ്സിനെ ന്യായീകരിച്ച്, ന്യായീകരിച്ച് എവിടെയാണ് എത്തിയതെന്ന് ഒരു പിടിയില്ലാത്ത മട്ടിലാണ്, നല്ലതാണത്. കാരണം ഒരുമിച്ച് നിൽക്കുമ്പോൾ നല്ല ശക്തിയായി പറയണമല്ലോ. അവർക്കെന്തെങ്കിലും സംശയം തോന്നേണ്ട എന്നതുകൊണ്ട് ചിലപ്പോൾ അങ്ങനെ പറഞ്ഞതായിരിക്കുമെന്നാണ് ഞാൻ കരുതുന്നത്. ഈ നാട്ടിൽ ജീവിക്കുന്നവർക്കാർക്കും അങ്ങനെ പറയാൻ സാധിക്കുകയില്ല. നാടിന്റെ ജീവിതത്തിന്റെ ഭാഗമായി മാറിയ ആർക്കും പറയാൻ കഴിയുകയില്ല. രണ്ട് സീറ്റുള്ളവരെ ഇത്രയും സീറ്റിലേയ്ക്ക് എത്തിച്ചതാരാണെന്ന് അദ്ദേഹം ചോദിച്ചു? ആരാണ്; നമ്മുടെ രാജ്യത്ത് നടന്ന

വർഗ്ഗീയ കലാപങ്ങൾ ജബൽപൂർ, റാഞ്ചി, അലിഗഢ്, ബീവണ്ടി, അഹമ്മദാബാദ്, മൊറാദാബാദ്, ഭഗത്പൂർ, ബധോൻ, മീററ്റ്, കരിംഗഞ്ച്, നാസിക്, ബോംബെ അങ്ങനെ എത്രയെണ്ണമാണ്, ഇതിൽ കുറെ വിട്ടുപോയിട്ടുണ്ടാകും, അങ്ങനെ എത്രയെത്ര? ഇതൊക്കെ സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ഭീതിജനകമായ അന്തരീക്ഷമുണ്ടായ സ്ഥലങ്ങളല്ലേ, എത്രപേരാണ് അതിന് ഇരയായത്? ഈ വർഗ്ഗീയ കലാപങ്ങളെക്കുറിച്ച് അന്വേഷിച്ചല്ലോ; മദൻ കമ്മീഷൻ, ജഗൻമോഹൻ റെഡ്ഡി കമ്മീഷൻ, ജിതേന്ദ്രനാരായണൻ കമ്മീഷൻ, വേണുഗോപാൽ കമ്മീഷൻ, രഘുബർദയാൽ കമ്മീഷൻ ഇവരെല്ലാം ചൂണ്ടിക്കാണിച്ചത് അതിലുണ്ടായ ഭീകരത, നാശനഷ്ടങ്ങൾ, ഓരോ പ്രദേശത്തുമുണ്ടാക്കിയ വർഗ്ഗീയ ധ്രുവീകരണം എന്നിവയാണ്. ആരായിരുന്നു അക്കാലത്ത് ഭരണത്തിൽ? ബഹുമാന്യനായ അഹമ്മദ് കബീറിന് അറിയാത്തതാണോ അത്? നിങ്ങൾ നാല് മന്ത്രിസ്ഥാനം പ്രധാനമാണെന്ന് കണ്ടിട്ട്, അത് മുറുക്കി പിടിച്ചിട്ട്, ബാബറി മസ്ജിദ് തകർന്നപ്പോൾ അതിനെ ന്യായീകരിക്കാൻ പുറപ്പെട്ടവരല്ലേ? ആ വികാരവുംപേറി നടന്നാൽ നാട് ഇപ്പോൾ അതിന്റെ കൂടെയല്ലെന്ന് അങ്ങ് മനസ്സിലാക്കണം. ഇവിടെ കോൺഗ്രസ്സിന്റെ ഭരണകാലത്ത് മതനിരപേക്ഷത അപകടപ്പെടുത്തുന്ന രീതിയിലുള്ള വർഗ്ഗീയ കലാപങ്ങൾ ഉണ്ടായപ്പോൾ അതിനുനേരെ കർക്കശമായ നിലപാടെടുത്തിരുന്നുവെങ്കിൽ വർഗ്ഗീയശക്തികൾക്ക് പ്രോത്സാഹനം ലഭിക്കുമായിരുന്നില്ല. ആ പ്രോത്സാഹനം ആരാണ് നൽകിയത്? അത്തരം പ്രോത്സാഹനം നൽകുന്ന സമീപനം എന്തുകൊണ്ട് ഉണ്ടായി? 1989-ൽ വ്യാജ വാർത്തകളിലൂടെ സൃഷ്ടിക്കപ്പെട്ട വർഗ്ഗീയ പ്രതികരണമാണ് ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട ധാരാളം പേർക്ക് ബീഹാറിലെ ഭഗൽപൂരിൽ ജീവൻ നഷ്ടപ്പെട്ടത്. അതിന്റെ എണ്ണത്തെപ്പറ്റി ഇപ്പോൾ പറയേണ്ട കാര്യമില്ല. പക്ഷേ, നാം കാണേണ്ടത് രാമജന്മഭൂമിയുടെ പേരിൽ ബി.ജെ.പി. രഥയാത്ര നടത്തിയ ഘട്ടത്തിൽ അതിന് വളക്കൂറുള്ള മണ്ണ് ഒരുക്കിക്കൊടുക്കാനാണ് അന്നത്തെ പല കോൺഗ്രസ്സ് സർക്കാരുകളും തയ്യാറായിരുന്നത്. അത് ഈ നാടിന്റെ ചരിത്രത്തിന്റെ ഭാഗമാണ്. അനാസ്ഥയും ജാഗ്രതക്കുറവും മാത്രമല്ല, വർഗ്ഗീയശക്തികളെ പിന്തുണയ്ക്കുന്ന നിലപാടുകളും സ്വീകരിച്ചു, അവരുമായി സന്ധിചെയ്തു, 1984-ൽ ഡൽഹിയിൽ നടന്ന കലാപത്തിൽ നാം കണ്ടത് ഏറ്റവും കറുത്ത ഒരു അദ്ധ്യായമാണല്ലോ, അന്നാണ് ഒരു വൻമരം വീണാൽ കുറച്ചധികം ചെറുമരങ്ങളും വീഴുമെന്ന് പറഞ്ഞിരുന്നത്. 1984-ലാണ് മഹാരാഷ്ട്രയിലെ ബീവണ്ടിയിൽ കലാപം നടക്കുന്നത്. ധാരാളം ജീവനുകൾ നഷ്ടപ്പെട്ടു. ഞാൻ അതിന്റെ എണ്ണം ബോധപൂർവ്വം പറയാതിരിക്കുന്നതാണ്. എണ്ണം എന്റെ കയ്യിലുണ്ട്. 1987-ൽ ഉത്തർപ്രദേശിലെ മീററ്റിൽ Provincial Armed constabulary (P.A.C.) ഈ കലാപത്തിൽ നേരിട്ട് പങ്കെടുത്തുവെന്ന് റിപ്പോർട്ടുണ്ട്. എന്തു ചെയ്തു, ആ ന്യൂനപക്ഷ വിഭാഗത്തെ സംരക്ഷിക്കുന്നതിനുവേണ്ടി എന്തു നടപടിയെടുത്തു? ഇവിടെ വർഗ്ഗീയവികാരം ഇത്തരത്തിൽ ഉയർത്തിവിടാനുള്ള

കലാപങ്ങൾ വന്നാൽ, ആ കലാപത്തിന്റെ ഗുണഫലം നേരിട്ട് അനുഭവിക്കുന്നതാരാണ്? അത് എപ്പോഴും വർഗ്ഗീയ ശക്തിയായ ആർ.എസ്.എസ്-ഉം, ബി.ജെ.പി.യും തന്നെയാണ്. അതിന്റെ ഗുണഫലം അവർക്ക് കിട്ടിയിട്ടുണ്ട്. പക്ഷേ, ആ വർഗ്ഗീയ ശക്തികളെ നേരിടുന്നതിനുള്ള ഫലപ്രദമായ നടപടി അന്നത്തെ കോൺഗ്രസ്സ് സർക്കാരുകൾ സ്വീകരിച്ചില്ല എന്നതാണ് ചരിത്രം, അത് നമ്മൾ മറന്നുപോകരുത്. കോൺഗ്രസ്സിന്റെ അന്നത്തെ ഭരണകർത്താക്കളുടേത് അത്ര ശുദ്ധമായ കൈകളല്ലെന്നത് ഓർക്കേണ്ടതായിട്ടുണ്ട്. അതിൽ കറയുണ്ട്, എന്തിന്റെ കറയാണെന്ന് ഞാൻ പറയുന്നില്ല, അത് ആലോചിച്ചാൽ മനസ്സിലാകും. ബി.ജെ.പി.-യുടെ വർഗ്ഗീയ അജണ്ടയെ ചെറുക്കുന്ന കാര്യത്തിൽ കോൺഗ്രസ്സിന് ഒരു കാലത്തും പങ്ക് നിർവ്വഹിക്കാനായിട്ടില്ല. ഇതിന്റെ ഭാഗം തന്നെയാണ് വി.പി.സിംഗിന്റെ ഗവൺമെന്റിനെ താഴെയിറക്കാനുള്ള നടപടികളും, അതും നമ്മൾ മറന്നുപോകരുത്.

4.00 P.M.]

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ഇവിടെ ഞാൻ കൃത്യമായി പറഞ്ഞിരുന്നു, അതായത്, ജനായത്ത സംവിധാനത്തിന്റെ കരുത്ത് എന്നുപറയുന്നത് ശക്തമായ പ്രതിപക്ഷവും നല്ലൊരു ഭരണകക്ഷിയുമാണ്. ഭരണകക്ഷിയെ പരാജയപ്പെടുത്താൻ ശ്രമിക്കുമ്പോൾ ഒരു മതനിരപേക്ഷ ജനായത്ത ബദൽ താങ്കളുടെ പാർട്ടി ഉറപ്പുവരുത്തിയോ എന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട ടി. എ. അഹമ്മദ് കബീർ പറയുന്നത് എന്റെ പാർട്ടി എടുത്ത നിലപാടിനെക്കുറിച്ചാണ്. എന്റെ പാർട്ടി എടുത്ത നിലപാട് അന്നും ഇന്നും പൂർണ്ണമായും ശരിയായിട്ടുള്ളതാണ്. ഈ രാജ്യത്തിലെ കോൺഗ്രസിനെതിരെയുള്ള നിലപാട് ഞങ്ങൾ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അതേ സമയം കോൺഗ്രസിന്റെ ദൗർബല്യങ്ങൾ വ്യക്തമായി ചൂണ്ടിക്കാണിക്കുമ്പോൾ തന്നെ, ആ ദൗർബല്യങ്ങളുടെ ഭാഗമായി ബി.ജെ.പി. അധികാരത്തിൽ വന്നതിനുശേഷം രാജ്യത്തിന്റെ മുമ്പിലുള്ള പ്രധാന വിപത്ത് എന്താണെന്നതിനും ഞങ്ങൾ മറുപടി പറഞ്ഞിട്ടുണ്ട്. ആ പ്രധാന വിപത്ത് ബി.ജെ.പി. തന്നെയാണ്. ബി.ജെ.പി.യെ പരാജയപ്പെടുത്തുക എന്നുള്ളതുതന്നെയാണ് നിലപാട്. ബി.ജെ.പി അധികാരത്തിൽ വന്നതോടുകൂടി അവരെ പരാജയപ്പെടുത്തുകയെന്ന നിലപാട് ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. എങ്ങനെയാണ് ബി.ജെ.പി.ക്ക് അധികാരത്തിൽ വരാൻ കഴിഞ്ഞത്? ശ്രീ. ടി. എ. അഹമ്മദ് കബീറിന് അതറിയില്ലേ? ഒന്നാം യു.പി.എ. സർക്കാരിന്റെ കാലത്ത് ലോകമാസകലം വൻതോതിലുള്ള സാമ്പത്തിക പ്രതിസന്ധിയുണ്ടായി. അമേരിക്കയിലടക്കം ഒരുപാട് സാമ്പത്തിക സ്ഥാപനങ്ങൾ തകർന്നുപോകുന്ന

സ്ഥിതി വന്നു. എന്നാൽ നമുക്കിവിടെ വലിയ തകർച്ചയൊന്നുമില്ലാതെ പിടിച്ചുനിൽക്കാൻ കഴിഞ്ഞു. എന്തുകൊണ്ട് എന്നതാണ് എന്റെ ചോദ്യം. അതുതന്നെയാണ് ശ്രീ. കെ. സി. ജോസഫ് അവിടെ നിന്നും ചോദിച്ചത്. ആ കാലത്ത് അന്നത്തെ യു.പി.എ. നേതൃത്വം നടപ്പിലാക്കാൻ നോക്കിയ ജനവിരുദ്ധമായ നയങ്ങൾ അന്ന് പിന്തുണ നൽകുന്ന ഇടതുപക്ഷമുള്ളതുകൊണ്ട് നടപ്പാക്കാൻ സാധിച്ചില്ല. ഇടതുപക്ഷം അതിന് തടയായിനിന്നു. മാത്രവുമല്ല, അതോടൊപ്പം ചില ജനോപകാരപ്രദമായ നടപടികളുമുണ്ടായി. ഇപ്പോഴത്തെ തൊഴിലുറപ്പ് പദ്ധതികൾ പോലെയുള്ളതും വനത്തിനകത്തുള്ള ആളുകൾക്ക് താമസിക്കാൻ സൗകര്യം ചെയ്തുകൊടുക്കുന്നതടക്കമുള്ള കാര്യങ്ങൾ നടപ്പിലാക്കേണ്ടതായും വന്നു. നയപരമായ പ്രശ്നത്തിന്റെ ഭാഗമായി ഞങ്ങൾക്ക് അവരുടെകൂടെ ദീർഘകാലം പോകാൻ പറ്റിയില്ല. കാരണം അമേരിക്കയുടെ തന്ത്രപരമായ സഖ്യശക്തിയായി ഇന്ത്യ മാറാൻ പോകുകയായിരുന്നു. ആണവക്കരാർ എന്നുപറയുന്നത് കേവലം ഒരു ആണവക്കരാർ മാത്രമായിരുന്നില്ല. നിങ്ങൾ തന്ത്രപരമായ സഖ്യശക്തിയായി മാറാനുള്ള തുടക്കം കുറിച്ചപ്പോൾ അത് പറഞ്ഞുകൊണ്ടുതന്നെ ഞങ്ങൾ പിൻവാങ്ങി. ഇക്കാര്യത്തിലൊന്നും ബി.ജെ.പിയും കോൺഗ്രസും തമ്മിൽ വ്യത്യാസമില്ല. ബി.ജെ.പി. വന്നപ്പോൾ, അവർ നേരേ അതിലേയ്ക്ക് മാറി. ആ സർക്കാർ തെരഞ്ഞെടുപ്പ് നടത്തി. തെരഞ്ഞെടുപ്പിൽ ജയിച്ചുവന്നു. ജയിച്ചുവന്നപ്പോൾ അവർ എന്ത് നിലപാടെടുത്തു? ഒരു പൊല്ലാപ്പ് ഒഴിഞ്ഞല്ലോ, ഇടതുപക്ഷം എന്ന പൊല്ലാപ്പിന്റെ പിന്തുണ ഇല്ലാതായല്ലോ, ഇനി അവരെ ശങ്കിക്കേണ്ടല്ലോ, പിന്നെ അവരുടെ തനിനിറം കാട്ടി. തനി ജനവിരുദ്ധമായ നയങ്ങൾ നടപ്പിലാക്കി. അതല്ലേ ബി.ജെ.പി.ക്ക് അവസരമുണ്ടാക്കിയത്; അതിന്റെ ഭാഗമായല്ലേ ബി.ജെ.പി. അടുത്ത തെരഞ്ഞെടുപ്പിൽ ജയിച്ചു വന്നത്; അതല്ലേ നാം കാണേണ്ടത്? നിങ്ങളുടെ കൂടെയിരിക്കുന്നവർക്ക് എന്തുകൊണ്ട് മനസ്സിലാകുന്നില്ലെന്ന കാര്യം നിങ്ങൾ ചിന്തിക്കണം.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, അങ്ങ് ഇപ്പോൾ പ്രസംഗിക്കുന്നതുതന്നെയാണ് ശ്രീ. നരേന്ദ്ര മോദിയും പ്രസംഗിക്കുന്നത്. കോൺഗ്രസിനെതിരെ അങ്ങ് എന്തെല്ലാം പറഞ്ഞോ അതുതന്നെയാണ് ശ്രീ. നരേന്ദ്ര മോദി രാജ്യസഭയിൽ പ്രസംഗിച്ചത്. അന്ധമായ കോൺഗ്രസ് വിരോധം നിങ്ങൾ എത്രകാലം കൊണ്ടുനടക്കും? അങ്ങ് പറഞ്ഞതിൽ ഒരു വ്യത്യസ്തതയുണ്ട്; അങ്ങ് ഇപ്പോഴും വി. പി. സിംഗ് ഗവൺമെന്റിനെ പിന്തുണയ്ക്കണമായിരുന്നു എന്ന അഭിപ്രായക്കാരനാണ്. ബി.ജെ.പി.-യോട് ഒപ്പംചേർന്നുകൊണ്ടുള്ള വി. പി. സിംഗ് ഗവൺമെന്റിനെ ഞങ്ങൾ താഴെയിറക്കിയത് എന്തോ മഹാപരാധമാണെന്നാണ് അങ്ങ് പറയുന്നത്. 62 സീറ്റുണ്ടായിരുന്ന ഇടതുപക്ഷം യു.പി.എ. ഗവൺമെന്റിനുള്ള പിന്തുണ പിൻവലിച്ചതോടുകൂടി ഇപ്പോൾ

രണ്ടുപേരായി അങ്ങയുടെ പാർട്ടി മാറി. അക്കാര്യം അങ്ങ് മറക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, ശ്രീ. നരേന്ദ്ര മോദിയും ഞാനും പറയുന്നത് ഒരേ കാര്യമല്ല. ശ്രീ. നരേന്ദ്ര മോദിക്ക് ഇങ്ങനെ നരേന്ദ്ര മോദിയാകാൻ കഴിഞ്ഞതുതന്നെ നിങ്ങൾ സ്വീകരിച്ച ഈ നിലപാട് കാരണമാണ്. യഥാർത്ഥത്തിൽ അതിന്റെയൊരു നന്ദി നിങ്ങളോട് ശ്രീ. നരേന്ദ്ര മോദിക്ക് ഉണ്ടാകുമെന്നതാണ് കാണേണ്ടത്. ഇതാണ് അതുസംബന്ധിച്ച് കാണേണ്ട കാര്യം.

ശ്രീ. സി. കെ. നാണു: സർ, പ്രതിപക്ഷനേതാവിന്റെ പാർട്ടി വി. പി. സിംഗിന്റെ ഗവൺമെന്റിനെ പുറത്താക്കിയത് എന്തിനായിരുന്നു? മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോൺഗ്രസുകാരടക്കമുള്ള പാവപ്പെട്ട പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി അത് നടപ്പാക്കിയതിന്റെ ഫലമായാണ് നിങ്ങൾ ആ ഗവൺമെന്റിനെ തകർത്തത്. നിങ്ങൾക്കറിയാമല്ലോ, അതിന്റെ ഫലമായാണ് ബാബറി മസ്ജിദിനെതിരായി നിങ്ങൾ സമരം നടത്തിയത്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെതിരായി ബി.ജെ.പി.യുടെ കൂടെ നിങ്ങളുടെ വിദ്യാർത്ഥി സംഘടനയും ഒന്നുചേർന്നാണ് തീരുമാനമെടുത്തത്. ഇതെല്ലാം ചരിത്രപരമായ വസ്തുതയാണ്. ഇതിന്റെ പേരിലാണ് ഈ പ്രശ്നങ്ങളെല്ലാം രാജ്യത്തുണ്ടാക്കിയത്. നിങ്ങളെപ്പോലെയും ഞങ്ങളെപ്പോലെയുമുള്ള പിന്നോക്കം നിൽക്കുന്ന മുസ്ലീമിനും ഹിന്ദുവിനും പിന്നോക്കം കിടക്കുന്ന മറ്റു ജാതിക്കാർക്കും നൂറ്റാണ്ടുകളായി സമരം ചെയ്ത് ലഭിച്ച അവകാശം ജനതാ ഗവൺമെന്റിന് പരിപൂർണ്ണമായി നടപ്പാക്കാൻ സാധിക്കാത്തത് വി. പി. സിംഗ് ഗവൺമെന്റ് നടപ്പിലാക്കിയപ്പോൾ അതിനെ തകർത്തതാണ് എന്നുള്ളത് ചരിത്രപരമായ വസ്തുതയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഇപ്പോഴത്തെ പ്രധാനമന്ത്രിയെക്കുറിച്ച് അതുമിതുമൊന്നും പറഞ്ഞിട്ട് കാര്യമില്ല. ഇന്ത്യൻ ചരിത്രം നിങ്ങൾ തകർത്തതാണ്.

ശ്രീ. പിണറായി വിജയൻ: സർ, ആ ചരിത്രം നിങ്ങൾ ശരിക്കും മനസ്സിലാക്കു. അദ്ദേഹം പറയട്ടേയെന്ന് കരുതിയാണ് ഞാൻ അക്കാര്യം വിശദമായി പറയാതിരുന്നത്. നേരത്തേ പെയ്ഡ് ന്യൂസിനെക്കുറിച്ച് ഒരു കാര്യം പറയുകയുണ്ടായി. തെരഞ്ഞെടുപ്പ് ഘട്ടത്തിൽ എതിർ സ്ഥാനാർത്ഥികളെ തോൽപ്പിക്കാനും അപകീർത്തിപ്പെടുത്താനും വേണ്ടി വാർത്ത കൊടുക്കാൻ പല പത്രസ്ഥാപനങ്ങളെയും പണം കൊടുത്ത് ചുമതലപ്പെടുത്തുന്ന പരിപാടിയാണ് പെയ്ഡ് ന്യൂസ്; അതിന്റെയൊപ്പം സ്വന്തം ഇമേജ് വർദ്ധിപ്പിക്കാനുള്ളതുമുണ്ടാകും. ഇത് യഥാർത്ഥത്തിൽ തുടങ്ങിവച്ചതും പ്രയോഗിച്ചതുമൊക്കെ കോൺഗ്രസാണ്. പ്രസ് കൗൺസിലിന് മുമ്പാകെയുള്ള കേസുകൾ എടുത്തുനോക്കിയാൽ അതിലൊക്കെ പ്രതികളായി പല പ്രമുഖരായ കോൺഗ്രസ് നേതാക്കളും

വരുന്നതായി കാണാൻ കഴിയും. ഇത് പുറത്തുകൊണ്ടുവന്ന നേതാവ് ആ ഘട്ടത്തിൽ ശ്രീ. പ്രകാശ് കാരാട്ടായിരുന്നു. കേരള ഗവൺമെന്റ് ചെയ്യുന്നത്, ജനങ്ങൾക്കുവേണ്ടി കൈക്കൊള്ളുന്ന ജനക്ഷേമ നടപടികൾ ജനങ്ങളെ അറിയിക്കുകയെന്ന നടപടിയാണ്. അതിൽ ഒരു പെയ്ഡ് ന്യൂസുമില്ല. ഇപ്പോൾ ലൈഫ് പദ്ധതിയുടെ കാര്യം വന്നു. ലൈഫ് പദ്ധതിയിൽ വീട് ലഭ്യമായ ആളുകൾ വന്ന് ഞങ്ങൾക്ക് വീട് കിട്ടിയിട്ടുണ്ടെന്ന കാര്യങ്ങൾ പറയുന്നു, അവർ അതിൽ സന്തോഷം രേഖപ്പെടുത്തുന്നു. ഇതിൽ എന്ത് പെയ്ഡ് ന്യൂസാണുള്ളത്? നമ്മുടെ നാട്ടിൽ നടന്ന ഒരു കാര്യം അവതരിപ്പിക്കുകയാണ്. അത് നല്ല രീതിയിൽ ജനം സ്വീകരിക്കുന്ന പരിപാടിയാണ്. ജനങ്ങൾ ജനക്ഷേമ പരിപാടികൾ അറിയരുത്, ജനങ്ങൾക്ക് ഒരു ഗുണവും ലഭിക്കരുത് എന്ന മനോഭാവം നിങ്ങൾ തിരുത്താൻ തയ്യാറാകണം.

ഇവിടെ നേരത്തേ സംസാരിക്കുന്ന ഘട്ടത്തിൽ സി.എ.എ.-യെക്കുറിച്ച് പറയുകയുണ്ടായി. സർക്കാരിന് എന്തോ ഇക്കാര്യത്തിൽ ഒരു വ്യക്തതക്കുറവുണ്ടെന്ന മട്ടിലാണ് ചൂണ്ടിക്കാണിച്ചത്. ഇക്കാര്യത്തിൽ ഒരു വ്യക്തതക്കുറവും ഇല്ല, അത് നേരത്തേ വ്യക്തമാക്കിയതാണ്. വ്യക്തതക്കുറവുണ്ടെന്ന് വരുത്താൻ ചിലർ ബോധപൂർവ്വമായ ശ്രമം നടത്തുകയാണ്. അത് എന്തിനാണെന്ന് എല്ലാവർക്കും നിശ്ചയവുമുണ്ട്. അതുകൊണ്ടൊന്നും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ കഴിയില്ല. സർക്കാരിന്റെ നിലപാട് വളരെ വ്യക്തതയുള്ളതാണ്. അക്കാര്യം ഒന്നുകൂടി വ്യക്തമാക്കണമെങ്കിൽ വ്യക്തമാക്കാം. പൗരത്വ ഭേദഗതി നിയമം നടപ്പിലാക്കാൻ തയ്യാറല്ലെന്ന് നേരത്തേതന്നെ പറഞ്ഞിട്ടുണ്ട്. അന്ന് നമ്മുടെ സംസ്ഥാനം ഒറ്റയ്ക്കായിരുന്നുവെങ്കിൽ ഇന്ന് വിവിധ സംസ്ഥാനങ്ങൾ നമ്മുടെകൂടെ അക്കാര്യത്തിൽ ചേർന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജനസംഖ്യാ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള എന്യൂമറേഷൻ പ്രവർത്തനങ്ങൾ നടക്കണം. അത്തരത്തിലുള്ള എന്യൂമറേഷൻ പ്രവർത്തനങ്ങൾ ഇവിടെ നടക്കുന്നില്ല. അക്കാര്യം നടത്തില്ല എന്നുപറഞ്ഞിട്ടുണ്ട്, ഇപ്പോൾ അത് നടത്താനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. സെൻസസിന്റെ ഭാഗമായുള്ള നടപടികളാണുള്ളത്. സെൻസസിന്റേത് ഒരു ഘട്ടവും ജനസംഖ്യാ രജിസ്റ്ററിന്റേത് രണ്ടാമതൊരു ഘട്ടവുമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളമുള്ള കാര്യമാണ് ഞാൻ പറയുന്നത്, ഓരോ സംസ്ഥാനത്തും ഇത് നടപ്പാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളുണ്ട്. ദേശീയ ജനസംഖ്യ രജിസ്റ്ററിനുവേണ്ടിയുള്ള എന്യൂമറേഷൻ പ്രവർത്തനവും സെൻസ്സസിന്റെ എന്യൂമറേഷൻ പ്രവർത്തനവും ഒന്നിച്ചല്ല. ഓർഡറിന്റെ ഭാഗമായിട്ടുതന്നെ അതിന്റെ എന്യൂമറേഷൻ പ്രവർത്തനങ്ങൾ എങ്ങനെയെന്നുള്ളതിന് വ്യക്തതയുണ്ട്. അതിന് വ്യക്തമായ സമയപരിധിയും കാലപരിധിയുമുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഓർഡറിൽ വ്യക്തമായി പറയുന്നത് Census and the updation of NPR എന്നാണ്. ഒറ്റ ഓർഡർ കേന്ദ്രഗവൺമെന്റ് അയച്ചിട്ട് നമുക്കതിന്റെ പകുതി മാത്രം എടുക്കാൻ സാധിക്കുമോ; നമ്മൾ എൻ.പി.ആർ. നടത്തുന്നില്ലെന്ന് ഡൽഹിയിലെ യോഗത്തിൽ പറഞ്ഞതുകൊണ്ട് മാത്രം അത് കേന്ദ്രഗവൺമെന്റ് അംഗീകരിക്കുമോ; ഇവിടെ എന്യൂമറേറ്റർമാരെ നമ്മൾ തീരുമാനിച്ചുകൊടുത്താൽ അവരുടെ കൺട്രോൾ കേന്ദ്രഗവൺമെന്റിനല്ലേ; രണ്ടാമതൊരു ഫെയ്സ് ഇതിനുണ്ട്. ഇപ്പോൾ ഹൗസ് നമ്പർ മാത്രമെ ഇടുന്നുള്ളൂ. ഹൗസ് നമ്പർ ഇട്ട് അവിടെ എത്ര പേരുണ്ട്, എത്ര മൃഗങ്ങളുണ്ട്, എത്ര വാഹനങ്ങളുണ്ടെന്നുള്ള എണ്ണം മാത്രമെ എടുക്കുന്നുള്ളൂ. ഇതിന്റെ രണ്ടാം ഘട്ടമെന്നുപറയുന്നത് അടുത്ത ഫെബ്രുവരി മുതൽ ഏപ്രിൽ വരെയാണ്. ആ സമയത്ത് പുതിയ ചോദ്യങ്ങൾ വന്നുകൂടെ; കേന്ദ്രം ഫ്രെയിം ചെയ്തിട്ടുള്ള ഒരുചോദ്യാവലിയുമുണ്ട്, ഒരു ആപ്പുമുണ്ട്. ചോദ്യാവലിയിൽ വേണ്ടാത്ത ചോദ്യങ്ങൾ ചോദിക്കില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. സമ്മതിച്ചു, ആപ്പ് വേണോ ചോദ്യാവലി വേണോയെന്ന് തീരുമാനിക്കുന്നത് എന്യൂമറേറ്ററാണ്. ആപ്പ് തന്നെ വേണമെന്ന് കേന്ദ്രം പറഞ്ഞാൽ അച്ഛന്റെ ജന്മസ്ഥലം എവിടെ; അച്ഛന്റെ ജനനത്തീയതി എവിടെ; എന്നീ ചോദ്യങ്ങൾ ആപ്പിലുണ്ട്. അങ്ങനെ വന്നാൽ ഇതിലൊരു ചതിക്കുഴിയില്ലേ; അതാണ് ഞങ്ങളുടെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ഇതിനകത്ത് അങ്ങനെയുള്ള യാതൊരു ചതിക്കുഴിയുമുണ്ടാകില്ല. എൻ.പി.ആർ.-ഉം ആയി ബന്ധപ്പെട്ട് ഒരുതരത്തിലുള്ള എന്യൂമറേഷൻ പ്രവർത്തനവും കേരളത്തിൽ നടക്കില്ലെന്നതാണ് സർക്കാർ സ്വീകരിച്ച നിലപാട്. പിന്നെയുള്ള ഭാഗം സെൻസസിന്റെ പ്രവർത്തനങ്ങൾ എങ്ങനെയെന്നുള്ളത് സംബന്ധിച്ചാണ്. സെൻസസുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയ പാർട്ടികളെയും വിളിച്ച്, വരുന്ന 16-ാം തീയതി വൈകുന്നേരം 5.00 മണിക്ക് യോഗം നടത്താനാണ് ഉദ്ദേശിക്കുന്നത്. എന്തൊക്കെയാണ് ഉദ്ദേശിക്കുന്നത് എന്നത് സംബന്ധിച്ച് അതിൽ കൂടുതൽ വ്യക്തത വരുത്താം. അതിൽ വേറെ ആശങ്കയ്ക്ക് യാതൊരു അടിസ്ഥാനവുമില്ല.

ശ്രീ. എം. ഉമ്മർ: സർ, എന്റെ ഒരു സംശയം ചോദിക്കുകയാണ്; ഞാൻ നേരത്തെ പറഞ്ഞത്, ഈ ഗവൺമെന്റിന്റെ 21-8-2019-ലെ അസാധാരണ ഗസറ്റിലെ ഒരു വാചകം നേരത്തെ ഞാൻ വായിച്ചു. ഇതിൽ പറയുന്നത്, The following notification by Registrar General and Census Commissioner of India "regarding the declaration of intention of the Central Government to prepare and update National Population Register (NPR) in connection with

the Census of India 2021" is republished for general information എന്നാണ്. ഇതിൽ സംസ്ഥാന ഗവൺമെന്റ് ഇറക്കിയ എക്സ്ട്രാ ഓർഡിനറി ഗസറ്റ് റദ്ദുചെയ്യാൻ ഗവൺമെന്റിന് എന്താണ് തടസ്സം; ഇത് റദ്ദ് ചെയ്തുകൂടേ, ഇതിന് എന്താണ് തടസ്സം?

ശ്രീ. പിണറായി വിജയൻ: സർ, ആർക്കും ഒരു ആശങ്കയും വേണ്ടായെന്നുള്ളത് ഞാൻ ആവർത്തിച്ച് വ്യക്തമാക്കി. ജനസംഖ്യാ രജിസ്റ്റർ തയ്യാറാക്കാനുള്ള ഒരു എന്യൂമറേഷൻ പ്രവർത്തനവും ഇവിടെ നടക്കില്ല. അതുസംബന്ധിച്ച് സെൻസസിന്റെ യോഗത്തിൽ കൂടുതൽ വ്യക്തത വരുത്താമെന്നുള്ളതാണ് അതിനെക്കുറിച്ച് പറയാനുള്ളത്. ആവർത്തിച്ച് ഇക്കാര്യം വീണ്ടും വ്യക്തമാക്കുകയാണ്.

അപ്പീലുകൾ പോകുന്നതിനെക്കുറിച്ച് നേരത്തെ ഉന്നയിച്ചല്ലോ; ആ ഭാഗവും കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. 24-6-2013-ന് ശ്രീ. കെ. കുഞ്ഞിരാമൻ, ഉദുമ ചോദിച്ചിരുന്ന ചോദ്യത്തിന് ഇവിടെ നല്കിയ ഉത്തരമുണ്ട്. (എ) കാസർഗോഡ് ജില്ലയിൽ കൊലചെയ്യപ്പെട്ട യൂത്ത് കോൺഗ്രസ് പ്രവർത്തകനായ ബാലകൃഷ്ണന്റെ മാതാപിതാക്കൾക്ക് നഷ്ടപരിഹാരം നല്കണമെന്ന കോടതി വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നാണ് ഉത്തരം.

(ബി) കോടതി വിധിയിലെ പ്രധാന പരാമർശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ബാലകൃഷ്ണന്റെ മരണവുമായി ബന്ധപ്പെട്ട കേസിന്റെ പ്രാരംഭഘട്ടത്തിൽ ശരിയായ അന്വേഷണം നടന്നില്ലായെന്നത് ടിയാന്റെ മാതാപിതാക്കളുടെ മൗലികാവകാശങ്ങളുടെ ലംഘനമാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിരീക്ഷിക്കുകയുണ്ടായി. ബാലകൃഷ്ണന്റെ കൊലപാതകത്തെക്കുറിച്ച് ശരിയായ അന്വേഷണം ആവശ്യപ്പെട്ട് പലതവണ കോടതിയെ സമീപിക്കേണ്ടിവന്നത് പരിഗണിച്ച് ടിയാന്റെ മാതാപിതാക്കൾ അനുഭവിക്കേണ്ടിവന്ന മനോവ്യഥ പരിഗണിച്ചും രണ്ടുലക്ഷത്തി അമ്പതിനായിരം രൂപ നഷ്ടപരിഹാരമായി നല്കുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി WP(C)24015/2011-മേലുള്ള 14-3-2013-ലെ വിധിയിൽ ഉത്തരവായിട്ടുണ്ട്.

(സി)കോടതിവിധി പ്രകാരമുള്ള തുക മാതാപിതാക്കൾക്ക് നല്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; തുക നല്കിയിട്ടില്ലായെങ്കിൽ അത് നല്കാതിരിക്കാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

നഷ്ടപരിഹാരം നൽകണമെന്നുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 14-3-2013-ലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. അപ്പീൽ പെറ്റീഷൻ തീർപ്പാകുന്ന മുറയ്ക്ക് അതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

അപ്പോൾ അപ്പീലുകൾ എല്ലാക്കാലത്തുമുണ്ടെന്ന് കാണിക്കാനാണ് ഞാനിത് പറഞ്ഞത്. അപ്പീലുകൾ എല്ലാ കാലത്തും ഉണ്ടായിട്ടുണ്ട്, അതിന്റെ ഭാഗമായിട്ടാണ് ഈ അപ്പീലും പോയിട്ടുള്ളത്. യൂത്ത് കോൺഗ്രസ് നേതാവായിരുന്ന ബാലകൃഷ്ണന്റെ മാതാപിതാക്കൾക്ക് നഷ്ടപരിഹാരം നൽകാനായിരുന്ന വിധി. അതിനാണ് അപ്പീൽ പോയത്. പക്ഷെ, അപ്പീലിന് ഗവൺമെന്റ് ആ കാലത്തും പോയിരുന്നു.

നമ്മുടെ സംസ്ഥാനം ഇന്ന് നേടിക്കൊണ്ടിരിക്കുന്ന നേട്ടങ്ങളിൽ പ്രതിപക്ഷത്തിന് ചെറിയൊരു വിഷമമുണ്ടെന്നാണ് തോന്നുന്നത്. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ രാജ്യത്ത് ഏറ്റവും മുന്നിൽ നിൽക്കുന്നത് കേരളമാണ്. തുടർച്ചയായ രണ്ടുവർഷവും കേരളത്തിനാണ് ഒന്നാംസ്ഥാനം. സാധാരണ നമ്മളെല്ലാവരും അഭിമാനിക്കുകയാണ് വേണ്ടത്. പക്ഷെ, എന്തോ വിഷമം പ്രതിപക്ഷത്തിനുണ്ടെന്നാണ് തോന്നുന്നത്. അതുപോലെതന്നെ ബാംഗ്ലൂർ ആസ്ഥാനമായ പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിച്ച പബ്ലിക് അഫയേഴ്സ് ഇൻഡക്സ് പ്രകാരം മികച്ച ഭരണ സംവിധാനമുള്ള സംസ്ഥാനം കേരളമാണ്. ഇതിലും തുടർച്ചയായ രണ്ടാംവർഷമാണ് കേരളം ഈ നേട്ടം കൈവരിക്കുന്നത്. അതുപോലെ Transperancy International India-യും Local Circles-ഉം ചേർന്ന് നടത്തിയ India Corruption Survey-യിൽ രാജ്യത്തെ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനം കേരളമായി കണക്കാക്കുന്നു. അതുപോലെ കഴിഞ്ഞ വർഷം സെന്റർ ഫോർ മീഡിയ സ്റ്റഡീസിന്റെ പഠനത്തിലും അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളത്തെയാണ് കണ്ടത്. അങ്ങനെയുള്ള സംസ്ഥാനത്തെ നാം എല്ലാവരുംകൂടി കൂടുതൽ പുരോഗതിയിലേയ്ക്ക് നയിക്കാനാണ് ശ്രമിക്കേണ്ടത്. സങ്കുചിതമായ നിലയിൽ നേടുന്ന നേട്ടങ്ങളെ കാണാതിരിക്കുകയെന്ന സമീപനം പ്രതിപക്ഷം ഉപേക്ഷിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട്, അവർക്ക് സൽബുദ്ധിയുണ്ടാകട്ടെ എന്നുകൂടി ആശംസിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിതരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ II

### സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

മി. സ്പീക്കർ: സർവ്വശ്രീ സണ്ണി ജോസഫ്, ടി. ജെ. വിനോദ്, കെ. എസ്. ശബരീനാഥൻ, എം. വിൻസെന്റ്, ടി. എ. അഹമ്മദ് കബീർ, എം. ഉമ്മർ, മഞ്ഞളാംകുഴി അലി, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, പാറക്കൽ അബ്ദുല്ല, പി. ടി. തോമസ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. സി. ജോർജ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി ഷാനിമോൾ ഉസ്മാൻ എന്നീ ബഹുമാനപ്പെട്ട

അംഗങ്ങൾ II-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തു)

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-2021 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി

14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. കെ. യു. ജനീഷ് കുമാർ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. വി. ജോയി
26. ശ്രീ. ഒ. ആർ. കേളു
27. ശ്രീ. സി. കൃഷ്ണൻ
28. ശ്രീ. കെ. കൃഷ്ണൻകുട്ടി
29. ശ്രീ. കെ. കുഞ്ഞിരാമൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ
31. ശ്രീ. എം. എം. മണി
32. ശ്രീ. മാത്യു ടി. തോമസ്
33. ശ്രീ. കെ. ജെ. മാക്സി
34. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
35. ശ്രീ. എ. സി. മൊയ്തീൻ
36. ശ്രീ. മുഹമ്മദ് മുഹസിൻ. പി
37. ശ്രീ. എം. മുകേഷ്
38. ശ്രീ. ഡി. കെ. മുരളി

39. ശ്രീ. മുരളി പെരുനെല്ലി
40. ശ്രീ. സി. കെ. നാണു
41. ശ്രീ. എം. നൗഷാദ്
42. ശ്രീ. യു. ആർ. പ്രദീപ്
43. ശ്രീ. എ. പ്രദീപ്കുമാർ
44. ശ്രീ. വി. കെ. പ്രശാന്ത്
45. ശ്രീമതി യു. പ്രതിഭ
46. ശ്രീ. പുരുഷൻ കടലുണ്ടി
47. ശ്രീ. പി. ടി. എ. റഹീം
48. ശ്രീ. എം. രാജഗോപാലൻ
49. ശ്രീ. കെ. രാജൻ
50. ശ്രീ. ആർ. രാജേഷ്
51. ശ്രീ. റ്റി. വി. രാജേഷ്
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. ആർ. രാമചന്ദ്രൻ
54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എസ്. ശർമ്മ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. വി. ശശി
62. ശ്രീ. ഐ. ബി. സതീഷ്
63. ശ്രീ. ബി. സത്യൻ

64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. എ. എൻ. ഷംസീർ
66. ശ്രീ. ജി. സുധാകരൻ
67. ശ്രീ. വി. ആർ. സുനിൽ കുമാർ
68. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
69. ശ്രീ. കെ. സുരേഷ് കുറുപ്പ്
70. ശ്രീ. എം. സ്വരാജ്
71. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
72. ശ്രീ. പി. തിലോത്തമൻ
73. ഡോ. ടി. എം. തോമസ് ഐസക്
74. ശ്രീ. പി. ഉണ്ണി
75. ശ്രീമതി വീണാ ജോർജ്ജ്
76. ശ്രീ. കെ. വി. വിജയദാസ്
77. ശ്രീ. ഇ. കെ. വിജയൻ
78. ശ്രീ. പിണറായി വിജയൻ

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അൻവർ സാദത്ത്

10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. കെ. എൻ. എ. ഖാദർ
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
21. ശ്രീ. ഉമ്മൻ ചാണ്ടി
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. റോഷി അഗസ്റ്റിൻ
26. ശ്രീ. കെ. എസ്. ശബരീനാഥൻ
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. വി. ഡി. സതീശൻ
29. ശ്രീ. ഷാഫി പറമ്പിൽ
30. ശ്രീമതി ഷാനിമോൾ ഉസ്മാൻ
31. ശ്രീ. വി. എസ്. ശിവകുമാർ
32. ശ്രീ. സണ്ണി ജോസഫ്
33. ശ്രീ. പി. ടി. തോമസ്

34. ശ്രീ. പി. ഉബൈദുള്ള

35. ശ്രീ. എം. ഉമ്മർ

36. ശ്രീ. എം. വിൻസെന്റ്

37. ശ്രീ. ടി. ജെ. വിനോദ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

അനുകൂലിക്കുന്നവർ-78

പ്രതികൂലിക്കുന്നവർ-37

നിഷ്പക്ഷത പാലിക്കുന്നവർ - 0

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ III**

നീതിന്യായ നിർവ്വഹണം

മി. സ്പീക്കർ: സർവ്വശ്രീ ടി. എ. അഹമ്മദ് കബീർ, എം. ഉമ്മർ, മഞ്ഞളാംകുഴി അലി, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, അബ്ദുൽ ഹമീദ്. പി, പാറക്കൽ അബ്ദുല്ല, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. സി. കമറുദ്ദീൻ, കെ. സി. ജോസഫ്, പി. സി. ജോർജ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ III-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തു)

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2020-2021 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ...................

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. കെ. യു. ജനീഷ് കുമാർ

24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. വി. ജോയി
26. ശ്രീ. ഒ. ആർ. കേളു
27. ശ്രീ. സി. കൃഷ്ണൻ
28. ശ്രീ. കെ. കൃഷ്ണൻകുട്ടി
29. ശ്രീ. കെ. കുഞ്ഞിരാമൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ
31. ശ്രീ. എം. എം. മണി
32. ശ്രീ. മാത്യു ടി. തോമസ്
33. ശ്രീ. കെ. ജെ. മാക്സി
34. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
35. ശ്രീ. എ. സി. മൊയ്തീൻ
36. ശ്രീ. മുഹമ്മദ് മുഹസിൻ. പി
37. ശ്രീ. എം. മുകേഷ്
38. ശ്രീ. ഡി. കെ. മുരളി
39. ശ്രീ. മുരളി പെരുനെല്ലി
40. ശ്രീ. സി. കെ. നാണു
41. ശ്രീ. എം. നൗഷാദ്
42. ശ്രീ. യു. ആർ. പ്രദീപ്
43. ശ്രീ. എ. പ്രദീപ് കുമാർ
44. ശ്രീ. വി. കെ. പ്രശാന്ത്
45. ശ്രീമതി യു. പ്രതിഭ
46. ശ്രീ. പുരുഷൻ കടലുണ്ടി
47. ശ്രീ. പി. ടി. എ. റഹീം
48. ശ്രീ. എം. രാജഗോപാലൻ
49. ശ്രീ. കെ. രാജൻ

50. ശ്രീ. ആർ. രാജേഷ്
51. ശ്രീ. റ്റി. വി. രാജേഷ്
52. ശ്രീ. രാജു എബ്രഹാം
53. ശ്രീ. ആർ. രാമചന്ദ്രൻ
54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
55. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
56. ശ്രീ. മുല്ലക്കര രത്നാകരൻ
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എസ്. ശർമ്മ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. വി. ശശി
62. ശ്രീ. ഐ. ബി. സതീഷ്
63. ശ്രീ. ബി. സത്യൻ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. എ. എൻ. ഷംസീർ
66. ശ്രീ. ജി. സുധാകരൻ
67. ശ്രീ. വി. ആർ. സുനിൽ കുമാർ
68. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
69. ശ്രീ. കെ. സുരേഷ് കുറുപ്പ്
70. ശ്രീ. എം. സ്വരാജ്
71. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
72. ശ്രീ. പി. തിലോത്തമൻ
73. ഡോ. ടി. എം. തോമസ് ഐസക്
74. ശ്രീ. പി. ഉണ്ണി
75. ശ്രീമതി വീണാ ജോർജ്ജ്

76. ശ്രീ. കെ. വി. വിജയദാസ്

77. ശ്രീ. ഇ. കെ. വിജയൻ

78. ശ്രീ. പിണറായി വിജയൻ

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. ടി. എ. അഹമ്മദ് കബീർ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. അനിൽ അക്കര
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അൻവർ സാദത്ത്
10. ശ്രീ. വി. ടി. ബൽറാം
11. ശ്രീ. പി. കെ. ബഷീർ
12. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
13. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ഡോ. എൻ. ജയരാജ്
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. കെ. എൻ. എ. ഖാദർ
18. ശ്രീ. മോൻസ് ജോസഫ്
19. ഡോ. എം. കെ. മുനീർ
20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
21. ശ്രീ. ഉമ്മൻ ചാണ്ടി
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല

24. ശ്രീ. റോജി എം. ജോൺ

25. ശ്രീ. റോഷി അഗസ്റ്റിൻ

26. ശ്രീ. കെ. എസ്. ശബരീനാഥൻ

27. ശ്രീ. എൻ. ഷംസുദ്ദീൻ

28. ശ്രീ. വി. ഡി. സതീശൻ

29. ശ്രീ. ഷാഫി പറമ്പിൽ

30. ശ്രീമതി ഷാനിമോൾ ഉസ്മാൻ

31. ശ്രീ. വി. എസ്. ശിവകുമാർ

32. ശ്രീ. സണ്ണി ജോസഫ്

33. ശ്രീ. പി. ടി. തോമസ്

34. ശ്രീ. പി. ഉബൈദുള്ള

35. ശ്രീ. എം. ഉമ്മർ

36. ശ്രീ. എം. വിൻസെന്റ്

37. ശ്രീ. ടി. ജെ. വിനോദ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

അനുകൂലിക്കുന്നവർ - 78

പ്രതികൂലിക്കുന്നവർ - 37

നിഷ്പക്ഷത പാലിക്കുന്നവർ - 0

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ....... ഓർഡർ ..........സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2020 മാർച്ച് മാസം 4-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.23-ന് പിരിഞ്ഞു.)